# സംസ്കൃതനാടകതർജ്ജമകൾ

(ഭാസ-കാളിദാസ-ഭാസ്കര-വത്സരാജനാടകങ്ങൾ)

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

# സംസ്കൃതനാടകതർജ്ജമകൾ

(ഭാസ–കാളിദാസ–ഭാസ്കര–വത്സരാജനാടകങ്ങൾ)

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

# സംസ്കൃതനാടകതർജ്ജമകൾ

(ഭാസ-കാളിദാസ-ഭാസ്കര-വത്സരാജനാടകങ്ങൾ)

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

Samskritanatakatharjamakal
Vallathol
1978 ഡിസംബർ
ഒന്നാംപതിപ്പ്,
വില 30ക.
പ്രസാധകർ:
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി
അച്ചടി:
വള്ളത്തോൾ പ്രസ്സ്,
ചെറുതുരുത്തി

**മഹാകവി വള്ളത്തോളിന്റെ ജന്മശതാബ്ദി പ്രമാണിച്ച് പ്രസിദ്ധീകരിക്കുന്നത്.**

Digitized By Kerala Sahitya Akademi

# തിരനോട്ടം

മഹാകവി വള്ളത്തോൾ നാരായണമേനോന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച്, അദ്ദേഹത്തിന്റെ പാദപാംസുക്കളാലും ജീവിതവിഭൂതികളാലും ചിരകൃതജ്ഞമായ ചെറുതുരുത്തി വള്ളത്തോൾ ഗ്രന്ഥാലയത്തിൽനിന്നും മഹാകവിയുടെ സംസ്കൃത നാടകപരിഭാഷകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നത് സർവഥാ ശ്ലാഘ്യമായ ഒരു കൃത്യമാണ്. ഉഡുപത്തിന്റെ സാഗരതരണാദിവാഞ്ഛപോലെ, പ്രസ്തുത സമാഹാരത്തിന് ഒരു ഉപോദ്ഘാതം രചിക്കുന്നതിനുള്ള ഈ എളിയ ഉദ്യമം നിരന്തരം കലാകേളികൾ കേട്ടു നിതാന്തമായി പ്രോല്ലാസപ്രസരണം നടത്തുന്ന നിളാനദിയുടെ ഊർമിമാലകൾക്കെങ്കിലും വരണീയമായിത്തോന്നിയാൽ അത് ആത്മസംതൃപ്തിജനകമായിരിക്കും. അല്ലെങ്കിൽ, മഹാകവിസ്മരണക്കുമുമ്പിൽ ഈയുള്ളവന്റെ വൈഖരീപൂജ ഇമ്മട്ടിലാവട്ടെ.

ഭാരതത്തിന്റെയോ കേരളത്തിന്റെയോ നാടകപാരമ്പര്യത്തെപ്പറ്റി സമഗ്രണാഭ്യവഹാരിയായ ഒരു പുനർവിചാരണത്തിന്റെ ആവശ്യം ഇവിടെ ഉണ്ടെന്നു തോന്നുന്നില്ല. ഇന്നേക്ക് എൺപത്തിയേഴുവർഷം മുൻപാണ്, പ്രൊഫസർ സിൽവിയൻ ലേവി ഭാരതീയനാടകവേദിയെപ്പറ്റി 'ലേ തീയേറ്റർ ഇൻഡിയൻ' എന്ന പ്രാമാണികഗ്രന്ഥം രചിച്ചത്.[1] പ്രൊ. ഷ്രോഡർ, റിച്ചാർഡ് പിഷ്ചൽ, ഹെർട്ടൽ, സർ ഡബ്ല്യു റിഡ്ജ്‌വേ, ല്യൂഡേഴ്സ്, സ്റ്റെൻ കൊനോവ്, എ. ബെറിഡേൽ കീത്ത്, ജാക്കോബി, ഹേയ്മൻ ഹോറസ് വിൽസൺ തുടങ്ങിയ പാശ്ചാത്യ പണ്ഡിതന്മാർ[2] ഭാരതീയ

---

1. Prof. Sylvain Levi—Le Theatre Indian
2. Prof. Von schroder, Richard Pischel, Hertel Sir W. Ridgeway, Liiders, Sten Konov, A. Berriedale Keith, Jacobi, Heyman Horace Wilson

Digitized By Kerala Sahitya Akademi

നാടകവേദിയെപ്പററി സശ്രദ്ധവും സപരികരവുമായ പഠനം നടത്തി അനേകം വിഷയങ്ങൾ ഗവേഷകരുടെയും സഹൃദയരുടെയും പരിഗണനയ്ക്കു വിധേയമാക്കിയിട്ടുണ്ട്. ക്രിസ്ത്വബ്ദം 1906-ൽ സംസ്കൃതനാടക-നാടകപഠനസൂചിക മോണ്ട്ഗോമെറി ഷൂളർ രചിക്കയുണ്ടായി.[1] 1739-ലാണ് സർ വില്യം ജോൺസ് ശാകുന്തളം പാശ്ചാത്യലോകത്തിനു പരിചയപ്പെടുത്തിക്കൊടുത്തതു്. ഗയ്ഥേയെപ്പോലെയുള്ള ജർമ്മൻ പണ്ഡിതന്മാരും ആകൃതിയുടെ മഹത്വത്തെ വിസ്മാപകമായി വർണിച്ചിട്ടുണ്ട്. സംസ്കൃതനാടകപാരമ്പര്യത്തെപ്പററി അഭിനന്ദനവും വിമർശനവും ഉണ്ടായിട്ടുണ്ട്. മോണ്ട്ഗോമെറി ഷൂളർതന്നെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''അതിന്റെ പ്രാദുർഭാവം എങ്ങനെതന്നെ ആയിരുന്നാലും, ഭാരതത്തിൽ നാടകം അത്യധികം സംഫുല്ലമായിട്ടുണ്ട്, ഉന്നതവികാസം നേടിയിട്ടുണ്ട്......സംസ്കൃതനാടകം വളരെയധികം നിയമാധിഷ്ഠിതമാണ് എന്നതാണതിന്റെ ഏററവും വലിയ ന്യൂനത. തത്ഫലമായി, പഴകിയ വ്യവസ്ഥാപിത രൂപത്തിനും തലനാരിഴകീറുന്ന ഭാവാഭിനയങ്ങൾക്കും വിധേയമായി മൗലികത്വവും ജീവനും വിനഷ്ടമാകുന്നു.''[2] സംസ്കൃതനാടകവേദിയെ തരംതാഴ്ത്തിക്കാണിയ്ക്കാനുള്ള ഒരു യത്നമാണെന്നു കണക്കാക്കേണ്ടതില്ല, പാശ്ചാത്യദൃഷ്ടിയിൽ കണ്ട ന്യൂനത ചൂണ്ടിക്കാണിച്ചു എന്നേ കരുതേണ്ടതുള്ളൂ. യഥാർത്ഥത്തിൽ, സംസ്കൃതനാടകപാരമ്പര്യം സാമ്പ്രദായികത്വത്തിന്റെയും വ്യവസ്ഥാപിതത്വത്തിന്റെയും ചട്ടക്കൂട്ടിൽ ഒതുങ്ങിക്കഴിയുകയായിരുന്നുവല്ലോ. അതുകൊണ്ടുതന്നെയല്ലേ അവയ്ക്കു അർഹമായ പ്രചാരം പില്ക്കാലത്തു് ലഭിക്കാതെ വന്നതും. ഭാഷാപരമായ പ്രചാരക്കുറവും ഒരു ഗണനീയ ഘടകമാണ്. കാരണങ്ങൾ പലതും കണ്ടെത്തി ഒരു സത്യം അംഗീകരിക്കയും വേണ്ടിയിരിക്കുന്നു. ആധുനികഭാരതീയ നാടകവേദിയും കേരളീയ നാടക

---

1. Montgomery Schuyler—A bibliography of the Sanskrit Drama.

2. "Whatever may have been its beginnings, it is certain that the drama flowrished in India and had a high development .........but it must be acknowledged that the great defect the Sanskrit Drama is that in general it is too conventional, with the result, that originality and life are Sacrificed for a hacknayed arrangement and Stereotyped manipulation threadbare sentiments and action." Ibid. PP 2—3

Digitized By Kerala Sahitya Akademi

വേദിയും പഴയസംസ്കൃതനാടകസ്വരൂപത്തിൽ നിന്നും അതിട്ടറെയാണ്.

പ്രാചീനകാലത്തെ സംസ്കൃതനാടകാവതരണം സംബന്ധിച്ചും അപൂർവ്വം വിവരങ്ങളേ ലഭിച്ചിട്ടുള്ളു. നാടകവേദിയെപ്പററിയും അഭിനയവിഷയങ്ങളെക്കുറിച്ചും മററും ഭരതമുനി നാട്യശാസ്ത്രത്തിൽ വിസ്തരമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ കൂത്തമ്പലങ്ങളല്ലാതെ മറെറങ്ങും ഒരു പ്രാചീനപ്രേക്ഷണഗൃഹവും കണ്ടെത്തിയതായി അറിവില്ല. ഛോട്ടാനാഗപ്പൂരിനു സമീപം രാംഗാർ ഹിൽസിൽ, നാട്യഗൃഹമാതൃകയിലുള്ള ചില അവശിഷ്ടങ്ങൾ കണ്ടിട്ടുള്ളതായി, 1894–ൽ അവിടം സന്ദർശിച്ച തിയോഡോർ ബ്ലോക്ക് [1] രേഖപ്പെടുത്തുന്നു. കെ. ആർ. ഔസിലിയാണ് പ്രസ്തുത സ്ഥലം ആദ്യം സന്ദർശിച്ചത്. ഖാർഷിയാ റെയിൽവെ സ്റ്റേഷനിൽ നിന്നും നൂറു മൈൽ അകലെ സിർഗുജാ എസ്റ്റേററ്—ലഖൻപുരം സെമിന്ദാരിയിൽ പെട്ട ഒരു കുന്ന്, രഘുനാഥക്ഷേത്രം, ശിവക്ഷേത്രം, അഷ്ടഭുജദുർഗ്ഗാക്ഷേത്രം, സീതാ–ലക്ഷ്മണ–മഹാവീരക്ഷേത്രങ്ങൾ എന്നിവ അവിടെയുണ്ട്. ശിലാലിപിയിൽ രേഖകളുള്ള രണ്ടു ഗുഹകളും അവിടെയുണ്ട്. കുന്നിനു വടക്ക് 180 അടി ദൂരമുള്ളതും ഹാഥിപ്പോൾ എന്നു പേരുള്ളതുമായ ഒരു തുരങ്കം; പിന്നെ രണ്ടു ഗുഹകൾ--വടക്കേ ഗുഹ സിതബെംഗ [2], തെക്കെ ഗുഹ ജോഗിമാറ [3]. സിതബെംഗയിൽ തൂക്കിയിട്ട യവനിക, ഇരിപ്പിടങ്ങൾ, സോപാനം, അൻപതു പേക്ക് ഇരിക്കാവുന്നതും അർദ്ധവൃത്താകൃതിയിലുള്ളതുമായ പ്രേക്ഷണഗൃഹം, പ്ലാററ്ഫോം എന്നിവയുണ്ട്. ഗുഹയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യം അപൂർണ്ണമായി ലബ്ധമായിട്ടുമുണ്ട്—(അർത്ഥം വ്യക്തമല്ല).

'ആദിപയന്തിഹേദയം
സഭാബഗരകവയോായേരതയം
ദിബ്വസംതിയ ഹസവമഭ്രുതേ
കുദ്ധാസ്പദം ഏവം അലംഗ.'

---

1. Theodor Block—Archeological Survey of India, Report—1903—4; A. B. Keith,—The Sanskrit Drama.
2. Sitabenga
3. Jogimara.

Digitized By Kerala Sahitya Akademi

വേദിക്കു് ബി. സി. 300വരെ പഴക്കം ഉണ്ടെന്നാണു് തിയോഡോർ ബ്ലോക്ക് അനുമാനിച്ചിട്ടുള്ളതു്. ജോഗിമാറ ഗുഹയിൽ ചില രേഖകളും ചിത്രങ്ങളും ഉണ്ടു്. ഈ ഗുഹ നാടകരംഗം യവന ആംഫി തിയേറ്റർ മാതൃകയിലുള്ളതാണെന്നാണു് ബ്ലോക്കിന്റെ അഭിപ്രായം.

ക്രിസ്ത്വബ്ദം 200-ലേതെന്നു് അനുമാനിക്കപ്പെടുന്നതും നാസിക്കിൽ നിന്നു് ലഭിച്ചതുമായ ശാസനവും, ബി. സി. രണ്ടാം നൂറ്റാണ്ടിലേതെന്നു് കരുതപ്പെടുന്നതും കലിംഗദേശത്തു് ഖാരവേലയിൽ ഹതിഗുംഫയിലുള്ളതുമായ ഒരു രേഖയും പ്രാചീന നാടകപ്രവത്തനത്തിനു് തെളിവു നല്കുന്നു. മധ്യപ്രദേശത്തു് ഛരാതു്സ്ഹാറിൽ അംബികാപൂർ എന്ന സ്ഥലത്തും ഏതോ ചില അവശിഷ്ടങ്ങൾ കണ്ടെത്തിയതായി അറിയുന്നു. ഇതെല്ലാം ഒഴികെ, കേരളത്തിനു പുറമേ നിലനിന്നിരുന്ന സംസ്കൃതനാടകാഭിനയ പാരമ്പര്യത്തെപ്പററി അധികം അറിവുകൾ പകരാനോ നേടാനോ അന്വേഷകർക്കു് സാധിച്ചിട്ടുണ്ടെന്നു് തോന്നുന്നില്ല.

ഭവഭൂതിയുടെ ഉത്തരരാമചരിതത്തിലെ അന്തർനാടകവും, ദാമോദരഗുപ്തന്റെ 'കുട്ടനീമത'ത്തിൽ ശ്രീ. ഹർഷന്റെ രത്നാവലീനാടികയുടെ ആദ്യങ്കം കാശിയിൽ അവതരിപ്പിച്ചതിനെപ്പററിയുള്ള വിവരണവുമാണു് സംസ്കൃതനാടകാഭിനയത്തെപ്പററി നമുക്കു് ലഭ്യമായിട്ടുള്ള ഇതരാവലംബം. [1] കുട്ടനീമതത്തിലെ പരാമർശം കേരളത്തിലെ കൂടിയാട്ട അഭിനയസമ്പ്രദായത്തോടു സമാനമാണെന്നു് പണ്ഡിതന്മാർ അനുമാനിക്കുന്നു.

---

1. കുട്ടനീമതം—ശ്ലോകം 379—

'വ്യസ്തഃ കസാനുബന്ധ,ദനവരതമുരോഹന്തി ഹാരോ{\textquotesingle}യമസ്യാഃ
സ്രസ്തഃസ്രസ്താമശോഭാംത്യജന്തി വിരചിതാമാകുലഃ കേശപാശഃ
ക്ഷീഭായാന്തുപുരൌ ച ദ്വിഗുണ തരമിമൌ ക്രന്ദതഃ പാദലഗ്നൌ
ക്രീഡന്ത്യാഃ പീഡയേവസ്തനഭരവിഹമന്മന്യ ഭംഗാനപേക്ഷം''

ഈ രത്നാവലീപദ്യത്തിന്റെ ഓരോ പാദവും എങ്ങനെ അഭിനയിക്കണമെന്നു് കുട്ടനീമതം വ്യക്തമാക്കുന്നു.

'കരപീഡനോപമർദ്ദവ്യതികരസമയേകദർത്ഥ്യമനോ{\textquotesingle}പി
സ്തനമണ്ഡലേസ്ഥിതോ{\textquotesingle}ഹം, തപം പുനരാകൃഷ്യകൃത്രചിൽ ക്ഷിപ്തഃ
അധുനാന്തരയസി മാമിതികോപാദിവവാരവാണമഭിരാമം
ബഹുചിത്രപദന്യാസൈർവല്ഗന്ത്യാ ഹന്തി ഹാര ഉച്ചലിതഃ

Digitized By Kerala Sahitya Akademi

നാട്യകലയെപ്പററി ലഭിച്ചിട്ടുള്ള ഏററവും പ്രാമാണികഗ്രന്ഥം ഭരതമുനിയുടെ നാട്യശാസ്ത്രം തന്നെയാണ്. ക്രിസ്തുവർഷാരംഭോതകങ്ങളിലെന്നോ വിരചിതമായ പ്രസ്തുതകൃതി 1894-ലാണ് ആദ്യമായി പുസ്തകരൂപത്തിൽ 'കാവ്യമാലാ' പ്രസാധകന്മാർ പ്രകാശിപ്പിച്ചത്. പൂർണ്ണമോ ഭാഗികമോ ആയ അനേകം ഭാഷാന്തരീകരണങ്ങളും ഉണ്ടായിട്ടുണ്ട്. നാട്യശാസ്ത്രത്തിന് അഭിനവഗുപ്താചാര്യർ രചിച്ച അഭിനവഭാരതി എന്ന വ്യാഖ്യാനം സവിശേഷപ്രാധാന്യമർഹിക്കുന്നു. ധനഞ്ജയകൃതമായ ദശരൂപകം, അതിന് ധനികൻ രചിച്ച വ്യാഖ്യാനം, ആചാര്യദണ്ഡിയുടെ അഭിനയദർപ്പണം, പുണ്ഡരീകൻെറ നാടകലക്ഷണം, രൂപഗോസ്വാമിയുടെ നാടകചന്ദ്രികാലങ്കാരം, രാമചന്ദ്രൻെറ നാട്യദർപ്പണം, ശിങ്ഗധരണീശൻെറ നാടകപരിഭാഷ, ശ്രീകണ്ഠൻെറ രസകൗമുദി നാട്യശാസ്ത്രേ, സുന്ദരമിശ്രൻെറ നാട്യപ്രദീപം, ത്രിലോചനാദിത്യൻെറ നാട്യലോചനം, ത്ര്യംബകൻെറ നാടകദീപം, വസന്തരാജൻെറ നാട്യശാസ്ത്രം 1 വിശ്വനാഥകവിരാജൻെറ സാഹിത്യദർപ്പണം, കാർത്തികതിരുനാൾ ബാലരാമവർമ്മമഹാരാജാവിൻെറ ബാലരാമഭരതം അജ്ഞാതകർത്തൃകമായ വ്യംഗ്യവ്യാഖ്യ, 2 ഒരു ചാക്യാരുടേയോ ഉദ്ദണ്ഡശാസ്ത്രികളുടേയോ എന്നു സംശയിക്കപ്പെടുന്ന നടാങ്കുശം തുടങ്ങി നാട്യകലാസ്പദങ്ങളായ ഒട്ടേറെ ശാസ്ത്രഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അഭിജ്ഞാനശാകുന്തളാദിനാടകങ്ങൾക്ക വിമർശനങ്ങളും പലതുണ്ട്. ഭാരതീയനാട്യസങ്കേതങ്ങളെപ്പററി സനിഷ്കർഷം പഠിച്ച പാശ്ചാത്യപണ്ഡിതന്മാരുടെ കൃതികളും വിരളമല്ല. അഭിജ്ഞാനശാകുന്തളം, സ്വപ്നവാസവദത്തം,

---

ച്യുതലതാധമ്മില്ലസ്ഥാനച്യുതശേഖരം ദധൗശ്ലാഘ്യം
അധ്യുതപതന്നിരൂഹാം നതേഷാമദനികാ വേണീ.
സ്തനഭാരാവനതസ്യപ്രതനോർമ്മധ്യസ്യനാസ്തിതേ/പേക്ഷാ
ഇത്ഥമിവപാദലഗ്നൗക്രീഡന്ത്യാന്തൂപുരൗ രസത:'

വഹതിസ്മയം നിതംബംകഥമപി കൃപേണ ഗന്ദസഞ്ചാരൗ
കലയതിതംഗുലലഘ്വം ജയതി മനോ ജന്മനോ മഹിമാ

ദർശിതാനദരാജവർത്തനമാത്രോഭിനയേശരേ/ഭിനേതവ്യ
വിദധാനേ വീരദ്ദശാവായുധഭാവംസമാശ്രിത്യ

പ്രിയരതിഭോഗോമദനോദയിതവസന്തോജനസ്യമനസിവസൻ
ഭാവേനഭവാൻ പൂജ്യോലോകസ്ഥിത്യാനകുസുമശരപാണി:

1. ഇതേപ്പററി ശിശുപാലവധത്തിൽ മല്ലിനാഥൻ പരാമർശിക്കുന്നു.
2. തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ നാടകങ്ങൾക്കുള്ള വ്യംഗ്യവ്യാഖ്യ.

Digitized By Kerala Sahitya Akademi

പ്രതിമ, മുദ്രാരാക്ഷസം, മൃച്ഛകടികം, അവിമാരകം, കർണ ഭാരം തുടങ്ങി പല സംസ്കൃതനാടകങ്ങൾക്കും വൈദേശിക പരിഭാഷകളും ഉണ്ടായിട്ടുണ്ട്.

ഭാരതീയ നാടകരൂപങ്ങളെപ്പററി സംക്ഷിപ്തസുന്ദരമായി വിവരിച്ചിട്ടുള്ളതു് ദശരൂപകകാരനായ ധനഞ്ജയനാണ്[1] ദശരൂപകം നിർവചിക്കുന്ന രൂപകഭേദങ്ങൾ ഇവയത്രെ—

''നാടകം സപ്രകരണം ഭാണ: പ്രഹസനം ഡിമ:
വ്യായോഗ സമവകാരൗ വീഥ്യങ്കേഹാ മൃഗാ ഇതി.''[2]

സാഹിത്യദർപ്പണം രചിച്ച വിശ്വനാഥൻ നാടിക, ത്രോടകം, ഗോഷ്ഠി, സട്ടകം, നാട്യരാസകം, രാസകം, പ്രസ്ഥാനം, സംലാപകം, ഉല്ലാപ്യം, ശ്രീഗദിതം, കാവ്യം, ശില്പകം, പ്രേംഖണം, വിലാസിക, ദുർമല്ലിക, പ്രകരണിക, ഭാണിക, ഹല്ലീശ എന്നീ ഉപരൂപകങ്ങളേയും നിർണയിച്ചു. രൂപകോപരൂപക വിഭാഗങ്ങളിലായി ലഭിച്ചിട്ടുള്ള കൃതികൾ (കേരളീയഗ്രന്ഥങ്ങൾ ഒഴികെ)[3] താഴെപ്പറയുന്നവയാണ്—

## 1. നാടകം—

അഭിജ്ഞാനശാകുന്തള, അമൃതോദയ, ബാലരാമായണ, (മഹാനാടക), ചൈതന്യചന്ദ്രോദയ, ചണ്ഡകൗശികം, ജ്ഞാനസൂര്യോദയ, ലളിത വിഗ്രഹരാജനാടകം, മഹാനാടകം, മഹാവീരചരിത, മംഗള, മഞ്ജുളനൈഷധം, മധുരാനാടകം, മുദ്രാരാക്ഷസം, നാഗാനന്ദം, പാർവതീപരിണയം, പ്രസന്നരാഘവം, രാമാഭ്യുദയം, രാമചന്ദ്രനാടകം, രാമനാടകം, രുഗ്മിണീനാടകം, സത്യഹരിശ്ചന്ദ്രം, തുംബുരുനാടകം, ഉത്തരരാമചരിതം.

## 2. പ്രകരണം—

കാമദത്തം (ധൂർതപ്രകരണം), കൗമുദീസുധാകരം, മാലതീമാധവം, മല്ലികാമാരുതം, മൃച്ഛകടികം, പുഷ്പഭൂഷിതം. പുഷ്പദൂഷിതകം, തരങ്ഗദത്തം, വക്രതുണ്ഡഗണനായകം

1. ഈ ലേഖകന്റെ 'രൂപകദർശനം' എന്ന കൃതിയിൽ ദശരൂപക വിവർത്തനം ഉണ്ട്.
2. ദശരൂപകം 1, 11
3. ലിസ്റ്റിൽ അപൂർവം ചിലതു് കേരളീയമാണ്.

Digitized By Kerala Sahitya Akademi

3. ഭാണം—

അംബാല, ആനന്ദതിലകം, അനങ്ഗബ്രഹ്മവിദ്യാവിലാസം, അനങ്ഗജീവനം, അനങ്ഗമംഗളം, അനങ്ഗസർവസ്വം, അനങ്ഗവിജയം, ചോളം, ഗോപാലലീലാർണവം, ഹരിവിലാസം, കാമവിലാസം, കന്ദർപ്പദർപ്പണം, കേരളാഭരണം, കുസുമബാണവിലാസം, ലീലാമധുകരം, മദനഭൂഷണം, മദനഗോപവിലാസം, മഹിഷമംഗലഭാണം, മാലമംഗലഭാണം, മിശ്രഭാണം, മുകുന്ദാനന്ദം, പഞ്ചബാണവിജയം, പഞ്ചബാണവിലാസം, പഞ്ചായുധപ്രപഞ്ചനം, പ്രദ്യുമ്നാനന്ദം, രസസദനം, രസവിലാസം, രസികജനരസോല്ലാസം, രസികരഞ്ജനം, രസോല്ലാസം, ശാരദാനന്ദം, ശാരദാതിലകം, സരസകവികുലാനന്ദം, ശ്രീരങ്ഗരാജം, ശൃംങ്ഗഭൂഷണം, ശൃംഗാരചന്ദ്രിക, ശൃംഗാരദീപിക, ശൃംഗാരജീവനം, ശൃംഗാരമഞ്ജരി, ശൃംഗാരസർവസ്വം, ശൃംഗാരശൃംഗാടകം, ശൃംഗാരസ്തബകം, ശൃംഗാരസുധാകരം, ശൃംഗാരതരങ്ഗിണി, ശൃംഗാരതിലകം, ശൃംഗാരരസോദയം (മിശ്രഭാണം), വസന്തഭൂഷണം, വസന്തതിലകം.

4. പ്രഹസനം

അത്ഭുതരങ്ഗം, ആനന്ദകോശം, ഭഗവദജ്ജുകം, ഭാനുപ്രബന്ധം, ബൃഹത്സാഭദ്രക, ദേവദുർഗതി, ധൂർത്തചരിതം, ധൂർത്തസമാഗമം, ധൂർത്തവിഡംബനം, ഹാസ്യചൂഡാമണി, ഹാസ്യാർണവം, ഹൃദയവിനോദം, കാലേയകുതൂഹലം, കാളിദാസപ്രഹസനം, കലികേളിപ്രഹസനം, കാന്ദർപ്പകേളി, കാശീദാസപ്രഹസനം, കൗതുകരത്നാകരം, കൗതുകസർവസ്വം, ലംബോദരം, ലടകമേലകം, മിഥ്യാചാരം, മുണ്ഡിതം, നാടകമേളകം, നാടവാടം, പലാണ്ഡുമണ്ഡനം, പാഷണ്ഡവിഡംബനം, പയോധിമഥനം, പ്രഹസനം, സാന്ദ്രകുതൂഹലം, സോമവല്ലീയോഗാനന്ദം, സുഭഗാനന്ദം, ഉന്മത്തം, വെങ്കടേശം, വിനോദരംഗം, യോഗാനന്ദം.

5. ഡിമം

മന്മഥനോന്മഥനം, ത്രിപുരദാഹം, വീരഭദ്രവിജൃംഭണം

6. വ്യായോഗം—

ഭീമവിക്രമം, ധനഞ്ജയവിജയം, ജാമദഗ്ന്യവിജയം, നര

Digitized By Kerala Sahitya Akademi

കാസുരവിജയം, നിർഭയഭീമം, പ്രചണ്ഡഭൈരവം, പ്രചണ്ഡ ഗരുഡം, സൗഗന്ധികാഹരണം, വിനതാനന്ദം.

7. **സമവകാരം**— സമുദ്രമന്ഥനം

8. **വീഥി**— മാധവി (ചന്ദ്രികാവീഥി, ലീലാവതീവീഥി എന്നിവ കേരളീയകൃതികളായുണ്ട്.)

9. **അങ്കം**— ശർമ്മിഷ്ഠാ_യയാതി

10. **ഈഹാമൃഗം** — കുസുമശേഖരവിജയം, മായാകുരങ്ഗിക, വീരവിജയം

**ഉപരൂപകങ്ങൾ**

1. നാടിക—ചന്ദ്രകലാ, ചന്ദ്രപ്രഭാ, കർണസുന്ദരി, കൃഷ്ണലീല, കുവലയവതി, മൃഗാങ്കലേഖ, പ്രിയദർശിക, രാമാങ്കം, രംഭാമഞ്ജരി, രത്നാവലി, ശൃംഗാരവാപിക, ഉഷാരാഗോദയം, വസന്തിക, വിദ്ധസാലഭഞ്ജിക, വൃഷഭാനുജാ.
2. ത്രോടകം—സ്തംഭിതരംഭ, വിക്രമോർവശീ
3. ഗോഷ്ഠി—രൈവതമദനിക
4. സട്ടകം—ആനന്ദസുന്ദരി, കർപ്പൂരമഞ്ജരി, ശൃംഗാരമഞ്ജരി
5. നാട്യരസകം—നർമവതി, വിലാസവതി
6. രാസകം—അനേകമൂർത്തം, മേനകാഹിതം
7. പ്രസ്ഥാനം—ശൃംഗാരതിലകം
8. സംലാപകം—മായാകാപാലിക
9. ഉല്ലാപ്യം—ദേവീമഹാദേവം
10. ശ്രീഗദിതം—ക്രീഡാരസസ്ഥലം, സുഭദ്രാഹരണം
11. കാവ്യം—യാദവോദയം
12. ശില്പകം—കനകാവതീമാധവം
13. പ്രേംഖണം—ബാലിവധം
14. വിലാസിക }—ബിന്ദുമതി
15. ദുർമല്ലിക }—ബിന്ദുമതി

Digitized By Kerala Sahitya Akademi

16. പ്രകരണിക—കാമദത്തം
17. ഭാണിക—ദാനകേളീകൗമുദി
18. ഹല്ലീശ—കേളീരൈവതകം

ഇവയ്ക്കു പുറമേ 'പ്രേക്ഷണക'മാതൃകയായ് കൃഷ്ണാഭ്യുദയം, 'ഛായാനാടക'മാതൃകകളായി, ഛായാനാടകം, ദൂതാങ്ഗദം, ഹരിദൂതം, പാണ്ഡവാഭ്യുദയം, രാമാഭ്യുദയം, സാവിത്രീചരിതം, സുഭദ്രാപരിണയം എന്നിവയും നിർദ്ദേശിക്കപ്പെട്ടു കാണുന്നു.

ഇങ്ങനെ ഒട്ടേറെ രൂപഭേദങ്ങൾ സംസ്കൃതസാഹിത്യശേഖരത്തിലുണ്ട്. പൊതുവേ നാടകരൂപത്തിന് പല നിർവചനങ്ങളും ആചാര്യന്മാർ നിർദ്ദേശിക്കുന്നു.

1. 'ത്രൈലോക്യസ്യാസ്യസർവസ്യ നാട്യം ഭാവാനുകീർത്തനം'
2. 'നാനാഭാവോപസമ്പന്നം
   നാനാവസ്ഥാന്തരാത്മകം

'ലോകവൃത്താന്താനുകരണം നാട്യം' (നാട്യശാസ്ത്രം) എന്നും മററും നാട്യം നിർവചിക്കപ്പെട്ടിരിക്കുന്നു. 'അവസ്ഥാനുകൃതിർനാട്യം' എന്നാണ് ദശരൂപകനിർവചനം. കഥ, കവിത, ആഖ്യായിക തുടങ്ങിയവയിൽനിന്നും ഭിന്നമാണ് നാടകം. രചയിതാവ് ഒരിക്കലും നേരിട്ടു വന്ന് ആശയപ്രകടനം നടത്തുന്നില്ല, നാടകത്തിൽ. മുഖ്യകഥയെ തിരോഭവിപ്പിക്കുന്ന ഉപകഥകളോ പ്രസ്താവങ്ങളോ നാടകത്തിൽ അംഗീകരിക്കപ്പെടുന്നില്ല. കഥാംശത്തെ ആവിഷ്കരിക്കുന്നതിന് അത്യന്താപേക്ഷിതരായ കഥാപാത്രങ്ങളെ നാടകത്തിൽ അവതരിപ്പിക്കണം. ഭാവസംവേദനത്തിന് നാട്യത്തിൽ വളരെ പ്രാധാന്യമുണ്ട്. നിഷ്പ്രയോജനമോ നീരസജനകമോ ആയ എല്ലാ അംശവും നാടകത്തിൽ വർജ്യമാണ്. നാടകകൃത്ത്, നടൻ, സഹൃദയൻ, ഈ മൂന്നുപേരും നാടകത്തിൽ പങ്കാളികളാണ്.

പാശ്ചാത്യപൗരസ്ത്യനാടകസങ്കേതങ്ങൾക്ക തമ്മിൽ പല വൈജാത്യങ്ങളുമുണ്ട്.

2

Digitized By Kerala Sahitya Akademi

1. സംസ്കൃതനാടകവേദിയിലേയും പ്രാചീന യവനനാടകവേദിയിലേയും കാല്പനികതക്ക തമ്മിൽ സാദൃശ്യമില്ല. സംസ്കൃതനാടകവേദിയിൽ കല്പിതകഥകൾ വിരളമാണ്. എലിസബത്തൻ നാടകവേദിയിലെ കാല്പനികാംശത്തോടാണ് അല്പമെങ്കിലും സാമ്യം സംസ്കൃതനാടകത്തിന് കല്പിക്കാനാവുക.

2. കാലദേശക്രിയൈക്യം യവനനാടകവേദിയിൽ പ്രത്യേകം പാലിച്ചിരുന്നു. സംസ്കൃതനാടകങ്ങളിൽ വർഷാന്തരങ്ങൾക്കും ഭൂസ്വർഗപാതാളങ്ങൾക്കും കല്പിക്കുന്ന സ്ഥാനം തുലോം ഭിന്നമാണ്.

3. സംസ്കൃതനാടകങ്ങളിൽ സാമാന്യേന 'പൂർവരംഗം' കാണുന്നു.

4. സംസ്കൃതനാടകകൃത്തുക്കൾ പലപ്പോഴും നാടകീയതയെക്കാൾ കാവ്യാത്മകതക്കാണ് പ്രാധാന്യം നല്കിയത്.

5. സംസ്കൃതനാടകവിധങ്ങളെല്ലാം അഭ്യസ്തവിദ്യർക്ക് കൂടുതൽ ആസ്വാദനീയങ്ങളാണ്. പാശ്ചാത്യകൃതികൾ ജനസാമാന്യത്തിലേക്ക് കൂടുതലായി ഇറങ്ങിച്ചെല്ലുന്നു.

6. ഭാരതീയനാടകങ്ങളിൽ അമാനുഷകഥാപാത്രങ്ങൾക്ക് പ്രാധാന്യം കല്പിച്ചിരിക്കുന്നതു കാണാം.

7. സംസ്കൃതനാടകങ്ങൾ ശുഭാന്തങ്ങളാണ്.

8. ഭാരതീയനാടകങ്ങൾ രസാവിഷ്കാരകങ്ങളും രസാശ്രയികളുമാണ്.

9. പാശ്ചാത്യനാടകങ്ങളിലെപ്പോലെയുള്ള ഒരു 'വില്ലനെ' ഭാരതീയനാടകങ്ങളിൽ കാണാൻ കഴിയില്ല.

10. ഭാരതീയർക്ക് നാടകം അവസ്ഥാനുകൃതിയും പാശ്ചാത്യർക്ക് കഥാനുകൃതിയുമാണ്.

11. പാശ്ചാത്യനാടകങ്ങളിൽ 'കോറസ്' ആത്മഭാഷണം തുടങ്ങിയവക്ക് പ്രാധാന്യം കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

12. ഭാരതീയരെ സംബന്ധിച്ചിടത്തോളം, ധർമ്മാർത്ഥകാമമോ ക്ഷങ്ങളിലൂടെയുള്ള പരമാനന്ദപ്രാപ്തിയാണ് നാട്യല ക്ഷ്യം. പാശ്ചാത്യർക്ക് അങ്ങനെയൊരു വീക്ഷണമേയില്ല.

നാട്യലക്ഷ്യം ഭരതമുനി ഇങ്ങനെ വിവരിക്കുന്നു:

'വിനോദജനനം ലോകേ നാട്യമേതദ്ഭവിഷ്യതി'
'ദുഃഖാർത്താനാം ശ്രമാർത്താനാം ശോകാർത്താനാം
തപസ്വിനാം
വിശ്രാന്തിജനനം ലോകേ നാട്യമേതദ്ഭവിഷ്യതി
ധർമ്മം യശസ്യമായുഷ്യം ഹിതം ബുദ്ധിപ്രവർദ്ധനം
ലോകോപദേശജനനം നാട്യമേതദ്ഭവിഷ്യതി.'

നാട്യകല രസപ്രധാനമാണെന്നും രസമില്ലാതെ ഒന്നും പ്രവർത്തിക്കുന്നില്ല എന്നും നാട്യശാസ്ത്രകാരൻ പ്രസ്താവിക്കുന്നുണ്ട്.

'നഹി രസാദൃതേ കശ്ചിദർത്ഥഃപ്രവർത്തതേ
തത്ര വിഭാവാനുഭാവവ്യഭിചാരി--
സംയോഗാദ് രസനിഷ്പത്തി:'

നല്ല അടിസ്ഥാനരസങ്ങളെപ്പററിയും അവയുടെ വികാസഭേദങ്ങളെപ്പററിയുമെല്ലാം നാട്യശാസ്ത്രം വിശദമായി ചർച്ചചെയ്യുന്നു. വേദകാലം മുതല്ക്കു തന്നെ നാടകസൂചകങ്ങളായ പല തെളിവുകളും കിട്ടിയിട്ടുണ്ടെങ്കിലും നാട്യശാസ്ത്രമാണ് സംസ്കൃതനാടകവേദിയുടെ ആധാരശില. സംസ്കൃതനാടകത്തിൻെറ സ്വയംസമ്പൂർണ്ണത സർവാംഗീകൃതമാണ്. നൃത്തനൃത്യനാട്യംശങ്ങരം, ആംഗിക–ആചാര്യ--വാചിക-സാത്വികാഭിനയങ്ങരം, രസഭാവാദികളുടെ ആവിഷ്കാരം തുടങ്ങിയവയെല്ലാം നാട്യകലയിൽ പെടുന്നു. ഗദ്യപദ്യോഭയമയമായതുകൊണ്ടും സംഗീതസമ്മിളിതവും, സംസ്കൃതാപഭ്രംശാദിഭാഷാഭേദങ്ങളാൽ സങ്കലിതവും രസഭാവസംബദ്ധവുമാണ് നാടകം. ഒരു കലാരൂപമെന്ന നിലക്കും സമഗ്രസമ്പൂർണ്ണമായ അപഗ്രഥനത്തിനും പഠനത്തിനും അതു് വിധേയമായിട്ടുണ്ട്. ധർമ്മോദ്ബോധകനാടകം പൂർവാഹ്നത്തിലും, ശക്തികോപാദിപ്രകടനപരങ്ങളായവ അപരാഹ്നത്തിലും, പ്രേമവിഷയനാടകങ്ങരം സായാഹ്നത്തിലും

Digitized By Kerala Sahitya Akademi

അവതരിപ്പിക്കണമെന്നു വരെ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. നാട്യകലയുടെ എല്ലാ അംശങ്ങളും ചച്ച്ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആചാര്യന്മാർ നടീനടന്മാരെപ്പററി അധികമൊന്നും പറയുന്നില്ല. ബുദ്ധിവിശേഷം, ശരീരശോഭ, അഭിനയചാതുരി തുടങ്ങിയ ഗുണങ്ങൾ ഉണ്ടാവണമെന്നതിൽ ആക്കും സംശയമില്ലതാനും. 36 അദ്ധ്യായങ്ങളുള്ള നാട്യശാസ്ത്രത്തിൽ രണ്ടു ശ്ലോകങ്ങൾ മാത്രമാണ് നാട്യപരാമർശത്തിന് ഉപയോഗിച്ചിട്ടുള്ളത്.

ഭാരതത്തിലെമ്പാടുമെന്നപോലെ കേരളത്തിലും സംസ്കൃതനാടകരചനയും പഠനവും ഉണ്ടായിട്ടുണ്ട്. വ്യംഗ്യവ്യാഖ്യ, ക്രമദീപികകൾ, ആട്ടപ്രകാരങ്ങൾ, നടാങ്കുശം എന്നിവയ്ക്കു പുറമെ ബാലരാമഭാരതം എന്ന നാട്യശാസ്ത്രഗ്രന്ഥവും കേരളം സംഭാവന ചെയ്തിട്ടുണ്ട്. ടി. ഗണപതി ശാസ്ത്രികളുടെ പഞ്ചരാത്രവ്യാഖ്യ, അജ്ഞാതകർതൃകമായ പ്രതിമാനാടകവ്യാഖ്യ, പ്രബോധചന്ദ്രോദയവ്യാഖ്യ, പൂണ്ണസരസ്വതി—പരീക്ഷിത്ത്തമ്പുരാൻ—കെ. രാമപിഷാരടി എന്നിവരുടെ ശാകുന്തളം വ്യാഖ്യാനങ്ങൾ, മന്ത്രാങ്കക്രിയക്രമം, ദേശമംഗലം ശ്രീകണ്ഠവാരിയരുടെ മാളവികാഗ്നിമിത്രവ്യാഖ്യ, പരീക്ഷിത്തിൻെറയും രാമപിഷാരടിയുടേയും മാളവികാഗ്നിമിത്രവ്യാഖ്യകൾ, വിക്രമോർവശീയടീകകൾ, മൂക്കോല വാസുദേവൻനമ്പൂതിരിയുടെ വിദ്ധസാലഭഞ്ജികാവ്യാഖ്യ, സർവേശ്വരാചാര്യൻെറ സാഹിത്യസാരം, അജ്ഞാതകർതൃകമായ ഹസ്തലക്ഷണദീപിക തുടങ്ങിയവയും പ്രസിദ്ധമായ അഭിജ്ഞാനശാകുന്തള ചച്ച്യും കേരളീയങ്ങളായ നാട്യശാസ്ത്രഗ്രന്ഥങ്ങളാണെന്നു പറയാം.

കേരളീയങ്ങളായ സംസ്കൃതനാടകങ്ങളും നൂറോളമുണ്ട്. കാലക്രമമനുസരിച്ചല്ലെങ്കിലും അവയുടെ ഒരു പട്ടികയും താഴെ ചേക്കുന്നു.

1. അക്ഷയപാത്രയോഗം—കറുത്തപാറ ദാമോദരൻനമ്പൂതിരി
2. അജ്ഞാതവാസം —കൃഷ്ണൻതമ്പി
3. അനംഗജീവഹബാണം—കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ
4. അന്നദാതൃചരിതം—കെ. ബാലരാമപ്പണിക്കർ

Digitized By Kerala Sahitya Akademi

5. അപഹാരാവമ്മചരിതം—കൊടുങ്ങല്ലൂർ
കുഞ്ഞികുട്ടൻതമ്പുരാൻ
6. അജ്ജുനവിജയം—വള്ളത്തോൾ നാരായണമേനോൻ
7. അലബ്ധകാർമീയം—ആർ. കെ. നായർ
8. ഇന്ദുമതീരാഘവം —അജ്ഞാതകർത്തൃകം
9. കമലിനീകളഹംസം—കുട്ടനെല്ലൂർ നീലകണ്ഠൻനമ്പൂതിരി
10. കമലിനീരാജഹംസം—പൂർണ്ണസരസ്വതി
11. കലാവതീകാമരൂപം—കൃഷ്ണദാസൻ
12. കിരാതാർജ്ജുനീയം—കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാൻ
13. കുമാരീവിലസിതം—സുദർശനൻ
14. കുലശേഖരവിജയം—കറുത്തപാറ ദാമോദരൻനമ്പൂതിരി
15. കൃത്തികാഭാണം—പന്തളം രാഘവവമ്മ
16. കൈവല്യവല്ലീപരിണയം-ഇലത്തൂർ രാമസ്വാമിശാസ്ത്രി
17. കൗമുദീസോമം—പുരട്ടിയൂർ കൃഷ്ണശാസ്ത്രി
18. ഗൈർവാണീവിജയം—എ. ആർ. രാജരാജവമ്മ
19. ചന്ദ്രിക—അനന്തപുരത്തു് അംബികാദേവിത്തമ്പുരാട്ടി
20. ചന്ദ്രികാവീഥി—രാമപാണിപാദൻ
21. ചിദംബരനാടകം—കുട്ടമത്തു് കുഞ്ഞമ്പുകുറുപ്പ്
കുഞ്ഞികൃഷ്ണകുറുപ്പ്
22. ജരാസന്ധവധം—കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻതമ്പുരാൻ
23. ജലവദ്ധ്രുദനിശ്ചയതത്വവിചാരം—രാമവമ്മ
പരീക്ഷിത്തു് തമ്പുരാൻ (?)
24. തപതീസംവരണം—കുലശേഖരവമ്മ
25. തക്സാരം—പി. എസ്. അനന്തനാരായണശാസ്ത്രി
26. ദമയന്തീകല്ല്യാണം—രംഗനാഥൻ
27. ദിനകക്രിയാടിപ്പണി—കെ. രാമപ്പിഷാരടി (?)
28. ദ്രൗപദീവിജയം—വി. കൃഷ്ണൻതമ്പി
29. ധർമസ്യസൂക്ഷ്മാഗതി—വി. കൃഷ്ണൻതമ്പി
30. ധ്രുവചരിതം—വി. കൃഷ്ണൻതമ്പി
34. നൈഷധം—ശ്രീദേവികുട്ടിത്തമ്പുരാട്ടി
32. പത്മാവതി—കടത്തനാട്ടു രവിവമ്മതമ്പുരാൻ
33. പത്മിനീപരിണയം—ഇലത്തൂർ സുന്ദരരാജശാസ്ത്രി
34. പാദുകപട്ടാഭിഷേകം—രാമപാണിവാദൻ
35. പാദുകപട്ടാഭിഷേകം—വി. കൃഷ്ണൻതമ്പി

Digitized By Kerala Sahitya Akademi

36. പൂർണ്ണപുരുഷാർത്ഥചന്ദ്രോദയം—തെക്കേപ്പാട്ട് ജാതവേദൻ നമ്പൂതിരി
37. പേടികാസന്യാസി—വി. കൃഷ്ണൻതമ്പി
38. പ്രതിക്രിയ—വി. കൃഷ്ണൻതമ്പി
39. പ്രദ്യുമ്നാഭ്യുദയം—കുലശേഖരവർമ്മ
40. ബാലമാർത്താണ്ഡവിജയം—അനന്തപുരത്ത് രാജരാജവർമ്മ കോയിത്തമ്പുരാൻ
41. ഭീഷ്മപ്രഭാവ—കട്ടമത്ത് കുഞ്ഞമ്പുക്കുറുപ്പ്
42. ഭ്രമരകാവാളി—പ്രഭാകരാചാര്യർ
43. മണിമഞ്ജുഷ—എസ്. കെ. രാമനാഥശാസ്ത്രി
44. മദനകേതുചരിതം—രാമപാണിപാദൻ
45. മന്ദാരമാലികാവീഥി—കറുത്തപാറ ദാമോദരൻ നമ്പൂതിരി
46. മല്ലികാമാരുതം—ഉദ്ദണ്ഡശാസ്ത്രി
47. മഹിഷമംഗലഭാണം—മഹിഷമംഗലം നാരായണൻ
48. മാധവീവാസന്തീയം—ടി. ഗണപതിശാസ്ത്രി
49. മേഘോദയം—പി, സുബ്രരാമപട്ടർ
50. യദുവീരോദയം—ശങ്കരൻ നമ്പൂതിരി
51. യയാതിചരിതം—അജ്ഞാതകർത്തൃകം
52, യോഗോല്ലസിത—ആറ്റൂർ കൃഷ്ണപിഷാരടി
53. രക്ഷാപുരുഷക—ആറ്റൂർ കൃഷ്ണപിഷാരടി
54. രസരത്നാകരഭാണം—പട്ടത്തു കുഞ്ഞുണ്ണിനമ്പ്യാർ
55. രസസദനഭാണം—കൊടുങ്ങല്ലൂർ വിദ്വാൻ ഗോദവർമ്മ യുവരാജാ
57. രസാങ്കുരഭാണം—മുരിയിൽ നാരായണൻ നമ്പീശൻ
58. രസികഭൂഷണം—കടത്തനാട്ട് ഉദയവർമ്മതമ്പുരാൻ
59. രസികരത്നഭാണം—ആറ്റൂർ കൃഷ്ണപിഷാരടി
60. രാമപട്ടാഭിഷേകം—കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ
61. രാമവർമ്മവിലാസം—ബാലകവി
62. രാസവിലാസംഭാണം—പന്തളം കേരളവർമ്മതമ്പുരാൻ
63. രുഗ്മിണീപരിണയം—അശ്വതിതിരുനാൾ രാമവർമ്മ
64. രുഗ്മിണീഹരണം—ചിറളയം രാമവർമ്മകുഞ്ഞുണ്ണിരാജ
65. ലക്ഷ്മീകല്യാണം—കോഴിക്കോട്ട് മാനവിക്രമ ഏട്ടൻതമ്പുരാൻ

Digitized By Kerala Sahitya Akademi

66. ലക്ഷ്മീകല്യാണം—അജ്ഞാതകർത്തൃകം
67. ലക്ഷ്മീമാനവേദം—ദിവാകരൻ
68. ലളിത—വി. കൃഷ്ണൻതമ്പി
69. വനജ്യോത്സ്ന—വി. കൃഷ്ണൻതമ്പി
70. വസുമതീമാനവിക്രമം—കാക്കശ്ശേരി ദാമോദരഭട്ടതിരി
71. വസുമതീകല്യാണം—വെങ്കടസുബ്രഹ്മണ്യശാസ്ത്രി
72. വസുമതീകല്യാണം—സദാശിവദീക്ഷിതർ
73. വാസന്തീശന്തനവം—ജയതുംഗരാജഗോദവർമ്മ
74. വിചാരധാര—ഇ. വി. രാമൻനമ്പൂതിരി (?)
75. വിടനിദ്ര—അജ്ഞാതകർത്തൃകം
76. വൈദർഭീവാസുദേവം—ഇലത്തൂർ സുന്ദരരാജ
77. ശൃംഗാരമഞ്ജരീഭാണം—രതികര
78. ശൃംഗാരതിലകഭാണം—മുത്തുകറിശ്ശി ഭാസ്കരൻനമ്പൂതിരി
79. ശൃംഗാരസർവസ്വഭാണം—കോരവന അനന്തനാരായണ
80. ശൃംഗാരസുധാകരഭാണം—രാമവർമ്മഅശ്വതിതിരുനാൾ യുവരാജാ
81. സംസ്കൃതലക്ഷ്മീകല്യാണനാടകം—മാനവിക്രമ ഏട്ടൻതമ്പുരാൻ
82. സത്യവതീസന്താനം—കട്ടമത്ത് കുഞ്ഞമ്പുകുറുപ്പ്
83. സന്ധ്യ—ഇ. ആർ. ശ്രീകൃഷ്ണശർമ്മ
84. സമന്വയം—ആററൂർ കൃഷ്ണപിഷാരടി
85. സാവിത്രി—എസ്. നീലകണ്ഠശാസ്ത്രി
86. സീതാരാഘവം—രാമപാണിവാദൻ
87. സുബാലാവജ്രതുണ്ഡം—ശ്രീരാമൻ
88. സുഭദ്രാധനഞ്ജയം—കുലശേഖരവർമ്മ
89. സുഭദ്രാർജ്ജുനം—കരമന കേശവശാസ്ത്രി
90. സ്നുഷാവിജയം—ഇലത്തൂർ സുന്ദരരാജയ്യങ്കാർശാസ്ത്രി
91. ഹനുമദ്വിജയം—ഇലത്തൂർ സുന്ദരരാജയ്യങ്കാർശാസ്ത്രി

കേരളത്തിൻെറ സംസ്കൃതനാടകസമ്പത്തിനെപ്പററി ബോധ്യപ്പെടുത്താൻ ഈ നാടകനാമങ്ങൾതന്നെ മതിയാവുമല്ലോ. ആയിരം വർഷത്തിലധികം പാരമ്പര്യമുള്ള ഒരു രംഗമാണിത്. കൂത്തമ്പലങ്ങളിൽ ചാക്ക്യാന്മാർ കൂടിയാട്ടമായി അവതരിപ്പിച്ചിരുന്ന നാടകങ്ങൾ താഴെപ്പറയുന്നവ മാത്രമാണ്.

Digitized By Kerala Sahitya Akademi

1) പ്രതിമ 2) പ്രതിജ്ഞായൗഗന്ധരായണം 3) സ്വപ്നവാസവദത്തം 4) അഭിഷേകം 5) ബാലചരിതം 6) ദൂതവാക്യം 7) കർണ്ണഭാരം 8) അവിമാരകം 9) ഊരുഭംഗം 10) ചാരുദത്തം 11) മധ്യമവ്യായോഗം 12) പഞ്ചരാത്രം 13) ദൂതഘടോത്കചം 14) നാഗാനന്ദം 15) അഭിജ്ഞാനശാകുന്തളം 16) സുഭദ്രാധനഞ്ജയം 17) തപതീസംവരണം 18) കല്യാണസൗഗന്ധികം 19) ശ്രീകൃഷ്ണചരിതം 20) മത്തവിലാസം 21) ഭഗവദജ്ജുകീയം 22) ആശ്ചര്യചൂഡാമണി. ഇവയിൽ പലതിനും ആട്ടപ്രകാരങ്ങളും ക്രമദീപികകളും ലഭിച്ചിട്ടുണ്ടുതാനും.

ഇതുവരെപ്പറഞ്ഞതു് സംസ്കൃതനാടകങ്ങളുടെ കാര്യമാണു്. ഇനി മലയാളനാടകങ്ങളുടെ കാര്യമോ? 1886നു മുൻപാണു് ആദ്യത്തെ ശാകുന്തള വിവർത്തനംകൊണ്ടു് ആയില്യം തിരുനാൾ മഹാരാജാവു് മലയാളനാടകപ്രസ്ഥാനത്തിൻെറ തുടക്കം കുറിച്ചതു്. അഭിജ്ഞാനശാകുന്തളംതന്നെ പല പ്രാവശ്യം പരിഭാഷാവിധേയമായി. മാളവികാഗ്നിമിത്രം, വിക്രമോർവശീയം, ഉത്തരരാമചരിതം, മത്തവിലാസം, ആശ്ചര്യചൂഡാമണി, സ്വപ്നവാസവദത്തം, പഞ്ചരാത്രം, അവിമാരകം, മധ്യമവ്യായോഗം, മാലതീമാധവം, പ്രബോധചന്ദ്രോദയം, പ്രദ്യുമ്നാഭ്യുദയം, വേണീസംഹാരം, പ്രതിമ, ഹാസ്യചൂഡാമണി, കർപ്പൂരചരിതം, ജാനകീപരിണയം, (ശാകുന്തളവിവർത്തനത്തിനുശേഷം ഉണ്ടായതു് ചാത്തുക്കുട്ടി മന്നാടിയാരുടെ ഈ പരിഭാഷാനാടകമാണു്), കുന്ദലത, അഭിഷേകം, ഊരുഭംഗം, ഉന്മത്തരാഘവം, രുഗ്മിണീഹരണം, ത്രിപുരദാഹം തുടങ്ങിയ പല സംസ്കൃതരൂപകങ്ങളും ഭാഷീകൃതങ്ങളായി. ഏററവുമധികം ഭാഷാന്തരീകരണം ഉണ്ടായിട്ടുള്ളതു് അഭിജ്ഞാനശാകുന്തളവുമാണു്. 1789-ൽതന്നെ അതു് പാശ്ചാത്യഭാഷയിലേക്കു് സംക്രമിതമായി എന്നതു് പ്രസ്തുത നാടകത്തിനു് ദൃശ്യശ്രാവ്യരൂപമെന്നനിലക്കു ലഭിച്ച വിപുലാംഗീകാരത്തിനു തെളിവായിക്കരുതാം. ഭാഷയുടെ സീമയെ ഉല്ലംഘിക്കുന്ന അത്തരം കൃതികൾ ലോകസാഹിത്യത്തിൽത്തന്നെ അതിവിരളമായേ കാണൂ.

ഇതരപ്രാന്തീയനാടകസാഹിത്യങ്ങളിലെന്നപോലെ മ

Digitized By Kerala Sahitya Akademi

ലയാളത്തിലും സംസ്കൃതനാടകവിവർത്തനങ്ങളും സംസ്കൃതനാടകചർച്ചകളും ദൃശ്യകലാപാരമ്പര്യത്തെ വളരെ വികസ്വരമാക്കിയിട്ടുണ്ട്. ചാക്യാന്മാരുടെ സംസ്കൃതനാടകാഭിനയം, സംഘക്കളി, യാത്രക്കളി, പാന, മുടിയേററ്, ഭദ്രകാളിത്തിയ്യാട്ട്, അയ്യപ്പൻതിയ്യാട്ട്, തിറ, അയ്യപ്പൻവിളക്ക്, കാളിനാടകം, പുറാട്ടുനാടകം തുടങ്ങിയ അനേകം കലാരൂപങ്ങളിൽ നാടകാംശങ്ങൾ കാണാം. കേരളത്തിൻെറ സ്വന്തമായ നാടകപാരമ്പര്യത്തിൽ അവയ്ക്കും ഒരു സ്ഥാനം നല്ലാതെ കഴിയില്ല. ആ പഴയ രൂപങ്ങളിലാണ് തനതുനാടകവേദിയുടെ ആദിമാങ്കുരങ്ങൾ കാണുന്നതെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 'കേരളത്തിലെ പ്രാചീന കലാരൂപങ്ങളിലൊന്നിലും മലയാളനാടകത്തിൻെറ വേരുകൾ കണ്ടെത്താൻ കഴിയുകയില്ല'. എന്ന് സി. ജെ, തോമസ് പ്രസ്താവിക്കുന്നു. [1] മലയാളനാടകത്തെപ്പററി ഒരു സൈദ്ധാന്തിക ചർച്ച ഇവിടെ അപ്രസക്തമാകയാൽ അതിന് ഉദ്യമിക്കുന്നില്ല. മലയാളത്തിൽ, ഏതാണ്ട് രൂപമൊത്ത നാടകകൃതികൾ വിരചിതമായിത്തുടങ്ങിയിട്ട് ഏകദേശം ഒരു ശതകമേ ആയിട്ടുള്ളു. ഈ കാലത്തിനകം സഹസ്രാധികം മലയാളനാടകങ്ങൾ ഉണ്ടാവുകയും ചെയ്തു. അവയിൽ വിവർത്തനങ്ങളും മൗലികകൃതികളും അനുകരണങ്ങളും എല്ലാം ഉൾപ്പെടുന്നു, [2]

നാടകത്തിൻെറ ഭാഷാന്തരീകരണത്തിന്ന് നാടകമർമ്മഗ്രാഹിക, ഉഭയഭാഷാപ്രയോഗവൈഭവം, കവിത്വസിദ്ധി എന്നിവ മൂന്നും ആവശ്യമാണ്. ഈ മൂന്നു സിദ്ധിവിശേഷങ്ങളും തികഞ്ഞ മഹാകവി വള്ളത്തോളിൻെറ വിവർത്തന വൈദഗ്ദ്ധ്യം അന്യഥാതന്നെ തെളിയിക്കപ്പെട്ടിട്ടുണ്ട്. അതേപ്പററി ഒന്നു സൂചിപ്പിക്കുകമാത്രമേ ഇവിടെ ചെയ്യുന്നുള്ളു.

ഈ ലേഖകൻെറ പിതൃമാതുലനും സർവാഭിവന്ദ്യനു

1. ഉയരുന്ന യവനിക—പേജ് 20.
2, അരങ്ങ് 1968-ൽ ഈ ലേഖകൻ തയ്യാറാക്കി ചേർത്തിട്ടുള്ള കാലാനുക്രമണിക നോക്കുക.



Digitized By Kerala Sahitya Akademi

മായ ഗുരുനാഥൻ പുന്നശ്ശേരി നീലകണ്ഠശർമ്മയിൽനിന്നും സംസ്കൃതവ്യുത്പത്തി നേടിയ വള്ളത്തോാം പതിനെട്ടാമത്തെ വയസ്സു മുതൽ ഗ്രന്ഥവിവർത്തനപരിശ്രമവും ആരംഭിച്ചു. 24 ഗ്രന്ഥങ്ങാം അദ്ദേഹം പലകാലങ്ങളിലായി പരിഭാഷപ്പെടുത്തുകയുണ്ടായി. കൈക്കുളങ്ങര രാമവാരിയരുടെ ആരോഗ്യകല്പദ്രുമം (3000 ശ്ലോകം) വിവർത്തനം ചെയ്തു് ആരോഗ്യചിന്താമണി എന്ന പേരിൽ പ്രസിദ്ധം ചെയ്തു. വൈദ്യജീവനം എന്ന മറെറാരു ഗ്രന്ഥം വൈദ്യഭൂഷണം എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ടു്. മാതംഗലീല എന്ന ഗജശാസ്ത്രവും ആദ്യകാലവിവർത്തനങ്ങളിൽ പെടുന്നു. കോഴിക്കോട്ടു് പടിഞ്ഞാറെ കോവിലകത്തു് അമ്മാമൻ തമ്പുരാൻെറ സഹായത്തോടെ ഷേക്സ്പിയറുടെ 'മർച്ചൻറ് ഓഫ് വെനീസ്,' എന്ന ആംഗലനാടകത്തിനു് 'പോർഷ്യാവിവാഹം' എന്ന പരിഭാഷ തയ്യാറാക്കി. സംസ്കൃതത്തിൽനിന്നും ഭാരതമഞ്ജരിയുടെ അവസാനഖണ്ഡം തർജ്ജമ ചെയ്തു. 28–ാം വയസ്സിലാണു് വാല്മീകിരാമായണം പരിഭാഷപ്പെടുത്തിയതു്. അടുത്ത വർഷം ഉന്മത്തരാഘവം പ്രേക്ഷണകം, പിന്നീടു് മാർക്കണ്ഡേയം, പാത്മം, വാമനം, മാത്സ്യം എന്നീ പുരാണങ്ങളിലെ 88000 ശ്ലോകങ്ങാം ഗദ്യപദ്യോഭയമയമായി 5391 പേജിൽ ഭാഷീകൃതമാക്കി പ്രസിദ്ധം ചെയ്തു. അതിപ്പോാം അലഭ്യമാകയാൽ ആരെങ്കിലും തേടിപ്പിടിച്ചു പുനഃപ്രസിദ്ധം ചെയ്യുന്നെങ്കിൽ സ്പൃഹണീയമായ കാര്യമായിരിക്കും. 29–30 വയസ്സിനിടയ്ക്കാണു് പതിനൊന്നു് രൂപകഭേദങ്ങാം വിവർത്തനം ചെയ്തതു്. ഹാലകവിയുടെ ഗാഥാസപ്തശതി എന്ന പ്രാകൃതകാവ്യം 700 ശ്ലോകം ഗ്രാമസൌഭാഗ്യം എന്ന പേരിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തി. ക്ഷേമേന്ദ്രകവിയുടെ 2830 ശ്ലോകങ്ങളുള്ള 'ബോധിസത്വാപദാനകല്പലത' 69–ാം വയസ്സിൽ പരിഭാഷപ്പെടുത്തി. 10472 മന്ത്രങ്ങളുള്ള ഋഗ്വേദം മുഴവൻ സംസ്കൃതദ്രാവിഡവൃത്തങ്ങളിലും ഗദ്യങ്ങളിലുമായി വിവർത്തനം ചെയ്തതു് 75–ാം വയസ്സിലാണു്. 1958 മാർച്ച് 13–ാം തിയ്യതി മഹാകവി കാലഗതി പ്രാപിക്കുന്നതിനു് 36 ദിവസം മുൻപാണു് ഋഗ്വേദപരിഭാഷയുടെ അവസാനത്തെ പ്രൂഫ് അദ്ദേഹം പരിശോധിച്ചു കൊടുത്തതു്.

Digitized By Kerala Sahitya Akademi

നാടകം, പ്രേക്ഷണകം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, ഈഹാമൃഗം എന്നീ എട്ടു രൂപകഭേദങ്ങളിലായി പതിനൊന്നു് നാടകങ്ങൾ മഹാകവി വിവർത്തനം ചെയ്തു.

1. സ്വപ്നവാസവദത്തം—ഭാസൻ
2. ഊരുഭംഗം—ഭാസൻ
3. മധ്യമവ്യായോഗം—ഭാസൻ
4. പഞ്ചരാത്രം—ഭാസൻ
5. അഭിജ്ഞാനശാകുന്തളം—കാളിദാസൻ
6. ഉന്മത്തരാഘവം—ഭാസ്കരൻ
7. കർപ്പൂരചരിതം...മഹാമാത്യവത്സരാജൻ
8. കപടകേളി—വത്സരാജൻ
9. ത്രിപുരദഹനം—വത്സരാജൻ
10. രുഗ്മിണീഹരണം—വത്സരാജൻ

ഇവയ്ക്കുപുറമേ ഭാസനാടകമായ 'അഭിഷേക'വും വള്ളത്തോൾ പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർഭാഗ്യവശാൽ, പ്രസ്തുതകൃതി ഈ സമാഹൃതിയിൽ ചേർക്കാൻ സാധിച്ചിട്ടില്ല. ഈ ഗ്രന്ഥസമ്പുടത്തിൽ ചേർത്തിട്ടുള്ള നാടകങ്ങളിലൂടെ ഒരു ത്വരിതപ്രയാണമെങ്കിലും ഇവിടെ ആവശ്യമാണെന്നു തോന്നുന്നു.

ഭാരതത്തിലെ പ്രഥമനാടകകൃത്തു് എന്നുതന്നെ വിശേഷിപ്പിക്കപ്പെടാറുള്ള ഭാസൻ ക്രിസ്ത്വബ്ദം നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ, ചന്ദ്രഗുപ്തമൗര്യന്റെ കാലത്തു് ജീവിച്ചിരുന്നുവെന്നാണു് പണ്ഡിതമതം. സദുക്തികർണാമൃതം, സൂക്തിമുക്താവലി, സുഭാഷിതാവലി, ശാർങ്ഗധരപദ്ധതി, സുഭാഷിതരത്നകോശം, അലങ്കാരമഹോദധി, യശസ്തിലകം തുടങ്ങിയ കൃതികളിൽ ഭാസരചനകളിൽനിന്നുമുള്ള ഉദ്ധാരണങ്ങൾ ഉണ്ടു്. അഭിനവഗുപ്തപാദരുടെ അഭിനവഭാരതിയിൽ 'മഹാകവിനാഭാസേനാപി സ്വപ്രബന്ധേ ഉക്തം' എന്നു് ഒരു പരാമർശം കാണുന്നു. ജയാനകന്റെ പൃഥ്വീരാജചരിതം, ജയദേവന്റെ പ്രസന്നരാഘവം, ബാണഭട്ടന്റെ ഹർഷചരിതം, ആചാര്യദണ്ഡിയുടെ അവന്തിസുന്ദരികഥ, കാളിദാസന്റെ മാള

Digitized By Kerala Sahitya Akademi

വികാഗ്നിമിത്രം [1], രാമചന്ദ്ര-ഗുണചന്ദ്രന്മാരുടെ നാട്യദർപ്പണം, ഭോജന്റെ ശൃംഗാരപ്രകാശം, സാഗരനന്ദിയുടെ നാടകലക്ഷണ കോശം തുടങ്ങിയ അനേകം പ്രാചീനകൃതികളിൽ ഭാസനേയോ ഭാസകൃതിയേയോ പരാമർശിക്കുന്നുണ്ടു്.

ദക്ഷിണകേരളത്തിൽ പത്മനാഭപുരത്തിനു സമീപം മണലിക്കരമഠത്തിൽ നിന്നാണു് സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, ദൂതവാക്യം, പഞ്ചരാത്രം, ചാരുദത്തം, ദൂതഘടോൽകചം, അവിമാരകം, ബാലചരിതം, മധ്യമവ്യായോഗം, കർണഭാരം, ഊരുഭംഗം എന്നീ നാടകങ്ങൾ ഉൾപ്പെട്ട ഹസ്തലിഖിതഗ്രന്ഥം ഡോ. ടി. ഗണപതിശാസ്ത്രികൾ കണ്ടെടുത്തതു്. ഈ നാടകങ്ങളെല്ലാം ഭാസവിരചിതങ്ങളാണെന്നാണു് പ്രബലമായ വിശ്വാസം. ഗോവിന്ദപ്പിഷാരടിക്കു് കടുത്തുരുത്തിക്കു സമീപം കൈലാസപുരത്തുനിന്നു ലഭിച്ച അഭിഷേക-പ്രതിമാനാടകങ്ങളും ഭാസന്റേതെന്നു് കരുതപ്പെടുന്നു. ഇങ്ങനെ പതിമൂന്നു നാടകങ്ങൾ ചേർത്തു് ഭാസനാടകചക്രം എന്നു പറഞ്ഞു വരുന്നു. എന്നാൽ ഇതു് സർവാംഗീകൃതമോ സമർത്ഥമായ തെളിവുകൊണ്ടു സർവ്വസമ്മതമോ ആയ അഭിപ്രായമാണെന്നു പറഞ്ഞുകൂട. അജ്ഞാതകർത്തൃകവും കാലനിർണ്ണയം സാധിച്ചിട്ടില്ലാത്തതുമായ അഭിജ്ഞാനശാകുന്തളചർച്ചയിൽ അവിമാരകം, ബാലചരിതം, സ്വപ്നവാസവദത്തം, കവചദാനം, (കർണഭാരം), ചാരുദത്തം, പഞ്ചരാത്രം, ദൂതഘടോത്കചം എന്നീ ഏഴെണ്ണത്തെപ്പററി മാത്രമേ പരാമർശമുള്ളു. ഭാസനാടകങ്ങളെപ്പററി അടുത്തകാലത്തുണ്ടായിട്ടുള്ള ഒരു പഠനത്തിലും മേല്പറഞ്ഞ നാടകങ്ങളുടെ കർത്തൃത്വത്തെ സംബന്ധിച്ചു് നിരാക്ഷേപമോ നിഃസന്ദേഹമോ ആയ ഒരു അന്തിമതീരുമാനവും പറഞ്ഞുകാണുന്നില്ല. എങ്കിലും സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം എന്നീ രണ്ടു നാടകങ്ങൾ ഭാസകൃതങ്ങളാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. മററെല്ലാം അനുമാനാവസ്ഥയിൽത്തന്നെ വർത്തിക്കുന്നതേയുള്ളു. രാമചന്ദ്ര-ഗുണചന്ദ്രന്മാർ നാട്യദർപ്പണത്തിൽ ''യഥാ ഭാസകൃതേ സ്വപ്നവാസവദത്തേ......'' എന്നു പ്രസ്താവിച്ചുകാണുന്നു. ഭാമഹൻ കാവ്യാലങ്കാരത്തിൽ, പ്രതിജ്ഞായൗഗന്ധരായണം

Digitized By Kerala Sahitya Akademi

ഭാസകൃതമാണെന്ന് അനുമാനിക്കുന്നുണ്ട്. രചയിതാവ് ഭാസൻതന്നെയെന്ന പക്ഷത്തിലാണ് മഹാകവി വള്ളത്തോൾ സ്വപ്നവാസവദത്തം, ഊരുഭംഗം, മധ്യമവ്യായോഗം, പഞ്ചരാത്രം എന്നീ നാടകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ആ നിലയ്ക്കുതന്നെയാണ് ഈ സമാഹാരത്തിലും ചേർത്തിരിക്കുന്നത്.

ഭാസന്റെ ഏററവും പ്രഖ്യാതമായ കൃതിയാണല്ലോ സ്വപ്നവാസവദത്തം. പ്രതിജ്ഞായൗഗന്ധരായണം കഥയുടെ തുടർച്ചയാണിത്. ധീരലളിതനായ നായകനും രണ്ടുനായികമാരുമാണ് സ്വപ്നവാസവദത്തത്തിലെ മുഖ്യ കഥാപാത്രങ്ങൾ. രാഷ്ട്രീയലക്ഷ്യം കരുതി സചിവപ്രേരണയാൽ, മഗധരാജപുത്രിയായ പത്മാവതിയെ വിവാഹംചെയ്യുന്ന ഉദയനൻ വാസവദത്താഭിമുഖമായ പ്രേമത്തിൽനിന്നും വിമുക്തനാകാൻ ശക്തനല്ല. വാസവദത്തയും ഉദയനനിൽ നിതാന്തരതയാണ്. ആ രാജകുമാരി, ഭർത്താവിന്റെ ഉൽക്കർഷത്തിന്നു് സചിവന്മാരുടെ തന്ത്രം വിജയിപ്പിക്കാൻ, ഉദയനന്റെ ദ്വിതീയപത്നിയാകേണ്ടവളായ പത്മാവതിയുടെ സൈരന്ധ്രിയായിക്കഴിയാൻകൂടി നിർബദ്ധയാകുന്നു. സ്വകമിതാവിന്റെ രണ്ടാം വിവാഹത്തിനു് മംഗലഹാരം സജ്ജമാക്കാൻപോലും വാസവദത്ത തയ്യാറാകേണ്ടി വരുന്നു. ഉദയനന്റെയും വാസവദത്തയുടെയും പരസ്പരപ്രേമത്തെപ്പററി പത്മാവതി ജാഗരൂകയാണെങ്കിലും സപത്നീസ്നേഹത്തെ വ്രണപ്പെടുത്താതെ ഉദയനനെ സ്വീകരിക്കയാണ് ചെയ്യുന്നത്. എന്തൊരു വികാരോരൽബണമായ കഥാഗതി! സാഹചര്യംകൊണ്ട് വിപരീതാന്തരങ്ങളിൽ വർത്തിക്കുന്ന നായികമാർ സ്വന്തം സ്വഭാവമഹിമകൊണ്ടു് നായകന്റെ, പരസ്പരസ്നേഹബദ്ധരായ പ്രേമഭാജനങ്ങളായി ചിത്രീകരിക്കപ്പെട്ടുന്നു. സാമാന്യവ്യവഹാരവ്യതിരിക്തമായ ഒരു കഥാതന്തുവാണിതു്. വിധിവൈപരിത്യങ്ങളുടെയും ദേശകാലസാഹചര്യാദികളുടെയും വിനീതവിധേയനായി നായകൻ ത്യാഗസങ്കടസങ്കലിതമായ ഒരു ജീവിതത്തിൽ പ്രക്ഷിപ്തനാകയും, എന്നാൽ, നാടകമർമ്മജ്ഞതയോടുകൂടിയതും സംവിധാന ഭംഗിയുള്ളതുമായ ഒരു കഥാഗതിയിലൂടെ വ്യക്തിത്വവിനാശം സംഭവിക്കാതെ,

Digitized By Kerala Sahitya Akademi

അനന്യമായ ഒരു കാഥികഹിരണ്യഗർഭം തരണം ചെയ്യുന്നതായും നാം കാണുന്നു. കാലം, സ്വപ്നം, സ്മരണ, യാഥാർത്ഥ്യം, വ്യക്തിജീവിതത്തിലെ പതനാഭ്യുന്നതികൾ, വികാരവിക്ഷോഭങ്ങൾ, പ്രേമത്തിന്റെ മൂകവും ശക്തവുമായ ആവിഷ്കാരങ്ങൾ ഇവയെല്ലാംചേർന്ന് നായികാനായകന്മാരുടെ നാടകീയ ജീവിതകഥയേ സുഖദുഃഖസമന്വയത്തിന്റെ ഗ്രന്ഥീലക്ഷണം കൊണ്ട് ശാശ്വതീകരിക്കയും ചൈതന്യഭാസുരമാക്കുകയും ചെയ്യുന്നു. ആ അത്യപൂർവ്വദൃശ്യമാണ് സ്വപ്നവാസവദത്തം കാഴ്ചവയ്ക്കുന്നത്. പ്രതിജ്ഞായൗഗന്ധരായണം കഥയുടെ സമ്പൂരണവും ഭവിതവ്യമായ ഒരു കാല്പനികജീവിതത്തിന്റെ സമാരംഭവും സമന്വയിക്കപ്പെടുന്ന ഒരു ജീവിതോദന്തത്തിന്റെ രസാർദ്രാവിഷ്കാരമാണ് സ്വപ്നവാസവദത്തം. ഹൃദയത്തിന്റെ സ്വതാഴ്ന്മേഖലകളിൽ ബോധപൂർവ്വം കുത്തിവേദനിപ്പിക്കുന്ന ഒരു സാഹസികയത്നം പോലും കഥാഭംഗമോ രസഹാനിയോ വരുത്താതെ നാടകീയ വിജയം കൈവരിക്കുന്നു എന്നതിലാണ് ഈ കൃതിയുടെ സാഫല്യം. ഭാസന്റെ നാടകരചനാവൈഭവത്തിന്റെ മഹിതവും അന്യാദൃശവുമായ നിദർശനവുമാണീ നാടകം.

1917-ൽ പ്രൊ. എ. ആർ. രാജരാജവർമ്മ സ്വപ്നവാസവദത്തം മലയാളത്തിലേക്കു വിവർത്തനം ചെയ്തു. അതിനു മുമ്പുതന്നെ ഒരു തർജ്ജിമയുണ്ടായിട്ടുണ്ടെന്ന് വള്ളത്തോൾ രേഖപ്പെടുത്തുന്നു.[1] 1926-ലാണ് വള്ളത്തോളിന്റെ വിവർത്തനം ഗ്രന്ഥരൂപത്തിൽ (ആദ്യം 'സദ്ഗുരു'മാസികയിൽ ഖണ്ഡശഃ പ്രസിദ്ധം ചെയ്തിരുന്നു) പ്രകാശിപ്പിച്ചത്. ഈ നാടകത്തിന് മലയാളത്തിലും ഇതര ഭാഷകളിലുമായി ഒട്ടനവധി പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. എ. സി. വൂൾനർ,[2] ജസ്റ്റിസ്

1. "ഒരു പന്തിരണ്ടു വർഷങ്ങൾക്കു മുമ്പ് ഇതിന്റെ ഒരു തർജ്ജിമ തിരുവിതാംകൂറിൽനിന്ന് (പരിഭാഷകൻ ഒരു പോററിയാണെന്നോർക്കുന്നു) പുറപ്പെടുകയുണ്ടായിട്ടുണ്ട്." —വള്ളത്തോൾ, സ്വപ്നവാസവദത്തം തർജ്ജിമയുടെ മുഖവുര.

1. A. C. Woolner - The vision of Vasavadatta—Sanskrit Plays —Edited by H. W. Wells, Asia Publishing House, 1964.

Digitized By Kerala Sahitya Akademi

ഏ. എസ്. പി. അയ്യർ തുടങ്ങിയവർ ഇംഗ്ലീഷിലേക്കും ത ർജ്ജിമചെയ്തിരിക്കുന്നു. വള്ളത്തോളിന്റെ പരിഭാഷ അക്ലി ഷ്ടഹൃദ്യമാണെങ്കിലും നാലപ്പാട്ട നാരായണമേനോൻ ചെറി യൊരു ടിപ്പണികൂടി രചിച്ചിട്ടുള്ളതുകൊണ്ട് സാഹിത്യവിദ്യാ ത്ഥികൾക്ക് സുവേദ്യം കൂടിയാണ്. പരിഭാഷയുടെ മാതൃക യ്ക്ക് ഒരു ഭാഗം ഉദ്ധരിക്കാം—മൂന്നാം അങ്കാരംഭത്തിൽ വിരഹ വിധുരയായ വാസവദത്തയുടെ ഒരു ഭാഷണം—

''വിവാഹമോദസങ്കുലേ അന്തഃപുരചതുഃ
ശാലേ പരിത്യജ്യ പത്മാവതീമിഹാഗതാസ്മി
പ്രമദവനം, യാവദിദാനീം ഭാഗധേയനിർവൃത്തം
ദുഃഖം വിനോദയാമി, അഹോ അത്യാഹിതം.
ആര്യ്യപുത്രോഽപിനാമപരകീയഃസംവൃത്തഃ
യാവദ് ഉപവിശാമി, ധന്യാഖലുചക്രവാകവധൂഃ
യാഽന്യോന്യ വിരഹിതാ നജീവതി, നഖലു
ഹം പ്രാണൻ പരിത്യജാമി, ആര്യ്യപുത്രം പശ്യാ
മിത്യേതേന മനോരഥേന ജീവാമി മന്ദഭാഗാ.''

''വിവാഹാമോദം നിറഞ്ഞ അകത്തെ നാലുകെട്ടിൽ പത്മാവതിയെ വിട്ടുംവച്ച് ഞാൻ ഈ പ്രമദവനത്തിലേയ്ക്കു പോന്നു. ഇനി ദൈവഗത്യാ നേരിട്ട ദുഃഖം ശമിപ്പിയ്ക്കുകതന്നെ! ഹാ, പരമസങ്കടം. ആര്യ്യപുത്രനും മററൊരാളുടെയായിത്തീന്ന ല്ലോ. ഇവിടെ ഇരിയ്ക്കാം. ഭർത്തൃവിരഹം സംഭവിച്ചാൽ ജീ വിച്ചിരിക്കാത്ത ചക്രവാകപ്പിട സുകൃതിതന്നെ! ഭാഗ്യംകെട്ട ഞാൻ പ്രാണത്യാഗം ചെയ്യാതെ ജീവിച്ചിരിക്കുന്നത് ആര്യ്യപു ത്രനെ കാണാമല്ലോ എന്ന വിചാരത്താലാണ്.''

ഗുണാഢ്യന്റെ ബൃഹത്കഥ, സോമദേവന്റെ കഥാസ രിത്സാഗരം തുടങ്ങിയ സംസ്കൃതകൃതികളിൽ പരാമൃഷ്ടമാ കുന്ന ഒരു ഇതിവൃത്തത്തിന്റെ നാടകീയവും ശൃംഗാരരസാവി ഷ്കരണത്തിന്റെ നേരിയതും സാന്ദ്രവുമായ ഭംഗികളാൽ സമാ കഷ്കവുമായ അവതരണമാണ് സ്വപ്നവാസവദത്തം. അതി ന് മലയാളത്തിൽ ഉണ്ടായിട്ടുള്ള ഭാഷാന്തരങ്ങളിൽ, വള്ളത്തോ ളിന്റെ വിവർത്തനം ഭാസനാടകവൈശിഷ്ട്യത്തെ ഉപദർശി

Digitized By Kerala Sahitya Akademi

പ്പിക്കുന്ന സംഭാവനയാണെന്നു പറയാൻ സംശയലേശവും ഇല്ലതന്നെ.

ഭാരതീയനാടകങ്ങളിൽ ഒററപ്പെട്ട ഒരു കൃതിയാണ് ഊരുഭംഗം. പത്തു് രൂപകഭേദങ്ങളിൽ 'അങ്കം' (ഉത്സൃഷ്ടികാങ്കം) [1] എന്ന വിഭാഗത്തിൽപ്പെടുന്ന ഒരു ഹ്രസ്വനാടകമാണിതു്. ഇതിന്റെ സവിശേഷത ശോകപര്യവസായിത്വമാണ്. ശുഭാന്തനാടകങ്ങൾ മാത്രമുള്ള ഒരു രാജ്യത്തെ ഏറെകെകമായ ദുഃഖാന്തകൃതി, ഭീമസേനൻ ദുര്യോധനനെ ഭഗ്നോരുവാക്കുന്നതും, ദുര്യോധനൻ മരണവക്ത്രത്തിൽ പശ്ചാത്താപഗ്രസ്തനായി പുത്രകളത്രാദികളോടു് അന്ത്യോപദേശമായി ചിലതു് പ്രസ്താവിക്കുന്നതുമാണ് ഊരുഭംഗത്തിലെ പ്രമേയം. സാമാന്യസങ്കല്പത്തിലുള്ള ദുര്യോധനൻ ഒരു ധീരോദാത്തനായകന്റെ മഹിതഗുണങ്ങളാൽ സമ്പന്നനല്ല. മഹാഭാരതത്തിൽ ഒരു പ്രതിനായകഭാഗമാണല്ലോ ദുര്യോധനനു് കല്പിക്കപ്പെട്ടിട്ടുള്ളതും. ഈ നാടകത്തിൽ, ചരമസീമയിൽനില്ക്കുന്ന ദുര്യോധനൻ ഒരു ധീരോദാത്തനായകന്റെ സ്വഭാവൗൽകൃഷ്ട്യം പ്രദർശിപ്പിക്കുന്നു. മകൻ ദുർജ്ജയനോടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. 'പാണ്ഡവന്മാരെ എന്നെ എന്ന പോലെ ശുശ്രൂഷിക്കണം. അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം. അഭിമന്യുവിന്റെ അമ്മ ദ്രൗപദി എന്നിവരെ അമ്മയെപ്പോലെ ആദരിക്കണം.' ബലഭദ്രന്റെ വാക്കുകളിൽ പറഞ്ഞാൽ 'വൈരം പശ്ചാത്താപമായി പരിണമിക്കുന്ന ഈ പരിവർത്തനം ആ കഥാപാത്രത്തിന്റെ സൃഷ്ടിയിൽ വളരെ പ്രധാനമാണ്. ഇതു് മഹത്വത്തിന്റെ പതനം ചിത്രീകരിക്കുന്നു. ദുഷ്ടകഥാപാത്രമായി നാളിതുവരെയും പരിഗണിക്കപ്പെട്ട ദുര്യോധനൻ ഭഗ്നോരുവായി നിസ്സഹായാവസ്ഥയിൽ പതിച്ചു് ആന്തരപശ്ചാത്താപംകൊണ്ടെന്നപോലെ മൊഴിയുന്ന വാക്കുകൾ ആ ദുഃഖിതാത്മാവിനെ മഹത്വത്തിലേക്കുയർത്തുന്നു. പാശ്ചാത്യ ദുഃഖാന്തനാടകങ്ങളെപ്പോലെ ഭാരതത്തിലും ഒരു ശോകാന്തനാടകം ഉണ്ടായിട്ടുണ്ടെന്നു്

1 Aeschylus—Oedipus — Biswanath Bhattacharya — Sanskrit Drama & Dramaturgy P 390—415

Digitized By Kerala Sahitya Akademi

അവകാശപ്പെടാം—ഉത്സർഗവിധിക്കുള്ള ഏകൈകമായ അപവാദം. പ്രസിദ്ധ യവനനാടകം—ഈസ്കിലസിന്റെ ഈഡിപ്പസ്[1] ഊരുഭംഗവുമായി താരതമ്യം ചെയ്തു നോക്കാൻ വിശ്വനാഥ് ഭട്ടാചാര്യ ശ്രമിച്ചു കാണുന്നു. അഗാധതയും ഉദാത്തതയും പരിഗണിച്ചാൽ രണ്ടും അതതിന്റെ മണ്ഡലത്തിൽ ശ്രേഷ്ഠമാണെങ്കിലും സംസ്കൃതനാടകം മഹത്തരമാണെന്ന് ഭട്ടാചാര്യ പ്രസ്താവിക്കുന്നു.[2]

ഈസ്കിലസ്, സ്വന്തം ദുഃഖാന്തനാടകങ്ങളിലെ പ്രമേയങ്ങൾ ഹോമറുടെ 'തീൻമേശപ്പുറത്തെ ഉച്ഛിഷ്ടങ്ങളാ'ണെന്നു പറഞ്ഞതുപോലെ ഭാരതീയനാടകങ്ങളിലെ പ്രമേയങ്ങൾ വ്യാസവാല്മീക്യാദികളുടെ വിഭവസമൃദ്ധമായ ഭോജനശാലയിലെ ഉച്ഛിഷ്ടങ്ങളാണെന്ന് ജെ. എ. ബി. ഫൻബ്യൂറേനൻ ഉപമിക്കുന്നു.[3] മഹാഭാരതത്തിലെ വളരെ നിർണായകമായ ഒരു കഥാംശത്തിന്റെ നാടകവത്കരണമാണ്. പ്രതിപക്ഷനായകന്റെ പതനം ഒരു വീരചരിതമാക്കി ആവിഷ്കരിക്കുന്നു. ഒരു ബൃഹത്കഥയുടെ സമാപനം കുറിക്കുന്ന നാടകീയ മുഹൂർത്തമാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. ഈ ദുഃഖപര്യവസാനവേദനയിൽ ദുര്യോധനന് മനോവാക്കർമ്മങ്ങളാൽ മഹത്വത്തിന്റെ ഉന്നതസോപാനത്തിലേക്കുയരുവാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ, ഒരു ശോകാന്തനാടകം എന്ന നിലയ്ക്ക് ഇതിന് ഗണ്യമായ ശ്രേഷ്ഠത ഉണ്ടാകുമായിരുന്നില്ല. കഥയിലും കഥാപാത്രത്തിലും മിഴിവും ആഴവും കൈവരുത്താൻ നാടകകാരനു സാധിച്ചു.

---

2 Thus it can be said, that the Sanskrit plays are superior to the Greek in point of technique realism and in the fulness of their appeal. So far as the questions of depth and sublimity are concerned, both are remarkable in their own spheres — Ibid. P. 415.

3 If Aeschylus called his tragedies the crumbs from Homer's table, the Indian plays with equal right may be styled the crumbs from Vyasa's millennial banquet—J. A. B. Van Buitenen—Two plays of Ancient India, P. 4.



Digitized By Kerala Sahitya Akademi

''ഭീ പ്രദ്രാണതടം ജയദ്രഥജലം ദുര്യോധനൗഘം'' എന്നാരംഭിക്കുന്ന നാന്ദീശ്ലോകം മുതൽ തന്നെ വിവർത്തനം ആസ്വാദ്യമാണ്. ഈ രൂപകം ഒരു പരീക്ഷണമെന്ന നിലയ്ക്കും, പ്രാചീനസംസ്കൃത നാടകവേദിയുടെ ഒരു വ്യത്യസ്തമുഖം പ്രദർശിപ്പിക്കുന്ന കൃതിയെന്ന നിലയ്ക്കും അഭിനേതവ്യവും ഹൃദയസ്പർശിയുമായ ഊരുഭംഗം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ വള്ളത്തോൾ ധന്യതയർഹിക്കുന്നു.

മധ്യമവ്യായോഗം ഭാസകൃതികളിൽ എണ്ണപ്പെട്ട ഒന്നായി കരുതപ്പെടുന്നു. വ്യായോഗത്തിലെ ഇതിവൃത്തം പ്രഖ്യാതമായിരിക്കണം. നായകൻ ധീരോദ്ധതനും പ്രഖ്യാതനുമായിരിക്കണം. ഗർഭവിമർശസന്ധികൾ വേണ്ട. യുദ്ധം വേണം—എന്നാൽ സ്ത്രീനിമിത്തമാകരുത്. ഒരു ദിവസത്തെ കഥ—ഒരു അങ്കം. അനേകം പുരുഷകഥാപാത്രങ്ങൾ പങ്കെടുക്കണം—ഇതത്രേ വ്യായോഗസ്വരൂപം. ജാമദഗ്ന്യവിജയമാണ് ദശരൂപകകാരൻ നിർദ്ദേശിക്കുന്ന ഉദാഹരണം 1 സാഹിത്യദർപ്പണകാരനായ വിശ്വനാഥകവിരാജൻ സൗഗന്ധികാഹരണ വ്യായോഗത്തെപ്പററി പരാമർശിക്കുന്നു. പാവൂർ നീലകണ്ഠകവിയുടെ കല്യാണസൗഗന്ധികം വ്യായോഗം ശ്രീ. കെ. പി. നാരായണപിഷാരടി മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ദൂതഘടോത്കചം വ്യായോഗം ഭാസകൃതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മധ്യമവ്യായോഗം ഏ. ആർ. തമ്പുരാനും സി. ആർ. നാരായണപിള്ളയും തർജ്ജിമ ചെയ്യുകയുണ്ടായി.

പാണ്ഡവമധ്യമനായ ഭീമനാണ് ഇവിടെ പ്രസ്തുതമായ വ്യായോഗത്തിലെ നായകൻ. ഹിഡിംബീപുത്രനായ ഘടോൽകചൻെറ ഉപദ്രവത്തിൽനിന്നും, ഭീമസേനൻ ഒരു ബ്രാഹ്മണകുടുംബത്തെ രക്ഷിക്കുന്നതാണ് ഇതിവൃത്തം. നാടകനാമം, ശ്ലേഷാനുപ്രാണിതമാണെന്നത്രേ കൗതുകകരമായ ഒരു വസ്തുത. വ്യായോഗത്തിൽ ദീപ്തരസം പ്രയോഗിക്കണമെന്നു് ഭരതമുനിയും സാഗരനന്ദിയും രാമചന്ദ്ര–ഗുണചന്ദ്രന്മാരും നിർദ്ദേശിക്കു

1. രൂപകദർശനം — പേജ് 99

Digitized By Kerala Sahitya Akademi

ന്നു. വീരരൗദ്രാദികളുമാകാമെന്ന് അവർ പറയുന്നുണ്ട്. ഹാസ്യശൃംഗാരശാന്തങ്ങളൊഴികെ ഏതു രസവും അംഗമാകാമെന്ന് വിശ്വനാഥൻ അഭിപ്രായപ്പെടുന്നു. വീരരൗദ്രകരുണാത്ഭുതാദികൾക്കു പ്രകാശമുള്ള മധ്യമവ്യായോഗത്തിലെ ബ്രാഹ്മണവൃത്താന്തം ഐതരേയബ്രാഹ്മണം, മനുസ്മൃതി (IX—105—109) മഹാഭാരതം ബകവധപർവം തുടങ്ങിയവയെ അവലംബിച്ചുള്ളതാണ്. മാതാവിന്റെ വിശപ്പടക്കാൻ ബ്രാഹ്മണഹത്യ ചെയ്യുന്നതു് ശരിയല്ലെന്ന് ഘടോത്കചന് അറിയാം. 'മധ്യമ'പദം ഉപയോഗിച്ച് നാടകത്തെയാകേയും നയിക്കുന്നു. ബുഭുക്ഷ സർവസമർപ്പണമായി മാറുകയും ചെയ്യുന്നു. കൗതുകജനകമാണ് ഈ നാടകം. സ്വപ്നവാസവദത്തം, ബാലചരിതം, പഞ്ചരാത്രം തുടങ്ങിയവയിലെപ്പോലെ സ്ഥാപനയിൽ സൂത്രധാരൻ മാത്രമേ രംഗപ്രവേശം ചെയ്യുന്നുള്ളു. മധ്യമവ്യായോഗത്തിൽ ഭരതവാക്യം ഇല്ല, ഒരു വിഷ്ണുസ്തുതിയാണ് അന്ത്യശ്ലോകം. അതിഹ്രസ്വമായ ഒരു പ്രമേയത്തിന്റെ സമർത്ഥമായ നാടകാവിഷ്കാരമാണ് മധ്യമവ്യായോഗം. ചിരസ്മരണീയനായ പി. വി. കൃഷ്ണവാരിയർ അവതാരികയിൽ രേഖപ്പെടുത്തിയതുപോലെ 'ഭാസന്റെ ആശയരസികത്വം മലയാളവായനക്കാർക്ക് മനസ്സിലാകണമെങ്കിൽ 'മലയാളി ടാഗ്ഗൂർ' തന്നെ തർജ്ജിമ ചെയ്യണം എന്ന് ഇതിന്റെ മൂലവും ഭാഷാന്തരവും കൂടി വായിക്കുന്നവർക്കൊക്കെ തോന്നാതിരിക്കയില്ല. തർജ്ജിമയ്ക്ക് അത്ര മാത്രം തന്മയത്വം സർവത്ര കാണുന്നുണ്ട്.' ഒരു ശ്ലോകം ഉദാഹരിക്കാം:—

'പുത്രനക്ഷത്രകീർണസ്യ പത്നീകാന്തപ്രഭസ്യ ച
വൃദ്ധസ്യ വിപ്രചന്ദ്രസ്യ ഭവാൻ രാഹുരിവോത്ഥിത: (35)

ഈ ശ്ലോകം ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു.—

''ധൃതദാരമനോജ്ഞകാന്തിയായ്—
സ്സുതരായീടിന താരകങ്ങളാൽ
വൃതനാം ദ്വിജവൃദ്ധചന്ദ്രനെ—
ബ്ഭുത, ബാധിച്ചിതു രാഹുപോലെ നീ.''

Digitized By Kerala Sahitya Akademi

ഭാസവിരചിതകൃതിയായി പരിഗണിക്കപ്പെടുന്ന 'പഞ്ചരാത്രം' കൂടിയേ ഉള്ള ഇനി പരാമർശിക്കാൻ. ഇതൊരു ത്ര്യങ്കനാടകമാണ്. ഇതു് 'സമവകാരം' എന്ന രൂപകഭേദത്തിൽ പെടുന്നതായും ഒരു പക്ഷമുണ്ട്. വിവർത്തകനും അങ്ങനെയാണ് കണക്കാക്കിയിട്ടുള്ളതു്. ദശരൂപകത്തിൽ സമവകാരത്തിനു് ലക്ഷണനിർദ്ദേശം ചെയ്തിട്ടുണ്ട്.1 പതിമൂന്നാം ശതകത്തിൽ ജീവിച്ചിരുന്ന വത്സരാജൻ 'സമുദ്രമഥ (ന്ഥ)നം' എന്ന ഒരു സമവകാരം രചിച്ചിട്ടുണ്ട്.

അഞ്ചു രാത്രികൾക്കകം പാണ്ഡവരെ കണ്ടുപിടിയ്ക്കാൻ ദുര്യോധനൻ ദ്രോണരെ വെല്ലുവിളിയ്ക്കുന്നതാണ് പഞ്ചരാത്രം സമവകാരത്തിലെ ഇതിവൃത്തത്തിന് അവലംബം. രാജസൂയം നടത്തിയശേഷം ദുര്യോധനൻ അഭിവാദ്യാർപ്പണത്തിനു് ദ്രോണാചാര്യരെ കാണാൻ ചെല്ലുമ്പോൾ, തനിക്കുള്ള ഗുരുദക്ഷിണയെന്നവണ്ണം പാണ്ഡവർക്ക് അർദ്ധരാജ്യം നല്കണമെന്നു് ആവശ്യപ്പെടുന്നു. ദ്രോണാചാര്യനിർദ്ദേശം നിരസിച്ചുകൊണ്ടു് ശകുനി, പതിമൂന്നുവർഷത്തെ വനവാസം പൂർത്തിയാക്കിയ പഞ്ചപാണ്ഡവരെ കണ്ടുപിടിക്കാനാവശ്യപ്പെടണമെന്നു് ദുര്യോധനനെ ഉപദേശിക്കുന്നു. ഭീഷ്മാചാര്യരാകട്ടെ ദ്രോണരെ പിന്താങ്ങുകയാണു ചെയ്യുന്നതു്. ശകുനിയുടെ നിന്ദനീയമായ വെല്ലുവിളി പാണ്ഡവപ്രേമാർദ്രനായ ദ്രോണർ സ്വീകരിക്കുന്നു. ആ അവസരത്തിൽ, കീചകനും നൂറു് ഉപകീചകന്മാരും കൊല്ലപ്പെട്ടു എന്ന വാർത്ത വിരാടരാജ്യത്തുനിന്നും ദ്രോണർക്കു ലഭിച്ചു. അതു് ദ്രോണർക്ക് സഹായകമാകയും ചെയ്തു. ദ്രോണനെ സഹായിക്കാനായി, വിരാടരാജ്യം ആക്രമിക്കാൻ ഭീഷ്മർ ദുര്യോധനനെ പ്രേരിപ്പിക്കുന്നു. ദ്രോണന്റെ നേർക്കു് ശകുനിയുടെയും, കർണ്ണന്റെയും പെരുമാററമാണ് നാടകമർമ്മമായ സംഘട്ടനവിഷയം. അതിന്റെ പശ്ചാത്തലമെന്നോണം, ഒന്നാമങ്കത്തിൽ കുരുപാണ്ഡവവിരോധം ആവിഷ്കരിച്ചിരിക്കുന്നു. ദ്രോണർ പാണ്ഡവർക്കുവേണ്ടി അർദ്ധരാജ്യം ആവശ്യപ്പെടുന്നതു് നാടകാരംഭവും ശകുനിയുടെ നിർദ്ദേശം ബീജവും കുറിക്കുന്നു. അങ്ങനെ മുഖസ

1. രൂപകദർശനം-പേജ് 100—ദശരൂപകം, 3-61

Digitized By Kerala Sahitya Akademi

ന്ധിയായി. വിറാടരാജ്യത്തു നിന്നും വൃത്താന്തം എത്തിയ തു് ലക്ഷ്യനിർവഹണ 'പ്രയത്ന'ത്തിനുള്ള 'ബിന്ദുവാണു്'. രണ്ടാമങ്കത്തിൽ, മുഖ്യമായ സംഘട്ടനം നടക്കുന്നു. കൗരവ ന്മാർ വിറാടരാജാവിൻെറ പശുക്കളെ മുഴുവൻ അപഹരിച്ച തു മൂലം വിറാടരാജാവു് അവമാനിതനായി യുദ്ധോദ്യുക്തനാ കുന്നു. ഉത്തരയും ബൃഹന്നളയും യുദ്ധത്തിൽ പങ്കുകൊണ്ടു എന്നും ബൃഹന്നള യുദ്ധത്തിൽ ജയിച്ചു എന്നും മററും വ്യക്തമാക്കപ്പെടു ന്നു. ബൃഹന്നള അർജ്ജുനൻ തന്നെയാണെന്നു വെളിപ്പെടുന്നതോ ടെ, നിർദ്ദിഷ്ടസമയത്തിനകം തന്നെ പാണ്ഡവന്മാരെയും ക ണ്ടെത്തിയ ഫലമായി. പ്രാപ്ത്യാശയും നിയതാപ്തിയും തരണം ചെയ്യപ്പെടുന്നു. വിരാടരാജാവു് ഉത്തരയെ അർജ്ജുനപുത്രനായ അഭിമന്യുവിനു നല്കുന്നു. മൂന്നാം അങ്കത്തിൽ, അർജ്ജുനനാമാങ്കി തമായ അമ്പു് ദുര്യോധനൻെറ മുൻപിൽ കൊണ്ടുവരപ്പെടുന്നു. ശകുനിക്കും ദുര്യോധനനും വിശ്വസിക്കാൻ പോലും സാധിക്കു ന്നില്ല, യുദ്ധത്തിൽ അർജ്ജുനൻ സഹായിച്ചിരുന്നുവെന്നതു്. ദ്രോണർ പാണ്ഡവരെ കണ്ടെത്തുന്ന ശ്രമത്തിൽ വിജയിക്കയും അർദ്ധരാജ്യം നല്കാമെന്നു് ദുര്യോധനൻ സമ്മതിക്കയും ചെയ്യു ന്നതോടെ ഫലാഗമവുമായി.

''ബാഢം ദത്തം മയാ രാജ്യം പാണ്ഡവേഭ്യോ യഥാപുരം
മൃത്യേഽപിഹിനരാഃ സർവേ സത്യേതിഷ്ഠന്തി തിഷ്ഠതി''

എന്ന ദുര്യോധനവചനം വള്ളത്തോൾ ഇങ്ങനെ പരിഭാഷപ്പെ ടുത്തുന്നു—

''ഓഹോ, രാജ്യമിതാ നൽകി
മുൻപട്ടിൽപ്പാണ്ഡവർക്കു ഞാൻ
ചത്താലും, മർത്ത്യരെപ്പേരും
സത്യം നിൽക്കുകിൽ നിൽക്കുമേ.''

ഭാസകൃതിയെന്നു കരുതപ്പെടുന്ന ബാലചരിതം മൂന്നാം അങ്കത്തി ലെന്നപോലെ 'പഞ്ചരാത്ര'ത്തിലും ഒരു ഗാന–നൃത്തപരാമർശ മുണ്ടു്. രണ്ടാം അങ്കാരംഭത്തിൽ സന്തോഷോല്ലാസപ്രകടനമാ യി വൃദ്ധഗോപാലകൻെറ നിർദ്ദേശപ്രകാരം വിരാടരാജാവി ൻെറ ജന്മദിനാഘോഷത്തിൽ പെൺകിടാങ്ങൾ ആടുകയും പാ

Digitized By Kerala Sahitya Akademi

ട്ടകയും ചെയ്യുന്നുവെന്നും വൃദ്ധഗോപാലകർകൂടി അതിൽ പങ്കെടുക്കുന്നുവെന്നും വർണിച്ചിരിക്കുന്നു.

''ഹീ ഹീ സുഷ്ഠു നർത്തിതം
സുഷ്ഠുഗീതം യാവദഹമപി നൃത്യാ മി''—
''ഭേഷ് ഭേഷ് അസ്സലാട്ടം, അസ്സൽപ്പാട്ട്,
ഞാനും ആടാം''

ഇങ്ങനെ ഗാനനൃത്തസംയുക്തവും നാടകീയ ഗൗരവം തികഞ്ഞതുമായ 'പഞ്ചരാത്രം' ഇംഗ്ലീഷ്ഉൾപ്പെടെ പലഭാഷകളിലേക്കും പരിവർത്തിതമായിട്ടുണ്ട്. പ്രൊ. എ. ആർ. തമ്പുരാനും ഒരു മലയാളപരിഭാഷ പ്രകാശിപ്പിക്കയുണ്ടായി. മൂലകൃതിയുടെ പഠനമെന്നനിലയ്ക്ക് ഡോ. ടി. ഗണപതിശാസ്ത്രി, ''പഞ്ചരാത്രം വ്യാഖ്യ''യും രചിച്ചു. ദുര്യോധനനിഷ്ഠമായ യുദ്ധവീരം, യുധിഷ്ഠിരനിഷ്ഠമായ ദയാവീരം, ഹാസ്യാദികളായ ഇതരരസങ്ങളുടെ സ്പർശം എന്നിവയിൽ രസനീയവുമായ പഞ്ചരാത്രം സമവകാരം, നാട്യശാസ്ത്രവ്യഖ്യാതാവായ അഭിനവഗുപ്താചാര്യർ കണ്ടിട്ടുണ്ടായിരിക്കാം എന്ന് അർജുനൻെറ ബൃഹന്നളാവേഷധാരണ പരാമർശം [1] കൊണ്ട് അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. രംഗപ്രയോഗസമർത്ഥമായ ഒരു നാടകമാണെന്ന് നിർവിശങ്കം വിശേഷിപ്പിക്കപ്പെടാവുന്ന പഞ്ചരാത്രം ഭാഷീകൃതമാക്കിയതു് ഒരു ശ്ലാഘ്യകർമംതന്നെയാണ്.

വള്ളത്തോളിൻെറ പരിഭാഷകളിൽ പെട്ടതും, ഭാസകൃതമെന്നു കരുതപ്പെടുന്നതുമായ 'അഭിഷേക'ത്തെപ്പറ്റി ഇവിടെ പരാമർശിക്കുന്നതിന് പ്രസക്തിയില്ല—നാടകം ഉൾപ്പെടാത്ത സമാഹാരമായതുകൊണ്ട്. അഭിഷേകം, പ്രതിമ, ആശ്ചര്യചൂഡാമണി എന്നീ മൂന്ന് പ്രാചീന രാമായണനാടകങ്ങളും ഏകകർത്തൃകങ്ങളാണെന്നൊരു സന്ദേഹവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

1. ''കർണവ്യപദേശേനേതി അവസ്ഥാദിവശാത് യഥാ
അർജുനസ്യ ബൃഹന്നളത്രേപണ
പ്രച്ഛന്നാസ്യകരണാന്യാഹരതേ''

— അഭിനവഭാരതി

Digitized By Kerala Sahitya Akademi

വിശദാന്വേഷണം അർഹിക്കുന്ന ഒരു വസ്തുതയാണിതു് എന്നു മാത്രം പറയട്ടെ.

ഇവിടെ പരാമൃഷ്ടങ്ങളായ നാലു് രൂപകങ്ങളും ഭാസന്റേതാണെങ്കിലും അല്ലെങ്കിലും സംസ്കൃതനാടകപാരമ്പര്യത്തിൽ ശ്രദ്ധേയങ്ങളാണ് എന്നതിൽ സംശയിക്കാനില്ല. കാളിദാസകവീന്ദ്രനു മുൻപും ഭാരതത്തിൽ സമ്പന്നവും മഹത്തുമായ ഒരു നാടകപ്രപഞ്ചമുണ്ടായിരുന്നു എന്നു് അനുമാനിക്കുന്നതിനു് ഈ കൃതികളും തെളിവു നല്കുന്നു. അനന്യാദൃശമായ പാത്രസൃഷ്ടിവൈഭവം, സമർത്ഥമായ വാക് പ്രയോഗകുശലത, ഔചിത്യദീക്ഷ, രസാവിഷ്കാരപാടവം എന്നീ വിശിഷ്ടഗുണങ്ങളാൽ ആസ്വാദനപാനങ്ങൾ അർഹിക്കുന്ന പ്രസ്തുതനാടകങ്ങൾ ഭാഷാന്തരീകരിച്ചതിനു് മഹാകവി അഭിനന്ദനപൂർവമായ സ്മരണയർഹിക്കുന്നു.

ഇനി അഭിജ്ഞാനശാകുന്തളം വിവർത്തനത്തെക്കുറിച്ചാണു് പരാമർശിക്കേണ്ടതു്. മൂലകവി കാളിദാസൻ; നാടകം സർവലോകശ്ലാഘ്യമായ അഭിജ്ഞാനശാകുന്തളവും. കാളിദാസനേയോ ശാകുന്തളത്തെയോ കുറിച്ചു് ദീർഘമായി ഉപന്യസിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഭാസനും ഭവഭൂതിയ്ക്കും മധ്യേയാണു് കാളിദാസന്റെ സ്ഥിതി. മോണിയർ വില്ല്യംസ് കാളിദാസനെ 'ഇൻഡ്യയിലെ ഷേക്സ്പിയർ' എന്നത്രേ വിശേഷിപ്പിച്ചതു്.1 പരിപക്വമായ കാവ്യബോധത്തിന്റെയും, അനന്യാദൃശമായ നാടകപരിജ്ഞാനത്തിന്റെയും സമന്വയമാണു് ശാകുന്തളം. 2 മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ഉപജീവിച്ചുള്ള ഇതിവൃത്തമാണെങ്കിലും അഭിജ്ഞാനശാകുന്തളം നാടകം അസുലഭമായ കല്പനാസൌകുമാര്യത്തെ ആവഹിക്കുന്നു.

1. "His profound knowledge of human heart, his delicate appreciation of its most refined and tender emotions, his familiarity with the working and counter working of its conflicting feelings entitles him (Kalidasa) to rank as the Shakespeare of India" — Sir Monier Willams
2. 'കാവ്യേഷുനാടകം രമ്യം തത്രാപി ശകുന്തള'

Digitized By Kerala Sahitya Akademi

പ്രശസ്ത ജർമ്മൻകവി ഗയ്റേ വിശേഷിപ്പിച്ചതുപോലെ സർവ്വത്തുരമണീയമെന്നോ ദ്യാവാപൃഥിവികളുടെ സമന്വയമെന്നോ ഒക്കെ നമുക്കും ഈ നാടകത്തെ വിശേഷിപ്പിക്കാം. ലൈംഗികാസക്തമായ മാനുഷികബന്ധത്തിന്റെ വിഭ്രമങ്ങളെയെല്ലാം ആദർശമഹത്വത്തിന്റെ വിശാലചക്രവാളങ്ങളിൽ വിലയം പ്രാപിപ്പിച്ച് ബന്ധപ്പെട്ട കഥാപാത്രങ്ങളെക്കെല്ലാം കനകകാന്തി ചൊരിയുകയും, കൃതിയേ ഒന്നാകെ മനുഷ്യന്റെ ഭാവനാസൗന്ദര്യത്തെ ശാശ്വതീഭവിപ്പിക്കുന്ന പ്രതിഭാസമാക്കുകയും ചെയ്ത കാളിദാസപ്രതിഭ ഭാരത മഹാരാജ്യം വിശ്വസഹൃദയത്വത്തിന്റെ മുൻപിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ഏററവും മഹിതമായ ഉപഹാരമാണ് ശാകുന്തളം നാടകം. മനുഷ്യന്റെ വൈകാരികജീവിതത്തിന്റെ അഗാധതയേയും സുകുമാരതയേയും ഇതിൽ പരം ഉദാത്തമായി വ്യാഖ്യാനിക്കാനും ചിത്രീകരിക്കാനും മറേറതെങ്കിലും നാടകകൃത്തിനു കഴിഞ്ഞിട്ടുണ്ടോ എന്നും സംശയമാണ്. ഹെൻറി ഡബ്ല്യു വെത്സ് പ്രസ്താവിച്ചതുപോലെ, ആ വ്യാഖ്യാനമാകട്ടെ, 'മനഃശുദ്ധീകരണത്തിനുവേണ്ടി വിരചിതമായ ഒരു സ്വപ്നമാണ്, അമൂല്യമായ ഒരു സ്വപ്നം.'' 1

ഭാരതീയവും അഭാരതീയവുമായ അനേകം വിവർത്തനങ്ങൾ ശാകുന്തളത്തിനുണ്ടായിട്ടുണ്ട്. ഒട്ടനേകം പഠനവ്യാഖ്യാനങ്ങൾക്കും ബഹുശതം നൂററാണ്ടുകളിലായി അതു വിധേയമായി. ബഹുസഹസ്രം പ്രാവശ്യം അതു് അഭിനീതമായി. ഇനിയും ഇതെല്ലാം തുടരുകയും ചെയ്യും. കേരളത്തിൽ അഭിജ്ഞാനശാകുന്തളചർച്ച, അഭിജ്ഞാനശാകുന്തളവ്യാഖ്യാ എന്നീ പേരുകളിൽ സംസ്കൃത വ്യാഖ്യാനങ്ങൾ തന്നെ പലതും ഉണ്ടായിട്ടുണ്ട്. പൂർണ്ണസരസ്വതി, രാമവർമ്മപരീക്ഷിത്ത് തമ്പുരാൻ, രാമപിഷാരടി തുടങ്ങിയ വ്യാഖ്യാതാക്കളെ പ്രാത്യകം സ്മരിക്കാം. ആയില്യം തിരുനാൾ മഹാരാജാവ്, കേരളവർമ്മവലിയകോയി

---

1. The play is a dream but a dream of inestinable value designed to purify the mind by its profound interpretation of the emotional life —H. W. Wells — Sanskrit plays - P. 197.

Digitized By Kerala Sahitya Akademi

ത്തമ്പുരാൻ. എ. ആർ. രാജരാജവർമ്മ, ആററൂർ കൃഷ്ണപിഷാരടി, ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ, കുററിപ്പുറത്തു കേശവൻ നായർ, ചെറുശേരി മാധവമേനോൻ, മൂട്ടത്തു കുമാരൻ തുടങ്ങി പലരും വിവർത്തനംചെയ്ത ശാകുന്തളം നാടകം ധ്വനിസിദ്ധാന്തമർമ്മഗ്രാഹിയായ വള്ളത്തോളും പരിഭാഷപ്പെടുത്തി. എന്നുമാത്രമല്ല, ശാകുന്തളം കഥ 'അച്ഛനും മകളും' എന്ന അതിമനോഹരമായ ഒരു ഖണ്ഡകാവ്യരചനയ്ക്കു് വള്ളത്തോളിനു് പ്രേരകമായി ഭവിയ്ക്കുകയും ചെയ്തു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കേരളീയ ശാകുന്തളം 1881—1882-ൽ വിദ്യാവിലാസിനി മാസികയിലും 1883-ൽ പുസ്തകാകൃതിയിലും പ്രസിദ്ധീകൃതമായി. തിരുവട്ടാർ നാരായണപിള്ളയുടെ 'മനോമോഹനം' നാടകസംഘം ഈ നാടകപരിഭാഷ കേരളത്തിലാകെയും അഭിനയിച്ചു പ്രചരിപ്പിച്ചു. ബംഗാളി, ഹിന്ദി, മഹാരാഷ്ട്രം തുടങ്ങിയ ഇതര പ്രാന്തീയഭാഷകളിലും സമാനകാലങ്ങളിൽ ശാകുന്തളത്തിനു് പ്രചാരം സിദ്ധിക്കയുണ്ടായി. കേരളത്തിൽ, കൂത്തമ്പലങ്ങളിൽ ചാക്ക്യാന്മാർ കൂടിയാട്ടമായി ശാകുന്തളം അവതരിപ്പിച്ചിരുന്നു. നമ്മുടെ നാടകസംസ്കാരത്തിലേക്കു് പ്രകാശം ചൊരിയുന്നതും അജ്ഞാതകർത്തൃകവുമായ ഒരു അഭിജ്ഞാനശാകുന്തളചർച്ചയും ലഭ്യമായിട്ടുണ്ടു്. 1937-ലാണു് മഹാകവിയുടെ ശാകുന്തളവിവർത്തനം പ്രകാശിതമായതു്. അതു് കേരളവർമ്മ വലിയകോയിത്തമ്പുരാനു് സമർപ്പിതവുമാണു്. വിദ്വാൻ സി. എസ്. നായരുടെ പഠനീയമായ അവതാരികയും കുട്ടികൃഷ്ണമാരാർ രചിച്ച 'പ്രിയംവദ' എന്ന ടീകയും ചേർന്നതാണു് മഹാകവിയുടെ അഭിജ്ഞാനശാകുന്തളം. ഈ ശാകുന്തളനാടകത്തിനു് അനേകം പാഠഭേദങ്ങൾ ഉണ്ടെന്നും കേരളപാഠമാണു് ആററൂർ 'കേരളീയ ശാകുന്തളം' എന്ന വിവർത്തനത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും മററും അവതാരകൻ വിശദമായി സൂചിപ്പിച്ചിട്ടുണ്ടു്. വിവർത്തനങ്ങൾ ഇരുപതിലധികം നമുക്കു് ലഭിച്ചിട്ടുണ്ടു്. അവയുടെ ഒരു താരതമ്യപഠനം ഇവിടെ ലക്ഷ്യമല്ല. ഒരു വിവർത്തകനും മൂലകൃതിയോടു് നൂറുശതമാനം നീതിപുലർത്താൻ ആവില്ല. ഗദ്യ–പദ്യ ഭാഗങ്ങളുടെ വിവർത്തനത്തിൽ വ



Digitized By Kerala Sahitya Akademi

ള്ളത്തോൾ പരമാവധി വിജയിച്ചിട്ടുണ്ടെന്നു തെളിയിക്കാൻ എത്ര ഭാഗവും ഉദാഹരിക്കാം. മാതൃകയ്ക്കു് നാലാമങ്കത്തിലെ പ്രശസ്തമായ ഒരു ശ്ലോകം മാത്രം ഉദ്ധരിക്കുന്നു-

''യാസ്യത്യദ്യ ശകുന്തളേതിഹൃദയം സംസ്പൃഷ്ടമുൽകണ്ഠയാ
കണ്ഠഃ സ്തംഭിതബാഷ്പവൃത്തികലുഷശ്ചിന്താജഡം ദർശനം
വൈക്ലബ്യം മമ താവദീദൃശമപി സ്നേഹാദരണ്യൗകസഃ
പീഡ്യന്തേ ഗൃഹിണഃ കഥം ന തനയാ
വിശ്ലേഷദുഃഖൈർനവൈഃ''

ഇതിനു് വള്ളത്തോളിന്റെ പരിഭാഷ—

''ഇപ്പോൾപ്പോവുകയായ് ശകുന്തളയിതോർത്തിണ്ടൽ
പ്പെട്ടുന്നു മനം
കണ്ഠം ബാഷ്പനിയന്ത്രണാൽക്കലുഷിതം
മങ്ങുന്നു കൺ ചിന്തയാൽ
സ്നേഹാലിത്രയുമാകുലൻ ഹഹ, വനേമേവുന്ന ഞാൻ പോലുമേ
ഗേഹസ്ഥർക്കഴലെത്രയെത്ര പുതുതാം പുത്രീവിയോഗാൽ
പ്പെടാം.''

ശോകഭാവസംവേദനത്തിൽ പൂർണ്ണവിജയം നേടിയ പരിഭാഷയാണെന്നു് പ്രത്യേകിച്ചു പറയേണ്ടതുണ്ടോ? മൂലകവിയെ വെല്ലാൻകഴിഞ്ഞില്ലെങ്കിലും മൂലകവിതയെ നശിപ്പിക്കാതിരിക്കയെങ്കിലും ചെയ്യുക വിവർത്തകധർമ്മമാണു്. വള്ളത്തോൾ അത്രയുമല്ല ചെയ്തതു്. കവനകലയുടെയും നാട്യകലയുടെയും മർമ്മം ഗ്രഹിച്ചു് കാളിദാസസർവസ്വത്തിന്റെ ഭാവമാധുരി മുഴുവൻ സംക്രമിപ്പിക്കാൻ പരിഭാഷയിൽ യത്നിച്ചിരിക്കുന്നു.[1] വൈദർഭീശൈലിയുടെ വല്ലഭനായ കാളിദാസനെ അനുസരിക്കുന്നതിൽ, ശബ്ദസുന്ദരനായ വള്ളത്തോളിനെ അതിശയിക്കുന്ന മറെറാരു ഭാഷാകവിയുണ്ടോ എന്നു സംശയമാണു്. കാളിദാസീയങ്ങളായ ഇതര നാടകങ്ങൾ കൂടി വള്ളത്തോൾ പരിഭാഷപ്പെടുത്തിയില്ലല്ലോ എന്ന വിഷാദത്തിന്നേ സഹൃദയനു്

1. വള്ളത്തോൾ ശാകുന്തളംനാടകത്തിൽ അഭിനയിച്ചിട്ടുണ്ടെന്നു് കുററിപ്പുറത്തു് കിട്ടുണ്ണിനായർ രേഖപ്പെടുത്തിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

അവകാശമുള്ളു. മറ്റേതെല്ലാം കൃതികൾ തർജ്ജിമചെയ്ത മഹാകവി, കാളിദാസന്റെ ശാകുന്തളം എന്ന ഒററ കൃതിമാത്രമേ വിവർത്തനം ചെയ്തുള്ളു എന്നതും സഹൃദയ വ്യാകുലതയ്ക്കു നിദാനമാണു്.

ഭാസ്കരകവിയുടെ 'ഉന്മത്തരാഘവം പ്രേക്ഷണക'ത്തെക്കുറിച്ചാണു് ഇനി പരിശോധിക്കേണ്ടതു്. ഭാസ്കരകവിയുടെ കാലം നിർണ്ണയിക്കപ്പെട്ടിട്ടില്ല. പ്രേക്ഷണകത്തിൽ പരാമൃഷ്ടനാകുന്ന വിദ്യാരണ്യൻ സായണനോ സായണന്റെ സമകാലികനോ ആയിരിക്കാമെന്നു് എ. ബി. കീത്തു് അഭ്യൂഹിക്കുന്നു. [1] ഭാസ്കരകവിയുടെ കാലം ക്രിസ്ത്വബ്ദം 14-ാം നൂററാണ്ടാണെന്നു് ബിശ്വനാഥു് ഭട്ടാചാര്യ രേഖപ്പെടുത്തുന്നു. [2] 13-ാം ശതകത്തിൽ ജീവിച്ചിരുന്ന വിശ്വനാഥന്റെ സൗഗന്ധികാഹരണവും ലോകനാഥഭട്ടന്റെ കൃഷ്ണാഭ്യുദയവും ഇവിടെ സ്മരണീയമായ പ്രേക്ഷണകങ്ങളാണു്. വീഥിയും വ്യായോഗവും പോലെ ഏകാങ്കിയാണു് പ്രേക്ഷണകം. നാടകഗർഭിതമായ അങ്കത്തെയും പ്രേക്ഷണകം എന്നു പറയുന്നു.[3] ലോകനാഥന്റെ കൃഷ്ണാഭ്യുദയം എന്ന ഒരു പ്രേക്ഷണകത്തെപ്പററി മോണ്ടു് ഗോമെറി വ്ലൂർ പരാമർശിക്കുന്നു.

ശ്രീരാമനു് സീതാഭിമുഖമായുണ്ടായിരുന്ന പ്രേമാധിക്യത്തെ കേന്ദ്രീകരിച്ചെഴുതിയിട്ടുള്ള ഒരു ലഘുരൂപകമാണു് ഉന്മത്തരാഘവം. പ്രസ്താവനയിൽ നടിയും സൂത്രധാരനും പ്രവേശിക്കുന്നു. സീതയും മധുകരികയും തമ്മിലുള്ള സംഭാഷണത്തിൽ, പെൺവണ്ടിനെ കാണാതെ വിഷമിക്കുന്ന ആൺവണ്ടിനെക്കുറിച്ചുള്ള പരാമർശം ആഗാമിയായിവരുന്ന സീതാവിയോഗവ്യഥ

---

1 A. B. Keith—The Sanskrit Drama, P. 268

2. Biswanath Bhattacharya—Sanskrit Drama and Dramaturgy, P. 388

3. The Anka or one act play is represented by very few specimens. The term is often applied to denote a play within a play, in the Balaramayana the name Prekshanaka is applied generally to such plays — A. B. Keith; Ibid. P. 268.

Digitized By Kerala Sahitya Akademi

ശ്രീരാമൻ അനുഭവിക്കുന്നതിനെ വ്യഞ്ജിപ്പിയ്ക്കുന്നു. പൊന്മാനിനെ പിടിച്ചുകൊടുത്തു് സീതയെ സന്തോഷിപ്പിക്കുവാൻ വ്യാമോഹിച്ച ശ്രീരാമൻ മധുകരികയിൽനിന്നും സീതയേ കാണാതായ വിവരം അറിഞ്ഞു ദുഃഖിക്കുന്നു. ശ്രീരാമന്റെ സംഭ്രാന്തവും ഉന്മത്തവുമായ അവസ്ഥ ചിത്രീകരിക്കപ്പെടുന്നു. പത്നിയെ തേടിവരുന്ന രാമനു് അഗസ്ത്യമുനി സീതയെ കാണിച്ചുകൊടുക്കുന്നു. ദുർവാസാവിന്റെ ശാപത്തിനു വിധേയമായ വനത്തിൽ പൂവിറുക്കാൻ പോയ സീതാദേവി മാൻപേടയായി രൂപം മാറിയതിന്റെയും പിന്നെ ശാപമോചനം കിട്ടി സീതാദേവിയായി പരിണമിച്ചതിന്റെയും വൃത്താന്തം അഗസ്ത്യനിൽനിന്നും ശ്രീരാമൻ ഗ്രഹിക്കുയും എല്ലാപേരും സന്തുഷ്ടരാകുയും ചെയ്യുന്നു. കാളിദാസന്റെ വിക്രമോർവശീയം ചതുർത്ഥാങ്കത്തിന്റെ ഒരു സംമൂഢനകരണമാണു് ഉന്മത്തരാഘവം എന്നു് കീത്തു് വിശേഷിപ്പിക്കുന്നു. 1 പ്രേക്ഷണകത്തിന്റെ ഭാവോദ്രിക്തമായ അവതരണം ഭംഗിചോരാതെ വിവർത്തനത്തിലും സാധിപ്പിച്ചിട്ടുണ്ടു്- സീതയുടെ കൈവളകണ്ടിട്ടു് ശ്രീരാമൻ നടത്തുന്ന അനുസ്മരണമാണു് താഴെ ഉദ്ധരിക്കുന്ന ശ്ലോകം.

'മാലിന്യശൂന്യമിതു പണ്ടു മദീയകണ്ഠ–
മാലിംഗനങ്ങളിലമർത്തുമുറിപ്പെടുത്തി
ചേലാർന്നചെഞ്ചൊടി രസിച്ചിവനാസ്വദിക്കേ
ലോലാക്ഷി കൈകടകയാലൊലിയും മുഴക്കി.'

'ലക്ഷ്മീഭായി' മാസികയിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച ഭാഷാപ്രേക്ഷണകം 'നേത്രാമൃതം' എന്ന വൈദ്യഗ്രന്ഥം രചിക്കുന്നതിനിടയിൽ മൂന്നുനാലുദിവസം കൊണ്ടാണു് താൻ തർജ്ജിമ ചെയ്യതെന്നു് വള്ളത്തോൾ തന്നെ മുഖവുര ചെയ്യിട്ടുണ്ടു്. ഉന്മത്തരാഘവം ഭാഷാപ്രേക്ഷണകവും കാല്പനികഭംഗിയുള്ള മറ്റൊരു നേത്രാമൃതമാണു്.

ഇനി അവശേഷിക്കുന്നതു് മഹാമാത്യവത്സരാജകൃതങ്ങ

1. 'The play is a stupid imitation of Act IV of Vikramorvasi'— A. B. Keith, The Sanskrit Drama

Digitized By Kerala Sahitya Akademi

ളായ നാലുരൂപകങ്ങളാണ് കർപ്പൂരചരിതഭാണം, കപടകേളി പ്രഹസനം, ത്രിപുരദാഹനം ഡിമം, രുഗ്മിണീഹരണം ഈഹാമൃഗം എന്നീ രൂപകഭേദങ്ങൾ. 12–13-ാം നൂററാണ്ടിൽ കാലഞ്ജരാധിപതി പരമർദ്ദിദേവന്റെ അമാത്യനായിരുന്ന വത്സരാജൻ. ബന്ധപ്പെട്ട വിഷയങ്ങളെപ്പററി കർപ്പൂരചരിതം ഭാണത്തിന്റെ അവതാരികയിൽ സർദാർ കെ. എം. പണിക്കർ വിവരിച്ചിട്ടുള്ളതുകൊണ്ടും ഇവിടെ ആവർത്തിക്കുന്നില്ല. വത്സരാജൻ, മേൽപ്പറഞ്ഞവയ്ക്കു പുറമേ കിരാതാർജ്ജുനീയം വ്യായോഗം, സമുദ്രമഥനം സമവകാരം എന്നിവയും രചിച്ചിട്ടുണ്ട്, അദ്ദേഹത്തിന് മാതൃകകളും മറേറതെങ്കിലും കൃതികൾ ലഭിച്ചിരുന്നുവോ എന്നു നിശ്ചയമില്ല. പ്രത്യേകിച്ചും ഈഹാമൃഗ-ഡിമ-സമവകാരങ്ങൾക്ക്. നൂതനസൃഷ്ടികളായതുകൊണ്ടാവാം കൃത്രിമത്വമോ അപര്യാപ്തതയോ തോന്നിക്കുന്നത്. വത്സരാജകൃതങ്ങളായ ഭാണം, പ്രഹസനം, വ്യായോഗം എന്നിവയ്ക്കു കൂടുതൽ പ്രചാരം സിദ്ധിച്ചു. കവിയുടെ നാടകപ്രതിഭ കൂടുതലും പ്രകടമാകുന്നതും ഭാണത്തിലാണ്.

വിടനേയോ ധൂർത്തനേയോ നായകനാക്കുന്ന 1 വ്യവസ്ഥാപിത രീതിയിൽനിന്നും വ്യതിചലിച്ചിട്ടുണ്ടെങ്കിലും ഭാണരചനയിൽ അദ്ദേഹം വിജയിക്കുകതന്നെ ചെയ്തു. ശൂദ്രകന്റെ പത്മപ്രാഭൃതകം, ഈശ്വരദത്തന്റെ ധൂർത്തവിടസംവാദം, ശ്യാമതിലകന്റെ പാദതാഡിതകം തുടങ്ങിയവയാണ് ലബ്ധമായ ഇതര ഭാണങ്ങൾ. വരരുചിയുടേതെന്ന് അനുമാനിക്കപ്പെടുന്ന ഉഭയാഭിസാരിക മുതൽക്ക് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ വിടരാജവിജയം വരെ പല ഭാണങ്ങളിലും വിടനായകൻ വേശ്യാവീഥിയിൽ സഞ്ചരിച്ച് വിവിധതരം ആളുകളെ ആക്ഷേപിക്കുന്നതും മററുമാണ് വിഷയം. കർപ്പൂരചരിതം ഭാണത്തിലെ പ്രതിപാദ്യം, വിലാസവതി എന്നു പേരായ ഒരു വാരനാരിയിൽ അനുരക്തനായ കർപ്പൂരകൻ എന്ന ദുഷ്ടനായ ചൂതാടി, സ്വാനുഭവങ്ങൾ ആകാശഭാഷിതരൂപത്തിൽ ചന്ദനകൻ എന്ന സാങ്കല്പികസുഹൃത്തിനോടു വിവരിക്കുന്നതാണ്.

---

1. ദശരൂപകം 3. 53 (രൂപകദർശനം— പേജ് 97)

Digitized By Kerala Sahitya Akademi

പ്രതിപാദനം രസകരമായിട്ടുണ്ട്. മഹിഷമംഗലഭാണം, വെണ്മണിയുടെ കാമതിലകഭാണം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻെറ സോമതിലകഭാണം, തുടങ്ങിയ കേരളീയകൃതികളുടെ ശ്രേണിയിൽ വള്ളത്തോളിൻെറ ഭാഷാകർപ്പൂരചരിതഭാണത്തിനും നല്ല ഒരു സ്ഥാനമുണ്ട്. പുതിയ നാടകസങ്കേതങ്ങൾ പ്രയോഗിച്ച് അഭിനയവേദി നവീകരിക്കുന്ന ഇക്കാലത്ത്, നമ്മുടെ പ്രാചീനനാടകവേദിയിലും സഭ്യതയെ ഉല്ലംഘിക്കുന്ന ഹാസ്യപരീക്ഷണങ്ങൾ ഉണ്ടായിരുന്നു എന്ന് വിശ്വസിപ്പിക്കുന്ന ഒരു കൃതിയാണിതെന്നു മനസ്സിലാക്കുന്നത് രസകരമാണ്.

ഹാസ്യത്തിന് കൂടുതൽ സ്ഥാനമുള്ള പ്രഹസനം എന്ന രൂപകഭേദം ശുദ്ധം, വികൃതം, സങ്കീർണം എന്നു മൂന്നുവിധമുണ്ടെന്ന് ധനഞ്ജയൻ ചൂണ്ടിക്കാണിക്കുന്നു. 1 എല്ലാ ഹാസ്യഭേദങ്ങൾക്കും ഇടമുള്ള രൂപകമാണ് പ്രഹസനം. ശ്രീഹർഷൻെറ സമകാലികനായി എ. ഡി. 7-ാം ശതകത്തിൽ ജീവിച്ചിരുന്ന മഹേന്ദ്രവിക്രമൻെറ 'മത്തവിലാസ' മാണ് ഭാരതീയമായ ആദ്യപ്രഹസനകൃതി. ബോധായന വിരചിതമായ ഭഗവദജ്ജുകീയം കൂടിയാട്ടപ്രസിദ്ധമായ പ്രഖ്യാതപ്രഹസനമാണ്. പ്രഹസനസമ്പ്രദായത്തിന് ഇടക്കാലത്തുണ്ടായ അപചയം അവസാനിച്ചതു് വത്സരാജൻെറ ഹാസ്യചൂഡാമണി വിരചിതമായതോടെയാണ്. ഈ കൃതിയിൽ രണ്ടു് അങ്കങ്ങളാണുള്ളതു്. നാന്ദിയും പ്രസ്താവനയും കഴിഞ്ഞു് അങ്കാരംഭമായി. ജ്ഞാനരാശിയും കൗണ്ഡിന്യൻ എന്ന ശിഷ്യനുമാണ് മുഖ്യ കഥാപാത്രങ്ങൾ. നാരായണശബ്ദം ഉച്ചരിക്കേണ്ടതിനു പകരം നാരീജനം എന്നാണ് കൗണ്ഡിന്യൻ പറയുന്നതു്. ആശ്രമകവാടത്തിൽ, സ്വഗൃഹത്തിൽനിന്ന് എല്ലാം അപഹരിച്ച ചോരൻെറ പേരറിയാനായി ഒരു വേശ്യ എത്തുന്നു. കപടകേളി എന്നു പേരുള്ള അവൾതന്നെയാണ് ചോരപ്രവൃത്തി നടത്തിയതെന്ന് ജ്ഞാനരാശി പ്രവചിക്കുന്നു. പിന്നീടു്, അതു തിരുത്തി രണ്ടു സേവകരാണെന്നു പറയുന്നു. അനന്തരം കലാകര

1. ദശരൂപകം—3. 54 (രൂപകദർശനം പേജ് 98)

Digitized By Kerala Sahitya Akademi

ന്ധകൻ എന്നയാറം ചൂതുകളിയിൽ ജയിക്കുന്നതിനുവേണ്ടി ധ്യാനം നടത്താൻ ജ്ഞാനരാശി ഒരു കോണിലേക്കു നീങ്ങുന്നു. രണ്ടാം അങ്കത്തിൽ, ശിഷ്യന്റെ നിർദ്ദേശമനുസരിച്ച് ധ്യാനമവസാനിപ്പിച്ച ജ്ഞാനരാശി, കപടകേളിയുടെ പുത്രിയും സുന്ദരിയുമായ മദനസുന്ദരിയെ കാണുന്നു. അവരും കലാകരണ്ധകനെ തേടുകയാണ്. ഗുരുവും ശിഷ്യനും മദനസുന്ദരീദർശനത്താൽ കാമാതുരരായി. ഗുരു ശിഷ്യനിൽനിന്നും സ്വന്തം കാമവിജൃംഭണത്തെ ഒളിക്കുകയും മന്ത്രജപത്താൽ അവളെ ആകർഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. മന്ത്രത്തകിടിൽ 'മദനസുന്ദരി എനിക്കു വശപ്പെടട്ടെ' എന്നെഴുതിയതു കണ്ട ശിഷ്യൻ 'കപടകേളി' എന്ന് പേരുമാററി ചേർക്കുന്നു. അതിന്റെ ഫലമായി കപടകേളി മദോന്മത്തയായി ജ്ഞാനരാശിയെ സമീപിക്കുന്നു. ജ്ഞാനരാശി വഴങ്ങുന്നില്ല. കപടകേളിയുടെ സേവകരായ കോകിലകനും പരാപരനും രംഗത്തെത്തുന്നു. തുടർന്നുള്ള രസകരരംഗങ്ങൾക്കുശേഷം, ചൂതുകളിയിൽ ജയിച്ച കലാകരണ്ധകനും അയാളുടെ കാമിനിയായ മദനസുന്ദരിയും ജ്ഞാനരാശിയിൽനിന്നും അനുഗ്രഹം നേടുന്നതോടെ പ്രഹസനം സമാപിക്കുന്നു.

ഹാസ്യരൂപകത്തിന്റെ സമർത്ഥമാതൃകയാണ് കപടകേളി—തികഞ്ഞ സഭ്യത പാലിച്ചുകൊണ്ടുതന്നെയാണ് ഹാസ്യപ്രയോഗം സാധിച്ചിരിക്കുന്നത്. ശംഖധരന്റെ ലടകമേലകം തുടങ്ങിയ പ്രഹസനങ്ങൾക്കും ഇത്ര മേന്മ അവകാശപ്പെടാനാവില്ല. സാഹിത്യദർപ്പണാദികൾ നിർദ്ദേശിക്കുന്ന 'സങ്കീർണ്ണ' വിഭാഗത്തിൽപ്പെട്ട ഈ പ്രഹസനം,* വള്ളത്തോൾ വിശേഷിപ്പിച്ചതുപോലെ, 'പ്രൌഢിയും പരിഹാസവും സർവത്ര ചേർന്നിണങ്ങിയ' കൃതിയാണ്. ഗദ്യപദ്യോഭയമയമായ ഈ ഹാസ്യചൂഡാമണി രണ്ടംശങ്ങളിലും ഹാസ്യഗർഭിതമാണ്.

'വികൃതാകൃതി വാഗ്വേഷൈരാത്മനോഽഥപരസ്യവാ
ഹാസസ്യോത്പരിപോഷോഽസ്യാ
ഹാസ്യസ്ത്രീ പ്രകൃതി സ്മൃത:'—2

---

1. ആ ഹാസ്യവിഭാഗകല്പനയ്ക്ക് അവലംബവും ഈ കൃതിതന്നെ.
2. ദശരൂപകം 4. 82

Digitized By Kerala Sahitya Akademi

എന്നു് ഹാസ്യത്തിനു് ലക്ഷണനിർവചനം ചെയ്യുന്ന ധനഞ്ജയൻ സ്മിതം, ഹസിതം, വിഹസിതം, ഉപഹസിതം, അപഹസിതം അതിഹസിതം എന്നിങ്ങനെ ആറു് ഹാസ്യഭേദങ്ങൾ കല്പിച്ചിട്ടുണ്ടു്. വിററു്, സററയർ, ഹ്യൂമർ, പാരഡി തുടങ്ങിയ ഹാസ്യവിധങ്ങൾ പാശ്ചാത്യരും കൽപിക്കുന്നു. ഇവിടെ പരാമൃഷ്ടമാകുന്ന കപടകേളി പ്രഹസനവിഭാഗത്തിൽ പെടുന്നവെന്നു പറയുമ്പോൾ, സ്വാഭാവികമായും ഇതിൽ ഏതുതരം ഹാസ്യമാണുള്ളതെന്നു് ഒരു പ്രശ്നം ഉദിച്ചേയ്ക്കാം. ഒരളവിൽ, മിക്ക ഹാസ്യഭേദങ്ങളും ഇതിൽ ഉണ്ടെന്നല്ലാതെ ഒരു സനിഷ്കർഷാപഗ്രഥനം നടത്തി കൂടുതലായൊന്നും ഇവിടെ പറയുന്നില്ല. 'സംസ്കൃതത്തിൽ ഒന്നു രണ്ടു പ്രഹസനം ഞാൻ വായിച്ചിട്ടില്ലെന്നില്ല. എൻെറ ഓർമ്മ ശരിയാണെങ്കിൽ, വത്സരാജപ്രഹസനത്തിൻെറ ഒരു നനുത്ത കാററുപോലും ഏല്ക്കാൻ അവയ്ക്കു കരുത്തില്ല,' എന്നു് വിവർത്തകൻ തന്നെ തറപ്പിച്ചു പറഞ്ഞിരിക്കുന്ന സ്ഥിതിയ്ക്കു് ഈ പരിഭാഷയും ഹൃദ്യതരമാണെന്നു പറയാൻ സോദാഹരണസമർത്ഥനം വേണ്ടതില്ലല്ലോ.

പ്രസിദ്ധമായ ഇതിവൃത്തം, നാലു് അങ്കം, അവമർശ (വിമർശ) സന്ധിയൊഴികെ നാലു സന്ധികൾ, അംഗിയായി രൗദ്രരസം, ഹാസ്യശൃംഗാരങ്ങൾ ഒഴികെയുള്ള ഇതരരസങ്ങൾ' ദേവ-ഗന്ധർവ-യക്ഷ-രക്ഷഃ-സർപ്പ-ഭൂത-പ്രേതപിശാചാദികളായ ഉദ്ധതനായകന്മാർ, യുദ്ധം, ക്രോധം, ഉത്സംഭ്രമം തുടങ്ങിയ ചേഷ്ടകൾ, സൂര്യചന്ദ്രഗ്രഹണങ്ങൾ—ഇതെല്ലാമാണു് ഡിമലക്ഷണങ്ങളായി ദശരൂപകത്തിൽ നിർദ്ദേശിച്ചിട്ടുള്ളതു് 1. നാട്യശാസ്ത്രം 4, 16 എന്നീ അദ്ധ്യായങ്ങളിലും ഡിമപരാമർശമുണ്ടു്. വത്സരാജനു് ത്രിപുരദാഹപ്രമേയം ലഭിച്ചതും ഒരു പക്ഷേ മുനിയിൽ നിന്നായിരിയ്ക്കും. ഭാവപ്രകാശത്തിൽ ശാരദാതനയൻ വൃത്രോദ്ധാരണം ഡിമത്തേയും താരകോദ്ധാരണം ഡിമത്തേയും നാടകലക്ഷണരത്നകോശത്തിൽ സാഗരനന്ദി നരകോദ്ധാരണം ഡിമത്തേയും വൃത്തോദ്ധാരണം ഡിമത്തേയും പരാമർശിക്കുന്നു. ശിംഗഭൂപാലൻെറ രസാർണവസുധാകരത്തിൽ വീ

1. ദശരൂപകം—3,59

Digitized By Kerala Sahitya Akademi

രഭദ്രവിജൃംഭണം ഡിമത്തെപ്പററി പ്രസ്താവമുണ്ട്. വെങ്കടവരദൻെറ കൃഷ്ണവിജയം, രാമൻെറ മന്മഥനോന്മഥനം തുടങ്ങിയ ഡിമങ്ങളും ലഭ്യമാണ്.

ത്രിപുരതലസ്ഥാനങ്ങൾ ശിവൻ നശിപ്പിക്കുന്നതാണ് ചതുരങ്കിയായ ത്രിപുരദഹനം ഡിമത്തിലെ പ്രമേയം. വിഷയം വിരസമാണ്. അനേകം നിർജീവകഥാപാത്രങ്ങൾ, യാഥാത്മ്യബോധമുളവാക്കാത്ത ആയുധപ്രയോഗാദികൾ, മുറയും ചിട്ടയും ക്രമപ്പെടുത്തിയ സംഭവങ്ങൾ എന്നിവയെല്ലാം ഈ രൂപകത്തിലുണ്ട്. ദാനവന്മാരുമായുള്ള യുദ്ധത്തിൽ സ്കന്ദൻ ശിവനിദേശം നടപ്പാക്കി വിജയംവരിക്കുന്നു. ദേവന്മാരും മുനിമാരും മഹേശനെ സ്തുതിക്കുന്നു. ഇന്ദ്രവാക്യമാണ് സമാപ്തിസ്തുതി. അനേകം കഥാപാത്രങ്ങളെ അവതരിപ്പിക്കയും വീരരൗദ്രാദിരസങ്ങൾ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ഈ ത്രിപുരദഹനം ഡിമം വള്ളത്തോൾ പരിഭാഷപ്പെടുത്തിയതിനെപ്പററി അവതാരകനായ സി. കുഞ്ഞൻരാജാ ''ഈ തർജ്ജിമ വായിക്കുന്ന മലയാളികൾക്ക്...... വത്സരാജൻെറ കലയേയും വള്ളത്തോളിൻെറ കലയേയും രണ്ടിനേയും ആസ്വദിക്കാമെന്നൊരു മെച്ചംകൂടിയുണ്ട്'' എന്ന് നിഃസംശയപദങ്ങളിൽ രേഖപ്പെടുത്തുന്നു. രൂപകനാമം സൂചിപ്പിക്കുന്നതുപോലെ ഈ ഡിമം സംഘട്ടനത്തിൻെറ കഥ പറയുന്നു. ദേവാസുരയുദ്ധത്തിൻെറയും ത്രിപുരദഹനത്തിൻെറയും കഥയുടെ നാടകീയാവതരണമായ ഈ ഡിമം പരിഭാഷപ്പെടുത്തിയതോടെ നാട്യശാസ്ത്രപ്രസിദ്ധമായ ഒരു വിഷയത്തിന് ഭാഷാന്തരീകരണം സാധിച്ചുവെന്നും കൂടി നമുക്ക് സന്തോഷിക്കാം.

നാകീയനാരിമാർക്കുവേണ്ടിയുള്ള അഭിപ്രായാന്തരമോ സംഘട്ടനമോ മുഖ്യപ്രമേയമായുള്ള ഒരു രൂപകഭേദമാണ് ഈഹാമൃഗം.1 വൈരാഗ്യം, കോപം, പശ്ചാത്താപം തുടങ്ങിയ

1. ദിവ്യപുരുഷാശ്രയകൃതോ ദിവ്യസ്ത്രീകരണോപഗതയുദ്ധഃ
സുവിദിതവസ്തുനിബന്ധോ വിപ്രത്യയകാരകശ്ചൈവ''



Digitized By Kerala Sahitya Akademi

വയെല്ലാം ഈഹാമൃഗത്തിൽ ചിത്രീകരിക്കപ്പെടുന്നു. വ്യഭിചരിക്കപ്പെട്ടോ അപമാനിക്കപ്പെട്ടോ നായിക കലുഷഹൃദയയാവാതിരിക്കുക, നായകൻ ധീരോദ്ധതനായിരിക്കുക—ഇതു് ഈഹാമൃഗസവിശേഷതയാണ്. നാടകസംഘട്ടനത്തിനു് ഒരു ബീജമുണ്ടായിരിക്കുക എന്നതും അതു് ഒരു പ്രഖ്യാത കഥാപാത്രത്തെ ആശ്രയിച്ചിരിക്കണമെന്നതും ഈഹാമൃഗത്തെ സംബന്ധിച്ചേടത്തോളം അത്യന്താപേക്ഷിതമാണ്. ഈ രൂപകത്തിനു് നാലു് അങ്കങ്ങളും മുഖപ്രതിമുഖനിർവഹണസന്ധികളും കൈശികിവൃത്തിയൊഴികെയുള്ള വൃത്തികളും ഭയാനകബീഭത്സങ്ങളൊഴികെയുള്ള രസങ്ങളുമുണ്ടായിരിക്കും. ദശരൂപകകാരനും ഈഹാമൃഗനിർവചനം വ്യക്തമാക്കുന്നുണ്ടു്. 2 കസുമശേഖരവിജയം, ശർമിഷ്ഠാ-യയാതി, മായാകുരംഗിക, കൃഷ്ണമിശ്രന്റെ വീരവിജയം, വത്സരാജന്റെ രുഗ്മിണീഹരണം തുടങ്ങിയവയാണ് ലഭ്യമായ ഈഹാമൃഗമാതൃകകൾ. നായികയെ ഉത്കടമായ അനുരാഗത്തോടെ മൃഗവൃത്തിയായി അപഹരിക്കുക എന്ന വിഷയത്തിനു് അനുരൂപമാണ് ഈഹാമൃഗം എന്ന രൂപകനാമംതന്നെ. പരാമൃഷ്ടമാകുന്ന രുഗ്മിണീഹരണത്തിലെ ഇതിവൃത്തവും ഇതിനു് ഉദാഹൃതമാണല്ലോ. നായകരതിയും പ്രതിനായകനിഷ്ഠമായ ശൃംഗാരാഭാസവും രൂപകത്തിൽ ആവിഷ്കൃതമാകുന്നു. പുരാണകഥാംശവും കല്പിതകഥാംശവും ഈ രൂപകത്തിൽ സംയുതമായിട്ടുണ്ടു്. ഭാഗവതപ്രഥിതമായ രുഗ്മിണീസ്വയംവരം കഥതന്നെയാണ് രുഗ്മിണീഹരണത്തിലെ പ്രമേയം. വീരശൃംഗാരാദികൾക്കു് പ്രാമുഖ്യമുള്ള ഈ രൂപകം കാവ്യഭംഗിയും നാടകീയഗൗരവവും ഉള്ളതത്രെ. ശ്രീകൃഷ്ണന്റെ ചിത്രം രുഗ്മിണി വർണിക്കുന്ന ഭാഗം ഒന്നു പകർത്തട്ടെ—

''മുഹുർന്നിശ്വാസാനാം പരിമളതരംഗേഷു തരളം
മുഹുർലീലാംഭോജേശ്രവണകമലേ ചാപ്പിതപദം
ന ലോലാക്ഷീ വേത്തി ഭ്രമരമവിരാമധ്വനിഭരം
മുരാരേരാലേഖ്യേ ലയമയമനാ നിർഭരമിയം''

2. ദശരൂപകം—3.59

ഭാവഗഹനവും വിപ്രലംഭശൃംഗാര വിസ്ഫോരകവുമായ പ്രസ്തുതശ്ലോകം വള്ളത്തോൾ ഇങ്ങനെ വിവർത്തനം ചെയ്യുന്നു—

''പേർത്തും പേർത്തുമുറക്കെ മൂളുമൊരു വണ്ടു-
ച്ഛ്വാസസൽസൗരഭ-
ച്ഛാത്തിൽത്തത്തുവതും, വതംസനളിന-
ക്രീഡാരവിന്ദങ്ങളിൽ
പേർത്തും പേർത്തുമിരിപ്പുകൊൾവതു-
മറിഞ്ഞീടുന്നതില്ലഭ്രനേർ-
ഗാത്രൻതൻ പ്രതിമാപടത്തിൽ വിലയം
പ്രാപിച്ച ലോലാക്ഷിയാൾ.''

രുഗ്മിണീസ്വയംവരകഥ കൃഷ്ണഗാഥ, ശ്രീമദ്ഭാഗവതം, കൃഷ്ണനാട്ടം ആട്ടക്കഥ, തുള്ളൽ തുടങ്ങിയ രൂപകങ്ങളിലൂടെ കേരളീയ സഹൃദയർ പരിചയപ്പെട്ടിട്ടുള്ളതാണ്. അതിനു് ഒരു നാടകവത്കരണം കൂടി ലഭ്യമാകുന്നതു് തികച്ചും സ്പൃഹണീയമായിരിക്കയേ ഉള്ളൂ. ആ നിലയ്ക്കു് വള്ളത്തോളിന്റെ ഉദ്യമം സ്വാഗരാർഹംതന്നെ. മഹാകവിയുടെ പുത്രനും അടുത്തയിടയ്ക്കു് നിര്യാതനായ മാന്യമിത്രവുമായ സി. ഗോവിന്ദക്കുറുപ്പ് തയ്യാറാക്കിയ ചെറിയൊരു ടിപ്പണിയും പരിഭാഷാ രൂപകത്തിനുള്ളതുകൊണ്ടു് സാഹിത്യവിദ്യാർത്ഥികൾക്കു് ഈ രുഗ്മിണീഹരണം കൂടുതൽ സംവേദ്യമാണു്.

വള്ളത്തോൾ മഹാകവിയുടെ പരിഭാഷാനാടകചക്രത്തിലൂടെയുള്ള ഒരു വിഹംഗസംപ്രേക്ഷണത്തിനാണു് ഇതുവരെ ഉദ്യമിച്ചതു്. ഇതൊരു തിരനോട്ടം മാത്രമാണെന്നേ അനുവാചകർ കരുതാവൂ എന്നു് സവിനയം അപേക്ഷിക്കുന്നു.

മഹാകവിയുടെ നൂറാം ജന്മവർഷവേളയിൽ, വള്ളത്തോൾ ഗ്രന്ഥാലയം ഈ രൂപകസമാഹാരം പ്രകാശിപ്പിക്കാൻ ഒരുമ്പെട്ടതു് മലയാളനാടകവേദിക്കും സഹൃദയലോകത്തിനും അഭിമാനാഹ്ലാദങ്ങൾ ഉളവാക്കുന്ന ചാരിതാർത്ഥ്യജനകമായ ഒരു ഉത്തമോപഹാരമാണു്. കേരളീയദൃശ്യകലയുടെ നവോത്ഥാനത്തിനു് കേരളകലാമണ്ഡലംപോലെയുള്ള ഒരു മഹാസ്ഥാപനം

Digitized By Kerala Sahitya Akademi

സൃഷ്ടിച്ച വിദഗ്ദ്ധഹസ്തംതന്നെയാണ് വൈവിധ്യപൂർണ്ണമായ ഈ രൂപകദശകത്തിന്റെ ഭാഷാന്തരീകരണത്തിനു്, മഷിയുണങ്ങാത്ത തൂലികയും പേറിയതു്.

മൗലികകൃതികളായാലും വിവർത്തനങ്ങളായാലും ഒരു പുരുഷായുസ്സിനിടയ്ക്കു് വള്ളത്തോളിന്റെ കർമ്മകാണ്ഡത്തിൽക്കവിഞ്ഞു് ആർക്കു് എന്തുചെയ്യാൻ കഴിയും! മലയാളത്തിലെ അതിപ്രയത്നശാലികളായ മഹാകവികൾ വള്ളത്തോളും ഉള്ളൂരുമാണെന്നതിൽ പക്ഷാന്തരത്തിനവകാശമില്ല. കേരളത്തിനും കൈരളിക്കുംവേണ്ടി ജീവിതസമർപ്പണംചെയ്ത ആ കവിപുംഗവന്മാരുടെ ജന്മശതാബ്ദിയും സമീപവർഷങ്ങളിൽത്തന്നെ നാം കൊണ്ടാടി. വള്ളത്തോൾ ജന്മശതാബ്ദ്യാഘോഷങ്ങളോടനുബന്ധിച്ച് കേരളകലാമണ്ഡലത്തിൽ ഒരു പൂർണ്ണകായപ്രതിമയും വള്ളത്തോൾ മ്യൂസിയവും സ്ഥാപിക്കയുണ്ടായി. മൗലികകൃതികളുടെ സമാഹാരം പുനഃപ്രകാശിതമായി. വാല്മീകിരാമായണവിവർത്തനവും അഭിഷേകനാടകമൊഴികെയുള്ള ദശരൂപകവിവർത്തനവും മഹാകവിയുടെ ജീവിതസ്പർശത്താൽ ധന്യമായ ഗ്രന്ഥാലയത്തിൽനിന്നുതന്നെ ഇതാ പ്രസിദ്ധീകരിക്കുന്നു. ഏററവും ചാരിതാർത്ഥ്യജനകമായ ഒരു കൃത്യമാണിതു്. സംസ്കൃതനാടകപാരമ്പര്യത്തിന്റെ മഹാഗോപുരവാതിൽ തുറന്നുകാണിക്കാൻ ഉതകുന്ന ഒരു പരിഭാഷാസമാഹൃതിയാണിതു് എന്ന കാര്യം സംശയാതീതമാണു്.

ഓരോ കൃതിയേയും ഏററവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുകമാത്രമേ ഇവിടെ ചെയ്തുള്ളു. അതതു രൂപകങ്ങളുടെ രസഭാവനിരീക്ഷണംചെയ്തും കഥാവസ്തു-കഥാപാത്രാദിവിമർശനംചെയ്തും പരിഭാഷകളെല്ലാം വിശദമായി പരിശോധിച്ചും ഒരു സമഗ്രപഠനം നടത്താൻ മുതിർന്നിട്ടില്ല. ആ നാട്യഗേഹത്തിന്റെ വാതായനത്തിൽ, എന്റെ കൈക്കുമ്പിളിൽ കൊളുത്തിപ്പിടിച്ച ചെറിയ ഒരു കൈത്തിരികാട്ടി 'ഇതിലേ ഇതിലേ' എന്നു മൊഴിയാനേ ഒരുമ്പെട്ടിട്ടുള്ളു; അതും ചകിതസ്വരത്തിൽ; വേപഥുപൂണ്ട കൈകളാൽ. അഥവാ, അതിനുപോലും ഈയുള്ളവനു് എന്താണൊരർഹത! സംശയം മന

Digitized By Kerala Sahitya Akademi

സ്സിന്റെ മൃദുസ്നിഗ്ദ്ധകോരകത്തിൽ അഞ്ജലീരൂപമായി അവ ശേഷിക്കുന്നു. മഹാകവിയുടെ പ്രിയകുടുംബം, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ പുത്രന്മാരായ ശ്രീ. ബാലകൃഷ്ണക്കുറുപ്പ്, ശ്രീ. അച്ചുതക്കുറുപ്പ് എന്നിവരുടെ സ്നേഹസൌമനസ്യപൂർണ്ണമായ പ്രേരണമാത്രമാണ് എന്റെ ഈ സാഹസിക യത്നത്തിന് നിദാനം. അതിന് എനിക്കുള്ള സമാധാനം ഭവഭൂതി പറഞ്ഞതുപോലെ ഇത്രമാത്രമാണ്.

''യന്മാം വിധേയവിഷയേ സഭവാൻനിയുങ്ക്തേ
സ്നേഹസ്യ തത്ഫലമസൗ പ്രണയസ്യ സാരഃ''

1950 അടുപ്പിച്ച് ഒരു ദിവസം അപരാഹ്നവേളയിൽ എന്റെ തറവാടായ ഹരിപ്പാട്ട്പുത്തിയിൽ ഇല്ലത്ത് നടയിൽ നാലഞ്ചു മാന്യവ്യക്തികൾ കാറിൽ വന്നിറങ്ങിയതു് ഒരു പൂർവജന്മസ്മരണപോലെ എന്റെ അന്തരംഗത്തിൽ തളംകെട്ടി നില്ക്കുന്ന ഒരു അപൂർവദർശനമാണ്. എന്റെ പ്രിയപിതാവ് അന്തരിച്ച സാഹിത്യഭൂഷണൻ പി. എസ്. വാസുദേവശർമ്മ സാധാരണയിരിക്കാറുള്ള പൂമുഖത്തു് ആ ആഗതർ വന്നിരുന്നു. അവരിൽ, കണ്ണടയും വടിയും അരക്കയ്യൻ കുപ്പായവും ധരിച്ച ഒരാൾ എന്നെ അരികിൽ വിളിച്ചു എന്തോ ചോദിച്ചു. അദ്ദേഹത്തിന്റെ ബാധിര്യം മനസ്സിലാക്കാത്ത ഞാൻ എന്തോ മറുപടി പറഞ്ഞതു് മറ്റൊരാൾ അദ്ദേഹത്തിന്റെ കരതലത്തിൽ എഴുതിക്കാണിച്ചുകൊടുത്തു. അദ്ദേഹം—ആ ബധിരവൃദ്ധനായ പുണ്യശ്ലോകൻ പിന്നെയും പുഞ്ചിരിതൂകി പറഞ്ഞതൊന്നും ഓർമ്മിക്കാനാവുന്നില്ല. അന്ന് അരുണാഭമായിരുന്ന എന്റെ കൊച്ചുകവിളിൽ അദ്ദേഹം തന്റെ സ്മേരമധുരമായ ചുണ്ടുകളാലൊപ്പി തലയിൽ കൈയ് വെച്ച് അനുഗ്രഹിക്കയും ചെയ്തതു് ഏകദേശം മൂന്നു ദശാബ്ദങ്ങൾക്കിപ്പുറം അബാധമായ സ്നേഹവാത്സല്യങ്ങൾക്കവേണ്ടി ദാഹിക്കുന്ന ശൂന്യഭൂമിയിലിരുന്നു് ഓർമ്മിച്ച് ഞാൻ തരളിതനായിപ്പോകുന്നു. എനിക്കന്നു ലഭിച്ച ആ വിശിഷ്ടസമ്മാനത്തിന് പ്രത്യഭിവാദനത്താൽ ദാതാവിനെ ഉപചരിക്കാൻ സർവനിയന്താവു് കനിഞ്ഞുനല്കിയ അസുലഭാവസരമാണിതെന്നു് ചാരിതാർത്ഥ്യാഭിമാനങ്ങളോടെ

Digitized By Kerala Sahitya Akademi

ഞാൻ വിശ്വസിക്കുന്നു. കാളിദാസകവീന്ദ്രന്റെ വാക്കുകൾ ഉപയോഗിച്ചുപറഞ്ഞാൽ, 'ഹിമനിഷ്യന്ദിനീപ്രാതർന്നിർവാതേവ' സന്തോഷബാഷ്പാവിലനയനങ്ങളോടും ധന്യഹൃദയത്തോടും കൂടി എന്റെ അബലകരാംഗുലികൾകൊണ്ടു് ഈ രൂപകവേദിയുടെ യവനിക മെല്ലെ നീക്കി സഹൃദയസന്തർപ്പണത്തിന്നായി ഈ പരിഭാഷാനാടകദശകത്തെ സാദരം സമർപ്പിക്കുന്നു.

തിരുവനന്തപുരം
1—8—1978

ഡോ. വി. എസ്. ശർമ്മ

Digitized By Kerala Sahitya Akademi

# നാടകങ്ങൾ

1. സ്വപ്നവാസവദത്തം നാടകം — ഭാസൻ
2. ഊരുഭംഗം അങ്കം — ഭാസൻ
3. മധ്യമവ്യായോഗം — ഭാസൻ
4. പഞ്ചരാത്രം സമവകാരം — ഭാസൻ
5. അഭിജ്ഞാനശാകുന്തളം നാടകം — കാളിദാസൻ
6. ഉന്മത്തരാഘവം പ്രേക്ഷണകം — ഭാസ്കരൻ
7. കർപ്പൂരചരിതം ഭാണം — മഹാമാത്യവത്സരാജൻ
8. കപടകേളി പ്രഹസനം — വത്സരാജൻ
9. ത്രിപുരദഹനം ഡിമം — വത്സരാജൻ
10. രുക്മിണീഹരണം ഈഹാമൃഗം — വത്സരാജൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സ്വപ്നവാസവദത്തം

Digitized By Kerala Sahitya Akademi

SwapnaVasavaDatham
of Bhasa
പകർപ്പവകാശം: സി. അമ്മുഅമ്മയ്ക്ക്
1978 ഡിസംബർ

Digitized By Kerala Sahitya Akademi

## ഒന്നാം പതിപ്പിന്റെ

# മുഖവുര

1098-ാമാണ്ടു കന്നിമാസത്തിന്റെ ഒടുവിൽ പിടിപെട്ട ഒരു പനിനിമിത്തം ഞാൻ രണ്ടു മാസത്തോളം കാലം കിടപ്പിലാവുകയുണ്ടായി. അന്നു് ഏററവും ദുസ്സഹമായതു്, നേരം നീങ്ങാഞ്ഞിട്ടുള്ള സങ്കടമായിരുന്നു. പഴയ ചങ്ങാതിയായ പകലുറക്കം ദൈവശാപത്താൽ പടിക്കു പുറത്താക്കപ്പെട്ടു; പുസ്തകം വല്ലതും വായിപ്പാൻ, അതിന്റെ കനം താങ്ങുന്നതിന്നു കൈകൾക്കു കരുത്തും പോരാ. ഓരോ പകലും, ആ ശരൽസൂര്യകിരണങ്ങളോടു് എന്നെ അപഹസിച്ചുകൊണ്ടെന്നപോലെ, ഇറങ്ങിവന്നു്, എന്റെ മുമ്പിൽ സഹാറാമരുഭൂമിയ്ക്കൊപ്പം നീണ്ടു കിടക്കുകയായി! ആ ദുർഗ്ഗമപ്രദേശത്തിന്റെ ഏതാനും ഭാഗം ഞാൻ പിന്നിട്ടതു്, എന്റെ മാനസികവിവർത്തനമാകുന്ന ഒട്ടകത്തിന്റെ പുറത്തു കേറിയിട്ടാണു്: മൂലപുസ്തകം കിടക്കമേൽ മലർത്തിവെച്ചു്, ഒരു പകലിന്നിടയിൽ അപ്പപ്പോഴായി, ഒരങ്കംവീതം പരിഭാഷപ്പെടുത്തിപ്പോന്നു. അങ്ങിനെ ആറുമാസംകൊണ്ടു കഴിഞ്ഞുകൂടിയ തർജ്ജമ അരമാസത്തിന്നു ശേഷമാണു് മനസ്സിൽനിന്നു കടലാസ്സിൽ പകർന്നതു്; അതിന്നു സഹായിച്ച സ്നേഹിതൻ — പ്രസിദ്ധ സാഹിതീകാരനായ ശ്രീമാൻ നാലപ്പാട്ടു് നാരായണമേനോൻ — അതോടുകൂടിത്തന്നെ, ഒരു ചെറിയ ടിപ്പണിയും എഴുതിച്ചേർത്തു.

രണ്ടോളം കൊല്ലത്തിനുശേഷം ഇന്നലെ, അച്ചടിത്തെററു നോക്കാനായി വായിച്ചപ്പോഴും ഈ തർജ്ജമയും ഞാനും തമ്മിൽ ഒരു നേരിയ പരിചയമേ തോന്നിയുള്ളു. 'സദ്ഗുരു' മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിപ്പാൻ മഹാമഹിമശ്രീ തച്ചുടയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചിട്ടില്ലായിരുന്നു എങ്കിൽ, ഈ പുസ്തകം ഇതിന്റെ പ്രണേതാവായ ആ പ

Digitized By Kerala Sahitya Akademi

നിക്കാരനെപ്പോലെ, ഇന്നും ഏകാന്തക്കിടപ്പിൽത്തന്നെ കിടന്നു കൊള്ളുമായിരുന്നു.

ഭാസമഹാകവിയുടെ ഗംഭീരകൃതികളിലൊന്നായ സ്വപ്നവാസവദത്തം നമ്മുടെ ഭാഷയിൽ അവതരിച്ചതു് ഇദംപ്രഥമമായിട്ടല്ല; ഏകദേശം പന്തിരണ്ടു വർഷങ്ങൾക്കുമുമ്പു് ഇതിന്റെ ഒരു തർജ്ജമ തിരുവിതാംകൂറിൽനിന്നു (പരിഭാഷകൻ, ഒരു പോററിയാണെന്നോർക്കുന്നു) പുറപ്പെടുകയുണ്ടായിട്ടുണ്ടു്. എന്നാൽ ആ പുസ്തകം ഇപ്പോൾ ലുപ്തപ്രചാരമായിരിക്കുന്നു എന്നു തോന്നുന്നു.

കുന്നംകുളം,<br>1100 ചിങ്ങം 26-ാംനു- } **വിവർത്തകൻ**

Digitized By Kerala Sahitya Akademi

# സ്വപ്നവാസവദത്തം

## കഥാവസ്തുസംഗ്രഹം

(അർജ്ജുനപുത്രനായ അഭിമന്യുവിൻെറ വംശപരമ്പരയിൽ ഇരുപത്തഞ്ചാമനും, ഘോഷവതീനാമകവീണാഗാനവിദ്യയിൽ വിദഗ്ദ്ധനും, ഗജഹൃദയവേദിയുമായിരുന്ന ഉദയനനെന്ന വത്സരാജാവിനെ അവന്തിരാജാവു പ്രദ്യോതൻ (മഹാസേനൻ) ഒരു കൃത്രിമഗജത്തെക്കൊണ്ടു വനാന്തരത്തിലേയ്ക്കാകർഷിച്ചു പിടിപ്പിച്ചു കൊണ്ടുപോയി, തൻെറ അന്തഃപുരത്തിലൊരേടത്തു തടവിൽ പാർപ്പിച്ചു. അന്നത്തെ യുവാക്കന്മാരായ രാജാക്കന്മാരിൽ എല്ലാ ഗുണങ്ങൾകൊണ്ടും പ്രഥമഗണനീയനായ വത്സരാജനെ സ്വപുത്രിയായ വാസവദത്തയ്ക്കു ഭർത്താവാക്കണമെന്ന അഭിലാഷം നേർവഴിയ്ക്കു സാധിയ്ക്കാഞ്ഞതിനാലാണ്, അവന്തിരാജാവു കപടം പ്രയോഗിച്ചത്. അദ്ദേഹം മകളെ ഭാവിജാമാതാവിൻെറ അടുക്കൽ വീണവായന പഠിയ്ക്കാനുമാക്കി. കുലരൂപവയോവിദ്യാദികൾകൊണ്ട് അനുരൂപരായിരുന്ന ഗുരുശിഷ്യർ ക്രമേണ പരസ്പരാനുരക്തരായിച്ചമഞ്ഞു; ഏറെത്താമസിയാതെ ഗുരു, സ്വമന്ത്രിയായ യൌഗന്ധരായണൻെറ നീതികൌശലത്തിൽ തടവിൽനിന്നു വിടുതി നേടി, ശിഷ്യത്തിയേയുംകൊണ്ടു നിഗൂഢമായി കൌശാംബി (ഉദയനൻെറ രാജധാനി) യിലേയ്ക്കു തിരിച്ചുപോരികയും ചെയ്തു. (ഇത്രയും കഥ ഭാസൻെറ തന്നെ കൃതിയായ 'പ്രതിജ്ഞായൌഗന്ധരായണ'ത്തിലുള്ളതാണ്.)

ആവിധം അപഹരിയ്ക്കപ്പെട്ട ഭാസുരഗുണഗണയായ വാസവദത്തയോടൊന്നിച്ചു സസുഖം നിവസിയ്ക്കെ, ധീരലളിതസ്വഭാവനായ ഉദയനൻെറ വത്സരാജ്യം മുക്കാലും ആരുണി എന്ന വൈരി കീഴടക്കിക്കളഞ്ഞു. അയാളെ ജയിപ്പാൻ ദർശകനെ

Digitized By Kerala Sahitya Akademi

ന്ന മഗധരാജാവിന്റെ സാഹായ്യം അത്യാവശ്യമാണ്. അതി
ന്റെ ദശ്കസോദരിയായ പത്മാവതിയെ വത്സരാജൻ വേൾക്ക
ണം; അക്കാൎയ്യം, പ്രാണപ്രണയിനിയായ വാസവദത്ത ജീവി
ച്ചിരിക്കെ ഉദയനൻ ചെയ്യുകയില്ല; പത്മാവതിയും പ്രിയാവി
യുക്തനല്ലാത്ത വത്സരാജാവിൽ അഭിനിവിഷ്ടയാകയില്ല. അ
തിനാൽ, 'വാസവദത്ത മരിച്ചുപോയി' എന്നൊരു സംസാരം
പരത്തി രാജാവിനെ വിശ്വസിപ്പിച്ച്, ആ പട്ടമഹിഷിയെ
കുറെക്കാലം ഒളിവിൽ പാൎപ്പിയ്ക്കണമെന്നു, മന്ത്രി യൌഗന്ധരാ
യണൻ മറ്റു രുമണ്വൽപ്രമുഖരായ അമാത്യരോടുകൂടി ആലോ
ചിച്ചുറച്ചു; അതു നയകോവിദയായ വാസവദത്തയും സമ്മ
തിച്ചു.

അതിൻവണ്ണം യൌഗന്ധരായണൻ ഒരു സന്ന്യാസിവ
ടിവെടുത്ത്, ഒരവന്തിരാജ്യക്കാരിയുടെ വേഷം ധരിച്ച വാസ
വദത്തയെ കൊണ്ടുപോന്നു, പുഷ്പകഭദ്രാദിസിദ്ധന്മാരാൽ വത്സ
രാജമഹിഷിയാകുമെന്നുദ്ദേശിയ്ക്കപ്പെട്ടിരുന്ന പത്മാവതിയുടെ ക
യ്യിൽ, തന്റെ സോദരിയാണെന്നും പറഞ്ഞു ന്യാസത്വേന ഏ
ല്പിച്ചു.

ഈ ഉപായത്താൽ വൽസരാജൻ പത്മാവതിയെ വേൾ
ക്കുവാനും, ആ വഴിയ്ക്കു ശത്രുഹൃതമായ രാജ്യം വീണ്ടെടുക്കുവാനും
ഇടവന്നു.

***

Digitized By Kerala Sahitya Akademi

# സ്വപ്നവാസവദത്തം

•

## കഥാപാത്രങ്ങൾ

സൂത്രധാരൻ
യൗഗന്ധരായണൻ
ബ്രഹ്മചാരി
ഉദയനൻ (രാജാവ്)
വസന്തകൻ
ഹരിക്കാരൻ
ഭടന്മാർ
വിദൂഷകൻ
വാസവദത്ത
പത്മാവതി
ചേടി
താപസി
ധാത്രി
മധുകരിക
പത്മിനിക
തവണക്കാരി
ഘോഷവതി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സ്വപ്നവാസവദത്തം

## ഒന്നാമങ്കം

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ: ഉദയനവേന്ദുസധാമാ-
വാസവദത്താബലം ബലൻെറ ഭുജം
പത്മാവതീർണ്ണപൂർണ്ണം
തുണയാക വസന്തകമ്രം തേ! 1

ആര്യമിശ്രന്മാരോട് ഇപ്രകാരം അറിയിക്കാം. എയ്. എന്താണ്, ഞാൻ അറിയിപ്പാൻ തുടങ്ങിയപ്പോൾ ഒരു ശബ്ദം കേൾക്കുന്നതായി തോന്നുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

മാറിനില്പിൻ, മാറിനില്പിൻ; മാന്യന്മാരേ, മാറി നില്പിൻ.

സൂത്രധാരൻ: ശരി, മനസ്സിലായി:
മഗധേന്ദ്രൻെറ മകൾതൻ
കുറാളുമന്ദയായികൾ

1. ഉദ...ധാമാവ് = ഉദിച്ചുയരുന്ന നൂതനചന്ദ്രനോടു തുല്യമാ ധാമം (തേജസ്സ്, വർണ്ണം) ഉള്ളത്; ശുക്രമെന്നാസാരം. ആസവദത്താബലം—അബലയ്ക്ക് (ഭാര്യയ്ക്ക്) ആസവം (മദ്യം) നൽകിയത്. ബലൻ = ബലഭദ്രൻ. ഭുജം = കൈത്തണ്ട്. പത്മാ.........പൂർണ്ണം = പത്മ (ലക്ഷ്മി, ശോ യുടെ അവതീർണ്ണം (അവതാരം) കൊണ്ടു പൂർണ്ണം (സമൃദ്ധം). വസന്തകമ്രം = വസന്തോചിത ശൃംഗാരവേഷത്താൽ വിശേഷിച്ചും സുന്ദരം. തേ = നിക്ക് (സഭയ്ക്ക്). ഉദയനൻ, വാസവദത്ത, പത്മാവതി, വസന്തകൻ, എന്ന പ്രധാന പാത്രങ്ങളെ ശബ്ദഭംഗ്യാ നിർദ്ദേശിച്ചിരിക്കുന്നു.



Digitized By Kerala Sahitya Akademi

നിശ്ശങ്കം മാററിനിത്തുന്നി-
താശ്രമസ്ഥരെയൊക്കയും. 2

(പോയി)

സ്ഥാപന

(അനന്തരം രണ്ടു ഭടന്മാർ പ്രവേശിക്കുന്നു)

ഭടന്മാർ: മാറിനില്പിൻ, മാറിനില്പിൻ; മാന്യന്മാരേ, മാറി നില്പിൻ.

(അനന്തരം ഒരു സന്ന്യാസിവേഷം പൂണ്ട യൌഗന്ധരായണനും *ആവന്തികാവേഷം ധരിച്ച വാസവദത്തയും പ്രവേശിക്കുന്നു.)

യൌഗന്ധരായണൻ: (ചെവികൊടുത്തിട്ട്) എയ്, ഇവിടേയും മാററിനിർത്തലോ? എന്തുകൊണ്ടെന്നാൽ,

ചീരം മുണ്ടിനു, കാട്ടുകായ്കനി ഭുജി-
പ്പാനി,പ്പടിക്കാശ്രമേ
ധീരം വാണരുളുന്ന മാന്യജനത-
ക്കുദ്വേഗമാപ്പെട്ടപോം!
സൈ്വരം ചഞ്ചലലക്ഷ്മിയാൽ വിനയമി-
ല്ലാതായ് മദത്തുള്ളലാ-
ന്നാരയ്യോ, നിഭൃതം തപോവനമൊതു-
രാക്കുന്നു തന്നാജ്ഞയാൽ? 3

വാസവദത്ത: ആര്യ, ആരാണീ മാററിനിത്തുന്നത്?

യൌഗന്ധരായണൻ: ദേവി, തന്നെ ധർമ്മത്തിൽനിന്നു മാററിനിത്തുന്നവൻ!

2. മഗ......മകൾ = പത്മാവതി. അനുയായികൾ അനുചരന്മാർ (ഭൃത്യന്മാർ).

* ആവന്തിക = അവന്തിരാജ്യക്കാരി.

3. ചീരം = മരവുരി. ധീരം = മനശ്ചാഞ്ചല്യമെന്നിയെ. ഉദ്വേഗം = ഭയം; പീഡ. ചഞ്ചലലക്ഷ്മി = അസ്ഥിരമായ സമ്പത്ത്.

Digitized By Kerala Sahitya Akademi

വാസവദത്ത: അതല്ല! ഞാനും മാററിനിൎത്തപ്പെടേണ്ടവളാണല്ലോ എന്നുവെച്ചാണ് ചോദിച്ചത്.

യൌഗന്ധരായണൻ: ദേവി, അറിയപ്പെടാഞ്ഞാൽ ദേവകളും ഈ വിധം അനാദരിയ്ക്കപ്പെട്ടുപോകമല്ലോ.

വാസവദത്ത: ഈ പരാഭവത്തോളം ഖേദകരമല്ല, വഴിനടത്തം.

യൌഗന്ധരായണൻ: ഇവിടുന്നനുഭവിച്ചുപേക്ഷിച്ചതാണല്ലോ, ഈ വിഷയം! ഇതിൽ വിചാരം വേണ്ട, എന്തുകൊണ്ടെന്നാൽ,

മുമ്പൊക്കെ യാത്രയിവിടെയ്ക്കുമിവണ്ണമല്ലീ?
വീണ്ടും സ്വഭൎത്തൃവിജയാലെഴുനള്ളുമേവം:
കാലത്തിരിപ്പിൽ നിയതം, രഥനേമിപോലെ
കീഴ്മേൽ മറിഞ്ഞിളകുവൊന്നിഹ ഭാഗ്യചക്രം. 4

ഭടന്മാർ: മാററിനില്പിൻ, മാന്യന്മാരേ, മാററിനില്പിൻ.

(പിന്നെ ഒരു ഹരിക്കാരൻ പ്രവേശിയ്ക്കുന്നു)

ഹരിക്കാരൻ: സംഭാഷക, അരുതരുത്; മാററിനില്ക്കാൻ പറയരുത്. നോക്കു:

ചൊല്ലേറുമൂഴിപനു നിയ്യപവാദമുണ്ടാ–
ക്കൊല്ലേ; കയൎത്തുപെരുമാററരുതാശ്രമത്തിൽ;
തെല്ലോ കഴക്കു നഗരത്തിലഥ?-തിൽപ്പെടായ്‌വാ–
നല്ലോ, വിശിഷ്ടരിവർ കാട്ടിലണഞ്ഞു വാഴ്‌വു. 5

ഭടന്മാർ: ആയ്യ്, അങ്ങനെതന്നെ.

(പോയി)

നിഭൃതം = ശാന്തമായ. ഊര് = ഗ്രാമം. ഗ്രാമത്തിലെയ്ക്കു ചേരാ മാററിനി ത്താൽ ആശ്രമത്തിൽ പാടില്ല.

4. ഈവണ്ണം—പരിജനങ്ങൾ ആളുകളെ മാററിനിൎത്തുകയും മററുമ കുന്ന പ്രാഭവത്തോടുകൂടി. രഥനേമി = തേരുരുൾച്ചുററ്. ഭാഗ്യചക്രം = ഭാഗ്യസമൂഹം.

5. അതിൽ = നഗരത്തിന്റെ കഴക്കിൽ.

Digitized By Kerala Sahitya Akademi

യൌഗന്ധരായണൻ: കൊള്ളാം, ഇയ്യാംക്ക വകതിരിവുണ്ട്. വത്സേ. നമുക്ക് ഇയ്യാളുടെ അടുക്കൽ പോകാം,

വാസവദത്ത: അയ്യ്, അങ്ങിനെതന്നെ.

യൌഗന്ധരായണൻ: (അടുത്തുചെന്നിട്ട്) ഹേ, എന്തിനാണ്, ഈ മാററിനിത്തൽ?

ഹരിക്കാരൻ: അല്ലേ തപസ്വിൻ,—

യൌഗന്ധരായണൻ: (ആത്മഗതം) തപസ്വിൻ എന്ന ഈ സംബോധനം വളരെ നല്ലതുതന്നെ; പക്ഷേ അപരിചയംമൂലം എനിയ്ക്കു ഉള്ളിൽത്തട്ടുന്നില്ല.

ഹരിക്കാരൻ: കേട്ടാലും: * ഗുരുക്കന്മാർ ദർശകനെന്നു പറയുന്ന ഞങ്ങളുടെ മഹാരാജാവിൻെറ സഹോദരി പത്മാവതിയാണിത്; ഈ കൊച്ചുതമ്പുരാട്ടിയ്ക്കു മഹാരാജാവിൻെറ അമ്മയെ—ആശ്രമത്തിൽ വാഴുന്ന വലിയ തമ്പുരാട്ടിയെ—ചെന്നുകണ്ടു വിടവാങ്ങിയിട്ടു വേണം അരമനയിലെയ്ക്കു മടങ്ങാൻ. അതിന്നായി ഇന്ന് ഈ ആശ്രമത്തിൽ പാക്കുവാൻ നിശ്ചയിച്ചിരിയ്ക്കുന്നു. ആകയാൽ, ഭവാന്മാർ

സ്വൈരം വരുത്തുക വനോർവ്വിയിൽനിന്നു ദർഭ,
തീൎത്ഥാംബു, പൂ, ചമതയെന്ന തപോധനങ്ങൾ:
ധൎമ്മിഷ്ഠ രാജസുത താപസധൎമ്മപീഡ-
യിഷ്ടപ്പെടില്ലി;-തു തനിയ്ക്കു കുലവ്രതംതാൻ. 6

യൌഗന്ധരായണൻ: (ആത്മഗതം) ഇതു മഗധരാജാവിൻെറ മകൾ പത്മാവതിയാണല്ലോ. ഇവൾ സ്വാമിയുടെ രാജ്ഞിയായി വരുമെന്നു പുഷ്പകഭദ്രാദികൾ ലക്ഷണം പറഞ്ഞിട്ടുണ്ടല്ലോ.

ദ്വേഷമൊരു ബഹുമാനമോ വെറുപ്പോ
മനസി ജനിപ്പതു ഭാവനാവിശേഷം:

* എൻെറ മഹാരാജാവിൻെറ പേർ ഞാൻ പറകയില്ല; അത് ആചാരവിരുദ്ധമാണ്, എന്നു സാരം.

6. തപോധനങ്ങൾ = തപസ്സിന്നുവേണ്ടുന്ന ദ്രവ്യങ്ങൾ.

Digitized By Kerala Sahitya Akademi

തിരുവടിയുടെ ഭാര്യയാകുമെന്നോ-
ത്തിവളിലെനിയ്ക്കു മമത്വമല്പമല്ല! 7

വാസവദത്ത: (ആത്മഗതം) രാജകുമാരി എന്നു കേട്ടിട്ട് എനിയ്ക്കു സഹോദരീസ്നേഹംകൂടി തോന്നുന്നു.

(പിന്നെ പരിജനാനുചിതയായ പത്മാവതിയും ചേടിയും പ്രവേശിക്കുന്നു)

ചേടി: കൊച്ചുതമ്പുരാട്ടി ഇതിലേ. ഇതിലേ. ഇതാ, ആശ്രമത്തിലേയ്ക്കു കടക്കാം-

(അനന്തരം ഒരു താപസി പ്രവേശിക്കുന്നു.)

താപസി: രാജകുമാരിയ്ക്കു സ്വാഗതം!

വാസവദത്ത: ഇതാ, ആ രാജകുമാരി. ഇവളുടെ ആകൃതി കുലീനതയ്ക്കൊത്തതുതന്നെ.

പത്മാവതി: ആര്യേ, വന്ദനം!

താപസി: വളരെക്കാലം ജീവിച്ചിരുന്നാലും! കുഞ്ഞേ, അകത്തെയ്ക്കു വരൂ, വരൂ. തപോവനങ്ങൾ അതിഥികൾക്കു സ്വഗൃഹംതന്നെയാണല്ലോ!

പത്മാവതി: അങ്ങിനെതന്നെ, അങ്ങിനെതന്നെ. ആര്യേ, എനിയ്ക്കു ശങ്ക തീർന്നു. ഈ ബഹുമാനവാക്കിനാൽ ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു!

വാസവദത്ത: (ആത്മഗതം) ആകൃതിമാത്രമല്ല, ഇവളുടെ വാക്കും മധുരംതന്നെ.

താപസി: ഭദ്രേ, തമ്പുരാന്റെ ഈ പെങ്ങളെ രാജാക്കന്മാരാരും ആവശ്യപ്പെടുന്നില്ലേ?

ചേടി: ഉജ്ജയിനീരാജാവു പ്രദ്യോതനില്ലേ, അദ്ദേഹം മകനു വേണ്ടി ദൂതന്മാരെ അയയ്ക്കാറുണ്ട്.

വാസവദത്ത: (ആത്മഗതം) ആകട്ടെ, ആകട്ടെ, ഇവളിപ്പോൾ സ്വന്തവുമായല്ലോ.

7. ഭാവനാവിശേഷം = സങ്കല്പഭേദം. തിരുവടി = സ്വാമി (വത്സരാജാവ്). മമത്വം = സ്നേഹം.

Digitized By Kerala Sahitya Akademi

താപസി: അദ്ദേഹത്തിന്റെ ബഹുമാനത്തെ അർഹിയ്ക്കുന്നതു തന്നെയാണ്, ഈ ആകൃതി! രണ്ടു രാജവംശവും വളരെ വി ഖ്യാതമായിട്ടുള്ളതാണെന്നാണ് കേൾവി.

പത്മാവതി: ആര്യ്യ, മഹർഷിമാരെക്കണ്ട് അനുഗ്രഹം വാങ്ങി യോ? അഭീഷ്ടദാനത്തിന്നു താപസന്മാരെ ക്ഷണിച്ചു്. ആർക്ക് എന്തുവേണമെന്നു ചോദിയ്ക്കു.

ഹരിക്കാരൻ: ഇവിടുത്തെ ഇഷ്ടംപോലെ. ഹേ, ഹേ, ആശ്ര മത്തിൽ വസിയ്ക്കുന്ന താപസന്മാരേ, ഭവാന്മാർ കേൾക്കുക, കേട്ടാലും. ഇതാ, ശ്രീമതി മഗധരാജപുത്രി ഈ പരിചയ ത്താൽ പ്രീതിപൂണ്ടു ധർമ്മസിദ്ധിയ്ക്കായി ധനദാനം ചെയ്‌ വാൻ ക്ഷണിയ്ക്കുന്നു.

തണ്ണീരിൻകുടമാർക്കു വേണ്ടു? തുകിലാർ
  തേടുന്നു? വാഞ്ഛിച്ചതിൻ-
വണ്ണം ദീക്ഷ കഴിച്ചവൻ ഗുരുവിനെ-
  ന്തിച്ഛിപ്പു നല്കീടുവാൻ?
ധർമ്മിഷ്ഠപ്രിയ രാജപുത്രിയിവിടെ
  സ്വാനുഗ്രഹം തേടുവോരു;
ഇന്നാർക്കിതു വേണമെന്നു പറകി-
  ന്നാ,ക്കെന്തു നൽകീടണം? 8

യൌഗന്ധരായണൻ: (ആത്മഗതം) ശരി, ഉപായം കണ്ടു കി ട്ടി. (പ്രകാശം) ഹേ, ഞാനൊരു യാചകനാണ്.

പത്മാവതി: ഭാഗ്യം. എന്റെ തപോവനദർശനം സഫല മായി!

താപസി: ഈ ആശ്രമത്തിലുള്ള താപസന്മാരൊക്കെ സംതൃപ്ത ന്മാരാണ്; ഇയ്യാൾ വന്നവനായിരിയ്ക്കണം.

ഹരിക്കാരൻ: ഹേ, എന്തുവേണം?

യൌഗന്ധരായണൻ: ഇതെന്റെ സോദരിയാണ്; ഭർത്താവു മറുദിക്കിൽ പോയിരിയ്ക്കുന്നു. ഇവളെ കുറെക്കാലം അത്ര ഭവതിയുടെ രക്ഷയിൽ നിർത്തിയാൽക്കൊള്ളാം.

8. ധർമ്മിഷ്ഠപ്രിയ = ധർമ്മശീലരെ പ്രീതിപ്പെടുത്തുന്നവൾ.

Digitized By Kerala Sahitya Akademi

ഭോഗ്യങ്ങൾ വേണ്ട, മമ വിത്തധനങ്ങൾ വേണ്ടാ;
ഞാൻ കാവിമുണ്ടുകൾ ധരിച്ചതു കൊററിനല്ല;
ഇദ്ധീരകന്യ മതി ധർമ്മനടപ്പറിഞ്ഞാ–
ളെ,ൻപെങ്ങൾതന്നുടെ സതീവ്രതരക്ഷ ചെയ്‌വാൻ. 9

വാസവദത്ത: (ആത്മഗതം) ഉം! എന്നെ ഇവരുടെ അടുക്കലൊക്കാനാണ് ആര്യയൌഗന്ധരായണൻ ഭാവിക്കുന്നത്; അദ്ദേഹം ആലോചിക്കാതെ ചെയ്യില്ല.

ഹരിക്കാരൻ: തമ്പുരാട്ടി, വലിയ ഒന്നാണ് ഈ അപേക്ഷ. നാം എങ്ങിനെ ഏററുപറയും? എന്തുകൊണ്ടെന്നാൽ,

എളുതാം ധനമേകിടുവാ–
നെ;ളുതാമുയിരും തപസ്സുമേകിടുവാൻ;
എളുതാം മറെറാക്കയുമേ;
ന്യാസം രക്ഷിക്കുക ഞെരുക്കം! 10

പത്മാവതി: ആര്യ, ആദ്യം ആക്കെന്തു വേണമെന്നു വിളിച്ചു ചോദിച്ചിട്ട് ഇനിയിപ്പോൾ മടിച്ചുകൂട; ഇദ്ദേഹം പറയുന്നതുപോലെ ചെയ്യു.

ഹരിക്കാരൻ: ഇവിടെക്കുനുരൂപമാണ്, ഇപ്പറഞ്ഞത്.

ചേടി: ഈവിധം സത്യനിഷ്ഠയുള്ള കൊച്ചുതമ്പുരാട്ടിക്കു ദീർഘായുസ്സുണ്ടാകട്ടെ!

താപസി: ഭദ്രേ, ദീർഘായുസ്സുണ്ടാകട്ടെ!

ഹരിക്കാരൻ: അങ്ങിനെതന്നെ. (അടുത്തുചെന്നിട്ട്) ഹേ, അമ്മയുടെ സോദരിയെ സംരക്ഷിച്ചുകൊള്ളാമെന്നു കൊച്ചുതമ്പുരാട്ടി ഏററിരിക്കുന്നു.

യൌഗന്ധരായണൻ: ഞാൻ അനുഗൃഹീതനായി, വത്സേ, അത്രഭവതിയുടെ അടുക്കലേക്കു പൊയ്ക്കൊൾക.

9. ഭോഗ്യങ്ങൾ = കടം മുതലായ സാധനങ്ങൾ. മതി = ശക്തയാകം. സതീവ്രതരക്ഷ = ചാരിത്രസംരക്ഷണം.

10. ന്യാസം = സൂക്ഷിക്കാനേല്പിക്കുന്ന വസ്തു.

Digitized By Kerala Sahitya Akademi

വാസവദത്ത: (ആത്മഗതം) എന്തു നിവൃത്തി? ഇതാ, ഭാഗ്യംകെട്ട ഞാൻ പോകുന്നു!

പത്മാവതി: ആകട്ടെ, ആകട്ടെ; ഇപ്പോഠം എന്റെയായല്ലോ.

താപസി: ഇതുപോലെതന്നെ ഇവളുടേയും ആകൃതി: ഇവളും ഒരു രാജകുമാരിയാണെന്ന് എനിയ്ക്കു തോന്നുന്നു.

ചേടി; ശരിയാണ്, ഭവതി പറഞ്ഞത്: സുഖമനുഭവിച്ചിരുന്നവളാണെന്ന് എനിയ്ക്കും തോന്നുന്നു.

യൌഗന്ധരായണൻ: (ആത്മഗതം) ആവൂ, ഭാരം പകുതിയൊഴിഞ്ഞു! മന്ത്രിമാരുമായി നിശ്ചയിച്ചതിൻവണ്ണം വന്നുകൂടി. ഇനി, സ്വാമി ലബ്ധപ്രതിഷ്ഠനായതിന്നുശേഷം, ഞാൻ തത്രഭവതിയെ അടുക്കൽകൊണ്ടുചെല്ലുമ്പോഠം * സാക്ഷ്യം വഹിപ്പാൻ ശ്രീമതി മഗധരാജകുമാരിയുണ്ടല്ലോ. എന്തെന്നാൽ,

വേഠംക്കും പത്മാവതിയെ നൃവരൻ
ന്നന;-മാപൽപ്രസംഗം
മുൻചൊന്നൊപ്പിച്ചവരിലുളവാ-
യ്വന്ന വിശ്വാസമൂലം,
ചെയ്യേണ്ടീയട്ടിവനിതു: വെട്ട-
പ്പായ്പ്പരീക്ഷിച്ചതാകം
സിദ്ധന്മാർതൻ വചനമതിലം-
ഘിച്ചുപോകില്ല ദൈവം. 11

(അനന്തരം ഒരു ബ്രഹ്മചാരി പ്രവേശിക്കുന്നു.)

ബ്രഹ്മചാരി: (മേല്പോട്ടു നോക്കിയിട്ട്) നേരം ഉച്ചയായി. എനിയ്ക്കു ക്ഷീണം വളരെയുണ്ട്. എവിടെയാണൊന്നു വിശ്ര

* സാക്ഷ്യം വഹിപ്പാൻ = വാസവദത്തയുടെ ശീലശുദ്ധിയും മററും ബോധപ്പെടുത്താൻ.

11. ആപൽപ്രസംഗം = സ്വാമിയ്ക്കു രാജക്ഷയം വരുമെന്നുള്ളത്. ഇു—വാസവദത്തയെ പത്മാവതിയുടെ അടുക്കലാക്കൽ. അതിക്രമിച്ച്. സിദ്ധവാക്യത്തിനൊത്തിരിയ്ക്കും ദൈവഗതി. അതിലംഘിച്ച് =

Digitized By Kerala Sahitya Akademi

നിയ്ക്കുക? (ചുററി നടന്നിട്ട്) ആകട്ടെ, കണ്ടു: ഇവിടം ഒരു തപോവനമായിരിയ്ക്കണം. എന്തെന്നാൽ,

വിശ്വാസേന വിശങ്ക വിട്ടഭയമായ്
　　മേയുന്നു മാനിൻഗണം;
വിഷ്വക് പുഷ്പഫലാവൃതം, സദയമായ്
　　രക്ഷിച്ച വൃക്ഷവ്രജം;
മുക്കാലും കപിലങ്ങൾ പൈക്കളെ;-രികത്തെങ്ങും കൃഷിസ്ഥാനമി–
ല്ലി:-ല്ലാ കില്ലി,തൊരാശ്രമസ്ഥല,മിതാ,
　　ധൂമം പലേടത്തിലും. 12

അകത്തെയ്ക്കു കടക്കുകതന്നെ. (കടന്നിട്ട്) എയ്, ആശ്രമത്തിന്നു ചേൎന്നവരല്ലല്ലോ, ഇക്കൂട്ടർ (മറെറാരേടത്ത് നോക്കിയിട്ട്) അല്ലെങ്കിൽ, തപസ്വികളും ഇവിടെയുണ്ട്, അടുത്തു ചെല്ലുന്നതിൽ ദോഷമൊന്നുമില്ല. എയ്, സ്ത്രീകൾ!

ഹരിക്കാരൻ: കടക്കാം; കടക്കാം. എല്ലാവൎക്കും ഒന്നുപോലെയുള്ളതാണല്ലോ, ആശ്രമസ്ഥലം.

വാസവദത്ത: ഉം!

പത്മാവതി: അഹോ, ആൎയ്യ പരപുരുഷദൎശനം പരിഹരിയ്ക്കുന്നു; എന്റെ ന്യാസം അനായാസേന രക്ഷിയ്ക്കാവുന്നതുതന്നെ!

ഹരിക്കാരൻ: ഹേ, മുമ്പു വന്നവരാണ് ഞങ്ങൾ; അതിനാൽ സൽക്കാരം സ്വീകരിച്ചാലും,

ബ്രഹ്മചാരി: (ആചമിച്ചിട്ട്) ആകട്ടെ, ആകട്ടെ. എനിയ്ക്കു ക്ഷീണം മാറി

യൌഗന്ധരായണൻ: ആൎയ്യൻ എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? എവിടെയാണ് പാൎപ്പിടം?

12. കപിലങ്ങൾ = കറുപ്പും, മഞ്ഞയും കൂടിച്ചേൎന്ന നിറമുള്ളവ. ഗോരോചനസദൃശവൎണ്ണങ്ങൾ എന്നു പക്ഷാന്തരം. കപിലപ്പൈക്കൾക്ക പാവനത്വംകൂടും. കൃഷിസ്ഥാനം = വയൽ. ധൂമം = ഹോമപ്പുക.



Digitized By Kerala Sahitya Akademi

ബ്രഹ്മചാരി: പറയാം: രാജഗൃഹക്കാരനാണ് ഞാൻ; ഓത്തു പഠിയ്ക്കാൻ വത്സരാജ്യത്തു ലാവണകഗ്രാമത്തിൽ താമസി യ്ക്കുകയായിരുന്നു.

വാസവദത്ത: (ആത്മഗതം) ഹാ, ലാവണകമെന്നോ! ലാവണ കമെന്നു കേട്ടതിനാൽ എനിയ്ക്കു സന്താപം വീണ്ടും പുത്ത നായതുപോലെ തോന്നുന്നു.

യൌഗന്ധരായണൻ: പഠിപ്പു കഴിഞ്ഞുവോ?

ബ്രഹ്മചാരി: മുഴുവനായില്ല.

യൌഗന്ധരായണൻ: പഠിപ്പു മുഴുമിയ്ക്കാതെ പോന്നതെന്തുകൊ ണ്ടാണ്?

ബ്രഹ്മചാരി: അവിടെ അതിഘോരമായ ഒരാപത്തു സംഭവി ച്ചു.

യൌഗന്ധരായണൻ: എന്താപത്ത്?

ബ്രഹ്മചാരി: ഉദയനനെന്ന രാജാവ് അവിടെ വന്നു താമസി ച്ചിരുന്നു.

യൌഗന്ധരായണൻ: കേട്ടിട്ടുണ്ട്, ശ്രീമാൻ ഉദയനൻ. എ ന്തേ അദ്ദേഹത്തിന്?

ബ്രഹ്മചാരി: അദ്ദേഹത്തിന്ന് അവന്തിരാജാവിൻെറ മകനാം വാസവദത്ത എന്ന ഭാൎയ്യയുടെ പേരിൽ വലിയ പ്രതിപ ത്തിയാണത്രേ.

യൌഗന്ധരായണൻ: ആയിരിയ്ക്കാം. പിന്നെപ്പിന്നെ?

ബ്രഹ്മചാരി: രാജാവു നായാട്ടിന്നു പോയിരുന്ന അവസരത്തി ൽ ഗ്രാമത്തിനു തീപിടിച്ച് ആ സ്ത്രീ വെന്തുപോയി!

വാസവദത്ത: (ആത്മഗതം) നുണ, നുണ: ഭാഗ്യംകെട്ട ഞാനി താ, ജീവിച്ചിരിയ്ക്കുന്നു!

യൌഗന്ധരായണൻ: പിന്നെപ്പിന്നെ?

ബ്രഹ്മചാരി: ആ സ്ത്രീയെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി യൌ ഗന്ധരായണൻ എന്ന മന്ത്രിയും ആ തിയ്യിൽ ചാടി.

യൌഗന്ധരായണൻ: ചാടി എന്നതു വാസ്തവം തന്നെയൊ? എന്നിട്ട്?

Digitized By Kerala Sahitya Akademi

ബ്രഹ്മചാരി: രാജാവു മടങ്ങിവന്ന് ഈ വർത്തമാനം കേട്ടതോടു കൂടി, അവരിരുപേരുടേയും വേർപാടിനാൽ സന്താപം പൂണ്ട്, ആ തീയ്യിൽത്തന്നെ പ്രാണത്യാഗം ചെയ്‌വാനൊരുമ്പെട്ടതിൽ, മന്ത്രിമാർ വളരെപ്പണിപ്പെട്ടു തടുത്തു.

വാസവദത്ത: (ആത്മഗതം) എനിക്കറിയാം, ആര്യപുത്രന് എന്റെ പേരിലുള്ള വാത്സല്യം എനിക്കറിയാം!

യൌഗന്ധരായണൻ: പിന്നെപ്പിന്നെ?

ബ്രഹ്മചാരി: പിന്നീടു രാജാവ് ആ സ്ത്രീയുടെ ഉരുകിശ്ശേഷിച്ചിരുന്ന ആഭരണങ്ങൾ എടുത്തു മാറത്തണച്ചു മോഹാലസ്യപ്പെട്ടു!

എല്ലാവരും: കഷ്ടം!

വാസവദത്ത: (ആത്മഗതം) ആര്യയൌഗന്ധരായണൻ ഇപ്പോൾ പൂർണ്ണകാമനാകട്ടെ!

ചേടി: കൊച്ചുതമ്പുരാട്ടി, ഇതാ, ആര്യ കരയുന്നു.

പത്മാവതി: അനുകമ്പകൊണ്ടായിരിക്കാം.

യൌഗന്ധരായണൻ: അതേ, അതേ. സ്വതേ അനുകമ്പയുള്ളവളാണ് എന്റെ സഹോദരി. പിന്നെപ്പിന്നെ?

ബ്രഹ്മചാരി: ക്രമേണ രാജാവിന്നു ബോധം വന്നു.

പത്മാവതി: (ആത്മഗതം) ഭാഗ്യം, ജീവിച്ചിരിപ്പുണ്ടല്ലോ! മോഹാലസ്യപ്പെട്ടു എന്നു കേട്ടിട്ട് എന്റെ ഹൃദയം ശൂന്യമായിപ്പോയി.

യൌഗന്ധരായണൻ: എന്നിട്ടോ?

ബ്രഹ്മചാരി: പിന്നെ, നിലത്തു കിടന്നുരുണ്ടു പൊടിപുരണ്ടു ശരീരം ചുകന്നിരുന്ന അദ്ദേഹം പെട്ടെന്നെഴുന്നേററു, 'ഹാ, വാസവദത്തേ! ഹാ, പ്രിയശിഷ്യേ!' എന്നിങ്ങിനെ ഓരോന്നു പലവുരു പ്രലപിക്കുകയായി. എന്തിനേറെ?

ഉണ്ടാകില്ലൊരു ചക്രവാകഖഗമി–
ക്കാലത്തതിന്മാതിരി–
ക്കു;ണ്ടാകില്ലതുമട്ടിലഗ്ര്യവനിതാ–
വിശ്ലേഷമേററന്യരും;

Digitized By Kerala Sahitya Akademi

ഭർത്താവാവിധമോക്കമത്തരുണിയാം
സൽഭാഗ്യതന്നേ! പതി--
സ്നേഹംമൂല,മെരിഞ്ഞുപോകിലുമെരി--
ഞ്ഞിട്ടില്ല തീ പുക്കവാം! 13

യൌഗന്ധരായണൻ: അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ മന്ത്രിമാരിലാരും യത്നിയ്ക്കുന്നില്ലേ?

ബ്രഹ്മചാരി; ഉവ്വ്, രുമണ്വാൻ എന്ന മന്ത്രി തമ്പുരാനെ സമാശ്വസിപ്പിയ്ക്കുന്നതിൽ അത്യന്തം പ്രയത്നിയ്ക്കുന്നുണ്ട്; അയാാം,

നൃപപ്പൂൺപിന്നൊപ്പം കളികറികള്ളൊ-
ണൊക്കെ വേണ്ടെന്നുവെച്ചും,
മുഖം വാടിക്ഷീണിച്ചവിരതമഹോ
കണ്ണുനീർ വാർത്തുവാർത്തും;
പണിപ്പെട്ടേററം രാപ്പകൽ പരിചരി-
യ്ക്കുന്ന തൻതമ്പുരാനെ:--
ധരിത്രീശൻ പെട്ടെന്നുയിർവെടികിലോ,
തൻെറയും വീഴ്പ്പടങ്ങി! 14

വാസവദത്ത: (ആത്മഗതം) ഭാഗ്യം, നല്ലൊരു സൂക്ഷിപ്പിലാണല്ലോ, ഇപ്പോഴാം ആര്യപുത്രൻ!

യൌഗന്ധരായണൻ: (ആത്മഗതം) അയ്യോ, വമ്പിച്ച ഭാരമാണു രുമണ്വാൻ വഹിയ്ക്കുന്നത്.

വിശ്രാന്തിയുണ്ടെൻഭാരത്തി-
ന്ന,യാംക്കോ ശ്രമമെപ്പൊഴും;

Digitized By Kerala Sahitya Akademi

ആർപകമല്ലോ നൃപന,വൻ–
പകമല്ലോ സമസ്തവും. 15

(പ്രകാശം) ഇപ്പോഴം അവിടെയ്ക്കു സമാധാനമായോ!

ബ്രഹ്മചാരി: ഇപ്പോഴത്തെ സ്ഥിതി എനിയ്ക്കറിഞ്ഞുകൂടാ. 'ഇവിടെ അവളുമായി ചിരിച്ചു; ഇവിടെ അവളുമായി സല്ലപിച്ചു; ഇവിടെ അവളുമായി സ്ഥിതിചെയ്തു: ഇവിടെ അവളുമായി പിണങ്ങി; ഇവിടെ അവളുമായി ശയിച്ചു' എന്നിങ്ങിനെ വിലപിച്ചുംകൊണ്ടിരുന്ന രാജാവിനെ മന്ത്രിമാർ വളരെ പണിപ്പെട്ട് ആ ഗ്രാമത്തിൽനിന്നു കൊണ്ടുപോയിരിയ്ക്കുന്നു. അദ്ദേഹം പോകയാൽ ആ ഗ്രാമം, ചന്ദ്രനും നക്ഷത്രങ്ങളുമകന്ന ആകാശംപോലെ അഴകററതായിത്തീൎന്നു! പിന്നീട് ഞാനും പോന്നു.

താപസി: ആ രാജാവു ഗുണവാൻതന്നെ; മറുനാട്ടുകാരനായ ഇയ്യാളുകൂടിയും ഇത്ര പുകഴ്ത്തുന്നുണ്ടല്ലോ.

ചേടി: കൊച്ചുതമ്പുരാട്ടി, മറെറാരു സ്ത്രീ അദ്ദേഹത്തിന്റെ കൈ പിടിച്ചേയ്ക്കുമോ?

പത്മാവതി: (ആത്മഗതം) * എന്റെ ഹൃദയത്തോടൊപ്പം തന്നെയാണ് ഇവളും ചോദിച്ചത്!

ബ്രഹ്മചാരി: നിങ്ങളിരുപേരോടും ഞാൻ യാത്ര പറയുന്നു. ഞാൻ പോകട്ടെ.

ഇരുപേരും: കാൎയ്യസിദ്ധിയ്ക്കായി പോയ്ക്കൊണ്ടാലും.

ബ്രഹ്മചാരി: അങ്ങിനെയാകട്ടെ.

(പോയി)

യൌഗന്ധരായണൻ: കൊള്ളാം. ഞാനും തത്രഭവതിയോടു വിടവാങ്ങി, പോകാൻ വിചാരിയ്ക്കുന്നു.

15. രാജ്യരക്ഷണം ആരുടെ ചുമതലയോ, അവനിലാണല്ലോ, സകലത്തിന്റെയും രക്ഷാഭാരം.

* ഇവളും എന്റെ മനസ്സും ഒന്നുതന്നെയാണ് ചോദിച്ചത്.

Digitized By Kerala Sahitya Akademi

ഹരിക്കാരൻ: ഇദ്ദേഹത്തിന്നു പോകാൻ അനുവാദം കിട്ടുന്നു മത്രെ.
പത്മാവതി: ആൎയ്യന്റെ അനുജത്തി ആൎയ്യനോടു പിരിഞ്ഞാൽ വ്യസനിയ്ക്കും.
യൌഗന്ധരായണൻ: സജ്ജനങ്ങളുടെ പക്ഷപാതകയാൽ വ്യസനിയ്ക്കാനില്ല. (ഹരിക്കാരനെ നോക്കി) ഞാൻ പോകട്ടെ.
ഹരിക്കാരൻ: ഭവാൻ * പുനൎദ്ദർശനത്തിന്നായി പോയ്ക്കൊണ്ടാലും.
യൌഗന്ധരായണൻ: അങ്ങിനെതന്നെ.

(പോയി)

ഹരിക്കാരൻ: അകത്തെയ്ക്കു പോകേണ്ടുന്ന സമയമായി.
പത്മാവതി: ആൎയ്യേ, ഞാൻ വന്ദിയ്ക്കുന്നു.
താപസി: കുഞ്ഞേ, അനുരൂപനായ ഭൎത്താവിനോടു ചേൎന്നാലും!
വാസവദത്ത: ആൎയ്യേ, ഞാൻ വന്ദിയ്ക്കുന്നു.
താപസി: ഭവതിയും താമസിയാതെ ഭൎത്താവിനെ പ്രാപിച്ചാലും!
വാസവദത്ത: ഞാൻ അനുഗൃഹീതയായി!
ഹരിക്കാരൻ: എന്നാൽ വരിക: ഭവതി ഇതിലേ. ഇതിലേ. ഇപ്പോഴാകട്ടെ,

കൂടേറീ വിഹഗങ്ങൾ; താപസജനം
മുങ്ങിക്കുളിപ്പൂ; മുനി—
ക്കാടെങ്ങും പടരുന്നു ധൂമ;—മനലൻ
കത്തിജ്ജ്വലിപ്പൂ തുലോം;
ചൂടററംശുഗണം ചുരുക്കി രവിയും
ദൂരാൽ സ്വയം ചാഞ്ഞിതാ,
പ്രൌഢത്തേർനട മന്ദമാക്കി നിഭൃതം
ചെല്ലുന്നിതസ്താദ്രിമേൽ. 16

(എല്ലാവരും പോയി)

ഒന്നാമങ്കം.

* പുനർദ്ദർശനത്തിന്ന് = വീണ്ടും കാണുവാൻ.
16. മുനിക്കാട് = തപോവനം.

Digitized By Kerala Sahitya Akademi

## രണ്ടാമങ്കം

(ഒരു ചേടി പ്രവേശിക്കുന്നു)

ചേടി: കഞ്ജരികേ, കഞ്ജരികേ, എവിടെ എവിടെ, പത്മാവതിക്കൊച്ചുതമ്പുരാട്ടി! എന്തു പറയുന്നു—'കൊച്ചു തമ്പുരാട്ടി ഇതാ, മാധവീലതാമണ്ഡപത്തിന്നടുക്കൽ പന്തടിച്ചു കളിക്കുന്നു' എന്നോ? ഞാൻ കൊച്ചുതമ്പുരാട്ടിയുടെ അടുക്കൽ ചെല്ലട്ടെ. (ചുററിനടന്നുനോക്കിയിട്ട്) അഹോ, ഇതാ, കൊച്ചുതമ്പുരാട്ടി, * കണ്ണുചൂളിക മേല്പോട്ടാക്കി, വ്യായാമം മൂലം വിയർപ്പുതുള്ളികൾ ചിന്നി, തളർന്നഴക വളർന്ന മുഖവുമായി, പന്തടിച്ചുംകൊണ്ട് ഇങ്ങോട്ടു വരുന്നു: അടുത്തു ചെല്ലുകതന്നെ.

(പോയി)

പ്രവേശകം

(അനന്തരം പന്തടിച്ചുകൊണ്ടു സപരിവാരയായ പത്മാവതിയും വാസവദത്തയും പ്രവേശിക്കുന്നു.)

വാസവദത്ത: ഇതാ, തോഴിയുടെ പന്ത്.

പത്മാവതി: ആര്യേ, നില്ക്കട്ടെ, ഇപ്പോൾ ഇത്ര മതി.

വാസവദത്ത: വളരെ നേരം പന്തടിച്ചതിനാൽ വല്ലാതെ ചുടുത്തിരിക്കുന്ന തോഴിയുടെ കൈകൾ മററാരുടെയെങ്കിലുമാണെന്നു തോന്നും!

ചേടി: കളിക്കട്ടെ, കളിക്കട്ടെ, കൊച്ചുതമ്പുരാട്ടി; കന്യകാത്വംകൊണ്ടു കമനീയമായിരിക്കുന്ന ഈ കാലം കഴിഞ്ഞുകൂടട്ടേ!

പത്മാവതി: ആര്യ എന്താണിപ്പോൾ എന്നെ പരിഹസിപ്പാനെന്നപോലെ സൂക്ഷിച്ചുനോക്കുന്നത്?

വാസവദത്ത: അല്ലല്ല, തോഴി ഇപ്പോൾ ഏറെശ്ശോഭിക്കുന്നു. എനിക്കു തോഴിയുടെ ഓമനമുഖം നാലുവശത്തും കാണുന്നതായി തോന്നുന്നു.

* കണ്ണുചൂളിക = ഒരുതരം കണ്ണാഭരണം.

Digitized By Kerala Sahitya Akademi

പത്മാവതി: പോവൂ, എന്നെ പരിഹസിയ്ക്കാതെ!

വാസവദത്ത: ഇതാ, ഞാൻ ഒന്നും മിണ്ടുന്നില്ലേ, മഹാസേനന്റെ * വധുവാകാൻ പോകുന്നവളേ!

പത്മാവതി: ആരാണീ മഹാസേനൻ?

വാസവദത്ത: ഉജ്ജയിനീരാജാവു പ്രദ്യോതൻ എന്നൊരാളുണ്ട്: അദ്ദേഹത്തിന്നു സൈന്യത്തിന്റെ സംഖ്യ നിമിത്തമുണ്ടായ പേരാണ് മഹാസേനനെന്നത്.

ചേടി: കൊച്ചുതമ്പുരാട്ടിയ്ക്ക് ആ രാജാവിനോടു ചാർച്ച വേണമെന്നില്ല.

വാസവദത്ത: പിന്നെ ആരോടാണ് വേണ്ടത്?

ചേടി: വത്സരാജാവ് ഉദയനൻ എന്നൊരാളുണ്ട്. അദ്ദേഹത്തിന്റെ ഗുണങ്ങളിലാണ് കൊച്ചുതമ്പുരാട്ടിയ്ക്കു താല്പര്യം.

വാസവദത്ത: (ആത്മഗതം) ആര്യപുത്രൻ ഭർത്താവാകണമെന്നോ! (പ്രകാശം) എന്തുകൊണ്ട്?

ചേടി: ദയാലുവായതുകൊണ്ട്.

വാസവദത്ത: (ആത്മഗതം) അതേ, അതേ, ഇയ്യുള്ളവൾക്കും ഇങ്ങിനെ ഭ്രാന്തു പിടിയ്ക്കുകയുണ്ടായി!

ചേടി: കൊച്ചുതമ്പുരാട്ടി, ആ രാജാവു വിരൂപനാണെങ്കിലോ?

വാസവദത്ത: അല്ലല്ല, സുന്ദരൻതന്നെ!

പത്മാവതി: ആര്യയ്ക്കെങ്ങിനെ അറിയാം?

വാസവദത്ത: (ആത്മഗതം) ആര്യപുത്രനിലുള്ള സ്നേഹംമൂലം അതിരുകടന്നുപോയി. ഇനി എന്തു ചെയ്യേണ്ടു? ആകട്ടെ ഉപായമുണ്ട്. (പ്രകാശം) ഇങ്ങിനെയാണ് ഉജ്ജയിനിയിൽ ജനസംസാരം.

പത്മാവതി: ശരി, അദ്ദേഹം ഉജ്ജയിനിയിൽ അറിയപ്പെടാതിരിയ്ക്കില്ല. എല്ലാവർക്കും ഉള്ളിൽത്തട്ടുന്ന ഒന്നാണല്ലോ സൌഭാഗ്യം.

* ധാത്രി: (പ്രവേശിച്ച്) കൊച്ചുതമ്പുരാട്ടി സർവ്വോൽക്കർഷേണ വർത്തിയ്ക്കട്ടെ! കൊച്ചുതമ്പുരാട്ടിയെ കൊടുത്തുകഴിഞ്ഞു.

* ധാത്രി = വളർത്തമ്മ.

Digitized By Kerala Sahitya Akademi

വാസവദത്ത: അമ്മേ ആർക്ക്?

ധാത്രി: വത്സരാജാവായ ഉദയനന്ന്.

വാസവദത്ത: ആ രാജാവിന്നു സുഖംതന്നെയോ?

ധാത്രി: സുഖംതന്നെ. അദ്ദേഹം ഇവിടെ വന്നിട്ടുണ്ട്, അദ്ദേഹത്തിന്നു കൊച്ചുതമ്പുരാട്ടിയെ കൊടുക്കാനുറച്ചുകഴിഞ്ഞു.

വാസവദത്ത: വളരെ കഷ്ടം!

ധാത്രി: എന്താണിതിൽ കഷ്ടം?

വാസവദത്ത: ഒന്നുമില്ല. അത്രയേറെ ദുഃഖിച്ചിട്ട്, എല്ലാം മറന്നുവല്ലോ എന്ന്.

ധാത്രി: ശാസ്ത്രൈകനിരതമായ മഹാപുരുഷന്മാരുടെ മനസ്സിന്ന് എളുപ്പത്തിൽ സമാധാനം വരും.

വാസവദത്ത: വാസ്തവംതന്നെയോ, അദ്ദേഹം വരിച്ചു എന്നത്?

ധാത്രി: അങ്ങിനെയല്ല, അങ്ങിനെയല്ല; വേറെയെന്തിനോ ഇവിടെ വന്നപ്പോൾ കുലീനതയും അറിവും പ്രായവും അഴകും കണ്ടിട്ട് മഹാരാജാവു താൻതന്നെ കൊടുക്കുകയാണ് ചെയ്തത്.

വാസവദത്ത: (ആത്മഗതം) അങ്ങിനെയോ? എന്നാൽ ആര്യപുത്രനിൽ കുറ്റമൊന്നുമില്ല.

മറ്റൊരു ചേടി: (പ്രവേശിച്ച്) അമ്മേ വേഗമാവട്ടെ, വേഗമാവട്ടെ, ഇന്നു നല്ല നാളാണല്ലോ, ഇന്നുതന്നെ നടത്തണം * കൌതുകമംഗളം എന്നു നമ്മുടെ തമ്പുരാട്ടി അരുളിച്ചെയ്യുന്നു.

വാസവദത്ത: (ആത്മഗതം) എത്രയെത്ര ബദ്ധപ്പാടോ, അത്രയത്ര ഇരുട്ടടയുന്നു, എന്റെ മനസ്സ്.

ധാത്രി: വരൂ, വരൂ കൊച്ചുതമ്പുരാട്ടി.

(എല്ലാവരും പോയി.)

***

* വധു = പുത്രഭാര്യ.

* കാപ്പുകെട്ടലാകുന്ന മംഗളക്രിയ



Digitized By Kerala Sahitya Akademi

# മൂന്നാമങ്കം

(അനന്തരം മനോരാജ്യത്തോടുകൂടി വാസവദത്ത പ്രവേശിക്കുന്നു.)

വാസവദത്ത: വിവാഹാമോദം നിറഞ്ഞ അകത്തെ നാലുകെട്ടിൽ പത്മാവതിയെ വിട്ടുംവെച്ച് ഞാൻ ഈ * പ്രമദവനത്തിലേക്കു പോന്നു. ഇനി, ദൈവഗത്യാ നേരിട്ട ദുഃഖം ശമിപ്പിക്കുകതന്നെ! (ചുററി നടന്നിട്ട്) ഹാ, പരമസങ്കടം: ആര്യപുത്രനും മററൊരാളുടെയായിത്തീർന്നല്ലോ! ഇവിടെ ഇരിക്കാം. (ഇരുന്നിട്ട്) ഭർത്തൃവിരഹം സംഭവിച്ചാൽ ജീവിച്ചിരിക്കാത്ത ചക്രവാകപ്പിട സുകൃതിതന്നെ! ഭാഗ്യം കെട്ട ഞാൻ പ്രാണത്യാഗം ചെയ്യാതെ ജീവിച്ചിരിക്കുന്നത്, ആര്യപുത്രനെക്കാണാമല്ലോ എന്ന വിചാരത്താലാണ്.

(പിന്നെ പൂക്കളുംകൊണ്ടു ചേടി പ്രവേശിക്കുന്നു)

ചേടി: എവിടെപ്പോയി, ആര്യ ആവന്തിക? (ചുററിനടന്നു നോക്കിയിട്ട്) അയ്യോ, അവരിതാ, ചിന്തയാൽ ശൂന്യഹൃദയയായി, മഞ്ഞിൽമറഞ്ഞ ചന്ദ്രകലയെപ്പോലെ, അനലംകൃതമെങ്കിലും അഴകൊത്ത വേഷം പൂണ്ട് ഞാഴൽച്ചുവട്ടിലെ പാറപ്പുറത്തിരിക്കുന്നു! ഞാൻ അടുത്തുചെല്ലട്ടെ. (അടുത്തു ചെന്നിട്ട്) ആര്യേ, ആവന്തികേ, എത്ര നേരമായി, ഞാൻ ആര്യയെ തിരയുന്നു!

വാസവദത്ത: എന്തിന്?

ചേടി: നമ്മുടെ തമ്പുരാട്ടി അരുളിച്ചെയ്യുന്നു: മഹാകുലജാതയും സ്നേഹശാലിനിയും നിപുണയുമാകയാൽ, ഈ കൗതുകമാല്യം ആര്യ കോർത്തുണ്ടാക്കണം.

വാസവദത്ത: ആർക്കാണ് കോർക്കേണ്ടത്?

* പ്രമദവനം = സ്ത്രീകൾക്കുള്ള ഉദ്യാനം.

Digitized By Kerala Sahitya Akademi

ചേടി: നമ്മുടെ കൊച്ചുതമ്പുരാട്ടിയ്ക്ക്.

വാസവദത്താ: (ആത്മഗതം) ഇതും ഞാൻ ചെയ്യേണ്ടിവന്നു; അയ്യോ, നിർദ്ദയന്മാർതന്നെ ഈശ്വരന്മാർ!

ചേടി: ആര്യ ഇപ്പോൾ മററൊന്നും വിചാരിയ്ക്കേണ്ട. ഇതാ, ജാമാതാവു മണിത്തറയിൽ നീരാടുന്നു; വേഗത്തിൽ കോർക്കു.

വാസവദത്താ: (ആത്മഗതം) എനിയ്ക്കു മററൊന്നും വിചാരിപ്പാൻ വയ്യ. (പ്രകാശം) തോഴി, ജാമാതാവിനെ കാണുകയുണ്ടായോ?

ചേടി: ഉവ്വ്, കണ്ടു, കൊച്ചുതമ്പുരാട്ടിയുടെ സ്നേഹംകൊണ്ടും, ഞങ്ങളുടെ മോഹംകൊണ്ടും.

വാസവദത്താ: എങ്ങിനെ ജാമാതാവ്?

ചേടി: ആര്യേ, ഞാൻ തികച്ചും പറയാം: ഇങ്ങിനെ ഒരാളെ മുമ്പു കണ്ടിട്ടില്ല!

വാസവദത്താ: പറയു, പറയു, സുന്ദരനാണോ?

ചേടി: വില്ലുമമ്പുമില്ലാത്ത ഭഗവാൻ കാമദേവൻതന്നെ!

വാസവദത്താ: നില്ക്കട്ടെ.

ചേടി: എന്താണ്, ആര്യ തടുക്കുന്നത്?

വാസവദത്താ: പരപുരുഷവർണ്ണനം കേൾക്കരുതല്ലോ.

ചേടി: എന്നാൽ വേഗം മാല കോർക്കു.

വാസവദത്താ: ഇങ്ങോട്ടു തരു. (ആത്മഗതം) ഇതാ, ഭാഗ്യം കെട്ട ഞാൻ കോർക്കാം. (എന്തോ ഒന്നു് നിലത്തേയ്ക്കിട്ട് നോക്കിയിട്ട്) ഈ ഔഷധം എന്താണ്?

ചേടി: അവിധവാഹരണം.

വാസവവദത്താ: (ആത്മഗതം) ഇതു ധാരാളം കോർക്കണം, എനിയ്ക്കായും പത്മാവതിയ്ക്കായും! (പ്രകാശം)ഈ മരുന്നെന്താണ്?

ചേടി: സപത്നീമർദ്ദനം.

വാസവദത്താ: ഇതു കോർക്കണമെന്നില്ല.

ചേടി: എന്തുകൊണ്ട്?

വാസവദത്താ: അദ്ദേഹത്തിന്റെ ഭാര്യ മരിച്ചുപോയല്ലൊ; അതിനാൽ ആവശ്യമില്ല.

Digitized By Kerala Sahitya Akademi

മറെറാരു ചേടി: (പ്രവേശിച്ച്) ആര്യേ, വേഗം, വേഗം; ഇതാ ജാമാതാവിനെ സുമംഗലിമാർ അകത്തെ നാലുകെട്ടിലേയ്ക്കു കൊണ്ടുപോകുന്നു.
വാസവദത്ത: വേഗം കോക്കാം; ഇതാ മേടിച്ചുകൊാംക.
ചേടി: കൊള്ളാം. ആര്യേ, ഞാൻ പോകട്ടെ.

(രണ്ടുപേരും പോയി)

വാസവദത്ത: ഇവരും പോയി. അയ്യോ, പരമസങ്കടം: ആര്യപുത്രനും മറെറാരാളുടെയായല്ലോ! ഇനി, ദുഃഖശമനത്തിന്നു പോയിക്കിടന്നുനോക്കാം; ഉറക്കം വന്നെങ്കിലോ!

(പോയി)

Digitized By Kerala Sahitya Akademi

## നാലാമങ്കം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ: (ഹർഷത്തോടുകൂടി) ഭാഗ്യം, വത്സരാജൻ തിരുമേനിയുടെ പ്രിയവിവാഹമംഗളത്താൽ കമനീയമായ കാലം കാണായിവന്നല്ലോ! ഹാ. ആർ കരുതിയിരുന്നു, അമ്മാതിരിയിലുള്ള അനൎത്ഥച്ചുഴിയിൽ ആഴ്ന്നുപ്പെട്ട ഇയ്യുള്ളവർ വീണ്ടും പൊങ്ങിപ്പോരുമെന്ന്? ഇപ്പോഠം കൊട്ടാരങ്ങളിൽ പാൎക്കുന്നു; അന്തഃപുരവാപികളിൽ കളിയ്ക്കുന്നു; സ്വതേ മധുരങ്ങളും മൃദുലങ്ങളുമായ പലഹാരങ്ങഠം ചെലുത്തുന്നു; എന്തിനേറെ? അപ്സരസ്ത്രീകഠം മാത്രമില്ലാത്ത * ഉത്തരകുരുവാസമാണ് ഞാനനുഭവിച്ചുപോരുന്നത്! ഒരു വമ്പിച്ച ദോഷം മാത്രമുണ്ട്: എനിയ്ക്കു ഭക്ഷണം ശരിയായി ദഹിയ്ക്കുന്നില്ല! ഒന്നാംതരമായി വിരിച്ച കിടയ്ക്കമേൽ കിടന്നിട്ടും ഉറക്കം വരുന്നില്ല! രക്തവാതം ചുഴന്നുകൂടിയിരിയ്ക്കുന്നതായിതോന്നുന്നു! ഛീ, ദീനം പിടിയ്ക്കുകയും പ്രാതൽ ഉപേക്ഷിയ്ക്കുകയും ചെയ്താൽ സുഖമില്ല!

(പിന്നെ ഒരു ചേടി പ്രവേശിക്കുന്നു.)

ചേടി: എവിടെപ്പോയി, ആൎയ്യവസന്തകൻ? (ചുററിനടന്നിട്ട്) ഓ, ഇതാ, ആൎയ്യവസന്തകൻ (അടുത്തുചെന്നിട്ട്) ആൎയ്യ, വസന്തക. എത്രനേരമായി, ഞാൻ അങ്ങയെ അന്വേഷിയ്ക്കുന്നു.

വിദൂഷകൻ: എന്തിനാണ്, ഭദ്രേ, എന്നെ അന്വേഷിയ്ക്കുന്നത്?

ചേടി: നമ്മുടെ തമ്പുരാട്ടി ചോദിയ്ക്കുന്നു, ജാമാതാവിൻെറ കുളി കഴിഞ്ഞുവോ എന്ന്.

* ഉത്തരകുരുക്ഷേത്രം ദേവഭൂമിയാണ്; അതിനാൽ സ്വൎഗ്ഗവാസസുഖം എന്നു സാരം.

Digitized By Kerala Sahitya Akademi

വിദൂഷകൻ: ശ്രീമതി എന്തിനാണ് ചോദിയ്ക്കുന്നത്?

ചേടി: മറെറാന്നുമല്ല; പൂവും കറിക്കൂട്ടും കൊണ്ടുവരാം.

വിദൂഷകൻ: നീരാട്ട കഴിഞ്ഞിരിയ്ക്കുന്നു. എല്ലാം കൊണ്ടുവന്നുകൊാംക; ചോറുമാത്രം വേണ്ട.

ചേടി: എന്താണ് ചോറു വേണ്ടാ എന്ന്?

വിദൂഷകൻ: ഭാഗ്യഹീനനായ എനിയ്ക്കു, കയിലുകാംക്കു കണ്ണിലെന്നപോലെ,വയററിലൊരു ചുഴററൽ!

ചേടി: അങ്ങയ്ക്കങ്ങിനെ വേണം!

വിദൂഷകൻ: ഭവതി പോയ്ക്കൊള്ളൂ. ഞാൻ അവിടുത്തെ അടുക്കലേയ്ക്കു പോകട്ടെ.

(രണ്ടുപേരും പോയി.)

പ്രവേശകം

(പിന്നെ പരിജനാനുചിതയായ പത്മാവതിയും വാസവദത്തയും പ്രവേശിയ്ക്കുന്നു.)

ചേടി: എന്തിനാണ്, കൊച്ചുതമ്പുരാട്ടി പ്രമദവനത്തിലേയ്ക്കു പോന്നത്?

പത്മാവതി: ആ ചെമന്തിച്ചെടികാം പൂത്തുവോ ഇല്ലയോ എന്നു നോക്കാൻ.

ചേടി: കൊച്ചുതമ്പുരാട്ടി, അവ പൂത്തു, പവിഴം ഇടയ്ക്കു കോത്ത മുത്തിൻതോലുകാം പോലുള്ള പുഷ്പങ്ങളാൽ മൂടപ്പെട്ടിരിയ്ക്കുന്നു.

പത്മാവതി: എന്നാൽ നീ താമസിയ്ക്കുന്നതെന്താണ്?

ചേടി: കൊച്ചുതമ്പുരാട്ടി കുറച്ചുനേരം ഈ പാറമേൽ ഇരിയ്ക്കുക, ഞാൻ പൂവറുക്കാം.

പത്മാവതി: ആര്യേ, ഇവിടെ ഇരിയ്ക്കുകയല്ലയോ?

വാസവദത്ത: അങ്ങിനെതന്നെ.

Digitized By Kerala Sahitya Akademi

(ഇതവരും ഇരിയ്ക്കുന്നു.)

ചേടി: (പൂവറുത്തിട്ട്) തൃക്കൺപാർത്താലും, തൃക്കൺപാർത്താലും, കൊച്ചുതമ്പുരാട്ടി: എൻെറ കടന്ന പകുതിഭാഗത്തു മനയോലത്തുണ്ടു പതിച്ചവപോലുള്ള ചെമന്തിപ്പൂക്കളൊൽ നിറയപ്പെട്ടിരിയ്ക്കുന്നു,

പത്മാവതി: അഹോ, പുഷ്പങ്ങളുടെ * വൈചിത്ര്യം! നോക്കു, നോക്കു, ആര്യേ. പുഷ്പങ്ങളുടെ ഭംഗി!

വാസവദത്ത: ഹാ, പുഷ്പങ്ങളുടെ ഭംഗി!

ചേടി: കൊച്ചുതമ്പുരാട്ടി, ഇനിയും അറുക്കണമോ?

പത്മാവതി: വേണ്ട, ഇനി, അറുക്കേണ്ട.

വാസവദത്ത: എന്താണ് തടുക്കുന്നത്?

പത്മാവതി: ആര്യപുത്രൻ ഇവിടെ വന്ന് ഈ പുഷ്പസമൃദ്ധി കണ്ടിട്ട് എന്നെ സമ്മാനിയ്ക്കണം!

വാസവദത്ത: ഭവതിയ്ക്കു പ്രിയൻതന്നെയോ ഭർത്താവ്?

പത്മാവതി: ആര്യേ, അതെനിയ്ക്കറിഞ്ഞുകൂടാ: ആര്യപുത്രനോട പിരിഞ്ഞാൽ എനിയ്ക്കുൽക്കണ്ഠയായി!

വാസവദത്ത: (ആത്മഗതം) ദുഷ്കരമായിട്ടുള്ളതാണ്, ഞാൻ ചെയ്യുന്നത്! ഇവരുംപോലും ഇങ്ങിനെ പറയുന്നു.

ചേടി: കുലീനതയില്ലാത്തതാണ്, കൊച്ചുതമ്പുരാട്ടി അരുളിച്ചെയ്തത്, 'എനിയ്ക്കു പ്രിയൻതന്നെ ഭർത്താവെ'ന്ന്.

പത്മാവതി: എനിയ്ക്കൊരു സംശയമുണ്ട്.

വാസവദത്ത: എന്താണെ,ന്താണ്?

പത്മാവതി: എനിയ്ക്കെങ്ങിനെയോ ആര്യപുത്രൻ, അങ്ങിനെതന്നെയായിരുന്നുവോ ആര്യവാസവദത്തയ്ക്കും എന്ന്.

വാസവദത്ത: ഇതിലുമധികം!

പത്മാവതി: ആര്യയ്ക്കെങ്ങിനെ അറിയാം?

വാസവദത്ത: (ആത്മഗതം) അയ്യോ, ആര്യപുത്രനിലുള്ള കുറനി

* നാനാവർണ്ണത്വം.

Digitized By Kerala Sahitya Akademi

മിത്തം അതിരു കടന്നുപോയി! ആകട്ടെ, ഇങ്ങിനെ പറയാം. (പ്രകാശം) സ്നേഹം കുറച്ചേ ഉള്ളൂ എങ്കിൽ, ആ സ്ത്രീ* സ്വജനങ്ങളെ ഉപേക്ഷിയ്ക്കില്ലല്ലോ.

പത്മാവതി: ശരിതന്നെ.

ചേടി: കൊച്ചുതമ്പുരാട്ടി ഭർത്താവിനോടു വേണ്ടുംവണ്ണം പറയൂ, 'എനിയ്ക്കും വീണവായന അഭ്യസിയ്ക്കണ'മെന്ന്.

പത്മാവതി: ഞാൻ പറഞ്ഞു, ആര്യപുത്രനോട്.

വാസവദത്ത: അപ്പോഴ് അദ്ദേഹം എന്തു പറഞ്ഞു?

പത്മാവതി: ഒന്നും പറഞ്ഞില്ല; ഒരു നെടുവീർപ്പു വിട്ടു മിണ്ടാതിരിയ്ക്കയാണ് ചെയ്തത്.

വാസവദത്ത: അതിൽ എന്താണ് ഭവതി ഊഹിയ്ക്കുന്നത്?

പത്മാവതി: ആര്യവാസവദത്തയുടെ ഗുണങ്ങൾ ഓർത്തിട്ടു ദാക്ഷിണ്യംമൂലം, എന്റെ മുമ്പിൽവെച്ചു കരയാതിരുന്നു എന്നാണ് എന്റെ ഊഹം.

വാസവദത്ത: (ആത്മഗതം) ഇതു വാസ്തവമാണെങ്കിൽ ഞാൻ ഭാഗ്യവതിതന്നെ!

(അനന്തരം രാജാവും വിദൂഷകനും പ്രവേശിയ്ക്കുന്നു.)

വിദൂഷകൻ: അയ്യയ്യോ, നിറയെ ചെമ്പരത്തിപ്പൂക്കൾ കൊഴിഞ്ഞു ചിന്നിച്ചിതറി ചന്തം തിരണ്ട പ്രമദവനം! ഇവിടുന്ന് ഇതിലേ.

രാജാ: സഖേ, വസന്തക, ഞാനിതാ വരുന്നു.

ഞാനന്നുജ്ജയിനീപുരത്തിൽ നടകൊ_
ണ്ടാവന്ത്യസൽപുത്രിയെ_
ക്കണ്ടേതോ ദശ പുക്കപോതു, ഹൃദി ത_
ന്നമ്പഞ്ചുമെയ്യാൻ സ്മരൻ;

* ഇക്കഥ 'പ്രതിജ്ഞായൌഗന്ധരായണ'നാടികയിൽ നോക്കിയറിയണം; ഇതിന്റെ ആറാമങ്കത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ഇന്നു തത്ര തറഞ്ഞുനില്പിതവ മേ!
പിൽപാടുമെല്ലാനവൻ!
പഞ്ചാസ്ത്രൻ സ്മരനെങ്കിലെങ്ങിനെ കട--
ന്നാറാമതെയ്തു ശരം?

വിദൂഷകൻ: എങ്ങോട്ടു പോയി, ശ്രീമതി പത്മാവതി? ലതാമണ്ഡപത്തിൽ പോയിരിക്കുമോ? അതോ, വേങ്ങപ്പൂക്കൾ കൊഴിഞ്ഞുകിടക്കുകയാൽ പുലിത്തോൽ വിരിച്ചപോലുള്ള പർവതതിലകമെന്ന പാറപ്പുറത്തു പോയിരിക്കുമോ? അല്ലെങ്കിൽ, അതിതീക്ഷ്ണഗന്ധമായ ഏഴിലപ്പാലത്തോപ്പിൽ പോയിരിക്കാം; അതല്ലെങ്കിൽ പക്ഷിമൃഗങ്ങളുടെ ചിത്രങ്ങൾ നിറഞ്ഞ * ദാരുപർവതത്തിൽ പോയിരിക്കാം. (മേല്പോട്ടു നോക്കിയിട്ട്) അയ്യയ്യാ, ശരൽക്കാലനിർമ്മലമായ ആകാശത്തു, ബലഭദ്രന്റെ നീട്ടിയ കയ്യെന്നപോലെ ഭംഗിയിൽ സാവധാനമായി പറക്കുന്ന സാരസപംക്തിയെ ഇവിടുന്നു കണ്ടാലും!

രാജാ: തോഴരേ, ഞാൻ കാണുന്നുണ്ട്. ഇത്,

നേർമട്ടിൽ നീണ്ടുമിടവിട്ടു തിരിച്ചിൽതോറും
സപ്തർഷിവക്രവളവാണ്ടുമുയർന്നു താണും,
തൂവെണ്മകൊണ്ടു വളയൂരിയ പാമ്പിനൊത്തു
വാനം പകുക്കുമെതിർ പോലെ വിളങ്ങിടുന്നു. 2

ചേടി: നോക്കു, നോക്കു, കൊച്ചുതമ്പുരാട്ടി, താമരമാലപോലെ വെളുത്തു രമണീയമായി സാവധാനം പറക്കുന്ന സാരസപംക്തിയെ. എയ്, തമ്പുരാൻ!

1. ആവ...ത്രിയെ—അവന്തിരാജാവിന്റെ ശ്രേഷ്ഠപുത്രി (വാസവദത്ത)യെ. ഏതോ ദശ = അനിർവ്വചനീയമായ ഒരവസ്ഥ. ഹൃദി = മാറത്ത്. തത്ര = മാറിൽ.

* മരംകൊണ്ടുണ്ടാക്കിയ പർവ്വതപ്രതിമ; സാവധാനം = സശ്രദ്ധം.

2. നേർമട്ടിൽ = വളവില്ലാതെ. സപ്ത......ളവ് = സപ്തർഷികളെന്ന നക്ഷത്രങ്ങളുടെ നില്പിന്നൊത്ത വളവ്.



Digitized By Kerala Sahitya Akademi

പത്മാവതി: ഓ, ആര്യപുത്രൻ! ആര്യ ഭവതിയ്ക്കുവേണ്ടി ഞാൻ ആര്യപുത്രൻെറ മുമ്പിൽ പോകാതിരിയ്ക്കാം. നമുക്ക് ഈ മാധവീലതാമണ്ഡപത്തിലെയ്ക്കു കടക്കാം.

വാസവദത്ത: അങ്ങിനെതന്നെ.

(ആവിധം ചെയ്യുന്നു)

വിദൂഷകൻ: ശ്രീമതി പത്മാവതി ഇവിടെ വന്നു തിരിയേ പോയിരിയ്ക്കണം.

രാജാ: താൻ എങ്ങിനെ അറിഞ്ഞു?

വിദൂഷകൻ: നോക്കു: ഈ ചെമന്തിച്ചെടികളിൽനിന്നു പൂ പറിച്ചിരിയ്ക്കുന്നു.

രാജാ: അഹോ, പൂവിൻെറ വൈചിത്ര്യം, വസന്തക!

വാസവദത്ത: (ആത്മഗതം) വസന്തകനെന്ന പേർ കേട്ടതിനാൽ, ഞാൻ വീണ്ടും ഉജ്ജയിനിയിലാണെന്നു തോന്നിപ്പോകുന്നു!

രാജാ: വസന്തക, നമുക്ക് ഈ പാറപ്പുറത്തുതന്നെ പത്മാവതിയെ കാത്തിരിയ്ക്കാം.

വിദൂഷകൻ: അങ്ങിനെതന്നെ. (ഇരുന്ന്, എഴുന്നേററിട്ട്) അയ്യയ്യോ, ശരൽക്കാലത്തെ കൊടുവെയിൽ സഹിച്ചുകൂടാ, അതിനാൽ നമുക്ക് ഈ മാധവീമണ്ഡപത്തിൽ ചെന്നിരിയ്ക്കാം.

രാജാ: ഓ: മുമ്പെ നടക്കു.

വിദൂഷകൻ: അങ്ങിനെതന്നെ.

(രണ്ടുപേരും ചുററിനടക്കുന്നു.)

പത്മാ: ഒക്കെത്തകരാറാക്കും, ആര്യവസന്തകൻ! ഇപ്പോഠം എന്തു ചെയ്യേണ്ടു?

ചേടി: കൊച്ചുതമ്പുരാട്ടി, അടിയൻ ഈ വണ്ടുകഠം പററിയിട്ടുള്ള താങ്ങുവള്ളി പിടിച്ചു കലുക്കി, തമ്പുരാൻ ഇങ്ങോട്ടു വരാതാക്കാം.

Digitized By Kerala Sahitya Akademi

പത്മാവതി: അങ്ങിനെ ചെയ്യു.

(ചേടി ആവിധം ചെയ്യുന്നു)

വിദൂഷകൻ: അയ്യോ, അയ്യോ, നില്ക്കണേ, നില്ക്കണേ, ഇവി ടുന്നു്.

വിദൂഷകൻ: തേവിടിശ്ശിമക്കൾ വണ്ടുകൾ എന്നെ ഉപദ്രവി ക്കുന്നു.

രാജാ: എന്താണു്?

രാജാ: വേണ്ടാ, വേണ്ടാ, വണ്ടുകളെ ഇളക്കിക്കൂടാ. നോക്കൂ:

മദനത്തുയിരാന്ന മങ്കമാർമൈ
പുണരും തേൻമദമാണ്ട വണ്ടിനങ്ങൾ
കഴൽവെപ്പൊലി കേട്ടഴന്നു, നാം പോ–
ലിഹ കാന്താവിരാഹാത്തരാകമല്ലോ! 3

അതിനാൽ ഇവിടെത്തന്നെ ഇരിയ്ക്കാം.

വിദൂഷകൻ: അങ്ങിനെയാകട്ടെ.

(രണ്ടുപേരും ഇരിയ്ക്കുന്നു.)

പത്മാവതി: ഭാഗ്യം, ആര്യപുത്രൻെറ ശരീരം മുൻസ്ഥിതിയി ലായി.

ചേടി: കൊച്ചുതമ്പുരാട്ടി. നമ്മൾ തടവിലായിരിയ്ക്കുന്നു. കൊച്ചുതമ്പുരാട്ടി, ആര്യയുടെ കണ്ണിൽനിന്നു കണ്ണീരൊഴ കുന്നുവല്ലോ.

വാസവദത്ത: ഈ വണ്ടുകളുടെ തോന്നിവാസംമൂലം കാശപ്പൂ വിൻപൊടി വന്നു വീണതുകൊണ്ടാണു് എൻെറ കണ്ണിൽ നിന്നു വെള്ളം ചാടിയതു്.

പത്മാവതി: ശരിതന്നെ.

വിദൂഷകൻ: തോഴരേ, ആരുമില്ല ഈ പ്രമദവനത്തിൽ. ഇ വിടുത്തോടു് ഒന്നു ചോദിപ്പാനുണ്ടു്; ചോദിയ്ക്കട്ടെയോ?

3. നാം = ഞാൻ.

Digitized By Kerala Sahitya Akademi

രാജാ: ഇഷ്ടംപോലെ.

വിദൂഷകൻ: ആരാണ് ഭവാന് പ്രിയപ്പെട്ടവൾ, അന്നത്തെ വാസവദത്തയോ, ഇന്നത്തെ പത്മാവതിയോ?

രാജാ: എന്തിനാണ്, താനിപ്പോൾ എന്നെ വലുതായ ബുദ്ധിമാനസങ്കടത്തിലകപ്പെടുത്തുന്നത്?

പത്മാവതി: തോഴി, ആര്യപുത്രനെ എന്തു സങ്കടത്തിലാക്കിക്കളഞ്ഞു!

വാസവദത്ത: (ആത്മഗതം) നിർഭാഗ്യയായ എന്നെയും!

വിദൂഷകൻ: മടിയ്ക്കാതെ പറയാമല്ലോ. ഒരാൾ മരിച്ചു; മറ്റാൾ അടുക്കലില്ലതാനും!

രാജാ: തോഴരേ, ഞാൻ പറയില്ല; താനൊരു വായാടിയാണ്.

പത്മാവതി: ഇത്രയുംകൊണ്ടു പറഞ്ഞുകഴിഞ്ഞു, ആര്യപുത്രൻ.

വിദൂഷകൻ: സത്യത്താണേ, ഞാൻ ആരോടും പറകയില്ല; ഇതാ, എൻെറ നാവു പൂട്ടിയിരിയ്ക്കുന്നു!

രാജാ: തോഴരേ ഞാനാളല്ല പറയാൻ.

പത്മാവതി: അമ്പോ, ഇദ്ദേഹത്തിന്റെ ദോഷൈകദൃഷ്ടിത്വം! ഇത്രയുംകൊണ്ട് ഉള്ളറിഞ്ഞുകൂടയോ?

വിദൂഷകൻ: എന്നോടു പറയില്ലേ? പറയാതെ, ഈ പാറമേൽനിന്ന് ഒരടിപോലും വെയ്ക്കാൻ പാടില്ല; ഇതാ, ഇവിടുത്തെ തടവിലാക്കിയിരിയ്ക്കുന്നു!

രാജാ: ബലാൽക്കാരേണയോ?

വിദൂഷകൻ: അതേ, ബലാൽക്കാരേണ.

രാജാ: എന്നാൽ ഞാനൊന്നു പരീക്ഷിച്ചു നോക്കട്ടെ.

വിദൂഷകൻ: ഇവിടുന്നു പ്രസാദിയ്ക്കണേ, പ്രസാദിയ്ക്കണേ! സൌഹാർദ്ദംകൊണ്ട് അങ്ങയെ ആണയിടുവിയ്ക്കുന്നു, വാസ്തവം പറയില്ലെങ്കിൽ!

രാജാ: എന്തു നിവൃത്തി? കേട്ടുകൊള്ളുക.

പത്മാവതീസുദതി സമ്മതതന്നെ മുററും
മാധുര്യരൂപഗുണശീലഗുണങ്ങളാൽ മേ;

Digitized By Kerala Sahitya Akademi

എന്നാലുമിയ്യിവനു, വാസവദത്തതങ്കൽ--
ഗ്ഗാഢം പതിഞ്ഞ മനമത്ര ഹരിപ്പതില്ല. 4

വാസവദത്ത: (ആത്മഗതം) ആകട്ടെ. ആകട്ടെ: ഈ കഷ്ടപ്പാടിനു കൂലികിട്ടി. അഹോ, ഇവിടത്തെ അജ്ഞാതവാസം കൊണ്ടും വളരെ ഗുണങ്ങളുണ്ട്!

ചേടി: കൊച്ചുതമ്പുരാട്ടി, തമ്പുരാനു * ദാക്ഷിണ്യമില്ല.

പത്മാവതി: അരുത്, അങ്ങിനെ പറയരുത്. ദക്ഷിണൻ തന്നെയാണ് ആര്യപുത്രൻ; ഇപ്പോഴും ആര്യ വാസവദത്തയുടെ ഗുണങ്ങളെ സ്മരിയ്ക്കുന്നുണ്ടല്ലോ.

വാസവദത്ത: ഭദ്രേ, കുലീനതയ്ക്കനുരൂപംതന്നെ അഭിപ്രായപ്പെട്ടത്.

രാജാ: ഞാൻ പറഞ്ഞുവല്ലോ; ഇനി താൻ പറയൂ: ആരിലാണു തനിയ്ക്കു പ്രതിപത്തി—അന്നേത്തെ വാസവദത്തയിലോ, ഇന്നേത്തെ പത്മാവതിയിലോ?

പത്മാവതി: ആര്യപുത്രനും വസന്തകനായിത്തീന്നു!

വിദൂഷകൻ: എന്തിനാണ്, ഞാൻ വല്ലതും പുലമ്പുന്നത്? തത്രഭവതിമാരിരുവരിലും എനിയ്ക്കു ബഹുമാനമുണ്ട്.

രാജാ: മൂർഖ, എന്നെക്കൊണ്ടു ബലാൽക്കാരേണ പറയിച്ചിട്ടു, താനിപ്പോഴം മിണ്ടാത്തതെന്താണ്?

വിദൂഷകൻ: എന്നോടും ബലാൽക്കാരംതന്നെയോ?

രാജാ: അതേ, ബലാൽക്കാരംതന്നെ.

വിദൂഷകൻ: എന്നാൽ കേൾക്കാൻ തരമാവില്ല!

രാജാ: മഹാബ്രാഹ്മണൻ പ്രസാദിയ്ക്കുണേ, പ്രസാദിയ്ക്കുണേ! പറയൂ, പറയൂ, മടിയ്ക്കാതെ.

വിദൂഷകൻ: ഇവിടുന്നു കേട്ടുകൊൾക: തത്രഭവതി വാസവദത്തയുടെ പേരിലാണ് എനിയ്ക്കേറെ പ്രീതി. ശ്രീമതി

4. ഹരിയ്ക്കുക = ആകർഷിയ്ക്കുക.
* ദാക്ഷിണ്യം = പരാഭിപ്രായാനുവത്തിത്വം.

Digitized By Kerala Sahitya Akademi

പത്മാവതി ചെറുപ്പക്കാരിയാണ്, സുന്ദരിയാണ്; അരിശമില്ല, അഹംമതിയില്ല; ഭംഗിയിൽ സംസാരിക്കും. ദാക്ഷിണ്യവുമുണ്ട്". എന്നാൽ വാസവദത്തയ്ക്ക് മറ്റൊരു വലിയ ഗുണംകൂടിയുണ്ട്: സ്നിഗ്ദ്ധമായ ഭോജനവുംകൊണ്ട് എന്നെ അന്വേഷിച്ചു നടക്കും—'എവിടെപ്പോയീ, ആര്യവസന്തകൻ' എന്നിങ്ങിനെ!

വാസവദത്ത: (ആത്മഗതം) ആകട്ടെ, ആകട്ടെ, വസന്തക! ഇനിയും ഇവളെ ഓർമ്മിക്കുക.

രാജാ: ഇരിക്കട്ടെ, വസന്തക; ഇതൊക്കെയും ഞാൻ വാസവദത്താദേവിയോടു പറയും.

വിദൂഷകൻ: അയ്യോ, വാസവദത്തയോ! എവിടെയാണ് വാസവദത്ത? വളരെ ദിവസമായല്ലോ, വാസവദത്ത മൃതിപ്പെട്ടിട്ട്!

രാജാ: (വിഷാദത്തോടുകൂടി) ശരിതന്നെ, വാസവദത്ത മരിച്ചുപോയി!

ഈ നേരംപോക്കിലെന്നുടക്കാ-
മ്പൊന്നിളക്കിമറിച്ചു താൻ;
അതിനാൽ, മുമ്പു ശീലിച്ച
വാക്കിതാ മട്ടദിച്ചുപോയ്. 5

പത്മാവതി: രസം പിടിപ്പിച്ച സംസാരം ദുഷ്ടൻ നിറുത്തിച്ചുകളഞ്ഞു!

വാസവദത്ത: (ആത്മഗതം) എനിക്കു തികച്ചും വിശ്വസിക്കാം. ഹാ, ഈ മാതിരി പ്രിയവചനം അപ്രത്യക്ഷമായി കേട്ടുവല്ലോ!

വിദൂഷകൻ: ഭവാൻ ആശ്വസിക്കണേ! ആശ്വസിക്കണേ! അലംഘനീയമാണല്ലൊ, ദൈവഗതി. ഇപ്പോഴം ഇതിങ്ങിനെ!

രാജാ: തോഴരേ, അവസ്ഥ തനിക്കറിഞ്ഞുകൂടാ:

5. താൻ = ഭവാൻ.

Digitized By Kerala Sahitya Akademi

അഴൽ കളയുവാനത്രേ പ്രേമത്തെ
നട്ടവളർത്തി ഞാൻ;
അതിലുമൊഴിയാതെൻമാലോ,ർത്താത്തഹോ,
പുതുതാകയാം;
ഉലകിലെ നടപ്പേ,വം കണ്ണീരു വാർത്തു
കടങ്ങറം തീ-
ർത്തുപശമമകക്കാമ്പിന്നുണ്ടാക്കുകെ-
ന്നതുതാൻ ദൃഢം. 6

വിദൂഷകൻ: ഇവിടുത്തെ മുഖം കണ്ണുനീരൊലിച്ചു നനഞ്ഞിരി ക്കുന്നു; ഞാൻ കഴുകാൻ വെള്ളം കൊണ്ടുവരാം.

(പോയി)

പത്മാവതി: ആര്യേ, കണ്ണീരാകുന്ന വസ്ത്രത്താൽ മൂടപ്പെട്ടിരിക്കു ന്നു, ആര്യപുത്രൻെറ മുഖം; നമുക്കു പോവുക!

വാസവദത്ത: അങ്ങിനെതന്നെ; അല്ല ഭവതി നില്ക്കൂ. ഉൽക്ക ണ്ഠിതനായ ഭർത്താവിനെ വിട്ടുപോയ്ക്കൂടാ. ഞാൻ മാത്രം പോകാം.

ചേടി: ശരിയാണാര്യ പറഞ്ഞത്, കൊച്ചുതമ്പുരാട്ടി അടുത്തു ചെല്ലൂ.

പത്മാവതി: ഞാൻ അങ്ങോട്ടു ചെല്ലട്ടെയോ?

വാസവദത്ത: ചെല്ലൂ.

(പോയി)

വിദൂഷകൻ: (താമരയിലയിൽ വെള്ളംകൊണ്ടു പ്രവേശിച്ച്) ഇതാ, തത്രഭവതി പത്മാവതി.

പത്മാവതി: ആര്യവസന്തക, എന്താണിത്?

വിദൂഷകൻ: ഇത്, ഇത്! ഇതിത്!

6. പ്രേമം—പത്മാവതീവിഷയകമായ അനുരാഗം. അതിലുമൊഴി യാതെ = അതുകൊണ്ടും ശമിക്കാതെ. കടങ്ങൾ = മരിച്ചുപോയ പ്രിയജന ത്തോടുള്ള കടപ്പാടുകൾ. ഉപശമം = സ്വാസ്ഥ്യം.

Digitized By Kerala Sahitya Akademi

പത്മാവതി: പറയൂ പറയൂ, ആര്യൻ പറയൂ,

വിദൂഷകൻ: ദേവി, കാററത്തു കാശപ്പൂവിൻപൊടി കണ്ണിൽ വന്നു വീണതിനാൽ അവിടുത്തെ മുഖത്തു കണ്ണീരൊലിച്ചു പോയി. അതിനാൽ മുഖം കഴുകാനുള്ള വെള്ളമാണിത്; ഭവതി വാങ്ങിക്കൊടുക്ക.

പത്മാവതി: (ആത്മഗതം) അമ്പോ, ദാക്ഷിണ്യശീലന്റെ പരിജനത്തിന്നും ദാക്ഷിണ്യമുണ്ടാവും! (അടുത്തു ചെന്നു, പ്രകാശം) ആര്യപുത്രൻ ജയിക്കട്ടെ, ഇതാ, മുഖം കഴുകാൻ വെള്ളം.

രാജാ: ഏയ്, പത്മാവതി- (ഗൂഢമായിട്ട്) വസന്തക, എന്താണിത്?

വിദൂഷകൻ: (ചെവിയിൽ) ഇങ്ങിനെ പറയാം.

രാജാവ്: (ഗൂഢമായി) കൊള്ളാം; വസന്തക കൊള്ളാം! (മുഖം കഴുകിയിട്ട്) പത്മാവതി ഇരിക്കൂ.

പത്മാവതി: ആര്യപുത്രൻ ആജ്ഞാപിക്കുന്നതുപോലെ. (ഇരിക്കുന്നു.)

രാജാ: പത്മാവതി,

കാന്ത്യാ ശരച്ചന്ദ്രനു തുല്യമായ
കാശച്ചെടിപ്പൂംപൊടിയൊട്ടിദാനീം
കാററിൽപ്പറന്നക്ഷിയിൽ വീഴ്കയാലേ
കല്യാണി,കണ്ണീരിതൊലിച്ചുപോയ് മേ: 7

(ആത്മഗതം)

നവോഢയിപ്പെൺകൊടി നേരറിഞ്ഞാൽ
ധ്രുവം മനോവേദന പൂണ്ടുപോകും;
ധീരത്വമുണ്ടിസ്സുദതിക്കു: പക്ഷേ,
നാരീസ്വഭാവം ഭയകംപ്രമല്ലോ! 8

7. കാന്ത്യാ = ശോഭ (വണ്ണം)കൊണ്ട്. കാശം = കുതിരവാൽപ്പുല്ല്. അക്ഷി = കണ്ണ്.

8. നവോഢ = വേൾക്കപ്പെട്ടിട്ട് ഏറെ നാളായിട്ടില്ലാത്തവൾ. ധ്രുവം = തീർച്ചയായും. ഭയകംപ്രം = ഭയത്താൽ ചഞ്ചലം.

Digitized By Kerala Sahitya Akademi

വിദൂഷകൻ: ശ്രീമാൻ മഗധരാജാവ് അങ്ങയെ മുൻനിൎത്തിയാണല്ലോ, വൈകുന്നേരം സുഹൃത്തുക്കളെ കാണുക പതിവ്. സൽക്കാരം സൽക്കാരത്തോടേ സ്വീകരിയ്ക്കപ്പെട്ടാലേ സന്തോഷകരമാകൂ. അതിനാൽ ഭവാൻ എഴുന്നേററാലും-

രാജാ: അങ്ങിനെതന്നെ; ഉത്തമപക്ഷം.

സത്താകുമോരോ ഗുണവും മികച്ച
സൽക്കാരവും പ്രത്യഹമാചരിപ്പോർ
ധാരാളമുണ്ടാമുലകിങ്കലെ;-ന്നാൽ
നേരായതുൾക്കൊണ്ടറിവോർ ചുരുങ്ങും! 9

(എല്ലാവരും പോയി)

നാലാമങ്കം

9. പ്രത്യഹം = നാൾതോറും. നേരായ് = ശരിയ്ക്ക്. അത് = ഗുണവും (ഉപകാരവും) സൽക്കാരവും. ഉൾക്കൊണ്ടറിവോർ = അറിഞ്ഞാദരിയ്ക്കുന്നവർ എന്നു സാരം.



Digitized By Kerala Sahitya Akademi

# അഞ്ചാമങ്കം

(അനന്തരം പത്മിനിക പ്രവേശിക്കുന്നു.)

പത്മിനിക: മധുകരികേ, മധുകരികേ, വേഗം വരു.

മധുകരിക: (പ്രവേശിച്ച്) തോഴീ, ഇതാ ഞാൻ; എന്തു വേണം?

പത്മിനിക: നീയറിഞ്ഞില്ലയോ, പത്മാവതിക്കൊച്ചുതമ്പുരാട്ടിക്കു തലവേദനയാണെന്ന്?

മധുകരിക: അയ്യോ!

പത്മിനിക: വേഗം ചെന്ന്, ആര്യ ആവന്തികയെ വിളിക്കു. കൊച്ചുതമ്പുരാട്ടിക്ക് തലവേദനയാണെന്ന് അറിയിക്കു മാത്രം ചെയ്താൽ മതി; എന്നാൽ വന്നുകൊള്ളും.

മധുകരിക: തോഴീ, അവരെന്തു ചെയ്യാനാണ്?

പത്മിനിക: അവർ നല്ല നല്ല കഥ പറഞ്ഞു, കൊച്ചുതമ്പുരാട്ടിയുടെ തലവേദന മാററും.

മധുകരിക: എവിടെയാണ് കൊച്ചുതമ്പുരാട്ടിക്കു പള്ളിക്കിടക്കു വിരിച്ചിരിക്കുന്നത്?

പത്മിനിക: * സമുദ്രഗൃഹത്തിലാണ് പള്ളിമെത്ത വിരിച്ചിരിക്കുന്നത്. നീ ചെല്ലു. ഞാനും തമ്പുരാനെ അറിയിപ്പാൻ ആര്യവസന്തകനെ അന്വേഷിക്കും.

മധുകരിക: അങ്ങിനെതന്നെ.

(പോയി)

പത്മിനിക: ഇപ്പോഴാം ആര്യവസന്തകനെ എവിടെ കണ്ടെത്തും?

* സമുദ്രഗൃഹം = ജലാശയമദ്ധ്യത്തിലായി വിശ്രമാർത്ഥം ഉണ്ടാക്കുന്ന ഗൃഹം.

Digitized By Kerala Sahitya Akademi

(പിന്നെ വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ: ദേവീവിരഹത്താൽ വിധുരനായിരിക്കെ, അതി സുഖാവഹമായ മംഗളോത്സവത്തിൽവെച്ചു പത്മാവതിയെ വേട്ടതിനാൽ വിഷയോന്മുഖനായിത്തീർന്ന വത്സരാജൻതിരുമേനിക്കു കാമാഗ്നിതാപം വളരെ വർദ്ധിച്ചു വരുന്നു! (പത്മിനിയെ കണ്ടിട്ട്) ഏയ്,പത്മിനിക! പത്മിനികേ, എന്താണിവിടെ നിൽക്കുന്നത്?

പത്മിനിക: ആര്യ, വസന്തക, അങ്ങറിഞ്ഞില്ലയോ പത്മാവതിക്കൊച്ചുതമ്പുരാട്ടിക്കു തലവേദനയാണെന്ന്?

വിദൂഷകൻ: ഭദ്രേ, സത്യമായിട്ടും, ഞാനറിഞ്ഞില്ല!

പത്മിനിക: എന്നാൽ, ഇതു തമ്പുരാനെ അറിയിക്കൂ. ഞാൻ ഭവഗത്തിൽ നെററിക്കിടാനുള്ള മരുന്നു തെയ്യാറാക്കാം.

വിദൂഷകൻ: എവിടെയാണ്, പത്മാവതിക്കു കിടക്കു വിരിച്ചിട്ടുള്ളത്?

പത്മിനിക: സമുദ്രഗൃഹത്തിലാണ്, പള്ളിമെത്ത വിരിച്ചിരിക്കുന്നത്.

വിദൂഷകൻ: ഭവതി പൊയ്ക്കൊള്ളൂ. ഞാൻ അവിടുത്തെ അറിയിക്കാം.

(രണ്ടുപേരും പോയി.)

പ്രവേശകം

(അനന്തരം രാജാവു പ്രവേശിക്കുന്നു.)

രാജാ:

ശ്ലാഘാർഹയാളവളവന്തിപനൊത്ത പുത്രി,
ലാവാണകത്തിലെരിതീ പിടിപെട്ടമൂലം
മഞ്ഞേററ പത്മിനി കണക്കു മുടിഞ്ഞതോർപ്പു,
കാലക്രമാലിതരനാരിയെ വേൾക്കിലും ഞാൻ! 1

1. അവ................പുത്രി = അവന്തിരാജാവിന്നനുരൂപയായ മകൾ. ഇതരനാരി = മറെറാരു സ്ത്രീ.

Digitized By Kerala Sahitya Akademi

വിദൂഷകൻ: (പ്രവേശിച്ച്) ഇവിടുന്നു വേഗം വരു, വേഗം വരു.

രാജാ: എന്തിന്?

വിദൂഷകൻ: തത്രഭവതി പത്മാവതിക്കു തലവേദനയാണ്,

രാജാ: ആരു പറഞ്ഞു?

വിദൂഷകൻ: പത്മിനിക പറഞ്ഞു.

രാജാ: ഹാ, കഷ്ടം:

രൂപശ്രീയും രുചിരഗുണവും
ചേരുമാരോമലാളെ
പ്രാപിച്ചിട്ടാണ് ഴൽ മമ കുറ-
ച്ചാറിയെന്നായതിപ്പോഠം;
മുൻതല്ലാൽ നൊന്തഴലനുഭവി-
ച്ചീടിനേനെങ്കിലും ഞാൻ
ശ്രീമൽപത്മാവതിയെയുമതേ-
മട്ടിലല്ലോ ഗണിപ്പൂ! 2

പത്മാവതി: എവിടെയാണ്?

വിദൂഷകൻ: സമുദ്രഗൃഹത്തിലാണ് കിടക്ക വിരിച്ചിരിക്കുന്നത്.

രാജാ: എന്നാൽ, അങ്ങോട്ടു വഴി കാണിക്കൂ.

വിദൂഷകൻ: ഇവിടുന്ന് ഇതിലേ, ഇതിലേ.

(രണ്ടുപേരും ചുറ്റിനടക്കുന്നു.)

വിദൂഷകൻ: ഇതാ, സമുദ്രഗൃഹം; അങ്ങോട്ടു കടക്കാം.

രാജാ: മുമ്പേ കടക്കു.

2. അതേമട്ടിൽ = വാസവദത്തയെ എന്നപോലെതന്നെ. അതിരേറ്റ സ്നേഹംമൂലം ഒരടി (വാസവദത്താനാശം) ഏററുവെങ്കിലും, പത്മാവതിയെയും ഞാൻ അത്ര സ്നേഹിക്കുന്നുണ്ട്. അതിനാൽ അവളുടെ അസ്വാസ്ഥ്യം അനർത്ഥാന്തര ശങ്കയെ ജനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

വിദൂഷകൻ: അങ്ങിനെതന്നെ. (കടന്നിട്ട്) അയ്യോ, ഇവി ടുന്നു നില്ക്കണേ.

രാജാ: എന്താണ്?

വിദൂഷകൻ: ഇതാ വെളിച്ചത്തു കുറേശ്ശ കാണുന്നുണ്ട്. ഒരു സർപ്പം നിലത്തു കിടന്നുഴയ്ക്കുന്നു!

രാജാ: (കടന്നുനോക്കിയിട്ട്, പുഞ്ചിരിയോടുകൂടി) അമ്പോ, വിഡ്ഢ്യാൻ പാമ്പിനേ കണ്ടത്!

നേർമട്ടിൽ നീണ്ട മുഖതോരണമാല പാറി–
പ്പാരിൽപ്പതിച്ചതറുവിഡ്ഢി, നിനക്കു പാമ്പായ്!
രാക്കൊച്ചുകാററിലുലയുന്നതുമൂലമാണി–
തൊട്ടൊട്ടു കാട്ടുവതു പന്നഗചേഷ്ടിതങ്ങൾ. 3

വിദൂഷകൻ: (നല്ലവണ്ണം നോക്കിയിട്ട്) ശരിയാണ്, ഭവാൻ പറഞ്ഞത്: ഇതു പാമ്പല്ല (അകത്തുകടന്നുനോക്കിയിട്ട്) തത്രഭവതി പത്മാവതി ഇവിടെനിന്നു പോയിരിക്കാം.

രാജാ: തോഴരേ, വന്നിരിക്കയില്ല.

വിദൂഷകൻ: എങ്ങിനെ ഇവിടുന്നറിഞ്ഞു?

രാജാ: എന്താണതിൽ അറിയാൻ; നോക്കു:

താന്നിട്ടില്ല, നിരപ്പിലാം വിരി ചുളി–
ഞ്ഞിട്ടില്ല പൂമെത്തമേൽ;
നെററിക്കിട്ട മരുന്നു പററിയൊരഴു–
ക്കില്ലാ തലേണക്കുമേൽ;
രോഗിക്കീക്ഷണകൌതുകത്തിനുളവാ–
ക്കീട്ടില്ല നന്മോടിയും;
രോഗം പെട്ടു കിടന്നകൂട്ടർ ശയനം
ചിക്കെന്നു കൈവിട്ടിടാ. 4

3. മുഖം = ഗൃഹത്തിൻെറ മുൻവശം. പതിക്കുക = വീഴുക. പന്നഗം = പാമ്പ്.

4. ഈക്ഷണകൌതുകത്തിന്നു = വേദനയറിയാതിരിക്കുമാറു നോക്കി രസിപ്പാൻ.

Digitized By Kerala Sahitya Akademi

വിദൂഷകൻ: എന്നാൽ ഇവിടുന്ന് ഈ കിടക്കമേൽ കുറേനേരം തത്രഭവതിയെ കാത്തിരിക്കു-

രാജാ: അങ്ങിനെതന്നെ. (ഇരുന്നിട്ട്) തോഴരേ, എനിക്കുറക്കം വരുന്നു; ഒരു കഥ പറയൂ.

വിദൂഷകൻ: ഞാൻ പറയാം; ഇവിടുന്നു മൂളിക്കൊള്ളുക.

രാജാ: ഓ.

വിദൂഷകൻ: ഉജ്ജയിനി എന്നൊരു നഗരമുണ്ട്; അവിടെ അതിരമണീയങ്ങളായ * കുളിക്കടവുകളുണ്ട്.

രാജാ: എന്ത്, ഉജ്ജയിനിയോ?

വിദൂഷകൻ: ഈ കഥ പററിയില്ലെങ്കിൽ വേറെയൊന്നുപറയാം.

രാജാ: തോഴരേ, ഈ കഥ പററായ്കയില്ല. പക്ഷേ,

യാത്രാന്തരേ ബാന്ധവരെ സ്മരിച്ചി-
ട്ടവന്തിരാജാത്മജ സൌഹൃദത്താൽ
കണ്ണിൻെറയററത്തു നിറഞ്ഞ ബാഷ്പ-
മെൻനെഞ്ചിലേ തൂകിയതോർത്തിടുന്നേൻ. 5

എന്നുമാത്രമല്ല,

പഠിപ്പിക്കെ,പ്പലപ്പോഴ-
മെന്നെ വീക്ഷിച്ചുകൊണ്ടവൾ
അഴഞ്ഞ കൈത്തളിർക്കോലാ-
ലാകാശം ഹന്ത മീട്ടിനാൾ! 6

* കുളിക്കടവുകൾ = സ്നാനഘട്ടങ്ങൾ.

5. യാത്രാന്തരേ = അച്ഛനമ്മമാരെക്കൂടി വെടിഞ്ഞ് എൻെറ കൂടെ പോരുന്ന അവസരത്തിൽ. അവന്തിരാജാത്മജ = വാസവദത്ത. സൌഹൃദം = സ്നേഹം. എൻനെഞ്ചിലേ = എൻെറ മാറിൽത്തന്നെ.

6. പഠിപ്പിക്കെ = വീണവായന അഭ്യസിപ്പിക്കുമ്പോൾ. വീക്ഷിക്കുക = നോക്കുക. അഴ.........ക്കോലാൽ = മനസ്സു മറെറാരേടത്താകയാൽ കൈപ്പിടുത്തം അഴഞ്ഞ വായനക്കോൽ (വീണാവാദനദണ്ഡം) കൊണ്ട്. ആകാ...ട്ടിനാൾ = വീണയ്ക്കു പകരം ആകാശ (ശൂന്യസ്ഥല)ത്തെ മീട്ടി.

Digitized By Kerala Sahitya Akademi

വിദൂഷകൻ: ആകട്ടെ, വേറെ പറയാം. ബ്രഹ്മദത്തം എന്നൊരു നഗരം; അവിടെ കാമ്പില്യൻ എന്നൊരു രാജാവ്.

രാജാ: എന്തെന്ന്, എന്തെന്ന്?

(വിദൂഷകൻ അതുതന്നെ വീണ്ടും പറയുന്നു)

രാജാ: വിഡ്ഢീ, രാജാവു ബ്രഹ്മദത്തൻ, നഗരം കാമ്പില്യം എന്നു പറയുക.

വിദൂഷകൻ: രാജാവു ബ്രഹ്മദത്തനും, നഗരം കാമ്പില്യവുമോ?

രാജാ: അങ്ങിനെതന്നെ.

വിദൂഷകൻ: എന്നാൽ, ഇവിടുന്ന് ഇത്തിരിനേരം ക്ഷമിയ്ക്കുക. ഞാൻ ഇത് ഉരുവിട്ടുറപ്പിയ്ക്കട്ടെ: രാജാവു ബ്രഹ്മദത്തൻ! നഗരം കാമ്പില്യം. (ഇങ്ങിനെ പലവുരു അതുതന്നെ ഉച്ചരിച്ചിട്ട്) ഇനി കേട്ടുകൊള്ളുക. അല്ലാ, അവിടുന്നുറങ്ങി. നല്ല തണുപ്പുണ്ടിപ്പോഴ്; എന്റെ പുതപ്പെടുത്തു കൊണ്ടുവരിക തന്നെ.

(പോയി)

[പിന്നെ വാസവദത്തയും ചേടിയും പ്രവേശിയ്ക്കുന്നു.]

ചേടി: ആര്യ ഇതിലേ, ഇതിലേ. കൊച്ചുതമ്പുരാട്ടിയ്ക്കു വല്ലാതെയുണ്ട് തലവേദന.

വാസവദത്ത: കഷ്ടംതന്നെ. എവിടെയാണ്, പത്മാവതിയ്ക്കു കിടക്കു വിരിച്ചിരിയ്ക്കുന്നത്?

ചേടി: സമുദ്രഗൃഹത്തിലാണ് പള്ളിമെത്ത വിരിച്ചിട്ടുള്ളത്.

വാസവദത്ത: എന്നാൽ മുമ്പേ നടക്കു.

(രണ്ടു പേരും ചുററിനടക്കുന്നു)

ചേടി: ഇതാ സമുദ്രഗൃഹം; ആര്യ അങ്ങോട്ടു ചെല്ലു. ഞാൻ അതിവേഗത്തിൽ നെററിയ്ക്കിടാനുള്ള മരുന്നുകൊണ്ടുവരാം.

(പോയി)

വാസവദത്ത: ഹാ, ഈശ്വരന്മാർക്ക് എന്റെ പേരിൽ ഒട്ടും ദയയില്ല: വിരഹോൽക്കണ്ഠിതനായ ആര്യപുത്രനു വ

Digitized By Kerala Sahitya Akademi

ശ്രമാസ്പദമായിരിയ്ക്കുന്ന പത്മാവതിയ്ക്കും അസ്വാസ്ഥ്യം നേരിട്ടുവല്ലോ! അകത്തേയ്ക്കു കടക്കുക തന്നെ. (കടന്നുനോക്കിയിട്ട്) അയ്യോ, പരിജനങ്ങളുടെ പ്രമാദം: അസ്വസ്ഥയായ പത്മാവതിയുടെ അടുക്കൽ വിളക്കുമാത്രം വെച്ച് എല്ലാവരും വിട്ടുപോയിരിയ്ക്കുന്നു. ഇതാ, പത്മാവതി ഉറങ്ങുകയാണ്; ഇവിടെ ഇരിയ്ക്കുകതന്നെ! ഓ, വേറെ ഇരിപ്പിടത്തിലിരുന്നാൽ സ്നേഹം കുറഞ്ഞതായിതോന്നും; അതിനാൽ ഈ കിടയ്ക്കമേൽത്തന്നെ ഇരിയ്ക്കാം. (ഇരുന്നിട്ട്) എന്തുകൊണ്ടാണ്, ഇന്ന് ഇവളുടെ അടുക്കലിരുന്നപ്പോടം എന്റെ മനസ്സിന്ന് വിശേഷിച്ചൊരു കുളിർമ തോന്നുന്നത്? ഭാഗ്യം, തടവില്ലാതേയും സുഖമായുമാണ്, ശ്വാസം! ദീനം മാറിയിരിയ്ക്കണം. അല്ലെങ്കിൽ കിടയ്ക്കയുടെ ഒരു ഭാഗം ഒഴിച്ചിട്ടിരിയ്ക്കുന്നത് ഞാൻ പിടിച്ചുപൂട്ടാൻ വേണ്ടിയാണെന്നു തോന്നുന്നു. കിടക്കുകതന്നെ. (കിടക്കുന്നു)

രാജാ: (സ്വപ്നം കാണുന്നു) ഹാ, വാസവദത്തേ!

വാസവദത്ത: (പിടഞ്ഞെഴുന്നേററ്) ഹാ, ആര്യപുത്രനാണ്! പത്മാവതിയല്ല. എന്നെ കണ്ടുപോയോ? കണ്ടാൽ, ആര്യയൌഗന്ധരായണന്റെ മഹത്തായ പ്രതിജ്ഞാഭാരം നിഷ്ഫലമായിപ്പോകുമല്ലോ!

രാജാ: ഹാ, അവന്തിരാജപുത്രി!

വാസവദത്ത: ഭാഗ്യം സ്വപ്നം കാണുകയാണ് ആര്യപുത്രൻ! ഇവിടെ ആരുമില്ലല്ലോ; കുറച്ചുനേരംനിന്നു കണ്ണും കരളും കുളിർപ്പിയ്ക്കാം.

രാജാ: ഹാ, പ്രിയേ, ഹാ, പ്രിയശിഷ്യേ, വിളികേട്ടാലും!

വാസവദത്ത: വിളികേൾക്കാം, പ്രാണനാഥ; വിളികേൾക്കാം.

രാജാ: ഭവതി കോപിച്ചിരിയ്ക്കയാണ്.

വാസവദത്ത: അല്ല, അല്ല, ദുഃഖിച്ചിരിയ്ക്കയാണ്.

രാജാ: കോപിച്ചിട്ടില്ലെങ്കിൽ ആഭരണമണിയാത്തതെന്തുകൊണ്ട്?

രാജാ: * വിരചികയെ സ്മരിയ്ക്കയാണോ?

* വാസവദത്തയ്ക്കു സപത്നിപോലുള്ള ഒരു 'വെപ്പാട്ടി' യാണ് വിരചിക; ഇവളുടെ കഥ 'കഥാസരിത്സാഗര'ത്തിലുണ്ട്.

Digitized By Kerala Sahitya Akademi

വാസവദത്ത: (കോപത്തോടുകൂടി) ആ പോവൂ! ഇവിടെയും വിരചികയോ?

രാജാ: എന്നാൽ വിരചികയ്ക്കുവേണ്ടി ഞാൻ ഭവതിയെ പ്രസാദിപ്പിക്കുന്നു.

(കൈകൾ നീട്ടുന്നു)

വാസവദത്ത: കുറെ നേരമായി, ഞാൻ ഇവിടെ നില്ക്കുന്നു; ആരെങ്കിലും കണ്ടാലോ! പോകതന്നെ; അല്ലെങ്കിൽ, കിടക്കമേൽനിന്നു ചാഞ്ഞുകിടക്കുന്ന ആര്യപുത്രന്റെ കയ്യു കിടക്കമേൽ എടുത്തുവെച്ചു പോയ്ക്കളയാം.

(ആ വിധം ചെയ്തിട്ട് പോയി)

രാജാ: (പെട്ടെന്നെഴുന്നേററ്)വാസവദത്തേ. നില്ക്കു, നില്ക്കു: ഹാ, കഷ്ടം!

വെമ്പി വെളിയ്ക്കു കടക്കെ—
ക്കട്ടിലമേൽച്ചെന്നലച്ചിതെൻഗാത്രം:
അതിനാൽ വെളിവായറിവീ—
ലി,തു വാസ്തവമോ വൃഥാനിനവോ? 7

വിദൂഷകൻ: (പ്രവേശിച്ച്) എയ്, അവിടുന്നുണർന്നിരിക്കുന്നു.

രാജാ: തോഴരേ, ഞാൻ സന്തോഷവർത്തമാനം അറിയിക്കാം! വാസവദത്ത ജീവിച്ചിരിപ്പുണ്ട്!

വിദൂഷകൻ: അയ്യോ, വാസവദത്തയോ! എവിടെ വാസവദത്ത? വളരെ നാളായല്ലോ, വാസവദത്ത മരിച്ചിട്ട്.

രാജാ: തോഴരേ, ഇല്ലി,ല്ല.

കിടന്നുറങ്ങുംപൊഴുതെന്നെ വന്നി—
ട്ടുണർത്തിയുംവെച്ചവരാം നിർഗ്ഗമിച്ചാരം;

7. വൃഥാനിനവ് = വെറുതെ തോന്നൽ.



Digitized By Kerala Sahitya Akademi

എറിഞ്ഞുപോയെന്നു പുരാ രുമണ്വാൻ
പറഞ്ഞതല്ലോ, ശരിവെച്ചുപോയ് ഞാൻ! 8

വിദൂഷകൻ: ഇതു സംഭവിച്ചുകൂടാത്തതല്ല. കളിക്കടെവെന്നു കേട്ടതിനാൽ, ഭവാൻ തത്രഭവതിയെ വിചാരിച്ചു കിടക്കുന്നതുകൊണ്ടു സ്വപ്നത്തിൽ കണ്ടതായിരിയ്ക്കും.

രാജാ: വെറും കിനാവാണിതു നൂനമെങ്കി-
ലിങ്ങെത്രമേൽ നന്നുണരാതിരിയ്ക്കൽ!
അതല്ല, ചിത്തഭ്രമമാണിതെങ്കിൽ,-
ച്ചിത്തഭ്രമം മേ നിലനില്ക്ക, നീണാൾ! 9

വിദൂഷകൻ: അങ്ങയെ ആളുകൾ അപഹസിപ്പാനിടവരുത്തരുതേ! ഈ അരമനയിൽ അവന്തിസുന്ദരി എന്നൊരു യക്ഷി പാർപ്പുണ്ട്; അതിനെയായിരിയ്ക്കും, അങ്ങു കണ്ടത്.

രാജാ: അല്ലല്ല,

സ്വപ്നാവസാനത്തിലുണർന്നപോതു ഞാൻ
ചാരിത്രസംരക്ഷിണിതൻ മുഖാബ്ജവും
കണ്ടേൻ, കരികാറളകങ്ങൾ നീണ്ടതായ്-
ക്കണ്ണോടു ശുദ്ധയ്ക്കണി വേർപിരിഞ്ഞതായ്! 10

അത്രതന്നെയല്ല; സഖേ, നോക്കു, നോക്കു:

ഇടരിയലിന നെഞ്ചിടിപ്പൊടെൻ
മടവയർമൌലി പിടിച്ച കയ്യിതാ,
തൊടലതൊരു കിനാവിലെങ്കിലും
സ്ഫുടപുളകം വെടിയുന്നതില്ല മേ! 11

8. നിഷ്ക്രമിയ്ക്ക = പുറത്തേയ്ക്കു പോവുക.

10. ചാരി...ക്ഷിണി = പാതിവ്രത്യം രക്ഷിയ്ക്കുന്നവൾ. കണ്ണോ...ഞ്ഞതായ് = കണ്ണിൽ മഷിയെഴുതിയിട്ടില്ലാത്തതായ്.

11. സ്ഫുടപുളകം = സ്പഷ്ടമായ രോമാഞ്ചം.

Digitized By Kerala Sahitya Akademi

വിദൂഷകൻ: ഇവിടുന്നു വേണ്ടാത്തതൊന്നും വിചാരിക്കില്ലല്ലോ! വരൂ, വരൂ; നമുക്കു നാലുകെട്ടിലേക്കു പോകാം.

ഒരു ഹരിക്കാരൻ: (പ്രവേശിച്ച്) * ആര്യപുത്രൻ വിജയീഭവിക്കട്ടെ! ഞങ്ങളുടെ ദർശകമഹാരാജാവ് ഇവിടുത്തോടു പറയുന്നു: അങ്ങയുടെ മന്ത്രി രുമണ്വാൻ ഒരു വലിയ സൈന്യത്തെ ശേഖരിച്ച്, ആരുണിയോടു യുദ്ധം ചെയ്‌വാനൊരുങ്ങിയിട്ടുണ്ട്; എന്റെ വക ആന-തേർ-കുതിര-കാലാൾപ്പടകളും തെയ്യാറായിരിക്കുന്നു; അതിനാൽ ഭവാൻ പുറപ്പെട്ടാലും. അത്രതന്നെയല്ല,

മാററാരിൽച്ഛിദ്രമേററീ; തവ ഗുണപരരാം
    പൌരരെ പ്രീതരാക്കീ;
സാധിച്ചേൻ ത്വൽപ്രയാണത്തിനു സമുചിതമാം
    പാർഷ്ണിസംശുദ്ധിയും ഞാൻ;
ഓരോന്നും ചെയ്തുവെച്ചേനരികുലമഥന-
    ത്തിന്നു വേണ്ടുന്ന കൃത്യം;
പിന്നിട്ടു സേന ഗംഗാനദിയെയു—മയി, നിൻ-
    കയ്യിലായ് വത്സരാജ്യം! 12

എന്ന്

രാജാ: (എഴുന്നേററിട്ട്) അങ്ങിനെതന്നെ, ഇതാ.

വിരവൊടു ചെന്നണഞ്ഞു മടിയാതെ മുടിക്കുവനാ,
നിരവധിദാരുണപ്രണിയിൽ വമ്പെഴമാരുണിയെ,
തുരഗമതംഗജേന്ദ്രരിടചേർന്നതിഘോരശര-
ത്തിരനിര ചിന്നി വൻകടലിനോടെതിരാമമരിൽ! 13

(എല്ലാവരും പോയി)

അഞ്ചാമങ്കം

* രാജകുമാരിയുടെ 'ആര്യപുത്ര'നെ പരിജനങ്ങളും ആര്യപുത്രനെന്നു വിളിക്കും.

12. ഛിദ്രം = അന്തഃകലഹം. പ്രീതർ = ആശ്വസ്തർ എന്നു ഭാവം. പാർഷ്ണിസംശുദ്ധി = ശത്രുക്കൾ പിന്നാലെ വന്നാക്രമിക്കാതിരിപ്പാനുള്ള രക്ഷ. ത്വൽപ്രയാണം = ഭവാന്റെ പുറപ്പാട്. അരി...മഥനം = ശത്രുവൃന്ദത്തെ മർദ്ദിക്കൽ.

13. വിരവൊട് = വേഗേന. നിര...പ്രണി = അസംഖ്യം ഭയങ്കരകൃത്യം. ആരുണി—വത്സരാജാവിന്റെ രാജ്യം അപഹരിച്ച ശത്രു. തുര...ജേന്ദ്രർ = മികച്ച കുതിരകളും ആനകളും.

Digitized By Kerala Sahitya Akademi

# ആറാമങ്കം

(അനന്തരം ഹരിക്കാരൻ പ്രവേശിക്കുന്നു.)

ഹരിക്കാരൻ: ആരാണിവിടെ രക്തതോരണദ്വാരത്തിലുള്ളത്?

തവണക്കാരി: (പ്രവേശിച്ച്) ആര്യ, ഞാൻ വിജയ. എന്തു വേണം?

ഹരിക്കാരൻ: ഭദ്രേ, ഉണർത്തിക്കു; വത്സരാജ്യം കൈവന്നതിനാൽ അഭ്യുദയം വളർന്ന ഉദയനൻതിരുമേനിയോടുണർത്തിയ്ക്കു: ഇതാ, മഹാസേനന്റെ അടുക്കൽ നിന്നു വന്ന രൈഭ്യഗോത്രക്കാരനായ ഹരിക്കാരനും, അംഗാരവതിത്തമ്പുരാട്ടി പറഞ്ഞയച്ച ആര്യവസുന്ധര എന്ന വാസവദത്താധാത്രിയും ഗോപുരത്തിൽ നിൽക്കുന്നു എന്ന്.

തവണക്കാരി: ആര്യ, ഈയുള്ളവക്ക് ഇപ്പോൾ തിരുമുമ്പിൽ ചെന്നുകൂടാ.

ഹരിക്കാരൻ: എന്താണ് തടസ്സം?

തവണക്കാരി: ആര്യൻ കേൾക്കുക: ഇന്നു തമ്പുരാന്റെ പള്ളിക്കുറുപ്പുകൊട്ടാരത്തിൽവെച്ച് ആരോ വീണ വായിച്ചിരുന്നു: അതു കേട്ടിട്ട് അരുളിച്ചെയ്തു. 'ഘോഷവതിയുടെ ശബ്ദംപോലെ തോന്നുന്നുവല്ലോ' എന്ന്

ഹരിക്കാരൻ: എന്നിട്ട്, അയാളോടു ചെന്നു ചോദിച്ചു, 'ഈ വീണ എവിടെനിന്നുകിട്ടി' എന്ന്. അയാൾ പറഞ്ഞു, എനിക്കു നർമ്മദാതീരത്ത് ഒരു വള്ളിക്കുടിലിൽനിന്നു കണ്ടുകിട്ടിയതാണ്; വേണമെങ്കിൽ ഇവിടെ എടുക്കാം,' എന്ന്. തമ്പുരാൻ അതെടുത്തു മടിയിൽ വെച്ചതോടുകൂടി, മോഹാലസ്യപ്പെട്ടുപോയി. ബോധം വന്നതിന്നുശേഷം, തിരുമുഖത്തു കണ്ണുനീരൊഴുകിക്കൊണ്ടരുളിച്ചെയ്തു, 'ഘോഷവതി, നിന്നെ കണ്ടുകിട്ടി; അവളെ കണ്ടെത്തുന്നില്ല!' എന്ന്. ആര്യ, അതിനാൽ സമയം നന്നല്ല; ഞാൻ എങ്ങിനെ ഉണർത്തിയ്ക്കും?

Digitized By Kerala Sahitya Akademi

ഹരിക്കാരൻ: ഭദ്രേ, ഉണർത്തിയ്ക്കു; ഇതും അതിനെ സംബന്ധിച്ചതുതന്നെയാണ്.

തവണക്കാരി: ആര്യ്യ, എന്നാൽ ഞാൻ ഉണർത്തിയ്ക്കാം. ഇതാ, തമ്പുരാൻ പള്ളിക്കുറുപ്പുകൊട്ടാരത്തിൽനിന്ന് ഇറങ്ങിവരുന്നു. അതിനാൽ ഇവിടെവെച്ചു തന്നെ ഉണർത്തിയ്ക്കാം.

ഹരിക്കാരൻ: ഭദ്രേ, അങ്ങിനെതന്നെ.

(രണ്ടുപേരും പോയി)

വിഷ്കംഭം

(പിന്നെ രാജാവും വിദൂഷകനും പ്രവേശിയ്ക്കുന്നു)

രാജാ: ശ്രുതിസുഖനിനദേ, ശുഭാംഗി നിൻ
സ്തനജഘനങ്ങളിൽ വിശ്രമിച്ച നീ
കിളികളാം പൊടിയുതിർത്ത തണ്ടുമായ്-
ക്കൊടിയ വനത്തിൽ വസിച്ചതെങ്ങിനെ! 1

ഘോഷവതി: കുറില്ല നിനക്ക്: നീ ഓർക്കുന്നില്ലല്ലോ. ആ പാവത്തിന്റെ

ശ്രോണിത്തട്ടിൽ വഹിയ്ക്കലും സുദൃഢമായ്-
പ്പാർശ്വങ്ങളിൽച്ചേർക്കലും
ക്ഷീണിയ്ക്കുമ്പോൾകൊങ്കകൾക്കിടയിൽവെ-
ച്ചുദ്യൽസുഖം പുല്കലും,
എന്നെച്ചൊല്ലി വിയോഗവേളയിലുതി-
ർന്നീടും വിലാപങ്ങളും,
മീട്ടുംനേരമിടയ്ക്കു പുഞ്ചിരി പുര-
ണ്ടുള്ളോരു സല്ലാപവും! 2

1. ശ്രുതി......നിനദേ = വീണയോടുള്ള സംബുദ്ധി; ചെവിയ്ക്കു സുഖിപ്പിയ്ക്കുന്ന ശബ്ദത്തോടുകൂടിയത്. ശുഭാംഗി = സുന്ദരിയായ വാസവദത്ത. കിളികൾ = പക്ഷികൾ.

2. ശ്രോണി = അരക്കെട്ട്. പാർശ്വങ്ങൾ = വാരിഭാഗങ്ങൾ. ഉദ്യൽസുഖം = സുഖം (വിശ്രമം) ഉണ്ടാകുമാറ്. വിയോഗവേള = വിരഹാവസരം.

Digitized By Kerala Sahitya Akademi

വിദൂഷകൻ: ഇവിടുന്നിനിയും വല്ലാതെ വ്യസനിയ്ക്കരുതേ!

രാജാ: തോഴരേ, എന്തു ചെയ്യാം:

നാളേറെയായിവനിൽ നിദ്രിതനായിരുന്ന
നാളീകസായകനെ വീണയുണർത്തിവിട്ടു:
അത്രയ്ക്കു ഘോഷവതിയിൽ പ്രതിപത്തി ചേരു-
മദ്ദേവിയോ, നയനഗോചരയല്ലതാനും! 3

വസന്തക, ഘോഷവതി വേഗം ശില്പികളെക്കൊണ്ടു പുതുക്കിച്ചു കൊണ്ടുവരു.

വിദൂഷകൻ: ഇവിടത്തെ കല്പനപോലെ.

(വീണയുംകൊണ്ടു പോയി)

തവണക്കാരി: (പ്രവേശിച്ച്) തിരുമേനി ജയിച്ചാലും! ഇതാ, മഹാസേനൻെറ അടുക്കൽനിന്നു വന്ന രൈഭ്യഗോത്രക്കാരനായ ഹരിക്കാരനും, അംഗാരവതിത്തമ്പുരാട്ടി പറഞ്ഞയച്ച ആര്യ വസുന്ധര എന്ന വാസവദത്താധാത്രിയും ഗോപുരത്തിൽ നില്ക്കുന്നു.

രാജാ: എന്നാൽ പത്മാവതിയെ വിളിയ്ക്കു.

തവണക്കാരി: തിരുമേനിയുടെ കല്പനപോലെ.

(പോയി)

രാജാ: ഈ വർത്തമാനം ഇത്രവേഗത്തിൽ മഹാസേനൻ അറിഞ്ഞിരിയ്ക്കുമോ?

(പിന്നെ പത്മാവതിയും തവണക്കാരിയും പ്രവേശിയ്ക്കുന്നു)

തവണക്കാരി: കൊച്ചുതമ്പുരാട്ടി ഇതിലേ ഇതിലേ.

പത്മാവതി: ആര്യപുത്രൻ ജയിച്ചാലും!

രാജാ: പത്മാവതി, കേട്ടില്ലേ: മഹാസേനൻെറ അടുക്കൽനിന്നു വന്ന രൈഭ്യഗോത്രക്കാരൻ ഹരിക്കാരനും, തത്ര ഭവതി അംഗാരവതി പറഞ്ഞയച്ച ആര്യവസുന്ധര എന്ന വാസവദത്താധാത്രിയും ഗോപുരത്തിൽ നില്ക്കുന്നുണ്ടെന്ന്?

3. നിദ്രിതൻ = ഉറങ്ങിയവൻ. നാളീകസായകൻ = കാമൻ. നയനഗോചര = കാണപ്പെടാവുന്നവൾ.

Digitized By Kerala Sahitya Akademi

പത്മാവതി; ആര്യ്യപുത്ര, എനിയ്ക്കു സന്തോഷമായി: ബന്ധുക്കളുടെ കശലവൃത്താന്തം കേറംക്കാമല്ലോ.

രാജാ: ഭവതിയ്ക്കു ചേൎന്നതാണ് ഇപ്പറഞ്ഞത്: 'വാസവദത്തയുടെ സ്വജനം എൻേറയും സ്വജനംതന്നെ' എന്ന്. പത്മാവതി, ഇരിയ്ക്കു; എന്താണിപ്പോറം ഇരിയ്ക്കാത്തത്?

പത്മാവതി: ആര്യ്യപുത്രൻ എന്നോടൊന്നിച്ചിരുന്നാണോ അവരെ കാണുന്നത്?

രാജാ: എന്താണതിൽ ദോഷം?

പത്മാവതി: ആര്യ്യപുത്രൻെറ മറെറാരു ഭാര്യ്യ എന്ന്, ഒരു മടി തോന്നുന്നു!

രാജാ; ഭാര്യ്യയെ കാണാമെന്നുള്ളവരെ കാണിയ്ക്കാതിരുന്നാൽ പല ദോഷങ്ങളും വരാം. അതിനാൽ ഇരിയ്ക്കു.

പത്മാവതി: ആര്യ്യപുത്രൻെറ കല്പനപോലെ (ഇരുന്നിട്ട്) ആര്യ്യപുത്ര. അച്ഛനും അമ്മയും എന്താണ് പറയാൻ പോകുന്നതെന്ന് എൻെറ മനസ്സുഴറുന്നു.

രാജാ: പത്മാവതി, വാസ്തവംതന്നെ:

ശരിയ്ക്കെന്തൊന്നാവാമവർ പറവതെ--
ന്നെന്മനം ശങ്ക കൊറംവു;
ഹരിച്ചേനല്ലോ ഞാൻ മകളെ;-യവളെ--
ക്കാത്തുകൊണ്ടീലതാനും!
വെറുംഭാഗ്യാസ്ഥൈൎയ്യാൽ ഗളിതഗുണനാ--
യ്‌വന്നു, താതന്നു പാരം
വെറുപ്പുണ്ടാക്കിത്തീൎത്തോരു താതനെ-
പ്പോലെ ഞാൻ ഭീതനിപ്പോറം. 4

പത്മാവതി: * തക്ക കാലത്ത് എന്തും രക്ഷിയ്ക്കാം!

4. ഹരിയ്ക്കുക = അപഹരിയ്ക്കുക. വെറും...സ്ഥൈൎയ്യാൽ = ഭാഗ്യത്തിൻെറ അസ്ഥിരതമാത്രം നിമിത്തമായി. ഗളിതഗുണൻ = ഗുണങ്ങൾ നശിച്ചവൻ. ഭീതൻ = പേടിപൂണ്ടവൻ.

*കാലം പിഴച്ചാൽ രക്ഷിയ്ക്കവയ്യ എന്നൎത്ഥം.

Digitized By Kerala Sahitya Akademi

തവണക്കാരി: ഇതാ, ഹരിക്കാരനും ധാത്രിയും വാതിൽക്കൽ നില്ക്കുന്നു.

രാജാ: വേഗത്തിൽ അകത്തെയ്ക്കു കൊണ്ടുവരു.

തവണക്കാരി: കല്പനപോലെ.

(പോയി)

(അനന്തരം ഹരിക്കാരനും ധാത്രിയും തവണക്കാരിയും പ്രവേശിക്കുന്നു.)

ഹരിക്കാരൻ: (ആത്മഗതം)

സംബന്ധിരാജ്യപുനരാപ്തിയിലുൾക്കുളിർപ്പു;
രാജാത്മജാമരണമോർത്തു മനം ചുടുന്നു!
എന്തെന്തു നീയിഹ വിധേ, നിറവേററിയില്ലാ,—
ദ്ദേവിയ്ക്കു സൌഖ്യനിലകൂടി വരുത്തുമെങ്കിൽ. 5

തവണക്കാരി: ഇതാ, തിരുമേനി; ആര്യൻ അടുത്തുചെല്ലുക.

ഹരിക്കാരൻ: (അടുത്തു ചെന്നു്) ആര്യപുത്രൻ ജയിച്ചാലും.

ധാത്രി: തിരുമേനി ജയിച്ചാലും!

രാജാ: (ബഹുമാനത്തോടുകൂടി) ആര്യ,

ഉലകിങ്കലെ രാജവംശജ-
ക്കുദയാസ്തങ്ങളും വരുത്തുമാരൊരാൾ,
മമ ചാർച്ചയിലിച്ചു വെയ്ക്കുമ-
ദ്ധരണീനാഥനു സൌഖ്യമല്ലയോ? 6

ഹരിക്കാരൻ: അതേ, മഹാസേനനു സുഖംതന്നെ. ഇവിടേയും എല്ലാവക്കും കുശലമല്ലേ എന്നദ്ദേഹം ചോദിക്കുന്നു.

5. സംബ...രാപ്തി = സംബന്ധിയുടെ (ചാർച്ചക്കാരനായ ഉദയനന്റെ) രാജ്യം തിരിയേ കിട്ടൽ. ശത്രുഹൃതമായ രാജ്യം വീണ്ടുകിട്ടിയതുപോലെ, അദ്ദേവി (വാസവദത്ത)ക്കു സൌഖ്യ നില (കുശലം, അപായാഭാവം) കൂടി വരുത്തുമെങ്കിൽ, ഹേ, വിധേ, നീ മഹാസേനോദയനന്മാരെ പൂർണ്ണകാമരാക്കി എന്നു സാരം.

Digitized By Kerala Sahitya Akademi

രാജാ: (എഴുന്നേററു് നിന്നിട്ടു്) മഹാസേനൻ എന്താണാജ്ഞാപിയ്ക്കുന്നതു്?

ഹരിക്കാരൻ: ഇതു വൈദേഹിപുത്രന്നനുരൂപംതന്നേ! എന്നാൽ ഇവിടുന്നു് ഇരുന്നുതന്നെ മഹാസേനൻെറ സന്ദേശം കേട്ടുകൊള്ളുക.

രാജാ: മഹാസേനൻ ആജ്ഞാപിയ്ക്കുന്നതുപോലെ.

(ഇരിയ്ക്കുന്നു.)

ഹരിക്കാരൻ: ഭാഗ്യം, ശത്രുക്കരം കയ്യടക്കിയ രാജ്യം വീണ്ടെടുത്തുവല്ലോ! എന്തുകൊണ്ടെന്നാൽ,

അശക്തൻ, ഭീരു, മടിയ-
നെന്നീക്കൂട്ടരിൽ മുററുമേ
ചേരില്ലയല്ലോ രാജശ്രീ;-
യുത്സാഹിയ്ക്കു വശപ്പെട്ടു. 7

രാജാ: ആര്യ, ഇതെല്ലാം മഹാസേനൻെറ പ്രഭാവംതന്നെ.

എന്നെത്തോല്പിച്ചു മുല്പാട!-ഥ നിജസുതരെ-
പ്പോലെ ലാളിച്ചുപോന്നു;
പിന്നെക്കേറിക്കവന്നേൻ മകളെ,യവളെ ഞാൻ
കാത്തുകൊണ്ടീലതാനും!
മുന്നെപ്പോലേ മമത്വം മകളുടെ മൃതി കേ-
ട്ടിട്ടുമെൻപേരിലി;-ന്ന-
ദ്ധന്യൻതാൻ വത്സരാജ്യം മമ തിരിയെ ലഭി-
യ്ക്കുന്നതിന്നും നിമിത്തം. 8

ഹരിക്കാരൻ: ഇതാണു്, മഹാസേനൻെറ സന്ദേശം; ദേവിയുടെ സന്ദേശം അത്രഭവതി ഇവിടെ അറിയിയ്ക്കും.

8. മുല്പാടു് = ആനവേട്ടയിൽവെച്ചു്: തോല്പിച്ചു—പിടിച്ചുകൊണ്ടുപോയി. നിമിത്തം = കാരണഭൂതൻ.



Digitized By Kerala Sahitya Akademi

രാജാ: ഹാ, അമ്മേ,

ഇരുനാലുമെട്ടുമവരോധമാതരിൽ–
ത്തിരുമൂപ്പു പൂണ്ടരുളുമമ്മറാണിയാം
പുരപുണ്യദേവത സസൌഖ്യയല്ലയോ,
കരളെൻ പ്രവാസരുജയാലെരിഞ്ഞവാം. 9

ധാത്രി: തമ്പുരാട്ടിയ്ക്കു് * ആലസ്യമൊന്നുമില്ല. അവിടുന്നു തിരുമേനിയ്ക്കും മറ്റെല്ലാവർക്കും കുശലം ചോദിയ്ക്കുന്നു.

രാജാ: എല്ലാവർക്കും കുശലമെന്നോ? അമ്മേ ഇതിങ്ങിനെയൊക്കെയാണു് കുശലം!

ധാത്രി: തിരുമേനി ഇനിയും വല്ലാതെ വ്യസനിയ്ക്കരുതേ.

ഹരിക്കാരൻ: കൊച്ചുതമ്പുരാൻ സമാശ്വസിച്ചാലും. മഹാസേനകുമാരി മരിച്ചുപോയെങ്കിലും മരിച്ചിട്ടില്ല! അവളിൽ ഇത്രയും മനസ്സലിവുണ്ടല്ലോ ഇവിടെയ്ക്കു്—അഥവാ,

ആരാ,ർക്ക രക്ഷയുതകാൻമതിയന്ത്യകാല–
ത്താ?ർ നീർത്തിടും കയററുംപൊഴുതിൽക്കുടത്തെ?
അപ്പപ്പൊഴീയുലക കാടുകടം പോലെ വെട്ടി.
നീക്കപ്പെടുന്നു; മുളയാർന്നുയരുന്നു വീണ്ടും 10

രാജാ; ആര്യ്യ, അങ്ങിനെയല്ല:

മഹാസേനൻെറ മകളെൻ–
പ്രിയശിഷ്യത്തി ദേവിയാം;
എങ്ങിട്ടവളെ ഞാനോർക്കി-
ല്ലെ,ത്രജന്മം ജനിയ്ക്കിലും? 11

9. ഇരു......മാതരിൽ = പതിനാറു് അന്തഃപുരസ്ത്രീകളിൽ. പുര...വത = നഗരത്തിന്നു് ഒരു പരദേവത. പ്രവാസരുജ = പ്രിയാവിരഹദുഃഖം.

* ആലസ്യം = രോഗം.

10 കുടത്തെ—കിണററിലിറക്കിയ കുടത്തെ. അപ്പപ്പോൾ,—അതതു സമയങ്ങളിൽ.

Digitized By Kerala Sahitya Akademi

ധാത്രി: തമ്പുരാട്ടി അരുളിച്ചെയ്യുന്നു: 'വാസവദത്ത മരിച്ചുപോയല്ലോ! എനിക്കും മഹാസേനനും * ഗോപാലകപാലകന്മാർ എപ്രകാരമോ, അപ്രകാരം തന്നേയാണ് ഭവാനും; മുമ്പുതന്നെ ഭവാനെയാണ് ഞങ്ങൾ ജാമാതാവായി കരുതിയിരുന്നത്. അതുകൊണ്ടത്രെ, ഭവാനെ ഉജ്ജയിനിയിൽ വരുത്തിയതും, മകളെ വീണയഭ്യസിപ്പാനെന്ന നാട്യത്തിൽ †അനഗ്നിസാക്ഷികമായി തന്നതും. ഭവാനോ, ചാപല്യംമൂലം വിവാഹമംഗളം ആചരിയ്ക്കാതെ പോയ്ക്കളഞ്ഞു, ഉടനെ ഞങ്ങൾ അങ്ങയുടേയും വാസവദത്തയുടേയും സ്വരൂപം ചിത്രപടത്തിലെഴുതിച്ചു വിവാഹം നടത്തി. ആ ചിത്രപടം ഭവാൻെറ അടുക്കലേയ്ക്കയച്ചിരിയ്ക്കുന്നു: ഇതു നോക്കി സമാശ്വസിച്ചുകൊള്ളുക.'

രാജാ: അഹോ, വളരെ സ്നേഹത്തിലും അനുരൂപനിലയിലുമാണ് അവിടുന്നു പറഞ്ഞയച്ചിട്ടുള്ളത്!

> ഏറെ മോദകരമീയൊരു വാക്യം,
> നൂറു നാടകൾ കിടയ്ക്കുവതേക്കാൾ!
> ചെററുമില്ല മമതക്കുറവല്ലോ,
> തെററു ചെയ്യുകിലുമെന്നുടെ പേരിൽ. 12

പത്മാവതി: ആര്യപുത്ര, ചിത്രത്തിലെ ഗുരുജനത്തെ കണ്ടു വന്ദിപ്പാൻ എനിയ്ക്കാഗ്രഹമുണ്ട്.

ധാത്രി: നോക്കിക്കൊള്ളു, കൊച്ചുതമ്പുരാട്ടി നോക്കിക്കൊള്ളു.

(എന്നു ചിത്രപടം കാണിയ്ക്കുന്നു)

പത്മാവതി: (നോക്കി ആത്മഗതം) എയ്, ഇത് ആര്യ ആവന്തികയെപ്പോലെതന്നെ ഇരിയ്ക്കുന്നുവല്ലോ! (പ്രകാശം) ആര്യപുത്ര, ഇതു ജ്യേഷ്ഠത്തിയ്ക്കൊത്തിരിയ്ക്കുന്നുണ്ടോ?

രാജാ: ഒത്തിരിയ്ക്കുയല്ല; അവൾതന്നെ എന്നെനിയ്ക്കു തോന്നിപ്പോകുന്നു. അയ്യോ, കഷ്ടം,

12. മോദകരം = സന്തോഷപ്രദം.

* ഗോപാലകപാലകന്മാർ = മഹാസേനൻെറ പുത്രന്മാർ, † അനഗ്നിസാക്ഷികമല്ലാതെ.

Digitized By Kerala Sahitya Akademi

സുസ്നിഗ്ദ്ധമാമീ നിറമെപ്രകാരം
ഭയങ്കരാപത്തിനു പാത്രമായി!
ഈ വക്ത്രമാധുര്യവുമെപ്രകാര-
മെരിഞ്ഞ തീയ്യേറ്റു കരിഞ്ഞുപോയി! 13

പത്മാവതി: ഞാൻ ആര്യപുത്രന്റെ ചിത്രം നോക്കട്ടെ. ഇതു ജ്യേഷ്ഠത്തിയ്ക്കൊത്തതോ അല്ലയോ എന്നറിയാൻ.

ധാത്രി: നോക്കു, കൊച്ചുതമ്പുരാട്ടി നോക്കൂ.

പത്മാവതി: (നോക്കിയിട്ട്) ആര്യപുത്രന്റെ ഛായകൊണ്ടറിയാം, ഇതു ജ്യേഷ്ഠത്തിയ്ക്കൊത്തതുതന്നെയെന്ന്.

രാജാ: പത്മാവതി, ചിത്രം കണ്ടതോടുകൂടി ഭവതിയ്ക്കു ഹർഷവും ഉദ്വേഗവും ഉള്ളതായി തോന്നുന്നുവല്ലൊ! ഇതെന്താണ്.

പത്മാവതി: ആര്യപുത്ര, ഈ ഛായയ്ക്കൊത്ത ഒരു സ്ത്രീ ഇവിടെത്തന്നെ താമസിയ്ക്കുന്നുണ്ട്.

രാജാ: വാസവദത്തയുടേയോ?

പത്മാവതി: അതേ.

രാജാ: എന്നാൽ വേഗം വരുത്തു.

പത്മാവതി: ആര്യപുത്ര, എന്റെ വേളിയ്ക്കുമുമ്പ് ഒരു ബ്രാഹ്മണൻ ഏല്പിച്ചതാണ്. ഭർത്താവു മറുനാട്ടിൽ പോയിരിയ്ക്കുന്നു. ആ സ്ത്രീ പുരുഷന്മാരെ കാണാറില്ല. അതിനാൽ എന്നോടൊന്നിച്ചു വരുമ്പോൾ അവളെ ആര്യപുത്രൻ നോക്കിയറിഞ്ഞുകൊൾക.

രാജാ:
വിപ്രസോദരിയാണെങ്കിൽ
മറ്റേതോ നാരി താനവൾ;
ഒരേ വടിവിലുണ്ടായി-
വരാം പലർ ജഗത്തിതിൽ. 14

തവണക്കാരി: (പ്രവേശിച്ച്) തിരുമേനി ജയിച്ചാലും! ഇതാ ഉജ്ജയിനിക്കാരൻ ബ്രാഹ്മണൻ, കൊച്ചുതമ്പുരാട്ടിയുടെ ക-

14. വടിവിൽ = ആകൃതിയോടുകൂടി.

Digitized By Kerala Sahitya Akademi

യ്യിൽ സൂക്ഷിപ്പാനേല്പിച്ചിട്ടുള്ള സോദരിയെ തിരിയെ വാങ്ങാനാണെന്നും പറഞ്ഞു, വാതില്ക്കൽ വന്നു നില്ക്കുന്നു.

രാജാ: പത്മാവതി, ആ ബ്രാഹ്മണൻ തന്നെയോ?

പത്മാവതി: ആയിരിയ്ക്കണം.

രാജാ: വേഗത്തിൽ ആ ബ്രാഹ്മണനെ അന്തർഗ്ഗൃഹോചിതമാംമട്ടിൽ ഉപചരിച്ചു കൂട്ടിക്കൊണ്ടുവരു.

തവണക്കാരി: കല്പനപോലെ.

(പോയി)

രാജാ: പത്മാവതി ആ സ്ത്രീയേയും കൂട്ടിക്കൊണ്ടു വരു.

പത്മാവതി: ആര്യപുത്രന്റെ കല്പനപോലെ.

(പോയി)

(പിന്നെ യൌഗന്ധരായണനും തവണക്കാരിയും പ്രവേശിക്കുന്നു)

യൌഗന്ധരായണൻ:

എൻതമ്പുരാനു ഹിതമായ്‌വരുമെന്നു വെച്ചാ–
ണാമട്ടു റാണിയെ മറച്ചി,തു ചെയ്തതീ, ഞാൻ;
സംപ്രാപ്തമായ് ഫലവുമിന്നതിനെ,ങ്കിലും മേ
ഭൂപാലനെന്തരുളുമെന്നൊരു പേടിയുള്ളിൽ! 15

തവണക്കാരി: ഇതാ, തിരുമേനി; ആര്യൻ അടുത്തുചെല്ലുക.

യൌഗന്ധരായണൻ: (അടുത്തുചെന്നിട്ട്) ജയിപ്പൂതാക, ഭവാൻ ജയിപ്പൂതാക!

രാജാ: (ആത്മഗതം) ഈ ഒച്ച മുമ്പു കേട്ടിട്ടുള്ളതായി തോന്നുന്നു. (പ്രകാശം) ബ്രാഹ്മണ, അങ്ങയുടെ സോദരിയാണോ, പത്മാവതിയുടെ കയ്യിൽ സൂക്ഷിപ്പാനേല്പിച്ചിട്ടുള്ളത്?

യൌഗന്ധരായണൻ: അതേ.

15. ഇത്—സ്വാമിയ്ക്കു പത്മാവതീപരിണയം ഘടിപ്പിയ്ക്കൽ. സംപ്രാപ്തമായി = സിദ്ധിച്ചു. അരുളും = പറയും.

Digitized By Kerala Sahitya Akademi

രാജാ: എന്നാൽ ഇദ്ദേഹത്തിൻെറ സോദരിയെ വേഗം കൊണ്ടുവരട്ടെ.

തവണക്കാരി: കൽപനപോലെ.

(പോയി)

(പിന്നെ പത്മാവതിയും വാസവദത്തയും തവണക്കാരിയും പ്രവേശിക്കുന്നു.

പത്മാവതി: വരു, ആര്യേ, വരു. ഞാൻ സന്തോഷവർത്തമാനം അറിയിയ്ക്കാം.

വാസവദത്ത: എന്താണെന്താണ്?

പത്മാവതി: ആര്യയുടെ സോദരൻ വന്നിട്ടുണ്ട്.

വാസവദത്ത: ഭാഗ്യം, ഇപ്പോഴെങ്കിലും ഓർമ്മയുണ്ടായല്ലോ!

പത്മാവതി: (അടുത്ത് ചെന്നിട്ട്) ആര്യപുത്രൻ ജയിച്ചാലും,! ഇതാ, സൂക്ഷിപ്പാൻ തന്ന മുതൽ.

രാജാ: തിരിയേ കൊടുക്കു. സാക്ഷിയോടുകൂടിവേണം തിരിയേ കൊടുക്കാൻ; അതിന്നിവിടെ രൈഭ്യനും അത്രഭവതിയുമുണ്ടല്ലോ.

പത്മാവതി: ആര്യ, ഇനി ആര്യയെ കൊണ്ടുപൊയ്ക്കൊള്ളു:

ധാത്രി: (നോക്കിയിട്ട്) ഹാ കൊച്ചുതമ്പുരാട്ടി വാസവദത്ത!

രാജാ: മഹാസേനപുത്രിയോ? ദേവി, ഭവതി പത്മാവതിയോടുകൂടി അകത്തേയ്ക്കു വന്നാലും.

യൌഗന്ധരായണൻ: പാടില്ല; പാടില്ല; ഇവളെൻെറ സഹോദരിയാണ്.

രാജാ: എന്താണങ്ങു പറയുന്നത്? ഇതു മഹാസേനൻെറ മകളാണല്ലോ.

യൌഗന്ധരായണൻ: അല്ലയോ രാജാവേ,

ഭവാന,ഹോ, ഭാരതവംശജാത_
നകല്മഷൻ, ജ്ഞാനയുതൻ, വിനീതൻ,

Digitized By Kerala Sahitya Akademi

നരേന്ദ്രധർമ്മപ്രകരോപദേഷ്ടാ-
വ;-യുക്തമങ്ങൾക്കു, ഹഠാപഹാരം! 16

രാജാ: ആകട്ടെ, ഞാൻ രൂപസാദൃശ്യം നോക്കട്ടെ. മറശ്ശീല മാററു.

യൌഗന്ധരായണൻ: സ്വാമി ജയിച്ചാലും!

വാസവദത്ത: ആര്യപുത്രൻ ജയിച്ചാലും!

രാജാ: എയ്, ഇതു യൌഗന്ധരായണൻ! ഇതു മഹാസേനകുമാരി!

ഇതു വാസ്തവമോ, കിനാവുതാനോ?
സതി, കാണായിവരുന്നു പിന്നെയും മേ;
ഇതു മാതിരിതന്നെയന്നമീക്ഷി-
ച്ചതിൽ ഞാൻ വഞ്ചിതനായ്ച്ചമഞ്ഞുവല്ലോ! 17

യൌഗന്ധരായണൻ: സ്വാമി, ദേവിയെ ഒളിപ്പിച്ചതിനാൽ തെററുകാരനാണ് ഞാൻ. അതു ക്ഷമിയ്ക്കുമാറാകണം.

(കാല്ക്കൽ വീഴുന്നു)

രാജാ: (എഴുനേല്പിച്ചിട്ട്) യൌഗന്ധരായണനാണല്ലോ ഭവാൻ!

ഉന്മാദനാട്യങ്ങളും, മഹാഹവങ്ങളും,
ശാസ്ത്രത്തിനൊത്തുള്ള വിചിന്തനങ്ങളും
ഇത്യാദിയാം താവകയത്നമല്ലോ
കീഴ്പോട്ടുപോമെന്നെ വലിച്ചുകേററി. 18

യൌഗന്ധരായണൻ: ഇവിടുത്തെ ഭാഗ്യത്തിൻെറ പിറകേ നടക്കുന്നു!

പത്മാവതി: അല്ല, ജ്യേഷ്ഠത്തിതന്നെയാണിത്! ജ്യേഷ്ഠത്തി, ഒരു സഖി എന്നു കരുതി ഞാൻ അതിർകവിഞ്ഞു പെരുമാറിപ്പോയി! അതിനാൽ വണങ്ങി മാപ്പുചോദിച്ചുകൊള്ളുന്നു.

16. നരേ......ഷ്ടാവ് = രാജധർമ്മസമൂഹത്തെ ഉപദേശിയ്ക്കുന്നവൻ (മററുള്ളവർക്ക കാട്ടിക്കൊടുക്കുന്നവൻ) ഹഠാപഹാരം = ബലേന അപഹരിയ്ക്കൽ.
18. ഉന്മാദനാട്യങ്ങൾ = ഭ്രാന്തു നടിയ്ക്കൽ. മഹാഹവങ്ങൾ = വലിയ യുദ്ധങ്ങൾ. വിചിന്തനങ്ങൾ = ആലോചനകൾ.

Digitized By Kerala Sahitya Akademi

(കാല്ക്കൽ് വീഴുന്നു)

വാസവദത്താ: (എഴുന്നേല്പിച്ച്) എഴുന്നേല്ക്കു: സുമംഗലി, എഴുന്നേല്ക്കു. എന്നെ രക്ഷിപ്പാൻ ഭവതിയുടെ ശരീരം ഇങ്ങു തന്നതായിരിയ്ക്കാം, അപരാധം!

പത്മാവതി; ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു.

രാജാ: സഖേ, യൌഗന്ധരായണ, എന്താലോചിച്ചാണ് ദേവിയെ ഒളിപ്പിച്ചത്?

യൌഗന്ധരായണൻ: * കൌശാംബി മാത്രമേ ഞാൻ രക്ഷിയ്ക്കുന്നുള്ളുവല്ലോ എന്ന്,

രാജാ: പത്മാവതിയുടെ കയ്യിലേല്പിപ്പാനെന്താണ് കാരണം?

യൌഗന്ധരായണൻ: പുഷ്പകഭദ്രപ്രഭൃതികൾ പത്മാവതി ഇവിടത്തെ റാണിയാകുമെന്നു ലക്ഷണം പറഞ്ഞിരുന്നു.

രാജാ: ഇതും രുമണ്വാൻ അറിഞ്ഞിരുന്നുവോ?

യൌഗന്ധരായണൻ: സ്വാമി, എല്ലാവരും അറിഞ്ഞിരുന്നു.

രാജാ: അമ്പോ, സൂത്രക്കാരൻതന്നെ രുമണ്വാൻ!

യൌഗന്ധരായണൻ: ദേവിയുടെ കുശലം അറിയിയ്ക്കുന്നതിന്ന് അത്രഭവാൻ രൈഭ്യനും അത്ര ഭവതിയും ഇപ്പോൾതന്നെ തിരിയേ പോയ്ക്കൊള്ളട്ടെ.

രാജാ: പോര, പോര: നമ്മളെല്ലാവരുംതന്നെ ദേവിയോടും പത്മാവതിയോടും കൂടി പോകണം.

ഭരതവാക്യം

ഹിമാദ്രിവിന്ധ്യാചലകുണ്ഡലങ്ങ-
ളിണങ്ങുമിയ്യൂഴിയെയാഴിയോളം
ഒററക്കുടക്കീഴിലടക്കി രക്ഷി-
യ്ക്കട്ടേ ചിരം നമ്മുടെ രാജസിംഹൻ!

(എല്ലാവരും പോയി.)

* വത്സരാജ്യം മുഴുവൻ സ്വരക്ഷയിലാണെന്നു കരുതിയിട്ട് എന്നു സാരം.

Digitized By Kerala Sahitya Akademi

# ഉൽസടംഗം



Digitized By Kerala Sahitya Akademi

Oorubhangam
Vallathol
1978 ഡിസംബർ
പ്രകാശനം:
ശ്രീമതി സി. അമ്മുഅമ്മയ്ക്ക്

Digitized By Kerala Sahitya Akademi

# ഒന്നാം പതിപ്പിൻെറ
## മുഖവുര

പ്രസിദ്ധ നാടകകവിയായ ഭാസൻ ഭാഷാസാഹിത്യരസികന്മാക്കു് ഇപ്പോഠം തീരെ അപരിചിതനല്ല. കവികുലഗുരുവായ കാളിദാസനുകൂടി നാടകരചനയിൽ മാൎഗ്ഗദശിയായിത്തീൎന്നതും ഈ മഹാകവിയത്രേ. ക്രി: പി. ഒന്നാം ശതാബ്ദത്തിലോ രണ്ടാം ശതാബ്ദത്തിലോ ജീവിച്ചിരുന്നതായി വിചാരിക്കപ്പെട്ടുപോരുന്ന ഇദ്ദേഹത്തിൻെറ ജീവചരിത്രത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങളൊന്നും ലഭിയ്ക്കുന്നതിനു സംഗതിയായില്ല.

'കാരണം തു കവിത്വസ്യ ന സമ്പന്ന കുലീനതാ
ധാവകോപി ഹിയൽഭാസഃ കവീനാമഗ്രിമോഭവൽ'

രാജശേഖരൻെറ കവിവിമശനത്തിൽ കാണുന്ന ഈ പദ്യത്തിൽനിന്നു ഭാസൻ രജകജാതിയിൽപ്പെട്ട ആളായിരുന്നു എന്നു മാത്രം നിണ്ണയിക്കപ്പെട്ടിട്ടുണ്ടു്.

അനന്തരകവികളായ കാളിദാസപ്രഭൃതികഠം ഭാസൻെറ ആശയങ്ങളെ പലപ്പോഴും പകത്തിയിട്ടുള്ളതായി കാണുന്നുണ്ടു്. കാളിദാസൻെറ കാലത്തു ഭാസൻെറ കൃതികഠക്കു ധാരാളം പ്രചാരവും ജനസമ്മതിയും സിദ്ധിച്ചിരുന്നു. 'ഭാസൻ തുടങ്ങിയുള്ളവരുടെ നാടകങ്ങഠം എടുക്കാതെ നവീനകവിയായ കാളിദാസൻെറ കൃതിയിൽ സദസ്സിന്നു ബഹുമാനം വരാമോ?' എന്നു മാളവികാഗ്നിമിത്രത്തിൻെറ പ്രസ്താവനയിൽ പരിചാരകൻ സൂത്രധാരനോടു ചോദിയ്ക്കുന്നതായ ഒരു ഭാഗമുണ്ടു്. ഈ പ്രയോഗം ഔദ്ധത്യപരിഹാരത്തിന്നുവേണ്ടിച്ചേൎത്തതാണെന്നു വേണമെങ്കിൽ വാദിയ്ക്കാമെങ്കിലും, ഭാസൻെറ കൃതികളെ അന്നു ജനങ്ങഠം അസാമാന്യമായി ബഹുമാനിച്ചുവന്നിരുന്നു എന്നുള്ള സംഗതിയെ അപവദിയ്ക്കാൻ ആരും പുറപ്പെടുമെന്നു തോന്നുന്നില്ല. സാ

Digitized By Kerala Sahitya Akademi

മാന്യജനങ്ങാംക്ക ലോകത്തിൽ നിത്യപരിചിതങ്ങളായ വസ്തു ക്കളെ സന്ദർഭോചിതമായി ഉപമാനങ്ങളാക്കിച്ചേർത്തു, വർണ്ണ്യ വസ്തുവിൻെറ രൂപം വായനക്കാരുടെ മനോദർപ്പണത്തിൽ വിശ ദമായി പ്രതിഫലിയ്ക്കത്തക്കവിധം വർണ്ണനയിൽ തന്മയത്വം വ രുത്തുന്നതിന്നുള്ള സാമർത്ഥ്യം ഇല്ലായിരുന്നു എന്നു വരികിൽ, കാളിദാസനു ഭാസനെ അതിക്രമിയ്ക്കാൻ സാധിയ്ക്കുമായിരുന്നു വോ എന്നു സംശയമാണ്. 'പ്രകൃത്യാ രമണീയങ്ങളായ വസ്തു ക്കാം സർവാവസ്ഥയിലും ഹൃദയംഗമങ്ങളായിത്തന്നെയിരി യ്ക്കും' എന്നുള്ള ഭാസൻെറ ഒരു ചെറിയ വാക്യത്തിലെ ആശയ ത്തെയാണ്, കാളിദാസൻ ശാകുന്തളത്തിൽ,

'ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ പായൽ
പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതിയ്ക്കുകം കറുത്താകിലും?
മല്ലാക്ഷീമണിയാംക്ക വല്ക്കലമിതും ഭൂയിഷ്ഠശോഭാവഹം:
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.'

എന്ന ഒരു വലിയ പദ്യംകൊണ്ടു വിശദീകരിയ്ക്കുന്നതു്. ഭാസ ൻെറ കവിത പ്രകൃതിയുടെ അന്തർഭാഗത്തെയാണ് അധികമാ യി സ്പർശിയ്ക്കുന്നതു്; കാളിദാസനാകട്ടെ, തൻെറ ചുററും കാണു ന്ന പ്രകൃതിയെ ബാഹ്യമായും ആഭ്യന്തരമായും അടിമുതൽ മുടി വരെ പരിശോധിച്ചു മനോധർമ്മംകൊണ്ടു് ആശയങ്ങളെ മിനു ക്കിപ്പുതുക്കിയിട്ടാണ് കവിതയെഴുതിയിട്ടുള്ളതു്.

പാശ്ചാത്യവിദ്യാഭ്യാസസമ്പന്നന്മാരായ ചില ആധുനി കഭാഷാഭിമാനികാംക്കു്, പൌരസ്ത്യസാഹിത്യത്തിൽ ദുഃഖപര്യ വസായികളായ നാടകങ്ങാം ഇല്ലാത്തതിനെപ്പററി ഒരാക്ഷേ പം ഇടക്കാലത്തുണ്ടായിരിക്കുന്നു. നിരാധാരമാണെങ്കിലും, ഈ അപവാദം കുറെക്കാലത്തെയ്ക്കു് നിലനിന്നുപോന്നു. പഴയ ഗ്ര ന്ഥപ്പുരകളിൽ കിടന്നു വളരെക്കാലത്തെ അജ്ഞാതവാസക്ലേ ശം അനുഭവിച്ചു, ഭാരതീയരുടെ ഭാഗ്യാതിരേകംകൊണ്ടു വീ ണ്ടും രംഗപ്രവേശം ചെയ്ത ഭാസനാടകചക്രമാണ്, ഈ അപവാ ദത്തെ സമൂന്മൂലനം ചെയ്തതു്- 'ഉദാത്തരാഘവം' എന്ന ഭാ സകൃതിയിൽനിന്നു്, അദ്ദേഹം 23 നാടകങ്ങാം നിർമ്മിച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

തായി നമുക്ക മനസ്സിലാകുന്നുണ്ട്. അതിനു ശേഷം മററു വല്ല കൃതികളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ടോ എന്നു നമുക്കു നിശ്ചയിക്കവെയ്യ: ഉണ്ടായിരിയ്ക്കാമെന്നു സംഖ്യകൊണ്ടു മാത്രം നാം ധരിച്ചുവെച്ചിട്ടുള്ള നാടകങ്ങളെല്ലാം ഇനിയും കണ്ടുപിടിച്ചിട്ടുമില്ല. കണ്ടുപിടിയ്ക്കപ്പെട്ടിട്ടുള്ളവയിൽ ഈ ഊരുഭംഗം ഒന്നുമാത്രമേ ദുഃഖപര്യവസായിയായിട്ടുള്ളു. ഇനി 'കിരണാവലി' എന്നൊരു കൃതിയുംകൂടി ദുഃഖപര്യവസായിയായിട്ടുണ്ടെന്നു് ഊഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അതു കൂടാതെയും വല്ല കൃതികളും ഉണ്ടായിരിയ്ക്കുമോ എന്നോ? കരുണരസപ്രധാനമായ ഊരുഭംഗമാണു്, ഭാസന്റെ ചെറിയതരം കൃതികളിൽ വെച്ചു് അതിവിശിഷ്ടം എന്നത്രേ, സഹൃദയന്മാരായ വിദ്വാന്മാരുടെ ഏകകണ്ഠമായ അഭിപ്രായം.

ഭീമസേനകർത്തൃകമായ ദുര്യോധനന്റെ 'ഊരുഭംഗ'വും, ഭഗ്നോരുവായ ആ വീരൻ പശ്ചാത്താപത്തോടുകൂടി പുത്രകളത്രാദികളോടു ചെയ്യുന്ന ഉപദേശവുമാണു്, പ്രകൃതകൃതിയിലെ വിഷയം. അതുകൊണ്ടു് ഇതിവൃത്തം പ്രഖ്യാതമാണെന്നു സ്പഷ്ടം.

'വൈരം പശ്ചാത്താപമായി കലാശിച്ചു' എന്നു മുൻകോപിയായ ബലഭദ്രനെക്കൊണ്ടുകൂടി മനസ്സലിഞ്ഞു പറയിയ്ക്കത്തക്കവണ്ണം അവസാനകാലത്തു് ദുര്യോധനന്റെ സ്വഭാവം അത്രയധികം വ്യത്യാസപ്പെട്ടതായിട്ടാണു്, ഭാസൻ വർണ്ണിച്ചിരിയ്ക്കുന്നതു്. 'അഞ്ചുപേൎക്കുംകൂടി താമസിയ്ക്കുന്നതിനു് ഒരു വീടെങ്കിലുംകിട്ടിയാൽ മതി' എന്നുള്ള പാണ്ഡവന്മാരുടെ അപേക്ഷയെ അധിക്ഷേപത്തോടുകൂടി ഉപേക്ഷിച്ച അഭിമാനിയായ ആ ദുര്യോധനൻ തന്നെ, ഒടുവിൽ തന്റെ ഓമനമകനോടു 'ദുർജ്ജയ, പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിയ്ക്കണം; അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം, അഭിമന്യുവിന്റെ അമ്മ, ദ്രൌപദി എന്നിവരെ അമ്മയെപ്പോലെ ആദരിയ്ക്കണം–' എന്നൊക്കെ ഉപദേശിയ്ക്കുന്നതു് യഥാൎത്ഥപശ്ചാത്താപജന്യമായ മനസ്സംസ്കാരത്തിന്റെ ഫലമായിട്ടല്ലെങ്കിൽ, പിന്നെ എന്തുകൊണ്ടായിരിയ്ക്കാം?

Digitized By Kerala Sahitya Akademi

വളരെ പശ്ചാത്തപിച്ചുവെങ്കിലും, അതിലധികം മന സ്സമാധാനത്തോടുകൂടി മരിച്ച ദുര്യോധനന്റെ മാതൃഭക്തി നോക്കുക:

'കുമ്പിട്ടു ചൊല്ലാം: പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിയ്ക്കിലോ,
മറുജന്മത്തിലുമെനി-
യ്ക്കമ്മയാകിവിടുന്നു താൻ.'

എന്നാണു 'ധീരപുത്രന്മാരെ പ്രസവിച്ച' മാതാവിനോട് ആ ആസന്നമരണൻ പ്രാർത്ഥിയ്ക്കുന്നതു്.

നാഗാനന്ദത്തിലെ ശംഖചൂഡന്റെ പ്രാർത്ഥനയും ഏകദേശം ഇതേ ഛായയിലാണു്. ശ്രീഹർഷൻ ആശയാപഹരണം നടത്തിയതാണോ എന്നു് പ്രബലമായ സംശയമുണ്ടു്.

* 'യസ്യാം യസ്യാം ജനൗ മാതസ്സമുൽപസ്യാമഹേ വയം
തസ്യാം തസ്യാം പ്രിയസുതേ, മാതാ ഭൂയാസ്ത്വമേവ നഃ'

എന്നാണു് ശംഖചൂഡന്റെ പ്രാർത്ഥന.

പരിഭാഷകനായ ശ്രീമാൻ വള്ളത്തോൾ നാരായണമേനോനവർകൾ ഒരു യഥാർത്ഥവാസനാകവിയുടെ നിലയിൽ മലയാളികൾക്ക ധാരാളം പരിചിതനാകയാൽ അദ്ദേഹത്തെപ്പററി എന്തെങ്കിലും പറയുന്നതു് ചർവിതചർവണമായിട്ടേ വരികയുള്ളു. സാഹിത്യരസികന്മാരെ ഇളക്കിമറിച്ച 'ബന്ധനസ്ഥനായ അനിരുദ്ധൻ' കരുണരസം കവിഞ്ഞൊഴുകുന്ന 'ബധിരവിലാപം', പശ്ചാത്താപത്തിന്റെ യഥാർത്ഥസ്വരൂപത്തെ കാണിക്കുന്ന 'ഒരു കത്തു്', സഹൃദയാഹ്ലാദകരമായ 'ഗണപതി' മുതലായ ഖണ്ഡകൃതികൾകൊണ്ടുതന്നെ കവിലോകത്തിൽ ശാശ്വതസ്മരണീയമായ ഒരു സ്ഥാനത്തെ അദ്ദേഹം അവലംബിച്ചുകഴിഞ്ഞി

---

* അമ്മേ, മേലാലെനിയ്ക്കുള്ള ജനനങ്ങളിലൊക്കെയും
മക്കളിൽക്കൂറെഴും നീ താനമ്മയായി വരേണമേ!

Digitized By Kerala Sahitya Akademi

രിക്കുന്നു. അദ്ദേഹത്തിന്റെ സഹജമായ കവനപാടവം ഈ പരിഭാഷയിലും തെളിഞ്ഞുകാണാം; എന്നു മാത്രമല്ല, പല ഭാഗങ്ങളും സ്വതന്ത്രകൃതിയെപ്പോലെ ഹൃദയംഗമങ്ങളായിട്ടുണ്ട്.

കിം ബഹുനാ? ഇതിവൃത്തം സദുപദേശസമ്പൂർണ്ണവും പ്രഖ്യാതവുമായ ഒന്നു്; മൂലഗ്രന്ഥകർത്താവു്, കവിതാവനിതയുടെ ഹാസമായി ഭാസിക്കുന്ന സാക്ഷാൽ ഭാസമഹാകവി; പരിഭാഷകനോ, 'മലയാളി ടാഗോർ' എന്നു പ്രസിദ്ധനായ ഒരു കവിതിലകൻ: ഒരു കൃതിക്കു, ഇതിലധികമായി എന്തൊരു മെച്ചമാണു് സിദ്ധിക്കാനുള്ളതു്?

സാരസ്വതമഠം
പള്ളിപ്പുറം
14—7—'94.

ശാസ്ത്രി എ. ഡി. ഹരിശർമ്മാ

Digitized By Kerala Sahitya Akademi

# ഊ രു ഭം ഗം

## കഥാപാത്രങ്ങൾ

സൂത്രധാരൻ
പാരിപാർശ്വികൻ
ദുര്യോധനൻ
ബലദേവൻ
ധൃതരാഷ്ട്രർ
ദുർജ്ജയൻ
അശ്വത്ഥാമാവ്
ഭടന്മാർ മൂന്നുപേർ
ഗാന്ധാരി
രാജ്ഞിമാർ
പൗരവി

Digitized By Kerala Sahitya Akademi

# ഊരുഭംഗം

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:—

ഭീഷ്മദ്രോണതടം, ജയദ്രഥജലം,
ദുര്യോധനൌഘം, മഹാ–
കർണ്ണദ്രൌണികൃപോർമ്മിമീൻമുതല, ഗാ–
ന്ധാരക്കയം, വിൽമണൽ—
പാർത്ഥന്നീവിധമാം രിപുപ്പുഴ കട–
പ്പാനാരു ചങ്ങാടമായ്,
നിങ്ങൾക്കാമ്പ് ഭഗവാനരാതിതരണ–
ച്ചങ്ങാടമാകേണമേ! 1

ആര്യമിശ്രന്മാരോട് ഇപ്രകാരം അറിയിക്കാം. ഏയ്, ഞാൻ അറിയിക്കാൻ തുടങ്ങിയപ്പോൾ എന്താണൊരു ശബ്ദം കേൾക്കുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

ഹേ, ഇതാ ഞങ്ങൾ, ഇതാ ഞങ്ങൾ.

സൂത്രധാരൻ:—ശരി, മനസ്സിലായി.

പാരിപാർശ്വികൻ:—(പ്രവേശിച്ച്) അങ്ങുന്നേ, ഇതാ, ഇത് എന്തിനായിരിക്കും.

1. ദുര്യോധനൌഘം = ദുര്യോധനനാകുന്ന പ്രവാഹം. ഗാന്ധാരൻ = ശകുനി. വിൽമണൽ = മുറിഞ്ഞു ചിതറിക്കിടക്കുന്ന വില്ലുകൾ (മററായുധങ്ങളും) ആകുന്ന മണൽ. അരാ......ങ്ങാടം = ശത്രുക്കളെ കടപ്പാനുള്ള യാനപാത്രം.



Digitized By Kerala Sahitya Akademi

സ്വാരാജ്യത്തിനു സംഗരക്രതുവിൽ മൈ
　　ഹോമിസ്സുവാനുന്നിയും,
നാരാചാവലി തോമരങ്ങളിവയേ-
　　റേററ്റെപ്പരിക്കേന്തിയും,
ഘോരം മത്തഗജേന്ദ്രർ കൊമ്പുർസിയോ-
　　രംഗത്തൊട്ടും, തങ്ങളിൽ
സ്വൈരം വീയ്യ്'മുരച്ചുനോക്കി'യടനം
　　ചെയ്യുന്നിതിയ്യാളുകൾ! 2

സൂത്രധാരൻ:—മാരിഷ, തനിയ്ക്കു മനസ്സിലായില്ലയോ? ധൃതരാഷ്ട്രരുടെ പങ്കിൽ പുത്രന്മാർ നൂറുപേരും മൃതിപ്പെട്ടു ദുര്യോധനൻ മാത്രവും, യുധിഷ്ഠിരന്റെ പങ്കിൽ പാണ്ഡവകൃഷ്ണന്മാർ മാത്രവും ബാക്കിയായപ്പോൾ, രാജാക്കന്മാരുടെ ദേഹങ്ങൾ ചിന്നിക്കിടക്കുന്ന സമന്തപഞ്ചകത്തിൽ,

പോരിൽഗ്ഗജാശ്വഭടപാർത്ഥിവർ ചത്തുവീണു,
ചായം കലമ്പിയൊരു ചിത്രപടം കണക്കെ
കീഴ്മേൽമറിഞ്ഞ കൊലവീടണയുന്നു യോധർ,
ഭീമൻ സുയോധനനുമായടർ ചെയ്തിടുമ്പോൾ. 3

(രണ്ടുപേരും പോയി)

സ്ഥാപന കഴിഞ്ഞു.

(പിന്നെ മൂന്നു ഭടന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ;—

വൈരത്തിൻ പചനം, ബലത്തിനുരക-
　　ല്ലാ,ത്മാഭിമാനാലയം,
സ്വാരാജ്യപ്രമദാസ്വയംവരസഭ-
　　സ്സ്,ൽകൃഷ്ടശൌര്യാസ്പദം,

2. സ്വാരാജ്യത്തിന് = സ്വർഗ്ഗം കിട്ടാൻ. സംഗരക്രതു = യുദ്ധമാകുന്ന യാഗം. നാരാചം = ഇരിമ്പമ്പ്. അടനം = സഞ്ചാരം.
3. കൊലവീട് = പോർക്കളം. പചനം = പചിയ്ക്കൽ.

Digitized By Kerala Sahitya Akademi

പാരീശക്ഷ്വവസാനവീരശയനം
പ്രാണാഗ്നിഹോമാധ്വരം,
നേരായ് വാനിനു ചേർന്ന പാല,മടരെ_
ന്നുള്ളാശ്രമം പുക്ക നാം. 4

രണ്ടാമൻ:—ശരിയാണു താൻ പറയുന്നതു്.

പാറയൊത്ത ഗജരാജമെയ്മലകൾ ചിന്നി
ദിക്കുകളിലൊക്കവേ;
കേറിവാണിടുകയായ് കഴുകരും, രഥിവീരർ
ചത്ത രഥപംക്തിയിൽ;
മാരണത്തൊഴിൽ പെടും രണത്തിലെതിരിട്ട-
താത്തു ചിരമാചരി–
ച്ചീ രസേശർ കൊലചെയ്തുനിന്നു കൊലപെട്ടു
വിണ്ടലമണഞ്ഞുപോയ്! 5

മൂന്നാമൻ:—വാസ്തവമാണിതു്.

ഉത്തമദ്വിരദഹസ്തയൂപനിര,യുന്നതം
ഹതഗജങ്ങളാൽ
ക്ലൃപ്തമാം ചയന,മസ്ത്രദർഭവിരി, വൈരമാം
ജ്വലിതപാവകൻ,
വിസ്തൃതധ്വജവിതാനസംഹതികൾ, സിംഹ-
നാദപടുമന്ത്രമി_
ച്ചത്ത പുരുഷപശുക്കളെന്നിവയുമായ്
നടന്നു സമരാധ്വരം. 6

ഒന്നാമൻ:—ഇതാ, നിങ്ങൾ മറ്റൊന്നു നോക്കുവിൻ;

അന്യോന്യമെയ്ത ശരമേറ്റുയിരറ്റു യുദ്ധ_
മന്നിൽപ്പതിച്ച നൃപർതൻ തനുഭൂഷണത്തെ

5. രഥിവീരർ = തേരിലേറി പൊരുതുന്നവർ.

5. രസേശർ = രാജാക്കന്മാർ. (രസ = ഭൂമി.)

6. യൂപം = യജ്ഞസ്തംഭം. ക്ലൃപ്തം = നിർമ്മിതം. ചയനം = ഇഷ്ടക പടുക്കൽ. പശുക്കൾ = ബലിപ്രമാണികൾ. അധ്വരം = യാഗം.

Digitized By Kerala Sahitya Akademi

തിണ്ണെന്നതിങ്കിലിതാ, കൊത്തിവലിച്ചിടുന്നു
തുണ്ഡത്തിൽ മാംസനനവാന്ന വിഹംഗമങ്ങടം. 7

രണ്ടാമൻ:—

പടയ്ക്കു കോപ്പൊക്കെയണഞ്ഞൊരാന, കൈ
തുടന്നിരിമ്പമ്പുകളേററു വീഴ്കയാൽ,
അടന്ന മെയ്ച്ചട്ടയൊടമ്പുവില്ലുമാ-
യുടഞ്ഞ രാജായുധശാലപോലെയായ്. 8

മൂന്നാമൻ:—ഇതാ, നിങ്ങടം മറെറാന്നു നോക്കുവിൻ:

ചന്തം ചേരും ധ്വജാഗ്രച്യുതമലർനിരയാ-
ലുത്തമാംഗത്തിൽ മാല്യം
ബന്ധിയ്ക്കപ്പെട്ടൊ,രമ്പേന്തിയ കരമൊടെഴും
ചത്ത തേരാളിതന്നെ,
ബന്ധുപ്പെണ്ണുങ്ങടം പുത്രീകണവനെ വഹന-
ത്തിങ്കൽനിന്നെന്നപോലേ,
വൻതേരിന്നുള്ളിൽനിന്നീക്കുറുനരികളിറ-
ക്കുന്നു ചിത്തം കുളിക്കേ. 9

എല്ലാവരും:—ഹാ, ഹാ, ചത്തുവീണ ആളാനകതിരകളുടെ രക്തംകൊണ്ടു നിലം ചളിക്കെട്ടി; ചട്ട, പരിച, കട, വെൺചാമരം, തോമരം, ശരം, കന്തം, കഞ്ചുകം, കബന്ധം മുയലായവ ചുററും ചിന്നിച്ചിതറി; വേൽ, പ്രാസം, ഹാടകം, ഭിണ്ഡിപാലം, ശൂലം, ഉലയ്ക്ക, മുൾത്തടി, വരാഹകർണ്ണം, കണയം, കപ്പണം, ശങ്കു, ത്രാസി, ഗദ തുടങ്ങിയ ആയുധങ്ങടം ചിതറിക്കിടക്കുന്ന സമന്തപഞ്ചകത്തിൻെറ ഭയങ്കരത!

ഒന്നാമൻ:—ഇവിടെയാകട്ടെ,

പിന്നിട്ടീടുന്നു രക്തപ്പുഴ, നിഹതഗജ-
പ്പാലമേറിജ്ജനൌഘം:

9. ഉത്തമാംഗം = ശിരസ്സ്. വഹനം = വണ്ടി.

Digitized By Kerala Sahitya Akademi

ഖിന്നന്മാർ സൂതരൊന്നിച്ചു,രചരഹിതമാം
 തേർ വഹിപ്പു ഹയങ്ങൾ;
മന്നഭ്യാസത്തിനാലൊട്ടടലുകൾ തല പോ–
 യിട്ടമുണ്ടോടിടുന്നു;
തന്നാൾക്കാർ വിട്ട മത്തദ്വിരദനിര പലേ-
 ടത്തുമായ്ച്ചുററിടുന്നു. 10

രണ്ടാമൻ:—മറ്റൊന്നു നോക്കുവിൻ: ഇതാ,

ഇരിപ്പപ്പൂമൊട്ടിൻ നിറമൊടു തുറി–
 ച്ചുള്ള മിഴി, കു–
ത്തുരത്താനത്തോട്ടിട്ടെതിർവളവെഴും
 കൊക്കിവയുമായ്,
പരത്തിപ്പേർത്താട്ടും ചിറകുടയ ഗൃ–
 ദ്ധ്രങ്ങൾ പിശിതം
ധരിച്ചുത്ഭാസിപ്പു പവിഴവിശറി–
 ട്ടൊത്തു ഗഗനേ: 11

മൂന്നാമൻ:—

പോരാൽഗ്ഗജാശ്വനൃപയോധർ പതിച്ചു, കുന്ത–
നാരാചതോമരശരാസികൾ ചിന്നി, നീളേ
ഘോരാക്രരശ്മിയിൽവിളങ്ങിയ മന്നിതിങ്കൽ–
ത്താരാഗണം പതറിവീണതുപോലെ തോന്നും. 12

ഒന്നാമൻ:—ഈ അവസ്ഥയിലും ക്ഷത്രിയന്മാർക്കു തേജസ്സു വിട്ടുപോയിട്ടില്ല: ഇവിടെ,

ചെഞ്ചുണ്ടാമിതരം, പേത്തുരുട്ടിയ മിഴി–
 ക്കാർവണ്ടണിഭ്രൂകുടീ–
കിഞ്ചല്ക്കങ്ങൾ, കിരീടകണ്ണികയിതു–
 ന്മമ്പാം നെടുംതണ്ടുമായ്,

11. പിശിതം = മാംസം.

Digitized By Kerala Sahitya Akademi

പോരിൽശ്ശൌര്യദിവാകരോല്ലസിതമായ്
നിഷ്കമ്പമാകും നില--
ത്തണ്ടാർപ്പൊയ്കയെയൊന്നു നിർഭയനരേ–
ന്ദ്രാസ്യങ്ങൾ നിർമ്മിച്ചിതോ! 13

രണ്ടാമൻ:—ഇത്തരത്തിലുള്ള ക്ഷത്രിയരേയും മൃത്യു കീഴടക്കിക്കളയുന്നു. അപകടത്തിൽപ്പെട്ട ആൾക്കാർക്കു രാജബലം നിലനിർത്താനാവുകയില്ലല്ലോ.

മൂന്നാമൻ:—എന്ത്? ക്ഷത്രിയരേയും കീഴടക്കിക്കളെയുന്നുഎന്നോ?

ഒന്നാമൻ:—എന്തു സംശയം?

മൂന്നാമൻ:—ഇങ്ങിനെ പറഞ്ഞുകൂടാ.

കെല്പിൽ ഖാണ്ഡവധൂമധൂമ്രഗുണമായ്,—
സംശപ്തകധ്വംസിയായ്,
സ്വർഗ്ഗാക്രന്ദഹരം നിവാതകവച–
പ്രോന്മർദ്ദിയാം കാർമുകം
കൈക്കൊണ്ടിന്നു, ഹരങ്കലെസ്സു പരിശേ–
ഷിച്ചുള്ള ബാണങ്ങളാൽ–
പ്പാർത്ഥൻ മൃത്യുവിനേകിവിട്ടു, പടയിൽ-
ഗ്ഗർവ്വാളുമൂർവീശരെ: 14

എല്ലാവരും:—എയ്, ഒരു ശബ്ദം:

കാറിൻ പാഴിടിവെട്ടലോ? പൊടികയോ
ശൈലങ്ങൾ വജ്രം പതി–
ച്ചേ?റെബ്ഭീഷണഘോഷമേശ്ശുമിടിവാൾ
വീണൂഴി വിള്ളുന്നിതോ?
പാരാവാരമുരത്ത കാററിലിളകി–
ത്തുള്ളും തിരച്ചാർത്തിനാൽ-
പ്പാരം മന്ദരകന്ദരങ്ങളെ മുഴ–
ക്കിക്കൊണ്ടിരമ്പുന്നിതോ? 15

13. കിഞ്ജല്കങ്ങൾ = അല്ലികൾ. നിർഭ......സ്യങ്ങൾ = ഭയമില്ലാത്ത രാജാക്കന്മാരുടെ മുഖങ്ങൾ.

14. ഉണം = ഞാൺ. സ്വർഗ്ഗാക്രന്ദഹരം = സ്വർഗ്ഗത്തിലെ നിലവിളിയെ നശിപ്പിച്ചത്.

Digitized By Kerala Sahitya Akademi

ആവട്ടെ, നമുക്കു നോക്കാം.

(എല്ലാവരും ചുററിനടക്കുന്നു.)

ഒന്നാമൻ:—എയ്, ഇതാ, പാഞ്ചാലിയുടെ തലമുടി തീണ്ടിയതിൽ അരിശം പൂണ്ട മധ്യമപാണ്ഡവനായ ഭീമസേനനും, നൂറു സഹോദരന്മാരെയും കൊന്നതിൽ കുപിതനായ ദുര്യോധനമഹാരാജാവും തമ്മിൽ, കുരുകുലത്തിന്നും യദുകുലത്തിന്നും ഈശ്വരന്മാരായ വ്യാസൻ ബലഭദ്രൻ കൃഷ്ണൻ വിദുരൻ മുതൽപേരുടെ മുമ്പിൽവെച്ച ഗദായുദ്ധം തുടങ്ങിക്കഴിഞ്ഞു.

രണ്ടാമൻ:—

തങ്കപ്പാറ തൊഴും വൃകോദരമഹാ—
മാറത്തു തല്ലേററു,മീ—
വിൺകുംഭീന്ദ്രകരോഗ്രമാകിയ കുരു—
ക്ഷ്മാപൻെറ തോറും പൊട്ടിയും,
നെഞ്ചിൻവീഥികളിൽസ്സുരിസ്സുതിരുവരും,
ശസ്ത്രങ്ങളേല്പിസ്സയാ—
ലഞ്ചാതിങ്ങുയരുന്നു ദാരുണഗദാ—
സംഘട്ടനപ്രസ്വനം. 16

മൂന്നാമൻ:—ഇതാ, മഹാരാജാവു്

കെല്ലേറും വിറയാൽ കിരീടമിളകീ,
ക്രോധാരുണാക്ഷാസ്യനായ്,
നില്പുന്നാൻ കുറുതാക്കിയോരുടലുമായ്—
പ്പൊക്കുന്നു കൈ വീണ്ടുമേ,
തൃക്കയ്യിൽഗ്ഗദയോ, വിരോധിരുധിര-
ച്ചേറാണ്ടു ശോഭിപ്പതു—
ണ്ടു,കൈലാസഗിരിസ്സു മേൽമുടിയിലായ്—
ശ്ശക്രാശനിസ്സൊപ്പമേ. 17

16. വിൺ........രോഗ്രം = ഐരാവതത്തിൻെറ തുമ്പിക്കയ്യുപോലെ
കുംഭംശം. സംഘട്ടനം = കൂട്ടിമുട്ടൽ.
17. വിരോധിരുധിരം = ശത്രുരക്തം. ശക്രാശനി = ഇന്ദ്രൻെറ വജ്രം.

Digitized By Kerala Sahitya Akademi

ഒന്നാമൻ:—ഇതാ, പോർനിണത്തിലാറാടിയ പാണ്ഡവനെ നോക്കു:

ഹാ, മേൽനെററിപിളൎന്ന രക്തമൊഴുകി,-
ത്തോരംക്കെട്ടു രണ്ടും ചത—
ഞ്ഞാ,മേളിച്ച കൊഴുത്തതാമടർനിണം-
കൊണ്ടീറനാം മാറുമായ്,
വാർ മെത്തുന്ന ഗദാക്ഷതങ്ങളിൽ നിണം
വാൎന്നുല്ലസിയ്ക്കുന്നിതീ-
ബ്ഭീമൻ, പാറകരം കാവിനീരിൽ നനയും
ശ്രീമേരുവെപ്പോലവേ! 18

രണ്ടാമൻ:—

ചാട്ടുന്നു വൻഗദ; തിമൎത്തലറുന്നു; കൈ പി-
ന്മാററുന്നു; കേടെതിർതൊഴില്ക്കടനേകിടുന്നു:
ചുററുന്നു നല്ലൊരടവിൽ; പ്രഹരിപ്പു മേന്മേൽ;
മുററും പയററരചന്തൃ,ക്കിഹ ഭീമനേറും. 19

മൂന്നാമൻ:— ഇതാ വൃകോദരൻ,

ശിരസി പെരിയ തല്ലേററൂൎന്ന രക്തത്തിൽ മുങ്ങി-
ദ്ധരണിയിൽ നിപതിപ്പൂ പോരിലെല്ലാമമേയൻ,
ഗിരിസദൃശനി,ടിത്തീ വീണു വെന്തിട്ടു ധാതുൽ-
ക്കരമുരുകിയൊലിയ്ക്കും ഹേമകൂടാദ്രിപോലെ. 20

ഒന്നാമൻ:—ഇതാ, ഊക്കിലടിയേററിട്ടു ദേഹം കുഴഞ്ഞുവീഴുന്ന ഭീമസേനനെ കണ്ടിട്ട്,

സാശ്ചര്യം വ്യാസർ താടിയ്ക്കൊരു വിരൽമുന ചേ-
ൎത്താനനം പൊക്കി നില്പായ്;

രണ്ടാമൻ:—

മൂൎച്ഛിപ്പൂ ധൎമ്മപുത്രന്നവശത; വിദുര-
ന്നശ്രുവാൽക്കൺ നിറഞ്ഞു,

18. ആമേളിച്ച = കൂടിച്ചേൎന്ന. ഗദാക്ഷതം = ഗദയേററുള്ള മുറിവ്.
19. എതിർതൊഴിൽ = മാററാന്റെ പ്രയോഗം. പയററ് = അഭ്യാസം.

Digitized By Kerala Sahitya Akademi

ഒന്നാമൻ:—

തൊട്ടു ഗാണ്ഡീവചാപം വിജയനഹഹ; മേ-
ല്പോട്ടു നോക്കുന്നു കൃഷ്ണൻ;

എല്ലാവരും:—

ശിഷ്യസ്നേഹാൽച്ചുഴററുന്നിതു കരിയെ രണം
കണ്ടു നില്ക്കുന്ന രാമൻ. 21

ഒന്നാമൻ:—ഇതാ മഹാരാജാവു

വിശ്വാസ്യം വിവിധരത്നവിചിത്രപൂർവ്വ
നാത്മാഭിമാനവിനയദ്യുതിസാഹസാഢ്യൻ,
ചൊല്ലുന്നു പുഞ്ചിരിയൊടാ,'ത്തരെ വീരർ പോരിൽ-
ക്കൊല്ലില്ല ഭീമ;ഭയമൊക്കെയകററുക'ന്നായ്! 22

രണ്ടാമൻ:—ഇതാ, അപഹസിയ്ക്കപ്പെട്ടുന്ന ഭീമസേനനെ കണ്ടിട്ടു കൃഷ്ണൻ, തന്റെ തുടമേൽ തച്ച് എന്തോ ഒരടയാളം കാണിച്ചുകൊടുക്കുന്നു.

മൂന്നാമൻ:—ഇതാ, അടയാളം കണ്ടിട്ട് ആശ്വസിച്ച വായുപുത്രൻ,

ബദ്ധഭ്രൂകുടി, നെററിവേർപ്പൊരു കര-
ത്താലേ തുടച്ചും,ഗദോ-
ച്ചിത്രശ്രീഗദ ഘോരവക്രതനിതൃകൈ-
കൊണ്ടും പിടിച്ചങ്ങിനെ,
പുത്രൻതന്നുഴൽ കണ്ടു കാററുതളിയോ-
ത്രക്കൊന്നു പോലാത്തുകൊ-
ണ്ടു,ദൃൽസിംഹവൃഷേക്ഷണൻ പുനരെഴു-
ന്നേല്ക്കുന്നു പൃഥ്വീതലാൽ. 23

21. മൂർച്ഛിപ്പു = എറിവരുന്നു. കരി = കലപ്പ.

23. അംഗ......ഗദ = അംഗദം (മേല്പോള എന്നർത്ഥം) കൊണ്ടു വിവിധവർണ്ണമായ ഗദ. അതുളിയ = കല്പിച്ചുകൊടുത്ത. പുനഃ = വീണ്ടും. പൃഥ്വീതലാൽ = നിലത്തുനിന്ന്.



Digitized By Kerala Sahitya Akademi

ഒന്നാമൻ:—അല്ലാ, രണ്ടാമത്തും തുടങ്ങി, ഗദായുദ്ധം. ഇതാ,

ഉള്ളംകൈകരം നിലത്തൂരച്ച,ഥ ഭുജം
    രണ്ടും വെട്ടപ്പായുഴി–
ഞ്ഞു,ള്ളിൽ ക്രോധമൊടാത്തു, വിക്രമബലാൽ–
    ച്ചുണ്ടും കടിച്ചഞ്ജസാ,
ധമ്മത്തിൻഘൃണ പോർനടപ്പിവ വെടി-
    ഞ്ഞാ,ശ്ശൌരിതൻ സംജ്ഞയാ-
ലമ്മട്ടേ ഗദ കൌരവൻെറ തുടമേൽ-
    പ്പായിച്ചു പാണ്ഡവാത്മജൻ. 24

എല്ലാവരും:—അയ്യോ, കഷ്ടം, മഹാരാജാവു വീണുപോയി.

മൂന്നാമൻ:—ഇതാ, സർവാംഗം ചോരയൊലിച്ചുകൊണ്ടു, കുരു വീണതു കണ്ടിട്ടു വ്യാസഭഗവാൻ ആകാശത്തേയ്ക്കുപൊങ്ങി.

രണ്ടാമൻ:—

മത്താൽദൃഷ്ടിമയക്കമൊന്ന ഹലി കൺ
    ചിമ്മീ; കുരുക്ഷ്മാപനെ--
ച്ചൊല്ലി ക്രോധമൊടക്ഷി ചീമ്മിമരുവും
    താലാങ്കനെക്കാൺകയാൽ
പിന്മാററുന്ന പൃഥാതനൂജർ സഭയം
    വ്യാസൻെറയാംഗ്യത്തിനാൽ;--
ക്കണ്ണൻ കൈകഒ പിടിച്ചു വായുസുതനെ-
    ക്കൈക്കെട്ടിലാക്കി ദ്രുതം. 25

ഒന്നാമൻ:—എയ് ഇതാ, അമഷ്ത്താൽ കണ്ണു തുറന്നു ഭഗവാൻ ബലഭദ്രൻ, ഭീമസേനനെ അകററുന്നതു നോക്കിക്കൊണ്ട് ഇങ്ങോട്ടെഴുന്നള്ളുന്നു. ഇദ്ദേഹം,

24. ധമ്മത്തിൻഘൃണ = ധമ്മവിചാരത്താലുള്ള ജുഗുപ്സ. പോർനടപ്പ് = യുദ്ധമര്യാദ.

25. മത്ത് = മദ്യലഹരി. ഹലി = ബലരാമൻ. ആംഗ്യം = സംജ്ഞ (കൈകൊണ്ടു കാണിയ്ക്കൽ)

Digitized By Kerala Sahitya Akademi

ഭംഗിയാന്ന കിരീടമാടി, വീടന്ന ക--
ണ്ഠരിശത്തിനാൽ--
ച്ചെങ്ങിയും, വരിവണ്ട കൊത്തിയ മാലയി--
ത്തിരി കേററിയും
മിന്നിടുന്നിതഴിഞ്ഞു ലങ്ങിയ നീലമൈ--
ലുടുകിൽ താങ്ങിയും,
മന്നിതിൽപ്പരിവേഷമോടുമണഞ്ഞ വെ--
ണ്മതി പോലവേ.

ഭാണ്ഡാമൻ: — എന്നാൽ വരുവിൻ: നമുക്കു മഹാരാജാവിന്റെ അടുക്കലേയ്ക്കു പോവുക.

രണ്ടുപേരും:— ഓ, കൊള്ളാം. (എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ബലദേവൻ പ്രവേശിക്കുന്നു)

ബലദേവൻ:— ഹേ, ഹേ, രാജാക്കന്മാരേ, ഇതു ശരിയായില്ല.

അരാതിബലകാലനാം മമ കല--
പ്പയെത്തള്ളിയും,
രണച്ചതിയുമെന്നെയും മദവശാൽ
ഗണിക്കാതെയും
സുയോധനനെയിന്നവൻ, ഗദ തുട-
ക്കുമേൽ വീഴ്ത്തിയി-
ട്ടടർത്തലയിൽ വീഴ്ത്തിനാൻ, കുലവിനീ--
തിയോടൊപ്പമേ! 27

അല്ലേ ദുര്യോധന, കുറച്ചുനേരം പ്രാണനെ നിർത്തുക.

26. ചെങ്ങിയും = ചെമന്നും. താങ്ങിയും = പിടിച്ചും.
27. അരാതിബലം = ശത്രുസൈന്യം. കുലവിനീതി = വംശധർമ്മം.

Digitized By Kerala Sahitya Akademi

വാഴ്കും ദൈത്യവ്രജത്തിൻ പുരമതിലു പൊളി-
ക്കുന്നതായ്,സ്സൂര്യപുത്രീ-
നീക്കാശാനായ,രാതിപ്പടയുടെയൊരുയിർ-
പ്പൂജ കൈക്കൊൾവതായി,
സൌഭോച്ഛിഷ്ടാസ്യമാമെൻ കരിയടവിലെട്ട-
ത്ത,ത്സ്രഘർമ്മോദകച്ചേ-
റോലും വിസ്തീർണ്ണഭീമോരസി വയലുഴതും
വേല സാധിപ്പനിപ്പോൾ! 28

(അണിയറയിൽ)

ഭഗവാൻ ഹലായുധൻ പ്രസാദിക്കേണമേ,
പ്രസാദിക്കേണമേ!

ബലദേവൻ:—ഈ നിലയായിട്ടും, സാധു ദുര്യോധനൻ എന്നെ അനുഗമിക്കുന്നു. ഇപ്പോൾ,

പോരിൻചന്ദനമാർദ്രരക്തമുടലിൽ-
പ്പൂശി,ക്കിശോരോപമം
പാർമേൽ നീന്തി രജസ്സിനാൽ ഭുജ ചുക-
ന്നോനായ് ലസിക്കുന്നിതേ,
പീയൂഷോന്മഥനം കഴിഞ്ഞഗവരാൽ
ദേവാസുരന്മാരഴി-
ച്ചിട്ടിട്ടാഴിയിൽ വാട്ടമോട്ടമിഴയു-
ന്നാ വാസുകിക്കൊപ്പമേ. 29

(പിന്നെ തുട രണ്ടും ചതഞ്ഞ ദുര്യോധനൻ പ്രവേശിക്കുന്നു.)

28. നീക്ക് ആശാൻ = കാളിന്ദീജലത്തെ ചൊല്പടിക്കൊഴുകിച്ചത്. സൌഭോച്ഛിഷ്ടാസ്യം = സാല്വന്റെ വിമാനം തൊട്ടിട്ട് എച്ചിലായ മുഖത്തോടുകൂടിയത്. അസ്രം = രക്തം. ഘർമ്മോദകം = വിയർപ്പ്. വിസ്തീ......രസി = വിരിവുള്ളതായ ഭീമന്റെ മാറിൽ.

29. കിശോരോപമം = കുട്ടിയെപ്പോലെ. രജസ്സ് = പൊടി. ഭുജ = കൈ. അഗവരാൽ = മന്ദരപർവതത്തിൽനിന്ന്.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—ഹാ, ഇതാ,

അനിലജൻ ഗദയാലതിർ വിട്ടടി-
ച്ചതുവശാൽത്തുട പൊട്ടി ഞെരിഞ്ഞുപോയ്
ധരയിൽ നീന്തുകയായി ഭുജങ്ങളാൽ,-
പ്പകുതിമെയ്യിൽ മരിച്ചുകഴിഞ്ഞ ഞാൻ! 30

ഭഗവാൻ ഹലായുധൻ പ്രസാദിക്കേണമേ: പ്രസാദിക്കേണമേ:

പാരിന്മേൽ വീണവനുടെ ശിര-
സ്സൊന്നിതാ, വീണു നിങ്കാൽ-
ത്താരിൽ; ക്രോധം വെടിയുകിവിടു-
ന്നാദ്യ: മക്കൂട്ടർ മുററും
ജീവിക്കട്ടേ കുരുകുലനിവാ-
പാംബുവാഹങ്ങളായ്ത്താൻ!
വൈരംതാനും കലഹകഥയും
ഞങ്ങളും തീൎന്നുവല്ലോ! 31

ബലദേവൻ:—ദുര്യോധന, കുറച്ചുനേരം പ്രാണനെ നിൎത്തുക.

ദുര്യോധനൻ:—ഇവിടുന്നെന്തു ചെയ്യാനാണ് ഭാവിക്കുന്നത്?

ബലദേവൻ:—കേട്ടുകൊാംക:

സീരം നേക്കാഞ്ഞുലച്ചിട്ടതിനുടെ തലയാൽ
മൈകളിൽച്ചാല്യ കീറി,-
പ്പാരം തോാംക്കെട്ടു മാൎത്തട്ടിതുകളെ മുസലം
കൊണ്ടു തല്ലിപ്പിളൎത്തി,
തേരശ്വേഭങ്ങളോടൊത്തടരിലവമഥി-
ച്ചിട്ടു കുന്തീതനൂജ-
ന്മാരെ സ്വർല്ലോകയാത്രക്കെഴമനുചരരാ-
യേകിവിട്ടീടുവൻ തേ! 32

ദുര്യോധനൻ:—അരുതേ, അരുതേ,

31. കുരു......ഹങ്ങൾ = മരിച്ചുപോയ കുരുവംശക്കാൎക്ക് ഉദകം നല്കാനുള്ള മേഘങ്ങൾ.

Digitized By Kerala Sahitya Akademi

ഭീമൻ പ്രതിജ്ഞ സാധിച്ചു;
വിണ്ണേറി നൂറു സോദരർ;
ഞാനീ മട്ടിലുമായ് രാമ,
പോരിനാൽ ഫലമെന്തിനി? 33

ബലദേവൻ:—എൻെറ മുമ്പിൽ വെച്ച് അങ്ങയെ ചതിച്ചുവ ല്ലോ എന്നാണ്, എനിയ്ക്കു ദ്വേഷ്യം,

ദുര്യോധനൻ:—എന്നെ ചതിച്ചു എന്നാണോ ഇവിടുന്നു വിചാ രിയ്ക്കുന്നത്?

ബലദേവൻ:—എന്തു സംശയം?

ദുര്യോധനൻ:—അഹോ, എൻെറ പ്രാണന്നു വില കിട്ടി. എന്തു കൊണ്ടെന്നാൽ,

ആ ലാക്ഷപ്പുര വെന്ത നാറം കരുതലാൽ,
സംരക്ഷ സാധിച്ചവൻ,
കൈലാസേശഗൃഹാഹവത്തിലചല_
ക്കല്ലേറു പുല്ലാക്കിയോൻ,
ക്രവ്യാദേശഹിഡിംബജീവിതഹരൻ,
ഭീമൻ ചതിച്ചാണെനി-
യ്ക്കേവം തോൽവി പിണച്ചതെങ്കിലിഹ തോ_
റ്റിട്ടില്ല താലാങ്ക, ഞാൻ! 34

ബലദേവൻ:—ഭീമസേനൻ അങ്ങയെ യുദ്ധത്തിൽ ചതിച്ചിട്ടു ജീവിച്ചിരിയ്ക്കണമെന്നോ?

ദുര്യോധനൻ:—ഭീമസേനനാണോ എന്നെ ചതിച്ചത്?

ബലദേവൻ:—പിന്നെയാരാണ്, അങ്ങയെ ഈ നിലയിലാ ക്കിയത്?

ദുര്യോധനൻ:—കേട്ടുകൊൾക:

ആരന്നാപ്പാരിജാതം സുരപതിയുടെയ_
ന്തസ്സോടൊത്താഹരിച്ചു;

34. ലാക്ഷപ്പുര—അരക്കില്ലം. കൈലാസേശൻ = വൈശ്രവണൻ.

Digitized By Kerala Sahitya Akademi

നേരമ്പോക്കായുറങ്ങീ കടലിനടിയിലാ–
രായിരം ദിവ്യവർഷം;
നേരായ്പ്പോരാടുമെന്നെജ്ജഗദഭിമതനാ–
യീടുമദ്ദേഹമത്രേ,
സ്വൈരം ഭീമന്റെയത്യുല്ക്കടഗദയിലണ-
ഞ്ഞന്തകന്നേകിവിട്ടു! 35

(അണിയറയിൽ)

മാറിനില്പിൻ, ആര്യന്മാരേ, മാറിനില്പിൻ!

ബലദേവൻ:— (നോക്കിയിട്ട്) ഏയ്, ഇതാ, അത്രഭവാൻ ധൃതരാഷ്ട്രൻ ഗാന്ധാരിയോടും അന്തഃപുരസ്ത്രീകളോടുംകൂടി, ദുർജ്ജയൻ കാണിയ്ക്കുന്ന വഴിയിലൂടെ, ദുഃഖപര്യാകുലനായി ഇങ്ങോട്ടു വരുന്നു. ഇദ്ദേഹം,

കൺ മക്കൾ നൂറിൽ വിഭജിച്ചവനാ,ത്തദപ്പൻ;
പൊൻതൂണൊളിപ്രസൃതബാഹു, സമഗ്രവീര്യൻ;
സ്വർഗ്ഗേശനായിവരുമെന്ന ഭയത്തിനാലോ
സൃഷ്ടിച്ചു പാഴ്കുരുടനായ്,സ്സുരരിപ്പുമാനെ! 36

(അനന്തരം ധൃതരാഷ്ട്രനും ഗാന്ധാരിയും രണ്ടു രാജ്ഞിമാരും ദുർജ്ജയനും പ്രവേശിയ്ക്കുന്നു)

ധൃതരാഷ്ട്രൻ:—മകനേ നീ എവിടെയാണ്?

ഗാന്ധാരി:—മകനേ, നീ എവിടെയാണ്?

രാജ്ഞിമാർ:—മഹാരാജാവേ, ഇവിടുന്ന് എവിടെയാണ്?

ധൃതരാഷ്ട്രൻ:— ഹാ കഷ്ടം,

ഉണ്ണിയെപ്പോരിൽ വഞ്ചിച്ചു
കൊന്നതായിഹ കേൾക്കയാൽ
അന്തർബാഷ്പാക്ഷമായ് വീണ്ടു–
മന്ധമായ,ന്ധമെന്മുഖം! 37

36. പ്രസൃതം = നീണ്ടുകിടക്കുന്ന

Digitized By Kerala Sahitya Akademi

ഗാന്ധാരി, നീ ജീവിച്ചിരിയ്ക്കുന്നുണ്ടോ?

ഗാന്ധാരി:—ഭാഗ്യം കെട്ട ഞാൻ ജീവിച്ചിരിയ്ക്കുന്നു.

രാജ്ഞിമാർ:—മഹാരാജാവേ, മഹാരാജാവേ!

ദുര്യോധനൻ:—ഹാ, കഷ്ടം, എന്റെ സ്ത്രീകൾക്കും കരയേണ്ടി വന്നുവല്ലോ!

മുല്പാടറിഞ്ഞീല; ഗദപ്രഹാര-
നോവിപ്പൊഴാണേല്പതു നിർഭരം ഞാൻ
അണഞ്ഞുവല്ലോ മൂടി മൂടിടാതെ-
ന്നന്തഃപുരസ്ത്രീകളടക്കളത്തിൽ! 38

ധൃതരാഷ്ട്രൻ:—ഗാന്ധാരി, ദുര്യോധനൻ എന്ന കുലാഭിമാനിയെ കാണുമാനുണ്ടോ?

ഗാന്ധാരി:—മഹാരാജാവേ, കാണുമാനില്ല.

ധൃതരാഷ്ട്രൻ:—കാണുമാനില്ലെന്നോ? ഇതാണ് എന്റെ അവസ്ഥ. അന്വേഷിയ്ക്കേണ്ട കാലത്തു മകനെ കാണുന്നില്ലല്ലോ. ഹാ, ദുർവിധേ,

പോരിൽപ്പരോന്മഥനർ മാനഗുണോജ്ജ്വലന്മാർ
ധീരാഗ്ര്യർ വീരസുതരാക്കളുവായി നൂറാം;
ആ മാനിയായ ധൃതരാഷ്ട്രനു,മുണ്ണി മന്നിൽ-
ത്തുകം തിലോദകമൊരിയ്ക്കൽ നകന്നുകൂടേ? 39

ഗാന്ധാരി:— ഉണ്ണി, സുയോജന, എന്നോടു മറുപടി പറയൂ: പുത്രന്മാർ നൂറുപേരും കഴിഞ്ഞുപോയതിനാൽ സങ്കടപ്പെട്ടുന്ന ഭാഗ്യം കെട്ട മഹാരാജാവിനെയും ആശ്വസിപ്പിയ്ക്കു.

ബലദേവൻ:— എയ്, ഇതാ, തത്രഭവതി ഗാന്ധാരി,

തൻപുത്രപൌത്രവദനങ്ങളിലാസ്ഥ വിട്ടു,
ദുര്യോധനാസ്തമയശോകവിധേയയായി,

39 പരോന്മഥനർ = വൈരികളെ മർദ്ദിക്കുന്നവർ.
തിലോദകം = എള്ളോടുകൂടിയ വെള്ളം.

Digitized By Kerala Sahitya Akademi

കണ്ണീരുകൊണ്ടിഹ പതിവ്രതചിഹ്നമായ
'കൺമൂടുചേല'യധുനാ സതതം നനപ്പൂ. 40

ധൃതരാഷ്ട്രർ:—മകനേ, ദുര്യോധന, പതിനെട്ട് അക്ഷൌഹിണിയുടെ മഹാരാജാവേ, നീ എവിടെയാണ്?

ദുര്യോധനൻ:—ഇന്നാണ് ഞാൻ മഹാരാജാവായത്!

ധൃതരാഷ്ട്രർ:—പുത്രശതജ്യേഷ്ഠ, എന്നോടു മറുപടി പറയൂ.

ദുര്യോധനൻ:—മററു വൃത്താന്തത്തെക്കുറിച്ചു പറയാം. ഈ സംസാരത്തിൽ എനിയ്ക്കു ലജ്ജയുണ്ട്,

ധൃതരാഷ്ട്രർ:—വരൂ മകനേ, എന്നെ അഭിവാദ്യം ചെയ്യുക.

ദുര്യോധനൻ:—ഇതാ, ഇതാ, ഞാൻ വരുന്നു. (എഴുന്നേല്പാൻ ഭാവിച്ചു വീഴുന്നു) ഹാ, ഇതെനിയ്ക്കു രണ്ടാമത്തെ അടിയായി. കഷ്ടമേ,

ഗദാനിപാതയുദ്ധത്തിൽ—
കവെന്നിതു വൃകോദരൻ
ഇന്നെൻ തുടകളോടൊന്നി—
ച്ചച്ഛൻതൻ കാൽവണങ്ങലും! 41

ഗാന്ധാരി:—കുഞ്ഞുങ്ങളേ, ഇതിലേ.

രാജ്ഞിമാർ:—അമ്മേ, ഇതാ ഞങ്ങൾ.

ഗാന്ധാരി:—ഭർത്താവിനെ തിരഞ്ഞുനോക്കുവിൻ.

രാജ്ഞിമാർ:—ഭാഗ്യം കെട്ട ഞങ്ങൾ പോകാം.

ധൃതരാഷ്ട്രർ:—ആരാണിത്, എന്റെ വസ്ത്രത്തുമ്പുപിടിച്ചു വഴി കാണിയ്ക്കുന്നത്?

ദുർജ്ജയൻ:—മുത്തച്ഛ, ഞാൻ ദുർജ്ജയൻ.

ധൃതരാഷ്ട്രർ:—പൌത്ര, ദുർജ്ജയ, അച്ഛനെ അന്വേഷിയ്ക്കൂ.

ദുർജ്ജയൻ:—ഞാൻ ക്ഷീണിച്ചിരിയ്ക്കുന്നു.

40. വിധേയ = അടിമപ്പെട്ടവൾ. ഭർത്താവിനെപ്പോലെ കൺകാഴ്ചയില്ലാതാവാൻ, ഗാന്ധാരി എപ്പോഴും വസ്ത്രംകൊണ്ടു കണ്ണുകൾ കെട്ടിയിരുന്നപോൽ; ഇതാണ്. 'പതിവ്രതാചിഹ്നമായ കൺമൂടുചേല.'



Digitized By Kerala Sahitya Akademi

ധൃതരാഷ്ട്രൻ:—ചെല്ലു, അച്ഛൻെറ മടിയിൽ വിശ്രമിക്കാം.

ദുർജ്ജയൻ:—മുത്തച്ഛ, ഞാൻ പോകാം. (അടുത്തു ചെന്നിട്ട്) അച്ഛ, ഇവിടുന്ന് എവിടെയാണ്?

ദുര്യോധനൻ:—അല്ലാ, ഇവനും വന്നിട്ടുണ്ടോ? എല്ലാററിലുമധികം, മനസ്സിലുള്ള പുത്രസ്നേഹമാണ്, എന്നെ ചുട്ടെരിക്കുന്നത്. എന്തുകൊണ്ടെന്നാൽ,

ദുഃഖം കാണാതെ പതിവാ-
യെന്നങ്കത്തിൽശ്ശയിച്ചവൻ,
ദുർജ്ജയൻ ജിതനാമെന്നെ-
ക്കണ്ടിട്ടെന്തൊന്നു ചൊല്ലിടും? 42

ദുർജ്ജയൻ:—ഇതാ. മഹാരാജാവു നിലത്തു കിടക്കുന്നു.

ദുര്യോധനൻ:—മകനേ, എന്തേ പോന്നത്?

ദുർജ്ജയൻ:—അച്ഛൻ വരാൻ വൈകിയതുകൊണ്ട്.

ദുര്യോധനൻ:—ആവൂ! ഈ നിലയിൽ, പുത്രസ്നേഹം മനസ്സിനെ ചുട്ടെരിക്കുന്നു.

ദുർജ്ജയൻ:—ഞാൻ അച്ഛൻെറ മടിയിൽ കേറിയിരിക്കട്ടെ!

(മടിയിൽ കേറുന്നു)

ദുര്യോധനൻ:—(തടുത്തിട്ട്) ദുർജ്ജയ, ദുർജ്ജയ,—ഹാ കഷ്ടം

കരളിൽക്കളിരേകമാരെനി-
ക്കെല്ലാരു നേത്രോത്സവമായിരുന്നുവോ,
പരമാപ്പുത്രതിങ്കളം താനിതാ,
എരിതീയ്യായിതു കാലവൈഭവാൽ! 43

ദുർജ്ജയൻ:—എന്താണ്, മടിയിലിരിക്കാൻ സമ്മതിക്കാത്തത്?

ദുര്യോധനൻ:—

ശീലിച്ചതു വെടിഞ്ഞുണ്ണി,
വല്ലേടത്തുമിരിക്ക നീ:
ഇന്നു തൊട്ടു നിനക്കില്ലീ
മുന്നം വാണൊരിരിപ്പിടം! 44

Digitized By Kerala Sahitya Akademi

ദുർജ്ജയൻ:—മഹാരാജാവ് എവിടെയ്ക്കാണ് എഴുന്നെള്ളുന്നത്?

ദുര്യോധനൻ:— ഞാൻ, അനുജന്മാർ നൂറുപേരും പോയേടത്തെയ്ക്കു പോകയാണ്.

ദുർജ്ജയൻ:—എന്നെയും അങ്ങോട്ടു കൊണ്ടുപോകണം,

ദുര്യോധനൻ:—മകനേ, ചെന്നു ഭീമസേനനോടു പറയൂ.

ദുർജ്ജയൻ:—മഹാരാജാവേ, വരൂ. ഇവിടത്തെ അന്വേഷിയ്ക്കുന്നുണ്ട്.

ദുര്യോധനൻ:—മകനേ, ആര്?

ദുർജ്ജയൻ:—മുത്തശ്ശിയും, മുത്തച്ഛനും, എല്ലാ അന്തഃപുരസ്ത്രീകളും.

ദുര്യോധനൻ:—ഉണ്ണീ, പൊയ്ക്കൊൾക; എനിയ്ക്കു നടപ്പാൻ വയ്യ.

ദുർജ്ജയൻ:—അച്ഛനെ ഞാൻ കൊണ്ടുപോകാം.

ദുര്യോധനൻ:—മകനേ, നീ കുട്ടിയാണല്ലോ.

ദുർജ്ജയൻ:— (ചുററിനടന്ന്) മുത്തച്ഛ, ഇതാ, മഹാരാജാവ്.

രാജ്ഞിമാർ:—ഹാ, ഹാ, മഹാരാജാവ്!

ധൃതരാഷ്ട്രൻ:—മഹാരാജാവെവിടെ?

ഗാന്ധാരി:—എന്റെ മകൻ എവിടെ?

ദുർജ്ജയൻ:—ഇതാ, മഹാരാജാവു നിലത്തു കിടക്കുന്നു.

ധൃതരാഷ്ട്രൻ:—ഹാ കഷ്ടം! ഇതാണോ മഹാരാജാവ്?

പൊൻതൂണിനോളം വലുതായിരുന്ന
ലോകൈകരാജേശ്വരനാമവൻ മേ
വൻകോട്ടവാതിൽത്തഴുതിന്റെ പാതി
വലുപ്പമാർന്നൂഴിയിൽ വീണു പാവം! 45

ഗാന്ധാരി:—കുഞ്ഞേ, സുയോധന, നീ ക്ഷീണിച്ചിരിയ്ക്കുന്നോ?

ദുര്യോധനൻ:—ഇവിടത്തെ മകനാണല്ലോ ഞാൻ.

ധൃതരാഷ്ട്രൻ:—ഇതാരാണ്?

ഗാന്ധാരി:—മഹാരാജാവേ, ധീരപുത്രന്മാരെ തന്ന ഞാൻ.

ദുര്യോധനൻ:—ഞാൻ ഇപ്പോൾ ജനിച്ചതായി തോന്നുന്നു. അച്ഛ, ഇനി വ്യസനിച്ചിട്ടു ഫലമെന്താണ്?

Digitized By Kerala Sahitya Akademi

ധൃതരാഷ്ട്രൻ:—മകനേ, എങ്ങിനെ വ്യസനിയ്ക്കാതിരിയ്ക്കും?

ബലവീര്യകൃതാവലേപർ, യുദ്ധ-
ക്രതുവിൽദ്ദീക്ഷിതർ, മുൻനശിച്ചപോദയാർ,
തവ സോദരർ, നീയൊരാറം മൃതിപ്പെ-
ട്ടതിലത്രേ മൃതിയേററു നൂറുപേരും! 46

(വീഴുന്നു)

ദുര്യോധനൻ:—അയ്യോ, അവിടുന്നു വീണുപോയല്ലോ. അച്ഛാ, അമ്മയെ ആശ്വസിപ്പിയ്ക്കണേ!

ധൃതരാഷ്ട്രൻ:—മകനേ, എന്തു പറഞ്ഞ് ആശ്വസിപ്പിയ്ക്കേണ്ടു?

ദുര്യോധനൻ:—യുദ്ധത്തിൽ പിന്മാറാതെ കൊലപ്പെട്ടു എന്ന്. അച്ഛ, ദുഃഖമടക്കി എന്നെ അനുഗ്രഹിച്ചാലും.

ദീപ്താഗ്നിയെക്കൂടി നിനച്ചിടാതെ, നിൻ-
തൃക്കാല്ക്കൽ മാത്രം തലതാഴ്ത്തിവന്ന ഞാൻ,
സഞ്ജാതനായേതൊരു മാനമോടുമൊ-
ത്താ, മാനമോടേ സുരനാടു പൂകുവൻ! 47

ധൃതരാഷ്ട്രൻ:—

ജീവിച്ചിരിപ്പാൻ കൊതിയററ വൃദ്ധ-
നായി, പ്രകൃത്യന്ധനുമാകുമെങ്കൽ
കരാക്കനം നീക്കി മൃതിന്നു കോി-
ക്കയെത്തിടുന്നൂ കടുപുത്രദുഃഖം. 48

ബലദേവൻ:—അയ്യോ, കഷ്ടം.

ആളാകുന്നീല ഞാൻ, തീരെ-
ദുര്യോധനനിരാശനായ്
ജാത്യന്ധനാമിദ്ദേഹത്തോ-
ടെന്നെച്ചെന്നറിയിയ്ക്കുവാൻ! 49

48. കരൾക്കനം = ധൈര്യം.

Digitized By Kerala Sahitya Akademi

ദുര്യോധനൻ;—ഞാൻ അമ്മയോടുണർത്തിയ്ക്കുന്നു.

ഗാന്ധാരി:—മകനേ, പറയു.

ദുര്യോധനൻ:—

കുമ്പിട്ടു ചൊല്ലാം: പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിയ്ക്കിലോ,
മറുജന്മത്തിലുമെനി-
യ്ക്കമ്മയാകിവിടുന്നു താൻ! 50

ഗാന്ധാരി:—എന്റെ ആഗ്രഹമാണ് നീ പറഞ്ഞത്.

ദുര്യോധനൻ:—മാളവി, നീയും കേൾക്കുക:

ഈയെൻകോട്ടാഞ്ഞരമ്പാഹവസമയഗദ-
ത്തല്ലിനാൽ വിണ്ടിരിപ്പൂ;
മാറിൽത്തൂമുത്തുമാലയ്ക്കിടമപഗതമായ്
പോർനിണപ്പൊങ്ങൽമൂലം;
കാൺകീമിന്നും ക്ഷതപ്പൊൻചുമൽവളകളണി-
ക്കൈകൾ: പിന്നോട്ടൊഴിയ്ക്കാ-
തല്ലോ പോരിൽക്കൊലപ്പെട്ടതു പതി; കരയാ-
നെന്തിതിൽ ക്ഷത്രിയേ, നീ? 51

മാളവി:—ബാല്യവും സഹധർമ്മചാരിണിയുമായ എനിയ്ക്കു കരച്ചിൽ വന്നുപോകുന്നു.

ദുര്യോധനൻ:—പൌരവി, നീയും കേട്ടുകൊൾക:

നാനാഭീഷ്മമഖങ്ങൾ ചെയ്തു ശരിയായ്,
ബന്ധുക്കളെത്താങ്ങിനേൻ;
വാണേൻ വൈരിനിരയ്ക്കു മീതെ; വളരെ
ക്ഷേമം ശ്രിതർക്കേകിനേൻ;

51. കോട്ടാഞ്ഞെരമ്പ് = ഭ്രൂകുടി. അപഗതമായ് = ഇല്ലാതായി. ക്ഷത.........ളകൾ = മുറിവുകളാകുന്ന സ്വർണ്ണാംഗദങ്ങൾ.

Digitized By Kerala Sahitya Akademi

ഞാനേററീ യുധി പത്തുമെട്ടുമവനീ-
ശാക്ഷൌഹിണിയ്ക്കല്ലലെ;-ൻ-
മാനം മാനിനി, കണ്ടു നീ—കരയുകി-
ല്ലേതാദൃശസ്സ്രീജനം. 52

പൌരവി:—'ഉടനടി ചാടുവാൻ' ഉറച്ചിരിയ്ക്കുന്ന ഞാൻ കരയു കയില്ല.

ദുര്യോധനൻ:—ദുജ്ജയ, നീയും, കേട്ടുകൊാം:

ധൃതരാഷ്ട്രൻ:—എന്താണാവോ പറയാൻ തുടങ്ങുന്നത്?

ഗാന്ധാരി:—ഞാനും അതുതന്നെയാണ് ആലോചിയ്ക്കുന്നത്.

ദുര്യോധനൻ:—പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിയ്ക്കണം, അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം. അഭിമന്യുവിൻെറ അമ്മ, ദ്രൌപതി എന്നിവരെ അമ്മയെപ്പോലെ ആദരിയ്ക്കണം. നോക്കു മകനേ,

ഭൂരിശ്രീയഭിമാനദീപ്തമതിയാ-
മെൻതാതദുര്യോധനൻ
നേരിട്ടേ യുധി,തുല്യനാൽ നിഹതനാ-
യെന്ന,ല്ലൽ നീ കൈവിടു;
ചാരേ ധമ്മസുതൻെറ നൂൽവളയണി-
ക്കൈ തൊട്ടു നിന്നിട്ടുതാൻ
നീരേകേണമെനിയ്ക്കു പാണ്ഡവരുമായ്-
പ്പേർ ചൊല്ലി നില്ക്കുമ്പൊാം നീ. 53

ബലഭദ്രൻ:—ഹാ, വൈരം പശ്ചാത്താപമായി പരിണമിച്ചു. ഏയ്, ഒരു ശബ്ദം.

52. ശ്രിതർ = ആശ്രയിച്ചവർ. നീ എന്നതിന്നു ശേഷം 'കരയരുത്' എന്ന പദം അധ്യാഹരിയ്ക്കണം: ഏതാ.........ജനം = ഇത്തരത്തിലുള്ള പുരുഷന്മാരുടെ സ്ത്രീകൾ.

53. എന്ന് = എന്നു വിചാരിച്ച്. നൂൽവള = ശേഷക്രിയയ്ക്കു കയ്യിന്മേൽ കെട്ടുന്ന നൂൽക്കാപ്പ്. പേർ ചൊല്ലി നില്ക്കുമ്പൊൾ = പുരോഹിതൻ പേർ പറഞ്ഞ ഉടനെ.

Digitized By Kerala Sahitya Akademi

പടയുടെ പടഹക്കൊട്ടററു നിശ്ശബ്ദമായ-
ക്കടകണകവചച്ചാത്താലവട്ടങ്ങരം ചിന്നി,
ഭടരഥകരർ കൊല്ലപ്പെട്ടതാമിസ്ഥലത്താ-
രുടെ ചിലയൊലി കാകോൽഭ്രാന്തമാക്കുന്നു വാനം?54

(അണിയറയിൽ)

കോദണ്ഡി ദുര്യോധനനൊത്ത പോർമുഖം
യാതൊന്നു പുക്കേനെ;-ഇതന്നെ വീണ്ടുമേ
പൂകട്ടെ,യദ്ധ്വായ്യ്യ പിരിഞ്ഞിടാതെഴം
വൃത്താശ്വമേധത്തിനെയെന്ന പോലെ ഞാൻ. 55

ബലദേവൻ:—ഏയ്, ഇതാ, ഗുരുപുത്രൻ അശ്വത്ഥാമാവ് ഇങ്ങോട്ടു വരുന്നു. ഇദ്ദേഹം,

ത്തുവെള്ളത്താരിതളെതിർവിശാ-
ലാക്ഷിയുഗ്മത്തൊടും ശ്രീ--
താവും പൊൻതൂൺവടിവിൽ നെടുതായ്-
ത്തൂങ്ങിടും കൈകളോടും,
കൈവില്ലഗ്രം ചുണയൊടു വലി-
ച്ചിങ്ങു ശോഭിച്ചിടുന്നു;
കാർവില്ലേന്തും കൊടുമുടിയുമായ്--
ത്തീ പെടും മേരുപോലെ. 56

(പിന്നെ അശ്വത്ഥാമാവ് പ്രവേശിക്കുന്നു.)

അശ്വത്ഥാമാവ്:—ഹേ, ഹേ, പോരിന്നൊരുങ്ങിയ ഇരുസൈന്യമാകുന്ന രണ്ടു സമുദ്രം ഒന്നിച്ചുചേന്നതിൽ ഉയൻവന്ന ആയുധങ്ങളാകുന്ന മുതലകളാൽ കൃത്തശരീരരായി, സ്വല്പം മാത്രം അവശേഷിച്ചവരായി, വീർപ്പു തീരെ അടങ്ങിയിട്ടില്ലാത്തവരായ പടയാളി രാജാക്കന്മാരേ, നിങ്ങരം കേരംക്കുവിൻ, കേരംക്കുവിൻ:

54. രഥകരർ = സൂതന്മാർ. ചിലയൊലി = വില്ലൊച്ച. കാകോൽഭ്രാന്തം = കാക്കകൾ അമ്പരന്നു പറക്കുന്നത്.

55. വൃത്താശ്വമേധം = അവസാനിച്ച അശ്വമേധം.

Digitized By Kerala Sahitya Akademi

തുട ചതിയിൽ ഞെരിയ്ക്കപ്പെട്ട കൌരവ്യരാട്ട--
ല്ല;ഫലശിഥിലശസ്ത്രൻ സൂതജന്മാവുമല്ല;
വിജയമടരിൽ വീക്ഷിപ്പാനിതാ, നിന്നിടുന്നു
ത്വരയൊടു കണ കൈക്കൊണ്ടേകനായ് ദ്രൌണിയാം
ഞാൻ! 57

എനിയ്ക്കു വിജയശ്ശ്ലാഘകൊണ്ടും ലാഭമില്ലാത്തതായ ഈ യുദ്ധംകൊണ്ടെന്താണ്? (ചുററിനടന്നിട്ട്) ഛേ, ഛേ, ഞാൻ അച്ഛന്നു ശേഷക്രിയ ചെയ്യുന്നതിൽ ഏർപ്പെട്ടിരിയ്ക്കെ, കുരുതിലകനായ ദുര്യോധനനെ വഞ്ചിച്ചുകളഞ്ഞു! ഇത് ആർ വിശ്വസിയ്ക്കും? എന്തെന്നാൽ,

തേരാനപ്പുറമേറിയിട്ടു പതിനൊ-
ന്നക്ഷൌഹിണീഭൂപരി-
ഞ്ഞാർതൻ കല്പന കാത്തു കാർമ്മുകമണി-
കൈക്കു കൂപ്പി നില്പായിതോ,
ഭീഷ്മൻ രാമശരാവലീഢകവചൻ
പോർ ചെയ്തിതാക്കേന്നും,
കാലം താൻ വിജയിച്ചിതാ രഥിവരൻ
ദുര്യോധനൻതന്നെയും! 58

ഗാന്ധാരീപുത്രൻ എങ്ങോട്ടുപോയി? (ചുററിനടന്ന് നോക്കിയിട്ട്) എയ്, ഇതാ, കൊലപ്പെട്ട തേരാനകുതിരകളാകുന്ന മതിലിൻനടുവിൽ, സമരസമുദ്രത്തിൻെറ മറുകര പൂക്ക കുരുരാജാവ്! ഇദ്ദേഹം,

കോടീരം നിപതിച്ചഴിഞ്ഞു ചിതറും
കേശങ്ങളാംതൻ കാന്തി ചേ-
ന്നീടേന്തും ഗദയേററു പൊട്ടി രുധിരം
വാർന്നീറനാം മെയ്യുമായ്,

57. കൌരവ്യരാട് = ദുര്യോധനൻ. സൂതജന്മാവ് = കർണ്ണൻ.
58. രാമവ.........വചൻ = പരശുരാമൻെറ ശരങ്ങളാൽ നക്കപ്പെട്ട ചട്ടയോടുകൂടിയവൻ. രഥിവരൻ = മഹാരഥൻ.

Digitized By Kerala Sahitya Akademi

ച്ചൂടററസ്തമയാദ്രിതൻ മുകളിലായ്--
പ്പാറപ്പുറം പൂക്കമെ--
ന്നീടും സന്ധ്യയിലാണ്ട പശ്ചിമരവി-
ശ്ശ്യോപ്പം വിളങ്ങുന്നിതേ. 59

(അടുത്തുചെന്നിട്ട്) ഹേ കുരുരാജാവേ, ഇതെന്താണ്?

ദുര്യോധനൻ:—ഗുരുപുത്ര, അസന്തുഷ്ടിയുടെ ഫലം.

അശ്വത്ഥാമാവ്:—കുരുരാജാവേ, ഞാൻ സൽക്കാരമൂലം ആവർജ്ജിച്ചാം.

ദുര്യോധനൻ:—അങ്ങ് എന്തു ചെയ്‌വാനാണ് ഭാവം?

അശ്വത്ഥാമാവ്:—കേൾക്കു,

സ്ഥൂലശ്രീഗരുഡപ്പുറത്തുകയറി,-
പ്പേടിപ്പെടുത്തും ഭുജം
നാലൊത്തുദ്യതശാർങ്ഗചക്രമമരി-
ന്നേപ്പെട്ടിടും കൃഷ്ണനെ,
ആലേഖ്യങ്ങൾ കലങ്ങിയേകവടിവായ്-
ത്തീർന്നോരു ചിത്രത്തിനെ-
പ്പോലേ, പാണ്ഡവരോടുകൂടിയടരിൽ-
ച്ചിന്നിപ്പനസ്ത്രങ്ങളാൽ. 60

ദുര്യോധനൻ:—വേണ്ടാ, വേണ്ടാ:

'നിലംപൊത്തീ' സാക്ഷാൽ നൃപതികുലമൊ-
ട്ടുക്കിവിടെ; വി-
ണ്ടലം പൂകീ കർണ്ണൻ; ശയനഗതനായ്
ശന്തനുസുതൻ;
കൊലപ്പെട്ടു നൂറും മമ സഹജർ നേ-
രിട്ടടരി;-ലീ
നിലയ്ക്കായീ നാമും; ഗുരുതനയ, വിൽ
വെയ്ക്കുക ഭവാൻ! 61

59. കോടീരം = കിരീടം. സന്ധ്യയിലാണ്ട = അന്തിച്ചോപ്പുചേൎന്ന.
61. ശന്തനുസുതൻ = ഭീഷ്മൻ.



Digitized By Kerala Sahitya Akademi

അശ്വത്ഥാമാവ്:—കുരുരാജാവേ,

ഗദാഘാതനിയുദ്ധത്തി-
ലധുനാ പാണ്ഡുനന്ദനൻ
കവർന്നോ തുടയോടൊത്തു
ഭവാൻെറയഭിമാനവും? 62

ദുര്യോധനൻ:—ഇല്ല, ഇല്ല: മാനധനന്മാരാണ് രാജാക്കന്മാർ. മാനത്തിന്നുവേണ്ടിത്തന്നെയാണ്, ഞാൻ കൊലയേററതും. ഗുരുപുത്ര, നോക്കു:

ചൂതിൽപ്പാഞ്ചാലിയാളെ വാർമുടി പിടി-,
ച്ചന്നിട്ടിഴപ്പിച്ചതും,
പൈതൽപ്പൂൺപഭിമന്യുവെപ്പുനരണി--
പ്പോർമുന്നിലായ്ക്കൊന്നതും,
കള്ളച്ചൂതതിൽ വെന്നു പാർത്ഥരെ വനം
വാഴിച്ചതും പാർക്കിൽ-
ത്തെല്ലല്ലീ ചിരമാററുനോററവരെനി--
ല്ലേല്പിച്ച മാനക്ഷയം? 63

അശ്വത്ഥാമാവ്:—ഏതായാലും ഞാൻ ഉറച്ചു കഴിഞ്ഞു.

ഭവാനേയുമീയെന്നെയും വീരലോക-
ങ്ങളേയും പിടിച്ചാണയിട്ടോതിടുന്നേൻ;
നിശായുദ്ധമൊരുന്നേർപ്പെടുത്തീട്ടു, പോരിൽ-
പ്പൃഥാപുത്രരെച്ചുട്ടുപൊട്ടിയ്ക്കുവൻ ഞാൻ! 64

ബലദേവൻ:—ഗുരുപുത്രൻ ഇപ്പറഞ്ഞതു നടക്കും.

അശ്വത്ഥാമാവ്:—ഓ, ശ്രീമാൻ ബലഭദ്രൻ!

ധൃതരാഷ്ട്രൻ:—ഹാ, ചതിയ്ക്കു സാക്ഷിയുണ്ടല്ലോ.

അശ്വത്ഥാമാവ്:—ദുർജ്ജയ, വരൂ,

63. പൈതൽപ്പൂൺപ് = കുമാരന്മാർക്ക് ആഭരണം, ശ്രേഷ്ഠകുമാരൻ.

Digitized By Kerala Sahitya Akademi

പിതൃപ്രതാപാലവകാശമാന്ന
ഭുജാബലോപാൎജ്ജിതമായ നാട്ടിൽ,
വിപ്രോക്തിയാൽപ്പാൎത്ഥിവനായി വാഴ്ക
പട്ടാഭിഷേകക്രിയയെന്നിയേ നീ!

ദുൎയ്യോധനൻ:—ഹാ, മനസ്സാക്ഷി പറഞ്ഞവിധം ഞാൻ ചെയ്തു. എന്റെ പ്രാണങ്ങൾ വിട്ടുപോകുന്നു. ഇതാ, ശന്തനു തുടങ്ങിയ പൂജ്യന്മാരായ എന്റെ പിതൃപിതാമഹന്മാർ. ഇതാ, അനുജന്മാർ നൂറുപേരും കൎണ്ണനെ മുമ്പിലാക്കി എതിരേല്ക്കുന്നു. ഇതാ, ഇന്ദ്രന്റെ കയ്യും പിടിച്ച് ഐരാവതത്തിന്റെ പുറത്തിരിക്കുന്ന കാകപക്ഷധരനായ അഭിമന്യു എന്നോടു കോപിച്ചു സംസാരിക്കുന്നു. ഇതാ, ഉർവ്വശി മുതലായ അപ്സരസ്ത്രീകൾ എന്റെ അടുക്കലേക്കു വരുന്നു. ഇതാ, ദേഹം പൂണ്ട മഹാസമുദ്രങ്ങൾ. ഇതാ, ഗംഗ മുതലായ മഹാനദികൾ. ഇതാ, ആയിരം അരയന്നങ്ങളെ പൂട്ടിയ വീരവിമാനം എന്നെ കൊണ്ടുചെല്ലാനായി കാലൻ അയച്ചിരിക്കുന്നു. ഇതാ, ഇതാ, ഞാൻ വരുന്നു.

(സ്വൎഗ്ഗാരോഹണം ചെയ്യു)

(തിരശ്ശീല വീഴുന്നു)

ധൃതരാഷ്ട്രൻ:—

ഇതാ, പൂകുന്നേൻ ഞാൻ സുജനധനമാം
താപസവനം;
സുതാപായാലെന്തിന്നിവനു ഫലശൂ-
ന്യം ജനപദം?

Digitized By Kerala Sahitya Akademi

അശ്വത്ഥാമാവ്:—

ഉറക്കത്തിൽക്കൊൽവാൻ വിശിഖമൊടു ചെ-
 ല്ലവൻ സപദി ഞാൻ;
ഭരിയ്ക്കട്ടേ ഭ്രുവസ്തമിതരിപുവായ്
 നമ്മുടെ നൃപൻ!

(എല്ലാവരും പോയി)

66. സുജനധനം = സജ്ജനങ്ങൾ ധനമായി കരുതുന്നത്. സുതാപായാൽ = പുത്രനാശം നിമിത്തം. ജനപദം = രാജ്യം. അസ്തമിതരിപു = വൈരികളെ മുടിച്ചവൻ.

Digitized By Kerala Sahitya Akademi

# മദ്ധ്യമവ്യായോഗം

Digitized By Kerala Sahitya Akademi

Madhyama Vyayogam
Vallathol
1978 ഡിസംബർ
പ്രകാശം:
സി. ബാലചന്ദ്രക്കുറുപ്പിന്ന്

Digitized By Kerala Sahitya Akademi

## ഒന്നാം പതിപ്പിന്റെ

# അവതാരിക

''ഹാസോ ഭാസഃ'' എന്നിങ്ങനെ കവിതാകാമിനിയുടെ മന്ദഹാസമായി പ്രശംസിയ്ക്കപ്പെട്ടിരിയ്ക്കുന്ന ഭാസമഹാകവി സംസ്കൃതസാഹിത്യപ്രണയികളുടെ സ്മൃതിപഥത്തിൽ ചിരപരിചിതനാണെങ്കിലും, ഇത്രമാത്രം പ്രാശസ്ത്യത്തിന്നിടവരുത്തീട്ടുള്ള അദ്ദേഹത്തിന്റെ ആ പ്രസിദ്ധമായ നാടകചക്രമാകട്ടെ, മററെന്തെങ്കിലും കൃതികളാകട്ടെ ഈ അടുത്ത കാലംവരെ, നിർഭാഗ്യവശാൽ, ആരുടേയും ദൃഷ്ടിപഥത്തിൽ പെട്ടിരുന്നതായി ഒരു കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല. എന്നാൽ, ഏതാനും സംവത്സരങ്ങൾക്കു മുമ്പു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുവുള്ളമുണ്ടായി, അവിടുത്തെ കൊട്ടാരത്തിൽ കിടപ്പുള്ള താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചു പ്രസിദ്ധിപ്പെടുത്തുവാൻ കല്പനയായതു് അതിപ്രകാശമാനമായ പ്രസ്തുത ചക്രത്തിന്റെ ഉദയത്തിന്നുള്ള അരുണോദയമായിത്തീന്നു എന്നു സന്തോഷപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇങ്ങിനെ നമ്മുടെ ഭാഗ്യവശാൽ വീണ്ടും ഉദിച്ചുകാണ്മാനിടവന്ന ആ ദിവ്യതേജസ്സിന്റെ പല കിരണങ്ങളും ഇതിന്നു മുമ്പുതന്നെ കേരളസാഹിത്യലോകത്തിൽ പ്രകാശിച്ചു്, സഹൃദയന്മാരെ തട്ടിയുണർത്തിക്കഴിഞ്ഞിട്ടുണ്ടു്. ആ കൂട്ടത്തിൽപ്പെട്ട ഒരു മയൂഖരേഖയുടെ വിവർത്തനമാണു്, പ്രസ്തുതപുസ്തകരൂപേണ പുറത്തു കാണുന്നതു്

ഭാസമഹാകവിയുടെ കൃതികളെപ്പററി ഇവിടെ വിശേഷിച്ചൊന്നും പറയാനില്ല. ഇപ്പോൾ ഭാസകൃതികളാണെന്നും വെച്ചു പുറത്തുവന്നിട്ടുള്ള പുസ്തകങ്ങളിൽ പലതും ആ മഹാകവിയുടെ കൃതികളല്ലെന്നു ചിലർ ആക്ഷേപിയ്ക്കുന്നുണ്ടു്. കൽക്കത്തായിൽനിന്നു പ്രസിദ്ധിപ്പെടുത്തിവരുന്ന 'മോഡേൺ റെവ്യു' എന്ന പത്രഗ്രന്ഥത്തിൽ പ്രസ്തുത ഭാസകൃതികളെപ്പററി ഒരു

Digitized By Kerala Sahitya Akademi

നിരൂപണം ചെയ്തിരുന്നതിൽ ആവിധം ഒരാക്ഷേപം വായിച്ചതായി ഓർമ്മയുണ്ട്. അതിന്നുപുറമേ, ഇപ്പോൾ ഭാസകൃതികളായി പ്രസിദ്ധിപ്പെടുത്തിയ പുസ്തകങ്ങളെല്ലാം ആ മഹാകവിയുടെ കൃതികളല്ലെന്നും കേരളത്തിൽ സംസ്കൃതനാടകാഭിനയം ധാരാളമായി പ്രചരിച്ചിരുന്ന കാലത്തു ഭാസനാടകങ്ങൾതന്നെ അന്നത്തെ ആളുകളുടെ രുചിയ്ക്കും നടന്മാരുടെ അഭിനയസൌകര്യത്തിന്നും യോജിച്ച തരത്തിൽ വല്ല കവികളും മാററം ചെയ്തിട്ടുള്ളവയായിരിയ്ക്കണമെന്നും നമ്മുടെ നാട്ടിലും ചില സഹൃദയന്മാക്കഭിപ്രായമുണ്ട്. അവരവരുടെ സരസ്വതീപ്രസാദംപോലെ പ്രസ്തുത സംഗതിയിൽ അനുകൂലമായോ പ്രതികൂലമായോ പലതും പറയാമെന്നല്ലാതെ സൂക്ഷ്മസ്ഥിതി എന്താണെന്ന് ഇപ്പോൾ ആക്കും പറയാൻ നിവൃത്തിയില്ല ഇനി വേണമെങ്കിൽ ഇപ്പോൾ കിട്ടിയ മാഗ്ഗത്തിൽനിന്നല്ലാതെ വേറെ വല്ല ദിക്കിൽനിന്നും ഭാസകൃതികളുടെ കയ്യെഴുത്തുപ്രതികൾ കണ്ടുകിട്ടുകയും, രണ്ടിലേയും പാഠങ്ങൾക്ക പറയത്തക്ക ഭേദഗതികൾ കാണുകയും ചെയ്താൽ ഇതിൽ പക്ഷേ വല്ല കൃത്രിമവുമുണ്ടെന്നു സമ്മതിയ്ക്കാം. ഏതായാലും ഒരു കായ്യം തീച്ചയാണ്: ഇപ്പോൾ നമുക്ക കിട്ടിയ കൃതികളിൽ അധികവും ഭാസൻെറ, അല്ലെങ്കിൽ, അതുപോലെതന്നെയുള്ള ഒരു മഹാകവിയുടെ മനോധമ്മഫലമാണെന്നു തീച്ചതന്നെ. എന്തുകൊണ്ടെന്നാൽ, ഈ വക കൃതികളിലെല്ലാം അത്രയ്ക്കുമാത്രം ഒരു സ്വാരസ്യവിശേഷം കാണുന്നുണ്ടല്ലോ. അതുകൊണ്ട്, ഇനി മറെറാരുവിധത്തിൽ തെളിവു കിട്ടുന്നതുവരെ, ഇപ്പോൾ നമുക്ക കിട്ടീട്ടുള്ള കൃതികളുടെ കത്താവു ഭാസമഹാകവിയാണെന്നുതന്നെ വിശ്വസിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഭാസകൃതികളായി പല വ്യായോഗങ്ങളുമുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മധ്യമവ്യായോഗം. അതു മഹാകവി വള്ളത്തോൾ നാരായണമേനോനവർകൾ തജ്ജമ ചെയ്തതാണ്, ഇപ്പോൾ വായനക്കാരുടെ മുമ്പിൽ അവതരിയ്ക്കുന്നത്. ഭാസൻെറ ആശയരസികത്വം മലയാളവായനക്കാക്ക മനസ്സിലാകണമെങ്കിൽ 'മലയാളിടാഗോർ' തന്നെ തജ്ജമചെയ്യണമെന്ന്, ഇതിൻെറ മൂലവും ഭാഷാന്തരവുംകൂടി വായിയ്ക്കുന്നവ

Digitized By Kerala Sahitya Akademi

ക്കൊക്കെ തോന്നാതിരിയ്ക്കയില്ല. തജ്ജന്മസ്സ് അത്രമാത്രം തന്മയത്വം സർവത്ര കാണുന്നുണ്ട്.

ഇതിലെ കഥാവസ്തുവിനെക്കുറിച്ചു വളരെയൊന്നും പറയാനില്ല. ഘടോൽക്കചൻെറ ബാധയിൽനിന്ന് ഒരു ബ്രാഹ്മണകുടുംബത്തെ ഭീമസേനൻ രക്ഷിയ്ക്കുന്നതേ ഇതിൽ ഒരു വിഷയമായിട്ടുള്ളൂ. എങ്കിലും ഭീമസേനൻെറയും പുത്രനായ ഘടോൽക്കചൻെറയും പരാക്രമപ്രൌഢി, ബ്രാഹ്മണർക്കു ജാത്യാ ഉള്ള സാധുസ്വഭാവം, ഹിഡിംബിയുടെ ഭർത്തൃഭക്തി, ഇങ്ങിനെ വായനക്കാർക്കു ഹൃദയാകർഷകമായിത്തീരുന്ന പലതും ഇതിലുണ്ട്. എന്നാൽ 'ഊരുഭംഗ'ത്തിലെപ്പോലെ മർമ്മസ്പൃക്കുകളായ ഭാഗങ്ങൾ അത്ര വളരെ ഇതിൽ കാണുമോ എന്നു സംശയമാണ്. സന്ദർഭങ്ങളുടെ ഭേദഗതികൊണ്ട് അവശ്യം വരുന്നതായ ആവക വ്യത്യാസങ്ങൾക്ക് ആരും ഉത്തരവാദിയല്ലല്ലോ-

കോട്ടയ്ക്കൽ,<br>'95 മകരം 30-ാംനു- } പി. വി. കൃഷ്ണവാരിയർ

20

Digitized By Kerala Sahitya Akademi

# മദ്ധ്യമവ്യായോഗം

## കഥാപാത്രങ്ങൾ

സൂത്രധാരൻ

കേശവദാസൻ—വൃദ്ധബ്രാഹ്മണൻ

ഭീമസേനൻ

ഘടോത്കചൻ

കേശവദാസന്റെ മൂന്നുപുത്രന്മാർ

ബ്രാഹ്മണി

ഹിഡിംബി

Digitized By Kerala Sahitya Akademi

# മധ്യമവ്യായോഗം

(സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:—

ത്രൈലോക്യം നേക്കളപ്പാൻ മുതിരുമളവിലേ-
തൊന്നു വൈഡൂര്യരത്ന-
പ്പാലംപോലേ വിളങ്ങീ ഗഗനവലയമാ-
കുന്ന വാരാശിതന്നിൽ;
ആ ലക്ഷ്മീകാന്തപാദം, കുവലയകുസുമ-
സ്വച്ഛനിസ്ത്രിംശനീലം
പാലിക്കട്ടേ ഭവാന്മാർകളെ,യസുരവധൂ-
ലോകശോകൈകമൂലം. 1

ആര്യമിശ്രന്മാരോട് ഇപ്രകാരം അറിയിക്കുകതന്നെ. എയ്, ഞാൻ അറിയിക്കാൻ തുടങ്ങുമ്പോഴേക്കും എന്താണൊരു ശബ്ദം കേൾക്കുന്നതായി തോന്നുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

ഭോഃ താത, ആരാണിവൻ?

സൂത്രധാരൻ:—ആവട്ടെ, മനസ്സിലായി:

കില്ലില്ലി,വൻെറ ഭോശ്ശബ്ദ-
ച്ചൊല്ലിനാലിതൊരന്തണൻ!
ഭീതനാകുന്നിതിവനെ-
യേതോ പാതകി ധൃഷ്ടനായ്. 2

(അണിയറയിൽ)

Digitized By Kerala Sahitya Akademi

ഭോഃ താത, ആരാണിവൻ?

സൂത്രധാരൻ:—ശരി, തികച്ചും മനസ്സിലായി: മധ്യമപാണ്ഡവൻെറ പുത്രനായി ഹിഡിംബിയാകുന്ന അരണിയിൽനിന്നു ജനിച്ച ഈ രാക്ഷസാഗ്നി നിരപരാധരായ ബ്രാഹ്മണജനങ്ങളെ ഭയപ്പെടുത്തുകയാണ്. അയ്യോ, കഷ്ടം, കഷ്ടം, കളത്രപുത്രാനുഗതനായ ബ്രാഹ്മണൻെറ അവസ്ഥ! ഇവിടെ,

പരുഷനിശാചരൻ പിറകിലെത്തുകയാൽത്തളരും
തരുണതനൂജരും പ്രിയയുമായ് ദ്വിജവൃദ്ധനിതാ,
പെരുനരി പിന്തുടർന്നതിൽ വിരണ്ട കിടാങ്ങളൊടൊ-
ത്തൊരു പശുയുക്തമായെരുതുപോലുഴലുന്നു തുലോം. 3

(പോയി)

സ്ഥാപന കഴിഞ്ഞു.

(പിന്നെ മൂന്നു പുത്രന്മാരോടും ഭാര്യയോടുംകൂടി വൃദ്ധനായ കേശവദാസനും, പിന്നാലെ ഘടോൽക്കചനും പ്രവേശിക്കുന്നു.)

വൃദ്ധൻ:—ഭോഃ ആരാണിവൻ?

ബാലാതപാഭമുടി ചിന്നി, വിശാലപിംഗ-
ശ്രീലോചനം ഭ്രുകുടിചേർന്നു തിളങ്ങിടുന്നോൻ
നൂലിട്ട കണ്ഠമൊടു, മിന്നലൊടൊത്ത മേഘം-
പോലുള്ളവൻ, പ്രളയകാലപിനാകിരൂപൻ? 4

ഒന്നാമൻ: അച്ഛാ, ആരാണിവൻ?

വിപുലപൃഥുലവക്ഷസ്സുഗ്ര്യനക്ഷത്രനേത്രൻ,
കനകകപിശകേശൻ, മഞ്ഞയാം പട്ടുടുത്തോൻ,
ഇരുളൊളിനിറമൊത്തോൻ, പാണ്ഡുരോദ്വൃത്തദംഷ്ട്രൻ,
പനിമതികലയുംചേരുന്ന കാർകൊണ്ടൽ പോലേ? 5

Digitized By Kerala Sahitya Akademi

രണ്ടാമൻ:—ഇവനാരാണ്?

തുമ്പിക്കയ്യെതിർഭുജ, മദ്രവക്ഷസ്സ്, മാന-
കൊമ്പിന്നൊത്തെ കിറു, കലപ്പമൂക്കമായി
ജൃംഭിപ്പൂ ജ്വലിതഹുതാശദീപ്തിയോടേ,
വമ്പിയ്ക്കും പുരഹരരോഷമെന്നപോലേ. 6

മൂന്നാമൻ:—അച്ഛാ, ആരാണ് നമ്മെ പീഡിപ്പിയ്ക്കുന്നത്?

പാവപ്പരിഷയ്ക്കു പരു-
ന്തു, ഉത്തരഗിരികൾക്ക കുലിശസംപാതം,
മൃഗസമുദായത്തിന്നോ
മൃഗപതി, നരിമെയ്യെടുത്ത മൃത്യുവിവൻ! 7

ബ്രാഹ്മണി:—ആര്യ, നമ്മെ ഉപദ്രവിയ്ക്കുന്ന ഇവനാരാണ്?

ഘടോൽക്കചൻ:—ഹേ ബ്രാഹ്മണ, നില്ക്കൂ, നില്ക്കൂ.

സന്ത്രാസം തടവുന്ന ദാരസുതരെ-
പ്പാലിയ്ക്കുവാൻ ശേഷി കെ-
ട്ടെന്താണങ്ങു ഗമിച്ചിടുന്നതിവനെ-
പ്പേടിച്ചു നിരൈശ്വര്യനായ്,
ഹന്താഖണ്ഡസുപർണ്ണപക്ഷപവന-
പ്രോദ്ധൂതകോപാഗ്നിയാൽ
വെന്താത്മീയകളത്രമൊത്തു വലയും
സർപ്പത്തിനെപ്പോലവേ? 8

ബ്രാഹ്മണ, പോകാൻ പാടില്ല, പോകാൻ പാടില്ല.

വൃദ്ധൻ:—ബ്രഹ്മണി, പേടിയ്ക്കേണ്ടാ; ഉണ്ണികളേ, പേടിയ്ക്കേണ്ടാ; വിവേകത്തോടുകൂടിയാണ്, ഇവൻ സംസാരിയ്ക്കുന്നത്.

ഘടോൽക്കചൻ:— (ആത്മഗതം) അയ്യോ, കഷ്ടം,

എല്ലാടവും ധരയിലെന്നുമതീവ പൂജ്യർ
ചൊല്ലാണ്ട വിപ്രവരരെന്നറിവുണ്ടു; പക്ഷേ,

Digitized By Kerala Sahitya Akademi

ഒല്ലാത്ത കാൎയ്യമിതു, മമ കഥിയ്ക്കയാൽ ഞാൻ
കില്ലാന്നിടാതിഹ നടത്തണമെന്നു വന്നു! 9

വൃദ്ധൻ:—ബ്രാഹ്മണി, ഓൎക്കുന്നില്ലേ, 'രാക്ഷസന്മാരുള്ള ഈ ദിക്കിൽ സൂക്ഷിച്ചുവേണം നടക്കാൻ' എന്നു ശ്രീമാൻ ജലക്കുന്നമുനി പറഞ്ഞതു്? ആ ഭയംതന്നെയാണു് നേരിട്ടിരിയ്ക്കുന്നതു്.

ബ്രാഹ്മണി:—എന്താണിപ്പോൾ ഇവിടുന്നു് ഒരു ക്ഷത്രിയനെപ്പോലെ കാണപ്പെടുന്നതു്?

വൃദ്ധൻ:—ഭാഗ്യംകെട്ട ഞാൻ എന്തു ചെയ്യേണ്ടു?

ബ്രാഹ്മണി:—നമുക്കു നിലവിളിയ്ക്കാം.

ഒന്നാമൻ:—അമ്മ, ആരു കേൾക്കാനാണു് നിലവിളിയ്ക്കുന്നതു്?

ഇരുൾനിറമിയലും മരങ്ങൾ ചുററും
പെരുതിടചേൎന്നു, മൃഗദ്വിജങ്ങൾ തിങ്ങി,
പരമവിജനമായ കാടിതല്ലോ;
പരമിഹ ധീരജനങ്ങളേ വസിയ്ക്കൂ- 10

വൃദ്ധൻ:—ബ്രാഹ്മണി, ഭയപ്പെടേണ്ട, ഭയപ്പെടേണ്ട. 'ധീരജനങ്ങളേ വസിയ്ക്കൂ' എന്നു കേട്ടതിനാൽ, എനിയ്ക്കു പേടി തീൎന്ന മട്ടായി. ഇവിടെനിന്നു് ഏറെ ദൂരത്തായിരിയ്ക്കില്ല, പാണ്ഡവാശ്രമം. പാണ്ഡവരാകട്ടെ,

ചൊൽക്കൊണ്ട യുദ്ധരത,രാശ്രിതവത്സലന്മാ,—
രുൾക്കൂറു ദീനരിലിയന്നവർ, കുശലരേറോർ,
ഇക്കണ്ട മാതിരിയിലുള്ള ഭയങ്കരന്മാ-
ൎക്കൊക്കുന്ന ദണ്ഡമരുളാനിഹ ശേഷിയുള്ളോർ! 11

ഒന്നാമൻ:—അച്ഛാ, പാണ്ഡവന്മാർ അവിടെ ഇല്ലെന്നുതോന്നുന്നു.

വൃദ്ധൻ:—ഉണ്ണി, നീയെങ്ങിനെ അറിഞ്ഞു?

ഒന്നാമൻ:—ആ ആശ്രമത്തിൽനിന്നു വന്ന ഒരു ബ്രാഹ്മണൻ പറയുകയുണ്ടായി: ശതകുംഭം എന്ന യജ്ഞത്തിന്നായി ധൌമ്യമഹൎഷിയുടെ ആശ്രമത്തിലേയ്ക്കു പോയിരിയ്ക്കുന്നു എന്നു്.

Digitized By Kerala Sahitya Akademi

വൃദ്ധൻ: —അയ്യോ, നാം കൊല്ലപ്പെട്ടുപോയി!

ഒന്നാമൻ:—അച്ഛാ, എല്ലാവരും പോയിട്ടില്ല; ആശ്രമരക്ഷയ്ക്കു മധ്യമനെ (ഭീമനെ) ഇവിടെ നിൎത്തിയിട്ടുണ്ട്.

വൃദ്ധൻ: —എന്നാൽ പാണ്ഡവന്മാരെല്ലാവരുംതന്നെ ഇവിടെയുണ്ടല്ലോ!

ഒന്നാമൻ:—അദ്ദേഹവും ഇപ്പോൾ വ്യായാമത്തിന്നു ദൂരദിക്കിൽ പോയിരിയ്ക്കുയാണത്രേ.

വൃദ്ധൻ: —അയ്യോ, നാം നിരാശരായി! ആവട്ടെ, ഉണ്ണി, ഞാൻ ഇവനോട് അപേക്ഷിച്ചുനോക്കാം. (ഘടോൽകചനോട്) ഹേ പുരുഷ, ഞങ്ങളെ വിട്ടയയ്ക്കുമോ?

ഘടോൽകചൻ:—വിടാം, കരാറു ചെയ്താൽ.

വൃദ്ധൻ:—എന്താണ് കരാറ്?

ഘടോൽകചൻ:—എന്റെ അമ്മ ജീവിച്ചിരിപ്പുണ്ട്; അവർ എന്നോട് ആജ്ഞാപിച്ചിരിയ്ക്കുന്നു: 'മകനേ, എനിയ്ക്കു നോൽമ്പിന്റെ പാരണയ്ക്ക് ഒരു മനുഷ്യനെ ഈ കാട്ടിലെങ്ങാനും അന്വേഷിച്ചുകൊണ്ടുവരണം' എന്ന്. അതിന്നു അങ്ങയെ എനിയ്ക്കു കണ്ടുകിട്ടി.

ഇരുസുതരും സതി പത്നിയു-
മൊരുമിച്ചു ഭവാനെ വിട്ടയച്ചേയ്ക്കാം;
ഗുരുലഘുതാദികൾ ശരിയായ്
നിരുപിച്ചു പിരിച്ചയയ്ക്കുകൊരു മകനെ. 12

വൃദ്ധൻ:—എടോ രാക്ഷസാധമ,

അറിവുള്ളൊരു വൃദ്ധനായ ഞാൻ
നെറിവും നന്മയുമൊത്തൊരുണ്ണിയെ
പുരുഷാദനു നല്കിയിട്ടു തെ-
ല്ലൊരു സൌഖ്യം ഹഹ, നേടുമെങ്ങിനെ? 13

ഘടോൽകചൻ:—

ഒരു തനയനെന്നപേക്ഷയാൽ
തരമൊട്ടു വിട്ടുതരായ്കിലോ ഭവാൻ

Digitized By Kerala Sahitya Akademi

അരഞ്ഞൊടിയിടയാൽ മുടിഞ്ഞുപോം
ധരണിസുരേന്ദ്ര, കുടുംബമൊത്തു താൻ. 14

വൃദ്ധൻ:—ഇതാണ് എൻെറ നിശ്ചയം.

കൃതകൃത്യം, പഴക്കത്താൽ–
സ്സുതരാം ജീർണ്ണമെന്നുടൽ
സുതക്കുവേണ്ടി ഹോമിപ്പൻ
ചിതമോടാശരാഗ്നിയിൽ. 15

ബ്രാഹ്മണി:—ആര്യ്, പാടില്ല, അതു പാടില്ല, ഭർത്താവെന്നൊന്നു മാത്രമേ ഉള്ളവല്ലോ പതിവ്രതയ്ക്കു്. അതിനാൽ, ഫലം എടുത്തുകഴിഞ്ഞ ഈ ശരീരംകൊണ്ട് ആര്യ്നേയും വംശത്തേയും ഞാൻ രക്ഷിച്ചുകൊള്ളട്ടെ!

ഘടോൽക്കചൻ:—സ്ത്രീയല്ല, അമ്മയ്ക്കു വേണ്ടത്.

വൃദ്ധൻ:—ഞാൻ പോരാം, നിൻെറ കൂടെ.

ഘടോൽക്കചൻ:—ശരി, അങ്ങു കിഴവനാണ്; മാററിനില്ക്കു.

ഒന്നാമൻ:—അച്ഛ, ഞാനൊന്നു പറയട്ടെയോ?

വൃദ്ധൻ:—മകനേ, പറഞ്ഞുകൊൾക

ഒന്നാമൻ:—

ഗുരുജീവനെയെൻെറ ജീവനാൽ–
പ്പരിരക്ഷിപ്പതിനാഗ്രഹിപ്പു ഞാൻ;
തറവാടിതു നിർത്തുവാൻ ഭവാൻ
വിരവോടെന്നെ വെടിഞ്ഞിടേണമേ! 16

രണ്ടാമൻ:—ജ്യേഷ്ഠ, അങ്ങിനെയല്ല;

ജ്യേഷ്ഠൻ പാരിൽക്കലത്തിങ്കൽ
ശ്രേഷ്ഠനേററം പിതൃപ്രിയൻ;
അതിനാൽ പോകുവൻ ഞാൻതാൻ;
സ്മരിക്കു ഗുരുവൃത്തിയെ. 17

മൂന്നാമൻ:—ജ്യേഷ്ഠന്മാരേ, അങ്ങിനെയല്ല.

Digitized By Kerala Sahitya Akademi

ഉരിയാടുന്നു പിതാവിനു
ശരിയായി ജ്യേഷ്ഠനെ ശ്രുതിജ്ഞന്മാർ;
പരമതിനാൽ ഞാനല്ലോ,
ഗുരുജീവിതരക്ഷ ചെയ്യേണ്ടോൻ. 18

ഒന്നാമൻ:—ഉണ്ണി, അങ്ങിനെയല്ല:

മൂത്ത പുത്രൻ കരേററുന്നു
പേർത്താപത്താണ്ട താതനെ;
അതിനാൽപ്പോകുവൻ ഞാൻതാൻ
ഗുരുപ്രാണാവനത്തിനായ്. 19

വൃദ്ധൻ:—ഏററെപ്രിയപ്പെട്ട മൂത്ത മകനെ എനിയ്ക്കുപേക്ഷിപ്പാൻ വയ്യ.

ബ്രാഹ്മണി:—മൂത്ത മകൻ ഇവിടെയ്ക്കു വേണമെന്നുള്ളതുപോലെ, ഇളയ മകൻ എനിയ്ക്കും വേണം.

രണ്ടാമൻ:—അച്ഛനമ്മമാർക്ക വേണ്ടാത്തവൻ, ഇനി ആർക്ക വേണം?

ഘടോൽക്കചൻ:—എനിയ്ക്കു സന്തോഷമായി; വേഗം വരൂ.

രണ്ടാമൻ:—

ധന്യൻ ഞാൻ: കാത്തുവല്ലോ തൻ-
ജീവനാൽഗ്ഗുരുജീവനെ!
ബന്ധുസ്നേഹത്തിനെക്കാളും
കാലസ്നേഹം സുദുർല്ലഭം. 20

ഘടോൽക്കചൻ:—അമ്പോ, ഈ ബ്രാഹ്മണയുവാവിന്റെ കടും ബന്ധസ്നേഹം!

രണ്ടാമൻ;—അച്ഛാ, ഞാൻ അഭിവാദ്യം ചെയ്യുന്നു!

വൃദ്ധൻ:— വരു വരൂ, മകനേ!

ഗുരുപ്രിയൻ നീ നിജ ജീവനാലേ
ഗുരുക്കൾതൻ ജീവനെ മാറിവാങ്ങി,



Digitized By Kerala Sahitya Akademi

അസംയമന്മാർക്കനവാപ്യമാക-
മാ ബ്രഹ്മലോകത്തിലണഞ്ഞുകൊൾക! 21

രണ്ടാമൻ:—ഞാൻ അനുഗൃഹീതനായി. അമ്മേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

ബ്രാഹ്മണി:—കുഞ്ഞേ, വളരെക്കാലം ജീവിച്ചിരിയ്ക്കു.

രണ്ടാമൻ:—അനുഗൃഹീതനായി. ജ്യേഷ്ഠ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഒന്നാമൻ:—ഉണ്ണി, വരു വരു,

മുറുകെയൊന്നു പുണർന്നിടുകെന്നെ, നൽ-
പ്പുരുഗുണങ്ങൾ പുണർന്നവനായ നീ;
പെരിയ നിന്നുടെ കീർത്തി പുണർന്നതായ്-
പ്പുരിലസിച്ചിടു,മീയുലകൊക്കയും! 22

രണ്ടാമൻ.—ഞാൻ അനുഗൃഹീതനായി.

മൂന്നാമൻ:—ജ്യേഷ്ഠ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

രണ്ടാമൻ:—നല്ലതു വരട്ടെ!

മൂന്നാമൻ:—ഞാൻ അനുഗൃഹീതനായി.

രണ്ടാമൻ:—(ഘടോൽക്കചനോട്) എടോ ഞാനൊന്നു പറയട്ടെയോ?

ഘടോൽക്കചൻ:—പറയൂ പറയൂ, വേഗം!

രണ്ടാമൻ—ഈ കാട്ടിന്നുള്ളിൽ ജലമുണ്ടെന്നു തോന്നുന്നു. അതിൽ ചെന്നു, പരലോകത്തെയ്ക്കു പോകുന്ന എന്റെ ദാഹം തീർക്കട്ടെ.

ഘടോൽക്കചൻ:—ദൃഢനിശ്ചയക്കാരാ, പോയ്ക്കൊൾക. അമ്മയ്ക്കു് ഊണിന്നു നേരം തെറ്റുന്നു; വേഗം വരണം.

രണ്ടാമൻ:—അച്ഛാ, ഞാൻ പോകുന്നു! (പോയി.)

വൃദ്ധൻ:—ഹാ, ഹാ, നാം വഞ്ചിതരായി: നാം വഞ്ചിതരായിപ്പോയി:

Digitized By Kerala Sahitya Akademi

മുടികാം മുന്നിടചേൻ്റ മനോജ്ഞമാം—
പടി ലസിച്ച മദനാശ്രയപർവതം,
നടുമുടിയ്ക്കുടവേററതിനാലകം
ചുടുമവസ്ഥ തുലോമുതകുന്നു മേ! 23

അയ്യോ, മകനേ, നീ പോവുകതന്നെ ചെയ്യുവോ?

തരുണ, തരുണതാനത്രുപഭാസ്സേ,
പുതനിയമാധ്യയനോൽക്ക,നീയിതികൽ,
കൊലമദകരി കുത്തിവീഴ്ത്തുമോമ—
ന്മലർമരമെന്നവിധം നശിയ്ക്കുമെന്നോ! 24

ഘടോൽക്കചൻ:—ബ്രാഹ്മണക്കുട്ടി വൈകിയ്ക്കുന്നുവല്ലോ; അമ്മയ്ക്കു് ഊണിന്നു നേരം തെററുന്നു! എന്താണ് ചെയ്യേണ്ടതു്? ആവട്ടെ, ഉപായം കണ്ടു. ഹേ ബ്രാഹ്മണ, അങ്ങയുടെ മകനെ വിളിയ്ക്കു.

വൃദ്ധൻ:—രാക്ഷസമട്ടിലും കവിഞ്ഞതാണ്,നിൻെറ സംസാരം!

ഘടോൽക്കചൻ:—കോപിയ്ക്കയാണോ? ക്ഷമിയ്ക്കണേ, ക്ഷമിയ്ക്കണേ: ഇതു് എൻെറ സ്വഭാവദോഷമാണ്''! അങ്ങയുടെ മകന്നു പേരെന്താണ്?

വൃദ്ധൻ:—ഇതും വയ്യേ കേൾക്കാൻ!

ഘടോൽക്കചൻ;—ആവട്ടെ, ഹേ ബ്രാഹ്മണകുമാര, അങ്ങയുടെ സഹോദരന്നു പേരെന്താണ്?

ഒന്നാമൻ:—ആ സാധു 'മധ്യമ'നാണ്.

ഘടോൽക്കചൻ:—മധ്യമൻ എന്നതു് അദ്ദേഹത്തിന്നു യോജിച്ചതുതന്നെ. ഞാൻതന്നെ ചെന്നു വിളിച്ചുകൊള്ളാം. ഹേ, ഹേ, മധ്യമ, മധ്യമ, വേഗം വരിക.

(അനന്തരം ഭീമസേനൻ പ്രവേശിയ്ക്കുന്നു.)

ഭീമസേനൻ:—എയ്, ആരുടെയാണ് ഈ ഒച്ച!

ഉരത്തു പൊങ്ങുന്ന, വിഹംഗനാദിയായ്
മരങ്ങളാൽത്തിങ്ങിയടഞ്ഞ കാടിതിൽ;

Digitized By Kerala Sahitya Akademi

പരം കിരീടിസ്വരമോട്ടു തുല്യമി
സ്വരം കരാംച്ചട്ടുളവാക്കിടുന്നു മേ. 25

ഘടോൽക്കചൻ:—ബ്രാഹ്മണക്കുട്ടി വൈകിയ്ക്കുന്നുവല്ലോ; അമ്മയ്ക്കു് ഊണിന്നു നേരം തെറ്റുന്നു! എന്തു ചെയ്യേണ്ടൂ? ആവട്ടെ, ഉറക്കെ വിളിയ്ക്കുകതന്നെ, ഹേ മധ്യമ, വേഗം വരു.

ഭീമസേനൻ:—എയ്, ആരാണിതു്, ഈ കാട്ടിൽ എൻെറ വ്യായാമത്തിന്നു വിഘ്നം വരുത്തി, മധ്യമ, മധ്യമ എന്നിങ്ങിനെ എന്നെ വിളിയ്ക്കുന്നതു്? ആകട്ടെ, നോക്കാം (ചുററിനടന്നു നോക്കിയിട്ടു്) അഹോ, ദയനീയനാണു് ഈ പുരുഷൻ: ഇവൻ,

സിംഹാസ്യൻ, സിംഹദംഷ്ട്രൻ, മധുപഹനു, കപിശ—
ഭ്രൂയുഗൻ, ശ്യേനനാസൻ,
തേൻകണ്ണൻ, സ്നിഗ്ദ്ധമന്ദ്രസ്വര,നിഴപിണയാ—
ദ്ദീർഘകേശൻ, ബലിഷ്ഠൻ,
തോറാം ചീർത്തോൻ കൈകാം നീണ്ടോൻ, ഗജവൃഷഗതൻ,
വജ്രമധ്യൻ പൃഥൂര—
സ്സ്ഥോ,തോ വിശൈകവീരന്നൊരു നിശിചരിയിൽ—
ജ്ജാതനാം സൂനുതന്നെ! 26

ഘടോൽക്കചൻ:ബ്രാഹ്മണക്കുട്ടി വൈകിയ്ക്കുന്നുവല്ലോ; അമ്മയ്ക്കു് ഊണിന്നു നേരം തെറ്റുന്നു! ഇനി എന്തു ചെയ്യേണ്ടൂ? ആകട്ടെ, ഉറക്കെ വിളിയ്ക്കാം. ഹേ ഹേ മധ്യമ, വേഗം വരു.

ഭീമസേനൻ:—ഇതാ, ഞാൻ വന്നു.

ഘടോൽക്കചൻ:—(ആത്മഗതം) ഇതു ബ്രാഹ്മണക്കുട്ടിയല്ലല്ലോ. അമ്പോ, കാണേണ്ടവൻതന്നെ ഈ പുരുഷൻ: ഇദ്ദേഹം,

ചെറുതരമൊ, തങ്കപ്പൊൻപനക്കൈകൾ, താർക്ഷ്യ—
ച്ചിറകൊളിവിരിമാറും പൂണ്ട കണ്ഠീരവാംഗൻ,
കമലനവദളശ്രീലോചനൻ വിഷ്ണുവാമോ?
മമ മിഴി കവരുന്നുണ്ടാ,ഗതൻ ബന്ധുപോലെ! 27

(പ്രകാശം) ഹേ മധ്യമ, അങ്ങയെയാണു്, ഞാൻ വിളിയ്ക്കുന്നതു്.

Digitized By Kerala Sahitya Akademi

ഭീമസേനൻ:—അതുംകൊണ്ടാണല്ലോ ഞാൻ വന്നത്.

ഘടോൽക്കചൻ:—ഭവാനും മധ്യമനാണോ?

ഭീമസേനൻ:—മററാരാളല്ല:

മധ്യമൻ ഞാനവധ്യക്കു;
ദൃപ്തചിത്തക്കു മധ്യമൻ;
മധ്യമൻ മന്നിനും; ഭദ്ര,
മധ്യമൻ സോദരക്കുമേ. 28

ഘടോൽക്കചൻ:—അങ്ങിനെയായിരിക്കാം.

ഭീമസേനൻ:—അത്രമാത്രമല്ല:

മധ്യമൻ പഞ്ചഭൂതങ്ങൾ—
ക്കത്രെ മന്നോക്കു മധ്യമൻ;
മധ്യമൻ ഞാൻ ജനിയിലും;
മധ്യമൻ കാര്യമേതിലും. 29

വൃദ്ധൻ:—(ആത്മഗതം)

'ഹേ മധ്യമാ എന്നു വിളിച്ചതല്ല,—
മാമട്ടെഴും പാണ്ഡവമധ്യമൻതാൻ
വീര്യത്തിനാൽ മൃത്യുവിൽനിന്നു നമ്മെ
വിടുത്തുവാനേററിഹ വന്നതാവാം! 30

മധ്യമൻ:— (പ്രവേശിച്ച്)

ഇഹ പൊയ്കയിലാചമിച്ചുടൻ
ഹഹ, ഞാൻതന്നെയെനിക്കു നല്കിനേൻ
അരവിന്ദപലാശസുന്ദരം,
പരലോകത്തു സുദുർല്ലഭം ജലം. 31

(അടുത്തു ചെന്നിട്ട്) എടോ, ഞാനിതാ വന്നിരിക്കുന്നു.

ഘടോൽക്കചൻ:—ഭവാൻ ഇപ്പോഴെങ്കിലും വന്നുവല്ലോ. മധ്യമ മധ്യമ, ഇതിലെ, ഇതിലെ.

Digitized By Kerala Sahitya Akademi

വൃദ്ധൻ:—(ഭീമസേനന്റെ അടുക്കൽ ചെന്നിട്ട്) ഹേ മധ്യമ, ബ്രാഹ്മണകുടുംബത്തെ രക്ഷിക്കേണമേ!

ഭീമസേനൻ:—ഭയപ്പെടേണ്ട, ഭയപ്പെടേണ്ട. മധ്യമനായ ഞാൻ അഭിവാദ്യം ചെയ്യുന്നു.

വൃദ്ധൻ:—വായുവിനെപ്പോലെ ദീർഘായുസ്സായിരിക്കുക!

ഭീമസേനൻ:—ഞാൻ അനുഗൃഹീതനായി. ഇവിടെയ്ക്കെന്താണ് ഭയം?

വൃദ്ധൻ:—കേട്ടാലും: കുരുരാജാവു യുധിഷ്ഠിരൻ പണ്ടു വാണിരുന്ന കുരുക്ഷേത്രത്തിലുള്ള യൂപഗ്രാമത്തിൽ വസിക്കുന്നവനും, മാഠരഗോത്രക്കാരനും കല്പശാഖാധ്വർയ്യുവുമായ കേശവദാസൻ എന്ന ഒരു ബ്രാഹ്മണനാണ് ഞാൻ. എന്റെ അമ്മാമനായിട്ടു, വടക്കേദിക്കിൽ ഉദ്യാമകഗ്രാമത്തിൽ, കൌശികഗോത്രക്കാരനായ യജ്ഞബന്ധു എന്നൊരാളുണ്ട്; അദ്ദേഹത്തിന്റെ ഉണ്ണിയുടെ ഉപനയനത്തിന്നു കുടുംബത്തോടുകൂടി പുറപ്പെട്ടിരിക്കുയാണ് ഞാൻ.

ഭീമസേനൻ:—മാർഗ്ഗം ശുഭമായിബ്ഭവിക്കട്ടെ! എന്നിട്ട്?

വൃദ്ധൻ:—എന്നിട്ട്, എന്നെ, ഇവൻ

കരിമുകിലെതിർഗാത്രൻ, സിംഹസല്ലീലയാനൻ,
സരസിജദളനേത്രൻ, രാക്ഷസൻ, രൂക്ഷദംഷ്ട്രൻ,
വെറിമയൊടിഹ യുഷ്മാദൃക്ഷർതൻ മുമ്പിൽവെച്ചീ–
പ്പരിജനസുതരോടേ കൊല്ലുവാൻ നേരിടുന്നു! 32

ഭീമസേനൻ:—ഇവൻ ബ്രാഹ്മണക്കു മാർഗ്ഗവിഘ്നം വരുത്തി എന്നോ? ആകട്ടെ, ഇവനെ ഞാൻ നിഗ്രഹിക്കാം. എടോ, നില്ക്കു നില്ക്കു.

ഘടോൽക്കചൻ:—ഇതാ, ഞാൻ നിന്നു.

ഭീമസേനൻ:—എന്തിനാണ്, നീ ബ്രാഹ്മണനെ ഉപദ്രവിക്കുന്നത്?

ധൃതദാരമനോജ്ഞകാന്തിയായ്,-
സ്സുതരായീടിന താരകങ്ങളാൽ

Digitized By Kerala Sahitya Akademi

വൃത്തനാം ദ്വിജവൃദ്ധചന്ദ്രനെ-
ന്നുത, ബാധിച്ചിതു രാഹുപോലെ നീ. 33

ഘടോൽക്കചൻ:—അതേ, രാഹുതന്നെ!

ഭീമസേനൻ:—ഹം,

അസ്മല്ലൌകികവിചാരനാകമീ-
യുത്തമദ്വിജനെ വിട്ടകൊാംകെടോ,
പുത്രപത്നികളൊടൊപ്പ,മെന്തു തെ-
റ്റത്രെ ചെയ്കിലുമവധ്യനാകയാൽ. 34

ഘടോൽക്കചൻ:—വിടില്ല.

ഭീമസേനൻ:—(ആത്മഗതം) എയ്, ഇവൻ ആരുടെ മകനായിരിക്കാം?

പട്ടാങ്ങമായാരിവനെ,ൻ സഗർഭ്യ-
ക്കൊട്ടക്കെഴും നന്മ കവന്റെടുത്തോൻ?
കട്ടിക്കുറുമ്പൊന്നിതു കാൺകയാൽ ഞാൻ
പെട്ടെന്നു സൌഭദ്രനെയോർത്തിടുന്നേൻ. 35

(പ്രകാശം) എടോ, വിട്ടേക്കുക.

ഘടോൽക്കചൻ:—വിടില്ല.

വിടുകെന്നു തുലോം മനസ്സുറ-
പ്പൊടുമെന്നച്ഛനുരപ്പതാകിലും
വിടുകില്ലി;-വന,മ്മ ചൊന്നതിൻ-
പടിയല്ലോ പിടികൂടി വിപ്രനെ. 36

ഭീമസേനൻ:—(ആത്മഗതം) അമ്മ ചൊന്നതിൻപടി എന്നോ? ഹാ, ഈ സാധു ഗുരുജനങ്ങളെ ശുശ്രൂഷിക്കുന്നവനാണ്.

അമ്മയത്രേ മനുഷ്യക്കു
ദൈവതാധികദൈവതം:
അമ്മ ചൊന്നതിനാലല്ലോ,
ഞങ്ങളീയൊരുമട്ടിലായ്. 37

Digitized By Kerala Sahitya Akademi

(പ്രകാശം) എടോ, ഒന്നു ചോദിപ്പാനുണ്ടു്.

ഘടോൽക്കചൻ:—ചോദിച്ചോളു, ചോദിച്ചോളു. വേഗം:

ഭീമസേനൻ:—ആരാണു് നിന്റെ അമ്മ?

ഘടോൽക്കചൻ:—ഹിഡിംബി എന്ന രാക്ഷസി:

കുരുക്ഷമാപതികുലദീപമായ്ത്തുലോം
മഹത്വവും തടവിന പാണ്ഡുപുത്രനാൽ
സനാഥയാസ്സുകൃതിനി, പൂർണ്ണരൂപനാം
സുധാംശുവാലുഡുഗണവീഥിപോലവേ. 38

ഭീമസേനൻ:—(ആത്മഗതം) എയ്, ഹിഡിംബിയുടെ മകനാണോ ഇവൻ? ഇവന്നു ഗർവ്വും യുക്തംതന്നെ.

ബലവും, വടിവും, മനസ്സുറപ്പും,
പലതും താതരുടേതിനൊത്തിരിപ്പൂ;
നലമൊക്കമിവന്നു ചിത്തമെന്തീ,
നിലയിൽ പ്രാണിദയാവിഹീനമായി? 39

(പ്രകാശം) എടോ, പുരുഷ, വിട്ടയയ്ക്കു.

ഘടോൽക്കചൻ:—വിടില്ല.

ഭീമസേനൻ:—ഹേ ബ്രാഹ്മണ, അങ്ങയുടെ മകനെ എടുത്തുകൊണ്ടുപോക; ഞാൻ പൊയ്ക്കൊള്ളാം, ഇവന്റെ കൂടെ.

ബ്രാഹ്മണൻ:—അതു പാടില്ല, അതു പാടില്ല:

പരിത്യജിച്ചേൻ മമ ജീവിതത്തെ-
ഗ്ഗുരുക്കൾതൻ പ്രാണനുവേണ്ടി മുന്നേ;
സുരൂപവാൻ യൌവനയുക്തനങ്ങു-
ന്നിരിയ്ക്കുമാറാക ധരാതലത്തിൽ! 40

ഭീമസേനൻ:—ആയ്, അങ്ങിനെയല്ല: ഞാൻ ക്ഷത്രിയകുലത്തിൽ പിറന്നവനാണു്; പരമപൂജ്യനാണല്ലോ ബ്രാഹ്മണൻ. അതിനാൽ, എന്റെ ശരീരംകൊണ്ടു ബ്രാഹ്മണശരീരം മാറിവാങ്ങുവാൻ ഞാനാഗ്രഹിയ്ക്കുന്നു.

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇയ്യാൾ ക്ഷത്രിയനാ

Digitized By Kerala Sahitya Akademi

ണോ? അതുകൊണ്ടാണ്, കുറുമ്പ്. ആകട്ടെ. ഇയ്യാളെത്തന്നെ പിടിച്ചുകൊണ്ടുപോവാം. (പ്രകാശം) ആരാണ് ഇദ്ദേഹത്തെ തടുത്തത്?

ഭീമസേനൻ:—ഞാൻ.

ഘടോൽക്കചൻ:—ഭവാനോ?

ഭീമസേനൻ:—അതേ.

ഘടോൽക്കചൻ:—ഞാനാരാണെന്നു ഭവാനു മനസ്സിലായില്ലയോ?

ഭീമസേനൻ:—അരിശപ്പെടുന്നുവോ? ഭവാൻ ക്ഷമിച്ചാലും. പ്രജകളൊക്കെ ക്ഷത്രിയരുടെ മക്കളാണെന്നു പറയും: അതുകൊണ്ടു മാത്രമാണ് ഞാൻ പറഞ്ഞത്.

ഘടോൽക്കചൻ:—ഭയപ്പെട്ടവക്കുള്ള ആയുധം എടുത്തു!

ഭീമസേനൻ:—

നേരാണു, ഞാൻ ഭയമറിഞ്ഞവനല്ല; നിന്റെ
ചാരത്തുനിന്നതറിവാൻ കൊതിയുണ്ടിദാനീം;
എന്താണതിൻവടിവു? ചൊല്ലു; ഗുണാഗുണങ്ങൾ
ചിന്തിച്ചു ഭദ്ര, ചിതമെങ്കിലെടുത്തുകൊള്ളാം! 41

ഘടോൽക്കചൻ:—ഇതാ, ഭവാനു ഭയം ഞാനുപദേശിച്ചുതരാം. ആയുധമെടുത്തുകൊൾക.

ഭീമസേനൻ:—ആയുധമോ? ഇതാ, എടുത്തിരിക്കുന്നു.

ഘടോൽക്കചൻ:—എന്തായുധം?

കനകത്തുണകൾക്കൊപ്പം
കനത്ത,രിവധത്തിനായ്
തുനിയുന്നീ വലംകയ്യാ-
ണെ,നിയ്ക്കൊക്കെയൊരായുധം. 42

ഘടോൽക്കചൻ:—ഇത്, എന്റെ അച്ഛൻ ഭീമസേനനുചേരും!

ഭീമസേനൻ:—ആരാണ്, ഈ ഭീമൻ എന്നവൻ?



Digitized By Kerala Sahitya Akademi

ഭുവനസ്രഷ്ടീകരൻ, ഗിരിശൻ, രമാ-
ധവപുരന്ദരർ, ശക്തിധരൻ, യമൻ,
ഇവരിലാരൊടു ചേർത്തുപമിച്ചിടാം
തവ പിതാവിനെ?—യോത്തുക ഭദ്ര, നീ. 43

ഘടോൽക്കചൻ:—എല്ലാവരോടും.

ഭീമസേനൻ:—ശരി, നുണയാണിത്.

ഘടോൽക്കചൻ:—എന്ത്, എന്ത്, നുണയാണെന്നോ? ഭവാൻ എൻെറ അച്ഛനെ ആക്ഷേപിയ്ക്കുന്നു! (ആത്മഗതം) ആകട്ടെ, ഈ ക്രൂരന്മരം പറിച്ചെടുത്തു പ്രഹരിയ്ക്കാം. (അങ്ങിനെ ചെയ്തിട്ട്) എയ്, ഇതുകൊണ്ടടിപ്പാൻ വയ്യ! എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായം കണ്ടു. ഈ പർവതശൃംഗം പറിച്ചെടുത്തു പ്രഹരിയ്ക്കാം.

(പ്രകാശം)

ഗിരിതൻ മുടി ഞാനെറിഞ്ഞതേ
ത്വരിതം നിന്നുയിർകൊണ്ടു പോയിടും.

ഭീമസേനൻ:—

നരിയെക്കൊലയാന തീണ്ടുകി-
ല്ല,രിശം തേടുകിലും വനാന്തരേ! 44

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇതുകൊണ്ടും വയ്യ അടിപ്പാൻ! എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായം കണ്ടു.

(പ്രകാശം)

ഭീമസേനൻെറ പുത്രൻ ഞാൻ
ശ്രീമരുത്തിൻെറ പൌത്രനാം;
നേരിട്ടോരുങ്ങിനില്പൂ! കൈ-
പ്പോരിലിില്ലെൻ കിടയ്ക്കൊരാരാം. 45

(രണ്ടുപേരും ബാഹുയുദ്ധം ചെയ്യുന്നു.)

Digitized By Kerala Sahitya Akademi

ഘടോൽക്കചൻ:—(ഭീമസേനനെ ബന്ധിച്ചിട്ട്)

കട്ടിച്ചങ്ങലയാൽത്തളച്ചൊരു ഗജം
പോലെ,ൻെറ കൈക്കുട്ടിലാ–
പ്പെട്ടിട്ടെങ്ങിനെയിന്നി, മൽഭുജബലം
തള്ളിഗ്ഗമിക്കും ഭവാൻ?

ഭീമസേനൻ:— (ആത്മഗതം) എയ്, ഇവൻ എന്നെ പിടിച്ചുക ളഞ്ഞു! ഹേ സുയോധന, ശത്രുപക്ഷം വദ്ധിച്ചു വരുന്നു: തക്ക കരുതൽ ചെയ്തുകൊൾക! (പ്രകാശം) എടോ പുരുഷ, ശ്രദ്ധിച്ചുകൊൾക.

ഘടോൽക്കചൻ:—ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

ഭീമസേനൻ:— (പിടി വിടുവിച്ചിട്ട്)

ഒട്ടകണ്ടു കളഞ്ഞുകൊൾക ബലഗ–
ർവ്വു,ക്കൊന്നു കാണിക്കിലും;
തിട്ടം, വീര, തരിമ്പുമില്ല ഭുജയു-
ദ്ധത്തിൽപ്പരിക്ലാന്തി മേ. 46

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇതുകൊണ്ടും വയ്യ പിടിപ്പാൻ. ഇനി എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായം കണ്ടു: അമ്മ ഉപദേശിച്ചുതന്ന മായാപാശമുണ്ടല്ലോ; അതുകൊണ്ട് ബന്ധിച്ച് ഇയ്യാളെ കൊണ്ടുപോകാം. വെള്ളം എവിടെ കിട്ടും? ഹേ പർവ്വതമേ, കുറെ വെള്ളം! കൊള്ളാം, ഒഴുകുന്നു. (ആചമിച്ചു മന്ത്രം ജപിച്ചിട്ട്) (പ്രകാശം) ഹേ മനുഷ്യ,

ഉരത്ത മായാമയപാശബന്ധാൽ
പരം വശംകെട്ടിളകാതെയായ് നീ,
ഒരുത്സവത്തിൽ,ക്കയർകൊണ്ടു കെട്ടി
മുറുക്കമിന്ദ്രധ്വജമെന്നപോലാം! 47

(എന്നു മായകൊണ്ടു ബന്ധിക്കുന്നു.)

ഭീമസേനൻ:—(ആത്മഗതം) എയ്, എന്നെ മായാപാശംകൊ

Digitized By Kerala Sahitya Akademi

ണ്ടു കെട്ടിക്കളഞ്ഞുവോ! ഇനി എന്തുചെയ്യേണ്ടു? മഹേശ്വര പ്രസാദത്താൽ ലഭിച്ച മായാപാശമോചനമന്ത്രമുണ്ടല്ലോ, അതു ജപിയ്ക്കാം. വെള്ളം എവിടെ കിട്ടും? ആകട്ടെ. (പ്രകാശം) ഹേ ബ്രാഹ്മണകുമാരാ, ആ കമണ്ഡലുവിലെ വെള്ളം ഇങ്ങു കൊണ്ടുവരു.

വൃദ്ധൻ:—ഇതാ വെള്ളം.

(ഭീമസേനൻ ആചമിച്ചു മന്ത്രം ജപിച്ചു മായയെ മോചിപ്പിയ്ക്കുന്നു.)

ഘടോൽക്കചൻ:—(ആത്മഗതം) അല്ലാ, പാശം വീണുപോയല്ലോ! ഇനി എന്തു ചെയ്യേണ്ടു? ആകട്ടെ (പ്രകാശം) ഹേ പുരുഷ, മുൻചെയ്ത പ്രതിജ്ഞയെ ഓർമ്മിച്ചാലും.

ഭീമസേനൻ:—പ്രതിജ്ഞയെന്നോ; ഇതാ ഞാൻ ഓർമ്മിയ്ക്കുന്നു. മുമ്പേ നടന്നുകൊൾക-

(രണ്ടുപേരും ചുററിനടക്കുന്നു.)

വൃദ്ധൻ:—ഉണ്ണികളേ, നാം എന്തു ചെയ്യുണ്ടു? വൃകോദരൻ ഇതാ, പോകുന്നു.

സീമാതിബാഹുബലവീര്യമിണങ്ങുമുഗ്ര-
ധാമാംഗനാകിയ നിശാടനെ നേർത്തടക്കി,
ശ്രീമാൻ കളിമ്പമൊടിതാ, നടകൊൾവു മന്ദം,
പേമാരിയത്ര ഗണിയാതൊരു കാള പോലേ. 48

ഘടോൽക്കചൻ:—ഇവിടെ നില്ക്കു; ഭവാൻ വന്ന വിവരം ഞാൻ അമ്മയെ അറിയിയ്ക്കട്ടെ.

ഭീമസേനൻ:—ഓ, ചെല്ലു.

ഘടോൽക്കചൻ:—(അടുത്തു ചെന്നു്) അമ്മേ, ഞാൻ, ഘടോൽക്കചൻ അഭിവാദ്യം ചെയ്യുന്നു. ഇവിടുത്തെയ്ക്കു ഭക്ഷണത്തിന്നു ചിരാഭിലഷിതനായ ഒരു മനുഷ്യനെ കൊണ്ടുവന്നിട്ടുണ്ടു്.

(പിന്നെ ഹിഡിംബി പ്രവേശിയ്ക്കുന്നു)

ഹിഡിംബി:—മകനേ, ചിരകാലം ജീവിച്ചിരിയ്ക്കുക! എങ്ങി

Digitized By Kerala Sahitya Akademi

നെയ്യുള്ള മനുഷ്യനെയാണ്, കൊണ്ടുവന്നിരിയ്ക്കുന്നത്?

ഘടോൽക്കചൻ:—അമ്മേ, പേരുകൊണ്ടുമാത്രം മനുഷ്യൻ; വീര്യം കൊണ്ടു മനുഷ്യനല്ല!

ഹിഡിംബി:—ബ്രാഹ്മണനാണോ?

ഘടോൽക്കചൻ:—ബ്രാഹ്മണനല്ല.

ഹിഡിംബി:—വൃദ്ധനാണോ?

ഘടോൽക്കചൻ:—കിഴവനല്ല.

ഹിഡിംബി:—ബാലനാണോ?

ഘടോൽക്കചൻ:—ബാലനല്ല.

ഹിഡിംബി: —എന്നാൽ ആയാളെ ഞാൻ നോക്കട്ടെ.

(രണ്ടുപേരും ചുററിനടക്കുന്നു)

ഹിഡിംബി:—ഈ മനുഷ്യനെയാണോ കൊണ്ടുവന്നിരിയ്ക്കുന്നത്?

ഘടോൽക്കചൻ: —അമ്മേ, ആരാണിത്?

ഹിഡിംബി:—ഭ്രാന്ത, ഈശ്വരനാണിത്!

ഘടോൽക്കചൻ:—ഹം, ആക്ക് ഈശ്വരൻ?

ഹിഡിംബി: —നിനക്കും, എനിയ്ക്കും!

ഘടോൽക്കചൻ:—എന്താണുറപ്പ്?

ഹിഡിംബി:—ഇതുതന്നെ ഉറപ്പ്! ആര്യപുത്രൻ ജയിച്ചാലും!

ഭീമസേനൻ:—(നോക്കിയിട്ട്) ഇവളാരാണ്? എയ്, ഹിഡിംബീദേവിയോ!

നാടു കൈവിട്ടു കൊടുതാം
കാടു ചുററി നടക്കവേ,
ദേവി, ഞങ്ങൾക്കു നീയല്ലോ
മാൽ വിടുത്തീ, ദയാർദ്രയായ്. 49

ഹിഡിംബി, ഇതെന്താണ്?

ഹിഡിംബി:— (ചെവിയിൽ) ഇങ്ങിനെയൊക്കെയാണ്.

ഭീമസേനൻ:— (ആത്മഗതം) ജാതിയിൽ രാക്ഷസി; ആചാരത്തിലല്ല!

Digitized By Kerala Sahitya Akademi

ഹിഡിംബി:— ഭ്രാന്ത, അച്ഛനെ വന്ദിയ്ക്കു.

ഘടോൽക്കചൻ:— അച്ഛ, ധാൎത്തരാഷ്ട്രക്കാടിനു കാട്ടുതീയായ ഞാൻ, ഘടോൽക്കചൻ അഭിവാദ്യം ചെയ്യുന്നു. മകന്റെ ചാപല്യം ക്ഷമിയ്ക്കേണമേ!

ഭീമസേനൻ:— മകനേ, വരു വരു. തട്ടിക്കയറിയതിൽ സന്തോഷമേ ഉള്ളു! (എന്ന് ആശ്ലേഷിച്ചിട്ട്) ധാൎത്തരാഷ്ട്രക്കാടിനു കാട്ടുതീയായ മകൻതന്നെയാണ്, അച്ഛന്മാൎക്കു വേണ്ടത്. മകനേ, നീ അതിബലപരാക്രമിയായി ഭവിച്ചാലും!

ഘടോൽക്കചൻ:— ഞാൻ അനുഗൃഹീതനായി!

വൃദ്ധൻ:— അല്ലാ, ഭീമസേനന്റെ മകൻ ഘടോൽക്കചനാണോ ഇത്!

ഭീമസേനൻ:— മകനേ, ശ്രീമാൻ കേശവദാസനെ അഭിവാദ്യം ചെയ്യു.

ഘടോൽക്കചൻ:— ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

വൃദ്ധൻ:— അച്ഛനെപ്പോലെ ഗുണകീൎത്തിമാനായി ഭവിച്ചാലും!

ഘടോൽക്കചൻ:— ഞാൻ അനുഗൃഹീതനായി!

വൃദ്ധൻ:— ഹേ വൃകോദര, ഭവാൻ എന്റെ വംശത്തെ രക്ഷിച്ചു; സ്വന്തം വംശത്തെ ഉയൎത്തുകയും ചെയ്തു. ഇനി, ഞങ്ങൾ പോകട്ടെ.

ഭീമസേനൻ:—

ഇതൊക്കെയും യുഷ്മദനുഗ്രഹത്താ-
ലത്രേ, നികാമം ശുഭമായ്ച്ചമഞ്ഞു;
അടുക്കലൊണാശ്രമമസ്മദീയ;-
മതിങ്കലധ്വവ്യഥ തീൎത്തു പോകാം. 50

വൃദ്ധൻ:— ആതിത്ഥ്യം, ഈ പ്രാണദാനത്താൽ ചെയ്തുകഴിഞ്ഞിരിയ്ക്കുന്നു. അതിനാൽ ഞങ്ങളിനി പോകട്ടെ.

ഭീമസേനൻ:— ഭവാൻ പുനൎദ്ദൎശനത്തിന്നായി, കുടുംബത്തോടൊരുമിച്ചു പോയിക്കൊള്ളുക.

വൃദ്ധൻ:— കൊള്ളാം, അങ്ങിനെതന്നെ. (കേശവദാസൻ ഭാൎയ്യാപുത്രന്മാരൊന്നിച്ചു പോയി)

Digitized By Kerala Sahitya Akademi

ഭീമസേനൻ: — ഹിഡിംബി, ഇതിലെ; ഉണ്ണി, ഘടോൽക്കച, ഇതിലെ. ശ്രീമാൻ കേശവദാസനെ ആശ്രമദ്വാരം വരെയെങ്കിലും നമുക്കനുയാത്രചെയ്യാം.

(ഭരതവാക്യം)

പരമാറുകൾക്കു കടൽപോലെയും, പലേ
തരമാഹുതിയ്ക്കു ഹുതഭുക്കു പോലെയും,
കരണത്തിനൊക്കെ മനമെന്നപോലെയും,
ശരണം നമുക്കു ഭഗവാൻ ജനാർദ്ദനൻ!

(എല്ലാവരും പോയി)

[മധ്യമവ്യായോഗം സമാപ്തം]

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# പഞ്ചരാത്രം



Digitized By Kerala Sahitya Akademi

Pancharathram
Vallathol
1978 ഡിസംബർ
പകർപ്പവകാശം:
സി. അമ്മുഅമ്മക്കു്

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിൻെറ

# മുഖവുര

പ്രഭാതത്തിന്നു മുമ്പിൽ ഇരുട്ട്, പുഞ്ചിരിയ്ക്കു മുമ്പിൽ മുഖം കറുക്കൽ — ഇതു പ്രകൃതിനിയമമാണ്; അതുപോലെ കാളിദാസന്നുപോലും ഉപജീവ്യനായ ഭാസമഹാകവി ഉണ്ടാക്കിയതും ഇന്നത്തെ കേരളകവിസമ്രാട്ടിനാൽ വിവൎത്തനം ചെയ്യപ്പെട്ടതുമായ ഈ വിശിഷ്ടകൃതിയ്ക്കു മുമ്പിലും എൻെറ ചില ജല്പനം കാണപ്പെടുന്നതിൽ വായനക്കാർ സമാധാനിയ്ക്കട്ടെ.

ഈ പഞ്ചരാത്രം മലയാളത്തിലെ രൂപകങ്ങൾക്കിടയിൽ ഒരു പുതിയ പ്രസ്ഥാനത്തെയാണ് കാണിയ്ക്കുന്നത്. ഇതിന്നു നാടകം എന്ന പേർ നാട്യകാവ്യം എന്നൎത്ഥത്തിൽ മാത്രമേ യോജിയ്ക്കൂ; സാഹിത്യകാരന്മാർ ഇതിന്നു 'സമവകാര'മെന്നാണ് പേർ കല്പിയ്ക്കുക: പ്രഖ്യാതമായ ഇതിവൃത്തം, ദേവാസുരവൎഗ്ഗത്തിൽപ്പെട്ട പന്തിരണ്ട് ഉദാത്തനായകന്മാർ, മുറയ്ക്കു ചെറുതു ചെറുതായ മൂന്നങ്കങ്ങൾ, വീരരസത്തിന്നു പ്രാധാന്യം — ഇങ്ങിനെയൊക്കെയാണ്, സമവകാരം എന്ന രൂപകത്തിൻെറ ലക്ഷണം. ഇതിൽ മിക്കതും പഞ്ചരാത്രത്തിന്നുണ്ട്: ഇതിലെ പാത്രങ്ങളിൽ ഭീഷ്മയുധിഷ്ഠിരാദികൾ പൌരാണികദൃഷ്ട്യാ ദേവവൎഗ്ഗത്തിലും, ദുൎയ്യോധനപ്രഭൃതികൾ അസുരവൎഗ്ഗത്തിലും പെട്ടവരാണല്ലോ.

പഞ്ചരാത്രം ഒരു പ്രൌഢഗ്രന്ഥമാണ്. ഇത്തരം വ്യംഗ്യപ്രധാനങ്ങളായ കാവ്യങ്ങളുടെ സ്വാരസ്യം പ്രകാശിപ്പിപ്പാൻ സവിസ്തരമായ വ്യാഖ്യാനം തന്നെ വേണം; എൻെറ ഈ ചെറുടിപ്പണി എന്നെപ്പോലുള്ള അവ്യുൽപന്നന്മാൎക്ക് അല്പം ഉപകരിച്ചാലായി എന്നേ ഉള്ളൂ.

ഈ തൎജ്ജിമ എഴുതിക്കഴിഞ്ഞിട്ട് അഞ്ചാറു കൊല്ലമായി. ആയിടയിൽ മറെറാരു തൎജ്ജിമ പുറത്തുവന്നതുകൊണ്ടു നമ്മുടെ വിവൎത്തകൻ ഇതിൻെറ പ്രസിദ്ധീകരണത്തിൽ അത്ര ശ്രദ്ധിച്ചില്ല. ഇപ്പോൾ കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിയുടെ ദൃഷ്ടി ഈ അനൎഘരത്നത്തിൽ പതിഞ്ഞതിനാലാണ്, ഇതിൻെറ കിരണകന്ദളങ്ങൾ നീളെ പ്രസരിപ്പാനിടയായത്. കമ്മിററിയുടെ ഉചിതജ്ഞതയ്ക്കു നാം നന്ദി പറയുക!

അണ്ടത്തോട്,
15 ചിങ്ങം, 98.

**നാലപ്പാട്ട് നാരായണമേനോൻ**

Digitized By Kerala Sahitya Akademi

# പ ഞ്ച രാ ത്രം

## കഥാപാത്രങ്ങൾ

സൂത്രധാരൻ
ദുര്യോധനൻ
ദ്രോണർ
ഭീഷ്മർ
കർണ്ണൻ
ശകുനി
ഭടൻ
ദൂതൻ
വൃദ്ധഗോപൻ
ഗോമിത്രകൻ
സന്യാസി
സൂതൻ
വിരാടരാജാവ്
ഭീമസേനൻ
അഭിമന്യു
ഉത്തരൻ
യുധിഷ്ഠിരൻ
ബ്രാഹ്മണർ മൂന്നുപേർ
കഞ്ചുകി
ബൃഹന്നള
(പ്രച്ഛന്നവേഷധാരിയായ അർജ്ജുനൻ)
പെൺകിടാങ്ങൾ—നർത്തകിമാർ

Digitized By Kerala Sahitya Akademi

# പഞ്ചരാത്രം

## (സമവകാരം)

### ഒന്നാമങ്കം

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:—

ദ്രോണൻ, യുധിഷ്ഠിര,നിഹാർജ്ജുനഭീമദൂതൻ,
ദുര്യോധനൻ, ശകുനിനായകകർണ്ണധാരൻ,
രക്ഷിച്ചിടട്ടെ വഴിപോലഭിമന്യ, ഭീഷ്മ—
നാ ശ്രീവിരാട്പുരുഷനുത്തരകർമ്മശീലൻ. 1

(ചുററിനടന്നിട്ട്) ഇപ്രകാരം ആര്യമിശ്രന്മാരോടറിയിക്കട്ടെ. ഏയ് എന്താണ്, ഞാൻ അറിയിക്കുവാൻ ഭാവിച്ചപ്പോഠം, ഒരു ശബ്ദം കേഠംക്കുന്നതുപോലെ തോന്നുന്നത്? ആട്ടെ, നോക്കാം.

(അണിയറയിൽ)

അമ്പോ, കുരുരാജാവിൻെറ യജ്ഞസമൃദ്ധി!

സൂത്രധാരൻ:—ശരി, മനസ്സിലായി.

1. ദ്രോണൻ = കാക്കപോലെ കറുത്തവൻ. യുധിഷ്ഠിരൻ = യുദ്ധത്തിൽ സ്ഥിരൻ. അർജ്ജു......ദൂതൻ = അർജ്ജുനഭീമന്മാർക്കായി ദൌത്യം നടത്തിയവൻ. ദുര്യോധനൻ = ദുഷ്കരമായ യുദ്ധം ചെയ്യുന്നവൻ. ശകുനി...... ധാരൻ = ഗരുഡൻെറ കപ്പിത്താൻ. (ഗരുഡനാകുന്ന കപ്പലിനെ ആകാശത്തിൽ നടത്തുന്നവൻ; ഗരുഡവാഹനൻ എന്നർത്ഥം) അഭിമന്യു = യജ്ഞോന്മുഖൻ. ഭീഷ്മൻ = ദുർജ്ജനഭയങ്കരൻ. വിരാട്പുരുഷൻ = ആദിപുരുഷൻ. ഉത്ത........ശീലൻ = പ്രശസ്തകർമ്മങ്ങൾ ചെയ്യുന്നവൻ. ഇതിൽ മുദ്രാലങ്കാരഭംഗ്യാ കഥാപാത്രങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

അരചന്മാരഖിലാന്തഃ–
പുരമൊട്ടൊന്നിച്ചു വന്നുചേൎന്നു മുദാ,
കുരുപതി ദുൎയ്യോധനനുടെ
തിരുയജ്ഞമിതാ, നടക്കുന്നു. 2

(പോയി)

സ്ഥാപന

(അനന്തരം മൂന്നു ബ്രാഹ്മണർ പ്രവേശിക്കുന്നു.)

എല്ലാവരും:—അമ്പോ, കുരുരാജാവിന്റെ യജ്ഞസമൃദ്ധി!

ഒന്നാമൻ:—ഇവിടെയാകട്ടെ,

കാശം പൂത്തവപോലെയായ് ദിശകൾ വി–
പ്രോച്ഛിഷ്ടമാം ചോറിനാൽ;
ഹോമത്തിൻപുകയാൽ പരക്കെയൊഴിവായ്
വൃക്ഷങ്ങൾതൻ പൂമണം;
മാന്മട്ടായി പുലിവ്രജം; മലകളിൽ
സിംഹങ്ങളും ശാന്തരായ്;
മന്നൻ ദീക്ഷ വഹിച്ചപോതുലകുമി-
ങ്ങൊന്നിച്ചു ദീക്ഷിച്ചിതോ! 3

രണ്ടാമൻ;—ഭവാൻ പറഞ്ഞതു ശരിയാണ്.

ഹവ്യത്താൽപ്പരിതൃപ്തനഗ്നിസുരർതൻ
വക്ത്രം; ദ്വിജശ്രേഷ്ഠരോ
ദ്രവ്യത്താൽ;—പ്പശുപക്ഷിമാനുഷരുമി-
ന്നൊട്ടുക്ക സംതൃപ്തരായ്;

3. ദീക്ഷ = യജ്ഞവ്രതം.
4. അഗ്നിമുഖാ വൈ ദേവാഃ എന്നു വേദം.

Digitized By Kerala Sahitya Akademi

ഇവ്വണ്ണം നൃപനന്ദനനീളെ രസമായ്—
ഗ്ഘോഷിയ്ക്കുമിപ്പാരിടം
ദിവ്യന്മാരുടെ ലോകമൊക്കെയതിലം—
ഘലിച്ചു ഗുണശ്രേണിയാൽ. 4

മൂന്നാമൻ:—ഇതാ പൂജ്യന്മാരായ ബ്രാഹ്മണർ,

കാൽത്താരിൽ ക്ഷിതിപാലർതൻ മുട്ടതല-
പ്പാവേശിയോരെ,ത്രയം
ശാസ്ത്രാഭിജ്ഞർ, വയോധികസ്ഥിതിയിലും
സ്വാദ്ധ്യായബദ്ധവ്രതർ,
വാർദ്ധക്യത്തിലിയന്ന മെയ്യയവൊടും,
ശിഷ്യൻെറ തോളത്തു കൈ
ചേർത്തഗ്ര്യദ്വിജവൃദ്ധർ പോലെ, വടിയും
കുത്തിഗ്ഗമിയ്ക്കുന്നിതേ. 5

എല്ലാവരും:—ഉണ്ണികളേ, ഉണ്ണികളേ, * അവഭൃഥസ്നാനം കഴി
യുന്നതിന്നു മുമ്പേ നിങ്ങൾ തീ കൊളുത്തിക്കളയരുതേ!

ഒന്നാമൻ:—അയ്യോ, ബാലചാപലം കാണിച്ചു കഴിഞ്ഞു!

കത്തും യൂപം ലസിപ്പു ക്ഷിതിയുടെ കനക-
ക്കയ്യുപോലിങ്ങു;ടപ്പി-
പ്പീലാ ചൈത്യാഗ്നി, ലോകാഗ്നിയെ, വൃഷലകനെ
ക്ഷോണിദേവൻ കണക്കേ;
വേകുന്നീലേറെ വേദിപ്പുറ,മിഹ ചുഴലെ-
പ്പച്ചയാം ദർഭമൂലം;
പ്രാഗ്വംശത്തിൽക്കടപ്പൂ പുകയിതു നളിന-
പ്പൊയ്കയിൽക്കംഭിപോലെ. 6

5. സ്വാദ്ധ്യാ......തർ = വേദാധ്യയനനിഷ്ഠയോടുകൂടിയവർ.

* യജ്ഞാവസാനത്തിലുള്ള സ്നാനം. യാഗം കഴിഞ്ഞാൽ യാഗശാല തീവെച്ചു നശിപ്പിയ്ക്കാറുണ്ട്.

6. യൂപം = യജ്ഞസ്തംഭം. ചൈത്യം = യജ്ഞസ്ഥാനം. ലോകാഗ്നി = സാധാരണത്തീയ്യ്. വൃഷലകൻ = ശൂദ്രൻ. പ്രാഗ്വംശം = ഹോമഗൃഹത്തിന്നു കിഴക്കായി യജമാനൻമാർക്ക് മററുമിരിപ്പാനുള്ള ഗൃഹം.

Digitized By Kerala Sahitya Akademi

രണ്ടാമൻ:— ശരിതന്നെ.

അഗ്നിയെ.യഗ്നിഭയത്താ–
ലുഴറി,യിതാ, വിപ്രർ കൊണ്ടുപോരുന്നു,
ദോഷപ്പെട്ട കലത്തിൽ
ജ്ഞാതിഭയാൽ ജ്ഞാതിയെപ്പോലെ. 7

മൂന്നാമൻ: —ഇതാ. നിങ്ങൾ മറ്റൊന്നു നോക്കുവിൻ:

നെയ്യിൻവണ്ടി ദഹിയ്ക്കുന്നു
വെള്ളം കോരിയൊഴിയ്ക്കിലും,
ബാലസ്നേഹവശാൽക്കുട്ടി-
പോയോരബല പോലവേ. 8

ഒന്നാമൻ:— അങ്ങു പറഞ്ഞതു ശരിയാണ്:

പച്ചപ്പുല്ലിലൊതുങ്ങിനിന്നു കുറുതായ്–
ശ്ശോഷിച്ചിട്ടും ദർഭചേ-
ന്നിച്ചക്രേശ്വരധർമ്മവണ്ടിയെരിയി-
പ്പാനുദ്യതൻ പാവകൻ,
കാറ്റേററിട്ടു പടർന്നുകത്തിയഥ ത-
ച്ചക്രത്തിലെത്തി ക്രമാൽ-
ച്ചുററിന്മേലൊരു മണ്ഡലാകൃതിയിലായ്
നേടുന്നു സൂര്യാഭയെ. 9

രണ്ടാമൻ:—ഇതാ മറ്റൊന്നു നോക്കു;

7. അഗ്നിയെ = ചൈത്യാഗ്നിയെ. അഗ്നിഭയത്താൽ—ലോകാഗ്നി സ്പർശിയ്ക്കാതിരിപ്പാൻ എന്നർത്ഥം. ജ്ഞാതി = ദായാദി.

8. ഒരമ്മ എങ്ങിനെയെല്ലാമാശ്വസിപ്പിയ്ക്കപ്പെട്ടാലും, പുത്രദുഃഖത്താൽ സന്തപിയ്ക്കുന്നതുപോലെ എന്നർത്ഥം..

9. ചക്രേശ്വരൻ = രാജാവ്. ധർമ്മവണ്ടി = യജ്ഞശകടം. മണ്ഡലാകൃതി = വട്ടമൊത്ത വടിവ്. സൂര്യാഭയെ നേടുന്നു = സൂര്യനെപ്പോലെയായിത്തീരുന്നു.

Digitized By Kerala Sahitya Akademi

പുററിങ്കൽനിന്നഗ്നിഭയത്തൊടഞ്ചു
പാമ്പുണ്ടു, രന്ധ്രങ്ങളിലൂടെയൊപ്പം
പുറത്തിറങ്ങുന്നു, മൃതന്റെ മെയ്യിൽ-
നിന്നൊപ്പമഞ്ചിന്ദ്രിയമെന്നപോലെ. 10

മൂന്നാമൻ:—ഇതാ, നിങ്ങൾ മററൊന്നു നോക്കുവിൻ;

മരുത്തിനോടൊത്തിളകും മഖാഗ്നി
മരത്തിനെക്കത്തിയെരിച്ചിടുമ്പോൾ,
പ്രാണങ്ങൾ പോലാശു പറന്നുപോയീ,
പൊത്താകുമുൾമെയ്യിലെഴും ഖഗങ്ങൾ. 11

ഒന്നാമൻ:— ശരിതന്നെ:

ഒരുണക്കമരത്താൽ,പ്പൂ-
മരങ്ങൾ നിറയും വനം,
നിലകെട്ടുള്ളൊരുവനാൽ-
ക്കുലം പോലെരിയുന്നിതേ. 12

രണ്ടാമൻ:—

മഖദഹനനിൽദ്ദഹിയ്ക്കും
മുളകളിതാ, കാററു തട്ടിയിളകുകയാൽ
ഉയരുന്നു, താഴുന്നു,
നരരുടെ ഭാഗ്യങ്ങളെപ്പോലെ. 13

മൂന്നാമൻ:— അങ്ങു പറഞ്ഞതു ശരിയാണ്;

വേകുന്നു തടിമേൽശ്ശുഷ്ക-
വല്ലി ചുററിയൊരീ മരം
ദുഷ്കുലച്ഛായയിൽശ്ശിഷ്ടൻ
സ്ത്രീദോഷാലെന്ന പോലവേ. 14

13. മഖദഹനൻ = യാഗാഗ്നി.
14. ശിഷ്ടൻ = നല്ലവൻ.



Digitized By Kerala Sahitya Akademi

ഒന്നാമൻ:—

ലതാനികുഞ്ജം ചെടിപൊന്തയൊത്തീ-
ക്കാടാകമാഹാരമശിച്ചു പാരം,
ഹുതാശനൻ കൈ കഴുകുന്നതിന്നോ
സരിത്തിലിദ്ദർഭ പിടിച്ചിറങ്ങി! 15

രണ്ടാമൻ:— ഇതാ, ഇതാ,

നീളമുള്ള കുശവല്ക്കലംവഴി മരത്തിൽ
നിന്നു മരമാന്തു തീ—
നാളമേററുടനുരിഞ്ഞുവീഴ്‌വിതു പഴുത്ത—
പോലെ കദളീഫലം;
ചോടെരിഞ്ഞു സുചിരാൽ വിഴുന്നു, തനതഗ്ര—
സീമ്‌നി വലുതായ തേൻ—
ക്കൂടെഴുന്നൊരു കരിമ്പനത്തരു, മഹേശ്വ-
രന്റെ മഴ പോലവേ. 16

മൂന്നാമൻ:—ഹാ! സജ്ജനത്തിന്റെ കോപംപോലെ, അഗ്നി ഭഗവാൻ കത്തിയടങ്ങി.

ഇതാ, കഴിഞ്ഞൂ വിറകെന്നമൂലം
ഹുതാശനന്നേററു ബലപ്രണാശം
ഉദാരശീലന്നു ധനാത്യയത്താൽ
പ്രദാനശക്തിക്ഷയമെന്നപോലേ. 17

ഹുതാശൻ, സ്രുക്കരണിവൃ—
ക്ഷിവയെത്തിന്നുതീക്ഷ്ണയായ്;
ധൂർത്താൽ സ്വത്തററവൻ വിട്ട-
സാമാനത്തെക്കണക്കിനെ. 18

15. പൊന്ത = ചെറുവള്ളിക്കെട്ട്. മൊന്ത എന്നു ചിലർ. സരിത്ത് = നദി. ഇദ്ദർഭ—നദീതീരത്തിൽ നില്ക്കുന്നത്.

16. കുശവല്ക്കലം = ദർഭകങ്ങളും മരവുരികളും. നാളം = തീജ്വാല. അഗ്രസീമ്‌നി = മുകളിൽ.

17. ഉദാരശീലൻ = ദാനശീലൻ. ധനാത്യയം = മുതൽനാശം.

Digitized By Kerala Sahitya Akademi

രണ്ടാമൻ:—

ചാഞ്ഞുള്ള കൊമ്പൊടു നദിക്കരികത്തു നില്ക്കു-
മീ വൃക്ഷമൊക്കെ കാററിലുലയുന്നിലയായ കയ്യാൽ,
ദാവാഗ്നിയേററുതിപെട്ട മഹീരുഹങ്ങൾ-
ക്കീവണ്ണമിപ്പൊഴുദകക്രിയ ചെയ്കയാണോ! 19

മൂന്നാമൻ:—എന്നാൽ വരൂ; നമുക്കും ആചമനം കഴിക്കാം.

രണ്ടുപേരും:—അങ്ങിനെതന്നെ.

(എല്ലാവരും ആചമനം കഴിച്ചിട്ട്)

ഒന്നാമൻ:—എയ്, ഇതാ, അത്രഭവാൻ കുരുരാജാവു ദുര്യോധനൻ ഭീഷ്മദ്രോണന്മാർ മുമ്പിലും രാജാക്കന്മാരൊക്കെ പിന്നിലുമായി, ഇങ്ങോട്ടെഴുന്നള്ളുന്നു. ഇതാ.

'യജ്ഞങ്ങൾ ചെയ്കി,ളയെവെല്ലുക വിക്രമത്താൽ-
ക്കോപം ത്യജിക്കു, ദയ ചെയ്യുക തൻജനത്തിൽ'
എന്നീവിധം പ്രകൃതയോഗ്യമുരച്ചു ഭംഗ്യാ
ചെയ്യുന്നു പൌരരിഹ പാത്ഥപരിഗ്രഹംതാൻ. 20

അതിനാൽ വരൂ. നമുക്കും കുരുരാജാവിനെ സംഭാവനം ചെയ്യാം.

രണ്ടുപേരും:—അങ്ങിനെതന്നെ.

എല്ലാവരും:—ജയിച്ചാലും, അങ്ങുന്നു ജയിച്ചാലും!

(പോയി)

വിഷ്കംഭം

18. സ്രുക്ക് = ഹോമപാത്രം. അരണി = തീ കടഞ്ഞുണ്ടാക്കുന്ന മരം. പുല്ല് = ദർഭ. ധൂത്ത് = ചൃത്തുകളി മുതലായത്. തിന്നു തീക്കുക എന്നതിനു ഉപമാപക്ഷത്തിൽ വിററുതിന്നുക എന്നത്ഥം.

19. ദാവാഗ്നി = കാട്ടുതീയ്യായിപ്പരിണമിച്ച യജ്ഞാഗ്നി. മഹീരുഹങ്ങൾ = മരങ്ങൾ.

20. ഇള = ഭൂമി. പ്രകൃതയോഗ്യം = പ്രകൃതത്തിന്നു തക്കമട്ടിൽ പാത്ഥപരിഗ്രഹം (പാണ്ഡവന്മാരെ സ്വീകരിക്കൽ) ചെയ്യണം എന്നു സൂചിപ്പിച്ചുകൊണ്ട് ആശീർവ്വദിക്കുന്നു എന്നു താല്പര്യം.

Digitized By Kerala Sahitya Akademi

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിക്കുന്നു.)

ദ്രോണൻ:—ദുര്യോധനൻ ധർമ്മം അനുഷ്ഠിക്കുന്നതിൻെറ ഗുണം എനിക്കുതന്നെയാണ്. എന്തുകൊണ്ടെന്നാൽ,

തൻബന്ധുമിത്രങ്ങളെയൊക്കെയും വി-
ട്ടാചാര്യനിൽച്ചെൽവതു ശിഷ്യദോഷം:
കിടാവിനെദ്ദേശികനേകിയേച്ചാ-
ല,ച്ഛന്നമമ്മക്കുമൊഴിഞ്ഞു ഭാരം. 21

ഭീഷ്മർ:—ഈ ദുര്യോധനൻ,

ധനാപഹാരാലൊരുയച്ച് നേടീ,
വൈരപ്രിയംകൊണ്ടപകീർത്തി ചാർത്തീ,
ഇപ്പോഴവൻതാനിതുമട്ട ധർമ്മം
ചെയ്തുല്ലസിക്കുന്നിതു പുണ്യവാനായ്! 22

(അനന്തരം ദുര്യോധനനും കർണ്ണനും ശകുനിയും പ്രവേശിക്കുന്നു.)

ദുര്യോധനൻ:—

ഇവൻ ശ്രദ്ധാവാനായ്; മയി ഗുരുജനം
പ്രീത;-മുലകം
സുവിശ്വസ്തം; നില്പായ് ഗുണ;-മപയശ-
സ്സസ്തമിതമായ്;
മരിച്ചേ വിണ്ണേറൂ മനുജരിതി ഭോ-
ഷ്ഷോക്തലിതു; മ-
റെറാരേടത്തല്പാ വിണ്ണു;-തു മികവൊടൊ-
ക്കന്നിതിഹതാൻ! 23

21. ദേശികന് = ഗുരുവിൻപക്കൽ.

22. ധനാപഹാരാൽ = (പാണ്ഡവന്മാരുടെ) സ്വത്തപഹരിച്ചതിനാൽ.

23. ഇവൻ = ഞാൻ. ശ്രദ്ധാവാൻ = സുകൃതശ്രദ്ധയുള്ളവൻ. മയി = എങ്കൽ. സുവിശ്വസ്തം = നന്നായി വിശ്വസിച്ചത്. നില്പായ്: നിലനില്ക്കുന്നതായി. അപയശസ്സ് = ദുഷ്കീർത്തി. ഇഹതാൻ = ഇവിടെത്തന്നെ (ഈ ലോകത്തിൽത്തന്നെ.)

Digitized By Kerala Sahitya Akademi

കർണ്ണൻ:—ഗാന്ധാരീനന്ദന, ഇവിടുന്നു ന്യായമായി സമ്പാദിച്ച ധനത്തെ ദാനംചെയ്യുന്നതു യുക്തംതന്നെയാണ്. എന്തു കൊണ്ടെന്നാൽ,

അസ്ത്രാധീനം ക്ഷത്രിയന്മാൎക്ക നേട്ടം;
പുത്രന്മാൎക്കായ് കെട്ടിവെച്ചാലബദ്ധം:
വിത്തം സർവം വിപ്രരിൽച്ചേർത്തു ഭൂപൻ
പുത്രന്മാൎക്കായ് നല്കണം വില്ലുമാത്രം. 24

ശകുനി:— ശരിയാണ്, ഗംഗാസ്പർശംകൊണ്ടു നിർമ്മലാംഗനായ അംഗരാജാവു പറഞ്ഞത്.

കർണ്ണൻ:—

ഇക്ഷ്വാകു ശര്യാതി യയാതി രാമൻ
മാന്ധാതൃനാഭാഗനൃഗാംബരീഷർ
സമ്പന്നരീ മന്നർ മരിക്കിലും, ഹാ,
ജീവിച്ചിരിക്കുന്നു മഖങ്ങളാലേ! 25

എല്ലാവരും:— ഗാന്ധാരീനന്ദന, ഭാഗ്യംകൊണ്ടു ഭവാൻ യാഗം കഴിഞ്ഞു ശോഭിക്കുന്നു.

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. ആചാര്യ, ഞാൻ വന്ദിക്കുന്നു.

ദ്രോണർ:—ഉണ്ണി, വരു, വരു. ഇതു ക്രമപ്രകാരമായില്ല.

ദുര്യോധനൻ:—എങ്ങിനെയാണ് ക്രമം?

ദ്രോണർ:—ഭവാൻ കാണുന്നില്ലേ?

നരാവതാരമാണോരീ—
ദ്ദൈവതത്തെ നമിക്കെടോ;
ഭീഷ്മരെപ്പിന്നിലിട്ടെന്നെ
വന്ദിക്കുവതയുക്തമാം. 26

24. അസ്ത്രാധീനം = അമ്പിന്നു കീഴിൽ. ക്ഷത്രിയൻ യുദ്ധംചെയ്തു സമ്പാദിക്കണമെന്നർത്ഥം.

26. അയുക്തമാം = അനുചിതമാണ്.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—അങ്ങിനെ പറയരുത്. പല സംഗതികളാലും ഞാൻ അങ്ങയ്ക്കു താഴെയാണ്. എന്തുകൊണ്ടെന്നാൽ,

ഭവാൻ സ്വയംഭ്രുവി,വനമ്മ പെററവൻ;
മമായുധം വൃത്തി; ഭവാനു മൈത്രിതാൻ;
ദ്വിജൻ ഭവാൻ, ക്ഷത്രിയർ ഞങ്ങൾ; ദേശികൻ
ഭവാനയേ, ഞങ്ങൾ മികച്ച ശിഷ്യർകൾ. 27

ദ്രോണർ;—മഹാത്മാക്കരം, തങ്ങളെ താഴ്ത്തിയേ പറകയുള്ളു വല്ലോ. ഉണ്ണി, വരു, വരു, എന്നെ വന്ദിച്ചുകൊൾക.

ദുര്യോധനൻ:—ആചാര്യ, ഞാൻ വന്ദിക്കുന്നു.

ദ്രോണർ:—ഉണ്ണി, വരു, വരു, ഇപ്രകാരംതന്നെ, * അവഭൃഥസ്നാനങ്ങളിൽ ക്ലേശമനുഭവിച്ചാലും!

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. മുത്തച്ഛ, ഞാൻ വന്ദിക്കുന്നു.

ഭീഷ്മർ:—പൌത്ര, വരു, വരു. ഇപ്രകാരംതന്നെ അങ്ങയ്ക്കു ശമമുണ്ടായി വരട്ടെ!

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. അമ്മാമ, ഞാൻ വന്ദിക്കുന്നു.

ശകുനി:—ഉണ്ണി,

ഈവിധമേ വരദക്ഷിണ—
മായെല്ലാ യാഗവും കഴിച്ചു ഭവാൻ
വെന്നു, ജരാസന്ധൻപോ—
ലെത്തിയ്ക്കുക നൃപരെ രാജസൂയത്തിൽ! 28

ദ്രോണർ:—(ആത്മഗതം) അമ്പോ, ശകുനിയുടെ ആശീർവ്വാദവും * ഉദ്യോഗജനകമായിരിക്കുന്നു. അല്ലെങ്കിൽ ഈ ക്ഷത്രിയകുമാരൻ വിരോധപ്രിയനാണല്ലോ.

27. വൃത്തി = ഉപജീവനം. മൈത്രി = പ്രാണിസ്നേഹം.
* ഇനിയും പല യജ്ഞങ്ങൾ ചെയ്യുതീർത്താലും എന്നാശയം.
28. വരദക്ഷിണം = ശ്രേഷ്ഠമായ ദക്ഷിണയോടുകൂടിയത്.
* ഉദ്യോഗജനകം = യുദ്ധോദ്യമത്തെ ഉണ്ടാക്കിത്തീർക്കുന്നത്.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—സഖേ, കർണ്ണ, ഗുരുജനവന്ദനാവസാനത്തിൽ ക്രമപ്രകാരം മിത്രവിശ്വാസം അനുഭവിച്ചാലും!

കർണ്ണൻ:—ഗാന്ധാരീനന്ദന,

ക്രുദ്ധവ്രതത്താൽക്കൃശമായിത്തവാംഗം;
സഹിയ്ക്കുകയ്ക്കെങ്കിലമത്തൽപ്പല്ലാം;
ആലോചിയാതല്ല തൊടാത്തതീ ഞാൻ:
രാജർഷിധീരോക്തിവശാൽ ഭയം മേ! 29

ദുര്യോധനൻ:—ഇങ്ങിനെതന്നെ തോന്നട്ടെ!

ദ്രോണർ:—ഉണ്ണി, ദുര്യോധന, ഇതാ, ഇന്ദ്രന്റെ പ്രിയസ്നേഹിതനായ ഭീഷ്മകൻ ഭവാനെ ഉപചരിയ്ക്കുന്നു.

ദുര്യോധനൻ:—ആര്യന്നു സ്വാഗതം! ഞാൻ വന്ദിയ്ക്കുന്നു.

ഭീഷ്മർ:—പൌത്ര, ദുര്യോധന, ഇതാ തെക്കൻദിക്കിന്റെ രക്ഷിതാവായ ഭൂരിശ്രവസ്സ ഭവാനെ ഉപചരിയ്ക്കുന്നു.

ദുര്യോധനൻ:—ആര്യന്നു സ്വാഗതം!

ദ്രോണർ:—ഉണ്ണി, ദുര്യോധന, ഭവാന്റെ യജ്ഞംകൊണ്ടാടാനായി ശ്രീകൃഷ്ണൻ അയച്ചിട്ടുള്ള അഭിമന്യു അങ്ങയെ ഉപചരിയ്ക്കുന്നു.

ശകുനി:—ഉണ്ണി, ദുര്യോധന, ഇതാ ജരാസന്ധപുത്രനായ സഹദേവൻ അങ്ങയെ വന്ദിയ്ക്കുന്നു.

ദുര്യോധനൻ:—വരു, വരു, ഉണ്ണി, അച്ഛനെപ്പോലെ പരാക്രമിയായ്ബ്ഭവിച്ചാലും!

എല്ലാവരും:—ഇതാ, എല്ലാ രാജാക്കന്മാരും അങ്ങയെ ഉപചരിയ്ക്കുന്നു.

ദുര്യോധനൻ:—ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു. എയ്, എല്ലാ രാജാക്കന്മാരും വന്ന കൂട്ടത്തിൽ വിരാടൻ വരാഞ്ഞതെന്താണ്?

ശകുനി:—അദ്ദേഹത്തിനും ഞാൻ ആളെ അയച്ചിരുന്നു. വഴിയ്ക്കു താമസിച്ചുപോയതാണെന്നു തോന്നുന്നു.

ദുര്യോധനൻ:— അല്ലയോ ആചാര്യ, ധർമ്മത്തിലും ധനുസ്സിലും ആചാര്യദക്ഷിണ സ്വീകരിയ്ക്കുക.

ദ്രോണർ:—ദക്ഷിണയോ! വരട്ടെ, വരട്ടെ! ഞാൻ ഭവാനോട് അപേക്ഷിച്ചുകൊള്ളാം.

29. രാജർഷിധീരോക്തി = രാജർഷിമാർക്കൊത്ത ധീരവാക്യം.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—ആചാര്യനും അപേക്ഷിയ്ക്കുകയോ?

ഭീഷ്മർ:—എന്താണ് പ്രയോജനം?

സേവിച്ചു ബാല്യദശയിങ്കൽ മുറയ്ക്കു സോമം;
വാഴ്‌വു കുടത്തണലിലു:ണ്ടു തുലോം യശസ്സും;
ഇല്ലായ്മ രാജഗുരുവാകിയ വിപ്രനേതി–
ലാ, വസ്തുവെന്ത്?ഫലമെന്ത്? മഹത്വമെന്തോ? 30

ദുര്യോധനൻ:—ഭവാൻ കല്പിച്ചാലും! എന്താണിഷ്ടം?

ദ്രോണർ:—ഉണ്ണി, ദുര്യോധന, ഞാൻ പറയാം.

ദുര്യോധനൻ:—എന്താണ് ഇനിയും അങ്ങ് ആലോചിയ്ക്കുന്നത്?

ഭവാനാൽത്താൻ സംശിക്ഷിതനയിരിനെ–
ക്കാലം പ്രിയനമാ–
ണിവൻ, ശ്ശൂരന്മാരിൽ സ്ഥിതിയുടയവൻ,
സാഹസകരൻ;
ശരിയ്ക്കെന്തൊന്നിഷ്ടം? പറയുകി,വനെ–
ന്തേകണ?-മെനി–
യ്ക്കിരിയ്ക്കുന്നു കയ്യിൽഗ്ഗുദയിതി,വിടെ–
യ്ക്കോ സകലവും! 31

ദ്രോണർ:—ഉണ്ണി, ഞാൻ പറയാം; എനിയ്ക്കു കണ്ണീർകൊണ്ടു തൊണ്ടയിടറുന്നു.

എല്ലാവരും:—ആചാര്യനും കണ്ണീർ വാക്കുകയോ?

ഭീഷ്മർ:— പൌത്ര, ദുര്യോധന, വെറുതെയാണ്, അങ്ങയുടെ ശ്രമം!

ദുര്യോധനൻ:—ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

30. സോമം = സോമം എന്ന യജ്ഞലതയുടെ നീർ. കുടത്തണലിൽ = വെൺകൊററക്കുടയ്ക്കു കീഴിൽ. ഇല്ലായ്മ. = ദാരിദ്ര്യം. രാജഗുരുവായ ദ്രോണക്ക് ഇനിയൊന്നും ലഭിയ്ക്കേണ്ടതായിട്ടില്ലെന്നു സാരം.

31. സംശിക്ഷിതൻ = പഠിപ്പിയ്ക്കപ്പെട്ടവൻ. സാഹസകരൻ = സാഹസം [വിക്രമം] ചെയ്യുന്നവൻ.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:— മഹാരാജാവിന്റെ കല്പനപോലെ, (പോയി പ്രവേശിച്ചിട്ട്) മഹാരാജാവു ജയിച്ചാലും! ഇതാ തണ്ണീർ.

ദുര്യോധനൻ:—കൊണ്ടുവരു. (ജലപാത്രം വാങ്ങിയിട്ട്) ആചാര്യ, മുഖം കഴുകുക.

ദ്രോണർ:—വരട്ടെ, എന്റെ കാര്യംചെയ്യൽതന്നെ മുഖോദകമായിത്തീരട്ടെ!

ദുര്യോധനൻ:—ഹാ, കഷ്ടം!

മമ മുൻകളവോത്തിടുന്നുവെങ്കിൽ-
ത്തരികില്ലെന്നുമുറച്ചിടുന്നുവെങ്കിൽ,
ശരജാലകഠോരമായ കൈ ത-
ന്നരുളൂ; വെള്ളമിതാ, പ്രതിഗ്രഹാർത്ഥം! 32

ദ്രോണർ:—കൊള്ളാം, എനിക്കു വിശ്വാസമായി. ഉണ്ണി കേൾക്കുക:

ആലംബമില്ലാത്തെവർതന്നുദന്ത-
മറിഞ്ഞതില്ലാണ്ടുകൾ പന്തിരണ്ടാൽ;
അപ്പാണ്ഡവന്മാർക്കിഹ പങ്കു നല്ക-
കണ്ടുന്നി;—തേ ദക്ഷിണ, ഭിക്ഷയും മേ. 33

ശകുനി:—(ഉദ്വേഗത്തോടുകൂടി) ഹേ, അരുത്.

ഗുരുവാണെന്ന വിശ്വാസാ-
ലുറച്ചോതിയ ശിഷ്യനിൽ,
യജ്ഞമാം വഴിവെച്ചിട്ടീ-
ധർമ്മവഞ്ചന യുക്തമോ? 34

32. ശരജാലകഠോരം = അസംഖ്യം ശരങ്ങൾ ഉപയോഗിച്ചു തഴമ്പിച്ചത്. പ്രതിഗ്രഹാർത്ഥം = ദാനത്തിന്നായി.

33. ആലംബം = ആശ്രയം. പങ്ക് = രാജ്യഭാഗം. ഭിക്ഷ = അപേക്ഷിച്ചുവാങ്ങുന്നത്.

34. ധർമ്മവഞ്ചന = ധർമ്മത്തിന്റെ പേരിൽ ചെയ്യുന്ന ചതി.

25

Digitized By Kerala Sahitya Akademi

ദ്രോണർ:—എന്ത്, ധർമ്മവഞ്ചനയോ? അല്ലയോ ഗാന്ധാരരാജ്യം നേടി ഗർവിയ്ക്കുന്ന ശകുനി, അങ്ങ് അങ്ങയുടെ ദുഷ്ടത കൊണ്ട് എല്ലാ ലോകവും ദുഷ്ടമാണെന്നു വിചാരിയ്ക്കുന്നു. ഹാ കഷ്ടം!

ഭ്രാതാക്കൾക്കു കൊടുക്കുക
പൈതൃകനാടെന്നതാണു വഞ്ചനപോൽ!
യാചനയാലേകുകയോ
നല്ല,തവർ ബലേന കൈക്കലാക്കുകയോ? 35

എല്ലാവരും:—എന്ത്, ബലാൽക്കാരേണയോ?

ഭീഷ്മർ:—പൌത്ര, ദുര്യോധന, ഇപ്പോൾ, അവഷ്ടംഭസ്ഥാനം മാത്രമാണുള്ളത്. * മിത്രഭാവത്തിൽ പറയുന്ന ശത്രുവായ ശകുനിയുടെ വാക്കു കേൾക്കേണ്ടതില്ല. നോക്കു, പൌത്ര,

പൃഥാതനയന്മാഴിയിൽ
ദ്രുപദരാജസൽപുത്രിയൊ-
ത്തു,രത്ത വിപിനത്തിലെ-
പ്പൊടിയുമേറ്റു ചുററുന്നതും,
നിനക്കവരിലപ്രിയം,
ത്വയി വെറുപ്പവർക്കും ചിരാൽ
ജനിച്ചതു—മിതൊക്കവേ
ശകുനിതൻ കൊടുംദുർമ്മദം! 36

ദുര്യോധനൻ:—ആകട്ടെ; ആചാര്യ, ഞാനൊന്നു ചോദിയ്ക്കുന്നു.

ദ്രോണർ:—ഉണ്ണി, ചോദിച്ചുകൊൾക.

ദുര്യോധനൻ:—

പണ്ടവമാനിച്ചില്ലേ
രാജ്യം വെപ്പിച്ചു സഭയിൽവെച്ചവരെ!

35. പൈതൃകം = അച്ഛന്റേത്.

* ശകുനിയോടാലോചിയ്ക്കേണ്ട രാജ്യകാര്യമില്ല എന്നർത്ഥം.

36. പൃഥാ = കുന്തി. ത്വയി = നിങ്കൽ. ചിരാൽ = വളരെക്കാലമായി.

Digitized By Kerala Sahitya Akademi

അന്നാളരിശമടക്കിയ-
തെന്തു, ബലാൽക്കാരകുശലരാകുമവർ? 37

ദ്രോണർ:—ചൂതുകളിയിൽ ധർമ്മവ്യാജത്താൽ വഞ്ചിയ്ക്കപ്പെട്ട യുധിഷ്ഠിരനോടാണ് ഇതു ചോദിയ്ക്കേണ്ടത്.

അതുപൊഴുതവനല്ലയോ, സഭത്തൂ-
ണളവുകരം നോക്കിന ഭീമനെത്തടുത്തു;
ഒരുവിധമതിലൊന്നിൽ വിട്ടുവെങ്കിൽ-
ശ്ശകുനി പഴിയ്ക്കുകയില്ല നമ്മെയിപ്പോഠം! 38

ഭീഷ്മർ:—ഒന്നു തുടങ്ങി, മറ്റൊന്നായിത്തീന്നു; ആചാൎയ്യ, ഇതിൽ കാൎയ്യമാണ് പ്രധാനം, കലഹമല്ല.

ദ്രോണർ:—ഇരക്കാൻ കഴിയില്ല. കലഹം തന്നെയാവട്ടെ.

ഭീഷ്മർ:— ആചാൎയ്യൻ പ്രസാദിച്ചാലും! നോക്കു, പൌത്ര,

പാവങ്ങഠം, ദുർബ്ബലർ, നിരാശ്രയർ, തേടിടുന്നു
നിന്നോടിണക്കമെവർ, മേനി നടിപ്പതില്ല;
നീ മീതെ; നിങ്കലവർ വത്സലർ, നീ ഗൃഹത്തിൽ—
ക്കൈക്കൊഠംകയോ? മൃഗവുമൊത്തവർ വാഴ്കതാനോ? 39

ശകുനി:—വാഴട്ടെ, വാഴട്ടെ!

കൎണ്ണൻ:—ആചാൎയ്യ, ശുണ്ഠിയെടുക്കരുത്. ദുൎയ്യോധനനാകട്ടേ,

ഏറ്റനം ചേൎന്ന ഹിതത്തെയും പരുഷമായ്—
ച്ചൊന്നാൽച്ചൊടിയ്ക്കും; മഹൽ—
സ്ഥാനംപൂണ്ട ജനങ്ങഠം തൻ മികവുപ—
ശ്ലാഘിപ്പതിഷ്ടപ്പെടാ;

37. ബലാൽക്കാരകുശലർ = ബലം പ്രയോഗിപ്പാൻ ത്രാണിയുള്ളവർ.

38. 'സഭ...ക്കിന' = സഭയിലെ തൂണുകളുടെ വലുപ്പം കണ്ണുകൊണ്ടു കണക്കാക്കുന്ന. 'ഈ തൂണോ ഇവരെ തല്ലിക്കൊല്ലാൻ പറിച്ചെടുക്കേണ്ടു' എന്ന് ആലോചിയ്ക്കുന്നു എന്നു ഭാവം.

39. മീതെ—പാലനാധികാരി. മൃഗം = മാൻകൾ [ജാത്യേകവചനം.]

Digitized By Kerala Sahitya Akademi

നൂനം പോരുമിതൊക്കെ; നേടുക ഭവാൻ
ശിഷ്യന്റെ കാര്യം ശരി-
യ്യാ! —നയ്യോപ്പമനർത്ഥവർഷിയെ മയ-
ത്താൽത്താൻ വശത്താക്കണം. 40

ദ്രോണർ:—ഉണ്ണി, കണ്ണു, തേജസ്സേറിയതാണ് ബ്രാഹ്മണ്യം. ഭവാൻ വേണ്ട സമയത്ത് എന്നെ ഓർമ്മപ്പെടുത്തി. ഇതാ, ഞാൻ അങ്ങയുടെ അഭിപ്രായത്തെ അനുവർത്തിയ്ക്കാം. ഉണ്ണി ദുര്യോധന, ഞാൻ അങ്ങയുടെ നേതാവല്ലയോ?

ഭീഷ്മർ:—(ആത്മഗതം) ഇദ്ദേഹം ഇപ്പോഴാം നേർവഴിയ്ക്കായി. സാമമാണല്ലോ, ദുർവിനീതന്മാർക്ക് ഔഷധം.

ദുര്യോധനൻ:—എനിയ്ക്കുമാത്രമല്ല, എന്റെ വംശത്തിനും സ്വാമിയാണ് ഇവിടുന്ന്.

ദ്രോണർ:—ഇതു ഭവാനു യുക്തം തന്നെ. അതിനാൽ, ഉണ്ണി,

വഞ്ചിച്ചുനിന്നെയിവനെങ്കിൽ നിനക്കു തെററി-
ല്ല;-ല്ലൽപ്പെടുത്തുകില,തും തവ ലാഭമത്രേ;
സദ്വംശ്യർതമ്മുടെ പരസ്പരമത്സരങ്ങൾ
ധർമ്മാധികാരവചനത്തിൽ നികക്കുമല്ലോ. 41

ദുര്യോധനൻ:—എന്നാൽ ഞാൻ ആലോചിയ്ക്കട്ടെ.

ദ്രോണർ;—ഉണ്ണി, ആരോടുകൂടിയാണ് ആലോചിയ്ക്കുന്നത്?

ഭീഷ്മരൊടോ? കർണ്ണനൊടോ?
കൃപരോടോ? വത്സ, സിന്ധുരാജനൊടോ?
ദ്രൗണിയൊടോ? വിദുരരൊടോ?
പറകാരോട,ച്ഛനമ്മമാരോടോ? 42

40. മഹൽസ്ഥാനം പൂണ്ട = മഹാന്മാരായ. അനർത്ഥവർഷിയെ—ഇടഞ്ഞാൽ ആപത്തുകളുണ്ടാക്കുന്നവനെ.

41. സദ്വംശ്യർതങ്ങടെ = കുലീനന്മാരുടെ. ധർമ്മാധികാരവചനം = ധർമ്മോപദേഷ്ടാക്കളുടെ അനുശാസനം.

42. സിന്ധുരാജൻ = ജയദ്രഥൻ. ദ്രൗണി = അശ്വത്ഥാമാവ്.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—അല്ലല്ലാ, അമ്മാമനോട്.

ദ്രോണർ:—ശകുനിയോടോ? (ആത്മഗതം) കാര്യമൊക്കെത്തകരാറിലായി!

ദുര്യോധനൻ:—അമ്മാമ, ഇവിടുത്തോളം, സഖേ, കർണ്ണ, ഇവിടുത്തോളം.

ദ്രോണർ:—(ആത്മഗതം) ആട്ടെ, ഇങ്ങിനെ ചെയ്യാം. (പ്രകാശം) ഉണ്ണി, ഗാന്ധാരരാജ, ഇവിടുത്തോളം.

ശകുനി:—ഞാൻ ഇതാ.

ദ്രോണർ:—ഉണ്ണി,

ശുണ്ഠിക്കൂടും വയസ്സായാൽ;
ക്ഷന്തവ്യം വിപ്രചാപലം;
ഏവം കയർത്തോതിയതി-
ന്നാശ്ലേഷംതാൻ പ്രതിക്രിയ! 43

ഭീഷ്മർ:—(ആത്മഗതം)

ഗുരുനാഥനിതാ, ശിഷ്യ-
സ്നേഹത്താൽശ്ശകുനിയോടിരക്കുന്നു;
ഇങ്ങിനെ സാന്ത്വം ചൊല്ലീലു-
മിയ്യാറം വെടിയുന്നതില്ല കുടിലതയെ. 44

ശകുനി:—(ആത്മഗതം) അമ്പോ, സൂത്രക്കാരനായ ആചാര്യൻ തൻകാര്യത്തിന്നായി എന്റെ അടുക്കൽ സേവകൂടുകയാണ്.

(എല്ലാവരും ചുററിനടന്ന് ഇരിയ്ക്കുന്നു.)

ദുര്യോധനൻ:—അമ്മാമ, പാണ്ഡവന്മാരുടെ പാതിരാജ്യത്തെപ്പററി എന്താണ്, തീർച്ച?

ശകുനി:—കൊടുത്തുകൂടാ എന്നാണ്, എന്റെ തീർച്ച.

ദുര്യോധനൻ:—കൊടുക്കാമെന്നു പറയണം അമ്മാമൻ.

43. ആശ്ലേഷം = ആലിംഗനം.

44. സാന്ത്വം = അനുനയം.

Digitized By Kerala Sahitya Akademi

ശകുനി:—രാജ്യം കൊടുത്തേ കഴിയു എങ്കിൽ, എന്തിനാണ്, ഞങ്ങളോടാലോചിയ്ക്കുന്നത്? കൈ കൊടുത്തേയ്ക്കു!

ദുര്യോധനൻ:— സഖേ, കർണ്ണ, അങ്ങെന്തു പറയുന്നു?

കർണ്ണൻ:—ഞാനിപ്പോഠം എന്തു പറയാനാണ്?

രാമൻ ശരിയ്ക്കനുഭവിച്ചു ഭരിച്ചുപോന്ന
സൌഭ്രാത്രലക്ഷ്മിയെ മറുത്തുംചെയ്യിടാ ഞാൻ;
അങ്ങേ, ഹിതാഹിതവിചാരണയിൽ പ്രമാണം
സംഗ്രാമവേളകളിലുററ തുണയ്ക്കു ഞങ്ങൾ! 45

ദുര്യോധനൻ:—മാതുല, ബലവാന്മാരായ ശത്രുക്കളെല്ലാം ഇരുന്നു പൊറുപ്പാൻ കൊള്ളാത്തതുമായ ഒരു പ്രദേശം ആലോചിയ്ക്കു; അവിടെ പാർത്തുകൊള്ളട്ടെ, പാണ്ഡവന്മാർ!

ശകുനി:— അയ്യോ, കഷ്ടം,

ഇല്ലെന്നേപറയാ;-മേവൻ
പാർത്ഥനേക്കാൾ ബലോത്തരൻ?
ധർമ്മജൻ വാഴകിൽ,സ്സസ്യ-
മുളവാമുവർമണ്ണിലും! 46

ദുര്യോധനൻ:—എന്നാലിപ്പോൾ,

ഗുരുവിനുടെ കരത്തിൽ-
ത്തോയമേകീലയോ ഞാ-
നി;-ഹ മഹിയിലിതല്ലോ
മുഖ്യമായ് വൃദ്ധർ ചൊല്വൂ;
പരമിതു ചതിയോ, ദു-
ർന്നീതിയോ, ഏതുമാട്ടേ:
നൃപ, ജലമതു പാഴാ-
ക്കായ്‌വതിന്നോർത്തിടുന്നേൻ. 47

45. രാമൻ = ദാശരഥി. സൌഭ്രാത്രലക്ഷ്മി = സഹോദരസ്നേഹസമ്പത്ത്. സംഗ്രാമവേളകൾ = യുദ്ധാവസരങ്ങൾ.

46. ബലോത്തമൻ = ബലത്തിൽ മികച്ചവൻ.

47. തോയം = ജലം. ദുർന്നീതി = അപനയം.

Digitized By Kerala Sahitya Akademi

ശകുനി:—അങ്ങയുടെ വാക്ക് അസത്യമാകാഞ്ഞാൽ പോരേ?

ദുര്യോധനൻ:—മതി.

ശകുനി:—എന്നാൽ ഇങ്ങോട്ടുവരു. [അടുത്ത് ചെന്നിട്ട്] അല്ലേ, ആചാര്യ, ഇതാ, അത്രഭവാൻ കുരുരാജാവ് അങ്ങയോടറിയിയ്ക്കുന്നു.

ദ്രോണർ:—വത്സ, ഗാന്ധാരരാജ, പറയൂ.

ശകുനി:—* പഞ്ചരാത്രംകൊണ്ടു പാണ്ഡവന്മാരുടെ വർത്തമാനം വരുത്താമെങ്കിൽ, പകുതി രാജ്യം കൊടുക്കാമത്രേ; ഇവിടുന്നു വരുത്തിക്കൊൾക.

ദ്രോണർ:—ഹാ, വേണ്ട:

കള്ളപ്പണിയ്ക്കുന്നിയ നിങ്ങൾ പന്തിര–
ണ്ടാണ്ടാലെ കാണാത്തവരായ കൂട്ടരെ
എത്തിയ്ക്കണംപോലിരവഞ്ചുകൊണ്ടു ഞാൻ;
ഭേദം തരില്ലെന്നു തുറന്നുചൊല്ലതാൻ! 48

ഭീഷ്മർ:—പൌത്ര, ദുര്യോധന, വ്യാജമില്ലാത്തതാണ് ധർമ്മം. നമുക്കും ഇക്കാര്യത്തിൽ പ്രീതിയാണുള്ളത്. നോക്കു, പൌത്ര,

ആപ്പാണ്ഡവക്കേകുകൊ,രാണ്ടിടയ്ക്കോ
നൂററാണ്ടിടയ്ക്കോ ശരിയായ ഭാഗം;
അങ്ങേററതൊപ്പിയ്ക്കുക വീര: സത്യ–
പ്രതിജ്ഞരല്ലോ കുരുവംശ്യരെന്നും. 49

ദുര്യോധനൻ:—ഇങ്ങിനെതന്നെയാണ് എൻെറ നിശ്ചയം.

ദ്രോണർ:—[ആത്മഗതം]

പോയ സീതയെ,യാരാഴി
പിന്നിട്ടിട്ടറിയിച്ചിതോ,
ഇപ്പൊഴാ ഹനുമാനാകാൻ
കൊതി മേ കാര്യതൃഷ്ണയാൽ! 50

* പഞ്ചരാത്രംകൊണ്ട് = അഞ്ചു രാത്രി കഴിയുംമുമ്പിൽ.

50. കാര്യതൃഷ്ണ = കാര്യസിദ്ധിയ്ക്കുള്ള അതിയായ ആഗ്രഹം.

Digitized By Kerala Sahitya Akademi

എവിടെനിന്നാണ് പാണ്ഡവന്മാരുടെ വർത്തമാനം വരുത്തേണ്ടത്?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവ് ജയിച്ചാലും! വിരാടനഗരത്തിൽനിന്നു ദൂതൻ വന്നിരിക്കുന്നു.

എല്ലാവരും:—വേഗം കൂട്ടിക്കൊണ്ടു വരൂ.

ഭടൻ:—കല്പനപോലെ. (പോയി)

ദൂതൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

എല്ലാവരും:—വിരാടരാജാവു വന്നിട്ടുണ്ടോ?

ദൂതൻ:—വ്യസനം നിമിത്തമാണ് എഴുന്നള്ളാഞ്ഞത്.

എല്ലാവരും:—എന്താണ്, അദ്ദേഹത്തിന്നു വ്യസനം?

ദൂതൻ:—മഹാരാജാവു കേട്ടാലും: അവിടുത്തെ അടുത്ത ചാർച്ചക്കാരായ കീചകന്മാരെ നൂറുപേരേയും

ആരോ കൊന്നീടിനാൻ രാവി—
ലൊളിവായ്ക്കൈകൾകൊണ്ടു താൻ;
അനായുധക്കൊലയിതെ—
ന്നറിയാം മെയ്കൾ നോക്കിയാൽ! 51

ഭീഷ്മർ:—എന്ത്, ആയുധം കൂടാതെയോ? (സ്വകാര്യം) അല്ലേ ആചാര്യ, പഞ്ചരാത്രം സ്വീകരിക്കാം.

ദ്രോണർ:—(സ്വകാര്യം) എന്തുകൊണ്ട്?

ഭീഷ്മർ:—(സ്വകാര്യം)

തീർച്ചപ്പെട്ടതാമിതു കൈമിടുക്ക
തികഞ്ഞ ഭീമന്റെ വിനോദഭേദം!
ഈ നൂറു സോദര്യരിലുള്ള രോഷ—
മാ നൂറുപേരിൽസ്സഫലീകരിച്ചു! 52

ദ്രോണർ:—(സ്വകാര്യം) ഭവാനെങ്ങിനെ അറിഞ്ഞു?

51. അനായുധക്കൊല = ആയുധംകൂടാത്ത വധം.

52. സോദര്യർ = സഹോദരർ.

Digitized By Kerala Sahitya Akademi

ഭീഷ്മർ:— (സ്വകാര്യം)

വിദേൻ, കരയിൽവാലാട്ടി-
ക്കൂത്താട്ടം കൊച്ചുകാളകൾ
കൊമ്പാൽക്ഷതിയതിൻ പാട്ട
വൻകാളയറിയില്ലയോ? 53

ദ്രോണർ:—(സ്വകാര്യം) വൻകാള എന്നോ? ഹാ കാര്യം സാധിച്ചു. (പ്രകാശം) ഉണ്ണി, ദുര്യോധന, പഞ്ചരാത്രമാവട്ടെ.

ദുര്യോധനൻ:—അതെ, പഞ്ചരാത്രമാവട്ടെ.

ദ്രോണർ:—ഹേ ഹേ, യാഗത്തിന്നായി വന്ന രാജാക്കന്മാരേ, നിങ്ങൾ കേൾക്കുവിൻ. കേൾക്കുവിൻ; ഇതാ, അത്രഭവാൻ കുരുരാജാവു ദുര്യോധനൻ—പോരാ, പോരാ, അമ്മാമനോട്ട യോജിച്ചു—പാണ്ഡവന്മാരുടെ വർത്തമാനം എത്തിച്ചാൽ പകുതി രാജ്യം കൊടുക്കാമത്രേ. അല്ലേ ഉണ്ണി?

ദുര്യോധനൻ:—അതേ.

ദ്രോണർ: ഇതു രണ്ടു മൂന്നു വട്ടം ഉറപ്പിച്ചു പറയൂ.

ശകുനി:—വേണ്ടപ്പോൾ പറഞ്ഞുകൊള്ളാം.

ദ്രോണർ:—അല്ലേ ഗാംഗേയ?

ഭീഷ്മർ:—(ആത്മഗതം)

ആചാര്യന്റെ പരിതോഷം
ധൈര്യത്തെത്തള്ളി വെളിയിലെത്തുന്നു:
ദുര്യോധനനിൽച്ചതിയാ-
ലിദ്ദേഹത്തിന്നു ചതി പററാം! 54

(പ്രകാശം) പൌത്ര, ദുര്യോധന, എനിയ്ക്കു വിരാടന്റെ പേരിൽ ഗൂഢവൈരമുണ്ടു്; ഇപ്പോൾ അങ്ങയുടെ യാഗത്തിന്നു വന്നില്ലെന്നുമായി. അതിനാൽ, അയാളുടെ പശുക്കളെ പിടിച്ചടക്കണം.

54. ദുര്യോധനനിൽച്ചതിയാൽ = ദുര്യോധനനിൽ ചതി പ്രയോഗിയ്ക്കയാൽ.



Digitized By Kerala Sahitya Akademi

ദ്രോണർ:— (സ്വകാര്യം) ഗാംഗേയ, എന്റെ പ്രിയശിഷ്യനാണല്ലോ വിരാടരാജാവ്. എന്തിനാണ് അദ്ദേഹത്തിന്റെ പൈക്കളെ പിടിച്ചടക്കുന്നത്?

ഭീഷ്മർ:— (സ്വകാര്യം) ശുദ്ധബ്രാഹ്മണ,

അരികേ രഥശബ്ദമേററണഞ്ഞാ–
ലരിശംകൊള്ളുവതാണു പാണ്ഡവന്മാർ:
അവർ നന്ദിയെഴുന്ന കൂട്ടരല്ലേ!
തവ കാര്യസ്ഥിതി ഗോഗ്രഹത്തിലത്രേ. 55

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! പട്ടണപ്രവേശത്തിനു തേരുകൾ തെയ്യാറായിരിക്കുന്നു.

ദുര്യോധനൻ:—

ചെയ്യാമീത്തേർകളിൽത്തന്നേ
തൽഗോഗ്രഹണമഞ്ജസാ;
വീണ്ടുമെൻകയ്യിലെത്തട്ടേ,
യജ്ഞത്താൽ സ്വസ്ഥയാം ഗദ. 56

ദ്രോണർ:—

എന്നാൽ കൊണ്ടുവരട്ടെ ഭൃത്യർ മമ തേർ,

ശകുനി:—

എത്തിക്കുകെന്നാനയെ;–

കർണ്ണൻ:

ല്പാരം പോരിനു പോരുമശ്വവരരാൽ–
ത്തേർ പൂട്ടിനിർത്തീടുവിൻ!

ഭീഷ്മർ:—

ബദ്ധപ്പാടിവനാ വിരാടപുരിയിൽ–
ച്ചെല്ലാൻ; തത്ര വില്ലുടൻ;

55. ഗോഗ്രഹം = പശുക്കളെ പിടിച്ചടക്കൽ.

Digitized By Kerala Sahitya Akademi

എല്ലാവരും:—

ചാപം വിട്ടിഹതാൻ വസിയ്ക്കുക ഭവാ–
നീ;ഞങ്ങളാജ്ഞാകരർ. 57

ദ്രോണർ:— ഉണ്ണി, ദുര്യോധന, ഞങ്ങൾക്കു യുദ്ധത്തിൽ അങ്ങയുടെ പരാക്രമം കണ്ടാൽക്കൊള്ളാമെന്നുണ്ട്.

ദുര്യോധനൻ:— ഇവിടത്തെ ഇഷ്ടംപോലെ.

ദ്രോണർ:— ഉണ്ണി, ഗാന്ധാരരാജ, ഈ ഗോഗ്രഹണത്തിൽ ഒന്നാമത്തെത്തേര് അങ്ങയുടെയാണ്.

ശകുനി:— അങ്ങിനെതന്നെ; ഉത്തമപക്ഷം.

(എല്ലാവരും പോയി)

57. പോതം = ത്രാണിയുള്ള. ആജ്ഞാകരർ = ഭൃത്യർ.

Digitized By Kerala Sahitya Akademi

# രണ്ടാമങ്കം

(അനന്തരം ഒരു വൃദ്ധഗോപൻ പ്രവേശിക്കുന്നു.)

വൃദ്ധഗോപൻ: എന്റെ പൈക്കൾക്കു നല്ല കിടാങ്ങളുണ്ടാകട്ടെ! ഇടയപ്പെണ്ണുങ്ങൾ സുമംഗലികളായിത്തീരട്ടെ! ഞങ്ങളുടെ തമ്പുരാൻ വിരാടൻ ഏകച്ഛത്രാധിപതിയായിവരട്ടെ! വിരാടമഹാരാജാവിന്ന്, ആട്ടത്തിരുനാളിൽ പതിവുള്ള പശുദ്ദാനത്തിന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ തെയ്യാറാക്കി. പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷവും ധരിച്ചുകഴിഞ്ഞു. ഞാൻ ചെന്ന് ഇവക്കു് മൂപ്പനായി നില്ക്കാം. എന്താണ്, ഈ കാക്ക ഉണങ്ങിയ മരത്തിന്മേലിരുന്ന്, ഉണക്കക്കൊമ്പിന്മേൽ കൊക്കുരസി, സൂര്യനു നേരേനോക്കി വികൃതസ്വരത്തിൽ കുറുകുന്നത്? ശാന്തി ഭവിക്കട്ടെ! ഞങ്ങൾക്കും പൈക്കൾക്കും ശാന്തി ഭവിക്കട്ടെ! ഇവരിൽ മൂപ്പനായി നിന്നു പെൺകിടാങ്ങളോടും ആൺകിടാങ്ങളോടും വിളിച്ചുപറയാം: ഗോമിത്രക, ഗോമിത്രക!

ഗോമിത്രകൻ:—(പ്രവേശിച്ച്) അമ്മാവ, ഞാൻ വന്ദിക്കുന്നു.

വൃദ്ധഗോപൻ:—ശാന്തിഭവിക്കട്ടെ! നമുക്കും പൈക്കൾക്കും ശാന്തിഭവിക്കട്ടെ! എടാ, ഗോമിത്രക, വിരാടമഹാരാജാവിന്ന് ആട്ടത്തിരുനാളിൽ പതിവുള്ള പശുദ്ദാനത്തിന്ന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ തയ്യാറാക്കി. പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷംധരിച്ചുകഴിഞ്ഞു. എടാ, ഗോമിത്രക, പെൺകിടാങ്ങളേയും ആൺകിടാങ്ങളേയും വിളിക്കുക.

ഗോമിത്രകൻ;—അമ്മാവന്റെ കല്പനപോലെ. ഗോരക്ഷിണികേ, ഘൃതപിണ്ഡ, സ്വാമിനി, വൃഷഭദത്ത, കുംഭദത്ത, മഹിഷദത്ത, വരുവിൻ വേഗം വരുവിൻ.

(എല്ലാവരും പ്രവേശിക്കുന്നു.)

Digitized By Kerala Sahitya Akademi

എല്ലാവരും:—അമ്മാവ, വന്ദനം!

വൃദ്ധഗോപൻ:—ശാന്തി ഭവിയ്ക്കട്ടെ, നമുക്കും പൈക്കൾക്കും ഇടയപ്പെൺകിടാങ്ങൾക്കും ആൺകിടാങ്ങൾക്കും ശാന്തി ഭവിയ്ക്കട്ടെ: വിരാടരാജാവിന്ന് ആട്ടത്തിരുനാളിൽ പതിവുള്ള പശുദാനത്തിന്ന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പശുക്കളെ ഒരുക്കിയിരിയ്ക്കുന്നു. കുറേനേരം നമുക്കു പാടുകയും ആടുകയും ചെയ്യാം.

എല്ലാവരും:—അമ്മാവന്റെ കല്പനപോലെ.

(എല്ലാവരും ആടുന്നു)

വൃദ്ധഗോപൻ:—ഭേഷ്, ഭേഷ്! അസ്സലാട്ടം, അസ്സൽപ്പാട്ട്. ഞാനും ആടാം.

എല്ലാവരും:—അയ്യോ, അമ്മാവ, അതികേമമായി പൊടി പൊങ്ങുന്നു!

വൃദ്ധഗോപൻ:—പൊടി മാത്രമല്ലാ, ശംഖിന്റേയും പെരുമ്പറയുടേയും ശബ്ദവും പൊങ്ങുന്നുണ്ട്.

എല്ലാവരും:—അയ്യോ, അമ്മാവ, പകൽച്ചന്ദ്രന്റെ നിലാവ് പോലെ വിളർത്ത പൊടികൊണ്ടു മൂടിയ സൂര്യൻ ഉണ്ടോ ഇല്ലയോ എന്നായല്ലോ!

ഗോമിത്രകൻ:— അയ്യോ, അമ്മാവ, ഇതാ കുറെ കള്ളന്മാർ തയിർക്കട്ടപോലെ വെളുത്ത കുടകളുമായി, കുതിരവണ്ടിയിൽ കേറി, തൊഴുത്തുകൾക്കു നേരെ പാഞ്ഞുവരുന്നു.

വൃദ്ധഗോപൻ:— അയ്യയ്യോ. അമ്പുകളും വന്നു വീഴുന്നു! ആൺകുട്ടികളേ, പെൺകുഞ്ഞുങ്ങളേ, വേഗം കുടിലിൽ കടന്നോളിൻ.

എല്ലാവരും:— അമ്മാവന്റെ കല്പനപോലെ.

(പോയി)

വൃദ്ധഗോപൻ:— ഹാ, ഹാ, നില്പിൻ, നില്പിൻ! അടിപ്പിൻ, അടിപ്പിൻ, പിടിപ്പിൻ, പിടിപ്പിൻ! നമുക്ക് ഈ വിവരം വിരാടമഹാരാജാവിനെ ഉണർത്തിയ്ക്കാം.

(പോയി)

പ്രവേശകം.

Digitized By Kerala Sahitya Akademi

(അനന്തരം ഒരു ഭടൻ പ്രവേശിക്കുന്നു.)

ഭടൻ:— ഹേ, ഹേ, വിരാടമഹാരാജാവിനെ ഉണർത്തിപ്പിൻ, ഉണർത്തിപ്പിൻ, ഇതാ, ധാർത്തരാഷ്ട്രന്മാർ കള്ളന്മാരെപ്പോലെ ഒളിച്ചുവന്നു പൈക്കളെ കട്ടു കൊണ്ടുപോകുന്നു. അവിടെയാകട്ടെ;

കിടാങ്ങൾ പാഞ്ഞും, പശുപംക്തി മാഴ്കിയും,
വൃഷങ്ങൾ പേടിച്ചു പകച്ചു നോക്കിയും,
മുഴക്കമാർന്നസ്വരമൊത്തു മുററുമേ
കുഴക്കമൊന്നാകുലമായി ഗോകുലം. 1

എന്നു്

(അണിയറയിൽ)

ധാർത്തരാഷ്ട്രന്മാരോ?

ഭടൻ:— ആയ്യ, അതേ.

കഞ്ചുകി:— (പ്രവേശിച്ചു്) ഇതു, സഹോദരന്മാരെക്കൂടി ദ്രോഹിക്കുന്നവർക്ക യോജിച്ചതുതന്നെ.

ചാപം കുലച്ചരിയ കയ്യുറയും മുറുക്കി,
മൈച്ചട്ടയിട്ടു ശരിയാക്കിയ തേരിലേറി,
വീര്യക്കുറുമ്പൊടു കൃതാസ്ത്രരടക്കിയൊതുങ്ങി
രാജാവൊടുള്ള പക പൈക്കളിൽ വിട്ടിടുന്നു. 2

ജയസേന, തിരുനാൾച്ചടങ്ങുകളിൽ ഏർപ്പെട്ടിരിക്കുന്ന മഹാരാജാവിന്നു്, അനവസരത്തിൽ ഉണർത്തിച്ചാൽ തിരുവുള്ളക്കേടുണ്ടാകും. അതിനാൽ, പുണ്യാഹം കഴിഞ്ഞിട്ടു ഉണർത്തിച്ചുകൊള്ളാം.

ഭടൻ:— ആയ്യ, ഇതു് അടിയന്തിരക്കാര്യമാണു്. വേഗം ഉണർത്തിക്കണം (പോയി).

കഞ്ചുകി:— എന്നാൽ ഉണർത്തിച്ചേക്കാം (പോയി)

(അനന്തരം രാജാവു പ്രവേശിക്കുന്നു.)

1. പംക്തി = കൂട്ടം. വൃഷങ്ങൾ = കാളകൾ.
2. കൃതാസ്ത്രർ = ആയുധവിദ്യ ശീലിച്ചവർ.

Digitized By Kerala Sahitya Akademi

ആയായ് തേരൊലിയിലിളംകിടാങ്ങൾ ഞെട്ടി-
പ്പാഞ്ഞെൻ പൈപ്പരിഷ കവന്നുപോയിടുന്നു,
പീനാംസം വളയിളകീടുമെൻെറ കയ്യോ,
നിർല്ലജ്ജം 'കളഭ'മണിഞ്ഞു സദ്യയുണ്മു! 3

ജയസേന, ജയസേന:

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും, ജയിച്ചാലും!

രാജാ:—മഹാരാജാവെന്നു പറയേണ്ട; എൻെറ ക്ഷത്രിയത്വം നിരസിയ്ക്കപ്പെട്ടുപോയി. യുദ്ധത്തെപ്പററി വിസ്തരിച്ചു പറയുക.

ഭടൻ;—മഹാരാജാവേ, അപ്രിയങ്ങൾ വിസ്തരിയ്ക്കത്തക്കവയല്ല. ഇതാണ് ചുരുക്കം:

നിറഞ്ഞ തേരിൻപൊടിയാലൊരൊററ-
നിറത്തിലാം മാടുകൾതൻ വപുസ്സിൽ
ചമ്മട്ടിയേററീടിന പാടിൽ മാത്രം
നാനാനിറം വേറുതിരിഞ്ഞു കാൺമൂ! 4

രാജാ:—എന്നാൽ,

വിൽ തന്നീടുക; മമ തേരുമാശു പൂട്ടാം;
കുറുള്ളോർ പിറകെ വരട്ടെ വേണമെങ്കിൽ;
പൈക്കൾക്കായ്പൊരുമൊരു വേല പാഴിലാകാ;
ചത്താലും പുകൾ; വിടുവിയ്ക്കിൽ നല്ല ധർമ്മം. 5

ഭടൻ:—കല്പനപോലെ. [പോയി]

രാജാ:—അല്ലാ, എന്തായിരിയ്ക്കാം, ദുര്യോധനന്ന് എൻെറ പേരിൽ വൈരം? ഓ, യാഗത്തിന്നു ചെന്നില്ലെന്ന്. എങ്ങിനെ ചെല്ലും? കീചകന്മാരുടെ മരണം നിമിത്തം ഞങ്ങൾ വ്യസനത്തിലകപ്പെട്ടിരിയ്ക്കുന്നു. അല്ലെങ്കിൽ, അപ്രത്യക്ഷമായിട്ടെങ്കിലും പാണ്ഡവന്മാരുടെ സ്നേഹിതനാ

3. പീനാംസം = ചുമൽ തടിച്ചത്.

Digitized By Kerala Sahitya Akademi

ണെന്നുള്ളതായിരിയ്ക്കാം- ഏതായാലും, പൊരുത്തുകതന്നെ വേണം. ഹസ്തിനപുരത്തിൽ താമസിച്ചിരുന്നതുകൊണ്ടു്, ദുര്യോധനൻെറ സ്ഥിതി സന്യാസിയ്ക്കറിവുണ്ടാവും.

അഥവാ,

ദുര്യോധനൻെറ ദോഷത്തെ-
യിദ്ദേഹമുരചെയ്യിടാ;
ആവശ്യമുള്ളോൻ ചോദിച്ചു-
നോക്കമല്ലോ നിരന്തരം. 6

ആരവിടെ?

ഭടൻ:— [പ്രവേശിച്ചു്] മഹാരാജാവു ജയിച്ചാലും!

രാജാ:— സന്യാസിയെ വിളിച്ചുകൊണ്ടു വാ.

ഭടൻ:— കല്പനപോലെ. (പോയി)

(അനന്തരം സന്യാസി പ്രവേശിയ്ക്കുന്നു)

സന്യാസി:—(എല്ലാടവും നോക്കിയിട്ടു്) എയു്, ഇതെന്താണു്?

രഥൌഘം തെയ്യാറായു്; തുരഗവരർ സ-
ന്നദ്ധര;ണിയി-
ച്ചിട്ടുന്തു മാതംഗേന്ദ്രരെ;യര മുറു-
ക്കീ ഭടജനം;
ഒരുക്കം കണ്ടിട്ടെന്മനസി പതിവി-
ല്ലാത്ത ഭയമൊ-
ന്നി;തെന്നെച്ചൊല്ലീട്ടല്ല,ചലമതി ഞാ-
ന,ക്ഷമരവർ. 7

(അടുത്തു ചെന്നിട്ടു്) ജയിച്ചാലും, ഭവാൻ ജയിച്ചാലും.

രാജാ:— ഭഗവാനേ, വിരാടൻ അഭിവാദനം ചെയ്യുന്നു.

സന്യാസി;— നല്ലതു വരട്ടെ!

7. മാതംഗേന്ദ്രർ = വലിയ കൊമ്പനാനകൾ. അചലമതി = മനസ്സിന്നു കലുക്കമില്ലാത്തവൻ. അവർ—ഭീമാദികൾ.

Digitized By Kerala Sahitya Akademi

രാജാ:— ഞാൻ അനുഗൃഹീതനായി! ഇതാ പീഠം. ഇരിയ്ക്കു.

സന്ന്യാസി:— (ഇരുന്നിട്ട്) അല്ലയോ രാജാവേ,

യുദ്ധോദ്യമമിതെന്തിന്നു?
രാജ്യശ്രീവർദ്ധനത്തിന്നോ?
ഗർവിഷ്ഠക്കഴൽ ചേർപ്പാനോ?
ദീനസംരക്ഷണത്തിന്നോ? 8

രാജാ:— ഭഗവാനേ, ഗോഗ്രഹണത്താൽ എന്നെ അവമാനിച്ചുകളഞ്ഞു.

സന്ന്യാസി:— ആര്?

രാജാ:— ധാർത്തരാഷ്ട്രന്മാരോ? (ആത്മഗതം) ഹാ, കഷ്ടം,

ഏകോദകത്വം ഭുവനേ മനസ്വി-
മനസ്സിനാകമ്പമിയററിടുന്നു:
വൈരപ്രിയന്മാരവർ തെററു ചെയ്കെ-
ത്തോന്നുന്നു, തെററിയ്യിവർ ചെയ്യപോലെ! 9

രാജാ:— ഭഗവാനേ, എന്താണിപ്പോഴ് വിചാരിയ്ക്കുന്നത്?

സന്ന്യാസി:— ഒന്നുമില്ല, അവരെപ്പററി ദുഃഖിയ്ക്കുകയാണ്.

രാജാ:— ഇനിമേൽ അനങ്ങുകയില്ല. ശക്തനാണെങ്കിലും യുധിഷ്ഠിരൻ ക്ഷമിയ്ക്കുമെന്നുവെച്ചിട്ടു, ഞാൻ ക്ഷമിയ്ക്കുന്നതല്ല

സന്ന്യാസി:— ശരിതന്നെ. (ആത്മഗതം)

ഇപ്പോഴ്, പർണ്ണാസ്തീർണ്ണഭുവിൽക്കിടപ്പും,
രാജ്യഭ്രംശം, കൃഷ്ണയെത്തീണ്ടൽതാനും;
വേഷം മാറിപ്പാർപ്പുമെല്ലാം പ്രശസ്തം:
മൽക്ഷാന്തത്വം ജ്ഞാതമായ് വന്നുവല്ലോ! 10

9. ഏകോദകത്വം = ജ്ഞാതിത്വം. (ഒന്നിച്ച് 'ബലിയിട'ത്തക്കചാർച്ച) ഇയ്യിവർ = ഞങ്ങൾ.

10. പർണ്ണാസ്തീർണ്ണഭുവിൽ = ഇലകൾ വിരിച്ച നിലത്ത്. പ്രശസ്തം = ശ്ലാഘ്യമായിത്തീന്നു. മൽക്ഷാന്തത്വം = എന്റെ ക്ഷമ. ജ്ഞാതം = അറിയപ്പെട്ടത്.



Digitized By Kerala Sahitya Akademi

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—പിന്നെ ദുര്യോധനൻ എന്തു പ്രവർത്തിയ്ക്കുന്നു?

ഭടൻ:—ദുര്യോധനൻ മാത്രമല്ല, ഭൂമിയിലെ രാജാക്കന്മാരൊക്കെ എത്തിയിട്ടുണ്ട്.

ദ്രോണർ, ജയദ്രഥ,നമർത്ത്യനദീതനൂജൻ,
ശല്യൻ, കൃപകൻ, ശകുനി, വിശ്രുതനംഗരാജൻ—
തേരോടിയാടയുലയും കൊടികൊണ്ടുതന്നെ
തോററമ്പി ഞങ്ങള,വർതൻ കണയാലെയല്ല! 11

രാജാ:—(എഴുന്നേററ് തൊഴുതുംകൊണ്ട്) തത്രഭവാൻ ഭീഷ്മരും വന്നിട്ടുണ്ടോ?

സന്യാസി:—(ആത്മഗതം) കൊള്ളാം. ആക്രമിയ്ക്കപ്പെട്ടിട്ടും ഇദ്ദേഹം മര്യാദ വിട്ടില്ല. എയ്,

എഴുന്നള്ളിയതെന്തിന്നോ
കുരുക്കളുടെ സദ്ഗുരു?
കരാർ കടന്നിതെന്നൊന്ന
സ്മരിപ്പിപ്പതിനായ്‌വരാം! 12

രാജാ:—ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—സൂതനെ വിളിച്ചുകൊണ്ടു വാ.

ഭടൻ:—കല്പനപോലെ. (പോയി)

സൂതൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

രാജാ:—

കൊണ്ടു വാ തേരുടൻ; വന്നി-
ട്ടുണ്ടു മാന്യൻ രണാതിഥി;

11. അമർത്ത്യനദീതനൂജൻ = ഭീഷ്മർ.
12. സ്മരിപ്പിപ്പതിന് = ഓർമ്മിപ്പിയ്ക്കുവാൻ.
13. രണാതിഥി = യുദ്ധംകൊണ്ടു സൽക്കരിയ്ക്കേണ്ടുന്ന വിരുന്നുകാരൻ. അജയ്യൈഷി = ജയേച്ഛയില്ലാത്തവൻ.

Digitized By Kerala Sahitya Akademi

ഭീഷ്മക്കമ്പുകളാൽത്തോഷ–
മേല്പിപ്പനജയൈഷി ഞാൻ! 13

സൂതൻ:—കല്പനപോലെ. തിരുമേനി,

അരിസൈന്യഭേദനത്തിൽ-
പ്പരിചിതമാകും ഭവാൻെറ തേരില്ലേ,
അതു കൊണ്ടുപോയിതുത്തര–
നടരിൽത്തേർവിദ്യ കാണിപ്പാൻ. 14

രാജാ:—ഉണ്ണി പോയ്ക്കഴിഞ്ഞുവോ?

സന്ന്യാസി:—രാജാവേ, അയയ്ക്കരുത്, ഉണ്ണിയെ അയയ്ക്കരുത്-

ഓക്കാ, ദോഷഗുണങ്ങൾ; ബാല്യദശയാൽ-
പ്പോർവാശിയുള്ളോനുമാ–
ണേ;–ററാൽപ്പിന്നെയൊരാഹവാനലനെരി–
ച്ചീടാതിരിയ്ക്കാ ദൃഢം;
ഗാന്ധാരീസുതരോ, മടിയ്ക്കുകയുമി-
ല്ലെന്തും പ്രവർത്തിയ്ക്കുവാൻ;
ഭൂപാരിൻ കേടുകളാദരക്കുറവുകൊ–
ണ്ടല്ലിങ്ങു ചൊല്ലുന്നു ഞാൻ. 15

രാജാ:— എന്നാൽ മറെറാരു തേർ വേഗത്തിൽ തെയ്യാറാക്കു.

സൂതൻ;—കല്പനപോലെ.

രാജാ:—അല്ലെങ്കിൽ, വരിക-

സൂതൻ: — തിരുമേനി, ഇതാ അടിയൻ.

രാജാ:—

നീതാനിപ്പോൾ കുമാരൻെറ
തേർ തെളിയ്ക്കാഞ്ഞതെന്തുവാൻ
വിട തന്നോ നിനക്കായാൾ?
നൃപർതൻ സൂതനല്ലി നീ! 16

14. അരിസൈന്യഭേദനം = പററലർപ്പട പിളക്കൽ.

15. ആഹവാനലൻ = യുദ്ധമാകുന്ന അഗ്നി.

Digitized By Kerala Sahitya Akademi

സൂതൻ:— തിരുമേനി പ്രസാദിക്കണം. അടിയൻ സൂതന്റെ മുറയ്ക്കു തേരും പൂട്ടിക്കൊണ്ടു ചെന്നു- കുമാരനാകട്ടെ,

കളിയാക്കുന്നതിന്നോ, കെ-
ല്പതിന്നുണ്ടെന്നമൂലമോ,
എന്നെത്തള്ളിത്തേർ തെളിപ്പാൻ
ബൃഹന്നളയെയാക്കിനാൻ. 17

രാജാ:— ബൃഹന്നളയോ?

സന്യാസി:— രാജാവേ, മതി, മതി, പരിഭ്രമം.

ചക്രങ്ങൾകൊണ്ടു പൊടിമാരി പൊഴിച്ചിടുന്ന
തേരാണ്ടു നമ്മുടെ ബൃഹന്നള പോയിയെങ്കിൽ,
തേർതന്നെ, നേമിയൊലികൊണ്ടുതടുത്തു ബാണം
കൂടാതെയും ദ്രുതമമിത്രരെ വെന്നുകൊള്ളും. 18

രാജാ:—ആട്ടെ, ക്ഷണത്തിൽ മറെറാരു തേർ തെയ്യാറാക്കുക.

സൂതൻ:—കല്പനപോലെ. (പോയി)

ഭടൻ:—(പ്രവേശിച്ച്) കൊച്ചുതമ്പുരാന്റെ തേർ അപജയപ്പെട്ടു പോയി.

രാജാ:—അപജയപ്പെട്ടുപോയോ?

സന്യാസി:— എങ്ങിനെ അപജയപ്പെട്ടു?

ഭടൻ:—മഹാരാജാവു കേട്ടാലും:

യുദ്ധജ്ഞർ മാററാർ പലരൊ-
ത്തശ്വമാർഗ്ഗം തടുക്കയാൽ
തോററു കാട്ടിലൊളിച്ചീടാൻ
ചുടലയ്ക്കായ്ത്തിരിച്ചു തേർ. 19

സന്യാസി:—(ആത്മഗതം) ഓ, അവിടെയാണല്ലോ ഗാണ്ഡീവം. (പ്രകാശം) രാജാവേ,

18. നേമി = ചക്രത്തിന്റെ ചുററ്. അമിത്രരെ—വൈരികളെ.

Digitized By Kerala Sahitya Akademi

നിമിത്തമൊന്നുദിച്ചു, തേർ
ചുടലസ്ഥലത്തിരിച്ചതിൽ;
നൂറുപേർ നിവസിച്ചീട-
മിടം ചുടലയായ്‌വരും! 20

രാജാ:—ഭഗവാനേ, അനവസരത്തിലെ 'ഫലിതം' അരിശമാണുണ്ടാക്കുക.

സന്യാസി:—അരിശം തോന്നേണ്ടാ. ഒരിയ്ക്കലും ഞാൻ വ്യാജം പറയുകയുണ്ടായിട്ടില്ല.

രാജാ:—അതു ശരിതന്നെ. (ഭടനോട്) പോ; വീണ്ടും വർത്തമാനമറിയുക.

ഭടൻ:—കൽപനപോലെ. (പോയി)

രാജാ:—

പെട്ടെന്നീശ്ശബ്ദമെന്തുഴി-
യൊട്ടുക്കിളകിടുംവിധം,
ആററിൻ നീക്കത്തു പോലാശ്രു
വന്നെത്തീടുന്നു വക്രമായ്? 21

ശബ്ദം എന്താണെന്നറിയുക.

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! ചുടുകാട്ടിൽ നിന്ന്, അൽപം നേരം കുതിരകളെ വിശ്രമിപ്പിച്ചു കുമാരൻ—

സന്യാസി:—ഇവൻ എന്നെ അസത്യവാദിയാക്കുകയില്ല.

ഭടൻ:—

അമ്പേറെസ്സമ്പതിപ്പിച്ചസിതകരികളിൽ-
ച്ചെന്നിറം കേററിനാൻ; നൂ-
റമ്പേററീടാതെ കാണ്മീലൊരു കുതിരയെയോ
ഹന്ത, പോരാളിയേയോ;

20. നൂററുപേർ മരിച്ചു എന്നു തീർച്ചയാക്കാം.

Digitized By Kerala Sahitya Akademi

അമ്പാല,മ്പേറിട്ടം തേരുകാം ചെറുത്തുമന–
ങ്ങാതെയായ് മാർഗ്ഗമൊട്ടു-
ക്കമ്പൊലേ മൂടി;യമ്പിൻകൊട്ടനദിയെയൊഴ-
ക്കുന്നു കോദണ്ഡദണ്ഡം. 22

സന്ന്യാസി:—(ആത്മഗതം)

അക്ഷയ്യതൂണിത്വമിത;–ന്നിതൊന്നി–
നാലല്ലയോ, ഖാണ്ഡവകാനനത്തിൽ,
വൃത്രാരി പേമാരികളെത്രപെയ്തി-
തത്രയ്ക്കുതാനമ്പുകളെയ്തുവിട്ടു! 23

രാജാ:—ശത്രുക്കളുടെ സ്ഥിതി ഇപ്പോഴെന്താണ്?

ഭടൻ:—അത് അടിയന്നു കാണാൻ കഴിഞ്ഞില്ല. വൎത്തമാന ക്കാർ പറയുന്നു:

ദ്രോണർ വില്ലിനുടെ വൻമുഴക്കമെതിരെന്നു-
റിഞ്ഞുഥ മടങ്ങിനാൻ!
ബാണമക്കൊടിയിലേററുകണ്ടു രതിയെന്നു
ഭീഷ്മർ പൊരുതാതെയായ്,
ക്ഷീണനായ് കണകളേററു കർണ്ണനുടനെ,ന്തി–
തെന്നിതരഭൂപരും;
പ്രാണഭീതി വിലവെപ്പതില്ലിഹ കുമാര–
നാകുമഭിമന്യുതാൻ. 24

സന്ന്യാസി:—അഭിമന്യു വന്നിട്ടുണ്ടോ? അല്ലയോ രാജാവേ,

സൌഭദ്രനി,രുകുലത്തിൽ-
ത്തേജസ്സാമഗ്നി പൊരുവതുണ്ടെങ്കിൽ,
സൂതനെ വേറെയയയ്ക്കണ–
മിങ്ങെളുതാകാ ബൃഹന്നളയാൽ. 25

22. സമ്പാതിപ്പിച്ച് = എയ്തുവീഴ്ത്തി. കോദണ്ഡം = വില്ല്.

23. അക്ഷയ്യതൂണിത്വം = അമ്പൊടുങ്ങാത്ത ആവനാഴികളുള്ളവൻ എന്ന നില.

25. ഇരുകുലം = യാദവകുലവും പാണ്ഡവകുലവും.

Digitized By Kerala Sahitya Akademi

രാജാ:—അങ്ങിനെ പറയേണ്ട:

ഭീഷ്മൻ രാമശരാവിഭിന്നകവചൻ,
മന്ത്രായുധൻ ദ്രോണര-
കർണ്ണൻ, സൈന്ധവരാജനെന്നിവരെയും,
മററുഴിപന്മാരെയും,
തോല്പിച്ചിട്ട,ഭിമന്യുവെപ്പിതൃഭയാൽ-
ദ്ധഷിച്ചിടാതാകമോ?
സഖ്യം കൊാംകിലതും സുഹൃത്ത്വസദൃശ-
പ്രായത്തിനൊത്തുള്ളതാം. 26

ഭടൻ:— കൊച്ചുതമ്പുരാൻെറ രഥമാകട്ടെ,

നിൎത്തീടുകിൽത്തിരിയു;-മോട്ടമയച്ചുവിട്ടാൽ;
ചെന്നാക്രമിച്ചിടുവതില്ലി,ടർ ചേൎപ്പതില്ല;
ചാരേ കിടന്ന തിരിയുന്ന രഥം പയററൽ
കാട്ടിക്കൊടുത്തിടുകയാണവനെന്നു തോന്നും! 27

രാജാ:— പൊയ്ക്കൊാംക, വീണ്ടും വിവരമറിയു.

ഭടൻ:— മഹാരാജാവിൻെറ കല്പനപോലെ. (പോയി പ്രവേശിച്ചിട്ടു്) മഹാരാജാവു ജയിച്ചാലും! വിരാടേശ്വരൻ ജയിച്ചാലും! അടിയൻ സന്തോഷവൎത്തമാനം തിരുമനസ്സുണൎത്തിയ്ക്കാം; ഗോഗ്രഹണത്തിൽ തോററു ധാൎത്തരാഷ്ട്രന്മാർ ഒഴിച്ചുപോയി,

സന്യാസി;— ഭവാൻ ഭാഗ്യശാലിതന്നെ.

രാജാ:— അല്ലല്ലാ, ഇവിടത്തെ ഭാഗ്യമാണിതു്, പിന്നെ ഉണ്ണി എവിടെ?

ഭടൻ:— വിക്രമം കാട്ടിയ പടയാളികളുടെ വിവരം എഴുതിച്ചുവെയ്ക്കുകയാണു്, കൊച്ചുതമ്പുരാൻ.

26. രാമ......വചൻ = ഭാൎഗ്ഗവരാമൻെറ അമ്പേററിട്ടുകൂടി പൊട്ടാത്ത ചട്ടയുള്ളവൻ. പിതൃഭയാൽ- അർജ്ജുനനെ ഓൎത്തു ഭയപ്പെട്ടിട്ട. ധഷിയ്ക്കുക ആക്രമിയ്ക്കുക.

Digitized By Kerala Sahitya Akademi

രാജാ;— കൊള്ളാം, ഉണ്ണിയുടെ പ്രവൃത്തി ശ്ലാഘനീയംതന്നെ.

പുകഴ്ത്തിടേണ്ടും തൊഴിലാൽ
പരിക്കേററുള്ള യോധനിൽ
കാലേ ചെയ്യുന്ന സൽക്കാരം
ചാലേ പോക്കുന്നു നോവിനെ. 28

ബൃഹന്നളയെവിടെ?

ഭടൻ:— സന്തോഷവർത്തമാനം അറിയിപ്പാൻ അന്തഃപുരത്തേയ്ക്കു പോയി,

രാജാ;— ബൃഹന്നളയെ വിളിയ്ക്കു.

ഭടൻ:— കല്പനപോലെ- (പോയി)

(പിന്നെ ബൃഹന്നള പ്രവേശിയ്ക്കുന്നു.)

ബൃഹന്നള:— (തന്നത്താൻ നോക്കി വിചാരത്തോടുകൂടി)

ഗാണ്ഡീവം കലയേററുവാൻ കുറെയിട-
യ്ക്കുണ്ടായ് പിണക്കം, ശര-
വ്യാപാരങ്ങളിൽ വേണ്ടപോലെ മുറുകി-
ച്ചേരാതെയായ് മുഷ്ടി മേ;
കൈത്തണ്ടയ്ക്കു പടുത്വമില്ലൊ;-രു വെട്ട-
പ്പൊക്കാതെയായ് നില്പിനും;
പിമ്പോൎമ്മിച്ചു വിട്ടത്തിനേൻ പരിചയാൽ
സ്ത്രീത്വത്തിൽനിന്നെന്നെ ഞാൻ, 29

ഞാനാകട്ടെ,

ഈ വേഷമോടൂഴിപൎത്തൻ നടുക്കിൽ
നാണിച്ചുകൊണ്ടേ നെടുവിൽ വലിച്ചേൻ,

27. ഇടർ ചേൎപ്പതില്ല = ശത്രുവിനെ ഉപദ്രവിയ്ക്കുന്നില്ല.

28. യോധൻ = പടയാളി. നോവിനെ = ആയുധമേററിട്ടുള്ള വേദനയെ.

29. ശരവ്യാപാരം = അസ്ത്രപ്രയോഗം. മുഷ്ടി = കൈപ്പിടി. പടുത്വം = സാമൎത്ഥ്യം. പരിചയാൽ = മുമ്പേത്തെ പരിചയത്താൽ.

Digitized By Kerala Sahitya Akademi

എന്നാലുമമ്പിൻമഴ പെയ്യിതങ്ങു;
കതിന്നമർന്നു പൊടിയും ക്ഷണത്താൽ. 30

ഹാ,

മന്നൻെറ ഗോനിരയെ വീണ്ടു ജയം ലഭിച്ചു-
വെന്നാലുമെൻ കരളിനില്ല ജയപ്രഹർഷം:
ദുശ്ശാസനാഖ്യനെയടത്തലയിൽപ്പിടിച്ചു-
കെട്ടാതെയല്ലീയിഹ മാത്സ്യപുരത്തിലെത്തീ! 31

ഉത്തരയുടെ സമ്മാനമായ ആഭരണവും അണിഞ്ഞു, * രാജാവിനെക്കാണ്മാൻ എനിയ്ക്കു ലജ്ജ തോന്നുന്നു. അതിനാൽ വിരാടപതിയെ കാണുകതന്നെ. (ചുററിനടന്നു നോക്കിയിട്ട്) അല്ലാ, ഇതാ ആര്യ യുധിഷ്ഠിരൻ,

സയൌവനൻ ശ്രേഷ്ഠതപോവനപ്രിയൻ,
നരേശ്വരൻ ബ്രാഹ്മണവൃത്തി പൂണ്ടവൻ,
വിരാജ്യനായാലുമതിശ്രീയോജ്ജ്വലൻ,
ത്രിദണ്ഡമാന്നാലുമദണ്ഡധാരകൻ. 32

(അടുത്തു ചെന്ന്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്യാസി:—നല്ലതു വരട്ടെ!

ബൃഹന്നള:—സ്വാമി ജയിച്ചാലും!

രാജാ:—

രൂപം വൃഥാ; ജാതി വൃഥാ; മഹാങ്കലും
കർമ്മം വിളങ്ങുന്നിതു താന്നവങ്കലും:

30. 'കതി......ടിയും'—ശത്രുക്കൾ തോററമ്പി എന്നു സാരം.

31. ജയപ്രഹർഷം = ജയിച്ചതുകൊണ്ടുള്ള സന്തോഷം. മാത്സ്യൻ = വിരാടൻ.

* രാജാവ് = യുധിഷ്ഠിരൻ.

32. വിരാജ്യൻ = രാജ്യം പോയവൻ. അതിശ്രീയോജ്ജ്വലൻ = മികച്ച (പ്രഭ) ശ്രീകൊണ്ടു ശോഭിയ്ക്കുന്നവൻ. അദണ്ഡധാരകൻ = ദണ്ഡം (ദണ്ഡനനീതി) നടത്താത്തവൻ.



Digitized By Kerala Sahitya Akademi

മുൻ മോശമായ്ത്തള്ളിയിരുന്ന മെയ്യിതീ-
മ്മെതന്നെ വീണ്ടും ബഹുമാനപാത്രമായ്! 33

ബൃഹന്നളേ, ക്ഷീണിച്ചിരിയ്ക്കുന്ന ഭവതിയെ ഞാൻ വീണ്ടും ക്ഷീണിപ്പിയ്ക്കുകയാണ്: യുദ്ധവൃത്താന്തം വിസ്തരിച്ചു പറയുക.

ബൃഹന്നള:— മഹാരാജാവു കേട്ടാലും.—

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു സർവ്വോൽക്കർഷേണ വർത്തിച്ചാലും!

രാജാ:—

നിൻഹർഷം പുത്തനായ്ക്കാണ്മൂ
ചൊല്ലെന്താശ്ചര്യകാരണം?

ഭടൻ:—

അവിശ്വാസ്യം പ്രിയം വന്നു:
പിടിയിൽപ്പെട്ടു ഫാല്ഗുനി! 34

ബൃഹന്നള:—പിടിയിൽപ്പെട്ടു എന്നോ? (ആത്മഗതം)

പടയതിനുടെ കെല്പുളന്നുപാർത്തേ-
ന,ടരതിൽ ഞാനവനേയുമിന്നു കണ്ടേൻ;
ഒരുവനവനു തുല്യനില്ലി,താരായ്-
വരുമിഹ, കീചകർ ചത്തുപോയിരിയ്ക്കേ? 35

സന്യാസി:—ബൃഹന്നളേ, ഇതെന്താണ്?

ബൃഹന്നള:—ഭഗവാനേ,

കാണ്മീലവനെ വെൽവോനെ
ഞാന,-വൻ ബലി, ശിക്ഷിതൻ:

33. കർമ്മം വിളങ്ങുന്നിതു—കർമ്മം നന്നായാൽ, ഇരുകൂട്ടരും ഒരുപോലെ ബഹുമാനനീയരായിത്തീരുന്നു. മെയ്യിത്—ബൃഹന്നളയുടെ നപുംസകരൂപം.

34. അവിശ്വാസ്യം = കേട്ടാൽ വിശ്വാസം തോന്നാത്ത. ഫാല്ഗുനി = അർജ്ജുനൻ.

Digitized By Kerala Sahitya Akademi

താതൻതൻ ഭാഗ്യദോഷത്താൽ-
പ്പാറിയേയ്ക്കാം പരാജയം! 36

രാജാ:— എങ്ങിനെയാണിപ്പോൾ പിടിച്ചത്?

ഭടൻ:—

തേരിൽച്ചെന്നേറി നിശ്ശങ്കം
കൈകളെക്കൊണ്ടിറക്കിനാൻ.

രാജാ:— ആര്?

ഭടൻ:—

തിരുമേനി മടപ്പള്ളി-
പ്പണിയ്ക്കു നിയമിച്ചവൻ. 73

ബൃഹന്നള:— (സ്വകാര്യം) എന്നാൽ, ഭീമജ്യേഷ്ഠൻ ആലിംഗനം ചെയ്തതാണ്; പിടിയ്ക്കുയല്ല.

അകലെക്കണ്ടു സന്തോഷി-
യ്ക്കുകയേ ചെയ്യുതുള്ളു ഞാൻ;
ആസ്വദിപ്പൂ സുതസ്നേഹം,
വെളിവായ് ച്ചെയ്യുമഗ്രജൻ! 38

രാജാ:—എന്നാൽ, അഭിമന്യുവിനെ സൽക്കരിച്ച്, അകത്തേയ്ക്കു കൊണ്ടുവരട്ടെ.

സന്യാസി:—രാജാവേ, വൃഷ്ണികളുടേയും പാണ്ഡവന്മാരുടേയും കുട്ടിയായ അഭിമന്യുവിനെ സൽക്കരിച്ചാൽ, പേടിച്ചിട്ടാണെന്ന് ആളുകൾ കരുതും. അതിനാൽ ഇവനെ അനാദരിയ്ക്കുയാണ് വേണ്ടത്.

രാജാ:—യാദവീപുത്രനെ അനാദരിച്ചുകൂടാ. എന്തെന്നാൽ,

പാർത്ഥൻതൻ മകനാണിവൻ; ബത, വയ-
സ്സെന്നുണ്ണിയോടൊപ്പമാം;

36. ബലി = ബലവാൻ.
37. മടപ്പള്ളിപ്പണി = അടുക്കളപ്പണി.

Digitized By Kerala Sahitya Akademi

പാഞ്ചാലന്നിഹ ചാർച്ചയുണ്ടു,തുവഴി-
സ്സെൻപുത്രിതൻ പുത്രനാം:
ജാമാതൃത്വവുമാമടുത്തു; മകളു-
ണ്ടല്ലോ നമുക്കു;ർച്ച്യനാ-
ണാവുംപോലതിഥിത്വമൂലവുമിവൻ;
കൌന്തേയരെൻ കൂററുകാർ. 39

സന്യാസി:—ശരിതന്നെ; പറയുകയും പരിഗ്രഹിയ്ക്കുകയും ആവശ്യമാണ്.

രാജാ:—ആരാണ് അവനെ അകത്തേയ്ക്കു കൊണ്ടുവരുവാൻ?

സന്യാസി:—ബൃഹന്നള കൊണ്ടുവരട്ടെ.

രാജാ:—ബൃഹന്നളേ, അഭിമന്യുവിനെ അകത്തേയ്ക്കു കൊണ്ടുവരിക.

ബൃഹന്നള;—മഹാരാജാവിന്റെ കല്പനപോലെ. (ആത്മഗതം) ഏറെ നാളായി കൊതിച്ചുവരുന്ന കല്പനയാണ് ഈ കിട്ടിയത്. [പോയി]

സന്ന്യാസി;—(ആത്മഗതം)

ചെന്നേകാന്തേ കണ്ടുകൊള്ളട്ടെ! കണ്ടു-
പ്പുത്രൻതന്നെപ്പുണ്ടുകൊള്ളട്ടെ ഗാഢം!
സൈ്വരം കണ്ണീരാണ്ടുകൊള്ളട്ടെ മോദാൽ
ഇയ്യാളുകളുണ്ടാം നാണ,മെൻ മുന്നിലായാൽ. 40

രാജാ:—ഇവിടുന്നു നോക്കൂ, കുമാരൻ ചെയ്തത്:

മന്നോർകളാം ഭീഷ്മാദികളാം തോററൊഴിച്ചു;
വന്നേററ സൌഭദ്രനെയോ, പിടിച്ചു;
ഇന്നുത്തരൻ മന്നിടമൊക്കെ വെന്നി-
തെന്നായ്, ചുരുക്കത്തിലിതിന്റെ സാരം! 41

39. പുത്രിതൻപുത്രനാം = പാഞ്ചാലി പുത്രിയുടെ സ്ഥാനത്ത്; അവളുടെ പുത്രന്റെ സ്ഥാനമാണല്ലോ അഭിമന്യുവിന്ന്. ജാമാതൃത്വം = പുത്രീഭർത്തൃത്വം. ആര്യ്യൻ = പൂജ്യൻ.

40. ഏകാന്തേ = വിജനത്തിൽ.

41. സൌഭദ്രൻ = അഭിമന്യു.

Digitized By Kerala Sahitya Akademi

(പിന്നെ ഭീമസേനൻ പ്രവേശിക്കുന്നു.)

ഭീമസേനൻ:—

പണ്ടരക്കപ്പുര കൊള്ളിവെച്ചപൊഴുതെ-
ൻെറ കൈകളിലെടുത്തുതാൻ
കൊണ്ടുപോന്നു, സഹജാതരെൻെറ ജനയി-
ത്രിയെന്നിവരെയൊക്കയും;
ഇന്നു ബാലനഭിമന്യുവേകനെ രഥത്തിൽ-
നിന്നിവനിറക്കിയി-
ട്ടന്നു ചെയ്യുതിനു തുല്യമാം ശ്രമമിതെന്നു
തോന്നിടുവതുണ്ടു മേ! 42

കുമാരൻ ഇതിലേ, ഇതിലേ.

(പിന്നെ അഭിമന്യുവും ബൃഹന്നളയും പ്രവേശിക്കുന്നു.)

അഭിമന്യു:—ഹേ, ഇതാരാണ്—

പരപ്പേറും മാറും, ചെറിയ വയറും,
ചീർത്ത തുടയും,
സ്ഥിരോന്നമ്രം തോളും, കൃശതരമര-
ക്കെട്ടുമുടയോൻ?
വെറുംകൈകൊണ്ടേന്തിസ്സുദൃഢമിവനെ-
ത്തിച്ചിതിഹ മാം,
കരുത്തേറെച്ചേർന്നീടിലുമിവനമ-
ർത്തീലുടലിൽ മേ. 43

ബൃഹന്നള:—കുമാരൻ ഇതിലേ, ഇതിലേ.

അഭിമന്യു:—എയ്, ഇതാരാണ് മററൊരാൾ—

ഇണക്കമിയലാത്ത പെൺകുലവിഭൂ-
ഷ മെയ്ക്കൊരംകയാൽ

42. സഹജാതർ = സഹോദരർ. ജനയിത്രി = അമ്മ.
43. സ്ഥിരോന്നമ്രം = ഉറപ്പും ഉയർച്ചയുമുള്ളത്.

Digitized By Kerala Sahitya Akademi

പിടിയ്ക്കുടയ കോപ്പണിഞ്ഞൊരു കരീ-
ന്ദ്രനെപ്പോലെയായ്,
ഉടൽപ്പരിചു താന്നതാകിലുമുയ-
ർച്ച് തേജസ്സിലാ-
ന്റ,മാ വടിവെട്ടത്ത ധൂർജ്ജടി കണ—
ക്കേ ശോഭിപ്പവൻ? 44

ബൃഹന്നള:—(സ്വകാര്യം) ഇവനെ ഇവിടെ കൊണ്ടുവന്ന ജ്യേഷ്ഠൻ എന്താണീച്ചെയ്യുന്നത്?

മുൻപോരിലേ വിജിതനെന്നപകീർത്തി ചേർത്ത
മാഴ്കും സുഭദ്ര ദയിതാത്മജവിപ്രയോഗാൽ;
തോററെന്നുവെച്ചു ഭഗവാനിവനിൽക്കയർക്കും:
വാക്കെന്തിനേറെയിഹ, ബാഹുബലം കെട്ടത്തു! 45

ഭീമസേനൻ:—അർജ്ജുന—
ബൃഹന്നള:—അതേ, അർജ്ജുനന്റെ മകനാണിവൻ.
ഭീമസേനൻ:—അതേ. (സ്വകാര്യം)

ഏവം ഞാനിവനെപ്പിടിച്ചതിലെഴും
കേടൊക്കെയോക്കായ്കയി-
ല്ലേ:-വൻ ശത്രുകരത്തിലായ മകനെ-
ക്കണ്ടിട്ടു കൺചിമ്മിടും?
ആവുന്നോളമപത്യവത്സലതയാ
വീക്ഷിച്ചുകൊള്ളട്ടെ, മാൽ
താവും ദ്രൌപദിയെന്നു നണ്ണിയിവനെ-
ക്കൊണ്ടിങ്ങു പോന്നീടിനേൻ. 46

ബൃഹന്നള:—(സ്വകാര്യം) ജ്യേഷ്ഠ, സംസാരിച്ചുകേക്കപ്പാൻ എ

44. പെൺകുലവിഭൂഷം = സ്ത്രീകൾക്ക ചേന്ന ആഭരണം. ഉമാവടിവ് = പാർവ്വതിയുടെ രൂപം. ധൂർജ്ജടി = ശിവൻ.

45. മുൻപോരിലേ = ആദ്യത്തെ യുദ്ധത്തിൽത്തന്നെ. വിജിതൻ = തോല്പിയ്ക്കപ്പെട്ടവൻ. 'ദയിതാ......ഗാൽ' = ഭത്താവും പുത്രനും വേർപിരികയാൽ. ഭഗവാൻ—കൃഷ്ണൻ.

46. അപത്യവത്സലതയാ = സന്താനവാത്സല്യത്താൽ.

Digitized By Kerala Sahitya Akademi

നിയ്ക്കു വളരെ കൌതുകമുണ്ട്. ജ്യേഷ്ഠൻ ഇവനെ സംസാരിപ്പിയ്ക്കു.

ഭീമസേനൻ:—അങ്ങിനെതന്നെ. ഹേ അഭിമന്യു!

അഭിമന്യു:—അഭിമന്യു എന്നോ?

ഭീമസേനൻ:—ഇവൻ എന്നോടു ശൃണ്ഠിയെടുക്കയാണ്. താൻ തന്നെ സംസാരിച്ചുകൊൾക.

ബൃഹന്നള:—ഹേ അഭിമന്യു!

അഭിമന്യു:—എന്ത് എന്ത്? അഭിമന്യു എന്നോ? ഹാ,

ഹേ!രെടുത്തു വിളിയ്ക്കുന്നു
നീചരും ക്ഷത്രവംശ്യരെ!
ഇതോ നടപ്പിങ്ങു? പിടി-
ച്ചതിൽപ്പെട്ടമവജ്ഞയോ? 47

ബൃഹന്നള:—അഭിമന്യു, നിൻെറ അമ്മയ്ക്കു സുഖമല്ലയോ?

അഭിമന്യു:— എന്തെന്ത്? അമ്മയ്ക്കോ?

നീയാരുവാൻ, യുധിഷ്ഠിര-
നരപതിയോ, ഭീമനോ, ധനഞ്ജയനോ:
എന്നോടു പിതൃജനമട്ടിൽ
സ്ത്രീവൃത്താന്തം കടന്നുചോദിപ്പാൻ? 48

ബൃഹന്നള;—അഭിമന്യു, ദേവകീപുത്രനായ കൃഷ്ണനു സുഖമല്ലയോ?

അഭിമന്യു:— എന്ത്, അവിടുത്തേയും പേർ മാത്രമോ? അതെ, അതെ, ഭവാൻെറ സ്നേഹിതനു സുഖംതന്നെ!

(രണ്ടാളും അന്യോന്യം നോക്കിച്ചിരിയ്ക്കുന്നു)

അഭിമന്യു: എന്താണിപ്പോൾ എന്നെ പുച്ഛിച്ചു ചിരിയ്ക്കുന്നത്?

47. ക്ഷത്രവംശ്യക്കാർ = ക്ഷത്രിയർ. അവജ്ഞ = അനാദരം.
48. സ്ത്രീവൃത്താന്തം = സ്ത്രീകളുടെ വർത്തമാനം.

Digitized By Kerala Sahitya Akademi

ബൃഹന്നള:—ഒന്നുമില്ല.

അച്ഛനജ്ജുനന,മ്മാമൻ
ജനാൎദ്ദനനി,തോക്കുകിൽ,
തരുണൻ ശിക്ഷിതാസ്ത്രൻ നീ
പോരിൽത്തോററതു ചേരുമേ! 49

അഭിമന്യു:— പുലമ്പാതിരിയ്ക്കു:

പതിവില്ലൊരു സംഗതിയ്ക്കുമാത്മ-
സ്തുതിചെയ്കെന്നതു ഞങ്ങടംതൻ കുലത്തിൽ;
ഹതരിൽത്തടവും ശരങ്ങടം നോക്കു:
ബത, കണ്ടെത്തുകയില്ല പേരു വേറെ! 50

ബൃഹന്നള:— ശരിയാണ്, ഉണ്ണി പറഞ്ഞത്:

രഥാശ്വമത്തേഭഭടോൽക്കരത്തി-
ലൊന്നില്ലിവൻ തൻകണയേററിടാതെ;
പരിക്കെനിയ്ക്കും പെട്ടമായിരുന്നൂ,
രഥത്തെ ഞാനിട്ടുതിരിച്ചിടായ്കിൽ! 51

(പ്രകാശം) വാക്കിൽവമ്പ് ഇങ്ങിനെ! എങ്ങിനെയാണ്,
ഒരു കാലാടം പിടിച്ചുകളഞ്ഞത്?

അഭിമന്യു:—

അശസ്ത്രനായിട്ടാണേററ-
ത,തിൽ ഞാൻ പിടിപെട്ടുപോയ്:
അസ്ത്രഹീനനെയാരെയ്യു,-
മച്ഛൻ പാൎത്ഥനെയോക്കുകിൽ? 52

49. തരുണൻ = ചെറുപ്പക്കാരൻ. ശിക്ഷിതാസ്ത്രൻ = അസ്ത്രവിദ്യ പഠിച്ചവൻ.

50. ആത്മസ്തുതി = ആത്മപ്രശംസ. വേറേ = അഭിമന്യുവിൻേറതല്ലാതെ.

52. അശസ്ത്രൻ = നിരായുധൻ (ആയുധമില്ലാത്തവൻ.)

Digitized By Kerala Sahitya Akademi

ഭീമസേനൻ:—(ആത്മഗതം)

ധന്യൻതാനർജ്ജുനൻ: നേരേ
കേട്ടല്ലോ ശ്ലാഘ്യമായിവൻ,
യുദ്ധങ്ങളിൽ മകന്റെയു-
മച്ഛന്റെയും പരാക്രമം! 53

രാജാ:—അഭിമന്യുവിനെ വേഗം കൊണ്ടുവരു, വേഗം.

ബൃഹന്നള:—ഇതിലേ, ഇതിലേ. ഇതാ, മഹാരാജാവ്.
കുമാരൻ അടുത്തു ചെല്ലുക.

അഭിമന്യു:—ഉം, ആരുടെ മഹാരാജാവ്?

ബൃഹന്നള:—അരുതരുത്. ബ്രാഹ്മണനോടുകൂടി ഇരിക്കുന്നു.

അഭിമന്യു:—ബ്രാഹ്മണനോ? (അടുത്തുചെന്ന്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്യാസി:—വരൂ വരൂ, ഉണ്ണീ.

ധൈര്യം, മിടുക്ക, വിനയം, സ്വജനാനുകമ്പ,
മാധുര്യം, മുററ വിജയം, നെടുവില്ലിൽ വീര്യം,
ഈ മട്ടൊരച്ഛനുടെ സൽഗ്ഗുണമൊക്കെ നേടൂ,
മററുള്ള നാലുവരുടെ വേണ്ട ഗ്ഗുണത്തെയും നീ. 54

അഭിമന്യു:—ഞാൻ അനുഗൃഹീതനായി.

രാജാ:—വരു, വരു, മകനേ എന്താണെന്നെ അഭിവാദ്യം ചെയ്യാത്തത്? (ആത്മഗതം) അഹോ, കുറുമ്പനാണ് ഈ ക്ഷത്രിയക്കുട്ടി! ഞാൻ ഇവന്റെ ഗർവ് മാററാം. (പ്രകാശം) ആരാണിവനെ പിടിച്ചത്?

ഭീമസേനൻ:—മഹാരാജാവേ, ഞാൻ.

അഭിമന്യു:—ഒരു നിരായുധൻ എന്നു പറയുക.

ഭീമസേനൻ:—ശാന്തം പാപം!

54. സ്വജനാനുകമ്പ = കൂററുകാരിൽ ദയ.

29

Digitized By Kerala Sahitya Akademi

തോൾ തടിച്ചു മിനുത്തുള്ള
കൈകൾതാനെൻെറയായുധം;
പോരാട്ടമവകൊണ്ടേ ഞാൻ;
വില്ലെടുക്കുന്നു ദുർബ്ബലർ! 55

അഭിമന്യു:—ഓഹോ,

കൈത്തണ്ടോരക്ഷൌഹിണിയാ-
ക്കാ,ർതൻ വീര്യമകൈതവം,
ആ മധ്യമപിതാവോ നീ-
യ?–വിടെയ്ക്കൊത്തതീ മൊഴി! 56

സന്ന്യാസി:—ഉണ്ണീ, ആരാണീ മദ്ധ്യമൻ?

അഭിമന്യു:—കേട്ടാലും. അല്ലെങ്കിൽ ഞങ്ങൾ ബ്രാഹ്മണരോട് ഉത്തരം പറയാറില്ല; മറെറാരാൾ ചോദിച്ചാൽ നന്ന്.

രാജാ:— ആവട്ടെ, ആവട്ടെ, ഉണ്ണീ, ഞാൻ ചോദിക്കാം, ആരാണീ മദ്ധ്യമൻ?

അഭിമന്യു:— കേട്ടുകൊൾക; യാതൊരാളാണോ,

പുരാ ജരാസന്ധനെ വൻ കുഴത്തിൽ–
ക്കയ്യോയ കാളക്കയെറിട്ടു കെട്ടി,
അസാദ്ധ്യമാമപ്പണി ചെയ്തുതീർത്തു
കൃഷ്ണന്നു വെയ്ക്കാഞ്ഞതതെ,പ്പുമാൻ താൻ! 57

രാജാ:—

അരിശം മമ നിൻെറ തള്ളലാലി–
ല്ല;–രിശം നീ പുനരേല്പതുത്സവം മേ!
'നടകൊള്ളുക, നില്പതെന്തു നീയെ'–
ന്നുരചെയ്താലപരാധിയാകമോ ഞാൻ? 58

അഭിമന്യു:— എന്നെ അനുഗ്രഹിക്കേണമെന്നുണ്ടെങ്കിൽ,

58. അത് = ആ പണി (ജരാസന്ധവധം)

Digitized By Kerala Sahitya Akademi

പിടിച്ചതിന്നുചിതമാ-
മാചാരം ചെയ്ക കാല്ക്കളിൽ;
കൈകൊണ്ടാനീതനെബ്ഭീമൻ
കൈകൊണ്ടേ വീണ്ടുകൊണ്ടുപോം! 59

(അനന്തരം ഉത്തരൻ പ്രവേശിക്കുന്നു)

ഉത്തരൻ:—

മിഥ്യാപരിശ്ലാഘ കടപ്പമയ്യോ!
മിഥ്യാവചസ്സിൽ പ്രതിപത്തിപൂണ്ടോർ
യുദ്ധത്തിനെപ്പററിയുരയ്ക്കു, വാക്കാ-
ലൊത്തോതിടും ഞാൻ ഹൃദി ലജ്ജകൊാം‍വു! 60

(അടുത്തു ചെന്നിട്ട്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്യാസി:—നല്ലതു വരട്ടെ!

ഉത്തരൻ:— അച്ഛാ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

രാജാ:— വത്സ, വത്സ, മകനേ, ദീർഘായുസ്സായിരിക്കുക. ഉണ്ണീ, വേല ചെയ്ത ഭടന്മാരെ പൂജിച്ചുകഴിഞ്ഞുവോ?

ഉത്തരൻ:— പൂജിച്ചുകഴിഞ്ഞു. ഏററവും പൂജിക്കേണ്ടവനെ പൂജിക്കുക

രാജാ:— മകനേ, ആരെ?

ഉത്തരൻ:— ഇതാ, അത്ര ഭവാൻ ധനഞ്ജയനെ,

രാജാ:— എന്ത്, ധനഞ്ജയനെയോ?

ഉത്തരൻ:— അതേ. ഇദ്ദേഹം

ചുടുകാട്ടിൽനിന്നു വില്ലും
പടുകണ തീരാത്ത തൂണികളുമേന്തി,

59. ആനീതൻ = കൊണ്ടുവരപ്പെട്ടവൻ.

60. മിഥ്യാപരിശ്ലാഘ = വാസ്തവവിരുദ്ധമായ ശ്ലാഘ.

Digitized By Kerala Sahitya Akademi

അടരിൽബ്ഭീഷ്മാദിനൃപ–
ക്കടവും, നമ്മാംക്കു രക്ഷയും നല്കി! 61

രാജാ:—ഇതു് ഇങ്ങിനെയാണല്ലേ?

ബൃഹന്നള:—മഹാരാജാവു പ്രസാദിയ്ക്കണേ, പ്രസാദിയ്ക്കണേ!

കുട്ടിപ്പതറിച്ച പിടി-
ച്ചിട്ടിവനറിയുന്നതില്ല പൊരുതുകിലും;
ഒട്ടുക്കിതു താൻതാൻ ചെ-
യ്തിട്ടു, പരൻ ചെയ്തതായ് നിനയ്ക്കയാം. 62

ഉത്തരൻ:—ഇവിടുന്നു സംശയം തീർത്തുകൊാംക: ഇതു പറഞ്ഞു തരും—

കൈത്തണ്ടമേൽ മറവിലാ-
യിതാ, ഗാണ്ഡീവഞാൺവടു!
ഏറെ മാഞ്ഞുകഴിഞ്ഞീലി–
തീരാറാണ്ടുകരാം ചെല്ലിലും. 63

ബൃഹന്നള:—

ഇതെ,ൻ കൈത്തണ്ടിൽ, വളക–
ളിട്ടിട്ടുണ്ടായിവന്നതായ്
ഇറുക്കത്താൽ നിറം മാറി-
ച്ചമഞ്ഞോരു തഴമ്പുതാൻ. 64

രാജാ:—ഞാനുമൊന്നു നോക്കട്ടെ.

ബൃഹന്നള:—

ഹരശരനിരയുടൽ പുല്കിയ
ഭരതഭവൻ ജിഷ്ണുവാണു ഞാനെങ്കിൽ,
ഇതു ഭീമസേനനായ്‌വരു,-
മിതു നൂനം ധർമ്മപുത്രനൃപതിയുമാം. 65

രാജാ:—അല്ലയോ ധർമ്മരാജ, വൃകോദര, ധനഞ്ജയ, നിങ്ങളെന്താണ് എന്നെ വിശ്വസിയ്ക്കാത്തതു്? ആവട്ടെ, സമയമാവട്ടെ. ബൃഹന്നളേ, നീ അകത്തേയ്ക്കു പൊയ്ക്കൊാംക.

Digitized By Kerala Sahitya Akademi

ബൃഹന്നള:—മഹാരാജാവിൻെറ കല്പനപോലെ.

യുധിഷ്ഠിരൻ:—അർജ്ജുന, അകത്തേയ്ക്കു പോകണമെന്നില്ല: നമ്മുടെ പ്രതിജ്ഞ അവസാനിച്ചിരിയ്ക്കുന്നു.

അർജ്ജുനൻ:—ജ്യേഷ്ഠൻെറ കല്പനപോലെ.

രാജാ:—

പ്രതിജ്ഞ നിറവേററാനായ്-
സ്സത്യസംഗമർ പാണ്ഡവർ
ശൂരന്മാർ വാഴ്കയാൽപ്പാരം
ശുദ്ധമായ്ത്തീർന്നിതെൻ കുലം! 66

അഭിമന്യു:—(ആത്മഗതം) ഈ മാന്യന്മാർ എൻെറ പിതാക്കന്മാരാണോ? അതുകൊണ്ടുതന്നെയാണ്,

പഴിയ്ക്കുമെന്നോടരിശപ്പെടാത്തതും,
പിരിച്ചുകൊണ്ടെന്നെയുടൻ പഴിപ്പതും;
ശുഭാന്തമായ് ഗോഗ്രഹണപ്രസംഗ,മെൻ--
പിതാക്കളെക്കണ്ടതുകൊണ്ടു ഭാഗ്യമേ! 67

(ഭീമസേനനോട്) അച്ഛാ,

മുല്പാടു വന്ദിച്ചീലല്ലോ
താൽപ്പാദ,മറിയാഞ്ഞു ഞാൻ;
മകൻെറയിത്തെററിൽ മനം
കനിഞ്ഞരുളിടേണമേ! 68

ഭീമസേനൻ:— മകനേ, വരു, വരു. നീ പിതാവിനൊത്ത പരാക്രമിയായി ഭവിച്ചാലും!

അഭിമന്യു:— ഞാൻ അനുഗൃഹീതനായി!

ഭീമസേനൻ:— മകനേ, അച്ഛനെ വന്ദിയ്ക്കൂ.

65. ഭരതഭവൻ = ഭരതവംശത്തിൽജനിച്ചവൻ. ജിഷ്ണു = അർജ്ജുനൻ.

67. ശുഭാന്തം = ശുഭമായ അവസാനത്തോടുകൂടിയത്. ഗോഗ്രഹണത്തിന്നിടയായത്.

Digitized By Kerala Sahitya Akademi

അഭിമന്യു:— അച്ഛ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

അർജ്ജുനൻ:—ഉണ്ണീ, വരു, വരൂ-

ചിത്തം കളിപ്പിച്ചിടുമീ-
പ്പുത്രഗാത്രസമാഗമം,
പതിമ്മൂവാണ്ടുചെന്നിട്ടു
ദൂരാൽത്തിരിയെ വന്നതാം! 69

ഉണ്ണീ, വിരാടരാജാവിനെ അഭിവാദ്യം ചെയ്യു.

രാജാ:— ഉണ്ണീ, വരു, വരൂ:

ശ്രീമദ്യുധിഷ്ഠിരനു ചേർന്ന മനസ്സുറപ്പും,
ഭീമന്റെ കെൽപുമഥ വാസവിതൻ മിടുക്കും,
മാദ്രേയർതന്നഴകു, ബുദ്ധി, ജഗൽപ്രിയത്വം
ചാർത്തുന്ന കൃഷ്ണനുടെ കീർത്തിയുമേല്ക്ക നീതാൻ! 70

(ആത്മഗതം) ഉത്തരാസഹവാസം എനിയ്ക്കു മനശ്ശല്യമുണ്ടാക്കുന്നു. ഇപ്പോൾ എന്തുചെയ്യേണ്ടു? ആവട്ടെ വഴി കണ്ടു.

(പ്രകാശം) ആരവിടെ?

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു സർവ്വോൽക്കർഷേണ വർത്തിച്ചാലും!

രാജാ:— കുറെ വെള്ളം.

ഭടൻ:— കല്പനപോലെ (പോയി, പ്രവേശിച്ച്) ഇതാ, തണ്ണീർ.

രാജാ:— (വാങ്ങിയിട്ട്) അർജ്ജുന, ഗോഗ്രഹണത്തിൽ ജയിച്ചതിന്നു പ്രതിഫലമായി ഉത്തരയെ വാങ്ങിക്കൊൾക.

യുധിഷ്ഠിരൻ:— (ആത്മഗതം) ഇതാ, തലതാന്നു!

അർജ്ജുനൻ:— (ആത്മഗതം) എന്റെ ചാരിത്രം ഉരക്കിനോക്കുകയാണോ? (പ്രകാശം) ഹേ, രാജാവേ,

70. വാസവി = ഇന്ദ്രപുത്രൻ (അർജ്ജുനൻ)

Digitized By Kerala Sahitya Akademi

അന്തഃപുരത്തെയെല്ലാം ഞാ-
നമ്മയെപ്പോലെ നണ്ണിനേൻ;
അങ്ങേകമീയുത്തരയെ-
പ്പുത്രനായിട്ടു വാങ്ങുവൻ! 71

യുധിഷ്ഠിരൻ:— (ആത്മഗതം) ഇതാ, തല ഉയന്നു!

രാജാ:—

ദൃഢമാഹവശൂരരാം പുമാന്മാ-
രുടെ മര്യാദയിലുന്നിനിന്നിദാനീം
ശരിയായ് നിറവേററിവെച്ചിതന്തഃ-
പുരവാസത്തിനു തക്കതായ കമ്മം. 72

ഇന്നു നല്ല നാളാണ്; ഉണ്ണിയുടെ വിവാഹം ഇന്നുതന്നെ നടത്താം.

യുധിഷ്ഠിരൻ:—ആവട്ടെ, പിതാമഹൻെറ അടുക്കലേയ്ക്കു് ഉത്തരനെ അയയ്ക്കാം.

രാജാ:—അങ്ങയുടെ ഇഷ്ടംപോലെ. ധമ്മരാജ, വൃകോദര, ധനഞ്ജയ, ഭവാന്മാർ ഇതിലേ, ഇതിലേ. ഈ സന്തോഷത്തോടുകൂടിത്തന്നെ അകത്തേയ്ക്കു പോകാം.

എല്ലാവരും:—അങ്ങിനെതന്നെ.

(പോയി)

രണ്ടാമങ്കം.

Digitized By Kerala Sahitya Akademi

# മൂന്നാമങ്കം

(ഒരു സൂതൻ പ്രവേശിക്കുന്നു.)

സൂതൻ:—ഹേ ഹേ സർവക്ഷത്രിയാചാര്യരെ മുൻനിർത്തിയ ക്ഷ ത്രിയന്മാരോട് അറിയിക്കുവിൻ, അറിയിക്കുവിൻ!

ഇതാ,

മുരാരിയുടെ ചക്രമെന്നതു നിന-
ച്ചു കൂസാതെയും,
ചിരാപഗതരാം പൃഥാതനയരെ-
ഗ്ഗണിക്കാതെയും,
ശരിക്കു പടവില്ലിണങ്ങിയ കുരു-
ക്കരം കാക്കായ്കയാൽ
ഹരിച്ചിതഭിമന്യുവെ;—സ്സപദി ല-
ജ്ജ പൂണ്ടീടുവിൻ! 1

എന്ന്,

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിക്കുന്നു.)

ദ്രോണർ:—സൂത, പറക, പറക:

ആരാഹന്ത, ഹരിച്ചു യുദ്ധപടുവാ-
മെൻ ശിഷ്യദായാദനെ?—
പ്പോരാടാൻ കൊതിയേവനുണ്ടിവിടെയെൻ-
ദിവ്യാസ്ത്രവൃന്ദങ്ങളായ്?
പേരുററായവനേയുമസ്ത്രബലവും
ചൊല്ലീടുകെല്ലാം ഭവാൻ;
പോരും പത്രികളായ ദൂതരെ മുറ—
യ്ക്കങ്ങോട്ടയയ്ക്കട്ടെ ഞാൻ! 2

1. ചിരാപഗതർ = ഏറെക്കാലമായിട്ട് എങ്ങോട്ടോ പോയിരിക്കുന്നവർ. ഹരിച്ചു = കൊണ്ടുപോയി.

2. പോരും = ത്രാണിയുള്ള. പത്രികൾ = ശരങ്ങൾ.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—സൂത, പറക, പറക:

തോററിട്ടൊഴിയ്ക്കലറിയാത്തവനെന്ന കേടാൽ
ചോരത്തിളപ്പൊടു പുറം തിരിയാതെ നില്ക്കേ,
ഇക്കൊച്ചുകുഞ്ജരനെയേതു ഗജപ്പിടുത്ത-
ക്കാരൻ പിടിച്ചിതി, ഹ കൂട്ടമകന്ന ലാക്കിൽ? 3

(അനന്തരം ദുര്യോധനനും കർണ്ണനും ശകുനിയും പ്രവേശിയ്ക്കുന്നു.)

ദുര്യോധനൻ:—സൂത, പറക, പറക: ആരാണ് അഭിമന്യുവിനെ കൊണ്ടുപോയത്? ഞാൻതന്നെ അവനെ വിടുവിയ്ക്കാം. എന്തുകൊണ്ടെന്നാൽ,

ഇവനുടയ പിതാക്കന്മാരിൽ ഞാൻ വൈരിയല്ലോ;
ജനമിതിലതിനാലേ ദോഷമെന്നിൽച്ചുമത്തും;
ഇവനിൽ മമതയും മേ കൂടുമപ്പാർത്ഥരെക്കാ-
ളി,-ഹ കലഹത്തിൽക്കുട്ടികൾക്കെന്തു കുററം? 4

കർണ്ണൻ:—ഗാന്ധാരീനന്ദന, അതിസ്നേഹത്തിലും അനാത്രപനിലയിലുമാണ് അങ്ങു പറഞ്ഞത്. എന്നാൽ,

ഓർക്കേണ്ട ബന്ധുനിലയോ ശിശുവെന്നതോ; നി-
ന്നിഷ്ടത്തിനല്പി,യടർമുന്നിലനർത്ഥമേററു?
നാം രക്ഷ നല്കിയതുമില്ലഭിമന്യുവിന്നു;
പാപം കളഞ്ഞിനിയെടുക്കുക വല്ലലങ്ങൾ: 5

ശകുനി:—സൌഭദ്രന്നു രക്ഷിതാക്കന്മാർ വളരേയുണ്ടല്ലോ, വിടുതികിട്ടിയതായിത്തന്നെ കരുതാം. എന്തുകൊണ്ടെന്നാൽ,

പാർത്ഥൻതൻ മകനെന്നറിഞ്ഞു തനിയേ
കൈവിട്ടിടും കൃഷ്ണനെ-
പ്പേർത്തോർത്തും സമരാങ്കണാവജിതനെ-
ബ്ഭ്രൂപൻ വിരാടൻ വിടും;

30

Digitized By Kerala Sahitya Akademi

ചീററത്താൽക്കരി വീശിടും മുസലീയെ-
പ്പേടിച്ച വിട്ടെന്നമാം:
ക്രൂററൻ മാരുതിയോ രിപുപ്രബലരെ-
ക്കൊന്നിട്ടു കൊണ്ടങ്ങുപോം. 6

ദ്രോണർ:—സൂത, പറക, പറക: എങ്ങിനെയാണ് പിടിയിൽ പ്പെട്ടുപോയത്?

തേരെങ്ങാനും ചെരിഞ്ഞോ? കുതിര പതറിയോ?
ഭൂമി ചക്രത്തെ നിത്താൻ-
പോരെന്നായോ? കിഴിഞ്ഞോ കണകം? പിഴ റിന-
ക്കേററിതോ ഞാൺ മുറിഞ്ഞോ?
പോരിൽക്കേടേവമുണ്ടാം രഥികന വിധിയാൽ;-
ശ്ശത്രുശസ്ത്രങ്ങളേറും
ചേരാം വല്ലായ്മ;-യെന്നാലവനരിയ പയ-
ററിന്നു മേലാളിയല്ലോ. 7

സൂതൻ:—തിരുമേനി ധനുർവേദം പുരുഷാകൃതി പൂണ്ടതാണെന്ന് ഇവിടെയ്ക്കറിഞ്ഞുകൂടയോ?

ഇതിൽബ്ഭവാൻ ചൊല്ലിയ ദോഷമൊന്നുമി-
ല്ല,സംഖ്യബാണാനചിതനാ മഹാരഥൻ;
അലാതചക്രോപമമെൻെറ തേരെതി-
ത്തണഞ്ഞു കാലാളൊരുവൻ പിടിച്ചിതേ. 8

എല്ലാവരും:—കാലാളോ?

ദ്രോണർ:—എങ്ങിനെയുള്ളവനാണ് ഈ കാലാററ?

സൂതൻ:—രൂപമോ പരാക്രമമോ അടിയൻ പറയേണ്ടൂ?

6. സമ......ജിതനെ = പോർക്കളത്തിൽനിന്നും പിടിച്ചുകൊണ്ടുപോകപ്പെട്ടവനെ. മുസലി = ബലരാമൻ. രിപുപ്രബലരെ = ബലമേറിയ വൈരികളെ.

7. രഥികൻ = തേരിലേറി പൊരുതുന്നവൻ.

8. അലാതചക്രോപമം = തീച്ചക്രംപോലെ തിരിയുന്നത്.

Digitized By Kerala Sahitya Akademi

ഭീഷ്മർ:— രൂപം സ്ത്രീകൾക്കു; പുരുഷന്മാൎക്കു പരാക്രമമാണ്. അതിനാൽ അവന്റെ പരാക്രമം പറയുക.

സൂതൻ:—തിരുമേനി:—

ദുര്യോധനൻ:—

എന്തിനായ് നീ പുകഴ്ത്തുന്നു
കേമമായിട്ടൊരുത്തനെ?
ചൊല്ലു, മേ ഭയമില്ലായാരം
വായുവേഗാഢ്യനാകിലും.

സൂതൻ: മഹാരാജാവു കേൾക്കണം. അയാളാകട്ടെ,

കതിരകളെജ്ജവമൊടു വ–
ന്നതിലംഘിച്ചുഗ്രസീമ്നി കൈവെച്ചാൻ;
നിശ്ചലമായ് നിന്നു രഥം,
നീട്ടിയ വാജിയാഴത്തെ ഴും! 10

ഭീഷ്മർ: എന്നാൽ ആയുധം വെച്ചൂ.

എല്ലാവരും:— എന്തുകൊണ്ട്?

ഭീഷ്മർ:—

കൈവെച്ചു തേരിളകിടാതെ നിറുത്തിയെങ്കിൽ–
ബ്ഭീമന്റെ വാർമടിയിലാണവനെന്നുറയ്ക്കാം:
പണ്ടായവൻ ദ്രുപദജാഹരണത്തിൽ വെന്നു–
വല്ലോ ജയദ്രഥനെയാശു, പദാതിയായ്ത്താൻ, 11

ദ്രോണർ-— ഗാംഗേയൻ പറയുന്നതു ശരിയാണ്. കുട്ടിക്കാലത്തു പഠിപ്പിച്ചുതുടങ്ങിയതുമുതല്ക്ക് അവന്റെ ഗതിവേഗം എനിയ്ക്കറിയാം.

കളരിയിൽവെച്ച്,

ചെവിവരെയുമൊരമ്പവൻ വലിച്ചെ–
യ്തളവു, ശിരസ്സു വിറച്ചതായുരച്ചേൻ;

10. വാജി = കതിര.

Digitized By Kerala Sahitya Akademi

ഉടനവനിഷുവൊത്തുപോയ്പ്പിടിച്ചാൻ
ശരമതു, ഖാക്കൾ തൊട്ടുന്നതിന്നു മുന്നേ. 12

ശകുനി:— അയ്യ, ചിരി വരും പറയുന്നതു കേട്ടാൽ! ഞാൻ ഇവിടത്തോടൊന്നു ചോദിയ്ക്കട്ടെയോ?

ഇല്ലേ പാരിൽക്കരുത്തന്യ-
ന്നെ?–ല്ലാം ചൊല്ലുന്നതിഷ്ടരിൽ!
എങ്ങും നിറഞ്ഞുകാണുന്നോ,
നിങ്ങളൊട്ടുക്ക പാൎത്ഥരെ? 13

ഭീഷ്മർ:— ഗാന്ധാരരാജാവേ, എല്ലാം അനുമാനംകൊണ്ടു പറകയാണ്,

തേരേറി വില്ലമ്പുകളേന്തിയല്ല
പോരിന്നു പോകുന്നു പരക്കെ നമ്മരും;
രണ്ടാം വെറുംകയ്യൊടടക്കു ചെൽവോ-
രുണ്ടാം, പ്രലംബാരിവൃകോദരന്മാർ! 14

ശകുനി;—

ആരോ തനിയേ വെന്നു
സാഹസപരരായ നമ്മളെസ്സഹസാ
ഉത്തരനാമവനേയും
ചിലരജ്ജുനനെന്നുരച്ചേയ്ക്കാം! 15

ദ്രോണർ:— ഹേ ഗാന്ധാരരാജാവേ, ഇതിലും ഭവാനു സംശയമുണ്ടോ?

ദൃഢമുത്തരനും വലിയ്ക്കുമോ വി-
ല്ലി,ടിവാളിൻെറയിരമ്പൽ ചേൎത്തു പോരിൽ?
രവി,യുത്തരബാണരാജിയാലും
വെയിലറെറാട്ടിടയസ്തമിച്ചുപോമോ? 16

12. ഇഷു = ശരം.
14. പ്രലംബാ.........രന്മാർ = ബലരാമനും ഭീമനും.

ഭീഷ്മർ:— ഗാന്ധാരീനന്ദന, വെളിവായിപ്പറയാം. അങ്ങേയ്ക്കു് മനസ്സിലായില്ലേ.

ബാണപുംഖാക്ഷരം ചേൎന്ന
ഞാൺനാവിൻ വചനങ്ങളാൽ?
വിൽ വലിച്ചതു പാൎത്ഥൻതാൻ,
ചെവി നല്കീലയോ ഭവാൻ? 17

സൂതൻ:— (പ്രവേശിച്ചു്) തിരുമേനി ജയിച്ചാലും! ഒരു ശാന്തികൎമ്മം കഴിക്കണം.

ഭീഷ്മർ:—എന്തിനു്?

സൂതൻ:—

ഇതങ്ങു ചെയ്യാറുണ്ടല്ലോ
ധ്വജത്തെക്കണെ തീണ്ടിയാൽ;
ഇതാ, ആരുടെയോ ബാണം!
കടക്കൽക്കാണ്മതുണ്ടു പേർ. 18

ഭീഷ്മർ:—കൊണ്ടുവരു.

(സൂതൻ കൊണ്ടുചെല്ലുന്നു.)

ഭീഷ്മർ:—(വാങ്ങി നോക്കിയിട്ടു്) ഉണ്ണീ, ഗാന്ധാരരാജാവേ, പ്രായാധിക്യത്താൽ എന്റെ കണ്ണിന്നു കാഴ്ചപോരാ. ഇതൊന്നു വായിക്കു.

ശകുനി:—(വായിച്ചിട്ടു്) അൎജ്ജുനന്റെ.

(എന്നു വലിച്ചെറിയുന്നു. അതു ദ്രോണരുടെ കാല്ക്കൽ വീഴുന്നു.)

ദ്രോണർ:—(ബാണമെടുത്തിട്ടു്) ഉണ്ണീ; വരു, വരു!

ഇതാ, ഭീഷ്മരെ വന്ദിപ്പാ-
നെൻ ശിഷ്യൻ വിട്ട സായകം:
എന്നെ ക്രമേണ വന്ദിപ്പാൻ
മന്നിൽ വീണിതു കാല്ക്കലായ്! 19

17. ബാണപുംഖാക്ഷരങ്ങൾ = അമ്പിൻകടയ്ക്കലുള്ള അക്ഷരങ്ങൾ. ഞാണൊലികളെ വാക്കുകളായി കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

ശകുനി:—ശരംകൊണ്ടുള്ള ഊഹം ശരിയല്ല.

ഭടനർജ്ജുനനെന്നൊരുത്തനുണ്ടാം;
ദൃഢമീയമ്പവനെയ്തുവിട്ടതാവാം,
അഥവാ, തെളിവായ് വരുത്തിടേണം
ചിതമോടുത്തരനുള്ള കയ്യെഴുത്തും. 20

ദുര്യോധനൻ:—

അവർക്ക രാജ്യം നല്കിപ്പാ-
നനൃതം ചൊല്വതാകിലോ?
ദൃഢം ധർമ്മജനെക്കണ്ടാൽ
കൊടുക്കാം പാതി നാടു ഞാൻ. 21

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! വിരാടനഗരത്തിൽനിന്ന് ഒരു ദൂതൻ വന്നിരിക്കുന്നു.

ദുര്യോധനൻ:—കൂട്ടിക്കൊണ്ടു വാ.

ഭടൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയി)

(പിന്നെ ഉത്തരൻ പ്രവേശിക്കുന്നു.)

ഉത്തരൻ:—

മുറയ്ക്കു തുരഗങ്ങളെപ്പുരുജവ-
ത്തിലോടിക്കിലും,
കുറച്ചു വഴി പോരുവാൻ മമ രഥം
വിളംബിച്ചുപോയ്;
കിരീടിശരകൃത്തരാം കരികളാൽ
നിരപ്പററതാം
ധരിത്രിയിൽ ഞെരുങ്ങിയാണഹഹ, പോ-
ന്നതെൻ വാജികൾ! 22

21. അനൃതം = നുണ.

22. വിളംബിച്ചു = താമസിച്ചു. കിരീടിശരകൃത്തർ = അർജ്ജുനന്റെ ശരങ്ങളേററു കൈമുറിഞ്ഞവർ.

Digitized By Kerala Sahitya Akademi

(അടുത്തുചെന്നു തൊഴുത്) ആചാര്യപിതാമഹാദികളായ എല്ലാ രാജാക്കന്മാരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

എല്ലാവരും:— ഉണ്ണീ, ദീർഘായുസ്സായിരിയ്ക്കുക!

ദ്രോണർ:— അവിടുന്ന്, വിരാടേശ്വരൻ എന്താണ് പറഞ്ഞയച്ചിട്ടുള്ളത്?

ഉത്തരൻ:— അവിടുന്നല്ല എന്നെ അയച്ചത്.

ദ്രോണർ:— പിന്നെ ആരാണ് ഉണ്ണിയെ പറഞ്ഞയച്ചത്?

ഉത്തരൻ; — അത്രഭവാൻ യുധിഷ്ഠിരൻ.

ദ്രോണർ:— എന്താണ് ധർമ്മജൻ പറഞ്ഞയച്ചിട്ടുള്ളത്?

ഉത്തരൻ:— കേട്ടാലും,

ഉത്തരയെ സ്നുഷയായ് മേ
കിട്ടി; നൃപന്മാരെ ഞാൻക്ഷണിയ്ക്കുന്നു;
അവിടെത്താനോ, ഇങ്ങോ,
പരിണയമെവിടത്തിൽവെച്ചു ചെയ്യേണ്ടൂ? 23

ശകുനി:— അവിടെത്തന്നെ, അവിടെത്തന്നെ.

ദ്രോണർ:—

ഏവം ഞാൻ വാർത്തയെത്തിച്ചേൻ;
തീർന്നിട്ടില്ലഞ്ചു രാത്രിയും;
ധർമ്മത്താലേററതാം ഭിക്ഷ
ധർമ്മത്താൽത്തന്നെ നല്ക മേ! 24

ദുര്യോധനൻ:—

ഓഹോ, രാജ്യമിതാ, നല്കി
മുന്മട്ടിൽപ്പാണ്ഡവർക്ക ഞാൻ:
ചത്താലും, മർത്ത്യരെപ്പേരും
സത്യം നില്ക്കുകിൽ നില്ക്കുമേ! 25

24. വാർത്ത = പാണ്ഡവന്മാരുടെ വർത്തമാനം.

Digitized By Kerala Sahitya Akademi

ദ്രോണർ:—

അഹോ, സന്തുഷ്ടർ നാമെല്ലാം
ഗൃഹച്ഛിദ്രം നശിയ്ക്കയാൽ!
ഇമ്മന്നൊക്കെബ്ഭേരിയ്ക്കട്ടേ,
നമ്മൾതൻ നൃപപുംഗവൻ! 26

(എല്ലാവരും പോയി.)

## മൂന്നാമങ്കം

# അഭിജ്ഞാനശാകുന്തളം

(പ്രിയംവദ എന്ന ടീകയോടുകൂടിയത്)



Digitized By Kerala Sahitya Akademi

Abhijnana Sakuntalam
Vallathol
1978 ഡിസമ്പർ
പകർപ്പവകാശം:
സി. ശ്രീകുമാറിന്ന്

Digitized By Kerala Sahitya Akademi

## സമർപ്പണം

ഒരു നാല്പതിൽപ്പരം സംവത്സരങ്ങൾക്കുമുമ്പേ, ആരുടെ നിർവ്യാജമായ സ്വഭാഷാഭിമാനം അഭിജ്ഞാനശാകുന്തളമെന്ന സാഹിത്യരത്നത്തെ, ഇന്നത്തേക്കാൾ ദരിദ്രയായിരുന്ന കൈരളിയുടെ കയ്യിൽ കൊടുത്തേല്പിച്ചുവോ; ആരുടെ വിശാലമായ ഹൃദയം, ഞങ്കൽ, ഒരു ശിഷ്യങ്കലെന്നപോലെ, വാത്സല്യാമൃതത്തെ പൊഴിച്ചുകൊണ്ടിരുന്നുവോ, ആ പുണ്യശ്ലോകനായ

**കേരളവർമ്മ**

**വലിയ കോയിത്തമ്പുരാൻ**

**തിരുമേനിയുടെ പാവനസ്മരണയ്ക്ക്.**

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അവതാരിക

കാളിദാസമഹാകവിയുടെ കീർത്തിലക്ഷ്മി കാലദേശഭേദകല്പിതങ്ങളായ പരിധികളെ ലംഘിച്ച് വിശ്വരംഗത്തിലെങ്ങും നിത്യനൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. വശ്യവചസ്സായ ആ കവികോകിലത്തിന്റെ കളകൂജിതം ആയിരത്തഞ്ഞൂറിൽപ്പരം വർഷങ്ങളായി, സഹൃദയലോകത്തെ സുധാരസധാരയിൽ ആറാടിക്കുവാൻ തുടങ്ങിയിട്ട്. ഒന്നരനൂറ്റാണ്ടോളം കാലം ആര്യാവർത്തത്തെ മുഴുവൻ ഏകാതപത്രച്ഛായയിൽ ഇളകൊള്ളിച്ച ഗുപ്തസാമ്രാജ്യലക്ഷ്മി സംസ്കൃതഭാഷയ്ക്കു നല്കിയ അമൂല്യമായ ഒരു സംഭാവനയാണ് കാളിദാസകവിത. ഗുപ്തസാമ്രാജ്യത്തിന്റെ പ്രതാപകാലത്ത് സംസ്കൃതഭാഷയ്ക്കും ഹൈന്ദവസംസ്കാരത്തിനും ഉണ്ടായതായി ചരിത്രത്തിൽ നിന്നറിയുന്ന 'നവോത്ഥാന' (Renaissance)ത്തിന്റെ നവചൈതന്യസൃഷ്ടിയാണ് കാളിദാസകവിതയിൽ കളിയാടുന്നത്. ഗുപ്തവംശാലങ്കാരമായ വിക്രമാദിത്യചക്രവർത്തിയുടെ സാമ്രാജ്യലക്ഷ്മി സാഹിതീദേവിയെ സ്വാസനാർദ്ധസഖിയാക്കി സല്ക്കരിച്ച കഥ ഇന്ത്യയെ ഇന്നും കോരിത്തരിപ്പിക്കുന്ന ഒന്നാണ്. വിക്രമാദിത്യന്റെ വിദ്വൽക്കവിസദസ്സിനെ അലങ്കരിച്ചിരുന്ന 'നവരത്ന'* മാലയിലെ

---

* 'ധന്വന്തരിക്ഷപണകാമരസിംഹശങ്കു —വേതാളഭട്ടഘടകർപ്പരകാളിദാസാഃ—ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം രത്നാനി വൈ വരരുചിർന്നവവിക്രമസ്യ' എന്ന പ്രസിദ്ധശ്ലോകത്തിൽ പ്രസ്താവിക്കപ്പെട്ട ഒമ്പതു മഹാന്മാരെയാണ് 'നവരത്നങ്ങൾ' എന്നു പറയുന്നത്. ഇവർ എല്ലാവരും ഏകകാലത്തു ജീവിച്ചിരുന്നവരല്ല, എന്നാണ് ചരിത്രകാരന്മാരുടെ മതം. വിക്രമാദിത്യൻ ക്രി. വ. 375 മുതൽ 413 വരെ ഉജ്ജയിനിയിൽ രാജ്യഭാരം ചെയ്തതായി ചരിത്രം പറയുന്നു. 'നവരത്ന'ങ്ങളിൽപ്പെട്ട മറ്റുള്ളവരുടെ കാര്യം എങ്ങിനെയിരുന്നാലും, കാളിദാസൻ വിക്രമാദിത്യന്റെ സമകാലികനും, സദസ്യകവിയുമായിരുന്നു എന്നുള്ളതിനു് ഐതിഹ്യവും ചരിത്രവും സാക്ഷി നില്ക്കുന്നുണ്ട്. എന്നാൽ, കാളിദാസന്റെ കാലം ക്രിസ്തുവർഷാരംഭത്തിനു ശേഷം ആറാം

Digitized By Kerala Sahitya Akademi

നട്ടനായകമണിയായിരുന്ന കാളിദാസൻ. കാളിദാസനെപ്പോലെ സംസ്കൃതഭാഷയുടെ സൌഭാഗ്യത്തിന് ഇത്ര മാററുകൂട്ടിയിട്ടുള്ള മറെറാരു കവി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

മനുഷ്യഹൃദയത്തിൽ തുളുമ്പുന്ന മൃദുലങ്ങളായ വികാരങ്ങളേയും, പ്രകൃതിയിൽ പ്രതിഭാസിയ്ക്കുന്ന മനോഹരങ്ങളായ കാഴ്ചകളേയും വൎണ്ണിയ്ക്കുന്നതിൽ കാളിദാസനെ കവിഞ്ഞുനില്ക്കുവാൻ മറെറാരു കവിയ്ക്കും സാധിച്ചിട്ടില്ല. കാളിദാസൻെറ കല്പനാശക്തി കാമിനീകാമുകന്മാരുടെ മനോമണ്ഡലത്തിലും മഹർഷിമാരുടെ പുണ്യാശ്രമങ്ങളിലും, രാജാക്കന്മാരുടെ രാജധാനികളിലും ഒരുപോലെ ചതുരമായി ചരിയ്ക്കുന്നു. സ്ത്രീപുരുഷന്മാരുടെ പ്രണയസൌഭാഗ്യത്തേയും പ്രകൃതിയുടെ സൌന്ദൎയ്യവിലാസത്തേയും പററി ഇത്ര മധുരമായി ഗാനംചെയ്തിട്ടുള്ള ഒരു കവി ഒരു രാജ്യത്തുമുണ്ടായിട്ടില്ല എന്നാണ് കാളിദാസകൃതികളെ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്ത ആർതർ റൈഡർ പറഞ്ഞിട്ടുള്ളതു്. പ്രേമത്തിൻെറയും കാമത്തിൻെറയും മധ്യത്തിൽ കിടക്കുന്ന ആ അതിസൂക്ഷ്മമായ അതിൎത്തിരേഖയെ കാളിദാസൻ വ്യക്തമായി വേൎത്തിരിച്ചിട്ടുണ്ട്. സ്ത്രീപുംസപ്രേമത്തിനു ചാരിതാൎത്ഥ്യം ലഭിയ്ക്കുന്നതു ഭോഗംകൊണ്ടല്ലെന്നും ത്യാഗംകൊണ്ടാണെന്നും അദ്ദേഹം തൻെറ കൃതികളിൽ സ്പഷ്ടമായി വെളിപ്പെടുത്തിയിരിയ്ക്കുന്നു.

പരസ്പരപ്രാപ്തിനിരാശയോർവ്വരം
ശരീരനാശോപി സമാനരാഗയോഃ'

എന്നും,

---

നൂററാണ്ടാണെന്നും, മററുമുള്ള പക്ഷാന്തരങ്ങളും ഇല്ലാതെയില്ല. എന്നാൽ, കാളിദാസൻ ജീവിച്ചിരുന്നത് എ. ഡി. ആറാം നൂററാണ്ടിലാണെന്നും ഏഴാം നൂററാണ്ടിലാണെന്നുമുള്ള വാദങ്ങൾ എങ്ങിനെയും നിലനില്ക്കത്തക്കവയല്ലെന്ന് Mandasor inscription എന്നു പ്രസിദ്ധമായ വത്സഭട്ടിയുടെ ശിലാശാസനം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് Keith എന്ന സംസ്കൃതസാഹിത്യചരിത്രകാരൻ പറയുന്നത്. 472—73-ൽ സ്ഥാപിതമായിട്ടുള്ള പ്രസ്തുത ശിലാശാസനത്തിൽ, കാളിദാസൻെറ ഋതുസംഹാരത്തിലും മേഘസന്ദേശത്തിലുമുള്ള ചില ശ്ലോകങ്ങളുടെ അനുകരണം സ്പഷ്ടമായി കാണുന്നുണ്ട്.

Digitized By Kerala Sahitya Akademi

'അകൃതാൎത്ഥപി മനസിജേ
രതിമുഭയ പ്രാൎത്ഥനാ കതരതേ'

എന്നമുള്ള നാലുവരികളിൽ കാളിദാസന്റെ പ്രേമവിഷയകമായ തത്വജ്ഞാനം മുഴുവൻ അടങ്ങിയിട്ടുണ്ടു്.

കാളിദാസന്റെ കവിതയിൽ പ്രകൃതിയുടെ ലോകമെന്നും, മനുഷ്യന്റെ ലോകമെന്നും ഉള്ള വ്യത്യാസം കാണുന്നതല്ല. അദ്ദേഹത്തിന്റെ കല്പനാശക്തി പ്രകൃതിയുടെ ലോകത്തിൽ മനുഷ്യന്റെ ലോകത്തെയും, മനുഷ്യന്റെ ലോകത്തിൽ പ്രകൃതിയുടെ ലോകത്തെയും, നമുക്കു കാണിച്ചുതരുന്നു. വൃക്ഷങ്ങളും ലതകളും നദികളും തിൎയ്യക്കുകളും, മനുഷ്യരും എല്ലാം പരസ്പരം അനുകരിക്കുകയും സഹകരിക്കുകയും ചെയ്യുന്ന കാഴ്ചയാണു് കാളിദാസകൃതികളിൽ നാം കാണുന്നതു്. സ്ഥാവരത്തിലും ജംഗമത്തിലും എന്നതുപോലെ, ഭൂതത്തിലും വൎത്തമാനത്തിലും ഭാവിയിലും എല്ലാററിലും ഒരേ ഒരു ശക്തിയുടെ സംഘടിതമായ വ്യാപാരത്തെ ദൎശിക്കുന്ന ക്രാന്തദൎശിയായ ആ കവിസത്തമൻ ലോകത്തിലുള്ള യാതൊന്നിനേയും യാദൃച്ഛികമായി ഗണിക്കുന്നില്ല. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ലോകത്തിലെ സകല സംഭവങ്ങളും കാൎയ്യകാരണബന്ധശൃംഖലയുടെ ഓരോ കണ്ണികളാണു്. ശാകുന്തളത്തിൽ ദുഷ്ഷന്തൻ കണ്വാശ്രമത്തിൽ ചെല്ലുമ്പോഴും, കശ്യപാശ്രമത്തിൽ ചെല്ലുമ്പോഴും ദക്ഷിണബാഹുസ്പന്ദനം വഴിക്കു സംഭാവ്യമായ ശകുന്തളാദുഷ്ഷന്തന്മാരുടെ പ്രഥമസന്ദൎശനത്തെ അവസാനിപ്പിക്കുന്ന വനഗജവൃത്താന്തത്തിൽ, വരാനിരിക്കുന്ന ദുർവ്വാസസ്സിന്റെ ശാപമാകുന്ന അശുഭസംഭവത്തിന്റെ കരിനിഴൽ സൂക്ഷ്മദൃഷ്ടികൾക്കു കാണ്മാൻ കഴിയാത്തതല്ല. അതിപാവനമായ ആശ്രമഭൂവിൽവെച്ചു്, തപോവനനിരോധിയായ മന്മഥവികാരത്തിന്നു വശംവദരായി, വിവേകംകൂടാതെ അനുരാഗമാൎഗ്ഗത്തിൽ ചരിച്ച നായികാനായകന്മാരെ ദുർവ്വാസശ്ശാപംകൊണ്ടു കഠിനമായി ശിക്ഷിച്ച കവി തീക്ഷ്ണമായ ഒരു 'അഗ്നിപരീക്ഷ'കൊണ്ടാണു് പ്രേമത്തിന്റെ ശുദ്ധിയും ശക്തിയും തെളിയിച്ചിട്ടുള്ളതു്.

കവികളിൽ കാളിദാസനും കവിതകളിൽ കാളിദാസക

Digitized By Kerala Sahitya Akademi

വിതയും കാളിദാസകവിതയിൻ ശാകുന്തളവും മികച്ചുനില്ക്കുന്നു. കാളിദാസൻെറ കലാസൃഷ്ടിശക്തിയുടെ വിശേഷോത്തരമായ ഒരു ശില്പവേലയാണു് ശാകുന്തളം. ലോകത്തിലുള്ള സകല സുന്ദരവസ്തുക്കാംകൂടി ഒരൊററവാക്കു പറയണമെങ്കിൽ ശാകുന്തളം എന്നു പറഞ്ഞാൽ മതി എന്നു ജർമ്മൻ കവിയായ ഗീഥേ പറഞ്ഞിട്ടുള്ളതിൽ ഒട്ടും അതിശയോക്തിയില്ല. എപ്പോഴും വായിച്ചാലും പ്രതിനവരസമായിത്തോന്നുന്ന ശാകുന്തളത്തെ വിശ്വസാഹിത്യമലർവാടിയിലെ വാടാമലർ എന്നു പറയുന്നതു് എത്രയും യുക്തംതന്നെ.

ശാകുന്തളത്തെപ്പോലെ ഇത്രയധികം ലോകപ്രസിദ്ധി സമ്പാദിച്ച ഒരു സംസ്കൃതഗ്രന്ഥം വേറെയുണ്ടെന്നു തോന്നുന്നില്ല. ഇയ്യിടെ ഇന്ത്യയിൽവന്നുപോയ സൌത്താഫ്രിക്കൻ പ്രതിനിധിസംഘത്തിൻെറ നേതാവായ മിസ്റ്റർ മെയർ (Hofmeyr) ഇന്ത്യയെ 'ശാകുന്തളത്തിൻെറ നാടു്' എന്നാണു് പറഞ്ഞതു്. ഇംഗ്ലീഷ്, ജർമ്മൻ മുതലായ പ്രധാന യൂറോപ്യൻ ഭാഷകളിലെല്ലാം ശാകുന്തളത്തിന്നു് ഒന്നിലധികം തർജ്ജിമകാം ഉണ്ടായിട്ടുണ്ടു്. ഭാരതീയഭാഷാപ്രപഞ്ചത്തിൽ കടന്നു നോക്കിയാൽ, ചുരുങ്ങിയപക്ഷം ശാകുന്തളത്തിനു് ഒരു തർജ്ജിമയെങ്കിലും ഇല്ലാത്ത ഒരു മുതിന്ന ഭാഷയെ കാണ്മാൻ കഴിയുന്നതല്ല. സംസ്കൃതഭാഷയുമായി പലവിധത്തിലും സംബന്ധപ്പെട്ടിട്ടുള്ള മലയാളഭാഷയിൽ, എൻെറ അറിവിൽ പെട്ടേടത്തോളം ശാകുന്തളത്തിനു് ആറിൽ കുറയാതെ തർജ്ജിമകാം ഉണ്ടു്.

മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ശാകുന്തളവിവർത്തനങ്ങളിൽ പ്രാഥമ്യം വഹിയ്ക്കുന്നതു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മണിപ്രവാളശാകുന്തളമാകുന്നു. ശാകുന്തളത്തിന്നെന്നല്ല, ഒരു സംസ്കൃതനാടകത്തിനുതന്നെ ആദ്യമായി മലയാളത്തിലുണ്ടായ ഒരു തർജ്ജിമ വലിയ കോയിത്തമ്പുരാൻെറ മണിപ്രവാളശാകുന്തളമാണു്. ഒരുകാലത്തു് കേരളത്തിലെങ്ങും വേലിയേററംകൊണ്ടു നാടകഭ്രമത്തോടൊപ്പം പൊന്തിവന്ന നാടകസംഘങ്ങാം രംഗപ്രയോഗത്തിന്നു് ഉപയോഗപ്പെടുത്തിയതുവഴിയ്ക്കു മണിപ്രവാളശാകുന്തളത്തിന്നു പാമരന്മാരു

Digitized By Kerala Sahitya Akademi

ടെ ഇടയിൽക്കൂടി പ്രസിദ്ധിയുണ്ടാകുവാനിടയായിട്ടുണ്ടു്. 'മാനോക്കൊത്തു വളൎന്ന' എന്നും, 'അംഭോബിന്ദുതുഷാര' എന്നും മററുമുള്ള മണിപ്രവാളശാകുന്തളശ്ലോകങ്ങൾ സാഹിത്യവുമായി യാതൊരു ബന്ധവുമില്ലാത്ത സാധാരണന്മാൎക്കുകൂടി സുപരിചിതങ്ങളായിട്ടുള്ളവയാണു്.

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻെറ തൎജ്ജിമയ്ക്കു, 'ഭാഷാശാകുന്തളം' എന്ന പിന്നീടിട്ട പേരാണു് അധികം ഉചിതമായിക്കാണുന്നതു്. കോയിത്തമ്പുരാൻെറ ഭാഷ, 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന ലീലാതിലകലക്ഷണമനുസരിച്ചുള്ള പ്രാചീനമണിപ്രവാളത്തോടാണു് അധികം അടുത്തുനില്ക്കുന്നതു്. 'തമിഴ് മണിസംസ്കൃതം പവിഴം' എന്ന പ്രമാണപ്രകാരം മണിസ്ഥാനീയങ്ങളായ ഭാഷാപദങ്ങളുടേയും പ്രവാളസ്ഥാനീയങ്ങളായ സംസ്കൃതവിഭക്ത്യന്തപദങ്ങളുടേയും യോഗമാണു് വാസ്തവത്തിൽ മണിപ്രവാളം. എന്നാൽ, ഭാഷാപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും പരസ്പരം ചേൎക്കുന്ന ക്രമത്തിലും രീതിയിലും കാലക്രമത്തിൽ മാററം വന്നതിനാൽ, മണിപ്രവാളത്തിൻെറ സ്വരൂപത്തിനും അൎത്ഥത്തിനും പരിവൎത്തനം സംഭവിച്ചു. സംസ്കൃതപ്രകൃതികളോടു മലയാളപ്രത്യയങ്ങൾ ചേൎത്തു ഭാഷീകരിക്കപ്പെട്ട സംസ്കൃതപദങ്ങളുടേയും ശുദ്ധഭാഷാപദങ്ങളുടേയും യോഗമാണു് മണിപ്രവാളമെന്നു വന്നുകൂടി. സംസ്കൃതമലയാളപദങ്ങളുടെ സംകരത്തിൽ ഇങ്ങിനെ ഉണ്ടായിത്തീൎന്ന മാററങ്ങൾ പ്രാചീനമണിപ്രവാളത്തിൻെറ വ്യവസ്ഥകൾക്കു യോജിക്കാത്തതുകൊണ്ടു, മണിപ്രവാളമെന്ന സംജ്ഞതന്നേ ക്രമത്തിൽ ലുപ്തപ്രചാരമായിത്തീരുകയും ചെയ്തു.

ഭാഷാസംസ്കൃതയോഗത്തിൽ വന്ന ഈ മാററങ്ങൾ മണിപ്രവാളശാകുന്തളത്തിലെ ഭാഷയെ വളരെയൊന്നും സ്പൎശിച്ചിട്ടില്ല.

'യാതീഹ മുമ്പോട്ടു ജഡം ശരീരം
ചേതസ്സു പശ്ചാദവശം പ്രയാതി



Digitized By Kerala Sahitya Akademi

വാതസ്യ വേഗം പ്രതിനീയമാനം
കേതോഃ പതാകാംശുകമെന്നപോലെ.'

എന്നീവിധത്തിൽ പവിഴസംസ്കൃതത്തിന്റെ പംക്തി വളരെ കൂടിയിട്ടുള്ള മണിപ്രവാളശാകുന്തളത്തിലെ ഭാഷയ്ക്കു,

മുന്നോട്ടു നീങ്ങുന്നു ജഡം ശരീരം
പിന്നോട്ടു പായുന്നു മനസ്സനീശം
ഭിന്നിച്ചു കാററത്തു നയിച്ചിടുമ്പോൾ
ചീനംശുകം കൊടിയിലുള്ളൊരു കൂറപോലെ.'

എന്നിത്യാദികളിലുള്ള സമകാലികഭാഷയോടല്ല,

'ധന്യാതയോയരികിലുണ്ടിതാൾകൊണ്ടൽമദ്ധ്യേ
മിന്നുന്ന മിന്നലൊടു നേരിടുമംഗരേഖാ
തന്വംഗി കാചന വിലോചനവിഭ്രമശ്രീ-
സന്നാഹവഞ്ചിത ജഗത്ത്രയധൈര്യസാരാ.'

എന്നീ മട്ടിലുള്ള പ്രാചീനമണിപ്രവാളഭാഷയോടാണ് അധികം അടുപ്പമുള്ളതു്. മണിപ്രവാളശാകുന്തളത്തിലെ പ്രവാള പ്രചുരമായ ഈ ഭാഷ സംസ്കൃതപരിജ്ഞാനമില്ലാത്ത മലയാളികൾക്കു 'സുഗ്രഹയായ ഒരു ഗോവ്' അല്ലാതെവന്നതുകൊണ്ടാണ് പ്രൊഫസർ രാജരാജവർമ്മതമ്പുരാൻ അവർകളുടെ മലയാളശാകുന്തളം ആവിർഭവിയ്ക്കുവാൻ ഇടയായതു്. മലയാളശാകുന്തളം മുഖ്യമായി സുകുമാരമതികളായ വിദ്യാർത്ഥികളുടേയും, പഠിപ്പു കുറഞ്ഞ സാധാരണക്കാരുടേയും ഉപയോഗമുദ്ദേശിച്ച് രചിയ്ക്കപ്പെട്ടതാകയാൽ, അതു പലേടത്തും മൂലത്തിന്റെ തജ്ജിമ എന്ന നിലവിട്ട്, മൂലാർത്ഥത്തിന്റെ വിവരണമായിട്ടുണ്ട്. സാഭിപ്രായങ്ങളായ അല്പം ചില സമുചിത പദങ്ങൾകൊണ്ട് ആലോച്യമാനരമണീയങ്ങളായ അനല്പാർത്ഥങ്ങളെ പ്രകാശിപ്പിയ്ക്കുന്ന കാളിദാസകൃതികളെ പരിമിതാശയങ്ങളായ ഭാഷാപദങ്ങൾ ഉപയോഗിച്ച് വിവരണ രൂപത്തിൽ വിവർത്തനംചെയ്താൽ മൂലത്തിന്റെ ചമല്ക്കാരം ചോർന്നുപോകാതിരിപ്പാൻ നിവൃത്തിയില്ല.

Digitized By Kerala Sahitya Akademi

'തസ്യാഃ പുഷ്പമയീ ശരീരലുളിതാ
ശയ്യാ ശിലായാമിയം
ക്ലാന്തോ മന്മഥലേഖ ഏഷ നളിനീ–
പത്രേ നഖൈരർപ്പിതഃ
ഹസ്താൽ ഭ്രഷ്ടമിദം ബിസാഭരണമി–
ത്യാസജ്ജമാനേക്ഷണോ
നിർഗ്ഗന്തും സഹസാ ന വേതസഗൃഹാൽ
ശക്നോമി ശൂന്യാദപി.'

എന്ന മൂലശ്ലോകത്തിനും,

ഇക്കല്ലിൽ പുഷ്പതല്പം ദയിതതമ കിട–
ന്നിട്ടു കേടാന്നതത്രേ
ശുഷ്കം പത്മച്ഛദം പിന്നിതു നഖലിപി-
യേറോരു നൽകാമലേഖം
അക്കൈത്തണ്ടിങ്കൽ നിന്നൂന്നൊരു വിസവലയാ–
ണിക്കിടക്കുന്നതെന്നും
നോക്കുമ്പോഴം ഞാനശക്തൻ വിട്ടുവതിനിവിടം
ശൂന്യമെന്നാലുമിപ്പോഴം.'

(മലയാളശാകുന്തളം)

എന്ന തൎജ്ജിമശ്ലോകത്തിന്നും തമ്മിൽ ചമല്ക്കാരവിഷയത്തിലു ള്ള താരതമ്യം സഹൃദയന്മാൎക്കു സംവേദ്യമാണല്ലോ. മൂലത്തി ലെ 'ലുളിതാ' എന്നതിന്നു 'കേടാന്നതു' എന്നും 'ക്ലാന്തഃ' എന്ന തിന്നു 'ശുഷ്കം' എന്നും, 'ആസജ്ജമാനേക്ഷണഃ' എന്നതിന്നു 'നോക്കുമ്പോഴം'എന്നും പ്രകരം വെച്ചാൽ തൎജ്ജിമ ശരിയാവുക യില്ല. മൂലത്തിൻെറ ആശയവും ചമല്ക്കാരവും ശരിക്കു സംക്രമി ക്കുവാൻ ശക്തിയുള്ള ശബ്ദങ്ങളും ശബ്ദരചനയും ഇല്ലായ്കയാൽ ഈ തൎജ്ജിമ മൂലത്തിൻെറ നേൎത്തു മങ്ങിയ ഒരു നിഴൽപോലെ യാണു് നില്ക്കുന്നതു്.

കേരളവൎമ്മകോയിത്തമ്പുരാൻെറ തൎജ്ജമയ്ക്കും മൂലത്തിനും തമ്മിൽ രീതിവിഷയത്തിലുള്ള വൈജാത്യം വിസ്പഷ്ടമായിട്ടു ള്ളതാണു്. കേരളകാളിദാസൻെറ ഔജസ്വിയായ ഉദ്ധതപദ

Digitized By Kerala Sahitya Akademi

ബന്ധം, സാക്ഷാൽ കാളിദാസന്റെ പ്രസന്നമധുരമായ വൈദർഭീരീതിക്കു തീരെ യോജിയ്ക്കാത്തതാകയാൽ, അദ്ദേഹത്തിന്റെ പരിഭാഷയിൽ പലേടത്തും മൂലത്തിലെ മനോഹരങ്ങളായ ആശയങ്ങളും മധുരങ്ങളായ ഭാവങ്ങളും സ്ഫുരിക്കുവാൻ ഇടയാകാതെ പോയിട്ടുണ്ട്.

'പുല്ലിനെ മാൻ തുപ്പുന്നു'
നല്ലിളമയിൽ നർത്തനം നിറുത്തുന്നു
വല്ലികളാംത്താപത്താൽ
വെള്ളില കണ്ണീർകണങ്ങൾ ചൊരിയുന്നു'

എന്നിങ്ങനെയുള്ള ചുരുക്കം ചില പദ്യങ്ങളിൽ മാത്രമേ കേരളകാളിദാസന്റെ പദബന്ധരീതിയ്ക്കു തെല്ലൊരു സൌമ്യത കാണുന്നുള്ളു. മൂലത്തിലെ ആശയങ്ങളെ അടിച്ചുപരത്തി നീട്ടേണ്ടതായിട്ടും വന്നിട്ടുണ്ട്.

''ക്വ വയം ക്വ പരോക്ഷമന്മഥോ
മൃഗശാബൈസ്സമമേധിതോ ജനഃ
പരിഹാസവിജല്പിതം സഖേ
പരമാർത്ഥേന ന ഗൃഹ്യതാം വചഃ

എന്ന മൂലത്തിലെ ചെറിയ ശ്ലോകം, തർജ്ജിമയിൽ,

'മാനോടൊത്തു വളർന്ന മന്മഥകഥാ—
ഗന്ധം ഗ്രഹിയ്ക്കാത്തൊരാം
താനോ നാഗരികാംഗനാരസികനാ—
മെന്നെ ഭ്രമിപ്പിയ്ക്കുവാൻ?
ഞാനോരോന്നു വൃഥാ പറഞ്ഞു പരിഹാ—
സാർത്ഥം പരം തോഴരേ
താനോ ശ്ലാഘനതൊക്കെയിന്നു പരമാ—
ർത്ഥത്വേന ബോധിയ്ക്കൊലാ,'

എന്ന വലിയ ശ്ലോകമായി വളർന്നിരിയ്ക്കുന്നതു നോക്കുക. മൂലത്തിലുള്ള 'പരോക്ഷമന്മഥഃ' എന്ന വിശേഷണപദത്തെ 'മന്മഥകഥാഗന്ധം ഗ്രഹിയ്ക്കാത്ത' എന്നും, 'വയം' എന്ന പൂജാർത്ഥക ബഹുവചനപദത്തെ 'നാഗരികാംഗനാരസികനാമെന്നെ'

Digitized By Kerala Sahitya Akademi

എന്നുമായി തർജ്ജിമക്കാരൻ വിചാരിയ്ക്കുന്നതുകൊണ്ടു തർജ്ജിമ മൂല ത്തെ അതിശയിച്ചിരിയ്ക്കുന്നു എന്നു ചിലർ സ്തുതിച്ചു പറയാറു ണ്ട്. എന്നാൽ, മൂലത്തിലെ പ്രതിപാദനയുക്തിയും വ്യംഗ്യ ഭംഗിയും തർജ്ജിമയിൽ ചോർന്നുപോയിട്ടുള്ളതു് അവർ കേവ ലം കണ്ടിട്ടില്ലെന്നാണു് തോന്നുന്നതു്, 'മൃഗശാബൈഃ' എ ന്ന മൂലത്തിലെ 'ശാബ' ശബ്ദം തർജ്ജിമയിൽ വിട്ടുപോയിരി ക്കുന്നതിനാൽ, ശകുന്തള മന്മഥകഥാഗന്ധം ഗ്രഹിയ്ക്കാത്തവളാ ണെന്ന പ്രസ്താവന നിരാധാരമായിരിയ്ക്കുന്നു. മാൻകുട്ടികൾക്ക ല്ലാതെ മാനിന്നു മന്മഥകഥാഗന്ധം ഗ്രഹിക്കുവാൻ വയ്യായ്ക യാൽ മാനോടൊത്തു വളൎന്നുകൊണ്ടു ശകുന്തളയ്ക്കു മന്മഥകഥാ ഗന്ധമില്ലെന്നു വരുന്നതല്ല. മാനിന്നു മന്മഥകഥാജ്ഞാനമു ണ്ടെന്നു കാളിദാസൻതന്നെ,

'ശൃംഗേ കൃഷ്ണമൃഗസ്യ വാമനയനം
കണ്ഡൂയമാനാം മൃഗീം'

എന്നിത്യാദിഭാഗങ്ങളിൽ സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുണ്ടു്. പിന്നെ, 'വയം' എന്ന ബഹുമാനാത്മകമായ ബഹുവചനത്തി ന്റെ സ്വാരസ്യംകൊണ്ടു സിദ്ധിയ്ക്കുന്ന വ്യംഗ്യത്തെ 'നാഗരി കാംഗനാരസികനാ'മെന്നിപ്രകാരം വാച്യമാക്കിത്തീൎത്തതി നാൽ മൂലത്തിലെ വ്യംഗ്യഭംഗി തർജ്ജിമയിൽ ഇല്ലാതെ പോ വുകയും ചെയ്തിരിയ്ക്കുന്നു.

ഭാഷാപോഷണയജ്ഞത്തിൽ ബദ്ധദീക്ഷന്മാരായിരുന്ന കേരളകാളിദാസന്റേയും കേരളപാണിനിയുടേയും തർജ്ജിമക ളെപ്പററി ഇത്രയും ഇവിടെ വിമൎശനം ചെയ്തുകൊണ്ടു്, ആ വ ന്ദ്യഗുരുജനങ്ങൾ ചെയ്ത സാഹിത്യവ്യവസായത്തിന്റെ വില യെ ലഘൂകരിയ്ക്കുകയാണെന്നു് ആരും വിചാരിക്കുകയില്ലെ ന്നു കരുതുന്നു. കേരളഭാഷയുടെ ആചാൎയ്യന്മാരായ ആ ആരാ ധ്യപുരുഷന്മാരുടെ തർജ്ജിമകൾ ആവിർഭവിച്ച കാലവും, കാ ളിദാസകൃതിയുടെ ഗുണോൽകൃഷ്ടതയും, കേരളഭാഷയുടെ വി ഭവകാൎശ്യവും ആലോചിച്ചാൽ, ഈ വിധത്തിലെങ്കിലും വി ശേഷാത്തരമായ ശാകുന്തളം കൈരളിയ്ക്കു കരഗതമായിത്തീൎന്ന വല്ലോ എന്നോൎത്തു നാം തീൎച്ചയായും അവരുടെനേരെ കൃതജ്ഞ

Digitized By Kerala Sahitya Akademi

ന്മാരായിരിയ്ക്കുകതന്നെ വേണം: പക്ഷെ, അന്ത്യംകൊണ്ടു ശാകുന്തളത്തിന്റെ തർജ്ജിമ സംബന്ധിച്ച സർവ്വഥാ പൂജ്യന്മാരായി എന്നു നമുക്കു കൃതാത്ഥതപ്പെട്ടിരിക്കുവാൻ തരമി ല്ലെന്നേ ഉള്ളൂ.

പ്രാമാണികന്മാരുടെ വകയായി പ്രസിദ്ധങ്ങളായ രണ്ടു തജ്ജിമകൾ ഉണ്ടായിരുന്നിട്ടും ശാകുന്തളത്തിന്നു പണ്ഡിതവര്യ്യനായ ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരോടിയുടെ വകയായ പുതിയൊരു പരിഭാഷകൂടി ഇയ്യിടെ പുറത്തുവന്നതിൽനിന്നു മുകളിൽ പ്പറഞ്ഞ സംഗതിതന്നെയാണ് വെളിപ്പെടുന്നതു്. * വ്യാഖ്യാനഭേദംകൊണ്ടും പാഠഭേദംകൊണ്ടും മൂലംതന്നെ പലമാതിരിയി ലിരിയ്ക്കുന്ന സ്ഥിതിക്കു, പ്രസ്ഥാനഭേദംകൊണ്ടും രുചിഭേദം കൊണ്ടും തജ്ജിമകളും പലതുണ്ടാകുമെന്നു കേരളകാളിദാസൻതന്നെ പറഞ്ഞിട്ടുണ്ടു്. ശാകുന്തളത്തിന്നു പല പാഠഭേദങ്ങളും ഉള്ളതിൽ, കേരളപാഠം അനുസരിച്ചു, രചിച്ചിട്ടുള്ള മിസ്റ്റർ കൃഷ്ണപ്പിഷാരോടിയുടെ 'കേരളശാകുന്തള'ത്തിന്നു അവലംബമായി നില്ക്കുന്ന കേരളപാഠത്തിന്നും മററുള്ള പാഠങ്ങൾക്കും തമ്മിൽ പലേടത്തും വ്യത്യാസമുണ്ടെന്നുള്ളതിന്നു സംശയമില്ല. എന്നാൽ മിസ്റ്റർ പിഷാരോടിയുടെ കേരളപാഠത്തിന്നു മററുള്ള പാഠങ്ങളെ അപേക്ഷിച്ച് ഔചിത്യം അധികമുണ്ടെന്നു പറഞ്ഞിട്ടുള്ളതു് മുഴുവനും അങ്ങോട്ടു വകവെച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. കേരളപാഠത്തിന്നു പല സ്ഥലങ്ങളിലും സ്വാരസ്യവും സന്ദർഭശുദ്ധിയും അധികം കാണുന്നുണ്ടെങ്കിൽ ചില സ്ഥലങ്ങളിൽ അവ രണ്ടും കുറവായും കാണുന്നുണ്ടു്. വിദൂഷകോക്തിയായി മററുള്ള പാഠങ്ങളിൽ കാണുന്ന x 'അങ്ങുന്ന് ഈച്ചകളെയൊക്കെയും ഓടിച്ചു കളഞ്ഞു' എന്ന വാക്യത്തിന്റെ സ്ഥാനത്തു മിസ്റ്റർ പിഷാരോടിയുടെ കേരളപാഠത്തിൽ കാണുന്ന 'ഈച്ചകളെപ്പോലെ ശല്യപ്പെടുത്തുന്ന വഗ്ഗത്തെയെല്ലാം അവിടുന്നു ആട്ടിപ്പായിച്ചു' എന്നുള്ള വാക്യത്തിന്നു സ്വാരസ്യത്തിന്റെ കാര്യത്തിൽ

---

* 'വ്യാഖ്യാനഭേദോപി പാഠഭേദോ-ദനേകഭേദം യദി മൂലമേവ- പ്രസ്ഥാനഭേദാദ്രുചിഭേദതശ്ച ഭേദാവകാശസ്സുതരാം വിവത്തേ' എന്ന ശ്ലോകം നോക്കുക.

Digitized By Kerala Sahitya Akademi

മുൻതൂക്കമോ പിൻതൂക്കമോ ഉള്ളതെന്നു സഹൃദയന്മാർതന്നെ തീർച്ചപ്പെടുത്തിക്കൊണ്ടാൽ മതി. ആറാമങ്കത്തിൽ

'കല ചിലയിലണച്ച ചൂതബാണം
മലർശരനം പ്രഹരിപ്പതിന്നൊരുങ്ങി.'

എന്ന രാജാവിൻെറ വാക്ക കേട്ടപ്പോൾ വിദൂഷകൻ, സ്വാമി കുറച്ചു ക്ഷമിയ്ക്കണം; ഞാൻ എൻെറ ഈ വടികൊണ്ടു് കാമബാണങ്ങളെ ഇപ്പോൾ തുലച്ചേയ്ക്കാം' എന്നു പറയുന്നതായിട്ടാണു് മററുള്ള പാഠങ്ങളിൽ കാണുന്നതു്. ശ്രീമാൻ കൃഷ്ണപ്പിഷാരടിയുടെ പാഠത്തിലാകട്ടെ, ആ സ്ഥാനത്തു, 'നില്ലു; ഈ വടികൊണ്ടു കാമവ്യാധിയെ നശിപ്പിച്ചേയ്ക്കാം' എന്നത്രേ വിദൂഷകൻ പറയുന്നതു്. 'കാമദേവൻ എന്നെ പ്രഹരിയ്ക്കുന്നതിന്നായി മാംപൂക്കളാകുന്ന അമ്പുകളെ വില്ലിൽ തൊടുത്തുകഴിഞ്ഞു' എന്നുള്ള രാജാവിൻെറ ആവലാതികേട്ടാൽ, ഹാസ്യമൂർത്തിയായ വിദൂഷകൻ, ഉടനെ മുമ്പിൽക്കണ്ട കാമബാണങ്ങളായ മാംപൂക്കളെ വടികൊണ്ടു തല്ലിക്കൊഴിയ്ക്കുവാനോ, അതോ, വടികൊണ്ടു 'കാമവ്യാധി'യെ ഒഴിപ്പിയ്ക്കുവാനോ ഒരുംപെടുക എന്നു് ഒന്നു് ചിന്തിച്ചുനോക്കുക! മിസ്റ്റർ പിഷാരോടിയുടെ പാഠത്തിനു് ഇവിടെ സന്ദർഭശുദ്ധിയും സ്വാരസ്യവും തീരെയില്ല എന്നു തന്നെ പറയേണ്ടിയിരിയ്ക്കുന്നു. ഇനിയും മിസ്റ്റർ പിഷാരോടിയുടെ പാഠത്തിൽ രണ്ടാമങ്കത്തിൽ രാജാവു് വിദൂഷകനോടു പറയുന്നതായിക്കാണുന്ന 'അവനവന്നു് സൌന്ദര്യമുണ്ടെന്നു എല്ലാവക്കും തോന്നും' എന്നർത്ഥത്തിലുള്ള സർവഃ കാന്തമാത്മാനം പശ്യതി എന്നതിനേക്കാൾ എല്ലാവക്കും അവനവൻേറതു നല്ലതെന്നു തോന്നും എന്നർത്ഥത്തിലുള്ള 'സർവഃ കാന്തമാത്മീയം പശ്യതി' എന്ന ഇതരപാഠവാക്യമാണു് കൂടുതൽ സന്ദർഭോചിതമായിട്ടുള്ളതു്.

ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടിയുടെ 'കേരള ശാകുന്തളം'കൊണ്ടും കേരളീയക്കു തൃപ്തിപ്പെടുവാനുള്ള നിലയായിട്ടില്ല. മിസ്റ്റർ പിഷാരോടിയുടെ പരിഭാഷയിൽ, പിടിച്ച കടിഞ്ഞാണയച്ചളവു' എന്നിത്യാദികളായി തജ്ജിമയിൽ ധാരാളം തഴകിയ ഒരു കയ്യിൻെറ മിടുക്ക കാണിയ്ക്കുന്ന മികച്ച പല പദ്യങ്ങളും ഉണ്ടെന്നു സന്തോഷസമേതം പറയാം. പക്ഷേ, മൂലത്തിലെ ആശയങ്ങൾ ശരിയായി സ്ഫുരിയ്ക്കാതെയുള്ള ക്ലിഷ്ടങ്ങളായ

Digitized By Kerala Sahitya Akademi

പദ്യങ്ങളും, 'കുളുർമപ്പെട്ടന്നൊരു കവിഠന്തങ്ങളാൽ' 'ദുർഭാഗ്യമേററ മുറി തീപ്പതിനു'', 'അരികത്താസന്നാഭ യുള്ള,' 'സുതയെബ്ബലമായ്പ്പിടിച്ചതിന്നു,' എന്നീവിധത്തിൽ പന്തിയില്ലാത്ത ദുസ്സഹപ്രയോഗങ്ങളും അതിൽ പലേടത്തുമുണ്ട്. 'രണ്ടു പന്തീരാണ്ടിനുമുമ്പ്' കാതിന്ന് പ്രസ്തുത പരിഭാഷയെ ഇപ്പോഠ കാലഹരണദോഷം ഭയന്നു, 'പൊളിച്ചെഴുതിപ്പതിപ്പിയ്ക്കു'വാൻ നിശ്ചയിച്ച മിസ്റ്റർ പിഷാരോടി തൻെറ ആമുഖത്തിൽ പറഞ്ഞുകാണുന്നതുപോലെ പഴക്കംകൊണ്ടുമാത്രം തൃപ്തിപ്പെട്ടു, പരിഷ്കാരമൊന്നും വേണ്ടെന്നു വെച്ചതു പന്തിയായില്ല.

ആപാതമധുരവും ആലോചനാമൃതവുമായ അഭിജ്ഞാനശാകുന്തളം ആരേതു ഭാഷയിൽ തർജ്ജിമചെയ്താലും അതിൻെറ സർവ്വാംഗീണമായ സൌന്ദര്യം തർജ്ജിമയിൽ വരുത്തുവാൻ സാധിയ്ക്കുന്നതല്ലെന്നുള്ളതു പരമാർത്ഥംതന്നെ. എങ്കിലും സാധിയ്ക്കുന്നിടത്തോളം സാഹിത്യഗുണംകൊണ്ടു മൂലത്തോടടുക്കുന്ന ഒരു തർജ്ജിമ ഏതു ഭാഷയ്ക്കും ആശാസ്യമാകയാൽ, അതിലേയ്ക്കുവേണ്ടി അർഹന്മാർ ചെയ്യുന്ന ശ്രമം അഭിനന്ദനീയമായേ ഭവിയ്ക്കുകയുള്ളു. ഈ നിലയിൽ, മഹാകവി വള്ളത്തോഠ ശാകുന്തളം തർജ്ജിമ ചെയ്യാൻ പുറപ്പെട്ടതു സംബന്ധിച്ച് വിശേഷവിധിയായ വല്ലതും ഒരു സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഠ മഹാജനങ്ങളുടെ മുമ്പിൽ അവതരിപ്പിയ്ക്കുന്ന വള്ളത്തോളിൻെറ ഈ തർജ്ജിമ തന്നെ അതിൻെറ അവതാരൌചിത്യത്തെ വേണ്ടതുപോലെ തെളിയിക്കുന്നതുമാണ്.

വള്ളത്തോളിൻെറ വിശിഷ്ടതൂലികയിൽനിന്നു കൈരളിയ്ക്കു കിട്ടിയ ഈ പുതിയ ശാകുന്തളവിവർത്തനത്തിന്നു പ്രഥമദർശനത്തിൽതന്നെ, പ്രത്യക്ഷപ്പെടുന്ന ഒരു വിശേഷം അതിൻെറ അനവദ്യമായ രചനാസൌന്ദര്യമാണ്. രസഭാവസ്ഫുരണത്തിന്നു തികച്ചും ശക്തിയുള്ള നല്ല ശബ്ദങ്ങളെ വേണ്ട സ്ഥാനത്തു വേണ്ടവിധത്തിൽ വിന്യസിയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന കവിതയുടെ ശില്പഭംഗിയാണ് രചനാസൌന്ദര്യമെന്നു പറയപ്പെടുന്നതു്. അർത്ഥപുഷ്ടിയാൽ അനുഗൃഹീതമാകാത്ത വെറും ശബ്ദസൌഭാഗ്യംകൊണ്ടു അതു സമ്പാദിയ്ക്കുവാൻ സാധിക്കുന്നതല്ല.

Digitized By Kerala Sahitya Akademi

ശബ്ദാർത്ഥങ്ങൾ രണ്ടിൻേറയും ചാരുതയെ ആശ്രയിച്ചു നില്ക്കുന്ന ഈ രചനാസൌന്ദര്യമാണു് കാളിദാസൻെറ കേളികേട്ട വൈദർഭീരീതിക്കു ജീവനായി നില്ക്കുന്നതു്. കവനമാർഗ്ഗത്തിൽ സർവ്വഥാ കാളിദാസൻെറ കാലടിപ്പാടുകളെ പിന്തുടരുന്ന വള്ളത്തോളിൻെറ കവിതയ്ക്കു കാളിദാസകവിതയുടെ ആ രചനാസൌന്ദര്യം ദുരാസദമല്ലെന്നു് എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. വള്ളത്തോളിൻെറ തർജ്ജിമയിലുള്ള

'മതിയാവോളം പുണരാം
മലരമ്പു പുടിയന്ന ഗാത്രത്താൽ,
മാലിനിയലനീർത്തുള്ളിയു-
മേടലർമണവും കലന്ന തെന്നലിനെ'

എന്ന ശ്ലോകത്തെ,

'ശക്യമരവിന്ദസുരഭിഃ
കണവാഹീ മാലിനീതരംഗാണാം
അംഗൈരനംഗതപ്തൈ-
രവിരളമാലിംഗിതും പവനഃ'

എന്ന മൂലശ്ലോകവുമായി തട്ടിച്ചുനോക്കുന്നവർക്കു്, മൂലത്തിന്നും തർജ്ജിമയ്ക്കും തമ്മിൽ ഭാഷയിലല്ലാതെ മറെറാന്നിലും ഒരു ഭേദം കണ്ടുപിടിയ്ക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ശബ്ദഭംഗി കൊണ്ടും അർത്ഥപുഷ്ടികൊണ്ടും മാത്രമല്ല, വൃത്തപ്പൊരുത്തം കൊണ്ടുകൂടി തർജ്ജിമയ്ക്കു മൂലത്തിൻെറ സജാതീയത സിദ്ധിച്ചിട്ടുണ്ടു്.

മൂലശ്ലോകങ്ങൾ മിക്കതും വൃത്താനുവൃത്തമായിത്തന്നെ വിവർത്തനം ചെയ്തിട്ടുള്ളതു് വള്ളത്തോളിൻെറ വിവർത്തനത്തിന്നുള്ള മറെറാരു വിശേഷമാണു്. പദ്യത്തിൻെറ ബഹിരംഗമായ വൃത്തം അന്തരംഗമായ രസത്തിന്നനുഗുണമായിരിക്കണമെന്നുള്ള കവികർമ്മമർമ്മം ശരിയ്ക്കറിഞ്ഞുംകൊണ്ടാണു് കാളിദാസൻ അതാതു ഘട്ടത്തിൽ അതാതു വൃത്തങ്ങൾ ഉപയോഗിച്ചിട്ടുള്ളതു്. സംഗീതത്തിൽ രാഗത്തിന്നും രസത്തിന്നും തമ്മിലും സൂക്ഷ്മമായ ഒരു ബന്ധമുണ്ടു്. രസത്തിന്നനുഗുണമല്ലാത്ത രാഗവും



Digitized By Kerala Sahitya Akademi

വൃത്തവും രസത്തെ സ്ഫുരിപ്പിയ്ക്കുന്ന വിഷയത്തിൽ ഉദാസീനമായോ പ്രതിബന്ധകമായോ ഭവിയ്ക്കുമെന്നുള്ളതു് അനുഭവജ്ഞന്മാക്കു് അറിയാവുന്നതാണു്. സൂക്ഷ്മജ്ഞനായ വള്ളത്തോടം മൂലശ്ലോകങ്ങളെ നിവൃത്തിയുള്ളേടത്തോളം വൃത്താനുവൃത്തമായിത്തന്നെ വിവൎത്തനം ചെയ്‌വാൻ ശ്രമിച്ചതിന്റെ കാരണം, അതല്ലാതെ മററൊന്നുമല്ല. മൂലവൃത്തങ്ങളം സ്വീകരിക്കുവാൻ സാധിയ്ക്കാതെ വന്നിട്ടുള്ള സ്ഥലങ്ങളിൽ സന്ദർഭത്തിനു യോജിച്ച സദൃശവൃത്തങ്ങളം ഉപയോഗിച്ചിട്ടുണ്ടു്. ഗാംഭീര്യസമ്പന്നയായ ഗൈർവ്വാണിക്കും കൃശവിഭവയായ കൈരളിക്കും അർത്ഥത്തെ ഉള്ളടക്കം ചെയ്യുന്ന സംഗതിയിലുള്ള ശക്തിഭേദം അറിയുന്നവരെ, വൃത്താനുവൃത്തമായി തർജ്ജിമചെയ്യുന്നതു്, നേൎത്ത ഇരുമ്പുകമ്പിയിലൂടെ ചവിട്ടുവണ്ടിയോടിക്കുന്നതുപോലെ സുദുഷ്കരമാണെന്നു പറഞ്ഞുമനസ്സിലാക്കേണ്ടതില്ല. അതിദുഷ്കരമായ ആ വൃത്താനുവൃത്തവിവൎത്തനത്തിൽ വള്ളത്തോളിനു വിസ്മയകരമായ വിജയമാണു് സിദ്ധിച്ചിട്ടുള്ളതു്.

മൂന്നാമങ്കത്തിലുള്ള സുപ്രസിദ്ധമായ

'കിം ശീതളൈഃ ക്ലമവിനോദിഭിരാർദ്രവാതാൻ
സഞ്ചാരയാമി നളിനീദളതാലവൃന്തൈഃ
അംകേ നിധായ കരഭോരു യഥാസുഖം തേ
സംവാഹയാമി ചരണാവുത പദ്മതാമ്രൌ.'

എന്ന ശ്ലോകത്തെ

'വീശേണമോ ക്ലമമറും കുളിർകാററു കിട്ടാൻ
നാളീകശീതളദളവ്യജനങ്ങളാൽ ഞാൻ?
അംകത്തിൽ വെച്ചഥ തലോട്ടകവേണമോ, നിൻ
ചെന്താമരക്കഴൽകളെക്കരഭോരു മന്ദം?'

എന്നിങ്ങനെ വൃത്താനുവൃത്തമായും ശബ്ദാൎത്ഥസൌന്ദൎയ്യത്തിനു കോട്ടം കൂടാതെയും തർജ്ജിമചെയ്‌വാൻ വള്ളത്തോളിനെപ്പോലെ വളരെപ്പേൎക്കു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. സാഹിത്യ രസികന്മാൎക്കു സുപരിചിതമായിട്ടുള്ള

Digitized By Kerala Sahitya Akademi

അംഭോബിന്ദുതുഷാരമന്ദമരുതാ
ദേഹക്ലമച്ഛേദിയാ—
മംഭോജച്ഛദതാലവൃന്തമതുകൊ—
ണ്ടമ്പോടു വീശട്ടെയോ?
രംഭോരു, പ്രചുരാദരം മടിയിൽവെ—
ച്ചിഷ്ടാനുരോധേന ഞാ—
നംഭോജാരുണമാം ഭവൽപദയുഗം
ബാലേ തലോടട്ടെയോ?'

എന്ന കേരളകാളിദാസൻെറ തർജ്ജിമശ്ലോകം വിശേഷപ്പെട്ട ഒന്നാണെന്നതിന്നു സംശയമില്ല. പക്ഷെ, വൃത്തഭേദംകൊണ്ടും രീതിഭേദംകൊണ്ടും അതിനു മൂലത്തിലെ 'നളിനീദളത്തിനു 'അംഭോജച്ഛദ'വും 'ആർദ്രവാത'ത്തിനു 'അംഭോബിന്ദുതുഷാര മന്ദമരുത്തും' പകരംവന്നതുകൊണ്ടു തർജ്ജിമയ്ക്കു ബന്ധസൌകുമാൎയ്യം കുറഞ്ഞുപോയി. 'ആവശ്യംപോലെ അനേകം താമരയിലകൾകൊണ്ടു തൃപ്തിയാകുന്നതുവരെ മാറിമാറി വീശാം' എന്ന അഭിപ്രായത്തോടുകൂടിയതും, അതിനാൽ നായകൻെറ നായികാനുവൎത്തനപരതയുടെ ആധിക്യം തോന്നിക്കുന്നതുമായ 'നളിനീദളതാലവൃന്തൈഃ' എന്നു മൂലത്തിലെ ബഹുവചനപ്രയോഗം, 'അംഭോജച്ഛദതാലവൃന്തമതുകൊണ്ടു്' എന്നിങ്ങനെ തർജ്ജിമയിൽ ഏകവചനാന്തമായിത്തീൎന്നതും നന്നായില്ല എന്ന ദോഷൈകദർശികൾക്ക വേണമെങ്കിൽ പറയാം.

'നീർത്തുള്ളിയാൎന്ന കുളിർകാറ്റെഴുമാലവട്ടം
ചാൎത്തേണമോ സുഖദമാം നളിനീദളത്താൽ
ചെന്താരിനൊത്ത ചരണം മടിയിൽ കരേററി--
ച്ചിത്തത്തിനൊത്തു കരഭോരു തലോടണോ ഞാൻ?'

എന്ന തർജ്ജിമാശ്ലോകത്തിൽ, രാജാവിനെക്കൊണ്ടു, ശകുന്തളയോടു് 'ആലവട്ടം ചാൎത്തട്ടെയോ' എന്നു് ആചാരം പറയിച്ചതും ശകുന്തളയുടെ ചെന്താരിനൊത്ത ചരണത്തെ മടിയിൽ 'കരേററി'യതും തീരെ പന്തിയായില്ല. ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരോടിയുടെ

Digitized By Kerala Sahitya Akademi

'വീയേണമോ ക്ലമമറും കളിർതെന്നൽ മന്ദം
തോയം തണുത്ത നളിനീദളതാലവൃന്തം
ആയാസമററു സുഖമാംപടി പദ്മതാമ്ര–
ശ്രീയാം പദം മടിയിൽവെച്ചുഴിയേണമെന്നോ?'

എന്ന തർജ്ജിമ ഒരുവിധം ഒപ്പിച്ചുമാറിയതാണെന്നേ പറഞ്ഞു കൂടൂ. ഉഴിയേണമെന്നോ എന്ന ചോദ്യം കേട്ടാൽ, രാജാവിന്ന് അതിൽ അവമാനശങ്ക ഉണ്ടെന്നു തോന്നിപ്പോകും! അതിരിക്കട്ടെ; മൂലത്തിലുള്ള 'കരഭോരു' എന്ന സാഭിപ്രായമായ സംബോധനയ്ക്കു തജ്ജിമയിൽ സ്ഥലംകിട്ടാതെ വന്നതും, പ്രാസത്തിന്നുമാത്രം പററുന്ന 'ആയാസമററു' എന്ന ആവശ്യമില്ലാത്ത പദം കടന്നുകൂടിയതും, ശാകുന്തളത്തിലായതുകൊണ്ടു തുലോം കഷ്ടമായി! 'മടിയിൽവെച്ചുഴിയുന്നതി'നേക്കാൾ 'മടിയിൽ വെച്ച തലോട്ട'ന്നതുതന്നെയാണ് ശൃംഗാരത്തിന്നു യോജിച്ചതും.

രണ്ടാമങ്കത്തിലുള്ള

'ദർഭാംകുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ
തന്വീ സ്ഥിതാ കതിചിദേവ പദാനി ഗത്വാ
ആസീദ്വിവൃത്തവദനാ ച വിമോചയന്തീ
ശാഖാസു വല്കലമസക്തമപി ദ്രുമാണാം.'

എന്ന മനോഹരമായ പദ്യത്തെ, വള്ളത്തോൾ.

'കാന്താംഗി നാലടി നടന്നഥ നിന്നുകൊണ്ടാൾ,
കാലിൽത്തറഞ്ഞിതു കുശാംകുരമെന്നകാണ്ഡേ;—
ചീരത്തെ—വൃക്ഷവിടപത്തിലുടക്കിയില്ലെ–
ന്നാലും—വിടുത്തുവതിനായ് മുഖവും തിരിച്ചാൾ.'

എന്നിങ്ങനെ വൃത്തം മാറാതെ എത്ര ഭംഗിയായി തർജ്ജിമ ചെയ്തിരിക്കുന്നു എന്നു നോക്കുക. ശ്രീമാൻ കൃഷ്ണപ്പിഷാരോടിയും വൃത്താനുവൃത്തമായിട്ടാണ് പ്രസ്തുത ശ്ലോകം വിവൎത്തനം ചെയ്തിട്ടുള്ളത്.

Digitized By Kerala Sahitya Akademi

'ചിക്കന്നു ദർഭമുനയേററിതു കാലിലെന്നായ്
മുഗ്ദ്ധാംഗിനിന്നു ചില ചോട്ട നടന്നകാണ്ടു
വക്രതം തിരിച്ചു തരുശാഖകളിൽത്തടഞ്ഞു-
നില്ലാത്ത വല്ക്കലവുമഹോ വിട്ടവിച്ചു മന്ദം.'

എന്നുള്ള മിസ്റ്റർ പിഷാരോടിയുടെ തർജ്ജിമയിൽ, 'ചിക്കന്നു,' 'അഹോ' 'മന്ദം' എന്നിങ്ങനെ മൂലത്തിലില്ലാത്ത മൂന്നെണ്ണും കടന്നുകൂടിയിട്ടുണ്ട്. 'വല്കം വിട്ടവിയ്ക്കുന്നതി'നേക്കാരം പ്രാധാന്യം 'വക്ത്രം തിരിയ്ക്കുന്നതി'ന്നാകയാൽ, മൂലത്തിലെപ്പോലെ അതിനെത്തന്നെയാണ് പ്രധാനക്രിയയാക്കി നിൎത്തേണ്ടിയിരിയ്ക്കുന്നതു്.

വലിയ കോയിത്തമ്പുരാന്റെ വലിയ വൃത്തത്തിലുള്ള

'കല്യാണാംഗീ ചിലയടി നട-
　　ന്നിട്ട പിന്നീടകസ്മാൽ
പുല്ലിൻറഗ്രം പദളുവി തറ-
　　ച്ചെന്നപോൽ നിന്നുകൊണ്ടാരം;
ചൊല്ലാമല്ലോ തരുതതിയതിൻ
　　ശാഖയിൽക്കൊണ്ടുടക്കീ-
ട്ടല്ലെന്നാലും മരവുരി വിടീ-
　　യ്ക്കുന്നപോൽ പിന്തിരിഞ്ഞാരം.'

എന്ന ശ്ലോകവും, രാജരാജവൎമ്മകോയിത്തമ്പുരാന്റെ

'കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്നതി-
　　ല്ലതിനു മുമ്പുതാൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതേ നടി-
　　ച്ചു നിലകൊണ്ടിതേ;
കണ്ണുവും ബത തിരിച്ചുനോക്കിയവരം വല്കലാ-
　　ഞ്ചലമിലച്ചലിൽ
കൊണ്ടുടക്കമൊരു മട്ട കാട്ടി വിട്ടവിച്ചിട്ട-
　　ന്ന കപടത്തൊടേ.'

എന്ന നീണ്ട ശ്ലോകവും ഇവിടെ ഉദ്ധരിയ്ക്കത്തക്കവയാണ്. ഇ

Digitized By Kerala Sahitya Akademi

വയിൽ 'കല്യാണാംഗീ' എന്ന പദ്യത്തിലെ 'പുല്പിൻറഗ്രം' മൂലത്തിലുള്ള 'ദർഭാങ്കുര'ത്തിന്നും പാദപൂരണത്തിനും മാത്രമേ ഉപകരിയ്ക്കുന്നുള്ളു. 'കൊണ്ടൽവേണി' എന്ന തർജ്ജിമശ്ലോകത്തെ മൂലത്തിന്റെ ഒരു വ്യാഖ്യാനമെന്നാണ് പറയേണ്ടത്. അതിലുള്ള 'വെറുതേ നടിച്ച്,' 'നോക്കി' ഒരു മട്ടു കാട്ടി' 'കപടത്തോടേ' എന്നിവ മൂലത്തിൽ ഇല്ലാത്തവയാണ്. 'ദർഭാങ്കുരേണ' എന്നതിൽപ്പറഞ്ഞ തരത്തിലുള്ള ശകുന്തളയുടെ ചേഷ്ടകൾ, തന്നെ ഉദ്ദേശിച്ചുതന്നേയുള്ളവയെന്നു തികച്ചും തീർച്ചപ്പെടുത്തിയ നിലയിലല്ല ദുഷ്ഷന്തൻ സ്ഥിതിചെയ്യിരുന്നതെന്ന് 'അഹോ കാമീ സ്വതാം പശ്യതി' എന്ന പൂർവ്വോക്തിയിൽനിന്നു വെളിവാകുന്നുണ്ട്. ആ സ്ഥിതിയ്ക്ക് ഈ തർജ്ജിമയിൽ കാണുന്നതുപ്രകാരം ശകുന്തളയുടെ ചേഷ്ടകൾ തന്നെ ഉദ്ദേശിച്ചിട്ടുള്ളവതന്നെയെന്നും മറിച്ചാണെന്നു കാട്ടിക്കൂട്ടിയവകളവാണെന്നും ദുഷ്ഷന്തൻ ഉറപ്പിച്ചു പറയുന്നത് മൂലഗ്രന്ഥത്തിനു വിരുദ്ധമാണെന്നു സ്പഷ്ടമാണല്ലോ.

സർവ്വാംഗസുന്ദരമായ ശാകുന്തളത്തിൽ നാലാമങ്കവും നാലാമങ്കത്തിൽ നാലു ശ്ലോകങ്ങളുമാണല്ലോ, സർവ്വോപരി വിശേഷപ്പെട്ടവയെന്നു പറഞ്ഞുവരാറുള്ളത്. വള്ളത്തോളിന്റെ വിവർത്തനത്തിൽനിന്നു നാലാമംകത്തിലുള്ള ആ നാലു ശ്ലോകങ്ങളിൽ ഒന്നിന്റെ തർജ്ജിമയെങ്കിലും ഇവിടെ എടുത്തുകാണിയ്ക്കാതെ ഈ പ്രകൃതംവിട്ടു മുന്നോട്ടു നീങ്ങുവാൻ എന്റെ തൂലിക വഴിപ്പെടുന്നില്ല; നാലാമംകത്തിലുള്ള

'പാതും ന പ്രഥമം വ്യവസ്യതി ജലം
യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം
സ്നേഹേന യാ പല്ലവം
ആദ്യേവഃ കുസുമപ്രസൂതിസമയേ
യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹ
സർവ്വൈരനുജ്ഞായതാം.'

എന്ന ഹൃദയാവർജ്ജകമായ പദ്യം അറിയാത്ത സഹൃദയന്മാർ

Digitized By Kerala Sahitya Akademi

ഉണ്ടായിരിക്കയില്ല. ഈ മനോഹരശ്ലോകം വള്ളത്തോാം എ ങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നു നോക്കുക:—

'വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ
നിങ്ങാംക്കു നല്കാതെയാർ,
നുള്ളാറില്ലണിവാൻ കൊതിയ്ക്കുകിലുമാ-
രമ്പാൽ ഭവൽപല്ലവം,
നല്ലോത്സവമാക്കു നിങ്ങടെ കടി-
ഞ്ഞൂൽപ്പൂപ്പിറപ്പേ,കുകി-
ഞ്ഞെല്ലാരും വിട,യഗ്ഗ്രകുന്തളയിതാ,
പോകുന്നു കാന്താലയേ.'

ഈ തർജ്ജിമയുടെ മധുരമായ രചനയും, ഇതിലെ 'കടിഞ്ഞിൽ പ്പൂപ്പിറപ്പ്' എന്ന സരസമായ പ്രയോഗവും ഏതൊരു സഹൃദ യനെയാണ് കോൾമയിർക്കൊള്ളിക്കാതിരിയ്ക്കുക! 'കുസുമ പ്രസൂതി സമയേ' എന്ന മൂലത്തിലെ 'പ്രസൂതി' ശബ്ദത്തി ൻെറ സ്വാരസ്യം വള്ളത്തോളിൻെറ 'കടിഞ്ഞിൽപ്പൂപ്പിറപ്പിന്നു തികച്ചുമുണ്ട്. 'ആദ്യമായ കുസുമോൽഗമേ' എന്നും, 'പുതുതാ യ്പൂത്താൽ' എന്നും മററും പറഞ്ഞാൽ പ്രസൂതിശബ്ദത്തിൻെറ സ്വാരസ്യം വരുന്നതല്ല.

വൃക്ഷങ്ങാം വെള്ളം കുടിയ്ക്കുന്നതിന്നു മുമ്പേ ശകുന്തള സ്വയം വെള്ളം കുടിയ്ക്കുന്ന കാൎയ്യമേ ചിന്തിക്കയില്ല എന്ന താല്പൎയ്യത്തിൻപേരിൽ പ്രയോഗിച്ചിട്ടുള്ള മൂലത്തിലെ 'വ്യവ സ്യതി' എന്ന പദം മററുള്ളവരുടെ തർജ്ജിമകളിലെല്ലാം വിട്ടു പോയിരിക്കുന്നു; വള്ളത്തോളിൻെറ തർജ്ജിമയിൽ മാത്രമേ അതു വന്നു കാണുന്നുള്ളു.

'ഇല്ല നിങ്ങളെ നനച്ചിടാതെയൊരുനാളി-
വാംക്കു ജലപാനവും'

എന്ന വലിയ കോയിത്തമ്പുരാൻെറ തർജ്ജിമയിൽ കാണുന്ന പോലെ വൃക്ഷങ്ങളെ നനക്കാതെ ശകുന്തള വെള്ളമേ കുടിക്കുക യില്ല എന്നു പറഞ്ഞാൽ, വൃക്ഷങ്ങാം വെള്ളം കുടിക്കുന്നതിനുമു മ്പേ ശകുന്തള വെള്ളം കുടിക്കുകയില്ല എന്നു മൂലത്തിൽ പറ

Digitized By Kerala Sahitya Akademi

ഞ്ഞിട്ടുള്ളതിന്റെ സാരാർത്ഥമല്ലാതെ സ്വാരസ്യം സിദ്ധി ്ക്കുന്നതല്ല. മൂലത്തിൽ 'പാതും' എന്നും, 'അപീതേഷു' എന്നും ഇങ്ങനെ ജലപാനക്രിയയെ ശകുന്തളയിലും വൃക്ഷങ്ങളിലും ഒരുപോലെ സംബന്ധിപ്പിച്ചിരിക്കുന്നതിന്റെ സ്വാരസ്യത്താൽ ശകുന്തളയ്ക്കും വൃക്ഷങ്ങൾക്കും തമ്മിലുള്ള സഹോദരഭാവത്തിന്റെ സൌഭാഗ്യാതിശയം ധ്വനിക്കുന്നുണ്ട്; നിർദ്ദിഷ്ടമായ ഈ ക്രിയൈക്യത്തിൽ കവിക്കു വിവക്ഷയില്ലായിരുന്നുവെങ്കിൽ, 'യുഷ്മാസ്വസിക്തേഷു' എന്നു പറയാമായിരുന്നുവല്ലോ.

ശാകുന്തളത്തിന്റെ വ്യാഖ്യാതാക്കന്മാർക്ക് അവരുടെ പാണ്ഡിത്യവിഭവത്തെ വളരെയധികം എടുത്തുപയോഗിക്കേണ്ടി വന്നിട്ടുള്ള ഒരു ഗംഭീരപദ്യമാണ്,

'രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പര്യുത്സുകോ ഭവതി യത്സുഖിനോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവ്വം
ഭാവസ്ഥിരാണി ജനനാന്തരസൌഹൃദാനി'

എന്നത്. പൂവിൽ പരിമളമെന്നപോലെ മനസ്സിൽ സംസ്കാര (വാസനാ) രൂപേണ ലയിച്ചുകിടക്കുന്നതാണ് പ്രേമമെന്നും, അതിന്റെ ഉൽബോധകവസ്തു സൌന്ദര്യമാണെന്നും, പ്രതിപാദിക്കുന്ന ഈ ശ്ലോകത്തിന്റെ അർത്ഥഗാംഭീര്യം അളക്കുവാൻ അന്തഃകരണശാസ്ത്രത്തിനു മാത്രമേ ശരിക്കു സാധിക്കുകയുള്ളൂ. അർത്ഥഗൌരവംകൊണ്ട് 'എടുത്താൽ പൊന്താത്ത' ഈ പദ്യത്തെ ശബ്ദാർത്ഥദാരിദ്ര്യം അശേഷമില്ലാത്ത ഇംഗ്ലീഷിൽ,

In face of sweet presentiment
Or harmonies of sound,
Man e'er forgets contentment
By wistful longings bound
There must be recollections,
Of things not seen on earth,
Deep natures predilections,
Loves earliers than birth.

(Arthur Ryder)

Digitized By Kerala Sahitya Akademi

എന്നിങ്ങനെ ശിഥിലബന്ധങ്ങളായ ഏതു വരികൾകൊണ്ടു് അടിച്ചുപരത്തി നീട്ടിയിട്ടും മൂലത്തിന്റെ നേരിയ ഒരു ഛായ മാത്രമേ വന്നുകാണുന്നുള്ളു. വന്ദ്യവയസ്കനായ കേരളകാളിദാസന്റെ

'സന്തോഷിച്ചു വസിച്ചിട്ടുള്ളവരിലും
രമ്യങ്ങളാം ശോഭകളെ-
ജ്ജന്തോരന്തരുദിച്ചിടും പ്രബലമാ-
മുൽക്കണ്ഠതൻ കാരണം'

എന്ന നീണ്ടപദ്യത്തിലും മൂലാർത്ഥം വേണ്ടതുപോലെ പ്രതിഫലിച്ചിട്ടില്ല.

'രമ്യങ്ങളാം കാൺകെ മധുരാലപനിതങ്ങളാം കേൾക്കെ-
യുൽക്കണ്ഠിതനാവുകിൽ സുഖിതനവനാകിലും,
ഹൃല്ലീനമായ ജന്മാന്തരസൌഹൃദങ്ങളെ-
യസ്പഷ്ടമോർത്തിടുകയാവുമതെന്നു നൂനം.'

എന്ന വള്ളത്തോളിന്റെ വൃത്താനുവൃത്തതർജ്ജമയല്ലാകട്ടെ. മൂലത്തിന്റെ തനിച്ഛായതന്നെ വന്നിട്ടുണ്ടു്-

അഭിജ്ഞാനശാകുന്തളം നിഷ്കർഷിച്ചു വായിയ്ക്കുന്ന സഹൃദയന്മാർ അതിലെ പദ്യങ്ങളോ ഗദ്യങ്ങളോ ഏതാണു് ഏറെ മികച്ചുനില്ക്കുന്നതെന്നു നിർണ്ണയിയ്ക്കുവാൻ നന്നെ ഞെരുങ്ങും. അകത്തും പുറത്തും ഒരുപോലെ മാധുര്യം കലന്ന അതിലെ പദ്യങ്ങളോ ഉരുക്കി വാർത്തെടുത്തതുപോലെ വടിവൊത്ത അതിലെ ഗദ്യങ്ങളോ അധികം ഹൃദ്യങ്ങളാം എന്നു് എങ്ങനെ പറയുവാൻ സാധിയ്ക്കും? മൂന്നാമങ്കത്തിലും അഞ്ചാമങ്കത്തിലുമുള്ള ചേതോഹരങ്ങളായ ചില ചെറു വാചകങ്ങളുടെ ചന്തം ഒന്നു വേറെത്തന്നെയാണു്.

ശാകുന്തളം തർജ്ജിമ ചെയ്യുന്നവർ പദ്യങ്ങളുടെ തർജ്ജിമയിലെപ്പോലെത്തന്നെ ഗദ്യങ്ങളുടെ തർജ്ജിമയിലും നല്ലപോലെ നിഷ്കർഷിയ്ക്കണമെന്നു് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. വള്ളത്തോളിന്റെ വിവർത്തനം വായിച്ചുനോ

34

Digitized By Kerala Sahitya Akademi

ക്കുന്നവക്ക്  അദ്ദേഹം  രണ്ടിലും  വേണ്ടതുപോലെ  ശ്രദ്ധയിരുത്തിയിട്ടുണ്ടെന്നു  ബോദ്ധ്യപ്പെടുന്നതാണ്.  വള്ളത്തോളിന്റെ ലളിതകോമളമായ  ഗദ്യശൈലിയുടെ  വിലാസലാസ്യം  ഈ ശാകുന്തളവിവൎത്തനത്തിൽ നീളെ  കാണാവുന്നതാണ്.  സ്ഥാലീപുലാകന്യായേന,  താഴെ കാണിയ്ക്കുന്ന ഗദ്യം  പരിശോധിച്ചുനോക്കുക.

'സൂതൻ:— നിലത്തിന്റെ നിരപ്പില്ലായ്മ കണ്ടിട്ട് അടിയൻ കടിഞ്ഞാൺ അടക്കിപ്പിടിച്ചു. പള്ളിത്തേരിന്റെ പാച്ചിൽ പതുക്കെയാക്കി. അതുകൊണ്ടാണ് ഈ മാൻ അകലത്തായിപ്പോയത്. ഇപ്പോഴാം സമഭൂമിയിലായതിനാൽ തിരുമേനിയ്ക്കു സമീപിപ്പാൻ പ്രയാസമുണ്ടാവില്ല.'

വായനക്കാൎക്ക്  ഒത്തുനോക്കുന്നതിന്നായി  ഇതിന്റെ മൂലഗദ്യാംശവും ഇവിടെ എഴുതിക്കൊള്ളുന്നു.

സൂത:—'ഉൽഘാതിനീ ഭൂമിരിതി മയാ രശ്മിസംയമനാദ്രഥസ്യ മന്ദീകൃതോ വേഗഃ തേന വിപ്രകൃഷ്ടാന്തരസ്സംവൃത്തോയം സംപ്രതി സമദേശവൎത്തിനസ്തേ ന ദുരാസദോ ഭവിഷ്യതി.'

ശാകുന്തളത്തെപ്പോലെ  ഇത്രയധികം  പാഠഭേദങ്ങളുള്ള ഒരു സംസ്കൃതകൃതി വേറെയുണ്ടോ എന്നു സംശയമാണ്.  ഗ്രന്ഥാക്ഷരപാഠം, വാണീവിലാസപാഠം, കേരളപാഠം, നിൎണ്ണയസാഗരപാഠം, കാശ്മീരപാഠം, കാശീപാഠം  എന്നിങ്ങനെ ദാക്ഷിണാത്യങ്ങളും ഔത്തരാഹങ്ങളുമായ പരശ്ശതം പാഠങ്ങൾ  അതിനുണ്ട്.  സുദീൎഘമായ  കാലത്തിൽക്കൂടെയും,  അസംഖ്യം കൈകളിൽക്കൂടെയും  കടന്നുപോയിട്ടുള്ള  മഹാഗ്രന്ഥത്തിന്ന് പരിവൎത്തനംകൊണ്ടും  പ്രക്ഷേപംകൊണ്ടും  ഇത്രവളരെ  പാഠങ്ങൾ ഉണ്ടായിട്ടുള്ളതിൽ അത്ഭുതപ്പെടുവാനില്ല;  ശാകുന്തളം  തൎജ്ജിമ  ചെയ്യുന്നവൎക്ക് അതിന്റെ  ഈ  പാഠഭേദബാഹുല്യം  വല്ലാതെ വിഷമത  ഉണ്ടാക്കിത്തീൎക്കുന്നുണ്ട്.  ബഹുവിധങ്ങളായ ഈ പാഠങ്ങളുടെ  കൂട്ടത്തിൽനിന്ന് ശരിയായ  പാഠങ്ങളെ തിരഞ്ഞു  കണ്ടുപിടിയ്ക്കുന്നതിന്നും  പ്രക്ഷിപ്തപാഠങ്ങളെ  തിരിച്ചറി

Digitized By Kerala Sahitya Akademi

ഞ്ഞു് വേർതിരിയ്ക്കുന്നതിനും ആദ്യന്തം സമഞ്ജസമായ ഒരു പാഠം സംഗ്രഹിയ്ക്കുന്നതിനും ഉള്ള പ്രയാസം ചില്ലറയൊന്നുമല്ല. സുശിക്ഷിതമായ സഹൃദയത്വം, നിപുണമായ നിരൂപണബുദ്ധി, ചിരകാലികമായ ഗ്രന്ഥപരിചയം എന്നിങ്ങനെ പലതും അതിലേയ്ക്കു് ആവശ്യമായിരിയ്ക്കുന്നു.

മൂലത്തിൻെറ ശരിയായ ഒരു പാഠം സമ്പാദിയ്ക്കുവാൻ വള്ളത്തോൾ വളരെയധികം ക്ലേശപ്പെട്ടിട്ടുണ്ടെന്നു് ഇതെഴുതുന്ന ആൾക്കു് നേരിട്ടറിയാം. മൂലത്തിൻെറ പല പാഠങ്ങളും പരിശോധിച്ചു് എല്ലാററിൽനിന്നും നല്ലതെന്നു തോന്നിയവയെ മാത്രം സ്വീകരിച്ചുംകൊണ്ടാണു് അദ്ദേഹം തർജ്ജിമ ചെയ്തിട്ടുള്ളതു്. മിക്ക പുസ്തകങ്ങളിലും ഒരുപോലെ കാണുന്നവയും, എന്നാൽ കാളിദാസീയങ്ങൾതന്നെയോ എന്നു് സംശയിക്കുവാൻ വഴിയുള്ളവയുമായ ചില ശ്ലോകങ്ങളെ വള്ളത്തോൾ തർജ്ജിമ ചെയ്യാതെ തള്ളിക്കളഞ്ഞിട്ടുണ്ടു്. മൂന്നാമങ്കത്തിലുള്ള

'തവ കുസുമശരത്വം ശീതരശ്മിത്വമിന്ദോർ-
ദ്വയമിദമയഥാർത്ഥം ദൃശ്യതേ മദ്വിധേഷു
വിസൃജതി ഹിമഗർഭൈരഗ്നിമിന്ദുർമ്മയൂഖൈ-
സ്ത്വമപി കുസുമബാണാൻ വജ്രസാരീകരോഷി'

എന്ന ശ്ലോകം കാളിദാസീയമാണോ എന്നു് സംശയിക്കേണ്ടതാണു്. ഇതിൽ കാണുന്നതുപോലെയുള്ള ബാലിശമായ കാമുകപ്രലാപം കാളിദാസകവിതയ്ക്കു് പരിചിതമായിട്ടുള്ളതല്ല. ഇതിലുള്ള പ്രത്യക്ഷമായ പ്രക്രമഭംഗദോഷത്തെപ്പററി രാഘവഭട്ടപ്രഭൃതികൾ എന്തു പറഞ്ഞാലും ഇതിനെ കാളിദാസകവിതയുടെ കൂട്ടത്തിൽ ചേർക്കുന്നതു് വളരെ സൂക്ഷിച്ചു വേണ്ടതാണു്. വള്ളത്തോൾ ഈ ശ്ലോകം വിട്ടുകളഞ്ഞിരിയ്ക്കുന്നു. മൂന്നാമങ്കത്തിൽത്തന്നെ കാണുന്ന

'ഇദമനന്യപരായണമന്യഥാ
ഹൃദയസന്നിഹിതേ ഹൃദയം മമ
യദി സമർത്ഥയസേ മദിരേക്ഷണേ
മദനബാണഹതോപി ഹതഃ പുനഃ'

Digitized By Kerala Sahitya Akademi

എന്നപദ്യവും വള്ളത്തോൾ സ്വീകരിയ്ക്കാതെ വിട്ടിട്ടുള്ളതാണു്. ഇതിൽ പറയുന്ന സംഗതി കാളിദാസൻെറ നായകന്നു പറയുവാൻ തക്കവണ്ണം അന്തസ്സുള്ളതാണെന്നു തോന്നുന്നില്ല. ബാലിശമായ ഇതിലെ ആശയം കാളിദാസൻെറ പ്രതിഭയിൽ പ്രതിഭാസിച്ചതാണു് എന്നു വിചാരിക്കുവാൻ ഞെരുക്കമുണ്ടു്. പൂർവ്വാപരസന്ദർഭങ്ങൾ നോക്കുമ്പോൾ ഈ ശ്ലോകത്തിന്നു വലിയ ആവശ്യം കാണുന്നില്ല.

വള്ളത്തോൾ വിട്ടിട്ടുള്ള മറ്റൊരു ശ്ലോകം നാലാമങ്കത്തിൻെറ ആദിയിൽ കാണുന്ന,

'അന്തർഹിതേ ശശിനി, സൈവ കുമുദ്വതീ മേ
ദൃഷ്ടിം ന നന്ദയതി സംസ്മരണീയശോഭാ
ഇഷ്ടപ്രവാസജനിതാന്യബലാജനസ്യ
ദുഃഖാനി നൂനമതിമാത്രസുദുസ്സഹാനി.'

എന്നുള്ളതാണു്. പ്രഭാതമായതു കണ്ടു കണ്വശിഷ്യൻ പറയുന്ന ഈ പദ്യം പ്രക്ഷിപ്തമായിട്ടുള്ളതാണെന്നു സഹൃദയമണ്ഡലത്തിൽ പണ്ടേ അഭിപ്രായമുള്ളതാണു്. 'ദുഃഖാനി നൂനമതിമാത്രസുദുസ്സഹാനി' എന്ന നാലാംപാദത്തിൽ സഹൃദയന്മാർക്കു ദുസ്സഹമായ വിധത്തിൽ, പദങ്ങളെ ഏച്ചുകൂട്ടി നീളമൊപ്പിച്ചിരിക്കുന്നതു കാണുമ്പോൾ ഈ ശ്ലോകം കാളിദാസൻെറ വകയാണെന്നു വിചാരിയ്ക്കുവാൻ എനിയ്ക്കു ധൈര്യമില്ല! ഈ ശ്ലോകത്തിൽ ഉണ്ടെന്നു പറയുന്ന അർത്ഥാന്തരന്യാസത്തിന്നു നില്ക്കള്ളി കിട്ടണമെങ്കിൽ, പൂർവ്വാർദ്ധത്തിലുള്ള വിശേഷത്തെ ഉത്തരാർദ്ധത്തിലുള്ള സാമാന്യത്തോടു യോജിപ്പിക്കുവാൻവേണ്ടി പിടിച്ചു വലിച്ചു് രൂപാന്തരപ്പെടുത്തിയേ കഴിയൂ. പറയേണ്ടതു വേണ്ടപോലെ പറയാതെയും അർത്ഥപുഷ്ടിയില്ലാത്ത പദങ്ങൾകൊണ്ടു പാദപൂരണംചെയ്തും, ഒരു വിധത്തിൽ ഒപ്പിച്ചു വെച്ചിട്ടുള്ള ഈ ശ്ലോകം കതിപയപദപാഥേയനായ ഏതോ ഒരു ചതുഷ്പദീപാന്ഥൻെറ സൃഷ്ടിയാണെന്നു വരുവാനാണു് വഴിയുള്ളതു്.

ഇപ്പോൾത്തന്നെ വളരെയധികം നീണ്ടുപോയിട്ടുള്ള ഈ അവതാരികയെ ഇനിയും നീട്ടിക്കൊണ്ടുപോകുന്നതു് വായന

Digitized By Kerala Sahitya Akademi

കാരോടു ചെയ്യുന്ന വലിയ ഒരു അനീതിയായിരിയ്ക്കും: കാളിദാസന്റെ ശാകുന്തളം; വള്ളത്തോളിന്റെ വിവൎത്തനം; എന്നു മാത്രം പറഞ്ഞാൽത്തന്നേ അവതാരികയിൽ പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. എങ്കിലും ചട്ടങ്ങളനുസരിച്ചുമാത്രം ചിലതിവിടെ പറഞ്ഞുവെന്നേയുള്ളു. കേരളപാണിനിയുടെ ശാകുന്തളവിവൎത്തനത്തെപ്പററി കേരളകാളിദാസൻ, ശാകുന്തളാൎത്ഥാമൃതപാനത്തിനു കേരളീയൎക്കു കിട്ടിയ പുതിയൊരു പാനപാത്രമാണെന്നു പറഞ്ഞിട്ടുണ്ടു്. അതുതന്നെ അല്പമൊന്നു ഭേദപ്പെടുത്തിയാൽ വള്ളത്തോളിന്റെ ഈ വിവൎത്തനത്തിനും ചേരുന്നതാണു്: വള്ളത്തോളിന്റെ വിവൎത്തനം കൈരളിയ്ക്കു ശാകുന്തളരസാമൃതം നിറച്ചുകൊടുത്ത കമനീയമായ ഒരു കനകചഷകമാകുന്നു. സവിശേഷമായ അതിന്റെ ശില്പഭംഗി സഹൃദയദൃഷ്ടിയിൽ എന്നും തളിത്തുപുത്തനിലയിൽത്തന്നെയിരിയ്ക്കും.

ഈ ശാകുന്തളവിവർത്തനത്തിന്റെ കൂടെയുള്ള വ്യാഖ്യാനത്തെപ്പററിയും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ: ശാകുന്തളത്തിനു സംസ്കൃതത്തിൽ പല തരത്തിലുള്ള പല വ്യാഖ്യാനങ്ങളുമുള്ളതിനാൽ സംസ്കൃതം അറിയുന്നവൎക്കു് അതിന്റെ സാരവും രസവും ഗ്രഹിയ്ക്കുവാൻ ധാരാളം സൌകൎയ്യമുണ്ടു്; മലയാളത്തിൽ വ്യാഖ്യാനസമ്പ്രദായംതന്നെ നാമമാത്രമായിരിയ്ക്കുന്നതിനാൽ, ശാകുന്തളത്തിന്റെ മലയാളവിവർത്തനം വായിയ്ക്കുന്നവൎക്കു വ്യാഖ്യാനസഹായം തീരെ ലഭ്യമല്ല. അതിനാൽ, വള്ളത്തോളിന്റെ ഈ വിവർത്തനത്തിനു്, എന്റെ സബ്രഹ്മചാരിയും സഹൃദയനുമായ ശ്രീമാൻ കുട്ടികൃഷ്ണമാരാർ ഒരു വ്യാഖ്യാനം എഴുതിച്ചേർത്തതു വളരെ ഉചിതമായിട്ടുണ്ടു്. മിസ്റ്റർ മാരാർ മൂലത്തിലെ വ്യാഖ്യാനങ്ങളിൽ പ്രായേണ അനുസ്യൂതമായി അനുഗമിച്ചിട്ടുള്ളതു, കേരളീയമായ 'അഭിരാമവ്യാഖ്യാന'ത്തെയാണു്. മൎമ്മസ്പൎശിയായ അഭിരാമവ്യാഖ്യാനത്തിന്റെ ചുവടുപിടിച്ചും എന്നാൽ സ്വന്തം പ്രതിഭയുടെ സ്വതന്ത്രഗതിയെ തടയാതെയുമാണു് മിസ്റ്റർ മാരാർ വ്യാഖ്യാനം ചെയ്തിട്ടുള്ളതു്. ശ്രീമാൻ കുട്ടികൃഷ്ണമാരാരുടെ 'പ്രിയംവദാ'ഖ്യയായ ഈ വ്യാഖ്യ ഈ

Digitized By Kerala Sahitya Akademi

ശാകുന്തളപരിഭാഷയ്ക്കു് ഒരു പ്രിയസഖിയായും, വായനക്കാൎക്കു പ്രിയംകരിയായും പരിണമിയ്ക്കുമെന്നുതന്നെ ഞാൻ പ്രതീക്ഷിയ്ക്കുന്നു. ഇത്രയും പ്രസ്താവിച്ചു ഞാൻ, വള്ളത്തോളിന്റെ ശാകുന്തളതജ്ജീമയുടെ തിരപുറപ്പാടുകാണ്മാൻ അക്ഷമരായി കാത്തിരിക്കുന്ന മഹാജനങ്ങളുടെ മുമ്പിൽനിന്നു തിരനീക്കി മാറിക്കൊള്ളുന്നു.

മദിരാശി
26—10—1933 } വിദ്വാൻ സി. എസ്സ്. നായർ

Digitized By Kerala Sahitya Akademi

# കഥാപാത്രങ്ങൾ

## പുരുഷന്മാർ

| | | |
|---|---|---|
| രാജാവ് ദുഷ്ഷന്തൻ | — | ചന്ദ്രവംശജൻ |
| വിദൂഷകൻ മാഢവ്യൻ | — | രാജാവിന്റെ തോഴൻ |
| കുലപതി കണ്വൻ | — | ശകുന്തളയുടെ വളർത്തച്ഛൻ |
| ശാർങ്ഗരവനും ശാരദ്വതനും | — | കുലപതിയുടെ പ്രധാന ശിഷ്യന്മാർ |
| മാതലി | — | ഇന്ദ്രന്റെ സാരഥി |
| ബാലൻ സർവ്വദമനൻ | — | ശകുന്തളാദുഷ്ഷന്തന്മാരുടെ പുത്രൻ |
| കാശ്യപപ്രജാപതി | — | സുരാസുരപിതാവ് |

ഋഷിമാരും ഋഷികുമാരന്മാരും—രാജാവിന്റെ സൂതൻ—നടയിൽത്തവണക്കാരൻ രൈവതകൻ—പടത്തലവൻ ഭദ്രസേനൻ—അന്തഃപുരപരിചാരകൻ കരഭകൻ—ഹരിക്കാരൻ വാതായനൻ—പുരോഹിതൻ സോമരാതൻ—മുതൽപ്പേർ—സിപ്പായിമാർ സൂചകജാനുകന്മാർ—മുക്കുവൻ.

## സ്ത്രീകൾ

| | | |
|---|---|---|
| ശകുന്തള | — | മേനകാവിശ്വാമിത്രന്മാരുടെ മകൾ |
| പ്രിയംവദയും അനസൂയയും | — | ശകുന്തളയുടെ തോഴിമാർ |
| ഗൌതമി | — | കണ്വാശ്രമത്തിലെ ഒരു വൃദ്ധതാപസി |
| സാനുമതി | — | ഒരപ്സരസ്ത്രീ |
| അദിതി | — | കശ്യപന്റെ പത്നി |

താപസിമാർ—യവനികൾ—നടയിൽത്തവണക്കാരി വേത്രവതി—ഉദ്യാനപാലികമാർ—പരഭൃതികാമധുകരികമാർ—തിരുമുമ്പിൽത്തവണക്കാരി ചതുരിക.

## രംഗങ്ങൾ

കാട്, കശ്യപാശ്രമം, ഹസ്തിനപുരം, പ്രമദവനം, ആകാശം, ഹേമകൂടപർവ്വതം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## കാളിദാസന്റെ

# അഭിജ്ഞാനശാകുന്തളം

### സ്ഥാപന

ഏതാദ്യം ബ്രഹ്മസൃഷ്ടം, വിധിഹുതഹവിരാ-
ദായിയേതേ,തു ഹോതാ-
വേ,തെങ്ങും ചേർന്നുനില്പൂ ശ്രുതിചരഗുണമായ്,-
ക്കാലകൢപ്താന്ദ്യമേതോ,
ഭൂതങ്ങൾക്കൊക്കെയേതൊന്നൊരു മുരട്ട,ലകിൻ
പ്രാണനായിട്ടിരിപ്പൊ-
ന്നേതാ—പ്രത്യക്ഷമൂർത്ത്യഷ്ടകമുടയ പുരാൻ
നിങ്ങളെക്കാത്തിടട്ടെ!

## പ്രിയംവദ

### എന്ന ടീക

ശ്ലോകം 1. ആദ്യം ബ്രഹ്മസൃഷ്ടം: ജലം. ജലമാണ് ആദ്യം സൃഷ്ടിക്കപ്പെട്ടതെന്ന് സ്മൃതി. വിധിഹുതഹവിരാദായി = വിധിയാംവണ്ണം ഹോമിച്ച ഹവിസ്സിനെ കൈക്കൊള്ളുന്നത്—അഗ്നി; അഗ്നി, തന്നിൽ ഹോമിക്കപ്പെട്ട ഹവ്യാദികളെ പിതൃദേവന്മാൎക്ക് എത്തിച്ചുകൊടുക്കുന്നു എന്നു ശ്രുതി. ഹോതാവ് = യജമാനൻ. ശ്രുതിചരഗുണം = ചെവികൊണ്ടറിയാവുന്ന ധൎമ്മത്തോട്. ശബ്ദത്തോട്, കൂടിയത്; ആകാശം. കാലകൢപ്താന്ദ്യം = കാലത്തെ ഉണ്ടാക്കുന്ന—അതിനെ, രാവ് പകൽ എന്നും മററുമായി വിഭജിക്കുവാൻ കാരണമായ—ഇണ; സൂൎയ്യചന്ദ്രന്മാർ. ഭൂതങ്ങൾക്കൊക്കെ ഒരു മുരട്: ജരായുജാദിസകല പ്രാണിവൎഗ്ഗങ്ങൾക്കും മൂലപ്രകൃതിയായ ഭൂമി. ഉലകിൻപ്രാണനായിട്ടിരിപ്പൊന്ന്: വായു. പ്രത്യക്ഷമൂൎത്ത്യഷ്ടകം = പ്രത്യക്ഷങ്ങളായ, പരക്കെ അനുഭവഗോചരങ്ങളായ, എട്ടു മൂൎത്തികൾ—രൂപങ്ങൾ. പുരാൻ = തമ്പുരാൻ, നാഥൻ. കാത്തിടട്ടെ = നാടകരസാസ്വാദനത്തിന്നു വിരോധികളായ വിഘ്നങ്ങളെ അകററിത്തരട്ടെ: പഞ്ച



Digitized By Kerala Sahitya Akademi

സൂത്രധാരൻ: (പ്രവേശിച്ച് അണിയറയിലേയ്ക്കു നോക്കിയിട്ട്)

ആര്യേ, വേഷംകെട്ടൽ കഴിഞ്ഞു എങ്കിൽ ഇത്രത്തോളം വരു.

നടി: (പ്രവേശിച്ച്) ആര്യാ, ഇതാ, ഞാൻ.

സൂത്രധാരൻ: വിദ്വാന്മാരേറിയ സദസ്സാണിത്: ഇന്നു കാളിദാസവിരചിതമായ പുതിയ നാടകം വേണം നാം അഭിനയിക്കുക. അതിനാൽ ഓരോ വേഷത്തിലും ശ്രദ്ധ വെയ്ക്കണം.

നടി: ആര്യന്റെ അഭ്യാസഗുണത്താൽ ഒന്നിന്നും കോട്ടം വരികയില്ല.

മഹാഭൂതങ്ങൾ, സൂര്യചന്ദ്രന്മാർ, യജമാനൻ (ലോകസേവകനായ കർമ്മയോഗി) എന്നീ എട്ടും കൂടിയതാണ് പരമശിവന്റെ ശരീരം; ആ മൂർത്തികളിൽ ഒന്നെങ്കിലും ഇല്ലാതിരുന്നാൽ പ്രപഞ്ചം ഉടഞ്ഞുപോകുമെന്ന്, അവയുടെ വിചിത്രപ്രതിപാദനത്തിൽ നിന്നു സൂചിപ്പിക്കുന്നു. ഈ വിധം, പ്രപഞ്ചാത്മാവും പ്രപഞ്ചഭരണകർത്താവുമായ നാഥൻ, നിങ്ങളെ നാട്യരസാസ്വാദനം സാധിക്കുമാറ് അനുഗ്രഹിക്കട്ടെ!

നാന്ദീപദ്യത്തിൽ നാടകത്തിലെ ഇതിവൃത്തം സൂചിപ്പിക്കുക പതിവുണ്ട്; ആ ദൃഷ്ടിയിൽ, ഈ ശ്ലോകത്തിന് ഇങ്ങിനെയൊരു താല്പര്യം കാണാം:—ആദ്യം ബ്രഹ്മസൃഷ്ടം: ബ്രഹ്മാവിന്റെ അപൂർവ്വസൃഷ്ടിയും, വിധിഹുതഹവിസ്സായി: 'പാരിൻനന്മക്കു ദുഷ്ഷന്തതേജസ്സുൾക്കൊണ്ടിരിക്കു' (അങ്കം 4 ശ്ലോകം 3) നവള്ളമായ ശകുന്തള. ഹോതാവ്: ശകുന്തളയിൽ ഗർഭാധാനം ചെയ്ത ദുഷ്ഷന്തൻ. കാലക്ലൃപ്തദ്വന്ദ്വം: നായികാനായകന്മാരുടെ സംഗമങ്ങൾക്കു സൗകര്യമുണ്ടാക്കിയ പ്രിയംവദാനസൂയമാർ. എങ്ങും ചേർന്നിരിപ്പൂ ശ്രുതിചരഗുണമായ്: വ്യാഖ്യാനഗുണനായി, അഥവാ വേദങ്ങളിൽ ദത്താവധാനനായി, സമാധിദൃഷ്ടികൊണ്ട് എല്ലാം പ്രത്യക്ഷീകരിക്കുന്നവനായ കണ്വൻ. ഭൂതങ്ങൾക്കൊക്കെ മൂരട്: 'ഈരാറായ്മരവും മഹസ്സിനുടെ വിത്ത്' ഇത്യാദി പദ്യത്തിൽ (അങ്കം 7 ശ്ലോകം 27) വർണ്ണിക്കുംപടി, ദ്വാദശാദിത്യന്മാർ തുടങ്ങിയ ഭുവനപാലകന്മാരുടെയും പിതാവായ കശ്യപപ്രജാപതി. ഉലകിൻ പ്രാണൻ: പിന്നീട് ഭരതരാജ്യമെന്നും ഭരതവംശമെന്നും പേർ വരുമാറു ലോകത്തിന്നു നവജീവൻ നല്കിയ ശകുന്തളാപുത്രൻ. ഈ മുഖ്യകഥാപാത്രങ്ങളോടുകൂടിയ ഈ നാടകം നിങ്ങളെ രസാസ്വാദതൃപ്തരാക്കട്ടെ!

Digitized By Kerala Sahitya Akademi

സൂത്രധാരൻ: ഇരിയ്ക്കട്ടെ; നിന്നോട് ഞാൻ വാസ്തവം പറയാം.

ബുധർ നന്ദിയ്ക്കുംവരെയഭി-
മതമായ്,ത്തീരാ പ്രയോഗവിജ്ഞാനം;
അതിയായ്പ്പയററിയോക്കും
ഹൃദി തോന്നില്ലാത്മവിശ്വാസം. 2

നടി: ശരിതന്നെ. ഇനി വേണ്ടത് ആര്യൻ ആജ്ഞാപിച്ചാലും.

സൂത്രധാരൻ: മറെറന്താണ്? ഈ സദസ്സിന്നു കണ്ണിന്നാനന്ദംവരുത്താൻ, ആരംഭിച്ചിട്ട് ഏറെനാൾ ചെന്നിട്ടില്ലാത്ത ഈ അനുഭവയോഗ്യമായ വേനലിനെക്കുറിച്ചുതന്നെ തെല്ലൊന്നു പാടുക. ഇപ്പോൾ,

നാന്ദി: സാമാജികന്മാരെയും നടന്മാരെയും ആനന്ദിപ്പിയ്ക്കുന്ന നാട്യാരംഭമംഗളം.

സൂത്രധാരൻ: ഭരതാചാര്യരുടെ നാട്യസൂത്രം (അഭിനയശാസ്ത്രം) പഠിയ്ക്കുകയും പ്രയോഗിച്ചു ശീലിക്കുകയും ചെയ്തിട്ടുള്ള ആൾ.

ഇതാ, ഞാൻ: എന്താണ് ചെയ്യേണ്ടത്? എന്നു താല്പര്യം. ഇതിനെത്തുടന്ന് 'ഭവാൻെറ എന്തു നിയോഗത്തെയാണ് ഞാൻ അനുഷ്ഠിയ്ക്കേണ്ടത്?' എന്നൊരു വാക്യം കൂടി കാണുന്നതു, പഴയ പുസ്തകങ്ങളിലില്ലാത്തതും നിഷ്പ്രയോജനവുമാണെന്നു രാഘവഭട്ടൻ. നിഷ്പ്രയോജനത, അതു താല്പര്യസിദ്ധമായിരിയ്ക്കുന്നതുതന്നെ. കാളിദാസൻ മിതഭാഷിയാണെന്നു വിശേഷിച്ചും ഓമ്മവെയ്ക്കണം.

ആര്യൻെറ അഭ്യാസഗുണത്താൽ: ആര്യൻ സ്വയം നന്നായി അഭ്യസിച്ചതിലും, സഹകാരികളെ അഭ്യസിപ്പിച്ചതിലും മെച്ചം. ഇതു രണ്ടുംകൂടി ചിലക്കേ ഒത്തുവരൂ; അത് ആര്യനുണ്ടല്ലോ എന്നു പ്രശംസ.

ശ്ലോകം 2. അഭ്യാസത്തിൻെറ ഫലം വിദ്വൽപരിതോഷമാകയാൽ അഭ്യാസഗുണത്തെ മാത്രം പ്രമാണമാക്കിക്കൂടാ എന്ന്:—ബുധർ = അറിവുള്ളവർ. അഭിമതമായിത്തീരാ: എനിയ്ക്കും, എന്നെപ്പോലുള്ളവക്കും ശരിപ്പെട്ടു എന്നു ബോധപ്പെടുകയില്ല. പ്രയോഗവിജ്ഞാനം = വഴിയാംവണ്ണം പഠിച്ചുവെച്ച പ്രയോഗംപോലും; ആഹാര്യം, ആംഗികം, വാചികം, സാത്വികം എന്നു നാലുതരത്തിലുള്ള അഭിനയമത്രേ പ്രയോഗം. ആത്മവിശ്വാസം: സ്വന്തം പ്രയോഗജ്ഞാനത്തിൽ മതിപ്പ്.

Digitized By Kerala Sahitya Akademi

പരമസുഖം നീരാടാൻ
പാടലസുമസുരഭി കാനനത്തെന്നൽ;
പാരമുറങ്ങാം തണലിൽ:-
പ്പകലുകറം പരിണാമരമ്യങ്ങറം. 3

നടി: (പാടുന്നു)

മൃദുകേസരാഞ്ചലങ്ങളെ,
മധുകരരല്പാല്പമായ് നുകർന്നവയെ,
കനിവോടണിവൂ ചെവിമേൽ-
ക്കമനികറം നെന്മേനിവാകമലരുകളെ. 4

സൂത്രധാരൻ: ആര്യേ, പാട്ടു നന്നായി. ഹാ, മനസ്സു രംഗത്തിൽ പതിഞ്ഞതുകൊണ്ട് അരങ്ങു മുഴുവൻ ചിത്രത്തിലെഴുതപ്പെട്ടതുപോലെയായിപ്പോയി: നാം ഇനി എന്തഭിനയിച്ചാണ് ഇവരെ സന്തോഷിപ്പിയ്ക്കേണ്ടത്?

നടി: ഇവിടുന്നു മുമ്പുതന്നെ ആജ്ഞാപിയ്ക്കുകയുണ്ടായല്ലോ, അഭിജ്ഞാനശാകുന്തളമെന്ന നൂതനനാടകം അഭിനയിയ്ക്കണമെന്ന്.

സൂത്രധാരൻ: ഉള്ളതുതന്നെ; ഈ ക്ഷണത്തിൽ അതു ഞാൻ മറന്നുപോയി.

ഇനി വേണ്ടത്; ഈ പറഞ്ഞുകഴിഞ്ഞതു, വിളിച്ചതിൻെറ ആവശ്യം മാത്രമാണല്ലോ.

ശ്ലോകം 3. നീരാടാൻ = ജലക്രീഡയ്ക്കു്. പാടലസുമസുരഭി = പാതിരിപ്പൂമണമുള്ളത്; പാതിരി വേനല്ക്കത്രേ പൂക്കുക. പരിണാമരമ്യങ്ങൾ = അവസാനത്തിൽ, വൈകുന്നേരം, സുഖകരങ്ങൾ. നാടകത്തിലെ ഇതിവൃത്താരംഭവും വേനല്ക്കാലത്തുതന്നെ. പ്രസ്താവന പതുക്കെ ഇതിവൃത്തത്തിലേയ്ക്കു ചായുന്നു.

ശ്ലോകം 4. മൃദുകേസരാഞ്ചലങ്ങൾ = മൃദുലങ്ങളായ അല്ലിത്തുമ്പുകളോടുകൂടിയവ. മധുകരം = വണ്ട്. അല്പാല്പമായ്: അല്ലിത്തുമ്പുകളുടെ അതിമാർദ്ദവംമൂലം, അവയിൽ സ്വച്ഛന്ദമിരുന്നു തേൻ നുകരുകവയ്യാ. കനിവോട്; ഇതും, പൂവിൻെറ സൌന്ദര്യംമൂലം വാട്ടം തട്ടാതിരിപ്പാനത്രേ. കമനികൾ = സുന്ദരിമാർ. ഈ രണ്ടു പദ്യത്തിലും, ഗ്രീഷ്മത്തെ ശൃംഗാരോദ്ദീപകമാംവണ്ണം വർണ്ണിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഹൃതനായ്പ്പോയല്ലോ ഞാൻ
മതിഹരമാം നിൻെറ പാട്ടിനാൽ പ്രസഭം:

(കേൾക്കുന്നതായി നടിച്ചിട്ട്)

കൃതികൊണ്ടു മാനിനാലീ--
ക്ഷിതിപതി ദുഷ്ഷന്തനെന്നവിധം. 5

(രണ്ടുപേരും പോയി)

(സ്ഥാപന കഴിഞ്ഞു)

രാഗം: വിവിധസ്വരങ്ങളുടെ വിചിത്രസമ്മേളനത്താലുള്ള ആസ്വാദ്യത.

ശ്ലോകം 5. ഹൃതൻ: മനസ്സാകർഷിക്കപ്പെട്ടവൻ; ഉത്തരാർദ്ധത്തിൽ ഭാനായിക്കുമ്പോൾ, ദൂരത്തേക്കു കൊണ്ടുപോകപ്പെട്ടവൻ. മതിഹരം = മനോഹരം. പ്രസഭം = പെട്ടെന്ന്.

ശബ്ദം കേട്ടതായി നടിച്ചതു, സൂത്രധാരൻ എന്ന നിലയ്ക്കല്ല, അന്ന് ദുഷ്ഷന്തൻ നായാട്ടുമ്പോൾ, അതു കണ്ടും കേട്ടും നില്ക്കുന്ന ഒരാൾ എന്ന നിലയ്ക്കാണ്. ഈവിധം നാട്യരംഗത്തെ തഞ്ചത്തിൽ ഇതിവൃത്തരംഗമായി മാററുകയത്രേ, സംസ്കൃതരൂപകങ്ങളിലെ പൂർവ്വരംഗം ചെയ്യുന്നത്.

സ്ഥാപന: ഇതിവൃത്തത്തിലെ കാലദേശാദികളെ രംഗത്തിൽ സമർപ്പിക്കൽ.

Digitized By Kerala Sahitya Akademi

# ഒന്നാമങ്കം

(അനന്തരം രഥാരൂഢനായി വില്ലേന്തി മാനിനെ പിന്തുടരുന്ന രാജാവും സൂതനും പ്രവേശിക്കുന്നു)

സൂതൻ: (രാജാവിനേയും മാനിനേയും നോക്കിയിട്ട്) തിരുമേനി,

മാനിങ്കലും വില്ലു കലർച്ച നിങ്കലും
താനേ പഴംകണ്ണു പതിഞ്ഞിട്ടവിധൌ,
ഏണത്തിനെപ്പിന്തുടരും പിനാകിയെ-
ക്കാണുന്നു നേക്കെന്നിഹ തോന്നിടുന്നു മേ! 1

രാജാ: സൂത, ഈ മാൻ നമ്മെ അകലത്തേയ്ക്കു കൊണ്ടുപോന്നു കളഞ്ഞു. ഇതാ ഇപ്പോഴും,

ഏററം ഭംഗ്യാ ചെരിക്കും ഗളമൊടുടനുടൻ
പിന്നിലെത്തുന്ന തേർമേൽ
നോട്ടം നട്ടേ,റെയും പിന്നുടലിഷുഹതിഭീ-
കൊണ്ടു മുന്മെയ്യിലാക്കി
വാട്ടത്താൽ വാ പിളന്നധ്വനി പകതി ചവ-
ച്ചുള്ള ദർഭങ്ങളും ചിന്നി,-
ച്ചാട്ടത്താൽ,ക്കാൺക, വാനിൽപ്പെരുതുമവനിയിൽ-
ച്ചെറുമായ് വെച്ചടിപ്പൂ!

ശ്ലോകം 1. പഴംകണ്ണ്: അടിയൻെറ കണ്ണ് എന്നർത്ഥമായ ആചാരവാക്ക്. ഏണം = മാൻ; ദക്ഷയാഗം ധ്വംസിക്കപ്പെട്ടപ്പോൾ യജ്ഞദേവത ഒരു മാൻവടിവുപൂണ്ടു പാഞ്ഞുപോയി എന്നും, ശിവൻ തൻെറ പിനാകമെന്ന വില്ലും കുലച്ച് അതിനെ പിന്തുടന്നുചെന്നു എന്നും ഇതിഹാസം. പ്രഥമപ്രവിഷ്ടനായ നായകൻെറ പ്രഭാവാതിശയം സൂചിപ്പിക്കപ്പെടുന്നു. പിനാകധാരിയായ ശിവൻ എന്നീ വിശേഷണവും വിശേഷ്യവും, പിനാകി എന്ന ഒററപ്പദത്തിൽ ഒതുക്കപ്പെട്ടിരിക്കുന്നു. നേക്ക് = പ്രത്യക്ഷമായി.

ഇപ്പോഴും: ഇത്രദൂരം ഓടി ക്ഷീണിച്ചിട്ടും.

ശ്ലോകം 2. നോട്ടം നട്ട്: 'തേർ അടുത്തുവോ! അടുത്തുവോ!' എന്നു കണ്ണുറപ്പിച്ചുകൊണ്ട്. പിന്നുടലിഷുഹതിഭീതികൊണ്ടു മുന്മെയ്യിലാക്കി:

Digitized By Kerala Sahitya Akademi

(അത്ഭുതത്തോടെ) ഞാൻ പിന്തുടരവേതന്നെ, ഇതിനെ കാണ്മാൻ പ്രയാസം എന്നായതെങ്ങിനെ?

സൂതർ: നിലത്തിന്റെ നിരപ്പില്ലായ്മ കണ്ടിട്ട് അടിയൻ കടിഞാൺ അടക്കിപ്പിടിച്ചു പള്ളിത്തേരിന്റെ പാച്ചിൽ പതുക്കെയാക്കി; അതുകൊണ്ടാണ്, ഈ മാൻ അകലത്തായിപ്പോയത്. ഇപ്പോൾ സമഭൂമിയിലായതിനാൽ തിരുമേനിക്കു സമീപിക്കാൻ പ്രയാസമുണ്ടാകയില്ല.

രാജാ: എന്നാൽ കടിഞാൺ അഴച്ചുവിടുക.

സൂതൻ: എറാൻ. (രഥവേഗം നടിച്ച്) തിരുമേനി തൃക്കൺ പാർത്താലും, തൃക്കൺപാർത്താലും:

വാരഞ്ചും കടിഞാണഴച്ചപൊഴുതേ
മുന്നെയ്ക്കു തുലോം നീണ്ട, ന-
ങ്ങാതായ്ക്കൂർമ്പിയ കണ്ണുമോടചലമാം
വെൺചാമരാഗ്രത്തോടും,
പാരം തങ്ങളിൽനിന്നുയർന്ന പൊടിയാൽ--
പ്പോലും ദുരാപങ്ങളായ്,
മാനിൻപാച്ചിൽ പൊറാത്തപോലിത, കുതി-
ച്ചോടുന്നു തേർവാജികൾ. 3

'അമ്പ് ഇപ്പോൾ വന്നു തറയ്ക്കും' എന്ന ഭയത്താൽ, ഉടലിലെ പിൻപകുതി മുൻപകുതിയിലേയ്ക്കു് ആവുന്നതും ചുരുങ്ങിച്ചേർന്ന്. വാട്ടം = തളച്ച്. അധ്വനി = വഴിയിൽ. അവനിയിൽ = ഭൂമിയിൽ. ചാട്ടംകൊണ്ട് ആകാശത്തിലൂടെയാണ് ദൂരം കടക്കുന്നത്; ചാട്ടം കഴിയുടെയും അവസാനത്തിൽ വീണ്ടും കുതിക്കുന്നതായി ഭൂമിയെ തൊടുന്നുണ്ടെന്നുമാത്രം. വെച്ചടിപ്പു = കൊണ്ടുപിടിച്ചു പായുന്നു.

ശ്ലോകം 3. വാരഞ്ചും = നീളമുള്ള. കൂർമ്പിയ = നിവർത്തി നിർത്തിയ. അചലമാം വെൺചാമരാഗ്രത്തോടും: തേർക്കുതിരകളുടെ ചെവികളിൽ ചാമരം അണിയാറുണ്ട്; അവ പാച്ചിലിന്റെ വേഗംകൊണ്ട് ഇളകാതെ നില്ക്കുന്നു. പാരം......ദുരാപങ്ങളായ്: അതാതിടത്തു കുളമ്പു തട്ടിപ്പൊന്തുന്ന പൊടികൾക്കുപോലും ചെന്നെത്താൻ വയ്യാത്തവയായി; തേർച്ചക്രം തട്ടിപ്പൊന്തുന്ന പൊടിയ്ക്കാകട്ടേ, തീരെ വയ്യാ.

പച്ചക്കുതിരകൾ; സൂര്യന്റെ കുതിരകൾ: പച്ചനിറത്തിലുള്ള ഏഴു കുതിരകളെപ്പൂട്ടി അരുണൻ തെളിയ്ക്കുന്ന ഒരു തേരിലേറിയിട്ടാണത്രേ, സൂ

Digitized By Kerala Sahitya Akademi

രാജാ:— വാസ്തവം: പച്ചക്കുതിരകളെക്കാരം മീതെ. എന്തെന്നാൽ,

പാരാതേ വലുതായ്‌വരുന്നു. ചെറുതായ്--
 ക്കാണായതെല്ലാം; തൊട്ട-
ത്താരാനേച്ചതുപോലെ കാണ്മു നടുവേ
 വിച്ഛിന്നമായ് നിന്നതും;
നേരായ്ത്തന്നെ വളഞ്ഞതുണ്ടൃജുവുമായ്--
 ത്തീരുന്നു; തേർപ്പാച്ചിലാൽ--
ദ്ദൂരത്തില്ലരികത്തുമില്ല മമ യാ-
 തൊന്നും ക്ഷണംപോലുമേ. 4

സൂത, ഇതിനെ കൊല്ലുന്നതു കണ്ടുകൊരംക. (ശരം തൊടുക്കുന്നു)

(അണിയറയിൽ)

രാജാവേ, ഈ ആശ്രമമൃഗത്തെ കൊന്നുകൂടാ, കൊന്നുകൂടാ!

സൂതൻ:— തിരുമേനിയുടേയും ഈ ശരലക്ഷ്യമായ കൃഷ്ണമൃഗത്തിന്റേയും ഇടയിൽ തപസ്വികരം വന്നുനില്ക്കുന്നു,

രാജാ:-- (സംഭ്രമത്തോടെ) എന്നാൽ കുതിരകളെ നിർത്തുക.

സൂതൻ:— എറാൻ (തേർ നിർത്തുന്നു )

(രണ്ടു ശിഷ്യന്മാരോടുകൂടി ഒരു ഋഷി പ്രവേശിക്കുന്നു)

ഋഷി: (കയ്യുയർത്തിയിട്ട്) രാജാവേ, ഈ ആശ്രമമൃഗത്തെ കൊന്നുകൂടാ!

യ്യൻ ത്വരിതമായും നിരന്തരമായും ആകാശയാനം ചെയ്യുന്നത്. അഥവാ, ഇന്ദ്രന്റെ കുതിരകൾ; അവയുടേയും നിറം പച്ചയത്രേ.

ശ്ലോകം 4. അതിവേഗത്തിൽപ്പായുന്ന വാഹനത്തിലിരുന്നു പുറത്തേയ്ക്കു നോക്കിയാലത്തെ കാഴ്ച—അകലെ ചെറുതായിക്കണ്ടതു, വേഗത്തിൽ അടുത്തു ചെല്ലുന്നതിനാൽ പെട്ടെന്നു വലുതായിക്കാണപ്പെടുന്നു; വിട്ടുനില്ക്കുന്ന (വിച്ഛിന്നം) വസ്തുക്കൾ തമ്മിൽച്ചേർന്നതുപോലെ കാണപ്പെടുന്നു; വാസ്തവത്തിൽ വളഞ്ഞിരിയ്ക്കുന്ന വസ്തുക്കൾ വളവററവയാ(ഋജുവാ)യിത്തോന്നപ്പെടുന്നു. അകലത്തുള്ളതു ക്ഷണേന അടുക്കുന്നു, അടുത്തുള്ളത് അകലുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

തിരിച്ചെടുത്താൽക്കൊള്ളാമീ-
ത്തൊടുത്ത വിശിഖം ഭവാൻ:
നിങ്ങൾക്കസ്ത്രം ദീനരക്ഷ-
യ്ക്കെയ്യാനല്ലാഗസ്സുന്യരിൽ.

രാജാ:— ഇതാ, പിൻവലിച്ചു. (അതിൻവണ്ണം ചെയ്യുന്നു.)

ഋഷി: പുരുവംശപ്രഭവനാ-
മങ്ങയ്ക്കിതുചിതം തുലോം;
പിറക്കുകേ,വം ഗുണനായ്-
സ്സമ്രാട്ടാകുമൊരുണ്ണി തേ! 6

രാജാ:— (വണക്കത്തോടെ) ആശീർവ്വാദം അംഗീകരിച്ചു.

ശിഷ്യൻ: (കയ്യുയർത്തിയിട്ട്) സമ്രാട്ടായ ഉണ്ണി പിറക്കട്ടെ!

ഋഷി:— രാജാവേ, ചമത കൊണ്ടുവരാനായി പുറപ്പെട്ടിരിയ്ക്കുയാണ് ഞങ്ങൾ. ഇതാ, മാലിനീതീരത്തു, കുലപതിയായ കണ്വമഹർഷിയുടെ ആശ്രമം കാണുന്നു; മററു കാര്യങ്ങൾക്കു മുടക്കം വരാനില്ലെങ്കിൽ, അവിടെച്ചെന്ന് അതിഥിസൽക്കാരം സ്വീകരിച്ചാലും! അത്രമാത്രമല്ല,

5. വിശിഖം = അമ്പ്. അനാഗസ്സുന്യർ = കുററം ചെയ്യാത്തവർ. ഇവിടെ ഋഷിയുടേതായി, ബഹുധാ പൌനരുക്ത്യദുഷിതവും ശിഥിലബന്ധവുമായ ഒരു പദ്യംകൂടി ചിലർ ചൊല്ലുന്നുണ്ട്:—

'ന ഖലു ന ഖലു ബാണസ്സന്നിപാത്യോയമസ്മി-
ന്മൃദുനി മൃഗശരീരേ, പുഷ്പരാശാവിവാഗ്നിഃ;
ക്വ ബത, ഹരിണകാനാം ജീവിതം ചാതിലോലം?
ക്വ ച നിശിതനിപാതാസ്സാരപുംഖശ്ശരാസ്തേ?'

രാജാവിന്നിതു കേൾക്കയും വേണ്ടാ, ശരം പിൻവലിപ്പാൻ.

ശ്ലോകം 6. പുരുവംശപ്രഭവൻ = പുരുവിന്റെ വംശത്തിൽ ജനിച്ചവൻ. ഇത്: ധർമ്മാത്മകമായ ഒരു നിർദ്ദേശത്തെ തൽക്ഷണം അനുസരിയ്ക്കൽ. ദുഷ്ഷന്തന്റെ ഒരു പ്രപിതാമഹനായ പുരു (പൂരു എന്നും പറയാം), പിതാവിന്റെ അപേക്ഷയാൽ അദ്ദേഹത്തിന്റെ ജരാനരകൾ ഏററു വാങ്ങുകയുണ്ടായി. ഏവം ഗുണൻ = ഇത്തരം ഗുണങ്ങളുള്ളവൻ, സമ്രാട്ട് = ചക്രവർത്തി. തേ = അങ്ങയ്ക്കു്.



Digitized By Kerala Sahitya Akademi

തപസ്വിമാർതൻ തടവററ പുണ്യ-
കർമ്മങ്ങൾ കണ്ടിട്ടു ധരിച്ചുവെല്ലാം,
'എത്രയ്ക്കു രക്ഷിച്ചുവരുന്നു, വിൽഞാൺ-
തഴമ്പെഴും മദ്ഭുജ'മെന്നതും തേ. 7

രാജാ:— കുലപതി ഇവിടെയുണ്ടോ?

ഋഷി:— ഇപ്പോൾത്തന്നേ, മകൾ ശകുന്തളയെ അതിഥിസൽക്കാരത്തിന്നേൽപ്പിട്ടത്തിയുംവെച്ച്, അവളുടെ ഗ്രഹപ്പിഴയ്ക്കു ശാന്തി ചെയ്‌വാൻ സോമതീർത്ഥത്തിലേയ്ക്കു പോയി.

രാജാ:— ആകട്ടെ. അവളെ കാണാം; അവൾ എൻെറ ഭക്തിയെ മഹർഷിയോടറിയിയ്ക്കുമല്ലോ.

ഋഷി:— എന്നാൽ ഞങ്ങൾ നടക്കട്ടെ.

(ശിഷ്യന്മാരോടു കൂടി പോയി)

രാജാ: സൂത, കുതിരകളെ തെളിയ്ക്കുക; പുണ്യാശ്രമം ദർശിച്ച് ആത്മശുദ്ധി വരുത്താം.

സൂതൻ:— ഏറാൻ (വീണ്ടും രഥവേഗം നടിയ്ക്കുന്നു)

രാജാ:— (ചുററും നോക്കിയിട്ട്) സൂത, പറയാതെതന്നെ അറിയാം, ഇത് ഒരു തപോവനപ്രദേശമാണെന്ന്.

സൂതൻ:— അതെങ്ങിനെ, തിരുമേനി?

രാജാ:— താൻ കാണുന്നില്ലേ? ഇവിടെ,

കുലപതി: ആയിരമായിരം ഋഷികളെ കൂടെപ്പാർപ്പിച്ചു പുലർത്തിയും പഠിപ്പിച്ചും വരുന്ന മഹർഷി.

ശ്ലോകം 7. രാജാവിൻെറ രക്ഷകൊണ്ടാണല്ലോ, ഋഷിമാരുടെ പുണ്യകർമ്മങ്ങൾ രാക്ഷസാദി വിഘ്നങ്ങളില്ലാതെ നടന്നുപോരുന്നത്. വിൽഞാൺതഴമ്പെഴും: രക്ഷയിലുള്ള ക്ലേശവും, അത് അതിൻെറ തികഞ്ഞ ഫലം കാണുമ്പോൾ സംതൃപ്തിയായി മാറും എന്നും സൂചിപ്പിയ്ക്കപ്പെടുന്നു. 'അവളെക്കാണാം.........അറിയിയ്ക്കുമല്ലോ.' ഇവിടംമുതൽ രാജാവിൻെറ കാമുകത വെളിപ്പെടുന്നതായി ഡോ. ചിപ്ലൂങ്കർ മുതലായ നിരൂപകന്മാർ വിചാരിയ്ക്കുന്നു. ഇതു നാടകശാലയിലെ പിൻപന്തിയിലിരിയ്ക്കുന്ന സന്ദർശകന്മാർ കണ്ടുപിടിയ്ക്കുന്നതാണ്.

Digitized By Kerala Sahitya Akademi

തത്തപ്പൊത്തുവഴിയ്ക്കുതിന്ന വരിനെ-
ല്ലുണ്ടീ മരക്കീഴ്നില,--
ത്തോടൽക്കായ്കളുടച്ചതാം, ചില മെഴ-
ക്കേറുന്ന പാറപ്പുറം;
വിശ്വാസാൽ നില മാറിടാതെയൊലികേട്ടം-
ചുന്നൂ കുരംഗവ്രജം;
കാണ്മൂ. വല്കശിഖാംബു വീണ വരയും
നീരാഴിമാർഗ്ഗങ്ങളിൽ. 8

സൂതൻ:— ഒക്കെ ശരിതന്നെ.

രാജാ:— (കുറച്ചു ദൂരം പോയിട്ട്) സൂത, തപോവനവാസികൾക്ക് ഉപദ്രവമുണ്ടാക്കരുത്; അതിനാൽ തേർ ഇവിടെത്തന്നെ നിൎത്തുക. ഞാൻ ഇറങ്ങാം.

സൂതൻ:— ഇതാ നിൎത്തിയിരിയ്ക്കുന്നു; കല്പിച്ചിറങ്ങാം.

രാജാ:—(ഇറങ്ങിയിട്ട്) വിനീതവേഷത്തോടുകൂടി വേണം, തപോവനങ്ങളിൽ ചെല്ലുക; ഇത് വാങ്ങിക്കൊൾക (എന്ന് ആഭരണങ്ങളും വില്ലും സൂതന്റെ കയ്യിൽ കൊടുത്ത്) ഞാൻ ആശ്രമവാസികളെ ദൎശിച്ചു തിരിച്ചുവരുമ്പോഴെയ്ക്കും കുതിരകളെ നനച്ചുകൊള്ളുക.

ഗ്രഹപ്പിഴ—ശകുന്തളയുടെ വൈവാഹികജീവിതത്തെസ്സംബന്ധിച്ചതാവണം ഈ ഗ്രഹപ്പിഴ. ശാന്തിചെയ്‌വാൻ = അതിന്റെ ഉഗ്രത കുറയ്ക്കുവാൻ; വിധിയെ നിശ്ശേഷം തട്ടിനീക്കുക ഋഷിമാൎക്കും ദുഷ്കരമാണല്ലോ.

ശ്ലോകം 8. തത്തപ്പൊത്തുവഴിയ്ക്കുതിന്ന; ആശ്രമങ്ങളിലെ വരിനെൽകൃഷിസ്ഥലത്തുനിന്ന തത്തകൾ സ്വച്ഛന്ദം കൊത്തിക്കൊണ്ടുപോന്ന മരപ്പൊത്തിലേയ്ക്കു കടത്തുമ്പോൾ ഉതിൎന്നുവീണവ. മരക്കീഴ്നിലത്ത് = മരങ്ങളുടെ ചുവട്ടിൽ. ഓടൽക്കായ്കളുടച്ചതാം = ഓടൽക്കായ വെച്ചു ചതച്ചതാണ്: തപസ്വികളുടെ അഭ്യംഗവും ദീപവും ഓടലെണ്ണകൊണ്ടത്രേ. കുരംഗവ്രജം = മാൻകൂട്ടം. മാനുകൾ ഒരിയ്ക്കലും ഭയമനുഭവിച്ചിട്ടില്ലായ്കയാൽ, അപരിചിതമായ തേരിന്റെ ശബ്ദം കേട്ടിട്ടും പതറിപ്പോകുന്നില്ല. വല്ക... ...ങ്ങളിൽ:ജലാശയങ്ങളിലേയ്ക്കുള്ള വഴികളിൽ, മരവുരിത്തുമ്പുകളിൽനിന്ന വാൎന്ന വെള്ളത്തിന്റെ പാടുകളുണ്ട്; മരവുരി ഇററിററുവീണ വഴികളിൽ സുവ്യക്തമായ രേഖയുണ്ടാവുമല്ലോ. ഈ ശ്ലോകത്തിന്നു ശേഷം,

Digitized By Kerala Sahitya Akademi

സൂതൻ:—എറാൻ.

(പോയി.)

രാജാ:—(ചുററിനടന്നിട്ട്) ഇതാ ആശ്രമത്തിന്റെ പടി (കടന്നു നിമിത്തം നടിച്ച്)

ഇമ്മാശ്രമം പ്രശാന്തം,
കയ്യോ, വിറകൊൾവിതി,ങ്ങു ഫലമെങ്ങോ?
അല്ലെങ്കിൽ,ദൈവഗതി-
ക്കില്ല തുറക്കാത്ത വാതിലൊരിടത്തും. 9

ഇങ്ങോട്ട് തോഴിമാരേ, ഇങ്ങോട്ട്.

രാജാ:—(കേട്ടതായി നടിച്ച്) എയ്, മരത്തോപ്പിന്റെ തെക്കേ വശത്ത് സംസാരിക്കുന്നതായി തോന്നുന്നു. അങ്ങോട്ടു പോവാം. (ചുററിനടന്നു നോക്കിയിട്ട്) ഇതാ, താപസകന്യകമാർ അവരവരുടെ ശക്തിക്കൊത്ത നീർക്കുടങ്ങളെടുത്ത് വൃക്ഷത്തൈകളെ നനയ്ക്കുവാൻ ഇങ്ങോട്ടു വരുന്നു. (നല്ലവണ്ണം നോക്കിയിട്ട്) ഹാ, മധുരമായ കാഴ്ച!

കല്യാംഭോഭിഃ പവനചപലൈഃശാഖിനോ ധൌതമൂലാഃ
ഭിന്നോ രാഗഃ കിസലയരുചാമാജ്യധൂമോദ്ഗമേന,
ഏതേ ചാർവ്വാഗുപവനഭുവിച്ഛിന്നദർഭാങ്കുരായാം
നഷ്ടാശങ്കാ ഹരിണശിശവോ മന്ദമന്ദം ചരന്തി.

എന്നൊരു ശ്ലോകംകൂടി ചിലർ ചൊല്ലുന്നു. പക്ഷേ, അതു മുൻ ശ്ലോകത്തിന്റെ വില കെടുത്തുന്നതും, താഴെ പ്രതിപാദിക്കപ്പെടുന്ന വൃക്ഷസേചനത്തിനു വിരുദ്ധവുമാകുന്നു.

തപോവനവാസികൾക്ക്: ആശ്രമത്തിലെ പുല്ലു പുഴു മുതലായവക്കുപോലും.

ശ്ലോകം 9. പ്രശാന്തം = കാമാദിവികാരരഹിതം. കയ്യ് = വലംകൈ. ഫലം: കാമാവാപ്തിയത്രേ, വലംകൈ തുടിക്കുന്നതിന്റെ ഫലം. ഒന്നാമത്തെ കാമാവസ്ഥയായ ചക്ഷുഃപ്രീതിക്കുംമുമ്പു തദനുകൂലമായ ഹൃദയോന്മുഖതയെ സൂചിപ്പിക്കുന്നു.

അണിയറയിൽ: ആ ദൈവഗതിയുടെ വാതിൽ തുറക്കപ്പെടുന്നു.

Digitized By Kerala Sahitya Akademi

അരമനയിൽക്കിട്ടാത്തീ-
വടിവു വരാമാശ്രമസ്ഥിതക്കെങ്കിൽ,
സ്വഗുണങ്ങളാലകററീ
വനവല്ലികളുപവനസ്ഥവല്ലികളെ! 10

ഈ തണലത്തുനിന്നു നോക്കാം. (നോക്കിക്കൊണ്ടു നില്ക്കുന്നു. പറഞ്ഞതിൻവണ്ണം ശകുന്തളയും രണ്ടു സഖിമാരും പ്രവേശിക്കുന്നു.)

ശകുന്തള:—ഇങ്ങോട്ടു്, തോഴിമാരേ, ഇങ്ങോട്ടു്.

ഒരുവൾ:—ശകുന്തളേ, നിന്നെക്കാളും പ്രിയപ്പെട്ടവയാണെന്നു തോന്നുന്നു, താതകശ്യപന്നു്, ആശ്രമവൃക്ഷങ്ങൾ; പിച്ചകപ്പൂപോലെ മൃദുലയായ നിന്നെക്കൂടിയും, ഇവയുടെ തടം നിറപ്പാൻ നിയോഗിച്ചിരിക്കുന്നുവല്ലോ!

ശകുന്തള:—പ്രിയംവദേ, അച്ഛന്റെ നിയോഗംകൊണ്ടു മാത്രമല്ല. എനിക്കും ഇവയുടെ പേരിൽ സഹോദരസ്നേഹമുണ്ടു്. (വൃക്ഷങ്ങളെ നനക്കുന്നു)

രാജാ:—(നോക്കിയിട്ടു്) ഇവളാണോ ആ കണ്വപുത്രി! ഔചിത്യം നോക്കാത്തൊരാളാണു് കാശ്യപൻ തിരുവടി; ഇവളെ ആശ്രമധർമ്മത്തിന്നു നിയോഗിച്ചു കളഞ്ഞുവല്ലോ.

അകൃതകരുചി മെയ്യിദം തപസ്സി-
ന്നുതകണമെന്നു നിനയ്ക്കുമാ മുനീന്ദ്രൻ,

അവരവരുടെ ശക്തിയില്ലാത്ത: അഗ്രാമ്യത—അവരുടെ സ്വാഭാവിക വിലാസങ്ങൾക്കു കോട്ടമില്ലായ്മ—വ്യഞ്ജിക്കുന്നു.

ശ്ലോകം 10. അരമനയിൽക്കിട്ടാത്ത: അംഗസംസ്കാരോപകരണങ്ങൾ തികഞ്ഞ രാജാന്തഃപുരസ്ത്രീകളുടെ ഇടയിൽപ്പോലും കണ്ടുകിട്ടാത്ത. വടിവു് = ആകൃതി. ആശ്രമസ്ഥിതർ: അംഗസംസ്കാരോപകരണങ്ങളോ, അതിൽ ശ്രദ്ധയോ ഇല്ലാത്തവർ. ഉപവനസ്ഥവല്ലികൾ (പൂംകാവിലെ വള്ളികൾ) എന്നും നിഷ്കർഷിച്ചുവളർത്തപ്പെടുന്നു; വനവല്ലികളോ വന്നപാടു വളരുന്നു. കൃത്രിമസൌന്ദര്യം കണ്ടു ശീലിച്ച നായകൻ സ്വാഭാവികസൌന്ദര്യം കണ്ടു് അത്ഭുതപ്പെടുന്നു.

താതകാശ്യപന്നു്: കാശ്യപൻ എന്നതു കണ്വന്റെ ഗോത്രപ്പേരാണു്; കാശ്യപഗോത്രജൻ എന്നർത്ഥം. ആശ്രമധർമ്മം: തപസ്വികളുടെ ധർമ്മം.

Digitized By Kerala Sahitya Akademi

കവലയദളവക്കിനാലെയല്ലോ
ചമത മുറിയ്ക്കുവതിന്നൊരുമ്പെടുന്നു! 11

ആകട്ടെ. മരങ്ങളുടെ മറവിൽ നിന്നുതന്നെ ഇവളെ സൈ്വരമായി നോക്കിക്കാണാം (അപ്രകാരം ചെയ്യുന്നു.)

ശകുന്തള:—അനസൂയേ, പ്രിയംവദ എന്റെ മാർമരവുരി വല്ലാതെ വലിച്ചുമുറുക്കിക്കെട്ടിയിരിയ്ക്കുന്നു; ഇതൊന്നഴച്ചുതരൂ.

(അനസൂയ അഴച്ചുകൊടുക്കുന്നു.)

പ്രിയംവദ:—ഇതിൽ നിന്റെ കുചങ്ങളെ ക്ഷണംതോറും തഴപ്പിയ്ക്കുന്ന യൌവനത്തെയാണ് ശകാരിയ്ക്കേണ്ടത്.

രാജാ:—ഇവളുടെ പ്രായത്തിന്നു ചേൎന്നതല്ലതന്നെ മരവുരി; എന്നാൽ അഴകുകേടുണ്ടാക്കുന്നില്ല! എങ്ങിനെയെന്നാൽ,

നീർച്ചണ്ടി ചുററുകിലുമില്ലൊരഭംഗി തണ്ടാ-
ർക്ക്,ംകക്കറപ്പുമമൃതാംശുവിനാഭചേർപ്പൂ,

ശ്ലോകം 11. അകൃതകരുചി മെയ്യിദം = അകൃത്രിമസൌന്ദൎയ്യത്തോടു കൂടിയ ഈ ശരീരം. കുവലയദളവക്ക്: കറുത്ത കരിംകുവളപ്പൂവിനെ, സൌകുമാൎയ്യബോധമില്ലാഞ്ഞാൽ, വാളായിട്ടുപയോഗിയ്ക്കാമെന്ന് അന്ധാളിച്ചുപോകുമല്ലോ. ചമത മുറിയ്ക്കുക: ഇതു പരമ്പരയാ തപസ്സിന്നാതകുന്നതുതന്നെ.

മരങ്ങളുടെ മറവിൽനിന്ന്; മറച്ചുവെയ്ക്കേണ്ടുന്ന ഒരൌൽസുക്യം രാജാവിന്റെ മനസ്സിൽ അംകുരിച്ചുകഴിഞ്ഞു.

അഴച്ചുതരു: പഴയ കാലത്തു മുലക്കച്ചയുടെ കെട്ടു പിൻപുറത്തായിരുന്നതിനാൽ, സ്വയം കെട്ടുവാനും അഴയ്ക്കുവാനും സൌകൎയ്യമില്ലായിരുന്നു. ശകുന്തളയുടെ ഈ കുടുക്കം, വാസ്തവത്തിൽ മരവുരി മുറുക്കിക്കെട്ടിയതുകൊണ്ടല്ല, യൌവനത്തിൽ കുചങ്ങൾ ക്ഷണംതോറും തഴച്ചുവരുന്നതുകൊണ്ടുതന്നെയാണെന്നു വ്യാഖ്യാനിയ്ക്കുന്ന അഭിരാമൻ പ്രിയംവദയുടെ ഫലിതം മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു.

ആവിധം അത്ഭുതത്തോടെ നായികയെ ഉററുനോക്കിക്കൊണ്ടു നില്ക്കുന്ന നായകന്റെ ശ്രദ്ധ, അവളുടെ നവയൌവനത്തിന്റെ വിപുലാഭിവൃദ്ധിയിലേയ്ക്കു സവിശേഷം ആകൎഷിയ്ക്കപ്പെട്ടു; അപ്പോൾ അവൾ ധരിച്ച മരവുരിയും, അവൾക്കൊരഴകാണെന്നു കാണുന്നു.

Digitized By Kerala Sahitya Akademi

വായ്പിപ്പ വല്ക്കലവുമിക്കമെനിയ്ക്കു ചന്ത;—
മാകമ്രമാം വടിവിനെന്തണിയാകയില്ലാ! 12

ശകുന്തള:—(മുന്നോട്ടു നോക്കിയിട്ട്) ഈ ഇലഞ്ഞിത്തയ്യു കാററത്തിളകുന്ന തളിരുകളാകുന്ന വിരലുകരംകൊണ്ട് എന്നെ തെരുതെരെ വിളിയ്ക്കുന്നതായിത്തോന്നുന്നു. ഞാൻ അങ്ങോട്ടു ചെല്ലട്ടെ. (എന്ന് ചുററിനടക്കുന്നു)

പ്രിയംവദ:—ശകുന്തളേ, കുറച്ചുനേരം അവിടെത്തന്നെ നില്ക്കു; നീ അരികത്തു നിന്നാൽ, ആ ഇലഞ്ഞിത്തയ്യ് ഒരു വള്ളി ചേൎന്നപോലെ ശോഭിയ്ക്കും!

ശകുന്തള:—ഇതുകൊണ്ടുതന്നെയാണ്, നീ പ്രിയംവദയായിരിയ്ക്കുന്നത്.

രാജാ:—പ്രിയമെങ്കിലും പരമാൎത്ഥമാണ് പ്രിയംവദ പറഞ്ഞത്. ഇവളുടെ

അധരം തളിർപോലരുണം
മൃദുതരവിടപത്തിനൊക്കുമേ കൈകരം;
മലർപോലെയവയവങ്ങളിൽ
മുതിരുന്നു മനോജ്ഞമായ താരുണ്യം. 13

അനസൂയ:—ശകുന്തളേ, ഇതാ, തേന്മാവിൻതയ്യിന്റെ സ്വയംവരവധുവും വനജ്യോത്സ്ന എന്നു പേരിട്ടിരിയ്ക്കുന്നതുമായ

ശ്ലോകം 12. അംകക്കറുപ്പ് = (ചന്ദ്രനിലുള്ള) കറുത്ത അടയാളം. അമൃതാംശു = ചന്ദ്രൻ. ആഭ = ശോഭ. വായ്പിപ്പു = വൎദ്ധിപ്പിയ്ക്കുന്നു. വല്കലം = മരവുരി. കമനി = സുന്ദരി. ആകമ്രം = സുന്ദരം. അണി = അലംകാരം.

ഇലഞ്ഞിത്തയ്യ്: ഒരിളയ സഹോദരനെന്നപോലെ.
പ്രിയംവദ: ഭംഗിപറയുന്നവൾ.

ശ്ലോകം 13. അങ്ങിനെ നായകന്റെ ദൃഷ്ടി മററവയവങ്ങളുടെ സൌന്ദൎയ്യത്തിലും പതിയുന്നു;— അരുണം = ചുവന്നത്.
വിടപം = കൊമ്പ്. മലർ = = പൂവ്; ജാത്യേകവചനം, പൂക്കൾ എന്നൎത്ഥം. അവയവങ്ങളിൽ: എല്ലാ അംഗോപാംഗങ്ങളിലും മുതിൎന്നു; അതാതവയവത്തിനൊത്ത രൂപത്തിൽ, തികവും പുതുമയുമിയന്നു ശോഭിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ചെറുപിച്ചകലത: ഇതിനെ നീ മറന്നുപോയോ!

ശകുന്തള:—എന്നാൽ, ഞാൻ എന്നേയും മറന്നുപോയേക്കും! (ലതയുടെ അടുക്കൽ ചെന്നുനോക്കിയിട്ട്) രമണീയമായ സമയത്താണ്, ഈ ലതയും വൃക്ഷവുമാകുന്ന സ്ത്രീപുരുഷന്മാരുടെ ചേർച്ച: വനജ്യോത്സ്ന പുത്തുപൂക്കളെക്കൊണ്ട് യൌവനവതിയും, തേന്മാവിൻതയ്യ് കായ്ച്ചതുകൊണ്ട് അനുഭവയോഗ്യവുമായിരിക്കുന്നുവല്ലോ. (നോക്കിക്കൊണ്ടു നില്ക്കുന്നു.)

പ്രിയംവദ:—(പുഞ്ചിരിയിട്ട്) അനസൂയേ, നിനക്ക മനസ്സിലായോ, ശകുന്തള വനജ്യോത്സ്നയെ ഉററുനോക്കുന്നതെന്താണെന്ന്?

അനസൂയ: മനസ്സിലായില്ല; പറയൂ.

പ്രിയംവദ: 'വനജ്യോത്സ്ന തനിക്കൊത്ത ഒരു വൃക്ഷത്തോടു ചേർന്നപോലെ, എനിക്കും സ്വാനുരൂപനായ ഒരു വരനെ കിട്ടുമോ ആവോ?' എന്നാണ്.

ശകുന്തള:— അതു നിൻെറ ഉള്ളിലുള്ള മനോരാജ്യമാണ്. (കുടം ചെരിക്കുന്നു.)

രാജാ—ഇവരം കുലപതിക്കു വിജാതീയസ്ത്രീയിൽ ജനിച്ചവളായിരിക്കുമെങ്കിൽ! അഥവാ,

കുമാരിയാരം ക്ഷത്രപരിഗ്രഹാർഹതാൻ
മമാര്യചേതസ്സിഹ വാഞ്ഛകൊരംകയാൽ:

തേന്മാവിൻതയ്യിൻെറ സ്വയംവരവധു: അടുത്തു നില്ക്കുന്ന തേന്മാവിലേക്കു തനിയെ പടൎന്നു കേറുന്നത്. വനജ്യോൽസ്ന = കാട്ടിലെ നിലാവ്; ഇതു പൂത്താൽ കാട്ടിൽ ഒരു നിലാവുദിച്ചതുപോലെയാവും എന്നാശിച്ച് ഇട്ട പേര്.

രമണീയമായ സമയത്താണ് ഇത്യാദി: തപസ്സനുഷ്ഠിക്കുകയാണെങ്കിലും, അവരുടെ ഹൃദയത്തിൽ ദാമ്പത്യസംബന്ധികളായ ചിന്തകൾ അങ്കുരിക്കുകയും, അവ അവസരം വരുമ്പോൾ ഒരു നിഗൂഢരൂപത്തിലെങ്കിലും ആവിർഭവിക്കുകയും ചെയ്തിരുന്നു.

ഇവൾ കുലപതിക്ക് ഇത്യാദി: ക്രമേണ മുതിൎന്നുവന്ന അഭിലാഷം, അവൾ അനൂഢയാണെന്നറിഞ്ഞതോടുകൂടി വിവാഹചിന്തയിലേക്കു കാൽ വെച്ചപ്പോൾ, ആചാരഭയം ക്ഷണനേരത്തേക്കു തടഞ്ഞുനിൎത്തുന്നു.

Digitized By Kerala Sahitya Akademi

സുമാനഷക്കാന്തരവൃത്തിയല്ലയോ,
പ്രമാണമാകുന്നിതു സംശയങ്ങളിൽ. 14

എന്നാലും ഇവളുടെ വാസ്തവം മനസ്സിലാക്കണം.

ശകുന്തള:— (സംഭ്രമത്തോടെ) ഇതാ, വെള്ളമൊഴിച്ചപ്പോൾ ഇളകിപ്പുറപ്പെട്ട ഒരു വണ്ട് പിച്ചകത്തെ വിട്ട് എൻെറ മുഖത്തേയ്ക്കു് പറക്കുന്നു (വണ്ടിനെക്കൊണ്ടുള്ള ഉപദ്രവം നടിയ്ക്കുന്നു.)

രാജാ: (സാഭിലാഷം)

ലോലാപാംഗേക്ഷിതൻ നീ പലതവണ തൊട്ടു–
ന്നു വിറക്കൊള്ളുവോളെ;--
ച്ചാലേ ചെന്നാലപിപ്പൂ ചെവിയിൽ മൃദുനിഗൂ–
ഢോക്തി ചൊല്ലുന്നപോലെ;

ശ്ലോകം 14. ക്ഷത്രപരിഗ്രഹാർഹ = ക്ഷത്രിയനു വേൾക്കപ്പെടാവുന്നവൾ. ആര്യചേതസ്സ് = അധർമ്മത്തിൽ പ്രവർത്തിച്ചിട്ടില്ലാത്ത മനസ്സ്. ഇഹ = ഇവളിൽ. വാഞ്ഛ = ആഗ്രഹം. ആന്തരവൃത്തി = മനസ്സാക്ഷി. ഇപ്പറഞ്ഞതിൽ അഭിരാമനും മററും ആത്മപ്രശംസയുണ്ടോ എന്നു ശംകിച്ചു, പറഞ്ഞതു വാസ്തവമാകയാലും ആത്മഗതമാകയാലും ഇല്ലെന്നു സമാധാനിയ്ക്കുന്നു. ചിലർ ശംക തീരാതെ മൂലപദ്യത്തിൻെറ അർത്ഥംതന്നെ മാററിപ്പറയുന്നുണ്ടത്രേ!

മുഖത്തേയ്ക്കു പറക്കുന്നു: പിച്ചകപ്പൂവിനേക്കാൾ ശകുന്തളയുടെ മുഖത്തിന്നു സൗഗന്ധമുള്ളതുകൊണ്ടാണിതെന്നും, അടുത്ത ശ്ലോകത്തിൽപ്പറയും പടി, അവളുടെ കണ്ണ് മുതലായവയുടെ നേക്ക് പറന്നുചെന്നതെന്നും മററും വ്യാഖ്യാതാക്കന്മാർ വിസ്തരിയ്ക്കുന്നു. ഈ നിലയിൽ ശകുന്തള ആ ആശ്രമത്തിൽ എങ്ങിനെ കഴിഞ്ഞുകൂടുന്നു? തനിയ്ക്കിരിയ്ക്കപ്പൊറുതി കെടുത്തിയ ആളുടെ മേല്ക്കിട്ടു കയറുക വണ്ടുകളുടെ സ്വഭാവമാണ്.

ശ്ലോകം 15. വണ്ടിൻെറ ആ ഉപദ്രവിയ്ക്കലിൽ ഒരു കാമുകവിലാസത്തെ ആരോപിച്ചു വണ്ടിനോടു പറയുന്നു: ലോലാപാംഗേക്ഷിതൻ = (ഭയത്താൽ) ഇളകുന്ന കടക്കൺകൊണ്ടു നോക്കപ്പെട്ടവൻ. തൊട്ടുന്നു: ദേഹത്തിൽ അവിടവിടെ ചെന്നു മുട്ടുന്നു. മൃദു...ആലപിപ്പൂ = മൃദുശബ്ദത്തിൽ മുരളുന്നു. നിഗൂഢോക്തി = രഹസ്യവാക്ക്. തട്ടുന്നവളുടെ: തട്ടുമ്പോൾത്തന്നെ, അതിനിടയിൽ. ചുണ്ടാസ്വദിപ്പൂ = ചുണ്ടിന്മേൽ ചുംബിയ്ക്കുന്നു. നേര



Digitized By Kerala Sahitya Akademi

കൈരണ്ടുംകൊണ്ടു തട്ടുന്നവളുടെ രതിസ-
ത്തായ ചുണ്ടാസ്വദിപ്പൂ—
നേരന്വേഷിയ്ക്കയാൽ വഞ്ചിതർ മധുകരമേ,
ഞങ്ങൾ,നീതാൻ കൃതാർത്ഥൻ! 15

ശകുന്തള:— തോഴിമാരേ, ഈ വെറിയൻ മേല്ക്കിട്ടുകയറുന്ന എന്നെ നിങ്ങൾ രക്ഷിയ്ക്കണേ!

അനസൂയയും പ്രിയംവദയും:— (പുഞ്ചിരിയിട്ട്) ഞങ്ങളാരാണ് രക്ഷിയ്ക്കാൻ? ദുഷ്ഷന്തനെ വിളിച്ചു നിലവിളിയ്ക്കു: രാജാക്കന്മാരാണല്ലോ തപോവനങ്ങളെ പാലിയ്ക്കേണ്ടത്.

രാജാ:— ഇവരുടെ മുമ്പിൽ ചെല്ലുവാൻ ഇതുതന്നെ അവസരം. ആരവിടെ— (എന്നു പകുതി പറഞ്ഞ്) രാജത്വം വെളിപ്പെട്ടുപോകുമല്ലോ. ആകട്ടെ; ഇങ്ങിനെ പറയാം.

ശകുന്തള:— ഈ ദുഷ്ടൻ ഒഴിഞ്ഞുപോകുന്നില്ല; ഞാൻ മററൊ

നേഷിയ്ക്കയാൽ: ഈ വണ്ടു ചെല്ലേടത്തോളംതന്നെ കടന്നുചെയ്‌വാൻ അഭിലാഷമുണ്ടെങ്കിലും, ഇവളുടെ വാസ്തവം അറിയണം എന്നു കരുതി മനസ്സടക്കുന്നതിനാൽ. വഞ്ചിതർ—ചതി പററിയവർ. ഞങ്ങൾ: വണ്ടിനെക്കാൾ തനിയ്ക്കുള്ള മേന്മയും അർഹതയും സ്ഫുരിയ്ക്കുന്നു. കൃതാർത്ഥൻ = ഇച്ഛിച്ചത് തികച്ചും സാധിച്ചവൻ. ഈ ഭ്രമരബാധ ... —ശകുന്തളയെ—കുറേക്കൂടി ആകർഷകമാക്കിയിരിയ്ക്കുന്നു. ഈ ശ്ലോകത്തിനുമുമ്പായി, ‘‘സാധു ബാധാനമപി രമണീയമസ്യാഃ—

‘‘യതോ യതഃ ഷട്ചരണോഭിവർത്തതേ,
തതസ്തതഃപ്രേരിതലോലലോചനാ
വിവർത്തിതഭ്രൂരിയമദ്യ ശിക്ഷതേ
ഭയാദകാമാപി ഹി ദൃഷ്ടിവിഭ്രമം’’

എന്നിത്രയും അധികപാഠം ശ്രീനിവാസൻ എടുത്തിട്ടുണ്ട്. കേരളകാളിദാസൻ അതു കൈവിട്ടിരിയ്ക്കുന്നു.

ഞങ്ങളാരാണ് രക്ഷിയ്ക്കാൻ ഇത്യാദി: ഒരു വണ്ടു പറന്നുവന്നപ്പോഴേയ്ക്ക് ഇത്രയൊക്കെ പരിഭ്രമിയ്ക്കുന്ന ശകുന്തളയെ വിനോദശീലകളായ സഖിമാർ കളിയാക്കുന്നു.

ഇതുതന്നെ അവസരം: ‘........വിളിച്ചു നിലവിളിയ്ക്കു’ എന്നു കേട്ട് എന്തോ അപായമുണ്ടെന്നു കരുതിയതായി നടിയ്ക്കാമല്ലോ. രാജത്വം വെളിപ്പെട്ടുപോകുമല്ലോ: അത്, ഒരു ബഹുമാനത്തെ ക്ഷണിച്ചുവരുത്തി, അഭിലഷണീയമായ നമ്മസംഭാഷണത്തിന്നു വിഘ്നം വരുത്തും.

Digitized By Kerala Sahitya Akademi

രേടത്തേയ്ക്കു് പൊയ്ക്കളയാം (മററൊരേടത്തുനിന്നിട്ടു് ദൃഷ്ടി ക്ഷേപത്തോടെ) അയ്യോ, ഇങ്ങോട്ടും എന്നെ പിന്തുടരുന്നു!

രാജാ:— (വെമ്പലോടെ അടുത്തുചെന്നു്)

ആരാണു, തെമ്മാടികളെശ്ശിക്ഷി
ശാസിച്ചിടും പൌരവന്നൂഴിവാഴ്കെ,
അടക്കമില്ലായ്മ തുടൎന്നിതിങ്ങു
പാവങ്ങളാം താപസകന്യമാരിൽ? 16

(എല്ലാവരും രാജാവിനെക്കണ്ടു തെല്ലൊന്നു സംഭ്രമിയ്ക്കുന്നു.)

അനസൂയ:— ആൎയ്യാ, വലിയ ആപത്തൊന്നുമില്ല; ഞങ്ങളുടെ ഈ അരുമത്തോഴി ഒരു വണ്ടിന്റെ ഉപദ്രവം നിമിത്തം തെല്ലൊന്നു പേടിച്ചുപോയി. (ശകുന്തളയെ ചൂണ്ടിക്കാണിയ്ക്കുന്നു.)

രാജാ:— (ശകുന്തളയുടെ നേരെ നോക്കിയിട്ടു്) തപസ്സു വൎദ്ധിയ്ക്കുന്നുവോ?

(ശകുന്തള സാധ്വസത്താൽ മിണ്ടാതെ നില്ക്കുന്നു.)

അനസൂയ:— ഇന്നു് നല്ല അതിഥിയെ കിട്ടിയതുകൊണ്ടു്. ശകുന്തളേ, പൎണ്ണശാലയിൽച്ചെന്നു ഫലസഹിതമായ അൎഘ്യം കൊണ്ടുവരു. പാദ്യത്തിന്നു് ഈ വെള്ളമെടുക്കാം.

രാജാ:— ഇരിയ്ക്കട്ടെ. നിങ്ങളുടെ നല്ല വാക്കുകൊണ്ടുതന്നെ ആതിഥ്യം ചെയ്തുകഴിഞ്ഞു.

ശ്ലോകം 16. പാവങ്ങൾ = ലോകത്തിൽ നെറികേടുണ്ടെന്നുപോലും അറിഞ്ഞിട്ടില്ലാത്തവർ.

ശകുന്തളയെ ചൂണ്ടിക്കാണിയ്ക്കുന്നു: രാജാവു് സഖിമാരെയാണു് അഭിമുഖീകരിച്ചതു്: അദ്ദേഹം കഥയൊന്നും അറിഞ്ഞിട്ടില്ലല്ലോ!

തപസ്സു വൎദ്ധിയ്ക്കുന്നുവോ: തപസ്സു നിൎവിഘ്നമായി നടക്കുന്നില്ലേ എന്നൎത്ഥത്തിലുള്ള കുശലപ്രശ്നം.

സാധ്വസം: ആ അമ്പരന്ന അവസ്ഥയിൽ പെട്ടെന്നു് ഒരു മഹാപുരുഷനെ കണ്ടെത്തിയതിനാലുണ്ടായ നെഞ്ചിടിപ്പു്.

Digitized By Kerala Sahitya Akademi

പ്രിയംവദ: എന്നാൽ, ആര്യൻ തണൽകളിർമയുള്ള ഈ ഏഴിലാംപാലത്തറയിൽ ഇരുന്ന് തളർച്ച തീർത്താലും.

രാജാ:— നിങ്ങളും ഈ വേലകൊണ്ട് ക്ഷീണിച്ചിരിക്കുന്നവല്ലോ.

അനസൂയ:— ശകുന്തളേ, നാം അതിഥികളെ പരിചരിക്കേണമല്ലോ- നാമും ഇരിക്കുക.

(എല്ലാവരും ഇരിക്കുന്നു.)

ശകുന്തള:— (ആത്മഗതം) എന്തുകൊണ്ടാണ്, ഇദ്ദേഹത്തെ കണ്ടപ്പോൾ തപോവനവിരുദ്ധമായ ഒരു വികാരം എന്നിൽ കടന്നുകൂടുന്നത്?

രാജാ:— (എല്ലാവരേയും നോക്കിയിട്ട്) അഹോ, വയോരൂപങ്ങളുടെ സാമ്യംകൊണ്ട രമണീയമായിരിക്കുന്ന നിങ്ങളുടെ സൌഹാർദ്ദം!

പ്രിയംവദ:— (നിഗൂഢമായി) അനസൂയേ, ഇതാരായിരിക്കാം? സുന്ദരവും ഗംഭീരവുമായ ആകൃതി; മധുരവും പ്രിയവുമായ സംഭാഷണം; പ്രഭുവെങ്കിലും ദാക്ഷിണ്യം കാട്ടുന്നുണ്ട്!

അനസൂയ:—എനിക്കും ആഗ്രഹമുണ്ട്; ഞാനദ്ദേഹത്തോട് ചോദിക്കാം. (പ്രകാശം) ആര്യ്, മധുരസംഭാഷണത്താലുളവായ വിശ്വാസം എന്നെക്കൊണ്ട ചോദിപ്പിക്കുന്നു- ഏതൊരു രാജർഷിവംശമാണ് ആര്യനാൽ അലംകരിക്കപ്പെടുന്നത്? ഏതൊരു നാട്ടിലെ ജനങ്ങളെയാണ്, ആ

നല്ല അതിഥിയെ കിട്ടിയതുകൊണ്ട്: തപസ്സു വർദ്ധിക്കുന്നു എന്നു ഭാവം; അതിഥിസൽക്കാരം തപസ്സിൻെറ പ്രധാനാംഗമാണല്ലോ. അർഘ്യം = സൽക്കാരോപകരണം. പാദ്യം = കാൽ കഴുകാനുള്ളവെള്ളം.

നിങ്ങളും......ക്ഷീണിച്ചിരിക്കുന്നവല്ലോ: അതിനാൽ നിങ്ങളും ഇരിക്കുക.

പരിചരിക്കുക = ഇഷ്ടമനുസരിച്ച പ്രവർത്തിക്കുക.

തപോവനവിരുദ്ധം: തപസ്വികളെ ബാധിക്കരുതാത്തതും, തന്നെ ഇതുവരെ ബാധിച്ചിട്ടില്ലാത്തതും.

Digitized By Kerala Sahitya Akademi

യ്യുടെ വേർപാട് ഉൽക്കണ്ഠപ്പെടുന്നത്? എന്തുകൊണ്ടാണ്, ഈ സുകുമാരശരീരത്തെ തപോവനസഞ്ചാരഖേദത്തിനു പാത്രമാക്കിയിരിക്കുന്നത്?

ശകുന്തള:—(ആത്മഗതം) ഹൃദയമേ, അസ്വാസ്ഥ്യപ്പെടേണ്ട; ഇതാ, വിചാരിച്ചത് അനസൂയ ചോദിക്കുന്നു.

രാജാ:—(ആത്മഗതം) എങ്ങിനെയാണിപ്പോൾ ഞാൻ എന്നെ അറിയിക്കുക? എങ്ങിനെയാണ് മറച്ചുവെക്കുക? ആകട്ടെ ഇങ്ങിനെ പറയാം. (പ്രകാശം) മാന്യേ, പൌരവരാജാവിനാൽ ധാർമ്മികാധികാരത്തിൽ നിയുക്തനാണ് ഞാൻ; അതുകൊണ്ട് ആശ്രമവാസികളുടെ കർമ്മങ്ങൾക്കു മുടക്കമൊന്നുമില്ലല്ലോ എന്നു നോക്കാൻവേണ്ടിയാണ് ഈ തപോവനത്തിൽ വന്നിരിക്കുന്നത്.

അനസൂയ:—ഇപ്പോൾ ധർമ്മചാരികൾ സനാഥരായി.

(ശകുന്തള ശൃംഗാരലജ്ജ നടിക്കുന്നു.)

സഖിമാർ:—(ശകുന്തളാദുഷ്ഷന്തന്മാരുടെ മട്ടു കണ്ടിട്ട് നിഗൂഢം) ശകുന്തളേ, അച്ഛൻ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ:

ശകുന്തള:—എന്നാലെന്താണ്?

സഖിമാർ:—ഈ അതിഥിയെ ജീവിതസർവസ്വംകൊണ്ടും കൃതാർത്ഥനാക്കുമായിരുന്നു.

വയോരൂപങ്ങൾ = പ്രായവും രൂപവും. രൂപം എന്നതിന്ന് ആകൃതി, സൌന്ദര്യം, സ്വഭാവം എന്നീ മൂന്നർത്ഥവുമുണ്ട്. മധുരവും പ്രിയവുമായ സംഭാഷണം: 'വയോരൂപങ്ങളുടെ' എന്നു തുടങ്ങിയത്. ദാക്ഷിണ്യം കാട്ടുന്നത്: 'നിങ്ങളും ഈ വേലകൊണ്ടു ക്ഷീണിച്ചിരിക്കുന്നുവല്ലോ' എന്നിരിപ്പാൻ ക്ഷണിച്ചത്; അന്യന്റെ ഇഷ്ടം നോക്കുന്ന സ്വഭാവമത്രേ ദാക്ഷിണ്യം. ആളെക്കണ്ടു മനസ്സിലാക്കാനുള്ള മിടുക്കു പ്രിയംവദയ്ക്കു കൂടും.

വിശ്വാസം: സമനിലയിൽ സംസാരിക്കാമെന്ന ഉറപ്പ്. 'ഏതു വംശത്തിൽജ്ജനിച്ച ആളാണ്? ഏതു ദേശത്തുനിന്നു വരുന്നു? എന്താവശ്യത്തിന്നു വന്നു?' എന്ന് ആചാരമനുസരിച്ച് പ്രശംസാരൂപേണ ചോദിക്കുന്നു.

ഹൃദയമേ ഇത്യാദി: തനിക്കു് ആദ്യമേ അറിഞ്ഞാൽക്കൊള്ളാമെ

Digitized By Kerala Sahitya Akademi

ശകുന്തള:—പോവിൻ, നിങ്ങഠം എന്തോ ഉള്ളിൽക്കരുതി സംസാരിയ്ക്കുകയാണ്; എനിയ്ക്ക കേഠംക്കേണ്ടാ, നിങ്ങഠം പറയുന്നത്.

രാജാ:—നാമും നിങ്ങളുടെ സഖിയെപ്പററി കുറഞ്ഞൊന്നു ചോദിയ്ക്കട്ടെയോ?

സഖിമാർ:—ഒരനുഗ്രഹമാണ് ആര്യൻെറ ഈ അഭ്യർത്ഥന.

രാജാ:—ഭഗവാൻ കാശ്യപൻ നിത്യബ്രഹ്മചാരിയാണെന്നു പ്രസിദ്ധമാണല്ലോ: നിങ്ങളുടെ ഈ സഖി അദ്ദേഹത്തിൻെറ മകളും—ഇതെങ്ങിനെ?

അനസൂയ:—ആര്യൻ കേട്ടുകൊള്ളുക: കൌശികൻ എന്നു ഗോത്രപ്പേരോടുകൂടി മഹാനുഭാവനായ ഒരു രാജർഷിയുണ്ട്.

രാജാ:— കേട്ടിട്ടുണ്ട്.

അനസൂയ:— അദ്ദേഹത്തിന്നു പിറന്നവളാണ് ഞങ്ങളുടെ അരുമത്തോഴി. അദ്ദേഹം ത്യജിച്ചതിന്നു ശേഷം എടുത്തുവളർത്തുകയും മററും ചെയ്യുതിനാലാണ് താതകാശ്യപൻ ഇവളുടെ അച്ഛനായത്.

രാജാ:— ത്യജിച്ചു എന്നുകേട്ടതിനാൽ എനിയ്ക്ക കൌതുകം തോന്നുന്നു: ആദ്യം മുതല്ക്കേ കേട്ടാൽക്കൊള്ളാം-

ന്നുണ്ടായി; ലജ്ജയാൽ താനടങ്ങിയിരിയ്ക്കെ അനസൂയ അതുതന്നെ ചോദിച്ചുവല്ലോ എന്നാശയം,

രാജാവിൻെറ ആത്മഗതം: തന്നെ അറിയിയ്ക്കുന്നതു ഗ്രാമ്യവും, പ്രസ്താവത്തെ വിരസപ്പെടുത്തുന്നതുമാണ്; തന്നെ മറച്ചുപറയലോ, പാപമാണെന്ന് സ്മൃതിയുണ്ട്. പ്രകാശം: ദുഷ്ഷന്തൻെറ ധമ്മസചിവനാണെന്നും, സ്വപിതാവിനാൽ രാജ്യാധികാരത്തിൽ അഭിഷിക്തനായ ദുഷ്ഷന്തനാണെന്നും രണ്ടുവിധം അർത്ഥമുള്ള മറുപടി.

ശൃംഗാരലജ്ജ: അർഹിയ്ക്കുന്നവനിൽത്തന്നെയാണ് മനസ്സു ചാഞ്ഞതെന്ന ബോധത്താൽ വളൎന്ന ആസക്തിമൂലം.

ജീവിതസർവ്വസ്വം = ജീവിതത്തിൽ സ്വന്തമായിട്ടുള്ളതാകെ; ശകുന്തളയാണ് കണ്വൻെറ ജീവിതസർവ്വസ്വമെന്ന് ആശ്രമത്തിൽ പ്രസിദ്ധമാണ്. 3-ാമങ്കത്തിലെ യജ്ഞശിഷ്യവാക്കും നോക്കുക.

Digitized By Kerala Sahitya Akademi

അനസൂയ:— ആര്യൻ കേട്ടുകൊള്ളുക: ആ രാജർഷി പണ്ടു തീവ്രമായ തപസ്സു ചെയ്യുമ്പോൾ പേടിപിടിച്ച ദേവന്മാർ തപസ്സുമുടക്കാനായി മേനക എന്ന അപ്സരസ്ത്രീയെ പറഞ്ഞയച്ചു.

രാജാ:—ശരി, മററുള്ളവരുടെ തപസ്സിൽ ഭയപ്പെടുക, ദേവകളുടെ സ്വഭാവമാണല്ലോ.

അനസൂയ:—അനന്തരം വസന്താരംഭസമയത്ത്—അവളുടെ മോഹനമായ രൂപം കണ്ടിട്ട്— (അർദ്ധോക്തിയിൽ ലജ്ജകൊണ്ടു വിരമിയ്ക്കുന്നു)

രാജാ:— അപ്പുറം മനസ്സിലായി. സർവഥാ അപ്സരസ്സിന്നു ജനിച്ചവളാണിവൾ?

അനസൂയ: അതേ.

രാജാ:— ശരിതന്നെ;

മനുഷ്യമങ്കമാർക്കേവ-
മഴകുണ്ടാവതെങ്ങിനെ?
ഒളി മിന്നുന്ന തുമിന്ന-
ലുളവാകാ മഹീതലാൽ! 17

(ശകുന്തള ലജ്ജിച്ചു മുഖം ചായ്ക്കുന്നു)

രാജാ: (ആത്മഗതം) എന്റെ മനോരഥത്തിന്ന് ഇടം കിട്ടി. എന്നാൽ വിവാഹവാഞ്ഛയെപ്പററി സഖി കളിയാക്കിയതു കേൾക്കയാൽ എന്റെ ഹൃദയം ഇരുവശത്തേയ്ക്കും ആടുന്നു,

അനുഗ്രഹമാണ്: അതിഥിയ്ക്കാരിഷ്ടമുണ്ടാവുകയും, അതെളുപ്പത്തിൽ സാധിച്ചുകൊടുക്കാവുന്നതാകയും ചെയ്യുന്നത് ആതിഥേയക്ക് ഒരനുഗ്രഹമാണ്.

കൌതുകം തോന്നുന്നു: ഭാവിമയമായ ഒരു ചരിത്രമായിരിയ്ക്കുമെന്ന്.

മററുള്ളവരുടെ: എന്തിനുവേണ്ടി തപസ്സു ചെയ്യുന്നു എന്ന നോട്ടമേ ഇല്ല!

ശ്ലോകം 17. ഏവം: നിങ്ങളുടെ സഖിയ്ക്കുള്ളതിൻവിധം. മഹീതലാൽ = ഭൂമിയിൽനിന്ന്.

എന്റെ മനോരഥത്തിന്ന് ഇടം കിട്ടി; ഇവൾ ക്ഷത്രപരിഗ്രഹാർഹ

Digitized By Kerala Sahitya Akademi

പ്രിയംവദ:—(പുഞ്ചിരിയിട്ട് ശകുന്തളയെ നോക്കി നായകന്റെ നേരെ തിരിഞ്ഞ്) എന്താണ് ആര്യൻ വീണ്ടും പറയാൻ തുടങ്ങുന്നത്?

(ശകുന്തള പ്രിയംവദയെ ചുണ്ടുവിരൽകൊണ്ടു തർജ്ജനം ചെയ്യുന്നു.)

രാജാ:—ശരിതന്നെ ഭവതിയ്ക്കു തോന്നിയത്. നമുക്കു സൽക്കഥ കേൾക്കാനുള്ള ആഗ്രഹംകൊണ്ടു മറ്റൊന്നുകൂടി ചോദിപ്പാനുണ്ട്.

പ്രിയംവദ:—മടിയ്ക്കേണ്ട; തപസ്വിജനങ്ങളോട് എന്തും ചോദിയ്ക്കാമല്ലോ.

രാജാ:—നിങ്ങളുടെ സഖിയെക്കുറിച്ച് ഇത്രയും കൂടി അറിഞ്ഞാൽക്കൊള്ളാം:

വർത്തിയ്ക്കുവേണ്ടതിവരം വേളിവരേയ്ക്കുതാനോ
കന്ദർപ്പചേഷ്ടയെ വിലക്കുമൃഷിവ്രതത്തിൽ?
എന്നെന്നുമത്ര മദിരേക്ഷണമൈത്രിപൂണ്ടു
മാന്മംകമാരൊടൊരുമിച്ചമരേണമെന്നോ! 18

പ്രിയംവദ:—ആര്യ, ധർമ്മാചരണത്തിൽപ്പോലും സ്വാതന്ത്ര്യമില്ലാത്തവരാണ് ഇയ്യുള്ളവർ. എന്നാൽ അച്ഛന്റെ വിചാരം, ഇവളെ അനുരൂപനായ ഒരു വരന്നു കൊടുക്കണമെന്നാണ്.

യാണല്ലോ എന്നർത്ഥത്തിലാണ് ഈ ആത്മഗതമെന്ന് അഭിരാമൻ; എന്നാൽ, തന്റെ സൌന്ദര്യപ്രശംസ കേട്ടു അവൾ ലജ്ജിച്ചതിൽനിന്ന് അവൾക്കിങ്ങോട്ടും രതിഭാവമുണ്ടായിട്ടുണ്ടല്ലോ എന്നർത്ഥം പറയുന്നതാണ് അധികം ആസ്വാദ്യം. ഈ വിചാരത്തെ ഉ[illegible]റി, 'അല്ലെങ്കിൽ എന്റെ അഭിലാഷത്തിന്ന് ഇടം കിട്ടിയിരിയ്ക്കുന്നു' എന്നനുവദിയ്ക്കുന്നതുമുണ്ട്. എന്നാൽ...... കളിയാക്കിയത്: തൈമാവിനേയും വനജ്യോത്സ്നയേയും നോക്കിനില്ക്കുമ്പോൾ പറഞ്ഞത്. ഇതുവരെത്തേയ്ക്കും ആടുന്നു: ഇവൾക്കു വിവാഹം ഉണ്ടോ ഇല്ലയോ എന്നു സംശയിയ്ക്കുന്നു.

പ്രിയംവദ പുഞ്ചിരിയിട്ട്: 'നിന്റെ ഹൃദയം ഞാനറിഞ്ഞു!' എന്ന്.

സൽക്കഥ: ദിവ്യസമ്പർക്കമുള്ള ജനങ്ങളുടെ കഥ.

ശ്ലോകം 18. കന്ദർപ്പചേഷ്ട: മനസ്സിനെ കാമസുഖത്തിൽ പ്രവർത്തി

Digitized By Kerala Sahitya Akademi

രാജാ:—(ആത്മഗതം) ദുസ്സാധമല്ല, ഈ കാമിതം.

> ആശിച്ചുകൊൾകെന്മനമേ
> സാമ്പ്രതം തീൎന്നു സംശയം,
> തീയെന്നു നീയോൎത്തതു, കൈ-
> റെടുക്കാവുമൊരു രത്നമാം! 19

ശകുന്തള:—(കോപം നടിച്ച്) അനസൂയേ, ഞാൻ പോകയാണ്.

അനസൂയ:—എന്തിന്?

ശകുന്തള:—ഈ പ്രിയംവദ അസംബന്ധം പുലമ്പുന്നത് ഗൌതമിയുടെ അടുക്കൽ ചെന്നു പറയാൻ.

അനസൂയ:—തോഴീ, ആശ്രമവാസികൾ വിശിഷ്ടനായ അതിഥിയെ സൽക്കരിക്കാതെ വിട്ടുംവെച്ചു തോന്നിയപോലെ പോയ്ക്കളയുന്നത് ശരിയല്ല.

പ്പിക്കൽ. മദിരേക്ഷണമൈത്രി പൂണ്ട = സുന്ദരങ്ങളായ കണ്ണുകളുടെ സാദൃശ്യംകൊണ്ടു പരിചയിതമുള്ള. വൈഖാ......മെന്നോ: ഋഷിവ്രതത്തിൽ തന്നെ ഇരിക്കുന്നുണ്ടോ? മാനുകളോടൊപ്പം കഴിയുക, ഋഷിവ്രതാംഗമത്രേ. (ഇവൾക്ക് ഋഷിവ്രതം വേളിവരെയ്ക്കു മതിയോ, ആജീവനാന്തം വേണമോ? ഇവളെ രാജാദിനാഗരികജനത്തിന്നോ കൊടുക്കുക, അതോ, തപസ്വിജനത്തിനുതന്നെയോ? തപസ്വിപത്നിയായാൽ എന്നും മാനുകളോടൊപ്പമാണല്ലോ പാൎക്കുക) എന്നാണ് ചോദ്യമെന്നും രാഘവഭട്ടൻ. ഇതനുസരിച്ചാണ് 'അനുരൂപനായ വരന്ന്' എന്ന പ്രിയംവദയുടെ ഉത്തരമെന്നും അദ്ദേഹം പറയുന്നു.

ധൎമ്മാചരണത്തിൽപ്പോലും: പിന്നെയല്ലേ, കാമാചരണത്തിൽ!

ദുസ്സാധമല്ല ഈ കാമിതം: എന്റെ അഭിലാഷം സാധിപ്പാൻ ഏറെ പ്രയാസമുണ്ടാകയില്ല. 'ന ദുരവാപേയം പ്രാൎത്ഥനാ' എന്ന മൂലത്തിൽ 'ന' വിട്ട്, അനുരൂപനായ വരനെ കിട്ടുക എളുപ്പമല്ല' എന്നു സൌന്ദൎയ്യപ്രശംസാപരമായിട്ടാണ് അഭിരാമന്റെ വ്യാഖ്യാനം. ഈ വിചാരം ഒരു കാമുകന്നുണ്ടാവുകയില്ല; അനന്തരപദ്യം ഇതിന്നെതിരുമാണ്.

ശ്ലോകം 19. തീയെന്ന്: ബ്രാഹ്മണസ്ത്രീയോ നിത്യബ്രഹ്മചാരിണിയോ ആയിരുന്നു എങ്കിൽ, അവളെ തൊട്ടാൽ പൊള്ളിപ്പോകുമല്ലോ!



Digitized By Kerala Sahitya Akademi

(ശകുന്തള ഒന്നും മിണ്ടാതെ പുറപ്പെടുന്നു)

രാജാ:— (ആത്മഗതം) പോയ്ക്കളകയാണോ? (പിടിച്ചുനിൎത്താൻ ഭാവിച്ച് അടങ്ങിയിട്ട്) അഹോ, ചെയ്യുതിന്നൊപ്പമാണ് കാമികളുടെ മനോവ്യാപാരം. എന്തുകൊണ്ടെന്നാൽ,

വരഷികന്യാനുഗതിയ്ക്കു ചിക്കെ-
ന്നൊരുങ്ങവേ ശീലനിവാരിതൻ ഞാൻ
ഇരിപ്പിൽനിന്നൊന്നിളകായ്കിലും പോയ്--
ത്തിരിച്ചുപോന്നീടിനപോലെയായേൻ! 20

പ്രിയംവദ; (ശകുന്തളയെ തടുത്ത്) നീ പോവാൻ പാടില്ലാ.

ശകുന്തള:— (പുരികം വളച്ച്) എന്തുകൊണ്ട്?

പ്രിയംവദ:— രണ്ടു വൃക്ഷങ്ങളെ നനച്ചതിൽ എനിയ്ക്കു നീ കടപ്പെട്ടിരിയ്ക്കുന്നു. വരിക, ആ കടം തീൎത്തിട്ടുവേണം പോവാൻ. (ബലാല്ക്കാരേണ പിടിച്ചു നിൎത്തുന്നു)

രാജാ:—ഭദ്രേ, വൃക്ഷങ്ങളെ നനയ്ക്കയാൽത്തന്നെ തത്രഭവതി ക്ഷീണിച്ചിരിയ്ക്കുന്നതായിത്തോന്നുന്നു.

എന്തുകൊണ്ടെന്നാൽ, ഇവരുക്ക്,

പെട്ടിരിപ്പു ചുമൽ താഴ്ന്ന കൈകതിരുടപ്പു
നീക്കടമെടുക്കയാൽ;
വിട്ടതില്ല മുലതൻ കലുക്കമിതുപോതു-
മേറിയ കിതപ്പിനാൽ.

പിടിച്ചുനിൎത്താൻ ഭാവിച്ച് അടങ്ങിയിട്ട്: പിടിച്ചുനിൎത്താൻ മനസ്സിൽ വിചാരിയ്ക്കുകയും, ഉടൻ ആചാരമോൎത്തു മനസ്സടക്കുകയും ചെയ്തിട്ട്. അത്രമാത്രംകൊണ്ട് അതു ചെയ്തതായിട്ടുതന്നെ തോന്നിപ്പോയി!

ശ്ലോകം 20. വരഷികന്യാനുഗതിയ്ക്ക് = ശ്രേഷ്ഠയായ ഋഷികന്യകയെ പിൻതുടരുവാൻ. ശീലനിവാരിതൻ = മൎയ്യാദയാൽ തടയപ്പെട്ടവൻ.

രണ്ടുവൃക്ഷങ്ങളെ: അവർ പങ്കിട്ടതിൻപടി, ശകുന്തള നനയ്ക്കേണ്ടുന്നവയെ. കടം തീൎത്തിട്ട്: പ്രിയംവദ നനയ്ക്കേണ്ടുന്ന രണ്ടെണ്ണത്തെ നനച്ചിട്ട്.

Digitized By Kerala Sahitya Akademi

മുററിനില്പിതു മുഖത്തു, കൎണ്ണഗശിരീഷ-
മൊട്ടിന വിയർപ്പുനീർ;
കെട്ടഴിഞ്ഞൊരു കരത്തിനാൽത്തിരുകിവെച്ച
വാർകുഴലുമാകുലം. 21

അതിനാൽ ഞാൻ വീട്ടാം ഇവളുടെ കടം. (മോതിരം കൊടുപ്പാൻ തുടങ്ങുന്നു)

(സഖിമാരിരുവരും മോതിരത്തിന്മേൽ പേർ കൊത്തിയതു് വായിച്ചു് അന്യോന്യം നോക്കുന്നു.)

രാജാ:— മറിച്ചു കരുതേണ്ട; രാജാവിന്റെ സമ്മാനമാണിതു്.

പ്രിയംവദ: എന്നാൽ ഈ മോതിരം ആൎയ്യന്റെ വിരലിന്മേൽ നിന്നെടുത്തുകൂടാ; അങ്ങയുടെ വാക്കുകൊണ്ടുതന്നെ ഇവളുടെ കടം തീൎന്നിരിക്കുന്നു. (പുഞ്ചിരിയിട്ടു്) ശകുന്തളേ, ദയാശീലനായ ആൎയ്യൻ, അല്ലെങ്കിൽ മഹാരാജാവു്, നിന്റെ കടം തീൎത്തിരിക്കുന്നു. നീ പോയ്ക്കൊൾക.

ശകുന്തള: (ആത്മഗതം) എനിക്കു ത്രാണിയുണ്ടായിരുന്നുവെങ്കിൽ! (പ്രകാശം) നീയാരാണു്, പറഞ്ഞയയ്ക്കാനും തടുത്തുനിൎത്താനും!

രാജാ:— (ശകുന്തളയെ നോക്കി ആത്മഗതം) നമുക്കു് ഇവളെക്കുറിച്ചെന്നപോലെ, ഇവൾക്കു് നമ്മെക്കുറിച്ചും തോന്നുന്നുണ്ടായിരിക്കുമോ? അല്ലെങ്കിൽ എന്റെ അഭിലാഷത്തിന്നു് ഇടം കിട്ടിയിരിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ,

ശ്ലോകം 21. അതിതുടുപ്പു്: അതു സ്വതേ തുടുത്തതാണല്ലോ. കൎണ്ണഗശിരീഷം = ചെവിമേലണിഞ്ഞ നെന്മേനിവാകപ്പൂവു്. മുററിനില്പിതു: തുള്ളിതുള്ളിയായി നിരന്നുനില്ക്കുന്നു മുഖത്തു്, നെററിമേൽ ചുണ്ടിന്നുമേലെ. ഒരു കരത്തിനാൽത്തിരുകിവെച്ച: നനയിലുള്ള ശ്രദ്ധയാൽ കുടം താഴെ വെച്ചു ശരിക്കുകെട്ടാൻ നില്ക്കാതെ, ഒററക്കൈകൊണ്ടൊതുക്കിയ. ആകുലം = വല്ലായ്മ പൂണ്ടിരിക്കുന്നു.

അന്യോന്യം നോക്കുന്നു: ഇദ്ദേഹം 'ദുഷ്ഷന്തൻതന്നെയാണല്ലോ' എന്നു്.

Digitized By Kerala Sahitya Akademi

ഒന്നും മദൃക്തിയൊടു ചേൎത്തുരിയാടിടുന്നി-
ല്ലെ,ന്നാലുമെന്മൊഴിയിൽ വെയ്ക്കുവതുണ്ടു കൎണ്ണം;
എന്നാനനാഭിമുഖിയായ് സ്ഥിതിചെയ്തിടുന്നി-
ല്ലെ,ന്നാലിവൾക്കധികമില്ലിതരത്തിൽ നോട്ടം. 22

(ആകാശത്ത്)

അല്ലയോ തപസ്വികളേ, തപോവനത്തിലെ ജന്തുക്കളെ രക്ഷിപ്പാൻ ഒരുങ്ങിനില്ലുവിൻ! ദുഷ്ഷന്തരാജാവ് വേട്ടയാടിക്കൊണ്ട് സമീപത്തെത്തിയിരിയ്ക്കുന്നുപോൽ!

പെരികെ വിഴുവതുണ്ടു കൊംപിലീറ-
ന്മരവുരി ചേൎന്ന തപോവനദ്രുതോറും,
തുരഗഖുരജമാം പരാഗ,മീയൽ-
പ്പുരിഷകണക്കു ദിനാന്തസൂൎയ്യവൎണ്ണം. 23

അത്രയുമല്ല,

ക്രൂരം കുത്തേററോടിഞ്ഞീടിന തടിയൊരു കൊം-
പത്തമൎന്നും, പദത്തിൽ-
ക്കേറിച്ചുററിപ്പിണഞ്ഞീടിന ലതികകളാൽ-
ച്ചങ്ങലക്കെട്ടു പൂണ്ടും,

രാജാവിൻെറ സമ്മാനമാണ് = രാജാവ് എനിയ്ക്കു സമ്മാനിച്ചത് എന്നും രാജാവു നിങ്ങൾക്കു തരുന്ന സമ്മാനം എന്നും.

നമുക്ക് ഇവളെക്കുറിച്ചെന്നപോലെ: പിരിയുകവയ്യെന്നുള്ളേടത്തോളം ആസക്തി.

ശ്ലോകം 22. മദൃക്തിയൊടു ചേൎത്തു = ഞാൻ സംസാരിയ്ക്കുന്നതിനോടു യോജിച്ച്. ആനനാഭിമുഖിയായ് = മുഖത്തോടുമുഖം നോക്കി. ഇതരത്തിൽ = മററൊന്നിൽ.

ആകാശത്ത്: പാത്രം രംഗത്തിൽ പ്രവേശിയ്ക്കാതെ പറയുന്നതും, പ്രവേശിയ്ക്കാത്ത പാത്രത്തോടു പറയുന്നതുമത്രേ 'ആകാശം.'

ശ്ലോകം 23. തപോവനദ്രു = ആശ്രമവൃക്ഷം. തുരഗഖുരജമാം പ

Digitized By Kerala Sahitya Akademi

മാൻകൂട്ടത്തെപ്പിരിപ്പിച്ചു,ടലുടയ തപോ-
വിഘ്നമാണെന്നു തോന്നും-
മാറായ്,ത്തേർ കണ്ടുപേടിച്ചൊരു ഗജമിഹ പൂ-
കുന്നുമുണ്ടാശ്രമത്തിൽ. 24

രാജാ:—(ആത്മഗതം) ഛരീ കഷ്ടം! പട്ടണജനങ്ങൾ നമ്മെ അന്വേഷിച്ച് തപോവനത്തിൽ വന്നുകേറുന്നു. ആകട്ടെ, തിരിയേ പോയ്ക്കളയാം.

സഖിമാർ:—ആര്യ, ഈ കാട്ടാനയുടെ വർത്തമാനം കേട്ടിട്ട് ഞങ്ങൾക്കെല്ലാം പേടിയുണ്ട്. ഞങ്ങൾക്ക് പർണ്ണശാലയിലേക്കു പോകുവാൻ വിടതരിക.

രാജാ:—നിങ്ങൾ പൊയ്ക്കൊൾവിൻ. നാമും ആശ്രമത്തിന്നുപദ്രവം നേരിടാത്തവിധത്തിൽ ഏർപ്പാടുചെയ്തുകൊള്ളാം.

(എല്ലാവരും എഴുന്നേല്ക്കുന്നു)

സഖിമാർ:—ആര്യനെ ഞങ്ങൾ വേണ്ടുംവണ്ണം സല്ക്കരിച്ചില്ലല്ലോ; ഇനിയും കാണണമെന്നറിയിപ്പാൻ ലജ്ജ തോന്നുന്നു.

രാജാ:—അങ്ങനെ പറയരുത്. നിങ്ങളുടെ ദർശനംതന്നെ എനിക്കു സൽക്കാരമായിരിക്കുന്നു.

രാഗം = കുതിരക്കുളമ്പു തട്ടി പൊന്തിയ പൊടി. ഈയൽപ്പരിഷ = പാററക്കൂട്ടം. ദിനാന്തസൂര്യവർണ്ണം = സന്ധ്യാസൂര്യനൊത്ത നിറത്തോടുകൂടിയത്. ഈറന്മരവുരി: പൊടിപാററിയാൽ വെടിപ്പാക്കുവാൻ പണി.

ശ്ലോകം 24. ക്രൂരം: ഊക്കോടുകൂടിയ. തടി: മരത്തടി. ചുററിപ്പിണഞ്ഞ വള്ളികളെ, ചങ്ങലക്കെട്ടായി കല്പിച്ചിരിക്കുന്നു. കൊമ്പത്തു കുടുങ്ങിയ മരത്തടി ഒഴിച്ചുകളയാൻ നില്ക്കുന്നതിന്നു ക്ഷമയില്ല; വള്ളിക്കെട്ടുകൾ കൊണ്ടു, വേഗത്തിൽ പായുവാനും വയ്യാ. സർവ്വഥാ ഭയങ്കരമായ വരവ്! മാൻകൂട്ടത്തെപ്പിരിപ്പിച്ച്: കൂട്ടമായി നില്ക്കുന്ന മാനുകൾ പേടിച്ച് അങ്ങുമിങ്ങും പാഞ്ഞു ചിന്നുമാറ്. ഉടലുടയ തപോവിഘ്നമാണെന്ന്: തപസ്സിനുള്ള തടസ്സങ്ങളെല്ലാംകൂടി ഒരുടൽപൂണ്ടു വരികയാണോ എന്ന്. (സ്ത്രീകളെല്ലാവരും കേട്ടതായി നടിച്ച് തെല്ലൊന്നു സംഭ്രമിക്കുന്നു) ഈ ഗജവർണ്ണ

Digitized By Kerala Sahitya Akademi

(ശകുന്തള വ്യാജേന താമസിച്ച് സഖിമാരോടുകൂടി പോയി.)

രാജാ:—എനിയ്ക്കു നഗരത്തിലേയ്ക്കു പോകുവാൻ താൽപര്യം കുറഞ്ഞിരിയ്ക്കുന്നു. കതിരയെ കൂടെയുള്ളവരെ [illegible] ന്ന് തപോവനത്തിൽനിന്ന് ഏറെ ദൂരത്തല്ലാതെ [illegible] നിർത്താം. ശകുന്തളയുടെ ചേഷ്ടകളിൽനിന്നു മനസ്സിനെ പിൻവലിയ്ക്കാൻ ഞാൻ അശക്തനായിരിയ്ക്കുന്നു. എന്തു്,

മുന്നോട്ടു പോകുന്നു വപുസ്സമാത്രം;
പിന്നോട്ടു പായുന്നു മനം വിമൂഢം:
കാററിന്റെ നേക്കാംപടി കൊണ്ടുപോകും
ധ്വജത്തിലെച്ചീനപടംകണക്കേ. 25

(പോയി.)

ഒന്നാമങ്കം കഴിഞ്ഞു.

നം, പ്രകൃതത്തിലെ നിരംകുശമായ കാമത്തിന്റെ ആവിർഭാവത്തെ സൂചിപ്പിയ്ക്കുന്നതാണെന്നും, ഇതുപോലെ ഏഴാമങ്കത്തിലെ സിംഹക്കുട്ടി, ദുഃഖാനുഭവത്താൽ ശുദ്ധമായ പ്രേമത്തെ സൂചിപ്പിയ്ക്കുന്നതാണെന്നും വിമർശകന്മാർ പറയുന്നു.

വിട = പോകാനനുവാദം.

വ്യാജേന താമസിച്ച്: ഇതിനെ അടുത്ത അങ്കത്തിൽ 12-ാം പദ്യത്തിൽ നായകൻതന്നെ വ്യാഖ്യാനിയ്ക്കും.

ശ്ലോകം 25. വിമൂഢം: പ്രിയാവിരഹത്താൽ വെളിവുകെട്ട. കാററിന്നുനേക്ക് = കാററുവീശുന്നതിന്നെതിരായി. ധ്വജം = കൊടിത്തണ്ട്. ചീനപടം: ചീനരാജ്യത്തുണ്ടാക്കുന്ന പട്ട്; കൂടുതൽ നേർമ്മയുള്ളത്.

Digitized By Kerala Sahitya Akademi

# രണ്ടാമങ്കം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ: (നെടുവീർപ്പിട്ട്) ഈ വേട്ടക്കാരൻ രാജാവിന്റെ ചങ്ങാതിയായിത്തീർന്നതിനാൽ ഞാൻ മടുത്തംപി! ഇതാ ഒരു മാൻ, ഇതാ ഒരു പന്നി, ഇതാ ഒരു പുലി! എന്നിങ്ങിനെ നട്ടുച്ചയ്ക്ക് വേനൽകൊണ്ടു തണൽ കുറഞ്ഞ കാടുകളിൽ ചുററിയലയുക; ഇലകൾ വീണു ചീഞ്ഞു ചവർപ്പുപിടിച്ചു കലങ്ങിക്കിടക്കുന്ന മലയരുവിവെള്ളം കുടിയ്ക്കുക; ഇന്നപ്പോഴെന്നില്ലാതെ ഏറിയക്കൂറും ഇരിമ്പുകോലിന്മേൽച്ചുട്ട മാംസംകൊണ്ട് ആഹാരം കഴിയ്ക്കുക! കുതിരയുടെ പിന്നാലെ ഓടി തുട പുളച്ചുളുക്കുകയാൽ, എനിയ്ക്ക രാത്രിയിലുമില്ലാ, കിടക്കപ്പൊറുതി. എന്നിട്ടോ, പുലരുന്നതിന്ന വളരെ മുമ്പു തന്നെ പുലയാടിമക്കളാം പക്ഷിവേട്ടക്കാർ കാട്ടിൽ സ്ഥലം പിടിയ്ക്കുന്ന ലഹളകൊണ്ട് ഞെട്ടിയുണർന്നുപോകുന്നു!

ഇത്രയുംകൊണ്ടും തീർന്നില്ലാ നട്ടംതിരിച്ചിൽ. കുനിന്മേലൊരു കുരുവും പുറപ്പെട്ടിരിയ്ക്കുന്നു: ഇന്നലെ ഇയ്യുള്ളവർ ഒന്നിച്ചില്ലാതിരുന്ന സമയത്ത് അവിടുന്ന് ഒരു മാനിന്റെ പിറകെ കൂടി ആശ്രമത്തിൽച്ചെന്നുകേറി, ശകുന്തള എന്നോരു താ

ഇരിമ്പുകോലിന്മേൽച്ചുട്ട: ഇരിമ്പുകോലിൽക്കുത്തി തീയിൽക്കാട്ടി വേവിച്ച. പുലരുന്നതിന്ന വളരെ മുമ്പ്: നേരം പുലർന്നാൽ പക്ഷികൾ ഇര തേടിപ്പോകുന്നതാകയാൽ, പക്ഷിവേട്ടക്കാർക്ക നേരത്തെ ഒരുങ്ങണമല്ലോ.

വയററിന്റെ ഭാഗ്യക്കേട്: ഈ കാട്ടുവാഴ്ച ഇനിയും നീണ്ടു മുൻവിവരിച്ചവിധം ആഹാരം കഴിച്ചു പൊറുക്കേണ്ടിവരുന്നതാകയാൽ, കണ്ടെത്തിപോൽ: രാജാവുതന്നെ ഇന്നലെ രാത്രി പറഞ്ഞറിഞ്ഞത്. പരിജനങ്ങളിൽനിന്നു കേട്ടത് എന്ന അഭിരാമവ്യാഖ്യാനം ചിന്ത്യമാണ്; പരിജനങ്ങളാരും കൂടെയുണ്ടായിരുന്നില്ലല്ലോ. അതുതന്നെ; ഈ നീണ്ടുപോകു

Digitized By Kerala Sahitya Akademi

പസപ്പെണ്ണിനെ, എൻെറ വയസ്യൻെറ ഭാഗ്യദോഷംകൊണ്ടു ഇദ്ദേ ക ണ്ടെത്തിപോൽ. ഇപ്പോഴം നഗരത്തിലേക്കു പോകുന്നതിൻെറ സംസാരംപോലുമില്ല! ഇന്നും അങ്ങനെ വിചാരിച്ച് ഉറ ങ്ങാതെ നേരം പുലർന്നു. എന്തു ശരണം? നിത്യകർമ്മവും ചാ[illegible] ലും കഴിഞ്ഞു തോഴരെ ചെന്നു കാണുകതന്നെ (പുറത്തേക്കു നോക്കിയിട്ട്) ഇതാ, തോഴർ, കാട്ടുപൂമാലകളണിഞ്ഞു പള്ളി വില്ല് കയ്യിൽപ്പിടിച്ച് യവനികകളാൽ ചുറ്റപ്പെട്ട് ഇങ്ങോട്ടു തന്നെ വരുന്നു. ആകട്ടെ, ദേഹംകൊണ്ട് തീരെ വയ്യായ്ക ന ടിച്ചുനില്ക്കാം: എന്നാലെങ്കിലും ഒരു വിടുതി കിട്ടിയെങ്കിലോ! (വടിയൂന്നിനില്ക്കുന്നു.)

(അനന്തരം മേല്പറഞ്ഞ പരിവാരങ്ങളോടു കൂടി രാജാവ് പ്രവേശിക്കുന്നു)

രാജാ:— പ്രിയയസുലഭയെന്നിരിക്കിലും, തൽ-
പ്രണയിത കണ്ടു സമാശ്വസിപ്പു ചിത്തം:
മനസിജനകൃതാർത്ഥനാകിലാട്ടേ,
രതിയുളവാമുഭയാന്തരക്തികൊണ്ടേ! 1

(പുഞ്ചിരിയിട്ട്) ഇപ്രകാരം പ്രിയജനചിത്തവൃത്തിയെ സ്വാഭിപ്രായത്തിന്നൊത്ത് ഊഹിച്ചുപോരുന്ന കാമിയുടെ മട്ട് ന

ന്ന കാട്ടുവാഴ്ചയെപ്പററി. യവനികൾ = രാജാവിൻെറ ആയുധം ചുമക്കുന്ന പരിചാരികമാർ. 'കിരാതീ ചാമരധരാ, യവനീശസ്ത്രധാരിണീ' എന്നു ശബ്ദാർണ്ണവം. ആസന്നപരിചാരികമാർ എന്നർത്ഥത്തിൽ വേറെയും നിഘണ്ടു കാണുന്നു. എന്നാൽ, ചരിത്രാന്വേഷകന്മാർ, യവനികൾ യവനസ്ത്രീകൾ (റോമാക്കാരികൾ അഥവാ പേഴ്സ്യാസ്ത്രീകൾ) ആണെന്നു സിദ്ധാന്തി ച്ച്, അതിലൂടെ ജീവിതകാലത്തിലേക്കു നോക്കുന്നുണ്ട്.

ശ്ലോകം 1. അസുലഭ: അവൾ ഗുരുവിന്നധീനയാകയാലും, അദ്ദേഹം ദേശാന്തരത്തിലാകയാലും, അദ്ദേഹത്തിൻെറ അഭിപ്രായം വ്യക്തമല്ലായ്കയാലും, എളുപ്പത്തിൽ ലഭിക്കാവതല്ലാത്തവൾ. തൽപ്രണയിത: അവൾക്ക് ഇങ്ങോട്ടുള്ള പ്രണയം. മനസിജനകൃതാർത്ഥനാകിലാട്ടേ: കാമം, പരസ്പരസംഗമം, സാധിച്ചില്ലെങ്കിലും കൊള്ളാം; ഉഭയാന്തരക്തികൊണ്ടേ: ഇരുകൂട്ടർക്കും അനുരാഗമുണ്ടാകുന്നതുകൊണ്ടുതന്നെ. രതിയുള്ളവാം = സംഗമഫലമായ സുഖം കൈവരും.

Digitized By Kerala Sahitya Akademi

നേരംപോക്കുള്ളതുതന്നെ. എന്തിനാലെന്നാൽ,

മറ്റൊന്നോട്ടു മിഴി നീട്ടിടുമ്പൊഴുമവൾ സ-
സ്നേഹം നിരീക്ഷിച്ചതും,
ഊരും ശ്രോണിഭരാൽസ്സലീലവടിവായ്
മെല്ലെന്നു പോയ്ക്കൊണ്ടതും,
പോകൊല്ലെന്നു തടുത്തതിന്നരിശമാ-
ർന്നച്ചൊന്നതും തോഴിയോ-
ടെ,ല്ലാമെന്നുടെ നേർക്കുപോലാം; ശിവ, നിജ-
തോൽപ്രേക്ഷകൻ കാമുകൻ! 2

വിദൂഷകൻ: (അങ്ങിനെത്തന്നെ നിന്ന്) തോഴരേ, എനിക്കു കൈകാലുകള അനക്കാൻ വയ്യാ! വാക്കുമാത്രം ചെയ്യാം, വിജയിച്ചാലും!

രാജാ:— (പുഞ്ചിരിയിട്ട്) എന്തുകൊണ്ടാണ് ദേഹത്തിന്നീത്തകരാറ്?

വിദൂഷകൻ:— എന്തുകൊണ്ടാണെന്നോ? താൻതന്നെ കണ്ണിൽ

ഉടനെ, അവൾക്കും അനുരാഗമുണ്ടായിട്ടുണ്ടെന്ന തന്റെ വിശ്വാസം മിഥ്യയാവാമെന്നു തോന്നി, ആ വിശ്വാസത്തിന്മേൽ ആശ്വാസംകൊണ്ട രാജാവിനെത്തന്നെ പരിഹസിക്കുന്നു:—പുഞ്ചിരിയിട്ട് ഇത്യാദി. നേരംപോക്കുള്ളത് = പരിഹാസ കാരണം.

ശ്ലോകം 2. അവളുടെ നോട്ടം സ്വതവേ സ്നേഹദ്യോതകമാണ്. അതു തന്നിൽപ്പതിഞ്ഞതു കേവലം യാദൃച്ഛികം. അവളുടെ നടത്തം നിതംബ(ശ്രോണി)ഭാരം മൂലം മന്ദമാണ്; അതു ശൃംഗാരാനുഭവമായ വിലാസ(ലീല)ത്തിന്റെ വടിവിലായി എന്നുമാത്രം. സഖിയോട് അപ്പറഞ്ഞത് അരിശംകൊണ്ടുതന്നെ, തന്നെ വിട്ടുപോകാനുള്ള മടികൊണ്ടാവില്ല. എല്ലാമെന്നുടെ നേർക്കുപോൽ; ഇതൊക്കെയും എന്നിലുള്ള അനുരാഗം മൂലമാണെന്നു ഞാൻ പാഴിൽ അഭിമാനിക്കുന്നു! നിജതോൽപ്രേക്ഷകൻ കാമുകൻ: കാമിക്കപ്പെടുന്ന ആൾ സ്വന്തമായിക്കഴിഞ്ഞു എന്നു വിചാരിക്കുന്നവരാണല്ലോ കാമുകന്മാർ. താൻ വഞ്ചിതനായിപ്പോയി എന്നു വരരുതെന്നുവെച്ചു രാജാവു വിവേകത്തെ ആശ്രയിക്കുകയാണ്; വാസ്തവത്തിൽ അദ്ദേഹത്തിനു പ്രിയാപ്രണയത്തിൽ ഉറച്ച വിശ്വാസമുണ്ടെന്നു താഴെ വിദൂഷകനോടു പറയുന്നതിൽ വ്യക്തമാകും.



Digitized By Kerala Sahitya Akademi

കുത്തിയേച്ച്, കണ്ണുനീരിന്റെ കാരണം കല്പിച്ചു ചോദിക്കുന്നു!

രാജാ:— എന്നിക്കു മനസ്സിലായില്ലല്ലോ.

വിദൂഷകൻ:— തോഴരേ, ആററുവഞ്ഞി കുനൻനൃത്തം ചവുട്ടുന്നത്, അതിന്റെ ത്രാണികൊണ്ടോ, ഒഴുക്കിന്റെ ത്രാണി കൊണ്ടോ?

രാജാ:— പുഴയുടെ ഒഴുക്കാണ് അതിന്നു കാരണം.

വിദൂഷകൻ: എന്റേതിന്നു് ഇവിടുന്നും!

രാജാ: അതെങ്ങിനെ?

വിദൂഷകൻ:— തോഴർ രാജ്യകാര്യങ്ങളും മററും ഉപേക്ഷിച്ച്, ഇത്തരം വല്ലാത്ത പ്രദേശങ്ങളിൽ കാട്ടാളനെപ്പോലെ നടക്കണം. എന്നിരിക്കട്ടേ. വാസ്തവത്തിൽ, നാൾതോറും ദുഷ്ടജന്തുക്കളെ ഓടിച്ചോടിച്ച് ശരീരത്തിലെ സന്ധിബന്ധങ്ങൾ ആകെ ഇളകുകയാൽ തീരെ വയ്യാതായിരിക്കുന്നു. അതിനാൽ തിരുമനസ്സുണ്ടാകണം, എന്നെ വിട്ടയക്കുക, ഒരു ദിവസമെങ്കിലും ഇത്തിരി വിശ്രമിപ്പാൻ!

രാജാ:— (ആത്മഗതം) ഇയ്യാളും ഇങ്ങിനെ പറയുന്നു; എന്നിക്കും, കശ്യപപുത്രിയെ വിചാരിച്ചിട്ട് നായാട്ടിൽ ഉന്മേഷം തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ,

ആളല്ല, വില്ലിതു കുലച്ചു ശരം തൊടുത്തു
സാരംഗകങ്ങളുടെനേർക്ക വലിക്കുവാൻ ഞാൻ;

പാകമാത്രം ചെയ്യാം: വിജയമുദ്രയായി കയ്യുയർത്തുവാൻ വയ്യാ!

രാജാവു പുഞ്ചിരിയിട്ട്: ഇതയാളുടെ ഒരു നേരംപോക്കിന്റെ തുടക്കമാണെന്നൂഹിച്ചിട്ട്.

കുനൻനൃത്തം ചവുട്ടുന്നത്: ജലപ്രവാഹസ്ഥമായ ആററുവഞ്ഞിച്ചെടി, പ്രവാഹവീചികളാൽ കൂടെക്കൂടെ കുനിയുകയും നിവരുകയും ചെയ്യുന്നത്.

കശ്യപപുത്രിയെ: ഒരാഭിജാത്യം വ്യഞ്ജിക്കുന്നു.

ശ്ലോകം 3. സാരംഗകങ്ങൾ = പാവങ്ങളായ മാനുകൾ. (അനുകമ്പാദ്യോതകമായ ക പ്രത്യയം) വില്ലു കുലപ്പാനും, ശരം തൊടുപ്പാനും, വലിപ്പാനും ആളല്ല എന്നന്വയം; ആലസ്യം വ്യഞ്ജിക്കുന്നു. അതുമൂലം—പ്രിയമാനുകളുടെ മുഗ്ദ്ധവിലോകനങ്ങൾക്ക കശ്യപപുത്രിയുടേതിനോടു സാദൃശ്യമുള്ളതിനാൽ, അവളെവിചാരിച്ചു ദുർബ്ബലനായിപ്പോകും എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

ഒന്നിച്ചു വാണാമൃഗയൂഥമൊത്തിവളെന്നതല്ലോ
നന്നായ്പ്പഠിച്ചിതവൾ, മുഗ്ദ്ധവിലോകനത്തിൽ, 3

വിദൂഷകൻ:— (രാജാവിന്റെ മുഖത്തു നോക്കിയിട്ടു്) ഇവിടുന്നു് എന്തോ ഉള്ളിൽവെച്ചു് പിറുപിറുക്കുകയാണു്. കാട്ടിൽവെച്ചായിപ്പോയി, എന്റെ നിലവിളി!

രാജാ:— (പുഞ്ചിരിയിട്ടു്) മറ്റെന്താണു്? ഇഷ്ടവാക്യം തട്ടുന്നല്ലോ എന്നോർത്തു നില്ക്കുകയാണു്.

വിദൂഷകൻ:— ദീർഘായുസ്സു്! (പോവാൻ ഭാവിക്കുന്നു)

രാജാ:— തോഴരേ, നില്ക്കു: കുറച്ചുകൂടിയുണ്ടു് പറയാൻ.

വിദൂഷകൻ:— അരുളിച്ചെയ്യാലും.

രാജാ:— ഭവാന്റെ ക്ഷീണം തീർന്നാൽ. പ്രയാസമില്ലാത്ത മറ്റൊരു കാര്യത്തിൽ എന്നെ സഹായിക്കണം.

വിദൂഷകൻ:— ലഡ്ഡു തിന്നുന്നതിലോ?

രാജാ:— പറയാം.

വിദൂഷകൻ: ഇതാ, അനങ്ങാതെ നിന്നു.

രാജാ:— ആരവിടെ?

നടയിൽത്തവണക്കാരൻ:— (പ്രവേശിച്ചു്) തിരുമേനി അരുളിച്ചെയ്യാലും.

രാജാ:— രൈവതക, പടത്തലവനെ വിളിക്കൂ.

**കാട്ടിൽവെച്ചു്.........നിലവിളി: കേട്ടു് അനുകമ്പകൊള്ളുവാൻ ഒരാളുമുണ്ടായില്ലാ!**

**ലഡ്ഢു തിന്നുന്നതിലോ: ഒരു മൃഷ്ടാന്നകാംക്ഷയാണു്, ഇപ്പോൾ തന്റെ മനസ്സു നിറച്ചും!**

**ദോഷം കണ്ടിട്ടുള്ളതാണെങ്കിലും: നായാട്ടു്, രാജാക്കന്മാർക്കുണ്ടാകുന്ന സപ്തവ്യസനങ്ങളിൽ (ഏഴു വ്യസനങ്ങളിൽ) ഒന്നായിട്ടത്രേ ഗണിക്കപ്പെട്ടിരിക്കുന്നതു്. കാമംമൂലമുണ്ടാകുന്ന സ്ത്രീസേവ, ചൃതുകളി, നായാട്ടു്, മദ്യപാനം എന്നിവയും, കോപംമൂലമുണ്ടാകുന്ന വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദൂഷണം എന്നിവയുമത്രേ വ്യസനങ്ങൾ.**

Digitized By Kerala Sahitya Akademi

നടയിൽത്തവണക്കാരൻ:— ഏറാൻ (പോയി, സേനാപതിയോടുകൂടി പ്രവേശിച്ച്) ഏമാനേ, തമ്പുരാൻ വിളിക്കുന്നു. ആര്യൻ ഇങ്ങോട്ടു ചെല്ലുമാറാക.

സേനാപതി:— (രാജാവിനെ നോക്കീട്ട്) ദോഷം കണ്ടിട്ടുള്ളതാണെങ്കിലും നായാട്ടു തമ്പുരാക്കന്ന് ഗുണത്തിന്നായിത്തന്നെ തീർന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, തിരുമേനിക്ക്

വില്ലിൻ ഞാണിളവററടിക്കുകവശാൽ-
കൈത്തണ്ടു കട്ടിത്തമാ-
ന്നുള്ളൊന്നായ്, വെയിലത്തു വാട്ടമിയലി-
ല്ലേ,ശാ വിയപ്പേറ്റുമേ,
പൊണ്ണത്ത്വൊട്ടു ചടച്ചിരിക്കിലുമതാ-
സ്പഷ്ടം ലഘുത്വോദയാൽ;
ഇമ്മട്ടായ് മലയാനപോലെ വിലസീ-
ടുന്നു ബലപ്രൌഢിയാൽ. 4

(അടുത്തു ചെന്ന്) തമ്പുരാൻ ജയിച്ചാലും. കാട്ടു വളയൽ കഴിഞ്ഞിരിക്കുന്നു. ഇനിയും എഴുന്നെള്ളാത്തതെന്താണ്?

രാജാ:— പടത്തലവ, മാഢവ്യൻ നായാട്ടിനെ ദൂഷിച്ച് എനിക്കുത്സാഹഭംഗം വരുത്തിയിരിക്കുന്നു.

ശ്ലോകം 4. ഇളവററ്; ഇടവിടാതെ. കട്ടിത്തം: തഴമ്പുവീണെന്നുള്ളതു. അതസ്പഷ്ടം ലഘുതോദയാൽ: മെയ്വഴക്കമുണ്ടായതുകൊണ്ട് ആ ചടപ്പ് ഉള്ളതായി തോന്നുന്നില്ല. ബലപ്രൌഢി: തികഞ്ഞ കരുത്ത്. കാട്ടാനയെസ്സംബന്ധിച്ച 'വില്ലിൻഞാണിളവററടിക്കൽ' (അനവരതധനുർജ്ജ്യാസ്ഫാലനം) എല്ലായ്പോഴും പ്രിയാളവൃക്ഷത്തിന്മേൽ ഉരസിക്കലാണെന്ന് രാഘവഭട്ടൻ ശ്ലേഷത്തെ ആശ്രയിച്ച് അർത്ഥം പറയുന്നു; ആനയ്ക്ക് കട്ടിത്തം സ്വതസ്സിദ്ധമാകയാൽ, സാധർമ്മ്യത്തിന്നായി ഇത്ര ക്ലേശിപ്പിക്കണമെന്നില്ല. താഴേ സ്പഷ്ടമാകുന്നതിൻവണ്ണം നായാട്ടിൽ സ്വയം മടുപ്പുവന്ന സേനാപതി തമ്പുരാന്ന് ഇതുകൊണ്ടു ഗുണമുണ്ടല്ലോ എന്നാശംസിക്കുകയാണ്.

ദൃഷ്ടാന്തമായിരിക്കുന്നുവല്ലോ: നായാട്ട് നല്ലതാണെന്നതിലേക്ക്.

Digitized By Kerala Sahitya Akademi

സേനാപതി:— (നിഗൂഢം) സ്നേഹിത, പിടിവിടേണ്ടാ; ഞാൻ തിരുമനസ്സിനൊത്തു നിന്നുകൊള്ളാം. (പ്രകാശം) എന്തെങ്കിലും പുലമ്പട്ടെ ഈ വിഡ്ഢി! തിരുമേനിതന്നെ ദൃഷ്ടാന്തമായിരിക്കുന്നുണ്ടല്ലോ.

മേദസ്സറ്റുദരം മെലിഞ്ഞു, ലഘുവായ്-
ത്തീരാം വിഹാരാർഹമാം;
കാണാം ക്രോധഭയങ്ങളാൽപ്പിടിപെടും
മാററങ്ങൾ ജന്തുക്കളിൽ;
വില്ലാളിക്കു,ളകന്ന ലാക്കിൽ വിശിഖം
കൊള്ളിപ്പതും മേന്മയാ-
ണൊ:-ല്ലാ വേട്ടയിതെന്ന ചൊല്ല വെറുതേ;
മറെറന്തിൽനിന്നീ രസം? 5

വിദൂഷകൻ:— ഇവിടുന്ന് ഒരുവിധം അടങ്ങിയിരിക്കയാണ്. താങ്കൾതന്നെ കാട്ടിൽനിന്നു കാട്ടിലേക്കോടി, മൂക്കു കടിച്ചുതിന്നാൻ കൊതിക്കുന്ന വല്ല മൂത്തൻ കരടിയുടേയും വായിൽച്ചെന്നു ചാടിക്കൊൾക.

രാജാ:— ഭദ്രസേന, നമ്മൾ ആശ്രമത്തിന്നടുക്കലൊണല്ലോ, താമസിക്കുന്നത്. അതിനാൽ ഞാൻ തന്റെ വാക്കിനെ കൊണ്ടാടുന്നില്ല. ഇന്ന്,

പൂകട്ടേ മഹിഷങ്ങൾ കൊക്കരണിയിൽ--
ക്കൊംപിട്ടു മേന്മേലടി-
ച്ചേ-നം ചേൎന്നു തണൽപ്പുറത്തയവിറ-
ക്കട്ടേ ചിരം മാനുകൾ;

ശ്ലോകം 6. മേദസ്സ്: ശരീരത്തെ വല്ലാതെ തടിപ്പിക്കുന്നതും, വ്യായാമംകൊണ്ടു ചുരുക്കേണ്ടതുമായ ഒരു ശരീരധാതു. വിഹാരാർഹമാം: ഓടാനും ചാടാനും മററും പ്രയാസമില്ലാത്തതാകുന്നു. മാററങ്ങൾ: ഭാവപ്പകൎച്ചകൾ. ഒല്ലാ: ഉചിതമല്ല; കൊള്ളരുതാത്തതാണ്.

ഭദ്രസേന എന്നെടുത്തുവിളിച്ചത്, അയാളുടെ അഭിപ്രായമനുസരിക്കാത്തതിൽ അസുഖം തോന്നാതിരിപ്പാനുള്ള അനുനയമായിട്ടത്രേ.

Digitized By Kerala Sahitya Akademi

സ്വൈരം ചേററുകളത്തിൽ മുസ്തകൾ കിള-
ക്കട്ടേ വരാഹവ്രജം;
ഞാൺകെട്ടുമഴിച്ചു വിശ്രമസുഖം
നേടട്ടെയെൻ വില്ലിതും. 6

സേനാപതി:— തിരുമനസ്സുപോലെ.

രാജാ:— എന്നാൽ മുൻകൂട്ടി കാടുവളയാൻ പോയവരെ തിരിച്ചു വിളിക്കുക. നമ്മുടെ പടജ്ജനങ്ങൾ തപോവനത്തിന്റെ അടുക്കലെങ്ങും ചെല്ലാതിരിക്കത്തക്കവണ്ണം വിലക്കുകയും വേണം. നോക്കൂ:

മറഞ്ഞിരിപ്പുണ്ടൊരു ചുട്ടെരിപ്പതാം
മഹസ്സു ശാന്താത്മകരാമൃഷീന്ദ്രരിൽ,
അതന്യതേജോഭിഭവാൽച്ചുരത്തുമേ
തൊടാവുമർക്കോപലകങ്ങൾ പോലവർ. 7

ശ്ലോകം 6. മഹിഷങ്ങൾ: പ്രകരണവശാൽ കാട്ടുപോത്തുകൾ. കൊക്കരണി: കല്ലുവെട്ടിയെടുത്തും മററും [illegible] ഉണ്ടാകുന്ന പടുകുഴികൾ (നിപാനം ഖാതാദിഷു എന്ന് വാചസ്പത്യം) നിപാനപദത്തിന്ന്, കിണററിൻകരയിൽ മൃഗങ്ങൾക്കു വെള്ളം [illegible] ഉണ്ടാക്കിവെക്കുന്ന കൽത്തൊട്ടി എന്നുള്ള അർത്ഥംവെച്ച്, 'രാജാക്കന്മാർ നായാട്ടിന്നു പോകുമ്പോൾ അവരുടെ ഉപയോഗത്തിന്നുവേണ്ടി' ഉണ്ടാക്കാറുള്ളവ എന്നു വ്യാഖ്യാനിക്കുന്നത് വളഞ്ഞ വഴിയാണ്. അവയ്ക്ക്, പോത്തുകൾക്ക് കിടന്നു കുത്താടത്തക്ക വലിപ്പമുണ്ടാകയില്ല; നായാട്ടു നിർത്തിയാലും ശുദ്ധജലം ആവശ്യമുള്ളതുകൊണ്ട്, 'അവയിൽ പോത്തുകൾ ഇറങ്ങിക്കൊള്ളട്ടെ' എന്നനുവദിപ്പാനിടയില്ലതാനും. സ്വൈരം = യഥേഷ്ടം. മുസ്തകൾ കിളക്കട്ടെ = (തിന്മാനായി) മുത്തങ്ങ കുത്തിപ്പറിച്ചുകൊള്ളട്ടെ. വരാഹവ്രജം = പന്നിക്കൂട്ടം. നായാട്ടുമൂലം, കുറേ നാളായി അക്കാട്ടിലെ മൃഗങ്ങളൊന്നും അവയുടെ സ്വച്ഛവിഹാരങ്ങളിൽ ഏർപ്പെടാറില്ല; ഇന്ന് അവയതു ചെയ്തുകൊള്ളട്ടെ; നാം നായാട്ടിന്നിറങ്ങേണ്ടാ.

ശ്ലോകം 7. മഹസ്സ് = തേജസ്സ്. അതന്യതേജോഭിഭവാൽച്ചുരത്തുമേ: അതിനെ, മററുള്ള തേജസ്സു വന്നേററുമുട്ടിയാൽ ശാപാദിരൂപേണ വെളിപ്പെടുത്തും. അതിനാൽ നമ്മുടെ ക്ഷത്രിയതേജസ്സ് ഋഷികളുടെ നേക്ക്, അവർ ശാന്തരാണെന്നുവെച്ച്, ഏല്പിച്ചുകൂടാ. തൊടാവും: സ്വതേ അനുഷ്ണങ്ങളായ. അർക്കോപലകങ്ങൾ = സൂര്യകാന്തക്കല്ലുകൾ (സ്വാർത്ഥത്തിൽ കപ്രത്യയം;) അവ സൂര്യപ്രകാശം തട്ടിയാൽ കത്തിജ്വലിക്കുംപോൽ!

Digitized By Kerala Sahitya Akademi

സേനാപതി:– ആജ്ഞപ്പാടുപോലെ,

വിദൂഷകൻ: വെച്ചേയ്ക്കു, താങ്കളുടെ ഒരുമ്പാട്!

(സേനാപതി പോയി)

രാജാ:– (പരിജനങ്ങളെ നോക്കിയിട്ട്) നിങ്ങൾ നായാട്ടുവേഷം മാറിക്കൊൾവിൻ. രൈവതക, നീയും വേലയ്ക്കു പോയ്ക്കൊൾക.

പരിജനങ്ങൾ: ആജ്ഞപ്പാടുപോലെ. (പോയി)

വിദൂഷകൻ:— ഇവിടുന്ന് ഈച്ചകളെയെല്ലാം ആട്ടിക്കളഞ്ഞു കഴിഞ്ഞു. ഇനി ഈ മരത്തണലിൽ ഇടതൂർന്ന വള്ളികൾ കൊണ്ടു മേലാപ്പു കെട്ടിയിട്ടുള്ളേടത്ത് എഴുന്നെള്ളിയിരിക്കുക. ഞാനും ഇത്തിരി കാൽ മടക്കട്ടെ.

രാജാ: മുമ്പേ നടക്ക.

വിദൂഷകൻ: –എഴുന്നള്ളാം, എഴുന്നള്ളാം.

(രണ്ടുപേരും ചുറ്റിനടന്ന് ഇരിക്കുന്നു.)

രാജാ:— മാഢവ്യ, താങ്കൾക്ക നയനസാഫല്യം സിദ്ധിച്ചില്ല; കാണേണ്ടതു കണ്ടില്ലല്ലോ.

വിദൂഷകൻ:—ഇവിടുന്ന് എന്റെ മുമ്പിൽ ഇരിക്കുന്നുണ്ടല്ലോ;

രാജാ:— എല്ലാവരുടെ കണ്ണിനും അവനവന്റേത് അഴകൊത്ത

വെച്ചേയ്ക്കു താങ്കളുടെ ഒരുമ്പാട്: 'എന്തെങ്കിലും പുലമ്പട്ടെ ഈ വിഢ്ഢി' എന്നയാൾ പറഞ്ഞതിനു പകരം വീട്ടി:

ഈച്ചകൾ: തങ്ങളുടെ ജീവിതവൃത്തിക്കുവേണ്ടി പ്രഭുവിനെ പൊതിഞ്ഞുകൂടിയ നിസ്സാരജീവികൾ.

ഇവിടുന്ന് എന്റെ മുമ്പിൽ ഇരിക്കുന്നുണ്ടല്ലോ: അതിനാൽ ഞാൻ കാണേണ്ടതിനെ (അഴകൊത്ത അങ്ങയെ) കണ്ടു നയനസാഫല്യം നേടുന്നുണ്ടല്ലോ. ഇവിടെ അഭിരാമൻ മൂലവാക്യത്തിന്ന് 'അങ്ങു കാണേണ്ടവനായ എന്നെക്കണ്ടു നയനസാഫല്യം നേടുകയാണല്ലോ' എന്നു താല്പര്യവും അതനുസരിച്ച് അനന്തരമായ രാജവാക്യത്തിൽ 'ആത്മാനം' എന്നു ചൊല്ലി, 'എല്ലാവൎക്കും അവനവൻ അഴകൊത്തവനാണെന്നുതോന്നും' എന്നൎത്ഥം പറയുന്നു. അതു ബാലിശമാണ്; 'തത്ര ഭവതീ ഉർവശിക്ക്' എന്നോളമുണ്ടോ

Digitized By Kerala Sahitya Akademi

തായിരിയ്ക്കും, ഞാൻ പറയുന്നത്, ആശ്രമത്തിന്നലങ്കാരഭൂതയായ ആ ശകുന്തളയെക്കുറിച്ചാണ്.

വിദൂഷകൻ:— (ആത്മഗതം) ഇരിയ്ക്കട്ടെ, ഇതിന്ന ഞാൻ തക്കം കൊടുക്കില്ല. (പ്രകാശം) ഇപ്പോഴം ഇവിടെയ്ക്ക് ഒരു താപസകന്യകയെക്കിട്ടണമെന്നായി!

രാജാ:— ഭസ്സഹിത, അതുതാത്തതിൽച്ചെല്ലുകയില്ല, പൌരന്മാരുടെ മനസ്സ്,

വിദൂഷകൻ:— എന്നാലിതെങ്ങിനെ?

രാജാ:—

കളഞ്ഞുകിട്ടീടിന കട്ടിപോൽ മുനി-
ശ്ലൊരുമ്പർമാതിൻെറ തനൂജയാമിവരം;
ഞെട്ടററിക്കിൻ മുകളിൽഠൊഴിഞ്ഞതാം
പൈംപിച്ചകമ്പൂമലരെന്നപോലവേ! 8

വിദൂഷകൻ:— (ചിരിച്ച്) ഈത്തപ്പഴം തിന്നതിന്നു മടുത്ത ഒരാരക്ക് പുളിങ്ങയിൽ കൊതിതോന്നുന്നതുപോലെയാണ്, പെണ്മണിമാരിൽ ചെടിപ്പു വന്നിരിയ്ക്കുന്ന ഇവിടെയ്ക്കുള്ള ഈത്താല്പര്യം.

സൌന്ദര്യം, അതോ, അതിലധികമുണ്ടോ: എന്ന വിക്രമോർവശീയത്തിലെ വിദൂഷകവാക്യമാണ് അഭിരാമനെ അസ്ഥാളിപ്പിച്ചത്.

താപസകന്യകയെ: അഗമ്യയായ ഒരു സ്ത്രീയെ.

ഇവിടെ രാജാവിൻെറ മറുപടിയിൽ, 'ഹേ മൂഢാ,
ജനമെല്ലാമുന്മുഖമായനിമേഷകളായ നേത്രപംക്തികളാൽ
മനമതിലെന്തൊരു ഭാവാൽപ്പനിമതിലേഖാം വിലോക
തേഭിനവാം!'

എന്നിത്രയും അധികപാഠം കേരളകാളിദാസൻ കൈക്കൊണ്ടിരിയ്ക്കുന്നു; എന്നാൽ അതിന്നു സന്ദർഭൌചിത്യം കാണുന്നില്ല. ശകുന്തളയിൽ തനിയ്ക്കാസക്തിയുണ്ടെന്നുതന്നെയാണല്ലോ രാജാവു പറയുന്നത്.

ശ്ലോകം 8. ഉമ്പർമാത് = ദേവസ്ത്രീ. പൈംപിച്ചകം = ചെറുപിച്ചകം. മുനി തപഃശുഷ്കഗാത്രനാകയാലത്രേ, എരിക്കിനോടു സാദൃശ്യം കല്പിച്ചിരിയ്ക്കുന്നത്.

രാജാവിനെ പിന്തിരിപ്പിയ്ക്കാൻ നിവൃത്തി കാണാഞ്ഞു വിദൂഷകൻ ഉദാസീനതയോടേ അനുസരിയ്ക്കുന്നു:-ഇവിടെയ്ക്കും ആശ്ചര്യം ഇത്യാദി.

Digitized By Kerala Sahitya Akademi

രാജാ:— അവളെക്കാണാഞ്ഞതുകൊണ്ടാണ് താങ്കളിങ്ങിനെ പറഞ്ഞത്.

വിദൂഷകൻ:— ഇവിടേയ്ക്കും ആശ്ചര്യം ജനിപ്പിച്ച ആ വസ്തു രമണീയം തന്നെയായിരിയ്ക്കും.

രാജാ:— തോഴരേ, എന്തിനേറെ?

സല്ലാവണ്യമെടുത്തൊരു പടം
ചെമ്മേ വരച്ചിട്ടുയിർ-
ക്കൊള്ളിച്ചാ—നഥവാ രചിച്ചതളിനാൻ;
ധാതാവു ചേതസ്സിനാൽ;
എല്ലാംകൊണ്ടുമിതൊരു മറ്റൊരുതരം
സ്ത്രീരത്നനിർമ്മാണമെ-
ന്നല്ലോ നണ്ണുവതീശ്വരന്റെ വിരുതും
തന്മെയ്യുമോർത്തിട്ടു ഞാൻ. 9

വിദൂഷകൻ:— എന്നാലവൾ സുന്ദരിമാരെയൊക്കെ ആട്ടിപ്പായിച്ചുകളഞ്ഞുവല്ലോ!

രാജാ:— ഇതുകൂടിയുണ്ട് എന്റെ മനസ്സിൽ.

മുകർന്നിട്ടില്ലാപ്പൂ,വധൃതമൊരു രത്നം, പുതിയതാം
നുകർന്നിട്ടില്ലാത്തേന,നഖപരിലൂനം കിസലയം,

ശ്ലോകം 9. സല്ലാവണ്യം: പ്രപഞ്ചത്തിൽ അങ്ങിങ്ങു ചിന്നിക്കിടക്കുന്ന സൌന്ദര്യാംശങ്ങളെ. ഉയിർക്കൊള്ളിച്ചാൻ = ജീവൻ കൊടുത്തു. അഥവാ: എത്ര ശ്രദ്ധിച്ചുവരച്ചാലും വിചാരിച്ചേടത്തോളം സൌന്ദര്യം വരുന്നതല്ലായ്കയാൽ. രചിച്ചതളിനാൻ ധാതാവു ചേതസ്സിനാൽ; കരസ്പർശം പോലും പൊറുക്കാത്ത അംഗസൌകുമാര്യം സൂചിപ്പിയ്ക്കുന്നു. മറ്റൊരുതരം: സാമാന്യസ്ത്രീകളെ സൃഷ്ടിയ്ക്കുന്നതിൽനിന്നു വ്യത്യസ്തം. സ്ത്രീരത്നം = ശ്രേഷ്ഠസ്ത്രീ. ഈശ്വരന്റെ വിരുത്: വിധാതാവിന്റെ അപരിമേയമായ സൃഷ്ടിവൈദഗ്ദ്ധ്യം. തന്മെയ്യ് = അവളുടെ ആകൃതി.

രാജാവിന്റെ വർണ്ണന കേട്ടു വിദൂഷകന്ന് ഉത്സാഹം പിടിയ്ക്കുന്നു. എന്നാലവൾ ഇത്യാദി.



Digitized By Kerala Sahitya Akademi

അഖണ്ഡം പുണ്യത്തിൻഫല,മനഘമാ രൂപ;-മറിവീ-
ലെവന്നായോ കല്പിച്ചനുഭവിപ്പാനിഹ വിധി! 10

വിദൂഷകൻ:— എന്നാൽ വേഗത്തിൽ അവളെ ഇവിടുന്ന് രക്ഷിക്കണം. തലയിൽ ഓടലെണ്ണയുടെ മട്ടുള്ള വല്ല കാട്ടുതാപസന്റെയും കയ്യിലകപ്പെട്ടുകൂടാ!

രാജാ:—അസ്വതന്ത്രയാണ് തത്രഭവതി; അച്ഛൻ ഇവിടെ ഇല്ലതാനും.

വിദൂഷകൻ:— ആകട്ടെ, ഇവിടുത്തെനേരെ എങ്ങിനെയായിരുന്നു അവളുടെ നോട്ടം?

രാജാ:— സ്വതേതന്നെ തട്ടിപ്പില്ലാത്തവരാണ് തപസ്വികന്യകമാർ. എങ്കിലും,

നോട്ടം തിരിച്ചാളി,വനങ്ങു നോക്കവേ;
കൂട്ടീടിനാൾ പുഞ്ചിരി മററു ഹേതുവാൽ;
ശ്രേഷ്ഠസ്വഭാവേന തടുത്തമക്കയാൽ-
ക്കാട്ടീല കാമത്തെ മറച്ചുമില്ലവൾ. 11

ശ്ലോകം 10. അസ്പൃതം: അണിഞ്ഞു മാച്ചിൽ തട്ടിയിട്ടില്ലാത്ത. അനാമൃകതം എന്ന മൂലത്തിന്റെ സ്ഥാനത്ത് 'അനാവിദ്ധം' എന്നുള്ള പാഠം അസുന്ദരമാണ്. അനഖപരിക്ഷതം = നഖംകൊണ്ടു നുള്ളിയതല്ലാത്ത. അഖണ്ഡം = പരിപൂർണ്ണം; ഒട്ടും അനുഭവിച്ചുപോയിട്ടില്ലാത്ത. അനഘം = നിർദ്ദോഷം; ഉപഭോഗക്ഷതിയേല്ക്കാത്ത. എവന്നായോ......വിധി—അവൾ ഭാഗ്യൈകലഭ്യയാണ് എന്നു താല്പര്യം. ഈ വിധം, അക്ഷീണസൌഭാഗ്യപൂർണ്ണയും സർവ്വേന്ദ്രിയാഹ്ളാദിനിയുമായ അവളെ ലഭിക്കുന്നത് ഒരു വലിയ ഭാഗ്യമായിരിക്കുമെന്നുകൂടി എന്റെ മനസ്സിലുണ്ട്.

രക്ഷിക്കണം: സ്വന്തമായെടുക്കണമെന്നർത്ഥം.

തട്ടിപ്പ്: അനുരാഗത്തെ സവിലാസം വെളിപ്പെടുത്താനുള്ള സാമർത്ഥ്യം.

ശ്ലോകം 11. നോട്ടം...നോക്കവേ: അതിനാൽ അതുവരെ തന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു എന്നും, നേരെ നോക്കാൻ ലജ്ജിക്കുന്നുണ്ടെന്നും വ്യക്തം. കൂട്ടീടിനാൾ...ഹേതുവാൽ; തന്റെ സാന്നിധ്യത്തിലും സംഭാഷണത്തിലുമുണ്ടായ ആഹ്ളാദസ്ഫുരണത്തെ, മററു കാരണംകൊണ്ടുള്ളതാണെന്നു നടിച്ചു. ശ്രേഷ്ഠസ്വഭാവേന = കുലീനതോചിതമായ വിനയംകൊണ്ട്.

Digitized By Kerala Sahitya Akademi

വിദൂഷകൻ:— കണ്ടെത്തിയ മാത്രയിൽത്തന്നെ അവൾ ഇവിടത്തെ മടിയിൽ വന്നുകേറിയല്ലോ?

രാജാ:— തമ്മിൽ പിരിഞ്ഞുപോകുമ്പോഴാകട്ടെ, തത്രഭവതി ലജ്ജയോടുകൂടിയാണെങ്കിലും, ഉള്ളു കുറേക്കൂടി വെളിപ്പെടുത്തുകയുണ്ടായി. എങ്ങിനെയെന്നാൽ,

കാന്താംഗി നാലടി നടന്നഥ നിന്നുകൊണ്ടാൾ,
കാലിൽത്തറഞ്ഞിതു കുശാങ്കുരമെന്നകാണ്ഡേ,
ചീരത്തെ—വൃക്ഷവിടപത്തിലുടക്കിയില്ലെ-
ന്നാലും—വിടുർത്തുവതിനായ് മുഖവും തിരിച്ചാൾ. 12

വിദൂഷകൻ:— എന്നാൽ പൊതിച്ചോറെടുത്തുകൊള്ളുക. ഇവിടുന്നു തപോവനത്തെ ഉപവനമാക്കിയിരിക്കുന്നതായി ത്തോന്നുന്നു.

രാജാ:— ഞാൻ ചെന്നത് മഹർഷിമാരിൽ ചിലർ അറിഞ്ഞിരിക്കുന്നു. ആലോചിക്കൂ, എന്തുനടിച്ചാണ് ഒരിക്കൽക്കൂടി ആശ്രമത്തിൽച്ചെല്ലുക?

വിദൂഷകൻ:— മറെറന്തുനടിക്കാനാണ്? ഇവിടുന്ന് രാജാവല്ലേ; 'വനവാസികൾ വരിനെല്ലിൻെറ ആറിലൊന്ന് എൻെറ അടുക്കൽ അടക്കണം' എന്ന്.

കണ്ടെത്തിയമാത്രയിൽ ഇത്യാദി: ഇത്രയുംതന്നെ ധാരാളമല്ലയോ!

ശ്ലോകം 12. കാന്താംഗി = സുന്ദരി. കുശാംകുരം = ദർഭമുന. അകാണ്ഡേ = പെട്ടെന്ന്; വാസ്തവത്തിൽ ദർഭയില്ലാത്തേടത്ത്. ചീരം = മരവുരി. ഉടക്കുക = കൊളുത്തുക. പിരിഞ്ഞുപോകാൻ മടിയും, ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കുവാൻ ഔത്സുക്യവും കാണിച്ചു.

പൊതിച്ചോറെടുത്തുകൊള്ളുക: അവളുടെ അരികിലേക്കു പോകുവാൻ ഒരുങ്ങിക്കൊള്ളുക; ചെല്ലേണ്ട താമസമേ ഉള്ളു എന്നു താല്പര്യം. ഈ രണ്ടു വാക്യത്തിലും ഓരോ പാഠഭേദം വെച്ച്, അഭിരാമൻ വേറെ മട്ടിൽ വ്യാഖ്യാനിക്കുന്നു: 'വിത്തം കിട്ടിയില്ലെങ്കിലും, വിശപ്പടക്കാനുള്ള വക കിട്ടിയല്ലോ; അങ്ങു തപോവനത്തെ ഇനിയവിടെ സ്ഥിരമായിരിക്കുവാനിടയുള്ളതുകൊണ്ടു, നിരുപദ്രവമാക്കിത്തീർത്തു.' ബഹുധാ അനുപപന്നവും അസുന്ദരവുമാണ് ഈ വ്യാഖ്യാനം.

ആറിലൊന്ന്; വിളവിൽ ആറിലൊന്നായിരുന്നു പണ്ടത്തെ നികുതി.

Digitized By Kerala Sahitya Akademi

രാജാ:— വിഡ്ഢി; മറെറാരു നികുതിയുണ്ട്, ഇവരെ രക്ഷിയ്ക്കുന്നതിനാൽ കിട്ടിവരുന്നു: വളരെ രത്നക്കൂമ്പാരങ്ങളെക്കാളും വാങ്ങേണ്ടതതാണത്; നോക്കു:

നില്ലാ, നരാധീശനു നാട്ടുകാരിൽനിന്നെല്ലാം ലഭിയ്ക്കുന്ന ഫലം നശിച്ചുപോം;
തെല്ലും നശിയ്ക്കാത്ത തപഃഷഡംശമുണ്ടല്ലോ നമുക്കേകിവരുന്ന താപസർ! 13

(അണിയറയിൽ)

ഹാ! നമ്മുടെ കാര്യം സാധിച്ചു.

രാജാ:- (കേട്ടതായി നടിച്ച്) ഏയ്, ധീരശാന്തന്മാരായ ഒച്ച. ഋഷിമാരായിരിയ്ക്കണം.

നടയിൽത്തവണക്കാരൻ:— (പ്രവേശിച്ച്) തിരുമേനി ജയിച്ചാലും. ഇതാ, രണ്ടു ഋഷികുമാരന്മാർ പടിയ്ക്കൽ വന്നു നില്ക്കുന്നു.

രാജാ:— അവരെ വേഗത്തിൽ കൂട്ടിക്കൊണ്ടുവരിക.

നടയിൽത്തവണക്കാരൻ:— ഇതാ, കൂട്ടിക്കൊണ്ടുവരാം. (പോയി ഋഷികുമാരന്മാരോടുകൂടി പ്രവേശിച്ച്) ഭവാന്മാർ ഇതിലേ.

(ഋഷികുമാരന്മാർ രണ്ടുപേരും രാജാവിനെ നോക്കുന്നു.)

ശ്ലോകം 13. നില്ലാ = നിലനില്ക്കില്ല. ഫലം: രക്ഷാഫലം; നികുതി. തപഃഷഡംശം = തപസ്സിൻെറ ആറിലൊന്ന്. ഇപ്പദ്യത്തിലും മററും, കാളിദാസൻെറ കാലത്തുണ്ടായിരുന്നു എന്നു വിചാരിയ്ക്കപ്പെടുന്ന ബ്രാഹ്മണപ്രഭാവം വ്യഞ്ജിയ്ക്കുന്നതായി ദ്വിജേന്ദ്രലാൽറായി കണ്ടുപിടിയ്ക്കുന്നു. ഇത്തരം നിരൂപണങ്ങൾ, ബ്രാഹ്മണ്യവിരോധം വനിതാഭ്യുദയം മുതലായ നവീനപ്രസ്ഥാനങ്ങളിലുള്ള അത്യാസക്തിയാലുണ്ടാകുന്ന ദുസ്സന്താനങ്ങളാണ്. തപോവൈഭവം, ലോകത്തിൽ എവിടെ, ആക്ക് എന്ന്, ആരാധ്യമായിരുന്നിട്ടില്ല?

തേജസ്സേറിയതെങ്കിലും......ജനിപ്പിയ്ക്കുന്നു: അധൃഷ്യനെങ്കിലും അഭിഗമ്യനായി കാണപ്പെടുന്നു.

Digitized By Kerala Sahitya Akademi

ഒന്നാമൻ:— അഹോ തേജസ്വിയാണെങ്കിലും ഈ ആകൃതി വിശ്വാസത്തെ ജനിപ്പിക്കുന്നു. അല്ലെങ്കിൽ, ഋഷിമാരിൽനിന്ന് ഏറെ വ്യത്യാസമില്ലാത്ത രാജാവിന്ന് ഇത് യുക്തംതന്നെ.

എന്തെന്നാൽ,

വസിക്കുന്നാവനാണാപ്പൊടിവനും
സർവ്വോപഭോഗ്യാശ്രമേ:
നിത്യം കൈവളരുന്നതുണ്ട്,വന-
യോഗത്താലിവന്നും തപം;
എത്തുന്നുണ്ടിണയൊത്ത ചാരണർ തുലോം
കീർത്തിക്കയാൽ വിണ്ടല-
ത്തിദ്ദാന്തന്റെയുമാര്യമാമൃഷിപദം,
രാജാനുഗം കേവലം. 14

രണ്ടാമൻ:— ഗൌതമാ, ഇദ്ദേഹമാണല്ലേ, ഇന്ദ്രസഖനായ ആ ദുഷ്ഷന്തരാജാവ്!

ശ്ലോകം 14. ഋഷിമാരിൽനിന്ന് ഏറെ വ്യത്യാസമില്ലായ്ക വിവരിക്കുന്നു;—സർവോപഭോഗ്യാശ്രമേ = എല്ലാവർക്കും അനുഭവിക്കാവുന്ന ആശ്രമത്തിൽ, ഗാർഹസ്ഥ്യത്തിൽ; പ്രാണികളെല്ലാം അമ്മയെ എന്നപോലെ എല്ലാ വർണ്ണാശ്രമക്കാരും ഗൃഹസ്ഥനെ ആശ്രയിച്ചു ജീവിക്കുന്നു എന്ന് സ്മൃതി. താപസാശ്രമവും സർവ്വപ്രാണികൾക്കും ഉപയോഗ്യമാണല്ലോ. കൈവളരുന്നതുണ്ട് = വർദ്ധിക്കുന്നുണ്ട്. തപം = ലോകോത്തരമായ ധർമ്മം. 'തപശ്ചാന്ദ്രായണാദൌ സ്യാദ്ധർമ്മേ ലോകോത്തരേപി ച' എന്നു വിശ്വം. അവനയോഗം = പ്രജാപരിപാലനോദ്യമം. രക്ഷണവും, ഒരു വിധം തപോനുഷ്ഠാനമാണെന്നു യോഗശബ്ദം സൂചിപ്പിക്കുന്നു. ദാന്തൻ = ജിതേന്ദ്രിയൻ. ആര്യം = പുണ്യം. ഇദ്ദേഹവും സ്വർഗ്ഗത്തിൽ ഋഷി എന്നു കീർത്തിക്കപ്പെടുന്നുണ്ട്; രാജാനുഗം കേവലം: ആ ഋഷിശബ്ദം രാജശബ്ദത്തെ അനുഗമിക്കുന്നതാണെന്നുമാത്രം; 'രാജർഷി' എന്നാണെന്നു മാത്രം. ഇണയൊത്ത ചാരണർ = ചാരണദമ്പതിമാർ. നൃത്തഗീതവാദ്യവിദഗ്ദ്ധരായ ഒരു കൂട്ടരത്രേ ചാരണർ. ഇവിടെ മൂലത്തിൽ 'അസ്യാപി' എന്നതിന്റെ സ്ഥാനത്ത് 'അദ്യാപി' എന്ന പാഠമാണ്, നമ്മുടെ മാന്യവിവർത്തകന്മാർ എടുത്തിരിക്കുന്നത്. 'ഇദ്ദേഹത്തിന്റെയും' എന്ന പ്രകൃതത്തിൽ അത്യാവശ്യമായ

Digitized By Kerala Sahitya Akademi

ഒന്നാമൻ:— അതേ.

രണ്ടാമൻ:— എന്നാൽ,

ഇല്ലാ വിസ്മയ,മേകനായതിരുകാം-
ക്കാഴിക്കറുപ്പാന്ന ഭൂ-
വെല്ലാമീ നഗരാർഗ്ഗളായതഭുജൻ
പാലിച്ചപോരുന്നതിൽ;
ഉല്ലീഢജ്യമിവൻെറ വില്ല്,മരർകോൻ-
തൻവജ്രമീ രണ്ടിൽനി-
ന്നല്ലോ, ദൈത്യവിരോധവായ്പിൽ വിജയം
തേടുന്ന വിൺമങ്കമാർ! 15

രണ്ടുപേരും:— (അടുത്തുചെന്ന്) രാജാവേ, വിജയിച്ചാലും.

രാജാ:— (എഴുന്നേററ്) ഭവാന്മാൎക്കു വന്ദനം!

രണ്ടുപേരും:— അങ്ങേയ്ക്കു സ്വസ്തി! (പഴങ്ങൾ കൊടുക്കുന്നു.)

രാജാ:— (വണക്കത്തോടെ വാങ്ങിയിട്ട്) ആജ്ഞാപിച്ചാൽ കൊള്ളാം.

രണ്ടുപേരും:— അങ്ങ് ഇവിടെയുണ്ടെന്നറിഞ്ഞതിനാൽ ആശ്രമവാസികൾ അപേക്ഷിയ്ക്കുന്നു.

രാജാ:— എന്താണാജ്ഞാപിയ്ക്കുന്നത്?

പദം വിട്ട് 'ഇപ്പോഴും' എന്നു പറയുന്നതിൽ എന്തു വിശേഷമാണാവോ അവർ കണ്ടിരിയ്ക്കുന്നത്!

ശ്ലോകം 15. അതിരുകൾക്കാഴിക്കറുപ്പാന്ന ഭൂവ് = കറുത്ത സമുദ്രങ്ങളാകുന്ന അതിരുകളോടുകൂടിയ ഭൂമി. നഗരാർഗ്ഗളായതഭുജൻ = കോട്ടവാതിൽത്തഴുതുപോലെ നീണ്ട കൈകളോടുകൂടിയവൻ. ഉല്ലീഢജ്യം = ഞാൺ മുറുക്കിയ. അമരർകോൻ = ഇന്ദ്രൻ. ദൈത്യവിരോധവായ്പിൽ: അസുരന്മാർ കയർത്തടുക്കുമ്പോൾ സ്വൎഗ്ഗവാസികൾപോലും ഇദ്ദേഹത്തിൽനിന്നു രക്ഷയെ ആശിച്ചുകൊണ്ടാണല്ലോ ഇരിയ്ക്കുന്നത്. 'സുരസമിതയഃ' എന്നു മൂലപാഠമെടുക്കുന്നവൎക്ക് 'വിൺനാട്ടുകാർ' എന്നു വായിയ്ക്കാം.

സൂതനോടുകൂടി = യുദ്ധസന്നദ്ധനായിട്ട്.

Digitized By Kerala Sahitya Akademi

രണ്ടുപേരും:— തത്രഭവാൻ കണ്വമഹർഷി ഇവിടെ ഇല്ലാത്തതിനാൽ രാക്ഷസന്മാർ ഞങ്ങളുടെ യജ്ഞങ്ങൾക്ക വിഘ്നമുണ്ടാക്കുന്നു. അതിനാൽ ഏതാനും നാൾ അങ്ങു സൂതനോടുകൂടി ആശ്രമത്തിൽ താമസിയ്ക്കമാറാകണം.

രാജാ:— ഞാൻ അനുഗൃഹീതനായി!

വിദൂഷകൻ:— (നിഗൂഢം) നല്ല തഞ്ചത്തിൽ കൊണ്ടു ഈ അപേക്ഷ!

രാജാ:— (പുഞ്ചിരിയിട്ട്) രൈവതക, സൂതനോടു പറയുക, വില്ലമ്പുകളോടുകൂടിയ തേർ ഒരുക്കിനിൎത്തുവാൻ.

നടയിൽത്തവണക്കാരൻ:—ഏറ്റാൻ. (പോയി)

രണ്ടുപേരും:— ഇതു പൂർവ്വകതുല്യവൃത്തനായ്
സ്ഥിതിചെയ്യുന്ന ഭവാനു യുക്തമാം:
വിവശാഭയയജ്ഞദീക്ഷ പൂ-
ണ്ടവരല്ലോ, പുരുവംശസംഭവർ. 16

രാജാ:— നിങ്ങൾ മുമ്പേ നടന്നുകൊള്ളുവിൻ; ഞാനും പിന്നാലെത്തന്നെ വന്നു കഴിഞ്ഞു.

രണ്ടുപേരും:— വിജയിച്ചാലും! (പോയി)

ശ്ലോകം 16. ഇത്: രക്ഷിയ്ക്കാനുള്ള പ്രാൎത്ഥന വന്നപ്പോഴെല്ലാം പാതിരുന്നാതമ്പെടൽ. പൂർവകതുല്യവൃത്തൻ = പൂർവകന്മാരെപ്പോലെ നടപടിയോടുകൂടിയവൻ, യുക്തം = ഉചിതം. വിവശാഭയയജ്ഞദീക്ഷ പൂണ്ടവർ = ആപന്നന്മാർക്ക് അഭയംകൊടുക്കുക എന്ന യജ്ഞത്തിൽ ദീക്ഷയെടുത്തിരിയ്ക്കുന്നവർ, എന്നും സന്നദ്ധരായി നില്ക്കുന്നവർ.

'എന്റെ അടുക്കൽ നില്ക്കാമല്ലോ' എന്ന രാജവാക്യത്തിനുശേഷം,

'എസ രക്ഖസാദോ രക്ഖിദോ ഷി' എന്ന് ഒരു വിദൂഷകവാക്യം കൂടി പുസ്തകങ്ങളിൽ കാണുന്നതു നിരൎത്ഥകമാണ്.

വെററിയെഴുന്നള്ളത്ത് = വിജയത്തിന്നായുള്ള യാത്ര.

ത്രിശങ്കുവിനെപ്പോലെ: വിശ്വാമിത്രൻ ചണ്ഡാലരൂപനായ ത്രിശങ്കുവിനെ, തന്റെ തപഃപ്രഭാവത്താൽ ഉടലോടെ സ്വൎഗ്ഗത്തിലേയ്ക്കു കയററി; ഇന്ദ്രൻ അദ്ദേഹത്തെ സ്വൎഗ്ഗത്തിൽ കടത്താതെ കീഴോട്ടുതള്ളി; ഭൂമിയിലേയ്ക്കുതന്നെ വീഴുവാൻ വിശ്വാമിത്രനും സമ്മതിച്ചില്ല. ത്രിശങ്കു നടു

Digitized By Kerala Sahitya Akademi

രാജാ:— മാഢവ്യ, ശകുന്തളയെക്കാണാൻ ആഗ്രഹം തോന്നുന്നുണ്ടോ?

വിദൂഷകൻ: മുമ്പു കവിഞ്ഞൊഴുകിക്കൊണ്ടിരുന്നു; ഇപ്പോഴാകട്ടെ രാക്ഷസരുടെ കഥ കേട്ടതിൽ അതിന്റെ ഒരിറ്റുപോലും അവശേഷിച്ചിട്ടില്ല!

രാജാ:— പേടിക്കേണ്ട; എന്റെ അടുക്കൽ നില്ക്കാമല്ലോ.

നടയിൽത്തവണക്കാരൻ: (പ്രവേശിച്ച്) തിരുമേനിയുടെ വെററിയെഴുന്നള്ളത്തിന്ന് പള്ളിത്തേർ ഒരുക്കിനിറുത്തുക കഴിഞ്ഞിരിയ്ക്കുന്നു. എന്നാൽ ഇതാ, അരമനയിൽനിന്ന് വലിയ തമ്പുരാട്ടിയുടെ അരുളപ്പാടുംകൊണ്ട് കരഭകൻ വന്നിട്ടുണ്ട്.

രാജാ:— (ആദരവോടെ) അമ്മ അയച്ചിട്ടോ?

നടയിൽത്തവണക്കാരൻ: അതേ.

രാജാ: കൂട്ടിക്കൊണ്ടുവരാമല്ലോ.

നടയിൽത്തവണക്കാരൻ:—എറാൻ. (പോയി കരഭകനോടുകൂടി പ്രവേശിച്ച്) ഇതാ, തിരുമേനി; അടുത്തുചെന്നുകൊള്ളുക.

കരഭകൻ:— (അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും! വലിയ തമ്പുരാട്ടി അരുളിച്ചെയ്യുന്നു: 'വരുന്ന നാലാന്നാൾ എന്റെ നോൽമ്പു കാലം കൂടുകയാണ്. അതിന്ന് ഉണ്ണി തീർച്ചയായും വന്നെത്തണം' എന്ന്.

രാജാ:— ഇവിടെ താപസികാര്യം; അവിടെ ഗുരുജനാജ്ഞ; രണ്ടും തട്ടിക്കൂടാ. എന്താണിവിടെ ചെയ്യേണ്ടത്?

വിദൂഷകൻ:— ത്രിശംകുവിനെപ്പോലെ ഇടയിൽ നിന്നുകൊള്ളുക.

രാജാ:— വാസ്തവമായും ഞാൻ വല്ലായ്മയിൽപ്പെട്ടിരിയ്ക്കുന്നു.

വിൽ—ആകാശത്തു—നില്പായി. വിശ്വാമിത്രൻ അദ്ദേഹത്തിന്ന് അവിടെ ഒരു രണ്ടാം സ്വർഗ്ഗം നിർമ്മിച്ചുകൊടുത്തതത്രേ 'ത്രിശങ്കുസ്വർഗ്ഗം.'

വല്ലായ്മയിൽപ്പെട്ടിരിയ്ക്കുന്നു: ഫലിതം കേൾക്കാനുള്ള സമയമല്ല.

Digitized By Kerala Sahitya Akademi

കാൎയ്യങ്ങളാം വെവ്വേറെയിടത്തിലാകയാ—
ലെനിക്കു രണ്ടായ്പ്പിരിയുന്നു മാനസം:
നേരേ പെരുംപാറയിലാഞ്ഞടിച്ചിടും—
നേരത്തൊരാററിന്റെയൊഴുക്കു പോലവേ. 17

(ആലോചിച്ച്) സ്നേഹിത, താങ്കളെ മകനായിട്ടാണല്ലോ അമ്മ കരുതിയിരിക്കുന്നത്. അതിനാൽ താങ്കൾ ഇവിടെനിന്നു തിരിച്ചുപോയി, ഞാൻ തപസ്വികാൎയ്യത്തിൽ ഏൎപ്പെട്ടിരിക്കയാണെന്നറിയിച്ച്, അവിടുത്തെ അടുക്കൽ പുത്രകൃത്യം അനുഷ്ഠിക്കുക.

വിദൂഷകൻ:—ഞാൻ രാക്ഷസരെപ്പേടിച്ചു പോകയാണെന്നു കല്പിച്ചു വിചാരിക്കില്ലല്ലോ?

രാജാ:—(പുഞ്ചിരിയിട്ട്) അതുണ്ടാവുമോ, താങ്കളെപ്പററി!

വിദൂഷകൻ:—എന്നാൽ, രാജാവിന്റെ അനുജന്റെ യാത്രപോലെവേണം, എന്റെ എഴുന്നള്ളത്ത്!

രാജാ:—തപോവനത്തിന്ന് ഉപദ്രവം നേരിടാതിരിപ്പാൻ വേണ്ടി, കൂടെയുള്ളവരെയെല്ലാം താങ്കളോടൊന്നിച്ചയച്ചേക്കാം!

വിദൂഷകൻ:—ഇപ്പോൾ ഞാൻ ഇളംകൂറായിച്ചമഞ്ഞുവല്ലോ.

രാജാ:—(ആത്മഗതം) ഒരു വ്യവസ്ഥയില്ലാത്ത വായാടിയാണ് ഈയാൾ; എന്റെ അഭിലാഷം അന്തഃപുരത്തിൽ പറഞ്ഞുപരത്തി എന്നുവരാം. ആകട്ടെ, ഇങ്ങിനെ പറഞ്ഞുപിടിപ്പിക്കാം. (വിദൂഷകനെ കൈക്കു പിടിച്ച്) തോഴരേ, മഹൎഷിമാരെ ബഹുമാനിച്ചാണ് ഞാൻ ആശ്രമത്തിലേക്കു പോകുന്നത്. വാസ്തവമായും താപസകന്യകയുടെ പേരിൽ എനിക്കഭിലാഷമില്ല. നോക്കു:

ശ്ലോകം 17. കാൎയ്യങ്ങൾ = കൎത്തവ്യങ്ങൾ. രണ്ടായ്പ്പിരിയുന്നു: സംശയത്തിൽപ്പെടുന്നതിന്റെ പരമകോടി.

ഒരു വ്യവസ്ഥയില്ലാത്ത വായാടിയാണ്: ഈ മേനിയെല്ലാം തട്ടിവിട്ടതിൽനിന്നുതന്നെ അതു വ്യക്തം.



Digitized By Kerala Sahitya Akademi

നാമെങ്ങ്? ബാലഹരിണങ്ങളുമായ് വളർന്നു
കാമന്റെ പേരുമറിയാത്ത ജനങ്ങളെങ്ങോ?
ഈ മട്ടു തോഴ, കളിയായ്ച്ചിലതോതിനേൻ ഞാൻ
വ്യാമോഹിയായ്ക പരമാത്ഥമിതെന്നു താങ്കൾ. 13

(എല്ലാവരും പോയി.)

രണ്ടാമങ്കം കഴിഞ്ഞു

ശ്ലോകം 18. നാം—കാമതന്ത്രവിദഗ്ധരും വിദഗ്ധകളായ പല നാഗരികയുവതികളുമായി ഇടപെടുന്നവരുമായ നമ്മൾ. കളിയായ്ച്ചില ത്: കളിയിൽ അസത്യവും പറയാമെന്നത്രേ ആപ്തവാക്യം.

Digitized By Kerala Sahitya Akademi

## നാലാമങ്കം

(അനന്തരം ദർഭപ്പുല്ലുമായി ഒരു യജമാനശിഷ്യൻ പ്രവേശിക്കുന്നു)

ശിഷ്യൻ: അഹോ, മഹത്തരംതന്നെ ദുഷ്ഷന്തരാജാവിന്റെ പ്രഭാവം! അവിടുന്ന് ആശ്രമത്തിൽ കാൽ വെച്ചപ്പോഴേയ്ക്കും ഞങ്ങളുടെ കർമ്മങ്ങൾ നിർബ്ബാധങ്ങളായിക്കഴിഞ്ഞു!

എന്തൊന്നു ചൊല്ലാവു ശരം തൊടുത്താൽ?
അവൻ മുടക്കങ്ങളെയാകമാനം
വില്ലിന്റെ ഹുംകാരമിതെന്നു തോന്നും
ഞാണൊച്ചയാൽത്തന്നെയകററിയല്ലോ! 1

വേദിമേൽ വിരിപ്പാനുള്ള ഈ ദർഭപ്പുല്ലുകൾ ഋത്വിക്കുകൾക്ക് കൊണ്ടുകൊടുക്കുകതന്നെ. (ചുററിനടന്ന് ആകാശത്തു ലക്ഷ്യംവെച്ച്) പ്രിയംവദേ, എന്തിനാണ് ഈ രാമച്ചമരച്ചതും താമരവളയങ്ങളും താമരയിലകളും കൊണ്ടുപോകുന്നത്? (കേട്ടതായി നടിച്ച്) 'ശകുന്തള വെയിൽകൊള്ളുകയാൽ തുലോം അസ്വസ്ഥയായിരിക്കുന്നു; അവളുടെ ശരീരതാപം ശമിപ്പിക്കാൻ' എന്നോ? എന്നാൽ എത്രയും വേഗത്തിൽച്ചെല്ലുക; കുലപതിയുടെ പ്രാണനാണല്ലോ അവൾ. ഞാനും അവൾക്കു യാഗത്തിന്റെ ശാന്ത്യുദകം ഗൌതമിയുടെ കയ്യിൽ കൊടുത്തയയ്ക്കാം.

(പോയി)

യജമാനശിഷ്യൻ: ഹോമം കഴിക്കുന്ന യജമാനനു പരികർമ്മം ചെയ്‌വാൻ നില്ക്കുന്ന ശിഷ്യൻ.

ശ്ലോകം 1. മുടക്കങ്ങളെ: മുടക്കമുണ്ടാക്കുന്ന രാക്ഷസരെ. ഞാണൊച്ച: വില്ലു കുലയേററി ഞാൺമുറുക്കം നോക്കാൻ വലിച്ചു വിടുംപോഴുണ്ടാകുന്ന ശബ്ദം. ഹുംകാരം: കണ്വനെപ്പോലെ തപശ്ശക്തിയുള്ളവർ 'ഹും' എന്ന ശബ്ദത്താൽ രാക്ഷസരെ അകററുന്നതുപോലെ എന്നർത്ഥം.

വേദി: യജ്ഞശാലയുടെ മധ്യത്തിലുള്ള തിണ്ണ. ഋത്വിക്കുകൾ = യാഗപുരോഹിതന്മാർ. ശാന്ത്യുദകം: ദുഃഖശാന്തിക്കുതകുന്ന ജലം.

Digitized By Kerala Sahitya Akademi

## വിഷ്കംഭം

(അനന്തരം കാമാവസ്ഥ പൂണ്ട രാജാവു പ്രവേശിക്കുന്നു.)

രാജാ: അറിയാം തപോബലം മേ
പരവതിയക്കൊച്ചമങ്കയെന്നതുമേ;
എങ്കിലുമിവനാളല്ലീ,–
എന്തെന്നിയവളിൽനിന്നു പിന്മാററാൻ. 2

(ചുററിനടന്നിട്ട്) യജ്ഞകർമ്മം അവസാനിച്ചതിനാൽ സദസ്യർ വിടതന്നു; ഞാൻ എവിടെ വിശ്രമിക്കേണ്ടു? (നെടുവീർപ്പിട്ട്) പ്രിയദർശനമൊഴിച്ചു മററെന്തുള്ളൂ എനിക്കു ശരണം? അവളെ അന്വേഷിക്കാം. (സൂര്യനെ നോക്കി) ഈ കൊടുവെയിലുള്ള സമയത്തു പ്രായേണ ശകുന്തള സഖിമാരോടുകൂടി വള്ളിക്കുടിലുകളുള്ള മാലിനീതീരങ്ങളിലാണ് കഴിച്ചുകൂട്ടാറുള്ളത്. അങ്ങോട്ടുതന്നെ പോകാം. (ചുററിനടന്നു സ്പർശസുഖം നടിച്ച്) അഹോ, നല്ല കാററുണ്ടിവിടെ.

മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ,

ശ്ലോകം 2. അറിയാം തപോബലം മേ: കണ്വനനിഷ്ടമായി പ്രവർത്തിച്ചാൽ വരാവുന്ന ആപത്തറിയാം. പരവതി = അസ്വതന്ത്ര: അവൾ സ്വേച്ഛയാ നടക്കുകയില്ലെന്നും അറിയാം. അവളിൽനിന്നു പിന്മാററാൻ: തപസ്വിയും ശകുന്തളയുടെ ഗുരുവുമായ കണ്വൻ തിരിച്ചുവരുന്നതുവരെ അടക്കി നിർത്തുവാൻ. ഇതിന്നുശേഷം, ഒരു ചെറുഗദ്യവും ഒരു മാലിനീപദ്യവുംകൂടി പുസ്തകങ്ങളിൽ കാണുന്നുണ്ട്:—

"കാമപീഡ നടിച്ച് ഭഗവാൻ കുസുമായുധ" ഭവാനും ചന്ദ്രനും വിശ്വസനീയന്മാരായിരുന്നുകൊണ്ടു കാമിവർഗ്ഗത്തെ വഞ്ചിക്കുന്നു. എങ്ങിനെയെന്നാൽ,

താരമ്പൻ നീ, തിങ്കൾ ശീതാംശു രണ്ടും
നേരായല്ലാ കാണുമെന്നുട്ടകാരിൽ,
തീ വർഷിപ്പൂ തിങ്കൾ മഞ്ഞാം നിലാവാൽ,–
പൂവമ്പുഗ്രം വജ്രമാക്കുന്നു നീയും!"

സർവ്വഥാ ബാലിശങ്ങളും, നട്ടുച്ചയ്ക്കു ചന്ദ്രനെ കൊണ്ടുവന്നതുകൊണ്ടു സന്ദർഭാനുചിതങ്ങളുംകൂടിയായ ഈ വാക്യങ്ങൾ കാളിദാസൻ കൈക്കൊള്ളുന്നവയല്ല. ശ്രീനിവാസനാകട്ടേ, വീണ്ടും മൂന്നു ശ്ലോകങ്ങളും അവയ്ക്കിട

Digitized By Kerala Sahitya Akademi

മാലിനിയലനീർത്തുള്ളിയു-
മേടലർമണവും കലൎന്ന തെന്നലിനെ. 3

(ചുററിനടന്നുനോക്കിയിട്ട്) ഈ ആററുവഞ്ഞികളാൽ ചുററപ്പെട്ട ലതാമണ്ഡപത്തിലുണ്ടായിരിയ്ക്കും ശകുന്തള. എന്തുകൊണ്ടെന്നാൽ, (ചുവട്ടിൽ നോക്കിയിട്ട്)

മുന്നിൽപ്പൊക്കമെഴിയന്നും,
പിന്നിൽ ശ്രോണീഭരത്തിനാൽത്താഴ്ന്നും
കാണാകുന്നുണ്ടൊരു പുത്ത-
കാലടിവരി,യിപ്പടിയ്ക്കൽ വെണ്മണലിൽ. 4

മരക്കൊമ്പുകളുടെ ഇടയിലൂടെ നോക്കാം. (ചുററിനടന്ന് അങ്ങിനെ ചെയ്തിട്ട്) ഹാ, കണ്ണുകൾക്ക പരമാനന്ദം ലഭിച്ചു. ഇതാ, എൻെറ മനോരഥപ്രിയതമ ഒരു പാറപ്പുറത്തു പൂവിരിപ്പിൽ കിടക്കുന്നു. സഖിമാരും അടുക്കൽ ഇരിയ്ക്കുന്നുണ്ട്. ആകട്ടെ. ഇവരുടെ സ്വൈരസംഭാഷണങ്ങൾ കേൾക്കാം (നോക്കിനില്ക്കുന്നു)

(പറഞ്ഞതിൻവണ്ണം ശകുന്തളയും സഖിമാരും പ്രവേശിയ്ക്കുന്നു)

യിൽ കുറേശ്ശെ ഗദ്യവും കൂടി വ്യാഖ്യാനിച്ചിട്ടുണ്ട്. ശൃംഗാരശ്ലോകങ്ങളെയെല്ലാം കാളിദാസൻെറ പേരിൽ ചാൎത്തിവെയ്ക്കുക ഒരു പഴയ നടപ്പായിരുന്നുവല്ലോ.

സദസ്യർ: യജ്ഞശാലാസന്നിഹിതരായ ഋഷിമാർ.

ശ്ലോകം 3. ഗാത്രത്താൽ = അവയവങ്ങളാൽ (ജാത്യേകവചനം) ഏടലർ = താമര. പുണരാം കെട്ടിപ്പിടിയ്ക്കത്തക്കവണ്ണം ഗാത്രമേൽ ഒരു മൂൎത്തപദാർത്ഥമായി അനുഭവപ്പെടുന്നു.

'പാറും കുടന്നയാൽക്കോരിക്കുടിപ്പാൻ, മേഘജാതമായ്
കഹ്ലാരശീതമായ് കൈതപ്പൂമണം പൂണ്ട കാററിനെ!'

എന്ന് ആദികവി (കിഷ്കിന്ധാകാണ്ഡത്തിൽ വൎണ്ണിക്കുന്നു)

ശ്ലോകം 4. പൊക്കമെഴിയന്നും: പൊക്കം, പിന്നിലുള്ള താഴ്ച്ചയെ അപേക്ഷിച്ചുതന്നേ. ശ്രോണീഭരത്തിനാൽത്താഴ്ന്നും: താഴ്ച്ചയ്ക്കു കാരണമായി നിതംബഭാരം ഊഹിക്കപ്പെടുന്നു; അതുവഴി ശകുന്തളാസാന്നിധ്യവും. പുത്തു: കാൽവെപ്പിൽ അകന്ന മണൽത്തരികൾ കാററുകൊണ്ട് ഒട്ടും നികന്നിട്ടില്ലാത്ത.

Digitized By Kerala Sahitya Akademi

സഖിമാർ; (വീശിയിട്ട്) ശകുന്തളേ, താമരയിലയുടെ കാററു കൊണ്ടു നിനക്കു സുഖം തോന്നുന്നുണ്ടോ?

ശകുന്തള:— തോഴിമാർ എന്നെ വീശുന്നുണ്ടോ?

(സഖിമാർ ദുഃഖം നടിച്ച് അന്യോന്യം നോക്കുന്നു.)

രാജാ:— അയ്യോ, ശകുന്തള വല്ലാതെ അസ്വസ്ഥയായിക്കാണപ്പെടുന്നു. ഈ സുഖക്കേടു വെയിൽ നിമിത്തമോ, കാമൻ നിമിത്തമോ? രണ്ടുപ്രകാരത്തിലും തോന്നുന്നുണ്ടെനിക്കു്. (അഭിലാഷത്തോടുകൂടിനോക്കിയിട്ട്) അല്ലെങ്കിൽ സംശയിക്കാനില്ല.

ഊരിപ്പോരും മൃണാളീവളയൊടു മുലമേൽ-
    ത്തേച്ച രാമച്ചവും പൂ-
ണ്ടാരോമൽത്തയ്യലിൻ മെയ്യിതൊരഴൽപെടുവൊ-
    ന്നെങ്കിലും മംജുളംതാൻ;
മാരഗ്രീഷ്മങ്ങളാംകൊണ്ടുള്ളെരിപൊരികളൊരേ
    രീതിയിൽത്തന്നെ;-യെന്നാൽ-
ച്ചേരില്ലാ വേനലിൻ മുഷ്ടിന സുഭഗതയി-
    ത്രയ്ക്കു തന്വംഗിമാരിൽ. 5

പ്രിയംവദ:—(നിഗൂഢം) അനസൂയേ, ആ രാജർഷിയെ ആദ്യം കണ്ടതുമുതല്ലേ ശകുന്തള ഔത്സുക്യത്തിൽപ്പെട്ടപോലെയായിരിക്കുന്നു. അതു നിമിത്തംതന്നെയായിരിക്കുമോ ഇവൾക്കീ സുഖക്കേട്?

അനസൂയ:— (നിഗൂഢം) തോഴി, എനിക്കുമുണ്ട് ഇങ്ങിനെയൊരു

ദുഃഖം നടിച്ച്: വീശുന്നുണ്ടെന്നറിയുകപോലും ചെയ്യാത്ത താപത്തിലാണല്ലോ ഇവളെന്നോർത്ത്.

സംശയിക്കാനില്ല: കാമൻനിമിത്തംതന്നെ.

ശ്ലോകം 5. ഊരിപ്പോരും: ഉടലിലെ ചൂടുമൂലം, കെട്ടിച്ചു കൂടുമ്പോൾ ചുങ്ങി അഴഞ്ഞുപോകുന്നതുകൊണ്ട്. ആരോമൽത്തയ്യൽ = പ്രിയതമ. അഴൽ = അസ്വാസ്ഥ്യം. മംജുളം = മനോഹരം. ഈ മനോഹരത, വേനൽനിമിത്തമുള്ള വാട്ടത്തിൽ ഉണ്ടാകയില്ല. മാരഗ്രീഷ്മങ്ങൾകൊണ്ടു = കാമനെക്കൊണ്ടും, വേനൽകൊണ്ടും.

Digitized By Kerala Sahitya Akademi

സംശയം. ആകട്ടെ, ഞാൻ ഇവളോട് ചോദിയ്ക്കാം. (പ്രകാശം) തോഴീ, നിന്നോടൊന്നു ചോദിയ്ക്കാനുണ്ട്. കുറെ കനത്തിരിയ്ക്കുന്നുവല്ലോ നിനക്കു സന്താപം.

ശകുന്തള:—(പൂമെത്തയിൽനിന്നു പകുതി എഴുന്നേററ്) എന്താണ് നീ പറയാൻ ഭാവിയ്ക്കുന്നത്?

അനസൂയ:—ശകുന്തളേ, നമുക്ക് മന്മഥനെപ്പററി ഒന്നും അറിഞ്ഞുകൂടല്ലോ. എന്നാൽ ഇതിഹാസപ്രബന്ധങ്ങളിൽ കാമികളുടെ അവസ്ഥ കേട്ടിട്ടുള്ളതെപ്രകാരമോ, അപ്രകാരമുള്ളതു നിങ്കൽ കാണുന്നുണ്ട്. പറയൂ, എന്തു കാരണത്താലാണ് നിനക്കീ ക്ലേശം? രോഗം ശരിയ്ക്കറിയാതെ, ചികിത്സിയ്ക്കുക വയ്യല്ലോ.

രാജാ:—അനസൂയയ്ക്കും ഉണ്ടായല്ലോ എന്റെ ഊഹം.

ശകുന്തള:—(ആത്മഗതം) കനത്തതുതന്നെ എന്റെ അഭിനിവേശം; എന്നാൽ ഇവരെയും പെട്ടെന്നറിയിപ്പാൻ ഞാനാളാകുന്നില്ല.

പ്രിയംവദ:—തോഴീ, ശരിയാണ് ഇവൾ പറയുന്നത്. നിന്റെ സുഖക്കേടിനെ വകവെയ്ക്കാത്തതെന്താണ്? നിന്റെ അവയവങ്ങൾ നാൾതോറും മെലിഞ്ഞുവരുന്നു; സൌന്ദര്യശോഭ മാത്രം നിന്നെ വിട്ടുപോയിട്ടില്ല.

രാജാ:—പരമാത്ഥമാണ് പ്രിയംവദ പറഞ്ഞത്.

ഒട്ടിപ്പോയ് കവിളേററവും, മുലകളിൽ-
 ത്തേഞ്ഞൂ കടുപ്പം, ക്രമം
പെട്ടു പേർത്തുമരയ്ക്കു, തോളുകൾ തുലോം
 താണു, വിളപ്പായ് നിറം;

പ്രിയംവദ നിഗൂഢം: ശകുന്തളയുടെ ഈ എരിപൊരിക്കൊള്ളൽ ശീതോപചാരംകൊണ്ടു തീർക്കാവുന്നതല്ലെന്നു കണ്ടു സംശയിയ്ക്കുന്നു.

നമുക്ക്......അറിഞ്ഞുകൂടല്ലോ: അതിനാൽ ഞാനീചോദിയ്ക്കാൻ പോകുന്നതു നിന്നിൽ ഒരു മിഥ്യാരോപണമാണെന്നുവരാം.

അനസൂയയ്ക്കും....ഊഹം: അതിനാൽ ഞാൻ എന്റെ അഭിലാഷത്തിനൊത്തു വിചാരിച്ചതല്ല. ചില പുസ്തകങ്ങളിൽ 'നഹി മേ സ്വാഭിപ്രായേണ ദശനം' എന്ന് അധികപാഠംതന്നെയുണ്ട്.

Digitized By Kerala Sahitya Akademi

ഇത്ഥം ശോച്യയുമീക്ഷണപ്രിയയുമായ്-
ശ്ശോഭിപ്പു കാമാർത്തിയാൽ,
പത്രൌഘത്തെയുണക്കിടും പവനനാൽ-
ത്തുളുമുല്ലപോലിന്നിവൾ. 6

ശകുന്തള:—തോഴീ, മററാരോടു ഞാൻ പറയും? എന്നാൽ ഞാ
ന്മൂലം നിങ്ങൾക്ക് ബുദ്ധിമുട്ടു നേരിടുമല്ലോ!

രണ്ടുപേരും:—അതുകൊണ്ടുതന്നെയാണ് നിർബ്ബന്ധിയ്ക്കുന്നത്.
സുഹൃജ്ജനങ്ങളിൽ വീതിയ്ക്കപ്പെട്ടാൽ, ദുഃഖപീഡയ്ക്കു ഒട്ടു
പൊറുതി കിട്ടുമല്ലോ.

രാജാ:—

സൌഖ്യാസൌഖ്യങ്ങളിൽപ്പങ്കുടയവരുപലാ-
ളിച്ചു ചോദിയ്ക്കയാലേ
നേർക്കോതീടാതിരിയ്ക്കാ, കരളിലെയഴലിൻ
ഹേതുവിത്തൈവധൂടി;
സോൽക്കണ്ഠം പിന്തിരിഞ്ഞന്നിവൾ പലവുരുവും
നോക്കിയോനെങ്കിലും ഞാൻ,
കേൾക്കാൻപോകുന്നതെന്തെന്നൊരു തരളതയും-
കൊണ്ടിടുന്നേനിദാനീം. 7

ഇവരേയും: സ്നേഹവിശ്വാസപാത്രങ്ങളായ ഈ സഖികളെയും. പെ
ട്ടെന്നറിയിപ്പാൻ: ഉടൻ തുറന്നു പറയാൻ.

ശ്ലോകം 6. സ്വഭാവേനതന്നെ അര (കൃശത്വത്താൽ) വാട്ടം പൂ
ണ്ടതും, തോൾ താന്നതുമാകയാലത്രേ, 'പേത്തും, തുലോം' എന്നു ചേർത്തുപ
റഞ്ഞിരിയ്ക്കുന്നത്. ഇത്ഥം = ഇപ്രകാരം. ശോച്യ; ചടപ്പ്, നിറംമാററം
എന്നിവയാൽ അനുകമ്പാർഹ. ഈക്ഷണപ്രിയ; സൌന്ദര്യശോഭ പോയി
ട്ടില്ലായ്കയാൽ കണ്ണിന്നിമ്പം നൽകുന്നവൾ. പത്രൌഘം = ഇലക്കൂട്ടം. ശി
ശിരത്തിലെ കാററത്രേ, ഇലകളെ ഉണക്കുക. പടിഞ്ഞാറൻ കാററെന്നു രാ
ഘവഭട്ടൻ; മലയമാരുതനെന്നു ശ്രീനിവാസൻ.

ശ്ലോകം 7. സൌഖ്യാ.........ഉടയവർ: സുഖദുഃഖങ്ങളിൽ പ
ങ്കുകൊള്ളുന്നസഖിമാർ. ഉപലാളിച്ച് = സ്നേഹത്തോടുകൂടി. നേർക്ക് = സത്യ
മായി. തൈവധൂടി = കൊച്ചുയുവതി. സോൽകണ്ഠം.........നോക്കിയോ
നെങ്കിലും: അതിനാൽ എന്നിലുള്ള അനുരാഗമാണ് ഈ താപത്തിന്നു കാ

Digitized By Kerala Sahitya Akademi

ശകുന്തള:—തോഴി, എന്നാണോ ആ രാജർഷിയെ ഞാൻ കണ്ടെത്തിയതു്, അന്നുതൊട്ടു് അദ്ദേഹത്തിന്റെ മേൽ അഭിലാഷം തോന്നിയതിനാലാണു് ഞാൻ ഈ നിലയിലായിത്തീർന്നതു്.

രാജാ:—(സഹർഷം) കേൾക്കേണ്ടതു കേട്ടു.

എരിപൊരിയുളവാക്കി മന്മഥൻതാ-
നതിനുപശാന്തിയുമേകിനാനവൻതാൻ;
ശുചിയറുതിയിലംബുദക്കറുപ്പാ-
ണൊരു പകൽ ജന്തുഗണത്തിനെന്നപോലേ. 8

ശകുന്തള:—അതിനാൽ നിങ്ങൾക്കു സമ്മതമാണെങ്കിൽ, ആ രാജർഷിയ്ക്കു് എങ്കൽ കരുണ തോന്നുവാൻ വേണ്ടതു ചെയ്യുവിൻ; മറിച്ചാണെങ്കിൽ എനിയ്ക്കു ഉദകക്രിയ ചെയ്തേയ്ക്കുവിൻ!

രാജാ:—അറുത്തുമുറിച്ച വാക്കു്!

പ്രിയംവദ:—(നിഗൂഢം) അങ്ങെത്തിയിരിയ്ക്കുന്നു, ഇവളുടെ കാമം; അതിനാൽ വൈകിച്ചുകൂടാ. ഇവളുടെ മനസ്സു പതിഞ്ഞിരിയ്ക്കുന്നതു് പൌരവന്മാർക്കു് അലങ്കാരഭൂതനായ ആളിലാണല്ലോ. അതിനാൽ അഭിനന്ദിയ്ക്കാവുന്നതാണു് ഇവളുടെ അഭിലാഷം.

തന്നെ മനോരഥിക്കയും, തന്മൂലം അതാവും അവളിപ്പോൾ പറയുക എന്നാശങ്കയും ചെയ്യാമെങ്കിലും. തരളത = ഇടയിളക്കം.

ശ്ലോകം 8. അതിനുപശാന്തിയുമേകിനാൻ: ശകുന്തളയ്ക്കും അനുരാഗമുണ്ടാക്കിയതിനാൽ. 'രതിയുളവാമുഭയാനുരക്തികൊണ്ടേ' എന്ന പാഠാന്തരം നോക്കുക. ശുചിയറുതിയിലംബുദക്കറുപ്പാൺ = ഗ്രീഷ്മാവസാനത്തിൽ കാർ വന്നു മൂടി ഇരുണ്ടതായ; അതു് ആ മൂടൽകൊണ്ടു് എരിപൊരിയുണ്ടാക്കുകയും, ഉടൻ മഴപെയ്തു ചൂടിനെ അകററുകയും ചെയ്യുമല്ലോ.

അറുത്തു മുറിച്ച വാക്കു്: അനുരാഗത്തെസ്സംബന്ധിച്ച എല്ലാ സംശയവും തീർക്കുന്നതു്. 'ഇതു സമ്മതിയ്ക്കാമോ?' എന്ന സഖികളുടെ സംശയം തീർക്കുകതന്നെ എന്ന അഭിരാമവ്യാഖ്യാനം ചിന്ത്യമാണു്: അവർക്കു സംശയമുണ്ടായിട്ടില്ല; നായകന്നു് അതു് ഒരു മുഖ്യചിന്താവിഷയവുമല്ല.



Digitized By Kerala Sahitya Akademi

അനസൂയ:—(നിഗൂഢം) നീ പറയുന്നതു ശരിതന്നെ. (പ്രകാശം) തോഴി, ഭാഗ്യം, നിന്റെ അഭിനിവേശം അനുരൂപംതന്നെ. അഥവാ, മഹാനദി സമുദ്രത്തിലല്ലാതെ മറെറവിടെ ചെന്നുചേരും?

പ്രിയംവദ:—തേന്മാവൊഴിച്ചേതിനു കിട്ടും, തളിർത്ത കുരുക്കത്തിമുല്ലയെ!

രാജാ:—വിശാഖകൾ ചന്ദ്രലേഖയെ അനുവർത്തിക്കുന്നതിൽ എന്താണത്ഭുതം?

അനസൂയ:—എന്നാൽ എന്താണുപായം, വൈകാതെയും ആരുമറിയാതെയും ഇവളുടെ അഭീഷ്ടം സാധിപ്പിക്കാൻ?

പ്രിയംവദ:—ആരുമറിയാതെ എന്നതേ ആലോചിപ്പാനുള്ളൂ; വേഗത്തിലെന്നത് എളുപ്പമാണ്.

അനസൂയ:—എന്തുകൊണ്ട്?

പ്രിയംവദ:—ആ രാജർഷി ഇവളെ സസ്നേഹം നോക്കി അഭിലാഷത്തെ സൂചിപ്പിക്കുന്നതും, ഇക്കഴിഞ്ഞ ദിവസങ്ങളിലെല്ലാം ഉറക്കമില്ലായ്കയാൽ മെലിഞ്ഞുവരുന്നതും കാണുന്നുണ്ടല്ലോ.

രാജാ:—വാസ്തവം. ഇപ്രകാരംതന്നെ എന്റെ അവസ്ഥ:

രാതോറും ഭുജലഗ്നവാൽമിഴിയിൽനി—
ന്നോലും വ്യഥാതപ്തമാം
കണ്ണീരാലൊളി കെട്ട കല്ലുകളൊടൊ-
ത്തിപ്പൊന്നണിക്കംകണം,

വിശാഖകൾ: വിശാഖംനാളിന്റെ നക്ഷത്രം രണ്ടെണ്ണം കൂടിയതാണ്. അനുവർത്തിക്കു = അനുസരിക്കുക; പിൻ സഞ്ചരിക്കുക എന്നും.

ആ രാജർഷി......കാണുന്നുണ്ടല്ലോ: അതിനാൽ അദ്ദേഹവും സംഗമോത്സുകനാകയാൽ എളുപ്പമുണ്ട്.

ശ്ലോകം 9. രാതോറും......കങ്കണം: രാത്രിയിൽ തലയണയായി മടക്കിവെച്ച കൈത്തണ്ടമേൽ അമർന്ന കണ്ണിൻകടക്കൂടെ ഒഴുകുന്നതും കാമതാപത്താൽ ചുട്ടുള്ളതുമായ കണ്ണീർ വീണുവീണു, പതിച്ച രത്നങ്ങളുടെ നിറം കെട്ടുപോയ പൊൻവള. (രാജചിഹ്നമായി ഇടംകയ്യിന്റെ നടുവിൽ

Digitized By Kerala Sahitya Akademi

വില്‍ഞാണ്‍പാടിലുതമ്മിടാതിടയിട-
യ്ക്കൂര്‍ന്നൂന്നു പോരുന്നത-
പ്പപ്പോഴുൾക്കൈക്കഴയികല്‍നിന്നു തിരിയേ
കേററീടവോനായി ഞാന്‍! 9

പ്രിയംവദ:— (ആലോചിച്ച്) അദ്ദേഹത്തിന്ന് ഒരു കാമലേഖനം എഴുതട്ടെ. ഞാന്‍ അതു പൂക്കളെക്കൊണ്ടു മറച്ച്, ദേവന്റെ പ്രസാദമാണെന്ന വ്യാജേന ആ രാജര്‍ഷിയുടെ കയ്യിലെത്തിക്കാം.

അനസൂയ:— കൊള്ളാം, ഈ പ്രയോഗം നന്ന്. ശകുന്തള എന്തു പറയുന്നു!

ശകുന്തള:— നിങ്ങൾ പറഞ്ഞാലുണ്ടോ, എനിക്കു സംശയം?

പ്രിയംവദ:— എന്നാല്‍ തന്റെ സ്ഥിതി കാണിച്ച് ഒരു ലളിതപദ്യം ഉണ്ടാക്കു-

ശകുന്തള:— ഞാനുണ്ടാക്കാം; എന്നാല്‍ തള്ളിക്കളഞ്ഞാലോ എന്നു പേടിച്ച് എന്റെ ഹൃദയം വിറക്കൊള്ളുന്നു-

രാജാ:— ശങ്കിപ്പൂ നീയവഗണനമേ-
താളില്‍നിന്നിങ്ങധീരേ,
നിങ്കല്‍ച്ചേരാന്‍ കൊതിയൊടുമിതാ,
കാത്തുനില്ക്കുന്നിതായാൾ;
ശ്രീയെക്കാമിച്ചവനവൾ വശ-
ത്തായ്‌വരാ,മില്ലയെന്നാം;
ശ്രീയാലുണ്ടോ,തദഭിലഷിതന്‍
ലബ്ധനാകാതിരിപ്പൂ! 10

തെ പൊന്‍വള ധരിച്ചേ കഴിയൂ എന്നുണ്ട്) വില്‍ഞാണ്‍പാടിലുതമ്മിടാതെ: കൈ വല്ലാതെ ചടച്ചുപോയതുകൊണ്ട്. കൈക്കഴ: മണിക്കണ്ടം. കേററീടവോനായി ഞാന്‍: കേററുകയായി എന്റെ ജോലി. ഉറക്കമില്ലായ്മയും മെലിച്ചിലും വിവരിച്ചു.

ശ്ലോകം 10. അവഗണനം = തള്ളിക്കളയല്‍. കാത്തുനില്ക്കുന്നു: താന്‍ അവഗണിക്കപ്പെട്ടാലോ എന്നു ശങ്കിച്ചിട്ടെന്നാശയം. അവൾ: ശ്രീ. ശ്രീയാലുണ്ടോ......തിരിപ്പൂ: ശ്രീക്കു താനിച്ഛിച്ച ആളെ പ്രാപിക്കാന്‍ കഴിഞ്ഞില്ലെന്നു വരുമോ! ഇവിടെ രാഘവഭട്ടന്‍,

Digitized By Kerala Sahitya Akademi

സഖിമാർ:— തന്റെ ഗുണങ്ങളെ വകവെയ്ക്കാത്തവളേ, നിന്റെ ദേഹത്തെ കുളിർപ്പിക്കുന്ന ശരജ്യോത്സ്നികയെ, ആരെങ്കിലും വസ്ത്രാന്തംകൊണ്ടു തടുക്കുമോ?

ശകുന്തള:— (പുഞ്ചിരിയിട്ട്) നിങ്ങൾ പറയുന്നതു ഞാൻ ചെയ്യാം. (ഇരുന്ന് ആലോചിക്കുന്നു)

രാജാ:— ഞാൻ പ്രിയതമയെ കണ്ണിമയ്ക്കാതെ നോക്കേണ്ടതു യുക്തംതന്നെ.

പദചിന്തചെയ്യുമീവരത-
ന്നൊരു ചില്ലീക്കൊടിയുയർന്നതാം വദനം
വെളിവാക്കുന്നുണ്ടെ,ങ്കൽ
പ്രണയത്തെക്കോൾമയിർപ്പെട്ടംകവിളാൽ. 11

ശകുന്തള:— ഞാനൊരു പദ്യം ആലോചിച്ചുവെച്ചിരിക്കുന്നു. എന്നാൽ എഴുതാനുള്ള ഉപകരണമൊന്നുമില്ലല്ലോ.

പ്രിയംവദ:— പച്ചക്കിളിയുടെ വയറുപോലെ കോമളമായ ഈ താമരയിലയിൽ നഖംകൊണ്ടെഴുതിക്കൊള്ളുക.

ശകുന്തള:— (അതു നടിച്ചിട്ട്) കേൾക്കുവിൻ, ഇതു ശരിയായോ ഇല്ലയോ എന്ന്.

സഖിമാർ:— ഞങ്ങൾ മനസ്സിരുത്തുന്നുണ്ട്.

ശകുന്തള:— (വായിക്കുന്നു)

'ലക്ഷ്മീ-സരസ്വതീ-ധീ-ത്രിവർഗ്ഗസമ്പദ്-വിഭൂതി-ശോഭാസു ഉപകരണ-വേഷരചനാ-ഗുണേഷു-സരളദ്രവേ ച കഥിതാ ശ്രീഃ' എന്ന വ്യാഡികോശമവലംബിച്ച് ശ്രീശബ്ദം സകലൈശ്വര്യത്തിന്റെയും സാമാന്യവാചകമാണെന്നു വ്യാഖ്യാനിക്കുന്നു.

തന്റെ ഗുണങ്ങളെ വകവെയ്ക്കാത്തവളേ; നിന്റെ ഗുണങ്ങൾക്ക് ആർ അടിമയാവുകയില്ല എന്നഭിപ്രായം.

ശ്ലോകം 11. പദചിന്ത: പദ്യത്തിൽ പദങ്ങളെ ഘടിപ്പിക്കേണ്ടതിനെപ്പററി ആലോചിക്കുക. കോൾമയിർപ്പെട്ടം = രോമാഞ്ചം കൊള്ളുന്ന. തന്നിലുള്ള സ്നേഹത്തെ ഇത്ര അകൈതവമായിക്കാണിക്കുന്ന ഇത്തരം കാഴ്ചതന്നെയാണ്, കണ്ണിമയ്ക്കാതെ കാണേണ്ടുന്നത്.

Digitized By Kerala Sahitya Akademi

നിന്നുള്ളറിയുന്നീലിവ-
ളെന്നാൽക്കാമൻ നികാമമിരവുപകൽ
നിർദ്ദയം, ചുടുവിക്കുന്നു
നിന്നെത്തേടുമംഗമോരോന്നും! 12

രാജാ — (പെട്ടെന്ന് അടുത്തുചെന്ന്)

നിന്നെക്കൃശാംഗി, ചുടുവിക്കുകയാണു കാമ-
നെന്നെസ്സദായ്‌പ്പൊഴുമെരിക്കുകതന്നെ ചെയ്‌വൂ
ചന്ദ്രനാ പറവതുപോലെ, കുമുദ്വതിക്കു
വന്നൊന്നിടാ പകലിനാലൊരു വാട്ടമല്ലോ! 13

ശ്ലോകം 12. നിന്നുള്ളറിയുന്നില്ലിവൾ: തള്ളിക്കളഞ്ഞാലോ എന്നാലോചനയില്ലാതെയല്ല ഇതെഴുതുന്നത്. ഉള്ളറിയാൻ ശ്രമിക്കായ്കയുമില്ല; എന്നാൽ അങ്ങയുടെ നിരസിച്ചതാലോ എന്റെ മുഗ്ദ്ധതയാലോ അറിയുന്നില്ല. നികാമം = ഏറ്റവും: കാമനെക്കൊണ്ടാവുന്നിടത്തോളം. ഇരവുപകൽ: ഒരു നിമിഷവും വിടുവീഴ്ചയില്ലാതെ. നിർദ്ദയം: നേരെമറിച്ച്, ഇത്രയും നാൾകൊണ്ട് എന്റെ സ്ഥിതി അങ്ങേക്കറിയാമായിരുന്നു; എന്നിൽ ദയ കാട്ടുകയും ആവാമായിരുന്നു! (പ്രണയകലഹസ്വരത്തിലുള്ള ഈ സംബോധി, നിന്നുള്ളറിയുന്നില്ലെങ്കിലും അങ്ങേക്ക് പ്രണയമുണ്ടെന്ന് എനിക്കു വിശ്വാസമുണ്ടെന്നു സൂചിപ്പിക്കുന്നു.) നിന്നെത്തേടും: അങ്ങയുടെ സ്പർശാദികളെ അഭിലഷിക്കുന്ന. അംഗമോരോന്നും: എന്റെ ഓരോ അവയവത്തെയും! ഹൃദയം മാത്രമല്ല ദേഹമാകെ വലയുന്നു! അതിനാൽ തള്ളിക്കളയുകയാണെങ്കിൽ എനിക്ക് ദേഹനാശം നിശ്ചിതമാണ്. അതുകൊണ്ട് എന്നിൽ നല്ല ദയ, ദയ മാത്രം, കാട്ടുമാറാകണം! ഇപ്പദ്യത്തിന്റെ മട്ട നോക്കിയാൽ നാനാവികാരവ്യാകുലയായ ശകുന്തളക്കു തന്റെ വിചാരങ്ങളെല്ലാം ആവിഷ്കരിപ്പാൻ കഴിഞ്ഞിട്ടില്ലെന്നു തോന്നും. ഇവിടെ മൂലത്തിൽ രാഘവഭട്ടൻ ഭിന്നഭിന്നാശയങ്ങളിലുള്ള ആറേഴുവിധം അർത്ഥം വ്യാഖ്യാനിക്കുന്നുണ്ട്; ശ്രീനിവാസൻ 33 വ്യഭിചാരിഭാവങ്ങൾ, 8 സാത്വികഭാവങ്ങൾ, 8 സ്ഥായിഭാവങ്ങൾ, എന്നിങ്ങിനെ നാല്പത്തൊമ്പതു ഭാവങ്ങൾ വ്യഞ്ജിക്കുന്നതായിപ്പറയുന്നു. സഹൃദയത്വത്തിലും കവിഞ്ഞ പാണ്ഡിത്യം!

ഈ പ്രണയാർത്ഥന 'വെറും ഭിക്ഷയായിപ്പോയി' എന്ന്, ഛാജേന്ദ്രലാൽ പരികം ചുളിക്കുന്നു. അത്, ലോകതന്ത്രാനഭിജ്ഞയായ ശകുന്തളയുടെ ഹൃദയസാരള്യത്തിന്ന് ഒരലങ്കാരമായിരിക്കട്ടെ!

ശ്ലോകം 13. കൃശാംഗി: കാമന്ന നിന്നിൽ ഇത്തിരിയൊരു ദയയുണ്ടായിരിക്കാം; കുമുദ്വതി = ആമ്പൽപ്പൊയ്ക. കുമ്പുകമാത്രമേ ചെയ്യൂ.

Digitized By Kerala Sahitya Akademi

സഖിമാർ:— (സഹർഷം) താമസംവരാഞ്ഞ മനോരഥത്തിന്ന സ്വാഗതം!

(ശകുന്തള എഴുന്നേല്ക്കാൻ ഭാവിക്കുന്നു.)

രാജാ:—അരുതേ, ബുദ്ധിമുട്ടരുതേ:

കനത്ത ചൂടാൻ ജവേന വാടിടും
മൃണാളികത്തുണ്ടുകളാൽസ്സുഗന്ധിയായ്
വിരിച്ച പൂവൊട്ടിയതായ നിന്റെയീ
വപുസ്സിനില്ലിന്നുപചാരപാടവം. 14

അനസൂയ:—സ്നേഹിതൻ ഈ പാറപ്പുറത്തിന്റെ ഒരു ഭാഗത്തിരുന്നാലും.

(രാജാവിരിക്കുന്നു, ശകുന്തള ലജ്ജിച്ചുനില്ക്കുന്നു.)

പ്രിയംവദ:—നിങ്ങളിരുവരുടേയും പരസ്പരാനുരാഗം സ്പഷ്ടമായിരിക്കുന്നു. എങ്കിലും തോഴിയെക്കുറിച്ചുള്ള സ്നേഹം എന്നെക്കൊണ്ടു വീണ്ടും പറയിക്കുന്നു.

രാജാ:—ഭദ്രേ, അതു വേണ്ടെന്നുവെച്ചുകൂടാ. പറയാനുള്ളതു പറയാതിരുന്നാൽ പശ്ചാത്താപം പററിപ്പോകുമല്ലോ.

പ്രിയംവദ:—ആപത്തിലകപ്പെട്ട നാട്ടുകാരുടെ സങ്കടം രാജാവ് തീർക്കണമെന്നുള്ളതു നിങ്ങളുടെ ധർമ്മമാണല്ലോ.

താമസം വരാഞ്ഞ മനോരഥത്തിന്ന്: സഖിമാരുടെ ആഹ്ലാദം തികച്ചും വെളിപ്പെടുത്തി; മനോരഥലബ്ധിയ്ക്കുള്ള ഉപായം ചിന്തിച്ചപ്പോഴയ്ക്കുതന്നെ അതു കൈവന്നല്ലോ.

ശ്ലോകം 14. പൂർവാർദ്ധം: ചൂടുപോകുവാനായി താമരവളയത്തുണ്ടുകൾ വളയും മാലയുമായണിയുകയും, അണിഞ്ഞ ഉടനെ അവ വാടിപ്പോകുകയും, വീണ്ടും ഇതാവർത്തിച്ചുപോരികയും ചെയ്കയാൽ അവയുടെ സുഗന്ധം പകർന്നതായി, വിരിച്ച പൂവൊട്ടിയതായ: കിടപ്പു പൂവിരിപ്പിലായിരുന്നതിനാൽ, ആ പൂക്കൾ വാടി മൃദുത്വംമൂലം പററിപ്പിടിച്ചതായ. ഇതിന്നു കാരണമായി, അവൾ വിയർത്തിരുന്നു എന്ന് സൂചിപ്പിക്കുണമെന്നില്ല. അവൾ വിയർത്തിരുന്നു എന്ന് ഒരേടത്തും വിവക്ഷിച്ചിട്ടുമില്ല. ഉപചാരപാടവം: അഭ്യുത്ഥാനം മുതലായവ ചെയ്‌വാനുള്ള ശേഷി.

സ്നേഹിതൻ: സഖിയുടെ ഭർത്തൃത്വം കൈക്കൊണ്ടതിനെ അഭിനന്ദിക്കുന്നു,

Digitized By Kerala Sahitya Akademi

രാജാ:—ഇതില്പരമീതെ മറ്റൊന്നില്ല.

പ്രിയംവദ:—എന്നാൽ ഞങ്ങളുടെ ഈ തോഴി ഭവാൻനിമിത്തം കാമദേവനാൽ ഈയൊരവസ്ഥയിലാക്കപ്പെട്ടിരിക്കുന്നു. അതിനാൽ ദയവുചെയ്ത് ഇവളുടെ പ്രാണനെ നിലനിർത്തുമാറാകണം.

രാജാ:—ഭദ്രേ, ഇതുതന്നെയാണ് എന്റെയും അപേക്ഷ. ഞാൻ സർവ്വഥാ അനുഗൃഹീതനായി.

ശകുന്തള:—(പ്രിയംവദയെ നോക്കി) അന്തഃപുരവിരഹത്താൽ ഉൽക്കണ്ഠിതനായിരിക്കുന്ന രാജർഷിയെ തടഞ്ഞുനിർത്തേണ്ടാ.

അനസൂയ:—സ്നേഹിത, രാജാക്കന്മാർക്ക് വളരെ ഭാര്യമാരുണ്ടായിരിക്കും എന്നാണ് കേൾവി. എന്നാൽ ഞങ്ങളുടെ ഈ പ്രിയതോഴിയെ, ബന്ധുക്കൾക്കു വ്യസനിപ്പാനിടവരാത്തനിലയിൽ വെക്കുമാറാകണം.

രാജാ:—ഭദ്രേ, എന്തിനേറെ:—

ശകുന്തള രാജാവിന്റെ പ്രേമൈകാഗ്ര്യതയെ പരീക്ഷിക്കുന്നു:—അന്തഃപുരവിരഹത്താൽ ഇത്യാദി. ഈ ശകുന്തളാവാക്യത്തെത്തുടർന്ന്, രാജാവിന്റേതായി ഒരു പദ്യം എല്ലാ പുസ്തകങ്ങളിലുമുണ്ട്:

"അന്യസക്തിപരിവർജ്ജിതമാകി
മന്മനസ്സിനെ മനസ്ഥിതയാം നീ
അന്യഥൈവ മദിരാക്ഷി, ഗണിക്കിൽ-
പ്പിന്നെയും ഹതന,നംഗഹതൻ ഞാൻ!"

പക്ഷേ, അതിലെ അർത്ഥകല്പന അപ്രൗഢമാണ്. അനസൂയയുടെ അപേക്ഷയ്ക്കുള്ള മറുപടിയായ 'ഭദ്രേ, എന്തിനേറെ: വളരെയുണ്ട്...' ഇത്യാദിയിൽത്തന്നെ ശകുന്തളയ്ക്കുള്ള മറുപടിയും അന്തർഭവിച്ചിട്ടുണ്ടുതാനും.

അനസൂയ ശകുന്തളാവാകൃത്തിൽ ഭാവിയായ ഒരനിഷ്ടമോർത്തു കാര്യം പറയുന്നു—സ്നേഹിത, ഇത്യാദി. ബന്ധുക്കൾക്കു വ്യസനിപ്പാനിടവരാത്ത നിലയിൽ: ഇക്കാണിച്ച അനുരാഗം ലേശവും കുറയാത്തവിധം, അതിൽ കവിഞ്ഞ് ആവശ്യപ്പെടുന്നതു ലോഭമായിപ്പോകുമല്ലോ.

Digitized By Kerala Sahitya Akademi

വളരെയുണ്ടു പരിഗ്രഹമെങ്കിലും
മമ കലത്തിനു രണ്ടിരുപേർകളാതാൻ:
ഉദധിയാമരഞ്ഞാണെഴുമൂഴിയും,
ഭവതിമാരുടെയീ പ്രിയതോഴിയും. 15

സഖിമാർ:—ഞങ്ങൾക്കു സമാധാനമായി.

പ്രിയംവദ:—(കണ്ണെറിഞ്ഞ്) ശകുന്തളേ, ഈ മാൻകുട്ടി ഉൽക്കണ്ഠയോടെ അങ്ങുമിങ്ങും നോക്കി തള്ളയെ അന്വേഷിക്കുകയാണ്. വരൂ, ഇതിനെ കൊണ്ടാക്കാം.

(രണ്ടുപേരും പുറപ്പെടുന്നു.)

ശകുന്തള:—എനിക്കാരും തുണയില്ലല്ലോ. ഒരാൾ മാത്രം പോയാൽ മതി.

സഖിമാർ:—ഭൂമിക്കൊക്കെ തുണയായിട്ടുള്ള ആളുണ്ട് നിന്റെ അടുക്കൽ. (രണ്ടുപേരും പോയി.)

ശകുന്തള:—അല്ലാ, രണ്ടാളും പോയ്ക്കളഞ്ഞു!

രാജാ:—പരിഭ്രമിക്കേണ്ടാ; പരിഭ്രമിക്കേണ്ടാ! ശുശ്രൂഷിപ്പാൻ ആൾ നിന്റെ അരികത്തുണ്ടല്ലോ.

വീശേണമോ ക്ലമമറും കളിർകാററു കിട്ടാൻ
നാളീകശീതളദളവ്യജനങ്ങളാൽ ഞാൻ?

ശ്ലോക. 15. പരിഗ്രഹം = ഭാര്യ. ഉദധി = സമുദ്രം; സമുദ്രം ഭൂമിയെ ചുററിക്കിടക്കുന്നതുകൊണ്ട് അരഞ്ഞാണായി കല്പിക്കപ്പെട്ടിരിക്കുന്നു. വംശക്രമാഗതമായ സാമ്രാജ്യത്തിന്റെ ധനങ്ങളേക്കാളും ബഹുമാനം ഇവളിലുണ്ടെന്നും, ഇവളിലുണ്ടാകുന്ന സന്തതിയായിരിക്കും വംശകരനെന്നും ശപഥം ചെയ്യുന്നു.

പ്രിയംവദ കണ്ണെറിഞ്ഞ്: ഇങ്ങിനെ വിവാഹമംഗളം നടത്തി ബന്ധുക്കൾ ഒരു വിരുതിൽ ഒഴിഞ്ഞുമാറുന്നു.

ശുശ്രൂഷിപ്പാൻ: സഖിമാർ ചെയ്തിരുന്നതിൻവണ്ണം.

ശ്ലോകം 16. ക്ലമമറും = തളച്ചതീർക്കുന്ന. നാളീകശീതളദളവ്യജനങ്ങൾ = കുളിർത്ത താമരയിലകളാകുന്ന വിശറികൾ. അഥ = അഥവാ. കരഭോരു = കൈപ്പടത്തിൽ ചെറുവിരലിൻ കീഴെയുള്ള പാർശ്വമാണ് കരഭം;

Digitized By Kerala Sahitya Akademi

അംകത്തിൽവെച്ചഥ തലോട്ടകവേണമോ നിൻ
ചെന്താമരക്കഴൽകളെക്കരഭോരു, മന്ദം! 16

ശകുന്തള:— ഞാൻ മാന്യന്മാരിൽ അപരാധിനിയാകയില്ല. (പോകാൻ ഭാവിക്കുന്നു)

രാജാ:— സുന്ദരി, വെയിലാറിക്കഴിഞ്ഞിട്ടില്ല; ഇതാണത്രാ നം ഭവതിയുടെ സ്ഥിതി:

പൂമെത്ത കൈവെടിഞ്ഞിനി-
ത്താമരയിലയാൽ മറച്ച കൊങ്കയുമായ്
വെയിലത്തെങ്ങിനെ പോകും,
തുയിരാലുടലാകെ വാടിയ നീ? 17

(പിടിച്ചു പിടമാറുന്നു)

ശകുന്തള:— പൌരവ, അടക്കം വിടരുത്. ഞാൻ കാമന്റെ കയ്യിൽപ്പെട്ടിരിക്കുന്നു എങ്കിലും സ്വതന്ത്രയല്ല.

രാജാ:— ഭയശീലേ, ഗുരുജനത്തെ പേടിക്കാനില്ല. ധർമ്മജ്ഞനായ തത്രഭവാൻ കുലപതി അറിഞ്ഞാൽ, ഇതിൽ ഭവതിക്കു കുറം കരുതുകയില്ല. നോക്കു:

പലരും പെട്ടുന്നുണ്ടുലകത്തിലന്ന-
ന്നനേകരാജർഷികുമാരിമാരെ

വാഴപോലുള്ള തുടകളോടുകൂടിയവളേ! മന്ദം = പതുക്കെ; സുഖമാകുംവണ്ണം.

മാന്യന്മാരിൽ അപരാധിനിയാകയില്ല: മാനിക്കേണ്ടുന്നവരെക്കൊണ്ടു പരിചരണം ചെയ്യിക്കുക എന്ന കുററം ചെയ്യുകയില്ല.

ശ്ലോകം 17. തുയിർ = പീഡ. ചുട്ടുനീറലകററുന്ന പൂമെത്ത വിട്ടു, ചുട്ടുനീററുന്ന വെയിലത്തുപോകയോ! അതിൽ തെ രക്ഷയുള്ളതു, ക്ഷണാൽ വാടുന്ന ഈ താമരയിലയോ!

ഇതിൽ: നീ ഈ സ്വാതന്ത്ര്യമെടുക്കുന്നതിൽ.

ശ്ലോകം 18. ഗാന്ധർവ്വമായ വേളി: പരസ്പരാനുരാഗമുള്ള വധൂവരന്മാർ, വൈവാഹികച്ചടങ്ങൊന്നുമില്ലാതെ സ്വയം ചെയ്യുന്ന വിവാഹം;



Digitized By Kerala Sahitya Akademi

ഗാന്ധർവ്വമായ് വേളികഴിച്ചതായും,
പിതാക്കൾ കൊണ്ടാടിയിരുന്നതായും. 18

ശകുന്തള:—ഒന്നു വിടൂ. ഞാൻ ഒരിക്കൽക്കൂടി തോഴിമാരോട് അനുമതി വാങ്ങട്ടെ.

രാജാ:— ആകട്ടെ, വിടാം.

ശകുന്തള:— എപ്പോൾ?

രാജാ:—

അപരിക്ഷതമായ് മയംപെടുന്നീ-
ത്തവ ചുണ്ടിൻ നറുതേൻ പിപാസുവാം ഞാൻ,
പുതുപൂവിനുടേതു വണ്ടുപോലേ
കനിവോടൊന്നു നുകർന്നിടട്ടെ കാന്തേ! 19

(അവളുടെ മുഖം പൊങ്ങിക്കാൻ തുടങ്ങുന്നു. ശകുന്തള മുഖം തിരിക്കുന്നു.)
(അണിയറയിൽ)

അല്ലയോ ചക്രവാകി, കൂട്ടുകാരനോടു വിട ചോദിച്ചുകൊള്ളുക; രാത്രി സമീപിച്ചുകഴിഞ്ഞു.

ശകുന്തള:— (കേട്ടു സംഭ്രമത്തോടെ) പൌരവ, തീർച്ചയായും എൻെറ ദേഹസ്ഥിതിയറിയാൻ ഗൌതമിമുത്തശ്ശി ഇങ്ങോട്ടു വരുന്നുണ്ട്. അതിനാൽ ഭവാൻ മരക്കൊമ്പുകൾ കൊണ്ടു മറഞ്ഞുനിന്നാലും.

(രാജാവ് അപ്രകാരം ചെയ്യുന്നു. അനന്തരം കയ്യിൽ പാത്രവുമായി ഗൌതമിയും അനസൂയാപ്രിയംവദമാരും പ്രവേശിക്കുന്നു.)

ക്ഷത്രിയർക്കിതു വിശേഷിച്ചും ഉചിതമെന്നത്രേ ധർമ്മശാസ്ത്രം. പിതാക്കൾ = അച്ഛനമ്മമാർ.

ശ്ലോകം 19. അപരിക്ഷതം = പരിക്കു പററിയിട്ടില്ലാത്ത. പിപാസു = തൃഷ്ണയോടുകൂടിയവൻ. നുകർന്നിടട്ടെ: അതു കഴിഞ്ഞിട്ടു വിടാമെന്നു താല്പര്യം. കാന്തേ = സുന്ദരീ!

അണിയറയിൽ: മാറിപ്പോയി നിന്നിരുന്ന സഖിമാർ, വിഷ്കംഭത്തിലെ ആ യജമാനശിഷ്യനാൽ ശാന്ത്യുദകംകൊടുത്തയയ്ക്കപ്പെട്ടുവരുന്ന ഗൌത

Digitized By Kerala Sahitya Akademi

സഖിമാർ:— ഗൌതമിമുത്തശ്ശി ഇതിലേ, ഇതിലേ.

ഗൌതമി:— (ശകുന്തളയുടെ അടുക്കൽചെന്നിട്ട്) കുഞ്ഞേ, നിന്റെ പനിയ്ക്കു കുറവുണ്ടോ?

ശകുന്തള:— കുറെ ഭേദമുണ്ട്.

ഗൌതമി:— ഈ തീൎത്ഥജലംകൊണ്ടു നിനക്കു തികച്ചും സുഖം കിട്ടും. (ശകുന്തളയുടെ തലയിൽ തളിച്ച്) കുഞ്ഞേ, വൈകുന്നേരമായി, വരിക. പൎണ്ണശാലയിലെയ്ക്കു പോവാം. (പുറപ്പെടുന്നു)

ശകുന്തള:— (ആത്മഗതം) ഹൃദയമേ, മനോരഥം അനായാസേന വന്നുചേൎന്നപ്പോൾ നീ ഇടയിളക്കം വിട്ടില്ല; ഇപ്പോൾ പശ്ചാത്താപം പൊറുക്കാതായപ്പോളെങ്ങിനെ? (കുറച്ചടി നടന്നു, നിന്നിട്ട് (പ്രകാശം) ചൂടു തീൎത്തുതന്ന വള്ളിക്കുടിലേ, ഞാൻ വിടചോദിക്കുന്നു. വീണ്ടും വരാം, നിങ്കൽ സുഖിക്കുവാൻ.

(ദുഃഖത്തോടുകൂടി ശകുന്തളയും മററു സ്ത്രീകളും പോയി)

രാജാ:— (മുൻസ്ഥാനത്തുചെന്നു നെടുവീൎപ്പിട്ടു)
അഹഹാ, അഭീഷ്ടസിദ്ധിക്കുള്ള വിഘ്നങ്ങളേ! ഞാൻ,

മേന്മേലിടൎക്കൊണ്ടു 'തുതെ'ന്നു കൊഞ്ചിയും
ബിംബാധരം കൈവിരൽകൊണ്ടു പൊത്തിയും

രാത്രിയെക്കണ്ടു ശകുന്തളയ്ക്കു സൂചന കൊടുക്കുന്നു, രാജാവിനെ വിട്ടയക്കുവാൻ:— ചക്രവാകപ്പക്ഷികൾ പകൽ മാത്രം ഇണചേൎന്നുനടക്കുന്നവയും, രാത്രിയായാൽ അവശ്യം പിരിഞ്ഞിരിക്കേണ്ടുന്നവയുമാണല്ലോ.

തീൎച്ചയായും വിട്ടുകിട്ടുവാനുള്ള ഉപായം പറകയല്ല.

പൊറുക്കാതായപ്പോളെങ്ങിനെ: ആ ഇടയിളക്കം തീൎന്നുവോ? ചൂടു തീൎത്തുതന്ന വള്ളിക്കുടിലേ ഇത്യാദി: അവിടെ മരക്കൊമ്പുകൾക്കിടയിൽ മറഞ്ഞുനില്ക്കുന്ന രാജാവു കേൾക്കാൻവേണ്ടി പറഞ്ഞതു്.

ശ്ലോകം 20. മേന്മേൽ: കൊഞ്ചിയും, പൊത്തിയും, തിരിക്കെ എന്നീ മൂന്നു ക്രിയാപദത്തിലും അന്വയിക്കണം. ഇടൎക്കൊണ്ട് = (ശബ്ദം) ഇടറിക്കൊണ്ട്. ബിംബാധരം: തൊണ്ടിപ്പഴത്തിനൊത്ത കീഴ്ച്ചുണ്ട്. മൃഗാക്ഷി = മാനിൻേറതുപോലുള്ള കണ്ണുകളോടുകൂടിയവൾ. ഈ വിവൎത്തന

Digitized By Kerala Sahitya Akademi

തോളിൽത്തിരിച്ചുപ്പണിപെട്ടുയർത്തിനേ-
ന്നെ,ന്നാൽ മുകർന്നില മൃഗാക്ഷിതൻ മുഖം! 20

ഇനി ഞാൻ എങ്ങോട്ടു പോകേണ്ടു? അല്ലെങ്കിൽ, ആരോമലാൾ അനുഭവിച്ചുവെടിഞ്ഞ ഈ വള്ളിക്കുടിലിൽത്തന്നെ കുറെ നേരം ഇരിക്കാം. (എല്ലായിടത്തും നോക്കിയിട്ട്)

തന്മെയ് തട്ടിയമർന്ന പൂവിരിയിതാ,
പാറയ്ക്കുമേൽ; ക്ലാന്തമാ-
മല്ലിത്താർദളകാമലേഖവുമിതാ,
തൽപാണിജോൽപാദിതം;
കൈവിട്ടുള്ള മൃണാളകങ്കണമിതാ,—
എന്നക്ഷി നീങ്ങായ്കയാൽ
നീർവഞ്ചിക്കുടിൽ ശൂന്യമാകിലു,മുടൻ—
തന്നേ വിടാൻ വയ്യ മേ! 21

(ആകാശത്ത്)

രാജാവേ,

സന്ധ്യാകാലവിധേയമായ സവനം
ചെമ്മേ തുടങ്ങുമ്പൊഴെ-
ഴുണ്ടല്ലോ പെരുമാറിടുന്നു പെരികെ-
ത്തീവേദിതൻ ചുററുമേ,

അതിന്റെ രൂപാന്തരം:—

'വിരലാൽച്ചൊടി പൊത്തി, 'വേണ്ട, വേണ്ടെ'-
ന്നിടർച്ചതൻചൊല്ലൊടു തോൾകളിൽത്തിരിച്ചു,
ഒരുമട്ടിലുയർത്തിനേൻ മൃഗാക്ഷി-
മുഖ,മെന്നാൽ മുകരാൻ കഴിഞ്ഞതില്ലാ!'

ശ്ലോകം 21. തന്മെയ് = അവളുടെ ദേഹം. ക്ലാന്തമാമല്ലിത്താർദളം = വാടിയ താമരയില. തൽപാണിജോൽപാദിതം = അവളുടെ നഖംകൊണ്ടെഴുതിയത്. എന്നക്ഷിനീങ്ങായ്കയാൽ = എന്നിങ്ങിനെ ഓർമിച്ചു, കണ്ണ് ഓരോന്നിലും പററിനില്ക്കുന്നതിനാൽ. ശൂന്യമാകിലും; പ്രിയതമയില്ലെങ്കിലും.

Digitized By Kerala Sahitya Akademi

അന്തിക്കാറുകൾ പോലെ ചെംകരിനിറം
തേടിപ്പലേ മാതിരി-
യ്യുന്നാർഭീതികരങ്ങളാം രുധിരപ-
ന്മാർതൻ നിഴൽപ്പാട്ടുകൾ; 22

രാജാ:— ഇതാ, ഇതാ, ഞാൻ വരുന്നു. (പോയി)

മൂന്നാമങ്കം കഴിഞ്ഞു

ശ്ലോകം 22. സന്ധ്യാകാലവിധേയമായ സവനം = സന്ധ്യക്ക് അനുഷ്ഠിക്കേണ്ടുന്ന ഹോമം. തീവേദി = യജ്ഞാഗ്നി ജ്വലിക്കുന്ന വേദി. ആദ്യോപമാനമായ അരുണനോടുകൂടിയ ആകാശത്തോടു സാദൃശ്യം സൂചിപ്പിക്കുന്നു. ചെംകരിനിറം = ചുകപ്പും കറുപ്പും ചേർന്ന നിറം. പലേമാതിരിക്ക്: പല ആകൃതിയിലും വലിപ്പത്തിലും. രുധിരപന്മാർ = ചോര കുടിക്കുന്നവർ, രാക്ഷസർ; അവർ രക്തമാംസാദികൾ വർഷിച്ചു യജ്ഞശാല തീണ്ടുമെന്നു സൂചിപ്പിക്കുന്നു, എന്നു വ്യാഖ്യാതാക്കന്മാർ. നിഴൽപ്പാട്ടുകൾ: പടിഞ്ഞാറുനിന്ന് ആകാശമാർഗ്ഗേണ കൂട്ടമായി വന്നു തുടങ്ങിയ പടക്കൂറ്റൻ രാക്ഷസന്മാരുടെ അന്തിവെയിലിലുണ്ടായ നീളമേറിയ നിഴലുകൾ. അവയ്ക്കു ചുകപ്പുണ്ടായതു, തീവേദിക്കടക്കലുള്ള ശോണപ്രഭകൊണ്ടാവാം. രാക്ഷസന്മാർ മായകൊണ്ടു മറഞ്ഞു യജ്ഞാഗ്നിക്കുചുറ്റും പെരുമാറുകയാൽ അവരുടെ നിഴലുകൾമാത്രം കാണപ്പെടുന്നു എന്നർത്ഥം. (നൈഷധീയ ചരിതത്തിൽ തിരസ്കരണികൊണ്ടു മറഞ്ഞ നളന്റെ നിഴൽ കാണപ്പെട്ടതായി വർണ്ണിച്ചിട്ടുണ്ട്.) ആ നിഴലുകൾക്കു ഇരുപ്പുണ്ടായതു, സൂര്യാസ്തമയത്തിനുശേഷവും ദിക്കുകളിൽ വ്യാപിച്ചു നില്ക്കുന്ന അരുണപ്രഭകൊണ്ടാവാം. അഥവാ, 'സന്ധ്യാപയോദകപിശാഃ' എന്നു മൂലത്തിനു സന്ധ്യാപയോദങ്ങളുടെ ശോഭ പ്രതിബിംബിക്കയാൽ കപിശവർണ്ണങ്ങളായവ എന്നർത്ഥം; വിവർത്തനത്തിൽ 'അന്തിക്കാറുകൾതൻ കരിഞ്ചുടുനിറം തേടി' എന്നു പാഠം.

ഈ അങ്കത്തിന്റെ അന്ത്യഭാഗത്തു, ശകുന്തള വീണ്ടും വള്ളിക്കുടിലിലേക്കു, രാജാവിന്റെ അടുക്കലേക്കു, തനിയെ തിരിച്ചുവരുന്നതായും, എന്തൊക്കെയോ ചാപല്യങ്ങൾ പറയുകയും പ്രവർത്തിക്കയും ചെയ്യുന്നതായും വർണ്ണിക്കുന്ന കുറെയേറെ ഗദ്യപദ്യങ്ങൾ പ്രക്ഷിപ്തമായിക്കാണുന്നുണ്ട്; അവയെ വെച്ചുകൊണ്ട് രാജേന്ദ്രലാൽ ശകുന്തളയെ ശകാരിച്ചുവിടുന്നുമുണ്ട്. ആ ഭാഗമെല്ലാം പ്രക്ഷിപ്തമാണെന്ന സഹൃദയാഭിപ്രായം അദ്ദേഹം കേൾക്കാതിരുന്നിട്ടില്ല. പക്ഷേ, അതു തികച്ചും വിശ്വസിപ്പാൻ അദ്ദേഹം ഒരുക്കമില്ല.

Digitized By Kerala Sahitya Akademi

# നാലാമങ്കം

(അനന്തരം പൂവറുത്തുകൊണ്ട് അനസൂയയും പ്രിയംവദയും പ്രവേശിക്കുന്നു.)

അനസൂയ:-- പ്രിയംവദേ, ശകുന്തള ഗാന്ധർവ്വവിധിയനുസരിച്ച് വേളികഴിക്കപ്പെട്ട് അനുരൂപനായ ഭർത്താവിനോടു ചേർന്നതിൽ എനിക്കാശ്വാസം ലഭിച്ചു; എങ്കിലും ഇതൊന്നാലോചിക്കേണ്ടതുണ്ട്.

പ്രിയംവദ: എന്താണ്?

അനസൂയ:- ഇന്നു യജ്ഞമവസാനിച്ചതിനാൽ ഋഷിമാരാൽ വിടനല്കപ്പെട്ട ആ രാജർഷി തന്റെ രാജധാനിയിൽച്ചെന്ന് അന്തഃപുരങ്ങളോടു ചേർന്നാൽപ്പിന്നെ, ഇവിടെവെച്ചു നടന്നത് ഓർമ്മിക്കുമോ എന്ന്.

പ്രിയംവദ:— നീ സംശയിക്കേണ്ട; അത്തരം വിശിഷ്ടാകൃതികൾ നന്മക്കെതിരാവുകയില്ല. എന്നാൽ, അച്ഛൻ ഈ കഥ കേട്ടാൽ എന്തു വിചാരിക്കുമെന്നാണെനിക്ക്.

അനസൂയ:— അദ്ദേഹത്തിന്നു സമ്മതമാവുമെന്നാണ് എന്റെ വിശ്വാസം.

പ്രിയംവദ:— എന്തുകൊണ്ട്?

അനസൂയ:— കന്യകയെ ഒരു ഗുണവാന്നു കൊടുക്കണമെന്നാണല്ലോ അച്ഛന്നു മുമ്പുതന്നെ വിചാരം. അതു ദൈവം നടത്തിയതിനാൽ അച്ഛന് എളുപ്പത്തിൽ കാര്യം സാധിച്ചുവല്ലോ.

രാജാവ് ആശ്രമത്തിൽ ഉണ്ടായിരുന്നേടത്തോളം ദിവസം, പ്രിയംവദാനസൂയമാർ ശകുന്തളക്കു ശുഭോദർക്കംതന്നെ കണ്ടുകൊണ്ടിരുന്നു; ഇന്നദ്ദേഹം സ്വനഗരത്തിലേക്കു പോയപ്പോൾ മുതൽ, അവരുടെ മനസ്സിൽ ഭാവിയുടെ അവിശ്വാസ്യത കരിനിഴൽ വീശിത്തുടങ്ങി.

അത്തരം.........എതിരാവുകയില്ല: 'ആകൃതിയുള്ളേടത്തു ഗുണങ്ങൾ കുടികൊള്ളുന്നു' എന്നത്രേ ആപ്തവാക്യം.

പ്രിയംവദ പ്രാപഞ്ചികോൽകർഷത്തെ വിശ്വസിക്കുമ്പോൾ, അനസൂയ തപസ്വിവിവേകത്തെ വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

പ്രിയംവദ:— എന്തുകൊണ്ട്?

അനസൂയ:— കന്യകയെ ഒരു ഗുണവാന്നു കൊടുക്കണമെന്നാണല്ലോ അച്ഛന്നു മുമ്പുതന്നെ വിചാരം. അതു ദൈവം നടത്തിയതിനാൽ അച്ഛന് എളുപ്പത്തിൽ കാര്യം സാധിച്ചുവല്ലോ.

പ്രിയംവദ:— അതു ശരിതന്നെ. (പൂക്കൂട നോക്കിയിട്ട്) തോഴി തേവാരത്തിന്നു വേണ്ടുന്ന പൂക്കളെ അറുത്തുകഴിഞ്ഞു.

അനസൂയ:—ശകുന്തളയ്ക്കു സൌഭാഗ്യദേവതയെ പൂജിയ്ക്കണമല്ലോ.

പ്രിയംവദ:—ഓ.

(രണ്ടുപേരും വീണ്ടും പൂവറുക്കുന്നു.)

(അണിയറയിൽ)

ഹേ, ഇതാ ഞാൻ.

അനസൂയ:—(കേട്ടിട്ട്) അതിഥികൾ അറിയിയ്ക്കുന്നപോലെയിരിയ്ക്കുന്നു.

പ്രിയംവദ:—ശകുന്തളയുണ്ടല്ലോ പർണ്ണശാലയിൽ.

അനസൂയ:—പക്ഷേ, ഇപ്പോൾ മനസ്സുകൊണ്ടുണ്ടായിരിയ്ക്കില്ല.

പ്രിയംവദ:—ആകട്ടെ ഇത്രമതി പൂവ്.

(ഇരുവരും പോകുന്നു.)

(അണിയറയിൽ)

എടീ, അതിഥികളെ ആദരിയ്ക്കാത്തവളേ,

അങ്ങിനെ അവർ ഭർത്താവായ ദുഷ്യന്തനെ ആശംസിയ്ക്കുന്നു.

സൌഭാഗ്യദേവത: ഭർത്താവിന്നു പ്രീതിയുണ്ടാകുവാൻ ആരാധിയ്ക്കപ്പെടേണ്ടുന്ന ദേവത; ഇന്ദ്രാണിയാണ് പോൽ, സൌഭാഗ്യദേവത.

ശകുന്തളയുണ്ടല്ലോ പർണ്ണശാലയിൽ: ആരുമില്ലെങ്കിലല്ലേ ഈ വിളിച്ചുപറയൽ വേണ്ടു എന്നാശയം.

മനസ്സുകൊണ്ടുണ്ടായിരിയ്ക്കില്ല: മനസ്സുകൊണ്ടു ഭർത്താവിൻെറ അടുക്കലായിരിയ്ക്കും!

Digitized By Kerala Sahitya Akademi

ഏകാഗ്രചിത്തതയൊടാരെ നിനച്ചുയാൽ നീ
കാണ്മീല വന്തപമെഴും മമ സന്നിധാനം,
ഓക്കാതെപോട്ടെയറിയിച്ചിലുമപ്പൊമാനൊ,-
രുന്മാദി മുൻകഥയെയെന്നകണക്കു നിന്നെ! 1

അനസൂയ:—ഹാ കഷ്ടം, ഹാ, കഷ്ടം! അതുതന്നെ പിണഞ്ഞു! ഏതോ പൂജനീയങ്കൽ അപരാധിനിയായിപ്പോയി, ശൂന്യഹൃദയയായ ശകുന്തള! (മുമ്പിലേക്കു നോക്കി) ഏതോ ഒരുവകലല്ലല്ലോ! ഇതാ, അത്യുഗ്രകോപനായ ദുർവാസാവുമഹർഷി അപ്രകാരം ശപിച്ചുംകളഞ്ഞ് ഉറഞ്ഞുംതെറിഞ്ഞും തട്ടുത്തുകൂടാത്ത മട്ടിൽ മടങ്ങിപ്പോകുന്നു.

പ്രിയംവദ:—അഗ്നിയല്ലാതെ മററാരുമല്ല, പൊള്ളിക്കുവാൻ!

അനസൂയ:—ചെല്ലു, കാല്ക്കൽവീണ് അദ്ദേഹത്തെ തിരിച്ചു കൊണ്ടുവരു; അപ്പോഴേയ്ക്കും ഞാൻ അർഘ്യോദകമെടുത്തു വന്നെത്തിക്കൊള്ളാം.

പ്രിയംവദ:—അങ്ങിനെതന്നെ. (പോയി)

അനസൂയ:—(തെല്ലിട നടന്നു കാലിടച്ചു നടിച്ച്) അയ്യോ, വെമ്പൽമൂലം കാലിടറിയതിനാൽ പൂക്കൂട കയ്യിൽനിന്നു വീണുപോയല്ലോ. (പൂ പെറുക്കിയെടുക്കുന്നു.)

ശ്ലോകം 1. ഏകാഗ്രചിത്തതയൊട്: മനസ്സ് മറെറാന്നിലേക്കും തിരിയാതെ. മമ സന്നിധാനം = ഞാൻ വന്നുനില്ക്കുന്നത്. മുൻകഥ = ആദ്യം പറഞ്ഞത്. ഉന്മാദമുള്ളവർ പരസ്പരബന്ധമില്ലാതെ സംസാരിക്കുന്നത്, ആദ്യമാദ്യം പറഞ്ഞത് ഉടൻ മറന്നു പോകുന്നതുകൊണ്ടാണല്ലോ. മുൻചെയ്തത് എന്ന വ്യാഖ്യാനം ഉപമയുടെ ചമൽക്കാരം കെടുത്തിക്കളയും.

പതിധ്യാനപരായണയായ ഒരു പതിവ്രതയിൽ അനുകമ്പതോന്നേണ്ടതിന്നു പകരം, ഇങ്ങിനെ ശാപം പ്രയോഗിച്ചതിൽ കവി മഹർഷി ദുർവ്വാസാവിനെ കൊന്നുകളഞ്ഞു എന്നു ദ്വിജേന്ദ്രലാൽ കിണഞ്ഞു വാദിക്കുന്നു. എന്നാൽ അതോടുകൂടിത്തന്നെ, അദ്ദേഹം, ഏതോ ചില പാശ്ചാത്യ കവികളുടെ പകൽക്കിനാവായ സ്വർഗ്ഗീയാനുരാഗത്തെ മുമ്പിൽ നീർത്തിക്കൊണ്ടു, ശകുന്തളയുടെ പ്രണയത്തെ വിഷയലാലസയെന്നും, അവളുടെ ധാർമ്മികമായ ഗാന്ധർവ്വവിവാഹത്തെ ഗർഹ്യമായ ഗുരുനിന്ദയെന്നും മററും തീക്ഷ്ണവാക്കുകൾകൊണ്ട്, അധിക്ഷേപിക്കുന്നുമുണ്ട്. ആ വിഷയലാലസയ്ക്കും ഗുരുനിന്ദയ്ക്കുമുള്ള ശിക്ഷയായിട്ടായിരിക്കുമോ, വിധിയെ വിശ്വസിക്കു

Digitized By Kerala Sahitya Akademi

പ്രിയംവദ:—(പ്രവേശിച്ച്) തോഴീ, ആ കടിലസ്വഭാവനല്ലേ, ആരുടെയെങ്കിലും സാന്ത്വനം കൈക്കൊള്ളുന്നു! എങ്കിലും ഞാൻ ഒട്ടൊരു കനിവുണ്ടാക്കിത്തീർത്തു!

അനസൂയ:—(പുഞ്ചിരിയിട്ട്) ഇതുതന്നെയും വളരെയായി, അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം. പറയൂ, പറയൂ.

പ്രിയംവദ:—സാന്ത്വനംകൊണ്ട് തിരിച്ചുപോരാൻ കൂട്ടാക്കാഞ്ഞപ്പോൾ ഞാനറിയിച്ചു. 'ഭഗവൻ, വാസ്തവമറിഞ്ഞിട്ടില്ലാത്ത മകളുടെ ഈയൊരപരാധം ഒന്നാമത്തേതാണെന്നോർത്ത് തിരുവടി ക്ഷമിക്കുമാറാകണം' എന്ന്.

അനസൂയ:—അപ്പോഴോ?

പ്രിയംവദ:—അപ്പോൾ, 'എന്റെ വാക്ക്, മറിച്ചാവുകയില്ല; എന്നാൽ അടയാളം കാണിച്ചാൽ ശാപം ഒഴിഞ്ഞുകൊള്ളും' എന്നു പിറുപിറുത്തുംകൊണ്ടു പോയിമറഞ്ഞു.

അനസൂയ:—എന്നാൽ ആശ്വസിക്കാം: ആ രാജർഷി പോകാൻ തുടങ്ങുമ്പോൾ, തന്റെ പേർ കൊത്തിയിട്ടുള്ള മോതിരം ഓർമ്മയ്ക്കാണെന്നുപറഞ്ഞ് ഇടുവിച്ചിട്ടുണ്ടല്ലോ. അതിനാൽ ഉപായം ശകുന്തളയുടെ പക്കൽത്തന്നെയുണ്ട്.

പ്രിയംവദ:—വരൂ, നമുക്ക തേവാരം കഴിക്കാം.

നാം കണ്ടിരുന്ന ശാപം കേൾപ്പിച്ചിരിക്കുന്നതെന്ന് ആദ്ദേഹം എന്തുകൊണ്ട് ആലോചിച്ചുനോക്കിയില്ല?

അതുതന്നെ: നാം ശങ്കിച്ചതുതന്നെ; ശകുന്തള മനസ്സുകൊണ്ട് ഇവിടെയില്ലെന്നും, അതിനാൽ അതിഥിയെ അനാദരിച്ചു എന്നു വരുമെന്നും.

അനസൂയയുടെ ശ്രദ്ധ ആദ്യമേ അതിഥിയെ അനാദരിച്ച ധർമ്മലോപത്തിലായിരിക്കെ, പ്രിയംവദ ശകുന്തളയ്ക്കു ശാപം പിണഞ്ഞതിൽ വ്യസനിക്കുന്നു.

വെമ്പൽമൂലം: 'ഇനി ആ മുനിയെ എങ്ങിനെ പ്രസാദിപ്പിക്കും?' എന്ന പരിഭ്രമത്താൽ.

വളരെയായി: ഞാൻ അത്രയും പ്രതീക്ഷിച്ചിരുന്നില്ല!

മകളുടെ: മകളെപ്പോലെ വിചാരിക്കേണ്ടുന്നവളുടെ.

പിറുപിറുത്തുംകൊണ്ട്: തീരെ കനിവു തോന്നിയിട്ടല്ല. എനിക്കു രണ്ടാമതൊന്നു പറവാനായി, ഒന്നു തിരിഞ്ഞു നോക്കിയതുകൂടിയില്ല! ഇ



Digitized By Kerala Sahitya Akademi

പ്രിയംവദ:—(നോക്കിയിട്ട്) അനസൂയേ, നോക്കു: ഇതാ, ശകുന്തള ഇടംകയ്യിൽ മുഖവും വെച്ച് ചിത്രത്തിലെഴുതപ്പെട്ടവളെപ്പോലെ ഇരിയ്ക്കുന്നു. ഭർത്താവിനെക്കുറിച്ചുള്ള വിചാരത്താൽ ഇവൾ ഇവളെത്തന്നെയും അറിയുന്നില്ല; പിന്നെയാണോ വന്ന ആളെ!

അനസൂയ:—പ്രിയംവദേ, ഈ കഥ നാമിരുവരുടെയും മുഖത്തുതന്നെ ഇരുന്നുകൊള്ളട്ടെ; നിസർഗ്ഗകോമളയായ അരുമത്തോഴിയെ രക്ഷിയ്ക്കണമല്ലോ.

പ്രിയംവദ:—ചെറുപിച്ചകത്തെ ആരെങ്കിലും ചുടുവെള്ളംകൊണ്ടു നനയ്ക്കുമോ?

(രണ്ടുപേരും പോയി)

പ്രവേശകം

ശിഷ്യൻ:—മറുനാട്ടിൽനിന്നു തിരിച്ചുവന്ന കാശ്യപൻ തിരുവടി നേരംനോക്കാൻ എന്നെ നിയോഗിച്ചിരിയ്ക്കുന്നു. അതിനാൽ പുറത്തുചെന്ന്, പുലരാൻ ഇനി എത്രയുണ്ടെന്നു നോക്കാം.

(ചുറ്റിനടന്നു നോക്കിയിട്ട്) ഓ, പുലർകാലമായി:

---

ഇതാ, ശകുന്തള ഇത്യാദി: രാജാവു നഗരത്തിലേയ്ക്കു യാത്രയായപ്പോൾ ഇരുന്ന ഇരുപ്പാണിത് എന്നു തോന്നുന്നു; അനന്യമായ വിരഹചിന്തയൊന്നല്ലത്രേ, ദുർവ്വാസസ്സിന്റെ കോപവാക്യത്താൽ ഒരക്ഷരംപോലും അവൾ കേൾക്കാതിരുന്നത്.

മുഖത്തുതന്നെ ഇരുന്നുകൊള്ളട്ടെ: ശകുന്തളയോടു പറയേണ്ട. 'പറയുക' എന്നതിനു നേരെയുള്ള 'മുഖത്തിരിക്കട്ടെ' എന്ന ദുഷ്പ്രയോഗം. രക്ഷിയ്ക്കണമല്ലോ; അവളിതു കേട്ടുവെങ്കിൽ പെട്ടെന്ന് അപായപ്പെട്ടുപോയേയ്ക്കും!

സഖിമാരുടെ അതിസ്നേഹമൂലമായ ഈ ലഘുനിശ്ചയമത്രേ, ശകുന്തളയുടെ ജീവിതത്തിൽ അത്രമേൽ വിപ്ലവമുണ്ടാക്കിയത്!

നേരം നോക്കാൻ നിയോഗിച്ചിരിയ്ക്കുന്നു: 'ഞാൻ യാത്രാക്ഷീണംമൂലം നേരത്തെ ഉണർന്നില്ലെന്നു വന്നേയ്ക്കാം; സമയമായാൽ ഉണർത്തണം' എന്നോ മറ്റോ.

Digitized By Kerala Sahitya Akademi

പുക്കന്നു ചരമാദ്രിശൃംഗമൊരിട-
ത്തീയോഷധീനായകൻ,
നേക്കന്യത്ര പുരോഗനായരുണനെ
പ്രാദുഷ്കരിച്ചു രവി;
ഒപ്പം രണ്ടു മഹസ്സിനാപതിതമാ-
മിത്താഴ്ചയും മേന്മയും
ലോകത്തിന്നരുളുന്നിതോ, സ്ഥിരതയെ-
ത്തൻകാലഭേദങ്ങളിൽ! 2

അനസൂയ:—(തിരനീക്കി പ്രവേശിച്ച്) ഇങ്ങിനെയുമാവാമോ? അത്ര വിഷയവിമുഖയായിട്ടുള്ളവൾക്കും അറിയാം: ആ നിലയിലിരുന്ന രാജാവ് ശകുന്തളയിൽ പ്രവർത്തിച്ചത് അന്യായംതന്നെയെന്ന്.

ശിഷ്യൻ: ഹോമത്തിനു സമയമായി എന്നു ഗുരുവിനെ അറിയിക്കാം. (പോയി)

അനസൂയ: ഞാൻ ഉണർന്നുവെന്നേറു എങ്കിലും എന്തുചെയ്യാം? എന്റെ കൈകാലുകൾ പതിവുജോലികളിൽ വ്യാപരിക്കുന്നില്ല. കാമൻ ഇപ്പോൾ പൂർണ്ണകാമനായിക്കൊള്ളട്ടെ; ദുരാശകെട്ട ശഠവനാൽ കൊണ്ടാക്കിക്കളഞ്ഞുവല്ലോ തോഴിയുടെ ഹൃദയത്തെ. അല്ലെങ്കിൽ ദുർവ്വാസസ്സിന്റെ കോ

ശ്ലോകം 2. ചരമാദ്രിശൃംഗം = അസ്തമയപർവ്വതത്തിന്റെ കൊടുമുടി. ഓഷധീനായകൻ: മരണം മുതലായ മഹാവിപത്തുകളെ അകറ്റുന്ന ഓഷധികളുടെ നാഥൻ, ചന്ദ്രൻ. ഔഷധികൾക്കു രസം ലഭിക്കുന്നതു ചന്ദ്രകിരണങ്ങളിൽനിന്നാകുന്നു. അന്യത്ര = മറ്റൊരേടത്ത്. പുരോഗൻ = (തേർ തെളിച്ചുംകൊണ്ടു) മുമ്പിലിരിക്കുന്നവൻ. പ്രാദുഷ്കരിച്ചു = ഉദിപ്പിക്കുന്നു; ഭൃത്യനുകൂടി അഭ്യുദയം വന്നു. ആപതിതം = വന്നുപെട്ടത്. തൻകാലഭേദങ്ങളിൽ: ലോകത്തിനു കാലഭേദത്താൽ വന്നുപെടുന്ന സുഖദുഃഖങ്ങളിൽ. അരുളുന്നിതോ സ്ഥിരതയെ: "പ്രപഞ്ചം നടത്തുന്ന ഈ തേജോമയന്മാർക്കുകൂടിയുണ്ട്, കാലഭേദത്താലുള്ള അധഃപതനവും അഭ്യുദയവും! അതിനാൽ സുഖത്തിലാകട്ടേ ദുഃഖത്തിലാകട്ടേ മനസ്സിന്റെ അടക്കം വിടാതിരിക്കുക!" എന്നുപദേശിക്കുന്നുവോ? എന്നു തോന്നും. നാലാംപാദത്തിന്, 'ലോകത്തിന്നു മനസ്സുറപ്പരുൾവിതോ തൻ കാലഭേദങ്ങളിൽ' എന്നു പാഠഭേദം. ഇപ്പദ്യത്തിന്നുശേഷം, ഈ ശിഷ്യന്റേതായി ഒരു പദ്യംകൂടി പുസ്തകങ്ങളിൽ കാണുന്നു:—

Digitized By Kerala Sahitya Akademi

പത്താലാണ് ഈ മാററം. അല്ലാത്തപക്ഷം ആ രാജർഷി അപ്രകാരമൊക്കെ പറഞ്ഞിട്ട് ഇത്രയും ദിവസങ്ങൾക്കിടയിൽ ഒരെഴുത്തുപോലും അയയ്ക്കാതിരിയ്ക്കുമോ! അതിനാൽ ഓർമ്മവരുന്നതിനു മോതിരം അദ്ദേഹത്തിന്നു അയച്ചുകൊടുക്കുകതന്നെ. ഋഷിപ്രവരാരായ തപസ്വികളിൽ ആരോടപേക്ഷിയ്ക്കും? കുററം ശകുന്തളയ്ക്കല്ല എന്നുറപ്പുണ്ടെങ്കിലും, മറുനാട്ടിൽനിന്നു തിരിച്ചെത്തിയ താതകാശ്യപൻെറ അടുക്കൽ, ശകുന്തള ദുഷ്ഷന്തനാൽ വേൾക്കപ്പെട്ടു ഗർഭിണിയായിരിയ്ക്കുന്നതറിയിപ്പാൻ എനിയ്ക്കു ധൈര്യമില്ല. ഇങ്ങിനെയിരിയ്ക്കെ ഇങ്ങുള്ളവർ എന്തു ചെയ്യേണ്ടൂ?

പ്രിയംവദ:—(പ്രവേശിച്ച് സഹർഷം) തോഴി, വേഗം വരൂ, വേഗം വരൂ, ശകുന്തളയുടെ യാത്രാമംഗളം അനുഷ്ഠിപ്പാൻ.

അനസൂയ: ഇതെങ്ങിനെ തോഴി?

പ്രിയംവദ;—കേട്ടുകൊള്ളുക: ഇപ്പോൾ ഞാൻ 'ഉറക്കം സുഖമായോ?' എന്നു ചോദിപ്പാൻ ശകുന്തളയുടെ അടുക്കൽ പോയിരുന്നു. അപ്പോൾ, താതകാശ്യപൻ, ലജ്ജകൊണ്ടു മുഖം ചായ്ച്ച ശകുന്തളയെ കെട്ടിപ്പുണർന്നു കൊണ്ടരുളുകയായിരുന്നു. 'ഭാഗ്യം, പുകകൊണ്ടു കണ്ണുകാണാതിരുന്ന ഹോതാവിൻെറ ആഹുതി അഗ്നിയിൽത്തന്നെ വീണു; കുഞ്ഞേ,

തിങ്കൾപോയി മറഞ്ഞവെളുപ്പിലക്കുമുദം തിരുമേനി മേ
[illegible]
മങ്കമാരു മണാളരോടു പിരിഞ്ഞിരിയ്ക്കുമവസ്ഥയിൽ-
സ്സങ്കടമിയ്ക്കുമനല്പസങ്കടമെത്രയെത്ര സുദുസ്സഹം!'

പക്ഷെ, ഈ വ്യാഖ്യാതാക്കന്മാർ അതു കണ്ടിട്ടില്ല; കണ്ടിട്ടാവശ്യവുമില്ല.

തിര നീക്കി മുമ്പേ സൂചിപ്പിയ്ക്കപ്പെട്ടിട്ടുവേണം കഥാപാത്രം പ്രവേശിയ്ക്കുവാൻ എന്നാണ് സാമാന്യനിയമം; ആ വിധം സൂചിപ്പിയ്ക്കപ്പെടാതെ കണ്ടുള്ളതാണ്, 'തിരനീക്കി പ്രവേശിയ്ക്കൽ.' ഇതു സംസ്കൃതത്തിൽ കാണിയ്ക്കുന്നു. അനസൂയയുടെ ഈ ആരംഭവാക്യങ്ങളെ, ശിഷ്യകുമാരൻെറതായ ആ പ്രക്ഷിപ്തശ്ലോകത്തോടു ബന്ധിപ്പിച്ചാണ് പലരും വ്യാഖ്യാനിയ്ക്കുന്നത്. വാസ്തവത്തിൽ ഇവർ തമ്മിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെന്നാണ് കവിയുടെ അഭിപ്രായം.

Digitized By Kerala Sahitya Akademi

നല്ല ശിഷ്യനു നല്കപ്പെട്ട വിദ്യയെക്കുറിച്ചെന്നപോലെ, നിന്നെക്കുറിച്ചു ഞാൻ വ്യസനിക്കേണ്ടതില്ല. ഇന്നുതന്നെ ഞാൻ നിന്നെ ഋഷിമാരോടൊന്നിച്ചു ഭർത്താവിൻെറ അടുക്കലേയ്ക്കയയ്ക്കാം.'' എന്ന്.

അനസൂയ: ആരാണ് ഇക്കഥ താതകാശ്യപനോടു പറഞ്ഞത്?

പ്രിയംവദ: അഗ്നിശാലയിൽച്ചെന്നപ്പോൾ, ശ്ലോകരൂപമായ അശരീരിവാക്ക കേൾക്കപ്പെട്ടു.

അനസൂയ: (ആശ്ചര്യത്തോടുകൂടി) ചൊല്ലു, ചൊല്ലു.

പ്രിയംവദ: 'പാരിൻ നന്മയ്ക്കു ദുഷ്ഷന്ത-
തേജസ്സുൾക്കൊണ്ടിരിക്കയാൽ,
തിയ്യുൾച്ചേർന്ന ശമിയ്ക്കൊത്തോ-
ളത്രേ ബ്രഹ്മൻ, കുമാരിയാൾ.' 3

ശകുന്തളയിൽ പ്രവർത്തിച്ചത്: പോകുമ്പോൾ പറഞ്ഞതിൻവണ്ണം ഇതുവരെ പ്രവർത്തിച്ചുവന്നത്. പുത്രകാമനായിക്കൊള്ളട്ടെ: കാമികളെ വശീകരിക്കയാണല്ലോ കാമന്റെ ഗുണം; അതു ശകുന്തളയിൽ തികച്ചും സാധിച്ചുവന്നു. ഋഷിപ്രവൃത്തി: അതേ ഗാന്ധർവ്വമുഖം അന്യന്റെ കോമളവികാരങ്ങളിൽ സഹാനുഭൂതിയില്ലാത്തവർ. പരം ശാകുന്തളമല്ല: അർഹനായ ഒരാളെ ന്യായമായ ഉടമ്പടിയിലേയ്ക്കാണല്ലോ അവൾ കൈക്കൊണ്ടത്.

യാത്രാമംഗളം = ശുഭയാത്രയ്ക്കുവേണ്ടുന്ന ഒരുക്കങ്ങൾ. ഹസ്തിനപുരയാത്രയ്ക്കുള്ള ദ്രവ്യം.

പുകകൊണ്ടു കണ്ണുകാണാതിരുന്ന ഹോതാവിൻെറ: ശകുന്തളയുടെ ഭാവിശുഭമുള്ള ഗാന്ധർവ്വവിവാഹത്തിന് അവളുടെ വൈവാഹികകാര്യത്തിൽ കർത്തവ്യമൂഢനായിരുന്നുവല്ലോ കണ്വൻ. അഗ്നിയിൽത്തന്നെ = അർഹനായ വരങ്കൽത്തന്നെ.

അഗ്നിശാല = നിത്യകർമ്മമായ അഗ്നിഹോത്രം നടത്താനുള്ള ഗൃഹം. കണ്വൻ അശരീരിവാക്ക കേട്ട കഥയാകട്ടെ, പ്രിയംവദ അപ്പോൾ അഗ്നിശാലയിലുണ്ടായിരുന്ന ശിഷ്യരിൽ നിന്ന് അന്വേഷിച്ചറിഞ്ഞതായിരിക്കും.

ശ്ലോകം 3. പാരിൻനന്മയ്ക്ക്: ഇത്രയും ഗൗരവമുള്ള സംഗതിയാകയാലാണ്, ഇത് അശരീരിവാക്കിനു വിഷയമായത്; മകൾ സ്വാതന്ത്ര്യമെടുത്തതിൽ അന്യഥാ കരുതരുതെന്നു സൂചിപ്പിക്കുന്നു. ദുഷ്ഷന്തതേജസ്സ്—സന്തതിബീജത്തിനും തേജസ്സെന്നു പറയും. ശമി = വന്നി: തൈലത്തി

Digitized By Kerala Sahitya Akademi

അനസൂയ:—(പ്രിയംവദയെ കെട്ടിപ്പിടിച്ച്) തോഴി, എനിക്കു സന്തോഷമായി. എന്നാൽ ഇന്നുതന്നെ ശകുന്തളയെ കൊണ്ടുപോകുമല്ലോ എന്ന ഒരുൽക്കണ്ഠ കലൎന്ന സന്തോഷമാണ് ഞാനിപ്പോൾ അനുഭവിക്കുന്നത്.

പ്രിയംവദ:—തോഴി, നമുക്ക വല്ല മട്ടിലും ഉൽക്കണ്ഠ പോകാം; ആ പാവത്തിന്നു സുഖം ലഭിച്ചുകൊള്ളട്ടെ.

അനസൂയ:—എന്നാൽ മാവിന്റെ കൊമ്പത്തു തൂക്കിയിട്ടുള്ള ഈ ചിരട്ടക്കുടുക്കയിൽ വളരെ നാളേക്കു വാട്ടംതട്ടാത്ത ഒരിലഞ്ഞിപ്പൂമാല ഇതിന്നുവേണ്ടിത്തന്നെ ഞാൻ സൂക്ഷിച്ചിട്ടുണ്ട്; നീ അതെടുത്തു കയ്യിൽ വെച്ചുകൊള്ളുക. ഞാൻ ആവോളം ഗോരോചനവും തീൎത്ഥമണ്ണും കറുകമുളയും ചേൎത്തു കുറിക്കൂട്ടുണ്ടാക്കട്ടെ.

പ്രിയംവദ ഉണ്ടാക്കിക്കൊള്ളുക.

(അനസൂയ പോയി. പ്രിയംവദ മാലയെടുക്കുന്നു.)

(അണിയറയിൽ)

എവിടെ ശാൎങ്ഗരവനും മററും?

പ്രിയംവദ:—(കേട്ടിട്ട്) അനസൂയേ, വേഗം വരു. ഇതാ, ഹസ്തിനപുരത്തേക്കു പോകാനുള്ള ഋഷിമാരെ വിളിക്കുന്നു.

അനസൂയ:— (കയ്യിൽകുറിക്കൂട്ടുമായി പ്രവേശിച്ച്) എന്നാൽ വരു.

(രണ്ടുപേരും ചുററിനടക്കുന്നു.)

പ്രിയംവദ:— (നോക്കിയിട്ട്) ഇതാ, സൂൎയ്യോദയത്തിൽത്തന്നെ എണ്ണതേച്ചു കുളിച്ച ശകുന്തള, വരിനെല്ലുകൈക്കൊണ്ടു താപസന്മാരാൽ സ്വസ്തിചൊല്ലി കൊണ്ടാടപ്പെട്ടുകൊണ്ടിരിക്കുന്നു. നാം അടുത്തുചെല്ലുക.

തീ ലയിച്ചുകിടപ്പുള്ള ഒരു വൃക്ഷം. ഇതിന്റെ തടി കടഞ്ഞെടുക്കുന്ന തീ വേണം, യജ്ഞാദികൎമ്മങ്ങൾക്കെന്നത്രേ വിധി.

വളരെ നാളേക്കു വാട്ടം തട്ടാത്ത: ഇവിടെ നിന്നണിഞ്ഞു പോയാൽ ഹസ്തിനപുരത്തിലെത്തുന്നതുവരെ മണം പോകാതേയും വാടാതെയും ഇരി

Digitized By Kerala Sahitya Akademi

(ഇരുവരും അടുത്തുചെല്ലുന്നു)

(പാദത്തിൽവച്ചും ആസനസ്ഥയായ ശകുന്തള പ്രവേശിക്കുന്നു)

ഒരു താപസി:— (ശകുന്തളയോട്) മകളേ, നിനക്കു ഭർത്താവിൻെറ ബഹുമാനത്തെ സൂചിപ്പിക്കുന്നതായ മഹാറാണി എന്ന പേർ സിദ്ധിക്കട്ടെ!

മറ്റൊരുവൾ:— കുഞ്ഞേ, നിനക്കു വീരനായ പുത്രൻ പിറക്കട്ടെ!

വേറൊരുവൾ;— മകളേ, നീ ഭർത്താവിനാൽ ബഹുമാനിക്കപ്പെടട്ടെ

(ആശീർവദിച്ച് ഗൌതമിയൊഴികെ എല്ലാവരും പോയി.)

സഖിമാർ:— (അടുത്തുചെന്ന്) തോഴീ, നിൻെറ സ്നാനം സുഖമായല്ലോ?

ശകുന്തള:— എൻെറ തോഴിമാർക്കു സ്വാഗതം! ഇവിടെ ഇരിക്കുവിൻ.

ഇരുവരും:— (മംഗളപാത്രവും കയ്യിൽവെച്ച് ഇരുന്ന്) ശകുന്തളേ, ഒരുങ്ങുക. ഞങ്ങൾ നിന്നെ മംഗളക്കുറിയിടുവിക്കട്ടെ.

ശകുന്തള:— പതിവുള്ളതാണെങ്കിലും ഇന്നിതിന്നു ഗൌരവം കൂട്ടം: ഇനിമേലിൽ എനിക്കു തോഴിമാരുടെ ചമയിക്കൽ അനുഭവിപ്പാൻ എളുപ്പമില്ലല്ലോ. (കണ്ണീർ വാർക്കുന്നു.)

ഇരുവരും:— തോഴീ, നീ മംഗളസമയത്തു കരയുന്നതു ശരിയല്ല. (കണ്ണീർ തുടച്ച് ചമയിക്കുന്നു:)

പ്രിയംവദ: ആഭരണങ്ങളണിയേണ്ടുന്ന രൂപത്തെ ആശ്രമത്തിലെ ചമയൽസ്സാധനങ്ങൾകൊണ്ടു വികൃതമാക്കുകയാണ് ചെയ്യുന്നത്.

ക്കുന്നു. ഇതിനുവേണ്ടി: ശകുന്തളക്കു ഭർത്തൃഗൃഹത്തിൽ പോകുമ്പോൾ അണിയാൻവേണ്ടി. സൂക്ഷിച്ചിട്ടുണ്ട്: ദുഷ്ഷന്തൻെറ ആൾ ഉടൻ വരുമെന്നു കരുതി, ആയിടെത്തന്നെ ഒരുക്കിവെച്ചിട്ടുണ്ട്.

ആഭരണങ്ങൾ; പൊൻരത്നപ്പണ്ടങ്ങൾ.

ഉടനെ: ഞങ്ങൾ പൂവറുപ്പാൻ ചെന്നപ്പോൾ.

Digitized By Kerala Sahitya Akademi

രണ്ടൃഷികുമാരന്മാർ:— (കയ്യിൽ കാഴ്ച്ദ്രവ്യങ്ങളുമായി പ്രവേശിച്ച്) ഇതാ, ആഭരണങ്ങൾ; അത്രഭവതിയെ അണിയിച്ചുകൊൾവിൻ.

(എല്ലാവരും നോക്കി അത്ഭുതപ്പെടുന്നു)

ഗൌതമി:— ഉണ്ണീ നാരദ, ഇതൊക്കെ എങ്ങിനെ കിട്ടി?

ഒന്നാമൻ:— താതകാശ്യപന്റെ പ്രഭാവത്താൽ.

ഗൌതമി:— മനസ്സുകൊണ്ടു സൃഷ്ടിച്ചതാണോ?

രണ്ടാമൻ:— അല്ല. കേട്ടുകൊള്ളുക: അവിടുന്നു ഞങ്ങളെ, 'ശകുന്തളയ്ക്കുവേണ്ടി വൃക്ഷങ്ങളിൽനിന്നു പൂക്കൾ കൊണ്ടുവരുവിൻ' എന്നു നിയോഗിച്ചയയ്ക്കുകയായിരുന്നു.

ഉടനെ,

കാണിച്ചാനൊരു ശാഖി തിങ്കൾനിറമാം
കല്യാണവെൺപട്ടിനെ:—
ത്തുകീ മറ്റൊരു ശാഖി കാലിലണിയും
ലാക്ഷാരസത്തെ സ്വയം;
മൈപ്പൂണ്ടങ്ങളെ നല്കി, മറ്റു ചിലതി-
ന്മേൽനിന്നു കീഴേപ്പു തൊ–
ട്ടാലക്ഷ്യങ്ങളരണ്യദേവതകൾതൻ
തൽപ്പൈംതളിർപ്പാണികൾ. 4

പ്രിയംവദ:—(ശകുന്തളയെ നോക്കിയിട്ട്) ഈയൊരനുഗ്രഹംകൊണ്ടറിയാം, നിനക്കു ഭർത്തൃഗൃഹത്തിൽ അനുഭവിപ്പാനുള്ള രാജലക്ഷ്മി.

ശ്ലോകം 4. ശാഖി = മരം. കല്യാണവെൺപട്ട്: മംഗളസമയത്തുടുപ്പാനുള്ള വെള്ളപ്പട്ട്. ലാക്ഷാരസം = ചെമ്പഞ്ഞിച്ചാറ്. മറ്റു ചിലതിന്മേൽ നിന്ന്: വേറെ ചില വൃക്ഷങ്ങളിന്മേൽ നിന്ന്. കീഴേപ്പുതൊട്ടാലക്ഷ്യങ്ങൾ = മണികണ്ഠം മുതല്ക്കു മാത്രം വെളിക്കു കാണുമാറായവ. തൽപ്പൈംതളിർപ്പാണികൾ = ആ മരങ്ങളുടെ തളിരുകളാണെന്നു തോന്നുമാറുള്ള കൈപ്പടങ്ങൾ.

Digitized By Kerala Sahitya Akademi

(ശകുന്തള വന്ദിക്കുന്നു.)

ഒന്നാമൻ:—ഗൌതമി, വരൂ, വരൂ. വൃക്ഷങ്ങളുടെ ഭക്തി, കഴിച്ചുകയറിയ താതകാശ്യപനെ അറിയിക്കാം.

രണ്ടാമൻ:—അങ്ങിനെത്തന്നെ.

(രണ്ടുപേരും പോയി.)

സഖിമാർ:—ആഭരണങ്ങളിൽ പെരുമാറിയിട്ടില്ലാത്തവരാണ് ഇയ്യുള്ളവർ. എങ്കിലും ചിത്രമെഴുത്തിലെ പരിചയംമൂലം ഞങ്ങൾ നിന്റെ അവയവങ്ങളിൽ ആഭരണങ്ങളണിയിക്കാം.

ശകുന്തള:—എനിക്കറിയാമല്ലോ, നിങ്ങളുടെ നൈപുണ്യം.

(സഖിമാർ ആഭരണമണിയിക്കുന്നു.)

(സ്നാനം കഴിഞ്ഞിട്ട് കണ്വൻ പ്രവേശിക്കുന്നു.)

ഇന്നോമന്നപ്പോവുകയായ് ശകുന്തളയിതോ—
ർത്തിങ്ങൽപ്പെടുന്നു മനം;
കണ്ഠം ബാഷ്പനിയന്ത്രണാൽക്കലുഷിതം;
മങ്ങുന്നു കൺ ചിന്തയാൽ—
സ്നേഹാലിത്രയുമാകുലൻ ഹഹ, വനേ
മേവുന്ന ഞാൻപോലുമേ;
ഗേഹസ്ഥർക്കെഴലെത്രയെത്ര പുതുതാം
പുത്രീവിയോഗാൽപ്പെടാം! 5

(ചുററി നടക്കുന്നു)

ശ്ലോകം 5. കണ്ഠം ബാഷ്പനിയന്ത്രണാൽക്കലുഷിതം = കണ്ണീർ അടക്കിയതുകൊണ്ടു തൊണ്ട കലങ്ങിയിരിക്കുന്നു. കൺ മങ്ങുന്നു: നോക്കുന്നതൊന്നും ശരിക്കു കാണുന്നില്ല. ആകുലൻ = വിവശനായിരിക്കുന്നു. വനേ മേവുന്ന: ലൌകികബന്ധങ്ങളൊന്നുമില്ലാതെ കാട്ടിൽ തപസ്സുചെയ്യുന്ന. ഗേഹസ്ഥർക്ക്: ലൌകികബന്ധങ്ങളിൽത്തന്നെ മുഴുകിജ്ജീവിക്കുന്ന ഗൃഹസ്ഥന്മാർക്ക്. പുതുതാം പുത്രീവിയോഗാൽ: സ്വന്തം മകളെ ആദ്യമായി ഭർത്തൃഗൃഹത്തിലേക്കയയ്ക്കുന്ന സമയത്ത്. പെടാം = ഉണ്ടാവും!



Digitized By Kerala Sahitya Akademi

സഖിമാർ:— ശകുന്തളേ, ആഭരണമണിയൽ കഴിഞ്ഞു. ഇനി വെള്ളപ്പുടവയുടുക്കുക.

(ശകുന്തള പുടവയെടുത്തുടുക്കുന്നു)

ഗൌതമി:— മകളേ, ഇതാ, നിന്റെ അച്ഛൻ ആനന്ദം വഴിയുന്ന കണ്ണുകൊണ്ടു് ആശ്ലേഷിച്ചുംകൊണ്ടെന്ന പോലെ അടുത്തു വന്നിരിക്കുന്നു. ചെന്നു വന്ദിക്കുക.

ശകുന്തള:— (ലജ്ജയോടുകൂടി) അച്ഛാ, ഞാൻ വന്ദിക്കുന്നു.

കണ്വൻ:— കുഞ്ഞേ,

യയാതി ശർമ്മിഷ്ഠയെയെന്നപോലെ
മാനിക്കു നിന്നെക്കണവൻ നികാമം!
സാമ്രാജ്യമാളുന്ന സുതൻ നിനക്കും
പിറക്ക,വംശക്കൊടിപൂരുവെന്നപോലെ. 6

ഗൌതമി:— ഭഗവൻ, ഇതൊരു വരംതന്നെ: ആശീർവാദമല്ല.

കണ്വൻ:— കുഞ്ഞേ, ഇവിടെ ഇപ്പോഴുംതന്നെ ഹോമിക്കപ്പെട്ട അഗ്നികളെ വലത്തുവെയ്ക്കുക.

(എല്ലാവരും പുറപ്പെടുന്നു)

ശ്ലോകം 6. യയാതി എന്ന ചന്ദ്രവംശരാജാവു്, പട്ടമഹിഷിയായ ദേവയാനിയിലെന്നപോലെ ഗാന്ധർവ്വമായി വേട്ട ശർമ്മിഷ്ഠയിലും അനുരക്തനായിരുന്നു. അവരിരുവരിലുംകൂടി അഞ്ചു പുത്രന്മാരുണ്ടായിരുന്നതിൽ പൂരു എന്ന ഇളയ ശർമ്മിഷ്ഠാപുത്രനാണ്, പിതൃഭക്തിമൂലം രാജ്യാഭിഷിക്തനായതു്. വലിയ ധർമ്മിഷ്ഠനായിരുന്ന ആ പൂരുവിന്റെ വംശം, തദ്വംശ്യന്മാർക്ക് 'പൌരവൻ' എന്നതു് ഒരു ബിരുദപ്പേരുപോലെയായി.

ഇതൊരു വരംതന്നെ, ആശീർവ്വാദമല്ല: ഇഷ്ടത്തെ ആശംസിക്കൽ മാത്രമാണ് ആശിസ്സ്; വരമോ അതിനെ വിധിക്കുകതന്നെയാണ്. ഇതു സംഭവിക്കുകതന്നെ ചെയ്യുമെന്നഭിപ്രായം.

ഋക്ഛന്ദസ്സ്: ഋഗ്വേദാദി ആർഷഗ്രന്ഥങ്ങളിൽമാത്രം കാണാവുന്ന ഒരുതരം ശ്ലോകവൃത്തം.

Digitized By Kerala Sahitya Akademi

കണ്വൻ:— (ഋക്ഛന്ദസ്സുകൊണ്ടാശീർവ്വദിയ്ക്കുന്നു.)

ഇതാ, വേദിച്ചുഴലെക്കണ്ഡമധ്യേ
സമിത്താസ്തം ദർഭ ചാരേ വിരിച്ചും
ഹവിഗ്ഗന്ധാൽദ്ദുരിതം പോക്കിയാളും
യജ്ഞീയച്ചെന്തീകൾ തേ ചേക്ക ശുദ്ധി! 7

ഇനി പുറപ്പെട്ടുകൊൾക. (ദൃഷ്ടിക്ഷേപത്തോടെ) എവിടെ ശാർങ്ഗരവനും മററും?

ശിഷ്യർ:— (പ്രവേശിച്ച്) ഭഗവൻ, ഇതാ, ഞങ്ങൾ.

കണ്വൻ: ശാർങ്ഗരവൻ, നിൻെറ സഹോദരിയ്ക്കു വഴികാട്ടി കൊടുക്കുക.

ശാർങ്ഗരവൻ:— ഭവതി ഇതിലേ, ഇതിലേ.

(എല്ലാവരും ചുററിനടക്കുന്നു)

കണ്വൻ:— ദേവതാസാന്നിദ്ധ്യമുള്ള തപോവനവൃക്ഷങ്ങളേ,

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ
നിങ്ങൾക്കു നല്കാതെയാർ,
നുള്ളാറില്ലണിവാൻ കൊതിയ്ക്കുകിലുമാ-
രമ്പാൽബ്ഭവൽപ്പല്ലവം,
നല്ലോത്സവമാക്കു നിങ്ങടെ കടി-
ഞ്ഞൂൽപ്പൂപ്പിറപ്പേ,കുകി-
ഞ്ഞെല്ലാരും വിട,യശ്ശകുന്തളയിതാ,
പോകുന്നു കാന്താലയേ. 8

ശ്ലോകം 7. വേദിച്ചുഴലെ = വേദിയ്ക്കു ചുററും. സമിത്ത് = ചമത. ഹവിഗ്ഗന്ധാൽ = ഹവിസ്സിൻെറ ഗന്ധത്താൽ. ദുരിതം = പാപം. യജ്ഞീയച്ചെന്തീകൾ; ദക്ഷിണം, ഗാർഹപത്യം, ആഹവനീയം എന്നു മൂന്നുവിധമത്രേ യജ്ഞാഗ്നികൾ.

ദേവതാസാന്നിദ്ധ്യമുള്ള: ഓരോ ദേവതമാർ കുടികൊള്ളുന്ന.

ശ്ലോകം 8. നിങ്ങൾക്കു നല്കാതെ; നിങ്ങളെയെല്ലാം നനച്ചു കഴിയാതെ. അമ്പ് = സ്നേഹം. ഭവൽപല്ലവം = നിങ്ങളുടെ തളിർ. കടിഞ്ഞൂൽപ്പൂപ്പിറപ്പ് = ആദ്യമായി പുഷ്പിയ്ക്കൽ; ആദ്യത്തെ പ്രസവം എന്നു വ്യംഗ്യം. അശ്ശകുന്തള: നിങ്ങളിൽ അത്രയ്ക്കു വാത്സല്യശാലിനിയായ ശകുന്തള.

Digitized By Kerala Sahitya Akademi

(കയിലൊച്ച കേൾക്കുന്നതായി നടിച്ച്) ആ,

വിടയരുളി ശകുന്തളയ്ക്കിദാനീം
വിടപികൾ കാനനവാസബന്ധുവന്മാർ:
ഇവ മറുപടിയേവമോതിയല്ലോ,
കളതരമാം കളകണ്ഠനിസ്വനത്താൽ! 9

(ആകാശത്ത്)

ഇടയിലിടയിൽപ്പദ്മപ്പച്ചപ്പിയന്ന സരോവരം,
ചുടുവെയിലടുക്കാതുള്ളൊന്നാം തണൽത്തരുമണ്ഡലം
പരിമൃദുലമാം പൊയ്ത്താർപ്പൂളീരജസ്സ്, അനുകൂലനാം
ചെറുപവനനിമ്മട്ടായ് മംഗല്യമാകണമേ നിൻവഴി. 10

(എല്ലാവരും ആശ്ചര്യത്തോടെ കേൾക്കുന്നു)

ഗൌതമി:—മകളേ, ബന്ധുസ്നേഹമുള്ള വനദേവതമാർ നിന്നെ വിടതന്നു. ഭഗവതിമാരെ നമസ്കരിയ്ക്കുക.

ശകുന്തള:—(നമസ്കരിച്ചു ചുററിനടന്ന് നിഗൂഢം) പ്രിയംവദേ, ആര്യപുത്രനെക്കാണാൻ ഔത്സുക്യമുണ്ടെങ്കിലും, ആശ്രമം വിട്ടുപോകുന്ന എന്റെ കാലുകൾ തുലോം പണിപ്പെട്ടാണ് മുന്നോട്ടു നീങ്ങുന്നത്.

പ്രിയംവദ:—തോഴിയ്ക്കു മാത്രമല്ല, തപോവനത്തോടു വേർപി

ശ്ലോകം 9. കളതരം: ഏററവും അവ്യക്തമധുരം. കളകണ്ഠം = കുയിൽ.

ശ്ലോകം 10. പദ്മപ്പച്ചപ്പിയന്ന സരോവരം = താമരയിലകൾ നിറഞ്ഞു പച്ചനിറമായ—അതുമൂലം കുളിർമയും ആഴവുമുള്ളവ—ന്ന പൊയ്ക. തണൽത്തരുമണ്ഡലം = തണലുള്ള മരക്കൂട്ടം. പൊയ്ത്താർപ്പൂളീരജസ്സ് = താമരപ്പൂമ്പൊടിയുള്ളതായ മണ്ണൊടി. അനുകൂലനാം ചെറുപവനൻ: ഏതു ദിക്കിലേയ്ക്കു പോകുന്നുവോ, ആദിക്കിലേയ്ക്കുതന്നെ മന്ദമായി വീശുന്ന കാററ്. ഇമ്മട്ടായ് = ഇപ്പറഞ്ഞവയോടുകൂടി. മംഗല്യം: സുഖവും ശുഭവും നല്കുന്നത്.

ആര്യപുത്രൻ = നാടകാദികളിൽ, സ്ത്രീകൾ ഭർത്താവിനെ വിളിയ്ക്കുന്ന പേര്.

Digitized By Kerala Sahitya Akademi

റിയുന്നതിൽ സങ്കടം; നിന്നോടു വേർപെടാൻ തുടങ്ങുന്ന തപോവനത്തിന്റെയും സ്ഥിതി ഇങ്ങിനെയായിരിക്കുന്നു.

വീഴുന്നു വായകളിൽനിന്നു ചവച്ച ദർഭ
മാൻപേടകൾക്കു; മയിലിൻ നടനം നിലച്ചു;
വള്ളീം വിളർത്തു കൊഴിയുന്നിലയാൽപ്പൊഴിപ്പൂ
കണ്ണീർകണങ്ങളെ വനവല്ലികളെന്നു തോന്നും. 11

ശകുന്തള:— (ഓർമ്മിച്ച്) അച്ഛാ, ഞാൻ ലതാസോദരിയോട്—വനജ്യോത്സ്നയോട്—വിട ചോദിക്കട്ടെ.

കണ്വൻ:— എനിക്കറിയാം, നിനക്ക് അതിനെക്കുറിച്ചുള്ള സോദരീസ്നേഹം. അതിതാ, വലത്തുവശത്ത്.

ശകുന്തള: (ലതയുടെ അടുക്കൽച്ചെന്ന്) വനജ്യോത്സ്നേ, നീ മാവിനോടു ചേർന്നിരിക്കുന്നുവെങ്കിലും, ഇങ്ങോട്ടു നീണ്ട കൊമ്പുകളാകുന്ന കൈകൾകൊണ്ട് എന്നെ ആലിംഗനം ചെയ്യാലും. ഇന്നു മതല്ക്ക് ഞാൻ ദൂരസ്ഥയായിപ്പോകുകല്ലോ.

കണ്വൻ,

ഞാൻ മുമ്പേ കരുതിപ്പെടിതന്നെ, തനിക്കു തക്ക
ഭർത്താവുമായ് സംബന്ധം ചേർന്നുകഴിഞ്ഞു ഭാഗ്യാൽ;

ശ്ലോകം 11. വീഴുന്നു: ദുഃഖാവേശംനിമിത്തം വാ തുറന്നു പോകുന്നതുകൊണ്ട്. നടനം: സന്തോഷസൂചകം. വനവല്ലികൾ: ബന്ധുസ്ത്രീകളെന്നപോലെ.

എനിക്കറിയാം: ശകുന്തളയുടെ സ്വഭാവപശ്ചാത്തലം അറിയുമാറു, ലതയിൽ അവളിൽ മാത്രയും ശ്രദ്ധാലുവാണ്.

വനജ്യോത്സ്നേത്യാദി: തിര്യക്കുകളെയും സ്ഥാവരങ്ങളെക്കൂടിയും, അവ തിര്യക്കുകളും സ്ഥാവരങ്ങളുമാണെന്നപോലും വിസ്മരിക്കുമാറ്, മാത്രയും അടുപ്പത്തോടെ സ്നേഹിക്കുക എന്നതായിരുന്നു ഋഷ്യാശ്രമങ്ങളിലെ നിത്യപാഠം; അതു സരളഹൃദയയായ ശകുന്തളയിൽ എത്രത്തോളം ഫലിച്ചിരിക്കുന്നു എന്ന് ഇതിൽ വ്യക്തമാകുന്നു.

Digitized By Kerala Sahitya Akademi

ഇമ്മാലതീലതിക ചേർന്നിതു മാവിനോടും:
നിന്നാലുമില്ലിനിയെനിക്കിതിനാലുമിണ്ടൽ. 12

ഇനി നീ വഴിയിലേയ്ക്കു ചേരുക:

ശകുന്തള:— (സഖിമാരോട്) ഇതിനെ ഞാൻ നിങ്ങൾ രണ്ടു പേരുടേയും കയ്യിൽ ഏല്പിച്ചിരിയ്ക്കുന്നു. (കണ്ണീർ വാർക്കുന്നു)

സഖിമാർ:— ഇയ്യുള്ളവരെ ആരുടെ കയ്യിലാണ് ഏല്പിയ്ക്കുന്നത്?

കണ്വൻ:— അനസൂയേ, കരയാതിരിയ്ക്കുവിൻ. നിങ്ങൾ വേണമല്ലോ ശകുന്തളയെ ധൈര്യപ്പെടുത്തുവാൻ.

(എല്ലാവരും ചുറ്റിനടക്കുന്നു)

ശകുന്തള:— അച്ഛ, ഗർഭം നിമിത്തം പർണ്ണശാലയുടെ സമീപത്തു പതുക്കെപ്പതുക്കെ നടക്കുന്ന ഈ മാൻപേട സുഖമായി പ്രസവിച്ചാലപ്പോൾ, ആ സന്തോഷവർത്തമാനം എന്നെ അറിയിയ്ക്കുന്നതിന്ന് ഒരാളെ അയയ്ക്കുണേ!

കണ്വൻ: ഇതു ഞങ്ങൾ മറക്കാതെ വെച്ചുകൊള്ളാം.

ശകുന്തള: (നടത്തത്തിന്ന് തടവു നടിച്ച്) എന്തൊന്നാണ്, മരക്കൊമ്പിൻതലപോലെ എന്റെ വസ്ത്രത്തിൽ തടയുന്നത്?

ശ്ലോകം 12. ഭാഗ്യാൽ: ആരുടെയും യാതൊരു ശ്രമവുമില്ലാതെ തന്നെ. ഇണ്ടൽ = മനോവിചാരം.

ഗർഭംനിമിത്തം......നടക്കുന്ന: ആസന്നപ്രസവയാകയാൽ ആശ്രമോപാന്തം വിട്ടു ദൂരെപ്പോകാറില്ലാത്ത. ഒരാളെ അയയ്ക്കുണേ: പാവം, ഒരു ചക്രവർത്തിയുടെ പട്ടമഹിഷി എന്ന സ്ഥാനത്തിന്റെ ഗൌരവവും, ഒരു മഹാത്മാവായ കുലപതിയുടെ ചുമതലകളുമെല്ലാം അവൾക്ക്, ഒരു മാമ്പേടയുടെ സുഖപ്രസവത്തിന്നു മുമ്പിൽ ഒന്നുമില്ല!

Digitized By Kerala Sahitya Akademi

കണ്വൻ:

ഏതിന്റെ ദർഭമുന തട്ടി മുറിഞ്ഞ ചുണ്ടി-
ന്മേലോടലെണ്ണ പെരുമാറിയുണക്കിയോ നീ,
നിൻകൈകളാൽ ചാമപിടി നല്കി വളർത്ത പുത്ര-
നാ മാനിതാ, പിറകിൽനിന്നൊഴിയുന്നതില്ലാ. 13

ശകുന്തള: കുഞ്ഞേ, എന്തിനാണ് നീ സഹവാസം വെടിയുന്ന എന്റെ പിന്നാലെ പോരുന്നത്? പെററ ഉടനെ തള്ള വിട്ടുപോയി എങ്കിലും, നീ വളർത്തപ്പെട്ടുവല്ലോ; ഇനി ഞാൻ വേർപെട്ടാലും നിന്നെ അച്ഛൻ നോക്കിക്കൊള്ളും. തിരിച്ചു പോയ്ക്കൊൾക. (കരഞ്ഞുകൊണ്ടു നടക്കുന്നു.)

കണ്വൻ:

ഉൽപക്ഷ്മമാം മിഴിയിൽ വന്നു തടഞ്ഞുനില്പും
കണ്ണീരുതന്നുറവടക്കുക ധീരയായ് നീ:

ശ്ലോകം 13. ഈ മാൻകുട്ടിയുടെ കഥ ആ ആശ്രമത്തിലെ ഋഷികൾക്കു കൗതുകകരമായ ഒരു സല്ലാപവിഷയമാണ്:— ഇതിനെ പെററ ഉടനെ തള്ള മരിച്ചുപോയി. ആർദ്രഹൃദയയായ ശകുന്തള ഇതിനെ, 'ഇതിനി എന്റെ മകനാണ്,' എന്നിട്ടു പോററി, ദീർഘാപാംഗൻ എന്നു പേരുമിട്ടു. അവൾ തന്നെ അവനു ചാമ പറിച്ചു ചുണ്ടിൽ കൊടുക്കും. മററും കൂടെ കൊണ്ടുനടന്നു. വല്ലപ്പോഴും കാണാതിരുന്നാൽ അവൻ അവളെ തേടിച്ചെല്ലുമെന്നായി. അങ്ങിനെ യാത്രയയയ്ക്കാൻ ചെല്ലുന്ന കഥ അഞ്ചാമങ്കത്തിൽ വിവരിക്കുന്നുണ്ട്; ഇപ്പോഴും അങ്ങിനെ വന്നതാണവൻ. ഒരിക്കൽ, മുലപ്പാലില്ലായ്കയാൽ കാലമാകുന്നതിനു മുമ്പുതന്നെ, അവൻ ദർഭപ്പുല്ലു കടിച്ചുകാരുമ്പോൾ മൂർച്ചയേറിയ ദർഭമുന തട്ടി ആ ഇളംചുണ്ടുകൾ മുറിഞ്ഞുപോയി; ശകുന്തളയ്ക്കു വലിയ പരിതാപവും വ്യസനവുമായി. പിന്നീടു ആ മുറിവുണങ്ങുന്നതുവരെ, കൂടെക്കൂടെ അതിന്മേൽ ഓടലെണ്ണ പുരട്ടുകയായിരുന്നു അവളുടെ ഒരേയൊരു ജോലി!

സഹവാസം......പോരുന്നത്: നിന്നിൽ സ്നേഹമില്ലാതെ കടന്നുപോകുന്ന എന്നെ എന്തിനു സ്നേഹിക്കുന്നു? പെററ ഉടനെ ഇത്യാദി; ഇന്ന ആളില്ലെങ്കിൽ ഇന്ന ആൾക്കു രക്ഷയുണ്ടാകുമായിരുന്നില്ല' എന്ന ധാരണ ആസ്തികദൃഷ്ടിയിൽ അബദ്ധമാണെന്ന തത്വജ്ഞാനം ഹൃദയത്തിൽവെച്ചുകൊണ്ടത്രേ ശകുന്തളയുടെ ഈ വാക്ക്.

Digitized By Kerala Sahitya Akademi

നിമ്നോന്നതസ്ഥലികഠം കണ്ടറിയായ്കയാലീ
മാൎഗ്ഗത്തിൽ നിന്റെ കഴൽവെപ്പിടർ തേടുമല്ലോ! 14

ശാർങ്ഗരവൻ: ഭഗവൻ, ജലാശയംവരെ മതി, സ്നേഹമുള്ളവരെ അനുയാത്ര ചെയ്യുക എന്നാണല്ലോ ശ്രുതി. എന്നാലിതാ, സരസ്സിന്റെ തീരം; ഇവിടെവെച്ചു ഞങ്ങഠംക്കു സന്ദേശം നല്കി ഇവിടുന്നു മടങ്ങിക്കൊള്ളുക.

കണ്വൻ:—എന്നാൽ നമുക്കു ഈ പേരാലിന്റെ തണലത്തു നില്ക്കുക.

(എല്ലാവരും ചുററിനടന്നു നില്ക്കുന്നു.)

കണ്വൻ:— (ആത്മഗതം) എന്തൊന്നാണ് തത്ര ഭവാൻ ദുഷ്യന്തന്ന് ഉചിതമാംവണ്ണം ഞാൻ സന്ദേശിക്കേണ്ടതു്? (ആലോചിക്കുന്നു)

ശകുന്തള:— (നിഗൂഢം) തോഴി, നോക്കു: താമരയിലകൊണ്ടു മാത്രം മറഞ്ഞിരിക്കുന്ന കൂട്ടുകാരനെ കാണായ്കയാൽ ചക്രവാകപ്പിട സങ്കടപ്പെട്ടു നിലവിളിക്കുന്നു. ദുഷ്കരമായിട്ടുള്ളതുതന്നെയാണു ഞാൻ ചെയ്യുന്നതു്!

അനസൂയ: തോഴി, ഇങ്ങിനെ പറയരുതു്:

ഇവളും പ്രിയനൊടു വേർപെ—
ട്ടഴലാൽ നെടുതായ രാത്രി പോക്കുന്നു;

ശ്ലോകം 14. ഉൽപക്ഷ്മം = ഉയൎന്ന ഇമരോമങ്ങളോടുകൂടിയതു്: കണ്ണീർ വീഴാതെ നില്പാൻ കാരണം. തടഞ്ഞു = കാഴ്ച മറച്ചു്. നിമ്നോന്നതസ്ഥലികൾ = താഴ്ന്നും ഉയൎന്നുമുള്ള പ്രദേശങ്ങൾ. ഇടർ തേടും: ഇടറിപ്പോകും.

തോഴീ, നോക്കു: അടുത്തുള്ള സരസ്സിലേക്കു്. താമരയില...... ...രിക്കുന്ന = താമരയിലകൊണ്ടു് ഒരു മറവുണ്ടാവുകമാത്രം ചെയ്തിരിക്കുന്ന. ദുഷ്കരം = ചെയ്‌വാൻ പ്രയാസമുള്ളതു്: ഞാൻ ചെയ്യുന്നതു്; കൂട്ടുകാരൻ (ഭൎത്താവ്) ഇത്ര അകലപ്പെട്ടതുപോലും സഹിച്ചുകൊണ്ടിരിക്കുന്നതു്.

ശ്ലോകം 15. അഴലാൽ നെടുതായ = വിരഹദുഃഖത്താൽ നീളം കൂ

Digitized By Kerala Sahitya Akademi

കനമേറിയ വേദനയെയു-
മാശാബന്ധം പൊറുപ്പിക്കും. 15

കണ്വൻ:—ശാർങ്ഗരവ, നീ ശകുന്തളയെ മുമ്പിൽനിർത്തി ആ രാജാവിനോടു ഞാൻ ഇപ്രകാരം പറഞ്ഞതായിപ്പറയണം.

ശാർങ്ഗരവൻ:—ഇവിടുന്ന് ആജ്ഞാപിച്ചാലും.

കണ്വൻ:

ധന്യം തൻകുലമെന്നതും, ശമധന-
ന്മാർ ഞങ്ങളെന്നുള്ളതും,
നിന്നിൽ സ്നേഹമിവൾക്കു ബന്ധുകൃതമ-
ല്ലെന്നമട്ടെന്നുള്ളതും,
നന്നായോർത്തു ഭവാൻ ഗ്രഹിക്കുകിവളെ-
സ്സാമാന്യപത്നീജനേ
പിന്നെബ്ഭാഗ്യവിധേയമാം;—മതമെ-
ന്നോതേണ്ട പെൺകൂറുകാർ? 16

ടിവരുവിക്കുന്നു. ആശാബന്ധം: മേലിൽ സുഖം വരുമല്ലോ എന്ന ആശ്വാസനിലയിരിപ്പ്.

ശാർങ്ഗരവ: ഈ ഋഷിയാണ് മറ്റുള്ളവരേക്കാൾ ലൗകികജ്ഞനെന്ന് ഇതിൽനിന്ന് കാണാം.

ശ്ലോകം 16. രാജപരിഗൃഹീതയായ കന്യകയെ അദ്ദേഹം വന്നു കൊണ്ടുപോകുന്നതിനുമുമ്പ് താങ്ങോട്ടയച്ചുകൊടുക്കുകയാണെങ്കിൽ, അതു തദുചിതങ്ങളായ ആഡംബരങ്ങളോടും മറ്റുംകൂടിവേണം; താങ്ങിനെയല്ലാതെ, ഈ വിധം അയയ്ക്കുന്നതിൽ പരിഭവം തോന്നാതിരിപ്പാനുള്ള ഒരു അനുനയത്തെ സൂചിപ്പിച്ചുകൊണ്ടുള്ളതാകുന്നു, ഈ സന്ദേശം: ഞങ്ങൾക്കു ശമം (തപസ്സ്) ഒന്നു മാത്രമേ ധനമായിട്ടുള്ളു; അതേതോ, സ്ത്രീധനാദി ലഘുവിഷയങ്ങളിൽ ശ്രദ്ധിക്കുതതാത്ത ഒരുയന്ന വംശത്തിൽ ജനിച്ചാളുമാണ്. അതിനുംമേലെ, ഭവാങ്കൽ ഇവൾക്കുണ്ടായ സ്നേഹം ഒരു വിധത്തിലും ബന്ധുകൃതമല്ലായ്കയാൽ—ബന്ധുക്കൾ പറകയോ അറികയോ ചെയ്യാതെ സ്വയം ഉണ്ടായതാകയാൽ—ആ അകൃത്രിമസ്നേഹം ഒന്നു മതിയല്ലോ, ഭവാന് ഇവളെ സർവ്വാത്മനാ ആദരിക്കുവാൻ. നന്നായോർത്ത്; ഈ വസ്തുസ്ഥിതികളെപ്പററിയെല്ലാം വഴിപോലെ ആലോചിച്ച്. ഗ്രഹിക്കുകിവളെസ്സാമാന്യപത്നീജനേ = ഇവളെ മററുപത്നിമാരുടെ നിലയിലുള്ള ഒരുവളായി



Digitized By Kerala Sahitya Akademi

ശാർങ്ഗരവൻ:—സന്ദേശം മനസ്സിലായി.

കണ്വൻ:—കുഞ്ഞേ, ഇനി നിന്നോട് ഒന്നുപദേശിയ്ക്കാനുണ്ട്. നോക്കു, വാസം കാട്ടിലാണെങ്കിലും ഞങ്ങൾക്കു ലോകപരിചയമുണ്ട്.

ശാർങ്ഗരവൻ:—ബുദ്ധിമാന്മാർക്ക് അഗോചരമായിട്ടൊന്നുമില്ലല്ലോ.

കണ്വൻ:—കുഞ്ഞേ, അങ്ങിനെ നീ ഇവിടെനിന്നു ഭർത്തൃഗൃഹത്തിൽച്ചെന്നുചേന്നാൽ,

കൈക്കൊള്ളുമാറാകണം. അപ്പുറം: അവരേക്കാൾ ഉയർന്ന നിലയിൽ കൈക്കൊള്ളുക മുതലായത്. ഭാഗ്യവിധേയം = ഭാഗ്യത്തിനധീനമാണ്. അതിനെപ്പററി പെൺകൂററുകാർ (പെണ്ണിന്റെ ബന്ധുക്കൾ) പറയുന്നതായാൽ, അതു പക്ഷപാതപരവും തന്മൂലം അശ്രദ്ധേയവുമായേ വരൂ.

ഓക്സിലിന്റെ വിശേഷണമായ 'നന്നായ്' എന്ന പദം, ഈ സന്ദേശത്തിന്റെ താല്പര്യാർത്ഥമെന്ന ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ ആളെ അയയ്ക്കാഞ്ഞതിലും, ശകുന്തളയുടെ ഗൃഹപ്പിഴ അറിവുള്ളതിനാലും, കണ്വൻ അശ്രുഭേദശങ്കമൂലം രാജാവിന് ഒരു താക്കീതുകൂടി 'നന്നായയോർത്ത്' എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നു: ഞങ്ങൾ വേണ്ടുവോളം തപശ്ശക്തിയുള്ളവരാണ്; ഞങ്ങളിൽനിന്നുണ്ടാകുന്ന നിഗ്രഹമോ അനുഗ്രഹമോ, രണ്ടായാലും അങ്ങേയ്ക്കു മാത്രമല്ല, ധന്യമായ ഒരു വംശത്തിനു മുഴുവനുമാണ്; അങ്ങോ, സ്വയം വന്നു ബന്ധുക്കളുടെ ഇഷ്ടാനിഷ്ടം അന്വേഷിക്കുകയേ ചെയ്യാതെയാണ് ഇവളുടെ സ്നേഹം സമ്പാദിച്ചത്; അതിനാൽ അങ്ങേയ്ക്കിതിൽ യാതൊരൊഴിവുകഴിവുമില്ല! എന്നാൽ, ഇതൊക്കെവെച്ച്, ഞങ്ങൾ കടന്നൊന്നും ആവശ്യപ്പെടുന്നില്ല; ഇവളെ മററു പത്നിമാരുടെ കൂട്ടത്തിൽ ഒരുവളായിഗ്ഗണിച്ചാൽ മതി— ഇത്യാദി. ഇവിടെ മൂലപദ്യത്തിൽ 'സാമാന്യപ്രതിപത്തി' എന്ന പദത്തെ സാ—മാന്യ പ്രതിപത്തി എന്നും, 'തയാ ഭാഗ്യായത്തം' എന്ന പദങ്ങളെ തയാ+അഭാഗ്യായത്തം എന്നു ഭേദിച്ച് അന്തസ്സ് ചുഴിഞ്ഞിറങ്ങിയ അർത്ഥങ്ങളെ വ്യാഖ്യാനിച്ചുണ്ടാകുന്ന പാണ്ഡിത്യം, ഗംഭീരാശയമായ ഒരു മഹാപദ്യത്തിനു പരിക്കേല്പിക്കുകയാണ്.

സന്ദേശം: സന്ദേശത്തിന്റെ താല്പര്യം; അതു മാത്രമാണല്ലോ ശാർങ്ഗരവൻ ഇനി രാജാവിനോടു പറയുന്നത്.

വാസം കാട്ടിലാണെങ്കിലും: നാട്ടാചാരങ്ങളുമായി ഇടപെടുന്നില്ലെങ്കിലും; അതിനാൽ ഞാനിപ്പറയുന്നത് അശ്രദ്ധേയമായിക്കരുതരുത്: ആ കുലപതിയുടെ ഒരു ഫലിതത്തിലുള്ള മേനി പറയലും കൂടിയാണിത്.

അഗോചരം = അറിയപ്പെടാത്തത്.

Digitized By Kerala Sahitya Akademi

ശുശ്രൂഷിക്കു ഗുരുക്കളെ;-സ്സുസഖിയായ്-
ച്ചേർത്തു സപത്നീജനേ;
ഭർത്താവിന്നെതിരിൽ പ്പെട്ടുപോകരുത്,അവൻ
നിന്ദിക്കിലും ക്രുദ്ധയായ്;
കൊൾകാ ദാക്ഷിണ്യമേറ്റം പരിജനേ
ഭാഗ്യങ്ങളിൽഗ്ഗർവ്വിയാ-
തേ;-വം ഗേഹിനിമാർ വധൂടികൾ; മറി-
ച്ചായാൽക്കുലവ്യാധികൾ! 17

എന്താണ് ഗൗതമിയുടെ അഭിപ്രായം?

ഗൗതമി: ഇത്രയേ വധൂജനങ്ങളോട് ഉപദേശിക്കാനുള്ളു. മകളേ, നീ ഇതൊക്കെ ധരിച്ചുവെച്ചുകൊള്ളുക.

കണ്വൻ: കുഞ്ഞേ, എന്നെയും സഖിമാരെയും ഒന്നു കെട്ടിപ്പുണരുക.

ശകുന്തള: അച്ഛാ, പ്രിയംവദയും അനസൂയയും ഇവിടെനിന്നു തന്നെ മടങ്ങിപ്പോകയാണോ?

കണ്വൻ: കുഞ്ഞേ, ഇവരേയും കൊടുക്കേണ്ടവരല്ലോ. ഇവർ അവിടെ പോകുന്നതുചിതമല്ല. ഗൗതമി പോരും നിന്നോടൊന്നിച്ച്.

[illegible] ഇപ്പോൾ പുറപ്പെടുവാൻ പോകുന്ന നിലയിൽ നിന്നു നീങ്ങി വ്യത്യസ്തമായ ഒരു നിലയിൽ താനെന്നു, വച്ചിരിക്കുന്നതിന്നാശയം.

ശ്ലോകം 17. ഗുരുക്കളെ: ഭർത്താവിന്റെ ഗുരുജനങ്ങളായവരെ. സുസഖി: സ്നേഹവും വിശ്വാസപാത്രമായ സഖി. (സപത്നിമാർ തമ്മിൽ മത്സരമാണ് പതിവ്) പരിജനേ: പരിചാരകന്മാരിൽ. ഭാഗ്യങ്ങളിൽ = ഭാഗ്യലബ്ധമായ വിഭവസമൃദ്ധിയിൽ. ഏവം ഗേഹിനിമാർ വധൂടികൾ = ഇങ്ങിനെയായാലേ, യുവതികൾ ഗൃഹിണി എന്ന നിലയിലെത്തൂ; ഈ വിധം ചെയ്താൽ നിനക്ക് പട്ടമഹിഷീപദത്തിൽ സ്ഥിരപ്രതിഷ്ഠ കിട്ടാം; മറിച്ചായാലോ, നീ കുലത്തെത്തന്നെ കെടുത്തി വ്യാധിയായ്‌വന്നേക്കും. എന്നുപദേശം.

വധൂപദേശത്തിൽ ആശ്രമവൃദ്ധയായ ഗൗതമിയെ പങ്കുകൊള്ളിച്ച് ആദരിക്കുന്നു:—എന്താണ് ഇത്യാദി.

സന്ദർഭവശാൽ താൻ തെല്ലിടയ്ക്കവലംബിച്ച ഈ സഗൗരവനിലയിൽനിന്നു കണ്വൻ പിതൃവാത്സല്യത്തിലേക്കു പകർന്നിറങ്ങുന്നു:— കുഞ്ഞേ ഇത്യാദി.

Digitized By Kerala Sahitya Akademi

ശകുന്തള: (അച്ഛനെ പുണർന്നിട്ട്) എങ്ങിനെയാണ് ഞാൻ ഇപ്പോൾ അച്ഛന്റെ മടിയിൽനിന്നകന്ന്, മലയച്ചെരുവിൽ നിന്നു പറിച്ചെടുക്കപ്പെട്ട ചന്ദനലതപോലെ, മറുനാട്ടിൽ ജീവിച്ചിരിക്കുക?

കണ്വൻ: കുഞ്ഞേ, നീ എന്താണിങ്ങിനെ അധൈര്യപ്പെടുന്നത്?

വരകുലജനാം ഭർത്താവിൻ നൽ-
പുരന്ധ്രീപദത്തിൽ വാ-
ണു,രുവിഭവമാം തൽകൃത്യത്തിൽ
ക്ഷണംപ്രതി സക്തയായ്,
ഒരു സുതനെയും വൈകാതിന്ദ്രാ-
ശയർക്കനെയെന്നപോ-
ലുദിതരുചി പെററു,ണ്ണാവതാമെൻ
വിയോഗഭവാർത്തി നീ. 18

കണ്വൻ:— ഞാനാശിക്കുന്നതൊക്കെ നിനക്കുണ്ടായിവരട്ടെ!

ശകുന്തള:— (സഖിമാരുടെ അടുക്കൽ ചെന്നിട്ട്) രണ്ടുപേരും ഒപ്പം എന്നെ കെട്ടിപ്പുണരുവിൻ.

സഖിമാർ: (അപ്രകാരം ചെയ്തിട്ട്) തോഴി, ആ രാജാവിന്ന് ഉടൻതന്നെ ഓർമ്മയുണ്ടായില്ല എങ്കിൽ, അദ്ദേഹത്തിന്റെ പേർ കൊത്തിയിട്ടുള്ള ഈ മോതിരം കാണിച്ചുകൊള്ളുക.

കൊട്ടക്കണമട്ട്യാ: വെളികഴിച്ചുകൊട്ടക്കണമട്ട്യാ.

ശ്ലോകം 18. വരകുലജൻ = ഉൽകൃഷ്ടവംശത്തിൽ ജനിച്ചവൻ. നൽപുരന്ധ്രീപദം = പ്രശസ്തമായ ഗൃഹിണീപദം. ഉരുവിഭവം = വിഭവസമൃദ്ധിയോടുകൂടിയത്. തൽകൃത്യത്തിൽ = അദ്ദേഹത്തോടൊന്നിച്ചു ചെയ്യേണ്ടുന്ന പ്രവൃത്തികളിൽ. ക്ഷണംപ്രതി: അവ ക്ഷണംതോറും മേല്ക്കുമേൽ ഏറിയേറിക്കൊണ്ടേ ഇരിക്കുമല്ലോ. ഇന്ദ്രാശ = കിഴക്കേദിക്ക്. അർക്കൻ = സൂര്യൻ. ഉദിതരുചി = വളർന്ന ശോഭയോടുകൂടുംവണ്ണം. ഉപമകൊണ്ട്, അശരീരിവാക്കിലുള്ള വിശ്വാസംമൂലം ആ പുത്രൻ ഭുവനഭരണസമർത്ഥനാകുമെന്നും. എണ്ണാതാമെൻ വിയോഗഭവാർത്തി നീ = ഞാനുമായി പിരിഞ്ഞതിലുള്ള ദുഃഖത്തെ വകവെക്കാതെയാവും. ഒരു മഹാപുരുഷന്റെ മാന്യപത്നിയായിരിക്കുക, തത്സംബന്ധികളായ കൃത്യങ്ങളാൽ ക്ഷണനേരവും ഒഴിവു കിട്ടാതിരിക്കുക, ഓമനയായ ഒരുണ്ണി പിറക്കുക, അവനെ വേണ്ടുംപടി വളർത്തിക്കൊണ്ടുവരിക — ഈ ആഹ്ലാദങ്ങളുടേയും ചുമതലകളുടേയും തിരക്കിൽ

Digitized By Kerala Sahitya Akademi

ശകുന്തള:—നിങ്ങളുടെ ഈ സംശയം എന്നെ നടുങ്ങിയ്ക്കുന്നു.

സഖിമാർ:—ഭയപ്പെടേണ്ട; ആപച്ഛങ്കിയാണല്ലോ, അതിസ്നേഹം.

ശാർങ്ഗരവൻ:—സൂര്യൻ ഒരു നകപ്പാട പൊങ്ങിക്കഴിഞ്ഞു; ഭവതി വേഗം പുറപ്പെടണം.

ശകുന്തള:— (ആശ്രമാഭിമുഖിയായി നിന്നു്) അച്ഛ, എന്നാണു് ഞാൻ തപോവനം വീണ്ടും ദർശിയ്ക്കുക?

കണ്വൻ:—കേട്ടുകൊള്ളുക

നീണാളിൽ നാലതിർമഹിയ്ക്കു സപത്നിയായി-
ദ്ദൌഷ്യന്തിയപ്രതിരഥൻ സുതനെപ്പുലർത്തി,
ഭൂഭാരമാത്മജനിൽ വെച്ചു മണാളനൊത്തി-
ശ്ശാന്താശ്രമത്തിലണയാം ഭവതിയ്ക്കു വീണ്ടും. 19

ഗൌതമി:—മകളേ, യാത്രാമുഹൂർത്തം അവസാനിയ്ക്കുകയാലി, അച്ഛനെ തിരിച്ചയയ്ക്കു. അല്ലെങ്കിൽ ഇവരു വീണ്ടും എന്തെങ്കിലും ഇങ്ങിനെ സംസാരിച്ചുകൊണ്ടു നില്ക്കും: ഭവാൻ മടങ്ങിക്കൊള്ളുക.

കണ്വൻ:—കുഞ്ഞേ, എന്റെ തപോനുഷ്ഠാനത്തിന്നു തടസ്സം നേരിടുന്നു.

നീ എന്റെ വിനോദത്തിന്നു പാത്രമാകയാൽ ഇതു. പിന്നോട്ടു നോക്കാതെ മുമ്പോട്ടു നോക്കി നടന്നുകൊള്ളുക എന്നു താല്പര്യം.

ഞാനാലോചിയ്ക്കുന്നതെന്തെന്നാൽ: ഇപ്പോൾതന്നെ, താവൾക്കു വരാനിരിക്കുന്ന ശ്രേയസ്സുകളെ ചിന്തിയ്ക്കുമ്പോൾ ആശകൾ എടുത്തുപറയാവുന്നതിലും കവിഞ്ഞുപോയി.

ആപച്ഛങ്കി: ആപത്തു വന്നാലോ എന്നു ഭയപ്പെടുന്നതു്; അല്ലാതെ ഭയപ്പെടുവാൻ കാരണമൊന്നുമില്ലെന്നു സൂചന.

ശ്ലോകം 19. നാലതിർമഹി = നാലു സമുദ്രങ്ങളാകുന്ന അതിരുകളോടുകൂടിയ ഭൂമി. ചക്രവർത്തിയുടെ പത്നിയായിട്ടെന്നർത്ഥം. ദൌഷ്യന്തി = ദുഷ്യന്തന്റെ സന്താനം. അപ്രതിരഥൻ = എതിർത്തേരാളി (ശത്രു) ഇല്ലാത്തവൻ. പുലർത്തി = സാമ്രാജ്യോചിതനാകുമാറു വളർത്തിയിട്ടു്. 'പ്രസൂയ' (പെററിട്ടു്) എന്ന പാഠം സാധുവല്ല; അതു താമസിയാതെ സംഭവി

Digitized By Kerala Sahitya Akademi

ശകുന്തള:— (വീണ്ടും അച്ഛനെ ആലിംഗനം ചെയ്ത്) തപോനുഷ്ഠാനംകൊണ്ടു ക്ഷീണിച്ചിരിയ്ക്കുന്ന അച്ഛന്റെ ശരീരം. അതിനാൽ എന്നെക്കുറിച്ച് അച്ഛൻ അധികം ഉൽക്കണ്ഠപ്പെടരുതേ!

കണ്വൻ: (നെടുവീർപ്പോടേ)

എങ്ങിനെയടങ്ങുമെന്നഴൽ
കുഞ്ഞേ, മുല്പാടു നീ ബലിക്രിയയിൽ
വിതറിയ വരിനെല്ലുടജ-
ദ്വാരത്തിൽ മുളച്ചുവന്നതീക്ഷിക്കേ? 20

പോയ്ക്കൊൾക; നിനക്കു മാർഗ്ഗം മംഗളമായിഭവിയ്ക്കട്ടെ.

(ശകുന്തളയും സഹായികളും പോയി)

കണ്വൻ: (നെടുവീർപ്പിട്ട്) അനസൂയേ, നിങ്ങളുടെ കൂട്ടുകാരി പോയിക്കഴിഞ്ഞു. വ്യസനമടക്കി എന്റെ കൂടെപ്പോരുവിൻ.

സഖിമാർ: അച്ഛാ, ഞങ്ങൾ എങ്ങിനെയാണ് ശകുന്തള വേർപെട്ടതിനാൽ ശൂന്യംപോലിരിയ്ക്കുന്ന തപോവനത്തിൽ ചെല്ലുക?

കണ്വൻ: സ്നേഹംമൂലം ഇങ്ങിനെതന്നെ തോന്നും. (ആലോചനയോടുകൂടി ചുറ്റിനടന്ന്) ആവൂ, ശകുന്തളയെ ഭർത്തൃഗൃഹത്തിലെയ്ക്കയച്ചുകഴിഞ്ഞതിനാൽ എനിയ്ക്കിപ്പോൾ സ്വാസ്ഥ്യം കൈവന്നു.

ക്കുന്നതാണല്ലോ. പണ്ടത്തെ പ്രശസ്തരാജാക്കന്മാർ വാർദ്ധക്യത്തിൽ പുത്രനെ രാജ്യാഭിഷിക്തനാക്കി പത്നിയൊത്തു വാനപ്രസ്ഥം കൈക്കൊള്ളുകയായിരുന്നു പതിവ്.

തടസ്സം നേരിടുന്നു: സമയം തെറ്റുന്നു.

ശ്ലോകം 20. മുല്പാട് = മുമ്പ്. ബലിക്രിയയിൽ: ഗൃഹദേവതമാക്കായി ഗൃഹോപാന്തങ്ങളിൽ ബലിതൂകുമ്പോൾ. ഉടജദ്വാരം = പർണ്ണശാലയുടെ പടി. പർണ്ണശാലയിൽ പെരുമാറുമ്പോഴെല്ലാം അതു കാഴ്ചയിൽപ്പെടുന്നതാകയാൽ, നിന്റെ വിനീതമായ ആശ്രമചര്യകളെല്ലാം ഓർത്തോർത്തു ദുഃഖം തുടർന്നുകൊണ്ടേ ഇരിയ്ക്കും!

Digitized By Kerala Sahitya Akademi

പെൺകുട്ടിയന്യന്റെ കൈമുതൽതന്നെയല്ലോ;
കൈക്കൊണ്ടുവന്നതിനെയിപ്പൊഴയച്ചയാലേ
ആരോമലുദ്വം തെളിവു പൂണ്ടിതു മാനസം മേ,
ന്യാസത്തിനെത്തിരിയെ നല്കിയലെന്നപോലെ. 21

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു

ശ്ലോകം 21. പെൺകുട്ടി: സ്വന്തം മകളായാലും താനെടുത്തു വളർത്തിയവളായാലും [illegible]. കൈമുതൽ = കൈവശം കൊടുക്കേണ്ടുന്ന തെ [illegible]. ന്യാസം = സൂക്ഷിപ്പാനേല്പിച്ചിട്ടുള്ള സ്വത്ത്. തിരിയെ: ഏല്പിച്ച [illegible]. [illegible] ലൗകികബ [illegible], [illegible] നല്ലേണ്ടതാണെന്ന [illegible], ഇപ്പോൾ അവസാനിച്ചതിൽ [illegible] കൊള്ളുന്നു.

Digitized By Kerala Sahitya Akademi

# അഞ്ചാമങ്കം

(അനന്തരം ആസനസ്ഥനായി രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

വിദൂഷകൻ:— (ചെവികൊടുത്തിട്ട്) തോഴരേ, സംഗീതശാലയുടെ അകത്തേയ്ക്കു ശ്രദ്ധ വെയ്ക്കുക; ഇനിപ്പും വെടിപ്പുമുള്ള ഒരു പാട്ടു കേൾക്കുന്നുണ്ട്. മനസ്സിലായി, തത്രഭവതി ഹംസപദിക വർണ്ണമഭ്യസിയ്ക്കുകയാണ്.

രാജാ:—മിണ്ടാതിരിയ്ക്കു; ഞാൻ കേൾക്കട്ടെ.

(ആകാശത്ത് ഗാനം)

പുതിയ മധു കൊതിച്ചു മാവലർ-
ക്കുലയെയതിൻവിധമാസ്വദിച്ച നീ
നളിനവസതിമാത്രതൃപ്തനാ-
യിതിനെ മിളിന്ദ, മറന്നതെങ്ങിനെ? 1

രാജാ:—അഹോ, രാഗം വഴിഞ്ഞൊഴുകുന്ന പാട്ട്!

വിദൂഷകൻ:—ആകട്ടെ, പാട്ടിന്റെ അർത്ഥം ഇവിടെയ്ക്കു മനസ്സിലായോ?

രാജാ;—(പുഞ്ചിരിയിട്ട്) ഞാൻ ഒരിയ്ക്കൽ ഇവളോട് ഇടപെട്ടിട്ടുണ്ട്; അതു നിമിത്തം ഇവൾ വസുമതിയെ ഉദ്ദേശിച്ച്,

ഇനിപ്പ് = മാധുര്യം. വെടിപ്പ്: അപശ്രുതിയും മററുമില്ലായ്മ. വർണ്ണം: ഷഡ്ജാതിസ്വരങ്ങളുടെ ആരോഹാവരോഹാദികൾ.

ശ്ലോകം 1. അതിൻവിധം: അവർണ്ണനീയങ്ങളായ അന്നത്തെ പ്രേമപ്രകാശനങ്ങളെ അനുസ്മരിപ്പിയ്ക്കുന്നു. നളിനവസതിമാത്രതൃപ്തൻ = ഇപ്പോൾ താമരപ്പൂവിൽമാത്രം ഇരുന്നു തൃപ്തികൊള്ളുന്നവൻ. ഇതിനെ: മാവിൻ പൂങ്കുലയെ. മിളിന്ദ = വണ്ടേ! രാജവല്ലഭമാരിൽ ഒരുവളായ ഹംസപദിക രാജാവിന്റെ നേർക്ക് അന്യാപദേശരീത്യാ, 'നവയുവതിയായ എന്നെ അന്ന് ആവിധം കൈക്കൊണ്ടനുഭവിച്ചിട്ട്, ഇപ്പോൾ പ്രധാന മഹിഷിയിൽത്തന്നെ ആസക്തനായിക്കഴിയുന്നതുചിതമാണോ?' എന്ന് ആവലാതി ബോധിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

എന്നെ ശകാരിക്കുകയാണെന്നു മനസ്സിലായി: മാഢവ്യ, ഹംസപദികയോടു ഞാൻ പറഞ്ഞതായിപ്പറയുക, 'ശകാരം കേമമായി' എന്ന്.

വിദൂഷകൻ:— ഇതാ പോകുന്നു. (എഴുന്നേററ്) തോഴരേ, എന്നെ [illegible] കൈകൊണ്ട്, ഒരു വിരക്തനെ [illegible] അപ്സരസ്സുപോലെ കുടുമ പിടിച്ചുകൂടി [illegible] എനിക്കില്ല, മുക്തി [illegible]!

രാജാ:— പൊയ്ക്കൊ. തട്ടിപ്പിൽ അറിയിക്കു.

വിദൂഷകൻ:— എന്തു നിവൃത്തി! (പോയി)

രാജാ:— (ആത്മഗതം) എന്താണ് എനിക്ക് ഈ പാട്ടുകേട്ടിട്ട് പ്രിയജനവിരഹമില്ലെങ്കിലും, ഒരു പ്രബലമായ ഉൽക്കണ്ഠ തോന്നുന്നത്? അല്ലെങ്കിൽ;

> രമ്യങ്ങളാം വസ്തു കാൺകെ, മധുരസ്വനിതങ്ങളാം കേട്ടുമെ-
> ല്ലുൽക്കണ്ഠിതനാവതുണ്ടു സുഖിതൻ താനും ചിലപ്പോൾ; സഖേ,

വാസ്തവത്തിൽ [illegible] എന്നു മനസ്സിലായി: വാസ്തവത്തിൽ അവളുടെ ഉദ്ദേശം ഇങ്ങിനെയാണെന്നു മനസ്സിലായിട്ടില്ല; രാജാവിനുള്ള ഒരു ശകാരമാണല്ലോ ആ പാട്ട്.

തോഴരേ ഇത്യാദി: വിരക്തൻ = സന്യാസി; മുക്തി = വിടുതി; മോക്ഷം എന്നും. രാജാവു ചെയ്യുന്ന മനോദ്രോഹം പിടിച്ചു പാടിയതിനു താൻ മറുപടി പറയാൻ ചെന്നാൽ, അവൾ പരിജനങ്ങളെക്കൊണ്ടു തന്നെ പിടിപ്പിച്ചു തല്ലിക്കും എന്നു ഭയപ്പെടുന്നു. പിന്നെ വിട്ടുകിട്ടണമെങ്കിൽ രാജാവു ചെല്ലേണ്ടിവരും; ചെല്ലാൻ ഭാവമില്ലല്ലോ. അതിനിപ്പോൾ താനോ ആവാമല്ലോ. ഇവിടെ, 'പരിജനഹസ്തങ്ങൾകൊണ്ട്' എന്നതിനു പകരം പരകാര്യത്തിനു വേണ്ടി (അങ്ങയെ കയ്യിൽകിട്ടാൻ എന്നും, ദേവന്മാർക്കുവേണ്ടി എന്നും) എന്നർത്ഥത്തിലുള്ള ഒരു പാഠമാണ് അഭിരാമം മററും എടുത്തിരിക്കുന്നത്. അതു ഫലിതം കെടുത്തുന്ന കൃത്രിമരചനയാണ്.

തട്ടിപ്പിൽ: ലോകർ, 'കേമമായി!' എന്നർത്ഥത്തിൽ ചൂണ്ടുവിരൽ മാത്രം നിവർത്തിയ കൈപ്പടം കീഴ്പ്പോട്ടെറിഞ്ഞ് ഒരാംഗ്യം കാണിക്കാറുള്ളതുപോലെ ഒരു ഹസ്തമുദ്ര കാട്ടിയിട്ട് എന്നു രാഘവഭട്ടൻ; അതു 'ത്രിപതാകം' (മോതിരവിരൽമാത്രം മടക്കിയത്) ആണെന്നു മാത്രം.

എന്തു നിവൃത്തി = രാജാജ്ഞ അലംഘ്യമാണല്ലോ.

47

Digitized By Kerala Sahitya Akademi

ഹൃല്ലീനമായ ജനനാന്തരസൌഹൃദത്തെ-
യസ്പഷ്ടമോർത്തിടുകയാവുമതെന്നുറയ്ക്കാം. 2

(അസ്വസ്ഥനായിരിക്കുന്നു.)

(അനന്തരം ഹരിക്കാരൻ പ്രവേശിക്കുന്നു.)

ഹരിക്കാരൻ.—(നെടുവീർപ്പിട്ട്) അയ്യോ, ഞാൻ ഈ നിലയിലായല്ലോ.

പെൺകോയിക്കൽജ്ജോലിതൻ മുദ്രയായ് ഞാൻ
ശ്രദ്ധിച്ചേന്തിപ്പോന്നതാം ചൂരൽതന്നേ,
നീണാൾ ചെന്നപ്പോഴിതാ, മേ നടപ്പാൻ
കാൽക്കെല്പില്ലാഞ്ഞൂന്നുകമ്പായ്ച്ചമഞ്ഞു! 3

രാജാവിന്റെ ആത്മഗതം. ദുർവാസശാപത്താൽ മൂടിയടക്കപ്പെട്ടിരിക്കുന്ന ശകുന്തളാസ്മരണ ഈ തുല്യാർത്ഥമായ ഗീതത്താൽ ആകൃഷ്ടനായി അന്തർമ്മനസ്സിൽ കിടന്നു പിടയ്ക്കുന്നു.

ശ്ലോകം 2. ക്വണിതം = ശബ്ദം. അവിരഹിതൻ = പ്രിയജനങ്ങളോടു പിരിഞ്ഞിരിക്കുകയല്ലാത്ത ആൾ; ഉൽകണ്ഠിതനാവുന്നു (ഉൽകണ്ഠിക്കും) കാരണമില്ലാതെ സുഖമായിരിക്കുന്നവൻ എന്നർത്ഥം. ഹൃല്ലീനം = ഹൃദയത്തിൽ ലയിച്ചു കിടക്കുന്നത്. സൌഹൃദം = സ്നേഹബന്ധം. രമ്യവസ്തുക്കളെ കാണുകയോ മധുരശബ്ദങ്ങൾ കേൾക്കുകയോ ചെയ്യുമ്പോൾ സുഖമായിരിക്കുന്നവനും ഉൽകണ്ഠ തോന്നിപ്പോകുന്നത് ജന്മാന്തരത്തിലെ വല്ല വേഴ്ചയുടേയും ഫലമായി മനസ്സിൽ പററിക്കിടക്കുന്ന വാസന, ഇന്നതെന്ന് ഇപ്പോൾ തിരിച്ചറിയാനാകാത്തവണ്ണം അവ്യക്തമായി സ്ഫുരിക്കുകയാവണം; ആ രമണീയതകൾ, ഏതോ സവിശേഷബന്ധത്താൽ, ആ വാസനകളെ പുതുതെ ഒന്നിളക്കിവിടുകയാവണം. രാജാവിനു ശകുന്തളാസ്മരണ ഒരു പൂർവ്വജന്മവാസനപോലെ, അജ്ഞാതമായത്രേ ഇരിക്കുന്നതു്.

ശ്ലോകം 3 ഹരിക്കാരൻ തന്റെ വൃദ്ധാവസ്ഥയിൽ നിർവ്വേദംകൊള്ളുന്നു;—പെൺകോയിക്കൽ = രാജാന്തഃപുരം. മുദ്ര: അതാതു ജോലിക്കുള്ള സവിശേഷചിഹ്നം. ശ്രദ്ധിച്ച് = മുദ്ര ധരിക്കുന്നതിൽ വേറെ ഒരു പ്രയോജനവുമില്ലായ്കയാൽ മറവി പററാതിരിപ്പാൻ. നീണാൾ ചെന്നപ്പോൾ: ഇന്ന് ഈ വാർദ്ധക്യദശയിൽ. കാൽക്കെല്പ് = കാലിന്റെ ബലം. ഊന്നുകമ്പ് = ഊന്നുവടി. മുറയെന്നുവെച്ചു ശ്രദ്ധയോടെ ചെയ്യുന്ന കർമ്മം കാലത്താ

Digitized By Kerala Sahitya Akademi

തിരുമേനിക്കു ധർമ്മകാര്യം നിർത്തിവെക്കാവുന്നതല്ലതന്നേ; എങ്കിലും ഇതാ, ആസ്ഥാനമണ്ഡപത്തിൽനിന്നു കല്പിച്ചെഴുന്നേററ ഉടൻതന്നെ, കണ്വശിഷ്യന്മാർ വന്നിട്ടുള്ളതുണർത്തിച്ചു വീണ്ടും ബുദ്ധിമുട്ടിക്കുവാൻ എനിക്കു മനസ്സു വരുന്നില്ല. രാജാക്കന്മാർക്കു വിശ്രമമില്ലാത്തതാണല്ലോ, ലോകരക്ഷണമെന്ന ജോലി.

സൂര്യൻ കഴിച്ചുവിടലില്ല തുരംഗമത്തെ;
വിശ്രാന്തി രാപ്പകൽ വിടാതിഹ ഗന്ധവാഹൻ;
ശേഷൻ സദാപി ധരണിയെ മുദ്വഹിപ്പോൻ;
ആറൊന്നിനാൽപ്പുലരുവോനുമിതാണു ധർമ്മം. 4

എന്റെ വേല നടത്തുകതന്നെ (ചുററിനടന്നു നോക്കിയിട്ട്) ഇതാ, തിരുമേനി,

നാട്ടാരെ നന്ദനരെയന്നവിധം പ്രവർത്തി-
പ്പിച്ചിട്ടടങ്ങിയിരുന്നു രഹസ്ഥലത്തിൽ;

ൻ പ്രയോജനകരമായിച്ചമയും എന്നോർത്തു തീർച്ചയാക്കും അയാൾ ഇതിൽനിന്ന് ഊരിവിടപ്പെടാനാകയുമില്ല! തനിച്ചിരിക്കുമാണല്ലോ വൃദ്ധന്മാരുടെ ജോലി.

ധർമ്മകാര്യം = ധർമ്മത്തെസ്സംബന്ധിച്ചുള്ള കർത്തവ്യം. ആസ്ഥാനമണ്ഡപത്തിലിരുന്ന് ഇതുവരെയും ധർമ്മകാര്യം നോക്കുകതന്നെയായിരുന്നു; ഉടനിതാ, തപസ്വികൾ, അവർക്കു വേണ്ടുന്ന ധർമ്മകാര്യത്തിനു വന്നിരിക്കുന്നു!

ശ്ലോകം 4. മററു ലോകരക്ഷണകർത്താക്കൾക്കുമില്ലാ വിശ്രമമെന്നു പറയുന്നു: സൂര്യൻ......തുരംഗമത്തെ; ഏതു സമയത്തും തേരിൽസ്സഞ്ചരിച്ചുകൊണ്ടിരിക്കുകതന്നെയാണ്. ഗന്ധവാഹൻ = കാററ്. ശേഷൻ...... മുദ്വഹിപ്പോൻ: അനന്തൻ എന്നും ഭൂഭാരം ചുമന്നുകൊണ്ടു നില്ക്കുന്നു; ആയിരം പടമുള്ള അനന്തനെന്ന സർപ്പരാജാവിന്റെ ശിരസ്സിലാണപോൽ ഭൂമി ഇരിക്കുന്നത്. ആറൊന്നിനാൽപ്പുലരുവോൻ = ആറിലൊന്നുകൊണ്ടു (നികുതികൊണ്ടു) പജീവിക്കുന്ന രാജാവ്. ഇതാണ്: സർവകാലികമായ പരിശ്രമംതന്നെ.

ശ്ലോകം 5. നന്ദനർ = മക്കൾ. പ്രവർത്തിപ്പിച്ച്: തങ്ങൾ തങ്ങളുടെ കർമ്മങ്ങളിൽ ഏർപ്പെടുത്തിയിട്ട്. അടങ്ങി: മനസ്വാസ്ഥ്യത്തോടെ. ര

Digitized By Kerala Sahitya Akademi

ദന്തീശ്വരൻ പകൽ ഗണത്തെ നടത്തിയിട്ടു
വൈലേല്ക്കയാൽ, കുളിർപെടുന്നൊരിടത്തു
പോലെ. 5

(അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും. ഇതാ, ഹിമാലയപർവ്വതത്തിന്റെ അടിവാരത്തുള്ള കാട്ടിൽത്താമസിക്കുന്ന ചില തപസ്വികൾ സ്ത്രീകളോടൊന്നിച്ചു കാശ്യപന്റെ സന്ദേശംകൊണ്ടുവന്നിരിക്കുന്നു. ഇനി വേണ്ടതു് അരുളപ്പാടുപോലെ.

രാജാ:— (ആദരവോടെ) കാശ്യപന്റെ സന്ദേശവുംകൊണ്ടോ?

ഹരിക്കാരൻ:—അതേ.

രാജാ:—എന്നാൽ ഞാൻ പറഞ്ഞതായി പുരോഹിതൻ സോമരാതനോടു പറയുക: ഈ ആശ്രമവാസികളെ വൈദികവിധിപ്രകാരം പൂജിച്ചു താൻതന്നെ കൂട്ടിക്കൊണ്ടുവരണമെന്നു്. ഞാനും അവരെ തപസ്വിദർശനത്തിന്നു തക്ക സ്ഥലത്തു കാത്തിരിക്കാം.

ഹരിക്കാരൻ:—അരുളപ്പാടുപോലെ. (പോയി)

രാജാ:—(എഴുന്നേറ്റ്) വേത്രവതി, അഗ്നിശാലയിലേക്കു വഴി കാണിക്കു.

ഹ സ്ഥലം = വിജനം. ദന്തീശ്വരൻ = ആനത്തലവൻ. ഗണത്തെ: തന്റെ കീഴിലുള്ള ആനകളെയെല്ലാം. മുഴുവൻ [illegible] നോക്കിയതിനു ശേഷമുള്ളതാകയാൽ ആ വിശ്രമത്തിൽ [illegible] ധ്യത കാണുന്നു. ഇവിടെ [illegible] ധർമ്മത്തോടു പൊരുത്തം വരുന്നതാണെങ്കിൽ, [illegible] യാസ്വാസ്ഥ്യത്തോടെ) എന്നു പദച്ഛേദം ചെയ്യുന്നു. കവി 'ശാന്തരായ:' എന്ന ഉപമേയധർമ്മത്തെ ഉപമാനത്തിലും 'രവിപ്രതപ്ത:' എന്ന ഉപമാനധർമ്മത്തെ ഉപമേയത്തിലും അന്വയിപ്പാനാണുദ്ദേശിച്ചിരിക്കുന്നതെന്നു തോന്നുന്നു; ഉപമേയപക്ഷത്തിൽ 'രവിപ്രതപ്ത:' എന്നതിനു [illegible] കാര്യചിന്താക്ലിഷ്ടൻ എന്നർത്ഥം. മധ്യാഹ്നത്തിൽ ആസ്ഥാനമണ്ഡപത്തിൽനിന്നു പോന്നു സ്നാനാദിചര്യകളെല്ലാം കഴിഞ്ഞു വിശ്രമിക്കുന്ന ഈ സമയം ശകുന്തളാദർശനാദികൾക്കു തികഞ്ഞ സൌകര്യം നല്കുന്നു.

Digitized By Kerala Sahitya Akademi

നടയിരിൽത്താവണക്കാരി:—തിരുമേനി ഇതിലേ, ഇതിലേ.

രാജാവ്:—(ചുററിനടക്കുന്നു. ജോലികൊണ്ടുള്ള തളർച്ചനടിച്ച്) എല്ലാ പ്രാണികൾക്കും അഭീഷ്ടം സിദ്ധിച്ചാൽ സുഖമായി; രാജാക്കന്മാർക്കാകട്ടേ, കൃതാർത്ഥത ദുഃഖത്തോടു കൂടിയേയുള്ളൂ. എന്തുകൊണ്ടെന്നാൽ,

ഉൽക്കണ്ഠമാത്രമൊഴിയുന്നിതു വാഴ്ചകൊണ്ട്,
ലബ്ധാവനത്തൊഴിലിവിടെയുമഴൽപ്പെടുത്തും;
വിശ്രാന്തി ചെററുതകിട്ടും ശ്രമവും വരുത്തും,
സ്വഹസ്താത്തദണ്ഡമൊരു കൈക്കുടപോലെ രാജ്യം 6

(അണിയറയിൽ)

രണ്ടു വൈതാളികന്മാർ:—തിരുമേനി ജയിച്ചാലും.

താപസപരിസരത്തിനിന്നു [illegible] ലതാ: അഗ്നിശാലയിൽവെച്ചു [illegible] എന്നത്രേ സ്മൃതി.

കൃതാർത്ഥതാ: അഭീഷ്ടമായ രാജ്യാധികാരം ലഭിച്ചാലത്തെ സംതൃപ്തി.

ശ്ലോകം 6. വാഴ്ച (പട്ടാഭിഷേകം) കൊണ്ട്, അതിലുണ്ടാവേണ്ട ഔത്സുക്യം മാത്രമേ ശമിപ്പിക്കുക ചെയ്യുന്നുള്ളൂ: ലബ്ധാവനത്തൊഴിൽ (കൈവന്ന രാജ്യത്തിന്റെ രക്ഷണമാകുന്ന തൊഴിൽ) ആകട്ടെ, ഈവിധം വിശ്രമം [illegible] ഇല്ലാതാക്കും. വിശ്രാന്തി ചെററുതകിട്ടും = അല്പം വിശ്രമം കിട്ടും; ഉൽക്കണ്ഠയോടുകൂടിയിരുന്ന കാലത്തു പ്രതീക്ഷിച്ചിരുന്നതൊന്നുമില്ല. സ്വഹസ്താത്തദണ്ഡം = താൻതന്നെ കാൽ (കുടക്കാൽ) പിടിച്ച; താൻതന്നെ ദണ്ഡം = (ഭരണം) നടത്തുന്നതായ എന്നു രാജ്യത്തിന്റെയും വിശേഷണം. കൈക്കുട = കയ്യിൽപ്പിടിക്കുന്ന കുട. താൻതന്നെ പിടിച്ച കുട, വെയിൽ തടഞ്ഞു സ്വല്പം സുഖം തരുന്നതോടുകൂടി, അതിന്റെ കനം ശ്രമമുണ്ടാക്കുകയും ചെയ്യുമല്ലോ. സ്വായത്തസിദ്ധിയായ രാജാവിന്റെ അനുഭവമാണിത്; സചിവായത്തസിദ്ധികൾക്ക് ഈ ക്ലേശമില്ല.

വൈതാളികന്മാർ = സ്തുതിപാഠകന്മാർ. കാര്യഭാരംമൂലം രാജാക്കന്മാർക്ക് നിർവ്വേദതയോ നിരാശതയോ നേരിടുമ്പോൾ അവരെ സ്തുതിച്ചു പാടുവാനായി—പ്രശംസ പ്രോത്സാഹകമാണല്ലോ—ഏർപ്പെടുത്തപ്പെട്ടവർ.

Digitized By Kerala Sahitya Akademi

ഒന്നാമൻ:

തിരുവടിയഴലേല്പൂ പാരിനായ്ത്തൻസുഖം വി-
ട്ടനുദിന;-മഥവാ നിൻകൃത്യമിമ്മട്ടുതന്നേ;
തരു കൊടുവെയിൽകൊണ്ടവു മൌലിയാ,ലാശ്രിതർക്ക-
ള്ളെരിപൊരി തണലാലേ തീക്കയും ചെയ്‌വിതല്ലോ.7

രണ്ടാമൻ:

അപഥഗരെയടക്കീടുന്നു നീ ദണ്ഡനത്താൽ;-
കലഹഗതി ശമിപ്പിക്കുന്നു; രക്ഷിച്ചിടുന്നു;
വിഭവമികവിലുണ്ടപ്പെട്ടോട്ടെ കൂട്ടാളർ; നന്നാ-
യ്ക്കയി തിരുവടിയാൽത്താൻ തീർപ്പോൽ ബന്ധു
കൃത്യം. 8

രാജാ: ഇതാ, മനം വാടിയിരുന്ന നാം വീണ്ടും പുതുക്കപ്പെട്ടു (ചുററിനടക്കുന്നു)

നടയിൽത്തവണക്കാരി:— ഇതാ, ഇപ്പോഴത്തന്നെ അടിച്ചുതളിച്ചതിനാൽ ശുചിത്വം പൂണ്ടതും അരികേ ഹോമധേനു നില്ക്കുന്നതുമായ അഗ്നിശാലയുടെ തിണ്ണ; കയറിച്ചെല്ലാം.

രാജാ: (പരിജനത്തിൻെറ ചുമലിൽ കൈവെച്ചുകയറിയിട്ട്) വേത്രവതി, എന്തിനായിരിക്കാം, കാശ്യപൻതിരുവടി എൻെറ അടുക്കലേക്ക് ഋഷിമാരെ അയച്ചിരിക്കുന്നത്?

ശ്ലോകം 7. തിരുവടി......വിട്ട് = മററാരും അന്യരുടെ അഴൽ നോക്കാതെ തൻസുഖം ഏല്ക്കുകയാണല്ലോ. പാരിനായ് = ലോകത്തിനുവേണ്ടി. അനുദിനം = നാൾതോറും. നിൻകൃത്യം: അവിടുത്തെപ്പോലെ പരാർത്ഥപരരായവർ ചെയ്യേണ്ടത്. മൌലി = ശിരസ്സ്; ഇലപ്പടപ്പെന്നു താല്പര്യം. ആശ്രിതർക്ക് = ചുവട്ടിൽ വന്നിരിക്കുന്നവർക്ക്.

ശ്ലോകം 8. അപഥഗർ = വഴിപിഴച്ചവർ, ദുർമ്മാർഗ്ഗചാരികൾ. കലഹഗതി: ധനം ഭൂമി മുതലായവയെസ്സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ. കൂട്ടാളർ = ബന്ധുക്കൾ. വിഭവമികവിൽ: ധനധാന്യാദികളിൽ ഒരിനമായി. അയി = ഹേ. അവിടുന്നുതന്നെ പ്രജകൾക്ക ബന്ധുക്കൾ ചെയ്യേണ്ടുന്ന രക്ഷാദികൾ ചെയ്യുകൊണ്ടിരിക്കുന്നതിനാൽ, അതിൽ നിരുപയോഗരായ ബന്ധുക്കൾ, പ്രജകളുടെ ധനധാന്യക്ഷേത്രഗൃഹാദിസമ്പത്തിൽ ഒരു വകുപ്പ

Digitized By Kerala Sahitya Akademi

തിഡപ്പെട്ടോ തപസ്വിവ്രതികളുടെ തപ-
ശ്ചര്യ വിഘ്നങ്ങൾമൂലം?
ധർമ്മാരണ്യസ്ഥജന്തുക്കളിലപനയമാ-
രെങ്കിലും ചെയ്തുപോയോ?
ചെമ്മേ പൂകായ്‌ പിറപ്പെൻ കെട്ടനടപടിയാൽ
നിന്നിതോ വല്ലികൾക്ക-
ങ്ങ്? - മുട്ടാശങ്ക വായ്‌ചെൻ മയമതിവിവശം,
തീർപ്പുകിട്ടായ്‌കയാലേ. 9

നടയിൽത്തവണക്കാരി:—സച്ചരിതം കൊണ്ടാടി തിരുമേനിയെ ബഹുമാനിക്കാനായിരിക്കും, ഋഷിമാർ വന്നിരിക്കുന്നത്‌.

(അനന്തരം ഗൌതമിയോടുകൂടിയ ശകുന്തളയെ മുൻനടത്തി മുനിമാരും അവരുടെ മുമ്പിലായി പുരോഹിതനും ഹരിക്കാരനും പ്രവേശിക്കുന്നു)

ഹരിക്കാരൻ: ഭവാന്മാർ ഇതിലേ, ഇതിലേ.

മാത്രമായിപ്പോയതിരിക്കുന്നു. അഭിരാമൻ ഇങ്ങിനെ വ്യാഖ്യാനിച്ചിട്ടും, കേരളകാളിദാസനും ഒരു ഇപ്പദ്യത്തിന്റെ മൂന്നാം പാദത്തിന്നു, 'സ്വജനങ്ങളിൽ അനാദരവിച്ചതീക്കാൻ മാത്രമേ ബാധ്യതകളുള്ളു' എന്ന പരുഷമായ അർത്ഥം മതി എന്നു വെച്ചതെന്തുകൊണ്ടോ!

പുരസ്കൃതപ്പെട്ട: സ്വധർമ്മാനുഷ്ഠാനത്തിൽ ഉന്മേഷവാനാക്കപ്പെട്ട.
ഹോമധേനു: ഹോമത്തിന്നു വേണ്ടുന്ന പാൽ കറന്നെടുപ്പാനുള്ള പശു.

ശ്ലോകം 9. തപസ്വിവ്രതികൾ = തപസ്സുചെയ്യുന്ന മുനിമാർ. ചര്യ = അനുഷ്ഠാനം. ധർമ്മാരണ്യസ്ഥർ = ആശ്രമത്തിൽ ജീവിക്കുന്നവ. അപനയം = ചെയ്തുകൂടാത്തത്‌; പേടിപ്പെടുത്തുക, കൊല്ലുക മുതലായത്‌. ചെമ്മേ പൂകായ്‌പിറപ്പ്‌ = വഴിപോലെ (കാലോചിതമായും സമൃദ്ധമായും) പൂക്കലും കായ്ക്കലും. നിന്നിതോ = നിലച്ചുവോ, ഇല്ലാതെയായോ? അങ്ങ്‌: ആശ്രമത്തിൽ. രാജാവിന്റെ നടപടിക്കേടുമൂലം, സസ്യാദിസമൃദ്ധി കുറയുകയും ചെയ്യുമെന്നത്രേ വിശ്വാസം. അതിവിവശം: ഏററവും അസ്വാസ്ഥ്യപ്പെടുന്നു. ആധിദൈവികങ്ങളോ മാനുഷികങ്ങളോ രാജകീയങ്ങൾതന്നെയോ ആയ ആപത്തുകൾ നേരിട്ടിട്ടായിരിക്കുമോ, ഇവർ വന്നിരിക്കുന്നത്‌! വെറുതെയല്ല രാജ്യാധികാരം ദുഃഖോത്തരമാണെന്നു പറഞ്ഞത്‌! എപ്പോ

Digitized By Kerala Sahitya Akademi

ശാർങ്ഗരവൻ;—ശാരദ്വത,

മഹാഭാഗൻതാനീയതിരുവിടലില്ലാത്ത പെരുമാ–
ൾ,മാർഗ്ഗേ കാൽവെപ്പീലവരകുലജൻപോലുമൊരുവൻ;
അതെന്തായാലും, മേ ജനനിബിഡമിദ്ഗേഹം,എരിതീ
ച്ചുഴന്നൊന്നായ്ത്തോന്നുന്നിതു വിജനസംശീലന
വശാൽ. 10

ശാരദ്വതൻ:—രാജധാനിയിൽ വന്നപ്പോഴും ഭവാൻ ഈ നിലയിലായതു യുക്തംതന്നെ. ഞാനും,

അഭ്യക്തരെ സ്നാതനു,മാപ്പനിദ്രരെ
പ്രബുദ്ധനും യന്ത്രിതരെ സ്വതന്ത്രനും,
അശുദ്ധരെശ്ശുദ്ധനമെന്നപോലെയാ–
ണീക്ഷിപ്പതി,ങ്ങുള്ള സുഖാനുഷക്തരെ. 11

ശകുന്തള:—(നിമിത്തം നടിച്ച്) അയ്യോ, എന്താണ് എന്റെ വലത്തെ കണ്ണ് വിറയ്ക്കുന്നത്?

ഗൌതമി:—അമംഗളം നീങ്ങട്ടെ; നിനക്കു ഭർത്തൃകുലദേവതമാർ സുഖം തന്നരുളട്ടെ!

പുരോഹിതൻ:—(രാജാവിനെ ചൂണ്ടിക്കാണിച്ച്) ഹേ, താപ

ഴം പ്രജകൾക്കു വല്ല കഷ്ടപ്പാടുമുണ്ടോ എന്ന ആശങ്കയാണല്ലോ രാജാവിനു മുന്നോട്ടുവരിക.

സച്ചരിതം ഇത്യാദി: കെട്ടനടപടി ഇല്ലെന്നു മാത്രമല്ല, അവിടുത്തെ നല്ല നടപടികൊണ്ടു മററുതരത്തിലുള്ള ആപത്തുകളും ഇല്ലെന്നു വിചാരിച്ചാദരിപ്പാനാവും അവരുടെ വരവ്.

മുൻനടത്തി; യാത്രയിൽ സ്ത്രീകളെ മുമ്പിൽ നടത്തണമെന്നത്രേ ആചാരം.

ശ്ലോകം 10. മഹാഭാഗൻ = മഹാത്മാവ്. അതിര് = ധർമ്മമര്യാദ. പെരുമാൾ = രാജാവ്. അമാർഗ്ഗേ = ദുർമ്മാർഗ്ഗങ്ങളിൽ. അവരകുലജൻ = ഹീനവംശത്തിൽ ജനിച്ചവൻ. ജനനിബിഡം = ആൾ തിങ്ങിയത്. വിജനസംശീലനവശാൽ = വിജനത്തിൽത്തന്നെ പെരുമാറിശ്ശീലിച്ചതുനിമിത്തം.

ശ്ലോകം 11. കുളി കഴിഞ്ഞവൻ എണ്ണതേച്ചു നില്ക്കുന്നവനെ, ഉണർന്നേററവൻ ഉറങ്ങിക്കിടക്കുന്നവനെ,യഥേഷ്ടം സഞ്ചരിക്കുന്നവൻ കെട്ടിൽ പെട്ടവനെ, വെടിപ്പുള്ളവൻ വൃത്തികെട്ടവനെ—എന്ന മട്ടിലാണ്, ഞാ

Digitized By Kerala Sahitya Akademi

സരേ, ഇതാ, വർണ്ണാശ്രമരക്ഷകനായ അവിടുന്നു മുൻകൂട്ടി എഴുന്നേററു നിങ്ങളെ കാത്തുനില്ക്കുന്നു; മുഖം കാണിച്ചു കൊള്ളുവിൻ.

ശാർങ്ഗരവൻ: മഹാബ്രാഹ്മണ, ഇതു തികച്ചും അഭിനന്ദനീയമാണ്; എന്നാൽ ഇതിൽ ശ്രദ്ധവെക്കേണ്ടവരല്ല ഞങ്ങൾ.

[illegible]: തിരുമേനി, [illegible] മുഖം [illegible] കാണപ്പെടുന്നത്. [illegible] ഇ [illegible] ഉപദ്രവ[illegible] തോന്നുന്നു.

[illegible]: (ശകുന്തളയെ കണ്ടിട്ട്) [illegible] ഈ മാന്യസ്ത്രീ,

ൻ [illegible] കൂടിയ [illegible]വാസികളെ കാണുന്നത്. [illegible]യായ [illegible], [illegible]കളോട് ([illegible]കളോട്) കൂടിയവനും [illegible], [illegible]. സാത്വികനാണ്; [illegible]! [illegible] സ്വഭാവങ്ങൾ, [illegible] ആൾത്തിര [illegible] ഒരു ഗൃഹമായി [illegible] ചെയ്യുന്നു: [illegible] വന്നുകഴിഞ്ഞി[illegible].

[illegible] ഇത്യാദി: സ്ത്രീകൾക്കു വലംകണ്ണു വിറയ്ക്കുക അനിഷ്ടസൂചകമാണ്.

വർണ്ണാശ്രമ ഇത്യാദി: ഇത്ര വലിയ ആളായിട്ടും, ഞങ്ങളുടെ തമ്പുരാന്റെ ഈ വിനയം എത്ര അഭിനന്ദനീയം എന്നഭിപ്രായം. മുഖം കാണിച്ചു കൊൾവിൻ: രാജാവിന്റെ മുമ്പിലേക്കു ചെല്ലാം എന്നർത്ഥത്തിലുള്ള ആചാരവാക്ക്.

മഹാബ്രാഹ്മണ = ഈ സംബോധന ഉത്താനഹൃദയത്വത്തെ സൂചിപ്പിക്കുന്നു എന്നഭിരാമൻ; വർണ്ണശ്രേഷ്ഠതയല്ലാതെ വർണ്ണധർമ്മതത്വചിന്തയില്ലെന്നു കൂടി ഉള്ളിൽ കരുതിയിട്ടുണ്ടാവാം. ഇതിൽ ശ്രദ്ധിക്കേണ്ടവരല്ല ഞങ്ങൾ: രാജാവ് ആർഷമായ മഹത്വത്തെ ആദരിക്കുന്നു; അതിൽ വിദ്യാർത്ഥികളായ ഞങ്ങൾ അതിനെ അഭിനന്ദിച്ചാൽ, അതു ഞങ്ങളെത്തന്നെ അഭിനന്ദിക്കലാകുമല്ലോ. ഇവിടെ ഈ ആശയഗൗരവം വിട്ട 'വയമത്ര മദ്ധ്യസ്ഥഃ' എന്ന മൂലത്തിന്ന് 'ഞങ്ങൾ ഇതിലിത്ര വിസ്മയപ്പെടുന്നില്ല' എന്നർത്ഥം പറയേണ്ടിവരുമാറു, തുടങ്ങിയൊരു പദ്യംകൂടി പുസ്തകങ്ങളിൽ കാണപ്പെടുന്നു:



Digitized By Kerala Sahitya Akademi

ആരാവാം മൂടുപടം
പൂണ്ടേറെ വെളിപ്പെടാത്തൊരഴകുള്ളോരം;
വിളറിയ പത്രങ്ങളിലൊരു
തളിർപോലെ തപോധനക്കിടയിൽ? 12

നടയിൽത്തവണക്കാരി: കൌതുകത്തിലകപ്പെട്ട പോയതിനാൽ അടിയത്തിൻെറ ആലോചന നടക്കുന്നില്ല. എന്നാൽ ഇവളുടെ ആകൃതി കാണേണ്ടതുതന്നെയാണ്.

രാജാ: പോകട്ടെ, പരസ്ത്രീയെ നോക്കണ്ടാ.

ശകുന്തള:—(കൈ മാറത്തുവെച്ച് ആത്മഗതം) ഹൃദയമേ, നീയെന്താണ് ഇങ്ങിനെ മിടിയ്ക്കുന്നത്? ആര്യപുത്രൻെറ സ്നേഹമോർത്തു ധൈര്യപ്പെട്ടുകൊള്ളുക.

പുരോഹിതൻ: (മുമ്പിൽച്ചെന്ന്) തിരുമേനി, ഇതാ വിധിപോലെ പൂജിയ്ക്കപ്പെട്ട തപസ്വികൾ. ഇവർ ഗുരുവിൻെറ ഒരു സന്ദേശവുംകൊണ്ടു വന്നിരിയ്ക്കുകയാണ്, അതു കല്പിച്ചു കേൾക്കമാറാകണം.

രാജാ; ഞാൻ സശ്രദ്ധനായിരിയ്ക്കുന്നു.

ഋഷിമാർ: (കയ്യുയർത്തിയിട്ട്)രാജാവേ വിജയിച്ചാലും!

രാജാ: നിങ്ങളെയെല്ലാവരേയും ഞാൻ അഭിവാദ്യം ചെയ്യുന്നു,

'കായിൻതഴപ്പാൽ കുനിയുന്നു മാമരം;
ചായുന്നു പാരം മുകിലംബുസഞ്ചയാൽ;
സമ്പദ്ഭരത്താൽ മൊളിയില്ല സൽപുമാൻ
ഇമ്മട്ടുകാർതന്നെ പരോപകാരികൾ.'

എന്നാൽ ആ ശ്ലോകം ഭർതൃഹരിയുടേതാണ്.

അപ്പോൾ: ഹരിക്കാരൻ 'സ്ത്രീകളോടുകൂടി' എന്നു പറഞ്ഞിരുന്നുവെങ്കിലും ചില വൃദ്ധതാപസസ്ത്രീകളെയല്ലാതെ, ഇതു സുന്ദരിയും അലംകൃതയുമായ ഒരു യുവതിയെ പ്രതീക്ഷിച്ചിട്ടില്ലായ്കയാൽ രാജാവ് അത്ഭുതപ്പെട്ടു. 'ഈ മാന്യസ്ത്രീ ആരാവാം' എന്ന ശ്ലോകത്തോടന്വയം.

ശ്ലോകം 12. മൂടുപടം പൂണ്ട്: മൂടുപടമിട്ടുകൊണ്ട്. വിളറിയ പത്രങ്ങൾ = ഉണങ്ങി വിളർത്ത ഇലകൾ.

കൈ മാറത്തുവെച്ച്: ഭർത്താവു തന്നെക്കണ്ടിട്ടും, അത്ര ഉദാസീനതയോടെ മുഖം തിരിച്ചുകളഞ്ഞതിൽ അവളുടെ ഹൃദയം പതഞ്ഞുപോയി!

Digitized By Kerala Sahitya Akademi

ഋഷിമാർ: അങ്ങേയ്ക്കു സ്വസ്തി!

രാജാ: ഋഷിമാർക്കു തപോവിഘ്നമൊന്നുമില്ലല്ലോ?

ഋഷിമാർ: സൽകർമ്മവിഘ്നമെങ്ങായ്ക്കു-
ക്കുന്ന സംരക്ഷ ചെയ്യവേ?
ഇരുളുകൾ വിലസുമോ,
കതിരോനുദിച്ചിരിക്കവേ? 13

രാജാ: എന്റെ രാജാവെന്ന പേർ അന്വർത്ഥമായി. ഭഗവാൻ കാശ്യപൻ ലോകാനുഗ്രഹത്തിനായി കുശലിയല്ലയോ?

ശാർങ്ഗരവൻ: സിദ്ധിമാന്മാർക്കു കുശലം സ്വാധീനമാണല്ലോ. അവിടുന്ന് ഭവാനോട് അനാമയം ചോദിച്ചതിനുശേഷം ഉണർത്തിച്ചിരിക്കുന്നു.

രാജാ: എന്താണ് നിന്തിരുവടി ആജ്ഞാപിക്കുന്നത്?

ശാർങ്ഗരവൻ: എന്റെ ഈ മകളെ ഭവാൻ പരസ്പരനിശ്ചയത്താൽ വിവാഹം ചെയ്തത്, നിങ്ങൾ രണ്ടുപേരിലും പ്രീതിയോടുകൂടി ഞാൻ സമ്മതിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

ഭവാൻ പ്രഥമപൂജ്യനാമൊരുവനെങ്ങൾതൻ ദൃഷ്ടിയിൽ,
ശകുന്തള സദേഹയായൊരു സപര്യപോലുള്ളവൾ:

ശ്ലോകം 13. ആയ്ക്ക് = സജ്ജനങ്ങൾക്ക്. കതിരോൻ = സൂര്യൻ.

അത്ഥവത്തായി: ഞാനൊരു ധർമ്മരക്ഷകൻതന്നെ എന്നെനിക്കഭിമാനിക്കാം. സിദ്ധിമാന്മാർ = തപസ്സിദ്ധി വന്നവർ. ക്ഷത്രിയൻ ബ്രാഹ്മണനോടു കുശലവും, ബ്രാഹ്മണൻ ക്ഷത്രിയനോടു അനാമയവും (സുഖക്കേടൊന്നുമില്ലല്ലോ എന്ന്) ചോദിക്കണമെന്നത്രേ വിധി.

പരസ്പരനിശ്ചയത്താൽ: തമ്മിൽച്ചെയ്ത കരാറിൻപടി.

ശ്ലോകം 14. പ്രഥമപൂജ്യൻ = പൂജിക്കപ്പെടേണ്ടവരിൽവെച്ചു മുന്നാമൻ. എങ്ങൾതൻ ദൃഷ്ടിയിൽ: ഞങ്ങളുടെ അഭിപ്രായത്തിൽ. സദേഹയായ സപര്യ = ശരീരമെടുത്ത പൂജ. അതിനാൽ പൂജ്യനായ അങ്ങു ഞങ്ങളുടെ പൂജ കൈക്കൊണ്ടാലത്തെ പ്രീതിയാണ്, ഇതിൽ ഞങ്ങൾക്കുള്ളത്. ഈ ശകുന്തളാപ്രേഷണം, അങ്ങേയ്ക്കു തപസ്വികൾ ചെയ്യുന്നതു സ

Digitized By Kerala Sahitya Akademi

പൊരുത്തമിയലും വധൂവരരെയീവിധം ചേർക്കയാൽ
വിരിഞ്ചനു പെടാതെയായപയശസ്സു നിന്നാരംഭകൾ. 14

അതിനാൽ ഗർഭിണിയായ ഇവളെ ഇനി സഹധർമ്മാനുഷ്ഠാനത്തിന്നായി സ്വീകരിച്ചുകൊള്ളുക' എന്നു്.

ഗൌതമി:— ആര്യ്യ, എനിയ്ക്കു് ഒന്നു പറഞ്ഞാൽക്കൊള്ളാമെന്നുണ്ടു്. എന്നാൽ പറയാൻ ഇടമില്ല;

നണ്ണീലിവരം ഗുരുവരരെ,—
ച്ചോദിച്ചീലച്ഛനോടു താങ്കളുമേ;
ഇരുവരുമൊപ്പം ചെയ്യുന്നി-
ലൊരുകക്ഷി പിടിച്ചെന്താളൊടെന്തോതും? 15

ല്ലാരമാണു്. അതിൽ ലൌകികൌ പിതൃക്കൾ നോക്കാതതു് എന്നിങ്ങിനെ 'ശമധനന്മാർ ഞങ്ങളെന്നുള്ള.............നാനായോഗ്യു' എന്ന ഗുരുസന്ദേശത്തിലെ അനുനയാർത്ഥം സൂചിതമായി. വിരിഞ്ചൻ = ബ്രഹ്മാവു്. അപയശസ്സു്: ബ്രഹ്മാവു് പൊരുത്തം (അന്യോന്യാനുരൂപത) നോക്കാതെയാണു് വധൂവരന്മാരെച്ചേർക്ക എന്ന അപകീർത്തി; ഇതദ്ദേഹത്തിന്നു് ഏറെക്കാലമായി നിലനില്ക്കുന്ന ഒരു ദുഷ്പേരാണു്.

സഹധർമ്മാനുഷ്ഠാനം: ഗൃഹസ്ഥൻ പത്നിയോടുകൂടി വേണം പല ധർമ്മങ്ങളും അനുഷ്ഠിപ്പാനെന്നുണ്ടു്. പരസ്പരാനുരാഗമിരിക്കെ, സഹധർമ്മാനുഷ്ഠാനത്തിന്നു് എന്നു മാത്രം പറഞ്ഞതിനാൽ, 'പിന്നെയെന്തിന്നു വിധേയമപ്പുറം' ഇത്യാദിയിലെ ആശയവും സൂചിതമായി.

ശ്ലോകം: 15. പറയാൻ ഇടം (സന്ദർഭം) ഇല്ലെങ്കിലും ഗൌതമിക്കു നിങ്ങ്ഗ പറവാനുള്ളതു് ഒരു വിധം പറഞ്ഞൊപ്പിയ്ക്കുവാനുണ്ടു്; ഇവളുടെ ഗുരുസ്ഥാനത്തുള്ള താൻ അവിടെ ഉണ്ടായിരുന്നിട്ടും, തന്നോടന്വേഷിക്കാതെ തന്റെ കണ്ണിൽ പൊടിയിട്ടുകളഞ്ഞില്ലേ എന്നാണു് ഗൌതമിയുടെ ആവലാതി;—നണ്ണീല: അങ്ങിനെ ചിലതുണ്ടോ എന്നു് വിചാരിച്ചതേ ഇല്ല! ഒരു കക്ഷി.........എന്തോതും? ശകുന്തളയുടെ ഭാഗം പിടിച്ചു് അങ്ങയോടു് എങ്ങിനെ പറയും? എന്റെ ഉപദേശം നിങ്ങൾക്കു വേണ്ടാതെപ്പെട്ടുപോയി!

'ഞാൻ ആളെ അയയ്ക്കാമെന്നു വെച്ചിരിക്കെ, അതിന്നു മുമ്പു് ഇവളെക്കൂട്ടി കൊണ്ടുപോരാനെന്തേ?' എന്ന അഭിപ്രായത്തിലാണു് രാജാവിന്റെ ചോദ്യമെന്നു കരുതി, ശാർങ്ഗരവൻ അതിന്നു മറുപടി പറയുന്നു:—എന്താണെന്നോ ഇത്യാദി.

Digitized By Kerala Sahitya Akademi

ശകുന്തള (ആത്മഗതം) എന്താണാവോ ആര്യപുത്രൻ പറയുന്നത്!

രാജാ:— എന്താണിപ്പറഞ്ഞുകൊണ്ടുവന്നത്?

ശകുന്തള:— (ആത്മഗതം) തിയ്യാണിപ്പറഞ്ഞുവെച്ചത്!

ശാർങ്ഗരവൻ:— എന്താണെന്നോ? നിങ്ങൾക്കുതന്നെ തികച്ചും അറിയാമല്ലോ നാട്ടുനടപ്പ്.

മണാട്ടി ബന്ധുക്കളിലേ വസിയ്ക്കിലോ,
വിശംക്യയായ്പോം സതിതന്നെയാകിലും;
ഇതോർത്തയപ്പു കണവന്നടുക്കലേ-
യ്ക്കു,വൻ ത്യജിച്ചോളെയുമാത്മബാന്ധവർ. 16

രാജാ:— ഈ ധന്യസ്ത്രീയെ ഞാൻ മുമ്പു വേട്ടിരിയ്ക്കുന്നു എന്നോ?

ശകുന്തള:— (വിഷാദത്തോടെ ആത്മഗതം) ഹൃദയമേ, നിന്റെ ശങ്ക ഇപ്പോൾ ശരിയായി!

ശാർങ്ഗരവൻ:— ചെയ്തതിൽ വന്ന വെറുപ്പോ?
ധർമ്മാരതിയോ? ദരിദ്രധീക്കൃതിയോ?

രാജാ:— എന്തിനാണ് ഇല്ലാത്തതിനെപ്പിടിച്ചീച്ചോദ്യം?

ശാർങ്ഗരവൻ:— പ്രായേണ പെരുകിനിന്നീടു-
മൈശ്വര്യോദ്ധതരിലീ വികാരങ്ങൾ! 17

ശ്ലോകം 16. മണാട്ടി = വേൾക്കപ്പെട്ട സ്ത്രീ; മണാളൻ എന്നതിന്റെ സ്ത്രീലിംഗം. ബന്ധുക്കളിലേ = ബന്ധുക്കളുടെ അടുക്കൽത്തന്നെ. വിശംക്യയായ്പോം: അസതിയായിരിയ്ക്കാം എന്നു ജനങ്ങൾക്കു സംശയം ജനിപ്പിച്ചേയ്ക്കാം. ആത്മബാന്ധവർ: അവളുടെ ബന്ധുക്കൾ.

ശ്ലോകം 17. പൂർവ്വാർദ്ധം. വെറുപ്പ്: 'ഛെ, ഒരു കാട്ടുപെണ്ണിനെ കൈക്കൊള്ളേണ്ടിയിരുന്നില്ല!' എന്ന്. ധർമ്മാരതി: 'എന്തിനാണിത്രയൊക്കെ ധർമ്മനിഷ്ഠ?' എന്ന അനാസ്ഥ. ദരിദ്രധീക്കൃതി: 'ഒരു സമ്പത്തുമില്ലാത്ത ഈ തപസ്വികളെ രാജബന്ധുക്കളായെടുക്കുകയോ!' എന്ന നിന്ദ. ഇവയിൽ ഏതുവിചാരംകൊണ്ടാണ് അവളെ വിവാഹം നിഷേധിയ്ക്കുന്നത്?

ഇല്ലാത്തതിനെപ്പിടിച്ച ചോദ്യം; ഞാൻ ഇവളെ വിവാഹം ചെയ്തിട്ടില്ലാതിരിയ്ക്കെ, അതുണ്ടെന്നുവെച്ചുകൊണ്ടുള്ള ചോദ്യം.

Digitized By Kerala Sahitya Akademi

രാജാ:—കടന്ന ശകാരം!

ഗൌതമി:—മകളേ, ഇത്തിരിനേരം നാണിയ്ക്കാതിരിയ്ക്കു. ഞാൻ നിന്റെ മൂടുപടം നീക്കാം; എന്നാൽ ഭർത്താവു നിന്നെ കണ്ടറിയും. (പറഞ്ഞതിൻവണ്ണം ചെയ്യുന്നു.)

രാജാ:—(ശകുന്തളയെ നോക്കി ആത്മഗതം)

താനേ ചാരത്തു വന്നെത്തിയ നവസുഷമാ-
　　രമ്യമിമ്മെയ്യു കൈക്കൊ-
ണ്ടേനോ മുമ്പില്ലയോ എന്നതിലൊരുവിധവും
　　തീർച്ചതോന്നായ്കമൂലം
ഞാനാളാകുന്നതില്ലിങ്ങുഷസി തുഹിനമൂടം-
　　ച്ചേർന്നതാം കുന്ദവല്ലീ-
സൂനത്തെഷ്ഷട്പദം പോലിതിനെയനുഭവി-
　　പ്പാനുപേക്ഷിയ്ക്കുവാനും. 18

(വിചാരത്തോടെ നില്ക്കുന്നു)

നടയിൽത്തവണക്കാരി: (ആത്മഗതം) അഹോ, തമ്പുരാന്റെ ധർമ്മനിഷ്ഠ! അനായാസേന വന്നുചേർന്ന ഇത്തരം വടിവു കണ്ടാൽ മററാരെങ്കിലും ആലോചിച്ചു നില്ക്കുമോ?

ശാർങ്ഗരവൻ:—രാജാവേ, എന്താണിങ്ങിനെ മിണ്ടാതെ നില്ക്കുന്നത്?

ശ്ലോകം 18. ഉത്തരാർദ്ധം. ഐശ്വര്യോദ്ധതർ = സമ്പത്തുകൊണ്ടും പ്രഭുത്വംകൊണ്ടും ഞെളിയുന്നവർ. ഈ വികാരങ്ങൾ: 'ചെപ്പത്തിൽ വെറുപ്പുവരിക' മുതലായവയൊക്കെയും.

ശ്ലോകം 18. നവസുഷമാരമ്യം = പുതിയ, അക്ഷീണമായ, ലാവണ്യംകൊണ്ടു രമണീയം. ഉഷസി = പ്രഭാതത്തിൽ. തുഹിനം = മഞ്ഞ്. കുന്ദവല്ലീസൂനം = കുരുക്കത്തിമുല്ലപ്പൂവ്. ഷട്പദം = വണ്ട്. മഞ്ഞുതുള്ളി കുടിച്ചുപോയാൽ വണ്ടു ചത്തുപോകും; മുമ്പുകൈക്കൊള്ളാത്ത, പരസ്ത്രീയായ ഇവളെ സ്വീകരിച്ചാൽ ധർമ്മശീലനായ തനിയ്ക്കു ധർമ്മനാശം പററും.

ക്ഷേത്രിത്വം; അന്യനാൽ ഗർഭിണിയായ സ്ത്രീയുടെ ഭർത്തൃസ്ഥാനം.

അണ്ടെത്തിയ ആശ: പട്ടമഹിഷീപദത്തെക്കുറിച്ചുള്ള മനോരാജ്യങ്ങൾ.

Digitized By Kerala Sahitya Akademi

രാജാ:—അല്ലയോ തപോധന, ഞാൻ ആലോചിച്ചു നോക്കിയിട്ടും ഈ മാന്യസ്ത്രീയെ പരിഗ്രഹിച്ചതായി ഓർക്കുന്നില്ല. പിന്നെയെങ്ങിനെയാണ്, ഗർഭലക്ഷണം കാണപ്പെടുന്ന ഇവളെ, ക്ഷേത്രിത്വം പററുമെന്നു ശങ്കിക്കുന്ന ഞാൻ കൈക്കൊള്ളുക?

ശകുന്തള:— (വിഷാദത്തോടെ ആത്മഗതം) വിവാഹത്തിൽത്തന്നെ സംശയം. ഇനിയെന്തിനാണ് എനിക്കു അങ്ങെത്തിയ ആശ!

ശാർങ്ഗരവൻ: വേണ്ട.

നീ പുത്രിയെസ്സ്വപദി തീണ്ടിയതാദരിച്ചു-
പോരുന്ന മാമുനി ശരിക്കവമാന്യനായ്പോയ്!
കാണാതായ തൊണ്ടിമുതൽ കള്ളനുതന്നെ നല്കും-
പോലാണു ചെയ്തതവിടുന്നു ഭവാങ്കലല്ലോ! 19

ശാരദ്വതൻ:— ശാർങ്ഗരവ, താനിനി നില്ക്കുക. ശകുന്തളേ, ഞങ്ങൾ പറയേണ്ടതു പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇദ്ദേഹം ഇങ്ങിനെയാണ് പറയുന്നത്. മറുപടി പറഞ്ഞു വിശ്വാസം വരുത്തിക്കൊള്ളുക,

ശ്ലോകം: 19. സ്വപദി തീണ്ടിയത്: ബലാൽക്കാരേണ അശുദ്ധമാക്കിയത്; ആദരിച്ചു: അവൾ കന്യകയല്ലാത്തതിനാൽ അന്യന്ന് അപരിഗ്രാഹ്യയായതുതന്നെ. ശരിക്കു് = സ്വാഭാവികമായി. അവമാന്യൻ = അവമാനിക്കപ്പെടേണ്ടുന്നവൻ. സ്വാഭാവികത്വത്തെ ഉദാഹരിക്കുന്നു:— കാണാതായ തൊണ്ടിമുതൽ = (അന്വേഷണത്തിൽ) കണ്ടുകിട്ടിയ കളവുമുതൽ. അവിടുന്ന്: മാമുനി.

താനിനി നില്ക്കുക ഇത്യാദി: ഋഷിജനങ്ങൾ പ്രാപഞ്ചികരോട് ഇങ്ങിനെ ഏറെസ്സംസാരിക്കുന്നതുതന്നെ പോരായ്കയാണെന്നായിരിക്കും അദ്ദേഹത്തിന്റെ ഭാവം!

നിർദ്ദോഷതയെ വെളിപ്പെടുത്തിനോക്കി: അവിടെ കേട്ടുനില്ക്കുന്നവർക്ക് ബോധപ്പെടുവാൻ. സ്വീകരണത്തിൽ അവൾക്കാശ കെട്ടുകഴിഞ്ഞു മൂലത്തിൽ 'ശോധനീയ' എന്നതിന്നു പകരം 'ശോചനീയ' എന്ന പദമാണ് പലരും എടുത്തിരിക്കുന്നത്. എന്നാൽ കേരളകാളിദാസൻ എടുത്ത ഈ പാഠത്തിന്നാണ് അർത്ഥഗൗരവം. സന്ദിഗ്ധാവസ്ഥയിൽ: വിവാഹം സംശ

Digitized By Kerala Sahitya Akademi

ശകുന്തള:— (ആത്മഗതം) അപ്രകാരമിരുന്ന അനുരാഗം ഈ യൊരു നിലയിലായിത്തീന്നിരിക്കെ, ഓൎമ്മപ്പെടുത്തുക കൊണ്ടെന്തുള്ള? എങ്കിലും എന്റെ നിൎദ്ദോഷതയെ വെളിപ്പെടുത്തിനോക്കാം (പ്രകാശം) ആൎയ്യപുത്ര (എന്ന് അൎദ്ധോക്തിയിൽ) സന്ദിഗ്ദ്ധാവസരത്തിൽ ഇതു മന്ത്രാദനല്ലല്ലോ. പൌരവ, അന്ന് ആശ്രമത്തിൽവെച്ച് സ്വഭാവേന ഉൾക്കളങ്കമില്ലാത്ത ഈയുള്ളവളെ പ്രതിജ്ഞചെയ്തു വഞ്ചിച്ചിട്ട്, ഇപ്പോൾ ഇങ്ങിനെയൊക്കെപ്പറഞ്ഞു തള്ളിക്കളയുന്നത് അങ്ങേയ്ക്കുചിതമായിരിക്കുമോ!

രാജാ:— ശാന്തം; പാപം!

തുനിയുന്നതെന്തിനു കുലം
കലുഷിതമാക്കാനുമെന്നെ വീഴ്ത്താനും,
തെളിനീർ തടതരുവിവയെ-
ക്കരകളിലുരസുന്ന തടിനിപോലിഹ നീ? 20

ശകുന്തള:—ആകട്ടെ, വാസ്തവത്തിൽ പരകളത്രമെന്ന ശങ്കകൊണ്ടാണ് ഭവാൻ ഇങ്ങിനെ പറയാൻ തുടങ്ങിയതെങ്കിൽ ഞാൻ ഈ അടയാളംകൊണ്ട് അങ്ങയുടെ സംശയം തീൎത്തുതരാം.

രാജാ:—ഉത്തമപക്ഷം.

യത്തിലായിരിക്കേ. ഉൾക്കളങ്കമില്ലാത്ത: തൻകാൎയ്യം നോക്കത്തക്ക തന്റേടവും ഉൾപ്പോരുമില്ലാത്ത.

ശ്ലോകം 20. കുലം = വംശം. കലുഷിതം = കലങ്ങിയത്; പാപദൂഷിതം എന്നും. വീഴ്ത്താൻ: പാപത്തിൽ പിടിച്ചിടുവാൻ. ഉത്തരാൎദ്ധം:—തള്ളിയൊഴുകുന്ന പുഴ കരയിടിച്ചുവീഴ്ത്തി തങ്കലെ തെളിവെള്ളം കലക്കുകമാത്രമല്ല, കരയിൽ നില്ക്കുന്ന വൃക്ഷത്തെ വീഴ്ത്തുകയും ചെയ്യുന്നു. അതുപോലെ, ഋഷിമാരോടു നിലവിടാതെ സംസാരിച്ചിരുന്ന രാജാവു ശകുന്തളയോടായപ്പോൾ അവജ്ഞയോടെ തട്ടിക്കയറുന്നു!

ശക്രാവതാരം: ഹസ്തിനപുരിയ്ക്കടുത്തുള്ള ഒരു ഗംഗാഘട്ടം.

വേണ്ടത്: രാജാവ് തന്ന മോതിരം അടുത്ത സമയംവരെ കയ്യിലുണ്ടായിരുന്നു; അതു പോയ്പോയി എന്നു നടിയ്ക്കുക.

ദൈവം = വിധി. തന്റെ പ്രഭാവം: പൌരുഷത്തെ തുച്ഛമാക്കിത്തള്ളുവാൻ തനിയ്ക്ക് ഒരു പ്രയാസവുമില്ലെന്ന്.

Digitized By Kerala Sahitya Akademi

ശകുന്തള:—(മോതിരമിട്ടിരുന്ന വിരൽ തൊട്ടു നോക്കീട്ടു്) അയ്യോ, മോതിരമില്ലല്ലോ എന്റെ വിരലിന്മേൽ!

(വിഷാദത്തോടെ ഗൌതമിയെ നോക്കുന്നു.)

ഗൌതമി:—ശ്രീ ശക്രാവതാരത്തിൽ ശചീതീർത്ഥത്തെ വന്ദിയ്ക്കുന്നേരം വെള്ളത്തിൽ വീണുപോയിരിയ്ക്കണം മോതിരം.

രാജാ:—(പുഞ്ചിരിയിട്ടുകൊണ്ടു്) ഇതാണു് സ്ത്രീകൾക്കു വേണ്ടപ്പോൾ വേണ്ടതു തോന്നും എന്നു പറയുന്നതു്.

ശകുന്തള:— ഇതു ദൈവം തന്റെ പ്രാഭവം കാണിച്ചതാണു്. ഞാൻ മറ്റൊന്നു പറയാം.

രാജാ:— ഇപ്പോൾ കേൾക്കുക എന്നായി!

ശകുന്തള:— ഒരു ദിവസം ചെറുപിച്ചകക്കുടിലിലിരിയ്ക്കുമ്പോൾ താമരയിലക്കുമ്പിളിൽ വെച്ചിരുന്ന വെള്ളം അങ്ങു കയ്യിലെടുക്കുകയുണ്ടായല്ലോ.

രാജാ:— കേൾക്കുന്നുണ്ടു്.

ശകുന്തള:— അതേസമയത്തു്, എന്റെ ആ വളർത്തുപുത്രൻ ദീർഘാപാംഗനെന്ന മാൻകുട്ടി അടുക്കൽ വന്നു. അങ്ങാകട്ടേ, മുമ്പേ ഇവൻ കുടിച്ചുകൊള്ളട്ടെ എന്നു് അനുകമ്പയാൽ വെള്ളം കാണിച്ചുകൊടുത്തു. എന്നാൽ അവൻ പരിചയമില്ലായ്കയാൽ അങ്ങയുടെ കൈക്കലേയ്ക്കു വന്നില്ല. പിന്നീടു് ആ വെള്ളംതന്നെ ഞാൻ വാങ്ങിയപ്പോൾ അവൻ എന്റെ അടുക്കൽ വന്നു. അപ്പോൾ അങ്ങു പരിഹസിച്ചു, 'എല്ലാവർക്കും കൂട്ടുകാരിലേ വിശ്വാസമുണ്ടാകൂ; ഇവിടെ രണ്ടുപേരും കാടരാണല്ലോ!' എന്നു്.

ഇപ്പോൾ കേൾക്കുകയെന്നായി: ആദ്യം 'ഇതാ കണ്ടോളൂ' എന്നായിരുന്നു!

ആ പൂർവ്വകഥകളെ ഓർത്തു് പറഞ്ഞുതുടങ്ങിയപ്പോൾ, ആ സരളഹൃദയ, എല്ലാം അടിയോടെ നിഷേധിയ്ക്കുന്ന ഒരാളോടാണു് താനിതു് പറയുന്നതെന്നു് ഏതാണ്ടു് മറന്നുപോയി; അതിനാൽ '......എടുക്കുകയുണ്ടായല്ലോ' (അത്രയും അങ്ങു സമ്മതിയ്ക്കുമല്ലോ) എന്നു നിർത്തി, സമ്മതം മൂളുവാനായി രാ



Digitized By Kerala Sahitya Akademi

രാജാ:— തങ്കാര്യം നേടുന്ന സ്ത്രീകളുടെ ഇങ്ങിനെയെല്ലാമുള്ള വ്യാജോക്തിത്തേന്മഴയാൽ വിഷയലമ്പടന്മാർ ആകൃഷ്ടരാക്കപ്പെട്ടുപോകുന്നു.

ഗൌതമി:— മഹാഭാഗ, ഇങ്ങിനെ പറയരുത്: കളവറിഞ്ഞുകൂടാത്തവരാണ് തപോവനത്തിൽ വളൎന്ന ഇദ്ദിക്കുള്ളവർ.

രാജാ:— വൃദ്ധതാപസി,

തിൎയ്യഗ്ജാതികളിലും പഠിയാപ്പടുത്വം
കാണുന്നു: ബോധവതിമാർകളിലെന്തു പിന്നെ?
തങ്കുഞ്ഞിനെപ്പരപതത്രികളാലെയല്ലോ
പോററിപ്പു പെൺകുയിൽ, പറന്നുനടക്കവോളം. 21

ശകുന്തള:— (കോപത്തോടെ) ദുഷ്ട, തന്റെ മനസ്ഥിതിയെ അനുസരിച്ചാണ് അങ്ങു മററെല്ലാവരെയും കാണുന്നത്. മററാരാണ് ഇങ്ങിനെ ധൎമ്മകഞ്ചുകമിട്ട് പുല്ലുമൂടിയ കിണറുപോലിരിക്കുന്ന അങ്ങയെപ്പോലെ പ്രവൎത്തിക്കുക?

ജാവിന്ന് ഒരിട കൊടുക്കുന്നു. ഇതാലോചിക്കാതെയാണ്, ശ്രീനിവാസൻ മൂലത്തിലെ 'നം' (നന്മ) എന്ന പദം സംബോധകദ്യോതകമാണെന്നു തള്ളിയിരിക്കുന്നത്.

ദീൎഗ്ഘാപാംഗൻ: നാലാമങ്കത്തിൽ വരികയുണ്ടായി.

തങ്കാൎയ്യം നേടുന്ന ഇത്യാദി: ഞാൻ വിഷയലമ്പടനല്ലായ്കയാൽ നിന്റെ ഈ കള്ളക്കഥ എത്രതന്നെ മധുരമായാലും എന്നെ ആകൎഷിക്കുകയില്ല.

വൃദ്ധതാപസി: ഭവതിക്കെന്തറിയാം എന്നാശയം.

ശ്ലോകം 21. തിൎയ്യഗ്ജാതികൾ = പക്ഷിമൃഗാദിജന്തുകൾ. പഠിയാപ്പടുത്വം = പഠിച്ചുണ്ടാകാത്ത, നൈസൎഗ്ഗികമായ സാമൎത്ഥ്യം. തങ്കാൎയ്യം നേടാനുള്ള വഞ്ചനാസാമൎത്ഥ്യം. ബോധവതിമാർ = വിശേഷബുദ്ധിയുള്ള മനുഷ്യസ്ത്രീകൾ. പരപതത്രികൾ = ഇതരപക്ഷികൾ. പറന്നുനടക്കവോളം: കുഞ്ഞിനു പറക്കാൻ ത്രാണിയുണ്ടാകുന്നതുവരെ. പെൺകുയിൽ മുട്ടയിട്ടാൽ അതിനെ ഉപായത്തിൽ കാക്കക്കൂട്ടിൽ കൊണ്ടുചെന്നുവെക്കും; വിഡ്ഢിയായ കാക്ക, അതും തന്റെ മുട്ടയാണെന്നുകരുതി പോററിവളൎത്തും —ഇങ്ങിനെയാണത്രേ പ്രകൃതി.

തന്റെ മനസ്ഥിതി..........കാണുന്നത്: 'ഞാനൊരു വഞ്ചകനാ

Digitized By Kerala Sahitya Akademi

രാജാ:— (ആത്മഗതം) എനിയ്ക്കു സംശയം തോന്നുമാറു, നിർവ്യാജമെന്ന പോലിരിയ്ക്കുന്നു ഇവളുടെ കോപം. ഇവൾ,

ഞാനീവിധം മറവികൊണ്ടു മനം കടുത്തി-
ട്ടേകാന്തവേഴ്ചയതു സമ്മതിയായ്കമൂലം,
പാരം ചൊടിച്ചു മിഴി ചെന്തിയൊടിച്ചുവിട്ടോ
മാരന്റെ വില്ലു,പുരികങ്ങളെ വളച്ചുവാലേ! 22

(പ്രകാശം) ഭദ്രേ, പരക്കെയറിയാം ദുഷ്ഷന്തന്റെ നടപടി; എന്നാലും ഇതു കേട്ടിട്ടില്ല.

ശകുന്തള:— ഞാൻ തോന്നിയതു കാട്ടുന്നവളാക്കപ്പെട്ടതു നന്നായി; പുരുവംശക്കാരനെന്ന വിശ്വാസം മൂലം ഞാൻ വായിൽ തേനും മനസ്സിൽ നഞ്ചുംപൂണ്ട ഇയ്യാളുടെ കയ്യിൽ അകപ്പെട്ടുപോയല്ലോ! (വസ്ത്രത്തുമ്പുകൊണ്ടു മുഖം മറച്ചു കരയുന്നു.)

ശാർങ്ഗരവൻ:— ഇങ്ങിനെയാണ് താൻ ചെയ്ത ചാപല്യം തിരിച്ചടിച്ചു ചുട്ടെരിയ്ക്കുന്നത്.

അതിനാലോർത്തുചെയ്യേണം
വിശേഷാൽഗൂഢവേഴ്ചയെ,

ണ്; അതുപോലെയായിരിയ്ക്കണമല്ലോ എല്ലാവരും' എന്ന്. ധർമ്മക്കുപ്പായമിട്ട്: പുറത്തേയ്ക്കു ധർമ്മിഷ്ഠനാണെന്നു നടിച്ച്.

ശ്ലോകം 22. നിർവ്യാജക്രോധചിഹ്നമായി കണ്ണുരുട്ടുന്നതിനേയും പുരികം വളഞ്ഞതിനേയും വർണ്ണിയ്ക്കുന്നു:—മനം കടുത്തിട്ട്: നിർദ്ദയമനസ്സായിട്ട്. ഏകാന്തവേഴ്ച: മററാരുമറിയാതെ നടന്ന ബന്ധം; ഒരു സാക്ഷിയെപ്പറയാനുമില്ല! ചൊടിച്ച് = കോപിച്ച്. ഈ വേഴ്ചയ്ക്കു കാരണമായ കാമന്റെ നേർക്കുള്ളതത്രേ, കോപം. 'മയ്യേവമസ്മരണ' എന്ന പാഠമാണ് എടുത്തിരിയ്ക്കുന്നത്.

ഇത്; ധർമ്മക്കുപ്പായമിട്ട ദുഷ്ടനാണ് ദുഷ്ഷന്തൻ എന്നൊരു പേര്. 'ഇത്' ശകുന്തളാവിവാഹമാണെന്ന ചിലരുടെ വ്യാഖ്യാനം അനുചിതമാണ്. അതൊരു മറുപടിയല്ല; 'ഏകാന്തവേഴ്ച'യാണല്ലോ ഇവിടെ വാദവിഷയം.

ശാരദ്വതൻ പറഞ്ഞതുകൊണ്ടല്ല, ശകുന്തളയ്ക്ക് രൈവസരം കൊടുത്ത

Digitized By Kerala Sahitya Akademi

അജ്ഞാതചിത്തരിൽ സ്നേഹം
വൈരമായ്ത്തീരുമിങ്ങിനെ. 23

രാജാ:—എന്തിനാണ്, നിങ്ങടം ഈ സ്ത്രീയെ മാത്രം വിശ്വസിച്ച് നമ്മുടെനേരെ ഒളിയമ്പെയ്യുന്നത്?

ശാർങ്ഗരവൻ:—(സഹിക്കായ്ക നടിച്ച്) കേട്ടില്ലേ, നിങ്ങടം കീഴ്മേൽ മറിച്ചിൽ?

പിറപ്പുതൊട്ടേ ചതി ശീലിയാത്തോർ
പറഞ്ഞതേതും വകവെച്ചുകൂടാ;
വഞ്ചിക്കുകെന്നുള്ളതു ശാസ്ത്രമാക്കി-
പ്പഠിക്കുവോർ ചൊന്നതു നേരുമത്രേ! 24

രാജാ:—ഹേ സത്യവാദിൻ, ശരി, ഞാൻ സമ്മതിച്ചു; എന്നാൽ ഈ സ്ത്രീയെ വഞ്ചിച്ചാൽ എന്തുകിട്ടും?

എല്ലാം കേട്ട സഹിച്ചുനിന്നിരുന്ന ശാർംഗരവൻ രാജാവിന്റെ 'അത്യുഗ്രമായ കപടതന്ത്രം' കണ്ട്, 'ആ പരമവഞ്ചകനോട് സംസാരിക്കുന്നതുപോലും നിന്ദ്യം' എന്ന നിലയിൽ ശകുന്തളയെ അധിക്ഷേപിക്കുന്നു—ഇങ്ങിനെയാണ് ഇത്യാദി.

ശ്ലോകം 23. വിശേഷാൽ: ഏതു വേഴ്ചയെന്നും ആലോചിച്ചേ ചെയ്യാവൂ, വിശേഷിച്ചും ഗൂഢമായതിനെ. അജ്ഞാതചിത്തരിൽ: ഹൃദയമറിയപ്പെടാത്തവരെസ്സംബന്ധിച്ച്.

ഒളിയമ്പെയ്യുന്നത്: ശകുന്തളയെ ഈ അധിക്ഷേപിച്ചതിന്റെ സാമർത്ഥ്യം, രാജാവിൽ വഞ്ചകത്വം ആരോപിക്കുകയാണല്ലോ.

നിങ്ങൾ: അവിടെയുള്ള എല്ലാവരോടുമായി പറയുന്നത്; രാജാവൊരാളോട് മാത്രമായി പറയാവുന്നേടത്തോളമല്ല, അദ്ദേഹത്തിന്ന ക്ഷോഭമുള്ളൂ!

ശ്ലോകം 24. പിറപ്പ് = ജന്മം. വഞ്ചിക്ക..........പഠിക്കുവോർ = പരന്മാരെ ചതിച്ചു തോല്പിക്കാനുള്ള പല ഉപായങ്ങളും മുഖ്യമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ അവയ്ക്ക് 'ശാസ്ത്രം' (നീതിശാസ്ത്രം) എന്നു പേരിട്ടു പഠിക്കുന്നവർ; രാജാക്കന്മാർ. രാജാവ് ഗൌതമിയേയും ശകുന്തളയേയും—സ്ത്രീകളെ—മുട്ടിക്കുവാൻ പറഞ്ഞ 'തിര്യഗ്യോനികളിലും' ഇത്യാദി പദ്യംകേട്ടപ്പോൾതന്നെ ശാർംഗരവൻ പറയാൻ കരുതിയതാണിത്.

സത്യവാദിൻ = നേരേ പറയു ന്നയാളേ! സോപഹാസമായ സംബുദ്ധി-

Digitized By Kerala Sahitya Akademi

ശാർങ്ഗരവൻ:—അധഃപതനം!

രാജാ:—അധഃപതനം തേടുന്ന പൌരവന്മാർ എന്നുള്ളത് വിശ്വാസയോഗ്യംതന്നെ!

ശാരദ്വതൻ:—ശാർങ്ഗരവ, എന്തിനാണ് മേല്ക്കുമേൽ സംസാരിക്കുന്നത്? ഗുരുസന്ദേശം അറിയിച്ചുകഴിഞ്ഞു. നമുക്ക മടങ്ങിപ്പോകാം. രാജാവേ,

എന്നാൽ നിൻപ്രിയയിവളാം; നീ
തള്ളുകയോ ചെയ്തുകൊള്ക കൊള്ളുകയോ!
സാധുതമല്ലോ, സർവ്വ-
സ്വാതന്ത്ര്യം പതിമാരുടെ മേൽ. 25

ഗൌതമി, മുമ്പേ നടക്ക.

(എന്ന് അവർ പുറപ്പെടുന്നു.)

ശകുന്തള:—അയ്യോ, ഞാൻ ഈ ധൂർത്തനാൽ വഞ്ചിക്കപ്പെട്ടുപോയി; നിങ്ങളും എന്നെ ഉപേക്ഷിക്കുകയാണോ? (പിന്നാലെ പുറപ്പെടുന്നു)

ഗൌതമി:—(നിന്നിട്ട്,) ഉണ്ണി ശാർങ്ഗരവ, ഇതാ ശകുന്തള വല്ലാതെ കരഞ്ഞുകൊണ്ടു നമ്മുടെ പിന്നാലെ പോരുന്നു. ഭർത്താവു നിർദ്ദയം തള്ളിക്കളഞ്ഞിരിക്കെ, എന്റെ അരുമമകളൊന്, എന്തുചെയ്യും?

അസഹനത്വമൂലം ശാർങ്ഗരവൻ യുക്തിയിൽനിന്നു തെററി അധിക്ഷേപിക്കുന്നു:—അധഃപതനം!

വിശ്വാസയോഗ്യംതന്നെ: നിങ്ങൾ കേട്ടാൽ വിശ്വസിച്ചേക്കാവുന്നതല്ല, എന്തായാലും പറയാമോ?

രാജാവിന്റെ 'വഞ്ചകത്വ'ത്തിൽ പ്രാപഞ്ചികന്മാർ ഇങ്ങിനെത്തന്നെയാണെന്നു തെല്ലൊരു ക്ഷോഭമില്ലാതെ, ശകുന്തളയോടോ, ശാർങ്ഗരവനോടോ ഒരു സഹാനുഭൂതിയുമില്ലാതെ, തിരിച്ചുപോകാൻ വെമ്പുന്ന ശാരദ്വതൻ, ഗുരു പറഞ്ഞേല്പിച്ച സന്ദേശത്തെ ഉപസംഹരിക്കുന്നു:—രാജാവേ ഇത്യാദി.

ശ്ലോകം 25. 'സാധുതമല്ലോ സർവ്വസ്വാതന്ത്ര്യം പതിമാരുടെമേൽ?'—ഇതദ്ദേഹം സ്മൃതിഗ്രന്ഥങ്ങളിൽ പഠിച്ചിട്ടുണ്ട്!

Digitized By Kerala Sahitya Akademi

ശാർങ്ഗരവൻ:—(കോപത്തോടെ പിന്തിരിഞ്ഞ്) അതെന്താ, തോന്നിയതു കാണിയ്ക്കുകയോ?

(ശകുന്തള പേടിച്ചു വിറയ്ക്കുന്നു.)

ശാർങ്ഗരവൻ:—ശകുന്തളേ,

ഭൂപൻ ചൊല്ലും മട്ടിലാണെന്നിരുന്നാ-
ലച്ഛനെന്തിന്നു,പ്പുറംചാടിയാം നീ?
അല്ലാ, നീ സദ്വൃത്തതാനെങ്കിലോ, തേ
കൊള്ളാമല്ലോ ദാസ്യവും ഭർത്തൃഗേഹേ! 26

അതിനാൽ നില്ക്കുക: ഞങ്ങൾ പോകുന്നു.

രാജാ:—ഹേ താപസ, എന്തിനാണ് ഭവാൻ ഈ സ്ത്രീയെ വല്ലതും പറഞ്ഞുപിടിപ്പിയ്ക്കുന്നത്?

വിരിയിപ്പു സരോരുഹത്തെ മാത്രം
ഹരിദശ്വൻ, ശശി കൈരവത്തെ മാത്രം;
പരദാരസമാഗമത്തിലുണ്ടോ
കരംവെയ്ക്കുന്നു, വശീകൃതേന്ദ്രിയന്മാർ? 27

ശാർങ്ഗരവൻ: മുമ്പു നടന്നത് അന്യസ്ത്രീസക്തിയാൽ അങ്ങേ

എല്ലാംകൂടി വല്ലാതെ ക്ഷോഭിച്ചിരിയ്ക്കുന്ന ശാർംഗരവൻ ചെടുന്നനെ ശകുന്തളയുടെ നേരെ കയർത്തുപോയി എങ്കിലും, അവളുടെ നില കണ്ട് ദയ തോന്നി ആശ്വസിപ്പിയ്ക്കുന്നു:—ശകുന്തളേ എന്ന്.

ശ്ലോകം 26. അപ്പുറംചാടി: കുലഭ്രഷ്ട. സദ്വൃത്ത = സാധ്വീ. കൊള്ളാം = അനുചിതമാകയില്ല.

ശാർംഗരവൻ ഇപ്പറഞ്ഞത്, ഇവളിവിടെത്തന്നെ കൂടിയാൽ പതുക്കെക്കൊണ്ടു താനിവളിൽ ആസക്തനായിക്കൊള്ളുമെന്നുദ്ദേശിച്ചിട്ടാണെന്നു കരുതി രാജാവു പറയുന്നു:—ഹേ താപസ ഇത്യാദി.

ശ്ലോകം 27. ഹരിദശ്വൻ = സൂര്യൻ. കൈരവം = ആമ്പൽ. പരദാരസമാഗമം = പരസ്ത്രീയോടു ചേരുക. വശീകൃതേന്ദ്രിയന്മാർ: ഇന്ദ്രിയങ്ങളെ, അനർഹവിഷയങ്ങളിൽ പ്രവർത്തിയ്ക്കാതിരിയ്ക്കുമാറ്, അടക്കി നിർത്തിയവർ. താമര സൂര്യന്റെയും, ആമ്പൽ ചന്ദ്രന്റെയും പത്നിമാരാണെന്നു കവിസങ്കേതം.

Digitized By Kerala Sahitya Akademi

മറന്നുകളഞ്ഞ സ്ഥിതിയ്ക്കു് അധമ്മത്തെ പേടിയ്ക്കാനുണ്ടോ?

രാജാ:— ഞാൻ അങ്ങയോടുതന്നെ ഇതിൽ ഗുരുലാഘവം ചോദിയ്ക്കട്ടെ:—

മറന്നതാണോ ഹൃദി ഞാന, വാസ്തവം
പറഞ്ഞതാണോ ഇവളെന്ന ശങ്കയിൽ
വരം, കളത്രത്തെ വെടിഞ്ഞിടുന്നതോ?
പരാംഗനാസ്പർശനപങ്കമേല്പതോ? 28

പുരോഹിതൻ:— (ആലോചിച്ചു്) എന്നാലിങ്ങിനെ ചെയ്യാം.

രാജാ:— ഉപദേശിച്ചതാവാലും.

പുരോഹിതൻ: ഈ മാന്യസ്ത്രീ പ്രസവംവരെ നമ്മുടെ മഠത്തിൽ താമസിയ്ക്കട്ടെ, എന്തുകൊണ്ടാണിതു പറയുന്നതെന്നു വെച്ചാൽ പണ്ഡിതന്മാർ ഫലം പറയുകയുണ്ടായിട്ടുണ്ടല്ലോ, അങ്ങയ്ക്കു ചക്രവർത്തിയായ പുത്രനാണു് ആദ്യം പിറക്കുക എന്നു്. അതിൻവണ്ണം, മുനിദൌഹിത്രനിൽ ആ ലക്ഷണങ്ങൾ കാണപ്പെടുന്നപക്ഷം, ഇവളെ അഭിനന്ദിച്ചു് അന്തഃപുരത്തിലേയ്ക്കു കൊണ്ടുപോരാം; മറിച്ചാണെങ്കിൽ അച്ഛന്റെ അടുക്കലേയ്ക്കുതന്നെ അയയ്ക്കുക എന്നും തീർച്ചപ്പെട്ടതാണല്ലൊ.

രാജാ:— ഗുരുപാദരുടെ അഭിപ്രായം പോലെ.

പുരോഹിതൻ;— കുഞ്ഞേ, എന്റെ കൂടെ വരിക,

ശകുന്തള: ഭൂമീദേവി, എനിയ്ക്കൊരു വിടവു തന്നരുളണേ!

(കരഞ്ഞുകൊണ്ടു പുരോഹിതനോടും തപസ്വികളോടും കൂടി പോയി. രാജാവു ശാപംമൂലം ഓർമ്മവരാതെ ശകുന്തളയെക്കുറിച്ചുതന്നെ വിചാരിയ്ക്കുന്നു)

ശാർങ്ഗരവൻ രാജാവിന്റെ 'ധർമ്മശ്രദ്ധാനാട്യ'ത്തെ പുച്ഛിയ്ക്കുന്നു:— കൃത്യനടനാതു് ഇത്യാദി.

ഗുരുലാഘവം; രണ്ടുവിധമായാലും വരാവുന്ന പാപത്തിൽ ഏതിനാണു് ഗൌരവം, ഏതിനാണു് ലാഘവം എന്നു്

ശ്ലോകം 28. ഹൃദി = മനസ്സിൽ. 'വരം'; തരക്കേടില്ല എന്നുള്ളതു്. പരാംഗനാസ്പർശനപങ്കം = പരസ്ത്രീസംഗമത്താലുള്ള പാപം.

Digitized By Kerala Sahitya Akademi

(അണിയറയിൽ.)

ആശ്ചര്യം, ആശ്ചര്യം.

രാജാ:—(കേട്ടിട്ട്) എന്തായിരിക്കും?

പുരോഹിതൻ:—(പ്രവേശിച്ചു വിസ്മയത്തോടെ) തിരുമേനി, ഒരത്ഭുതമുണ്ടായി!

രാജാ:—എന്തുണ്ടായി?

പുരോഹിതൻ;—കണ്വശിഷ്യന്മാർ തിരിച്ചുപോരികയിലായപ്പോൾ,

അപ്പെൺതയ്യാൾ തന്നുടെ വിധിയെ-
പ്പററി നിന്ദിച്ചുകൊണ്ടേ
കയ്യും പൊങ്ങിച്ചശരണതയാ-
ലാർത്തുകേഴ്‌വാൻ തുടങ്ങീ;

രാജാ:—വേറേയെന്തുണ്ടായി?

പുരോഹിതൻ:—

എന്നപ്പോഴെഴും,വളെ നലഞ്ഞമാ-
ടേന്തിയെങ്ങോ മറഞ്ഞു
നാരീരൂപാന്വിതമൊരു മഹ-
സ്സു,പ്സരസ്തീർത്ഥപാർശ്വാൽ! 29

രാജാവിൻെറ ധർമ്മസങ്കടം കണ്ടു പുരോഹിതൻ ഒരു പോംവഴി ഉപദേശിക്കുന്നു: പരപ്പനും മുഷിപ്പനുമായ ഒരു ഭാഷയാണ് പുരോഹിതന്റേതെന്നു കാണുക. ഇതിൽപ്പറഞ്ഞ പണ്ഡിതന്മാർ ഒന്നാമങ്കത്തിൽ രാജാവിനെ അനുഗ്രഹിച്ച ഋഷിമാരാണെന്ന വ്യാഖ്യാനം ചിന്ത്യമാണ്; പുരോഹിതൻ അതു കേട്ടിട്ടില്ല; ജോതിഷാദികൾകൊണ്ടു ലക്ഷണംപറയുന്ന പണ്ഡിതന്മാർ കൊട്ടാരത്തിൽ ചുരുക്കമായിരിക്കയുമില്ല.

ഈവിധം പിതൃകുലത്തിലും ഭർത്തൃകുലത്തിലും സ്ഥാനമില്ലാതായതോർത്തു വിവശയായ ശകുന്തള വിലപിക്കുന്നു: വിടവു തന്നാളണേ: ഞാൻ ഉള്ളിലേക്കുകൊണ്ടു നശിക്കുമാറ്, ഇവിടെത്തന്നെ ഒരു വൻപിളർപ്പുണ്ടാക്കണേ!

ശ്ലോകം 29. പൂർവ്വാർദ്ധം. പെൺതയ്യാൾ = ചെറുപ്പക്കാരി.

വേറെയെന്തുണ്ടായി: ഇപ്പറഞ്ഞത് ഒരാശ്ചര്യമല്ലല്ലോ.

ശ്ലോകം 29. ഉത്തരാർദ്ധം. നാരീരൂപാന്വിതം = സ്ത്രീയുടെ ആകൃ

Digitized By Kerala Sahitya Akademi

(എല്ലാവരും വിസ്മയം നടിക്കുന്നു.)

രാജാ:—നാം മുമ്പുതന്നെ തള്ളിക്കളഞ്ഞതാണല്ലോ ആ കാര്യം. എന്തിനു വെറുതേ ഊഹിച്ചന്വേഷിയ്ക്കുന്നു?

പുരോഹിതൻ:—വിജയിച്ചാലും! (പോയി)

രാജാ:—വേത്രവതി, എനിയ്ക്കൊരു വല്ലായ്ക. കിടപ്പറയിലേയ്ക്കു വഴികാണിയ്ക്കുക.

നടയിൽത്തവണക്കാരി;—തിരുമേനി, ഇതിലേ, ഇതിലേ.

(എല്ലാവരും ചുററി നടക്കുന്നു)

രാജാ:—(ആത്മഗതം)

ആവട്ടെ, ഞാനോക്കവതില്ല വേട്ടതായ്—
ത്തള്ളിക്കളഞ്ഞോരു തപസ്വിപുത്രിയെ;
എന്നാൽത്തുലോം വേദന തേടുമെന്മനം
വിശ്വാസമുണ്ടാക്കുകയായിരിയ്ക്കുമോ! 30

(രണ്ടുപേരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

തിയിരുവുള്ള. അപ്സരസ്തീർത്ഥപാർശ്വാൽ = അപ്സരസ്തീർത്ഥത്തിന്നടുക്കൽനിന്ന്. ഹസ്തിനപുരത്തിന്നടുക്കൽ, പുണ്യകാലങ്ങളിൽ അപ്സരസ്സാന്നിധ്യമുള്ള ഒരു തീർത്ഥസ്ഥാനം.

ഊഹിച്ചന്വേഷിയ്ക്കു: ഈ അത്ഭുതത്തിന്റെ രഹസ്യമെന്താവാമെന്ന്.

ശ്ലോകം 30. ഈ ഉപേക്ഷിയ്ക്കപ്പെട്ട മുനിപുത്രിയെ വേട്ടതായി ഞാനോക്കുന്നില്ല; എന്നാലും അവളെ ഉപേക്ഷിച്ചതിൽ എന്റെ മനസ്സു വല്ലാതെ വേദനക്കൊള്ളുന്നു. ഇതുകൊണ്ടു, ഞാൻ അവളെ വേട്ടിരിയ്ക്കണമെന്നുതന്നെ വിശ്വസിയ്ക്കേണമോ!



Digitized By Kerala Sahitya Akademi

# ആറാമങ്കം

(അനന്തരം നഗരപ്പൊല്ലീസു മുതൽപ്പേരും, ഒരാളെ പിൻകൈ കെട്ടി പിടിച്ച രണ്ടു സിപ്പായിമാരും പ്രവേശിക്കുന്നു.)

സിപ്പായിമാർ: (അടിച്ചിട്ട്) എട കള്ള, പറയുക, നിനക്കെവിടെവിന്നു കിട്ടി, തമ്പുരാന്റെ തിരുനാമംകൊത്തിയിട്ടുള്ള ഈ രത്നമോതിരം?

ആയാറം: (ഭയം നടിച്ച്) കനിവുണ്ടാകണേ, എജമാനന്മാർക്ക്. ഞാൻ ഇത്തരം തൊഴിൽ ചെയ്യുന്നവനല്ല.

ഒന്നാമൻ:— ഒരുത്തമബ്രാഹ്മണനാണെന്നുവെച്ച് തമ്പുരാൻ പ്രതിഗ്രഹം തന്നതായിരിക്കാം!

ആയാറം: കേൾക്കണേ, ശക്രാവതാരത്തിൽപ്പാർക്കുന്ന ഒരു മുക്കുവനാണ് ഞാൻ.

രണ്ടാമൻ: — കള്ള, നിന്റെ ജാതിചോദിച്ചുവോ, ഞങ്ങൾ!

മുതൽപ്പേർ: സൂചക, മുഴുവനും മുറയ്ക്കു പറയട്ടെ. ഇവനെ ഇടയിൽ തടയേണ്ട,

രണ്ടുപേരും: ഉത്തരവുപോലെ.

ആറാമങ്കത്തിലെ സംഭവത്തിനാദ്യോഷം കൊല്ലം നാലഞ്ചുകഴിഞ്ഞു.

നഗരപ്പൊല്ലീസു മുതൽപ്പേർ: നഗരരക്ഷയ്ക്കുള്ള പൊല്ലീസിന്റെ തലവൻ. പിൻകൈ കെട്ടി: രണ്ടു കയ്യും പിന്നാക്കം പിടിച്ചുകെട്ടി.

ഇത്തരം തൊഴിൽ: നിങ്ങൾ സംശയിക്കുന്ന മോഷണം.

ജാതി ചോദിച്ചുവോ: 'ഒരുത്തമബ്രാഹ്മണനാണെന്നുവെച്ച്' ഇത്യാദ്യധിക്ഷേപമാണ്, അവനെ ജാതി പറയാൻ പ്രേരിപ്പിച്ചത്; അതു പറഞ്ഞുപോയതും കുറ്റം!

'ഇടയിൽത്തടയേണ്ട' എന്നു കല്പിച്ച മുതൽപ്പേരും, ഉടൻ ശകാരിപ്പാൻ തക്കം കണ്ടപ്പോൾ അനാവശ്യമായി ഇടയിൽത്തടയുന്നു:—പരിശുദ്ധമായ ഉപജീവനം!

Digitized By Kerala Sahitya Akademi

രണ്ടുപേരും: ഉത്തരവുപോലെ,
മുതൽപ്പേർ: പറഞ്ഞുകൊൾക.
മുക്കവൻ: വല ചൂണ്ടൽ മുതലായവകൊണ്ടു മീൻ പിടിച്ചിട്ടാണ്, ഞാൻ കുടുംബം പുലർത്തിപ്പോരുന്നത്.
മുതൽപ്പേർ: (ചിരിച്ച്) പരിശുദ്ധമായ ഉപജീവനം!
മുക്കവൻ: എജമാനനേ, ഇങ്ങിനെ പറയരുത്.

വിനിന്ദ്യമെന്നാലുമവജ്ഞമല്ലോ
കുലത്തിനോരോന്നിനുമുള്ള കർമ്മം;
പശുക്കളെക്കൊല്ലുകയാം കടുംകൈ
ചെയ്യുന്നതില്ലേ, കനിവറ്റ വിപ്രൻ? 1

മുതൽപ്പേർ: എന്നിട്ട്?
മുക്കവൻ: ഒരു ദിവസം ഞാനൊരു ചെങ്കവരി മീനിനെ കീറി. അപ്പോൾ അതിന്റെ വയററിൽ ഈ മിന്നിത്തിളങ്ങുന്ന രത്നമോതിരം കണ്ടെത്തി. പിന്നെ ഞാൻ അതു വില്പാനായി കൊണ്ടുനടന്ന കാണിയ്ക്കുമ്പോൾ എജമാന്മാർ എന്നെപ്പിടിച്ചു. കൊന്നാലും ശരി, വിട്ടാലും ശരി; ഇങ്ങിനെയാണ് ഇതു കിട്ടിയത്,
മുതൽപ്പേർ: ജാനുക, പച്ചനാററംകൊണ്ട്, ഇവൻ ഉടുമ്പിനെ തിന്നുന്ന മുക്കവൻതന്നെയാണെന്ന് ഉറപ്പിയ്ക്കാം. മോതിരം കണ്ടെത്തിയതിനെപ്പററി ആലോചിയ്ക്കേണ്ടതുണ്ട്- നാം കൊട്ടാരത്തിലെയ്ക്കുതന്നെ പോവുക.
സിപ്പായിമാർ: ഓ. എട തുരപ്പ, നടക്ക്.

(എല്ലാവരും ചുററി നടക്കുന്നു.)

ശ്ലോകം 1. വിനിന്ദ്യം = നിന്ദിയ്ക്കത്തക്കത്. അവജ്ഞ്യം = വേണ്ടെന്നുവെച്ചുകൂടാത്തത്. പശുക്കൾ: യജ്ഞത്തിൽ വധിയ്ക്കപ്പെടുന്ന പ്രാണികൾ. കനിവററ: കനിവില്ലാഞ്ഞിട്ടല്ലല്ലോ അതു ചെയ്യുന്നത്. ഞാനും, വളരെ ഉൽകൃഷ്ടമാണെന്നു കരുതിയല്ല, സ്വധർമ്മമാണെന്നു കരുതിയാണ് ഇതു ചെയ്യുന്നത്. അത്ര നിസ്സാരനല്ല, ഈ മീൻപിടുത്തക്കാരൻ; മഹാഭാരതത്തിലെ ധർമ്മവ്യാധനാവാം, ഇയ്യാളുടെ ആദർശപുരുഷൻ.

എന്നിട്ട്: മുക്കവൻ പറഞ്ഞതു മുതൽപ്പേർക്കു മനസ്സിലായോ, ആവോ?

Digitized By Kerala Sahitya Akademi

മുതൽപ്പേർ; സൂചക, ഇവനെ കോട്ടവാതില്ക്കൽ സൂക്ഷിച്ചുനിൽക്കുക. ഞാൻ ഇങ്ങിനെയൊരു മോതിരം കിട്ടിയ വിവരം തിരുമനസ്സറിയിച്ച് ഉത്തരവു വാങ്ങിവരാം.

രണ്ടുപേരും: അങ്ങുന്നു ചെല്ലുക; തിരുവുള്ളമുണ്ടാകട്ടെ.

(മുതൽപ്പേർ പോയി)

സൂചകൻ:— ജാനുക, മുതൽപ്പേർ വരാൻ വൈകുന്നുവല്ലോ.

ജാനുകൻ:— അവസരം നോക്കേണ്ടേ? ആ തിരുമുമ്പിൽച്ചെല്ലാൻ!

സൂചകൻ: ജാനുക, എന്റെ കൈകൾ വെമ്പുന്നു, ഇവനെ കൊലമാലയിട്ടുവിടുവാൻ. (മുക്കുവനെ ചൂണ്ടിക്കാണിക്കുന്നു)

മുക്കുവൻ: വെറുതെ കൊല്ലരുതേ, എജമാനൻ!

ജാനുകൻ: ഇതാ നമ്മുടെ യജമാനൻ ഉത്തരവോലയും കയ്യിൽപ്പിടിച്ചു വരുന്നു. നിനക്കിനി ഒന്നുകിൽ നായയുടെ ചോന്ത കാണാം, അല്ലെങ്കിൽ കഴുകന്നിരയാവാം.

മുതൽപ്പേർ: (പ്രവേശിച്ച്) സൂചക, വിടാം, ഈ മീൻപിടുത്തക്കാരനെ. ശരിതന്നെയാണ് ഇവന്നു മോതിരം കിട്ടിയ വഴി.

ജാനുകൻ: ഉത്തരവുപോലെ.

സൂചകൻ: ഇവൻ കാലന്റെ വീടു കണ്ടു തിരിച്ചെത്തി. (മുക്കുവന്റെ കെട്ടഴിക്കുന്നു)

മുക്കുവൻ: (മുതൽപ്പേരെ വണങ്ങിയിട്ട്) എജമാനന്നുള്ളതാണ്, എന്റെ ആയുസ്സ്.

ചെംകവരിമീൻ: ഒരു തരം വലിയ മത്സ്യം. ചെമ്മീനല്ല; ആ കൊച്ചുമീനിനെക്കൊണ്ടു മോതിരം വിഴുങ്ങാനാവില്ലല്ലോ.

പച്ചനാററം = പച്ചയിറച്ചിയുടെ നാററം.

തുരപ്പ = ഭവനഭേദനം ചെയ്തു മോഷ്ടിക്കുന്നവനേ!

തിരുവുള്ളമുണ്ടാകട്ടെ: പോയ്പോയ ഒരു രാജമോതിരം കണ്ടുപിടിച്ചതിനാൽ തമ്പുരാന്നു സന്തോഷമുണ്ടാവട്ടെ.

കൊലമാല: വധദണ്ഡമേററവനെ ഇടുവിക്കുന്ന മാല.

ഉത്തരവോല: രാജശാസനപത്രം.

Digitized By Kerala Sahitya Akademi

മുക്കുവൻ: ഇതാ, തമ്പുരാൻ മോതിരത്തിന്റെ വിലയോളം പണം സമ്മാനമായി കല്പിച്ചു തന്നിരിക്കുന്നു. (മുക്കുവന്നു പണം കൊടുക്കുന്നു.)

മുക്കുവൻ: (പണം വാങ്ങിയിട്ട്) തമ്പുരാൻ എന്നെ അനുഗ്രഹിച്ചു.

ജാനുകൻ: അനുഗ്രഹിച്ചുപോലും, കഴുവിന്മേൽ നിന്നിറക്കി കൊമ്പനാനപ്പുറത്തു കേററിയതിൽ!

സൂചകൻ: അങ്ങുന്നേ, ഈ സമ്മാനംകൊണ്ടറിയാം, ആ മോതിരം തിരുമേനിക്കു പ്രിയപ്പെട്ടതായിരിക്കണമെന്ന്.

നഗരാധിപൻ: അതിന്മേലുള്ള മികച്ച രത്നത്തെക്കുറിച്ചല്ല, തമ്പുരാന്റെ മതിപ്പ് എന്നു ഞാനൂഹിക്കുന്നു. അതു തൃക്കൺപാർത്തതോടുകൂടി തമ്പുരാന്ന് ഏതോ ഒരു പ്രിയജനത്തിന്റെ ഓർമ്മവന്നു. പ്രകൃത്യാ ഗംഭീരനാണെങ്കിലും, കുറച്ചുനേരം തൃക്കണ്ണുകൾ കണ്ണുനീർകൊണ്ടു നിറഞ്ഞുപോയി.

സൂചകൻ:— തിരുവുള്ളം നേടിയല്ലോ, അങ്ങുന്ന്.

നഗരാധിപൻ: ഈ മീൻകൊല്ലിക്കുവേണ്ടി എന്നു പറയൂ.

(മുക്കുവനെ അസൂയയോടെ നോക്കുന്നു)

മുക്കുവൻ: ഇതിൽ പകുതി എജമാനന്മാർക്കിരിക്കട്ടെ, നിങ്ങടെ ഒരു നല്ല മനസ്സു തോന്നിയതിന്ന്.

ജാനുകൻ: അതു വേണ്ടതുതന്നെ.

രാജാവിന്റെ മോതിരം ഇത്യാദി: നായ്ക്കളെക്കൊണ്ടു കടിപ്പിച്ചുകൊല്ലാനോ, കഴുവിന്മേൽ തറച്ചിട്ടു കൊടുപ്പാനോ, കല്പിച്ചിരിക്കും.

അനുഗ്രഹിച്ചുപോലും ഇത്യാദി: ചാവാൻ പോയവനെ രാജസമ്മാനത്തോടുകൂടി വിട്ടയക്കുന്നതിന്ന് 'അനുഗ്രഹം' എന്നുമാത്രം പറഞ്ഞാൽ മതിയോ! ഈ സിപ്പായിമാരിൽ ജാനുകന്നു ക്രൂരതയും അസൂയയും കൂടുമെന്നു കാണുക.

അസൂയയോടെ നോക്കുന്നു: തിരുവുള്ളം നേടിയതിന്റെ നേട്ടം തനിക്കല്ല, ഇവന്നാണല്ലോ എന്ന്.

ഞാൻ അപ്സരസ്ത്രീതീർത്ഥത്തിൽ ഇത്യാദി: സജ്ജനങ്ങളുടെ സ്നാനം കഴിയുംവരെ ഓരോ അപ്സരസ്ത്രീ ഊഴമിട്ട് അവിടെ നില്ക്കണമെന്നാണ് നിയമം. ശകുന്തളയെ എടുത്തുകൊണ്ടുപോകപ്പെട്ട ദിവസം, പക്ഷേ മേനകതന്നെയായി

Digitized By Kerala Sahitya Akademi

മുതൽപ്പേർ: **അരയരേ,** താങ്കൾ എനിക്കു് ഏററവും വലിയ പ്രിയസ്നേഹിതനായിത്തീർന്നിരിക്കുന്നു. ഒരു കുടിവെപ്പു കൂടിവേണം, നമ്മുടെ ഈ സ്നേഹത്തെ ചങ്ങാതം ഉറപ്പിക്കുക. അതിനാൽ നമുക്കു ചാരായക്കടയിലേയ്ക്കുതന്നെ കടക്കാം.

മുക്കുവൻ: അങ്ങിനെതന്നെ.

(എല്ലാവരും പോയി)

## പ്രവേശകം

(അനന്തരം ആകാശമാർഗ്ഗേണ സാനുമതി എന്ന അപ്സരസ്സ് പ്രവേശിക്കുന്നു.)

സാനുമതി:—**ഞാൻ** അപ്സരസ്തീർത്ഥത്തിൽ നില്ക്കേണ്ടുന്ന ഊഴം കഴിഞ്ഞു. സജ്ജനങ്ങളുടെ സ്നാനമെല്ലാം കഴിഞ്ഞുവല്ലോ ഇനി ഈ രാജർഷിയുടെ സ്ഥിതി നോക്കിയറിയാം. മേനകയുമായുള്ള ചാർച്ചമൂലം, എനിക്കു് എന്റെ ശരീരം തന്നെയാണ് ശകുന്തള. അതുകൊണ്ടാണ മേനക, അവളെ എന്നെ പറഞ്ഞേല്പിച്ചിരിക്കുന്നത്. (ചുററും നോക്കീട്ടു്) എന്തുകൊണ്ടായിരിക്കാം, ഋതൂത്സവകാലത്തും കൊട്ടാരത്തിൽ ഉത്സവാരംഭമൊന്നും കാണാത്തത്? എല്ലാം ദിവ്യചക്ഷുസ്സുകൊണ്ടറിവാൻ എനിക്കു ത്രാണിയുണ്ടു്; എന്നാലും തോഴിയുടെ അപേക്ഷയെ മാനിക്കണമല്ലോ. ആകട്ടെ, തിരസ്കരണിയാൽ മറഞ്ഞ് ഈ രണ്ടുദ്യാനപാലികമാരുടെ അടുക്കൽച്ചെന്നുനിന്ന് അറിയാം. (ഇറങ്ങിനില്ക്കുന്നു.)

രിക്കാം സാന്നിധ്യം നല്കി നിന്നിരുന്നത്. പറഞ്ഞേല്പിച്ചിരിക്കുന്നത്: 'രാജാവിന്റെ നിലയെന്താണെന്നു കണ്ണുകൊണ്ടു കണ്ടറിഞ്ഞു വരണം' എന്ന്. ഇത്രത്തോളം അപേക്ഷിപ്പാൻ അവകാശമില്ലായ്കയാൽ, തോഴി മേനകയാണെന്ന വ്യാഖ്യാനം അനുചിതമാണ്.

തിരസ്കരണി: പ്രത്യക്ഷത്തിലും മറഞ്ഞുനില്ക്കാനുള്ള ഒരു വിദ്യ.

Digitized By Kerala Sahitya Akademi

(അനന്തരം മാമ്പൂമൊട്ട് നോക്കിക്കൊണ്ട് ഒരു ചേടിയും, അവളുടെ പിന്നാലെ മറ്റൊരു ചേടിയും പ്രവേശിക്കുന്നു.)

ഒന്നാമത്തവൾ:—

വെൺപച്ചചെംനിറമിയ-
ന്നൃതുമംഗളമായ മാവലർക്കുമ്പേ,
കാണായല്ലോ ഞാൻ നീ
ഭാഗ്യം, മധുമാസജീവിതക്കൊമ്പേ! 2

രണ്ടാമത്തവൾ:—പരഭൃതികേ, നീയെന്താണ് തനിയേ പിറുപിറുക്കുന്നത്?

പരഭൃതിക:—മധുകരികേ, മാമ്പൂമൊട്ടു കണ്ടാൽ പരഭൃതികൾക്കു ഉന്മാദം പിടിക്കില്ലയോ?

മധുകരിക:—(ഹർഷിച്ചു വെമ്പലോടെ അടുത്തുചെന്ന്) ഏയ്, വസന്തം വന്നുവല്ലോ!

പരഭൃതിക:—മധുകരികേ, നിനക്കു മത്തുപിടിച്ചു സവിലാസമായി പാടാനുള്ള കാലമാണിത്.

മധുകരിക:—തോഴി, എന്നെ ഒന്നു താങ്ങുക; ഞാൻ കാൽപ്പെരുവിരലൂന്നിനിന്നു പൂമൊട്ടു പറിച്ചു കാമദേവനെ പൂജിക്കട്ടെ.

ശ്ലോകം 2. വെൺപച്ചചെംനിറം = വെളുപ്പ്, പച്ച, ചുകപ്പ്, എന്നീ മൂന്നു നിറങ്ങൾ. ഋതുമംഗളം: എന്തും മംഗളത്തോടുകൂടി വേണം ആരംഭിക്കുക എന്നാണല്ലോ. അതിൻവണ്ണം വസന്തത്തിന്റെ ആരംഭമംഗളമാണ്, മാമ്പൂവെന്നാശയം. അലർക്കുമ്പ് = പൂമൊട്ട്. മധുമാസജീവിതക്കൊമ്പ് = വസന്തർത്തുവിന്റെ ജീവിതസർവ്വസ്വം. ഭാഗ്യം; നിന്നെ കണ്ടത് എന്റെ ഭാഗ്യമാണെന്ന് ആഹ്ലാദിക്കുന്നു. ഇപ്പദ്യത്തിനു പകരം,

'ചൂഅം ഹരിസിഅ പിഞ്ഞരം
ജീവിദ-സരിസം വസന്ദ മാസസ്സ
സച്ചുളണ-ചളണ-ഭഗ്ഗം
ഉദു-മംഗളം വിഅ പേക്ഖാമി.'

[അർത്ഥം: കുയിലിനെ സന്തോഷിപ്പിച്ചതും, വസന്തമാസത്തിന്റെ ജീവിതസദൃശവും, വണ്ടുകളുടെ കാൽകൊണ്ടു മുറിപ്പെട്ടതും ഋതുമംഗളം പോലെയുള്ളതുമായ മാമ്പൂവിനെ ഞാൻ കാണുന്നു] എന്നൊരു പദ്യമാണ് പാ

Digitized By Kerala Sahitya Akademi

പരഭൃതിക;—പൂജയുടെ പക്വതി ഫലം എന്തിനാണെങ്കിൽ --

മധുകരിക: അതു പറയാതെതന്നെ കിട്ടും. ഒന്നാണല്ലോ നമ്മ ടെ രണ്ടുപേരുടേയും ആത്മാവ്. ശരീരമേ രണ്ടായിരിക്കുന്നുള്ളു. (സഖിയാൽ താങ്ങപ്പെട്ടു മാംപൂമൊട്ടു പറിച്ചിട്ടു) അയ്യോ, വിരിഞ്ഞിട്ടില്ലെങ്കിലും ഈ മാംപൂവിന്നു ഞെട്ടൊടിച്ചതിനാൽ നല്ല സൗരഭ്യമുണ്ട് (കൈക്കുടന്നയിൽ വെച്ചിട്ട്)

നിന്നെയിവരം കാഴ്ചവെച്ചേൻ
ധന്വി മനോജന്നു മാവലർക്കുരുന്നേ.
വിലസുക, വിരഹിസ്ത്രീകളിൽ
വിടുവതിനഞ്ചിൽക്കവിഞ്ഞൊരമ്പായ് നീ! 3

(പൂവെച്ചിടുന്നു)

(ഒരു ഹരിക്കാരൻ തിരനീക്കി കോപത്തോടെ പ്രവേശിക്കുന്നു)

ഹരിക്കാരൻ; അരുത്, കഥയില്ലാത്തവളേ: തിരുമേനി വസന്തോത്സവം നിഷേധിച്ചിരിക്കേ നീ മാംപൂമൊട്ടു പറിപ്പാൻ തുടങ്ങുന്നുവോ?

രണ്ടുപേരും: (ഭയത്തോടെ) ആര്യൻ കോപിക്കരുത്. ഞങ്ങൾ അറിഞ്ഞിരുന്നില്ല, ആ വിവരം.

ലരും എടുത്തിരിക്കുന്നത്. അതിൽ, കാഴ്ചയ്ക്കുള്ള ചന്തവും മൊട്ടായിരിക്കുമ്പോഴത്തെ അസ്പഷ്ടമനോഹാരിതയും പറയായ്കയാൽ, കണ്ടാലുള്ള സന്തോഷത്തിന്നു ഹാനിയുണ്ട്: കേൾക്കാൻ മററാരുമില്ലാതിരിക്കെ, മാംപൂവിനെ സംബോധനംചെയ്യുക എന്ന ഔചിത്യവുമില്ല. മാംപൂവിനോടു ബന്ധമുള്ളവരുടെ ഒരു പട്ടികയുണ്ടെന്നു മാത്രം!

പരഭൃതിക (= പെൺകുയിൽ) എന്നും, മധുകരിക (= പെൺവണ്ട്) എന്നുമാണ് ഈ ചേടികളുടെ പേരുകൾ. കുയിലിന്നും വണ്ടിന്നും ആഹ്ലാദോന്മാദം വളർത്തുന്ന കാലമാണല്ലോ, വസന്തം.

ഒന്നാണല്ലോ......ആത്മാവ്: ആരാധനാഫലമായ പുണ്യം ആത്മാവിന്നുമാണല്ലോ.

ശ്ലോകം 3. ധന്വി = വില്ലാളി. മനോജൻ = കാമൻ. വിരഹിസ്ത്രീകൾ = ഭർത്താവിനോടു പിരിഞ്ഞിരിക്കുന്ന സ്ത്രീകൾ. അഞ്ചിൽക്കവിഞ്ഞ: അഞ്ചെണ്ണത്തിൽവെച്ചു മുന്തിയ, അഥവാ, ആറാമത്തേതായ. ഇതവളുടെ ആരാധനാമന്ത്രമാണ്. ആരാധന മിക്കപ്പോഴും ആഭിചാരമായിത്തീരാറുണ്ട്.

Digitized By Kerala Sahitya Akademi

ഹരികാരൻ: ഇവർ കേട്ടില്ലപോൽ! വസന്തത്തിലെ വൃക്ഷങ്ങളും അവയിന്മേലുള്ള പക്ഷികളും കൂടി തിരുമേനിയുടെ ഉത്തരവിനെ ആദരിച്ചിരിയ്ക്കുന്നു. എന്തെന്നാൽ,

ഉണ്ടാകുന്നീല മാംപൂനിര പഴകുകിലും,
തൻപരാഗത്തെ; വെംപൽ–
കൊണ്ടിട്ടും കോരകാവസ്ഥയിലമരുകയാം
ചെംകുറുഞ്ഞിപ്രസൂനം;
കണ്ഠേ ചിന്നുന്നു ശബ്ദം കുയിലിനു ശിശിരാ–
ന്തത്തിലും; പിന്മടക്ക-
ന്നുണ്ടാവാം ഭീതനങ്ങപന;മിഷുധിയിൽനി–
ന്നർദ്ധസംകൃഷ്ടമസ്ത്രം. 4

സാനുമതി: സംശയമില്ല; മഹാനുഭാവൻതന്നെ രാജർഷി.

ചേടിമാർ:— ആര്യ, കുറച്ചുനാളേ ആയുള്ളൂ, ഞങ്ങളെ തമ്പുരാന്റെ അളിയൻ മിത്രാവസു തൃപ്പാദസന്നിധിയിലെത്തിച്ചിട്ട്; ഇവിടെ ഞങ്ങൾക്കു തന്ന ജോലി പ്രമദവനം വെടുപ്പാക്കലാണുതാനും. അങ്ങിനെ ഇയ്യിടയിൽ വന്നവരാകകൊണ്ട് ഈ വർത്തമാനം ഞങ്ങൾ കേൾക്കുകയുണ്ടായില്ല.

ഹരികാരൻ:— ആകട്ടെ, ഇനി ഇങ്ങിനെ ചെയ്യരുത്,

ആദരിച്ചിരിയ്ക്കുന്നു: കേൾക്കുക മാത്രമല്ല!

ശ്ലോകം 4. പഴകുകിലും: ഉണ്ടായിട്ടു കുറേ നാളായെങ്കിലും. തൻപരാഗം = അതിന്റെ പൂംപൊടി. വെംപൽക്കൊണ്ടിട്ടും: വിരിയുവാൻ തിടുക്കപ്പെട്ടിരിയ്ക്കിലും കോരകാവസ്ഥയിലമരുകയാം = മൊട്ടായിത്തന്നെ നില്ക്കുന്നതേ ഉള്ളു. പ്രസൂനം = പൂവ്. ശിശിരാന്തത്തിലും = ശിശിരം കഴിഞ്ഞു വസന്തം തുടങ്ങിയിട്ടും. കണ്ഠേ ചിന്നുന്നു = തൊണ്ടയിൽവെച്ചു തടയപ്പെടുകയാൽ ചിന്നിച്ചിതറുന്നു. ഭീതൻ: രാജകോപത്തിൽ പേടിയുള്ളവൻ. ഇഷുധി = ആവനാഴി. അർദ്ധസംകൃഷ്ടം = പാതിയും പുറത്തു വലിച്ചെടുത്ത. പിന്മടക്കന്നുണ്ടാവാം: ആവനാഴിയിലേയ്ക്കുതന്നെ തിരുകുന്നുണ്ടാവാം. വസന്തംവന്നപ്പോൾ, മാവു ചെംകുറുഞ്ഞി മുതലായവ മൊട്ടിട്ടു, കുയിൽ പാടുവാനൊരുമ്പെട്ടു കാമൻ കാമികളെ എയ്യുവാൻ അമ്പു വലി



Digitized By Kerala Sahitya Akademi

ചേടിമാർ:— ആര്യ്യ, ഞങ്ങൾക്കാഗ്രഹമുണ്ട്; ഇയ്യുള്ളവൾക്കു കേൾക്കാവുന്നതാണെങ്കിൽ, ആര്യ്യൻ പറഞ്ഞാൽക്കൊള്ളാം, എന്തു കാരണത്താലാണ് തിരുമേനി വസന്തോത്സവം നിഷേധിച്ചത്?

സാനുമതി: ഉത്സവപ്രിയരാണല്ലോ മനുഷ്യർ; അതിനാൽ വലിയതായിരിയ്ക്കും കാരണം.

ഹരിക്കാരൻ: പരന്നുകഴിഞ്ഞതാണിത്; എന്തിനു പറയാതിരിയ്ക്കുന്നു; നിങ്ങൾ കേൾക്കയുണ്ടായില്ലയോ, ശകുന്തളയെ ത്യജിച്ചതിനെപ്പററിയുള്ള സംസാരം?

ചേടിമാർ: ഉവ്വ്. അളിയൻ പറഞ്ഞുകേട്ടു, മോതിരം കണ്ടതുവരെയുള്ളത്.

ഹരിക്കാരൻ: എന്നാൽ കുറച്ചേ പറയാനുള്ളു. മോതിരം തൃക്കൺപാർത്തതോടുകൂടി തിരുമേനിയ്ക്കോർമ്മവന്നു, അന്ധാളിപ്പുമൂലം ത്യജിയ്ക്കപ്പെട്ട ശകുന്തള എന്ന മാന്യസ്ത്രീ വാസ്തവത്തിൽ താൻ മുമ്പു ഗാന്ധർവ്വമായി വേട്ടവൾതന്നെയാണെന്ന്. അപ്പോൾ മുതല്ക്കേ തിരുമേനി പശ്ചാത്താപത്തിൽപ്പെട്ടിരിയ്ക്കുന്നു. എന്തെന്നാൽ,-

തള്ളുന്നു ഭോഗ്യമെല്ലാം; സചിവമുഖരെ മു-
ന്നിട്ടിൽ നിത്യം വിളിയ്ക്കു-
ന്നില്ലാ: രാവാകെ മെത്തയ്ക്കിരുവശവുമുരു-
ണ്ടസ്തനിദ്രം കഴിപ്പൂ,

ച്ച—അപ്പോഴാണ് രാജാവിന്റെ നിഷേധാജ്ഞയുണ്ടായത്. പൌരന്മാരുടെ ഉത്സവം മാത്രമല്ല, പ്രകൃതിയിലെ എല്ലാ ഉദ്യമങ്ങളും തടയപ്പെട്ടു: കാമന്റെ കാര്യത്തിൽ മാത്രമേ തെല്ലു സംശയമുള്ളു. ഇതു ഹരിക്കാരന്റെ വാമൂഖമായി പ്രയുക്തമായ അതിശയോക്തിയത്രേ.

പ്രമദവനം—അന്തഃപുരോദ്യാനം.

ഉത്സവപ്രിയരാണല്ലോ മനുഷ്യർ: എന്നും ഉത്സവംതന്നെയാകയാൽ അതിൽ വിശേഷപ്രതിപത്തിയില്ലാത്ത ദേവവർഗ്ഗത്തിൽപ്പെട്ടവളാണല്ലോ സാനുമതി.

ശ്ലോകം 5. ഭോഗ്യമെല്ലാം: സുഖകരങ്ങളായ എല്ലാ വസ്തുക്കളേയും. സചിവമുഖരെ: മന്ത്രി മുതലായ മുഖ്യാധികാരികളെ. വിളിയ്ക്കുന്നില്ല: തിരുമുമ്പിൽ പ്രവേശിപ്പിയ്ക്കുന്നില്ല എന്നു സാരം. രാവാകെ = എല്ലാ രാത്രിക

Digitized By Kerala Sahitya Akademi

സല്ലാപം ദക്ഷിണത്വാൽപ്പതിവുപടി കള-
ത്രങ്ങളോടാചരിച്ചെ-
ച്ചൊല്ലും പേർമാറി; ലജ്ജിച്ചവനതമുഖനായ്
മേവുമൊട്ടേറെ നേരം. 5

സാനുമതി: എനിയ്ക്കു സന്തോഷമായി.

ഹരിക്കാരൻ: തമ്പുരാൻെറ ആ അസ്വാസ്ഥ്യം നിമിത്തമാണ് വസന്തോത്സവം വേണ്ടാ എന്നു വെച്ചത്.

ചേടിമാർ: ശരി.

(അണിയറയിൽ)

എഴുന്നെള്ളാം.

ഹരിക്കാരൻ: (കേട്ടിട്ട്) എയ്, തിരുമേനി ഇങ്ങോട്ടുതന്നെ എഴുന്നള്ളുന്നു. ജോലി നോക്കിക്കൊൾവിൻ.

ചേടിമാർ: അങ്ങിനെതന്നെ. (പോയി)

(അനന്തരം പശ്ചാത്താപോചിതവേഷനായ രാജാവും വിദൂഷകനും തവണക്കാരിയും പ്രവേശിയ്ക്കുന്നു.)

ഹരിക്കാരൻ; (രാജാവിനെ നോക്കിയിട്ട്) അഹോ എതവസ്ഥയിലും, വിശിഷ്ടാകൃതികൾക്കുള്ള രമണീയത്വം! ഇത്രയും ഉൽക്കണ്ഠിതനാണെങ്കിലും പ്രിയദശ്നൻ തന്നെ തിരുമേനി.

സന്ത്യക്തങ്ങൾ വിശേഷഭൂഷക,ളിടം–
കൈത്തണ്ടമേലുണ്ടണി–
പ്പൊൻത്തൃക്കംകണമൊന്നുമാത്ര,മധരം
ശ്വാസോദ്ഗമാപാടലം,

ശ്ലേഷം. അസ്വനിദ്രം = ഉറക്കമില്ലാതെ. ദക്ഷിണത്വാൽ = ദാക്ഷിണ്യം— എല്ലാപത്നിമാരോടും അവക്രിഷ്ടഭംഗം വരാത്തവണ്ണം പെരുമാറുന്ന സ്വഭാവം—മൂലം, പേർ മാറിച്ചൊല്ലും: സംസാരിയ്ക്കുന്നതിനിടയിൽ അവരെ 'ശകുന്തളേ!' എന്നു വിളിച്ചുപോകും. അവനതമുഖൻ = മുഖം കുനിച്ചവൻ; ലജ്ജ തോന്നുന്നതുകൊണ്ട്, ഉന്മാദാവസ്ഥയിൽ വീഴുകമാത്രം കഴിഞ്ഞിട്ടില്ല എന്നു സൂചിപ്പിയ്ക്കുന്നു.

പ്രിയദശ്നൻ = കാഴ്ചയ്ക്കുഴകുള്ളവൻ.

Digitized By Kerala Sahitya Akademi

ചിന്താജാഗരതാന്തമീക്ഷണ–മിതി–
ന്മട്ടായ്ച്ചടപ്പേല്ക്കിലും
ചന്തംകൊൾവു, കടഞ്ഞ വന്മണികണ-
ക്കാത്മീയതേജോഗുണാൽ! 6

സാനുമതി: (രാജാവിനെ കണ്ടിട്ട്) ഉചിതംതന്നെ. നിരാകരണംകൊണ്ട് അവമാനിക്കപ്പെട്ടിട്ടും ശകുന്തള ഇദ്ദേഹത്തെച്ചൊല്ലി വൈവശ്യപ്പെടുന്നത്.

രാജാ: (മനോരാജ്യത്തിൽ പതുക്കെ ചുററിനടന്ന്)

മുല്പാടു മാൻനേർമിഴിയോമലാൾ പേ–
ർത്തുണർത്തിയിട്ടും ചലിയാതുറങ്ങീ;
ഇപ്പോളിതാ, മേ കെട്ടചിത്തമേററം
പശ്ചാത്തപിക്കുന്നതിനായുണർന്നു! 7

ശ്ലോകം 6. സന്ത്യക്തങ്ങൾ വിശേഷഭൂഷകൾ: വിശേഷാൽ അണിയാറുള്ള ആഭരണങ്ങളെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇടംകൈ...... ഒന്നുമാത്രം: ഈ രാജചിഹ്നമായ ഏകഭൂഷണമാണ് മൂന്നാമങ്കത്തിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ശ്വാസോഷ്ണമാംപാടലം: നെടുവീർപ്പുയർന്നു യന്ന് ഇളംചുടുപ്പുവണ്ണമായിരിക്കുന്നു. ചിന്താജാഗരതാന്തമീക്ഷണം = ചിന്തകൊണ്ടും ഉറക്കമിളയ്ക്കൽകൊണ്ടും വാട്ടം തട്ടിയവയായിരിക്കുന്ന കണ്ണുകൾ. കടഞ്ഞ വന്മണി കണക്ക്: ഖനിയിൽനിന്നെടുത്ത വലിയ രത്നം 'ചാണക്കുവെച്ച്' വെട്ടപ്പാക്കിയാൽ ചെറുതാവുമെങ്കിലും ശോഭാതിശയത്താൽ ആ കൃശത്വം തോന്നിക്കാതെ, ചന്തംതികഞ്ഞുതന്നെ കാണപ്പെടുന്നു, അതുപോലെ. ആത്മീയതേജോഗുണാൽ = സ്വാഭാവികമായ തേജസ്സിന്റെ ആധിക്യത്താൽ.

നിരാകരണം = പരിത്യാഗം.

ശ്ലോകം 7. മുല്പാട്: പ്രിയാസംഗമം വന്നുചേർന്ന സമയത്ത്. മാൻനേർമിഴി – മാനിന്നൊത്ത കണ്ണുകളോടുകൂടിയവൾ; ആ കണ്ണുകൾമാത്രം മതിയായിരുന്നു ഓർമ്മപ്പെടുത്തുവാൻ! പേർത്തുണർത്തിയിട്ടും: പലതും പറഞ്ഞു ഓർമ്മിപ്പിച്ചുനോക്കിയിട്ടും. ചലിയാതുറങ്ങി: ഗാഢനിദ്രയിൽത്തന്നെ കിടന്നു; 'ആകട്ടെ ഇവിടെ നില്ക്കട്ടെ' എന്നു പറയത്തക്ക സംശയംകൂടിയുണ്ടായില്ല! ഇപ്പോൾ: അവളെവിടെ എന്നുപോലും അറിവില്ലാത്ത ഈ സമയത്ത്. കെട്ടചിത്തം: ഭാഗ്യലേശസ്പർശംപോലുമില്ലാത്ത ഹൃദയം. ഉണർന്നു: എല്ലാം ഓർമ്മിക്കുന്നു.

Digitized By Kerala Sahitya Akademi

സാനുമതി:—ഇപ്രകാരമൊക്കെയാണ് ആ പാവത്തിന്റെ ഭാഗ്യം!

വിദൂഷകൻ:—(നിഗൂഢം) ഇദ്ദേഹത്തെ വീണ്ടും പിടികൂടിയിരിക്കുന്നു ആ ശകുന്തളാവ്യാധി. എങ്ങിനെ വേണം ചികിത്സ എന്ന് എനിക്കറിഞ്ഞുകൂടാ!

ഹരിക്കാരൻ:—(അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും! പൊന്നുതമ്പുരാനേ, പ്രമദവനപ്രദേശമെല്ലാം നോക്കിക്കഴിഞ്ഞു. വിനോദസ്ഥലങ്ങളിലേതിലെങ്കിലും തിരുമനസ്സുപോലെ എഴുന്നെള്ളിയിരിക്കാം.

രാജാ:—വേത്രവതി, ഞാൻ പറഞ്ഞതായി അമാത്യൻ ആര്യപിശുനനോടു പറയുക: ഉണർന്നെഴുന്നേല്പാൻ വൈകിയതിനാൽ ഇന്നു നാം ആസ്ഥാനമണ്ഡപത്തിൽ വന്നിരിക്കാൻ വിചാരിക്കുന്നില്ല; താങ്കൾ നോക്കിക്കഴിഞ്ഞ കാര്യം ഇങ്ങോട്ട് അയച്ചുകൊള്ളുക എന്ന്.

നടയിൽത്തവണക്കാരി:—അരുളപ്പാടുപോലെ.

(പോയി.)

രാജാ:—വാതായന, താനും ജോലിക്കു പൊയ്ക്കൊള്ളുക.

(ഹരിക്കാരൻ പോയി.)

വിദൂഷകൻ:—ഇനി ഒവാന്നു വസന്താരംഭംകൊണ്ടു രമണീയമാ

ഇപ്രകാരമൊക്കെ ഇത്യാദി: ഇത്ര സുഭഗനും മഹാനുഭാവനുമായ ഇദ്ദേഹം ആരുടെ വിരഹത്താൽ ഇത്രയും അസ്വസ്ഥനായിരിക്കുന്നുവൊ, ആ ശകുന്തളയുടെ ഭാഗ്യം എത്ര മഹത്തരം, അതോ, ആ പാവം അറിയുന്നുമില്ല! എന്നഭിപ്രായം. അഥവാ, ഇദ്ദേഹത്തിന്ന് ഇത്രത്തോളം അനുരാഗമിരുന്നിട്ടും ഈ പരിത്യാഗാവമാനവും ദീർഘവിരഹവും അനുഭവിക്കേണ്ടിവന്നുവല്ലോ എന്നർത്ഥം.

ശകുന്തളാവ്യാധി; 'ശകുന്തള' എന്നു പേരായ രോഗം.

ഉണർന്നെഴുന്നേല്പാൻ വൈകിയതിനാൽ; രാത്രി നേരം വളരെച്ചെല്ലുന്നതുവരെ ഉറക്കമുണ്ടായിട്ടില്ലെന്നു സൂചിപ്പിക്കുന്നു.

തവണക്കാരിയും ഹരിക്കാരനും പോയപ്പോൾ വിദൂഷകൻ, രണ്ടാമങ്കത്തിലെന്നപോലെ, ഇവിടേയും 'അവിടുന്ന്' ഈച്ചകളെയെല്ലാം ആട്ടി

Digitized By Kerala Sahitya Akademi

യ ഈ പ്രമദവനത്തിന്റെ ഒരു ഭാഗത്തു സൈ്വരമായി മനസ്സിനെ വിനോദിപ്പിയ്ക്കാം.

**രാജാ:**—(നെടുവീപ്പിട്ട്) പഴുതു കിട്ടിയാൽ ചാടിവീണുകൊണ്ടിരിയ്ക്കും ആപത്തുകരം എന്നു പറയുന്നതു പരമാത്ഥം തന്നെ. എന്തെന്നാൽ,

> മമ മനസ്സിതിൽനിന്നൃഷിനന്ദിനീ-
> പ്രണയവിസ്മൃതി വിട്ടതൊടൊപ്പമേ,
> ധനുഷി ചേത്തുകഴിഞ്ഞിതു മാവലർ-
> ക്കണെ സഖേ, ദൃഢമെയ്യുവിടാൻ സ്മരൻ! 8

**വിദൂഷകൻ:**—നില്ക്കു: കാമബാണത്തെ ഞാൻ ഈ വടികൊണ്ടു തച്ചുമുടിയ്ക്കാം. (വടിയുയത്തി മാംപൂമൊട്ട് തല്ലി വീഴ്ത്താൻ തുടങ്ങുന്നു)

**രാജാ:**—(പുഞ്ചിരിച്ചിട്ട്) ആകട്ടെ, ബ്രഹ്മതേജസ്സു കണ്ടു. തോഴരേ, ഞാൻ എവിടെയിരുന്നാണ് പ്രിയയുടെ ഛായ കാണ്ടെന്നുള്ള ലതകളാൽ കണ്ണിനെ രസിപ്പിയ്ക്കുണ്ടത്?

**വിദൂഷകൻ:**—തിരുമുമ്പിൽത്തവണക്കാരി ചതുരികയോട് അരുളിച്ചെയ്തിട്ടുണ്ടല്ലോ, 'ഞാൻ ഈ സമയം മല്ലികാമണ്ഡപത്തിലാണ് കഴിയ്ക്കുക, അങ്ങോട്ടു കൊണ്ടുവരണം, ഞാൻ തന്നെ എഴുതിയ തത്രഭവതി ശകുന്തളയുടെ ചിത്രപടം' എന്ന്.

കളഞ്ഞു' എന്നു പറഞ്ഞതായി പുസ്തകങ്ങളിൽ കാണുന്നു. പോയതു രണ്ടാൾമാത്രമാകയാൽ, അതിന്നിവിടെ ഔചിത്യമില്ല; മാഢവ്യൻ ഫലിതത്തിൽ അത്ര ദരിദ്രനല്ലതാനും.

നെടുവീപ്പിട്ട്. പ്രമദവനത്തിലെ വസന്താരംഭം കണ്ടു വദ്ധിച്ച വിരഹവേദനയാൽ.

ശ്ലോകം 8. ഋഷിനന്ദിനീപ്രണയവിസ്മൃതി = ആ താപസപുത്രിയുമായുണ്ടായ പ്രണയബന്ധത്തിന്റെ മറവി. ധനുഷി = വില്ലിന്മേൽ. മാവലക്കണ = മാംപൂവാകുന്ന ശരം. ദൃഢം = തീച്ചയായും. വസന്താരംഭത്തിൽ മാംപൂവുണ്ടായിവന്നതത്രേ, കാമൻ ശരം തൊടുത്തതായിക്കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. മോതിരം കണ്ടു ശാപമൂലകമായ വിസ്മൃതി ഒഴിഞ്ഞതോടൊപ്പം, കാമോദ്ദീപകമായ വസന്തവും വന്നു!

Digitized By Kerala Sahitya Akademi

രാജാ:—ഇങ്ങിനെയൊന്നാണ് മനോവിനോദസ്ഥാനം! അങ്ങോട്ടുതന്നെ വഴി കാണിയ്ക്കുക.

വിദൂഷകൻ:—ഇതിലേ എഴുന്നെള്ളാം.

(രണ്ടുപേരും ചുററിനടക്കുന്നു, സാനുമതി പിന്തുടരുന്നു.)

വിദൂഷകൻ:—ഇതാ, മണിത്തറയോടുകൂടിയ മല്ലികാമണ്ഡപം, ഉപചാരരമ്യതയാൽ നമ്മോടു സ്വാഗതം ചൊല്ലാനെന്നപോലെ കാത്തുനില്ക്കുന്നു. ഭവാൻ അകത്തെഴുന്നെള്ളിയിരിയ്ക്കുക.

(രണ്ടുപേരും അകത്തുകടന്നിരിയ്ക്കുന്നു.)

സാനുമതി:—തോഴിയുടെ ഛായാപടം വള്ളികളുടെ ഇടയിൽ നിന്നു നോക്കാം. എന്നാൽ ഭർത്താവിന്റെ പലമാതിരിയിലുള്ള അനുരാഗം അവളെ അറിയിയ്ക്കാമല്ലോ.

(അങ്ങിനെ നില്ക്കുന്നു)

രാജാ: ഇപ്പോൾ എനിയ്ക്ക് എല്ലാം ഓർമ്മയിൽ വരുന്നുണ്ട്. ശകുന്തളയെ ആദ്യം കണ്ടതു ഞാൻ താങ്കളോടു പറയുകയുണ്ടായല്ലോ. പരിത്യജിച്ച സമയത്തു താങ്കൾ എന്റെ അടുക്കലില്ലായിരുന്നു. എന്നാൽ അതിന്നുമുമ്പ് സംസാരിയ്ക്കുന്നതിന്നിടയിൽ ഒരിയ്ക്കലും താങ്കൾ തത്രഭവതിയുടെ പേർ പറകയുണ്ടായിട്ടില്ല. ഞാനെന്നപോലെ താങ്കളും മറന്നുപോയോ?

വിദൂഷകൻ: ഞാൻ മറന്നിരുന്നില്ല. എന്നാൽ, ഭവാൻ എല്ലാം പറഞ്ഞിട്ട് ഒടുവിൽ, "ഇതു കളിയാണ്, പരമാർത്ഥമല്ല' എന്നാണല്ലോ അരുളിച്ചെയ്തത്. മൺതലയനായ

നില്ക്കു: ഒരൊററ നിമിഷം ക്ഷമിയ്ക്കുകയേ വേണ്ടൂ. മാംഹ്യു: എല്ലാം തച്ചുകൊഴിച്ചാൽ, കാമൻ നിരായുധനായിത്തീരുമല്ലോ!

ലതകളാൽ: വള്ളികളെ നോക്കി.

മല്ലികാമണ്ഡപം: മുല്ലവള്ളി ചുഴന്ന തറ.

ഇങ്ങിനെയൊന്നാണ് ഇത്യാദി: ഒരു വെറും ചിത്രപടം മാത്രമാ

Digitized By Kerala Sahitya Akademi

ഞാനാകട്ടെ അതങ്ങിനെതന്നെ ധരിച്ചും പോയി! അല്ലെങ്കിൽ വരാനുള്ളതിനുണ്ടോ നീക്കുപോക്ക്?

സാനുമതി: ശരിയാണിത്,

രാജാ: (ചിന്തയോടെ) തോഴരേ, എന്നെ രക്ഷിക്കുണേ!

വിദൂഷകൻ; അയ്യേ, എന്താണിത്? ഇതിവിടേക്കു ചേർന്നതല്ല. സൽപുരുഷന്മാരുണ്ടോ, ഒരിക്കലും ദുഃഖത്തിനു കീഴ്പെടുന്നു? കൊടുങ്കാററടിച്ചാലും കുലുങ്ങില്ലല്ലോ മലകൾ.

രാജാ: തോഴരേ, പരിത്യജിക്കപ്പെട്ടതിനാൽ വിവശയായിത്തീർന്ന പ്രിയയുടെ അവസ്ഥയോർത്തു ഞാൻ അത്യന്തം അശരണനായിരിക്കുന്നു. അവൾ,

തള്ളപ്പെട്ടഥ കൂററുകാർക്കു പിറകേ
പോകാൻ തുനിഞ്ഞീ'ട്ടെടി
നില്ലെ'ന്നായ്പ്പിതൃശിഷ്യനാം പിതൃസമൻ
ഗർജ്ജിക്കെ നിന്നങ്ങിനെ,

യി, മനസ്സിനെ വിനോദിപ്പിക്കാനുള്ള വിഷയം! അതോൊട്ട്: മല്ലികാമണ്ഡപത്തിലേക്ക്.

ഉപചാരരമ്യത: ഉപചാരത്തിന്ന് ഒരുക്കങ്ങൾ ചെയ്തുകൊണ്ടുള്ള മനോഹരത.

പല മാതിരിയുള്ള: വസന്തോത്സവനിഷേധം, വിരഹകാർശ്യം, ചിത്രലേഖനം മുതലായി പല വഴിക്കും വെളിപ്പെടുന്നു.

അടുക്കലില്ലായിരുന്നു: പരിത്യാഗത്തിനുശേഷം അതിനെപ്പററി ഇതുവരെ മാഢവ്യനോട് സംസാരിക്കാതിരുന്നതോ, അത് അത്രമേൽ അസ്വാസ്ഥ്യകരമായിരുന്നതിനാലാവും; മനസ്സുഖം കെടുക്കുന്ന വിഷയം സംഭാഷണത്തിന്നെടുക്കാറില്ലല്ലോ.

ശ്ലോകം 9. തള്ളപ്പെട്ട്: നിന്ദയോടുകൂടിയ ആ പരിത്യാഗത്തിന്നുശേഷം. കൂററുകാർ; ഗൌതമി മുതലായവർ. പിതൃസമൻ = അച്ഛനു തുല്യൻ; കല്പന തെററിച്ചു നടന്നുംകൂടാ! ഗർജ്ജിക്കെ = അട്ടഹസിച്ചപ്പോൾ. അങ്ങിനെ: ആ ഉഭയഭ്രഷ്ടമായ ദുഃസ്ഥിതിയിൽ. പേത്തുപേത്ത്; തീരെ

Digitized By Kerala Sahitya Akademi

കണ്ണീർകൊണ്ടു കലക്കമൊന്ന നയനം
നട്ടീടിനാറം പേർത്തുപേ–
ർത്തിക്രൂരങ്കല,ന്തെന്നെയിട്ടു വിഷശ-
ല്യം പോലെ,രിപ്പു ത്തുലോം. 9

സാനുമതി:—അമ്പോ ഇങ്ങിനെയാണ് സ്വാത്ഥപരത്വം: ഇദ്ദേഹത്തിൻെറ ദുഃഖംകൊണ്ടു ഞാൻ രസിയ്ക്കുന്നു.

വിദൂഷകൻ:—എനിയ്ക്കൊരാഗ്രഹമുണ്ട്, തത്രഭവതിയെ ആകാശചാരികളിലൊരുത്തൻ നട്ടികൊണ്ടുപോയിരിയ്ക്കുമെന്ന്.

രാജാ:—പതിവ്രതയെ തൊടുവാനബദ്ധൻ, മറെറാരാറം ഒരുങ്ങുന്നു? മേനകയ്ക്കു പിറന്നവളാണ് താങ്കളുടെ തോഴി എന്ന് ഞാൻ കേട്ടിട്ടുണ്ട്. അവളുടെ കൂട്ടുകാരികളാവും താങ്കളുടെ തോഴിയെ കൊണ്ടുപോയത് എന്നാണ് എൻെറ സംശയം.

സാനുമതി:—മറിവു വന്നതാണ് അത്ഭുതകരം: വെളിവു വന്നതല്ല.

വിദൂഷകൻ:—ഇങ്ങിനെയാണെങ്കിൽ, തത്രഭവതി പതുക്കെക്കൊണ്ട് വന്നുചേരും.

നശിയ്ക്കാത്ത ആശയും വിശ്വാസവും സ്നേഹവും കൂടെക്കൂടെ പ്രേരിപ്പിച്ചതിനാൽ. ഇക്രൂരങ്കൽ: ഈ നിർദ്ദയനിൽ—ഈ അകാരണവഞ്ചകനിൽ—ഈ ധമ്മശപ്പായമിട്ട ദുഷ്ടനിൽ—എന്നിൽ! വിഷശല്യം: സർവ്വാവയവങ്ങളേയും തളർത്തുന്നതും, സർവ്വശരീരധാതുക്കളേയും വരട്ടുന്നതുമായ വിഷം പുരട്ടിയ ശരം.

സ്വാത്ഥപരത്വം: രാജാവിൻെറ പശ്ചാത്താപം പറഞ്ഞു ശകുന്തളയെ ആശ്വസിപ്പിയ്ക്കലാണല്ലോ സാനുമതിയുടെ സ്വാത്ഥം.

ആകാശചാരികൾ: രാക്ഷസാദികൾ; അതിനാൽ ഇനി അവളെയോർത്തു ദുഃഖിച്ചിട്ട് ഫലമില്ല എന്നാശയം.

താങ്കളുടെ തോഴി: എൻെറ പ്രിയതമ, ശകുന്തള.

അത്ഭുതകരം: ഇത്ര വിശദമായ വിവരമുണ്ടായിട്ടും, അതൊക്കെയും മറന്നുപോയല്ലോ!

വന്നുചേരും: ആ പക്ഷത്തിലും വ്യസനിപ്പാനില്ല. മാഢവ്യനു ശകുന്തളാവൃത്താന്തം അത്രയും വിദൂരമാകയാൽ, അയാൾ ഇതിൽ ഉദാസീനനാണ്.



Digitized By Kerala Sahitya Akademi

രാജാ:—എങ്ങിനെ?

വിദൂഷകൻ:—ഭർത്തൃവിരഹംകൊണ്ടു ദുഃഖിതയായ മകളെ ഏറെ നാളും കണ്ടുകൊണ്ടിരിപ്പാൻ അച്ഛനമ്മമാർ ശക്തരാകയില്ലല്ലോ.

രാജാ:—തോഴരേ,

ഭ്രാന്തോ, കിനാവോ, മറിമായമോ, ക്ഷയി–
ച്ചത്രേ്യമാത്രം ഫലമൊത്ത പുണ്യമോ—
പോയിക്കഴിഞ്ഞു തിരിയേ വരാതത–
ങ്ങേ;യാശയെല്ലാ,മൊരിടിഞ്ഞ വക്കുതാൻ. 10

വിദൂഷകൻ:—അങ്ങിനെയല്ല; തിരുവാഴിതന്നെ ദൃഷ്ടാന്തമാണല്ലോ, തീർച്ചയായും വരുമെന്നുള്ളതു വിചാരിയ്ക്കാവതല്ലാത്ത വിധത്തിൽ വന്നുചേരുമെന്നുള്ളതിന്ന്.

രാജാ: (മോതിരം നോക്കിയിട്ട്) അസുലഭമായ സ്ഥാനത്തുനിന്നു വീണുപോയ ഈ മോതിരത്തെപ്പററി വ്യസനിയ്ക്കേണ്ടിയിരിയ്ക്കുന്നു.

തവ സുകൃതവുമെന്നുടേതിനൊപ്പം
പരിലഘു മോതിരമേ, ഫലം നിനച്ചാൽ:

ശ്ലോകം 10. അങ്ങിനെയൊരാശവെച്ച് ആശ്വസിപ്പാനും വഴിയില്ലെന്നു വിഷാദിയ്ക്കുന്നു—അത്; ആശ്രമത്തിൽവെച്ചുണ്ടായ ആ ശകുന്തളാസമാഗമം, വെറുതെ ബുദ്ധിഭ്രമംകൊണ്ടു നടന്നതായിത്തോന്നിയതാവാം; അഥവാ സ്വപ്നമാവാം; അല്ലെങ്കിൽ വല്ല ഇന്ദ്രജാലവും കണ്ടതാവാം. അതല്ല, വാസ്തവത്തിൽ നടന്നതാണെങ്കിൽത്തന്നെ, അതിന്നു കാരണമായ പുണ്യലേശം അത്രമാത്രംകൊണ്ട് അവസാനിച്ചിരിയ്ക്കും. എന്തായാലും അതിനി തിരിച്ചുവരികയുണ്ടാവില്ല. താങ്കൾ പറയുന്നതും ഞാൻ ഉള്ളാൽ വെച്ചുകൊണ്ടിരിയ്ക്കുന്നതുമായ ഈ ആശയെല്ലാം ഒരിടിഞ്ഞ വക്കാണ്: എപ്പോൾ വേണമെങ്കിലും വീണുനശിയ്ക്കാം! ഇതിൻെറ നാലാംപാദത്തിന്നു തുല്യപ്രാധാന്യമുള്ള ചില പാഠഭേദങ്ങളുണ്ട്: അവയനുസരിച്ച്, 'ആശാപ്രവാഹം കരയററതല്ലയോ?' എന്നോ 'ആശയ്ക്കുമേ ചെന്നണയാവതല്ലിനി' എന്നോ വായിയ്ക്കാം.

തിരുവാഴി = തമ്പുരാൻെറ മോതിരം.

അസുലഭമായ സ്ഥാനം: ശകുന്തളയുടെ വിരൽ.

Digitized By Kerala Sahitya Akademi

അവളുടെയ നഖം തുടുത്ത നൽക്കൈ-
വിരൽകളിൽ മേവിന നീ പതിച്ചുവല്ലോ! 11

സാനുമതി: മററൊരാളുടെ കയ്യിലാണ് ചെന്നുചേർന്നതെങ്കിൽ തീർച്ചയായും വ്യസനിക്കേണ്ടിവരുമായിരുന്നു.

വിദൂഷകൻ: ഈ തിരുനാമമോതിരം എന്തു പറഞ്ഞാണ് തത്ര ഭവതിയുടെ കയ്യിൽ കൊടുത്തത്-

സാനുമതി: എൻെറ ജിജ്ഞാസ ഇയ്യാളെയും പ്രേരിപ്പിച്ചു.

രാജാ: കേട്ടുകൊള്ളുക;- അന്നു ഞാൻ നഗരത്തിലേയ്ക്കു പുറപ്പെട്ടപ്പോഠം, പ്രിയതമ കണ്ണുനീരോടെ ചോദിച്ചു, 'എത്രകണ്ടു താമസിയ്ക്കും ആര്യപുത്രൻ എന്നെ കൊണ്ടുപോകാൻ?' എന്ന്.

വിദൂഷകൻ: എന്നിട്ട്?

രാജാ: അപ്പോഠം ഞാൻ ഈ പേർ കൊത്തിയ മോതിരം അവളുടെ വിരലിന്മേലിടുവിച്ചു പ്രതിജ്ഞ ചെയ്തു—

'ഓരോന്നിതിങ്കലനവാസരമെണ്ണുകെൻെറ
നാമാക്ഷരത്തെ,യതു തീർന്നിടുമപ്പൊഴെയ്ക്കും
ആഠംനികലെത്തുമരുമക്കൊടി, നിന്നെ'യെൻപെൺ-
കോയിയ്ക്കൽമന്ദിരമണപ്പതിനെ'ന്നിവണ്ണം. 12

ശ്ലോകം 11. പരിലഘു = അതുല്യം. ഫലം: അവളോടു ചേർന്നിരിയ്ക്കുക എന്നത്. നഖം ചുകന്ന: ഉത്തമസ്ത്രീലക്ഷണം. പതിച്ചുവല്ലോ = ഊരിവീണുവല്ലോ. വിരൽകളിൽ എന്ന ബഹുവചനം, അവൾക്ക് മോതിരത്തിന്മേലുള്ള ശ്രദ്ധാതിശയത്താലും, നാൾതോറും ഏറിവന്ന വിരഹകാർശ്യത്താലും മററും, അവൾ അതിനെ വിരൽ മാറിമാറി അണിഞ്ഞിരിയ്ക്കുമെന്ന ഊഹത്തെ സൂചിപ്പിയ്ക്കുന്നു.

എൻെറ ജിജ്ഞാസ ഇത്യാദി: ഒന്നാമങ്കത്തിൽ, 'ഹൃദയമേ. അസ്വാസ്ഥ്യപ്പെടേണ്ട' ഇത്യാദി ശകുന്തളാവാക്യത്തിൻെറ വ്യാഖ്യാനം നോക്കുക.

ശ്ലോകം 12. ഈ മോതിരത്തിന്മേലുള്ള എൻെറ പേരിൻെറ അക്ഷരങ്ങൾ ഓരോ ദിവസം (അനുവാസരം) ഓരോന്നായി എണ്ണുക; അതു തീർന്നിടുമപ്പൊഴെയ്ക്കും: മൂന്നോ നാലോ ദിവസത്തിനകം എന്നു പര്യവസാനം. അരുമക്കൊടി = പ്രിയതമേ! പെൺകോയിയ്ക്കൽമന്ദിരം = രാജസ്ത്രീകളുടെ

Digitized By Kerala Sahitya Akademi

എന്നാൽ, അതു നിഷ്ഠുരനായ ഞാൻ മറവിനിമിത്തം നിറവേററുകയുണ്ടായില്ല!

സാനുമതി: ഒരു രമണീയമായ അവധിയെയാണ് ദൈവം തെററിച്ചു കളഞ്ഞത്!

വിദൂഷകൻ:— എങ്ങിനെയായിരിക്കും പിന്നെ മുക്കുവൻ കീറിയ ചെങ്കവരിമീനിൻെറ വയററിലകപ്പെട്ടത്?

രാജാ:— താങ്കളുടെ തോഴി ശചീതീർത്ഥം വന്ദിക്കുമ്പോഴാം കയ്യിന്മേൽനിന്നു ഗംഗാപ്രവാഹത്തിൽ വീണുപോയിപോൽ.

വിദൂഷകൻ: ശരി.

സാനുമതി:— അതുകൊണ്ടാണ്, സാധു ശകുന്തളയെ വിവാഹം ചെയ്തതിൽ അധർമ്മഭീരുവായ രാജർഷിക്കു സംശയമുണ്ടായത്. അഥവാ, ഇപ്രകാരമുള്ള അനുരാഗത്തിന്ന് അടയാളം വല്ലതും വേണമോ! ഇതെങ്ങിനെയായിരിക്കാം?

രാജാ:— ഞാനീ മോതിരത്തെ ശകാരിക്കട്ടെ.

വിദൂഷകൻ: (ആത്മഗതം) ഇദ്ദേഹത്തിൻെറ പോക്ക്, നൊസ്സന്മാരുടെ വഴിയിലേക്കാണ്:

രാജാ:

> നീയാ മനോജ്ഞമൃദുലാംഗുലിയാം കരത്തെ–
> യെന്തിട്ടു വിട്ടു സലിലേ മുഴുകിക്കളഞ്ഞു?

കൊട്ടാരം. എന്നെ കുറേശ്ശയെങ്കിലും നിത്യവും ഓർമ്മിച്ചുകൊണ്ട് ഒരു മൂന്നാനാൾ കഴിച്ചാൽ മതി എന്നു വ്യംഗ്യം.

രമണീയമായ: ഉള്ളഴിഞ്ഞ അനുരാഗത്തെ സൂചിപ്പിക്കുന്നു.

ശ്ലോകം 13. മനോജ്ഞമൃദുലാംഗുലി = സുന്ദരങ്ങളും സുകുമാരങ്ങളുമായ വിരലുകളോടുകൂടിയത്; അതു വിട്ടു വീഴുവാൻ തോന്നുമോ? അചേതനം = ജീവനില്ലാത്ത വസ്തു; അതിന്നുണ്ടോ, ഗുണാഗുണവിവേകം? ഈ വ്യംഗ്യത്തെ വാച്യമാക്കുന്ന വേറെ ചില പാഠങ്ങളുണ്ട്; അവയനുസരിക്കുന്നവർക്ക് മൂന്നാംപാദം 'നിർജ്ജീവവസ്തുവിനു സദ്ഗുണബോധമുണ്ടോ?' എന്നാവായിക്കും.

അയ്യോ, വിശപ്പ് ഇത്യാദി: രാജാവ് വീണ്ടും വീണ്ടും ശകുന്തളാചി

Digitized By Kerala Sahitya Akademi

അഥവാ,

എന്തെന്നുവെച്ചിഹ പഴിയ്ക്കുമചേതനത്തെ
ഞാൻതന്നെയെന്തിനുവെടിഞ്ഞിതു കാന്തയാളെ? 13

വിദൂഷകൻ: (ആത്മഗതം) അയ്യോ, വിശപ്പ് എന്നെ കരണ്ടു തിന്നുകയായി.

രാജാ: വെറുതെ പരിത്യജിച്ചതിനാലുള്ള പശ്ചാത്താപംകൊണ്ട് ഹൃദയം ചുട്ടെരിയുന്ന ഇയ്യുള്ളവനിൽ കനിഞ്ഞു വീണ്ടും കാണുമാറാകണമേ!

ചതുരിക: (തിരനീക്കി പ്രവേശിച്ച്) ഇതാ, തമ്പുരാട്ടിയുടെ ചിത്രപടം. (ചിത്രപടം കാണിയ്ക്കുന്നു)

വിദൂഷകൻ: (പടം നോക്കിയിട്ട്) കൊള്ളാം, തോഴരേ. മധുരങ്ങളായ നിലകൾകൊണ്ട് ഭാവങ്ങൾ ഭംഗിയിൽ വെളിപ്പെട്ടിട്ടുണ്ട്. ഉയന്നും താഴ്ന്നുമുള്ള ഇടങ്ങളിൽ എന്റെ കണ്ണ് ഇടറുന്നതായിത്തോന്നുന്നു.

സാനുമതി: അഹോ, രാജർഷിയുടെ തുലികാവൈദഗ്ധ്യം; എന്റെ തോഴി മുമ്പിൽ നില്ക്കുന്നുണ്ടെന്ന് തോന്നിപ്പോകുന്നു.

രാജാ: —

നന്നാകാത്തതു സകലവു-
മന്യനിലയ്ക്കാക്കിടുന്നു ചിത്രത്തിൽ;

റായിലേയ്ക്കുതന്നെ ആഴുകയാണ്; അദ്ദേഹം ഒട്ടാശ്വസിച്ച് അമീത്തിന്നൊരുങ്ങാതെ, താൻ പുറപ്പെടുന്നതു ഉചിതവുമല്ലാ. അപ്പോഴത്തെ ഭക്ഷണത്തിനുള്ള ഒരുക്കവും മല്ലികാമണ്ഡപത്തിലായിരിയ്ക്കാം; അതുകൊണ്ടാവാം, വിദൂഷകൻ 'ഉപചാരരൂപതയാൽ നമ്മോടു സ്വാഗതം ചൊല്ലാനെന്നപോലെ കാത്തുനില്ക്കുന്നു' എന്ന് അതിനെ വർണ്ണിച്ചത്.

വെറുതേ ഇത്യാദി: ശകുന്തളയെ ധ്യാനിച്ചുള്ള വിലാപം.

നിലകൾ = നില്പുകൾ. ഉയന്നും താഴ്ന്നുമുള്ള ഇത്യാദി: പ്രത്യക്ഷമായിക്കാണപ്പെട്ട ആളുടെ ശരീരത്തിലെന്നപോലെത്തന്നെ.

ശ്ലോകം 14. ചിത്രമെഴുത്തിൽ നന്നായി വരാത്തത് എത്ര തവണ

Digitized By Kerala Sahitya Akademi

എന്നാലുമൊരിത്തിരിയേ
വന്നുള്ള വരച്ചതിൽത്തദംഗശ്രീ. 14

സാനുമതി:—ഇപ്പറഞ്ഞതു പശ്ചാത്താപംകൊണ്ടു വർദ്ധിച്ച സ്നേഹത്തിന്നും, വിനയത്തിന്നും അനുരൂപംതന്നെ.

വിദൂഷകൻ:—ഇതിൽ മൂന്നു മാന്യസ്ത്രീകളെ കാണുന്നുണ്ട്. എല്ലാവരും കണ്ടാൽ നന്ന്. ഇതിലേതാണ് തത്രഭവതി ശകുന്തള?

സാനുമതി:—അഴകറിഞ്ഞുകൂടാത്ത ഇയ്യാൾക്ക കണ്ണു വെറുതേ തന്നെ-

രാജാ:—ഏതാണെന്നാണ് താങ്കൾക്ക തോന്നുന്നത്?

വിദൂഷകൻ:—എനിയ്ക്ക തോന്നുന്നത്, കെട്ടഴിഞ്ഞ പൂവുകൊഴിയാൻ തുടങ്ങുന്ന തലമുടിയോടും വിയർപ്പുതുള്ളികൾ പൊടിഞ്ഞ മുഖത്തോടും, വിശേഷിച്ചും ചുമൽ കുനിഞ്ഞ കൈകളോടും കൂടി, നനകൊണ്ടു സ്നിഗ്ദ്ധങ്ങളായ പുതുതളിരുകളുള്ള മാവിന്റെ അരികത്തായി, തെല്ലൊന്നു തളൎന്നപോലെ എഴുതപ്പെട്ടിട്ടുള്ള തത്രഭവതി ശകുന്തളയാണെന്നും, മററു രണ്ടുപേർ തോഴിമാരാണെന്നുമാണ്.

രാജാ:—താങ്കൾ മിടുക്കൻതന്നെ. ഇതിലുണ്ട്, എന്റെ അനുരാഗത്തിന്റെ അടയാളം.

വേത്തവയാം വിരലുകൾത-
ന്നിരുണ്ട പാടുണ്ടു രേഖകൾക്കരികേ;

വേണമെങ്കിലും മായ്ച്ചു മാററിയെഴുതാമല്ലോ; അതു ചെയ്തിട്ടും തദംഗശ്രീ (അവളുടെ അംഗലാവണ്യം) കുറച്ചേവന്നിട്ടുള്ളു! വരച്ചതിൽ: ദേഹാകൃതിയെ വെളിപ്പെടുത്താനുള്ള വരകളിൽ.

സ്നേഹത്തിന്നും: സ്നേഹത്താൽ ഭാവിതമായ സൌന്ദര്യം ആ വ്യക്തിയിലല്ലാതെ, ചിത്രത്തിൽ കാണുകയില്ലല്ലോ.

സ്നിഗ്ദ്ധങ്ങളായ: തെഴുത്തുനില്ക്കുന്ന.

ശ്ലോകം 15. വേത്തവയാം......പാട്: ചിത്രത്തിൽ ഒരോ അവയവങ്ങൾ എഴുതിവരുമ്പോൾ, അതാതോൎമ്മകൾ വന്ന് അവിടെ വെച്ച കൈവിരലുകൾ വിയൎത്ത് ആ വിയർപ്പുനീർ പററി കറുത്ത അടയാളം. കണ്ണീർ കവിളിലുതിൎന്നത് ആ സുകുമാരങ്ങളായ കവിളുകൾ എഴുതുംപോഴാ

Digitized By Kerala Sahitya Akademi

കണ്ണീർ കവിളിലുതിൻതു-
മറിയാം, പൊള്ളച്ച ചായത്താൽ. 15

ചതുരികേ, ഈ വിനോദസ്ഥാനം ഞാൻ ഏതാനുമേ എഴുതിക്കഴിഞ്ഞുള്ളു; നീ ചെന്ന് ചായം കൊണ്ടുവരിക.

ചതുരിക:—ആര്യമാഢവ്യ, ഞാൻ വരുന്നതുവരെ ചിത്രപടം കയ്യിൽവെയ്ക്കുക.

രാജാ:—ഞാൻതന്നെ കയ്യിൽവെച്ചുകൊള്ളാം,

(രാജാവ് ചിത്രപടം വാങ്ങുന്നു; ചതുരിക പോയി)

രാജാ:—ഞാൻ,

നേർക്കിങ്ങു വന്ന നിജകാന്തയെയന്നുപേക്ഷി-
ച്ചിട്ടിന്നു ചിത്രമിതിലാദരമാന്ന മൂലം,
മാർഗ്ഗേ നികാമജലമാം നദിയെക്കടന്നി-
ട്ടാശിയ്ക്കയായി മൃഗതൃഷ്ണികയെസ്സ്പൃഹത്തോ! 16

വിദൂഷകൻ:—(ആത്മഗതം) വാസ്തവം, ഇദ്ദേഹം നദിയെക്കടന്നിട്ടു മൃഗതൃഷ്ണികയിൽ മുഴകുകതന്നെയാണ്. (പ്രകാശം) തോഴരേ, ഇനിയെന്തൊക്കെയൊണ് ഇതിലെഴുതാനുള്ളത്?

സാനുമതി:—തോഴിയ്ക്കു പ്രിയപ്പെട്ട പ്രദേശം ഏതേതോ അതായിരിയ്ക്കും എഴുതാൻ തുടങ്ങുന്നത്; സംശയമില്ല.

കട്ടെ, അവയിൽ ചുംബിച്ചിട്ടുള്ളതൊത്തു കരഞ്ഞുപോവുകതന്നെയുണ്ടായി; ആ കണ്ണീർ വീണ് അവിടത്തെ ചായം കുതിൻതു പൊള്ളച്ചു നില്ക്കുന്നു. പിന്നീട് ആ പശ്ചാത്താപചിഹ്നത്തെ മായ്ച്ചു വെടുപ്പാക്കുവാൻ മുതിരുകയുണ്ടായിട്ടില്ല.

ഈ വിനോദസ്ഥാനം: ചിത്രപടം.

ശ്ലോകം 16 നേർക്ക് = മുമ്പിൽ. ആദരം: പ്രിയയിലെന്നപോലെ ചുറ്റമാനം. നികാമജല = വളരെ വെള്ളമുള്ളത്. മൃഗതൃഷ്ണിക = കാനൽ; തരിശായിക്കിടക്കുന്ന പ്രദേശങ്ങളിൽ കടുത്ത വെയിലുള്ള സമയത്തു നോക്കിയാൽ, നിറയെ വെള്ളംകിടന്നോളംവെട്ടുന്നതുപോലെ കാണപ്പെടുന്ന കാഴ്ച. ദാഹമുള്ള ഒരാൾ വെള്ളമേന്തിയ പുഴ കടന്നുപോന്നു കാനലിൽനിന്നു ദാഹം തീർക്കാമെന്നാശിയ്ക്കുന്നതുപോലെയാണ്, ഞാൻ പ്രിയാപ്രതികൃതി കണ്ടു പ്രിയാസംഗമസുഖം നേടാമെന്നാശിയ്ക്കുന്നത്.

Digitized By Kerala Sahitya Akademi

രാജാ:—കേട്ടുകൊള്ളുക:

തീൎക്കേണം പുളിനസ്ഥഹംസയുഗയാ—
മമ്മാലിനീസിന്ധുവെ,—
ത്തത്തീരേ ഹരിണങ്ങൾ ചേൎന്ന ഹിമവൽ-
പ്പുണ്യപ്രദേശത്തെയും;
ശാഖാലംബിതചീരമായ തരുവി—
ന്മൂലേ, കലക്കൊമ്പുമേൽ
വാമക്കണ്ണുരസുന്ന മാൻപിടയെയും
ചേൎക്കേണമെന്നുണ്ടു മേ. 17

വിദൂഷകൻ:—(ആത്മഗതം) ഞാൻ വിചാരിച്ചതു്, ഇദ്ദേഹം താടിനീണ്ട തപസ്വികളുടെ കൂട്ടംകൊണ്ടു ചിത്രപടം നിറച്ചേക്കുമെന്നാണ്.

രാജാ:—ഇതിന്നുപുറമേ ശകുന്തളയുടെ പ്രിയപ്പെട്ട ആഭരണം ഞാൻ മറന്നുപോയി.

വിദൂഷകൻ:—എന്താണതു്?

സാനുമതി:—വനവാസത്തിനും സൌകുമാര്യത്തിനുമൊത്തതായിരിക്കും.

രാജാ:—

രചിച്ചതില്ലല്ലികൾ ഗണ്ഡസീമ്നി ഞാ-
ന്നിരുന്ന തൽക്കണ്ണുശിരീഷഭൂഷണ ;

വാസ്തവം ഇത്യാദി: പരമാൎത്ഥം വിട്ടു മിഥ്യയിൽ ഭ്രമിക്കുകതന്നെയാണ്; പക്ഷേ മാഢവ്യൻ വിചാരിച്ച പരമാൎത്ഥം ഇപ്പോൾ ഭക്ഷണമാണെന്നുമാത്രം!

ശ്ലോകം 17. പുളിനസ്ഥഹംസയുഗ = മണൽത്തിട്ടിന്മേൽ അരയന്നങ്ങൾ ഇണയൊത്തിരിക്കുന്ന. സിന്ധു = പുഴ. തത്തീരേ = ആ മാലിനിയുടെ കരയിൽ. ഹരിണങ്ങൾ ചേൎന്ന = മാനുകൾ ഇരിക്കുന്ന. ഹിമവൽപ്പുണ്യപ്രദേശം = ഹിമവാന്റെ സുന്ദരങ്ങളും സുകൃതപ്രദങ്ങളുമായ ഭാഗങ്ങൾ; ചുറ്റുമുള്ള ഉയരം കുറഞ്ഞ ചെറുകുന്നുകൾ. ശാഖാ......മൂലേ: കൊമ്പത്തു മരവുരി തോരുവാൻ നിവൃത്തിയാക്കിയിട്ടുള്ള ഒരു മരത്തിന്റെ ചുവട്ടിൽ. കലക്കൊമ്പ് = കലമാനിന്റെ കൊമ്പ്. വാമക്കണ്ണ് = ഇടംകണ്ണ്, സ്ത്രീക്കു് ഇടംകണ്ണു കാമകലാസ്ഥാനമത്രേ. വാമപദത്തിന്നു സുന്ദരം എന്നും അൎത്ഥമുണ്ട്.

Digitized By Kerala Sahitya Akademi

സഖേ, വരച്ചീല മുലത്തടത്തിൽ വെ–
ണ്ണിലാവൊളിയ്ക്കൊത്ത മൃണാളനൂലുമേ. 18

വിദൂഷകൻ:— അയ്യോ, എന്താണ് തത്രഭവതി ചെന്തളിർപോലുള്ള കൈപ്പടംകൊണ്ടു മുഖം മറച്ച്, പേടിച്ചുപേടിച്ചെന്നപോലെ നില്ക്കുന്നത്? (സൂക്ഷിച്ചു നോക്കിയിട്ട്) ആ പൂന്തേൻ കവരുന്ന പുലയാടിമകൻ ഒരു വണ്ടത്താൻ തത്രഭവതിയുടെ മുഖത്തെയ്ക്കു പറന്നെത്തുന്നു.

രാജാ: ഈ ദുഷ്ടനെ തടുക്കു.

വിദൂഷകൻ:— നെറികെട്ടവരെ ശിക്ഷിയ്ക്കുന്ന ഇവിടുന്നുതന്നെ വേണം, ഇവനെ തടുക്കാൻ.

രാജാ:— ശരി, എടോ കുസുമലതാപ്രിയാതിഥേ, നീ എന്തിനാണ് ഇതിന്നുനേരെ പറന്നു കഷ്ടപ്പെടുന്നത്!

ഇതാ, പെൺവണ്ടൊരലരിൽ,–
ദ്ദാഹംകൊണ്ടുംകിലുമങ്ങയെ
കാത്തിരിയ്ക്കുന്നു രാഗത്താൽ;
നീ കൂടാതുണ്ണുകില്ല തേൻ. 19

സാനുമതി: ഇപ്പോഴും അന്തസ്സിലാണ് ഇതിനെ തടുത്തത്,

ശ്ലോകം 18. ഗണ്ഡസീമ്നി = കവിൾത്തടത്തിൽ. അവൾ ചെവിമേൽ അണിഞ്ഞതും, നീണ്ട അല്ലികൾ കവിളത്തേയ്ക്കു തൊന്നതുമായ നെന്മേനിവാകപ്പൂവ് എഴുതാനുണ്ട്; അതു ചെവിയ്ക്കുമാത്രമല്ല, കവിളിന്നും ഒരലങ്കാരമാണെന്നു സൂചന. വെണ്ണിലാവൊളി = വെളുത്ത, മങ്ങലില്ലാത്ത, നിലാവിലെ രശ്മി. താമരവളയത്തിൻനൂല് മാലപോലെ കഴുത്തിലണിഞ്ഞിരുന്നതായിരിയ്ക്കാം.

ചെന്തളിർപോലെയുള്ള കൈപ്പടം: 'നീർക്കടമ്പെടുക്കയാൽ അതിനു ടപ്പ്പെട്ട'താണല്ലോ, അത്.

കുസുമലതാപ്രിയാതിഥേ = പൂവല്ലികൾക്ക് അരുമപ്പെട്ട വിരുന്നുകാരനായുള്ളോവേ!

ശ്ലോകം 19. അലർ = പൂവ്. രാഗത്താൽ: നിന്നിലുള്ള അനുരാഗത്താൽ.



Digitized By Kerala Sahitya Akademi

വിദൂഷകൻ;— തട്ടത്താലും വഴിപ്പെടാത്ത വർഗ്ഗമാണിത്.

രാജാ:— അതുശ്ശോ! നീ എന്റെ കല്പന കൂട്ടാക്കില്ലെന്നോ! എന്നാൽ കേട്ടുകൊള്ളുക.

യാതൊന്നു തൈമരനവത്തളിർ പോലെ രമ്യം
ഭോഗോത്സവങ്ങളിലിവൻ മൃദുവായ് നുകർന്നോൻ,
അത്തൊണ്ടിവായ്മലരു നീ തൊടുമെങ്കിൽ നിന്നെ,-
പ്പാർപ്പിക്കുവൻ ഭ്രമര, തണ്ടലരുൾത്തുറുങ്കിൽ; 20

വിദൂഷകൻ: ഇത്തരം കടുത്ത ശിക്ഷയെ പേടിക്കാതിരിക്കുമോ? (ചിരിച്ച് ആത്മഗതം) ഇദ്ദേഹം ഇപ്പോൾ കപടക്കാരനായിരിക്കുന്നു; ഇദ്ദേഹത്തിന്റെ സംസർഗ്ഗംമൂലം ഞാനും ഇത്തരം അക്ഷരങ്ങൾ ഉച്ചരിച്ചുപോയി! (പ്രകാശം) തോഴരേ, ഇതു ചിത്രമാണ്.

രാജാ: ചിത്രമാണോ!

സാനുമതി:— ഞാനും ഇപ്പോൾ പരമാർത്ഥം ഓർത്തില്ല. പിന്നെയാണോ, എഴുതിയനുഭവിച്ച ഇദ്ദേഹം!

രാജാ;— തോഴരേ, എന്തിനാണീദ്ദുഷ്ടത പ്രവർത്തിച്ചത്?

പ്രത്യക്ഷദർശനസുഖം
തന്മയഹൃദയേന ഞാനനുഭവിച്ചേ

ഇപ്പോഴും: അന്ന് അന്തസ്സിൽ തട്ടാത്ത കഥ—തന്റെ പ്രാണപ്രിയനെ ആദ്യമായിക്കണ്ട സന്ദർഭം—ശകുന്തള സാനുമതിയെ വർണ്ണിച്ചുകേൾപ്പിച്ചിട്ടുണ്ടാവും. 'ഈ ഉന്മാദാവസ്ഥയിലും' എന്നാണ് അഭിരാമവ്യാഖ്യാനം.

ശ്ലോകം 20. നവതളിർ—പുതിയ തളിർ. ഭോഗോത്സവങ്ങളിൽ; ആനന്ദമൂർച്ഛയുണ്ടാകുന്ന സുരതങ്ങളിൽപ്പോലും. മൃദുവായ്: പാരം ക്ലേശിപ്പിച്ചുപോകാതെ. അത്തൊണ്ടിവായ്മലർ = പ്രിയയുടെ തൊണ്ടിപ്പഴത്തിനൊത്ത ചുണ്ട്. തണ്ടലരുൾത്തുറുങ്കിൽ = കൂമ്പിയ താമരപ്പൂവിന്റെ ഉള്ളാകുന്ന തടവിൽ. ഇപ്പദ്യത്തെ വിമർശിക്കുമ്പോൾ, ദുഷ്ഷന്തൻ ഏതാണ്ട് ഉന്മാദാവസ്ഥയിലായിരിക്കുന്നു എന്നോർമ്മിക്കുന്നതിൽ പ്രമാദം പറ്റാതിരിപ്പാൻ നാം ശ്രദ്ധിക്കുന്നതു നന്ന്.

ഇത്തരം അക്ഷരങ്ങൾ: കപടക്കാരനൊത്ത വാക്കുകൾ.

[illegible]: ഇതു ചിത്രമാണെന്നോർമ്മിപ്പിച്ചത്.

Digitized By Kerala Sahitya Akademi

ഓൎമ്മവരുത്തുകയാൽ നീ
വീണ്ടും മേ ചിത്രമാക്കി വല്ലഭയെ! 21

(കണ്ണുനീർ വാൎക്കുന്നു)

സാനുമതി:— പൂൎവ്വാപരവിരുദ്ധവും അസാധാരണവുമായ ഒരു ചെയ്തിയാണിതു്!

രാജാ:— തോഴരേ, ഞാൻ എന്തൊരിളവില്ലാത്ത സങ്കടമാണനുഭവിക്കുന്നതു്!

സ്വപ്നത്തിലവളായ്ച്ചേര-
ലില്ലുറക്കം വരായ്കയാൽ;
ചിത്രത്തിലെങ്കിലും കാണ്മാൻ
സമ്മതിപ്പീല ബാഷ്പവും! 22

സാനുമതി:— ഭവാൻ തീരെ തുടച്ചുകളഞ്ഞു, പരിത്യജിച്ചതിൽ ശകുന്തളയ്ക്കുള്ള ദുഃഖം.

ചതുരിക:— (പ്രവേശിച്ചു്) തിരുമേനി ജയിച്ചാലും! അടിയൻ ചായപ്പെട്ടിയെടുത്തു് ഇങ്ങോട്ടു പോന്നു.

രാജാ:— എന്നിട്ടോ?

ചതുരിക:— ഇടയ്ക്കുവെച്ചു്, തരളികയോടുകൂടിയ വസുമതിത്തമ്പുരാട്ടി അതു് അടിയന്റെ കയ്യിൽനിന്നു് 'ഇതു ഞാൻ തന്നെ കൊണ്ടുകൊടുത്തുകൊള്ളാം ആൎയ്യപുത്രന്നു്' എന്നു് അരുളിച്ചെയ്തു് തട്ടിപ്പറിച്ചുകളഞ്ഞു.

വിദൂഷകൻ: ഭാഗ്യം, നിന്നെ വിട്ടയച്ചുവല്ലോ!

ചതുരിക: തമ്പുരാട്ടിയുടെ ഉത്തരീയപ്പുടവ മരക്കൊമ്പത്തുടക്കിയതു തരളിക വിടുവിക്കുന്ന തക്കത്തിൽ ഞാൻ ഓടിപ്പോന്നു.

ശ്ലോകം 21. പ്രത്യക്ഷദൎശനസുഖം = പ്രിയയെ പ്രത്യക്ഷമായിക്കണ്ടാലത്തെ സുഖം. തന്മയഹൃദയേന: ഇതു ശകുന്തളതന്നെ എന്നു കരുതിക്കൊണ്ടു്.

പൂൎവ്വാപരവിരുദ്ധം: അന്നു് ആവിധമുള്ള അനുരാഗം; പിന്നീടു് അതിന്റെ ഒരു നേരിയ ഓൎമ്മപോലുമില്ലായ്ക; വീണ്ടും അതു മുഴുവനും ഓൎമ്മിച്ചു് ദുഃഖിക്കുക—ഇങ്ങിനെ ഒന്നിനു മറ്റതിനോടു പൊരുത്തമില്ലാതെ. ചെയ്തി = ചരിതം.

Digitized By Kerala Sahitya Akademi

രാജാ:— തോഴരേ, ദേവി അടുത്തുവന്നിരിക്കുന്നു: ഞാൻ ബഹുമാനിച്ചുപോരുന്നതിനാൽ ഗർവ്വിഷ്ഠയുമാണ്. ഈ ചിത്രത്തെ താങ്കൾ സൂക്ഷിക്കണം.

വിദൂഷകൻ:— 'ആത്മാവിനെ' എന്നുവേണം അരുളിച്ചെയ്യുക. (ചിത്രപടം വാങ്ങി എഴുന്നേററിട്ട്) ഇവിടെയ്ക്ക് അന്തഃപുരകലഹത്തിൽനിന്നു വിടുതി കിട്ടിയാൽ, എന്നെ മേഘപ്രതിച്ഛന്ദമെന്ന മാളികയിൽ വിളിച്ചുകൊള്ളുക.

(പാഞ്ഞു പോയി.)

സാനുമതി:— മനസ്സു മറെറാരു സ്ത്രീയിൽ പതിഞ്ഞിരിക്കുകയാണെങ്കിലും ഒന്നാമത്തവളെ ആദരിക്കുന്നുണ്ടല്ലോ; ഇദ്ദേഹത്തിൻെറ സ്നേഹം ഉറപ്പുള്ളതുതന്നെ.

തവണക്കാരി: (ഒരോലയും കൊണ്ടു പ്രവേശിച്ചിട്ട്) തിരുമേനി ജയിച്ചാലും!

രാജാ: വേത്രവതി, നീ വഴിയിൽവെച്ചു വസുമതിയെ കണ്ടില്ലേ?

തവണക്കാരി:— ഉവ്വ്; അടിയത്തിൻെറ കയ്യിൽ ഓല കണ്ടതിനാൽ തിരിച്ചെഴുന്നള്ളി.

രാജാ:— കാര്യജ്ഞയായ അവരം എനിക്കു കാര്യങ്ങളിൽ തടസ്സം വരുത്താറില്ല

തവണക്കാരി: അമാത്യൻ ഉണർത്തിക്കുന്നു—മുതലെടുപ്പുകണക്കു വളരെ നോക്കാനുണ്ടായിരുന്നതിനാൽ, ഇന്ന് ഒരു പൌരകാര്യം മാത്രമേ നോക്കിയിട്ടുള്ളു; അതിനെപ്പററിയുള്ള കുറിമാനം തൃക്കൺപാർക്കുമാറാകണം എന്ന്.

ഭവാൻ തീരെ ഇത്യാദി: പരിത്യജിച്ചതിൽ ഭവാൻ ഇത്രമേൽ പശ്ചാത്തപിക്കുന്നതിനാൽ, അവളുടെ ദുഃഖമെല്ലാം തീൎന്നു.

ഇങ്ങിനെ കരുണം അതിൻെറ പരമകോടിയിലെത്തിയപ്പോൾ, കവി രസഭേദം വരുത്തുന്നു:—ചതുരിക പ്രവേശിച്ച് ഇത്യാദി.

ഭാഗ്യം നിന്നെ ഇത്യാദി: മാഢവ്യൻ ഇത്തരം സന്ദർഭങ്ങളിൽ പലപ്പോഴും കടന്നുകളഞ്ഞിട്ടുണ്ട്. (അഞ്ചാമങ്കത്തിലും, അയാൾ ഹംസപദികയുടെ പിടിയിൽപ്പെട്ടതിനാലാവാം ഉടൻ തിരിച്ചുവരാഞ്ഞത്.) രാജപ

രാജാ — ഓല ഇങ്ങോട്ട കാണിയ്ക്കുക.

(തവണക്കാരി കാണിയ്ക്കുന്നു.)

രാജാ:— (വായിച്ചിട്ട്) എയ്! ധനമിത്രനെന്ന കടല്ക്കച്ചവടക്കാരൻ, കപ്പൽ പൊളിഞ്ഞതിനാൽ മൃതിപ്പെട്ടുപോയി: അയാൾക്ക് സന്താനവുമില്ലത്രേ പോൽ- അയാളുടെ മുതലെല്ലാം പണ്ടാരവകയിൽ ചേർക്കാം എന്നാണ് അമാത്യൻ എഴുതിയിരിയ്ക്കുന്നത്. (വിഷാദത്തോടെ) കഷ്ടംതന്നെയാണ് സന്തതിയില്ലായ്മ! വേത്രവതി, വലിയ ധനികനായിരുന്നതിനാൽ അദ്ദേഹത്തിന്ന ഭാര്യമാർ വളരെപ്പേരുണ്ടായിരിയ്ക്കും. അവരിൽ ആൎക്കെങ്കിലും ഗർഭമുണ്ടോ എന്നന്വേഷിയ്ക്കണം.

തവണക്കാരി:— തിരുമേനി, അദ്ദേഹത്തിന്റെ ഒരു ഭാര്യയായ സാകേതച്ചെട്ടിയുടെ മകൾക്ക് ഇയ്യിടെ പുംസവനം കഴിഞ്ഞതായി കേട്ടു

രാജാ:— എന്നാൽ ഗർഭത്തിലെ ശിശുവിന്നുള്ളതാണ്, അച്ഛന്റെ മുതൽ. ഇതു ചെന്ന് അമാത്യനോട്ട പറയുക.

തവണക്കാരി;— അരുളിപ്പാടുപോലെ (പുറപ്പെടുന്നു.)

രാജാ:— ഇവിടെ വരിക.

തവണക്കാരി:— ഇതാ, അടിയൻ.

രാജാ:— മക്കളുണ്ടെങ്കിലെന്ത്, ഇല്ലെങ്കിലെന്ത്?

നലം കലൎന്നീടിന ബന്ധുവാകുമേ-
തേതാളൊടോ വേറുപെടുന്ന നാട്ടുകാർ,

രിഗ്രഹങ്ങൾക്ക ഭർത്താവിനോടുള്ള ഈർഷ്യയുടെ ശിക്ഷയെല്ലാം പരിജനങ്ങൾക്കാണ് കിട്ടുക.

ആത്മാവിനെ ഇത്യാദി; ഇപ്പറഞ്ഞതും സൂക്ഷിയ്ക്കുന്നതു തനിയ്ക്കും കേടാകയാൽ, തന്നെത്തന്നെയും രക്ഷിയ്ക്കണമല്ലോ.

കാര്യജ്ഞ: കാര്യങ്ങളുടെ ഗുരുലാഘവം അറിയുന്നവൾ.

പുംസവനം = ഗർഭകാലത്തു ചെയ്യേണ്ടുന്ന ഒരു കൎമ്മം.

ശ്ലോകം 23. നലം കലൎന്നീടിന = സ്നേഹമുള്ള. ദുഷ്ടേതരൻ = ചീ

Digitized By Kerala Sahitya Akademi

അവക്ക ദുഷ്ടേതരനാമയാളയാം
ദുഷ്ഷന്തനെ,ന്നിങ്ങു തമുക്കടിച്ചിടാം. 23

തവണക്കാരി:—ഇങ്ങിനെതന്നെ തമുക്കടിപ്പിയ്ക്കാം. (പോയി വീണ്ടും പ്രവേശിച്ചിട്ട്) തിരുമേനിയുടെ വിളംബരം അമാത്യനാൽ വേണ്ടപ്പോഴുപ്പെയ്യ മഴയെന്നപോലെ അഭിനന്ദിയ്ക്കപ്പെട്ടു.

രാജാ:—(നെടുവീപ്പിട്ട്) ഇങ്ങിനെയാണല്ലോ, സന്തതിയററ തറവാട്ടുകളിലെ സമ്പത്തുകൾ, കുററി മുടിയുമ്പോൾ, അന്യാധീനങ്ങളായിപ്പോകുന്നത്. എൻെറ അവസാനത്തിൽ പുരുവംശലക്ഷ്മിയുടെയും സ്ഥിതി ഇതുതന്നെ!

തവണക്കാരി:—അമംഗളം നീങ്ങട്ടെ!

രാജാ:—ഛീ, ഞാൻ കൈവന്ന ശ്രേയസ്സിനെ തള്ളിക്കളഞ്ഞുവല്ലോ!

സാനുമതി:—തീച്ചയായും തോഴിയെത്തന്നെ ഉള്ളിൽക്കരുതിയാണ് ഇദ്ദേഹം ആത്മനിന്ദനം ചെയ്യുന്നത്.

രാജാ:—

ആത്മാവിനെപ്പാകുകിലും വെടിഞ്ഞു ഞാൻ
കുലത്തിനുന്നാകിയ ധമ്മപത്നിയെ;
കാലത്തു വിത്തിട്ടതിനാലനല്പമാം
ഫലംതരാൻപോമിളയെക്കണക്കിനെ! 24

സാനുമതി:—അങ്ങയ്ക്കു സന്തതിയററുകയില്ല.

ചതുരിക:—(പതുക്കെ) അയ്യോ, ഈ കച്ചവടക്കാരൻെറ കഥ

ത്ത മട്ടുകാരനല്ലാത്തവൻ. വേർപെട്ട ബന്ധുവിന്നു പാപശീലമുണ്ടെങ്കിൽ അതൊന്നൊഴികെ, ആ ബന്ധുവായിട്ട് പ്രജകൾക്കു ദുഷ്ഷന്തനുണ്ടെന്നു നാട്ടിൽ കൊട്ടിയറിയിയ്ക്കട്ടെ.

കുററി മുടിയുമ്പോൾ: ഒടുക്കത്തെ ആൾ മരിയ്ക്കുമ്പോൾ. ലക്ഷ്മി = ഐശ്വര്യം; സമ്പത്തും പ്രഭുത്വവും.

കൈവന്ന ശ്രേയസ്സിനെ: സന്താനശ്രേയസ്സ് ഉടനുണ്ടാകുമാറ് ഗർഭിണിയായി വന്ന ശകുന്തളയെ.

ശ്ലോകം 24. ആത്മാവിനെപ്പാകുകിലും: ഗർഭാധാനം ചെയ്യപ്പെ

Digitized By Kerala Sahitya Akademi

തിരുമേനിയുടെ പശ്ചാത്താപത്തെ ഇരട്ടിപ്പിച്ചിരിക്കുന്നു. ഞാൻ ഇദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിന്നു മേഘപ്രതിച്ഛന്ദത്തിൽനിന്നു് ആൎയ്യമാഢവ്യനെ കൂട്ടിക്കൊണ്ടുവരാം.

തവണക്കാരി:—അതുതന്നെവേണം.

(ചതുരിക പോയി.)

രാജാ:—ഹാ, ദുഷ്ഷന്തൻ പിണ്ഡം വെക്കുന്നവരുടെ നില സംശയത്തിലായിരിക്കുന്നു,

ഇയ്യാളുക്കശേഷമെവനല്ല. നിവാപകൎമ്മം
ചെയ്യാൻ യഥാവിധി നമുക്ക കുലത്തിലെന്നായ്
ആൎയ്യ, പിതൃക്കളെ മിഴിനീർ കഴുകിക്കളഞ്ഞി–
ട്ടാവും കുടിപ്പ,തനപത്യനിവന്റെ കൈനീർ! 25

തവണക്കാരി:—(സംഭ്രമത്തോടെ താങ്ങിയിട്ടു്) തിരുമേനി ആശ്വസിക്കണേ, ആശ്വസിക്കണേ!

സാനുമതി:—അയ്യോ, കഷ്ടം, കഷ്ടം! ഇദ്ദേഹം, വിളക്കിരിക്കെത്തന്നെ മറവുനിമിത്തം ഇരുട്ടനുഭവിക്കുന്നു. ഞാൻ ഇപ്പോൾത്തന്നെ ഇദ്ദേഹത്തിന്റെ ദുഃഖം പോക്കിക്കളയാം. അഥവാ ഇന്ദ്രമാതാവു ശകുന്തളയെ ആശ്വസിപ്പിച്ചരുളിച്ചെയ്യുന്നതു ഞാൻ കേൾക്കയുണ്ടായി, യജ്ഞാംശതല്പരരായ ദേവകൾ തന്നെ, നിന്നെ താമസിയാതെ ഭൎത്താവു ധൎമ്മപത്നിയാക്കിക്കൊണ്ടാടുമാറു പ്രവൎത്തിച്ചുകൊള്ളും എന്നു്. അതിനാൽ അത്രയുംനാൾ ഞാൻ ക്ഷമിക്കുന്നതായിരിക്കും നല്ലതു്. തല്ക്കാലം രാജാവിന്റെ ഈ അവസ്ഥയെ ധരിപ്പിച്ചു പ്രിയ സഖിയെ ആശ്വസിപ്പിക്കാം.

(മേല്പോട്ടു പോയി)

ട്ടിട്ടും; 'ആത്മാവു(താൻ)തന്നെ ഭാൎയ്യയിൽ പ്രവേശിച്ചു പുത്രനായിജ്ജനിക്കുന്നു' എന്നു സ്മൃതി. കാലത്തു": വേണ്ടുന്ന സമയത്തു്. ഫലം = വിളവു്. ഇരു = ഭൂമി; വയൽ.

ദുഷ്ഷന്തൻ പിണ്ഡം വെക്കുന്നവർ: തന്റെ പിതൃ-പിതാമഹ--പ്രപിതാമഹാദികൾ. സംശയം: മേലിൽ പിണ്ഡം ലഭിക്കുമോ ഇല്ലയോ എന്നു്.

ശ്ലോകം 25. നിവാപകൎമ്മം = പിതൃതൎപ്പണം. യഥാവിധി = വി

(അണിയറയിൽ)

അയ്യോ, കൊല്ലരുതേ, കൊല്ലരുതേ!

രാജാ:— (കേട്ടിട്ട്) മാഢവ്യൻെറ നിലവിളിപോലെ തോന്നുന്നു. ആരവിടെ?

ചതുരിക:— (സസംഭ്രമം പ്രവേശിച്ച്) തിരുമേനി രക്ഷിയ്ക്കണേ, രക്ഷിയ്ക്കണേ, പ്രാണസംശയത്തിൽപ്പെട്ടിരിയ്ക്കുന്ന തോഴരെ.

രാജാ:— ആരാണ് സാധുബ്രാഹ്മണനെ ഉപദ്രവിയ്ക്കുന്നത്?

ചതുരിക: തിരുമേനി, ഏതോ ഒരു ഭൂതം മറഞ്ഞു വന്നു പിടിച്ചു കൊണ്ടുപോയി, മേഘപ്രതിച്ഛന്ദമാളികയുടെ മോന്തായത്തു നിർത്തിയിരിയ്ക്കുന്നു.

രാജാ:— (എഴുന്നേററ്) അത്ര്യ്യായോ! എൻെറ ഗൃഹത്തിലും കേറുകയോ ഭൂതങ്ങൾ! അഥവാ,

തനിയ്ക്കുതന്നേ പിഴ നാളിൽ, നാളിൽ-
പ്പററുന്നതത്ര്യ്യറിവാൻ പ്രയാസം;
നാട്ടാരിലാരേ,തു വഴിയ്ക്കു പോവു-
മെന്നൊക്കെയെവ്വണ്ണമറിഞ്ഞുവെയ്ക്കാം! 26

(അണിയറയിൽ)

ധിയ്ക്കാത്തവണ്ണം. അനപത്യനിവൻെറ = സന്താനമില്ലാത്ത എൻെറ. പിതൃതർപ്പണത്തിൽ വന്നുചേരുന്ന പിതൃക്കൾ, എനിയ്ക്കു സന്താനമില്ലെന്നു കണ്ടു കരഞ്ഞുപോകുന്നതിനാൽ, ഞാൻ നല്കിയ തിലോദകത്തിൽനിന്നു മുഖം കഴുകി ബാക്കിയേ കുടിയ്ക്കാറുണ്ടാവൂ; കരഞ്ഞാൽ മുഖം കഴുകണമെന്നുണ്ട്. അങ്ങിനെ, ഇപ്പോൾത്തന്നെ അവർക്കു തൃപ്തിവരാതായിത്തുടങ്ങിയിട്ടുണ്ടാവും.

വിളക്കിരിയ്ക്കെത്തന്നെ ഇത്യാദി: അപത്യമിരിയ്ക്കെത്തന്നെ അറിയായ്കയാൽ, ഇദ്ദേഹം അനപത്യതാദുഃഖം അനുഭവിയ്ക്കുന്നു. ഇന്ദ്രമാതാവ് = അദിതി. യജ്ഞാംശതല്പരർ: യജ്ഞത്തിൽ. തങ്ങൾക്കുള്ള പങ്കു കിട്ടിയിട്ടു വേണം ദേവന്മാർക്ക് പുലരുവാൻ; ആ യജ്ഞകർമ്മം ഭൂമിയിൽ മുടങ്ങാതെ നടക്കണമെങ്കിൽ, ധർമ്മിഷ്ഠമായ ഒരു രാജവംശം നിലനിൽക്കേണ്ടുന്ന ഭാരം ദേവന്മാർതന്നെ ഏറെറടുത്തുകൊള്ളും. ക്ഷമിച്ചിരിയ്ക്കുന്നതായിരിയ്ക്കും നല്ലത്: സൽക്കർമ്മമായാലും, അർഹതയുള്ളവർ തന്നെ ചെയ്യുന്നതാണ് ഭംഗി.

ശ്ലോകം 26. ധർമ്മാനുഷ്ഠാനത്തിൽ പ്രമാദം പററുന്നതുകൊണ്ടത്രേ, ഗൃഹങ്ങളിൽ ഭൂതബാധയുണ്ടാകുന്നത്; രാജാവിന്നാകട്ടേ, സ്വപ്രമാദത്താൽ

Digitized By Kerala Sahitya Akademi

ആറ്യ തോഴരേ, ആറ്യ!

രാജാ:—(വെമ്പലോടെ ചുററിനടന്നു) തോഴരേ, പേടിയ്ക്കേണ്ടാ, പേടിയ്ക്കേണ്ടാ.

(അണിയറയിൽ)

(വീണ്ടും അതുതന്നെ പറഞ്ഞിട്ട്) ഞാൻ എങ്ങിനെ പേടിയ്ക്കാതിരിയ്ക്കും? ഇതാ, ഏതോ ഒരുവൻ എന്റെ കഴുത്തുപിടിച്ചു പിന്നോക്കം വളച്ചു കരിമ്പുപോലെ ചെട്ടെന്നൊടിയ്ക്കുന്നു.

രാജാ:—(ദൃഷ്ടിക്ഷേപത്തോടെ) വില്ല്!

യവനി:—(വില്ലുംകൊണ്ടു പ്രവേശിച്ച്) ഇതാ, പള്ളിവില്ലും തൃക്കയ്യുറയും.

(രാജാവ് വില്ലും അമ്പും വാങ്ങുന്നു)

(അണിയറയിൽ വേറെ സ്വരത്തിൽ)

ഇതാ, ഞാൻ കൊല്ലുന്നേൻ പുലി പശുവിനെപ്പോലെ, പതറിപ്പിടഞ്ഞീടും നിന്നെ,പ്പുതിയ ഗളരക്തം നുകരുവാൻ,
വിപന്നന്മാക്കെല്ലാമഭയമരുളാൻവേണ്ടി നെടുവി-
ല്ലെടുക്കും ദുഷ്ഷന്തൻ തവ ശരണമാകട്ടെയധുനാ. 27

രാജാ:—(കോപത്തോടെ) എന്ത്, എന്റെ നേക്ക തന്നേയോ! എടാ മാംസംതീനി, നില്ല നില്ല്. നിന്റെ കഥ കഴിഞ്ഞു. (വില്ല കുലച്ച്) വേത്രവതി, കോണിയ്ക്കലേയ്ക്ക് വഴി കാണിയ്ക്കുക.

മാത്രമല്ല, പ്രജാപ്രമാദത്താലും പാപം നേരിടും.

വേറേ സ്വരത്തിൽ; ഈ ഒച്ച ഭൂതത്തിന്റേതാണ്.

ശ്ലോകം 27. പുതിയ ഗളരക്തം: കഴുത്തു പൊട്ടിച്ചാൽ തള്ളിച്ചാടുന്ന ചോര. വിപന്നന്മാർ = ആപത്തിൽപ്പെട്ടവർ. അഭയം = ആപത്തിൽ നിന്നു രക്ഷ. തവ ശരണമാകട്ടെ: നിന്നെ രക്ഷിയ്ക്കുന്നതു കാണട്ടെ! അധുനാ = ഇപ്പോൾ.

തിരസ്കരണികൊണ്ടു ഗർവ്വിയ്ക്കുന്നവനേ: നിനക്കു തിരസ്കരണിവിദ്യയുള്ളതുകൊണ്ടു നിന്നെ ഞാൻ കാണില്ലെന്നാണല്ലോ നിന്റെ ഗർവ്വ്. അ



Digitized By Kerala Sahitya Akademi

(എല്ലാവരും വേഗത്തിൽ ചുററിനടക്കുന്നു.)

രാജാ:—(ചുററും നോക്കിയിട്ടു്) ഇവിടെ ആരുമില്ലല്ലോ!

(അണിയറയിൽ)

ആവൂ, ആവൂ, ഞാൻ അങ്ങയെ കാണുന്നുണ്ടു്, അങ്ങു് എന്നെക്കാണുന്നില്ല. ഞാൻ പൂച്ച പിടിച്ച എലിപോലെ, പ്രാണനിൽ കൊതിയില്ലാത്തവനായിക്കഴിഞ്ഞു!

രാജാ:—എടാ തിരസ്കരണികൊണ്ടു ഗർവ്വിക്കുന്നവനേ, എന്റെ അസ്ത്രം നിന്നെ കണ്ടുകൊള്ളും. ഇതാ, ഞാൻ ശരം തൊടുക്കുന്നു;

വധാർഹനാം നിന്നെ വധിക്കു,മേകും
രക്ഷാർഹവിപ്രന്നിതു രക്ഷയേയും;
പാൽതാൻ കുടിക്കുന്നിത,തിൽപ്പകന്ന
പാഥസ്സെടുക്കില്ലരയന്നമല്ലോ. 28

(അസ്ത്രം തൊടുക്കുന്നു)

(അനന്തരം വിദൂഷകനെ വിട്ടു മാതലി പ്രവേശിക്കുന്നു.)

മാതലി:—

തവ ദിതിജരെയത്രേ ലക്ഷ്യമാക്കീ സുരേശൻ;
ധ്രുവമവരുടെ നേൎക്കാകട്ടെയീ വിൽവലിക്കൽ:
പ്രണയമധുരമാകും നോട്ടമല്ലോ പതിപ്പി-
പ്പതു,കടുശരമല്ലാ, മിത്രത്തിൽസ്സജ്ജനങ്ങൾ. 29

സ്ത്രം നിന്നെ കണ്ടുകൊള്ളും; ശബ്ദം കേട്ടേടത്തെയ്ക്കയച്ചാൽ ലാക്കവെയ്ക്കപ്പെട്ടവനിൽ ചെന്നേല്ക്കുന്നതാണ്. ഈ അസ്ത്രം = ശബ്ദവേധി.

ശ്ലോകം 28. മാധവ്യനിൽ ഏറേയ്ക്കുമെന്നു ശങ്കയില്ല എന്നു്:— വധാർഹൻ = വധിക്കപ്പെടേണ്ടവൻ. രക്ഷാർഹൻ = രക്ഷിക്കപ്പെടേണ്ടവൻ. പാഥസ്സ് = വെള്ളം.

ശ്ലോകം 29. താൻ വന്ന കാൎയ്യം പറഞ്ഞു കോപം ശമിപ്പിക്കുന്നു:—ദിതിജർ = അസുരന്മാർ. തവ ലക്ഷ്യമാക്കി: അങ്ങയുടെ അസ്ത്രത്തിന്നു ലാക്കാക്കിയിരിക്കുന്നതു്; അതു വന്നു കൊല്ലണമെന്നു ക്ഷണിക്കുന്നു എന്ന

Digitized By Kerala Sahitya Akademi

രാജാ:—(ശരം ഉപസംഹരിച്ച്) അല്ലാ, മാതലിയോ! ദേവേന്ദ്രസൂതന്നു സ്വാഗതം!

വിദൂഷകൻ:—(പ്രവേശിച്ച്) എന്നെ യജ്ഞപ്പശുവിനെപ്പോലെ തൊഴിക്കൊന്ന ഈ പുള്ളിയെ സ്വാഗതംകൊണ്ടഭിനന്ദിക്കയാണിദ്ദേഹം.

മാതലി: (പുഞ്ചിരികൊണ്ട്) ആയുഷ്മൻ, കേട്ടാലും. ഇന്നതിനാണ് ദേവേന്ദ്രൻ എന്നെ അങ്ങയുടെ അടുക്കലെയ്ക്കയച്ചിരിക്കുന്നതെന്ന്.

രാജാ: ഞാൻ സശ്രദ്ധനായിരിക്കുന്നു.

മാതലി: കാലനേമിയുടെ സന്താനമായി ദുർജ്ജയന്മാർ എന്നൊരുകൂട്ടം അസുരന്മാരുണ്ട്.

രാജാ: ഉണ്ട്; നാരദൻ പറഞ്ഞുകേട്ടിട്ടുണ്ട്.

മാതലി:

> വെൽവാനശക്യരവർപോൽ തവ തോഴനിന്ദ്ര—
> ന്നു;-ങ്ങുന്നു വേണമവരെസ്സമരേ വധിപ്പാൻ:
> സൂര്യന്നു പോക്കിവിടുവാൻ കഴിയാത്തതാകും
> രാക്കൂരിരുട്ടിനെ മുടിപ്പതു ചന്ദ്രനല്ലോ. 30

അതിനാൽ, ഭവാൻ ഇപ്പോഴത്തന്നെ ആയുധപാണിയായി ഇന്ദ്രരഥത്തിൽക്കയറി വിജയത്തിന്നായി പുറപ്പെടുക.

രാജാ: മഹേന്ദ്രന്റെ ഈ തിരുവുള്ളത്താൽ ഞാൻ അനുഗ്രഹിക്കപ്പെട്ടു. ആകട്ടെ, ഭവാൻ മാഢവ്യനിൽ എന്തിനാണ് ഇപ്രകാരം പ്രവർത്തിച്ചത്?

മാതലി: അതും പറയാം:—ആയുഷ്മാന്ന് മനസ്സിൽ എന്തോ

ത്ഥം. ധ്രുവം = നിസ്സംശയം. പ്രണയമധുരം = സൌഹാർദ്ദത്താൽ രമ്യം. മിത്രർ = സുഹൃത്തുക്കൾ.

യജ്ഞപ്പശുവിനെ എന്നപോലെ: യജ്ഞത്തിൽ പശുവിനെ ഞെക്കി ശ്വാസംമുട്ടിച്ച് കൊല്ലണമെന്നാണ് വിധി.

ശ്ലോകം 30. വെൽവാനശക്യർ = ജയിക്കപ്പെടുവാൻ വയ്യാത്തവർ. സമരേ = യുദ്ധത്തിൽ. രാക്കൂരിരുട്ട്: രാത്രിയിലെ കൂരിരുട്ട്, സൂര്യൻ മഹാതേജസ്വിയാണ് എന്നുള്ളതുകൊണ്ടായില്ലല്ലോ.

Digitized By Kerala Sahitya Akademi

ഒരു വിഷാദമുള്ളതായി എനിക്കു കാഴ്ചയിൽ തോന്നി, ഉടനെ ഒന്നു കോപിപ്പിക്കാൻ വേണ്ടിയാണ് ഞാൻ അപ്രകാരം ചെയ്തത്. എന്തുകൊണ്ടെന്നാൽ,

ജ്വലിക്കുമേ കൊള്ളിയിളക്കിയാൽത്തീ,
കയർക്കുകിൽപ്പാമ്പു പടം പിടിക്കും:
ക്രോധത്തിലല്ലോ, നിജവൈഭവത്തെ
പ്രായേണ കൈക്കൊണ്ടുവരുന്നു ലോകം. 31

രാജാ: കൊള്ളാം. (വിദൂഷകനോടു പതുക്കെ) തോഴരേ, ഇന്ദ്രന്റെ ആജ്ഞ നിറവേററാതിരുന്നുകൂടാ. അതിനാൽ അമാത്യപിശുനനെ വിവരം ധരിപ്പിച്ചു ഞാൻ പറഞ്ഞതായിപ്പറയണം.

നിൻബുദ്ധിതാൻ പ്രജകളെ-
ക്കാത്തുപോരട്ടെയൊട്ടുനാരം;
ഏറ്റപ്പെട്ടിരിപ്പു കലവി-
ല്ലിതു, മററൊരു വേലയിൽ. 32

വിദൂഷകൻ: അരുളപ്പാടുപോലെ (പോയി)
മാതലി: ആയുഷ്മാൻ ഇതിലേ.

(രാജാവ് രഥത്തിൽക്കയറുന്നു. എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു.

ശ്ലോകം 31. കയർക്കുക = ഉപദ്രവിക്കുക.

ശ്ലോകം 32. പതിവായി, സചിവന്റെ ബുദ്ധിയും (ഉപായചിന്തയും) രാജാവിന്റെ വീര്യം (പരാക്രമവും) കൂടിയത്രേ ലോകം നടത്തുന്നത്.

ആയുഷ്മാൻ = ദീർഘായുസ്സ്; നാടകാദിയിൽ സൂതൻ തേരാളിയെ വിളിക്കുന്നുണ്ടുന്ന പേർ.

Digitized By Kerala Sahitya Akademi

# ഏഴാമങ്കം

(അനന്തരം ആകാശത്തു തേരിലേറിയ രാജാവും മാതലിയും പ്രവേശിക്കുന്നു.)

രാജാ:—മാതലി, ഞാൻ നിയോഗം നിറവേററി എങ്കിലും, മഹേന്ദ്രൻെറ സൽക്കാരമഹിമയോക്കമ്പോഠം, എന്നെക്കൊണ്ട് ഉപയോഗമുണ്ടായിട്ടില്ലെന്നു തോന്നിപ്പോകുന്നു!

മാതലി:—(പുഞ്ചിരിക്കൊണ്ട്) ആയുഷ്മൻ, ഇരുകക്ഷിക്കുമില്ല, അലംഭാവം:—

പ്രഥമോപകാരമമരേന്ദ്രനിൽക്കൃതം
ലഘുവെന്നു കാണ്മു, ബഹുമാനിതൻ ഭവാൻ;
അവിടെയ്ക്കുമില്ലൊരു മതിപ്പു നിങ്കലെ-
പ്പരിപൂജനത്തിലപദാനവിസ്മയാൽ. 1

രാജാ:—അങ്ങിനെ പറയരുത്; ആ വിടതന്നപ്പോഴത്തെസ്സൽക്കാരം വിചാരിക്കുപോലും വയ്യാത്തതാണ്. എന്നെ ദേവകാഠ കാൺകെ അദ്ധാസനത്തിലിരുത്തിയിട്ട്,

ഉഠംക്കാംക്ഷപുണ്ഡരികിൽ വാണ ജയന്തനിൽത്താ-
ക്കണ്ണൊന്നു നീട്ടി,യൊരു പുഞ്ചിരിയിട്ടു, ശക്രൻ

ഒരൊററ ദിവസംകൊണ്ട് അസുരരെയെല്ലാം നിഗ്രഹിച്ച് ഇന്ദ്രനാൽ സൽകൃതനായി രാജാവ് മാതലിയോടുകൂടി ഭൂമിയിലേക്കു തിരിച്ചു പോരുന്നു.

നിയോഗം: അസുരനിഗ്രഹം ചെയ്‌വാനുള്ള ആജ്ഞ. സൽക്കാരമഹിമ = മഹിതമായ സൽക്കാരം.

അലംഭാവം = തൃപ്തി.

ശ്ലോകം 1. പ്രഥമോപകാരമമരേന്ദ്രനിൽക്കൃതം = ആദ്യം ഇന്ദ്രനു ചെയ്തുകൊടുത്ത ഉപകാരം. ബഹുമാനിതൻ: തദനന്തരം ഇന്ദ്രനാൽ സൽക്കരിക്കപ്പെട്ടവൻ. മതിപ്പ്: 'മതിയായി' എന്ന വിചാരം. നിങ്കലെപ്പരിപൂജനത്തിൽ = അങ്ങയെ പൂജിച്ചതിൽ. അപദാനവിസ്മയാൽ = അങ്ങയുടെ പരാക്രമം കണ്ടിട്ടുള്ള അത്ഭുതംമൂലം.

Digitized By Kerala Sahitya Akademi

മാറത്തുനിന്ന ഹരിചന്ദനവും പുരണ്ട
മന്ദാരമാലികയെടുത്തണിയിച്ചുവല്ലോ! 2

മാതലി;—ആയുഷ്മാൻ എന്തൊന്നാണ് ദേവരാജങ്കൽനിന്ന് അർഹിയ്ക്കന്നില്ലാത്തത്? നോക്കുക:—

ദൈതേയമുള്ളുകരം പറിച്ചുകളഞ്ഞു വിണ്ണിൽ
സ്വാസ്ഥ്യം വളർത്തി വലജിത്തിന രണ്ടുകൂട്ടം:
ഇന്നാളിൽ നിൻ വിനതസന്ധികളാം ശരങ്ങരം,
പണ്ടാവിധം പുരുഷകേസരിതൻ നഖങ്ങരം. 3

രാജാ:—ഇതിൽ പുരന്ദരൻെറ പ്രഭാവത്തെത്തന്നെയാണല്ലോ പുകഴ്ത്തേണ്ടത്;—

വങ്കാര്യവും കിംകരർ ചെയ്തുവെപ്പ-
ത,ധീശർതൻ നൽത്തിരുവുള്ളമത്രേ:
തമിസ്രമെമ്മട്ടരുണൻ മുടിയ്ക്കം,
മുൻനിൎത്തുകില്ലക്കനെയാളെയെങ്കിൽ? 4

ശ്ലോകം 2. ഉൾക്കാംക്ഷ = ഉള്ളിൽവെച്ചുകൊണ്ടിരിയ്ക്കുന്ന അഭിലാഷം. ജയന്തൻ = ഇന്ദ്രൻെറ പുത്രൻ. ഒരു പുഞ്ചിരിയിട്ട്; ഇതിനുള്ള അർഹത നിനക്കല്ല, ഇദ്ദേഹത്തിന്നാണ് എന്നൎത്ഥത്തിൽ. പുരണ്ട; അരച്ചു പൂശിയിരുന്നതു പകൎന്നുപററിയ. ഹരിചന്ദനവും മന്ദാരവും ദിവ്യവൃക്ഷങ്ങളാണ്. ദുഷ്ഷന്തനു ധനരത്നാദികൾ അനപേക്ഷിതങ്ങളാകയാലത്രേ, അഭൌമവും എന്നും വാട്ടമേശാത്തതുമായ മന്ദാരമാല നല്കപ്പെട്ടത്.

ശ്ലോകം 3. ദൈതേയമുള്ളുകൾ = അസുരരാകുന്ന മുള്ളുകളെ; ദ്രോഹകാരികളെ. സ്വാസ്ഥ്യം = പൊറുതികേടില്ലായ്ക. വലജിത്ത് = ഇന്ദ്രൻ. ഇന്നാളിൽ = ഇന്ന്. വിനതസന്ധികൾ = മൊട്ടു(കംപ്പു)ഴിഞ്ഞവ; നഖങ്ങളുടെ വിശേഷണമാകുമ്പോൾ, താഴ്ന്ന നഖസന്ധികളോടുകൂടിയവ. പുരുഷകേസരി = നരസിംഹം. പണ്ടു ഹിരണ്യകശിപുവിനെ മാറു കീറിക്കൊന്ന നരസിംഹമെന്നപോലെ, ഇന്നു ദുൎജ്ജയരെ അമ്പെ കൊന്ന ഭവാൻ ഇന്ദ്രന്നു ബഹുമാന്യൻതന്നെ! മേൽത്തറച്ച മുള്ള്, നഖംകൊണ്ടോ അമ്പിന്മനപോലെ കൂൎത്ത സാധനംകൊണ്ടോ വേണമല്ലോ പറിച്ചുകളയുക.

ശ്ലോകം 4. വങ്കാര്യം: പ്രഭുക്കൾക്കം ചെയ്യുതീൎക്കാവതല്ലാത്ത ജോലി. ചെയ്യുവെപ്പത് = ചെയ്യുതീൎക്കുന്നത്. അധീശർ = പ്രഭുക്കന്മാർ. തമി

Digitized By Kerala Sahitya Akademi

മാതലി— ഇതായുഷ്മാന്ന് അനുരൂപംതന്നെ (കുറച്ചിടം പിന്നിട്ട്) ആയുഷ്മൻ ഇവിടെ നോക്കുക; സ്വർഗ്ഗലോകത്തിൽ നിലനില്ക്കുന്നതായിത്തീൎന്ന സ്വയശസ്സിൻെറ സൌഭാഗ്യം—

ശ്രേഷ്ഠാമരീമണ്ഡനശേഷമാം കുറി—
ക്കൂട്ടാലിതാ, കല്പലതാംശുകങ്ങളിൽ,
കേട്ടാസ്വദിയ്ക്കുംപടി നിൻ വിചേഷ്ടിതം
പാട്ടായി നിൎമ്മിച്ചെഴുതുന്നു വിണ്ണവർ. 5

രാജാ:—മാതലി, ഞാൻ ഇന്നലെ പോരുമ്പോഴ് അസുരയുദ്ധൌത്സുക്യമൂലം സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി നോക്കിക്കണ്ടില്ല. ഏതൊരു വായുമാർഗ്ഗത്തിലാണ് നാമിപ്പോഴ്?

മാതലി:

യാതൊന്നോ നിലനിർത്തിടുന്നതു നഭ-
സ്സ്ഥാനത്തു മുപ്പാററിനെ—
ജ്ജ്യോതിശ്ശ്രേണിയെയും വിഭക്തരുചിയായ്—
ച്ചുററിപ്പൂ യാതൊന്നുതാൻ,

സ്രം = ഇരുട്ട്. സൂര്യൻെറ തേർതെളിക്കാരനായിരിയ്ക്കുന്നതുകൊണ്ടാണ് അരുണൻ പ്രഭാതത്തിൽ സൂര്യോദയത്തിനു മുമ്പുതന്നെ ഇരുട്ടകററുന്നത്; അതുപോലെ ഇന്ദ്രൻെറ തിരുവുള്ളംകൊണ്ടാണ്, ഞാൻ അസുരനിഗ്രഹമെന്ന വലിയ കാർയ്യം സാധിച്ചത്.

ഇത്; ഈ വിനയം.

ശ്ലോകം 5. ശ്രേഷ്ഠാമരീമണ്ഡനശേഷം = സുന്ദരിമാരായ ദേവസ്ത്രീകൾ അണിഞ്ഞതിൽ ബാക്കിയായത്. കുറിക്കൂട്ട്: കുങ്കുമച്ചാറ് മുതലായ. കല്പലതാംശുകങ്ങളിൽ: കല്പകവല്ലികളിൽ തളിരിനുപകരം ഉണ്ടാകുന്ന പട്ടുകളിന്മേൽ. ആസ്വദിയ്ക്കുംപടി = ആസ്വദിയ്ക്കുവാൻ പാകത്തിൽ. വിചേഷ്ടിതം = ചരിതം; പരാക്രമകഥ. ഈ പാട്ടുകൾ ലിപിരൂപേണയും ഗീതരൂപേണയും എന്നും സ്വർഗ്ഗത്തിൽ നിലനില്ക്കുകതന്നെ ചെയ്യും.

അസുരയുദ്ധൌത്സുക്യം = അസുരരോടു യുദ്ധം ചെയ്വാനുള്ള തിടുക്കം. വായുമാർഗ്ഗം: ആകാശത്തുള്ള വായുപ്പരപ്പ് ഏഴ വാതസ്കന്ധങ്ങളായി, ഏഴട്ടിയായി, വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു; അവയിലോരോന്നാണ് മേഘങ്ങളെ സഞ്ചരിപ്പിയ്ക്കുന്നതും അവയിൽനിന്നു മഴ ഇടിമിന്നൽ എന്നിവയുണ്ടാക്കുന്നതും.

Digitized By Kerala Sahitya Akademi

ഓതുന്നു മുനിമാരിതാ,പ്പരിവഹ–
ക്കാററിൻ വഴിത്തട്ടപോൽ,
ദൈതേയോന്മഥനദ്വിതീയപദവി–
ന്യാസാൽ പവിത്രീകൃതം, 6

രാജാ: ഇതുകൊണ്ടാണ് എൻെറ ബാഹ്യേന്ദ്രിയങ്ങളും അന്തഃകരണവും ഒരുപോലെ നിർവൃതികൊള്ളുന്നത്, (തേർച്ചക്രം നോക്കിയിട്ട്) നാം മേഘമാർഗ്ഗത്തിൽ ഇറങ്ങിക്കഴിഞ്ഞു.

മാതലി: എങ്ങിനെ മനസ്സിലായി?

രാജാ:

ഏറക്കാൽപ്പഴുതിങ്കലൂടെ വെളിയിൽ–
ച്ചാടുന്ന വേഴാമ്പലും,
വാരഞ്ചീടിന മിന്നൽതന്നൊളി പുര–
ണ്ടീടും തുരംഗങ്ങളും,

സൂര്യാദിഗ്രഹങ്ങളെയും നക്ഷത്രങ്ങളെയുമെല്ലാം തമ്മിൽ കൂട്ടിമുട്ടാതെയും വഴിപിഴയ്ക്കാതെയും സഞ്ചരിപ്പിയ്ക്കുന്നതും, മററും. അവയിൽ ഏതു വായുമണ്ഡലത്തിലാണ് നാമിപ്പോൾ?

ശ്ലോകം 6. നഭസ്ഥാനം: നിരവലംബമായ ആകാശം. മുപ്പാറ് = ഗംഗ; മൂന്നു ചാലായി ഒഴുകുന്നതുകൊണ്ടത്രേ ഈ പേർ. ജ്യോതിശ്ശ്രേണി: സൂര്യ-ചന്ദ്ര-നക്ഷത്രാദികളായ തേജോഗോളങ്ങൾ. വിഭക്തരുചിയായ്: അവയുടെ പ്രഭകളെ, തമ്മിൽക്കൂടികലരാതെ, വേർതിരിച്ച്. മൂലത്തിൽ 'പ്രവിഭക്തരശ്മിഃ', എന്നതിനെ, ഓരോന്നിൻേറയും കടിഞ്ഞാൺ (വായുരൂപമായ നിയന്ത്രണം) വേർതിരിച്ച് എന്നു രാഘവഭട്ടൻ വ്യാഖ്യാനിയ്ക്കുന്നു. പരിവഹക്കാററ്: ഈ വായുസ്കന്ധം ഏഴാമത്തേതെന്നും, ആറാമത്തേതെന്നും, അതു തേജോഗോളങ്ങളായി സപ്തർഷികളെ മാത്രമേ സഞ്ചരിപ്പിയ്ക്കുന്നുള്ളു എന്നും പക്ഷഭേദങ്ങളുണ്ട്. ദൈതേയോന്മഥന......കൃതം: വാമനാവതാരത്തിൽ മഹാബലിയെ പരാജയപ്പെടുത്തുന്ന അവസരത്തിൽ വിഷ്ണുവിൻെറ രണ്ടാംകാൽവെപ്പുകൊണ്ടു—ആദ്യത്തേതു ഭൂമിയിലായിരുന്നു—പരിശുദ്ധമായത്.

ശ്ലോകം 7. തേർ മേഘങ്ങളിലേയ്ക്കു ഇറങ്ങിയപ്പോൾ അതിന്നിടയിൽപ്പെട്ട വേഴാമ്പലുകൾ—അവ മേഘങ്ങളിന്മേലിരിയ്ക്കുകയായിരുന്നു—അഴിപ്പഴുതുകളിലൂടെ വെളിയ്ക്കു ചാടുന്നതും മിന്നൽപ്രഭ കുതിരകളുടെ മേൽ

Digitized By Kerala Sahitya Akademi

നീരേന്തും മുകിൽമാലതൻ മുകളിലാ-
ണോടുന്നതിത്താങ്കരംതൻ
തേരെന്നുണ്ടറിയിച്ചിടുന്നു, നനവാ-
ന്നുള്ളോരുരുളിക്കറുമേ. 7

മാതലി: ആയുഷ്മാൻ ഇത്തിരിനേരംകൊണ്ടു, താൻ ഭരിക്കു ന്നോടത്തെത്തിച്ചേരും.

രാജാ: (കീഴ്പോട്ടു നോക്കിയിട്ട്) വേഗത്തിലുള്ള ഇറക്കം മൂലം മനുഷ്യലോകത്തിന്റെ കാഴ്ച ആശ്ചര്യകരമായിരിക്കുന്നു:—

പാരിപ്പൊന്തുന്ന ശൈലാവതിയുടെ മുടിമേൽ-
നിന്നിറങ്ങുന്നുവെന്നോ;
പാരാതേ നീക്കിടുന്നു വിടപികരം തടിമേൽ-
നിന്നിലപ്പാഴ്പുതപ്പും;
തീരേ സ്വല്പങ്ങളായ് മേവിന പുഴകരം ജലം
പൂണ്ടൊലിപ്പു വെളിപ്പെ-
ട്ടാ;-രോ പൊങ്ങിച്ചെട്ടത്തെന്നുടെയരികിലണ-
ക്കുന്നിതോ മന്നിടത്തെ! 8

മാതലി: നല്ല കാഴ്ച! (ബഹുമാനത്തോടെ നോക്കിയിട്ട്), അഹോ, പരന്ന് അഴകൊത്ത ഭൂലോകം!

വ്യാപിക്കുന്നതും തേർച്ചക്രച്ചുററ് നനഞ്ഞുകാണുന്നതും കണ്ടു മനസ്സിലാക്കി. ഏറക്കാൽ (ഏക്കാൽ) എന്നതിന്ന് ഓരോപ്രദേശങ്ങളിൽ 'ആറക്കാൽ' എന്നും 'ആരക്കാൽ' എന്നും പറയുംപോൽ.

താൻ ഭരിക്കുന്നേടത്ത്: ഭൂമിയിൽ.

ശ്ലോകം 8. പാരി......വെന്നോ: ദൂരെനിന്നു നോക്കുമ്പോൾ സമനിരപ്പായിക്കാണുന്ന ഭൂഗോളത്തിൽ, അടുക്കുംതോറും, മഹത്തരങ്ങളായ പർവ്വതങ്ങൾ വേർതിരിഞ്ഞു പൊന്തിവരുന്നതായും, സമതലം അവയുടെ കൊടുമുടികളിൽനിന്ന് ഇറങ്ങുന്നതായും—രണ്ടും ഒരേ കാഴ്ചതന്നെ—തോന്നുന്നു. പാരാതേ...പുതപ്പും: ഒരിലപ്പടർപ്പുമാത്രമായി—ഇലകളെക്കൊണ്ടു മൂടിപ്പുതച്ചപോലെ—കാണപ്പെട്ടിരുന്ന വൃക്ഷങ്ങളുടെ തടി കൊമ്പു മുതലായവ വേർതിരിഞ്ഞു കാണുമാറാകുന്നു. ഉത്തരാർദ്ധത്തിലെ കാഴ്ചകളും ഇതുപോലെതന്നെ.



Digitized By Kerala Sahitya Akademi

രാജാ: മാതലി, ഏതാണ്, കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളിലെല്ലാമിറങ്ങി, തഴതിന്നൊത്ത അന്തിക്കാറുപോലെ തംകച്ചാറൊഴുക്കുന്നതായി കാണപ്പെടുന്ന ഈ പർവതം?

മാതലി: ആയുഷ്മൻ, ഇതു തപസ്വികൾക്ക് ഉററ സിദ്ധിക്ഷേത്രമായ ഹേമകൂടമെന്ന കിംപുരുഷപർവ്വതമാണ്.

സ്വായംഭുവമരീചിയിങ്ക
പിറന്നോനാം പ്രജാപതി
ദേവാസുരപിതാവിങ്ങു
ചെയ്‌വൂ പത്നിയുമായ്ത്തപം. 9

രാജാ: എങ്കിൽ, ശ്രേയസ്സുകളെ തള്ളിക്കളഞ്ഞുകൂടല്ലോ. എനിക്കു ഭഗവാനെ വലത്തുവെച്ചിട്ടുവേണം പോകാനെന്നുണ്ട്.

മാതലി: വളരെ നല്ലത്.

(രണ്ടുപേരും ഇറങ്ങുന്നതായി നടിക്കുന്നു)

രാജാ:—(ആശ്ചര്യത്തോടുകൂടി)

പെട്ടീലുരുൾച്ചുററിന്റെ ചെററുമാരവം;
കാണുന്നതില്ലാ പൊടി പൊങ്ങിടുന്നതും:
ബോധപ്പെടുന്നീല നിലം തൊടായ്കയാൽ,
നീ നിർത്തിടും തേരിതിറങ്ങിയെങ്കിലും! 10

തഴതിന്നൊത്ത: നീണ്ടുകിടക്കുന്ന. തംകച്ചാറ്: സ്വർണ്ണമയമായ ധാതുരസമെന്നഭിപ്രായം; സ്വർണ്ണപ്രഭ എന്നു വിചാരിക്കുന്നതാണുചിതം.

സിദ്ധിക്ഷേത്രം: തപസ്സിദ്ധി വിളയുന്ന വയൽ. കിംപുരുഷപർവ്വതം: മേരുവിൽ-സ്വർഗ്ഗസ്ഥാനത്തിൽ-നിന്നു തെക്കുവശത്തുള്ള ഹരിവർഷം, കിംപുരുഷവർഷം, ഭാരതവർഷം എന്നീ മൂന്ന് ഭൂഖണ്ഡങ്ങളിൽ രണ്ടാമത്തേതിന്റെ അതിർത്തി പർവ്വതം.

ശ്ലോകം 9. സ്വായംഭുവമരീചി: സ്വായംഭുവിന്റെ (ബ്രഹ്മാവിന്റെ) പുത്രനായ മരീചി. ദേവാസുരപിതാവ്: ഈ കാശ്യപപ്രജാപതിക്ക് അദിതി ദിതി എന്ന രണ്ടു പത്നിമാരിലുണ്ടായ മക്കളാണ്, ആദിത്യരും (ദേവന്മാരും) ദൈത്യരും.

ശ്ലോകം 10. ആരവം: നിലത്തു മുട്ടുംപോഴത്തെ ഒച്ച.

Digitized By Kerala Sahitya Akademi

മാതലി:— ഇത്രയ്ക്കേ ഉള്ളൂ, ഇന്ദ്രനും ആയുഷ്മാനും തമ്മിൽ വ്യത്യാസം.

രാജാ:—മാതലി, എവിടെയാണ് കശ്യപാശ്രമം?

മാതലി (ചൂണ്ടിക്കാണിച്ച്)

പുററിൽപ്പുകിയ പാതിമെയ്യൊട,രവ-
  ത്തോൽ ചേർന്ന മാർത്തട്ടൊടും,
ചുററിച്ചീർത്ത കിഴട്ടുവള്ളികൾ തുലോം
  നോവിച്ച കണ്ഠത്തൊടും,
മുററിപ്പക്ഷികൾ കൂടുവെച്ച ചുമലിൽ-
  ത്തിങ്ങും ചിടച്ചാർത്തൊടും,
കുററിപ്പോലിളകാതതാ, മുനിയൊരാൾ
  മേവുന്നിതഭ്യർക്കനായ്. 11

നമസ്കാരം, ഈ കഠിനതപസ്സിന്ന്!

മാതലി:—(കടിഞ്ഞാൺ അടക്കിപ്പിടിച്ച്) ഇതാ, നമ്മൾ അദിതിദേവിയാൽ വളർത്തപ്പെട്ട മന്ദാരവൃക്ഷങ്ങളോടുകൂടിയ പ്രജാപത്യാശ്രമത്തിൽ എത്തിക്കഴിഞ്ഞു.

ഇത്രയ്ക്കു ഉള്ളൂ ഇത്യാദി: ഇന്ദ്രൻെറ തേർ നിലം തൊടുകയില്ല; ഭവാൻെറതു തൊടും. പരാക്രമാദികളിൽ നിങ്ങൾ രണ്ടുപേരും തുല്യന്മാർതന്നെ!

ശ്ലോകം 11. പുററിൽപ്പുകിയ പാതിമെയ്യ്: ഏറിയ കാലമായി ഇളകാതെനിന്നു തപസ്സുചെയ്കു, ചുററും പുററു വന്നുകൂടിക്കൂടി ഉടൽ പകുതിയോളം മൂടിയിരിക്കുന്നു. അരവത്തോൽ; സർപ്പങ്ങൾ മേലെല്ലാം ഇഴഞ്ഞുനടക്കുന്നതിന്നിടയിൽ ഊരിയിട്ട വള. ചുററിച്ചീർത്ത......കണ്ഠം: വള്ളികൾ ഉടലിൽ പടർന്നു ചുററി, അവിടെക്കിടന്ന് കാലത്താൽ വണ്ണം വെക്കുകയാൽ കഴുത്തു കൂടുതൽ ഞെരുങ്ങുന്നു. കിഴട്ടുവള്ളി = മൂത്തുമുരടിച്ച വള്ളി. മുററി = തഴച്ച്. അഭ്യർക്കനായ് = സൂര്യനെ നോക്കിക്കൊണ്ട്. സമാധിയിലുള്ള സർവ്വാംഗനിശ്ചലത, സ്പർശാദിബാഹ്യേന്ദ്രിയങ്ങളിൽനിന്നു മനസ്സിൻെറ നിവൃത്തി, പ്രാണായാമത്താൽ ശ്വാസവായുനിയന്ത്രണം എന്നിവ സൂചിപ്പിക്കുന്നു; അതോ, സുചിരന്തനമാണതാനും എന്നർത്ഥം. അതാ, ഒരു മുനി നില്ക്കുന്നു, അവിടെയാണ് കശ്യപാശ്രമം എന്നു വാക്യപര്യവസാനം.

ഒരമൃതക്കയത്തിൽ ഇത്യാദി: പുത്രകളത്രസാന്നിദ്ധ്യമുള്ളതുകൊണ്ടുകൂടിയാവാം.

Digitized By Kerala Sahitya Akademi

രാജാ:— സ്വർഗ്ഗത്തെപ്പോലും അതിശയിക്കുന്ന നിർവൃതിസ്ഥാനം. ഒരമൃതക്കയത്തിൽ മുഴുകിയതായിത്തോന്നുന്നു. എവിടെയാണിത്?

മാതലി:—(തേർ നിർത്തിയിട്ട്) ഇറങ്ങാം.

രാജാ:—(ഇറങ്ങിയിട്ട്) ഭവാനോ?

മാതലി:—തേർ ഉറപ്പിച്ചുനിർത്തിയിരിക്കുന്നു. ഞാനും ഇറങ്ങാം (ഇറങ്ങിയിട്ട്) ആയുഷ്മാൻ ഇതിലേ.

(ഇരുവരും ചുററിനടക്കുന്നു.)

മാതലി: ആയുഷ്മാൻ, മഹർഷിമാരുടെ തപോവനപ്രദേശങ്ങളും കണ്ടാലും-

രാജാ: ഞാൻ ആശ്ചര്യത്തോടെ നോക്കിക്കാണുന്നുണ്ട്,

പ്രാണത്രാണം സകല്പദ്രുമവിപിനതലേ
കാററശിച്ചാണു; പുണ്യ-
സ്നാനാർത്ഥം, പൊന്നുതണ്ടാരുകളുടെ പൊടിയാ-
ലൊട്ടു മഞ്ഞച്ച വെള്ളം;
ധ്യാനത്തിന്നാം മണിപ്പാറകളു;-മരവധൂ-
സന്നിധൌ ബ്രഹ്മചര്യം;
താനേ ചെയ്‌വൂ തപസ്സിജ്ജന,മിതരർ തപം-
കൊണ്ടു തേടുന്നിടത്തിൽ! 12

ശ്ലോകം 12. ഭൌമവസ്തുക്കളെയല്ല, ദിവ്യവസ്തുക്കളെ പരിഹരിച്ചുകൊണ്ടാണ് ഇവർ തപസ്സുചെയ്യുന്നതെന്നു കണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു എന്ന്:—പ്രാണത്രാണം = ജീവനെ നിലനിർത്താൻ. സകല്പദ്രുമവിപിനതലേ: ചോദിച്ചതെന്തും—സ്വാദുഭക്ഷ്യങ്ങളും മററും—നല്കുന്ന കല്പവൃക്ഷങ്ങൾ നിറഞ്ഞ കാട്ടിൽ. കാററശിച്ച്: ശ്വാസോച്ഛ്വാസംമാത്രം കഴിച്ച്. പുണ്യസ്നാനാർത്ഥം: അല്ലാതെ ജലക്രീഡാദികൾക്കല്ലാ! ധ്യാനത്തിന്നാം: അല്ലാതെ, പ്രിയജനമൊത്തിരുന്നു വിനോദിപ്പാനല്ലാ! മണിപ്പാറകൾ = വിവിധ രത്നമയങ്ങളായ പാറപ്പുറങ്ങൾ. അമരവധൂസന്നിധൌ: ദിവ്യകളായ സുന്ദരികളുടെ അരികത്തിരുന്നുതന്നെ! ഇതരർ: ഭൂമിയിലെ മുനിമാർ; അവർ തപസ്സുചെയ്യുന്നതു കല്പവൃക്ഷാദി സുഖസാമഗ്രികളുള്ള ദിവ്യപ്രദേശങ്ങളിൽ എത്തിക്കിട്ടാനാണല്ലോ.

Digitized By Kerala Sahitya Akademi

മാതലി: മേല്പോട്ട കേറിക്കൊണ്ടിരിയ്ക്കുമല്ലോ മഹാന്മാരുടെ മനോരഥം. (പുററിനടന്ന് ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്) ശാകല്യനമ്മാമ, കശ്യപൻതിരുവടി എന്തുചെയ്യുന്നു? 'മഹർഷിപത്നിമാരോടുകൂടിയ ദാക്ഷായണി ചോദിച്ചതിനാൽ, അവരോട പതിവ്രതാധമ്മത്തെപ്പററി സംസാരിയ്ക്കുകയാണ്,' എന്നോ!

രാജാ: (കേട്ടിട്ട്) എന്നാൽ, അവസരം കാത്തു നില്ക്കുകതന്നെ വേണം.

മാതലി: (രാജാവിനെ നോക്കിയിട്ട്) ആയുഷ്മാൻ ഈ അശോകവൃക്ഷത്തിന്റെ ചുവട്ടിൽ നില്ക്കുക; ഞാൻ അങ്ങയുടെ ആഗമനം ഇന്ദ്രപിതാവിനെ അറിയിപ്പാൻ അവസരം നോക്കട്ടെ.

രാജാ: ഭവാന്റെ അഭിപ്രായംപോലെ. (നില്ക്കുന്നു. മാതലി പോയി.)

രാജാ: (നിമിത്തോദയം നടിച്ച്)

ഇല്ലാശ മേ വാഞ്ഛിതസിദ്ധിയിങ്ക-
ലെന്തിന്നു കയ്യേ, വിറകൊൾവു പാഴിൽ?
തള്ളിക്കളഞ്ഞീടിന നന്മ പിന്നെ-
ത്തിരിച്ചുവന്നെത്തുകെളുപ്പമാണോ? 13

(അണിയറയിൽ)

വാശ്ശല്യം കാട്ടരുതെന്നു പറഞ്ഞില്ലേ? സ്വന്തം സ്വഭാവത്തിലേയ്ക്കു തന്നെ ചാടിക്കളഞ്ഞുവോ?

രാജാ: (കേട്ടിട്ട്) ഇവിടെ നെറികേട വരികയില്ലല്ലോ. പിന്നെ ആരെയായിരിയ്ക്കാം ഇങ്ങിനെ വിലക്കുന്നത്? (ശബ്ദം

നിമിത്തോദയം: വലംകൈ തുടിയ്ക്കുക. ഒന്നാമങ്കത്തിൽ ഉണ്ടായ യോഗിക.

ശ്ലോകം 13. വാഞ്ഛിതസിദ്ധി = ഇഷ്ടലാഭം, ശകുന്തളാപുനർലാഭം. തള്ളിക്കളഞ്ഞ = അവമാനിച്ചുപേക്ഷിച്ച.

കരുത്തു മുതിന്ന: ശരീരത്തിന്നു വളച്ച്യെത്തുന്നതിനുമുമ്പുതന്നെ! 'ആൺകുട്ടി വലിച്ചിടുന്നു' എന്നു ശ്ലോകത്തോടന്വയം.

Digitized By Kerala Sahitya Akademi

കേട്ടേടത്തേയ്ക്കു നോക്കിയിട്ട് ആശ്ചര്യത്തോടെ) ഹാ, എ്വ തായിരിയ്ക്കാം രണ്ടു താപസിമാരാൽ അനുഗമിയ്ക്കപ്പെടുന്ന ഈ കരുത്തുമുതിന്ന ആൺകുട്ടി,

ചെന്നേററു, തള്ളതന്മുല
ചെററു കടിച്ചോരു കൊച്ചു കേസരിയെ,
സടകാം തരംകെട്ടമാററായ്—
പ്പിടികൂടി വലിച്ചിടുന്നു കളിയാടാൻ! 14

(അനന്തരം പറഞ്ഞതിൻവണ്ണം ഒരു ബാലനും രണ്ടു താപസിമാരും പ്രവേശിയ്ക്കുന്നു.)

ബാലൻ:—വാ പൊളിയ്ക്കു സിംഹക്കുട്ടി, വാ പൊളിയ്ക്കു; ഞാൻ നിന്റെ പല്ലെണ്ണിനോക്കട്ടെ.

ഒന്നാം താപസി:—പോക്കിരി, നീയെന്തിനാണ് ഞങ്ങളുടെ മക്കളെപ്പോലുള്ള ജന്തുക്കളെ ഉപദ്രവിയ്ക്കുന്നത്. കുറെ ഏറു ന്നു, നിന്റെ വികൃതിത്തം. നിനക്ക് ഋഷിമാർ സർവ ദമനൻ എന്നു പേരിട്ടത് ഉചിതമായിരിയ്ക്കുന്നു.

രാജാ:—എന്തുകൊണ്ടായിരിയ്ക്കാം എനിയ്ക്കീ ബാലങ്കൽ സ്വ ന്തം പുത്രങ്കലെന്നപോലെ സ്നേഹം തോന്നുന്നത്? മക്ക ളില്ലായ്മയായിരിയ്ക്കാം ഈ വാത്സല്യത്തിന്നു കാരണം.

രണ്ടാംതാപസി:—സർവദമന, ഈ സിംഹപ്പേട നിന്റെ മേ ല്ക്കിട്ടു ചാടുമേ, അവളുടെ മകനെ നീ വിടാതിരുന്നാൽ!

ബാലൻ:—(പുഞ്ചിരിക്കൊണ്ട്) അയ്യോ, എനിയ്ക്കു വലിയ പേടിയാ (കീഴ്ച്ചുണ്ട് നീട്ടിക്കാണിയ്ക്കുന്നു)

രാജാ:—

കരുതുന്നേൻ ഞാൻ വലുതാ—
മൊരു തേജസ്സിന്റെ ബീജമിബ്ബാലൻ:

ശ്ലോകം 14. കൊച്ചുകേസരി = സിംഹക്കുട്ടി. സടകൾ = സിംഹത്തിന്റെ കഴുത്തിലും ശിരസ്സിലും വളരുന്ന രോമങ്ങൾ.

സർവ്വദമനൻ = എല്ലാററിനെയും അടിക്കിനിർത്തുന്നവൻ.

സ്വന്തം പുത്രങ്കലെന്നപോലെ: 'പുത്രനെന്നതു താൻതന്നെയാക' (ശ്രുതി)യാൽ, അറിയാതെയും വാത്സല്യം തോന്നുന്നു.

Digitized By Kerala Sahitya Akademi

വിറകിട്ടാൽക്കത്താനായ്—
പ്പൊരിയായമരുന്ന പാവകൻപോലെ. 15

ഒന്നാമത്തവൾ: കുഞ്ഞേ, ഈ സിംഹക്കുട്ടിയെ വിട്ടേയ്ക്കു; നിനക്കു ഞാൻ മറ്റൊരു കളിപ്പാട്ടം തരാം.

ബാലൻ: എവിടെ? തരൂ! (കൈ നീട്ടിക്കാട്ടുന്നു)

രാജാ: (കണ്ടിട്ട് അത്ഭുതത്തോടെ) ചക്രവർത്തിലക്ഷണവും ഇവനിൽ കാണുന്നുണ്ടല്ലോ. എന്തെന്നാൽ, ഇവന്റെ

വിരല്യകളിടചേർന്നതായ്, കൊതിക്കോ-
പ്പിന്നു കുതുകേന മലർത്തിയോരിളംകൈ,
നിബിഡദളമൊരംബുജം നിറച്ചെം-
പുലരിയുദിപ്പിൽ വിരിഞ്ഞപോലിരിപ്പൂ. 16

രണ്ടാമത്തെയാൾ: സുവ്രതേ, പറഞ്ഞതുകൊണ്ടുമാത്രം മടങ്ങുന്നവനല്ല ഇവൻ. ചെല്ലൂ, എന്റെ പർണ്ണശാലയിലിരിപ്പുണ്ട്, മാർക്കണ്ഡേയക്കുഞ്ഞിന്റെ ചായമിട്ട മൺമയിൽ, അതു കൊണ്ടുവന്ന് ഇവന്നു കൊടുക്കൂ.

ഒന്നാമത്തവൾ: അങ്ങിനെതന്നെ. (പോയി)

ബാലൻ: അതുവരെ ഇവനെക്കൊണ്ടുതന്നെ കളിക്കും ഞാൻ. (താപസിയെ നോക്കിച്ചിരിക്കുന്നു)

എന്തിനു വലിയ പേടിയാ: ഒരിത്തിരി പേടിയില്ലാ അവന്!

ശ്ലോകം 15. വല്യതായൊരു തേജസ്സിന്റെ: മേലിൽ മഹാതേജസ്വിയായ ഒരു മഹാപുരുഷനാകാനിരിക്കുന്ന. വിറകിട്ടാൽ = വിറക് ഇട്ടുകൊടുത്താൽ. പൊരിയായമരുന്ന പാവകൻ = തീപ്പൊരി.

ചക്രവർത്തിലക്ഷണവും: മഹാതേജസ്വിലക്ഷണം മാത്രമല്ല.

ശ്ലോകം 16. നിബിഡദളം = ഇതളുകളിടതിങ്ങിയ നിറച്ചെംപുലരിയുദിപ്പിൽ = ചുകപ്പുനിറംതേടിയ ഉഷസ്സിന്റെ ആരംഭത്തിൽ. ഉഷപ്രഭ താമരയിൽപ്പതിന്നു അതിനെ, കുട്ടിയുടെ തുടുത്ത കൈപോലെയാക്കുന്നു; ഉഷസ്സിന്റെ ഉദയത്തിലാകയാൽ, മലക്കെ വിരിയാതെ ഇതളുകൾ ഇടതൂർന്നിരിക്കുന്നതുകൊണ്ടു വിരലിടതൂർമ്മയോടും സാദൃശ്യമുണ്ടാകുന്നു.

'അതിരക്തഃ കരോ യസ്യ ഗ്രഥിതാംഗുലികോ മൃദുഃ
ചാപാംകുശാംകിതഃ സോപി ചക്രവർത്തി ഭവേദ് ധ്രുവം.'

എന്നു സാമുദ്രികശാസ്ത്രം.

Digitized By Kerala Sahitya Akademi

രാജാ: ഈ കുറുമ്പനിൽ എനിയ്ക്കു കൊതി തോന്നുന്നു. (നെടു വീർപ്പിട്ടു്)

പൽമൊട്ടിനം വിലസുമാറു വൃഥാ ചിരിച്ചു,–
മവ്യക്തമായ് മധുരമായ്ച്ചിലതുച്ചരിച്ചും,
അംകത്തിൽ വാഴ്‌വതിനണഞ്ഞ കിടാങ്ങളെപ്പു–
ണ്ട,പ്പിഞ്ചുടൽപ്പൊടി പുരണ്ടിരുളുന്ന ധന്യർ! 17

രണ്ടാമത്തവരം: ഇവനെന്നെ വകവെയ്ക്കുന്നില്ലല്ലോ! (ഒരു വശത്തേയ്ക്കു നോക്കിക്കൊണ്ടു്) ഇവിടെ ഋഷികുമാരന്മാരിലാരുള്ളൂ? (രാജാവിനെ കണ്ടിട്ടു്) ഭദ്രമുഖ, ഒന്നു വരൂ. ഇവൻ കുട്ടിക്കളിയ്ക്കായി, വിടുവിയ്ക്കാൻ വയ്യാത്തവണ്ണം പിടികൂടി ഉപദ്രവിയ്ക്കുന്ന ഈ സിംഹക്കുട്ടിയെ വിടുവിച്ചുതരൂ.

രാജാ:—(അടുത്തുചെന്നു പുഞ്ചിരിയോടെ) ഇതാ, ഹേ മഹർഷിപുത്രാ,

ധർമ്മാടവീവാസവിരുദ്ധചേഷ്ടയാൽ-
സ്സത്ത്വേഷ്ടമാകും കുലസംയമത്തെ നീ,
കുട്ടിക്കരിംപാമ്പൊരു ചന്ദനദ്രുവെ-
പ്പോലേ ദൂഷിപ്പിയ്ക്കുവതെന്തിനിങ്ങിനെ? 18

ശ്ലോകം 17. കുട്ടികളുടെ ആ കൊഞ്ചലും, ആ ചിരിയും ആ മുളച്ചുവരുന്ന പല്ലുകളും കണ്ടു, തന്റെ അനപത്യതയോർത്തു തുലോം പശ്ചാത്തപിയ്ക്കുന്നു; ആറാമങ്കത്തിൽ രസാന്തര വിച്ഛിന്നമായ കരുണം അനുബന്ധിയ്ക്കുന്നു:—പൽമൊട്ടിനം: മുളച്ചുവരുന്ന പല്ലുകളുടെ നിര. വൃഥാ: അകാരണമായി. അവ്യക്തമായ്: അക്ഷരവ്യക്തിയില്ലാതെ; അതുകൊണ്ടുതന്നെ മധുരമായ്: കർണ്ണാമൃതമായി. പൂണ്ട് = ആലിംഗനം ചെയ്തു്. അപ്പിഞ്ചുടൽപ്പൊടി: ഓടിച്ചാടി നടന്നതിനാൽ അവരുടെ ദേഹത്തിൽ പററിപ്പിടിച്ച പൊടി. ഇരുളുന്ന = മലിനരാകുന്നു; പക്ഷേ, എന്തൊരു പരിശുദ്ധമായ മാലിന്യം! സംസാരത്തിലെ ഈ തമോമയത്വം, എത്രമേൽ സാത്ത്വികാനന്ദധന്യം!

ഭദ്രമുഖ = സുമുഖ; ആളെയും പേരുമറിയില്ലെങ്കിൽ വിളിയ്ക്കേണ്ടുന്ന സംബുദ്ധിപദം.

ശ്ലോകം 18 ധർമ്മാടവീവാസവിരുദ്ധചേഷ്ട: ആശ്രമവാസത്തിന്നു തീരെ എതിരായ പ്രവൃത്തി; പ്രാണിദ്രോഹം. സത്ത്വേഷ്ടം = സത്ത്വങ്ങൾക്കു (പ്രാണികൾക്കു) സുഖപ്രദമായ; ചന്ദനവും പ്രാണികൾക്കു സുഖാവ

Digitized By Kerala Sahitya Akademi

രണ്ടാമത്തവൾ:—ഭദ്രമുഖ, ഇവൻ ഋഷികുമാരനല്ല.

രാജാ:—ആകൃതിയ്ക്കൊത്ത ചേഷ്ടകൊണ്ടുതന്നെ ഇതറിയാം; സ്ഥലവൈശിഷ്ട്യത്താൽ അങ്ങിനെ വിചാരിച്ചുപോയി എന്നേ ഉള്ളു. (സിംഹക്കുട്ടിയെ വിട്ടുവിയ്ക്കുമ്പോൾ ബാലൻെറ സ്പർശം അനുഭവിച്ചിട്ട് ആത്മഗതം)

ഉണ്ടെ,ന്നുടൽക്കാരുടെയോ കുലക്കുഡ-
മ്പിതൊന്നു തൊട്ടപ്പൊഴതിത്ര സൌഖ്യം;
ഇതാരിൽനിന്നാണു കിളിർത്തുവന്ന-
ത,പ്പുണ്യവാനെത്ര സുഖം വരുത്തും! 19

രണ്ടാമത്തവൾ:—(രണ്ടുപേരെയും നോക്കിയിട്ട്) ആശ്ചര്യം! ആശ്ചര്യം!

രാജാ:—എന്തിനാണ്?

രണ്ടാമത്തവൾ:—ഇവൻെറയും ഭവാൻെറയും ആകൃതി ഒന്നുപോലിരിയ്ക്കുന്നതിൽ എനിയ്ക്കത്ഭുതം തോന്നുന്നു; ഭവാൻ പരിചിതനല്ലെങ്കിലും, ഇവൻ ഇണങ്ങിനില്ക്കുന്നുണ്ടുതാനും.

രാജാ:—(കുട്ടിയെ ലാളിച്ചുകൊണ്ട്) ആര്യേ, ഇവൻ മുനികുമാരനല്ലെങ്കിൽ പിന്നെ ഏതാണ് ഇവൻെറ വംശം?

രണ്ടാമത്തവൾ:—പൂരുവംശം.

രാജാ:—(ആത്മഗതം) എൻെറ വംശം തന്നെയോ! അതുകൊ

ഹതാണല്ലോ. അഥവാ, കുലസംയമവിശേഷണമാകുമ്പോൾ, സത്ത്വ[...]ണത്താൽ പ്രിയങ്കരം എന്നർത്ഥം. കുലസംയമം: ഋഷിവംശസാധാരണമായ ഇന്ദ്രിയനിഗ്രഹം. ചന്ദനമരങ്ങളിന്മേൽ പാമ്പുകൾ വന്നുകൂടും.

ആകൃതിയ്ക്കൊത്ത ചേഷ്ടകൊണ്ട്: ആകൃതികൊണ്ടും ചേഷ്ടകൊണ്ടും.

ശ്ലോകം 19. ആരുടെയോ കുലക്കുഡമ്പിത്: ആരുടെയോ—താനായിട്ട് ഒരു ബന്ധവുമില്ലാത്ത ഏതോ ഒരാളുടെ—വംശസന്തതിയായ ഈ കുട്ടിയെ. കിളിർത്തുവന്നത് = ഉണ്ടായിവന്നത്.



Digitized By Kerala Sahitya Akademi

ണ്ടായിരിക്കും, എൻെറ ഛായയുണ്ടെന്നു് ഈ മാന്യസ്ത്രീക്കു തോന്നുന്നതു്. ഇങ്ങിനെയാണല്ലോ, പൂരുവംശക്കാരുടെ ഒടുവിലത്തെ വ്രതം.

മുല്ലാട്ട വെൺകളിയണിഞ്ഞ നികേതനത്തിൽ-
ക്കല്ലിച്ചു വാഴമവനീഭരണത്തിനായി;
പില്ലാടവർക്കു നലമൊത്തൊരു സാധ്വീമാത്ര-
മുൾപ്പെട്ടതാം പുര മരച്ചുവടായിരിക്കും. 20

(പ്രകാശം) മനുഷ്യർക്കു സ്വയം വന്നുചേരാവുന്നതല്ലല്ലോ, ഈ പ്രദേശം?

രണ്ടാമത്തവൾ: ഭദ്രമുഖൻ പറഞ്ഞതു ശരിതന്നെ. അപ്സരസ്സംബന്ധംമൂലം ഈ കുട്ടിയുടെ അമ്മ ദേവജനകൻെറ ഈ തപോവനത്തിലാണു് ഇവനെ പ്രസവിച്ചതു്.

രാജാ: (ആത്മഗതം) ഹാ, ഇതു രണ്ടാമതും ആശയ്ക്കു വഴിവെക്കുന്നു. (പ്രകാശം) ആ മാന്യസ്ത്രീയുടെ ഭർത്താവായ രാജർഷിയുടെ പേരെന്താണു്?

രണ്ടാമത്തവൾ: ആരുച്ചരിക്കും, ആ ധർമ്മദാരപരിത്യാഗിയുടെ പേരു്?

ശ്ലോകം 20. മുല്ലാട്: യൗവനത്തിൽ. വെൺകളിയണിഞ്ഞ സർവൈശദ്യസമൃദ്ധിയെ സൂചിപ്പിക്കുന്നു. പില്ലാട്: വാർദ്ധക്യത്തിൽ. നലം = നന്മ; ധർമ്മാനുഷ്ഠാനശ്രദ്ധ. ഒരു സാധ്വീമാത്രമുൾപ്പെട്ടതാം: മററു പരിജനങ്ങളാരുമില്ലാതെ. പുര മരച്ചുവടായിരിക്കും: വാനപ്രസ്ഥാശ്രമം കൈക്കൊള്ളും. വാനപ്രസ്ഥനു ബ്രഹ്മചര്യം നിർബന്ധമില്ലായ്കയാൽ, ആ വഴിക്കുണ്ടായ കുട്ടിയായിരിക്കും ഇതു്. പക്ഷേ, ഇതിൽ മറെറാരു സംശയം; അതു ചോദിക്കുന്നു:—മനുഷ്യർക്കു് ഇത്യാദി.

രണ്ടാമതും: വലംകൈ തുടിക്കലിനുശേഷം, പുരുവംശ്യനാണെന്നു കേട്ടതാണു് ആദ്യത്തേതെന്നു അഭിരാമൻ.

ധർമ്മദാരപരിത്യാഗി: ധർമ്മാനുസൃതം വേട്ട പത്നിയെ തള്ളിക്കളഞ്ഞവൻ.

‘സ ഉന്ദലാവണ്ണം’ എന്നു കേൾക്കുമ്പോൾ, ശകുന്ത–ലാവണ്യം (പ

Digitized By Kerala Sahitya Akademi

രാജാ: (ആത്മഗതം) ഇപ്പറയുന്നത് എന്നെത്തന്നെ ഉദ്ദേശിച്ചാണല്ലോ! ഈ കുട്ടിയുടെ അമ്മയുടെ പേരുതന്നെ ചോദിച്ചാലോ? അഥവാ, പരസ്ത്രീയെപ്പററി സംസാരിക്കുന്നതു യുക്തമല്ലല്ലോ.

ഒന്നാമത്തവൾ: (മണ്ണിലുണ്ടാക്കിയ മയിലിനെയും കൊണ്ടു പ്രവേശിച്ച്) സർവ്വദമന, നോക്കു, ശകുന്തലാവണ്യം!

ബാലൻ: (ദൃഷ്ടിക്ഷേപത്തോടേ) എവിടെ എന്റെ അമ്മ?

രണ്ടുപേരും: (ചിരിച്ച്) ഈ അമ്മക്കൊതിയൻ പേരിന്റെ സാദൃശ്യത്താൽ കൊതിച്ചുപോയി!

ഒന്നാമത്തവൾ: കുഞ്ഞേ, ഈ മൺമയിലിന്റെ ചന്തം നോക്കുക എന്നാണ് ഞാൻ പറഞ്ഞത്.

രാജാ: (ആത്മഗതം) ശകുന്തള എന്നായിരിക്കുമോ ഇവന്റെ അമ്മയുടെ പേർ? ഒരേപേർ പലക്കും ഉണ്ടാകാമല്ലോ. ഈ വെറും പേർ പറയൽ, മൃഗതൃഷ്ണികപോലെ എന്നെ വിഷാദിപ്പിക്കുകതന്നെ ചെയ്യുമോ ആവോ!

ബാലൻ:—അമ്മേ, കൊള്ളാം ഈ മണ്മയിൽ- (കളിപ്പാട്ടം വാങ്ങുന്നു.)

ഒന്നാമത്തവൾ:—(നോക്കിയിട്ട് സംഭ്രമത്തോടെ) അയ്യോ, ഇവന്റെ കൈക്കഴമേൽ രക്ഷക്കൂട്ടു കാണുന്നില്ലല്ലോ!

രാജാ:—പരിഭ്രമിക്കേണ്ട, പരിഭ്രമിക്കേണ്ട. ഇതാ, സിംഹക്കുട്ടിയെ പിടിച്ചുവലിക്കുംപോഴ് ഊൗന്നു വീണിരിയ്ക്കുന്നു.

(എടുക്കാൻ തുടങ്ങുന്നു)

രണ്ടുപേരും:—അരുതേ, അതെടുക്കരുതേ! അല്ലാ, ഇദ്ദേഹം എടുത്തുകളഞ്ഞു! (വിസ്മയത്താൽ മാറത്തു കൈവെച്ചു തങ്ങളിൽ നോക്കുന്നു.)

ക്ഷിയുടെ ചന്തം) എന്നും, ശകുന്തളാ-വണ്ണം = (ശകുന്തളയുടെ നിറം) എന്നും തോന്നാം.

'എന്തു ചന്തമുള്ള പക്ഷി!' എന്നർത്ഥത്തിൽ താപസി പറഞ്ഞതിനു, കുട്ടി മറിച്ചാണർത്ഥം ധരിച്ചത്. അവൻ ഇത്രയ്ക്ക് അമ്മക്കൊതിയനായതു, അച്ഛന്റെ വാത്സല്യലാളനങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാലായിരിക്കാം.

Digitized By Kerala Sahitya Akademi

രാജാ:—എന്തുകൊണ്ടാണ് എന്നെ വിലക്കിയത്?

ഒന്നാമത്തവൾ:—മഹാരാജാവു കേട്ടാലും:—ഈ അപരാജിത എന്ന ഔഷധി, ഇവന്റെ ജാതകർമ്മം കഴിയ്ക്കുമ്പോൾ ഭഗവാൻ കശ്യപൻ കെട്ടിച്ചതാണ്. ഇതു നിലത്തു വീണാൽ അച്ഛനമ്മമാരും താനുമല്ലാതെ, മററാരും എടുത്തു കൂടാ.

രാജാ;—എടുത്താൽ?

ഒന്നാമത്തവൾ:—പാമ്പായിത്തീൎന്നു കൊത്തിക്കളയും:

രാജാ:—നിങ്ങൾ വല്ലപ്പോഴും ഈ മാററം കാണുകയുണ്ടായിട്ടുണ്ടോ?

രണ്ടുപേരും:—പലപ്പോഴും.

രാജാ: (ഹർഷത്തോടെ ആത്മഗതം) എന്താണ് ഞാൻ മനോരഥം പൂൎണ്ണമായിത്തീൎന്നിട്ടും അഭിനന്ദിയ്ക്കാത്തത്?

(കുട്ടിയെ കെട്ടിപ്പുണരുന്നു)

രണ്ടാമത്തവൾ: സുവ്രതേ, വരിക നാം ഈ വൎത്തമാനം വ്രതാനുഷ്ഠാനങ്ങളിൽ ഏൎപ്പെട്ടിരിയ്ക്കുന്ന ശകുന്തളയെ അറിയിയ്ക്കുക.

(രണ്ടുപേരും പോയി)

ബാലൻ: എന്നെ വിടു. ഞാൻ അമ്മയുടെ അടുക്കലേയ്ക്കു പോകട്ടെ.

രാജാ: മകനേ, നീനക്ക് എന്നോടുകൂടിത്തന്നെ അമ്മയെ സന്തോഷിപ്പിയ്ക്കാം.

ബാലൻ: എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, അങ്ങല്ല.

രാജാ: (പുഞ്ചിരിയോടെ ആത്മഗതം) ഈ എതിർവാക്കുതന്നെ വിശ്വാസം ജനിപ്പിയ്ക്കുന്നു.

വിഷാദിപ്പിയ്ക്കുകതന്നെ ചെയ്യേണ്ടുമോ: തിരിഞ്ഞുമറിഞ്ഞ് ഇപ്പറഞ്ഞവരൊക്കെ വേറെ ചിലരാണെന്നു വന്നേയ്ക്കുമോ!

മഹാരാജാവ്; അവൾക്ക് തീൎച്ചവന്നു, ഇദ്ദേഹം ദുഷ്ഷന്തൻ തന്നെയാണെന്ന്.

അഭിനന്ദിയ്ക്കാത്തത്: ആ അഭിനന്ദിയ്ക്കലാണ് കെട്ടിപ്പുണരൽ.

Digitized By Kerala Sahitya Akademi

(അനന്തരം തലമുടി ഒന്നായി മെടഞ്ഞിട്ടിരിക്കുന്ന ശകുന്തള പ്രവേശിക്കുന്നു.)

ശകുന്തള: സർവദമനന്റെ ഔഷധിക്കു മാററം വരേണ്ടുന്ന സമയത്തും മാററം വന്നില്ലെന്നു കേട്ടിട്ടും എനിക്കു് എന്റെ ഭാഗധേയങ്ങളിൽ ആശ തോന്നുന്നില്ല. അഥവാ, സാനുമതി പറഞ്ഞതിൻവണ്ണം വരാമല്ലോ.

രാജാ: (ശകുന്തളയെ കണ്ടിട്ടു്) ഹാ, ഇതാ, അത്രഭവതി ശകുന്തള,

നോൽമ്പാൽ മുഖം ചുങ്ങി, മുഷിഞ്ഞ വസ്ത്രം
പൂണ്ടൊററയായ്പ്പിന്നിയ കുന്തലോടും,
സ്വഭാവശുദ്ധ്യാ, സുകഠോരനാമെൻ
നെടുംവിയോഗവ്രതമാചരിപ്പോൾ! 21

ശകുന്തള: (പശ്ചാത്താപംകൊണ്ടു വിവർണ്ണനായ രാജാവിനെ കണ്ടിട്ടു്) ആര്യപുത്രനാണെന്നു തോന്നുന്നില്ലല്ലോ. പിന്നെ ആരാണ്, രക്ഷാമംഗളം കെട്ടിയിട്ടിരുന്ന എന്റെ കുട്ടിയെതൊട്ടു് അശുദ്ധിപ്പെടുത്തുന്ന ഈ ആരം?

ബാലൻ: (ശകുന്തളയുടെ അടുക്കൽ ചെന്നിട്ടു്) അമ്മേ, ഇതാ, ഏതോ ഒരാൾ എന്നെ മകനേ എന്നു വിളിച്ചു കെട്ടിപ്പിടിക്കുന്നു.

രാജാ: പ്രിയേ, ഞാൻ നിങ്കൽ പ്രയോഗിച്ച ക്രൂരതയും ഒട്ടു

എന്റെ അച്ഛൻ ദുഷ്ഷന്തനാണ്; അച്ഛനെ കേട്ടിട്ടേ ഉള്ളൂ എങ്കിലും, അതിൽ എന്തൊരതിശയമാണ്!

ഭാഗധേയങ്ങളിൽ: ഭർത്താവിനെ വീണ്ടും കാണുക. അദ്ദേഹം സ്വന്തം പുത്രനായി കൈക്കൊള്ളുക എന്നു തുടങ്ങിയ പല പല ഭാഗ്യങ്ങളിൽ.

ശ്ലോകം 21. നോൽമ്പ് = ഉപവാസം. ഒററയായ്പ്പിന്നിയ കുന്തൽ: വിരഹത്തിൽ പതിവ്രതമാർ തലമുടി ഒന്നായി മെടഞ്ഞിടുകയാണ് പതിവ്. സ്വഭാവശുദ്ധ്യാ = നിഷ്കളങ്കസ്വഭാവംമൂലം. സുകഠോരൻ: ഇതിന്നൊക്കെക്കാരണം തന്റെ മുഴുത്ത കാഠിന്യം മാത്രമാണല്ലോ. നെടുംവിയോഗവ്രതം: എന്നവസാനിക്കും എന്നറിഞ്ഞുകൂടാത്ത വിരഹത്തെ ഒരു വ്രതമാക്കിയിട്ട്.

Digitized By Kerala Sahitya Akademi

വിൽ അനുകൂലമായിത്തീന്നിരിയ്ക്കുന്നു. നീ എന്നെ കണ്ടി ട്ടറിഞ്ഞില്ലല്ലോ.

ശകുന്തള: (ആത്മഗതം) ഹൃദയമേ, ആശ്വസിച്ചുകൊള്ളുക: വിധി വൈരം വെടിഞ്ഞ് എന്നിൽ കനിഞ്ഞിരിയ്ക്കുന്നു: ആര്യപുത്രൻതന്നെയാണിത്.

രാജാ:

സ്മരണാൽ മറവിരുട്ടു നീങ്ങിയ
പൊഴുതെന്നുടെ മുന്നിലെത്തി നീ, ഭാഗ്യം!
സുമുഖി, ഗ്രഹണാന്തത്തിൽ-
സ്സോമനു സിദ്ധിച്ചു രോഹിണീയോഗം! 22

ശകുന്തള:—ആര്യപുത്രൻ ജയിച്ചാലും!

(എന്നു പകുതി പറഞ്ഞു തൊണ്ടയിടറി വിരമിയ്ക്കുന്നു.)

രാജാ:—സുന്ദരി,

ഇവൻ ജയിച്ചേൻ, മിഴിനീരിടച്ച്യാൽ-
ത്തടഞ്ഞുപോയീ ജയശബ്ദമെങ്കിലും:

കണ്ടിട്ടറിഞ്ഞില്ലല്ലോ: കണ്ടാലറിയാൻ വയ്യാതാകുമാറ് ഞാൻ പശ്ചാത്താപംമൂലം ചടച്ചു രൂപാന്തരപ്പെട്ടുവല്ലോ: ഇതു പരമാത്മാവിൽ എനിയ്ക്കു നിന്നിൽ സ്നേഹമുണ്ടെന്നു തെളിയിയ്ക്കുന്നുണ്ടല്ലോ എന്നന്തനയം.

ശബ്ദം കേട്ടു തിരിച്ചറിഞ്ഞു ശകുന്തള വിചാരിയ്ക്കുന്നു:—ഹൃദയമേ ഇത്യാദി.

ശ്ലോകം 22. സ്മരണാൽ......പൊഴുത്: ഓർമ്മവും, അന്നേത്തെ മറവിയാകുന്ന ഇരുട്ടു നീങ്ങിയ ഉടനെ. സുമുഖി: അന്നു പരിത്യജിച്ചതിൽ നീ ദുർമ്മുഖം കാട്ടുന്നില്ലല്ലോ എന്നു സന്തോഷം. സോമൻ = ചന്ദ്രൻ. രോഹിണീയോഗം = രോഹിണിയോടു ചേർച്ച. 27 നക്ഷത്രങ്ങളിൽ രോഹിണിയാണ്, ചന്ദ്രന്ന് ഏററവും അടുത്ത പ്രേയസി. മറവുകൊണ്ടാണ്, മറെറാന്നുകൊണ്ടുമല്ല, അന്നു പരിത്യജിച്ചുപോയത്.

സുന്ദരി: താൽക്കാലികമായ വിവിധവികാരശബളതയാൽ വിശേഷിച്ചും സുന്ദരി!

ശ്ലോകം 23. മിഴിനീരിടച്ച്; കണ്ണുനീർ പുറപ്പെട്ടതുകൊണ്ടുള്ള തൊണ്ടയിടച്ച്. ജയശബ്ദം: 'ആര്യപുത്രൻ ജയിച്ചാലും!' എന്നു നീ പറയാൻ

Digitized By Kerala Sahitya Akademi

കാണായിയല്ലോ മമ മോടികൂട്ടിയി-
ട്ടില്ലാത്ത ചെഞ്ചുണ്ടുകൾ ചേർന്ന നിന്മുഖം! 23

ബാലൻ:—അമ്മേ, ആരാണിത്?

ശകുന്തള:—കുഞ്ഞേ, നിന്റെ ഭാഗ്യങ്ങളോടു ചോദിക്കൂ.

രാജാ:—(ശകുന്തളയുടെ കാല്ക്കൽ വീണിട്ട്)

ചാംചേയാംഗി, വെടിഞ്ഞതിൻ പരിഭവം
നീങ്ങട്ടെ നിന്മാനസാൽ;
ഞാൻ പാരിച്ച വിമോഹമൊന്നിലറിയാ-
താപ്പെട്ടുപോയേൻ തദാ;
മാൺപെത്തുംപൊഴതാചരിപ്പതിതുമ-
ട്ടല്ലോ തമസ്സേറിയോർ:
പാമ്പെന്നോർത്തു കുടഞ്ഞിടുന്നു കുരുടൻ,
പൂമാല ചൂടിക്കിലും! 24

ശകുന്തള:—ആര്യപുത്രൻ എഴുന്നേല്ക്കണേ! എന്റെ സുകൃതനിരോധിയായ പൂർവ്വകർമ്മം അക്കാലത്തു മുത്തു തുടങ്ങിയിരിക്കണം. അത്രയ്ക്കു ദയാശീലനാണെങ്കിലും ആര്യപുത്രൻ ആ നിലയിലായിത്തീർന്നുവല്ലോ.

(രാജാവ് എഴുന്നേല്ക്കുന്നു.)

തുടങ്ങിയത്. മോടികൂട്ടിയിട്ടില്ലാത്ത: താംബൂലാദികൾ ഉപയോഗിച്ചു നിറം പിടിപ്പിക്കാത്ത. 'അപരിക്ഷതമായ് മയംപെടുന്നീത്തവ ചുണ്ടിൻ റദനൻ......' എന്നു പറഞ്ഞ ദുഷ്ഷന്തനല്ലാതായിരിക്കുന്നു അദ്ദേഹം.

ഭാഗ്യങ്ങളോടു ചോദിക്കൂ: നിന്റെ ഭാഗ്യങ്ങളുടെ സമ്മാനമാണെന്നു തോന്നുന്നു; അവയ്ക്കു അറിഞ്ഞുകൂടൂ; എനിക്കു വിശ്വാസം വന്നുകഴിഞ്ഞില്ല.

ശ്ലോകം 24. ചാംചേയാംഗി = ചംപകപ്പൂവിനൊത്ത ഉടലോടുകൂടിയവളേ! മാനസാൽ = മനസ്സിൽനിന്ന്. പാരിച്ച വിമോഹം = കനത്ത അന്ധാളിത്തം. തദാ: അന്നു നീ രാജധാനിയിൽ വന്നപ്പോൾ. മാൺപെത്തുംപൊഴത് = നന്മവരുമ്പോൾ. ആചരിപ്പത് = ചെയ്യുന്നത്. തമസ്സേറിയോർ = മുഴുത്ത അജ്ഞതയുള്ളവർ: കുരുടനും തമസ്സ് (അന്ധതാഫലമായ ഇരുട്ട്) ഏറിയവൻതന്നെ.

സുകൃതനിരോധി = സുകൃതഫലത്തെ തടഞ്ഞുനിർത്തുന്നത്, അങ്ങയു

Digitized By Kerala Sahitya Akademi

ശകുന്തള:—പിന്നെ എങ്ങിനെയാണ് ആര്യപുത്രന്നു, ദുഃഖിതയായ ഇയ്യുള്ളവളെക്കുറിച്ച് ഓർമ്മവന്നത്?

രാജാ:—എന്റെ വിഷാദശല്യം പറിച്ചുകളഞ്ഞതിന്നുശേഷം പറയാം.

അന്നാളിൽ നിൻചൊടിമലർക്കഴൽ ചേർക്കുമേതിൻ
ബിന്ദുക്കൾ തന്വി, മറിവാൽഗ്ഗണിയാതെപോയ് ഞാൻ,
ഇന്നിപ്പൊളാകുടിലപക്ഷ്മവിലഗ്നമാമ-
ക്കണ്ണീർ തുടച്ചനുശയത്തെയകററിടട്ടേ! 25

(പറഞ്ഞതിൻവണ്ണം ചെയ്യുന്നു.)

ശകുന്തള:—(പേർ കൊത്തിയ മോതിരം കണ്ടിട്ട്) ആര്യപുത്ര, ഇത് ആ മോതിരമാണല്ലോ!

രാജാ:—അതേ; ഈ മോതിരം കണ്ടുകിട്ടിയപ്പോളാണ് എനിക്കോർമ്മവന്നത്.

ശകുന്തള:—നോക്കു, ഇതു ചെയ്ത തകരാറ്; അന്നു ആര്യപുത്രന്നു വിശ്വാസം വരേണ്ടുന്ന സമയത്തു കിട്ടാതെപോയല്ലോ!

രാജാ:—എന്നാലിനി വസന്തസമാഗമത്തിന്റെ അടയാളമായ പുഷ്പത്തെ ലത വഹിയ്ക്കട്ടെ! (മോതിരം കയ്യിന്മേലിടുവിയ്ക്കുവാൻ തുടങ്ങുന്നു.)

ടെ പതിപദം സുകൃതഫലമാണല്ലോ. പൂർവ്വകർമ്മം: അത്ഥാൽ ദുഷ്കൃതം.

വിഷാദശല്യം = പശ്ചാത്താപമാകുന്ന ശല്യം; ദേഹത്തിൽ മുള്ള്. അംപിന്മുന മുതലായവ തറഞ്ഞുകിടക്കുന്നതിന്നാണ് ശല്യമെന്നു പേർ.

ശ്ലോകം 25. ചൊടിമലര്ക്ക് = പൂപോലെ മൃദുവായ ചുണ്ടിന്ന്. അഴൽ ചേർക്കുക: ചൂടുകൊണ്ടും, വലുപ്പംകൊണ്ടും. ഏതിൻ ബിന്ദുക്കൾ: കണ്ണുനീരിൻതുള്ളികൾ. ഗണിയാതെ: 'കുള്ളക്കരച്ചിൽ!' എന്നു കരുതി വകവെയ്ക്കാതെ. ആകുടിലപക്ഷ്മവിലഗ്നം = ചുരുണ്ട ഇമരോമങ്ങളിൽ തങ്ങിനില്ക്കുന്നത്. അനുശയം = പശ്ചാത്താപം. തന്നെ കണ്ടപ്പോഴത്തെ ഈ കണ്ണുനീർ, ആ പരിത്യാഗം ഓർത്തുണ്ടായതാകയാലത്രേ, അന്നത്തേയും ഇന്നത്തേയും കണ്ണുനീരുകളെ ഒന്നുതന്നെയായിക്കരുതിയത്. 'തള്ളപ്പെട്ടഥ... വിഷശല്യം പോലെരിപ്പു തുലോം' എന്ന ആറാമങ്കത്തിലെ പദ്യം അനുസ്മരിയ്ക്കുക.

Digitized By Kerala Sahitya Akademi

ശകുന്തള:—ഇതിനെ ഞാൻ വിശ്വസിയ്ക്കില്ല; ആര്യപുത്രൻ തന്നെ ധരിച്ചുകൊള്ളുക.

(അനന്തരം മാതലി പ്രവേശിയ്ക്കുന്നു.)

മാതലി:—ഭാഗ്യം! ആയുഷ്മാന്നു ധർമ്മപത്നീസമാഗമവും പുത്രമുഖദർശനവും സിദ്ധിച്ചുവല്ലോ!

രാജാ:—സുഹൃത്തുക്കൾമൂലം കൈവന്നതാകകൊണ്ട് അധികം മാധുര്യമുള്ളതായിരിയ്ക്കുന്നു, എന്റെ മനോരഥത്തിന്റെ ഫലം. മാതലി, ഈ വിവരം ആഖണ്ഡലൻ അറിഞ്ഞിട്ടില്ലല്ലോ.

മാതലി:—(പുഞ്ചിരികൊണ്ട്) എന്തുള്ളു ഈശ്വരന്മാർക്കു പ്രത്യക്ഷമല്ലാതെ? ആയുഷ്മാൻ, വരിക. ഭഗവാൻ കശ്യപൻ അങ്ങയ്ക്കു ദർശനമനുവദിച്ചിരിയ്ക്കുന്നു.

രാജാ:—ശകുന്തളേ, ഉണ്ണിയുടെ കൈപിടിച്ചുകൊള്ളുക. നിന്നെ മുന്നിലാക്കിവേണം ഞാൻ ഭഗവാനെ ദർശിയ്ക്കുന്നത്.

ശകുന്തള:—എനിയ്ക്കു ലജ്ജ തോന്നുന്നു, ആര്യപുത്രനൊന്നിച്ചു ഗുരുസന്നിധിയിൽച്ചെല്ലാൻ.

രാജാ:—എന്നാലും അങ്ങിനെ വേണം അഭ്യുദയകാലങ്ങളിൽ; വരു.

(എല്ലാവരും ചുററിനടക്കുന്നു)

(അനന്തരം അദിതിയൊന്നിച്ച് ആസനാസ്ഥിതനായ കശ്യപൻ പ്രവേശിയ്ക്കുന്നു.)

കശ്യപൻ;—(രാജാവിനെ കണ്ടിട്ട്) ദാക്ഷായണി,

മോതിരം കണ്ടിട്ട്: കണ്ണുനീർ തുടയ്ക്കുമ്പോൾ.

വസന്തസമാഗമത്തിന്റെ ഇത്യാദി: എന്നോടു ചേർന്നതിന്റെ അടയാളമായി നീ ഈ മോതിരമണിയുക.

വിശ്വസിയ്ക്കില്ല: ഇത് അന്ന് എന്തൊരു കൊട്ടം ചതിയാണ് ചതിച്ചുകളഞ്ഞത്!

സുഹൃത്തുക്കൾമൂലം: ഇന്ദ്രൻ മാതലി മുതലായവർ മുഖേന. ആഖണ്ഡലൻ = ഇന്ദ്രൻ.

പുഞ്ചിരികൊണ്ട്: ഇന്ദ്രൻ ഇതൊക്കെ നേരത്തെ കണ്ടതാണെന്നറിവുള്ളതിനാൽ. 'എന്തുള്ളു ഈശ്വരന്മാർക്കു പ്രത്യക്ഷമല്ലാതെ?' എന്ന വാക്യത്തെ, ചിലർ അതിന്നുമുമ്പുള്ള രാജവാക്യങ്ങളിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു; ആയതിന്ന് ഇത്ര ഔചിത്യമില്ല.

ദാക്ഷായണി = ദക്ഷപ്രജാപതിയുടെ മകൾ; അദിതി



Digitized By Kerala Sahitya Akademi

നിന്നാത്മജന്നു രണമൂർദ്ധനി മുൻനടക്കും
ദുഷ്ഷന്തനെന്നൊരുലകപ്പെരുമാളിതത്രേ;
ആ വേലയൊക്കെ നിറവേററുമിവൻെറ വില്ലാൽ
വജ്രം മഹേന്ദ്രനൊരലംകൃതിമാത്രമായി! 26

അദിതി,—ആകൃതികൊണ്ടറിയാം ഇവൻെറ പ്രഭാവം!

മാതലി:— ഇതാ, ദേവകളുടെ അച്ഛനമ്മമാർ പുത്രസ്നേഹം സ്ഫുരിക്കുന്ന തൃക്കണ്ണുകൊണ്ട് ആയുഷ്മാനെ നോക്കുന്നു. അടുത്തുചെല്ലാം.

രാജാ:—മാതലി. ഇവർ

ഈരാറായ് മരുവും മഹസ്സിനുടെ വി-
ത്തെന്നായ് മുനിപ്രോക്തർ, മു-
പ്പാരിന്നുറെറാരു നാഥനാകിയ മഖാം-
ശേശൻെറയുല്പാദകർ,
ബ്രഹ്മന്നും പരനായ പോററി പിറവി-
ക്കൂറ്റംപ്പുക്ക ജായാവര-
ന്മാരാം ദക്ഷമരീചിസംഭവർ, ജഗൽ-
സ്രഷ്ടാവിനേകാന്തരർ! 27

മാതലി:—അതേ.

രാജാ:—(അടുത്തുചെന്നിട്ട്) രണ്ടുപേരേയും മഹേന്ദ്രകിംകരനായ ദുഷ്ഷന്തൻ നമസ്കരിയ്ക്കുന്നു.

കശ്യപൻ:—ഉണ്ണി, നീണാൾ ഊഴിവാണാലും!

ശ്ലോകം 26. നിന്നാത്മജന്ന്. ഇന്ദ്രന്ന്. രണമൂർദ്ധനി = യുദ്ധത്തിൻെറ മുന്നണിയിലേയ്ക്ക്. ആ വേല......വില്ലാൽ: വജ്രത്തിൻെറ വേല—ശത്രുമർദ്ദനം—മുഴുവൻ ഇവൻെറ വില്ലുതന്നെ നിറവേററുന്നതിനാൽ. അലംകൃതി = അലങ്കാരം.

പുത്രസ്നേഹം = പുത്രനിലെന്നപോലുള്ള സ്നേഹം.

ശ്ലോകം 27. ഈരാറായ്മരുവും മഹസ്സ്: പന്തിരണ്ടു രാശികളിലും വെവ്വേറെ പന്തിരണ്ടു മൂർത്തികൾ പൂണ്ടു നില്ക്കുന്ന ആദിത്യൻ. വിത്ത്: കാരണം; അച്ഛനമ്മമാർ എന്നർത്ഥം. മുനിപ്രോക്തർ = ഋഷിമാരാൽ പുകഴ്ത്തപ്പെട്ടവർ. മഖാംശേശൻ = യജ്ഞഭാഗഭാക്കുകളായ ദേവന്മാരുടെ നാഥൻ; ഇന്ദ്രൻ. ഉൽപാദകർ = ഉൽപാദിപ്പിച്ചവർ. ബ്രഹ്മന്നും പരനായ പോററി = ബ്രഹ്മാവിന്നും മേലായ ഈശ്വരൻ; വിഷ്ണു. ജായാവരന്മാർ = ഭാര്യാഭർത്താക്കന്മാർ. വിഷ്ണുവിൻെറ വാമനാവതാരം ഇവരുടെ പുത്രനായിട്ടത്രെ. ദക്ഷമരീചിസംഭവർ = ദക്ഷനിൽനിന്നും മരീചിയിൽനിന്നും ജനിച്ച

Digitized By Kerala Sahitya Akademi

അദിതി: ഉണ്ണി, എതിരാളിയില്ലാത്തവനായിത്തീർന്നാലും!

ശകുന്തള: കുട്ടിയും ഞാനും തൃക്കാല്ക്കൽ വന്ദിയ്ക്കുന്നു.

കശ്യപൻ: കുഞ്ഞേ,

കണവൻ വാസവസമൻ;
ജയന്തസദൃശൻ സുതൻ;
മറ്റൊരാശിസ്സ തേ ചേരാ;
ശചിയ്യൊത്തവളാക നീ! 28

അദിതി: മകളേ, ഭർത്താവിന്നു ബഹുമതയായിബ്ഭവിച്ചാലും! നിന്റെ ഉണ്ണി ദീർഘായുസ്സായി രണ്ടു വംശത്തെയും സന്തോഷിപ്പിയ്ക്കുന്നവനായിബ്ഭവിയ്ക്കുമാറാകട്ടെ! ഇരിയ്ക്കുവിൻ.

(എല്ലാവരും കശ്യപന്റെ ഇരുവശത്തായി ഇരിയ്ക്കുന്നു)

കശ്യപൻ: (ഓരോ ആളേയും ചൂണ്ടിക്കാണിച്ച്)

ഭാഗ്യം, ശകുന്തള സതി,
സത്സന്താനമിത,ങ്ങയും —
ശ്രദ്ധ വിത്തം വിധിയിവ
ചേർന്നൊത്തു നിങ്ങൾ മുവ്വരാൽ! 29

രാജാ: ഭഗവൻ. മുമ്പേ അഭീഷ്ടലാഭം, പിന്നെ ദർശനം; അസാധാരണംതന്നേ ഭവാന്മാരുടെ അനുഗ്രഹം. ഭഗവാൻ ഓർത്തുകണ്ടാലും:

വർ. ജഗൽസ്രഷ്ടാവിനേകാന്തരർ: ബ്രഹ്മാവിൽനിന്ന് ഒന്നിടവിട്ടവർ, ദക്ഷനും മരീചിയുംബ്രഹ്മപുത്രരാണ്; ഇവർ ബ്രഹ്മാവിന്റെനേരെ പൌത്രരാണ്.

ശ്ലോകം 28. വാസവൻ ഇന്ദ്രൻ. ശചി = ഇന്ദ്രപത്നി.

ബഹുമത: ബഹുമാനപാത്രം. രണ്ടു വംശത്തെയും: മാതൃവംശത്തെയും പിതൃവംശത്തെയും. അമ്മ അപ്സരസ്സംഭവയാകയാൽ ദേവന്മാരെയും മനുഷ്യരെയും എന്നു താൽപര്യം.

ശ്ലോകം 29. ഭാഗ്യം: ഭാഗ്യവശാൽ ചേർന്നൊത്തു എന്നന്വയം. ശ്രദ്ധയും വിത്തവും വിധിയും (കർമ്മവും)—മൂന്നും ചേർന്നാൽ സർവ്വത്ര വിജയമേ വരൂ. നിങ്ങൾ മൂന്നുപേരുടെ ചേർച്ച ശ്രദ്ധാ–സമ്പൽ–കർമ്മങ്ങളുടെ ചേർച്ചപോലെ അഭിനന്ദനീയമാണെന്നഭിപ്രായം.

ഭഗവൻ ഇത്യാദി: ഭഗവാന്മാരെ ദർശിച്ചാൽ അഭീഷ്ടസിദ്ധിയുണ്ടാകും. എന്നിരിയ്ക്കട്ടെ, ദർശനത്തിന്നു മുമ്പുതന്നെ അഭീഷ്ടം സിദ്ധിയ്ക്കുകയുണ്ടായി. പക്ഷേ അത് ഈ ദർശനത്തിന്റെ ഫലം തന്നെ.

Digitized By Kerala Sahitya Akademi

മുല്ലാട്ട പുഷ്പം, പിറകേ ഫലോദയം;
മുമ്പേ മഴക്കാറണി, പിന്നെ വെള്ളവും;
ഇമ്മട്ടിലാം കാരണകാര്യസംഭവം;
നിൻ പ്രീതിയോ മുൻപു തരുന്നു നന്മയെ. 30

മാതലി: ഇങ്ങിനെയാണ് വിധാതാക്കളുടെ പ്രീതി.

രാജാ: ഭഗവാനേ, ഞാൻ ഭവാന്മാരുടെ ഈ ദാസിയെ ഗാന്ധർവ്വവിധിപ്രകാരം വേട്ടിട്ടു കുറച്ചുനാൾ കഴിഞ്ഞതിനുശേഷം ബന്ധുക്കൾ കൊണ്ടുവന്നപ്പോൾ ഓർമ്മയില്ലാത്തതിനാൽ കൈവെടിഞ്ഞതുനിമിത്തം ഭവാന്മാരുടെ സഗോത്രനായ തത്രഭവാൻ കണ്വന് അപരാധം ചെയ്തുപോയി. പിന്നീട് മോതിരം കണ്ടപ്പോളാണ്, വിവാഹം ചെയ്തത് ഞാനോർത്തത്. ഇതെനിയ്ക്ക് അത്ഭുതമായിത്തോന്നുന്നു.

അടുക്കൽ വന്നപ്പൊഴുതാനയല്ലിതെ-
ന്നു:-കന്നുപോംപോതൊരു സംശയോദയം:
ഒടുക്കമോ, കാലടി കണ്ടുറപ്പുകൊൾ-
കി;-തിൻവിധം മാറിമറിഞ്ഞിതെന്മനം. 31

കശ്യപൻ:— ഉണ്ണീ, നിന്റെ പക്കൽ തെറ്റുള്ളതായിശ്ശങ്കിയ്ക്കേണ്ട. വ്യാമോഹവും നിനക്കു വരികയില്ല. കേട്ടുകൊൾക.

രാജാ: ഞാൻ സശ്രദ്ധനായിരിയ്ക്കുന്നു.

കശ്യപൻ:— അന്ന് അപ്സരസ്തീർത്ഥത്തിൽനിന്നു പരിത്യാഗവിവശയായ ശകുന്തളയെയും കൊണ്ടു മേനക ദാക്ഷായണിയുടെ അടുക്കൽ വന്നപ്പോൾത്തന്നെ, ഞാൻ സമാധി കൊണ്ടറിഞ്ഞിരിയ്ക്കുന്നു, ദുർവ്വാസസ്സിന്റെ ശാപത്താലാണ് മറ്റൊന്നിനാലുമല്ല, ഈ സാധുവായ സഹധർമ്മചാ

ശ്ലോകം 30. ഫലോദയം = കായുണ്ടാവൽ.
വിധാതാക്കൾ = പ്രജാപതിമാർ.
സഗോത്രൻ = ഒരേ ഗോത്രത്തിൽജ്ജനിച്ചവൻ; കണ്വൻ കശ്യപഗോത്രജനാണല്ലോ.

ശ്ലോകം 31. അത്ഭുതമെന്താണെന്ന് ഒരുദാഹരണംകൊണ്ടു തെളിയിയ്ക്കുന്നു:—സംശയോദയം: 'ആനയായിരിയ്ക്കുമോ?' എന്നൊരു ശങ്ക. അഞ്ചാമങ്കത്തിൽ ഒടുക്കത്തെ പദ്യം നോക്കുക. ഒടുക്കം; ആന പോയതിന്നു ശേഷം. കാലടി = കാൽ വെച്ച പാട്. ഉറപ്പു കൊൾക; 'അതേ, ആനതന്നെ' എന്നുറയ്ക്കുക.

Digitized By Kerala Sahitya Akademi

രിണിയെ നീ പരിത്യജിച്ചതെന്നും, ആ ശാപം അംഗുലീദൎശനത്താൽ നീങ്ങിപ്പോയ്ക്കൊള്ളുമെന്നും.

രാജാ:— (നെടുവീൎപ്പിട്ടു്) ഇതാ, ഞാൻ ലോകാപവാദത്തിൽനിന്നു മുക്തനായി.

ശകുന്തള:— (ആത്മഗതം) ഭാഗ്യം, കാരണം കൂടാതെയല്ല, ആൎയ്യപുത്രൻ പരിത്യജിച്ചതു്. എന്നാൽ എന്നെ ശപിച്ചതു ഞാനോൎക്കുന്നില്ലല്ലോ. വിരഹംമൂലം മനസ്സു ശൂന്യമായിരിക്കുംപോളാവാം, എനിയ്ക്കു ശാപം പിണഞ്ഞതു്. ഇതുകൊണ്ടു തന്നെയായിരിയ്ക്കും, 'ഭൎത്താവിനെ മോതിരം കാണിച്ചുകൊള്ളുക' എന്നു സഖിമാർ എന്നെ സശ്രദ്ധം പറഞ്ഞേല്പിച്ചതു്.

കശ്യപൻ:— കുഞ്ഞേ, നിനക്കു വാസ്തവം മനസ്സിലായല്ലോ. സഹധൎമ്മചാരിയെക്കുറിച്ചു മുഷിച്ചൽ തോന്നരുതു്. നോക്കുക:

ശാപത്താൽ സ്മൃതി മാഞ്ഞതിൽപ്പുരുഷനാ-
യത്രേ ഗ്രഹിയ്ക്കാഞ്ഞതെ-
ന്നെ; ന്നാലോൎമ്മ തെളിഞ്ഞ വല്ലഭനിൽ നീ-
യുറപ്പുകി മുമ്പിട്ടിലേ;
പററില്ലാ പ്രതിബിംബനം ചളിപിടി-
ച്ചുള്ളോരു കണ്ണാടിയിൽ;
സ്വച്ഛാദൎശതലത്തിലോ, പതികയും
ചെയ്യും പ്രയാസം വിനാ. 32

"യഥാ ഗജോ നേതി സമക്ഷരൂപേ
തസ്മിന്നതിക്രാമതി സംശയം സ്യാൽ"
എന്ന മൂലത്തിന്നു് ഇങ്ങിനെയും അൎത്ഥം വരാം:—"ആന കണ്ണിനുമ്പിലൂടെ നടന്നുപോകുമ്പോൾ 'ആനയല്ല' എന്നു് സംശയമുണ്ടാകുന്നതുപോലെയും." നിഷേധകോടിക്കു പ്രാധാന്യമുണ്ടായിട്ടും സംശയമെന്നു പറഞ്ഞതു, പരിത്യാഗാവസരത്തിൽ ഇടെക്കിടെ മറിച്ചും തോന്നിയിരുന്നതിനാലാകുന്നു.

കശ്യപൻ ശാപകഥ സമാധികൊണ്ടു് അന്നേ അറിഞ്ഞുവെങ്കിൽ, അതു ധരിപ്പിച്ചു ശകുന്തളയെ എന്തുകൊണ്ടാശ്വസിപ്പിച്ചില്ല? അവൾ അനുഭവിയ്ക്കുണ്ടുന്ന ദുരിതഫലം അനുഭവിച്ചുതന്നെ തീരട്ടെ, അതു ഭാവിസുഖത്തെ ലഘൂകരിയ്ക്കുന്നതു് എന്നു കരുതിയിട്ടാവണം.

ശ്ലോകം 32. പുരുഷൻ = നിൎദ്ദയൻ. ഉൾപ്പുകി = മനസ്സിൽപ്പതിഞ്ഞു. പ്രതിബിംബനം = നിഴൽ. സ്വച്ഛാദൎശതലം = ചളിനീങ്ങി, തെളിഞ്ഞ കണ്ണാടി. പ്രയാസം വിനാ = നിഷ്പ്രയാസം. അന്നു മുമ്പിൽ ചെന്നുനിന്നി

Digitized By Kerala Sahitya Akademi

രാജാ:—അരുളിച്ചെയ്തതു ശരി തന്നെ.

കശ്യപൻ:—ഉണ്ണി, ഞങ്ങൾ യഥാവിധി ജാതകൎമ്മം കഴിച്ചു ഈ ശകുന്തളാജാതനായ പുത്രനെ നീ അഭിനന്ദിച്ചില്ലയോ?

രാജാ:—ഭഗവാനേ, ഇവങ്കലാണല്ലോ എൻെറ വംശത്തിൻെറ നിലനില്പ്.

കശ്യപൻ:—അപ്രകാരം തന്നെയായിത്തീരാൻ പോകുന്ന ഈ പുത്രൻ ചക്രവൎത്തിയായി വാഴും. നോക്കുക.

തട്ടാതൊ,ച്ചപെടാതെ പോമൊരു രഥം
കേറിസ്സമുദ്രങ്ങൾ പി–
ന്നിട്ടീ മന്നുലകത്തിലപ്രതിരഥൻ
വെല്ലും തുരുത്തേഴമേ:
സത്വപ്രോദ്ദമനേന സൎവ്വദമനാ–
ഭിഖ്യാനമാൎന്നോനിവൻ
വിശ്വത്തിൻ ഭരണാലിനിബ്ഭരതനെ–
ന്നായും പ്രസിദ്ധിപ്പെടും. 38

രാജാ:—നിന്തിരുവടിയാൽ ജാതകൎമ്മം കഴിക്കപ്പെട്ട ഇവനിൽ സൎവ്വവും ഞങ്ങൾ ആശംസിയ്ക്കുന്നു.

അദിതി:—ഭഗവാനേ, മകളുടെ ഈ അഭീഷ്ടലാഭം കണ്വനെയും, അങ്ങയുടെ അടുക്കൽ പെരുമാറുന്ന താപസരെ അയച്ചു വിസ്തരിച്ചറിയിക്കണം. മകളിൽ വാത്സല്യമേറിയ മേനക ഇവിടെത്തന്നെ എന്നെ ശുശ്രൂഷിച്ചുംകൊണ്ടു താമസിയ്ക്കുന്നുണ്ട്.

ശകുന്തള:—(ആത്മഗതം) എൻെറ ആഗ്രഹംതന്നെയാണ്, ഭഗവതി അരുളിച്ചെയ്തത്.

ട്ടും അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രവേശിപ്പാൻ കഴിഞ്ഞില്ല. ഇനി അവിടെ എല്ലാ അധികാരവും നിനക്കുതന്നെ.

അഭിനന്ദിച്ചില്ലയോ: പിറവിമുതൽ ഇതുവരെ കണ്ടിട്ടില്ലായ്കയാൽ ഉള്ളഴിഞ്ഞ വാത്സല്യത്തോടെ കൈക്കൊണ്ടിട്ടില്ലായിരിക്കുമോ എന്നു ശങ്കിച്ചുള്ള ചോദ്യം.

അപ്രകാരംതന്നെയായി: വംശത്തെ നിലനിറുത്തുന്നവനായി.

ശ്ലോകം 33. തട്ടാതെ = നിലത്ത് ഉരസാതെ. മന്നുലകം = ഭൂലോകം. തുരുത്ത് = ദ്വീപ്. ഭൂമിയെ ഏഴു മഹാദ്വീപങ്ങളായിട്ടാണ് പൌരാണികർ വിഭജിച്ചിരിക്കുന്നത്; ഭൂമണ്ഡലം മുഴുവൻ എന്നൎത്ഥം. സത്വപ്രോദ്ദമനേന = പ്രാണികളെയെല്ലാം ചെന്നടക്കി നിറുത്തുന്ന ശീലംകൊണ്ട്.

Digitized By Kerala Sahitya Akademi

കശ്യപൻ:— ഇതൊക്കെയും തപഃപ്രഭാവത്താൽ പ്രത്യക്ഷമാണ് അദ്ദേഹത്തിന്ന്.

രാജാ:— ഇതുംകൊണ്ടാണല്ലോ, എൻെറ നേരെ ഗുരു കോപിയ്ക്കാതിരുന്നത്.

കശ്യപൻ:— എന്നാലും അദ്ദേഹത്തോടു പ്രിയം ചോദിയ്ക്കണം. ആരവിടെ?

ശിഷ്യൻ: (പ്രവേശിച്ച്) ഭഗവൻ, ഇതാ ഞാൻ.

കശ്യപൻ:— ഗാലവ. നീ ഇപ്പോൾത്തന്നെ ആകാശമാർഗ്ഗേണ പോയി തത്രഭവാൻ കണ്വനെ ഞാൻ പറഞ്ഞതായി പ്രിയം അറിയിയ്ക്കുക: പുത്രനോടുകൂടിയ ശകുന്തളയെ, ആ ശാപം നീങ്ങിയപ്പോൾ ഓർമ്മവന്ന ദുഷ്ഷന്തൻ സ്വീകരിച്ചിരിയ്ക്കുന്നു എന്ന്.

ശിഷ്യൻ:— അരുളപ്പാടുപോലെ. (പോയി)

കശ്യപൻ:— ഉണ്ണി, നീയും തൻെറ പൈതലോടും ഭാര്യയോടുംകൂടി സ്നേഹിതനായ ഇന്ദ്രൻെറ തേരിൽക്കയറി രാജധാനിയിലേയ്ക്കു പുറപ്പെട്ടുകൊൾക.

രാജാ: അരുളപ്പാടുപോലെ.

കശ്യപൻ:

തരട്ടേ നിൻ നാട്ടാക്കെരിയ മഴ വിണ്ണിൻെറയരചൻ!
ഭവാനും യജ്ഞങ്ങളെക്കൊണ്ടുസുഖമുദിപ്പിയ്ക്ക സുരരിൽ!
ഇവ്വണ്ണം രണ്ടാളും പെരുതുപകരിച്ചിട്ടിന്നുമുതകും
സുകൃത്യം ചെയ്തെച്ചിട്ടുമരുവിനനേകം യുഗശതം. 34

അഭിപ്രായം = പേര്. വിശ്വത്തിൻഭരണാൽ = ലോകമെല്ലാം ഭരിയ്ക്കുകകൊണ്ട്.

ഇതൊക്കെയും ഇത്യാദി: ശാർങ്ഗരവാദികൾ തിരിച്ചുചെന്നു പരിത്യാഗവൃത്താന്തം പറഞ്ഞപ്പോൾ, അദ്ദേഹവും സമാധികൊണ്ടു ശാപകഥ അറിഞ്ഞിരിയ്ക്കും; ഇപ്പോൾ ഈ പുനഃസ്വീകാരവും അറിഞ്ഞിരിയ്ക്കും.

പ്രിയം ചോദിയ്ക്കണം: 'സന്തോഷമായില്ലേ?' എന്ന്.

ശ്ലോകം 34. വിണ്ണിൻെറയരചൻ: ഇന്ദ്രൻ. പെരുത് = വളരെ. ഉതകും = ഉപകാരപ്രദമാകുന്നു. സുകൃത്യം = സൽക്കർമ്മം. അനേകം യുഗശതം = നൂറുനൂറു യുഗങ്ങൾ. കാലത്തെ ഇത്ര പെരുപ്പിച്ചു പറഞ്ഞതു പുരുവംശത്തെ ഉദ്ദേശിച്ചാവണം, അതിൻെറ ഒരു പ്രതിനിധിമാത്രമാണല്ലോ ദുഷ്ഷന്തൻ. ഈ ശ്ലോകവും തുടർന്നുള്ള രാജവാക്യവും രാഘവഭട്ടൻ എടുത്തിട്ടില്ല; ഇതു രണ്ടും പ്രക്ഷിപ്തങ്ങളായിക്കൂടായ്കയില്ല.

Digitized By Kerala Sahitya Akademi

രാജാ: ഭഗവാനേ, ഞാൻ ശ്രേയസ്സിന്നായി യഥാശക്തി പ്രയത്നിച്ചുകൊള്ളാം.

കശ്യപൻ: എന്തൊരു പ്രിയമാണ് വീണ്ടും നിനക്കു ഞാൻ ചെയ്തുതരേണ്ടത്?

രാജാ;—ഇനിയും എനിയ്ക്കു പ്രിയം ചെയ്യുന്നതിൽ നിന്തിരുവടിയ്ക്കു തിരുവുള്ളമുണ്ടെങ്കിൽ, ഇപ്രകാരം ഭവിയ്ക്കട്ടെ.

ഏകട്ടെ മന്നൻ പ്രജകൾക്കു നന്മയെ-
ത്തൂകട്ടെ കർണ്ണാമൃതവാണി സൂരികൾ;
നീക്കട്ടെ സംസാരവു,മാത്മസംഭവൻ
ശക്ത്യാ സമേതൻ മമ നീലലോഹിതൻ! 35

(എല്ലാവരും പോയി.)

ഏഴാമങ്കം കഴിഞ്ഞു.

ഭരതവാക്യം: നടന്റെ അഥവാ നടന്മാരുടെ, മംഗളാശംസാപരമായ വാക്യം; കഥാപാത്രം എന്ന നിലയ്ക്കുള്ളതല്ല.

ശ്ലോകം 35 സൂരികൾ = വിദ്വാന്മാർ. ആത്മസംഭവൻ = ജനകജനനിമാരില്ലാതെ, സ്വയം ജനിച്ചവൻ. ശക്ത്യാസമേതൻ = ശക്തിയോടുകൂടിയവൻ; പകുതിശ്ശരീരം പാർവതിയായിട്ടുള്ളവൻ. അതുകൊണ്ടുതന്നെ നീലലോഹിതൻ = കറുത്തും ചുകന്നുമിരിയ്ക്കുന്നവൻ. പാർവതി കറുത്തും ശിവൻ ചുകന്നുമിരിയ്ക്കുന്ന അർദ്ധനാരീശ്വരനായാണ് സങ്കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. മമ സംസാരവും നീക്കട്ടെ: എന്റെ സംസാരബന്ധത്തെ ഒഴിയ്ക്കുകയും ചെയ്യട്ടെ!

ശുഭം

കുട്ടികൃഷ്ണമാരാര്.

അവതാരിക 23-ാംപേജ് 6-ാംവരി: 'പക്ഷേ, വൃത്തഭേദംകൊണ്ട് അതിന്' എന്നു തുടങ്ങുന്ന വാചകം 'പക്ഷേ, വൃത്തഭേദംകൊണ്ടും രീതിഭേദംകൊണ്ടും അതിന്' എന്നും

ഒന്നാമങ്കം (പേജ് 103.) ടിപ്പണി ഒന്നാംവരി: ഋത്വിക്കുകൾ = യാഗപുരോഹിതന്മാർ എന്നത് യാജകന്മാർ എന്നും തിരുത്തിവായിയ്ക്കുക.

Digitized By Kerala Sahitya Akademi

# ഉന്മത്തരാഘവം



Digitized By Kerala Sahitya Akademi

Unmatharaghavam
Bhaskarakavi
1978 ഡിസംബർ
പകർപ്പവകാശം:
സി. മാധവക്കുറുപ്പിന്ന്.

Digitized By Kerala Sahitya Akademi

## ഒന്നാം പതിപ്പിന്റെ മുഖവുര

'നേത്രാമൃതം' എന്ന പേരോടുകൂടെ, ഇപ്പോഴും അച്ചടി ക്കാതെ കിടപ്പുള്ള ഒരു വൈദ്യഗ്രന്ഥം ഞാൻ എഴുതിക്കൊണ്ടി രിക്കുമ്പോഴാണ്, 'ഉന്മത്തരാഘവം' സംസ്കൃതപ്രേക്ഷണകം 'ഇതൊന്നു തർജ്ജമചെയ്താൽക്കൊള്ളാം' എന്നൊരറിയിപ്പോടുകൂ ടി എന്റെ ഒരു സുഹൃത്തിന്റെ പക്കൽനിന്നും എനിക്കയച്ചു കി ട്ടിയത്. പുസ്തകം വായിച്ചുനോക്കിയതിൽ 'ഭാസ്കര' കവിയു ടെ സരളലളിതയായ കവിതാരീതി എന്റെ സ്നേഹിതന്റെ ഇഷ്ടംതന്നെ എന്റേയും ഇഷ്ടമാക്കിത്തീർത്തു.

മലയാളസാഹിത്യത്തിൽ ഇത്തരം പ്രേക്ഷണകങ്ങളും (രൂപകങ്ങളും) ദുർല്ലഭമാകയാൽ ഭാഷയിൽ ഇതൊരു പുതുമയാ യിത്തീരുമല്ലോ എന്നുള്ള വിചാരം എനിക്കു വിശേഷവിധി യായ ഒരുത്സാഹത്തെ ജനിപ്പിച്ചു. ഒരുവിധം ക്ലിഷ്ടമായിരുന്ന എന്റെ അന്നത്തെ ജോലിക്കിടയിൽ, ചിലപ്പോഴൊക്കെ ഉന്മത്തരാ ഘവം ഭാഷപ്പെടുത്തുന്നത് എനിക്കു സരസമായ ഒരു വിനോദ മായിട്ടും തോന്നി.

മൂന്നോ നാലോ ദിവസംകൊണ്ടാണ് തർജ്ജമ അവസാ നിച്ചത്. ശ്ലോകങ്ങളെല്ലാം വൃത്താനുവൃത്തമായി തർജ്ജമചെയ്തു കൊണ്ട്, അവസ്ഥ പറയത്തക്ക വല്ല വൈകല്യവും വന്നിട്ടുണ്ടോ എന്നെനിക്കറിവില്ല. തർജ്ജമയിൽ മേൽപ്രകാരമുള്ള ഒരു നിർ ബ്ബന്ധം ഞാൻ പതിവായി അംഗീകരിക്കുന്നത്, അതുകൊണ്ടു ദോഷത്തെക്കാറം അധികം ഗുണമാണെന്നുള്ള ധാരണകൊണ്ട ല്ലാതെ മറ്റൊന്നുകൊണ്ടുമല്ലെന്നു പറയുന്നതു പക്ഷേ ആവശ്യ മായേക്കാം.

പ്രസ്തുതകൃതി 'ലക്ഷ്മീഭായി' എന്നൊരു മാസികയുടെ ഒന്നാം പുസ്തകത്തിൽ രണ്ടുമൂന്നു ലക്കങ്ങളിലായി പ്രസിദ്ധീക രിക്കുകയും അതിൽനിന്നു ചിലരെല്ലാം വായിപ്പാൻ ഇടവരിക യും ചെയ്തിട്ടുള്ളതാണ്. ഇതിപ്പോഴം പലരും ആവശ്യപ്പെട്ടു കാണുന്നതുകൊണ്ടു പ്രത്യേക പുസ്തകമാക്കി സഹൃദയന്മാരുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
30—1—'85. പരിഭാഷകൻ

Digitized By Kerala Sahitya Akademi

# ഉന്മത്തരാഘവം

## കഥാപാത്രങ്ങൾ

സൂത്രധാരൻ
രാമൻ
ലക്ഷ്മണൻ
അഗസ്ത്യമുനി
നടി
സീത
മധുകരിക

Digitized By Kerala Sahitya Akademi

# ഉന്മത്തരാഘവം

## ഭാഷാപ്രേക്ഷണകം

### നാന്ദി

മലപ്പെൺകാൽത്താരിൽ പ്രണയകലഹേ കുമ്പിടുകയാ-
ലലകത്തച്ചാററാന്നശ്ശിവനുടെ ശശിക്കീർ ശിവദമാം;
കലക്കംകോലും തന്മുഖമതിയിൽനിന്നും തെളിവു കൈ-
വിലസ്സാരുണ്യം വാങ്ങിയപടി വിളങ്ങുന്നിതിതു താൻ. 1

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്ര:—(അണിയറയിലേയ്ക്കു നോക്കി) ആര്യേ, ഇവിടെ വരു.

നടി:—(പ്രവേശിച്ച്) ആര്യ്, ഞാനിതാ. എന്താണ് വേണ്ടത്? ആജ്ഞാപിച്ചാലും.

സൂത്ര:—അതിനിർമ്മലമായ തങ്ങളുടെ കീർത്തിയാകുന്ന കർപ്പൂരത്തെ സകലലോകവുമാകുന്ന കരണ്ടകത്തിൽ നിറച്ചുവെച്ചവരും, ദിഗ്ഗജങ്ങളുടെ മസ്തകമണ്ഡലത്തിന്ന് അലങ്കാരമായിത്തീൻ പ്രതാപസിന്ദൂരത്തോടുകൂടിയവരും, വിദ്യോരണ്യൻെറ തൃപ്പാദവന്ദനമഹോത്സവത്തിന്നു വന്നുചേന്നവരുമായ ഈ സാമാജികന്മാരാൽ ഞാനിപ്പോഠം നിയോഗിക്കപ്പെട്ടിരിക്കുന്നു:

എങ്ങിനെയെന്നാൽ:—

കല്പിച്ചുണ്ടാക്കി യാതൊന്നു
ചൊല്ലൊണ്ടും കവി 'ഭാസ്കരൻ,'
ആ പ്രേക്ഷണകമങ്ങാടു-
കിപ്പോ'ളുന്മത്തരാഘവം.' 2

എന്ന്. അതിനാൽ വേണ്ടതിനെ ചെയ്യാലും.

Digitized By Kerala Sahitya Akademi

നടി:—(ആലോചനയോടുകൂടി) ഈ സാമാജികന്മാർ വലിയ വിദ്വാന്മാരാണ്. എങ്ങിനെയാണിവരുടെ മനസ്സിനെ സന്തോഷിപ്പിയ്ക്കുന്നത്?

സൂത്ര:—എയ്, അങ്ങിനെ പറഞ്ഞുകൂടാ. വിശേഷജ്ഞന്മാർ സ്വഭാവേന ഗുണഗ്രാഹികളാകയാൽ അവരെ എളുപ്പത്തിൽ സന്തോഷിപ്പിയ്ക്കാവുന്നതാണ്.

അറിവാൽത്തെളിയും സജ്ജന-
നിരയുടെ കരളം പാട്ടിലാക്കുവാനെളുതാം;
തിറമോടാകർഷിയ്ക്കും
കറ പോകിലിരിമ്പിനെക്കാന്തം. 3

നടി:—ആകട്ടെ, ഇനി എന്താണു ചെയ്യേണ്ടതെന്ന് ആര്യൻ ആജ്ഞാപിച്ചാലും.

സൂത്ര:—ഇതാ, ഇപ്പോഴ് വസന്തകാലമായി. എന്തെന്നാൽ,

മാവിൻകൂട്ടം മലയജമരുത്തേററു ചാഞ്ചാടിടുന്നു;
കാർവണ്ടാഴ്ന്നിതു പുനരിതിൻ പൂങ്കുലത്തേൻകുഴമ്പിൽ;
പൂവിൻമൊട്ടിട്ടവിരളമശോകങ്ങളും നില്ക്കുന്നു, പാടാൻ
ഭാവിയ്ക്കുന്നു മദഭരിതയാൽപ്പഞ്ചമം പെൺപികങ്ങൾ. 4

ആര്യേ, അതിനാൽ തൽക്കാലോചിതമായി കുറഞ്ഞൊന്നു പാടിയാലും.

നടി:—(പാടുന്നു)

ലളിതവസന്തമമാത്യൻ,
കുളിർദക്ഷിണവായുവായ പടനാഥൻ,
അളികളകമ്പടിയിപ്പടി
നളിനശരൻ നൃപതി വാഴ്ക ചിരം. 5

സൂത്ര:—പാടിയതു നന്നായി. (മറെറാരേടത്തു നോക്കി) ആര്യേ, ഇങ്ങോട്ടു നോക്കൂ:

നൽത്തുമലർച്ചാർത്തുമൊഴിച്ചു മെച്ചം
മെത്തുന്നതോർത്തന്യലതാളിതോറും

Digitized By Kerala Sahitya Akademi

എത്തുന്ന വണ്ടിൻനിര, പുഷ്പലോഭ-
മൊത്തുള്ളൊരിജ്ജാനകിയെന്നപോലെ. 6

(എന്നു രണ്ടുപേരും പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം പൂവറുക്കുന്നതായി നടിച്ചുകൊണ്ടു സീതയും സഖിയും പ്രവേശിക്കുന്നു)

സഖി:—തോഴി ജാനകി, മുമ്പിൽത്തന്നെ പൂക്കറം കാണപ്പെടുന്നു. നിയ്യെന്താണ് മററൊരേടത്തേയ്ക്കു നോക്കിക്കൊണ്ടു പോകുന്നത്?

സീത:—സഖി, മധുകരികേ, ഇതിൻെറ അങ്ങേപ്പുറത്തുള്ള കാട്ടിൽ ഇതിലും നല്ല പുഷ്പങ്ങറം കാണുന്നുണ്ട്. അതുകറം പറിപ്പാനാണ് ഞാൻ പോകുന്നത്!

മധുകരിക:—സഖി, ജാനകി, നമുക്കിപ്പോഴും ഇവിടെ അത്ര പരിചയമായിട്ടില്ല. വനങ്ങളിൽ ശപിപ്പാനും അനുഗ്രഹിപ്പാനും കരുത്തുള്ള മഹഷിികളുണ്ട്. ആകയാൽ, വല്ല ആശ്രമത്തിലും കടന്നു പൂ പറിയ്ക്കുന്നതായാൽ ആരെങ്കിലും കോപിച്ചു എന്നുവരാം. രാമഭദ്രനും നിനക്കുവേണ്ടി പൊന്മാനിനെ പിടിച്ചു നായാട്ടു കഴിഞ്ഞു തിരിയേ എഴുന്നള്ളാറായി. അതിനാൽ നമ്മളിപ്പോറം പൂവറുക്കൽ മതിയാക്കി മടങ്ങിപ്പോവുക.

സീത:—കാട്ടിലെ വള്ളികറം, ഫലപുഷ്പമൂലങ്ങറം, നദീജലങ്ങറം ഇവ എല്ലാവക്കും ഒരുപോലെ അവകാശപ്പെട്ടവയാണ്. പിന്നെ, എന്തിനാണ്, ആരെങ്കിലും കോപിയ്ക്കുന്നത്? ആൎയ്യപുത്രൻെറ ദേവപൂജയ്ക്കുള്ള പുഷ്പങ്ങറം അറുത്തുകഴിഞ്ഞു. ഇതിൻെറ അപ്പുറത്തുള്ള കാട്ടിൽ പോയി, ഭംഗിയുള്ള പുഷ്പങ്ങറം പറിച്ചതിനുശേഷം നമുക്കു പൎണ്ണശാലയിലേയ്ക്കു പോകാം.

(എന്നു രണ്ടുപേരും പുറപ്പെട്ടു.)

സീത:—(ദൃഷ്ടിവിക്ഷേപത്തോടുകൂടി) സഖി, ഇതാ, ഒരു വണ്ട്

Digitized By Kerala Sahitya Akademi

എന്തുകാരണംകൊണ്ടാണ്, ഓരോ ലതാവിടപങ്ങളിലും കിടന്നു ചുററിത്തിരിയുന്നത്?

മധു:—(സൂക്ഷിച്ചുനോക്കി) പൂന്തേനിന്റെ ലഹരികൊണ്ടു ചിറകുകൾക്കു ചേഷ്ടയില്ലാതാകയാൽ തളിരുകളുടെ ഇടയിൽ മറഞ്ഞിരിയ്ക്കുന്ന തന്റെ ഭാൎയ്യയായ പെൺവണ്ടിനെ കാണാഞ്ഞിട്ടുള്ള മനോവേദനനിമിത്തം ഭ്രാന്തുപിടിച്ചതുകൊണ്ടായിരിയ്ക്കണം.

സീത;—സഖി, നീ പറഞ്ഞതു ശരിയാണ്.

മധു:—ആശ്ചൎയ്യം, ഇവൻ വളരെ തിരഞ്ഞു നോക്കിയിട്ടും ഭാൎയ്യയെ കണ്ടെത്തുന്നില്ല.

സീത:—മധുകരികേ, നീ ഇവന്നു ഭാൎയ്യയെ കാണിച്ചുകൊടുക്കുക.

മധു:—ഞാൻ, ഈ പ്ലാവിൻചില്ലകൊണ്ടു തല്ലിയിട്ടു പൂന്തേൻ കുടിച്ചു നിശ്ശേഷയായിത്തീൎന്ന പെൺവണ്ടിനെ പറപ്പിയ്ക്കാം. (അങ്ങിനെ ചെയ്തിട്ട്) ആശ്ചൎയ്യം! ഈ വണ്ടു പൂങ്കുലയിൽനിന്നെഴുന്നേററു ഭാൎയ്യയോടുകൂടി ചേൎന്നിട്ടു മാധവീമണ്ഡപത്തിൽ കേറി പൂന്തേൻ കുടിച്ചു സുഖമായി ഇരിയ്ക്കുന്നു. (മറെറാരു വനത്തിലേയ്ക്കു നോക്കി ആവേശത്തോടുകൂടി) ജാനകി എവിടെ പോയി! (പിന്നേയും നോക്കീട്ട്) ആശ്ചൎയ്യം! എങ്ങും കാണുന്നില്ല. (വനാന്തരത്തിൽ ചെന്ന് എല്ലാടവും അന്വേഷിച്ചിട്ട്) ആശ്ചൎയ്യം! ഇതാ, നല്ല ഭംഗിയുള്ള ഒരു മാൻപേട സ്നേഹത്തോടുകൂടി എന്നെ നോക്കി, താനേ പൊഴിയുന്ന കണ്ണുനീർകൊണ്ടു സഖീസ്നേഹത്തെ സൂചിപ്പിയ്ക്കുന്നു. എനിയ്ക്കും വളരെക്കാലം പരിചയിച്ചിട്ടുള്ളവിധം ഇതിന്റെ നേരേ വിശ്വാസം തോന്നുന്നു. അല്ലെങ്കിൽ ഇത് എന്റെ പൂൎവ്വജന്മത്തിലെ തോഴിയായിരുന്നിരിയ്ക്കാം. [എന്നു സംഭ്രമത്തോടുകൂടി ചുററിനടന്നിട്ട് ആലോചനയോടുകൂടി] ഇവിടെ മഹൎഷിയുടെ ആശ്രമമാണെന്നുള്ള മാഹാത്മ്യംനിമിത്തം ദുഷ്ടമൃഗങ്ങളുടെ സഞ്ചാരമില്ല. എന്നാൽ പിന്നെ, ജാനകി എവിടെ പോയി എന്നു വിചാരിച്ച് എനിയ്ക്ക് ആശ്ചൎയ്യമാകുന്നു. (നെടുവീൎപ്പിട്ട്) ഞാൻ ഭാഗ്യം കെട്ടവം തന്നെ. രാമഭദ്രൻ നായാട്ടു കഴിഞ്ഞു തിരിയെ എഴുന്നള്ളി

Digitized By Kerala Sahitya Akademi

യാൽ ഞാനെങ്ങിനെയാണ് ഈ സംഗതി ഉണർത്തിയ്ക്കേണ്ടത്"? രാമഭദ്രനും ഇതു കേട്ടാൽ ഏതൊരു നിലയിലാകും എന്നു വിചാരിച്ച് എന്റെ നെഞ്ഞു പിടയ്ക്കുന്നു.

(അണിയറയിൽ കളകളം)

മധു:—[കേട്ടിട്ട്] മഹർഷിമാർ അങ്ങോട്ടുമിങ്ങോട്ടും കിടന്നോടുന്നതു കാണ്മാനുണ്ട്. അതിനാൽ രാമഭദ്രൻ എഴുന്നള്ളുന്നുണ്ടെന്നാണ് തോന്നുന്നത്.

(പിന്നെയും അണിയറയിൽ)

നന്നായെല്ലാമടിപ്പിൻ വഴികളഥ കടം–
കൊണ്ടു കോരുന്ന തണ്ണീ–
രൊന്നായ്പ്പാററിത്തളിപ്പിൻ പെരികെ വിതറുവിൻ
പുഷ്പജാലങ്ങളെങ്ങും
മന്നിൻമങ്കയ്ക്കു പൊന്മാനിനെയുടനുയിർപോ–
ക്കാതെ കൈക്കൊണ്ടിതാ താൻ
വന്നെത്തീ കാട്ടിൽനിന്നും സമധികവിഭവ–
സ്തോമനാം രാമചന്ദ്രൻ. 7

പെറുത്തു പിറകിലെത്തും ലക്ഷ്മണങ്കൽത്തിരിയ്ക്കും
തിരുമിഴിമുനയോടോരോന്നു മാറിച്ചുരച്ചും
പരിചൊടു വിലസുന്നു തന്മുഖപ്പു വിയത്തും
പെരിയ ഗുണമഴിഞ്ഞാ വില്ലു തോളത്തുവെച്ചും. 8

മധു— എയ്! പൊന്മാനിനെ എടുത്ത് ഒന്നിച്ചു നടക്കുന്ന ലക്ഷ്മണനോട് എന്തോ ചിലതു സംസാരിച്ചുകൊണ്ടു രാമഭദ്രൻ തന്നെയാണു വരുന്നത്, ഞാൻ ഈ വഴിയിൽനിന്നു മാറി നില്ക്കുകതന്നെ.

(അങ്ങിനെ ചെയ്യുന്നു)

(അനന്തരം പറഞ്ഞപോലെ ലക്ഷ്മണനോടുകൂടി രാമൻ പ്രവേശിയ്ക്കുന്നു)

രാമൻ— വത്സ! ഈ പൊന്മാനിനെക്കണ്ടാൽ ജാനകിയ്ക്കു വളരെ സന്തോഷമാകും.



Digitized By Kerala Sahitya Akademi

ലക്ഷ്മണൻ— പറഞ്ഞമാത്രയിൽ തന്റെ ഇഷ്ടം സാധിപ്പിച്ച ഇവിടത്തെ ഈ സ്നേഹവിശേഷംതന്നെ ദേവിയ്ക്കു പൊന്നു നിന്നെ കിട്ടിയാലുള്ളതിലധികം സന്തോഷമുണ്ടാക്കും.

രാമൻ— (നിമിത്തം നടിച്ചിട്ട്) വത്സ! അഗസ്ത്യമഹർഷിയുടെ പ്രഭാവംനിമിത്തം യാതൊരു ഭയത്തിന്നും അവകാശമില്ലാത്ത തപോവനത്തിൽ സഖിയായ മധുകരികയോടൊന്നിച്ചിരിയ്ക്കുയാണെങ്കിലും, പരിചയമില്ലാത്ത ദിക്കായതുകൊണ്ടു ജാനകിയ്ക്കു വല്ല അപകടവും സംഭവിച്ചേയ്ക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു.

ലക്ഷ്മണൻ— പ്രേമവിശേഷത്താൽ, പ്രിയജനത്തെക്കുറിച്ച് ഒന്നാമത് അപായത്തെത്തന്നെയാണല്ലോ ശങ്കിയ്ക്കുക.

മധു— (നെടുവീർപ്പിട്ടുംകൊണ്ട്) എങ്ങിനെയായാലും ആ സംഗതി, എപ്പോഴെങ്കിലും പറയേണ്ടിവരുമല്ലോ. അതിനാൽ ഞാൻ ഇപ്പോഴുംതന്നെ ചെന്നു പറഞ്ഞേയ്ക്കാം.

(അടുത്തു ചെല്ലുന്നു)

ലക്ഷ്മണൻ— (മധുകരികയെ കണ്ടിട്ട്, ആത്മഗതം) മധുകരിക വ്യസനഭാവത്തോടുകൂടി തനിയെ വരുന്നുണ്ട്. ദേവിയായ സീതയ്ക്ക് എന്തോ അത്യാപത്തു നേരിട്ടിരിയ്ക്കണം.

മധു— മഹാരാജാവു ജയിച്ചാലും.

രാമൻ— മധുകരികേ! ജാനകി എവിടെ?

മധു— (തൊണ്ട വിറച്ചുകൊണ്ട്) ദേവാ! ഇവിടത്തെ ദേവപൂജയ്ക്കുവേണ്ടി, ആശ്രമത്തിന്നടുത്തുള്ള വള്ളികളിൽനിന്നും പൂവറുക്കട്ടെ എന്നു പറഞ്ഞുംവെച്ചു—

ലക്ഷ്മണൻ— ദേവപൂജയ്ക്കുള്ള പുഷ്പങ്ങൾ അറുക്കേണ്ടതാണല്ലോ

രാമൻ— (ആത്മഗതം) ഇനിയെന്തു പറയുമോ എന്നു വിചാരിച്ച് എന്റെ മനസ്സു ചലിയ്ക്കുന്നു. (പ്രകാശം) എന്നിട്ടോ?

മധു— ഭംഗിയുള്ള പുഷ്പങ്ങൾ കാണുന്നു എന്നു പറഞ്ഞ് അവർ കാട്ടിലേയ്ക്കു കടന്നു. ഞാൻ പിന്നെ അന്വേഷിച്ചു നോക്കിയതിൽ കാണുകയുണ്ടായില്ല.

Digitized By Kerala Sahitya Akademi

രാമൻ—ഹാ! ഞാൻ ഹതനായി.

തല്ലിച്ചെവിട്ടേറിയ 'സീതയെക്ക–
ണ്ടില്ലെ'ന്നൊരീഗ്ഘോരതരാക്ഷരങ്ങൾ
വല്ലാതുദിത്തീപ്പൊരികൾക്കുതുല്യ-
മെല്ലാമെരിയ്ക്കുന്നു ശരീരമയ്യോ! 9

കഷ്ടം! ദൈവദുർവ്വിപാകം അതിഭയങ്കരമായിരിയ്ക്കുന്നു:

നാട,ച്ഛന,മ്മ, നിജതമ്പികൾ, ബാന്ധവന്മാ–
രോടൊക്കമാപ്പുരികളെന്നിവ ദൈവയോഗാൽ,
പാടേ വെടിഞ്ഞടവി കേറുകിലും സഹിച്ചു–
കൂടാത്ത സങ്കടമണഞ്ഞു നമുക്കു കഷ്ടം: 10

ഹാ! ജാനകി!

പിരിയാനരുതാഞ്ഞു കാട്ടിലേയ്ക്കും
പരമെന്നോടൊരുമിച്ചുപോന്ന നീതാൻ
ഒരു തെറ്റുമെഴാത്തൊരെന്നെ വിട്ടെൻ-
ചെറുമാൻകണ്ണി! വസിപ്പതെങ്ങിദാനീം? 11

ലക്ഷ്മണൻ:—(ആത്മഗതം) ഇതിനെ കണ്ടാൽ ആൎയ്യൻ നന്നെ വ്യസനിയ്ക്കും. ആകയാൽ ഇതിനെ കൊടുത്തയച്ചേയ്ക്കാം. (സ്വകാൎയ്യമായി) മധുകരികേ, ഇതിനെ ആശ്രമത്തിലേയ്ക്കു കൊണ്ടുപോയ്ക്കോളു. ഞാൻ ആൎയ്യന്റെ അടുക്കൽ നില്ക്കട്ടെ.

മധു:—(പൊന്മാനിനെ വാങ്ങി) അങ്ങിനെതന്നെ.

(എന്നു പോയി)

രാമൻ— ഓരാതിരിയ്ക്കെപ്പറയാവതല്ലാ–
ത്തോരാക്കറോരസ്ഥിതിയാന്നമൂലം
പാരിന്നു നല്ലാഭരണംകണക്കു–
ള്ളാരോമലാം സീതയെയെങ്ങു കാണും? 12

ലക്ഷ്മണൻ—എന്തിനിങ്ങിനെ വ്യസനിയ്ക്കുന്നു? ഈ കാട്ടിൽച്ചെന്നന്വേഷിച്ചാൽ ദേവിയെ കാണും.

Digitized By Kerala Sahitya Akademi

രാമൻ—ഭാഗ്യംകെട്ട നമ്മുടെ കുഞ്ഞിന്, ഇനി എവിടെയാണ്. സീതാദർശനസുഖം കിട്ടാൻ പോകുന്നത്? ആട്ടെ, വഴി കാണിയ്ക്കൂ.

ലക്ഷ്മണൻ—ഇതിലെ. ഇതിലെ.

(രണ്ടാളും ചുററിനടന്നു കാട്ടിൽ കടക്കുന്നു)

ലക്ഷ്മണൻ—ആര്യ, ഈ മണലുള്ള പ്രദേശത്തിൽ ദേവി പോയ വഴി സ്പഷ്ടമായി കാണുന്നുണ്ട്.

രാമൻ—(നോക്കിയിട്ട്) തീർച്ചയായും ഇതു പ്രിയ പോയ വഴി തന്നെയാണ്. എന്തെന്നാൽ,

അതുതാൻ വിരലിൻവെപ്പി,ങ്ങതുതാൻ ചരണക്രമം,
അതുതന്നെ ചുരുങ്ങുംമട്ട,തുതാൻ നീട്ടിവെപ്പുമേ. 13

(തെരുതെരെ)

ഉളവാം പ്രണയാപരാധമാകെ-
ക്കളവാൻ കമ്പിടുമെൻ ശിരസ്സിൽനിന്നും
മലർപങ്ക്തിയതിന്ന പൂജചെയ്തോ-
രലസാക്ഷീപദമുദ്രയിങ്ങു കാണ്മൂ. 14

(കാലടികളെ അനുസരിച്ചു നടന്നു നോക്കീട്ട്)

പ്രേമകോപനിലകൊണ്ടു കണ്ണുനീ-
രാ മഷിക്കറയൊടൊത്തു തിർത്തിതാ
താമരപ്പൂതിർമുഖം തുടച്ചു ചാ-
ഞ്ഞോമലാളെയിഹ കാണുമെത്തുണ്ടു മേ. 15

(അടുത്തുചെന്നിട്ട്) പ്രിയേ, പ്രസാദിച്ചാലും, പ്രസാദിച്ചാലും.)

കലഹം കളയൂ, തെളിഞ്ഞിടട്ടേ
വിലസച്ചന്ദ്രനെ വെന്ന നിൻമുഖാബ്ജം;
നലമോടു പണിഞ്ഞു നിൻപദത്തിൽ
കലരും ലാക്ഷ ശിരസ്സിലേററിടാം ഞാൻ. 16

(എന്ന് അവിടെയുള്ള പദവിന്യാസത്തെ നമസ്കരിക്കുന്നു.)

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ—(ആത്മഗതം) കഷ്ടം! ആൎയ്യന്ന് ഉന്മാദാവസ്ഥ നേരിട്ടിരിക്കുന്നു. (പ്രകാശം) ആൎയ്യ, ഇതു ജാനകിയല്ല.

(എന്നിങ്ങിനെ തലപിടിച്ചുയൎത്തുന്നു)

രാമൻ—(എഴുന്നേററു സ്ഥലപത്മിനിയെ കണ്ടിട്ട്) തേനിന്റെ കനംകൊണ്ടു പൂവു ചാഞ്ഞതും, നിലത്തു പൊഴിഞ്ഞിട്ടുള്ള തേൻ കടിപ്പാൻവേണ്ടി താമരപ്പൂവിന്റെ ഉള്ളിൽനിന്നും പുറപ്പെടുന്ന വണ്ടിൻകൂട്ടത്തോടുകൂടിയതും ആയ ഈ ചുകന്ന സ്ഥലപത്മിനിയെകണ്ടിട്ടു ഞാൻ അന്ധാളിച്ചുപോയി.

ലക്ഷ്മണൻ—ജ്ഞാനാജ്ഞാനങ്ങളുടെ ഇടകലൎച്ച ആശ്ചൎയ്യം തന്നെ.

എന്തെന്നാൽ,

ഓരോന്നു പേയ പറയുന്നിതിടക്കിടക്കു
നേരോതിടുന്നു, മറിവും വെളിവും സമംതാൻ
ചേരുന്നിതാൎയ്യനി,ലിലയ്ക്കു ചുരുക്കമുള്ള
ദാരുച്ചുവട്ടിൽ നിഴലും വെയിലും കണക്കേ. 17

രാമൻ—ആട്ടെ, ഇതിനോടുതന്നെ ചോദിക്കാം.

കാല്പാടിതാ നിന്നിലണഞ്ഞിരിപ്പൂ
പത്മാസ്യയെപ്പത്മിനി, നല്ലെനിക്കായ്;
അല്ലായ്കിൽ നീ കാട്ടുക, മറെറാരേടം
മല്ലാക്ഷിയാറം പോയ പദക്രമത്തെ. 18

(സൂക്ഷിച്ചു നോക്കീയിട്ട്) ഇതാകട്ടെ, ഇളകിയ താമരപ്പൂവാകുന്ന മുഖംകൊണ്ടു കാലടികളുടെ പോക്ക് ഇതിലേയാണെന്നു സൂചിപ്പിയ്ക്കുന്നു.

ലക്ഷ്മണൻ—ഇവിടെനിന്നും സഹകാരോദ്യാനത്തിലേക്കു പോയതായിട്ടാണ്, കാലടികറം കാണുന്നത്.

[രണ്ടുപേരും സഹകാരോദ്യാനത്തിൽ ചെന്നതായി നടിക്കുന്നു.]

ലക്ഷ്മണൻ—(ആത്മഗതം) ഞാൻ ആൎയ്യന്റെ മനസ്സു മറെറാന്നിലാക്കട്ടെ. (പ്രകാശം)

Digitized By Kerala Sahitya Akademi

തളിരുകളെയശേഷം മുന്നിലിട്ടൊന്നുലച്ചും
തെളിവിയലിന പുത്തൻപൂങ്കുലത്തേൻ കവർന്നും,
അളികുലമടിതോറും വന്നു പിമ്പേ നിറഞ്ഞും
കുളിരണിമലയാദ്രിക്കാററു ലാത്തുന്നു മന്ദം. 19

രാമൻ—എയ്, വിരഹികൾക്കു കാട്ടുതീയ്യായ കാററ്.

നിന്നെസ്സർവജഗൽപ്രാണ–
നെന്നോതുന്നിതു സത്യമായ്;
എന്നോ! ജഗത്തിലുൾപ്പെട്ടോ-
രെന്നെക്കൊല്ലുകയാണു നീ. 20

എന്നാൽ,

നീ കാററേ, മൽപ്രിയയുടെ
വാകപ്പൂമൃദുളമേനി തൊട്ടെങ്കിൽ
പുല്കുകയെന്നുടലിപ്പൊ–
ന്നാകിലുടൻ വഴിയൊഴിഞ്ഞേയ്ക്കു. 21

(ആലോചിച്ച്) ആട്ടേ, പ്രിയയെക്കുറിച്ചുതന്നെ ചോദിയ്ക്കാം.

അന്നത്തിനൊത്ത നടയു–
ള്ളെന്നോമൽപ്രാണകാന്തയെ
തെന്നലേ, കണ്ടുവോ കാട്ടു–
തന്നിലെങ്ങാനുമിങ്ങു നീ? 22

എയ്! നീ പ്രിയയുടെ നിസർഗ്ഗസുരഭിയായ നിശ്വാസവായുവിനാൽ തിരസ്കരിയ്ക്കപ്പെട്ടതിനാലുള്ള വൈരം വിചാരിച്ചു മിണ്ടാതെ പോകയാണ്.

(മറെറാരേടത്തു നോക്കീട്ട്)

എന്തുന്ന മാകന്ദകദംബകത്തിൻ–
പൂന്തേനിലാറാടിന വണ്ടിനങ്ങൾ
മാന്തോററകണ്ണാൾമണിമാർക്കു മാന–
ശാന്തിയ്ക്കുരയ്ക്കുന്നു മനോജമന്ത്രം. 23

Digitized By Kerala Sahitya Akademi

അത്രുയുമല്ല,

മാകന്ദവൃന്ദമകരന്ദജലത്തിൽ മഗ്ന-
മാകന്നാ ഭൃംഗനിര പങ്കജരേണു പൂശി
മാഴ്കാതെ മാനിനികൾ മാനമൊഴിഞ്ഞുമട്ടി-
ലാകാൻ മുറക്കുതുവിടുന്നു മനോജമന്ത്രം. 24

എന്നാൽ, ഇടവിടാതെ പൂന്തേൻ കുടിച്ചു ലഹരി പിടിച്ചിട്ടുള്ള ഇക്കൂട്ടരുടെ വാക്കു തീരെ വിശ്വസിച്ചുകൂടാത്തതാണ്. ആകയാൽ പ്രിയയുടെ ഗതിയെക്കുറിച്ചു ചോദിക്കേണ്ടു. (കുറച്ചു നടന്നതായി നടിച്ചു ചെവികൊടുത്തിട്ട്) വത്സ,

നല്ലോരിളംകുമ്പുകളാൽ മറഞ്ഞെൻ
മല്ലാക്ഷി മാകന്ദവനാന്തരത്തിൽ
മെല്ലെന്നിതെന്തോ ചിലതോതിയുംകൊ-
ണ്ടുല്ലാസമെന്നുള്ളിനു നല്കിടുന്നു. 25

ലക്ഷ്മണൻ— (ആത്മഗതം) ആര്യൻ കുയിലുകളുടെ ശബ്ദം കേട്ടിട്ട് അന്ധാളിച്ചിരിക്കുയാണ്.

രാമൻ— എയ്! പ്രിയയുടെ ശബ്ദം കേൾക്കുന്നതേഉള്ളൂ. ആകൃതി കാണുന്നില്ല. അതിനാൽ ഇങ്ങിനെ അപേക്ഷിക്കുന്നു.

എന്മനസ്സിനൊരു ജീവനൌഷധം
കണ്മണിക്കുമൃതവർത്തികാഞ്ജനം
മന്മഥജ്ജ്വരമഹാരസായനം
നിന്മുഖം സപദി കാട്ടുകോമളേ! 26

(കുറച്ചുനേരം മിണ്ടാതെ നിന്നിട്ട്) അല്ലേ ജാനകി! നീയെന്താണ് ഉദാസീനയായിരിക്കുന്നത്?

നില്ലാതെകണ്ടരികിലെത്തിയിവൻെറ കണ്ണും
മല്ലാക്ഷി! നിൻെറ ഭുജവല്ലികൾ കൊണ്ടു കെട്ടു
അല്ലായ്കിൽ മെല്ലെയടിവെച്ചഥ പിന്നിൽവന്നി-
ട്ടുല്ലാസമോടു മിഴി കൈത്തളിർകൊണ്ടു പൊത്തു. 27

(എന്നു കണ്ണു ചിമ്മി നില്ക്കുന്നു)

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ;—(ആത്മഗതം) കഷ്ടം! നിർവ്വാഹമില്ലാത്ത കാര്യത്തിൽ എന്തുചെയ്യും?

രാമൻ:—പ്രിയേ! എന്താണു താമസിയ്ക്കുന്നത്? രണ്ടിലൊന്നു ചെയ്യു.

ലക്ഷ്മണൻ:—ആര്യ, ഈ കേൾക്കുന്നതു, കയിലുകളുടെ ശബ്ദമാണ്. ഇവിടെ ജാനകിയില്ല.

രാമൻ—(കണ്ണുമിഴിച്ചു, ചെവികൊടുത്തിട്ട്) അതുതന്നെയാണിപ്പോൾ, വീണവായന കേട്ടവനു മിഴാവിന്റെ ഒച്ചപോലെ കഠോരമായി തോന്നുന്നത്.

(ലക്ഷ്മണൻ മററൊരേടത്തെയ്ക്കു കാണിയ്ക്കുന്നു)

രാമൻ—(നോക്കീട്ട് സംഭ്രമത്തോടുകൂടി) വത്സ, ഇതാ, ചില കള്ളന്മാർ പ്രിയയുടെ സർവാഭരണങ്ങളും എടുത്തു തലയിലേററി എന്നോടു യുദ്ധംചെയ്യുവാൻ കൈകൾ നീട്ടിക്കൊണ്ടു കൂസലില്ലാതെ മുമ്പിൽ നില്ക്കുന്നു. നോക്കൂ, നോക്കൂ:

ചിലപേർ പത്മരാഗങ്ങൾ,
ചിലർ പൊങ്കോപ്പു, കഷ്ടമേ!
ചിലരേന്തുന്നിതെന്നാരോ-
മലാൾതൻ മുത്തുമാലയും. 28

ലക്ഷ്മണൻ—(ആത്മഗതം) കഷ്ടം! ആര്യന്നു പിന്നെയും ഭ്രാന്തുതന്നെ.

രാമൻ—എട! എട! ചോരന്മാരേ! നില്ക്കുവിൻ. എന്റെ മുമ്പിൽനിന്നെങ്ങോട്ടാണു, പോകുന്നത്? ഇപ്പോൾത്തന്നെ വില്ലുകുലച്ച് ഒരൊററ അസ്ത്രംകൊണ്ടുതന്നെ നിങ്ങളെ എല്ലാവരേയും വീഴിച്ചേയ്ക്കാം. (എന്നാരോപത്തോടുകൂടി ചുററിനടന്നു വില്ലു കുലയ്ക്കുന്നു.)

ലക്ഷ്മ—(കുലയേററിയ വില്ലുപിടിച്ചിട്ട്) ബദ്ധപ്പെടേണ്ട.

രാമൻ—ഉണ്ണി, വിടൂ, വിടൂ. ഞാൻ ബാണം തൊടുക്കട്ടെ. ഇവററ പിന്നെയും ഇവിടെത്തന്നെ നിർഭയമായി അനങ്ങാതെ നില്ക്കുന്നു.

(എന്നു ആവനാഴിയിൽനിന്ന് അമ്പെടുക്കുവാൻ തുടങ്ങുന്നു)

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ:—ബാണധിജ്യ വെളിപ്പെടുന്നീ
ബാണമെങ്കിലുടൻ വിടണോ!
പ്രാണൻ പോം പറ്റാലക്കേ,ന്തി-
നാണതോൽത്താൽത്തൊട്ടപ്പതും? 29

അതുകൊണ്ടു ശരസന്ധാനത്തെ ഉപേക്ഷിച്ച്, ആര്യൻ നല്ലവണ്ണം നോക്കു. ഇവിടെ ചോരയൊന്നില്ല.

രാമൻ:—(സൂക്ഷിച്ചുനോക്കീട്ട്) അല്ലാ! ഞാൻ തെററിദ്ധരിച്ചതാണ്. എന്തെന്നാൽ,

നന്നായംബുജരാഗമല്ലിതു, സുരക്താ-
ശോകമൊട്ടാണു ചെ-
മ്പൊന്നാം ഭൂഷണമല്ലിതിയ്യിടെ വിടന്നാ-
ക്കണ്ണികാരോല്ക്കരം
എന്നാലോയിതു മുത്തുമല്ല, കരുനൊ-
ച്ചിപ്പൂനിരപ്പാണു, ക-
യ്യൊന്നായ്പ്പൊക്കിന ചോരരല്ലിതുകളാ-
ക്കൊമ്പുള്ള വൃക്ഷങ്ങൾ താൻ. 30

ലക്ഷ്മണൻ— ഇനിയും വള്ളിക്കുടിലുകളിൽ തിരഞ്ഞുനോക്കുക.

രാമൻ— അങ്ങിനെതന്നെ- (എന്ന് മറെറാരിടത്തുനിന്നുനോക്കി സസന്തോഷം) വത്സ, ജാനകിയെ കണ്ടു.

മുലകൾ കനത്തിട്ടുടലൊ-
ന്നുലയെക്കയ്യാംഗ്യമായ്‌വിളിച്ചെന്നെ,
ചില കണ്ണാമൃതമൊഴിയാ-
ലലമിവനിങ്ങാംപ്രമോദമരുളുന്നു. 31

ലക്ഷ്മണൻ— അയ്യോ! ഉന്മാദം കലശലായിരിയ്ക്കുന്നു.

രാമൻ— ജാനകി, നീയിതുവരെ എവിടെയായിരുന്നു? (ചെവികൊടുത്തിട്ട്) എന്താണു പറയുന്നത്, 'ഞാൻ ആര്യപുത്രന്റെ പ്രേമം പരീക്ഷിപ്പാൻ ഒരു വള്ളിക്കുടിലിൽ ഒളിച്ചിരിയ്ക്കുയായിരുന്നു' എന്നോ?



Digitized By Kerala Sahitya Akademi

ലക്ഷ്മണൻ— ജാനകി എവിടെ?

രാമൻ— (കേൾക്കാത്തതായി നടിച്ച്)

എനിയ്ക്കാ നിൻവാക്യം ചെകിടിനുതിരും പുത്തനമൃതാ-
ണെനിയ്ക്കംഗേ നിന്നെത്തടവുക കളിർച്ചന്ദനരസം
എനിയ്ക്കീ നിന്മെയ്യോ ശരദണിനിലാവാണു മിഴികൾ-
ക്കെ,നിയ്ക്കാമോ ഭദ്രേ, നിമിഷവുമഹോ! നിന്റെ വിരഹം?

ലക്ഷ്മണൻ— ആര്യ, ജാനകിയെവിടെ?

രാമൻ— ഇതാ മുമ്പിൽത്തന്നെ നില്ക്കുന്നു. (എന്ന് മുമ്പിൽ നില്ക്കുന്ന വള്ളിയുടെ അടുക്കൽ ചെന്നു നോക്കിയിട്ട്) അയ്യോ! എന്റെ അന്ധാളിത്തം!!

മലർമഞ്ജരികൊണ്ടു തെല്ലു താന്നൊ-
ന്നുലയും ചെന്തളിർപൂണ്ടു ചന്തമോടും
മലരിൻമധുവുണ്ടുകൊണ്ടു വണ്ടിൻ-
കുലമാക്കുന്നൊരു വള്ളിയാണിതല്ലോ. 33

(പിന്നെയും നോക്കി) വത്സ! ഈ വള്ളിമേൽനിന്നു തന്നെ, ജാനകി പൂവറുത്തിട്ടുണ്ടെന്നു ഞാൻ വിചാരിയ്ക്കുന്നു. എന്തെന്നാൽ,

അവളിഹ പൂക്കളറുത്തി-
ട്ടവയിൽ വെറും ഞെട്ടി മാത്രമേയുള്ളു
അവിടവിടെത്തളിർമുറികളു-
മിവിടെച്ചിന്നിക്കിടക്കുന്നു. 34

ലക്ഷ്മണൻ— ഇതു ശരിയാണ്. കാലടികളും ഇടവിടാതെ ഈ ലതയുടെ അടുക്കൽ എത്തിയിരിയ്ക്കുന്നു.

രാമൻ— ഇവിടെനിന്നെങ്ങോട്ടാണു പോയിരിയ്ക്കുന്നതെന്നു നോക്കുക.

ലക്ഷ്മണൻ— അങ്ങിനെതന്നെ. (എന്നു ലതയുടെ നാലു പുറത്തും നടന്നു മണിവലയം കണ്ടിട്ട് ആത്മഗതം) ഇതു ദേവിയുടെ കയ്യിന്മേൽനിന്ന് ഊരി വീണുപോയതാണ്.

Digitized By Kerala Sahitya Akademi

ആകയാൽ, ആൎയ്യന്റെ വിനോദത്തിന്നായി, അവസരം വരുമ്പോൾ കാണിച്ചുകൊടുക്കാം. (എന്ന് എടുത്തു വസ്ത്രത്തിൽ പൊതിഞ്ഞ് അടുത്തുചെന്നു പ്രകാശം) ആൎയ്യ, ഇവിടന്നങ്ങോട്ടു കാലടികൾ എങ്ങും കാണുന്നില്ല. എന്നാൽ, കാട്ടിൽ നടക്കുന്ന ഒരു മൃഗം പോയ വഴി ഇവിടെ സ്പഷ്ടമായി കാണ്മാനുണ്ട്.

രാമൻ— കഷ്ടം! നമ്മൾ നിരാശന്മാരായി. അല്ലയോ ജാനകീ!

നീണ്ട കണ്ണുകൾ ചുരുണ്ട കുന്തൽ, ചോ-
പ്പാണ്ട തൊണ്ടിയെതിർചുണ്ടിതൊക്കയും
പൂണ്ട നിൻമുഖസരോജമെന്നു ഞാൻ
വേണ്ടപോലെ മൃദുവാണി! കാണ്മതും? 2

(ചുററും നോക്കി) അയ്യോ! പ്രിയയെ സംബന്ധിച്ചതായി ഒരു സാധനമെങ്കിലും കാണുന്നില്ലല്ലോ! ഞാനെന്തുകൊണ്ടാണ്, മനസ്സിനെ വിനോദിപ്പിക്കേണ്ടത്?

ലക്ഷ്മണൻ—ആൎയ്യ, ഇതാ, ദേവിയുടെ കയ്യിന്മേൽ നിന്നും ഊരി വീണ മണിവലയം! ആൎയ്യൻ നോക്കു. (എന്നു കൊടുക്കുന്നു)

രാമൻ—(വാങ്ങി സന്തോഷത്തോടുകൂടി)

വെളിവൊടു ചിരമെന്മനസ്സിനല്പം
കളിർ തരുമീശ്ശ്രുഭരത്നകങ്കണം താൻ
തളിരെതിർദയിതാകരത്തിൽനിന്നും
ഗളിതമെനിക്കൊരുമട്ടിലിന്നു കിട്ടി. 36

(മാറത്തു വെച്ചുംകൊണ്ട്)

മാലിന്യശൂന്യമിതു പണ്ടു മദീയകണ്ഠാ-
ലിംഗനങ്ങളിലമത്തു മുറിപ്പെടുത്തി
ചേലാൎന്ന ചെഞ്ചൊടി രസിച്ചിവനാസ്വദിക്കേ,
ലോലാക്ഷി കൈകടകയാലൊലിയും മുഴക്കി. 37

(നെടുവീൎപ്പിട്ട്) വത്സ, നാം എവിടെയാണ് ജാനകിയെ കണ്ടെത്തുക? ഏതൊരു കാട്ടിലാണിനി അന്വേഷിക്കുക? ഏതെല്ലാം വള്ളിക്കുടിലുകളാണിനി കടന്നുനോക്കുക? കഷ്ടം! നാം സൎവ്വഥാ നിരാശന്മാരായി.

Digitized By Kerala Sahitya Akademi

ഇന്നു ദിക്കൊക്കവേ, ചെന്തീ-
യുന്നും മട്ടാണു കാണ്മു ഞാൻ
തോന്നുന്ന ശൂന്യമീ ലോക-
മെന്നുമെന്നോമൽ പോകയാൽ. 38

ലക്ഷ്മണൻ—അയ്യോ! ആര്യന്റെ ഈ സ്ഥിതി കഷ്ടമായിരി ക്കുന്നു.
രാമൻ—നാമെന്താണിവിടെയിരിക്കുന്നത്?
പോരൂ വത്സ! ഗമിക്ക വീട്ടിൽ
ലക്ഷ്മണൻ— ഇതു വീടാണോ?
രാമൻ—നമുക്കെങ്ങു പാർപ്പ്?
ലക്ഷ്മണൻ:—ആരണ്യത്തിൽ
രാമൻ:—ഇന്തെന്തു കാട്ടിൽ വരുവാൻ?
ലക്ഷ്മണൻ: —അച്ഛൻ നിയോഗിക്കയാൽ
രാമൻ:—ദൂരം പോന്നവരെത്രപേർ പറക നാം?
ലക്ഷ്മണൻ;— മൂന്നാം
രാമൻ:—അതാരൊക്കെയാണ്?
ലക്ഷ്മണൻ:—ആര്യൻ, ജാനകി, ഞാനും,
രാമൻ:—എൻ പ്രിയതമേ. നീയെങ്ങു ഹാ! ജാനകി! 39

(അണിയറയിൽ) വത്സേ ഭയപ്പെടേണ്ട

ലക്ഷ്മണൻ:—(ചെവികൊടുത്തു സൂക്ഷിച്ചുനോക്കി സസന്തോഷം) ആര്യാ, മധുകരികയോടുകൂടിയ ജാനകിയെ ആശ്വസിപ്പിച്ചുംകൊണ്ടിതാ അഗസ്ത്യമഹർഷി ഇങ്ങോട്ടുതന്നെ വരുന്നു.

(അനന്തരം പറഞ്ഞപോലെ അഗസ്ത്യൻ പ്രവേശിക്കുന്നു.)

അഗസ്ത്യൻ— വത്സേ, ഭയപ്പെടേണ്ട. ഇതാ, ഇവിടെ ലക്ഷ്മണനോടുകൂടിയ രാമഭദ്രൻ നിന്നെ അന്വേഷിച്ചുംകൊണ്ടു നില്ക്കുന്നു.
സീത— (രാമനെ കണ്ടിട്ടു ലജ്ജിച്ച് ആത്മഗതം)ഈ കണ്ണുകാം കൊണ്ടു രാമഭദ്രനെ കാണുവാനിടയായതെന്റെ ഭാഗ്യം തന്നെ.

Digitized By Kerala Sahitya Akademi

രാമൻ— ഭഗവാനേ! ഞാൻ അഭിവാദനം ചെയ്യുന്നു.

അഗസ്ത്യൻ— ആയുഷ്മാനായി ഭവിച്ചാലും.

ലക്ഷ്മണൻ— ഭഗവൻ! ഞാൻ വന്ദിയ്ക്കുന്നു.

അഗസ്ത്യൻ— ഉണ്ണി, വളരെക്കാലം ജീവിച്ചിരുന്നാലും.

സീത— ആര്യ്യപുത്രൻ ജയിച്ചാലും, ജയിച്ചാലും.

രാമൻ— (സീതയെ കണ്ടിട്ട്) വത്സ, സീതാദൎശനം, യദൃച്ഛയാ അമൃതുമഴ പെയ്തതുപോലെയിരിയ്ക്കുന്നു,

ലക്ഷ്മണൻ— ആര്യ്യ, ഇത് അങ്ങിനെതന്നെ (അഗസ്ത്യനോട്) ഭഗവൻ! ഈ ലതാമണ്ഡപത്തിൽ കുറച്ചുനേരം ഇരുന്നാലും.

(എല്ലാവരും യഥോചിതം ഇരിയ്ക്കുന്നു-)

ലക്ഷ്മണൻ— ഭഗവാനേ! എങ്ങിനെയാണ്, ജാനകിയെ കിട്ടിയത്?

അഗസ്ത്യൻ— കേംപ്പിൻ.

രാമൻ— ഞങ്ങൾ അവഹിതന്മാരായിരിയ്ക്കുന്നു-

അഗസ്ത്യൻ— പണ്ടിവിടെ, ദുർവ്വാസസ്സു കുറെ ദിവസം തപസ്സു ചെയ്കയുണ്ടായി.

മധുകരിക—ഈമഹൎഷി മഹാശുണ്ഠിക്കാരനാണെന്നു കേട്ടിട്ടുണ്ട്.

രാമൻ— എന്നിട്ടോ?

അഗസ്ത്യൻ— അക്കാലത്ത്, ഓരോ ആശ്രമങ്ങളിൽ, കഠിനമായ തപസ്സിനെക്കുറിച്ചു ശങ്ക ജനിച്ചു ദേവേന്ദ്രനാൽ അയയ്ക്കപ്പെട്ട അപ്സരസ്ത്രീകളുടെ കൂട്ടത്തിൽ 'ഹരിണി' എന്നൊരുവൾ ഈ തപോവനത്തിൽ കടന്നു പൂവറുപ്പാൻ തുടങ്ങി.

രാമൻ— അഹോ! വലിയ പ്രമാദം.

അഗസ്ത്യൻ— അതിന്റെ ശേഷം, സ്നാനത്തിന്നു വരുന്ന ദുർവ്വാസസ്സ് 'എടി! ഹരിണി! നീ എനിയ്ക്കു ദേവപൂജയ്ക്കുള്ള പുഷ്പങ്ങൾ അറുത്തു കൊണ്ടുപോകുന്നതുകൊണ്ട് നിന്റെ പേരിന്നു ശരിയായ ആകൃതിയെത്തന്നെ പ്രാപിയ്ക്കുക' എന്നു ശപിച്ചു. അപ്പോൾത്തന്നെ ഈ കാട്ടിൽനിന്നും പോയി മറയുകയും ചെയ്തു.

മധു— അമ്പാ! തപസ്സുചെയ്യുന്നവരുടെ മനസ്സിന്നുള്ള കടുപ്പം.

ലക്ഷ്മണൻ— ഇവൾക്കു പിന്നെ ശാപമോക്ഷം കിട്ടിയതെങ്ങിനെയാണ്?

Digitized By Kerala Sahitya Akademi

അഗസ്ത്യൻ— പിന്നെ അപ്സരസ്സുകളും, മാൻപേടയായിത്തീൎന്ന ഹരിണിയോടുകൂടി വാവിട്ടുകരഞ്ഞുകൊണ്ടു് എന്റെ അടുക്കൽ വന്നു് ആവലാതി പറകയാൽ ഞാൻ ദയയോടുകൂടി ഒരു പിടി കറുക മന്ത്രിച്ചുകൊടുത്തു. അതിനാൽ, അവൾ മുൻസ്ഥിതിയിലായി.

രാമൻ— എന്താണു് ആശ്ചൎയ്യം?

വനദഹനങ്കലെരിഞ്ഞൊരു
വനലക്ഷ്മിയെ വീണ്ടുമേ പുതുപ്പിയ്ക്കൽ
അനഘം ജഗത്തിനുതകും
ഘനപടലത്തിന്റെ സമ്പ്രദായംതാൻ. 40

അഗസ്ത്യൻ—ഇപ്പോഴും അനുബന്ധിയ്ക്കുന്ന ആ വലിയ ശാപംതന്നെ, ഈ വനത്തിൽ ചെന്നു പൂവറുത്തതിനാൽ, ജാനകിയെ ബാധിച്ചു.

രാമൻ—(ആശ്ചൎയ്യത്തോടുകൂടി) ഇവൾ ഇതുവരെ മാൻപേടയായിരിയ്ക്കണം.

അഗസ്ത്യൻ—ഒററയ്ക്കു് എന്റെ ആശ്രമത്തിൽ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു നടക്കുന്നേ, പണ്ടു കണ്ടിട്ടില്ലാത്ത മാൻപേടയെ, ഞാൻ സമാധികൊണ്ടു ജാനകിയാണെന്നു മനസ്സിലാക്കി. ഉടൻതന്നെ ശാപമോക്ഷം വരുത്തി ഇങ്ങോട്ടു കൊണ്ടു പോന്നു.

രാമൻ— പരന്മാൎക്കു ഗുണം ചെയ്ക,
പരദുഃഖം പൊറായ്കയും,
ദയ, ദാക്ഷിണ്യവും നല്ലോ-
ൎക്കെഴും സഹജനന്മകൾ. 41

അഗസ്ത്യൻ—അങ്ങുന്നു്, ഈ ജാനകിയോടും, ലക്ഷ്മണനോടും ഒന്നിച്ചു വളരെക്കാലം ജീവിച്ചിരിയ്ക്കും; അത്രയുമല്ല,

ആകല്പാന്തം ലോകസന്തുഷ്ടി ചേൎത്തും,
ശോകധ്വാന്തം മാനുഷന്മാൎക്കു തീൎത്തും

Digitized By Kerala Sahitya Akademi

ശ്രീകാന്ത! ശ്രീരാമ! സോമാഭിരാമ–
ശ്രീ കാലം നിൻകീർത്തിപൂരം ജയിയ്ക്കും. 42

രാമൻ:—വലുതായ പ്രസാദം.

അഗസ്ത്യൻ:—ഇനി എന്തൊരിഷ്ടത്തെയാണു ഞാൻ അങ്ങേയ്ക്കു ചെയ്യേണ്ടത്?

രാമൻ:—ഇതിലധികം എന്താണിഷ്ടമായിട്ടുള്ളത്? എങ്കിലും ഇതിരിയ്ക്കട്ടെ.

(ഭരതവാക്യം)

അവധിയിൽ മഴപെയ്യിട്ടുണ്ടർകോൻചൊല്പടിയ്ക്കീ-
യവനിയിൽ മുകിൽ വേണ്ടും സസ്യമുണ്ടാക്കിടട്ടേ
ഭവജലധിയിലാഴും മാനുഷന്മാൎക്കു സാധു–
പ്രവരനിയതസംഗം കപ്പലായ്ക്കൈവരട്ടെ. 43

(സമ്പൂൎണ്ണം)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കർപ്പൂരചരിതഭാണം



Digitized By Kerala Sahitya Akademi

Karporacharitabhanam
Mahamatyavalsarajan
1976 ഡിസംബർ
പകർപ്പവകാശം:
സി. ബാലകൃഷ്ണക്കുറുപ്പിന്

Digitized By Kerala Sahitya Akademi

# മുഖവുര

ക്രിസ്ത്വാബ്ദം 13-ാംശതകത്തിന്റെ ആരംഭത്തോടുകൂടി മുസൽമാന്മാരുടെ ശക്തി ഉത്തര ഇൻഡ്യയിൽ വർദ്ധിച്ചുതുടങ്ങി. അതോടുകൂടി, സംസ്കൃതസാഹിത്യം ഗുജ്ജരകാലഞ്ജരാദി രാജ്യങ്ങളെ അഭയംപ്രാപിച്ചു എന്നു പറയാം. ഉത്തരഭാരതത്തിൽ താൽക്കാലികമായെങ്കിലും അസ്തമിച്ചുപോയ ആ സാഹിത്യം പശ്ചിമദേശങ്ങളിൽ ഉദിച്ചുയൎന്നതു സ്വല്പം ചില സ്വഭാവവ്യത്യാസത്തോടുകൂടിയാണ്. ഗുജ്ജരദേശത്തിൽ അക്കാലത്തു ജൈനമതത്തിനാണ് കൂടുതൽ പ്രാബല്യമുണ്ടായിരുന്നത്. ജൈനന്മാരുടെ മതഗ്രന്ഥങ്ങളും പുരാണങ്ങളും മുതലായവ ഇന്നെന്നപോലെ അന്നും സംസ്കൃതത്തിൽത്തന്നെയായിരുന്നു. ഗുജറാത്തിലെ സംസ്കൃതസാഹിത്യം ഇക്കാരണങ്ങളാൽകൊണ്ടു ജൈനപണ്ഡിതന്മാരുടെ പോഷണത്തിലാണ് അഭിവൃദ്ധിയെ പ്രാപിച്ചത്. കലികാലവ്യാസനെന്നു വിഖ്യാതനായ ഹേമചന്ദ്രസൂരിയെത്തുടൎന്നുണ്ടായ ആ സാഹിത്യം കാവ്യം, നാടകം അലംകാരം മുതലായ എല്ലാ ശാഖകളിലും, അതിവിപുലവും വിശിഷ്ടവുമാണെങ്കിലും ദാക്ഷിണാത്യരുടെ ഇടയിൽ അതിനു വലുതായ പ്രചാരം ഇതുവരെ സിദ്ധിച്ചിട്ടില്ല. ഗയിക്കവാഡു മഹാരാജാവിന്റെ ശാസനപ്രകാരം പ്രസിദ്ധപ്പെടുത്തിവരുന്ന ഗ്രന്ഥാവലി വഴിയായി, പല മഹാകാവ്യങ്ങളും നാടകങ്ങളും പുറത്തിറങ്ങിയതോടുകൂടി മാത്രമാണ്, നമ്മുടെ സാഹിത്യചരിത്രത്തിൽ വിസ്മൃതപ്രായമായ ഒരു കാലഘട്ടത്തിലുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളുടെ മാഹാത്മ്യം പണ്ഡിതന്മാർ മനസ്സിലാക്കിത്തുടങ്ങിയത്. എന്റെ പ്രിയസ്നേഹിതൻ കേ. എം. മുൻഷി അവർകളുടെ അധീനതയിൽ നടന്നുവരുന്ന ഭാരതവിദ്യാഭവനവും ഇപ്പോൾ ഗുജ്ജരസംസ്കൃതസാഹിത്യത്തിനു പ്രചാരം നല്കുവാനായി ശ്രമിച്ചുവരികയാണ്. ബാലചന്ദ്രസൂരിയുടെ വസന്തവിലാസം, മഹാമാത്യവസ്തുപാലന്റെ നരനാരായണീയം മുതലായ മഹാകാവ്യങ്ങളും, ഹേമചന്ദ്രന്റെ ജൈനപുരാണങ്ങളും, ഉദയനസുന്ദരീകഥാ, നളോദയം, ഹമ്മീരവിജയം മുത

Digitized By Kerala Sahitya Akademi

ലായ കൃതികൾ ഈ സാഹിത്യത്തിന്റെ വൈപുല്യത്തിനും മ ഹത്ത്വത്തിനും ഉദാഹരണങ്ങളാണ്. ഏതാണ്ട് അക്കാലത്തു തന്നെ ജീവിച്ചിരുന്ന ഒരു കവിയാണ് വത്സരാജൻ.

വത്സരാജകൃതമായ ഒരു ഭാണമാണ്, വള്ളത്തോൾ ഇപ്പോൾ തർജ്ജമചെയ്തിരിക്കുന്നത്. വത്സരാജന്റേതന്നെ ഹാസ്യചൂഡാമണി എന്ന ഒരു പ്രഹസനം, 'കപടകേളി' എന്ന പേരിൽ മഹാകവി അല്പം മുൻപു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി, ഈ രണ്ടു ലഘുകൃതികൾ കൂടാതെ കിരാതാർജ്ജുനീയം (വ്യായോഗം), രുഗ്മിണീപരിണയം (ഈഹാമൃഗം), ത്രിപുരദാഹം (ഡിമം), സമുദ്രമഥനം (സമവകാരം) എന്ന നാലു നാടകങ്ങൾകൂടി വത്സരാജകൃതികളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഈ വത്സരാജൻ കാലഞ്ജരാധിപതിയായ പരമർദ്ദിദേവന്റെ അമാത്യനായിരുന്നു എന്നു നാടകത്തിന്റെ പ്രസ്താവനയിൽ എടുത്തുപറഞ്ഞിരിയ്ക്കുന്നതുകൊണ്ടു കവിയുടെ കാലനിർണ്ണയത്തിനു വൈഷമ്യമില്ല. കർപ്പൂരചരിതത്തിൽത്തന്നെ: ''കാലഞ്ജരപതേർമ്മഹാരാജ ശ്രീപരമർദ്ദിദേവസ്യാമാത്യേന കവിനാ വത്സരാജേന വിരചിതം-'' എന്നു കാണുന്നുണ്ട്. കാലഞ്ജരപതിയായ പരമർദ്ദിദേവൻ ഓരോദിവസം ഓരോ സൂപകാരനെ കൊന്നു, 'കോപകാലാനലൻ' എന്ന വിചിത്രബിരുദം സമ്പാദിച്ചതായി പ്രബന്ധചിന്താമണിയിൽ പറഞ്ഞിട്ടുണ്ട്. അത് എത്രമാത്രം വിശ്വാസനീയമെന്ന് അറിഞ്ഞുകൂടാ.

''ഏവ ശ്രീപരമർദ്ദിദേവനൃപതി-
ന്നിസ്സീമവിദ്യാനിധി-
ന്നൂനം വാഗധിദേവതാ ഭഗവതീ
പുംഭാവമഭ്യാഗതാ''

എന്നു പ്രഹസനത്തിൽ വത്സരാജൻതന്നെ സ്തുതിച്ചിട്ടുള്ളതു വിചാരിയ്ക്കുമ്പോൾ, ചിന്താമണിയിലെ കഥ മുഴുവൻ സ്വീകരിയ്ക്കാമോ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഗുർജ്ജരസാർവഭൌമനായ സിദ്ധരാജന്റെ സമകാലീനനും പ്രതിയോഗിയുമായിരുന്ന മദനവർമ്മാവിന്റെ പുത്രനാണ്, പരമർദ്ദി. ജിനമണ്ഡന

Digitized By Kerala Sahitya Akademi

ൻെറ കുമാരപാലപ്രബന്ധത്തിൽ ഈ മദനവമ്മനെപ്പററി പല കഥകളുണ്ട്. അവയിൽനിന്നെല്ലാം തെളിയുന്നത്, ആ രാജാവു മഹാഭോഗിയും സുഖലോലനുമായിരുന്നു എന്നാണ്. പരമർദ്ദി ക്രിസ്ത്വാബ്ദം 1163 മുതൽ 12)3 വരെ രാജ്യം ഭരിച്ചതായി കാണുന്നു. കോപകാലാനലബിരുദം എങ്ങിനെയായാലും, ഉഗ്രപ്രതാപനായിരുന്ന ദില്ലിചക്രവർത്തി പൃഥ്വീരാജചൗഹമാനൻെറ കോപകാലാനലത്തിൽ പരമർദ്ദി ദഗ്ദ്ധനായിത്തീന്ന എന്നുള്ളതിന തക്കമില്ല. മുൻപറഞ്ഞ പ്രബന്ധചിന്താമണിയിൽ ഇക്കഥ സൂചിപ്പിച്ചിട്ടുള്ളതുകൂടാതെ, 'ചാന്ദ്രാസായി' എന്ന ചരിത്രത്തിലും പൃഥ്വീരാജപ്രശസ്തിയായി കൊത്തിയിട്ടുള്ള ചില ശിലാലിഖിതങ്ങളിലും ഈ സംഗതി എടുത്തുപറഞ്ഞിട്ടുണ്ട്.

പരമർദ്ദിയെ തുടൎന്ന് അദ്ദേഹത്തിൻെറ പുത്രൻ ത്രൈലോക്യവമ്മദേവൻ കാലഞ്ജരം ഭരിച്ചു വത്സരാജൻെറ അമാത്യപദം തൻെറ പുരസ്കൎത്താവിൻെറ മരണത്തോടുകൂടി അവസാനിച്ചു എന്നു വിചാരിപ്പാൻ ന്യായമുണ്ട്: കിരാതാജ്ജുനീയവ്യായോഗത്തിൽ, ''വീരരസൈകവാസനാവാസിതോയം കാലഞ്ജരാധിപതിസ്ത്രൈലോക്യവമ്മദേവഃ കവിവത്സരാജവിരചിതം കിരാതാജ്ജുനീയം നാമ വ്യായോഗം അഭിനേതുമാദിശതി'' എന്നു പറഞ്ഞിട്ടുള്ളിടത്ത് അമാത്യപദം ഉപേക്ഷിച്ചുകാണുന്നതുതന്നെ ഇതിനൊരു തെളിവാണ്.

വത്സരാജനു സംസ്കൃതനാടകസാഹിത്യത്തിൽ ഒരുന്നതമായ സ്ഥാനത്തിനവകാശമുണ്ടെന്നു നിസ്സംശയം പറയാം. ഭാസനെയൊഴിച്ചാൽ ഇത്രവളരെ നാടകങ്ങൾ എഴുതിയിട്ടുള്ള ഒരു കവി സംസ്കൃതസാഹിത്യത്തിലുണ്ടെന്നു തോന്നുന്നില്ല. പലതരത്തിലുള്ള രസങ്ങൾ സ്ഫുരിപ്പിക്കുന്നതിനു വത്സരാജനു വിശേഷിച്ചും വാസനയുണ്ടായിരുന്നു. ഹാസ്യരസപ്രധാനമായ ഹാസ്യചൂഡാമണിയും, ഹാസ്യവും ശൃംഗാരവും ഇടകലൎന്ന കർപ്പൂരചരിതവുമാണ്, വള്ളത്തോൾ തജ്ജമചെയ്തിട്ടുള്ളത്. ശൃംഗാരം, വീരം, അത്ഭുതം ഇവയും വത്സരാജൻെറ മററു നാടകങ്ങളിൽ പ്രധാനമാണ്, രുഗ്മിണീഹരണം, സമുദ്രമഥനം മുതലായവകൂടെ തജ്ജമചെയ്തു കിട്ടുമ്പോൾ നമുക്കു വത്സരാജൻെറ കാവ്യഗുണങ്ങൾ മുഴുവൻ തെളിഞ്ഞു കാണാറാകും.

Digitized By Kerala Sahitya Akademi

ഡിമം, ഈഹാമൃഗം, സമവകാരം മുതലായ രൂപകഭേദങ്ങളെപ്പററി നാടകശാസ്ത്രങ്ങളിൽ പറയാറുണ്ട്. ''രൌദ്രമുഖ്യചതുരങ്കസേന്ദ്രജാലരാണോ ഡിമഃ'' ഇങ്ങനെയാണ് ഡിമത്തിൻെറ ലക്ഷണം നാട്യദർപ്പണത്തിൽ പറഞ്ഞുകാണുന്നത്. എന്നാൽ ഈ വിവരണങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളിലുണ്ടായിരുന്നതല്ലാതെ, ആ ലക്ഷണങ്ങളുള്ള നാടകങ്ങൾ സംസ്കൃതത്തിൽ വത്സരാജനു മുൻപുണ്ടായിരുന്നോ എന്നു സംശയമാണ്. നാടകശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ലക്ഷണമനുസരിച്ച് ഇത്തരം കൃതികൾ രചിയ്ക്കുവാൻ വത്സരാജൻ ഒരുമ്പെട്ടിറങ്ങിയതാണെന്നു വിചാരിയ്ക്കാൻ കാരണമുണ്ട്. ത്രിപുരദഹനം കഥയെപ്പററിയാണ്, വത്സരാജൻെറ ഡിമം. ''തത്രസ്ത്രിപുരദാഹശ്ച ഡിമസംജ്ഞഃ പ്രയോജിതഃ ഇതി ഭാരതമുനിനാ സ്വയമേവ ത്രിപുരദാഹേതിവൃത്തസ്യ തുല്യത്വം ദർശിതം'' എന്നു ദശരൂപാവലോകത്തിൽ കാണുന്നതുകൊണ്ട്, ആ സൂചന പിടിച്ചാണ്, വത്സരാജൻ ത്രിപുരദാഹഡിമം നിർമ്മിച്ചതെന്നു തീർച്ചയാക്കാം. ദശരൂപാവലോകത്തിൽത്തന്നെ ''യഥാസമുദ്രമഥനേ വാസുദേവാദീനാം ലക്ഷ്മ്യാദിലാഭഃ'' എന്നു കാണുന്നതുകൊണ്ടു സമുദ്രമഥനം എന്ന സമവകാരവും എഴുതാൻ കാരണം, ആ സൂചനയാണെന്നു തെളിയുന്നു.

വത്സരാജകൃതികൾക്കു പുരാതനകാലത്തുതന്നെ പ്രചാരമുണ്ടായിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. ജൽഹണൻെറ സൂക്തിമുക്താവലിയിൽ വത്സരാജൻെറ ചില ശ്ലോകങ്ങൾ ഉദ്ധരിച്ചു കാണുന്നതിൽനിന്ന്, അദ്ദേഹത്തിൻെറ കൃതികൾ അക്കാലത്തുതന്നെ പണ്ഡിതലോകത്തിൻെറ ബഹുമാനത്തിനു പാത്രമായിരുന്നു എന്നു തെളിയുന്നു. എന്നാൽ ഭാസസൌമില്ലകാദികളെപ്പോലെ വത്സരാജനും കാലക്രമേണ നാമമാത്രാവശേഷനായിത്തീർന്നു. ബറോഡാഗ്രന്ഥമാലയിൽ അദ്ദേഹത്തിൻെറ രൂപകാഷ്ടകം പ്രസിദ്ധീകൃതമായപ്പോൾ മാത്രമാണ്, ഈ മഹാകവിയ്ക്കു സാഹിത്യലോകത്തിൽ പുനർജ്ജന്മം ലഭിച്ചത്.

ഇപ്പോൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന കർപ്പൂരചരിതം ഭാണം പലതുകൊണ്ടും വിശേഷപ്പെട്ട ഒരു കൃതിയാണ്.

Digitized By Kerala Sahitya Akademi

വരരുചികൃതമെന്നു പറയുന്ന ഉഭയാഭിസാരിക തൊട്ടു, കൊച്ചുണ്ണിത്തമ്പുരാന്റെ വിടരാജവിജയംവരെയുള്ള മിക്ക ഭാണങ്ങളും വിടൻ വേശവീഥിയിൽ സഞ്ചരിച്ചു പലതരത്തിലുള്ള ആളുകളെക്കണ്ടു് അവരുടെ ചാപല്യങ്ങളെ അധിക്ഷേപിച്ചും അവരുടെ പ്രേമജീവിതത്തിൽ ഇടപെട്ടും പോകുന്ന ഒരു രീതിയിലാണു് കണ്ടിട്ടുള്ളതു്. വത്സരാജന്റെ പോക്കു് അങ്ങിനെയല്ല. വിലാസവതിയെന്നു പേരായ ഒരു വേശ്യാംഗനയിൽ അനുരക്തനായ കർപ്പൂരകൻ എന്ന ചൂതാടി സ്വന്തമായ അനുഭവങ്ങളെ അപ്രത്യക്ഷനായ ഒരു സ്നേഹിതനോടു പറയുന്നതായിട്ടാട്ടാണു് കഥ. നായകൻ സാക്ഷാൽ മൂലദേവപ്രതിമനായ ഒരു മഹാകിതവൻ. അയാൾ ഏതെല്ലാം കപടവിദ്യകൾ പ്രയോഗിച്ചാണു് വിരോധികളെ ജയിച്ചതെന്നു, തന്റെ സ്നേഹിതനെപ്പറഞ്ഞുകേൾപ്പിയ്ക്കുന്നതു വളരെ രസകരമായ ഒരു രീതിയിലാണു്.

ഹാസ്യരസപ്രധാനമാണു് ഭാണമെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ കവികൾ പ്രായേണ ഈ ഹാസ്യരസത്തെ ലോപിപ്പിച്ചു വെറും ശൃംഗാരത്തിനു പ്രാധാന്യം നല്കി ഭാണത്തിനു് ഒരു ദുഷ്പേരു വരുത്തിക്കളഞ്ഞു. ഭാണവും ശൃംഗാരവുമായി ബന്ധമൊന്നും ഇല്ലതന്നെ. ഒരു നടൻമാത്രം രംഗത്തു വന്നു് അഭിനയിയ്ക്കുന്ന ഒരു നാടകപ്രസ്ഥാനത്തിനാണു് ഭാണമെന്നു പേർ. ഇതു മററു ഭാഷകളിലും ഇല്ലാതില്ല. അനുചിതമായ വേശവീഥിയെ ഉപേക്ഷിച്ചു നായകൻ മററിടങ്ങളിൽ സഞ്ചരിയ്ക്കരുതെന്നോ മററനുഭവങ്ങൾ വൎണ്ണിയ്ക്കരുതെന്നോ വിധിയൊന്നുമില്ല. ഇത്ര മനോഹരമായ ഒരു കാവ്യരീതിയെ പരിഷ്കരിച്ചു നടപ്പിൽ വരുത്തുന്നതിനാണു്, ഉപേക്ഷിയ്ക്കുന്നതിനല്ല, നാം ശ്രമിയ്ക്കേണ്ടതു്.

ഇന്നത്തെ വായനക്കാൎക്കു് അത്ര പരിചിതമായിരിക്കില്ല ഭാണം: ഒരൈമ്പതു വൎഷങ്ങൾക്കുമുമ്പേ പുറത്തുവന്ന മഹിഷമംഗലഭാണതൎജ്ജമ ഇപ്പോൾ ഒരേടത്തും കാണുന്നില്ല; വെണ്മണിയുടെ കാമതിലകം ഭാണം അപൂൎണ്ണവും ഗദ്യരഹിതവുമാണു്; കൊച്ചുണ്ണിത്തമ്പുരാന്റെ സോമതിലകം ഭാണം അച്ചടി

Digitized By Kerala Sahitya Akademi

ച്ചിട്ടേ ഇല്ലെന്നു തോന്നുന്നു. നമ്മുടെ ഈ ഭാണദുർഭിക്ഷം വിചാരിച്ചിട്ടുകൂടിയാണ്, കർപ്പൂരചരിത തർജ്ജമചെയ്യാൻ മഹാകവിയെ ഞാൻ പ്രേരിപ്പിച്ചത്.

വള്ളത്തോളിൻെറ തർജ്ജമയെപ്പററി ഞാൻ എന്തുപറയാനാണ്? അതിൻെറ സാരസ്യം മലയാളികൾ വായിച്ചുതന്നേ മനസ്സിലാക്കേണ്ടതാണ്. വത്സരാജനെ കേരളീയക്കു പരിചയപ്പെടുത്തണമെന്നു മാത്രമേ ഈ മുഖവുരകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നുള്ളു.

ബിക്കനേർ,
3—11—1945.

കേ. എം. പണിക്കർ

Digitized By Kerala Sahitya Akademi

# കർപ്പൂരചരിതഭാണം

## കഥാപാത്രങ്ങൾ

സൂത്രധാരൻ

കർപ്പൂരകൻ

ചന്ദനകൻ (സാങ്കല്പിക കഥാപാത്രം)



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## മഹാമാത്യവത്സരാജരചിതം

# കർപ്പൂരചരിതഭാണം

'തന്നേയ്ക്കാം തവ ധൂർത്ത, ചൂതുപണമാ-
മാലിംഗനം, തോററ ഞാൻ;
നിന്നിമ്മട്ടുഴറായ്ക,തിന്നവധിയായ്
നൂറില്ലയോ രാപ്പകൽ?'
എന്നായ്ഗ്ഗൌരി കഥിയ്ക്കെ, രാത്രിദിനകൃ-
ത്തേജോക്ഷിയുഗ്മത്തെയൊ-
ന്നൊന്നായാശു മിഴിച്ചു ചിമ്മിയരുളും
ശർവൻ നമുക്കാശ്രയം! 1

അത്രയുമല്ല—

പോരേറും സഖിമാർ ചിരിയ്ക്കെയൊളിക-
ണ്ണിട്ടിട്ടു മെല്ലെത്തട-
ത്തോ,രോ ചുക്കിണിയേറിലും നണ പറ-
ഞ്ഞെന്നും, കവിയ്ക്കും സ്ഥലം;
ഈ രീതിയ്ക്കു, കഴുത്തു പുല്കൽ പണമാം
ചൂതാടലിൽദ്ദേവിയെ-
ച്ചേരുംപോലെ ചതിയ്ക്കുമീശനുടെയ-
ക്കള്ളക്കളിയ്ക്കായ്ത്തൊഴാം! 2

1. ധൃത്ത = ഹേ ചൂതുകളിക്കാര. പണം = പണയം; തോററ ആൾ ജയിച്ച ആളെ കെട്ടിപ്പുണരണമെന്നായിരുന്നു പന്തയം. രാത്രി.........യുഗ്മത്തെ = രാത്രിയെയും പകലിനെയും ഉണ്ടാക്കുന്ന തേജസ്സുകളാ (ചന്ദ്രസൂര്യന്മാരാ)കുന്ന ഇരുകണ്ണുകളെ; ചന്ദ്രനും സൂര്യനുമത്രേ ശിവൻെറ വാമദക്ഷിണനേത്രങ്ങൾ. ആശു = വേഗേന; നൂറു ദിവസം ക്ഷണേന കഴിയാൻ. ശർവൻ = ശിവൻ.

2. പോർ—ചൂതുകളിയിൽ നൈപുണ്യം. സ്ഥലം കവിയ്ക്കും—ചൂതുകൾ കള്ളികടത്തിവെയ്ക്കും. ഈ രീതിയ്ക്ക് = ഇപ്രകാരം. ചേരുംപോലെ—അഭീഷ്ടസിദ്ധിയ്ക്കുതകുമാറ്.

Digitized By Kerala Sahitya Akademi

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:— എയ്, ഇന്നു ശിവൻെറ എഴുന്നള്ളത്തുമഹോത്സവത്തിന്നു വന്നുചേൎന്നിരിക്കുന്ന വിദഗ്ദ്ധസാമാജികന്മാർ. * കാലഞ്ജരാധിപനായ ശ്രീപരമൎദ്ദിമഹാരാജാവുതിരുമേനിയുടെ അമാത്യനായ വത്സരാജകവിയാൽ നിൎമ്മിക്കപ്പെട്ട കർപ്പൂരചരിതമെന്ന ഭാണം അഭിനയിപ്പാൻ എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഒരൊററപ്പാത്രത്താൽ പ്രയോഗിക്കപ്പെടേണ്ടുന്നതായ ഇത് അഭിനയിക്കുന്നതിൽ നല്ല അഭ്യാസം കഴിച്ചിട്ടുള്ളവനാണ്, എൻെറ അനുജൻ; പൂർവരംഗപൂജയേ ഞാൻ ചെയ്യേണ്ടതുള്ളു. (എല്ലാദ്ദിക്കുകളും നോക്കിയിട്ട്) എയ്, ഇതാ, അഭിനയത്തിന്നു പററിയ പ്രകൃതിസുന്ദരമായ പ്രഭാതസമയം വന്നെത്തിക്കഴിഞ്ഞു. ഇപ്പോഴം—

മാരപ്പോരു തുടൎന്ന ദംപതികളെ-
പ്പേൎത്തും സഹായിക്കലാം
നേരംപോക്കിലുറങ്ങിടാതെ സരസം
രാ തീൎന്ന കാമന്നഹോ,
കൊട്ടാരങ്ങളിൽനിന്നു പോന്ന ഗണികാ-
പ്പെണ്ണുങ്ങൾതൻ കാൽത്തളാ-
കൎാണംമൂല,മുഷസ്സിലും കിമപി കി-
ട്ടുന്നില്ലുറങ്ങാൻ തരം! 3

അത്രമാത്രമല്ല—

മന്ദായിതപ്രതിഭനാം പ്രതിനായകൻെറ—
ചന്ദ്രൻെറ—ലക്ഷ്മിയെ വിരഞ്ഞു പറിച്ചടക്കി,

* കാലഞ്ജരം— ദേശനാമം.

3. രാ തീൎന്ന = രാത്രി കഴിഞ്ഞുപോയ. കൎാണം = കിലുക്കം. കിമപി = തെല്ലും.

4. മന്ദായിതപ്രതിഭൻ = പ്രതിഭ (പ്രഭ, ബുദ്ധി) മന്ദിച്ചവൻ. ലക്ഷ്മി = ശോഭ, സംപത്ത്. പറിച്ചടക്കി = തട്ടിപ്പറിച്ച്. ശംഭളി—കാമികൾക്കു തേവിടിശ്ശികളെ ഏൎപ്പെടുത്തിക്കൊടുത്തു പണം വാങ്ങുന്നവൾ. ദ്യോ

Digitized By Kerala Sahitya Akademi

രാവായ ശംഭളിയെയങ്ങകലത്തു പോക്കി,
ദ്യോവായ വേശ്യയൊടു ചേൎന്നു, ദിനേശധൂൎത്തൻ! 4

(ആകാശത്തു ചെവി കൊടുത്തിട്ടു്)

* മാരിഷ, താൻ എന്തു പറയുന്നു, 'ആയി, എന്താണീ അനുചിതം പറയുന്നതു്? ദേവാസുരപൂജനീയപാദസ്പൃശ്നായ സൂൎയ്യഭഗവാൻ എവിടെ? ലോകത്തെയൊക്കെ കള്ളത്തരം കൊണ്ടു വഞ്ചിയ്ക്കുന്ന ചൂതാടി എവിടെ?' എന്നോ? (ഭയത്തോടേ) നിത്തു, നിത്തു, ഉറക്കെപ്പറയൽ. താൻ കേട്ടിട്ടില്ലയോ?

സൂക്ഷിച്ചു ചൊല്ലുക പകൽ;
വയ്യ,തും വയ്യ രാത്രിയിൽ:
വടേ വരരുചിയ്ക്കൊപ്പം
നടക്കും ധൂൎത്തപുംഗവർ! 5

താൻ എന്തു പറയുന്നു, 'എന്നെ പേടിപ്പിയ്ക്കുകയാണോ? എനിയ്ക്കു ചൂതാടിയെ പേടിയില്ല.' എന്നോ?

(അണിയറയിൽ)

എടാ, കാംപില്ലാത്ത മേനിക്കാര, നില്ല, നില്ലു്!

മേവുന്നു സാഗരത്തിന്നടിയിൽ, മധുഹരൻ
ലക്ഷ്മിയെച്ചേൎത്തുപുല്കി:—
ത്തുറുവെള്ളിക്കുന്നിൽ വാഴുന്നിതു, നിധിനിവഹം
കയ്യടക്കിദ്ധനേശൻ;

വ് = ആകാശം. ദിനേശധൂൎത്തൻ = സൂൎയ്യനാകുന്ന ചൂതുകളിക്കാരൻ. ഇതിൽ ഇതിവൃത്തം സൂചിതം.

* മാരിഷ എന്നാണു്, സൂത്രധാരൻ തന്റെ കീഴിലുള്ള നടനെ വിളിയ്ക്കുക. പാദശബ്ദത്തിന്നു രശ്മി എന്നും കാൽ എന്നും രണ്ടൎത്ഥം.

5. അതും വയ്യ—രാത്രിയിൽ കതതിത്തന്നെയും സംസാരിച്ചുകൂടാ. ശാപംമൂലം പിശാചായിത്തീൎന്നു് ഒരു പേരാലിന്മേൽ നിവസിച്ച സ്നേഹിതനെ കാണാൻ വരരുചി രാത്രികാലങ്ങളിൽ ആ പേരാലിന്നടുക്കൽ ഗൂഢമായി ചെന്നിരുന്നുപോൽ. കഥാസരിത്സാഗരത്തിലെ ഈ ഐതിഹ്യമാണു്, 'വടേ(= പേരാല്ക്കൽ) വരരുചിയ്ക്കൊപ്പം' എന്ന ഉപമയുടെ ആസ്പദം.

Digitized By Kerala Sahitya Akademi

ദേവേന്ദ്രൻ കല്പവൃക്ഷപ്രഭൃതികളെ മഹാ–
മേരുവിൻമീതെ വെച്ചാൻ—
ഏവം പേടിപ്പൂ ചൂതാടികളെയമരരും;
പിന്നെയോ, സാധുമർത്ത്യൻ! 6

സൂത്രധാരൻ:—(കേട്ടിട്ട്) എയ്, ഇതാ, കർപ്പൂരകനെന്ന ചൂതുകളിക്കാരൻ ശ്രുണ്ഠിയെടുത്ത് ഇങ്ങോട്ടു വരുന്നു; അതിനാൽ, ഇവിടെ നിന്നുകൂടാ.

(എന്നു, പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം കർപ്പൂരകൻ പ്രവേശിക്കുന്നു.)

കർപ്പൂരകൻ:—(ക്രോധത്തോടെ) എടാ, മാരിഷ, സർവലോകങ്ങൾക്കും * കാമധേനുവായ മായാവിദ്യയെ ദൂഷിക്കുന്ന നിന്റെ നാവു പിളരാതിരുന്നതെങ്ങിനെ? നോക്ക്, എടാ, നോക്ക്:

എന്മട്ടു കൊന്നരുളി ബാലിയെ രാമഭദ്രൻ?
എന്മട്ടു തീയെതിരഹല്യയെ നേടിയിന്ദ്രൻ?
എന്മട്ടടക്കി ബലിയെബ്ഭഗവാൻ? അടപ്പു
കർമ്മത്തിനെന്തു, കപടത്തൊഴിലില്ലയെങ്കിൽ! 7

അഥവാ, ഞാൻ ദുർജ്ജനത്തിന്റെ പ്രലാപം നീർത്താൻ കിണ

6. മധുഹരൻ—വിഷ്ണു. ധനേശൻ = വൈശ്രവണൻ. കല്പ......കളെ = കല്പകവൃക്ഷം മുതലായ ദിവ്യവിഭൂതികളെ. മഹാമേരുവിന്റെ മുകളിലത്രേ, സ്വർഗ്ഗം. പിന്നെയോ—പേടിക്കാതിരിക്കുന്നു. വിഷ്ണു ലക്ഷ്മിയേയുംകൊണ്ടുപോയി സമുദ്രാന്തർഭാഗത്തു പാർക്കുന്നതും മററും ചൂതാടികളെപ്പേടിക്കുയാലാണെന്നു കല്പനം.

* അഭീഷ്ടങ്ങളെയെല്ലാം നല്കുന്ന എന്നു സാരം.

7. നേടി = വശപ്പെടുത്തി. ബലി = മാബലി. ഭഗവാൻ—വിഷ്ണു. അടപ്പു.........എങ്കിൽ—അടച്ചുവെക്കുാഞ്ഞാൽ, കർമ്മത്തിന്നു കേടു പററിപ്പോകം!

Digitized By Kerala Sahitya Akademi

ഞ്ഞത്തു മതി. ഇനി തോററ വകയ്ക്കു വഴി പറയാൻ ചൂതുകളി പ്പുരയിലേയ്ക്കുതന്നെ പോകാം. എന്തുകൊണ്ടെന്നാൽ—

ചൂതാട്ടമില്ലാത്തവനും
വേശ്യാസ്ത്രീവിമുഖന്നുമേ
ഉണ്ടെന്നിരിയ്ക്കിലും ചിത്തം
സ്വപ്നവിത്തോപമം ദ്ധ്രം! 8

സ്നേഹിത, ചന്ദനക, നില്ക്ക, നില്ക്ക; ഞാനും പോരാം. താങ്കൾ എന്തു പറയുന്നു, ''ഏഴെട്ടുനാളായി ചൂതുകളി വിട്ടിരിയ്ക്കുന്ന ഭവാൻെറ മുഖത്തു നോക്കില്ല'' എന്നോ? (പുഞ്ചിരിയിട്ട്) മതി, കാശില്ലാത്ത എൻെറ കററം കുത്തിപ്പൊക്കിയത്. പണ ത്തിടുക്കം, പതിവു തെററിച്ചാൽ ചീത്തയാണല്ലോ. താങ്കൾ എന്തു പറയുന്നു, ''ഹൃദയം വിലാസവതിയ്ക്കു കൊടുത്തതിനാൽ അങ്ങേയ്ക്ക് ഒന്നും തോന്നാതായി!'' എന്നോ? (ചിരിച്ചിട്ട്) സ്നേ ഹിതൻ എന്നെ അറിഞ്ഞുകഴിഞ്ഞു; ശരിതന്നെയാണിത്:

സർവനാളിലുമഭംഗമായനുഭവിയ്ക്കിലും
പുതുമ തോന്നുമാ-
റവ്യളീകമധുരങ്ങളാ, രുചിരഗാത്രിതൻ
പ്രണയലീലകൾ;
നിർവികല്പകസമാധിപൂർവമവയെ സ്മരി-
പ്പതു നിമിത്തമായ്-
സ്സുവ്യവസ്ഥിതി വഹിപ്പതില്ല കരൾ, മററു ജോ-
ലികളിലൊന്നിലും! 9

(എന്നു ചൊല്ലിക്കൊണ്ടു നില്ക്കുന്നു)

8. സ്വപ്നവിത്തോപമം = സ്വപ്നത്തിൽ കണ്ട ധനത്തിനു തുല്യം. ധനത്തിൻെറ പ്രയോജനം, ചൂതുകളിയും വേശ്യാസംഗമവും തന്നെ എന്നു സമർത്ഥിയ്ക്കുന്നു.

9. അവ്യളീകമധുരങ്ങൾ = നിർവ്യാജമനോജ്ഞങ്ങൾ. നിർവി.... പൂർവം = നിശ്ചലധ്യാനത്തോടേ. സുവ്യവസ്ഥിതി = സ്ഥൈര്യം.

* അരതി = ഒന്നിലും താൽപര്യമില്ലായ്ക; മദനാവസ്ഥകളിലൊന്ന്.

Digitized By Kerala Sahitya Akademi

(ആകാശത്തു ചെവികൊടുത്തിട്ട്)

എന്റെ സ്നേഹിതൻ ഇപ്രകാരം പറയുന്നു;—"എനിയ്ക്കു തുലോം കൌതുകമുണ്ട്, ആ പ്രണയലീലകൾ കേൾപ്പാൻ: അവ, സർവലോകത്തെയും മയക്കുന്ന ഭവാനെപ്പോലും മയക്കിക്കളഞ്ഞുവല്ലോ." (ലജ്ജാസ്മിതത്തോടെ) പറയാം, സ്നേഹിതൻ എന്നെ ഒരു സുന്ദരവിഡ്ഢിയാണെന്നു കരുതില്ലെങ്കിൽ: ഒരു ദിവസം, ഞാൻ പ്രണയകലഹത്താൽ മാളികയുരട മുകളിൽ ഒളിച്ചിരുന്നപ്പോൾ, കനത്ത * അരതിമൂലം ഉറക്കം വരാഞ്ഞ അവൾ ഒരു ഗാഥ ചൊല്ലുകയുണ്ടായി; അതിതാ, എന്റെ മനസ്സിൽ കൊത്തിയിട്ടതുപോലെ കിടക്കുന്നു.

'ചിതപ്പെടുകില്ലക്കിതവനിൽത്തെല്ല്,—
മിതരദൂതികളുടെ പെരുമാററം;
കിനാവിങ്കൽക്കൊണ്ടുവരികായാളെ നീ:
കനിവിതിൽത്തോന്നാതിരിയ്ക്കൊലാ നിദ്രേ!'

(ഇരുന്ന്, അപ്രകാരമൊക്കെ അരതി നടിയ്ക്കുന്നു.)

(വീണ്ടും ആകാശത്തു ചെവികൊടുത്തിട്ട്)

താങ്കൾ എന്തു പറയുന്നു, "എന്തിനാണ്. ഈ വീണ ഒക്കത്തു വെച്ചിരിയ്ക്കുന്നത്?" എന്നോ? സദാ അവളുടെ മടിയിൽ ഓമനിയ്ക്കപ്പെട്ടതാണിത്: അതിനാൽ ഇതെന്നെ സന്തോഷിപ്പിച്ചുപോരുന്നു. ഈ വീണ മീട്ടിയാണ്, അവൾ പാർവതീഭഗവതിയെ ഭജിയ്ക്കുക; എതിരാളികളുടെ മുമ്പിൽവെച്ചുപോലും, വ്യാജേന എന്റെ പേരുൾപ്പെട്ട പാട്ടു പാടാറുണ്ട്.

(എന്നു വീണ കാണിയ്ക്കുന്നു.)

"സ്വരനൊടു നൽച്ചുങ്ങാതവു—
മൊരു കുളിരേകുന്ന തിങ്കൾതന്നഴകും

10. കിതവൻ = ചൂതുകളിക്കാരൻ. 'നീ തന്നേ ദൂതിയായിച്ചമഞ്ഞ്, അയാളെ സ്വപ്നത്തിൻ കൊണ്ടുവന്നു തരിക' എന്നു നിദ്രയോടു പ്രാർത്ഥിയ്ക്കുന്നു. വൃത്തം, അന്നനട.

Digitized By Kerala Sahitya Akademi

തിരളും കപ്പൂരമ്പിരി–
യരുതേ, ഹേ ദേവി, ഹരദയിതേ! 11

(എന്നു വീണ മീട്ടി, പല തരത്തിൽ പാടുന്നു.)

(ധ്യാനം നടിച്ചു, നെഞ്ഞത്തടിച്ചു, കൈ കുടഞ്ഞിട്ട്)

താങ്കൾ എന്തു പറയുന്നു, ''അങ്ങെന്താണ്, കണ്ണടച്ചു, മാറത്തടിക്കുകയും കൈ കുടയുകയും ചെയ്യുന്നത്?'' എന്നോ!''

(കണ്ണീരോടെ) സ്നേഹിത,

സഖിയെ നിയതമെന്നെപ്പോലിരിപ്പാൻ പഠിപ്പി–
ച്ചു,ടനവളൊടുകൂടി ദ്യൂതകേളിയ്ക്കൊരുങ്ങി,
പണമുരുപരിരംഭം വെന്നുവെന്നിമ്പമാളും
സുമുഖിയെയൊളിവായ് നിന്നിന്നിയും കാണണം മേ.

* ശാന്തം! അഥവാ, മരണംതന്നെയാണ്, അവളെ സ്മരിക്കൽ!

(ക്ഷണനേരം ചിന്തിച്ചു, മേല്പോട്ടു നോക്കി, കണ്ണീർ വാർക്കുന്നു.)

(വീണ്ടും ആകാശത്തു ചെവി കൊടുത്തിട്ട്)

താങ്കൾ എന്തു പറയുന്നു, ''അങ്ങെന്താണ്, പെട്ടെന്നു കണ്ണീരൊഴുകി കലുഷമുഖനായിത്തീർന്നത്?'' എന്നോ? സ്നേഹിത, പ്രണയകലഹപശ്ചാത്താപത്താൽ വിവശയായി നിലാവത്തു കൊണ്ടുപോകപ്പെട്ട അവൾ എന്നെ സ്വയമേ പ്രേമംകൊണ്ടു കൃതാർത്ഥനാക്കിയത് എവിടെവെച്ചോ, ആ മാളികമുകൾഭാഗം

11. സ്മര.........വും—കാമോദ്ദീപകത്വത്തെ ആസ്പദമാക്കിയുള്ള കല്പനം. കർപ്പൂരമ്പിരിയരുതേ എന്നേടത്തു കർപ്പൂരം എന്നും കർപ്പൂരൻ എന്നും പദച്ഛേദം.

12. നിയ.........പ്പിച്ച്—സർവഥാ എന്നെ അനുകരിപ്പാൻ ശീലിപ്പിച്ച്. ദ്യൂതകേളി = ചൂതുകളി. ഉരുപരിരംഭം = ദൃഢാലിംഗനം; അതാകുന്ന പണം (പണയം)വെന്നു വെന്ന് = ജയിച്ചു നേടി നേടി.

* അമംഗളം ശമിക്കട്ടെ! അക്കഥയൊക്കെ ഓർക്കുക എന്നതു മരണംപോലെ വേദനാജനകമാകുന്നു.



Digitized By Kerala Sahitya Akademi

ഇപ്പോഠം എന്റെ മുമ്പിൽ കാണുന്നതായി തോന്നുന്നു. മുമ്പേ, അവിടെ കർപ്പൂരപ്പൊടി കനത്തിൽ പരത്തിയ പളുങ്കുകല്ലിന്മേൽ പള്ളികൊണ്ടിരുന്ന അവഠം സഖിമാരോടായി ഞാൻ കേഠംക്കേ, ചന്ദ്രനെക്കുറിച്ച് ഇങ്ങിനെ പറയുകയുണ്ടായി:—

'തീയ്യുണ്ടു നേർക്കിശ്ശശിമണ്ഡലത്തിൽ-
ക്കളംകമാകും പുകകൊണ്ടുറയ്ക്കാം;
ഇല്ലെങ്കിലെവ്വണ്ണ,മിതിൻ കതിർച്ചാ-
ത്തിതുൽക്കടജ്വാലകളേല്പ്പടുത്തും?' 13

എന്നാൽ, ഞാൻ അവളുടെ അടുക്കൽത്തന്നേ അതുകേട്ടില്ലെന്നു നടിച്ചു നിന്നതേ ഉള്ളു. അതിനാൽ, അവഠം സ്വയമേ ലജ്ജ വിട്ടെഴുന്നേററ് എന്നെ വശപ്പെടുത്തുകയാണുണ്ടായത്:—

'ഇഷ്ടംപോലെ ചിരിച്ചിടട്ടെ, കരവും
കൊട്ടീശ്ശരിയ്ക്കാളിമാർ;
വിട്ടേൻ മാനപദത്തെ,യിങ്ങു തൊഴുതേൻ,
കൊണ്ടേനിളപ്പത്തെയും;
ശിഷ്ടാത്മൻ, ഹൃദി താങ്കളാൽ ഖചിതമാം
നാനാപരാധാത്തിമു-
ള്ളൊട്ടുക്കുന്നുകഴിഞ്ഞു മേ, വിധുവിനെ-
ച്ചുംബിച്ച കൽ കാൺകയാൽ! 14

(ആകാശത്തു ചെവികൊടുത്തു ശങ്കയോടെ)

എന്താണ് പ്രിയസേ്നഹിതൻ ചിരിയ്ക്കുന്നത്? എന്നെ പരിഹസിയ്ക്കുയല്ലല്ലോ! താങ്കാം എന്തു പറയുന്നു., ''പരസ്പരം ഇത്രയ്ക്കു കാമനെ കൃതാത്ഥനാക്കിയ അനുരാഗബന്ധമുണ്ടെങ്കിൽ, അങ്ങെ

13. നേക്ക് = ശരിയ്ക്ക്; തീച്ചയായും. 'യത്ര ധൂമസ്തത്രാഗ്നിഃ'

14. ആളിമാർ = തോഴിമാർ. മാനപദത്തെ = മാനം എന്ന വാക്കിനെ. ഇളപ്പം = ലാഘവത്വം. ശിഷ്ടാത്മൻ = ഹേ സുന്ദരാകാര. ഖചിതം = തറയ്ക്കപ്പെട്ടത്. നാനാ......മുള്ള് = പലതരം അപരാധങ്ങൾ മൂലം സംഭവിച്ച ദുഃഖമാകുന്ന മുള്ള് (ശല്യം). വിധു = ചന്ദ്രൻ. കല്ലു (ചന്ദ്രകാന്തം)പോലും ചന്ദ്രനെ ചുംബിച്ച് അലിയുന്നു.

Digitized By Kerala Sahitya Akademi

ത്തുകൊണ്ടാണ്, അവളുടെ ദൂതിയായിച്ചമഞ്ഞു കാഷ്ഠദ്രവ്യമെടുത്തു പ്രതിനായകനായ മഞ്ജീരകനെ ഇണക്കാൻ പോയതെന്ന്, എനിയ്ക്കു ചിരി പൊട്ടിപ്പോയി!'' എന്നോ? സ്നേഹിത, ഇങ്ങിനെ പരിഹസിച്ചുകൂടാ, ഒരു * വിദേശീയനെ! കാര്യോപദേഷ്ടാക്കൾ പറയുന്നതു താങ്കൾ കേട്ടിട്ടില്ലയോ?—

ഗർവോർമ്മിയാൽക്കലുങ്ങാത്ത
കാര്യദക്ഷക്കിളപ്പവും
മേലിൽ ശ്രേയസ്സിനായ്ത്തീന്ന
ചിലപ്പോൾക്കാമ്യമായ്‌വരും. 15

അതിനാൽ, ഫലസിദ്ധിതന്നേ താങ്കളെ പ്രീതിപ്പെടുത്തിക്കൊള്ളും. താങ്കൾ എന്തു പറയുന്നു, ''എനിയ്ക്കു തുലോം കൌതുകമുണ്ട്: അതിനാൽ, അങ്ങയുടെ ദൂത്യം വിസ്തരിച്ചു പറയുക.'' എന്നോ? എന്റെ സ്നേഹിതൻ കേട്ടുകൊള്ളുക: ഞാൻ മദനോദ്യാനത്തിൽ കൂട്ടരോടൊപ്പം കുടിയിലേപ്പെട്ടിരുന്ന മഞ്ജീരകന്റെ അടുക്കൽ ചെന്നെത്തി. (ചിരിച്ചിട്ട്) ''തുടക്കത്തിൽത്തന്നേ അങ്ങു ചിരിച്ചുമറിയുന്നതെന്താണ്?'' എന്നാണല്ലോ താങ്കൾ ചോദിയ്ക്കുന്നത്. സ്നേഹിതാ, അയാളുടെ വേഷവും ചേഷ്ടകളും ഓർത്തതിനാൽ എനിയ്ക്കു വല്ലാതെ ചിരിവന്നു. താങ്കൾ എന്തു പറയുന്നു, ''അത് എന്റെ മുമ്പിൽവെച്ച് അങ്ങുതന്നെ ഒന്നു കാണിയ്ക്കു'' എന്നോ? ഞാൻ പറയാതിരിയ്ക്കുമോ, സ്നേഹിതനോട്?

കൌടില്യേന സദാ കുടുമ്മ, പിട്ടനൻ
പോലേ ചെവിപ്പാട്ടിലാം;
കൂടെക്കൂടെയിരിംപു തട്ടിയ തുണി-
യ്യൊപ്പം കൃശം മീശയും;

* വിദേശീയൻ—അപരിചിതൻ എന്നർത്ഥത്തിൽ കളിയായി പറഞ്ഞതാണ്.

15. ഗർവോർമ്മി = ഗർവാകുന്ന തിര. കാര്യദക്ഷർ = കർമ്മനിപുണർ. മേലിൽ—മേന്മയുണ്ടാകുമെന്നു കണ്ടാൽ കാര്യജ്ഞന്മാർ ചിലപ്പോൾ താഴ്ചയും കൈക്കൊണ്ടേയ്ക്കും; അതു പരിഹാസ്യമല്ല, സ്പൃഹണീയമാണ്.

Digitized By Kerala Sahitya Akademi

ആട്ടം പ്രൌഢ കണക്കതീവ തിരിയും
പാച്ഛത്തി കയ്യിൽ;-ക്കനം
കൂട്ടം വെററിലയുണ്ട വായ്മടയിലും,
വാഗ്രോധിരോഗോപമം! 16

തോററംചൊൽവതുപോലെ, കണ്ണുമുടയും-
മാറുച്ചമായ്പ്പാടലും,
മാത്തട്ടികലലച്ച കയ്യടികളാ–
ലാ മദ്ദളംകൊട്ടലും,
പേത്തും പേത്തുമുടംപിലോമനനഖ-
പ്പാടുള്ളിടം നോക്കലും—

(അതൊക്കെ അഭിനയിച്ച് കാണിച്ച്)

ചേത്തൊപ്പിപ്പതിനേവനുള്ള കഴിവാ,-
യാരംതൻ തനിഗ്ഗോഷ്ഠികാം? 17

അരികത്തുള്ള ചില കെട്ടുകുട്ടാളികളുടെ മേനികേററലിൽ ഞെളിഞ്ഞിരുന്ന അയാളോടു ഞാൻ 'ഉണത്തിച്ചു.' (വിനയത്തോടേ) * 'ആയ്യപുത്ര, മഞ്ജീരക, ഇവിടുത്തെ അടുക്കലെയ്ക്കു് അമ്മ കലാവതി അയച്ചവളാണ്, ഞാൻ. അമ്മ പറഞ്ഞയച്ചിരിയ്ക്കുന്നു:—''മകനേ, മഞ്ജീരക, അങ്ങയുടെയാണ്, ഈ വിലാസവതി; ഞാനാരാണ്, ഇവളിൽ കനിയാൻ? എന്നാൽ ഇവരം അങ്ങയുടെ വിരഹമാകുന്ന തിയ്യിൽ വെന്തുപോയാൽ, എൻെറ

16 കൌടില്യേന = കൌടില്യം (= വളവ്, കളവ്) മൂലം. പിശുനൻ = ഏഷണിക്കാരൻ. അതീവ = ഏററവും; വളരെ. ആട്ടം പ്രൌഢ = പ്രഗല്ഭനത്തകി. വാഗ്രോ......പമം = സംസാരിയ്ക്കാറി വയ്യാതാകുന്ന ഒരു രോഗം പോലെ.

17. തോററം—ഭൂതബാധയൊഴിപ്പിയ്ക്കാനും മററുമുള്ള ചില പാട്ടുകൾ. ഉടംപ് = ശരീരം. ഓമനനഖപ്പാട് = പ്രിയപ്പെട്ട നഖക്ഷതങ്ങളുടെ പാട്.

* നായകനെ നായിക ആയ്യപുത്ര എന്നു വിളിയ്ക്കുന്നതുപോലെ, പരിജനങ്ങളും ആയ്യപുത്ര എന്നു വിളിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഏകപുത്രനായ അങ്ങേയ്ക്കു ദ്വേഷ്യം വരുമല്ലോ എന്ന്, എന്റെ ഹൃദയം വിറക്കൊള്ളുന്നു. ഇപ്പോൾ—

ശിവശശികലപോലെ ക്ഷീണമായ് ചാരുഗാത്രം:
വ്യവസിതി സുഭഗാത്മൻ, വീപ്പയപ്പൊന്നിൽമാത്രം;
തവ വിരഹഭരത്താലിത്ര വൈവശ്യമേന്തു-
ന്നിവളിലഴൽ, വിയോഗിദ്വേഷിയാം മന്മഥന്നും!'' 18

അപ്പോൾ അയാൾ പറഞ്ഞു:—'ഇങ്ങിനെതന്നെയാണ് അമ്മയുടെ മനസ്സ്; എന്നാൽ. ഹൃദയം കർപ്പൂരകനിൽ പതിഞ്ഞിരിക്കുന്ന വിലാസവതിക്കു ഞങ്ങളാരാണ്?' ഉടനേ ഞാൻ പറഞ്ഞു:—'അല്ല, അങ്ങിനെയല്ല' അതിന്നയാൾ പറകയാണ്.— 'ഭദ്രേ, പുതുതായി വന്നവളാകയാൽ ഭവതിക്കറിഞ്ഞുകൂടാ:

'ഇന്നെന്നോടു കലംപിയമ്മ; സുഖമെൻ-
ദേഹത്തിനില്ലേതുമി-
ന്നി;-നാട്ടത്തിനു തമ്പുരാന്റെ തിരുനീ-
ട്ടുണ്ടി;-നു നോൽമ്പാണു മേ'
എന്നെല്ലാ,മതിമാത്രനീരസതയാ-
ലെന്നെപ്പുറത്തുള്ളവാ-
നൊന്നൊന്നായ് ബ്ബഹുയുക്തിയിൽപ്പുതുപുതു-
വ്യാജങ്ങൾ ചൊൽവോളവൾ! 19

അത്രമാത്രമല്ല—

സല്ലാപം ഞാൻ തുടന്നാൽ, സ്വസഖികളൊടു മ-
റ്റൊന്നു ചൊൽവാനൊരുങ്ങും;
ഫുല്ലാക്ഷരം പഴിക്കും, മമ സമഗുണനാ-
മന്യനെപ്പേർത്തുപേർത്തും;

18. ശിവശശികല = ശിവൻ ചൂടിയ ചന്ദ്രക്കല. വ്യവസിതി = വ്യാപാരം. സുഭഗാത്മൻ = ഹേ സുന്ദരാകാര. വീപ്പുകളെ യാത്രയാക്കുകമാത്രമേ ഒരു ജോലിയുള്ളു. വിയോഗിദ്വേഷിയായ (വിരഹികളെ ദ്രോഹിക്കുന്നവനായ) കാമൻപോലും ഈ വിയോഗിനിയെക്കുറിച്ചു വ്യസനിക്കുന്നു!

19. തിരുനീട്ട് = ഉത്തരവ്.

Digitized By Kerala Sahitya Akademi

വല്ലാതാസ്യം ചുളിച്ചെ,ന്നുടെ വിനയകലാ—
സംപ്രയോഗത്തിൽ മൌനം
കൊള്ളും; മുൻകുററമെല്ലാം വെളിയിലിടു;-മുറ—
ങ്ങുന്നമട്ടും നടിയ്ക്കും! 20

എന്തിനേറെ? ഭവതി നേരേ കണ്ടിട്ടില്ലയോ, വിലാസവതിയുടെ കിടപ്പുമുറിയിൽ കർപ്പൂരകന്റെ ചിത്രപടം? അതിൽ ഇങ്ങിനെ ഒരു ശ്ലോകം എഴുതിയിട്ടുണ്ട്:—

'കാലിൽപ്പററിപ്പലംപിക്കൊ-
ള്ളട്ടേ മഞ്ജീരകഞ്ചിരാൽ;
കർപ്പൂരന്തന്നെ, സർവാംഗ—
സംഗസൌഭാഗ്യഭാജനം!' 21

അയാളുടെ പേരോടുള്ള സാമ്യത്താൽ പ്രീതിപൂണ്ട്, അവൾ തണുപ്പുകാലത്തുപോലും കർപ്പൂരം മേലൊക്കെ പൂശാറുണ്ട്!'

(ആകാശത്തു ചെവികൊടുത്തിട്ട്)

താങ്കൾ എന്തുപറയുന്നു, ''അമ്പോ, അങ്ങയുടെ ഭാഗ്യം: തന്റെ സൌഭാഗ്യം എതിരാളിയുടെ മുഖത്തുനിന്നു കേട്ടുവല്ലോ!'' എന്നോ? (ലജ്ജ നടിച്ച്) പ്രിയസ്നേഹിത, മുഴവനും കേൾക്കു: അയാളുടെ വാക്കു കേട്ടിട്ടു ഞാൻ പൊത്തിപ്പറഞ്ഞു:— 'പിണക്കത്താലാണ്, ആര്യപുത്രൻ ഇങ്ങിനെ പറയുന്നത്: ഇതു സ്വപ്നത്തിൽപ്പോലും സംഭവിയ്ക്കുന്നതല്ല. ഇപ്പോളാകട്ടേ—

20. ഫുല്ലാക്ഷതം = വിടൎന്ന (വളൎന്ന) ആകൂതത്തോടെ (അൎത്ഥഗർഭതയോടെ); ത്തുലോം അൎത്ഥഗർഭമാകുംവണ്ണം. സമഗുണൻ = തുല്യൻ. ആസ്യം = മുഖം. വിന..................ഗത്തിൽ = വിനയവും (പഠിച്ചറിവും) കലകളും പ്രകാശിപ്പിയ്ക്കുമ്പോൾ. വെളിയിലിടും—സകലരും കേൾക്കേ എടുത്തെടുത്തു പറയും..

21. മഞ്ജീരകഞ്ചിരാൽ എന്നേടത്തു മഞ്ജീരകം (= കാൽത്തള) എന്നും, മഞ്ജീരകൻ എന്നും പദച്ഛേദം; കർപ്പൂരന്തന്നെ എന്നേടത്തും കർപ്പൂരമെന്നും കർപ്പൂരനെന്നും പദച്ഛേദം. സർവാംഗങ്ങളിലും ചേരുക എന്ന

Digitized By Kerala Sahitya Akademi

സുജനങ്ങളിൽവെച്ചസമാ-
കൃതിയാമിവിടത്തെ വിഗ്രഹം തീരാൻ
അഭിവാഞ്ഛിയ്ക്കുകയാണവ–
ളു,തിരാഗത്താലനന്യചേഷ്ടിതയായ്!' 22

താങ്കൾ എന്തു പറയുന്നു, ''അങ്ങ് ഇപ്പറഞ്ഞതിൻെറ * വിപരീതാർത്ഥം അയാൾക്കു മനസ്സിലായോ?'' എന്നോ (ചിരിച്ചിട്ട്) എവിടെ മനസ്സിലാകുന്നു? ഇങ്ങിനെയൊക്കെ പറഞ്ഞുപിടിപ്പിച്ചപ്പോൾ, അയാൾ സന്തുഷ്ടനായി, വെററില–ചന്ദനം–കോടിവസ്ത്രം മുതലായ കാഴ്ച്ദ്രവ്യം കൈക്കൊണ്ടു; എന്നോടു സസന്തോഷം ഉരിയാടുകയുംചെയ്തു:— 'ഭദ്രേ, പോയ്ക്കൊൾക, പോയ്ക്കൊൾക: നമ്മുടെ ഈ മോതിരം അടയാളമായി കാണിച്ചാൽ ഭവതിയ്ക്കു നമ്മുടെ ഗൃഹത്തിൽനിന്ന് ആയിരം * ദീനാരം സമ്മാനമായിക്കിട്ടും; നാമും വന്നുകഴിഞ്ഞു.''

(സന്തോഷത്തോടേ) സ്നേഹിത, ചന്ദനക, കേൾക്കു, കേൾക്കു. ഇങ്ങിനെയാണ് ഇതിൽ ഏർപ്പാട്. ഇത്തരം യുക്തിയ്ക്ക്, ഇത്തരംതന്നെ ഫലം: * ഈ കെട്ട മഞ്ജീരകൻ ചന്ദ്രസേനാവേശ്യയുടെ മുതൽ മോഷ്ടിച്ചിരിയ്ക്കുന്നു; എന്നിട്ടെന്താണ്, ഇയ്യാൾ അവളുടെ ചീനപ്പട്ടുമണിഞ്ഞു വെളിവായി പാതകളിൽ ചുററിനടക്കുന്നത്? ഇനി ഇയ്യാളെ രാജാവിൻെറ തുറു

സൌഭാഗ്യത്തിന്നു പാത്രം, കർപ്പൂരൻതന്നെ.

22. സുജനങ്ങൾ = നല്ലവർ, സുന്ദരർ. അസമാകൃതി = നിസ്തുല്യരൂപൻ. വിഗ്രഹത്തിന്നു കലഹമെന്നും ദേഹമെന്നും രണ്ടർത്ഥം. തീരാൻ = ശമിയ്ക്കാൻ, അറുതിപ്പെടാൻ. അനന്യചേഷ്ടിത = മറെറാരു വ്യാപാരവുമില്ലാത്തവൾ.

* വിപരീതാർത്ഥം = വിഗ്രഹം തീരാൻ (മരിപ്പാൻ) എന്നുള്ളത്.

* ഒരു തരം പൊൻനാണ്യം.

* മഞ്ജീരകൻ ചന്ദ്രസേനയുടെ ചീനപ്പട്ടുടുത്തു നടക്കുമ്പോൾ ആളുകൾ പറയും, അയാളാണ് ചന്ദ്രസേനാധനമോഷകനെന്ന്: അയാൾ കാരാഗൃഹത്തിലാക്കപ്പെടുകയും ചെയ്യും. ആരോ—ദൂതീവേഷച്ഛന്നനായ കർപ്പൂരകൻ തന്നെയാണ്", അംഗുലീയാഭിജ്ഞാനത്താൽ മഞ്ജീരകൻെറ ധനമൊക്കെ അപഹരിച്ചതെന്ന വാസ്തവം ആളുകൾ അറിയുകയില്ലല്ലോ.

Digitized By Kerala Sahitya Akademi

ങിലിട്ടടച്ചാൽ എന്തുള്ള മറുകൈ? ഇയ്യാളുടെ മുതലുമൊക്കെ, ആരോ വ്യാജേന ആരോ മോതിരമാകുന്ന അടയാളം കാട്ടി അപഹരിച്ചു കളഞ്ഞു. താങ്കൾ എന്തു പറയുന്നു, ''ചന്ദ്രസേനാ വേശ്യയുടെ മുതൽ കട്ടെടുത്തിട്ട്, ആ ചീനപ്പട്ടാണോ, അങ്ങു മഞ്ജീരകന്നു കള്ളക്കാഴ്ചദ്രവ്യത്തിൽ കൊടുത്തത്?'' എന്നോ? (ഹർഷത്തോടെ) സ്നേഹിത, അതേ. ''കൊള്ളാം, സ്നേഹിത, കൊള്ളാം. എനിയ്ക്കു, ഭവാൻെറ സ്നേഹത്തിൻെറ ഫലം പകുതി കിട്ടി: അങ്ങു ചന്ദ്രസേനയുടെ മുതൽ മുച്ചൂടും കട്ടെടുത്തുവല്ലോ; ഹാരദത്തങ്കൽ ആസക്തയായ ആ ദുഷ്ടത്തിയാണ്, എന്നെ പാപ്പരാക്കിത്തീർത്തത്! ഹാരദത്തനെ വല്ല കഷ്ടപ്പാടിലും ചാടിയ്ക്കുകകൂടി ചെയ്താൽ, ഫലം മുഴവനമായി എന്നു പറയാം.'' എന്നാണല്ലോ, താങ്കൾ പറയുന്നത്. സ്നേഹിതൻ ഇത്തിരികൂടി കാത്തിരിയ്ക്കു: അതും സാധിച്ചു മട്ടിലായി. ''അങ്ങേഅററത്തെസ്സന്തോഷമാണല്ലോ, ഇത്; അതിനാൽ, ചന്ദ്രസേനയുടെ മുതൽ മോഷ്ടിച്ചതെങ്ങിനെയെന്നു വിസ്തരിച്ചു പറയൂ.'' എന്നാണല്ലോ, താങ്കൾ പറയുന്നത്. എൻെറ സ്നേഹിതൻ കേട്ടുകൊള്ളുക: അവൾക്കു ഞാൻ ഹാരദത്തൻെറ മുത്തുമാല കൊണ്ടു കൊടുത്തു പറഞ്ഞു:— 'കൊച്ചമ്മയ്ക്കു വലിയ ഭാഗ്യം! ഹാരദത്തനെജമാൻ എല്ലാച്ചൂതാടികളുടേയും മുതലൊക്കെ ചൂതുകളിയിൽ ജയിച്ചു നേടിയിരിയ്ക്കുന്നു; ഈ ശുഭവോർത്ത കൊച്ചമ്മയെ അറിയിയ്ക്കാൻ അയച്ചിരിയ്ക്കയാണെന്നെ.' അപ്പോൾ അവൾ—

'ഇതെന്തു,മൃതവാപിയിൽസ്സുരസമായി
നീരാടലോ?
വസന്തഭഗവാൻ ചൊരിഞ്ഞതരുംകയോ
മലർത്തേനിനെ?
നിശേശനുടെ രാജധാനിയിലണഞ്ഞിതോ
ഞാനി?'_തേ
നിനച്ചു, ഹൃദി മുത്തുമാലികയണിഞ്ഞു
മുഗ്ദ്ധാക്ഷിയാൾ! 23

ഹാരമേ വന്നിട്ടുള്ളു എങ്കിലും, ഹാരദത്തൻ വന്നാലെന്നപോലെ

Digitized By Kerala Sahitya Akademi

ഒരു മഹോത്സവവും ആ ഗൃഹത്തിൽ നടന്നു. അവളുടെ അമ്മ മായാവതി എന്നോടു പറഞ്ഞു:— ''ഉണ്ണി, ഉണ്ണി, നമ്മുടെ ഈ മുതലൊക്കെ നിൻേറതുതന്നെയാണ്. കരുതൽ വേണം.' ഞാൻ മറുപടി പറഞ്ഞു:— 'ഇതിൽ സംശയമൊന്നുമില്ല; ഞാൻ കരുതിത്തന്നേ ഇരുന്നുകൊള്ളാം.'

പിന്നീടു, പരിജനങ്ങൾ മത്സ്യപിടിച്ചുറങ്ങിയപ്പോൾ അനാഥപ്രായമായിത്തീൎന്ന ആ വീട്ടിലെ മുതലൊക്കെ യഥേഷ്ടം കൈക്കലാക്കി ഞാൻ പുറത്തെയ്ക്കു പോന്നു. സ്നേഹിത, ചന്ദനക, ''അങ്ങ് എൻെറ എതിരാളിയായ ഹാരദത്തൻെറ ദാസ്യം അനുഷ്ഠിച്ചതെന്തുകൊണ്ട്?'' എന്നിങ്ങനെ, അതിശംകൊള്ളുകയാണോ, താങ്കൾ? കോപിയ്ക്കുണ്ടോ, കോപിയ്ക്കുന്നു: അല്ല, അയാളുടെ ദാസനായിട്ടല്ല, ഞാൻ ഇതു ചെയ്തത്. കേൾക്ക, കേൾക്ക. (പരിഹാസത്തോടേ) താങ്കൾക്കറിയാ :

ഏച്ചേച്ച തുന്നിയ പഴന്തുണിയൊന്നു ചുററാൻ,
തോളിൽപ്പിണച്ച ഭുജയുഗ്മമമൊരുത്തരീയം,
ക്രോധേന ചോക്കയുടെ വെൺചൊടിയൂഴ്പ്പിലെന്നി–
സ്സമ്മാനമല്ലി മമ തന്നതു ചൂതുമൂപ്പൻ! 24

അതേ വേഷത്തോടേ ഞാൻ മാണിഭദ്രക്ഷേത്രത്തിൽപോയി. താങ്കൾ എന്തു പറയുന്നു, ''ഒരു ചൂതാടിയായ അങ്ങയ്ക്കു മാണിഭദ്രനെക്കൊണ്ടെന്തുള്ളു?'' എന്നോ? സ്നേഹിത, ഇങ്ങനെ പറയരുത്.

ഹരൻെറ മറെറാരാകാര–
മരിഖണ്ഡനപണ്ഡിതൻ,

23. വാപി = കുളം. നിശേശൻ = ചന്ദ്രൻ. ഇതേ = ഇപ്രകാരംതന്നെ. ഹൃദി എന്നതിന്നു മനസ്സിൽ എന്നും, മാറത്ത് എന്നും അൎത്ഥപ്പെടുക്കാം.

24. ഉത്തരീയം = തോൾവസ്ത്രം. തോററതിൽ ഈററപിടിച്ച്, ചൂതിനു വരയ്ക്കുന്ന ചോക്കമേൽ കടിയ്ക്കുന്നതിനെയായിരിക്കുമോ, അധരാസ്വാദമായി കല്പിച്ചിരിയ്ക്കുന്നത്? ചൂതുമൂപ്പൻ = ദ്യൂതാധ്യക്ഷൻ; അയാൾ എന്നെ ഉടുവസ്ത്രംപോലുമില്ലാത്തവനാക്കിഎന്നതു താങ്കൾക്കറിയാമല്ലോ.



Digitized By Kerala Sahitya Akademi

ഭദ്രം നരുക്ക വായ്പിപ്പൂ
മാണിഭദ്രനനാരതം. 25

എന്നിട്ട, ദാരിദ്ര്യസന്തപ്തനായ ഞാൻ മാണിഭദ്രഭഗവനെ ശകാരിച്ചു:—

'വട്ടങ്ങളേറെ വഴിപാടിനൊരുക്കിവെപ്പാൻ
നട്ടംതിരിയ്ക്കമൊരുപാട ധനം പിടുങ്ങും;
ആശാഢ്യമായ കയറിൻ പിരിയും മുറുക്കും;
വിശ്വംമിരട്ടികളനാരതമീശ്വരന്മാർ! 26

അതിനാൽ, മുമ്പേത്തെ വഴിപാടുകൾ എനിയ്ക്കു തിരിയേ തന്നേയ്ക്കു. മാണിഭദ്ര, എന്റെ ഭക്തി ഭവാൻ കണ്ടിരിയ്ക്കുന്നുവല്ലോ; ഇനി, അഭക്തിയും കാണാം!' എന്നിങ്ങനെ പരുഷം പറഞ്ഞു ഞാൻ കുത്തിയിരുന്നപ്പോൾ— (അദ്ധോക്തിയാൽ, ചട്ട നെടുവീർപ്പിട്ട വൈവശ്യം നടിയ്ക്കുന്നു.) സ്നേഹിത, ചന്ദനക, താങ്കൾ എന്തു പറയുന്നു, ''എന്താണ്, ഭഗവാൻതന്നേ ഇങ്ങിനെ വിവശനായിത്തീന്നതു്?'' എന്നോ? സ്നേഹിത, ആ സ്ഥിതി ഓക്കുന്നതുപോലും അതിദാരുണമാണ്:

അണഞ്ഞു, രാഗങ്ങൾക്കരിയ മുരടാം
സാന്ധ്യസമയം;
പടർന്നു, ചേല്യാററാ മധുരമധുസൌ-
രഭ്യവിഭവം;
പുറപ്പെട്ടു താനേ, പ്രകൃതിസുഭഗം
പാട്ട തരുണ-
ക്കെ;-നിസ്സ്വോ ചാരത്തായ്, ശമനനഗര-
ദ്വാസ്ഥവിളികൾ! 27

25. അരി......ബന്ധിതൻ = ശത്രുസംഹാരകുശലൻ; ശിവന്റെ ഉററ ത്ത സചിവപ്രമാണി' മാണിഭദ്രൻ എന്ന് ഈ വിശേഷണംകൊണ്ട സമർത്ഥിക്കുന്നു. ഭദ്രം = മംഗളം.

26. ആശാഢ്യം = ആശ എന്ന പേരോടുകൂടിയത്.

27. സാന്ധ്യസമയം = സന്ധ്യാകാലം. മധു......ഭവം = മധുരങ്ങളായ മദ്യങ്ങളുടെ സൌരഭ്യസമൃദ്ധി. തരുണർ = യുവസ്ത്രീപുരുഷന്മാർ. ശമ...

Digitized By Kerala Sahitya Akademi

അപ്പോൾ ഒരാൾ ഹർഷത്തോടേ വന്നെത്തി മാണിഭദ്രഭഗവാനോട്ട പ്രാർത്ഥിച്ചു:— 'ഭഗവാനേ, മാണിഭദ്ര, നിന്തിരുവടിയ്ക്കു നമസ്കാരം! ഇതൊക്കയും നിന്തിരുവടിയുടെ മഹിമതന്നെ: എൻെറ എജമാൻ ഹാരദത്തൻ ചൂതുകളിയിൽ * ജയലക്ഷ്മിയുടെ പ്രിയതമനായിച്ചമഞ്ഞിരിയ്ക്കുന്നു; അതിനാൽ, ഈ വഴിപാട്ട സ്വീകരിയ്ക്കുക! എൻെറ അനുജൻ—മറുനാട്ടിൽ പോയ്ക്കളഞ്ഞ നിപുണകൻ—തിരിച്ചെത്തുകകൂടി ചെയ്താൽ, ചതുരകനെന്ന ഞാൻ സർവസ്വംകൊണ്ടും നിന്തിരുവടിയെ പ്രസാദിപ്പിച്ചുകൊള്ളാം!

ഇതു കേട്ടിട്ട്, 'ഇയ്യാളിൽനിന്നു വല്ല ദുഃഖനിവൃത്തിയും എനിയ്ക്കുണ്ടാകാ' മെന്നുറച്ചു ഞാൻ, ആ പുറത്തെയ്ക്കു പോകുന്ന ചതുരകനെ സമീപിച്ചു. അയാളാകട്ടേ, മരണത്താൽ വിളിച്ചുവരുത്തപ്പെട്ട വണ്ടിണകൊണ്ടു കറുത്ത വേലാപ്പു കെട്ടിയതുപോലിരുന്ന ചാരായക്കടയിലെയ്ക്കു കടന്നു; ഞാൻ അതിൻെറ മുററത്തു നിന്നകലത്തല്ലാതെ നിന്നു. കരുണസ്വരത്തോടേ കള്ള ദുഃഖം നടിയ്ക്കാൻതുടങ്ങി:— 'ഏതോ ഒരുത്തൻ ഭ്രാതാവു പറഞ്ഞതു വാസ്തവംതന്നെ:

* 'ഊരിലൂരിൽക്കളത്രങ്ങ-
ളൂ,രിലൂരിലിണങ്ങരും;
കാണ്മീല ഞാൻ, സഹജനാം
ഭ്രാതാവെക്കിട്ടുമൂരിനെ!'

അയ്യോ, അയ്യോ! ആവൂ, എൻെറ കെട്ടജീവിതത്തിൻെറ ഉറപ്പ്: അത്രയും ഉത്തമഭ്രാതാവായ ചതുരകനോട്ട വേർപിരിഞ്ഞിട്ടും, ഇതു വിട്ടുപോകുന്നില്ലല്ലോ!'

എൻെറ വിലാപം അയാളുടെ ഹൃദയത്തെ അത്യന്തം ദയാർദ്രമാക്കിത്തീർത്തു; അയാൾ സംഭ്രമത്തോടേ അടുക്കൽ വന്ന് എന്നോട്ട പറഞ്ഞു:— 'ഭദ്ര, താനല്ല, എൻെറ അനുജൻ നിപുണ

......ളികൾ = യമപുരിയിലെ ദ്വാരപാലൻെറ വിളികൾ; മരണം സമീപിച്ചതായി തോന്നി. കാരണം: ആ സന്ധ്യാകാലത്തിൻെറ ഉദ്ദീപകത്വവും, വിലാസവതീവിരഹതാപവും.

* വിജയം നേടിയിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

കൻ.' ഞാൻ ഒന്നും മിണ്ടാതെ, കണ്ണീരോടേ അയാളുടെ കാൽ പിടിച്ചു; അതോടുകൂടി, അയാൾ ഭ്രാതൃവിരഹദുഃഖഭാരത്താൽ ഉറക്കെ നിലവിളിച്ചുകൊണ്ട്, എന്നെ കഴുത്തിൽ കെട്ടിപ്പിടിച്ചു. അപ്പോൾ ഞാൻ പറഞ്ഞു:—'ജ്യേഷ്ഠൻ എന്നെ വിട്ടേയ്ക്കു, വിട്ടേയ്ക്കു: കപടഭ്രാതാവാണ് ഞാൻ; എപ്പോഴും അങ്ങയെ ദുഃഖിപ്പിയ്ക്കുകയാണല്ലോ!'

''അമ്പോ, കള്ളനിപുണകനാണെങ്കിലും, അടവു പറയുന്നതിൽ അങ്ങു യഥാർത്ഥനിപുണൻതന്നെ!'' എന്നു, ചിരിയ്ക്കുകയാണ് താങ്കൾ. സ്നേഹിത, ചന്ദനക, * പറയുന്നതിലോ? നോക്കൂ, കാര്യത്തിൽത്തന്നെ എനിയ്ക്കുള്ള നൈപുണ്യം! അപ്പോൾ കൂടി കേൾക്കൂ: ഇമ്പം മുഴുത്ത ചതുരകൻ ആ ചാരായക്കടക്കാരനോടപേക്ഷിച്ചു:— 'താങ്കൾ എനിയ്ക്കു ധർമ്മത്താൽ അച്ഛനാണ്. മദ്യം കുറെക്കൂടി തരിക. എനിയ്ക്ക് മഹോത്സവം കൊണ്ടാണം: എന്റെ അനുജൻ—ഏറെനാൾ മറുനാട്ടിലായിരുന്ന നിപുണകൻ—വന്നുചേർന്നിരിയ്ക്കുന്നു. ഇതാ, ഹാരദത്തൻ തന്നയച്ച മുത്തുമാല കൊടുത്തിട്ടു, ചന്ദ്രസേനയുടെ പക്കൽനിന്നു കിട്ടുന്നതു ഞാൻ താങ്കൾക്കു തന്നുകൊള്ളാം.' ഉടനേ ഞാൻ കീറമുണ്ടിൻ കോന്തലയ്ക്കൽനിന്ന് ഒരു പൊന്നിൻകഷ്ണം അഴിച്ചെടുത്തു കാണിച്ചു പറഞ്ഞു:— 'ജ്യേഷ്ഠ, ചതുരക, ഇതു വാങ്ങിക്കൊൾക: ഞാൻ ഇവിടുത്തെ പ്രഭാവത്താൽത്തന്നെയാണ്, ഒട്ടേറെ സമ്പാദിച്ചതു്; കള്ളന്മാരെപ്പേടിച്ചിട്ട്, ഇതേ കൊണ്ടുപോന്നുള്ളൂ.' അപ്പോൾ അയാൾ അഭിപ്രായപ്പെട്ടു:— 'ഉണ്ണി, ഇതുചിതമല്ല: നീ അനുജനാണ്. ഞാൻ മറുപടി പറഞ്ഞു:— 'ജ്യേഷ്ഠ, ഇതെത്രയ്ക്കുണ്ട്? എനിയ്ക്കിനിയും ജ്യേഷ്ഠന്റെ അനുഗ്രഹത്താൽ ഒട്ടേറെ സമ്പാദിയ്ക്കാം.'

അപ്പോൾ അയാൾ അതു സ്വീകരിച്ചു, കുറെയേറെ മദ്യം വാങ്ങി. താങ്കൾ എന്തു പറയുന്നു, ''അങ്ങെന്തിനാണ്, പണം വേണ്ടാതെ കളഞ്ഞതു്?'' എന്നോ? സ്നേഹിത, പേടിയ്ക്കേണ്ട:

* ഭാര്യമാരെയും ഇണങ്ങരെ (ചാപ്പക്കാരെ)യും എല്ലാദേശത്തും കിട്ടും; കൂടപ്പിറപ്പായ സഹോദരനെ എങ്ങും കിട്ടുകയില്ല! വാല്മീകിരാമായണത്തിലേതാണ്, ഈ ശ്ലോകം.

Digitized By Kerala Sahitya Akademi

മാററം വരില്ലതിനുരുക്കി മുറിച്ചുരച്ചാൽ,
വിശേഷാപകാരകരമത്തപനീയമന്യം;
ഇപ്പൊന്നതിൽപ്പെട്ടുകയില്ല: ദുരാപമായ
വിശ്വാസഘാതിമറിമായ,മിതിൻെറയച്ഛൻ. 28

പിന്നെ ആ ചതുരകൻ

മദ്യം തുലോം മോന്തുകയാൽ–
ദ്ദുർബലേന്ദ്രിയവർഗ്ഗനായ്
വീണാൻ വൻനിദ്രയിൽപ്പെട്ടു,
സന്നിപാതി കണക്കിനേ! 29

* ചക്കിരി ചുണ്ടത്തു വെയ്ക്കുകമാത്രം ചെയ്തതിനാൽ മുത്തുപിടിച്ചിട്ടില്ലാതിരുന്ന ഞാനാകട്ടേ, അയാളുടെ മടിയിൽനിന്നു മുത്തുമാലയുമെടുത്തു തിരിച്ചു.

(അണിയറയിൽ കളകളം കേട്ടതായി നടിച്ചു, മുമ്പോട്ടു നോക്കി, സംഭ്രമത്തോടെ) വിരോധക, താങ്കൾ പരിഭ്രമിച്ചോടുന്നതെന്താണ്?

വല്ലന്തി തീർക്കുവതിനുണ്ടതിബുദ്ധി താങ്കൾ–
ക്കി;ല്ലീഷൽ മേ: തവ വരില്ല ഭയം തരിമ്പും;
വല്ലേടമേററു പിഴവെങ്കില,തിന്നിതാ, മേ,
നില്പാതമിത്രരെയരിഞ്ഞെറിയുന്ന ഖഡ്ഗം! 30

(കേട്ടതായി നടിച്ച്) താങ്കൾ എന്തു പറയുന്നു, ''ഇല്ല, എനി

* പറയുന്നതിൽ മാത്രമല്ല.

28. തപനീയം = സ്വർണ്ണം. അന്യം = മറെറാന്ന്. ഇപ്പൊന്ന്— ഞാൻ ചതുരകനു കൊടുത്തത് അതിൽ (ഉരുക്കി മുറിച്ചുരച്ചാൽ മാററം വരാത്ത സാക്ഷാൽ സ്വർണ്ണത്തിൽ) പ്പെട്ടതല്ല; ദുരാപമായ (= കണ്ടുപിടിക്കാൻ ഞെരുക്കമുള്ള) വിശ്വാസഘാതികളുടെ (വിശ്വസ്തവഞ്ചകരുടെ) മറിമായമാണ്, (= കപടപ്പണിയാണ്) ഇതിൻെറ (ഞാൻ കൊടുത്ത പൊന്നിൻെറ) അച്ഛൻ. മറിമായത്തിൽനിന്നാണ്, ഇതിൻെറ ഉൽപത്തി; കള്ളസ്വർണ്ണമാണ്, ഞാൻ കൊടുത്തത്!

29. സന്നിപാതി = സന്നിപാതരോഗി.

* ചക്കിരി = ചഷകം.

30. വല്ലന്തി = ആപത്ത്. ഭയം = അനർത്ഥം. അമിത്രർ = ശത്രുക്കൾ.

Digitized By Kerala Sahitya Akademi

യ്ക്കു് ഒരു ഭയവുമില്ല. ഞാൻ ചന്ദനകനെ ശുഭവാർത്തയറിയിപ്പാൻ പറഞ്ഞുപോവുകയാണ്: ഇതാ, അദ്ദേഹത്തിന്റെ എതിരാളിയായ ഹാരദത്തനെ രാജാവിന്റെ ആരക്കാർ പിടിച്ചു നാടുകടത്തുന്നു. ഇയ്യാളുടെ ഒരു ഭൃത്യൻ ചതുരകൻ കള്ളപ്പൊന്നു കൊടുത്തു ചാരായക്കാരനെ ചതിച്ചപ്പോൾ; മറ്റൊരു ഭൃത്യൻ നിപുണകൻ മുത്തുമാലയാകുന്ന അടയാളം കൊടുത്തു വഞ്ചിച്ചു ചന്ദ്രസേനയുടെ മുതലൊക്കെ കവർച്ചയും ചെയ്തു. അങ്ങയുടെ എതിരാളിയായ ആ കലാവതികുട്ടിനിയേയും മകരം വിലാസവതി വേശ്യാവർഗ്ഗത്തിന്റെ മുമ്പിൽവെച്ചു് ഉറപ്പിച്ചാണയിട്ടു്, എന്നേയ്ക്കുമായി പരിത്യജിച്ചിരിയ്ക്കുന്നു'' എന്നോ? (ഹർഷത്തോടെ) സ്നേഹിത, വിരോധക, താങ്കൾക്ക ദീർഘായുസ്സു്, ദീർഘായുസ്സു്!

പീയൂഷനിമ്നഗ ബഹിഷ്കൃതനക്രയായി;
സാഹിത്യസത്സഭയിൽ നിന്നസദുക്തി നീങ്ങി;
പാടീരവല്ലിയെ വെടിഞ്ഞുകഴിഞ്ഞു പെൺപാ-
മ്പാ;—വേശ്യ കുട്ടിനിയൊടിന്നു പിരിഞ്ഞുവല്ലോ! 31

എന്നാൽ പറയൂ: ഇതെങ്ങിനെ സംഭവിച്ചു? താങ്കൾ എന്തു പറയുന്നു, ''ഞാൻ മുമ്പേ നിഗൂഢമായി കലാവതിയെ പറഞ്ഞു പിടിപ്പിച്ചു:— 'ഇതാ, നിങ്ങളുടെ മകരം കർപ്പൂരച്ചൂതാടിയെ സ്നേഹിച്ചു, നിങ്ങളുടെ മുതലൊക്കെ കുഴിച്ചെടുത്തു് അയാൾക്ക കൊടുക്കാൻ തുടങ്ങുന്നു; നിങ്ങൾ കരുതിയിരിയ്ക്കണം.' വീണ്ടും, ഞാൻ വിലാസവതിയേയും ഇങ്ങിനെ ധരിപ്പിച്ചു:— 'ഇതാ, ഭവതിയുടെ അമ്മ, കർപ്പൂരകപ്രേമംമൂലം മുഷിഞ്ഞു, ഭവതിയുടെ മുതലൊക്കെ കുഴിച്ചെടുത്തു ചാടിപ്പോകാൻ തുടങ്ങുന്നു; അതിനാൽ, ഇന്നു രാത്രിയിൽ നിങ്ങൾ അമ്മയെ നോക്കിക്കൊള്ളണം.' പിന്നീടു, രാത്രിയുടെ ഒന്നാംയാമത്തിൽ കലാവതി ഈടുവെപ്പുനിലം കുഴിയ്ക്കുമ്പോൾ, വിലാസവതി തലമുടിമേൽ പിടികൂടി, ശണ്ഠകൂട്ടിയ അവളെ പുറത്തു തള്ളി.''

31. പീയൂഷനിമ്നഗ = അമൃതിൻപുഴ. നക്രം = മുതല. അസദുക്തി = ദുർജ്ജനജല്പനം. പാടീരവല്ലി = ചന്ദനലത. കുട്ടിനി = കൂട്ടിക്കൊടുക്കുന്നവൾ.

Digitized By Kerala Sahitya Akademi

(ഹർഷത്തോടേ, ആകാശത്തു ലക്ഷ്യംവെച്ച്) സ്നേഹിത, ചന്ദനക, നോക്കു, നോക്കു, മാണിഭദ്രഭഗവാൻെറ പ്രസാദമഹിമ: രണ്ടുമൂന്നുനാഠംകൊണ്ടു നാം കൃതാൎത്ഥരായി!

(വീണ്ടും ആകാശത്തു കേട്ടതായി നടിച്ച് ആശ്ചൎയ്യത്തോടെ)

ഇങ്ങിനെ ഒരശരീരിവാക്കു കേഠംക്കുന്നു:— 'ഉണ്ണി, കർപ്പൂരക, നിൻെറ ഭക്തിയേക്കാളേറെ, അന്നേത്തെ ശൃണ്ഠിപിടിച്ച ശകാരം എന്നെ പ്രീതിപ്പെടുത്തിയിരിക്കുന്നു; അതിനാൽ നിനക്കു വീണ്ടും എന്തൊരു പ്രിയമാണ്, ഞാൻ ചെയ്തുതരേണ്ടത്?'

(ആശ്ചൎയ്യഹർഷങ്ങളോടേ ആകാശത്തെക്കു നമസ്കരിച്ചിട്ട്)

ഭഗവാൻ പ്രസാദിച്ചാലും, പ്രസാദിച്ചാലും: കററം ക്ഷമിച്ചാലും; ഞാനിതാ, വീണ്ടും നമസ്കരിക്കുന്നു.

മാററാരെയാപൽക്കടലിങ്കലാഴ്ത്തി;
പൊന്നാൽ നിറഞ്ഞൂ ഗൃഹ,മാവതോളം;
അടങ്ങി നാരീസുഖവിഘ്നമെല്ലാ:—
മത്ഥിക്കുമെന്തൊന്നു, കൃതാൎത്ഥനാം ഞാൻ? 32

എന്നാലും ഇതിരിക്കട്ടെ:

സദാ സുഖിക്കട്ടെയഭീഷ്ടപൂൎത്ത്യാ,
മഹേശഭക്തിത്തികവൊത്തു ലോകം;
ഘനങ്ങഠം വേണ്ടും മഴ പെയ്യിടട്ടേ;
മനംകനിഞ്ഞൂഴിമണാളർ പൊന്നും. 38

(പോയി)

സമാപ്തം.

32. മാററാർ = ശത്രുക്കൾ. അൎത്ഥിക്കും = താപേക്ഷിക്കും.

33. അഭീഷ്ടപൂൎത്ത്യാ = പൂൎണ്ണകാമതയോടേ. ഘനങ്ങൾ = മേഘങ്ങൾ. പൊന്നും പെയ്യിടട്ടെ.

സി. ഗോവിന്ദക്കുറുപ്പ്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ക പ ട കേ ളി



Digitized By Kerala Sahitya Akademi

**Kapadakealy**
Mahainatyavalsarajan
1978 ഡിസംബർ
പകർപ്പവകാശം:
സി. അച്യുതക്കുറുപ്പിന്ന്

Digitized By Kerala Sahitya Akademi

# മുഖവുര

ക്രിസ്ത്വബ്ദം 1163 മുതൽ 1203-വരെ കാലഞ്ജരരാജ്യം ഭരിച്ച പരമർദ്ദിരാജാവിന്റെ പ്രധാനമന്ത്രിയും സഭാകവിയുമായിരുന്ന വത്സരാജന്റെ ആറു രൂപകങ്ങൾ— 1. കിരാതാർജ്ജുനീയം വ്യായോഗം, 2. കർപ്പൂരചരിതം ഭാണം, 3. രുക്മിണീഹരണം ഈഹാമൃഗം, 4. ത്രിപുരദാഹം ഡിമം, 5. ഹാസ്യചൂഡാമണി പ്രഹസനം, 6. സമുദ്രമഥനം സമവകാരം—ഒരു പുസ്തകമായി ബറോഡാഗവൺമെന്റിനാൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രസിദ്ധീകരണം കാൽനൂറ്റാണ്ടിന്നു മുമ്പാണെങ്കിലും, ഇന്നും വത്സരാജൻ കേരളത്തിലെ സംസ്കൃതഭാഷാഭിജ്ഞരിൽത്തന്നെ മിക്കപേർക്കും അത്ര പരിചിതനല്ലെന്നു തോന്നുന്നു. ഈ പ്രഹസനത്തിന്റെ പരിവർത്തകൻ മഹാകവി വള്ളത്തോൾ ചില സഹൃദയന്മാരോടു പറയുകയുണ്ടായി:— ''ഇക്കഴിഞ്ഞ 1120 കന്നിമാസംവരെ ഞാൻ വത്സരാജന്റെ പേരേ കേട്ടിട്ടില്ലായിരുന്നു. ഇദ്ദേഹത്തിന്റെ ദൃശ്യകാവ്യങ്ങൾ വായിച്ചപ്പോളാകട്ടെ, ഇവയിൽ ചിലതെങ്കിലും സംസ്കൃതാനഭിജ്ഞരായ എന്റെ നാട്ടുകാരുടെ മുമ്പിൽ യഥാശക്തി ആവിഷ്കരിക്കണമെന്ന് എനിക്കുതോന്നി; ആ തോന്നലിനെ എന്റെ ആത്മസുഹൃത്തും പ്രസിദ്ധ സാഹിത്യകാരനുമായ സർദാർ കെ. എം. പണിക്കരുടെ പ്രേരണ ഉദ്ദീപിപ്പിക്കുകയും ചെയ്തു.''

മന്ദേതരപ്രതിഭനായ മഹാമാത്യവത്സരാജൻ പൂർവകവികളിൽ ഒരാളെപ്പോലും ഉപജീവിച്ചിട്ടില്ല; പ്രായേണ സ്വന്തം പന്ഥാവിലൂടെയാണ് അദ്ദേഹത്തിന്റെ സരസ്വതി സഞ്ചരിച്ചത്. ഭാണ–പ്രഹസനങ്ങളൊഴികെയുള്ള നാലു രൂപകങ്ങളിലെയും ഇതിവൃത്തം പൌരാണികമാണല്ലോ; എങ്കിലും അവയ്ക്കുമുണ്ട്, അസാമാന്യമായ ഒരു നവീനത്വം. കൃത്രിമാലങ്കാരനിർമ്മാണത്തിന്നായി കൈകഴപ്പിച്ച ഒരു കാവ്യശില്പിയല്ല, വത്സരാജൻ; പരിസരാവസ്ഥകളെ തൽസ്വരൂപമായി പ്രദർശിപ്പിക്കുന്നതിലാണ്, അദ്ദേഹത്തിന്നു താൽപര്യം, പാത്രസൃഷ്ടി

Digitized By Kerala Sahitya Akademi

യിൽ അദ്ദേഹം ഒരു കൊച്ചുവിധാതാവാണെന്നു പറഞ്ഞാൽത്തന്നേ, അതിശയോക്തിയാകയില്ല. സർവോപരി, ഭാസാദികളായ ചുരുക്കം ചിലക്കുമാത്രമുണ്ടായിരുന്ന ആ നാട്യമർമ്മജ്ഞത വത്സരാജനിൽ വർത്തിച്ചിരുന്നു എന്നവാസ്തവം ഈ പ്രഹസനത്താൽത്തന്നേ വായനക്കാർക്കു ബോധപ്പെടും. വള്ളത്തോൾ ഇങ്ങിനെയും അഭിപ്രായപ്പെട്ടു:— ''സംസ്കൃതത്തിൽ ഒന്നുരണ്ടു പ്രഹസനം ഞാൻ വായിച്ചിട്ടില്ലെന്നില്ല; എൻെറ ഓർമ്മ ശരിയാണെങ്കിൽ, വത്സരാജപ്രഹസനത്തിൻെറ ഒരു നനുത്ത കാററുപോലുമേല്ക്കാൻ അവയ്ക്കു കരുത്തില്ല!''

പ്രൌഢിയും പരിഹാസവും സർവത്ര ചേർന്നിണങ്ങിയ ഈ പ്രഹസനത്തെ ഒരു നല്ല നടനസംഘം അരങ്ങത്തു കൊണ്ടുവരികയാണെങ്കിൽ, അതു നമ്മുടെ നാടകവേദിയ്ക്കു ഒരു നൂതനമായ നേട്ടവും, നമ്മുടെ കലാകുതുകികൾക്കു അപൂർവമായ ഒരുത്സവവുമായിരിയ്ക്കും. ഹൃദയാവർജ്ജകങ്ങളായ പ്രഹസനങ്ങളെസ്സംബന്ധിച്ചേടത്തോളവും ദരിദ്രതന്നെയാണല്ലോ, കൈരളി.

ഒരു തികഞ്ഞ സ്വതന്ത്രകവിയായ വത്സരാജൻെറ വരിഷ്ഠകൃതികളിലൊന്നായ ഈ രൂപകത്തെ കേരളീയസചേതസ്സുകളുടെ ദൃഷ്ടിയ്ക്കു ഇദംപ്രഥമമായി വിഷയീഭവിപ്പിയ്ക്കാൻ സംഗതി വന്നതിൽ ഞങ്ങൾക്കു ആഹ്ലാദംമാത്രമല്ല, അഭിമാനവുമുണ്ടു്,

ഈ പ്രഹസനത്തിന്നു മൂലകാരൻ കൊടുത്ത നാമധേയം ഹാസ്യചൂഡാമണി എന്നാണു്; 'കപടകേളി' എന്നു വിളിപ്പാൻ ഞങ്ങൾ നിശ്ചയിച്ചതു് ഇതിലെ ഒരു പ്രധാനപാത്രമായ വൃദ്ധവേശ്യയെ പുരസ്കരിച്ചത്രേ.

ചെറുതുരുത്തി,<br>10—മകരം—1120.

വള്ളത്തോൾ ഗ്രന്ഥാലയം<br>പ്രവർത്തകർ

Digitized By Kerala Sahitya Akademi

# കപടകേളി

## കഥാപാത്രങ്ങൾ

സൂത്രധാരൻ
പാരിപാർശ്വികൻ
ചേടൻ
ജ്ഞാനരാശി
ശിഷ്യൻ കൗണ്ഡിന്യൻ
മുദ്ഗാരൻ
കോകിലൻ
പാരാവതകൻ
കലാകരണ്ഡകൻ
കപടകേളി
മദനസുന്ദരി
ചേടി കസുമിക

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## വത്സരാജകൃതമായ

# കപടകേളി

## (പ്രഹസനം)

ദാനോഷ്മാതുരനാം ഗജാസ്യനനിശം
    യാതൊന്നു കണ്ടിട്ടുട-
പ്പാനായ്ത്തുമ്പി വൃഥൈവ നീട്ടുമളവിൽ-
    പ്പൊട്ടിച്ചിരിയ്ക്കും ഹരൻ;
പീനച്ചെഞ്ചിടമേൽപ്പരന്നമരുമ-
    ച്ചൂഡേന്ദുരശ്മിവ്രജം
താനേ നിങ്ങളിൽ നന്മ ചേർക്കുക, ശിരോ-
    ഗംഗാംബുധാരോപമം! 1

ഓംത്രയുമല്ല—

'ആവോളം പുണരാൻ ഭുജം തവ പെരു-
    ത്തുണ്ടു,തസുകാലോകനം
ചെയ്‌വാനുണ്ടൊരുപാടു കൺകൾ, മുകരാ-
    നുണ്ടിങ്ങനേകം മുഖം;
ഏവം ഭൂരിവധൂവിലാസപടുവാ-
    മങ്ങേയ്ക്കു ഞാനെന്തിനെ'-
ന്നാ വിശേശി ചൊടിയ്ക്കവേ സ്മിതമിടും
    ശർവൻ നമുക്കാശ്രയം! 2

(നാന്ദ്യന്തത്തിൽ)

1. ദാനോഷ്മാതുരൻ = മദച്ചൂടുകൊണ്ടു വലഞ്ഞവൻ. ഗജാസ്യൻ = ഗണപതി. ചൂഡേന്ദുരശ്മിവ്രജം = ശിരസ്സിലെ ചന്ദ്രന്റെ രശ്മിക്കൂട്ടം. ശിരോ......പമം = ശിരസ്സിലെ ഗംഗാജലം ഒഴുകുന്നതുപോലെയുള്ളത്; രശ്മിവ്രജത്തിന്റെ വിശേഷണം. ജടമേൽ ചന്ദ്രരശ്മിപ്രസരം കണ്ടിട്ടു ഗംഗാജലഭ്രാന്ത്യാ ഗണപതി അതു കോരിയൊഴിച്ചു മദംപാടിന്റെ ചൂടു നീക്കാൻ ശ്രമിക്കുന്നു!

2. ഭൂരി......പടു = വളരേ സ്ത്രീകളൊന്നിച്ചു രമിപ്പാൻ കഴിവുള്ളവൻ. വിശേശി = പാർവതി.

Digitized By Kerala Sahitya Akademi

സൂത്രധാരൻ:— (പ്രവേശിച്ച്, ആകാശത്തേയ്ക്കു നോക്കി.) എയ്, രാത്രി ഏതാണ്ട് അവസാനിച്ചു. (പടിഞ്ഞാട്ടു നോക്കിയിട്ട്) ഹാ, സമയത്തേ എന്തും ശോഭിയ്ക്കും:

മുല്ലാട്ട പുത്തനണിമുല്ല മലർത്തഴപ്പോ-
ടിപ്പാരനംഗമയമാക്കിയിരുന്നതേതോ,
അപ്പാൽമതിക്കതിരിതാ, നരയെന്നപോലെ
നില്പായി, പശ്ചിമഗിരീന്ദ്രമുടിപ്പരപ്പിൽ! 3

അതിനാൽ, കിഴവനായ ഞാനും ഇങ്ങിനെ നാടകമാടാനൊരുങ്ങുന്നതു ഹാസജനകംതന്നെ!

പാരിപാൎശ്വികൻ:— (പ്രവേശിച്ച്) അങ്ങുന്നേ, ഹാസംതന്നെയാണ് ഇപ്പോഠം വേണ്ടത്: ശിവന്റെ എഴുന്നള്ളത്തുത്സവത്തിന്നു വന്നുചേൎന്നിട്ടുള്ള വിദഗ്ദ്ധസാമാജികന്മാരാൽ പരിചരിയ്ക്കപ്പെട്ട പരമട്ടിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അങ്ങയോടരുളിച്ചെയ്യുന്നു, തന്റെ കവിയായ വത്സരാജനാൽ നിൎമ്മിയ്ക്കപ്പെട്ട കപടകേളിപ്രഹസനം അഭിനയിപ്പാൻ.

സൂത്രധാരൻ:— (ഹൎഷത്തോടേ) ആഃ, ഞാൻ തികച്ചും അനുഗ്രഹീതനായി: ഈ തിരുമേനിതന്നെയാണ്, രൂപകനിരൂപണത്തിന്നർഹനായ ഒരേ ഒരാഠം! (ആശ്ചൎയ്യത്തോടേ തല കുലുക്കിയിട്ട്)

ദാനത്തിൻകളിയാടിയാടി, രമയെ—
സ്സാപത്ന്യവൈരാൽ സദാ
ജ്ഞാനപ്രൌഢഗൃഹങ്ങളിൽ പ്രസഭമേ
ദാസ്യപ്പെടുത്തീടുവാൻ
ആണായിട്ടവതീൎണ്ണയായ മൊഴിമാ—
താകും മഹാദേവിതാ—
നാണീ ശ്രീപരമർട്ടിദേവനരചൻ,
നിസ്സീമവിദ്യാനിധി! 4

4. സാപത്ന്യവൈരാൽ ലക്ഷ്മിപോലെ സരസ്വതിയും വിഷ്ണുവോട്

(അണിയറയിൽ പാട്ടുന്നു)

(അന്നനട)

ഘോരംകെട്ടവനാമിരുട്ടെന്ന കള്ളൻ
പരക്കെ മോഷ്ടിച്ച നിജവിഭൂതിയെ
കരസ്ഥമാക്കുവാനിതാ, നഭോലക്ഷ്മി
തരണിദേവനെയനുസരിക്കുന്നു. 6

സൂത്രധാരൻ:— (കേട്ടിട്ട് ഹർഷത്തോടെ) മാരിഷ, ആട്ടക്കാർ ഒരുങ്ങിക്കഴിഞ്ഞു. ഇതു, കപടകേളി എന്ന * കുട്ടിനിയുടെ പ്രവേശത്തിന്നുള്ള ഗീതിയാണല്ലോ. അതിനാൽ വരിക; നമുക്ക് ഇനിവേണ്ടുന്നതു ചെയ്യുവെയ്ക്കാം.

(രണ്ടുപേരും പോയി)

(പ്രസ്താവന കഴിഞ്ഞു.)

(പിന്നീട്, ഉറങ്ങിയെണീററ കപടകേളി പ്രവേശിക്കുന്നു.)

കപടകേളി:— (നോക്കിയിട്ട്) ഓ, നേരം പുലന്നു. ജനാലകളിലൂടേ, പഴയ മദ്യം പകരുന്നതിന്നൊത്ത ഇളവെയിൽ കടന്നുവരുന്നു. എയ്, കനത്ത കുടിയാൽ മത്തുപിടിച്ചിരുന്ന എനിക്കു്, ഒരൊററ ഉറക്കംകൊണ്ടു രാത്രി കഴിഞ്ഞുപോയി. അയ്യ, അപ്പാരിക്കുടിയുടെ ഒരു സ്വാദ്! അതിനാൽ, ഇപ്പോഴുംത്തന്നെ മദ്യംകൊണ്ടു വരുവിക്കാം: നല്ല വസ്തു കയ്യിൽ വെയ്ക്കാഞ്ഞാൽ പററില്ലല്ലോ.

ചേടി:— (പ്രവേശിച്ച്) അമ്മേ, ശരിതന്നെയാണിത്: നല്ല

യാണെന്നു പുരാണോക്തിയുണ്ട്. ജ്ഞാനപ്രൌഢർ = വിദ്വാന്മാർ. പ്രസഭം = ബലാൽക്കാരേണ.

6. നഭോലക്ഷ്മി = ആകാശം. തരണി = സൂര്യൻ. വൃത്തം—അന്നനട. ഇതിൽ ഇതിവൃത്തം സൂചിതം.

* കുട്ടിനി = വിടന്മാക്ക് വേശ്യമാരെ ഏല്പിച്ചുകൊടുത്തു പണം വാങ്ങുന്നവൾ.

66

Digitized By Kerala Sahitya Akademi

വസ്തു കയ്യിൽ വെയ്ക്കാഞ്ഞാൽ പററില്ല. അമ്മ നെടുനാൾ കൊണ്ടു സമ്പാദിച്ചുവെച്ച ആ ആഭരണമൊക്കെ ഇന്നലെ രാത്രിയിൽ കള്ളന്മാർ കൈക്കലാക്കികളഞ്ഞു!

കപടകേളി:— (സംഭ്രമത്തോടേ) കുസുമികേ, നീ എന്തു പറയുന്നു?

കുസുമിക:—ശരിയാണിത്.

കപടകേളി:—(വിഷാദത്തോടെ ആത്മഗതം) ഏയ്, മദ്യം നഞ്ഞായിത്തീൎന്നു; ചത്തപോലെ ഉറങ്ങിപ്പോയല്ലോ ഞാൻ! (പ്രകാശം) തുരങ്കം വെച്ചിട്ടോ?

കുസുമിക:—അല്ലല്ല.

കപടകേളി:—വാതിൽ കുത്തിപ്പൊളിച്ചിട്ടോ?

കുസുമിക:—അല്ലല്ല.

കപടകേളി:—പിന്നെ ഇതെങ്ങിനെ?

കുസുമിക:—അമ്മ ആലോചിച്ചുനോക്കൂ.

കപടകേളി:—(ആലോചിച്ച് ആത്മഗതം) ആ കലാകരണ്ഡകനെന്ന പാപ്പർച്ചുതാടിയിൽ അനുരാഗം വെച്ചിരിയ്ക്കുന്ന ഇവളുടെ—എന്റെ മകളുടെ—പണിയായിരിയ്ക്കും ഇത്. അയ്യോ, മോശം മോശം! ഞങ്ങളുടെ തറവാട്ടിൽ, കാമുകനെ സർവഥാ സ്നേഹിയ്ക്കുന്ന ഒരു കലസ്ത്രീയെയും കേട്ടിട്ടില്ല; ഈ കള്ളത്തി ഞങ്ങളുടെ തറവാട്ടിൽ ഇതാ, ഛിദ്രം വരുത്തിയിരിയ്ക്കുന്നു! (പ്രകാശം) കുസുമികേ, ഞാൻ വല്ല ജ്യോത്സ്യനെക്കൊണ്ടും ഇതു തെളിയിയ്ക്കും: ഇവിടെ ജീൎണ്ണോദ്യാനമഠത്തിലുണ്ടല്ലോ, 'ലക്ഷണംപറയുന്ന'തിൽ മിടുക്കനായ ജ്ഞാനരാശി എന്നൊരു സന്ന്യാസി; അദ്ദേഹത്തോടു ചോദിപ്പാൻ പോയ്ക്കളയാം. കൂടെപ്പോരാൻ മുദ്ഗരകനെ ഉറക്കമുണൎത്തുക.

കുസുമിക:—മുദ്ഗരക, മുദ്ഗരക, ഉണരന്നെണീയ്ക്കു, ഉണരന്നെണീയ്ക്കു.

(ചേടൻ അതേമട്ടിൽ കിടക്കുന്നതു കണ്ടിട്ട്)

ഇയ്യാളെ ഉറക്കപ്പാമ്പു കടിച്ചിരിയ്ക്കുന്നു; * മയിൽ ഉണൎത്തിയാലായി!

* മയിൽ സൎപ്പശത്രുവാണല്ലോ.

Digitized By Kerala Sahitya Akademi

കപടകേളി:—എനിക്കറിയാം, ഇതിന്നുവേണ്ടി ചെവിയിൽ * മന്ത്രം ജപിപ്പാൻ: മുദ്ഗരക, മുദ്ഗരക, ഉണരുക, ഉണരുക; ആ മദ്യം കൊണ്ടുവരിക, നീ സ്വാദുനോക്കിയിട്ട്.

ചേടൻ:—(പ്രവേശിച്ച്) കുസുമികേ, എടുക്ക, എടുക്ക, പാത്രങ്ങൾ.

കപടകേളി:—കുഞ്ഞാ, മുദ്ഗരക, ഞാനും നീയും കൂടിപ്പോവുക. കുസുമിക പാത്രങ്ങൾ കോരിക്കൊണ്ടുവരും.

(രണ്ടുപേരും ചുററിനടക്കുന്നു)

ചേടൻ:—അമ്മ മററുവല്ലേടത്തേക്കും പോകയാണോ?

കപടകേളി:—(സവിഷാദം) മുദ്ഗരക, നീ കേട്ടില്ലയോ, നമ്മുടെ വീട്ടിലെ കഥ? വളരെനാളുകൊണ്ടു സമ്പാദിച്ചുവെച്ച ആ മുതലൊക്കെ ഇന്നലെ കള്ളന്മാർ മോഷ്ടിച്ചുകളഞ്ഞു. അതിനാൽ, ഉദ്യാനമഠത്തിലുള്ള ലക്ഷണംപറയലിൽ മിടുക്കനായ ജ്ഞാനരാശിസന്ന്യാസിയോടു ചോദിപ്പാൻ പോകയാണ് ഞാൻ.

ചേടൻ:—(ഹർഷത്തോടേ ആത്മഗതം) പൊന്നുകള്ളന്മാരേ, ജീവിച്ചിരിപ്പിൻ, ജീവിച്ചിരിപ്പിൻ! നിങ്ങളുടെ ഈ പണി നന്നായിക്കലാശിക്കട്ടെ! ഈ ദുഷ്ടത്തി എന്നെയും വീട്ടിലെ മററാളുകളെയും ശകാരിക്കൽ ഒരു നിമിഷംപോലും നിർത്തിവെക്കാറില്ല. (പ്രകാശം, ദുഃഖംനടിച്ച്) അയ്യോ, അയ്യോ, എന്താണീ പററിയത്! മുതൽ പോയതല്ല, അമ്മയും കളവിന്നിരയായല്ലോ എന്ന ഇളപ്പമാണ്, എന്നെ അധികം വേദനിപ്പിക്കുന്നത്. അഗ്നിയെ ആരെങ്കിലും പൊള്ളിച്ചതായി കേട്ടിട്ടില്ലല്ലോ! അഥവാ, ദൈവേച്ഛയാലാണ് മുതൽ പോയത്. ഇളപ്പമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ—

കാണെത്താൻ വിജ്ഞരാം പൌര-
ന്മാർതൻ സ്വത്തൊക്കെ ലീലയാ

* മന്ത്രം = വിഷമിറക്കാനുള്ള മന്ത്രം.

Digitized By Kerala Sahitya Akademi

കക്കവോളെങ്ങാംതന്നമ്മ;—
യാരമ്മയ്ക്കൊത്ത തസ്കരൻ? 7

കപടകേളി:— മുദ്ഗരക, മുച്ചൂട്ടം മുടിഞ്ഞ നേരത്തോ, ഈ കൊള്ളിവാക്ക പറയൽ? മറുകൈ ചെയ്യുക.

ചേടൻ:— ഞാൻ മറുകൈ ചെയ്യാം. (ആകാശത്തു ലക്ഷ്യംവെച്ച്) അമ്പോ, ലോകപാലന്മാരേ, നിങ്ങാം നശിച്ചുപോയേയ്ക്കും; നശിച്ചുപോയേയ്ക്കും, ധർമ്മിഷ്ഠയായ അമ്മയുടെ മുതൽ മോഷ്ടിയ്ക്കപ്പെട്ടുപോയതിൽ അമാന്തിച്ചാൽ!

കപടകേളി:— ചെക്ക, ചെക്ക, നീയെന്താണ് അസംബന്ധം പിറുപിറുക്കുന്നത്?

ചേടൻ:— ഞാൻ സംബന്ധമാണ്, പിറുപിറുക്കുന്നത്. സർവലോകത്തേയും കപടത്താൽ വഞ്ചിച്ച ഈ അമ്മയുടെ മുതൽ കള്ളന്മാർ കട്ടതു ഭാഗ്യം!

കപടകേളി:— (ക്രോധത്തോടേ) മുദ്ഗരക, നീ അടയ്ക്കില്ലയോ, നിന്റെ മൃത്യുദ്വാരമായ വായ്?

(കൈ പരത്തി അടിയ്ക്കുന്നു)

ചേടൻ:— (ലജ്ജയോടേ പിന്മാറിയിട്ട്) അമ്മ സംബന്ധത്തിലും അസംബന്ധത്തിലും ശുണ്ഠിയെടുക്കുന്നു; ഞാൻ പോരില്ല, നിങ്ങളുടെക്കൂടെ.

കപടകേളി:— (ദയ നടിച്ച്) മുദ്ഗരക, മുദ്ഗരക, വരു, വരു; മുതലെല്ലാം കിട്ടിയാൽ, മദ്യമഹോത്സവം കൂടുതൽ കൊണ്ടാടാം.

(എന്ന്, കൈക്ക പിടിച്ച ചുററി നടക്കുന്നു.)

ചേടൻ:— (ചുററും നോക്കിയിട്ട്) അമ്പോ, വസന്തപ്പിറപ്പാൽ അലംകൃതമായ ഉദ്യാനത്തിന്റെ ഭംഗി! അമ്മ നോക്കു, നോക്കു:

മദത്തൊടോരോന്നിനെയും വിടൻ പോ—
ലിത, സമക്ഷം മുകരുന്നു ഭൃംഗം:

Digitized By Kerala Sahitya Akademi

അതിൽച്ചിരിയ്ക്കുന്ന സുമങ്ങളാലേ
ലതാംഗനാവൃന്ദമിതെ,ന്നതോന്നും. 8

അത്രയുമല്ല —

ആളും മദത്തോടളിമങ്കമാർകളം
മേളിച്ചുപാടുന്ന മനോജ്ഞവീര്യം;
താളത്തിലാടുന്നതുമുണ്ടു, ചൈത്ര–
വേളാനിലാന്ദോളിതവല്ലിവൃന്ദം. 9

കപടകേളി:—(നെടുവീർപ്പിട്ടു്) മുദ്ഗരക, ദുഃഖവിവശയായ എനിയ്ക്കും * വസന്തം ശോഭിയ്ക്കുന്നില്ല.

ചേടൻ:—അമ്മയ്ക്കു മാത്രമല്ല; (വിരൽകൊണ്ടു ചൂണ്ടി) ഇതിന്നും

അളിശൂന്യതയാൽ മിണ്ടാ–
തലരണിയും വിട്ടു കുന്ദവല്ലിയിതാ,
കാണാകുന്നു, വസന്ത-
ക്കള്ളൻ മുതൽ കട്ടവശം കണക്കേ! 10

കപടകേളി:—മുദ്ഗരക, ചെല്ലു്, ആ സന്ന്യാസി ഇവിടെ മഠത്തിൽ എന്തു ചെയ്യുന്നുവെന്നു നോക്കു്; ഞാൻ ഇവിടെത്തന്നെ നില്ക്കാം.

ചേടൻ:—(അതുചെയ്തു് തിരിച്ചുവന്നിട്ടു്) അമ്മേ, അവിടെ ആരോ, രണ്ടു മൊട്ടത്തലയന്മാരുണ്ടു്, വാദിച്ചു വഴക്കടിയ്ക്കുന്നു; ഒരാളു് ഒന്നു പറഞ്ഞാൽ, മററവൻ അതിന്നു് എതിർ പറയും.

കപടകേളി:—മുദ്ഗരക, ആ സന്ന്യാസി ശിഷ്യനെ പഠിപ്പിച്ചുകൊണ്ടിരിയ്ക്കയാണു്; പഠിപ്പിയ്ക്കൽ കഴിയുന്നതുവരെ, നമുക്കു് ഇവിടെത്തന്നെ നില്ക്കാം.

9. അളിമങ്കമാർകൾ = പെൺവണ്ടുകൾ. ചൈത്ര......വൃന്ദം = വസന്തസമയക്കാററിനാൽ ചലിപ്പിയ്ക്കപ്പെട്ട വള്ളിക്കൂട്ടം.

* വസന്തം എന്നെ രസിപ്പിയ്ക്കുന്നില്ല.

10. അളിശൂന്യത = വണ്ടുകളില്ലായ്ക. അലരണി = പുഷ്പങ്ങളാകുന്ന ആഭരണങ്ങൾ. കുരുക്കുത്തിമുല്ല വസന്തത്തിൽ പൂക്കുന്നതല്ല.

Digitized By Kerala Sahitya Akademi

(എന്നു, രണ്ടുപേരും അപ്രകാരം ചെയ്യുന്നു.)

(കൌണ്ഡിന്യനെന്ന ശിഷ്യനെ പഠിപ്പിച്ചുകൊണ്ടു സന്യാസി പ്രവേശിക്കുന്നു.)

ജ്ഞാനരാശി:—എടോ, ഈ ശ്ലോകം രണ്ടും നിനക്കു * കണ്ഠഗതമായോ?

ശിഷ്യൻ:—ജ്ഞാനരാശേ, അതു രണ്ടും വയററിലായികഴിഞ്ഞു.

ജ്ഞാനരാശി:—(ക്രോധത്തോടേ) മൂർഖ, നീ എന്നോടു പേർ വിളിച്ചു സംസാരിക്കുകയോ?

ശിഷ്യൻ:—അങ്ങയുടെ പേർ വിളിച്ചാൽ പാപം പററുമോ?

ജ്ഞാനരാശി:—ഛീ, മൂർഖ, ഗുരുക്കളുടെ പേർ വിളിച്ചുകൂടാ,

ശിഷ്യൻ:—എന്നാൽ, എങ്ങിനെയാണ്, * മലകളുടെ പേർവിളിക്കുന്നത്?

ജ്ഞാനരാശി;—വിദ്യയും മററും നല്ലന്നവരാണ് ഗുരുക്കൾ; കനത്തവയല്ല. ഉപാധ്യായപാദർ എന്നു തന്നെ വേണം, നീ എന്നെ പറയുക.

ശിഷ്യൻ:— ഉപാധ്യായ, ഇതാ, ആ രണ്ടു ശ്ലോകവും എനിക്കു വയററിലായികഴിഞ്ഞു. ഇവിടുന്നു കേട്ടുകൊള്ളുക:

ഗാത്രങ്ങളൊക്കയും നോക്കി_
പ്പേർത്തും പേർത്തും നിനച്ചതിൽ
ഇതൊന്നത്രേ വന്നുകൂടീ:
ധ്യേയം നാരീജനം സദാ! 11

ജ്ഞാനരാശി;— (ക്രോധത്തോടേ) ഛീ, മൂർഖ, നീ * വർണ്ണവ്യത്യാസം വരുത്തി, പിഴപ്പിച്ചുകളഞ്ഞു!

ശിഷ്യൻ:— ഉപാധ്യായൻ എന്തിനാണ്, അരിശംകൊള്ളുന്നത്?

* കാണാപ്പാഠം ചൊല്ലാമോ എന്നർത്ഥം.

* ഗുരുശബ്ദത്തിന്നു കനത്ത എന്നും അർത്ഥമുണ്ട്. അതു പിടിച്ചാണ് ശിഷ്യൻെറ ചോദ്യം.

11. ധ്യേയം = ധ്യാനിക്കപ്പെടേണ്ടത്.

* വർണ്ണത്തിന്നു് അക്ഷരമെന്നും നിറമെന്നും അർത്ഥം.

Digitized By Kerala Sahitya Akademi

അങ്ങു വെളുത്ത വസ്ത്രത്തിലാണല്ലോ ശ്ലോകം എഴുതിത്തന്നത്; അതേവിധം ഞാൻ ചൊല്ലി.

(* പലകപ്പുറം കാണിക്കുന്നു)

ജ്ഞാനരാശി:— (ചിരിച്ച്) മൂർഖ, നീ അക്ഷരം മാററിക്കളെഞ്ഞു; ആകട്ടെ, രണ്ടാമത്തതു ചൊല്ലുക.

ശിഷ്യൻ:—

നമസ്തേ പാണ്ഡുരൈകാക്ഷ!
നമസ്തേ വിശ്വതാപന!
നമസ്തേസ്തു മൃഷാകോശ,
മഹാപുരുഷകുച്ചക! 12

ജ്ഞാനരാശി:— (ക്രോധത്തോടേ) എടാ കഥയില്ലാത്തവനേ, * 'പൂവ്വ്' കൊണ്ടു കണ്ണു വെളുത്തിരിക്കുന്ന എന്നെ പരിഹസിക്കുകയാണോ?

(തല്ലാൻ തുടങ്ങുന്നു)

ശിഷ്യൻ:— (സംഭ്രമത്തോടേ പിന്മാറിയിട്ട്) എന്നെ തല്ലുകയാണോ? ഈ ദുഷ്ടോപാധ്യായന്ന്, ഇയ്യാളെക്കാറം ബുദ്ധിശക്തിയുള്ള ശിഷ്യനിൽ ദ്വേഷമാണ്; അതിനാൽ, ഞാൻ പോയ്ക്കളെയാം.

ജ്ഞാനരാശി:— (ആത്മഗതം) ഉള്ളുകള്ളിയറിയാം, ഇവന്ന്; ഇവനെ പാട്ടിൽവെയ്ക്കുകതന്നെയാണ് നല്ലത്. (പ്രകാശം) ഉണ്ണി, കൌണ്ഡിന്യ, വരു, വരു.

ശിഷ്യൻ:— (ഭയത്തോടെ) ഞാൻ വരില്ല; കടുപ്പക്കാരനാണ്, അങ്ങ്.

ജ്ഞാനരാശി:— കൌണ്ഡിന്യ, എൻെറ കടുപ്പംകൊണ്ടു പേടിക്കേണ്ട. നോക്കു:

* പലകയുടെ പുറത്താണ് ശ്ലോകം എഴുതിയിരുന്നത്.

* 'പൂവ്'— ഒരുതരം നേത്രരോഗം.

Digitized By Kerala Sahitya Akademi

അരചനലകമെല്ലാം ദണ്ഡനത്താൽബ്ഭരിപ്പൂ;
തരണി തനതുചൂടാൽത്തുഷ്ടി ചേൎക്കുന്നു പാരിൽ;
ഗുരുവുമദയവൃത്ത്യാ ശിഷ്യനേകുന്നു ശാസ്ത്രം;
പരിണതിഹിതകാരന്മാരിതേ മട്ടിലല്ലോ. 13

അതിനാൽ വരിക; വീണ്ടും ഞാൻ നേരേ പഠിപ്പിച്ചു തരാം.

(എന്ന് ആശ്വസിപ്പിച്ചു ചൊല്ലിക്കൊടുക്കുന്നു.)

ശാസ്ത്രങ്ങളൊക്കയും നോക്കി-
പ്പേൎത്തും പേൎത്തും നിനച്ചതിൽ
ഇതൊന്നത്രേ വന്നുകൂടീ:
ധ്യേയൻ നാരായണൻ സദാ! 14

നമസ്തേ പുണ്ഡരീകാക്ഷ!
നമസ്തേ വിശ്വഭാവന!
നമസ്തേസ്തു ഹൃഷീകേശ;
മഹാപുരുഷപൂർവജ! 15

(ശിഷ്യൻ മുമ്പേത്തെപ്പോലെതന്നെ ചൊല്ലുന്നു)

ജ്ഞാനരാശി:— (ക്രോധത്തോടേ) മൂർഖ, ഇങ്ങിനെ ചൊല്ല്.

ശിഷ്യൻ:— (വീണ്ടും പിഴച്ചുചൊല്ലി, മടുപ്പോടേ) ഉപാധ്യായ, വല്ലാതെ കടുത്ത അക്ഷരങ്ങളാണ്, അങ്ങേയുടേ ഈ പഠിപ്പിക്കലിൽ; ഇതുകൊണ്ടു യാതൊന്നും കിട്ടാനുമില്ല. അതിനാൽ എന്നെ * കേവലീവിദ്യ പഠിപ്പിക്കുക. എന്നാൽ, എനിക്ക് ആളുകളുടെ ധനം കൈക്കലാക്കാമല്ലോ.

ജ്ഞാനരാശി:— (അറപ്പോടേ) മൂർഖ, ഛീ, ഛീ, നിന്നെ ഭോഗതൃഷ്ണ പിടികൂടിയിരിക്കുന്നു, അഹോ, അജ്ഞാനം:

13. അദയവൃത്ത്യാ = നിഷ്കരുണമായ പെരുമാററത്തോടേ. ഏകുന്നു = ഉപദേശിച്ചുകൊടുക്കുന്നു. പരി...ന്മാർ = ഒടുവിൽ ഗുണം വരുന്ന കൎമ്മം ചെയ്യുന്നവർ.

* കേവലീവിദ്യ—'ലക്ഷണം പറയൽ', 'മഷിനോട്ടം' മുതലായത്.

Digitized By Kerala Sahitya Akademi

വേടൻതൻ കെണിയിൽപ്പെടാതെയൊഴിയും
    പ്രായേണ യത്നാൽ മൃഗം;
കേടോരാതെ നടക്കകൊണ്ടു സഹസാ
    വീണാൽ വിഷാദിച്ചിടും;
മൂഢൻ ഹാ, നരനോ, സ്വയം, പ്രകൃതിദു-
    ർമ്മോചപ്രപഞ്ചക്കയർ-
ക്കൂടത്യന്തമിടും കഴുത്തിലതിമോദ-
    ത്തോടാഘോഷിക്കയും ചെയ്തിടും! 16

ശിഷ്യൻ:— കിട്ടായ്കയാലാണ്, ഇങ്ങിനെ പറയുന്നത്! കേവലീവിദ്യ അങ്ങയ്ക്കറിഞ്ഞുംകൂടാ.

ജ്ഞാനരാശി:— മൂർഖ, എനിക്കുനന്നു അറിയാം, കേവലീ വിദ്യ; എന്നാൽ, ഗുണകരമല്ലെന്നു കരുതി കൈ വിട്ടു. എന്തുകൊണ്ടെന്നാൽ—

കൊന്നാനദ്ദിവ്യശുദ്ധിക്രിയയിൽ നുണ പറ-
    ഞ്ഞച്ഛനെച്ചോരനേകൻ;
വന്നു കാളാഹിദംശാൽ മൃതി,യൊരു നിധിമാ-
    ന്തുമ്പോഴെൻ സോദരന്നും;
മന്നൻ മേ പോർഫലത്തെററിന്നു കൊലയരുളി-
    ച്ചെയ്കയാൽ ഞാനെടുത്തേൻ
സന്ന്യാസിത്വത്തെ; ഞങ്ങൾക്കൊരു കലരിപുവി-
    ക്കേവലീവിദ്യയത്രേ! 17

ശിഷ്യൻ:—(ചിരിച്ച്) മനസ്സിലായി: മൂന്നുതലമുറയായിട്ടുള്ള

16. കേടോ......കൊണ്ടു = കരുതലില്ലായ്കയാൽ. വീണാൽ—കെണിയിൽ ചാടിയാൽ. പ്രകൃ.........ക്കൂട് = സ്വഭാവേന ആശിക്കാവതല്ലാത്ത വിഷയേച്ഛയാകുന്ന കയർക്കൂട് (കെണി). അത്യന്തം = അങ്ങേ അററത്തോളം. മനുഷ്യനെക്കാൾ വളരെ മീതെയാണ് മൃഗം!

17. ദിവ്യശുദ്ധിക്രിയ—സത്യസ്ഥാപനത്തിന്നായി, തിളയ്ക്കുന്ന നെയ്യിൽ കൈമുക്കലും മററും. എൻെറ അച്ഛനാൽ നിർദ്ദേശിക്കപ്പെട്ട ഒരു ചോരൻ ദിവ്യപരീക്ഷയിൽ നുണപറഞ്ഞൊഴിഞ്ഞു, പകമൂലം അച്ഛനെ കൊന്നു



Digitized By Kerala Sahitya Akademi

താണ്, നിങ്ങളുടെ ജ്ഞാനമാഹാത്മ്യം. അതിനാൽ അങ്ങയുടെ കഴിച്ചിലിന്നുള്ളതായ ആ രഹസ്യം എന്നെ പഠിപ്പിയ്ക്ക.

ജ്ഞാനരാശി:—(പുഞ്ചിരിയിട്ട്) മൂർഖ, നീയൊരു വായാടിയാണ്; കേവലി നിന്നെ പഠിപ്പിച്ചുകൂടാ.

ശിഷ്യൻ:—(സാഭിപ്രായമായി ചിരിച്ച്) ഉപാധ്യായ, അങ്ങയുടെ എന്തെന്താണ്, വായാടിത്തംമൂലം ഞാൻ വെളിപ്പെടുത്തിയത്?

ജ്ഞാനരാശി:—കൌണ്ഡിന്യ, എന്റെ ആത്മാവു തന്നെയാണ് നീ! അതിനാൽ കേട്ടുകൊള്ളുക, കേവലീവിദ്യക്കാരുടെ ആദ്യനടപടി:

'ഗീരാലെന്തു? ഫലം നമുക്കൊരുവക–
ല്ലെന്നാണ്മതം കൊള്ളണം;
നേരേ ചൊല്ലരുതുത്തരം, പറയൊലാ
പ്രശ്നങ്ങളിൽത്തീർച്ചയും;
കാര്യം പറ്റുകിൽ, മുമ്പുറച്ചതിതു ഞാ–
നെ'ന്നേവമുദ്ഘോഷമായ' –
പ്പാരം പാരമുരയ്ക്ക; പാട്ടിലൊരുവൻ
വേണം നുണസ്സാക്ഷിയായ്. 18

അത്രമാത്രമല്ല—

'കെല്പാർന്നീടിന ചിന്തമൂലമിഹ നിൻ
പ്രശ്നം ശരിപ്പെട്ടതി–
ല്ല:–പ്പോഴത്തെയുപശ്രുതിസ്ഥിതി ധരി–
ച്ചിപ്പായിരിയ്ക്കും ഭവാൻ;

കളഞ്ഞു. കാളാഹിദംശാൽ = കൃഷ്ണസർപ്പം കടിച്ചതിനിനാൽ. നിധിയ്ക്കരികിൽ പാമ്പുണ്ടാകുമത്രേ. യോർഫലത്തെററിന്—യുദ്ധത്തിന്റെ ഫലം പറഞ്ഞതു പിഴച്ച കുററത്തിന്.

18. ഗീര് = വാക്ക്. പറഞ്ഞതിനല്ല, ഫലത്തിനാണ് പ്രാധാന്യം എന്ന ഉൾമതം കൊള്ളണം. (ഗർവിനെ വ്യഞ്ജിപ്പിയ്ക്കണം.) ഉദ്ഘോഷമായ = ഘോഷത്തോടെ. പാട്ടിൽ = അധീനതയിൽ. മുന്പുതാൻ കണ്ടുവെച്ചതും പറഞ്ഞതുമാണ് കാര്യസിദ്ധി എന്നു തെളിയിപ്പാൻ ഒരു കള്ളസ്സാക്ഷി അധീനതയിലുണ്ടായിരിയ്ക്കണം.

Digitized By Kerala Sahitya Akademi

തപ്പായ്‌ നിൻ പ്രശ്നാൎത്ഥഫലത്തിനി;-ഉപശ്രുതി-
ത്തെൻതേ വലീവിചാര-
കല്യാണത്തില!'യെന്നു, വഞ്ചിതനെ പേ-
ൎത്തും ചേൎക്ക വിശ്വാസമേ. 19

ശിഷ്യൻ:— ഉപാധ്യായ, വല്ലതും വെളിപ്പെട്ടുവോ?

ജ്ഞാനരാശി:—(ഗണിതരേഖയിന്മേൽ നോക്കി, ശങ്കയോടേ) മൂൎഖ, നില്ക്ക്, നില്ക്ക്. പിന്നാലേ ഒരു പുരുഷനുമായി ഒരു സ്ത്രീ ഇങ്ങോട്ടു വരുന്നുണ്ട്.

(കപടകേളിയും മുദ്ഗരകനും അങ്ങോട്ടു ചെല്ലുന്നു)

മുദ്ഗരകൻ:—അമ്മേ, ഒന്നാംതരം സ്ഥലം, കടിയ്ക്കാൻ!

കപടകേളി:—(ക്രോധത്തോടെ) മിണ്ടാതെ വന്നാൽക്കൊള്ളാം.

ജ്ഞാനരാശി:—(ആത്മഗതം, ശങ്കയോടെ) ഇവരിരുവരും കേട്ടിരിയ്ക്കില്ലല്ലോ, ഞങ്ങളുടെ രഹസ്യസംഭാഷണം? ആകട്ടെ, പ്രൌഢി തന്നെ നടിയ്ക്കാം. (പ്രകാശം) കൌണ്ഡിന്യ,

ബ്രഹ്മൻ പോലെ, ശരീരിതൻ മൃതിയുമാ-
യുസ്സും സ്ഫുടം തേറുവേൻ;
നാഥൻപോലെയെടുക്കുവേൻ കുഴിയിൽനി-
ന്ന,ന്യാഭിഗുപ്തം ധനം;
ലോകത്തിൻചരിതം സമസ്തമറിവേ-
നാത്മാവു പോലേഷ ഞാൻ;
ചോരൻ കട്ടതു താനെടുത്ത മുതൽ പോ-
ലാമ്മാറു കിട്ടിയ്ക്കുവേൻ! 20

19. നിൻെറ മനോവിചാരംമൂലം നീ ഇവിടെ ചെയ്ത പ്രശ്നം വേണ്ടതിൻവണ്ണമായില്ല. ഉപശ്രുതി—പ്രശ്നാവസരത്തിൽ സമീപത്തു കേൾക്കപ്പെട്ട ശബ്ദം. തപ്പായ്—വ്യത്യാസം വന്നുപോയി വഞ്ചിതന്—പറയപ്പെട്ട ഫലം കിട്ടാതെപോയവന്. വഞ്ചിതന്മാൎക്ക്, ഇങ്ങിനെയൊക്കെ തട്ടിവിട്ടു, വീണ്ടും വിശ്വാസം ജനിപ്പിയ്ക്കണം. ഫലഭാഗം ഒക്കാഞ്ഞതു പ്രഷ്ടാവിൻെറ അനവധാനതയാലാണെന്നു സമൎത്ഥിയ്ക്കണം.

20. നാഥൻ = ഉടമസ്ഥൻ. അന്യാഭിഗുപ്തം = മററുള്ളവർ പൂഴ്ത്തിവെച്ചതു്.

Digitized By Kerala Sahitya Akademi

കപടകേളി:—(കേട്ടിട്ട ഹഷ്ത്തോടേ) മുദ്ഗരക, കേറംക്ക്, കേറംക്ക്, ഭഗവാൻെറ വചനാമൃതം! വേഗം വാ.

(രണ്ടുപേരും അടുക്കൽ ചെല്ലുന്നു)

കപടകേളി:—ഭഗവാന്ന നമസ്കാരം!

മുദ്ഗരകൻ:—ഞാനും നമസ്കരിക്കുന്നു.

ജ്ഞാനരാശി:—രണ്ടുപേക്കും നന്മ വരട്ടെ! ഇരിക്കാം.

(രണ്ടുപേരും ഇരിക്കുന്നു)

കപടകേളി:—(വണക്കത്തോടേ) ഭഗവാനേ, ഇന്നലെ രാത്രിയിൽ എൻെറ മുതലൊക്കെ കട്ടുപോയതു തന്നരുളുക.

ശിഷ്യൻ:—(സംഭ്രമത്തോടേ) ആ എന്താണ പറയുന്നത്? ഇന്നലെ രാത്രിയിൽ ഉപാധ്യായൻ മഠം വിട്ട് ഒരേടത്തും പോയിട്ടില്ല.

കപടകേളി:—(ചെവി പൊത്തി സംഭ്രമത്തോടെ) ശാന്തം പാപം! കട്ടവനെ ജ്ഞാനശക്തികൊണ്ടറിഞ്ഞു, തന്നരുളുക എന്നാണ്, ഞാൻ പറഞ്ഞത്.

ജ്ഞാനരാശി:—(പുഞ്ചിരിയിട്ട്) കൌണ്ഡിന്യ, നില്ക്കു, നില്ക്കു. (കപടകേളിയോട്) ഭദ്രേ, ഞങ്ങറംക്കുചിതമല്ല, ഇത്തരം വിദ്യ.

കപടകേളി:—(വണക്കത്തോടെ) ഭഗവാനെ, കരുണാരസസമുദ്രങ്ങളായ ഭവാന്മാരൊഴിഞ്ഞു മററാരാണ്, എന്നെപ്പോലെയുള്ള അത്ഥികറംക്കു ശരണം? ആ മുതൽ കിട്ടിയാൽ, ഇവിടേക്കുതന്നെ അധീനവുമായിരിക്കും.

ജ്ഞാനരാശി:—(ഹഷ്ത്തോടെ ആത്മഗതം) ഇവറം കൈക്കൊണ്ടുകഴിഞ്ഞു, എൻെറ അഭിലാഷം. എന്നാലും, ഞാൻ * നിസ്പൃഹത്വംതന്നെ നടിക്കാം.

'അറിയാ ഞാനെ,ടുക്കാ ഞാ—
നെ,നിക്കിച്ചിന്തയെന്തിനാം?'

* നിസ്പൃഹത്വം—വിഷയസ്പൃഹയില്ലായ്ക.

21. നാട്യക്കാക്ക്—സന്ന്യാസിത്വം നടിക്കുന്നവക്ക്.

Digitized By Kerala Sahitya Akademi

എന്നീ വാങ്ങായ്കതാനല്ലോ,
നാട്യക്കാൎക്ക മഹാഫലം. 21

(പ്രകാശം) ഭദ്രേ ഭവതിയുടെ * അഭീഷ്ടത്താൽത്തന്നേ ഞങ്ങൾ കൃതാൎത്ഥരായി! കൌണ്ഡിന്യ, കൊണ്ടുവാ, കേവലീപുസ്തകം; ഞാൻ ലാഭാലാഭം തീൎച്ചപ്പെടുത്തട്ടെ.

ശിഷ്യൻ:— (പുസ്തകം കൊണ്ടുവന്നിട്ട്) കേവലീപുസ്തകം പൂജിക്കുക

മുദ്ഗരകൻ:— (പിടഞ്ഞെഴുനേററിട്ട്) ഞാൻ പൂവു കൊണ്ടുവരാം.

ശിഷ്യൻ:— ഭദ്രേ, സ്വൎണ്ണംകൊണ്ടോ, രത്നംകൊണ്ടോ വേണം, കേവലീപുസ്തകം പൂജിക്കുക.

(കപടകേളി ജ്ഞാനരാശിയുടെ മുഖത്തേക്കു നോക്കുന്നു.)

ജ്ഞാനരാശി:— (സന്തോഷത്തോടേ ആത്മഗതം.) കേവലീരഹസ്യശിഷ്യനാകാൻ അൎഹൻതന്നെ, കൌണ്ഡിന്യൻ! (പ്രകാശം) ഭദ്രേ, ശരിയാണിത്.

ശ്രദ്ധയാ പൊന്മണികളാൽ
കേവലീപൂജചെയ്യുന്നോൻ
ചിന്തിച്ചുകൊള്ളണം ലാഭാ-
ലാഭ,മെന്നരുളീ മനു. 22

ഇല്ലെങ്കിൽ, പൂവു മതി.

കപടകേളി:— ആൎയ്യ, ഉത്തമപക്ഷംതന്നെയാകാം.

(എന്നു മോതിരം പുസ്തകത്തിന്മേൽ വെയ്ക്കുന്നു.)

ജ്ഞാനരാശി;— കൌണ്ഡിന്യ, എടുത്തുവെയ്ക്കു, പിന്നെക്കാൎക്ക വീതിച്ചുകൊടുക്കാൻ.

ശിഷ്യൻ:— (ആത്മഗതം) ദുഷ്ട, നിന്നെ ഞാനറിയും: നീ ചു

* അഭീഷ്ടത്താൽ = മുതൽ കിട്ടിയാൽ ഇവിടെ തരാമെന്ന നിശ്ചയത്താൽ.

Digitized By Kerala Sahitya Akademi

ണ്ടുകൊണ്ടു പറയുന്നു; ഹൃദയംകൊണ്ടില്ല. (പ്രകാശം) ഉപാധ്യായന്റെ ആജ്ഞപോലെ- (മോതിരം എടുക്കുന്നു.)

ജ്ഞാനരാശി:— (പുസ്തകം തുറന്നിട്ട്) ഒരു രാശിചക്രം വരച്ചുകളയാം. (വരച്ചുകൽ നടിച്ചിട്ട്)

വിംശസ്ഥാനവ്യതീപാതം
ശനിയാൽദൃഷ്ടമാവുകിൽ,
ശകടം രാഹു ഭേദിയ്ക്കിൽ,
കേതു മേടത്തിൽ നില്ക്കുകിൽ, 23

ദിനേശൻ കജലഗ്നത്തിൽ
പ്പാപദൃഷ്ടനമാവുകിൽ
സ്വത്തിനും മെയ്യിനും നാശം
ചൊല്ലാം, പ്രശ്നങ്ങളിൽദൃഢം. 24

എന്നാൽ ഈ യോഗം ഇതിലില്ല; അതിനാൽ, പോയ സാധനം കിട്ടും,

കപടകേളി:— (ഹർഷത്തോടേ) ആര്യന്റെ പ്രസാദത്താൽ!

ശിഷ്യൻ:— (ചമൽക്കാരത്തോടേ) അമ്പോ, ഉപാധ്യായന്റെ ജ്ഞാനമാഹാത്മ്യം: * ശാലിഹോത്രശ്ലോകം മുഴവൻ കണ്ഠസ്ഥം!

ജ്ഞാനരാശി:— കൌണ്ഡിന്യ, നീ * ഇവിടെനിന്ന് ഇവിടെ പോയി ഉപശ്രുതി നോക്കി വരിക.

ശിഷ്യൻ:—(പോയി തിരിച്ചു വന്നിട്ട്) നശിച്ചുപോ, എടാ ചേട, നശിച്ചുപോ!

മുദ്ഗരകൻ:—(ശുണ്ഠിപിടിച്ചെഴുന്നേററ്) എന്തെടാ പിച്ചതെണ്ടി, എന്നെ ശകാരിയ്ക്കുന്നുവോ? നില്ക്ക്, നില്ക്ക്: ഞാൻ നി

23 24. വിംശസ്ഥാനം = ഇരുപതാമിടം. ഇങ്ങിനെ ഒരിടമില്ല. ഇതു ശാസ്ത്രമല്ല.: ശാസ്ത്രമാണെന്നു തോന്നിയ്ക്കലാണ്. വ്യതീപാതം—ഏതാണ്ടു ഗുളികന്നൊത്ത ഒരുപഗ്രഹം. ശകടം—ഒരുതരം ഗ്രഹയോഗം.

* ശാലിഹോത്രൻ—ജ്യോതിശാസ്ത്രകർത്താവല്ലെന്നു തോന്നുന്നു.

* വിരൽകൊണ്ടു ചൂണ്ടിക്കാണിച്ചു പറകയാണ്.

Digitized By Kerala Sahitya Akademi

ൻെറ മൊട്ടത്തലകൊണ്ടുതന്നേ കേവലീപുസ്തകം പൂജിച്ചേയ്ക്കാം!

ശിഷ്യൻ:—(ഭയത്തോടെ.) കൊല്ലരുതേ, കൊല്ലരുതേ! ഉപശ്രുതിയാണ്, ഞാനിപ്പറഞ്ഞത്; തന്നെ ശകാരിയ്ക്കുയല്ല.

കപടകേളി:—മുദ്ഗരക, അടങ്ങില്ലയോ, നിൻെറ മൃത്യുദ്വാര വായ!

ജ്ഞാനരാശി:—സൌമ്യ, നില്ക്ക, നില്ക്ക: ഉപശ്രുതിയാണിതു്. ഇനി, നീതന്നെ ഉപശ്രുതി അറിഞ്ഞുവരിക.

മുദ്ഗരകൻ:—ചതിയ്ക്കുമോ, എടാ നീ ചതിയ്ക്കുമോ?

ജ്ഞാനരാശി:—(ശങ്കിച്ച മട്ടിൽ.) ആ, നീ എന്തു പുലമ്പുന്നു?

മുദ്ഗരകൻ:—ആര്യ്യ, ഇവക്കുന്നമാണ്, ഞാൻ കേട്ടത്.

ജ്ഞാനരാശി:—(എഴുതുന്നതായി നടിച്ച്.) കൌണ്ഡിന്യ, കവർഗ്ഗത്തിൽപ്പെട്ടതാണ്, ഈ വകാരം.

ശിഷ്യൻ:—എനിയ്ക്കു തോന്നുന്നത്, സവർഗ്ഗത്തിൽപ്പെട്ടതാണെന്നാണ്

ജ്ഞാനരാശി:—ഇതിന്നു മാത്ര എത്ര?

ശിഷ്യൻ:—അഞ്ച്.

ജ്ഞാനരാശി:—അനുസ്വാരത്തിന്നെത്രയാകാം?

ശിഷ്യൻ:—എനിയ്ക്കു് എഴുതാൻ കഴിവുള്ളേടത്തോളം,

ജ്ഞാനരാശി:—പതിമമൂന്നുമാത്രം; പതിമമൂന്നും അഞ്ചും കൂടി ഇരുപത്തിരണ്ട്.

ശിഷ്യൻ:—അല്ലല്ല, ഇരുപത്.

കപടകേളി:—പതിനെട്ടേ ഉള്ളു; ആര്യ്യൻ നോക്കുക.

ജ്ഞാനരാശി:—(നോക്കി ആത്മഗതം.)എയ്, കണക്കിൽ കേമിയാണിവൾ. അതിനാൽ, വല്ലവിധത്തിലും അവസാനിപ്പിച്ചുകളയാം. (പ്രകാശം) ഭദ്രേ, മറെറാരുതരത്തിലാണ്, ഞങ്ങളുടെ കണക്കുകൂട്ടൽ. ആകട്ടെ, വീട്ടിലുള്ളവരുടെ പേരുകൾ പറയുക.

(മുദ്ഗരകൻ, കപടകേളി-മദനസുന്ദരി-മുദ്ഗരകൻ-കോകിലൻ-പാരാവതൻ-കുസുമിക എന്നും മററും പേരുകൾ എഴുതിയ്ക്കുന്നു.)

ജ്ഞാനരാശി:—(എഴുതിയിട്ടു് ആത്മഗതം.) കട്ടതു കപടകേളി

Digitized By Kerala Sahitya Akademi

യാണെന്നു തികച്ചും സംശയിയ്ക്കുന്നമെന്നതുകൊണ്ടാവാം, ആ പേർ ഒന്നാമതായി പറഞ്ഞത്. അതിനാൽ അവളെത്തന്നെ പറയാം. (ക ണക്കുകൂട്ടൽ നടിച്ചിട്ട്, പ്രകാശം.) കപടകേളിയാണ്, കട്ടതെന്നു തോന്നുന്നു.

മുദ്ഗരകൻ:—(ഉറക്കെച്ചിരിച്ചു, ഹർഷത്തോടെ) ആര്യൻ ശരിയ്ക്കു റിഞ്ഞു: ഈ സ്ത്രീ താൻതന്നെയാണ്, ഞങ്ങളുടെ വീട്ടിൽ കളവു നടത്തുന്നത്.

(കപടകേളി പുഞ്ചിരിയോടെ ഒളികണ്ണിട്ടു വിലക്കുന്നു.)

ജ്ഞാനരാശി:—(ആലോചിച്ച്, ലജ്ജയോടെ ആത്മഗതം) ഇവർ തമ്മിൽ ചിരിയ്ക്കുന്നതുകൊണ്ട്, ഇവരുംതന്നെയാണ് കപടകേളി എന്നറിയ്ക്കാം. അതിനാൽ നന്നായില്ല, പറഞ്ഞത്. (നിരൂപിച്ച്, ഓർമ്മനടിച്ച്) ഈ സ്ത്രീയുടെ മകരം മദനസുന്ദരീവേശ്യ കലാകരണ്ഡകനിൽത്തന്നേ മനസ്സർപ്പിച്ചവളത്രേ: അവളുടെ ആ ഭൃത്യന്മാർ, കോകിലപാരാവതന്മാർ, കക്കുകയും ചൂതുകളിയ്ക്കുകയും ചെയ്യുന്നവരുമത്രേ അതിനാൽ, ഇങ്ങിനെ പറയാം: (പ്രകാശം: കപടകേളിയെ വിളിച്ച്, മററവർ കേൾക്കാതെ) ഭദ്രേ, കട്ടവൻ തീർച്ചപ്പെട്ടു; മറച്ചുവെയ്ക്കാൻവേണ്ടിയാണ് ഭവതിയുടെ പേർ പറഞ്ഞത്. ഭവതി വീട്ടിലെയ്ക്കു പോയ്ക്കൊള്ളു; ഒച്ചപ്പാടുണ്ടാക്കാതെ കോകിലനോടും പാരാവതനോടും ചോദിയ്ക്കുക.

കപടകേളി:—(ഹർഷത്തോടെ) ആര്യൻ എനിയ്ക്കു വീടതന്നാലും.

ജ്ഞാനരാശി:—ഭദ്രേ, ഭവതി പോയ്ക്കൊൾക. മുതൽ ആരിൽനിന്നു കിട്ടേണമോ, അവനോടു ശുണ്ഠിയെടുക്കരുത്.

(കപടകേളിയും മുദ്ഗരകനും പോയി.)

ശിഷ്യൻ:—(മോതിരം അടപ്പിച്ചിട്ടു.) ഇത് ഇവിടത്തെ കയ്യിന്മേലിടണം.

ജ്ഞാനരാശി:—(നടുക്കം ഭാവിച്ച്.) കൌണ്ഡിന്യ, എന്തൊരന്ധതയാണ് നിനക്ക്! നോക്കു, എടോ, നോക്കു;

Digitized By Kerala Sahitya Akademi

ജരാമൃത്യുവ്യാധിവ്യസനമിടചേ-
　　ർന്നതിന തുലോം
വരുന്നു കാലം നിമിഷമനു മാ-
　　റാതെ നിയതം;
അതിന്മേലീ, മൈമേൽ, മതി മതിയലം-
　　കാരഘടനം;
ചതുഷ്കം നിർമ്മിപ്പോനെവനഹഹ, ക-
　　ത്തുന്ന പുരയിൽ? 25

ശിഷ്യൻ:—(ചിരിച്ച്) ഉപാധ്യായ, അങ്ങയുടെതന്നേ ശിഷ്യനാണ് ഞാൻ; എന്നെ മറക്കുന്നതെന്തിന്? വാങ്ങിക്കൊള്ളുക.

(ജ്ഞാനരാശി മോതിരം വാങ്ങി ധരിക്കുന്നു.)

ശിഷ്യൻ:—(സാഭിപ്രായം ചിരിച്ച്, കൈതൊഴുത്) ഭഗവൻ, മോതിരമേ, നിന്തിരുവടിക്കു നമസ്കാരം! ഉപാധ്യായന്റെ ഈ കയ്യിന്മേൽത്തന്നേ എന്നെന്നും വാണരുളുക!

ജ്ഞാനരാശി:—(ക്രോധിച്ചമട്ടിൽ) ആഃ ദുഷ്ട, പൊല്ലാപ്പു പുലമ്പുന്ന വായാടി, മറന്നുപോയോ, എന്റെ ഇടപാടെല്ലാം! (ഓർമ്മനടിച്ച്, ചമൽക്കാരത്തോടെ) കൌണ്ഡിന്യ, നിന്റെ വാക്കാൽ എനിക്കു കലാകരണ്ഡകച്ചൂതാടിയുടെ അപേക്ഷ ഓർമ്മയിൽ വന്നു: ചൂതിൽ സർവസ്വവും മുടിഞ്ഞ അയാൾ എന്റെ മന്ത്രമഹിമയാൽ വിജയം തേടുകയാണല്ലോ; നമ്മുടെ പേരിൽ തുലോം വിശ്വാസമുണ്ടയാൾക്ക്. അതിനാൽ വരിക: നമുക്ക മന്ത്രജപത്തിന്നു പററിയ ഒരു വിജനപ്രദേശത്തു ചെന്നിരിക്കാം; തേവിടിശ്ശികളുടെയും മററും തടുത്തുകൂടാത്ത പെരുമാററമുള്ളതാണ്, ഈ ഉദ്യാനം.

ശിഷ്യൻ:—എന്നാൽ, ഉപാധ്യായൻ ഇതിലേ ഇതിലേ വരിക.

(രണ്ടുപേരും പോയി.)

ഒന്നാമങ്കം കഴിഞ്ഞു.

25. നിമിഷമനു = നിമിഷംതോറും. അതിന്മേലീ, മൈമേൽ— അപ്രകാരമിരിക്കുന്ന ഈ ശരീരത്തിൽ. അലംകാരഘടനം = ആഭരണമണിയൽ. ചതുഷ്കം = ഒരുതരം മണ്ഡപം.

68

Digitized By Kerala Sahitya Akademi

## രണ്ടാം അങ്കം

(മന്ത്രം ജപിച്ചുംകൊണ്ടു ജ്ഞാനരാശിയും ശിഷ്യനും പ്രവേശിക്കുന്നു.)

ശിഷ്യൻ:— ഉപാധ്യായ, അങ്ങു വളരെജ്ജപിച്ചുവല്ലോ മന്ത്രം. കലാകരണ്ഡകച്ചൂതാടിയ്ക്കു വിജയം സിദ്ധിച്ചിരിയ്ക്കും: അങ്ങയുടെ മന്ത്രമഹിമയ്ക്കു താമസം വരാറില്ലല്ലോ. അതിനാൽ, വരിക; നമുക്ക് ഉദ്യാനത്തിലെയ്ക്കുതന്നെ പോകാം. എനിയ്ക്കു കടുത്ത നട്ടുച്ചവെയിലിനാൽ ദേഹമാകെ പൊള്ളുന്നു.

ജ്ഞാനരാശി:— (ജപം നിർത്തിയിട്ട്) ശരിതന്നേ:

ഉദ്ദാമമുഗ്രം, ദുഷ്ടൻപോ-
ലിദ്ദിനേശകരോൽക്കരം;
സ്നിഗ്ദ്ധദ്രുസജ്ജനങ്ങൾക്കേ
ശക്തിയുള്ളൂ തടുക്കുവാൻ. 1

അതിനാൽ വരിക; നമുക്കു പോകാം.

(എന്നു പുറപ്പെടുന്നു.)

ശിഷ്യൻ:— ഇതാ, ഉദ്യാനം; അകത്തെയ്ക്കു കടന്നുകൊൾക.

(രണ്ടുപേരും കടക്കൽ നടിക്കുന്നു.)

ശിഷ്യൻ:— (ഏതാനും അടികൾവെച്ചു മുമ്പോട്ടു നോക്കിയിട്ട്) ഉപാധ്യായ, നോക്കു, നോക്കു: ഇവിടെ മാധവീമണ്ഡപത്തിൽ, ഒരത്ഭുതസ്ത്രീയുണ്ട്, ഉപാധ്യായനെപ്പോലെ ധ്യാ

1. ഉദ്ദാമം = തടവില്ലാത്തത്. ദിനേശകരോൽക്കരം = വെയിൽ. സ്നിഗ്ദ്ധപദത്തിന്നു സ്നേഹമുള്ള എന്നുകൂടി അർത്ഥമെടുക്കണം. ദ്രു = വൃക്ഷം. കൊഴുത്തുതഴച്ച വൃക്ഷങ്ങളാകുന്ന സജ്ജനങ്ങൾക്കേ ഈ ദുർജ്ജനോപമമായകൊടുംവെയിലിനെ തടുക്കാൻ കഴിവുള്ളു.

Digitized By Kerala Sahitya Akademi

നത്തിലിരിക്കുന്നു; മറ്റൊരുത്തിയുമുണ്ട്, അവളുടെ അടുക്കൽ, ദേവപൂജയ്ക്കു പൂവും ചന്ദനവുമെടുത്തു നില്ക്കുന്നു.

ജ്ഞാനരാശി:— കൌണ്ഡിന്യ, എന്നാൽ, നമുക്ക് ഈ രക്താശോകത്തിന്റെ ചുവട്ടിൽത്തന്നെ ഇരിയ്ക്കാം; എന്തിനു മാധവീമണ്ഡപം?

(രണ്ടുപേരും ഇരിയ്ക്കുന്നു.)

ശിഷ്യൻ:— (നോക്കി, ആശ്ചര്യപരിഹാസത്തോടെ ആത്മഗതം) അയ്യാ, ഉപാധ്യായൻ, അയ്യാ, ഉപാധ്യായൻ, ഇവിടെ ഇരുന്ന് ഇവളെ ഉററുനോക്കുകയാണ്!

(പറഞ്ഞതിൻവണ്ണം മദനസുന്ദരിയും ചേടിയും പ്രവേശിയ്ക്കുന്നു.)

ജ്ഞാനരാശി:— (നോക്കിയിട്ട് ആത്മഗതം) അമ്പോ, ഇവളുടെ സൌന്ദര്യസമൃദ്ധി:

ലാവണ്യവീചിനിരയാൽത്തരളായതാക്ഷി–
യീ വാമയാം കടുവിവേകദുരക്ഷരങ്ങൾ
ആവോളവും കഴകി, മന്മഥദേവമന്ത്രം
പാവുന്നു ചേതസി, ജിതേന്ദ്രിയനാമെനിയ്ക്കും! 2

ചേടി:— കൊച്ചമ്മേ, ഈ മുത്തുചിപ്പിയിലാക്കിയ രക്തചന്ദനം, ഇവിടത്തെ ദേഹസ്പർശം നേടാത്തതുപോലെ കാണപ്പെടുന്നു; ഈ പിച്ചകമാകട്ടേ, ചിരപ്രാപ്തമെങ്കിലും കൊച്ചമ്മയാൽ കൊണ്ടാടപ്പെടാത്തതുനിമിത്തം, സൌരഭ്യത്താൽ വന്നുചേർന്ന വണ്ടിണയുടെ ശബ്ദംകൊണ്ടു കൊച്ചമ്മയെ പഴിയ്ക്കുന്നതായി തോന്നുന്നു; കൈത്താമരപ്പൂവിൽ പിടിച്ച ഈ വെററിലച്ചുരുളും, മുഖത്തെ മുകരായ്കയാൽ പൊറുതികെട്ടതുപോലെ വാടിപ്പോകുന്നു! എന്താണ്, വസന്തപ്പിറപ്പാൽ ആഹ്ലാദിയ്ക്കേണ്ടുന്ന സമയത്ത് ഇവിടെയ്ക്കിങ്ങിനെ ഒരു മനഃക്ഷോഭം?

2. വാമ = സുന്ദരി. കടു...രങ്ങൾ = കർക്കശമായ വിവേകത്തിന്റെ ചീത്ത അക്ഷരങ്ങൾ. വിവേകത്തെ പാടേ നീക്കി എന്നു സാരം. ചേതസി = മനസ്സിൽ.

Digitized By Kerala Sahitya Akademi

മദനസുന്ദരി:—(കേൾക്കാതെ ചൂടുള്ള നെടുവീർപ്പിട്ട്)

മാകന്ദാങ്കുരമഞ്ഞുതീററയൊടുയിർ-
ക്കൊള്ളുന്ന കാർവണ്ടിനം;
വേകുന്നീല ഗളം പിടക്കയിലുകാം-
ക്കാളും കുഹൂവഹ്നിയാൽ;
ഏകുന്നീല ലയത്തെ, മാലയവിഷ-
ക്കാററീ ലതക്കൊന്നിനും;
ഛീ, കെല്പില്ല യമന്നു: മാരശരമേ-
ററിട്ടും മരിപ്പീല ഞാൻ! 3

ജ്ഞാനരാശി:—കൌണ്ഡിന്യ, നിസ്സംഗന്മാരായ നമുക്കെന്താണിവിടെ? വരിക; പോകാം.

ശിഷ്യൻ:—ഉപാധ്യായ, നില്ക്കൂ, നില്ക്കൂ; അങ്ങയുടെ പൊട്ടപ്പാഠിപ്പിക്കലാൽ വലഞ്ഞ ചെവി രണ്ടും ഈ സ്ത്രീകളുടെ മധുരഭാഷണങ്ങൾകൊണ്ടു കുളിർമപ്പെടുന്നുണ്ട്.

ജ്ഞാനരാശി:—(ആത്മഗതം) എനിക്കും (പ്രകാശം) കൌണ്ഡിന്യ, മനം കവരുന്ന വേശ്യാഭാഷണങ്ങളെക്കൊതിക്കുന്നതുകൊണ്ടാണ്, നിനക്കു പഠിപ്പിൽ ചെടിപ്പ്.

(ചേടി, 'കൊച്ചമ്മേ' ഇത്യാദി വാക്യം വീണ്ടും പറയുന്നു; മദനസുന്ദരി ചിന്തതന്നെ നടിക്കുന്നു.)

ചേടി:—(കൈപിടിച്ചിട്ട്) മദനസുന്ദരിക്കൊച്ചമ്മേ, എന്താണിവിടുന്ന് * അമംഗളം പറയുന്നത്? ആഭരണമണിയുന്നില്ല; ഇതേമട്ടിലാണോ, കലാകാരന്ധകനെ കാണുക?

മദനസുന്ദരി:—(ചമൽക്കാരത്തോടും ഹർഷത്തോടുംകൂടി) തോഴീ, എവിടെ, ആ ചൂതുകളിക്കാരൻ?

3. മാക...ററയോട് = മാവിൻപൂമൊട്ടാകുന്ന വിഷം ഭക്ഷിച്ചുകൊണ്ട്. ഗളം = കണ്ഠം. കുഹൂവഹ്നി = കുഹൂ (കുയിലിന്റെ ശബ്ദത്തിനു കുഹൂ എന്നു പറയും.) ആകുന്ന തീയ്. ലയം = മൂർച്ഛ. മാലയവിഷക്കാററ് = മലയപർവതത്തിൽനിന്നു വരുന്ന (സർപ്പസമ്പർക്കത്താൽ വിഷമയമായ) കാററ്. വിഷാശനാദികൾകൊണ്ടുപോലും മരണം ഭവിക്കുന്നില്ല എങ്കിൽ, യമന്ന് എന്തു ശക്തിയാണുള്ളത്.?

Digitized By Kerala Sahitya Akademi

ചേടി:—എല്ലാച്ചൂതാടികളുടേയും ധനം ജയിച്ചുനേടിയ അദ്ദേഹം മദനോദ്യാനത്തിൽ ഇവിടുത്തോടൊന്നിച്ചു മധുപാനമഹോത്സവം കൊണ്ടാടാൻ തുടങ്ങുകയാണ്, ഇവിടുന്നയച്ചുകൊടുത്ത ആ ആഭരണപ്പെട്ടി കപടകേളിയമ്മയുടെ അടുക്കലെല്പിച്ചയച്ചു എന്നും മദനോദ്യാനപാലൻ എന്നോടു പറയുകയുണ്ടായി.

മദനസുന്ദരി:—(ഉൽക്കണ്ഠയോടെ എഴുന്നേററ്) പ്രിയസഖി, വരു, വരു; എന്നെ ആശ്ലേഷിക്കു. (ചേടിയെ പുണരുന്നു.)

ശിഷ്യൻ:—ഉപാധ്യായ, ചൈ ചൂതാടിയദ്ദേ. നമ്മുടെ ഈ തപസ്സ്! നോക്കു, നോക്കു ഇവളുടെ ഭാഗ്യം: മദനസുന്ദരി പിടിച്ചു പൂട്ടുന്നു!

ജ്ഞാനരാശി:—(ഉൽക്കണ്ഠയോടെ ആത്മഗതം) ശരിയാണ്, കൌണ്ഡിന്യൻ പറഞ്ഞത്. (ക്രുദ്ധനായി നടിച്ചു പ്രകാശം) എടാ, എടാ, നീ എന്തു പുലമ്പുന്നു! ആഃ ദുഷ്ട, നിൻെറ ദുർവിനയാഗ്നിയെ ഞാൻ ശാപജലംകൊണ്ടു കെടുത്തും.

(കമണ്ഡലുവിൽനിന്നു വെള്ളമെടുക്കാൻ തുടങ്ങുന്നു.)

ശിഷ്യൻ:— അങ്ങെന്തിനാണ്, വെറുതേ, കമണ്ഡലുജലം എടുക്കുന്നത്? ഉച്ചദ്ദാഹംകൊണ്ടു തളർന്നുവോ? എനിയ്ക്കറിയാം, അങ്ങയുടെ പ്രഭാവം!

ജ്ഞാനരാശി:— മൂർഖ, കപടകേളിയ്ക്കു മുതൽ തിരിച്ചുകിട്ടിയതറിഞ്ഞിട്ടും, നിനക്കു വിശ്വാസം വരുന്നില്ലേ?

ശിഷ്യൻ:— കപടകേളിയാണ് കട്ടതെന്നാണല്ലോ, ആദ്യംതന്നെ അങ്ങെന്നെ വിശ്വസിപ്പിച്ചത്.

മദനസുന്ദരി:— (ഔത്സുക്യത്തോടേ) എന്നാൽ വരിക; നമുക്ക് അങ്ങോട്ടുതന്നേ പോയി, ചൂതാടിയെ കാത്തിരിക്കാം.

(ചേടിയെ കൈക്കു പിടിച്ചു ചുററിനടക്കുന്നു.)

* അമംഗളം—'മരിപ്പീല ഞാൻ' എന്നിങ്ങിനെ, മരണേച്ഛാവ്യഞ്ജകമായിട്ടുള്ളത്.

Digitized By Kerala Sahitya Akademi

ശിഷ്യൻ:— വാഗ്വാദം നിൎത്തുക. നോക്കൂ, നോക്കൂ. ഇവരാം പോകയാണ്!

ജ്ഞാനരാശി:— (നോക്കി, ഉൽക്കണ്ഠാനുതാപങ്ങളോടേ, ആത്മഗതം) എയ് പോവുകതന്നെയാണ്.

മാരദ്രുമത്തണൽകണക്കിവളെത്രയെത്ര
ദൂരത്തു നീങ്ങിയൊഴിയുന്നു മനോഹരാംഗി,
പാരാതെയെന്നവയവങ്ങളെയത്രയത്ര
കേറിപ്പിടിപ്പിതൊരു ദുസ്സഹമായ താപം! 4

ശിഷ്യൻ:— ഉപാധ്യായ, അങ്ങയുടേതുപോലെ, ദുസ്സഹവും തീവ്രവുമായിരിയ്ക്കുന്നു, സൂൎയ്യന്റെ തേജസ്സ്: വരിക: നമുക്ക് ഈ മാധവീമണ്ഡപത്തിൽത്തന്നേ കടന്നുകൂടാം; ധ്യാനവും ധാരണയും മററും ഇവിടെത്തന്നേ വെച്ചാവാം.

ജ്ഞാനരാശി:— (ഹൎഷോൽക്കണ്ഠകളോടേ ആത്മഗതം) എന്റെ ഉണ്ണി നെടുനാൾ ജീവിച്ചിരിയ്ക്കട്ടെ: എന്റെ അന്തൎഗ്ഗതമാണ്, കൌണ്ഡിന്യൻ പറഞ്ഞത്! (പ്രകാശം) ഉണ്ണിയുടെ ഇഷ്ടംപോലെ.

(ഇരുവരും കടക്കൽ നടിയ്ക്കുന്നു.)

ജ്ഞാനരാശി:—(ഉൽക്കണ്ഠയോടേ നോക്കി, ആത്മഗതം) എയ്, ഇതാ, മദനസുന്ദരിയാൽ * ആശ്ലേഷംകൊണ്ടു മാനിയ്ക്കപ്പെട്ട ആ തിണ്ണ; ഇതിന്മേൽ ഇത്തിരി കിടക്കാം.

(വിശ്രമം നടിയ്ക്കുന്നു)

ശിഷ്യൻ:— ഉപാധ്യായന്ന് ഇവിടെ യഥേഷ്ടം അനുഷ്ഠിയ്ക്കാം, ധ്യാനവും ധാരണയും മററും.

ജ്ഞാനരാശി:— (മനസ്താപത്തോടേ ആത്മഗതം) ഇതെങ്ങിനെയാണിനി?

4. മാരദ്രുമത്തണൽ = കാമനാകുന്ന വൃക്ഷത്തിന്റെ തണൽ. തണലകലുംതോറും ചൂട് ഏറിവരുമല്ലോ.

* മദനസുന്ദരിയുടെ ദേഹസ്പൎശത്തെ ആലിംഗനമാക്കി സങ്കല്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

വാഴുന്നു വീപ്പ്നിശ,മെങ്ങിനെ വായുരോധം?
വാക്കോ തദാഹ്വയചരം, ജപമെന്തു പിന്നെ?
പാക്കുന്നു ഹൃത്തിലവരം, വിഷ്ണു ഗമിച്ചിതെങ്ങോ;
നേക്കന്യദീക്ഷയരുളീ, ഭഗവാൻ സ്മരൻ മേ! 5

എനിക്കിതാ, സർവാംഗങ്ങളിലും ചൂടു വർദ്ധിക്കുന്നു; അതിനാൽ, ഈ കളിർതിണ്ണമേൽത്തന്നെ കിടന്നരുളാം.

(ആപ്രകാരം ചെയ്യുന്നു.)

ശിഷ്യൻ:— (സംഭ്രമം ഭാവിച്ച്) എന്താണ്, ഉപാധ്യായൻ ഇങ്ങിനെ കിടന്നരുളുന്നത്!

ജ്ഞാനരാശി:— (വാസ്തവം മറച്ച്) ഉണ്ണി, കൌണ്ഡിന്യ, എന്നെ ഒരു കൊടുംപനി പിടികൂടിയിരിക്കുന്നു.

ശിഷ്യൻ:— (തൊട്ടുനോക്കിയിട്ട്) അയ്യോ, ഇവിടെയ്ക്കു കടുത്ത പനി! അങ്ങയ്ക്കറിയാമല്ലോ, പനി നീക്കാനുള്ള മന്ത്രം; പിന്നെ, എന്തിനു കഷ്ടപ്പെടുന്നു?

ജ്ഞാനരാശി:— (ആലോചിച്ച്, ആത്മഗതം) മദനസുന്ദരിയുടെ വിരഹമാകുന്ന പനികൊണ്ടു വലഞ്ഞിരിക്കുന്ന എനിക്ക്, അവളെ വശീകരിപ്പാനുള്ള മന്ത്രം പ്രയോഗിക്കുകതന്നെയേ ശരണമുള്ളൂ. വായാടിയായ ശിഷ്യരാക്ഷസനാൽ * ഘ്രാണിക്കപ്പെട്ട ഞാൻ ദൂതയക്കുകയും മററും എങ്ങിനെ ചെയ്യും? അതിനാൽ ഇങ്ങനെയാവാം. (പ്രകാശം) ഉണ്ണി, കൌണ്ഡിന്യ, എന്നെ ഓർമ്മിപ്പിച്ചതു നന്നായി: എഴുതാനുള്ള ഉപകരണങ്ങളും കൊണ്ടുവരിക; ഞാൻ പനി ശമിക്കാനുള്ള മന്ത്രമെഴുതിക്കൊടുക്കാം.

5. വായുരോധം = വായുവിനെ അടക്കൽ; പ്രാണായാമം. തദാഹ്വയചരം = അവളുടെ പേരിന്മേൽ സഞ്ചരിക്കുന്നത്: മിണ്ടിയാൽ ആ പേർ പുറപ്പെടുകയായി! വിഷ്ണു മനസ്സിൽനിന്ന് എവിടെയ്ക്കോ പോയ്ക്കഴിഞ്ഞു. അന്യദീക്ഷ = മറെറാരു വ്രതാനുഷ്ഠാനം: മദനസുന്ദരീധ്യാനം തന്നെ!

* മദനസുന്ദരി ഉടനേ വന്നുചേരുമെന്നു സാരം. വിഷ......സ്വഭാവൻ = വിഷംപോലെ വിഷമമായ (അപായകരമായ) സ്വഭാവത്തോടുകൂടിയവൻ.

Digitized By Kerala Sahitya Akademi

ശിഷ്യൻ:— (പോയി തിരികെ വന്നിട്ട്) ഇതാ, ഉപകരണങ്ങരം; ഉപാധ്യായൻ എഴുതിക്കൊരംക.

ജ്ഞാനരാശി:— (പൂതണക്കിൻതോലെടുത്തു വശീകരണമന്ത്രമെഴുതി, മടക്കിയിട്ട്) ഉണ്ണി, കൌണ്ഡിന്യ, ഇത് അരച്ച ചന്ദനംകൊണ്ടു പൊതിഞ്ഞു തകിടാക്കി കൊണ്ടുവരു; അതു കെട്ടിയാൽ എൻെറ പനി മാറും.

ശിഷ്യൻ:— (എഴുത്തുവാങ്ങി പുററിനടന്നിട്ട്) ഞാൻ നോക്കട്ടേ, എന്താണിതിൽ എഴുതിയിരിക്കുന്നതെന്ന്. (അഴിച്ചുവായിച്ചിട്ട, പുഞ്ചിരിയോടെ) എയ്, മന്ത്രത്തിന്നുശേഷം, 'മദനസുന്ദരി എനിക്കു വശപ്പെടട്ടേ' എന്നെഴുതിയിരിക്കുന്നു. ഇതു ഞാൻ പൊറുക്കില്ല: ഞാനും മദനസുന്ദരീസംഗമമാശിച്ചാണ് പ്രാണധാരണം ചെയ്യുന്നത്. അതിനാൽ, ഇങ്ങിനെയാവാം. ('കപടകേളി എനിക്കു വശപ്പെടട്ടേ' എന്നു തിരുത്തിയെഴുതി, മുമ്പേത്തെപ്പോലെതന്നെ മടക്കി, അരച്ച ചന്ദനംകൊണ്ടു തകിടാക്കി, തിരിച്ചുവന്നിട്ട്) ഉപാധ്യായൻ ഇതുകെട്ടിക്കൊള്ളുക.

(ജ്ഞാനരാശി തകിടു വാങ്ങി ധരിക്കുന്നു)

ശിഷ്യൻ:— (ഹർഷാശ്ചര്യങ്ങരം ഭാവിച്ച്) എയ്, ഇത്തിരിനേരംകൊണ്ട് ആചാര്യന്നു പനിവിട്ടതായിതോന്നുന്നു!

ജ്ഞാനരാശി:— (ആത്മഗതം) * പലപ്പോഴം അനുഭവിച്ചിട്ടുള്ളതാണ്, ഈ മന്ത്രത്തിൻെറ സദ്യഃഫലം; ഈ വിഷവിഷമസ്വഭാവനായ ശിഷ്യൻ അരികത്തുണ്ടുതാനും! അതിനാൽ, ഇങ്ങിനെയാവാം. (പ്രകാശം) ഉണ്ണി, കൌണ്ഡിന്യ, എന്തിനു മന്ത്രപ്രയോഗം? ഞാനിപ്പോരം ജ്വരശാന്തിയ്ക്കുള്ള ഭഗവൽപ്പൂജ നടത്താൻ വിചാരിയ്ക്കുന്നു; അതിന്നു, വിചിത്രവർണ്ണസൌരഭ്യസമൃദ്ധിയുള്ള പുഷ്പങ്ങരം കൊണ്ടുവരിക.

ശിഷ്യൻ:—ഉപാധ്യായൻെറ കല്പനപോലെ. (പോന്നിട്ട്, ആത്മഗതം) * ഞാനറിഞ്ഞിരിക്കുന്നു, ഉപാധ്യായനെ. അതിനാൽ, എനിക്കെന്തിനു പുഷ്പങ്ങരം? ഈ അരയാലിൻെറ കൊമ്പത്തു കേറിയിരുന്ന് എല്ലാം നോക്കിക്കാണാം.

Digitized By Kerala Sahitya Akademi

(ആ പ്രകാരം ചെയ്യുന്നു)

ജ്ഞാനരാശി:— (മുമ്പോട്ടുനോക്കി ഹർഷത്തോടെ) അഹഹ, മന്ത്രപ്രഭാവം ഫലിച്ചു: ഇതാ, പുറ്റും വെററിലയും മററുമാകുന്ന കാഴ്ചദ്രവ്യങ്ങളെടുത്തു കപടകേളി മദനസുന്ദരിയുടെ ദൂതിയായി ഇങ്ങോട്ടു വരുന്നു!

(പറഞ്ഞതിനിടയിൽ കപടകേളി പ്രവേശിക്കുന്നു. അവൾ ജ്ഞാനരാശിയുടെ മുമ്പിൽ കാഴ്ചദ്രവ്യം കൊണ്ടുവെച്ചു്, അർത്ഥഗർഭമായി ചിരിച്ചു്, ലജ്ജയോടെ ഇരിക്കുന്നു.)

ജ്ഞാനരാശി:—(ഗർവോടും ഹർഷത്തോടുംകൂടി) ഭദ്രേ, കിട്ടിയോ, ആ മുതൽ?

കപടകേളി:—(ഉൽക്കണ്ഠയോടെ) സുഭഗ, ആ പോയ മുതൽ കിട്ടിക്കഴിഞ്ഞു: എന്നാൽ എൻെറ ഹൃദയം ഇവിടുന്നപഹരിച്ചിരിക്കുന്നു. അതിനാൽ ഇവിടുന്നുതന്നെ ശരണം!

ജ്ഞാനരാശി:— (ആത്മഗതം) എയ്, ഇതെന്താണ്? ഇവൾക്കു കടിമൂലം കാമവികാരം മൂത്തിരിക്കുമോ? എന്തു വേണ്ടൂ, ഇതിന്നുത്തരം? എൻെറ * അഭിമതത്തോടു യോജിപ്പിക്കുകതന്നെ (പ്രകാശം) ഭദ്രേ, ഭവതിയുടെ മകളായ മദനസുന്ദരിക്കു സുഖമല്ലേ?

കപടകേളി:—(ഈർഷ്യയോടെ) അല്ല, എൻെറ മകളല്ല, ജ്യേഷ്ഠത്തിയാണവൾ. ഞാനാകട്ടെ, അങ്ങയെപ്പോലുള്ള കാമുകവര്‍ഗ്ഗത്തിൻെറ പ്രസാദത്താൽ സുഖിച്ചു കുറെ തടിച്ചുപോയതുകൊണ്ടു, താഴെയാണെങ്കിലും മറിച്ചു തോന്നപ്പെടുന്നു എന്നേ ഉള്ളു.

ജ്ഞാനരാശി:—(പരിഹാസത്തോടെ ആത്മഗതം) അമ്പോ, കിഴവിയുടെ കുസലില്ലായ്മ! അഥവാ, ഇതു യുക്തംതന്നെ:

* മദനസുന്ദരിയുടെ ആഗമനം പ്രതീക്ഷിച്ചാണ്, ഉപാധ്യായൻ എന്നെ അകററിയത് എന്ന് എനിക്കു മനസ്സിലായി.

* മദനസുന്ദരീസമാഗമേച്ഛയോട് എന്നർത്ഥം.

69

Digitized By Kerala Sahitya Akademi

വായ്‌ വീപ്പിച്ച നികത്തുമൊട്ടിയ കവിഠം-
　　ദ്വന്ദ്വത്തെ, വായുക്കളാൽ;
ഭാവിപ്പും മുലകരംക്കുയച്ച്, ബഹുധാ
　　മാത്തട്ട പൊന്തിയ്ക്കുയാൽ;
പാവെഴ്‌ൺക്കുന്തൽ മറച്ചുവെച്ച, മകളെ-
　　ക്കാളും ചുരുക്കം വയ-
സ്സോ;-വം ഹന്ത, മുതുക്കിവേശ്യകരം നടി-
　　ച്ചീടുന്നു താരുണ്യമേ! 6

കപടകേളി:—(ഉൽക്കണ്ഠയോടെ) സുഭഗ, കാവിമുണ്ട്‌ അഴിച്ചു കളയു; ഞാൻ രക്തചന്ദനം പൂശിയ്ക്കട്ടെ.

ജ്ഞാനരാശി:—(ആത്മഗതം) അമ്പോ, കിഴവിയുടെ വികാരത്തള്ളൽ! അഥവാ,

മുൻ യൌവനത്തിൽസ്സോൽക്കണ്ഠ-
മതിസേവിതനാം സ്മരൻ
ദാക്ഷിണ്യത്താൽ ത്യജിപ്പീലെ-
ന്നാവാം കിഴവിമാർകളെ! 7

(പ്രകാശം) നിത്തുക, നിത്തുക:

നേക്കീ വിചിത്രരസലീലകളാലഗാധ-
ച്ചേക്കണ്ടിൽ വീഴലിന്ന ദൂരനമസ്സിതാ, മേ;
സൌഖ്യേന ഞാനിവിടെ നീരസമാം തപസ്വി-
മാർഗ്ഗേ ചരിയ്ക്കുവന, പാതവിശങ്കമമ്മേ! 8

6. വായുക്കളാൽ—വായുവിനെ നിത്തി, നിത്തി, വായ്‌ വീപ്പിച്ച്. നികത്തും—പൊങ്ങിയ്ക്കും. ഭാവിപ്പും = നടിപ്പും; ഉപേഭന്ന വരുന്നു. പാഴ്‌വെൺക്കുന്തൽ = നരച്ച പൊട്ടത്തലമുടി. ചുരുക്കം—ചുരുക്കിപ്പറയും. താരുണ്യമേ = യൌവനം തന്നെ.

7. വൃദ്ധമാർ യൌവനകാലത്തു തുലോം സേവിച്ചവരാണല്ലോ എന്ന കുറുമൂലം അവരെ കാമൻ ത്യജിയ്ക്കാതിരിയ്ക്കുയായിരിയ്ക്കാം!

8. നേക്ക്‌ = ശരിയ്ക്കു്; തീച്ചയായും. ദൂരനമസ്സ്‌ = ദൂരനമസ്കാരം. നിയതമായ ആ വീഴലിനെ ഞാൻ എന്നെയ്ക്കുമായി പരിഹരിയ്ക്കുന്നു എന്നു സാരം. അപാതവിശങ്കം = ഭ്രംശശങ്കകൂടാതെ. ശൃംഗാരവിലാസങ്ങൾ പേ

Digitized By Kerala Sahitya Akademi

കപടകേളി:—(പരിഹാസത്തോടേ) സുഭഗ, അങ്ങു നാഗരികനാണ്; പരിഹസിപ്പാനറിയാം: എന്നെ അമ്മ എന്നാണല്ലോ വിളിയ്ക്കുന്നത്! എന്നാൽ, ഭഗവദ്ഭക്തന്മാരുടെ രഹസ്യം അങ്ങയ്ക്കറിഞ്ഞുകൂടാ. ആ ശ്ലോകം അങ്ങു കേട്ടിട്ടില്ല.

കന്നിച്ച ഭക്ത്യാ സേവിയ്ക്കും
കന്ദർപ്പനെയെവൻ സദാ,
നന്ദിയ്ക്കുമേററമവനിൽ,-
കന്ദർപ്പന്നച്ഛനച്യുതൻ. 9

എനിയ്ക്കറിഞ്ഞുകൂടാ, ഞാൻ എത്ര * ഇരുപത്തു ഭഗവദ്ഭക്തന്മാരെ എന്റെ സുരതമാകുന്ന പലകമേൽ ഇരുത്തിയിട്ടുണ്ടെന്ന്!

ജ്ഞാനരാശി:—(ക്രോധത്തോടെ) ആഃ ദുഷ്ടേ, ഭഗവദ്ഭക്തദശ്നത്തെ ദുഷിയ്ക്കുന്ന പാപംകൊണ്ടു നീ അധഃപതിച്ചുപോകും!

കപടകേളി:—(ചിരിച്ച്) സുഭഗ, ഞാൻ വീഴില്ല: ഇതാ, അങ്ങയുടെ ദണ്ഡുണ്ട്, എനിയ്ക്കൂന്നിന്!

(ദണ്ഡു തൊടുന്നു.)

ജ്ഞാനരാശി:—ആഃ പാപിനി, തൊടരുത്, തൊടരുത്: നിങ്കൽ യമദണ്ഡാണ്, ഈ ദണ്ഡ്!

(ദണ്ഡു തട്ടിപ്പറിച്ചു തല്ലാൻ തുടങ്ങുന്നു.)

കപടകേളി:—(വെമ്പലോടെ പിൻവാങ്ങി) എട എട കെട്ടസന്ന്യാസി, എന്റെ കോകിലനും പാരാവതനും ഇവിടെ ഇല്ലാത്തതിനാലാണ്, നീ എന്നെ ഒരനാഥയെ എന്നപോലെ തല്ലുന്നത്!

(ശുണ്ഠിയോടെ കോകിലനും പാരാവതനും പ്രവേശിയ്ക്കുന്നു)

ക്കണ്ടിൽ (പാപഗർത്തത്തിൽ) വീഴിയ്ക്കും, തീച്ച; തപസ്വിമാർഗ്ഗസഞ്ചരണമാകട്ടേ, അധഃപതനരഹിതമാകുന്നു.

* ഇരുപതിരുപതുപേരെ കാൽകഴകിച്ചൂട്ടുക ഒരു പുണ്യവ്രതമാണല്ലോ!

Digitized By Kerala Sahitya Akademi

പാരാവതൻ:—കോകിലക, ഈ ഉദ്യാനത്തിലെങ്ങും കാണുന്നില്ല, നമ്മാംക്ക കളവുകുററം ഉണ്ടാക്കിത്തീക്കുന്ന ആ കെട്ടസന്ന്യാസിയെ!

ജ്ഞാനരാശി:—(മുന്നോട്ടു നോക്കി ഭയത്തോടെ) അമ്മേ, ഭവതിതന്നെയേ എനിയ്ക്കിവിടെ ശരണമുള്ളു!

കപടകേളി:—(ക്രോധത്തോടെ) ഇപ്പോഴും എന്നെ അമ്മ എന്നു വിളിയ്ക്കുന്നുവോ!

ജ്ഞാനരാശി:—(വിനയത്തോടെ) സുന്ദരി, എന്റെ പ്രാണനെ രക്ഷിയ്ക്കുക; ഭവതിയ്ക്കധീനനാണ് ഞാൻ.

കപടകേളി:—എന്നാൽ, ഭഗവാൻ ധ്യാനം നടിച്ചിരുന്നുകൊാംക.

(ജ്ഞാനരാശി അപ്രകാരം ചെയ്യുന്നു.)

കോകിലൻ:—(മുമ്പോട്ടുനോക്കി ഹർഷത്തോടെ) പാരാവത, നോക്കു, നോക്കു: ഇതാ ഇരിയ്ക്കുന്നു, ആ സന്ന്യാസി; അമ്മയുമുണ്ട് അടുക്കൽ. വരൂ, നമുക്ക് അടുത്തു ചെല്ലാം.

രണ്ടുപേരും:—(അടുത്തുചെന്നു, ശുണ്ഠിയോടെ, ഉറക്കെ) അമ്മ ഇവിടെയാണോ?

കപടകേളി:—(കൈകൊണ്ടു വിലക്കി ഒച്ച താഴ്ത്തി) കോകിലക, ശബ്ദിയ്ക്കാതെ നില്ക്കുവിൻ: ഭഗവാന്നു ധ്യാനഭംഗം വരരുത്.

കോകിലൻ:—അമ്മേ, ഇയ്യാം ഒരു കട്ടംകുടിയുടെ മത്തിൽക്കടുങ്ങിയിരിയ്ക്കയാണെന്ന് എനിയ്ക്കു തോന്നുന്നു: കണ്ണും ചിമ്മി കറങ്ങുകയാണല്ലൊ! (പാരാവതനെ കടാക്ഷിച്ച്) തന്റെ പക്ഷം എന്താണ്?

പാരാവതൻ:—കോകിലക, അതുതന്നെയാണിത്. വരൂ; ഇയ്യാളെ കുളത്തിലെ വെള്ളത്തിൽ മുക്കാം.

(അതിന്നൊരുങ്ങുന്നു)

കപടകേളി:—(സംഭ്രമത്തോടെ) എയ്, എന്താണിത്? നില്പിൻ, ഹേ നില്പിൻ: തിയ്യിൽച്ചെന്നു ചാടേണ്ട!

കോകിലൻ:—അമ്മേ, ഇയ്യാം തീയാണെങ്കിൽ, ഇയ്യാളെ എ

Digitized By Kerala Sahitya Akademi

ന്നു. മടിയിൽ വെയ്ക്കുന്ന ഇവിടുന്നു ദേഹിച്ചു പോകാത്തതെന്താണ്?

(രണ്ടുപേരുംകൂടി ബലേന താങ്ങിപ്പിടിക്കുന്നു; ജ്ഞാനരാശി ഹും എന്നു തലയിളക്കുന്നു.)

പാരാവതൻ:—കോകിലക, രോമങ്ങൾ വഴക്കല്ലുള്ളതിനാൽ ഇയ്യാളെ എടുക്കാൻ വയ്യാ!

കോകിലൻ:—പാരാവത, താൻ കൈകളിലും, ഞാൻ കാലുകളിലും പിടിയ്ക്കാം.

(ഇരുവരും അപ്രകാരം ചെയ്യുന്നു.)

പാരാവതൻ:—(കൈമേൽനിന്നു തകിടുപൊട്ടിച്ചു കയ്യിൽ വെച്ചു, മോതിരം കവർന്നിട്ട്) കോകിലക, ഈ മോതിരം നോക്കി മനസ്സിലാക്കിക്കൊൾക: കാമശാസ്ത്രം പഠിപ്പിച്ചതിന്നു ഗുരുദക്ഷിണയായി, അമ്മ ഇയ്യാൾക്കു കൊടുത്തതാണ്!

കോകിലൻ:—(പരിഹാസത്തോടെ) കൊള്ളാം, അമ്മേ, കൊള്ളാം: മുതലൊക്കെ ഇയ്യാൾക്കു കാണിയ്ക്കവെയ്ക്കുന്നു; കള്ളവുകുററമോ, ഞങ്ങളുടെ തലയിൽ ചുമത്തുന്നു!

(രണ്ടുപേരും ജ്ഞാനരാശിയെ ഉലയ്ക്കുന്നു.)

ജ്ഞാനരാശി:—(നിലവിളിയോടെ) കൌണ്ഡിന്യ, കൌണ്ഡിന്യ, നീ എവിടെയാണ്, എവിടെയാണ്? ഞാനിതാ, നിന്നെ വിട്ടു വിഷ്ണുലോകം പൂകുന്നു!

കോകിലൻ:— * പാതാളക്കുണ്ട് എന്നു പറയുക!

പാരാവതൻ:— കോകിലക, ഈ തിരുവടിയെ ഈ അടുത്തു തന്നെയുള്ള വിഷ്ണുദൈവതമായ അരയാലിന്മേൽ കെട്ടിത്തൂക്കാം; കുറെനേരം * ഖേചരസിദ്ധി അനുഭവിയ്ക്കട്ടെ!

* വിഷ്ണുലോകത്തിലേയ്ക്കല്ല, പാതാളക്കുണ്ടിലേയ്ക്കാണ് നീ പോവുക എന്നു സാരം.

* ആകാശസഞ്ചാരമാകുന്ന 'സിദ്ധി'. അരയാലിന്റെ ദേവത വിഷ്ണുവത്രേ.

Digitized By Kerala Sahitya Akademi

(കോകിലൻ മേല്പോട്ടു കൊമ്പു നോക്കുന്നു)

ശിഷ്യൻ:— (ഭയത്തോടേ ആത്മഗതം) പേടികൊണ്ടു കള്ളന്മാർ ഇയ്യാളം മററുള്ളവനേയും കള്ളിച്ചുകളയും! അതിനാൽ, ഇങ്ങിനെയാവാം. (പ്രകാശം) രണ്ടുപേക്കും ദീർഗ്ഘായുസ്സ്, ദീർഗ്ഘായുസ്സ്! എടുക്കിൻ, എടുക്കിൻ ഈ കള്ളത്തപസ്വിയെ; ഞാനിറങ്ങിവരാം. ഇയ്യാളാണ് നിത്യവും എന്റെ ഉദ്യാനത്തിലെ പൂവൊക്കെ നുള്ളുന്നത് ഞാൻ ഇവിടെ ഇരുന്നു നോക്കും; കണ്ടെത്തില്ല!

(ഇറങ്ങിയതായി നടിച്ചു, തല്ലാൻ തുടങ്ങുന്നു.)

ജ്ഞാനരാശി:— അഹോ, ഗുരുഭക്തിമേന്മ! ആകട്ടേ, സാധു ചാവാതിരിയ്ക്കട്ടെ!

(കപടകേളി ചിരിച്ചു ജ്ഞാനരാശിയുടെ മുഖത്തേയ്ക്കു നോക്കുന്നു.)

പാരാവതൻ:— എട, എട, താനോ ഉദ്യാനപാലൻ?

ശിഷ്യൻ:— അതെ.

കോകിലൻ:— പാരാവത, അമ്മ പതുക്കെ ചിരിച്ചു സന്ന്യാസിയുടെ മുഖത്തേയ്ക്കു നോക്കുന്നുണ്ടല്ലോ; അതിനാൽ, ഇവൻതന്നെയാണ്, ഇയ്യാളുടെ കൂട്ടുകാരൻ കൌണ്ഡിന്യൻ.

(എന്നു, പെട്ടെന്നടുത്ത് അയാളെയും പിടിയ്ക്കുന്നു.)

പാരാവതൻ:— ഇവനും, ഈ തിരുവടിയുടെയാണ്; അതിനാൽ, ഇവിടെ ഇരുവക്കും ഒപ്പംതന്നെ സിദ്ധിവരട്ടെ!

(എന്നു, യോഗപട്ടങ്ങൾകൊണ്ടു രണ്ടുപേരുടേയും കഴുത്തു കെട്ടുന്നു.)

ശിഷ്യൻ:— (നിലവിളിയോടേ കീഴ്ച്ച്) നിധികരം അവയുടെ സ്ഥാനങ്ങളിൽത്തന്നെ സ്ഥിതിചെയ്യട്ടെ: ലോകം ദാരിദ്ര്യത്താൽ വാടിത്തളരട്ടേ: ജ്ഞാനരാശി മൃതിപ്പെട്ടുകയായി!

കോകിലൻ:— (കൊതിയോടെ) എട എട, തന്റെ ഗുരുവിന്നു നിധികരം അറിയാമോ?

Digitized By Kerala Sahitya Akademi

ശിഷ്യൻ:— ഇദ്ദേഹം ഇവിടെ ആരെയാണ് കൃതാൎത്ഥനാക്കിയിട്ടില്ലാത്തത്?

കോകിലൻ:— (പെട്ടെന്ന് അടുത്തു ചെന്ന്) ഭഗവൻ, ജ്ഞാനരാശേ, ഞങ്ങളെ അനുഗ്രഹിച്ചാലും!

ജ്ഞാനരാശി:— (ആത്മഗതം) നന്നായി, കൌണ്ഡിന്യ, നന്നായി! ഇതിനെയാകാം. (പ്രകാശം) ഉണ്ണി, ഇപ്പോൾ വേദനമ്മലം പേപാകയാണ്. * ഞങ്ങളിൽ അഭിമതം നടത്തിക്കൊൾക.

(കോകിലനും പാരാവതനും ഇതുവരേയും കെട്ടഴിച്ച് കാല്ക്കൽ വീഴുന്നു.)

രണ്ടുപേരും:— ഇവിടുന്നു പ്രസാദിച്ചാലും, പ്രസാദിച്ചാലും; ഞങ്ങളുടെ ദാരിദ്ര്യം തീൎത്താലും.

ജ്ഞാനരാശി:— ഉണ്ണികളേ, ഞാൻ ക്ഷമിച്ചു: ക്ഷമാധനരാണല്ലോ, എന്നെപ്പോലുള്ളവർ. പരോപകാരമൊന്നത്രേ, പരമകാരുണികരായ ഞങ്ങളുടെ ഉററ ധൎമ്മം. തീൎച്ചയായും അനുഗ്രഹിക്കപ്പെടേണ്ടവരാണ്, ഉണ്ണികളിരുവരും. * അതിനാൽ, എഴുനേല്പിൻ.

രണ്ടുപേരും:—(എഴുനേററിട്ട്) ഇവിടെയ്ക്കു ദീൎഘായുസ്സ്, ദീൎഘായുസ്സ്!

ജ്ഞാനരാശി:—(ഗർവോടെ)

പുരികത്തലകൊണ്ടൊരാജ്ഞ ഞാനി-
ങ്ങരുളുകിൽ, ബഭ്രുവിന്നു കുംഭദാസിപോലെ,
നിധികുംഭശതത്തെയേതൊരാളുതൻ
നിലയത്തിങ്കൽ നിരത്തിവെയ്ക്കുകില്ല? 10

* ഞങ്ങളെ കൊല്ലുകതന്നെ ചെയ്തുകൊള്ളുക എന്നു സാരം.

10. കുംഭദാസി = വീട്ടുവേലക്കാരി. നിധികുംഭശതത്തെ = അനേകം നിധികുംഭങ്ങളെ. നിലയം = ഗൃഹം.

* ലാംഗലീരസം എന്നാണ് മൂലത്തിൽ. ലാംഗലിയ്ക്കു നാളികേരം, നീർത്തിപ്പലി, മറികന്നി എന്നീ അൎത്ഥവുമുണ്ട്; ഇവിടെ ഏതൎത്ഥമാണെന്നറിഞ്ഞുകൂടാ; ഒരൎത്ഥമെടുത്തു എന്നേയുള്ളൂ.

Digitized By Kerala Sahitya Akademi

കൌണ്ഡിന്യ, മേത്തോന്നിച്ചാറു കൊണ്ടുവരൂ.

ശിഷ്യൻ:—എന്തിനാണതു്?

ജ്ഞാനരാശി:—നീ കേട്ടിട്ടില്ലയോ?

മന്ത്രംജപിച്ച മേത്തോന്നി-
ച്ചാറാൽക്കണ്ണെഴുതീടുകിൽ,
നിധാനമോ നിധാനമോ
നേടുമേ ധീരമാനസൻ. 11

കോകിലൻ:—ഭഗവാനേ, നിധാനത്തെക്കാരം മീതെയാണോ നിധനം?

ജ്ഞാനരാശി:— * മാത്രയ്ക്കു കുറവുണ്ടെങ്കിലും, സർവദുഃഖങ്ങളേയും ശമിപ്പിയ്ക്കുന്ന നിധനം നിധാനത്തെക്കാരം നല്ലതുതന്നെ!

കോകിലൻ:—എന്നാൽ, ഞങ്ങൾക്കു് അതുതന്നെയാകട്ടെ.

ജ്ഞാനരാശി:—ഓ. കൌണ്ഡിന്യ, വേഗം, വേഗം.

ശിഷ്യൻ:— ഇവിടത്തെ ആജ്ഞപോലെ. (പോയി തിരിച്ചുവന്നിട്ടു്) ഇതാ, അതു്; ഉപാധ്യായൻ വാങ്ങിക്കൊൾക.

ജ്ഞാനരാശി:—(വാങ്ങിയിട്ടു്) ആദ്യം ആരുടെ കണ്ണിലാണു് മരുന്നെഴുതേണ്ടതു്?

കോകിലൻ:—എന്റെ.

പാരാവതൻ:— (അടുത്തുചെന്നിട്ടു്) എന്റെ.

കപടകേളി:—ഭഗവാനേ, ഈ പെണ്ണുങ്ങളിലും വേണം, ഇവിടെയ്ക്കു ദയ!

ജ്ഞാനരാശി:—എയ്, ഉൽക്കണ്ഠ എന്തിനു്? എല്ലാവക്കും അടുത്തു, നിധനം!

പാരാവതൻ:—എന്നാൽ, കോകിലനു ചെയ്തുകൊള്ളുക.

ജ്ഞാനരാശി:—(അതു ചെയ്തിട്ടു്) ഉണ്ണീ, ഈ മരച്ചുവട്ടിൽ നോക്കുക.

11. നിധാനം = വിധി. നിധനം = മരണം.

* നിധനം എന്ന പദത്തിലെ ധകാരം ദീർഘമല്ലാത്തതിനാലാണു്, മാത്രക്കുറവു്.

Digitized By Kerala Sahitya Akademi

(കോകിലൻ നോക്കുന്നു.)

പാരാവതൻ:—കോകിലക, വല്ലതും കാണുന്നുണ്ടോ?

ജ്ഞാനരാശി:—(മററുള്ളവർ കേൾക്കാതെ) ഉണ്ണി, പാരാവത, പരമാത്ഥമാണു്, ഈ ലോകോക്തി:— * 'ഇല്ല, ത്ഥലോലുപനു ബാന്ധവനും സുഹൃത്തും,' കാണുന്നുണ്ടെങ്കിലും, ഇവൻ പറയുന്നില്ലല്ലോ? എല്ലാടത്തും അടിസ്ഥടിസ്ഥുണ്ടു് നിധികൾ എന്നതു ഭ്രാന്തുപറയലാണോ? അതിനാൽ, നിനക്കു മറെറാന്നു കാണിച്ചുതരാം.

(എന്നു, പാരാവതൻെറ കണ്ണിൽ മരുന്നെഴുതുന്നു.)

കപടകേളി:—ഭഗവാനേ, എൻെറയും.

(ജ്ഞാനരാശി കപടകേളിയുടെ കണ്ണിലും മരുന്നെഴുതുന്നു.)

കോകിലൻ:—(മററുള്ളവർ കേൾക്കാതെ) പാരാവത, വല്ലതും കാണുന്നുണ്ടോ?

പാരാവതൻ:—ഒന്നുമില്ല.

കോകിലൻ:—അമ്മേ, അമ്മ വല്ലതും കാണുന്നുണ്ടോ?

കപടകേളി:— ഇല്ല, ഇല്ല. കണ്ണു നറുങ്ങുന്നു.

കോകിലൻ:—(മററവർ കേൾക്കാതെ) പാരാവത, അമ്മ കാണുന്നില്ല, താൻ കാണുന്നില്ല, ഞാൻ കാണുന്നില്ല. എന്താണിനി ചെയ്യേണ്ടതു്? (പതുക്കെ പറഞ്ഞുറച്ചിട്ടു്) ഇങ്ങിനെയാകാം. (പ്രകാശം) ഉപാധ്യായ, കുറച്ചേ എഴുതിയുള്ളൂ. അതിനാൽ വേറെ ചാറുകൊണ്ടു് ഇവിടുന്നു് എൻെറയും, ശിഷ്യൻ പാരാവതൻെറയും കണ്ണുകൾ എഴുതുക; എന്നാൽ ഒപ്പംതന്നെ ഓരോനിധി ഞങ്ങളിരുവരും കാണുമല്ലോ.

(ജ്ഞാനരാശിയും ശിഷ്യനും അപ്രകാരം ചെയ്യുന്നു. കോകിലപാരാവതർ മുറുകെപ്പിടിച്ചു ഗുരുശിഷ്യരുടെ കണ്ണുകളിൽ തങ്ങളുടെ കണ്ണുകൾ വെച്ചമക്കുന്നു.)

* പണമേ ഗുണം എന്നു കരുതുന്നവനു ബന്ധുവെവിടെ? സ്നേഹിതനെവിടെ?

ജ്ഞാനരാശിയും ശിഷ്യനും:—(വേദന നടിച്ച്) കൃഷ്ണ, കൃഷ്ണ, കണ്ണു പൊടിയുന്നു!

കോകിലനും പാരാവതനും:—ദുഷ്ടരേ, എടുത്തുകൊൾവിൻ, എടുത്തുകൊൾവിൻ നിധി!

ജ്ഞാനരാശി:—ശരി: കൌണ്ഡിന്യ, എന്തോ വിഷമരുന്നാണ് നീയിക്കൊണ്ടുവന്നത്; ഇതല്ല, ആ നേത്രാഞ്ജനം.

ശിഷ്യൻ:—ഉപാധ്യായ, അങ്ങ് എന്നെ കൊല്ലാൻ നോക്കകയാണോ? കണ്ണ് ഇങ്ങിനെതന്നെ പൊടിഞ്ഞാൽ ഞാൻ ചത്തു!

പാരാവതൻ:—(അതിവേദനയോടെ) അയ്യോ ആവൂ, അയ്യോ ആവൂ, ഞാൻ അസ്ഥാനത്തു ചത്തുകഴിഞ്ഞു!

കോകിലൻ:—പാരാവത, താൻ എന്തിനു വ്യസനിയ്ക്കുന്നു?

മോന്താതിരുന്നോ മധു വല്ലതും പുരാ?
പുല്കാതിരുന്നോ മടവാരിലൊന്നിനെ?
ചൂതാട്ടമില്ലാതൊരു നാൾ കഴിഞ്ഞിതോ?
നമ്മൾക്കു മാലിന്നിടയെന്തു പാരിതിൽ? 12

ജ്ഞാനരാശി:—(പരിഹാസത്തോടെ ആത്മഗതം) ശരിയാണിത്: കൃതകൃത്യർ മൃത്യുവിനെ, ഒരു പ്രിയപ്പെട്ട അതിഥിയെ എന്നപോലെ കാത്തിരിയ്ക്കും! (പ്രകാശം) ഉണ്ണികളേ, കോകിലപാരാവതന്മാരേ, ഇവിടെ സമീപത്തോരേടത്തു കുളമുണ്ട്; കണ്ണു കഴുകുകമാത്രം ചെയ്താൽ നീങ്ങും, ഈ അപമൃത്യു.

കോകിലൻ:—ഇവിടെ അടുത്താണ്, കലാകരന്ധകനെജമാൻ പാനകേളിയാടിപ്പോരുന്ന മദനോദ്യാനം.

പാരാവതൻ;—വഴി എങ്ങിനെ കാണും, നമ്മൾ?

കോകിലൻ:—വരുവിൻ; നമുക്കു തപ്പി നടക്കാം.

(എല്ലാവരും പതുക്കെപ്പതുക്കെ ചുററിനടക്കുന്നു. കൌണ്ഡിന്യൻ കോകിലൻെറമേൽ വീഴുന്നു.)

കോകിലൻ:—(ക്രോധത്തോടേ, കാൽകൊണ്ടു തട്ടി) ദുഷ്ട,

Digitized By Kerala Sahitya Akademi

നിധിയുണ്ടോ, ഇവിടെ? കോകിലനാണ് ഞാൻ; മാറി പ്പൊയ്ക്കോൾക!

കപടകേളി:—(വീഴൽ നടിച്ചിട്ട്) കുഞ്ഞേ, കോകിലക, എന്നെ പിടിയ്ക്കു, പിടിയ്ക്ക!

കോകിലൻ:—അമ്മ വീണുതന്നെ കിടന്നുകൊൾക: ആരാണാവും, അമ്മയെ പിടിച്ചുകേററാൻ? ആനയുടെ വീഴലാണ്, അമ്മയ്ക്ക വന്നുകൂടിയത്!

(കപടകേളി എണിപ്പെട്ടെഴുന്നേററ്, വീണ്ടും വീണ്ടും വീഴുന്നു.)

പാരാവതൻ:—(പരിഹാസത്തോടെ) ഇവിടെയ്ക്ക് അടിയ്ക്കടിയ്ക്ക കിട്ടട്ടേ നിധി!

കോകിലൻ;—(അതിവേദനയോടെ) അയ്യോ ആവൂ, അയ്യോ ആവൂ, ഇതേ ഒരു പശ്ചാത്താപമുള്ളു: ചാകുമ്പോൾ കലാകരണ്ഡകസ്വാമിയുടെ തൃക്കാലൊന്നു തൊടാൻ കിട്ടിയില്ലല്ലോ!

കപടകേളി:—(നെഞ്ഞത്തടിച്ചു നിലവിളിച്ച്, ആകാശത്തു ലക്ഷ്യംവെച്ച്) മകളേ, മദനസുന്ദരി, നീ എവിടെയാണ് നീ എവിടെയാണ്? വിളി കേൾക്കുക: ഞാൻ ഇതാ അനാഥയായി, നിൻെറ മുഖചന്ദ്രനെക്കാണാതെ മരിച്ചുപോകുന്നു!

(അനന്തരം സപരിവാരയായി സംഭ്രമംപൂണ്ടു മദനസുന്ദരിയും കലാകരണ്ഡകനും പ്രവേശിയ്ക്കുന്നു.)

മദനസുന്ദരി:—അമ്മേ, ഇതെന്താണ്?

(കപടകേളി കഴുത്തിൽ കെട്ടിപ്പിടിച്ചു കരയുന്നു.)

കലാകരണ്ഡകൻ:—(നോക്കി സംഭ്രമത്തോടേ അടുത്തു ചെന്നിട്ട്) ഭഗവൻ, ജ്ഞാനരാശേ, എന്താണിത്?

ജ്ഞാനരാശി:— (ഒച്ചകൊണ്ടറിഞ്ഞിട്ട്) ഉണ്ണി, കലാകരണ്ഡക, ദുർവിധിഹതനായ ഞാൻ എന്തു പറയേണ്ടു?

കോകിലപാരാവതന്മാർ:— (ക്രോധത്തോടേ) നാഥ, കലാകര

Digitized By Kerala Sahitya Akademi

ണ്ഡക, കള്ളത്തരംകൊണ്ടു ലോകത്തെ മുഴുവൻ ചതിച്ച ഇയ്യാളുടെ അറുതി കണ്ടുകൊൾക!

കലാകരണ്ഡകൻ:— (സംഭ്രമത്തോടെ) ആഃ, ദുഷ്ടന്മാരേ, മതി, മതി, വഷളത്തം (ജ്ഞാനരാശിയോടായി) ഭഗവൻ, അരുളിച്ചെയ്യുക: എന്താണിത്? തെയ്യാറുണ്ട്, ഇവിടുത്തെ ഈ ദാസൻ!

ജ്ഞാനരാശി:— ഉണ്ണി, വെള്ളം കൊണ്ടുവരുവിച്ച് എല്ലാവരേയും കണ്ണുകഴുകിയ്ക്കുക.

കലാകരണ്ഡകൻ;— കസ്തൂരികേ, മുദ്ഗരക, അടുത്തുതന്നെയുണ്ടല്ലോ, കുളം, വെള്ളം കൊണ്ടുവരിക.

ഇരുവരും:— സ്വാമിയുടെ കല്പനപോലെ. (പോയി, തിരിച്ചുവന്നിട്ട്) വെള്ളം കൊണ്ടുവന്നു.

കലാകരണ്ഡകൻ:— എല്ലാവരുടേയും കണ്ണു കഴുകിയ്ക്കുക.

(ഇരുവരും അപ്രകാരം ചെയ്യുന്നു.)

ജ്ഞാനരാശി:— (മുഖം കഴുകി, കണ്ണുമിഴിച്ചിട്ട്) ഉണ്ണി, കലാകരണ്ഡക, ഭാഗ്യംകൊണ്ടു ഭവാനെ കണ്ടെത്തി; ഭാഗ്യം കൊണ്ട് ആപത്തു നീങ്ങി!

കപടകേളി:— (ഹർഷത്തോടേ) ഭാഗ്യംകൊണ്ടു ഞാൻ നിന്റെ മുഖചന്ദ്രനെ കണ്ടെത്തി. (മദനസുന്ദരിയെ ചുംബിയ്ക്കുന്നു.)

കോകിലപാരാവതന്മാർ:— (കലാകരണ്ഡകന്റെ കാൽ പിടിച്ച്) ഭാഗ്യംകൊണ്ട്, ഞങ്ങളിരുവരും ചാകുന്നതിന്നു മുമ്പ് അങ്ങയെ കണ്ടെത്തി!

കലാകരണ്ഡകൻ:— ഉണ്ണികളേ, ഈ ജഗദ്ഗുരുവായ ഭഗവാനെ നമസ്കരിക്കുവിൻ.

(രണ്ടുപേരും നമസ്കരിയ്ക്കുന്നു)

ജ്ഞാനരാശി:—നിങ്ങളെല്ലാവരും കലാകരണ്ഡകനോടൊന്നിച്ചു സുഖിച്ചിരിപ്പിൻ, സുഖിച്ചിരിപ്പിൻ! ഉണ്ണി, കലാകരണ്ഡക, ആക്ഷേപമില്ല, ഇതിൽ കുററം! നിധി കണ്ടുപിടിപ്പാൻ ഉഴറിയ ഇവരിരുവർക്കുംവേണ്ടി കൊണ്ടുവന്ന നേത്രാഞ്ജനം, അന്ധാളിത്തത്താൽ, തീവ്രമായ മററൊന്നായിപ്പോയി!

Digitized By Kerala Sahitya Akademi

കലാകരണ്ഡകൻ:— (വണക്കത്തോടേ) എന്തു പറയുന്നു? പ്രമാദത്താൽപ്പോലും, ജഗദ്ഗുരുവിന്ന് ആപത്തു പിണയാറില്ലല്ലോ!

ജ്ഞാനരാശി:— ഉണ്ണി, കലാകരണ്ഡക, ചൂതാടികളെ തോല്പിച്ചുവോ? ഭവാൻെറ മനോരഥങ്ങരം നിറവേറിയോ?

കലാകരണ്ഡകൻ:— (ഹഷ്വിനയങ്ങളോടേ) ഭഗവൻ, എന്തു പറയേണ്ടു? ഇവിടുത്തെ കാരുണ്യം തുണയ്ക്കുള്ള എനിയ്ക്കു യാതൊന്നുമില്ല, ലോകത്തിൽ അസാധ്യം!

മുദ്ഗരകൻ:— (ഹഷൌൽസുക്യങ്ങളോടേ) നാഥ, കലാകരണ്ഡക, ഇത, ഇവിടുത്തെ പരിജനങ്ങരംക്കും ആപത്തൊഴിഞ്ഞിരിയ്ക്കുന്നു. അതിനാൽ വരിൻ നാം മഹോത്സവം കൊണ്ടാടുക!

ജ്ഞാനരാശി:— ഉണ്ണി, കലാകരണ്ഡക, പറയൂ! വീണ്ടും എന്തൊരു പ്രിയമാണ്, ഞാൻ ഭവാനു ചെയ്യുതരേണ്ടത്?

കലാകരണ്ഡകൻ:— (ഹഷ്വിനയങ്ങളോടേ)

ആ വെന്നീടാവതല്ലാക്കിതവരെ മുഴുവൻ
ചൂതിനാൽ വെന്നതില്ലേ?
ജീവന്നൊക്കുന്ന ചന്ദ്രാനന ദയിതയുമായ്–
ച്ചേരുമാറാക്കിയില്ലേ?
ആറു, ചെന്നെത്തിയില്ലേ കദനജലധിത–
ന്നപ്പുറത്തെൻെറയാരംക്കാ–
രേ?—വം സംപൂത്തി തന്നിട്ടിനി മമ ഭഗവാ–
നെന്തു നല്കാൻ നിനപ്പൂ? 13

എന്നാലും, ഇതിരിയ്ക്കട്ടെ: (ഭരതവാക്യം)

13. കിതവർ = ചൂതുകളിക്കാർ. കദനജലധി = ആപത്സമുദ്രം. സംപൂത്തി = തികവ്, പൂണ്ണകാമത്വം.

Digitized By Kerala Sahitya Akademi

പാലിയ്ക്ക പാൎത്ഥിവർ ധരിത്രിയെ വേണ്ടുവോളം;
ചേലിൽപ്പൊഴിയ്ക്ക മഴ, മോദമിയററി മേഘം;
മാലെന്ന വാൎത്തയറിയാതിഹ വാഴ്ക, വാഴ്ക.
കാലാന്തകസ്മരണപുണ്യമൊട്ടും ജനങ്ങൾ! 14

സമാപ്തം.

14. ചേലിൽ—കൃഷിയ്ക്കുപയുക്തമാംവണ്ണം. കാലാ......പുണ്യം = പരമശിവധ്യാനത്താലുള്ള പുണ്യം.

സി. ഗോവിന്ദക്കുറുപ്പ്.

Digitized By Kerala Sahitya Akademi

# ത്രിപുരദഹനം

Digitized By Kerala Sahitya Akademi

Thripuradahanam
Mahamatyavalsarajan
1978 ഡിസംബർ
പകർപ്പവകാശം:
സി. യമുനക്കുട്ടി

Digitized By Kerala Sahitya Akademi

# അവതാരിക

രംഗത്തിൽ അഭിനയത്തിന്നായി ഉപയോഗിപ്പാൻ നിർമ്മിച്ച കാവ്യങ്ങളെ സംസ്കൃതത്തിൽ ദൃശ്യകാവ്യങ്ങൾ എന്നാണ്, വ്യപദേശിക്കുക. രൂപകം എന്നും അതിന്നു സംജ്ഞയുണ്ട്. സംസ്കൃതത്തിലെ രൂപകങ്ങൾ പത്തുവിധമായിട്ടാണ്, പ്രാചീനകാലംമുതൽതന്നെ വിഭജിച്ചു കാണുന്നത്. നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം—ഇവയത്രേ പത്തു രൂപകങ്ങൾ.

കാളിദാസന്റെ ശാകുന്തളമെന്ന നാടകത്തിന്റെ ശേഷമായിരിക്കാം, നാടകമെന്ന വിഭാഗത്തിന്ന് ഇതരരൂപകങ്ങളെക്കാൾ അധികം പ്രാധാന്യം ലഭിച്ചതും, ഭവഭൂതിയുടെ ഉത്തരരാമചരിതം, വിശാഖത്തിന്റെ മുദ്രാരാക്ഷസം, ഭട്ടനാരായണന്റെ വേണീസംഹാരം, ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി, കുലശേഖരന്റെ തപതീസംവരണം–സുഭദ്രാധനഞ്ജയങ്ങൾ—എന്നിപ്രകാരമുള്ള ഉത്തമരൂപകങ്ങളുടെ ആവിർഭാവം നിമിത്തം നാടകമെന്ന സംജ്ഞ രൂപകങ്ങൾക്കു സാമാന്യമായ വ്യപദേശമായി പരിണമിച്ചതും. കാലക്രമേണ പല രൂപകവിഭാഗങ്ങളും പ്രചാരത്തിൽനിന്നു ലുപ്തങ്ങളായി. ശൂദ്രകന്റെ മൃച്ഛകടികവും ഭവഭൂതിയുടെ മാലതീമാധവവും മാത്രമാണ്, പ്രകരണവിഭാഗത്തിൽ പ്രധാനങ്ങൾ. ഭാണങ്ങൾ പലതും പല കവികളും എഴുതീട്ടുണ്ട്. മത്തവിലാസം എന്ന പ്രഹസനം മലയാളത്തിലെ കൂത്തമ്പലങ്ങളിൽ വളരെ പ്രസിദ്ധമായിരുന്നു. പിന്നെയും പല പ്രഹസനങ്ങളും ഓരോ കാലത്തു കവികൾ എഴുതിയവയുടെ ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. തൃപ്പറങ്ങോട്ടമ്പലത്തിൽ ശിവരാത്രിദിവസം അഭിനയിക്കുവാനാണ്, രാമപാണിവാദൻ ചന്ദ്രിക എന്ന വീഥി എഴുതിയതെന്നു ഗ്രന്ഥത്തിൽ വ്യക്തമാണ്. ഇങ്ങിനെ ചില രൂപകഭേദങ്ങൾ



Digitized By Kerala Sahitya Akademi

പ്രചാരത്തിൽത്തന്നെ ഇരുന്നിട്ടുണ്ടെങ്കിലും, നാടകമാണ് രൂപകങ്ങളുടെ ഇടയിൽ പ്രധാനമായി പരിണമിച്ചത്; പലേ രൂപകങ്ങളും കേവലം നാമാവശേഷമാകയും ചെയ്തു. അപ്രകാരമുള്ള രൂപകങ്ങളിൽ ഒന്നാണ്, ഡിമം.

ഡിമത്തിന്റെ ലക്ഷണം പ്രായേണ എല്ലാ ശാസ്ത്രഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഭരതമുനിയുടെ കാലത്തുതന്നെ ത്രിപുരദഹനം എന്നൊരു ഡിമം പ്രസിദ്ധമായിരുന്നു. ഭരതന്റെ നാട്യശാസ്ത്രം നാലാമദ്ധ്യായത്തിൽ ഇപ്രകാരം ഒരു വാക്യമുണ്ട്:—

തതോ ഹിമവതഃ പൃഷ്ഠേ
നാനാനഗസമാവൃതേ
ബഹുഭൂതഗണാകീർണ്ണേ
രമ്യകന്ദരനിർഝരേ
പൂർവരംഗഃ കൃതഃ പൂർവം
തത്രായം ദ്വിജസത്തമാഃ
തഥാ ത്രിപുരദാഹശ്ച
ഡിമസംജ്ഞഃ പ്രയോജിത
തതോ ഭൂതഗണാഹൃഷ്ടാഃ
കർമ്മഭാവാനുകീർത്തനാൽ 9_11

ഭരതശാസ്ത്രത്തിൽ ത്രിപുരദാഹമെന്ന ഡിമത്തെപ്പററി പ്രസ്താവമുള്ളതിനെ ആശ്രയിച്ചായിരിക്കണം, വത്സരാജകവി ഒരു ഡിമം രചിക്കാൻ പുറപ്പെട്ടപ്പോൾ ത്രിപുരദഹനത്തെ കഥാവസ്തുവായി സ്വീകരിച്ചത്. ഭാണത്തിലും പ്രഹസനത്തിലുമുള്ളപോലെ ഇതരരൂപകവിഭാഗത്തിൽ കാവ്യങ്ങൾ സുലഭമല്ല. ത്രിപുരദഹനത്തിനു പുറമെ ചില ഡിമങ്ങളെപ്പററി ശാസ്ത്രഗ്രന്ഥങ്ങളിൽ നിർദ്ദേശം കാണുന്നുണ്ട്. ശാരദാതനയൻ വൃത്രോദ്ധരണമെന്നും താരകോദ്ധരണമെന്നും രണ്ടു ഡിമങ്ങളെ ലക്ഷണത്തിന്നുദാഹരണമായി പറയുന്നു. സാഗരനന്ദി നാടകലക്ഷണരത്നകോശത്തിൽ നരകോദ്ധരണമെന്നും വൃത്തോദ്ധരണമെന്നും രണ്ടു ഡിമങ്ങളെ ലക്ഷ്യമായി നിർദ്ദേശിച്ചു കാണുന്നു. ഇതു് അച്ചടിപ്പിഴയായിരിക്കണം. താരകോദ്ധരണം വൃത്രോ

Digitized By Kerala Sahitya Akademi

ഢരണം എന്ന ഡിമങ്ങളെത്തന്നെയായിരിയ്ക്കണം, വിവക്ഷി ച്ചിട്ടുള്ളത്.

ഡിമത്തിന്റെ ലക്ഷണം ഭരതൻ നാട്യശാസ്ത്രത്തിന്റെ പതിനെട്ടാമദ്ധ്യായത്തിൽ ഇപ്രകാരം കൊടുത്തിരിയ്ക്കുന്നു:—

ഡിമലക്ഷണം ച ഭൂയോ
ലക്ഷണയുക്ത്യാ പ്രവക്ഷ്യാമി. 129

പ്രഖ്യാതവസ്തുവിഷയഃ
പ്രഖ്യാതോദാത്തനായകോപേതഃ
ഷഡ്രസലക്ഷണയുക്ത-
ശ്ചതുരങ്കോ വൈ ഡിമഃ കാര്യഃ 130

ശൃംഗാരഹാസ്യവർജ്ജഃ
ശേഷൈരന്യൈഃ സമായുക്തഃ
ദീപ്തരസകാവ്യയോനി-
ർന്നാനാഭാവാനവിതശ്ചൈവ 131

നിർഘാതചന്ദ്രസൂര്യോ-
പരാഗസോൽകാവപാതസംയുക്തഃ
യുദ്ധനിയുദ്ധപ്രഹരണ-
സംഫേടകകൃതശ്ച കർത്തവ്യഃ 132

മായേന്ദ്രജാലബഹുലോ
ബഹുപുരുഷോത്ഥാനയുക്തശ്ച
ദേവഭുജഗേന്ദ്രരാക്ഷസ-
യക്ഷപിശാചാവകീർണ്ണശ്ച 133

ഷോഡശനായകബഹുലഃ
സാത്വത്യാരഭീവൃത്തിസംപന്നഃ
കാര്യോ ഡിമഃ പ്രയത്നാ-
ന്നാനാശ്രയഭാവസംപന്നഃ 134

ധനഞ്ജയന്റെ ദശരൂപകം, ശാരദാതനയന്റെ ഭാവപ്രകാശം, സാഗരനന്ദിയുടെ നാടകലക്ഷണരത്നകോശം, രാമചന്ദ്രന്റെയും

Digitized By Kerala Sahitya Akademi

ഗ്ഗണചന്ദ്രൻെറയും നാട്യദപ്പ്ണം, വൈദ്യനാഥൻെറ പ്രതാപരുദ്രയശോഭൂഷണം മുതലായ അലങ്കാരഗ്രന്ഥങ്ങളിൽ പ്രായേണ ഈ ലക്ഷണമതംതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

വത്സരാജൻ ആറുവിധത്തിലുള്ള രൂപകങ്ങൾ രചിച്ചിട്ടുണ്ട്. കിരാതാർജ്ജുനീയമെന്ന വ്യായോഗം, കർപ്പൂരചരിതമെന്ന ഭാണം, രുഗ്മിണീഹരണമെന്ന ഈഹാമൃഗം, ഹാസ്യചൂഡാമണി എന്ന പ്രഹസനം, സമുദ്രമഥനമെന്ന സമവകാരം ഇവയാണ് ശേഷം അഞ്ചു രൂപകങ്ങൾ. ഇവയിൽ കർപ്പൂരചരിതമെന്ന ഭാണവും ഹാസ്യചൂഡാമണി (കപടകേളി) എന്ന പ്രഹസനവും വള്ളത്തോൾതന്നെ മലയാളഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. മൂന്നാമത്തെ ഗ്രന്ഥമാണ്, ഇപ്പോൾ മലയാളത്തിൽ അവതരിപ്പിക്കുന്നത്. ആറു രൂപകങ്ങളുടെയും മൂലം ബറോഡയിൽ നിന്നു 'ഗേക്വാഡപ്രാച്യഗ്രന്ഥാവലി'യിൽ എട്ടാം സംപുടമായി 1918ൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

നാടകങ്ങളിൽ ശൃംഗാരവും വീരവുമാണ്, പ്രധാനരസമായി സ്വീകരിക്കുന്നത്. ശൃംഗാരം വളരെ കോമളമായ രസമാണ്. കാവ്യരചനയിലും രംഗത്തിൽ അഭിനയത്തിലും വളരെ എളുപ്പത്തിൽ സ്വസ്ഥാനത്തിൽനിന്നു ഭ്രഷ്ടമായി ഉദ്വേഗത്തെ ജനിപ്പിച്ചേയ്ക്കാവുന്നതാണ്. ഈ രസം വഴി തെററിയാൽ ശൃംഗാരം ഗ്രാമ്യമാവും; ഉത്തമകവികൾക്കും ഉത്തമനടന്മാർക്കും മാത്രമേ ഈ രസത്തെ ശരിയായി പ്രയോഗിക്കുവാൻ സാധിക്കയുള്ളു. ശരിയായി പ്രയോഗിച്ചതിനെ അറിയുവാനും ആസ്വദിക്കുവാനും ബുദ്ധിസംസ്കാരമുള്ള സഹൃദയന്നേ സാധിക്കയുള്ളു.

അത്ഭുതം, ഭയാനകം, രൌദ്രം മുതലായ രസങ്ങൾ കുറെക്കൂടി ഉൽകടങ്ങളാണ്. ഈ രസങ്ങളാണ്, സാധാരണജനങ്ങളുടെ മനസ്സിനെ ആകർഷിക്കുന്നതും ആഹ്ലാദിപ്പിക്കുന്നതും. ഈ രസങ്ങളുടെ പ്രയോഗത്തിൽ രസവിച്ഛേദത്തിന്നോ ഉദ്വേഗത്തിന്നോ മാർഗ്ഗവും കുറവാണ്.

പ്രഖ്യാതവസ്തുക്കളോടൽ മനഃസംസ്കാരമുള്ള അഭിരൂപ

Digitized By Kerala Sahitya Akademi

ന്മാരെ ആഹ്ലാദിപ്പിക്കുന്നതിന്നു കവികൾ നാടകത്തെ ആശ്രയിക്കുന്നതുപോലെ, സാമാന്യജനങ്ങളുടെ ശ്രദ്ധയെ പ്രഖ്യാതവസ്തുക്കളിലെക്കാകർഷിക്കുവാൻ ഡിമാദിരൂപഭേദങ്ങളെ അവലംബിക്കുന്നു.

ഇപ്പോഴും ക്ഷേത്രങ്ങളിൽ കൂടിയാട്ടമുള്ളപ്പോൾ, രാത്രി കൂടിയാട്ടവും പകൽ പ്രബന്ധം പറയലും എന്ന സമ്പ്രദായം നടപ്പുണ്ടു്. ഇക്കാലത്തു പ്രചാരത്തിലുള്ള പ്രബന്ധങ്ങളിൽ പലതും മേൽപ്പുത്തൂർ നാരായണഭട്ടതിരിയുണ്ടാക്കിയവയാണു്. ഇട്ടിരവിച്ചാക്യാരുടെ (രവിനർത്തകൻ) അപേക്ഷപ്രകാരമാണു്, ദിനാനന്ദസികപ്രബന്ധമുണ്ടാക്കിയതെന്നു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്. കൂടിയാട്ടത്തിന്നുപുറമേ പ്രബന്ധം പറയുക എന്ന വിനോദവിശേഷവും പ്രാചീനകാലത്തു നടപ്പുണ്ടായിരുന്നിരിക്കും.

ഇപ്പോഴും വിദ്യാർത്ഥികൾ, ഓരോ സമാജങ്ങളിലെ അംഗങ്ങൾ ഇവരെല്ലാം വിശേഷോത്സവാവസരങ്ങളിൽ പ്രയോഗത്തിന്നായി നാടകങ്ങൾ പുതുതായി എഴുതി സമ്പാദിക്കുക എന്ന നടപടി നമുക്കു പരിചിതമാണല്ലോ; ഈ ലഘുനാടകങ്ങളെല്ലാം നല്ല സാഹിത്യമായി എണ്ണം വരുന്നതല്ല, ഇപ്രകാരം തന്നെ പ്രാചീനകാലത്തും നല്ല സാഹിത്യം എന്ന അഭിമാനമില്ലാതെയും ഉത്തമമായ രീതിയിൽ അഭിനയിക്കണമെന്ന ഉദ്ദേശമില്ലാതെയും ഓരോ ഉത്സവാവസരങ്ങളിൽ കവികൾ ഭാണം ഡിമം തുടങ്ങിയ പലേ രൂപങ്ങളെയും താൽകാലികമായ ഉപവിനിയോഗത്തിന്നായി മാത്രം നിർമ്മിച്ചിട്ടുണ്ടായിരിക്കണം. സാഹിത്യമെന്ന നിലയിൽ വലിയ പ്രാധാന്യമില്ലാത്തതിനാൽ അവ ഉത്തരകാലത്തിൽ ലുപ്തപ്രചാരങ്ങളായി; ആലംകാരികന്മാരും മററും അവയിൽ ഉപേക്ഷ കാണിക്കുകയും ചെയ്തു.

എന്നാൽ ചിലപ്പോൾ ഈ രൂപകവിഭാഗങ്ങളിലും, ഉത്തമകവികൾ കൈവെച്ചു നാടകങ്ങൾക്കൊത്ത സൽകാവ്യങ്ങളെ രചിച്ചിരുന്നു. അപ്രകാരമുള്ള കൃതികളിൽ ചിലതാണു് വത്സരാജന്റെ രൂപകങ്ങൾ. ത്രിപുരദഹനത്തിൽ വത്സരാജൻ ശാസ്ത്രോക്തലക്ഷണങ്ങളെ തുലോം ആദരിച്ചിട്ടുണ്ടു്. എന്നാൽ

Digitized By Kerala Sahitya Akademi

ലക്ഷണമൊപ്പിച്ച ഒരു രൂപകം എഴുതുക മാത്രമല്ല കവി ചെയ്തിട്ടുള്ളത്. പലവിധത്തിലുള്ള പുതുമകളും സ്വാതന്ത്ര്യപ്രകടനങ്ങളും ഈ കാവ്യത്തിൽ കാണാം. സന്ദർഭത്തിന്നനുരൂപമായ രീതിയും ഭാഷയുമാണ്, കവി അവലംബിച്ചിട്ടുള്ളത്. ചിലപ്പോൾ ഉചിതമായ ഫലിതങ്ങളും കൊണ്ടുവന്നിട്ടുണ്ട്.

ഇക്കാലത്ത് ഇപ്രകാരമുള്ള രൂപകങ്ങളെ രംഗത്തിൽ പ്രയോഗിച്ചാൽ ജനങ്ങൾക്കു രുചിയ്ക്കുമോ എന്നുള്ള കാര്യം ഒന്നു വേറെ. ഒരു കാവ്യം എന്ന നിലയിലും ഇക്കാലത്തു പല സാഹിത്യരസികന്മാരും ഇതു വായിയ്ക്കുമ്പോൾ നെററി ചുളിച്ചു എന്നുവരാം. എന്നാൽ ഏതു കലയിലും കലയ്ക്കു പുറമെ 'വസ്തു' എന്നൊരംശമുണ്ട്. കാലഭേദംകൊണ്ടു വസ്തുവിന്റെ മാത്രമേ ആനന്ദജനകത്വത്തിൽ മാററം വരുന്നുള്ളൂ; കല എന്ന അംശത്തിന്റെ ആഹ്ലാദകരത്വം കാലദേശഭേദങ്ങളെ അപേക്ഷിയ്ക്കാതെ ശാശ്വതവും സാർവത്രികവുമാണ്. വസ്തുവിനെക്കാൾ കലയിൽ പ്രതിപത്തിയുള്ളവരുടെ ദൃഷ്ടിയിൽ ഈ രൂപകത്തിന്റെ രാമണീയകം തിളങ്ങി പ്രകാശിയ്ക്കുമെന്നുള്ള വാസ്തവത്തിന്നു, മഹാകവി വള്ളത്തോൾ ഇതിനെ മലയാളഭാഷയിലവതരിപ്പിയ്ക്കാൻ ഉദ്യമിച്ചതുതന്നെ തക്ക തെളിവാണല്ലോ.

സംസ്കൃതത്തിൽനിന്നു പല ഉത്തമകൃതികളും മലയാളത്തിൽ തർജ്ജമചെയ്തു പ്രസിദ്ധിയും യശസ്സും സംപാദിച്ച വള്ളത്തോളിന്റെ ഈ വിവൎത്തനത്തെപ്പററി എന്തെങ്കിലും നിരൂപണം ചെയ്യാൻ തുടങ്ങുന്നതു വലിയൊരു സാഹസമാവും. വാസ്തവത്തിൽ ഇതൊരു ഭാഷാവിവൎത്തനമല്ല; വത്സരാജന്റെ കാവ്യകല മഹാകവിയുടെ പ്രതിഭയിൽത്തട്ടി, അതിന്നുശേഷം യാതൊരു കോട്ടമോ ഓപ്പക്കേടോ തട്ടാതെ മലയാളഭാഷയിൽ പ്രകാശിയ്ക്കുകയാണ് ചെയ്യുന്നത്. സാധാരണമായി ഒരു കവിയുടെ പ്രതിഭയിലൂടെ ഭാഷാന്തരസ്വീകാരക്രമത്തിൽ കടന്നുപോകേണ്ടിവരുമ്പോൾ, ചില മാലിന്യങ്ങളും വൈകല്യങ്ങളും കാവ്യകലയിൽ വന്നുചേരാറുണ്ട്. ഈ തർജ്ജിമയിൽ ആ ദോഷം ഒട്ടുംതന്നെ വന്നിട്ടില്ല. ഞാൻ മൂലവും ഈ തർജ്ജിമയും രണ്ടും മ

Digitized By Kerala Sahitya Akademi

നസ്സിരുത്തി വായിച്ചുനോക്കി. ഈ തര്ജ്ജിമ വായിക്കുന്ന മലയാളികൾക്ക, സംസ്കൃതമറിയാത്തതിനാൽ വത്സരാജകൃതിയെ ആസ്വദിക്കുന്ന കാൎയ്യത്തിൽ യാതൊരു ലോപവും വരുന്നതല്ല; എന്നു മാത്രമല്ല, വത്സരാജൻെറ കലയേയും വള്ളത്തോളിൻെറ കലയേയും രണ്ടിനേയും ആസ്വദിക്കാമെന്നൊരു മെച്ചംകൂടിയുണ്ട്.

മദിരാശി
1946 മാൎച്ച് 18 } സി. കുഞ്ഞൻ രാജാ

Digitized By Kerala Sahitya Akademi

# ത്രിപുരദഹനം

## കഥാപാത്രങ്ങൾ

സൂത്രധാരൻ
പാരിപാർശ്വികൻ
നാരദൻ
രാഹു
ശിവൻ
ബൃഹസ്പതി
ഇന്ദ്രൻ
യമൻ
അഗ്നി
വായു
വരുണൻ
കുബേരൻ
നന്ദി
ഹിമവാൻ
ധർമ്മൻ
അളീകൻ
വിപരീതൻ
വിഷ്ണു
കപടനാരദൻ
വിശദാശയൻ
സ്ഫുടാക്ഷരൻ
സർവതാപൻ
സ്കന്ദൻ
ശുക്രൻ
മുനിമാർ
ഭൂമി

Digitized By Kerala Sahitya Akademi

# ത്രി പു ര ദ ഹ ന ം

## (ഡിമം)

ഒരുപൂവെവിടെപ്പോകുകി-
ല്ലു,ടനടിയത്തു കല്പവൃക്ഷമായ്ത്തീരും,
സുരതടിനീപരിവൃതമാ-
പ്പുരമശിവശിരസ്സു വിജയിപ്പൂ! 1

ഉച്ചണ്ഡേന്ദ്രഭയാൽപ്പറന്ന മലകൾ-
ക്കൊക്കുന്ന ധൂമങ്ങളും പൂ-
ണ്ടു,ച്ചച്ചെംപൊരിമാലയാൽക്കുജമയം
വാനാകെയെന്നാക്കിയും,
ഒച്ചപ്പെട്ടു തിളച്ചുമംബരനദീ-
വെള്ളത്തെ നൃത്തംചവു-
ട്ടിച്ചും, മുപ്പുരമിട്ടെരിച്ച പുരജിദ്-
ബാണാഗ്നി വെൽവൂ തുലോം! 2

ധൂമംകൊണ്ടു മുഖക്കറുപ്പുതകിയും,
കണ്ണീരൊഴുക്കിച്ചു,മു-
ദ്ദാമജ്വാലകളാലെരിഞ്ഞുവലയും
സന്താപമുണ്ടാക്കിയും,

1. കല്പവൃക്ഷം—സർവാഭീഷ്ടമെന്നു സാരം. സുര.........വൃതം = സ്വർഗ്ഗംഗ ചുഴന്നത്.

2. ഉച്ച......ഭയാൽ—ഇന്ദ്രനെ പേടിച്ച്; ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകുകൾ വെട്ടിക്കളഞ്ഞു എന്നു പുരാണം. ഉച്ചം = ഉയന്ന. മാല = സമൂഹം. കുജന്റെ = (ചൊവ്വയുടെ) നിറം ചുകപ്പത്രേ. അംബരനദി = സ്വർഗ്ഗംഗ. വെള്ളത്തിന്റെ തിളയെ നൃത്തമാക്കിക്കല്പിച്ചിരിക്കുന്നു. പുരജിദ്ബാണാഗ്നി = ശിവബാണത്തിന്റെ തീ.



Digitized By Kerala Sahitya Akademi

ആമോദാവസരത്തിലും ദിവിചര-
ക്കാതങ്കമേകിജ്ജ്വലി-
ച്ചാമേളിച്ചു, പുരങ്ങൾ ചുട്ട പുരജിദ്-
ബാണാഗ്നി വെൽവൂ തുലോം! 3

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ:—(പ്രവേശിച്ചു, നാലുപുറവും നോക്കി) * ....
പാരിപാർശ്വികൻ:—(പ്രവേശിച്ച്)......
സൂത്രധാരൻ:—മാരിഷ, താൻ എന്നെ പരിഹസിയ്ക്കുന്നതെന്തിനു്? ആ തമ്പുരാൻതന്നെയാണ്, ഇതിൽ അപരാധി:

മുടക്കമില്ലാത്ത കൊടുക്കൽകൊണ്ടു
മടുപ്പു മന്നിന്നുളവായിയേയ്ക്കാം;
നടാടെപോലിമ്പമൊടാണു മേന്മേൽ-
ക്കൊടുപ്പതല്ലോ, പരമർദ്ദിഭൂപൻ! 4

പാരിപാർശ്വികൻ:— * വാങ്ങിക്കൊൾക, വാങ്ങിക്കൊൾക; എനിയ്ക്കു കശ്ശുമൊന്നുമില്ല. എന്നാൽ, അങ്ങു സമ്പത്തിനൊത്ത ദാനം അനുഷ്ഠിയ്ക്കുന്നില്ല എന്നതിൽ വ്യസനമുണ്ടു്. എന്തുകൊണ്ടെന്നാൽ—

അതിയത്നമൊടേ വളർത്തി രക്ഷി
യ്ക്കുകിലും ദാനവിഹീനയായ ലക്ഷ്മി
മലടിപ്പശുപോലവേ ഗൃഹസ്ഥ-
ന്നലഘുക്ലേശദയായ് ബ്ഭവിച്ചിടുന്നു. 5

3. മുഖക്കറുപ്പും, കണ്ണീരൊഴുകലും, സന്താപവും (= ചൂടും) ആതങ്ക (= ദുഃഖ) ലക്ഷണങ്ങളാണല്ലോ. സമ്മേളിച്ചു = ചേർന്നു. പുരങ്ങൾ = മുപ്പുരം.
* മൂലം പൊടിഞ്ഞുപോയിരിയ്ക്കുന്നു.
* ടി
4. ദാനം ചെയ്തുചെയ്തു ഭൂമിയ്ക്കു മടുപ്പു വരാം. എന്നാൽ; പരമർദ്ദിത്തമ്പുരാൻ, എത്രയെത്ര ദാനം ചെയ്താലും നടാടെ പോലെ (ആദ്യമായി ദാനം ചെയ്യുന്നാണെന്നപോലെ) ഉന്മേഷംകൊള്ളുന്നു!
* തമ്പുരാന്റെ സമ്മാനങ്ങൾ കിട്ടുവോളം വാങ്ങിക്കൊൾക.
5. ദാനവിഹീന = ദാനംചെയ്യാത്ത. ലക്ഷ്മി = സമ്പത്ത്. മലടിപ്പശു = മച്ചിപ്പശു.

Digitized By Kerala Sahitya Akademi

സൂത്രധാരൻ:— മൂർഖമാരിഷ, സൂർയ്യ-ചന്ദ്രഗ്രഹണാദിപുണ്യകാലം കാത്തിരിയ്ക്കുക; അപ്പോഠം കാണാം, എൻെറ വമ്പിച്ച ദാനങ്ങഠം!

പാരിപാർശ്വികൻ:— അങ്ങുന്നേ, അസുരവർഗ്ഗം ത്രിപുരബലത്താൽ ഗർവിച്ചിരിയ്ക്കു. ഗ്രഹങ്ങങ്ങഠംക്കുണ്ടോ തടസ്സം?

കൊല്ലാൻനോക്കുന്നു ലക്ഷ്മീശനെയുദധിയിലും—
കൈടഭീയാസുരന്മാ–
രെ–,ല്ലാനാളും ഹനിപ്പൂ രവിശശികളെയാ–
ബ്ബാഹുവില്ലാത്ത രാഹു;
സ്വർല്ലോകം മുപ്പുരാക്രാന്തിയിൽ വലയുകയാൽ,
ബ്ഭൂതലക്കുണ്ടിൽനിന്നി–
ങ്ങുല്ലാസാലെത്തിയേയ്ക്കാം ബലനിധി ബലിയും,
കെട്ടറുത്തൊട്ടുനാളാൽ! 6

(അണിയറയിൽ പരിഹാസത്തോടെ)

ചേരും, നിനക്കിതു ചേരും: ദുരുക്തിവളംകൊണ്ടു വൈരവിഷവല്ലിയെ വളത്തി, ദുർബ്ബലരെ ബലവാന്മാരെക്കൊണ്ടു കൊല്ലിയ്ക്കുന്നവരാണല്ലോ * ചാരണന്മാർ.

പാരിപാർശ്വികൻ:— (ഭയത്തോടേ) അങ്ങുന്നേ, ആരാണീ വെറുതേ ശുണ്ഠിയെടുക്കുന്നത്?

സൂത്രധാരൻ:— (ഒച്ചകൊണ്ടു് അറിഞ്ഞതായി നടിച്ചു്) ഇതു് ബ്രഹ്മപുത്രനായ നാരദമഹർഷിയാണു്.

പാരിപാർശ്വികൻ: – (പരിഹാസത്തോടേ) അയ്യ, മുനിയുടെ ഒരടക്കം!

സൂത്രധാരൻ:— (ചിരിച്ചു്) ഇദ്ദേഹത്തിൻെറ സ്വഭാവമാണിതു്; തനിയ്ക്കറിഞ്ഞുകൂടയോ?

6. കൈടഭീയാസുരന്മാർ = കൈടഭവംശരായ അസുരന്മാർ. ഹനിപ്പൂ = ദ്രോഹിയ്ക്കുന്നു. സ്വർലോകം = ദേവന്മാർ മുഴുവൻ. ആക്രാന്തി = ആക്രമണം. ഭൂതലം = ഭൂമിയുടെ കീഴ്ഭാഗം; പാതാളം. ബലി = മാബലി. കെട്ട് = വിഷ്ണുകൃതബന്ധനം.

* ചാരണന്മാർ = പുകഴ്ത്തിപ്പാടുന്നവർ.

Digitized By Kerala Sahitya Akademi

ആമോദമില്ല, മധുരസ്വരവീണകൊണ്ടു;
സാമോപഗീതികളുമത്ര സുഖം വളർത്താ;
ഈറക്കട്ടപ്പമൊട്ട തമ്മിലുരത്തുപേക്ഷും
പോരിങ്കലാണു മുനിനാരദനേറെയിമ്പം! 7

കലഹകൌതുകിയും സ്വയം ശ്രുങ്ങിക്കാരനുമായ ഇദ്ദേഹത്തെ വന്ദിയ്ക്കുക, ദൂരത്തുതന്നേനിന്നുവേണം. വരിക: നമുക്ക്, ഇനി വേണ്ടുന്നതൊക്കെ ശരിപ്പെടുത്താം.

(രണ്ടുപേരും പോയി.)

## പ്രസ്താവന

(പിന്നെ നാരദൻപ്രവേശിയ്ക്കുന്നു)

നാരദൻ:—(വാശിയോടെ ചുററും നോക്കി) ആരുമില്ലേ, ഇവിടെ? അമ്പോ, വെറുതെ പുലമ്പുന്ന നടൻെറ ധാർഷ്ട്യം!

ഹരൻെറ ശൂലക്കളിയാട്ടവും,ശ്രീ-
ധരൻെറ ചക്രാക്രമവും നിനയ്ക്കേ
പെരുത്ത പേടിപ്പനി മൂത്ത ദൈത്യ-
ക്കൊരിററു ശൌര്യം പുനരെന്നുദിച്ചു? 8

അഥവാ, ഈ നടനെ എന്തിനു ശകാരിയ്ക്കുന്നു? ഇവൻെറ കണക്കിൽ രാഹുപോലും വീരനാണല്ലോ!

(അണിയറയിൽ)

ആ. അങ്ങു ബ്രാഹ്മണനാണ്; ഞാനെന്തു ചെയ്യും? നാക്കിനു തടവില്ലായ്കയാൽ, തോന്നിയതു പറഞ്ഞുകൊൾക!

7. സാമോപഗീതികൾ = സാമഗാനങ്ങൾ; സാമവേദം, ഗീതാത്മകമത്രേ.

8. ശ്രീധരൻ = വിഷ്ണു. ചക്രം—സുദർശനം. പുനഃ = വീണ്ടും

Digitized By Kerala Sahitya Akademi

ശക്രൻ വിടുന്നീല സുമേരുശൃംഗം;
സമുദ്രശൃംഗേ പുലരുന്നു ശാർങ്ഗി;
ശ്മശാനശൃംഗം മണിമച്ചു ശർവ-
ന്നോ;-ഹോ പുകഴ്ത്താം; സുരർ ശൂരർതന്നേ! 9

നാരദൻ:—(ഒച്ച കേട്ടേടത്തേയ്ക്കു മുകളിൽ നോക്കിയിട്ടു്) രാഹുവാണോ, ഇപ്പറയുന്നതു്? ആകട്ടെ, എത്രയുണ്ടു്, ഈ പാവം!

(രാഹു വ്യോമയാനത്തിൽ പ്രവേശിച്ചു, 'ശക്രൻ വിടുന്നീല' ഇത്യാദി ചൊല്ലുന്നു)

നാരദൻ:—(പരിഹാസത്തോടെ) എടോ രാഹുവീര, ദേവകളെ ശൂരന്മാരെന്നു പറയുന്നതു പരിഹാസ്യം തന്നെ: എന്തു കൊണ്ടെന്നാൽ—

ഇന്ദ്രൻ ജംഭപ്രതിഹതബലൻ;
ഭാനു മന്ദേഹദൂനൻ;
ഹസ്തിത്തോലാൽപ്പുരമര മറ-
യ്ക്കുന്നിതശ്ശൂലിദേവൻ;
ശ്ശടെക്കുടെ മധുമുരമുഖേ-
ന്ദ്രാരിഭഗ്നൻ മുകുന്ദൻ;
ശൌര്യാശൌര്യസ്ഥിതി സഹൃദയൻ
രാഹു നീതാനറിഞ്ഞോൻ! 10

(രാഹു ശങ്കയാലെന്നപോലെ തലയിളക്കി തടുക്കുന്നു.)

9. മണിമച്ചു്—കിടപ്പറ. സുരർ ശൂരർതന്നെ എന്നതു വിപരീതലക്ഷണം.

10. ജംഭ......ബലൻ = ജംഭനാൽ തടയപ്പെട്ട ബലത്തോടുകൂടിയവൻ. നേരെമറിച്ചു്, ഇന്ദ്രൻ ജംഭന്റെ ബലത്തെയാണു് തടഞ്ഞതു്. ജംഭനെ കൊല്ലുകയാണുണ്ടായതു്. ഭാനു = സൂര്യൻ. മന്ദേഹദൂനൻ = മന്ദേഹരെന്ന രാക്ഷസർമൂലം ദുഃഖിതൻ. സൂര്യനെ ത്രിസന്ധ്യകളിലും മന്ദേഹർ ആക്രമിക്കുന്നു എന്നും, അവരെ സൂര്യൻ ബ്രാഹ്മണരുടെ അർഘ്യമാകുന്ന ആയുധംകൊണ്ടു് ആട്ടിപ്പായിക്കുന്നു എന്നും പുരാണം. രണ്ടാംപാദത്തിന്റെ ബാഹ്യാർത്ഥം, ശിവൻ പാപ്പരെന്നും, ആന്തരാർത്ഥം ഗജാസുരഹന്താവെന്നും. സഹൃദയൻ—ശിരോമാത്രനായ രാഹുവിനു ഹൃദയമെവിടെ!

Digitized By Kerala Sahitya Akademi

നാരദൻ:—(ഹാസത്തോടേ) എടോ സൈംഹികേയ, കയ്യാംഗ്യം കൊണ്ടു തടുക്കുക!

രാഹു:—(ക്രോധത്തോടേ)

അങ്ങെൻവിഹസ്തതയെ നാരദ, നാണമേതും
തോന്നാതെ നിർഭരരസേന ഹസിയ്ക്കയാണോ?
ഇല്ലാ മുഖം തവ, മർദ്ദിതനാമിനന്റെ-
യോരായിരം ഖരകരത്തെ ഹസിച്ചുനോക്കാൻ! 11

എന്നാൽ എന്റെ ഹിതഭാഷണം കേട്ടുകൊള്ളുക:

മെല്ലെപ്പേശുക: വിപ്രചാപലമുപേ-
ക്ഷിയ്ക്കില്ലയോ? ഹന്ത, പാഴ്-
തള്ളൽപ്പേച്ചുകളാൽ ബ്‌ഭവാങ്കലരിശം-
കൊള്ളായ്ക ദേവാരികൾ!
തല്ലീലാരുഷയാലൊളിച്ചു സഹസാ
വാനോരി;—നി,ത്തങ്ങളിൽ-
തല്ലിയ്ക്കും തവ വിദ്യയെങ്ങു പെരുമാ-
റിടാം മുനേ, നാരദ? 12

നാരദൻ:—(ഹാസത്തോടെ) സൈംഹികേയ, ഇതുകൊണ്ടു തന്നെയാണ്, ഞാൻ ദേവകളെ കോപിപ്പിച്ച് അസുരരെ മൂടോടെ മുടിച്ചുകളയാതിരിയ്ക്കുന്നത്. എന്തുകൊണ്ടെന്നാൽ-

വേരോടെയിട്ടാനവരെത്തുലച്ചു
വൈരം വെടിഞ്ഞുമ്പർ സുഖിച്ചിരുന്നാൽ,
പാരിച്ച കൂടപ്പട കാണുകെന്ന
പൂരോത്സവം നാരദനെങ്ങു കിട്ടും? 13

11. വിഹസ്തത = കയ്യില്ലായ്മ; വിവശത എന്നും. മർദ്ദിതൻ = എന്നാൽ പീഡിപ്പിക്കപ്പെട്ടവൻ. ഇനൻ = സൂര്യൻ. ഖരകരം = കടുത്ത രശ്മി, കൈ. കരവിഹീനനായ ഞാൻ പീഡിപ്പിച്ചുപോരുന്ന സഹസ്രകരനെ പരിഹസിയ്ക്കാതെ, ഭവാൻ എന്നെ പരിഹസിയ്ക്കുന്നതു നാണമില്ലായ്കയല്ലയോ!

12. തല്ലീലാരുഷ = അവരുടെ (അസുരന്മാരുടെ) കളിപ്രായമായ ക്രോധം.

Digitized By Kerala Sahitya Akademi

രാഹു:—(പരിഹാസത്തോടെ) അമ്പോ, മഹർഷിയുടെ മഹാശ്ചര്യകൗതുകം! എന്നാൽ ഞാൻ നിറവേററിത്തരാം, മററൊരു പ്രതിഗ്രഹത്തിലും കാംക്ഷയില്ലാത്ത ഭവാൻെറ യുദ്ധത്തിനക്കൊതി:

ചന്ദ്രൻ നിശ്ശരണത്വമാർന്നുരുളയായ്-
ത്തീരുന്നു വെൺവാവിൽ മേ,
മന്ദാത്മാവു കറുത്തവാവിലതുമ-
ട്ടാദിത്യനെപ്പൂകിയും;
എന്നാലിപ്പൊഴുതേ, കടുംകതിർ പര-
ത്തുന്നീദ്ദിനാധീശനെ-
ത്തന്നെ കിഞ്ചന—കണ്ടുകൊള്ളുക ഭവാൻ—
തീനാക്കിടുന്നുണ്ടു ഞാൻ! 14

(എന്നു ക്രോധത്തോടെ പോയി)

നാരദൻ:—(ആശ്ചര്യത്തോടെ) അമ്പോ, * അസുരക്കുള്ളത്തിൻെറ കൊടുമ! ആകട്ടെ, ഞാൻ ഗംഗാഭഗവതിയെ ഉപാസിച്ചു, ശിവൻെറ അടുക്കൽ വീണവായിപ്പാൻ ചെന്നുകളയാം. തന്തിരുവടിയെത്തന്നേ അസുരന്മാരോടു കോപിപ്പിക്കാം. (ആകാശത്തേക്കു നോക്കിയിട്ട്) ദേവഗണവും ഇപ്പോൾ വാമദേവനെ സേവിക്കുന്നുണ്ടാവും.

(പോയി)

വിഷ്കംഭം.

13. നിശ്ശരണത്വം = നിരാശ്രയത. ഉരുള = ഭക്ഷണം. മന്ദാത്മാവ് = ഉശിരില്ലാത്തവൻ; ചന്ദ്രവിശേഷണം. അമാവാസിയിൽ ചന്ദ്രൻ സൂര്യങ്കൽ ചേരുന്നു; പൂകിയും ഉരുളയായ്ത്തീരുന്നു എന്നാവർത്തിക്കണം. കിഞ്ചന = കുറച്ചൊന്ന്.

* ശിരസ്സു മാത്രമേ ഉള്ളുവല്ലോ, രാഹുവിന്; അതിനാണ്, അസുരക്കുള്ളം എന്നു പറഞ്ഞത്.

Digitized By Kerala Sahitya Akademi

(അനന്തരം, അരികിൽ ദേവഗണവുമായി ശിവൻ പ്രവേശിക്കുന്നു.)

ശിവൻ:— (ശങ്കയോടെ സ്വഗതം) എയ്, എന്താണ്, സുധാശനന്മാർ വീണ്ടും ഇടിവേററവർ പോലിരിക്കുന്നത്? ആകട്ടേ, ചോദിക്കാം. (പ്രകാശം) ഹേ ദേവഗുരോ, എന്താണിത്?

ശക്രൻതന്നായിരം കണ്ണുകൾ തുഹിനഹതാം-
 ഭോജമട്ടാന്നിരിപ്പൂ;
പൊക്കിക്കാട്ടുന്നു സൌഖ്യക്ഷതിയെ,യലസമായ്-
 ത്തീന്ന തോയേശപാശം;
ഉൾക്കൊണ്ടീടുന്നു രണ്ടാമതുമൊരു പുക,യു-
 ത്സാഹശൂന്യൻ ഹുതാശൻ;
ദുഃഖത്തിൻകക്ഷ്യാവസ്ഥയെ വെളിവിലുര-
 ക്കുന്നു, ദിക്പാലർ ദീനർ. 15

ബൃഹസ്പതി:— * (ഉൽക്കണ്ഠയോടേ) എന്തിനാണ് സർവജ്ഞനായ നിന്തിരുവടി, നാരദനെന്നപോലെ ഞങ്ങളെ കലഹത്തിന്നായി സംസാരിപ്പിച്ചുനോക്കുന്നത്? താൻ തന്നെ കല്പിച്ചറിഞ്ഞുകൊള്ളുക.

നാരദൻ:—(പ്രവേശിച്ചു സംഭ്രമത്തോടെന്നപോലെ)

ചിമ്മിക്കൊൾകിന്ദ്രസുശ്ലേക്ഷണ, മിഴികളി:-താ,
 രാഹു വന്നെത്തിടുന്നു;
കാണ്മാൻവെയ്ക്കാതൊളിപ്പിച്ചരുളുക, പുകയോ-
 പ്പിക്കുമിക്കുംഭിചർമ്മം;

15. തുഹി......മട്ട് = മഞ്ഞേററ താമരപ്പൂവിന്റെ മാതിരി; മഞ്ഞ് താമരയെ വാട്ടും. പൊക്കിക്കാട്ടുന്നു = വെളിപ്പെടുത്തുന്നു. സൌഖ്യക്ഷതി = സുഖനാശം. അലസം = ചുണകെട്ടത്. തോയേശ (വരുണ)ന്റെ പ്രധാനായുധം, പാശമത്രേ. പാശം = കയർ രണ്ടാമതുമൊരു പുക—ദുഃഖത്താലുള്ള കറുപ്പ്. ദിക്പാലന്മാരുടെ ദീനതകണ്ടാൽ, എന്തോ കടുത്ത കഷ്ടപ്പാടുവന്നതായി തോന്നും.

* അന്തർഗ്ഗതം മറച്ചു, മറെറാരു മട്ടിൽ പറയൽ.

Digitized By Kerala Sahitya Akademi

ദൂരത്തെത്താനമിട്ടേയ്ക്കുക, പടപൊരുതൽ–
ക്കററമേശിപ്പതായി–
ശ്ശൂലം; ജീവിച്ചുകൊൾകെൻതിരുവടി മുനിയായ്–
ത്തന്നെ; യുദ്ധോഗ്രർ, ദൈത്യർ! 16

ശിവൻ:— (ക്രോധത്തോടെ)

സമരപരിചിതൻ ഞാനേതു ദൈത്യന്നുമെന്നും;
കൊതിയവനു മഹേഷ്, ചൊല്ലു, ചൊല്ലോ,ശ്രുചാകാൻ?
വിഗതകദനമാക്കിടട്ടെ വിണ്മണ്ഡലത്തെ,
പ്രളയഘനരവോദ്യജ്ജ്യാനിനാദം പിനാകം! 17

ഇന്ദ്രൻ:— (ഹർഷത്തോടെ) ഭാഗ്യം, ശിവന്റെ ഹൃദയത്തിൽ രൌദ്രരസം കടിയേറിക്കഴിഞ്ഞു! നന്നായി, നാരദാ, നന്നായി: ഭവാൻ ആപത്സമുദ്രത്തിന്റെ അക്കരെയെത്തിച്ചു!

നാരദൻ:— (ഒരു വശത്തേയ്ക്കു നോക്കിയിട്ടു്) വജ്രത്തിന്റെ മൂച്ച് കെട്ട സഹസ്രാക്ഷ, ഭവാനെന്താണുണർത്തിയ്ക്കാത്തതു്?

ഇന്ദ്രൻ:— (ഖേദത്തോടെ നെടുവീർപ്പിട്ടു്) മഹാമുനേ, പരിഹാസ്യനായിത്തീന്ന ഞാൻ എന്തുണർത്തിയ്ക്കും?

കാഠിന്യം കലിശത്തിൽനിന്നു കരളിൽ–
പ്പുകിക്കിടപ്പായ് ഭയ–
പ്പാടാൽ: ദാനവദുർമ്മദാത്മമിതു വി
ളളുന്നില്ലയല്ലോ ക്ഷണാൽ;

16. ശിവന്റെ ഇടംകണ്ണു് ചന്ദ്രനം, വലംകണ്ണു് സൂര്യനമത്രേ; രാഹു സൂര്യചന്ദ്രന്മാരെ ഗ്രസിയ്ക്കുമല്ലോ. പക = ഗജാസുരവധത്താലുള്ള വൈരം. കംഭീചർമ്മം = ആനത്തോൽ. പടപൊരുതൽക്കററം = ശൂലം കയ്യിൽ ക്കണ്ടാൽ യുദ്ധത്തിന്നൊരുങ്ങി എന്ന കററം (അസുരരാൽ) ചുമത്തപ്പെട്ടേയ്ക്കും! മുനിയായ്ത്തന്നെ = ദക്ഷിണാമൂർത്തിയുടെ തപോനുഷ്ഠാനം സ്മരിയ്ക്കുക. യുദ്ധോഗ്രർ = യുദ്ധത്തിൽ ഘോരന്മാർ· അവരോടു പൊരുതാൻ നിന്തിരുവടി ആളാകയില്ലെന്നു, ശിവനെ ക്രുദ്ധനാക്കുന്നു.

17. വിഗതകദനം = കഷ്ടപ്പാടു നീങ്ങിയതു്. പ്രള......നാദം = പ്രളയമേഘഗർജ്ജിതം പോലെ പുറപ്പെടുന്ന ഞാണൊലിയോടുകൂടിയതു്. പിനാകം—ശിവന്റെ വില്ലിന്റെ പേർ.



Digitized By Kerala Sahitya Akademi

ബാഢം, കാഴ്ചയൊരല്പമില്ല, മിഴിയു-
ണ്ടോരായിരം മെയ്യിൽ മേ;
പാടേ നോക്കിയിരിയ്ക്കെയെൻപുകഠം കവ-
ന്നല്ലോ പരന്മാര,ഹോ! 18

ശിവൻ:— (ഉത്സാഹത്തോടേ) ജംഭശാസന, ഭവാൻ എന്തിനി ങ്ങിനെ വാടിത്തളരുന്നു? ഭവാൻെറ വജ്രക്കൊട്ടതിയ്യിന്ന് എത്രയുണ്ട് അസുരപ്പുൽക്കൂട്ടം?

ഇന്ദ്രൻ:— (വണക്കത്തോടേ)

എന്തിന്നു മേനി പറയുന്നു? നശിച്ചു വജ്ര;-
മെന്നാൽബ്ഭവാൻെറ മഹിമാവവിനാശിയല്ലോ;
ഔദാസ്യമാന്നു തിരുമേനി മടിച്ചിരുന്നാ-
ലാരുള്ള, ദൈത്യഭുജദണ്ഡനമറുത്തുതള്ളാൻ? 19

ശിവൻ:—(ഖേദത്തോടെ) അയ്യോ, പുരുഹൂതാ, എന്താണിപ്പറ ഞ്ഞത്? ശിവന്നു സ്വപ്നത്തിൽപ്പോലുമില്ല ദേവകാര്യ ങ്ങളിൽ ഉദാസീനത!

ഇന്ദ്രൻെറ ചൊല്ലിന്നു വഴങ്ങുമെൻെറ
ശൂലം ശിരശ്ശൂലമെവന്നു നല്ലാ?
പിനാകമാരെപ്പിണമാക്കകില്ലാ?
കഠാരമാരെക്കഴിയിൽപ്പെടുത്താ? 20

യമൻ:—(ശുണ്ഠിയോടെ) ദേവന്മാർ ചത്തുപോയോ, അസുരന്മാ രോടമത്തുപൊരുതുകയാകുന്ന വിനോദത്തിന്ന് ഉഗ്രഭഗവാ നെ ഉഴറിപ്പാൻ? ദേവ ദേവ, ഇവിടത്തെ വരപ്രദാനബ

18. വജ്രത്തിന്നൊത്ത കട്ടപ്പംകൊണ്ടാണ്, എൻെറ ഹൃദയം വു ള്ളാത്തത്. എന്നാൽ, കണ്ണുണ്ടായിട്ടും ഒരിത്തിരിയും കാഴ്ചയില്ലാത്തത് അ ത്ഭുതാ (അത്ഭുതം) തന്നെ. ദാനവദുമ്മദാത്തം = അസുരന്മാരുടെ ദുമ്മദംമൂലി അഴൽപ്പെട്ടത്. പരന്മാർ = ശത്രുക്കൾ.

19. ഔദാസ്യം = ഉദാസീനത.

20. ശിരശ്ശൂലം = തലവേദന. പിണം = ശവം. കഠാരം = മഴ.

Digitized By Kerala Sahitya Akademi

ലം ശങ്കിച്ചാണ്, ഞങ്ങൾ അവരിൽ ചുണ കാട്ടാഞ്ഞതു്. എന്നാലിനി,

അല്പിത്താരെതിർക്കൈകളിൽപ്ലീവ, രമി-
ച്ചുട്ടേ തദസ്ത്രങ്ങൾ പേ-
ർത്തി;-ല്പിപ്ലാഹവവേലയിൽബ്ഭയമൊരു-
ത്തന്നും ഭവദ്ദാസരിൽ;
എല്പിൻപൊട്ടലിലൊച്ച പൊങ്ങുമസുരാം-
ഗത്തെപ്പിളുക്കിച്ചുത-
ച്ചുല്പാസാൽക്കളിയാടിടട്ടെ, കൊട്ടതാ-
മിദ്ദണ്ഡടർച്ചേരിയിൽ! 21

അഗ്നി:—(ക്രോധത്തോടെ, ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്)

കല്പാന്തത്തിലെ നിർഭരോഗ്രതയൊടെൻ-
നാളങ്ങളേ, നിങ്ങള-
ങ്ങെപ്പേരും സഹസാ മുതിർന്നുയരുവിൻ,
ഞാൻ നിന്നുപോരാടവേ;
മുല്പാടദ്ദനുസൂനുസൈന്യവിപിനം
ഞാൻതാൻ ദഹിപ്പിയ്ക്കയാ-
ലബ്ഭസ്മാഹുതിയായ്വരട്ടെ,യിതരാ-
മർത്ത്യപ്രകോപോദയം? 22

നാരദൻ:—(ഹർഷത്തോടെ ചിരിച്ച്) ഹേ സമീരണ, നോക്കു, നോക്കു, അങ്ങയുടെ സ്നേഹത്തിന്റെ ശൌര്യോത്സാഹം!

വായു:—സഖേ, നാരദ,

ദൈതേയരാം ശാഖികളെ, പ്രഭഞ്ജനൻ
ഞാൻതന്നെ മുല്പാട പുഴക്കിവീഴ്ത്തുവൻ;

21. തദസ്ത്രങ്ങൾ = ഭവാന്റെ ആയുധങ്ങൾ. ദണ്ഡ്—യമന്റെ പ്രധാനായുധം.

22. നാളങ്ങൾ = ജ്വാലകൾ. ദനു......പിനം = ദാനവസൈന്യമാകുന്ന കാട്. ഭസ്മാഹുതി = വെണ്ണീറിൽ ഹോമിയ്ക്കൽ; ഇതു വെറുതെയാണല്ലോ. ഇത......ദയം = മററു ദേവന്മാരുടെ വമ്പിച്ച കോപം.

Digitized By Kerala Sahitya Akademi

ശവം ചുട്ടം വഹ്നിയെരിച്ചിടട്ടെതാ-
ന,വററിനെസ്സൂര്യനുണക്കിടട്ടെതാൻ- 23

നാരദൻ:—(ഹർഷത്തോടെ) ഭാഗ്യംകൊണ്ടു ധർമ്മം വർദ്ധിയ്ക്കട്ടെ, വർദ്ധിയ്ക്കട്ടെ! ദേവന്മാക്കിത്രയും അരിശം മൂത്തിരിയ്ക്കേ, ദാനവന്മാരുണ്ടോ വെള്ളത്തിൽ മുങ്ങിക്കിടന്നാലും ജീവിയ്ക്കുന്നു?

വരുണൻ:—(ഗർവോട്ടം വണക്കത്തോട്ടംകൂടി)

കണ്ഠത്തിൽക്കട്ടപാശമീട്ടടിപെട്ട-
ത്തുഴിച്ചവട്ടിൽബ്ബലാൽ-

(തന്നെച്ചൂണ്ടി)

ക്കൊണ്ടാക്കാം തടവററപാം-
പതിയിവൻ, ദുർമ്മദരാം ദൈത്യരേ;
കൊണ്ടാട്ടന്നടർ കൈവരാതെ ശപഥം
പാഴായ്പ്പതുങ്ങും സുര-
ക്കണ്ടാകൊല്ലിതിലീറ;യപ്പടി മുനേ,
ചെയ്കെന്നപേക്ഷിപ്പു ഞാൻ! 24

നാരദൻ:—സഖേ, കുബേര, അങ്ങു ധനദനാണ്; എന്നാൽ ഇപ്പോഠം ശത്രുക്കാംക്കു * നിധനദനാകുക!

കുബേരൻ:—സഖേ, നാരദ,

23. എരിച്ചിടട്ടെതാൻ, ഉണക്കിടട്ടെതാൻ—എരിയ്ക്കുകയോ ഉണക്കുകയോ ചെയ്യട്ടെ.

24. അപാംപതി = ജലനാഥൻ. ശപഥം = ദൈത്യവധപ്രതിജ്ഞ. യുദ്ധം ആസ്വദിയ്ക്കാൻ കിട്ടായ്ക. പ്രതിജ്ഞാഭംഗം വൈലക്ഷ്യം എന്നിവയാൽ ദേവന്മാർ എന്റെ പേരിൽ അരിശംകൊള്ളാത്തവിധം ചെയ്തു വെയ്ക്കുക!

* നിധനദൻ = നിധനത്തെ (= കൊലയെ) കൊടുക്കുന്നവൻ.

Digitized By Kerala Sahitya Akademi

എന്തൊക്കെത്തുണ്ടിവിടെ വോ ശിവപ്രണയമോ
ചിന്തിയ്ക്കയല്ലെ,ന്നൊടൊ-
രാങ്കംവെട്ടുവതിന്നു തീരെ വരുമാ
റില്ലാ സുരദ്രോഹികരം;
രാമ്മൂലം ചിരകാലമായ്സ്സമരദു-
ർഭിക്ഷത്തിൽ മാഴ്കുന്നെനി-
സ്സന്തോഷപ്രദമാം രണോത്സവമിതി-
ന്നീശൻെറ മുമ്പിൽത്തുലോം! — 25

നാരദൻ:— (ഹർഷത്തോടേ) ഭാഗ്യം, ഞാൻ കൃതാർത്ഥനായിക്കഴി ഞ്ഞു! ഇനി മററാരെയും നോക്കേണ്ടതില്ല.

നിരൃതി:— (ക്രോധത്തോടെ ആത്മഗതം) എയ് എന്നെ സാധാരണനിലയിൽപ്പോലും ഗണിയ്ക്കുന്നില്ല, ഈ ബ്രാഹ്മണച്ചെറുക്കൻ! ആകട്ടെ, ഇങ്ങിനെ പറയാം. (പ്രകാശം.)

വീരൻ നാരദ, ഞാനൊരുത്തനസുര-
ന്മാരെപ്പിളർത്തുന്നതിൽ;
സ്ഫാരം മേ ഗരിമാവിത,ങ്ങു വകവെ-
യ്ക്കാഞ്ഞാലിടഞ്ഞേയ്ക്കുമോ?
പോരാട്ടത്തിലൊരിമ്പമേ ബത, ഭവാ-
ന്നുള്ളൂ, വെറുംചാപലം!
ശ്ശൂരൻ, കാതരനെന്നു, ഭേദമെവിടെ-
ത്തോന്നും വിപ്രൻ ഭവാൻ? 26

നാരദൻ:— (ഹർഷത്തോടേ ആത്മഗതം) ഭാഗ്യം, ഇയ്യാളും ഞങ്ങളുടെ പക്ഷക്കാരൻതന്നെയായി! അരിശംകൊള്ളട്ടെ, അരിശംകൊള്ളട്ടെ: എനിയ്ക്കു തുലോംപ്രിയം! (വണക്കത്തോടേ പ്രകാശം)

25. സുരദ്രോഹികൾ = അസുരന്മാർ.

26. സ്ഫാരം = വർദ്ധിച്ചത്. ഗരിമാവ് = ഗൌരവം, അന്തസ്സ്. കാതരൻ = ഭീരു. എവിടെത്തോന്നും—എന്തും അറിയുകയില്ല!

Digitized By Kerala Sahitya Akademi

വീരാഗ്രേസരനായ് ക്ഷമാചര, ഭവാ–
നല്ലാതെയാരുണ്ടൊരാ–
ളാ?–രാജിയ്ക്കുവതുണ്ട, താവകകരേ,
വാളാം പ്രധാനായുധം:
പോരിന്നർത്ഥന, ദേവകാര്യവശനാ-
മീയങ്ങയോടെന്തിനാ-
ണാ?-രാൻ ചെയ്യുകമൂലമോ, വിധി ഘടി--
പ്പിയ്ക്കുന്നതിപ്പാരിനെ? 27

നന്ദി:— (സ്പൃഹയോടേ) സുരഗുരോ, ഇപ്രകാരമുള്ള ഒരസുരനെ കേറംക്കാനുള്ള കൌതുകം എന്നെ തികച്ചും വായാടിയാക്കുന്നു:

അസ്തോദയസ്ഥിതിയൊരുത്തനു ലംഘ്യമോ? വ--
ന്നൊതോന,യാളൊരുവനേ പരമുള്ളവെന്നോ?
വിത്രസ്തരായ് വളരെയാളുകളഞ്ജസാ ചേ--
ന്നൊത്താണ,വൻെറകൊലയിൽത്തുനിയുന്നിതല്ലോ! 28

അതിനാൻ പറയൂ, ആരാണീ വീരശിരോമണി?

ബൃഹസ്പതി:— * ശിലാദനന്ദന, പറഞ്ഞിട്ടുവേണമോ, മൂന്നലോകത്തിന്നും ധൂമകേതുവെന്ന പോലെ വ്യോമചാരിയായ ഈ ത്രിപുരനെ അറിയുക?

തിങ്ങും തീജ്വാലയാൽ വാനിനോ'ഴുഴിയ'ലനു–
ഷ്ഠിച്ചു, ദുഷ്പ്രേക്ഷമായ്ദ്ദി..
ക്കെങ്ങും ചീററുന്ന ചെന്തീപ്പൊരിനിരയിലൊളി,–
പ്പിച്ചു, യാറംതൻ ശരൌഘം

27. ഘടിപ്പിയ്ക്കുക = ചേർത്തിണക്കുക.

28. അസ്തം = അസ്തമയം. വിത്രസ്തരായ് = പേടിച്ച്. അവൻെറ കൊലയാൽ—അവനെ കൊല്ലാൻ.

* ശിലാദനന്ദന = ഹേ ശിലാദൻെറ മകനേ.

29. ഉഴിയൽ = നീരാജനം. ദുഷ്പ്രേക്ഷം = നോക്കാവതല്ലാത്ത

Digitized By Kerala Sahitya Akademi

ഗംഗാംബുത്തൊപ്പി ചേരും ഹരശിരസി തിമ
ക്കുന്നതുണ്ടേററ!—മെന്നാ—
ലങ്ങാസ്ഥാംസ്ഥാംരവം ത്വച്ചെവിയിലണവതി—
ല്ലം,പർതൻ ഭാഗ്യദോഷാൽ! 29

ഈ വ്യോമചാരി വ്യോമത്തെ മാത്രമല്ല മുടിയ്ക്കുന്നത്; ഭൂമിയേയും ഇവൻ വല്ലാതെ വലയ്ക്കുന്നുണ്ട്; ആ പാതാളനായകനായ പന്നഗപ്പെരുമാളെത്തന്നെയും ഇവൻ ചതച്ചിരിയ്ക്കുന്നു!

(അനന്തരം ഭൂമി പ്രവേശിയ്ക്കുന്നു.)

ഭൂമി:— (ഉദ്വേഗത്തോടേ ആകാശത്തു ലക്ഷ്യം ബന്ധിച്ച്) ഭഗവൻ, കമലോദ്ഭവ, അങ്ങയെ ഞാനെന്തിനു ശകാരിയ്ക്കുന്നു? കഷ്ടം, അങ്ങയുടെ ഈ കെട്ടവിളയാട്ടം!

സാമാന്യമായെട്ടു കുലാചലങ്ങളും
ദിക്കുഞ്ജരപ്രൌഢരുമപ്ഫണീന്ദ്രനും
എന്നെച്ചുമന്നീടണമെന്നു നണ്ണിയി-
ട്ടാണോ ചതിപ്പിച്ചതു, ചണ്ഡദൈത്യരാൽ! 30

ഞാൻ അങ്ങയെ സമീപിയ്ക്കുകയില്ല; അങ്ങയേയും സൃഷ്ടിച്ച ചന്ദ്രചൂഡനെത്തന്നെ ശരണം പ്രാപിയ്ക്കും. (ചുററി നടന്ന കാലിടച്ചു നടിച്ചു സലജ്ജം) അയ്യോ, ഞാൻ തികച്ചും അബലതന്നെയായിത്തീർന്നു; എന്നെ ആരൊന്നു പിടിയ്ക്കും? ആ പന്നഗപ്പെരുമാറം അകലത്താണല്ലോ!

(അനന്തരം മനുഷ്യവേഷത്തിൽ അനന്തൻ പ്രവേശിയ്ക്കുന്നു.)

അനന്തൻ:— ഭഗവതി, ഭൂതധാത്രി, എന്നെ പിടിച്ചുനിന്നു കൊൾക.

ത്. സ്ഥാംസ്ഥാംരവം = സ്ഥാം സ്ഥാം എന്ന ശബ്ദം.

30. കുലപർവതാദികളുടെ വഹനശക്തി പരീക്ഷിപ്പാനാണോ, ചതിപ്പിയ്ക്കുന്നത്! ചണ്ഡദൈത്യരാൽ = ക്രൂരരായ അസുരന്മാരെക്കൊണ്ട്. വജ്രമയി = അതികഠിന.

* വള = പാമ്പിന്റെ തോലുറ.

Digitized By Kerala Sahitya Akademi

ഭൂമി:— (നോക്കിയിട്ട്) എയ്, നാഗരാജാവു വന്നിരിയ്ക്കുന്നു. നാഗരാജാവേ, ഇവിടെ അങ്ങയെ പിടിയ്ക്കുന്നതിൽ വജ്ഞമയിയായ എനിയ്ക്കു ലജ്ജതോന്നുന്നു: ഞാൻ മറന്നേയ്ക്കുമോ, ദുസ്സഹമായ ദൈത്യശരവഷത്താൻ വട്ടം ചുററുന്ന എന്നെ ചുമന്ന ഭവാൻെറ * വളപൊളിഞ്ഞു നൊന്ത പത്തിപ്പരപ്പിനെ?

അനന്തൻ:—ഭഗവതി, ഭാഗ്യശാലിയാണ്, ഞാൻ: സർവാധാരഭൂതയായ ഭൂദേവി ഇപ്രകാരം ബഹുമാനിയ്ക്കുന്നുണ്ടല്ലോ! പിടിച്ചുകൊൾക: ഇതാ, സമീപത്തുതന്നെയാണ്, ഭഗവാൻ പാർവതീവല്ലഭൻ പുരന്ദരാദി ദേവഗണെറത്താൽ ഉപാസ്യമാനനായി സ്ഥിതിചെയ്യുന്നു. വരിക; നമുക്ക് അടുത്തു ചെല്ലാം.

(രണ്ടുപേരും അടുത്തുചെല്ലുന്നു.)

ഭൂമി:—ഭഗവാനേ, സർവലോകങ്ങളേയും സൃഷ്ടിച്ചു രക്ഷിച്ചു സംഹരിയ്ക്കുന്ന പരമേശ്വര, നിന്തിരുവടിയ്ക്കു നമസ്കാരം!

ശിവൻ:—(സംഭ്രമത്തോടെ) ഏയ്, ഇതെന്താണ്?

പൊങ്ങുന്ന വീർപ്പുകളിൽ വേണിയുലഞ്ഞു, കണ്ണീർ
തിങ്ങും മുഖത്തൊടു,മിടന്ന നടത്തമോടും,
അംഗം വഹിച്ചൊരഴൽ പോലുപയാതയാം നീ
ഞങ്ങൾക്കു മേദിനി, മനക്കുമമേകിടുന്നു! 31

അതിനാൽ പറയുക ഇതെന്താണ്? ഭഗവതി, വസുന്ധരേ, സർവജഗൽപൂജനീയേ, ഇതൊരു വമ്പിച്ച അത്യാഹിതം തന്നെ.

അപൂർവമായുള്ളൊരു മേഘമാല-
യാണുർവരേ, ഭൂരിരസാഢ്യയാം നീ.

31. ഉപയാത = സമീപപ്രാപ്ത. ക്ലമം = തളച്ച.

32. അപൂർവം = സാധാരണമല്ലാത്ത. ഉർവര = (വിളവേറിയ) ഭൂമി. മേഘമാലാപക്ഷത്തിൽ രസത്തിന്നു വെള്ളമെന്നത്ഥം. മുകൾപ്പാ

Digitized By Kerala Sahitya Akademi

താഴത്തുമേവും തവ ഹവ്യകവ്യ-
വഷാൽ മുകാംപ്പാരുകളും കളിർപ്പു! 32

ഭൂമി:—(സവിനയം) ഭഗവൻ, എന്താണീ ആത്മപ്രശംസ? ഇവി ടത്തെ ഒരംഗംതന്നെയല്ലേ, ഞാൻ?

ശിവൻ:—(അനന്തനെ നോക്കിയിട്ട്)

പൃഥ്വീപ്രകംപാൽത്തൊലിസ്സന്നൊന്ത
പത്തിസ്സനേകം വ്രണമാന്ന താങ്കൾ
കൊത്താതെ താനെങ്ങളെയുണ്ട നെഞ്ചിൽ-
ക്കൊത്തുന്ന കാകോളധരേശിതാവേ! 33

അനന്തൻ:—(വാശിയോടേ) ഇവിടത്തെ ആജ്ഞയ്ക്കധീനനാണ്, ഞാൻ: പോരാത്തവനല്ല:

ഉരത്തിളകമൂത്തുകാററിയലുമായിരം പത്തിയാൽ-
പ്പുരത്തിവിടകില്ലയോ വിയതി കത്തിയാളും വിഷം?
പുരാസുരനതിൽദ്ദഹിച്ചറുതിയേല്ലുവേ, ശക്തമാ-
യ്‌വരില്ലൊരുപശാന്തിചേപ്പതിന്നു, മന്ത്രമോ,തന്ത്രമോ! 34

നാരദൻ:—(ഹർഷാശ്ചര്യങ്ങളോടേ) നല്ലത്, നല്ലത്: ഭൂഭാരം വഹിക്കുന്നതിൽ മാത്രമല്ല, പോർഭാരം വഹിക്കുന്നതിലും മുമ്പൻതന്നെയാണ്, നാഗപ്പെരുമാൾ. (തണുപ്പു നടിച്ചിട്ട്) എന്താണ്, ഇങ്ങിനെയുള്ള ദുഃഖച്ചൂടിന്നിടയിലും, ദു

രുകളും = ഊർദ്ധ്വലോകങ്ങൾപോലും. ഹവ്യം = ദേവലോകത്തിന്നുള്ളത്; കവ്യം. പിതൃലോകത്തിന്നും.

33. പൃഥ്വീപ്രകംപാൽ = ഭൂമിയുടെ വമ്പിച്ച ഇളക്കംമൂലം. കാകോ......താവേ = സപ്പരാജാവേ. താങ്കളെക്കണ്ടിട്ടു ഞങ്ങൾ സപ്പദഷ്ടരെന്നപോലെ വേദനകൊള്ളുന്നു.

34. ഊത്തുകാററ് = ഊത്തുപോലത്തെ വായു. ഇവിടത്തെ ആജ്ഞ കിട്ടായ്കയാലാണ്, ഞാൻ വിഷാഗ്നിയെ വ്യാപിപ്പിച്ച് ത്രിപുരാസുരനെ ദഹിപ്പിക്കാത്തത്. വിയതി = ആകാശത്ത്.



Digitized By Kerala Sahitya Akademi

സ്സുഹമായ തണുപ്പു തോന്നുന്നതു്? (മുമ്പിൽ നോക്കിയിട്ടു്) എയ്, ഇതാ, പർവതപ്പെരുമാറാം വന്നിരിയ്ക്കുന്നു. (ഹർഷത്തോടേ) വരൂ, വരൂ, ശൈലരാജാവേ; ശിവശ്വശുര, ത്രിപുരോപദ്രവംമൂലം സന്തപിയ്ക്കുന്ന സുരവൃന്ദത്തെ തണുപ്പിയ്ക്കുക.

ഹിമവാൻ:— (പ്രവേശിച്ചു്, പശ്ചാത്താപത്തോടേ കൈ കൂടഞ്ഞു്) ഹേ മുനിശ്രേഷ്ഠ,

ആരെന്തു ചെയ്യുമിഹ: തീര മുടന്തരല്ലോ,
സ്വാരാജവജ്രഹതിയാൽച്ചിറകററ ഞങ്ങളാം!
സ്വൈരം പറക്കിലതുലാത്മഭരേണ, വാനിൽ–
പ്പാറുന്ന ദൈത്യഘടയെപ്പൊടിയാക്കുകില്ലേ? 35

എന്നാൽ, അചരനെങ്കിലും കാമരൂപനായ ഞാനിപ്പോൾ ശിവന്റെ അപേക്ഷ നിറവേററാം.

നാരദൻ:— (സവിനയം) ദുർദ്ദശനായ ത്രിനയന, ആരെയാണിനി കാത്തിരിയ്ക്കുന്നതു്? ദേവയാനം ത്രിപുരരാൽ രോധിയ്ക്കപ്പെട്ടതിനാലാണു്, സൂര്യചന്ദ്രന്മാർ ഇവിടെ വന്നുചേരാഞ്ഞതു്.

നന്ദി:— (ചുററും നോക്കി, സംഭ്രമത്തോടേ) ആയ്, ഇതെന്താണു്?

പേർത്തും ഗമിച്ചു നിശ; കാർമുകിൽമൂടലില്ലാ;
വാർദ്ധക്യമേല്പൂ രവി, യൌവനവേളയിൽത്താൻ;
ഓർത്തോളമദ്ഭുത,മകാലികമാമിരുട്ടിൻ–
ചാർത്തൊന്നിതാ ബത, മുളച്ചുയരുന്നു ചുററും! 36

(എല്ലാവരും * ചമൽക്കാരത്തോടേ നോക്കുന്നു)

(അണിയറയിൽ)

35. ആരെന്തുചെയ്യുമിഹ—ഞങ്ങളിൽ ആരും ഇക്കാര്യത്തിൽ ഒന്നും ചെയ്യുകവയ്യ. മുടന്തർ = ഗമനാശക്തർ. സ്വൈരം—യഥേഷ്ടം. പറക്കിൽ—പറക്കാൻ കഴിവുണ്ടായിരുന്നുവെങ്കിൽ. അതുലാത്മഭരേണ—നിസ്തുല്യമായ ഞങ്ങളുടെ കനംകൊണ്ടു്. പാറുന്ന—സഞ്ചരിയ്ക്കുന്ന. ഘട = സമൂഹം.

* ചമൽക്കാരം = ചമൽ എന്ന ശബ്ദം.

Digitized By Kerala Sahitya Akademi

മൂദ്ധാവറാഞ്ഞു വെളിവാക്കിവരുന്നിതാരോ
ദൈത്യാവമദ്ദിഹരിചക്രബലാപകഷം,
ചീത്തുള്ള രോഷമൊടു ഭീഷണദംഷ്ട്ര കാട്ടി
നേത്താ വിധുന്തുദനിതാ, രവിയെ ഗ്രസിപ്പു. 37

അതിനാൽ രക്ഷിയ്ക്കുക, ശൌയ്യമേറിയ വല്ല വാനവനും ഇവിടെയുണ്ടെങ്കിൽ!

ശിവൻ:— (വാശിയോടെ) നന്ദിൻ, കൊണ്ടുവാ, എന്റെ വില്ലു്: ചിക്കെന്നു നീങ്ങട്ടേ, അക്കലോകത്തിന്റെ ദുഃഖം!

നന്ദി:— എയ്യ്, എന്തുകൊടുവാശിയാണിതു്, ദേഹമില്ലാത്ത രാഹുഗ്രഹത്തെ പിടിയ്ക്കാൻ? ത്രിപുരദഹനംതന്നേ തുടങ്ങുക, അവനാണല്ലോ, ദേവയാന-പിതൃയാനങ്ങളെ തടുത്തു, ധമ്മമാർഗ്ഗത്തെ മുച്ചൂടും മുടിയ്ക്കുന്നതു്,

(അണിയറയിൽ, ക്രോധത്തോടെ)

ആ, ആരാണീ ധമ്മധ്വംസകൻ?

ധമ്മം സദൈവ ബലശാലി ജയൈകമൂലം;
ധമ്മം ദൃഢസ്മരണശീലനു രക്ഷിതാവാം;
അജ്ജംഭകൈടഭഗജാന്ധകതാരകാദി-
ധമ്മപ്രമാഥികളിലാക്കൊരു നന്മ കിട്ടി? 38

നാരദൻ:—(ഹഷത്തോടെ) എയ്യ്, എന്റെ ജ്യേഷ്ഠനായ ബ്രഹ്മപുത്രൻ ധമ്മൻ വന്നെത്തിക്കഴിഞ്ഞു.

ധമ്മൻ: —(പ്രവേശിച്ചു്) ഭഗവാനേ, സമസ്തജഗദാധാരമേ, ഇതാ, ധമ്മൻ നിന്തിരുവടിയെ നമസ്കരിയ്ക്കുന്നു!

ശിവൻ:—ധമ്മ, എന്താണിങ്ങിനെ പറയുന്നതു്? നമുക്കും ആധാരമാണല്ലോ, വൃഷരൂപിയായ ഭവാൻ. ഇവിടെ ഇരിയ്ക്കു.

37. സുദശനമേററിട്ടു രാഹുവിന്റെ തലയററില്ലല്ലോ; അതു ചക്രത്തിന്റെ ബലക്കുറവാണെന്നു്. നേർത്തു് = നേരിട്ടു്. വിധുന്തുദൻ = രാഹു.

38. ദൃഢസ്മരണശീലൻ = ദൃഢമാംവണ്ണം ധ്യാനിച്ചുപോരുന്നവൻ.

Digitized By Kerala Sahitya Akademi

ധർമ്മൻ:—മഹേശ്വര, ലോകം ത്രിപുരോപരുദ്ധമായിരിക്കെ ഇവിടെത്തന്നെ, എനിക്കിരിപ്പ്.

നാരദൻ:—(പെട്ടെന്ന് അടുത്തു ചെന്നു, സവിനയം) ഭഗവൻ, ധർമ്മ, ഇതാ, അനുജൻ നാരദൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു. (നമസ്കരിക്കുന്നു.)

ധർമ്മൻ:—(ഹർഷത്തോടെ) ഉണ്ണി, കലഹപ്രിയ,

സുരർ നമ്മുടെ പങ്കിൽ നിന്നു ദർപ്പോ-
ദ്ധതരാം ദൈത്യരെ നിഗ്രഹിക്കുയാലേ
കൊട്ടതാം കലഹം ചമയ്ക്കുവൻ ഞാൻ,
തവ മോദത്തിനു,മെൻെറയുന്നതിക്കും. 39

നാരദൻ;—(സഹർഷം) ഭഗവാനെ, ഇവിടുന്നു പങ്കിൽ നിന്നാൽ, ദേവന്മാർക്കു വിഷ്ണുഭഗവാനാവും, സേനാപതി; പിന്നെയുണ്ടോ, വിജയസംശയം? 'ധർമ്മമെങ്ങ,വിടെ കൃഷ്ണൻ; കൃഷ്ണനെങ്ങവിടെജ്ജയം!'

സ്കന്ദൻ:—(അരിശത്തോടെ ആത്മഗതം) എന്ത്, സേനാപതിയായ എന്നെത്തള്ളി വിഷ്ണുവാകുമോ, ദേവന്മാർക്കു സേനാപതി! (വാശിയോടെ പ്രകാശം) ഹേ, നാരദ,

ആണത്തം മുഴവൻ വെടിഞ്ഞൊ,രു വെറും—
പെണ്ണായി മാറില്ല ഞാൻ;
താണവ്വണ്ണമിരന്നിരന്നു ചെറുതാ–
കാനും തുടങ്ങാ മുനേ;
മീനും പന്നിയുമാമയും പലതുമായ് —
ത്തീരേണമെന്നില്ല മേ;
സേനേശൻ പുരുഷോത്തമൻ സുരതതി-
യ്ക്കെൻമട്ടുകാർ പററിടാ! 40

40. മോഹിനി, വാമനൻ, മത്സ്യകൂർമ്മവരാഹങ്ങൾ മുതലായ അവതാരങ്ങളെ ആസ്പദമാക്കി, 'പുരുഷോത്തമ'നെ (=വിഷ്ണുവിനെ)പരിഹസിക്കുന്നു.

Digitized By Kerala Sahitya Akademi

നാരദൻ:— (സഹർഷം) ദേവഗണത്തിൻെറ മഹാഭാഗ്യം: ഇതാ, ഗിരീശപുത്രൻ അരിശംകൊണ്ടു! (പെട്ടെന്ന് അടുത്തുചെന്നു സ്കന്ദനെ മൂർദ്ധാവിൽ മുകൎന്നിട്ട്)

അബാലവീര്യനിശ്ശൂലി—
ബാലൻ നേടട്ടെ തുഷ്ടിയെ;
ഇദ്ദേഹത്തിൻ പ്രസാദത്താൽ
വൃദ്ധരാകട്ടെ നിർജ്ജരർ! 41

ശിവൻ:— കാൎത്തികേയ, നീ കഥയില്ലാതെ പുലമ്പുന്നതെന്താണ്? എൻെറ സ്നേഹിതൻ നാരായണൻ നിനക്കപ്പഫനാണ്.

സ്കന്ദൻ:— (സവിനയം) അപ്ഫനാണെങ്കിൽ, ഞാനിരിക്കെ, അച്ഛനോ അപ്ഫനോ പിതാമഹനോ എന്തിനു യുദ്ധക്ലേശമനുഭവിക്കുന്നു?

ശിവൻ:— (പുഞ്ചിരിയിട്ട്) നാരദ, ചെന്നു പിതാമഹനെയും വിഷ്ണുവിനേയും കൊണ്ടുവരിക: ഇവർ വരം കൊടുത്തതിനാൽ ഗർവിഷ്ഠരായ മുപ്പുരാസുരരെ ഒരിക്കലും വെച്ചേച്ചു കൂടാ; ഇവരുടെ അനുമതിയോടുകൂടിത്തന്നെയാവാം, ഞാൻ അവരെ ചുട്ടെരിക്കുക.

നാരദൻ:— അരുളപ്പാടുപോലെ. (പോയി)

ശിവൻ:— ഇന്ദ്രാദിദേവന്മാരേ, നിങ്ങളെല്ലാവരും അവരവരുടെ ദിങ്മുഖങ്ങളിൽ ഒരുങ്ങിനില്ലിൻ. ഇതാ, നടന്നു കഴിഞ്ഞു ത്രിപുരദഹനം. അസുരന്മാരുടെ ദുഷ്പ്രേക്ഷ്യമായ മറിമായപ്പണിമാത്രം സൂക്ഷിച്ചുകൊള്ളണം.

ഇന്ദ്രാദികൾ:— (സവിനയം) അരുളപ്പാടുപോലെ.

(എല്ലാവരും പോയി)

ഒന്നാമങ്കം

41. അബാലവീര്യൻ = ബാലൻെറ തല്ലാത്ത (മുതിൎന്ന) ശൌര്യമുള്ളവൻ. ശൂലിബാലൻ = ശൂലിയുടെ (= ശിവൻെറ) ബാലൻ—മകൻ. വൃദ്ധർ = അഭിവൃദ്ധിപ്പെട്ടവർ; കിഴവരെന്നും.

Digitized By Kerala Sahitya Akademi

# രണ്ടാമങ്കം

(അളീകൻ പ്രവേശിക്കുന്നു.)

അളീകൻ:— (മുന്നോട്ടു നോക്കി) എയ്, എൻെറ അരുമച്ചങ്ങാതി വിപരീതൻ ഇതാ, പോകുന്നു. അദ്ഭുതമദ്ഭുതം! ഇയ്യാം കരുടനാണെങ്കിൽ ഇത്ര വേഗം നടക്കുന്നതെങ്ങിനെ? കരുടനല്ലെങ്കിൽ, എന്നെ കാണാത്തതെന്താണ്? ആകട്ടെ. വിളിക്കാം. വിപരീത, താൻ എവിടെപ്പോകുന്നു?

വിപരീതൻ:— (പ്രവേശിച്ചു, പെട്ടെന്നു നോക്കി സഹർഷം) അരുമച്ചങ്ങാതി, അളീക, താൻ വിളിച്ചതു, ഭാഗ്യം: ഇല്ലെങ്കിൽ, തന്നെ കാണാതെ പോയി, തന്നെത്തിരഞ്ഞു കഷ്ടപ്പെട്ടമായിരുന്നു!

അളീകൻ:— താൻ എന്നെ കാണാഞ്ഞതെന്തേ?

വിപരീതൻ:— ചങ്ങാതി, മനസ്സു കനത്ത രാജ്യകാര്യം ചുമക്കുന്നതിൽ പതികയാലാണ്,ഞാൻ തന്നെ കാണാഞ്ഞത്.

അളീകൻ:— (ശങ്കയോടേ) എന്താണ്, രാജ്യകാര്യം?

വിപരീതൻ:— ത്രിപുരസ്വാമിയാൽ [illegible] യോഗംചേൎന്നാലോചിച്ചു, നാരദനെ വിഷ്ണുവിൻെറയും ബ്രഹ്മാവിൻെറയും അടുക്കലെയ്ക്കയച്ചിരിക്കുന്നു. എന്നു ചാരന്മാർ അസുരത്തമ്പുരാനെ അറിയിച്ചിരിക്കുന്നു.

അളീകൻ:— (അവജ്ഞയോടേ) ദിഗ്ഗജങ്ങളെ ഉപദ്രവിപ്പാൻ മുയലുകളുടെ യോഗം ചേരലാണ്, ത്രിപുരസ്വാമിയെപ്പൊരുക്കാൻ ദേവകളുടെ യോഗം ചേരൽ!

വിപരീതൻ:—(ശ്രുണ്ഠിയെടുത്ത്) എടോ അളീക, ചെറുപ്പംമുതല്ക്കേ അരമനയിൽ വളൎന്നു പല പല രാജ്യതന്ത്രങ്ങളും പഠിച്ചവനായ താൻ ഇങ്ങിനെ അഭിപ്രായപ്പെടുന്നതെന്താണ്? പരമാണുപ്രായനായ ശത്രുവിങ്കൽപ്പോലും കരുതലോടെ ഇരിക്കേണ്ടയോ?

അളീകൻ:—എന്നാൽ പറയു, എന്താണ് ത്രിപുരസ്വാമിയുടെ അരുളപ്പാട്?

(വിപരീതൻ ചെവിയിൽ പറയുന്നു.)

Digitized By Kerala Sahitya Akademi

അളീകൻ:—(സഹർഷം) കൊള്ളാം, കൊള്ളാം നല്ല ആലോചനയാണിത്!

വിപരീതൻ:—(ഗർവോടെ) ചങ്ങാതി, ഇക്കാര്യത്തിൽ താനും ഞാനും പറയണം, 'അസുരന്മാർക്കു ജയം വിപരീതം, അമരർക്കു ക്ഷയം അളീകം' എന്ന്. ചെല്ല, താൻ ബ്രഹ്മാവിനെ തെററിദ്ധരിപ്പിയ്ക്കു; നാരദൻ വിഷ്ണുവിൻെറ അടുക്കലാണ്. ഞാനും ശിവനെ തെററിദ്ധരിപ്പിച്ചിട്ടു, പുരന്ദരാദിദേവന്മാരെ തെററിദ്ധരിപ്പിച്ചുകൊള്ളാം.

(രണ്ടുപേരും പോയി)

വിഷ്കംഭം

(പിന്നെ, വിഷ്ണുവും നാരദനും പ്രവേശിയ്ക്കുന്നു.)

വിഷ്ണു:—(ശങ്കയോടെ) എന്താണിപ്പോഴം, നാരദൻ, ശാരദമേഘം പോലെ രസമില്ലായ്മയും വിവർണ്ണതയും പൂണ്ടിരിയ്ക്കുന്നത? ഈ തോളിൽത്തൂങ്ങിക്കിടക്കുന്ന വീണപോലും ഒരു ഭാഗമായിത്തീൎന്നിരിയ്ക്കുന്നു!

നാരദൻ:—(ഖേദത്തോടെ നെടുവീർപ്പിട്ട്) അയ്യയോ വൈകുണ്ഠ,

ഗീർവാണർതൻ കരുണമായ കരച്ചിലാകും
നാദം ചുരത്തുമഥ മൂർച്ഛന നേർക്കു ചൊല്ലും;
എൻദുഃഖവീണയിതു മീട്ടുകിലിംപമേകി-
ല്ലങ്ങയ്ക്കതെന്ന,മധുരസൂദന, മൌനമാണേൻ! 1

വിഷ്ണു:—(സംഭ്രമത്തോടെ) അത്യാഹിതമത്യാഹിതം! നാരദ, സർവലോകങ്ങളിലെയും വൃത്താന്തം താങ്കൾക്കറിയാമ

1. എൻെറ ദുഃഖവീണമീട്ടിയാൽ, ദേവകളുടെ രോദനവും, മൂർച്ചാന(=മോഹാലസ്യം)വുമാണ്, നാദവുംമൂർച്ഛന(=ആരോഹവരോഹക്രമം)വുമായി പുറപ്പെടുക. ഇത് അങ്ങയെ സുഖപ്പെടുത്തില്ല എന്നു കരുതിയിട്ടത്രേ, ഞാൻ മിണ്ടാതെ നില്ക്കുന്നത്! ചുരത്തും = പുറപ്പെടുവിയ്ക്കും. നേർക്കു ചൊല്ലും—വെളിപ്പെടുത്തും.

Digitized By Kerala Sahitya Akademi

ല്ലോ; പറയുക ആക്കാണിങ്ങിനെ, സുചിരാസ്തമയത്തിന്നായി ക്ഷണികാഭ്യുദയം?

നാരദൻ:—ഹാ, ദാനവക്കു നല്ലകാലം: അതുകൊണ്ടാണല്ലോ വിശ്വവ്യാപിയായ നിന്തിരുവടി മറ്റൊരുത്തനോടു ചോദിക്കുന്നതു്: ആകട്ടെ, ഞാൻ ഉണർത്തിക്കതന്നെചെയ്യാം:

ത്രിപുരേശപരാഭവാഗ്നിയാൽച്ചു-
ട്ടെരിയുന്നിബ്ഭുവനത്രയത്തിനെല്ലാം,
ക്ഷണനേരവുമില്ല ശാന്തിയെന്നായ്,
ത്രിജഗന്നായകനാം ഭവാന്റെ മുന്നിൽ! 2

അത്രതന്നെയല്ല—

വാനത്തില്ല പർമാതക്കിടമൊരുനിമിഷം
പോലുമേ ലീലയാടാൻ;
ധ്യാനാൽത്താൻ പോരിനാൽത്താനുടലു വെടിയുവോർ
ചെല്വതില്ലംശുമാങ്കൽ;
മാനാഢ്യത്രൈപുരോഗ്രപ്പടയിഹ സുരയാ-
നത്തെ രോധിക്കയാലു,-
ന്നൂനാഗ്നിഷ്ടോമകർത്താവിനുമൊരു കഴിവി-
ല്ലി,ന്ദ്രലോകത്തു പോകാൻ! 3

വിഷ്ണു:—നാരദ, അങ്ങും ഇങ്ങിനെ പറയുന്നുവല്ലോ; അങ്ങു കാണുന്നില്ലേ? ഉഗ്രതപസ്സുകൾകൊണ്ടു് ഉഗ്രനെ പ്രസാദിപ്പിച്ചിട്ടു. ദാനവർ ഉഗ്രരായിത്തീരുന്നു; ഇതിൽ എന്തു ചെയ്യും, അസ്വതന്ത്രനായ ഞാൻ?

3. ധ്യാനാൽത്താൻ പോരിനാൽത്താൻ (= യോഗംകൊണ്ടോ, യുദ്ധംകൊണ്ടോ) ദേഹം ത്യജിപ്പവർ സൂര്യബിംബത്തെ പിളർത്തി ഊർദ്ധ്വലോകം പൂകും. മാനം = ഗർവ്വ്, സുരയാനം = ദേവകളുടെ സഞ്ചാരമാർഗ്ഗം. അഗ്നിഷ്ടോമം—ഒരുതരംയാഗം.

Digitized By Kerala Sahitya Akademi

ഗദായുധം ദൈത്യവിദാരണം സദാ;
സുദർശനം മാമകമുഗ്രദർശനം.
അമന്ദ,മീ നന്ദകവും ചെറുക്കലിൽ;—
ശ്ശിവാജ്ഞയേ നോക്കിയിരിയ്ക്കയാണു ഞാൻ. 4

നാരദൻ:—(ഉപഹാസത്തോടെ) അംഹോ, അസുരന്മാരുടെ സുകൃതപ്രഭാവം; അവർ സർവജ്ഞരെപ്പോലും അനഭിജ്ഞരാക്കിക്കളഞ്ഞുവല്ലോ! ശിവന്റെ അഭിപ്രായത്തിൽ, ജനാർദ്ദനനാണ്, ത്രിപുരാസുരന്മാൎക്ക വരം കൊടുത്തത്; ഇവിടുന്നു മഹേശഭാവം ശങ്കിച്ച് ആ ശത്രുക്കളോടെതിൎക്കുന്നില്ല. ഭൎഗ്ഗഭഗവാൻ എന്നോടു് ഇങ്ങിനെ അരുളിച്ചെയ്തിരിയ്ക്കുന്നു:—'എന്റെ രണ്ടാമത്തെ * ആത്മാവാണ്, പകുതിദ്ദേഹം കൈക്കലാക്കിയ പദ്മനാഭൻ; അദ്ദേഹം വരം കൊടുത്ത അസുരനെ ഹിംസിച്ചാൽ എന്നോടു് അദ്ദേഹം കോപിച്ചേയ്ക്കും. അതിനാൽ, ഭവാൻ ചെന്നു കാണുക.'

വിഷ്ണു:—(സവിനയം) നാരദ,

ലാളിച്ചുകൊള്ളട്ടെ രസേന മാം, സ്വയം
മെയ്പ്പാതിയിൽച്ചേൎത്തു വരങ്ങൾ നല്കയാൽ;
സംഗ്രാമസേവാവസരങ്ങളിൽശ്ശിവ
ന്നെന്മീതെയാകില്ല, ശിലാദനന്ദനൻ! 5

നന്ദി:—അയ്യോ, ദേവകളുടെ ദൌർഭാഗ്യാതിരേകം; ദേവകൾ തമ്മിൽ ഇങ്ങിനെ ഒരു കലഹവല്ലി തളിൎത്തുപോയല്ലോ! (ചുററും നോക്കിയിട്ടു്) എയ്, ഞാൻ വിഷ്ണുലോകത്തെ

4. ഉഗ്രദർശനം = കണ്ടാൽത്തന്നെ പേടി തോന്നിയ്ക്കുന്നതു്. അമന്ദം = മന്ദമല്ലാത്തതു്, ശൌര്യമുള്ളതു്.

*ശങ്കരനാരായണമൂർത്തിയെ സ്മരിയ്ക്കുക.

5. സ്വയം അൎദ്ധശരീരമാക്കി വരം തന്നിട്ടുള്ളതിനാൽ ശിവൻ എന്നെ രസേന(വാത്സല്യത്തോടെ) ഓമനിച്ചിരുത്തിക്കൊള്ളട്ടെ; എന്നാൽ, യുദ്ധാവസരങ്ങളിൽ ശിവനെ ഞാൻ നന്ദികേശനൊപ്പം യത്നിച്ചു സേവിയ്ക്കും.



Digitized By Kerala Sahitya Akademi

ത്തിക്കഴിഞ്ഞു. എവിടെയായിരിയ്ക്കാം വിഷ്ണു? (മു മ്പിൽ നോക്കിയിട്ട്) ഇതാ, നാരായണൻ നാരദനോടൊന്നിച്ചു സൈ്വരസംഭാഷണം ചെയ്യുന്നു. (ആശ്ചര്യത്തോടെ) ആ, ഇതെന്താണ്; ഇദ്ദേഹമല്ലേ, കരഞ്ഞുവീർത്ത കണ്ണുമായി, കൈടഭാരിയുടെ കട്ടഭാഷിതം ധൂർജ്ജടിയെ ധരിപ്പിച്ചു, നട്ടക്കത്തോടെ നടകൊണ്ടത്; പിന്നെ, ഇവിടെ * വിഷ്ണുസമീപത്തു കാണപ്പെടുന്നതെങ്ങിനെ? അഥവാ, എളുപ്പത്തിലറിയാവുന്നതല്ലല്ലോ, നാരദൻെറ ഗതി. ആകട്ടെ, അടുത്തു ചെല്ലാം (അടുത്തു ചെന്നിട്ട്) ഹേ പുരുഷോത്തമ, ശർവനെ അവ്വണ്ണം പരിഹരിച്ചിട്ട്, ഇങ്ങിനെ ഇരിയ്ക്കുന്നതെന്താണ്?

ആരക്ഷിപദ്മപരിപൂജിതനായ് ഭവാനാ-
ലാ,രങ്ങയെ ത്രിഭുവനാധിപനാക്കി വിഷ്ണോ,
ഗൌരിയ്ക്കു പോലെയുടൽ പാതി ഭവാനു തന്ന-
താര,ഗ്ഗിരീശനെ ഹസിയ്ക്കുകതന്നെ വേണം ! 6

നാരദൻ:— (ക്രോധത്തോടെ) ഛീ, നണയ. വെറുതേ ഇങ്ങനെ കൊള്ളരുതാത്തതു പറകയോ?

നന്ദി:—(ക്രോധത്തോടെ) നാരദ, ഭവാൻ കലഹപ്രിയൻതന്നെ; എന്നാൽ, ശങ്കരനാരായണന്മാരെ ഇങ്ങിനെ കലഹിപ്പിയ്ക്കേണ്ട. അങ്ങുതന്നെയല്ലേ, ഗംഗാധരനോട്ട പറഞ്ഞത്:— 'വിഷ്ണു എന്നോട് ഇങ്ങിനെ അധിക്ഷേപിച്ചു പറഞ്ഞു കളഞ്ഞു, ആസ്ഥാണുവിൻെറ ആജ്ഞാകരനാണോ ഞാൻ? ദാനവരെ ഞാൻ യഥേഷ്ടം ഉയൎത്തുകയോ താഴ്ത്തുകയോ ചെയ്തുകൊള്ളാം.

നാരദൻ:—(ആശ്ചര്യസംഭ്രമങ്ങളോടെ) എന്ത്, ഞാനെപ്പോളാണ്, മടങ്ങി മഹേശ്വരൻെറ അടുക്കൽച്ചെന്നത്?

വിഷ്ണു:—(ധ്യാനം നടിച്ചു, പുഞ്ചിരിക്കൊണ്ട്) ഹേ ശിലാദ

* മുഖത്തിൽ പൊടിവ്.

6. നാൾതോറും ആയിരം താമരപ്പൂവുകൊണ്ട് ശിവനെ പൂജിച്ചു പോന്ന വിഷ്ണു ഒരുനാൾ ഒരു പൂവു കുറഞ്ഞതിനാൽ, പകരം തൻെറ ഒരു കണ്ണു ചൂന്നെടുത്ത് പുഷ്പാഞ്ജലി ചെയ്തു പോൽ!

Digitized By Kerala Sahitya Akademi

നന്ദന, ഹേ നാരദ, നില്ക്കട്ടെ, വാഗ്വാദം. ഏതോ ഒരു മായാവിദ്വാനവൻ നാരദൻെറ വേഷം കെട്ടി, ശിവനെ വഞ്ചിച്ചിരിയ്ക്കാം. അതിനാൽ, വല്ല അത്യാപത്തും വന്നുകൂടുംമുമ്പെ, നന്ദികേശൻ ചന്ദ്രചൂഡഭഗവാൻെറ അടുക്കൽ വേഗേന ചെന്നെത്തട്ടെ; ഞാനും വിരിഞ്ചഭഗവാനെ കൂട്ടി വരുകഴിഞ്ഞു.

നന്ദി:—(സലജ്ജം) ഹൃഷീകേശൻെറ കല്പനപോലെ.

(പോയി)

വിഷ്ണു:—നാരദ, ചെല്ലു: ബ്രഹ്മഭഗവാനെ കൂട്ടിക്കൊണ്ടുവരു.

(പിന്നെ, കപടനാരദനാൽ അനുഗമിയ്ക്കപ്പെട്ട ബ്രഹ്മാവ് പ്രവേശിയ്ക്കുന്നു)

ബ്രഹ്മാവ്:—(സക്രോധം) ഉണ്ണീ, നാരദ, എൻെറ മകൻ ആ നാരദൻതന്നെയല്ലെ നീ: വിഷ്ണുവിൻെറ ഇത്തരം മുഷ്ക്കു നീ സഹിച്ചുവല്ലോ?

കപടനാരദൻ:—(ശങ്കയോടെ ആത്മഗതം) എന്നെ അറിഞ്ഞുകളഞ്ഞുവോ? ഇല്ല, കോപംകൊണ്ടാണ്, ഇയ്യാറ ഇങ്ങിനെ പറയുന്നത്. എന്നാലും ഇങ്ങിനെ പറയാം. (പ്രകാശം) അച്ഛ, ഭഗവാൻ ഭൃഗ്വങ്കലും ഗോവിന്ദങ്കലും, അങ്ങയിങ്കലെന്നപോലെ വണങ്ങിനില്ക്കുന്നവനാണ് ഞാൻ.

ബ്രഹ്മാവ്:—ശരി, ശരി. (എല്ലാടത്തും നോക്കിയിട്ട്) എയ്, ഞാൻ വിഷ്ണുലോകത്തെത്തിക്കഴിഞ്ഞു. ഇനി, ഏതു വിധം ചെയ്യണം? (ആത്മഗതം) വിഷ്ണുവിനോടു യുദ്ധം സുകരമല്ല: അയാളെ * ശാപോദകംകൊണ്ടുതന്നേ അടക്കിക്കളകയാണ് നല്ലത്. (പ്രകാശം) നാരദ, യുദ്ധം മുതിർത്തു താമസം വരുത്തിക്കൂടാ; അതിനാൽ ഞാൻ ശാപംകൊണ്ടുതന്നെ കേശവനെ ശവമാക്കിക്കളയാം.

കപടനാരദൻ:—(മിണ്ടാതെ, സഹർഷം ആത്മഗതം) ഭാഗ്യം, എൻെറ കാര്യം നിറവേറു!

ബ്രഹ്മാവ്:—(ക്രോധത്തോടെ ഉറക്കെ)

Digitized By Kerala Sahitya Akademi

പാരിൻനാശത്തിൽ യാതൊന്നിളകിയതിർ കവി-
ച്ചേന്തിനിന്നപ്പൊളേ, തോ
പേരാലിൻകൊമ്പു പററിക്കരകയറി ഭവാൻ,
വേറെയൊന്നസ്സമുദ്രം;
ശൗരേ, വൈരിഞ്ചശാപോദകമയമൊരപൂ-
ർവ്വാബ്ധി ചിക്കെന്നിതാ, വ-
ന്നേറുന്നു, വൻക്രുധൌർവാഗ്നിയെയടിയിൽ വഹി-
ച്ചെ,ള്ളനീർ തേ തരാനായ്! 7

വിഷ്ണു:—(കേട്ടിട്ട് ഭയത്തോടെ) ഉം, എന്താണിത്, എന്താണിത്?

(എഴുന്നേല്ക്കുന്നു.)

നാരദൻ:—(വേഗത്തിൽ അടുത്തുചെന്നു സവിനയം) ആയായി, ഇവിടുന്ന് അരുതാത്തതിന്നൊരുങ്ങിയതെന്താണ്? ഇതാ വിഷ്ണു അങ്ങയെ എതിരേല്ക്കുന്നു.

(കപടനാരദൻ മറയുന്നു.)

ബ്രഹ്മാവ്:—(നാരദനെ കണ്ടിട്ട്) ഇതു നാരദനോ?/ (പാർശ്വത്തിൽ നോക്കി, കപടനാരദനെ കാണാഞ്ഞ് ആശ്ചര്യത്തോടെ, മുഖം താഴ്ത്തി നില്ക്കുന്നു.)

വിഷ്ണു:—(പുഞ്ചിരിയോടെ, സവിനയം) ആര്യ, പിതാമഹ, അങ്ങു ലജ്ജിക്കേണ്ട, ലജ്ജിക്കേണ്ട മുക്കണ്ണൻ തിരുവടിയും അങ്ങുന്നെന്നപോലെ, നാരദവേഷം ധരിച്ച ഏതോ ഒരസുരനാൽ 'വിഷ്ണു ഭവാനെ പരിഹസിക്കുന്നു' എന്നു തുലോം കോപിപ്പിക്കപ്പെട്ടതിനാൽ, എന്നെ അധിക്ഷേപിപ്പാൻ നന്ദികേശനെ ഇങ്ങോട്ടയച്ചിരുന്നു.

(പിന്നെ, പിറകേ നന്ദികേശനുമായി ശിവൻ പ്രവേശിക്കുന്നു.)

ശിവൻ:—(പശ്ചാത്താപത്തോടെ)

നിനയാതേ ചെയ്യലിതൊരു
കൊടിയ കരിംപാമ്പുതന്നെയാണയ്യോ:

Digitized By Kerala Sahitya Akademi

ഇതിന്നുടെ കടിയേററ മന-
സ്സനിശം വേവും, സശല്യമെന്നവിധം! 8

എടോ നന്ദി, പറയുക, പറയുക: നീ കേറംപ്പിച്ച ദുർഭാഷണത്താൽ കോപംപൂണ്ട വിഷ്ണു എന്തിനെയായിത്തീന്നു? എന്തു പറഞ്ഞു?

നന്ദി:— (സവിനയം) ഈരേഴുലകത്തിന്നും ഈശനായുള്ളോവേ, സർവജ്ഞൻ ഇങ്ങനെ പശ്ചാത്തപിക്കുകയോ? ദുഷ്ടദൈത്യന്മാരുടെ കെട്ട പണിത്തരമാണെന്നുറച്ച പുഞ്ചിരിക്കൊണ്ടിട്ട നിന്തിരുവടിയെ മുൻക്കൂട്ടിയുണർത്തിപ്പാൻ എന്നെ അയയ്ക്കുകയാണ്, വിഷ്ണു ചെയ്തത്.

ശിവൻ:— (ഔത്സുക്യത്തോടേ) നന്ദി, എപ്പോളാണ്, എന്റെ മനസ്സാകുന്ന മയിൽ കൃഷ്ണമേഘത്തെ കണ്ടു സന്താപം വെടിയുക?

നന്ദി:— (പുഞ്ചിരിയിട്ട്) മനംമറികയാലാണ്, കല്പിച്ചറിയാത്തത്: നാം വിഷ്ണുലോകത്തെത്തിക്കഴിഞ്ഞു. തൃക്കൺ പാക്കുന്നില്ലേ, ബ്രഹ്മാവും വിഷ്ണുവും നാരദനോടുകൂടി തിരുമുമ്പിൽ എതിരേല്ക്കുന്നത്?

ശിവൻ:— (സഹർഷോൽക്കണ്ഠം അടുത്തുചെന്നു, നേരംപോക്കിൽ) മുകുന്ദ, മുകുന്ദ, നമ്മുടെ യുദ്ധം കാണ്മാൻ വിധാതാവും വന്നെത്തിക്കഴിഞ്ഞുവല്ലോ; വരിക, പൊരുതാം. (എന്നു കെട്ടിപ്പുണരുന്നു.)

വിഷ്ണു:— (സവിനയം) ദേവദേവ, * വിനയംകൊണ്ട് ഭവാൻ എന്റെ ഭക്തിയെ മറയ്ക്കുന്നതെന്താണ്? (നമസ്കരിക്കുന്നു.)

ശിവൻ:— ഭഗവൻ, പിതാമഹാ, ഇതാ, ശിവൻ ങ്ങളെയെ അഭിവാദ്യം ചെയ്യുന്നു.

8 നിനയാതെചെയ്യൽ = അവിമൃശ്യകാരിത്വം. സശല്യം = ശല്യത്തോടുകൂടിയത്; ശല്യം തറഞ്ഞാലെന്നപോലെ.

* ഭവാന്റെ വിനയം എന്റെ ഭക്തിയെ വെളിപ്പെടുത്താൻ സമ്മതിക്കുന്നില്ലേ!

Digitized By Kerala Sahitya Akademi

(ബ്രഹ്മാവ് ലജ്ജിച്ചു മിണ്ടാതെ നില്ക്കുന്നു.)

നാരദൻ:— ഭഗവാന്മാർ ഈ ആസനങ്ങളെ അലങ്കരിച്ചാലും.

ശിവൻ:— വിരിഞ്ചഭഗവാൻ മുമ്പേ ഇരിക്കട്ടേ.

ബ്രഹ്മാവ്:—(നെടുവീൎപ്പിട്ടു, സവിനയം) ദേവദേവ, ഒരസുരാധമനാൽ ബന്ധിക്കപ്പെട്ടുപോയ ഞാൻ ഇങ്ങനെയുള്ള ആദരവിനെ അർഹിക്കുന്നില്ല.

ശിവൻ:— പിതാമഹ, നമുക്കിരുവൎക്കും പററിയിരിക്കുന്നു ഈയൊരിളപ്പം. അതിനാൽ ഇരിക്കാം.

(എല്ലാവരും യഥോചിതം ഇരിക്കുന്നു.)

ശിവൻ:— (പുഞ്ചിരിയോടേ) എങ്ങിനെയാണ്, ഭഗവാനെ ഒരസുരാധമൻ വഞ്ചിച്ചത്?

ബ്രഹ്മാവ്:—(ലജ്ജയോടേ) ജഗദീശ, എന്തു പറയേണ്ടു? ഏതൊ ഒരുവൻ നാരദൻെറ വേഷം ധരിച്ച്, ഓലോലെ കണ്ണീരും വാൎത്തു നിലവിളിച്ചുംകൊണ്ടു് എന്നോടു പറഞ്ഞു:—"എന്നെ അച്യുതൻ, 'തൻെറ അച്ഛൻ വരം കൊടുത്തതിനാലുള്ള ഗൎവിനാലാണ്, ത്രിപുരാസുരർ മൂന്നു ലോകത്തേയും ഉപദ്രവിച്ചുപോരുന്നത്; അതിനാൽ അയാളെക്കൂടിത്തന്നേ അവരെ ഞാൻ മുടിച്ചുകളയും' എന്നിങ്ങിനെ അധിക്ഷേപിച്ചുകളഞ്ഞു." ഇതു കേട്ടു കോപിച്ചാണ്, ഞാൻ വിഷ്ണുലോകത്തു വന്നത്. (നെടുവീൎപ്പിട്ടു്) അരുതാത്ത ഒന്നിനു ഞാൻ തുനിഞ്ഞുപോയി; സർവജ്ഞനും ക്ഷമാശീലരിൽ മുമ്പനുമായ ദാമോദരൻ എന്നെ രക്ഷിച്ചു!

ശിവൻ:—(പുഞ്ചിരിയോടെ) എന്നെയും മറെറാരു നാരദൻ വന്നറിയിച്ചു, "ആ ശംഭുവിനെക്കൊണ്ടു് എനിക്കെന്തുള്ളു എന്നു നിന്തിരുവടിയെ പത്മനാഭൻ പരിഹസിക്കുന്നു." എന്ന്. പിന്നീടു, വൈകുണ്ഠൻെറ അടുക്കൽ വന്ന നന്ദി തിരിച്ചെത്തി എന്നെ വാസ്തവം ധരിപ്പിച്ചു; അപ്പോഴാം അരിശം നീങ്ങിയ ഞാൻ ഇങ്ങോട്ടു പോരികയും ചെയ്തു.

വിഷ്ണു:—(നേരംപോക്കിൽ) അംപോ, കലഹപ്രിയൻ കലഹദൎശനത്തിന്നായി വളരെശ്ശരീരങ്ങളെ നിൎമ്മിക്കുന്നു!

നാരദൻ:— (ക്രോധത്തോടെ, ആകാശത്തു ലക്ഷ്യംവെച്ച്) നന്ന്,

Digitized By Kerala Sahitya Akademi

ദാനവരേ, നന്ന്: വീണ്ടും വീണ്ടും കളിയാക്കിക്കൊള്ളുവിൻ, അച്ഛൻ വിരിഞ്ചനെ; നിങ്ങൾക്ക വരങ്ങൾ തന്നരുളും.

ബ്രഹ്മാവ്:—നാരദ, നീ അറിയാതെ ഗ്രന്ഥിയെടുക്കുന്നതെന്താണ്?

ചെയ്തു തപസ്സസുരർ ദുർല്ലഭസിദ്ധിനേടാൻ
ഭാവംതെളിഞ്ഞമരർ വാഞ്ഛിതവും കൊടുപ്പൂ;
നാവാക്ക, വിശ്വവിഹതിയ്ക്കുമതിന്ന പാപി-
ദേവാരികൾക്ക പിണയാ കൊലയെന്നു ചൊൽവാൻ? 9

'ഒരൊറ്റശരമേററിട്ടാവണം, ഞങ്ങൾ മൂവ്വരും കൊലപ്പെടുക' എന്ന വ്യവസ്ഥവെച്ചാണ്, അവർ എന്നോട് വരം വാങ്ങിയിരിയ്ക്കുന്നതും.

നാരദൻ:—ഇതുകൊണ്ടുതന്നെയാണ് അവർ നൂറു യോജന ഇട വിട്ടു സഞ്ചരിയ്ക്കുന്നത്. അതിനാൽ അവർ അവധ്യർ തന്നെയായിക്കഴിഞ്ഞിരിയ്ക്കുന്നു: ഒരു ശരംകൊണ്ടു മൂവ്വരേയും എയ്യാൻ അത്തരം വില്ലെവിടെ? അത്തരം അമ്പെവിടെ? അത്തരം വില്ലാളിയെവിടെ?

വിഷ്ണു:—(ക്രോധത്തോടെ) നാരദ, അങ്ങിനെ പറയേണ്ടാ:

അതിന്നുണ്ടാകില്ലേ, കഠിനം കഠിനം ഘോരമൊരുവി-
ല്ലതിൻവണ്ണം നൂർയോജന നെടിയതായൊരു ശരവും?
മുറയ്ക്കുണ്ടാകില്ലേ പടുചിലയനജ്ഞേയനൊരുവൻ?
സമീപത്തെത്തില്ലേ, വിധിയരിശമാന്നാൽ മരണവും? 10

നാരദൻ:—(സഹർഷം) വിഷ്ണോ, ഭവാൻ ക്രോധിച്ചാൽ വിധി ക്രോധിച്ചു; പരമേശ്വരൻ ക്രോധിച്ചു!

നന്ദി:—(സഹർഷാശ്ചര്യം മേൽബ്ഭാഗത്തു നോക്കിക്കൊണ്ടു) അഹോ, ദുഷ്ടദാനവവിനാശത്തെ സൂചിപ്പിയ്ക്കുന്ന ദുർന്നി

9. വിശ്വവിഹതി = സർവജഗത്സംഹാരം.

10. ചിലയൻ = വില്ലാളി. ചില = വില്ല്.

Digitized By Kerala Sahitya Akademi

മിത്തങ്ങളാം വിഷ്ണുവചനത്തെ ശരിവെയ്ക്കുന്നു! നോക്കുവിൻ, നോക്കുവിൻ:

വാൽമേലും മുൻവശത്തും പൃഥുവികടശിര-
സ്സേന്തിയും, പൌരഭാണ്ഡ-
സ്തോമം പൊട്ടിപ്പൊളിഞ്ഞുള്ളൊലി തടവിയിര-
ട്ടിച്ച നിർഘോഷമാന്നും,
ഭീമോദഗ്രപ്പെരുംതീപ്പൊരി പടരുകയാ-
ലഗ്നിദിശ്ദീപ്തി പൂണ്ടും
വാർമെത്തും കൊള്ളി വീഴ്വൂ, ഗഗനചരപുര-
ത്തിങ്കലെല്ലാസ്ഥലത്തും! 11

നാരദൻ:—(അതിന്നുനേരേ, മുകാംബ്ഭാഗത്തു നോക്കിയിട്ട് ഹഷത്തോടെ) വാസ്തവം, വാസ്തവം:

കാട്ടിത്തരുന്നു പുരിയെ,
വാനത്തീയെരികൊള്ളികാം,
ദുർദ്ദൈത്യാന്വേഷിയാം കാലൻ–
തൻെറ ദീപങ്ങളാം പോലവേ! 12

(അണിയറയിൽ)

അല്ലയോ ഇളകിമറിഞ്ഞ ദാനവരേ, നില്പിൻ, നില്പിൻ: ഇങ്ങിനെ അളീകദുന്നിമിത്തങ്ങളെപ്പേടിച്ചു പതറുകയോ. നിങ്ങാം? പാഞ്ഞുപോകുന്ന പാവകങ്കൽനിന്നു കൊഴിഞ്ഞ കൊട്ടം ജ്വാലകളായിരിയ്ക്കും, ഇവ! ഞാൻ നാരദൻെറ വേഷംകെട്ടി ശിവനെ വഞ്ചിച്ചിട്ട്, ഇന്ദ്രാദി ലോകപാലന്മാരെയും വഞ്ചിച്ചിരിയ്ക്കുന്നു: അവരുടെ മുമ്പിൽ ഞാൻ കരഞ്ഞു പറഞ്ഞു:— '(അയ്യോ) അച്ഛാ, കമലാസനാ, അയ്യോ, മഹേശ്വര, അയ്യോ, നാരായണ, ത്രിപുരാസുരനാൽ നാടുകടത്തപ്പെട്ട നിങ്ങാം എ

11. പൌരഭാണ്ഡസ്തോമം = ഗൃഹോപകരണസമൂഹം. അഗ്നിദിശ്ദീപ്തി = അഗ്നിദിക്കിൻേറതുപോലുള്ള ഉജ്ജ്വലതാം, ഗഗനചരപുരം = ആകാശത്തു സഞ്ചരിയ്ക്കുന്ന(ദാനവ)പുരം.

12. ദുർദ്ദൈത്യാന്വേഷി = ദുഷ്ടദാനവരെ തിരയുന്ന,

Digitized By Kerala Sahitya Akademi

ങ്ങിനെ പാതാളക്കണ്ടിൽ പാക്കേണ്ടു? മഹേന്ദ്രാദിദേവന്മാരേ, നിങ്ങളെല്ലാം അങ്ങോട്ടു പോയ്ക്കൊൾവിൻ, പോയ്ക്കൊൾവിൻ; അവിടെ അന്യോന്യം മുഖത്തുനോക്കി നാൾ കഴിച്ചുകൊൾവിൻ!' ഇതോടുകൂടിത്തന്നെ, മഹേന്ദ്രാദി ദേവന്മാർ ഒന്നമാലോചിയ്ക്കാതെ ചിക്കെന്നു പിന്മാറിക്കഴിഞ്ഞു. അതിനാൽ ഇനി വേഗത്തിൽ തിരുമേനി യഥേഷ്ടം സുരേന്ദ്രരാജധാനിയിൽ എഴുന്നള്ളിക്കൊൾക.

(വീണ്ടും അണിയറയിൽ)

കൊള്ളാം, വിപരീത, കൊള്ളാം; എന്റെ ഭൃത്യക്കു ചൂഡാമണിയാണ്, നീ വിപരീതനെന്നപേർ നീ സഫലമാക്കിക്കഴിഞ്ഞു: അസുരരെ സ്വർഗ്ഗത്തിലും അമരരെ പാതാളത്തിലും കൊണ്ടാക്കിയല്ലോ!

നാരദൻ:—(ഭയാവേഗങ്ങളോടെ) ഭവാന്മാർ കേട്ടില്ലയോ?

നന്ദി:—കേൾക്കാനെന്തുള്ളു?

നാരദൻ:—നോക്കുവിൻ, നോക്കുവിൻ: വിപരീതവചനം കേട്ടതോടൊപ്പംതന്നെ,

ഇമ്പം മുത്തുതിമത്ത തൻപടകളിൽ—
ത്തിങ്ങും കൊടിച്ചാത്തുമായ്,
വമ്പിച്ചുള്ള തുരംഗമച്ചെനകളാൽ
വാനം മുഴങ്ങിച്ചിതാ,
എമ്പാടും ദിശി മത്തഹസ്തിനിരയാ—
ലഭ്രപ്പടർപ്പും ചമ—
ച്ചു,മ്പർസ്വാമിപുരത്തിലേയ്ക്കു കയറി—
പ്പോകുന്നു ദൈത്യേശ്വരൻ! 13

(ഖേദത്തോടെ നെടുവീപ്പിട്ടു്)

13. ചെന.കുതിരയുടെ ശബ്ദം. എമ്പാടും......ചമച്ച് എല്ലാദിക്കിലും മദഗജക്കൂട്ടം, കാർമേഘംപോലെ വ്യാപിച്ചിരിയ്ക്കുന്നു എന്നു സാരം. ഉംപർസ്വാമി-ദേവേന്ദ്രൻ.

76

Digitized By Kerala Sahitya Akademi

ഏശ്ശും ടാംകരമൊന്നെപ്പൊഴുത, ജഗവമാം
    വില്ലുതൻഞാണിനെ?—പ്പോരാം
വീശിച്ചാട്ടാം ശരിഷ്ഷഗ്ഗദ?പെരിയ വിരി—
    ഞ്ചാസ്ത്രമെപ്പോളയയ്ക്കാം?
ഹാ, ശക്രാദ്യാമരന്മാരവിടവിടെ—
    പ്പോകയേ ചെയ്യൂ; മോശം,
മോശം യുഷ്മച്ചിരായുസ്സ്:—സുരർ സുരപുരം
    കൈക്കലാക്കുന്നുവല്ലോ! 14

വിഷ്ണു:—(ഉത്സാഹത്തോടെ) നാരദ, തനിക്കെന്താണിത്ര വല്ലായ്മ? സ്വർഗ്ഗത്തിന്റെ പേർ കേൾക്കുന്നതിൽപോലും ചെകിടന്മാരാണ്, ദാനവന്മാർ!

(ചിന്ത നടിക്കുന്നു)

നന്ദി:—(മേല്പോട്ടുനോക്കി, ആശ്ചര്യത്തോടെ ആത്മഗതം) എയ്, എന്താണിങ്ങിനെ, അകാരണമായി ഒരു കൂരിരുട്ടു പെട്ടെന്ന് പടരുന്നത്? വിഷ്ണു പ്രയോഗിച്ച ഇന്ദ്രജാലവിദ്യയായിരിക്കും, ഇത്: അസുരപ്പടയിലേ ചെല്ലുന്നുള്ളുവല്ലോ. (പ്രകാശം) ആശ്ചര്യമാശ്ചര്യം:

തമ്മിൽത്തട്ടുകയാൽപ്പിണങ്ങിയിളകി—
    ത്തത്തുന്നു ഹസ്തിവ്രജം;
കൊമ്പന്മാരുടെ കണ്ണുകൾക്ക കറിയാ-
    കുന്നൂ സ്വയം വാജികൾ;
പോട്ടേ വിൺപുരി; തൻ ഗൃഹത്തിന്നു തിരി-
    ക്കാനും ശൈരുക്കത്തിലാ—
യാ;—ഹാ, നോക്കുക, നോക്കുകാ, ശ്രു യമനായ്,
    ദൈത്യപ്പടയ്ക്കീയിരുൾ! 15

14. അജഗവം—പിനാകം. യുഷ്മച്ചിരായുസ്സ്—നിങ്ങളുടെ ചിരഞ്ജീവിത്വം.

15. തട്ടുക—തൊട്ടുരുമ്മുക. കറി—ഉന്നം. പോട്ടേ വിൺപുരി—സ്വർഗ്ഗരാജധാനിയിൽ ചെല്ലേണ്ട. യമനായ്—സംഹാരകാരിയായി.

Digitized By Kerala Sahitya Akademi

നാരദൻ:— (ഹർഷത്തോടെ) ദനുജസൂദനെ, ഇവിടെയ്ക്കു നമസ്കാരം, ഇവിടെയ്ക്കു നമസ്കാരം! ഇവിടുന്നരിശം കൊണ്ടാൽ, അസുരന്മാരുടെ പേർപോലും ഉണ്ടാകയില്ല.

കന്നം വീൎത്ത മദേഭരില്ലിതിനു,ര-
ത്തോട്ടം തുരംഗങ്ങളി-
ല്ല,നൃനാസ്ത്രസമുദ്ധരായ ഭടരി-
ല്ലീ,ല്ലൽക്കടെത്തേരുകൾ;
മുന്നിട്ടോടലുടല്ലൽ, വെട്ടലിവയി-
ല്ലി.ല്ലാക്കലും; മോഹനാൽ-
ത്തന്നേ ദൈത്യരെയിട്ടുകൊൽവിതി. തുളാ-
മീ വീരനാശ്ചര്യ്യദൻ! 16

(അണിയറയിൽ.)

ദൈത്യവീരന്മാരേ, നിങ്ങൾക്കെന്താണിങ്ങനെ വല്ലായ്മ? ഈ ഇരുൾ, പാതാളം പുക്ക ദേവന്മാർ ഇങ്ങോട്ടയച്ചതായിരിയ്ക്കും. അതിനാൽ ദാനവഭടന്മാർ പാതാളത്തിൽച്ചെന്ന് വാനവരെ പറിച്ചു നീക്കട്ടെ; ഇരുട്ടിനെ വലിയ്ക്കുകയും ചെയ്യട്ടെ. ഇവിടെയുള്ള ഇരുട്ടിനെ ഞാനും ചന്ദ്രികാമായകൊണ്ട് അടക്കിക്കൊള്ളാം.

നാരദൻ:— (ആവേശത്തോടേ) അച്ഛ, ദേവദേവ, നാരായണ, ഭവാന്മാർ അമരാവതിയിൽ ചെന്നിരിയ്ക്കുവിൻ. ഭവൽപ്രസാദത്താൽ സഞ്ചാരത്തടവില്ലാത്ത ഞാൻ മറിമായപ്പണിയറിയിച്ചു ദേവന്മാരെ സ്വൎഗ്ഗത്തിൽ കൊണ്ടുവരാം.

ബ്രഹ്മാദികൾ:— കൊള്ളാം, കൊള്ളാം.

(എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

16. കന്നം = ആനകളുടെ കവിൾത്തടം. മദേഭർ = മത്തഗജങ്ങൾ. മോഹനാൽ = മനം മയക്കൽകൊണ്ടു.

Digitized By Kerala Sahitya Akademi

# മൂന്നാമങ്കം

(പിന്നെ വിശദാശയൻ പ്രവേശിക്കുന്നു )

വിശദാശയൻ:— (മുമ്പിൽനോക്കിയിട്ട്) എയ്, ഇയ്യാം സ്ഫുടാക്ഷരനെപ്പോലിരിക്കുന്നു. (സൂക്ഷിച്ചുനോക്കിയിട്ട്) എന്നെ നോക്കുന്നതേ ഇല്ല, ഇയ്യാം എന്തായിരിക്കാം വെമ്പലാലെന്നപോലെ പറയുന്നതു്?

(അനന്തരം പറഞ്ഞതിൻവണ്ണം സ്ഫുടാക്ഷരൻ പ്രവേശിക്കുന്നു.)

സ്ഫുടാക്ഷരൻ:— എയ്, ആര്യ വിശദാശയൻ; ഇദ്ദേഹത്തെ വന്ദിക്കുകതന്നെ. (അടുത്തുചെന്ന് സവിനയം) ആര്യവിശദാശയ, സർവ്വശങ്കാവിഷയങ്ങളിലും ചികിത്സകൻ ബ്രാഹ്മണനാണെന്നോർത്തു, ഭവാനെ ഞാൻ വന്ദിക്കുന്നു; രാജസചിവനാണെന്നുവെച്ചിട്ടല്ല.

വിശദാശയൻ:— (പുഞ്ചിരിയോടേ) സ്ഫുടാക്ഷര, ദീർഘായുസ്സാകുക! എന്താണ്, തനിക്കൊരുവെമ്പലുള്ളതായി തോന്നുന്നത്?

സ്ഫുടാക്ഷരൻ:—ആര്യവിശദാശയ, എന്തു വെമ്പൽ?

കിതവവിമോഹിതരായ്പ്പാ--
ഴ്നുന്നകളിൽ മുഴകും ജഡപ്രഭുക്കന്മാർ
വിലവെയ്ക്കുകയില്ലല്ലോ,
പരമാത്ഥവചോമണിഗണത്തെ. 1

എന്നെ സർവ്വതാപനെന്ന ദാനവപ്പെരുമാറം പാതാളംപുക്ക ദേവന്മാരുടെ സ്ഥിതി നോക്കിയറിയാൻ കല്പിച്ചയച്ചിരിക്കുയായിരുന്നു; ഞാൻ അവിടെനിന്നു തിരിച്ചുവന്നുണത്തി

1. കിതവവിമോഹിതർ = വഞ്ചകന്മാരാൽ മനസ്സുമറിക്കപ്പെട്ടവർ. ജഡർ = മൂഢർ. പര...ണത്തെ = സത്യവാക്കുകളാകുന്ന രത്നങ്ങളുടെ സമൂഹത്തെ.

Digitized By Kerala Sahitya Akademi

ച്ചു:—'നാരദമഹർഷി ദേവന്മാരെയെല്ലാം വിപരീതാസുരൻെറ മറിമായപ്പണിയറിയിച്ചു, തിരിഃയ കൊണ്ടുപോന്നിരിക്കുന്നു; അവർ അരിശം പൂണ്ടു് അന്തകപ്രായമായിത്തീൎന്നു നിങ്ങളുടെ പുരങ്ങളെ രോധിച്ചുകളയും. അതിനു മറുകൈ നോക്കണം'. ഉടനെ ഗർവ്വിൻചൂടിൽ ഗുണദോഷജ്ഞാനം ഉരുകിപ്പോയ സ്വാമിസർവ്വതാപനൻ എന്നെ ശകാരിച്ചു പുറത്താക്കികളഞ്ഞു അതിനാൽ നടുക്കംപൂണ്ടു സ്വഗൃഹത്തിലേക്കു പോകയാണ്, ഞാൻ. ആൎയ്യന്നും ഒരു നടുക്കം ഉള്ളതായി തോന്നുന്നു; അതെന്താണ്?

വിശദാശയൻ: —(ഖേദത്തോടെ നെടുവീൎപ്പിട്ടു്) സ്ഫുടാക്ഷര, ഗുരുവായ ശുക്രഭഗവാൻെറ കീഴിലാണ് ഞാൻ; അല്ലെങ്കിൽ, കല്പവിരുദ്ധവും വിദ്യാവിരുദ്ധവും നാമവിരുദ്ധവുമായ മറിമായദുഷ്കൎമ്മം ചെയ്യുകയില്ലായിരുന്നു.

സ്ഫുടാക്ഷരൻ:—(സംഭ്രമത്തോടെ) ഇങ്ങിനെ പശ്ചാത്തപിക്കത്തക്ക എന്തൊരു കട്ടംകയ്യാണ് ആൎയ്യൻചെയ്തുവെച്ചതു്?

വിശദാശയൻ:—സ്ഫുടാക്ഷര, മറെറാരു മട്ടിലാണ്, സർവ്വതാപനൻ എന്നോടപേക്ഷിച്ചതു്:—'ഭഗവൻ, വിശദാശയാ, എൻെറ കൂട്ടൎക്ക ദുഃഖമാണ്, ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ കുടികൊണ്ട പുരന്ദരപുരം; അതിനാൽ, അവർ ദേവന്മാരുടെ മുഴുവിനാശം ശങ്കിച്ചു നിരാശരായി സ്വയമേ അവിടം വിട്ടുപോകാൻ എന്തെങ്കിലും ഒരിന്ദ്രജാലം ഇവിടുന്നു പ്രയോഗിക്കുക.'

സ്ഫുടാക്ഷരൻ:—അപ്പോൾ എന്തു ചെയ്തു ആൎയ്യൻ?

വിശദാശയൻ:—ചെയ്താലും, ഇന്ദ്രജാലവും മററും താദൃശന്മാരിൽ മറിച്ചാവുകയേ ഉള്ളു.

സ്ഫുടാക്ഷരൻ:—(ഭയത്തോടെ) ഭഗവൻ, ഇവൎക്കവേണ്ടി മററുവല്ല ശാന്തികൎമ്മാദിയും ചെയ്തുനോക്കുക.

വിശദാശയൻ:—(നടുക്കത്തോടെ) സ്ഫുടാക്ഷര, എന്തിനാ വെറുതെ കൎമ്മക്ലേശം?

അസാരദേവാസുരർമൂലമുള്ള മ_
ററുപദ്രവങ്ങൾക്കെതിർകൈ നടത്തിടാം:

Digitized By Kerala Sahitya Akademi

ത്രിശൂലിയാമന്ധകമാഥി രുഷ്ടനാ-
യിരിയ്ക്കെ,യെന്തുണ്ടൊരു ശാന്തിപൌഷ്ടികം? 2

എന്നാൽ, ഒരു ശാന്തികർമ്മം എനിയ്ക്കറിയാം:

ജരവിനയമരുത്തടിയ്ക്കയാൽ-
പ്പെരുകിന സങ്കടമായ തിയ്യിതിൽ
ഒരു ശരണ,മുമേശ്വരൻെറയ-
ത്തിരുവടി കൈതൊഴകെന്ന ഗംഗതാൻ! 3

സ്ഫുടാക്ഷരൻ:—അതിന്നു കൂട്ടാക്കില്ല, മിഥ്യാഭിമാനത്താൽ തെളിഞ്ഞ സർവതപനൻ!

വിശദാശയൻ:—സ്ഫുടാക്ഷര, എന്നെ അസുരഗുരു ഇയ്യാളുടെ സചിവനും പുരോഹിതനുമാക്കിവെച്ചിരിയ്ക്കുന്നു. അതിനാൽ ഞാനിതിൽ ഉദാസീനനായിക്കൂടാ. താനും ഇയ്യാറാക്കു ക്രമാഗതനായ സേവകനാണല്ലോ; അതിനാൽ അപമാനക്ലേശം ഇരിയ്ക്കട്ടെ. വരിക: സന്ദർഭം നോക്കി, ഇയ്യാറാക്ക് ഹിതം ചെയ്യാം.

(രണ്ടുപേരും ചുററിനടക്കുന്നു.)

സ്ഫുടാക്ഷരൻ:—(മുമ്പിലേയ്ക്കു നോക്കി) ഞാൻ ആര്യന്നധീനനാണ്. ആര്യൻ നോക്കു: ഇതാ, ദാനവേശ്വരൻ ആനക്കഴുത്തേറി ഗോപുരത്തിന്നടുക്കൽ സ്ഥിതിചെയ്യുന്നു; ഇതാ, അസുരവീരപ്പടയും ആയുധധാരിയായി ചുററും മതിലിന്നടുത്തെങ്ങും കാണപ്പെടുന്നുണ്ട്.

വിശദാശയൻ:—(മുമ്പിൽനോക്കി അവജ്ഞയോടെ ചിരിച്ച്) സ്ഫുടാക്ഷര,

2. അസാരർ—നിസ്സാരർ. അന്ധകമാഥി—അന്ധകാസുരനെ ഹനിച്ചവൻ; ശിവൻ. ശാന്തിപൌഷ്ടികം—ശാന്തികർമ്മം.

3. ജര...രുത്ത്—ചീത്ത അവിനയമാകുന്ന കാററ്. തിരുവടി—തൃപ്പാദം.

Digitized By Kerala Sahitya Akademi

ക്രൂരായോധനതഷ്കേസരികയ്തൻ
മത്താടലാൽഗ്ഘോരമായ്
സ്ഫാരാലോലധനരല്ലതാഹരിതമാ-
മിദ്ദൈത്യബാഹാവനം,
സ്മേരോദഗ്രശരാവൃതം വിലസുമാ-
റാകട്ടെ നിർബാധമായ്,
മാരോന്മാഥിഹുതാശരോഷശിഖയൊ-
ന്നിങ്ങെത്തിവീഴുംവരെ! 4

സ്ഫുടാക്ഷരൻ:—ആര്യ്യവിശദാശയ, ദാനവേന്ദ്രൻ സമീപത്തായി; അടുത്തുചെല്ലാം.

(പറഞ്ഞതിൻവണ്ണം സർവതാപനൻ പ്രവേശിക്കുന്നു.)

സർവതാപനൻ:—എയ്, വന്നെത്തിക്കഴിഞ്ഞു, വിശദാശയൻ. ആര്യ്യ അങ്ങയെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

വിശദാശയൻ:—*വിഗ്രഹമടങ്ങി പരമാനന്ദഭാജനമായി ഭവിക്കട്ടെ, ദാനവേശ്വരൻ!

സർവതാപനൻ:—ഭവാൻ ആസനമലംകരിക്കുക.

വിശദാശയൻ:—(ഭൃത്യൻ കൊണ്ടുവന്ന ആസനത്തിലിരുന്നിട്ട്, പശ്ചാത്താപത്തോടെ ആത്മഗതം) ഛീ, ഇതാ, എന്റെ വായ്ക്കടയിൽനിന്ന് അമംഗളവചനമാകുന്ന ഒരു കൃഷ്ണസർപ്പം

4. ക്രൂരാ......രികൾ-കടുംപോരിലുള്ള താൽപര്യങ്ങളാകുന്ന (താൽപര്യം ഓരോ കയ്യിന്നുമുള്ളതിനാൽ ബഹുവചനം) സിംഹങ്ങൾ. സ്ഫാരാ......രിതം-വലിയ ഇളകുന്ന വില്ലുകളാകുന്ന വള്ളികൾകൊണ്ടു പച്ചപിടിച്ചത്. ബാഹുശബ്ദം ബാഹാ എന്ന് ആകാരാന്തത്തിലും വരും. സ്മേരോ...വൃതം-ശോഭമാനങ്ങളും കൂർത്തവയുമായ ശരങ്ങളാൻ (അമ്പുകളാൽ ഓ മൽപ്പൂക്കളാൽ) ആവൃതം; വനവിശേഷണം. †മാരോ...ശിഖ-ശിവനാകുന്ന അഗ്നിയുടെ ക്രോധമാകുന്ന ജ്വാല. അതു വന്നു വീണാൽ, ഈ അസുരദ്വന്ദ്വാരണ്യം വെന്തടിയും.

* വിഗ്രഹം = കലഹം; ശരീരമെന്നും. മരിച്ചു മുക്തിയടയട്ടേ എന്നതാണ്, അമംഗളാർത്ഥം.

* സ്ഫുടാക്ഷരൻ—തുറന്നുപറയുന്നവൻ എന്നു താല്പര്യം. പരമഹിതൻ = ഉററ ഹിതകാരി; പരം അഹിതൻ എന്നും.

Digitized By Kerala Sahitya Akademi

പുറത്തേയ്ക്കു വന്നു! ആകട്ടെ, അറിയപ്പെടാതെതന്നെ ഇതു വല്ലേടത്തും പൊയ്ക്കൊള്ളട്ടെ. (പ്രകാശം) ദാനവേശ, ഈ * സ്ഫുടാക്ഷരനായ സ്ഫുടാക്ഷരൻ പരമഹിതനാണ്; ഇയ്യാളിൽ ദാനവേശൻ പ്രസാദിയ്ക്കുകതന്നെവേണം।

സർവതാപൻ:— (സഹർഷം ചിരിച്ച്) ശ്രുണ്ഠികാരനാണ്, സ്ഫുടാക്ഷരൻ; എന്തുചെയ്യാം!

(സ്ഫുടാക്ഷരൻ വണങ്ങി, ഇരിയ്ക്കുന്നു.)

സർവതാപൻ:— (ഉൽക്കണ്ഠയോടേ) ആര്യവിശദാശയ, ആര്യൻ അതു ചെയ്തുവെച്ചില്ലേ?

വിശദാശയൻ:—കല്പിയ്ക്കാതേയും, തിരുമേനിയ്ക്കു വേണ്ടതുചെയ്യാം; പിന്നെയാണോ കല്പിച്ചാൽ?

സർവതാപൻ:— (ഔത്സുക്യത്തോടേ) പറയു, പറയു: ആര്യൻ എന്തു ചെയ്തു?

വിശദാശയൻ:—

കണ്ണിൻപാടൊരുപാടെഴും സുരപതി—
ത്തോലാൽക്കൊടികെട്ടറ തീ—
ത്ത,ബ്ലോനായകരജ്ജുകൊണ്ടു യമദ—
ണ്ഡിന്മേൽദൃഢംകെട്ടി, ഞാൻ
സ്കന്ദൻതൻ മയിലിൻെറ പീലിനിരയും
ചാർത്തിച്ചു, ശുദ്ധാംഗനായ്—
ച്ചെന്ന,ച്ഛിന്നഭവേദ്യശഃസ്തുതിയൊടേ
കല്പദ്രുമേൽത്തൂക്കിനേൻ! 5

അവിടവിടെ, പ്രത്യക്ഷമായ പെരുംപടക്കടലിൻെറ ഇരംപവും മായകൊണ്ടു പുറപ്പെടുവിച്ചു. അപ്പോഗം അവിടെയുള്ള ദേവന്മാർ, വിപരീതൻെറ മായാവിചേഷ്ടിതം ശരിയ്ക്കറി

5. കണ്ണിൻപാടൊരുപാട്—സഹസ്രാക്ഷനാണല്ലോ, സുരപതി. അബ്ലോ......രജ്ജു = വരുണൻെറ പാശം. ശുദ്ധാംഗനായ് = ചെറിവിൽ. അച്ഛിന്ന...യോടേ = ധാരമുറിയാതെ ഭവാൻെറ യശസ്സിനെ സ്തുതിച്ചുകൊണ്ട്.

Digitized By Kerala Sahitya Akademi

ഞതിരുന്നതിനാൽ, ... പാട്ടിച്ചിരിയ്ക്കയാണുണ്ടായത്; അരി ശംഖത്തിന്റെ ഗിരീശൻ അസുരന്മാരുടെ നഗരം വളയാൻ * ക്രൗഞ്ച ദാരണനെ അയച്ചിട്ടുണ്ട്.

സർവതാപൻ:— (ക്രോധത്തോടേ) വിശദാശയ, കലാചാരമെന്നതിലല്ലാണ്, ഈ മായ പിതാമഹാദികളുടെ മുമ്പിൽ ഞാൻ പ്രയോഗിപ്പിച്ചത്.

അദൃപ്തദീക്പാലരെയിട്ടരച്ചി—
ട്ടാത്താലനേകം കൊടിയാടയാക്കി,
അത്രാസസൈന്യത്തൊടു പോകുവൻ ഞാൻ,
വൃത്രാസുരാരാതിന്റെ പുരിയ്ക്കു വീണ്ടും! 6

വിശദാശയൻ:— (സവിഷാദം, ആത്മഗതം) അയ്യോ, ദാനവാധമന്റെ മദാന്ധതയും, ഒളിപാതകവും! ഇതുകൊണ്ടുതന്നെയാണ്, ഇയ്യാളെ * ഭാൎഗ്ഗവനും നോക്കാത്തത്.

(അണിയറയിൽ ഗർവോടേ ഉറക്കെ)

കല്പാന്തക്കാററടിച്ചാളിന ശിഖിയുടെ വൻ—
ജ്വാലയാലും രവിയ്ക്കു—
ള്ളബ്ഭാസ്സാലും ചുടപ്പെട്ടരുണിമ തിരളു—
ന്നീയിരിമ്പിൻപുരത്തെ
നിർബ്ബാധം തൂണീരായിക്കണയുളിനിരയാൽ—
ച്ചെത്തുവിൻ ചെംപരത്തി—
പ്പുഷ്പം നള്ളുന്നതിന്മട്ടു,ടനടി ദിവിഷ—
ദ്വീരരേ, തുണ്ടുതുണ്ടായ്! 7

* ക്രൗഞ്ചദാരണൻ = സുബ്രഹ്മണ്യൻ.

6. ദൃപ്തർ = ഗർവിതർ. അത്രാസം = നിർഭയം.

* ഭാൎഗ്ഗവൻ = ശുക്രൻ.

7. കല്പാന്തക്കാററ് = പ്രളയത്തിലേതിന്നൊത്ത കാററ്. ശിഖി = അഗ്നി. അബ്ഭാസ്സ് = പ്രളയത്തിലേതിന്നൊത്ത രശ്മി. തൂണ...നിര = ആവനാഴിയിൽക്കിടക്കുന്ന ശരങ്ങളാകുന്ന ഉളികളുടെ സമൂഹം. ദിവിഷദ്വീരർ = ദേവവീരന്മാർ.



Digitized By Kerala Sahitya Akademi

സർവതാപൻ:—(കേട്ടിട്ട ക്രോധത്തോടെ) എന്ത്, ഈ സാധു സൂര്യൻ അഗ്നിയെ തുണയ്ക്കുകൂട്ടി സൂര്യതാപപുരത്തെ ചുട്ടെരിയ്ക്കുന്നു എന്നോ എടാ, നില്ല, നില്ല്.

> അഗ്ഘട്ടമന്യ:-മതിൽ നീ ക്ഷണമാത്രമക്കെ,
> ദുഃഖം സഹിച്ചു പുനരുൽഗതിനേടുമല്ലോ;
> എന്നാലി,രുട്ടറുതി തൽപ്രഭകൊണ്ടു സാധി-
> ച്ചി,ന്നേ ജഗത്തിനെയഭാസ്സരമാക്കുവൻ ഞാൻ! 8

വിശദാശയൻ:—മഹാവീരനായ ദൈത്യപ്പെരുമാളേ. ഇരിയ്ക്കു, ഇരിയ്ക്കു: അഗ്നി തുണനയ്ക്കുകയാൽ തരം കിട്ടിയ സൂര്യൻ വെറുതെ വമ്പു പറഞ്ഞതാണിത്. ഇതിലെന്തിന്, ഇത്രയും വെംപൽ?

(സർവതാപൻ അങ്ങിനെതന്നെ ഇരിയ്ക്കുന്നു)

വിശദാശയൻ:—(ശങ്കയോടെ ആത്മഗതം) തപിപ്പിയ്ക്കപ്പെടുക തന്നെയാണ്, സൂര്യതാപൻ; ചന്ദ്രതാപന്റെ സ്ഥിതി എന്തെന്നറിഞ്ഞില്ല (പ്രകാശം) സ്ഫുടാക്ഷര, ചെന്നു ചന്ദ്രതാപനെ ശ്രദ്ധിപ്പിയ്ക്കുക.

സ്ഫുടാക്ഷരൻ:—(സവിനയം) ആര്യന്റെ ആജ്ഞപോലെ.

(പോയി.)

(വീണ്ടും അണിയറയിൽ കരുണസ്വരത്തിൽ)

> ആക്രുദ്ധക്രോധമക്കാനലർ കിരണശിഖാ—
> മാല വർഷിയ്ക്കെ,യപ്പ—
> ക്കാരയ്ക്കൊത്തീയിരിമ്പാകിന ദനുജപുരം
> ചുട്ടുചുട്ടുജ്ജ്വലിയ്ക്കേ,
> പോരാൻ വെമ്പുന്ന വീരാമരവിമതരഹോ,
> പേർത്തുപേർത്തും നിരാശ—
> ന്മാരായ് വീഴുന്നു, മീവൽപ്പറവകൾ വിപിന—
> ത്തീനടുക്കെന്നപോലെ!

8. പുനരുൽഗതി—വീണ്ടും ഉദിയ്ക്കൽ. ഇരു...സാധിച്ച് = സൂര്യന്റെ ജോലി താൻ നടത്തും. അഭാസ്സുരം = സൂര്യനില്ലാത്തത്.

Digitized By Kerala Sahitya Akademi

സർവതാപൻ (ക്രോധത്തോടെ) എന്ത്, എന്റെ സഹോദരനായ സൂര്യതാപന്റെ ശത്രുവും വീററ ദാനവപ്പട ചുട്ടെരിക്കപ്പെടുകതന്നെയോ! എന്നാൽ, വെറുതെ ഈ കൈക്കണം ഭേസിക്കപ്പെടേണ്ട!

(വെമ്പൽ കൊള്ളുന്നു.)

വിശദാശയൻ:—ദൈത്യരാജാവേ, അടുത്തിരുന്നാലും; അകത്തിരുന്നാലേ, നിദാഘ ഖരാന്നം അകലത്താകൂ.

(സർവതാപൻ അങ്ങിനെതന്നെ ഇരിക്കുന്നു.)

വിശദാശയൻ:—(ഉല്ലാസത്തോടേ) കത്തിജ്ജ്വലിക്കയാൽ ഒരു സിന്ദൂരക്കുമ്പാരംപോലായിച്ചമഞ്ഞ ദേവൽസോദരന്റെ ഇരിമ്പുനഗരമിതാ, ആകാശത്തെക്കു കുതിക്കുന്നു!

സർവതാപൻ:—(നോക്കി, ഉല്ലാസത്തോടെ)

സുരർ വസിയ്ക്കുമിടമാശു പിടിയ്ക്കുവാനോ,
നേരിട്ടു മററുപരിലോകമെരിയ്ക്കുവാനോ
കേറുന്നു വാനിലസുരേന്ദ്രനിതാ, സമുദ്ര-
നീരം വരട്ടിയുയരും ബഡബാഗ്നിപോലെ! 10

(വീണ്ടും താണിയറയിൽ)

ചണ്ഡക്രോധദിവനശരശ്മിനിരയാൽ
വദ്ധിച്ച വൈശ്വാനരാ-
ഖണ്ഡജ്വാലകൾകൊണ്ടു വെന്തടികയാ-
യിക്കാരിരിമ്പിൻപുരം,
തിണ്ണം പൌരർ ദഹിക്കവേ ചടചടാൽ-
ക്കാരപ്പടപ്പോട്ടമീ-
ക്കണ്ണുഭ്രാണവിരോധിയാം കെട്ടമണം
പൊങ്ങീടുമാറെങ്ങുമേ! 11

9. പോരാൻ—പുറത്തുചാടാൻ. അമരവിമതർ = സുരവൈരികൾ; അസുരന്മാർ. മീവൽ—ഒരുതരം പക്ഷി.

10. നീരം = വെള്ളം.

Digitized By Kerala Sahitya Akademi

സർവതാപൻ:—(ക്രോധത്തോടെ) എയ്, തക്കം കിട്ടിയതിനാലാണ്, വാനവക്കിത്ര വമ്പ്! (അവജ്ഞയോടെ ചിരിച്ച്) മൂർഖന്മാരെ, വിഷാദാവസരത്തിൽ ഇങ്ങിനെ ഹർഷിയ്ക്കുന്നതെന്താണ്?

രവിശിഖിദഹനത്താൽ, മൃത്യുവെപ്പേടിയാഞ്ഞീ–
പ്പുരമുരുഖദിരാംഗാരാഭമായ്ത്തീർന്നവല്ലോ;
പ്രിയമതു: പടവെട്ടി ക്ഷീണിയാതിന്നി മാററാർ–
കളെയിതു തൊടലാൽത്താൻ ചുട്ടുപൊട്ടിച്ചിടട്ടേ! 12

വിശദാശയൻ:—(ഹർഷത്തോടെ) ദാനവേശ, ഇവിടേയ്ക്കു മഹാഭാഗ്യം! മുകളിലേയ്ക്കു നോക്കുക:

സുരക്തശ്രീ വേർപെട്ടോ,രുകരിനിറം പൂണ്ടു പടരു–
ന്നരുപ്ലാംകാരത്താൽ ദിശകളെമുഴക്കി,ബ്ഭുശമിതാ,
പെരുംധൂമച്ഛാത്താൽസ്സുഭഗയമുനാസംഗരുചിയെ–
പ്പുരത്തീ,സ്വർഗ്ഗംഗാംബുവിലഹഹ,മുങ്ങുന്നു നഗരം! 13

അതിനാൽ, ഇതിന്റെ തീ കെട്ടടങ്ങി; അസുരന്മാർക്ക് ആയുസ്സും നീണ്ടു,

സർവതാപൻ:—(സഹർഷം) അയ്യോ, സോദരൻ സൂര്യതാപന്റെ ശൌര്യം: ഈ തീപ്പിടുത്തം സഹിച്ചു. ലോഹനഗരത്തെ ആകാശഗംഗാജലത്തിൽ മുക്കി, രക്ഷപ്പെടുത്തിയല്ലോ! ഇനി, ചന്ദ്രതാപന്ന് ആപത്തു പററുമോ എന്ന ശങ്കയേ എനിയ്ക്കുള്ളു.

11. വൈ...ജ്വാല = അഗ്നിയുടെ മുററിയ ജ്വാല. കെട്ടുമണം ചടച്ചട്ടാൽക്കാരത്തോടു ചേർന്നതിനാൽ ചെവിയേയും ഉപദ്രവിക്കുന്നു.

12. അതു—ഈ പുരം ഉരുഖദിരാംഗാരമായി( = വലിയ കരിങ്ങാലിക്കനൽ പോലായി) തീർന്നതു പ്രിയം (ഉപകാരകം) തന്നെ.

13. സുരക്തശ്രീ = ഉടുപ്പ്. സുഭ...രുചി = സുഭഗയമുനാസംഗമത്താലുണ്ടാകുന്ന ശോഭ. പുകപോലെ കറുത്തതത്രെ, കാളിന്ദീനദി.

Digitized By Kerala Sahitya Akademi

(അണിയറയിൽ)

കാമവ്യാപൃതികൊണ്ടുതാൻ വിറ, നും–
മുഗ്ദ്ധാംഗനാമൈക്കതാ–
നോമൽച്ചൂളല,മന്ദസീൽകൃതിരുതം
സംഭോഗകാലത്തുതാൻ;
ഈമട്ടാകിന ചന്ദ്രതാപപുരിയിൽ–
പ്പോലും നടപ്പായി ഹാ,
സോമാദ്രീന്ദ്രർ ചൊരിച്ച തീവ്രതുഹിനം
വർഷിച്ചു, യച്ചേഷ്ടകം! 14

സർവതാപൻ:—(കേട്ടിട്ട് ക്രോധത്തോടെ) ദുഷ്ടന്മാരേ, നിങ്ങളെന്താണിങ്ങിനെ നിലവിളിയ്ക്കുന്നത്?

പാഴ്പാററമൂലമെരിതീയ്ക്കിന്നു തോലിപററൽ,
ഭാവാഗ്നികൊണ്ടു കടൽവററിവരണ്ടുപോകൽ,
നീക്കോലി താർക്ഷ്യനെയമർത്തലി,തൊക്കെയത്രേ,
ശ്രീചന്ദ്രതാപനൊരു ചന്ദ്രനിൽനിന്നിളപ്പം! 15

(വീണ്ടും അണിയറയിൽ അമർഷത്തോടെ)

ഹേ ചന്ദ്രതാപ, പടരുന്ന പെരുംവിഷോഷ്മാ–
വാരിൽ, പ്രദീപ്തബഡബാഗ്നിയുമാരിൽ വാഴ്‌വു,
ആ മൽപിതാവിനെ—നദീശനെ—യാശ്രയിച്ചു–
രക്ഷിച്ചുകൊള്ളുകയിർ നീ,ശശി ഞാൻ ചൊടിയ്ക്കേ! 16

14. മുഗ്ദ്ധാംഗനമാർ = ലജ്ജവിട്ടിട്ടില്ലാത്ത യുവതികൾ. സീൽകൃതിരുതം = സീല്ക്കാരശബ്ദം. ഈമട്ടാകിന—മററതരം വിറയും ചൂളലും സീല്ക്കാരവുമുണ്ടാകാതിരുന്ന. അച്ചേഷ്ടകൾ (വിറയും ചൂളലും സീൽക്കാരവും) മഞ്ഞുപെയ്യാലുണ്ടാകുമല്ലോ. തീവ്രതുഹിനം = ദുസ്സഹമായ മഞ്ഞ്. അദ്രീന്ദ്രർ—ഹിമവാൻ.

15. ചന്ദ്രതാപനും ചന്ദ്രനിൽനിന്നിളപ്പം പററുകയാണെങ്കിൽ, പാററ തീയ്യിനെ തോല്പിയ്ക്കുകയും മററുമുണ്ടാകും. താർക്ഷ്യൻ—സർപ്പഭോജിയായ ഗരുഡൻ.

16. വിഷോഷ്മാവ് = (കാളകൂട) വിഷത്തിന്റെ ചൂട്. മൽപിതാവിനെ—സമുദ്രത്തിൽനിന്നാണു, ചന്ദ്രന്റെ ജനനം.

Digitized By Kerala Sahitya Akademi

സർവതാപൻ:—വിശദാശയ, എന്റെ ശേഷക്കാരെൻ താരേറി ന്റെ തീൻപണ്ടമാണിവൻ. അതിനാൽ, ഇവനെ തിന്നാൽ എനിക്കു ദോഷമൊന്നും വരാനില്ല. തിന്നുകളയാം!

വിശദാശയൻ:—(സവിനയം) ദാനവേന്ദ്ര, ഇവനെ ഭവാൻ തിന്നുകൊള്ളുക; അല്ലെങ്കിൽ, ഇവിടത്തെ ആജ്ഞയാൽ രാഹുതന്നെ ഇവനെ എന്നെന്നേക്കുമായി തിന്നൊടുക്കട്ടെ. എന്നാൽ, ചന്ദ്രതാപന്റെ അടുക്കലെയ്ക്കയയ്ക്കപ്പെട്ട സ്ഫുടാക്ഷരൻ വന്നതിന്നുശേഷമാവാം.

(അനന്തരം സ്ഫുടാക്ഷരൻ പ്രവേശിക്കുന്നു.)

സ്ഫുടാക്ഷരൻ:—(സഖേദം) കഷ്ടം, കഷ്ടം, വിധിവൈപരീത്യത്തിൽ വൈഭവത്തിന്റെയും ഫലം വിപരീതമായി പോകുന്നു: ചന്ദ്രതാപപുരത്തിന്റെ ആ വെള്ളിമതിലും വെള്ളിമാളികകളും ഈ ഹിമപുഴയുദ്ധത്തിൽ തണുപ്പുമൂലം ആപല്ക്കരങ്ങളായിത്തീർന്നു!

സർവതാപൻ:—(സ്ഫുടാക്ഷരനെ കണ്ടു സംഭ്രമത്തോടെ) ദ്വാരപാലന്മാരേ, ഒരു പ്രേതം ഇതാ, എന്റെ നേക്കു വരുന്നു!

സ്ഫുടാക്ഷരൻ:—(സാവേഗം) സ്വാമിൻ, ഞാൻ പ്രേതമല്ല, ഭൂതമല്ല, വേതാളവുമല്ല. തിരുമേനിയുടെ ചാരൻ, ചന്ദ്രതാപവൃത്താന്തമറിയാൻ പോയിരുന്ന സ്ഫുടാക്ഷരനാണ് ഞാൻ; അത് എന്റെ സ്ഥിതികൊണ്ടുതന്നെ തിരുവുള്ളത്തിലായല്ലോ!*......തണുപ്പുനിമിത്തം യുദ്ധം ഞാൻ ശരിക്കു കണ്ടില്ല; ഇത്തരം ഒരു മഞ്ഞുവീഴ്ച ഒരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല, വല്ല ഒരു പൊറുതിയും ദാനവേശ്വരൻ ചെയ്തു തരണം.

സർവതാപൻ:—(സക്രോധം) ഇതാ, ഹിമാംശുവിനേയും ഹിമാദ്രിയേയും ഞാൻ ദഹിപ്പിച്ചുകളയാം.

(വെമ്പൽ നടിക്കുന്നു.)

വിശദാശയൻ:—(സവിനയം) ദാനവേശ്വര, മതി, മതി, വെമ്പൽ:

ഹിമാംശു പണ്ടേ ക്ഷയരോഗിയല്ലോ;
ഹിമാദ്രിയോ, വജ്രിനികൃത്തപക്ഷൻ;

Digitized By Kerala Sahitya Akademi

അവററിനോടങ്ങടരിന്നു ചെന്നാൽ—
പ്പൊറുക്കുമെങ്ങട്ടു കനത്ത നാണം? 17

സർവതാപൻ:—എന്നാൽ, ഞാൻ ഇവിടെയിരുന്നുതന്നേ ആഗ്നേയാസ്ത്രം പ്രയോഗിയ്ക്കാം. (അപ്രകാരം ചെയ്യുന്നു.)

(അണിയറയിൽ)

ഇച്ചന്ദ്രതാപനഗരിയ്ക്കു,നലാസ്ത്രയോഗാൽ
മഞ്ഞല്ലലററ, ശമമിത്തിരി കിട്ടി; പക്ഷേ,
ഹാ, വാതിൽമേടകളെരിഞ്ഞുരുകിപ്പരന്ന
വെള്ളിക്കുഴമ്പുകളിലാശ്രു ദഹിപ്പു ദൈത്യർ! 18

സർവതാപൻ:—(കേട്ടിട്ട് ക്രോധത്തോടെ) ഇതാ, ആഗ്നേയാസ്ത്രം ഞാൻ ഉപസംഹരിച്ചുകളയാം (അതു ചെയ്യുന്നു.)

വിശദാശയൻ:—അയ്യോ, ഒരു വലിയ കുഴക്കുതന്നെ ഇത്: ആഗ്നേയാസ്ത്രം പ്രയോഗിയ്ക്കാഞ്ഞാൽ തണുപ്പിന്റെ ഉപദ്രവം; ആഗ്നേയാസ്ത്രം വെള്ളിയെ ഉരുക്കുന്നുതാനും! അതിനാൽ സ്ഫുടാക്ഷര, താൻ ചെന്നു ചന്ദ്രതാപനോടു പറയു, ആ പല്ലുരമായ വെള്ളിനഗരം വിട്ടു പുറത്തു നില്ക്കാനും, പുറത്തുവെച്ചു പൊരുതാനും.

സ്ഫുടാക്ഷരൻ:—ആര്യന്റെ കല്പനപോലെ. (പോയി.)

വിശദാശയൻ:—(ഇടംകണ്ണു വിറയ്ക്കുന്നതായി നടിച്ച്) ഹാ, എന്റെ ഈ വിറയ്ക്കുന്ന ഇടംകണ്ണ് എന്തിനെയാണ് സൂചിപ്പിയ്ക്കുന്നത്! സർവതാപന്നു സർവാഭ്യുദയങ്ങളും ഉണ്ടായിവരട്ടെ! അസുരഗുരുവിന്റെ തേജസ്സും അഭംഗമായി ബ്ഭവിയ്ക്കട്ടെ!

(അണിയറയിൽ)

ആശ്രയിച്ച് = ശരണം പ്രാപിച്ച്. നദീശൻ = സമുദ്രം.

17. വജ്രി...പക്ഷൻ = വജ്രിയാൽ (= ഇന്ദ്രനാൽ) ചിറകരിയപ്പെട്ടവൻ.

18. മഞ്ഞല്ലൽ = ഹിമപീഡ.

Digitized By Kerala Sahitya Akademi

ഹേ രേ മുപ്പുരദൈത്യരേ, ത്രിജഗതീ-
നിർമ്മാഥിയാം നിങ്ങൾതൻ
വീറിന്നും വിധി തയ്ചുതന്ന വരമാം
ചൂട്ടുമ്മൂന്നുംവരാ,
താരമ്പൻ വിറകായ്ച്ചമഞ്ഞ, ഭുവനം
മൂന്നും യുഗാന്തത്തിൽ വെ-
ണ്ണീറാക്കുന്ന ഹരാളികാക്ഷി ചൊടിപൂ-
ണ്ടല്പം തുറക്കുംവരെ! 19

വിശദാശയൻ:— (ആകാശത്തേയ്ക്കു നോക്കി, സംഭ്രമത്തോടേ) ഏയ്, ഇതാ, സ്കന്ദൻ നന്ദിയുടെ വരുതിയിലുള്ള ഒരു വമ്പടയോടൊന്നിച്ചു വന്നണയുന്നു:

തടിന്മേഘങ്ങൾക്കൊത്ത,ലഘുതരമാം നാക്കിനെ വെളി-
ക്കുടിയ്ക്കും വേതാളത്തടിയർ ഗഗനംപുക്കലറവേ,
ഭടപ്രൗഢോദ്ഘോഷങ്ങളിലുമുയരെക്കേകകൾ മുദാ
പടത്തി,സ്കന്ദൻതൻ മയിലൊലി വിതപ്പു ദിശകളിൽ. 20

ദാനവേശ്വര, സ്കന്ദൻ ഇതാ, ഇവിടുത്തോടു പൊരുതാൻ നേരിടുന്നു; വില്ലെടുത്തുകൊൾക.

(അനന്തരം പറഞ്ഞപോലെ സ്കന്ദൻ പ്രവേശിക്കുന്നു.)

സർവതാപൻ:— (അവജ്ഞയോടേ) എയ് വിശാഖച്ചെറുക്കനോ, സർവതാപനോടു പൊരുതാൻ? (ആകാശത്തു ലക്ഷ്യംവെച്ച്)

പോരും വില്ല പിനാകമുണ്ടു,ഋജവം
ശൂലാദിശസ്ത്രൗഘമു-
ണ്ടേ,റെച്ചീർത്ത ഭുജങ്ങളുണ്ടു, കടുതീ
ക്കണ്ണുണ്ടു നെററിയ്ക്കു തേ;

19. ത്രിജഗതീനിർമ്മാഥി = മൂന്നു ലോകത്തേയും മർദ്ദിച്ചത്. വീറ് = വീര്യം. വിധി = ബ്രഹ്മാവ്. ഹരാളികാക്ഷി = ശിവന്റെ നെററിക്കണ്ണ്. അതു തുറക്കുന്നതോടെ, നിങ്ങളുടെ വീര്യവും വരച്ചൂട്ടും ദഹിച്ചുപോകും!

Digitized By Kerala Sahitya Akademi

പോരിന്നാമ മുഖ്യവിലെ പ്പശുപതേ,
എന്തോ രായച്ചു ഭവാൻ?
(പരിഹാസമായതോടെ)
വീരക്കെന്തൊരു മേലുകീഴടർകളിൽ
ക്രീഡിച്ച ചാകുന്നതിൽ! 21

സ്കന്ദൻ:— (ഉപഹാസത്തോടേ) എന്ത്, അച്ഛനോടുപടവെട്ടാനോ, അസുരാധമന്നഭിലാഷം! എടോ വീര,

നിന്നെക്കാമനെയെന്നപോലെ യുധി നീ-
റാക്കേണമോ? നഞ്ഞിനെ-
പ്പോലേ തിന്നണമോ? നിറുത്തിടണമോ,
ജംഭോപമം നിൻഭുജം?
വേൽമേൽക്കോക്കണമോ കടസ്ഥശരി നിൻ-
മെയ്യ്,ന്ധകൻേറതുപോ-
ല?-ച്ഛൻതന്നടരേതു തേ പ്രിയ?-മതൊ-
പ്പിയ്ക്കാം സുരാരീന്ദ്ര, ഞാൻ! 22

സർവതാപൻ:—കുമാര, നീയൊരുകുട്ടിയാണ്; നീങ്കൽ അനുകംപയുണ്ടെനിയ്ക്കു്. നീ വാഗ്യുദ്ധവത്തിൽ പൊരുതാനുറച്ചുവെങ്കിൽ, വില്ലുപിടിക്കുക വെളിപ്പെടുത്തിക്കൊള്ളുക.

കൊല്ലില്ല,ശക്തികുറവാകിയ നിന്നെ;-യുഗ്ര-
യുദ്ധാങ്കണത്തിലെ ഒരു താരകനല്ലെടോ, ഞാൻ;

20. തടിമേഘങ്ങൾക്കൊത്ത്—മേഘങ്ങൾ മിന്നലിനെ എന്നപോലെ, നാക്കിനെ വെളിയ്ക്കുടിയ്ക്കുന്ന. ഭട...മുഴരെ = ഭടന്മാരുടെ സിംഹനാദങ്ങൾക്കിടയിലും കേൾക്കാകുമാറ്. ഒലി...കളിൽ = ദിഗ്മണ്ഡലത്തെ ശബ്ദായമാനമാക്കുന്നു.

21. പോരും = ത്രാണിയുള്ള. ഉരുജവം = ഗതിവേഗമേറിയ. പശുപതി = ശിവൻ. എന്തൊരു മേലുകീഴ് = പ്രായത്തിന്റെ കൂടുതലോ കുറവോ നോക്കലില്ല എന്നു സാരം.

22. നിറുത്തീടണമോ = സ്തംഭിപ്പിയ്ക്കണമോ. ജംഭോപമം = ജംഭന്റേതുപോലെ. അച്ഛ...പ്രിയം = അച്ഛന്റെ ഏതു തരം യുദ്ധമാണ് നിനക്കു വേണ്ടതു്.



Digitized By Kerala Sahitya Akademi

സഞ്ജാതനശ്ശരവണേ ശിഖിവാഹ, നീയ-
ന്നി;ന്നീയടർശ്ശരവണത്തിൽ മരിച്ചുകൊൾക! 23

സ്കന്ദൻ:—(സംഭ്രമത്തോടെ)

പോയ്പോയി ദൈത്യ, തവ ശക്തി; നിനക്കു ശക്തി-
സംപ്രാപ്തി, ഞാനുരസി ചാർത്തിയ ശക്തികൊണ്ടാം;
നിൻവിഗ്രഹഗ്രഹമിതില്ലിനി മേലിൽ: നീയെ-
ന്നസ്ത്രങ്ങളാൽസ്സപദി ചാവുകതന്നെ ചെയ്യും! 24

സർവതാപൻ:—(അവജ്ഞയോടെ ചിരിച്ച്) വിശാഖ, കുട്ടിയായ നിൻെറ കുസലില്ലായ്മ എന്നെ കൗതുകപ്പെടുത്തുന്നു; അതിനാൽ, ഞാൻ നിൻെറ നേക്കു വില്ലു കുലയ്ക്കുകയില്ല; നീ തോന്നിയപോലെ എൻെറ സൈന്യത്തിൽ കളിയാടിക്കൊൾക.

നന്ദി:— * (അപവാര്യ) കുമാര, ബ്രഹ്മാവു വരം കൊടുത്തിട്ടുള്ളതുകൊണ്ടു ത്രിപുരാസുരന്മാർ അമരന്മാർ തന്നെയാണ്; അതിനാൽ, ഇയ്യാളോടു വെറുതെ പൊരുതി ബുദ്ധിമുട്ടേണ്ട. ഇയ്യാളുടെ സൈന്യത്തെത്തന്നെ ശരവൃഷ്ടികൊണ്ടു നുറുക്കിക്കൊള്ളുക.

(സ്കന്ദൻ അപ്രകാരം ചെയ്യുന്നു)

നന്ദി:—(ഹർഷോല്ലാസത്തോടെ) കുമാരൻ വിജയിപ്പൂതാക: ഇവിടുത്തെ ശരവണങ്ങളും വേതാളങ്ങളും ദാനവന്മാരെ നുറുക്കിക്കഴിഞ്ഞു!

സ്കന്ദൻ:—ശിലാദപുത്ര, കൊല്ലപ്പെട്ട ദാനവന്മാർതന്നെ വീണ്ടും

23. താരകൻ = താരകാസുരൻ; കടന്നുതിവാടുന്നവൻ. നീ അന്ന് ആ ശരവണത്തിൽ (അമക്കാട്ടിൽ) ജനിച്ചു; ഇന്ന് ഈ അടർശ്ശരവണത്തിൽ (= യുദ്ധത്തിൻെറ ശരവണത്തിൽ, ബാണഗണത്തിൽ) വെച്ചു മരിച്ചുകൊൾക. ഞാൻ കൊല്ലില്ല.

24. ശക്തി = ശേഷി; വേൽ എന്നും. ഉരസി = മാറത്ത്. വിഗ്രഹഗ്രഹം = യുദ്ധസംരംഭം; ശരീരധാരണം എന്നും.

* അപവാര്യ = മററുള്ളവർ കേൾക്കാതെ.

Digitized By Kerala Sahitya Akademi

ഉയിർകൊണ്ട് ആയുധങ്ങളേന്തി പോരിടുന്നവരല്ലോ; ഇതെന്താണ്?

വിശദാശയൻ:— അസുരവീരന്മാരേ, യുദ്ധത്തിൽ മരിച്ചവരെ അമൃതകുണ്ഡത്തിലിട്ടു. മന്ത്രം ജപിയ്ക്കുവിൻ; എന്നാൽ, അവർ പുനർജ്ജീവിച്ച് ഏറ്റെ കരുത്തോടെ പടവെട്ടിക്കൊള്ളുമല്ലോ.

(അണിയറയിൽ)

അതുചെയ്യപോരുന്നുണ്ട്; അമാത്യൻ കാണുന്നില്ലേ? സൈന്യത്തിന്നു ക്ഷയമില്ലല്ലോ.

സ്കന്ദൻ:— (ഉല്ലാസരത്തോടെ) എടോ, സർവതാപ,

വർദ്ധിയ്ക്കു, നിന്നമൃതകുണ്ഡമതീവ വർദ്ധി-
യ്ക്കു.ദ്ധ്യസ്തവീരരിഹ പേർത്തുയിർ നേടുമല്ലോ;
ത്വദ്യോധർ മൃത്യുഭയമററടരാടിയാലേ,
യുദ്ധാഭിലാഷമിതെനിയ്ക്കു കൃതാർത്ഥമാകൂ! 25

നന്ദി:— (അപവാര്യ) കുമാര, ആഗ്നേയാസ്ത്രംകൊണ്ടു പൊന്മതിലുടച്ച് ആ കയ്യങ്ങളുംകൊണ്ട് അമൃതകുണ്ഡം തുത്തുകളയുക; അല്ലാതെ ഒടുങ്ങുകയില്ല, ദാനവപ്പടകൾ.

(സ്കന്ദൻ അപ്രകാരം ചെയ്യുന്നു)
(അണിയറയിൽ)

അഗ്ന്യസ്ത്രജ്വാലതട്ടിച്ചുടുചുടെയടരും
പൊന്മതിൽത്തുണ്ടനേകം
വ്യക്തച്ഛാംകാരമായ് വീണമൃതുകയമിതാ,
വററിയും ശുന്യമായ്പ്പോയ്,
ധിക്കഷ്ടം, കഷ്ട,മെമ്മട്ടിനി രണമൃതരാം
ദൈത്യർ ജീവിയ്ക്കുവേണ്ടൂ?
ചിക്കെന്നിന്നാദ്യമായിട്ടുറുതിയിൽ മുഴുകീ,
സർവതാപൻെറ സൈന്യം! 26

25. ഉദ്ധ്യസ്തർ = കൊല്ലപ്പെട്ടവർ. ഇഹ = ഈ യുദ്ധത്തിൽ. ത്വദ്യോധർ = നിൻെറ പടയാളികൾ. മേ = എനിയ്ക്ക്.

Digitized By Kerala Sahitya Akademi

വിശദാശയൻ:_ (ഗർവോടെ) പേടിത്തൊണ്ടന്മാരേ, എന്തൊരു വല്ലായ്മയാണിത്? ഭൃഗുവൻ പ്രസാദിച്ചിരിയ്ക്കുമ്പോളുണ്ടോ, ദൈത്യക്ഷതി?

(രണ്ടുപേരും ചിന്ത നടിയ്ക്കുന്നു. അനന്തരം ശുക്രൻ പ്രവേശിയ്ക്കുന്നു.)

ശുക്രൻ:__(ഗർവോടെ)

അശോഷ്യൻ ഞാ ന.പേയൻ ഞാ -
ന,ഹാര്യൻ ഞാനനാദാദൻ;
എങ്ങനെൻറയമൃതത്വത്തിൽ-
ദൈത്യക്ക മൃതിസങ്കടം? 27

അസുരന്മാർ പ്രത്യുജ്ജീവിച്ചു, ദേവസൈന്യത്തെ ഒടുക്കട്ടെ എന്നാൽ, എൻെറ ഭ്രാതാവായ ഈ കുമാരനെ രക്ഷിയ്ക്കുകതന്നെവേണം: എന്നെ യാചകനാക്കിയിരിയ്ക്കുന്നവനല്ലോ, ഭഗവാൻ ഭർഗ്ഗൻ.

നന്ദി:__(സഖേദം) എയ്, ശുക്രൻ വന്നെത്തിയിരിയ്ക്കുന്നു: ഇയ്യാൾക്ക മഹാദേവങ്കൽനിന്നുതന്നെ മൃതസഞ്ജീവനീവിദ്യ കിട്ടിയിട്ടുണ്ടല്ലോ. അതിനാൽ, ഇനി അസുരന്മാരോടടർ വെട്ടുന്നത് ബുദ്ധിമുട്ടിന്നുമാത്രം; ദേവദേവൻെറ അരുളപ്പാട കിട്ടാതെ കുമാരനെ ഞാൻ യുദ്ധത്തിൽനിന്നു പിന്മാററിക്കൂടതാനും.

(അനന്തരം നാരദൻ പ്രവേശിയ്ക്കുന്നു.)

നാരദൻ:__(ഹർഷത്തോടെ) അഹോ, ജഗദീശനായ ശിവന്ന് എന്നെക്കുറിച്ചുള്ള പരിഹാസം: 'എടോ കലഹപ്രിയ, കുമാരനും സർവതാപനും തമ്മിലെ പടവെട്ടൽ നിൎത്തിയ്ക്കുക' എന്നു ചിരിച്ചുംകൊണ്ടാണെല്ലോ, എന്നെ പറഞ്ഞയച്ച

26. വൃക്‌തച്ഛാംകാരം = ഛാം എന്ന (വെള്ളത്തിൽ വീഴുമ്പോളത്തെ ഒച്ച കേൾക്കാകുമാറ്.

27. എന്നെ (അമൃതകുംഭത്തെ എന്നപോലെ) വററിയ്ക്കാനും കടച്ചുതീൎക്കാനും തട്ടിനീക്കാനും ആവില്ല. എൻെറ അമൃതത്വത്തിൽ = ഞാൻ അമൃതമായിരിയ്ക്കെ, അമൃതനായിരിയ്ക്കെ എന്നും.

Digitized By Kerala Sahitya Akademi

ത്! എന്നിട്ടും ഇപ്പോഴും അതൃപ്തിയില്ല, യുദ്ധദർശനൌത്സുക്യം: ഇരുമ്പുപുരിയിലെ പോർത്തിറക്കം കണ്ടപ്പോഴാണ് എനിക്കു പാതി മതിവന്നു; വെള്ളിനഗരത്തിലെ പടവെട്ടൽ കണ്ടതോടേ തികച്ചും മതിവന്നുകഴിഞ്ഞു. അയ്യയ്യ, എന്തൊ പായമാം, ഇരിമ്പുപുരം ചുട്ടെരിച്ചതിൽ പാവനപാവകന്മാരുടെ ചുണയും; ഹിമാംശുവും ഹിമവാനും വെള്ളിനഗരം മഞ്ഞുകൊണ്ടു നിറച്ചതും; രണ്ടിടത്തും പുറത്തേയ്ക്കു ചാടിയ ദൈത്യഗണങ്ങളുടെ കെട്ടിവരിഞ്ഞ പാശപാണിയുടെ കൈവേഗവും! അതുതന്നെ അവരുടെ പ്രാണനെ അപഹരിച്ച യുദ്ധസാമർത്ഥ്യം എങ്ങിനെ വർണ്ണിയ്ക്കേണ്ടു! എന്നാൽ ഇനി വേഗത്തിൽ, കാർത്തികേയനെ യുദ്ധത്തിൽനിന്നു പിന്മാററുകതന്നെ. (മുമ്പിൽനോക്കി ഹർഷാശ്ചര്യങ്ങളോടെ) എയ്, ഇതാ, കാർത്തികേയൻ ആകാശത്തേയ്ക്കു ശരങ്ങളും വർഷിയ്ക്കുന്നു. അയ്യയ്യ,

> അറുമുഖനിവനാസ്യം മാത്രമല്ല,ദ്വനാകം
> ഗിരിമകളുടെപതിയെക്കാളേറമേ പോർക്കരുത്തും;
> പരശിവനുടെ ശൌര്യം വിസ്മരിച്ചേച്ചി, വകൽ-
> സ്സുരപുരതരുമാല്യം സിദ്ധർ ചാർത്തുന്നുവല്ലോ! 28

അടുത്തുചെന്ന് വിലക്കുകതന്നെ. (അടുത്തു ചെന്നിട്ട്) ഹേ, കുമാര, ഹേ, ശിലാനന്ദന, നിങ്ങളോട് ഭാർഗ്ഗവഭഗവാൻ അരുളിച്ചെയ്യുന്നു:— എന്റെ പുത്രനാക്കിവെയ്ക്കപ്പെട്ടവനാണെല്ലോ ഈ ഭാർഗ്ഗവൻ. എന്നിരിയ്ക്കെ, നീയെന്താണ്, ഇവന്റെ ആളായ സർവതാപാസുരനെ പീഡിപ്പിപ്പിച്ച് എന്നെ ലജ്ജിപ്പിയ്ക്കുന്നത്?

നന്ദി:— (ആത്മഗതം) ഞാൻ വിചാരിച്ചതുതന്നെയാണ് ഇദ്ദേഹം ചെയ്യുന്നത്. (പ്രകാശം) ദേവദേവന്റെ അരുളപ്പാടു പോലെ. (സ്കന്ദനോട്) ആയുഷ്മൻ, അച്ഛന്റെ ആജ്ഞ തള്ളിക്കൂടാ; യുദ്ധം നിർത്താം.

28. ആസ്യം = മുഖം. ശിവൻ പഞ്ചമുഖനത്രേ. സുര...മാല്യം = കല്പകവൃക്ഷപ്പൂമാല. സിദ്ധർ = ഒരു വിധം ദേവന്മാർ.

Digitized By Kerala Sahitya Akademi

സ്കന്ദൻ:— (സഖേദം, ആത്മഗതം) അയ്യോ, എൻെറ ഭാഗ്യക്കേടു്: നെടുനാളുകൊണ്ടു കണ്ടുകിട്ടിയ ഇവനോടു് പടവെട്ടുക എന്ന മഹോത്സവത്തിനു വിഘ്നം വന്നുചേർന്നുവല്ലോ! (പ്രകാശം: നെടുവീർപ്പിട്ടു്) അച്ഛൻെറ കല്പനപോലെ (എന്നു പരിഭവത്തോടേ പോയി.)

ശുക്രൻ:— (ഗർവോടേ ആത്മഗതം) അഹോ, അസുരന്മാരിൽ അരിശമുണ്ടെങ്കിലും വൃഷഭജൻതിരുവടിയ്ക്കു് എന്നെക്കുറിച്ചുള്ള പുതിയ പുതിയ വാത്സല്യം! (പ്രകാശം) ദാനവേശ്വര, സർവതാപ, വത്സ, വിശദാശയ, ഇങ്ങോട്ടു വരിക; നമുക്കു യുദ്ധത്തിൽ വലഞ്ഞ അസുരന്മാരെ ആശ്വസിപ്പിയ്ക്കാം.

(എല്ലാവരും പോയി.)

മൂന്നാമങ്കം കഴിഞ്ഞു

Digitized By Kerala Sahitya Akademi

# നാലാമങ്കം

(അണിയറയിൽ)

സൂരൻ മുടിയ്ക്കുന്നു, മയൂഖബാണ–
പൂരത്തിനാൽശ്ശത്രുതമോഗണത്തെ;
തേരിന്റെ വൻപാച്ചിൽവശാലിവന്നു
ദ്ധ്വാന്തമില്ലൊന്നരികത്തുമില്ല! 1

വിശദാശയൻ:— (പ്രവേശിച്ചു, കേട്ടുനിന്നിട്ട്) നേരം പുലൎന്നു പോയോ! എന്നെ പുലർകാലത്തുതന്നേ * ഈ ദുരുപശ്രുതി കേൾപ്പിച്ചതാരാണ്? വല്ല ദേവവൈതാളികന്മായിരിയ്ക്കും...*...ആകട്ടെ. ഗുരുവായ ശുക്രഭഗവാന്റെ പാദാരവിന്ദം വന്ദിയ്ക്കാം. (ചുററിനടന്നു മുമ്പിൽ നോക്കിയിട്ട്) ഇതാ, ശുക്രഭഗവാൻ*...ഇദ്ദേഹം, ഉള്ളിൽ വല്ല കരടും പതിഞ്ഞ പളുങ്കുപോലെ ഒളിമങ്ങി കാണപ്പെടുന്നുവല്ലോ! (വേഗത്തിൽ അടുത്തുചെന്ന്) ഭഗവൻ, ഭാൎഗ്ഗവ, ഇതാ വിശദാശയൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു.

ശുക്രൻ:— സൌമ്യ, ദീൎഘായുസ്സാകുക!

വിശദാശയൻ:— (സവിനയം) എന്താണ്, ഭഗവാൻ മറെറാരു മട്ടിലായി കാണപ്പെടുന്നത്?

ശുക്രൻ:— (സഖേദം) വിശദാശയ, ഒരു ദുസ്സ്വപ്നം കണ്ടതിലുണ്ടായിവന്ന വൈമനസ്യത്താലാണ്, ഞാൻ നിഷ്പ്രഭനായിത്തീൎന്നത്: അതിന്നു വല്ല ശാന്തികവും അനുഷ്ഠിയ്ക്കാൻ നോക്കാം.

(അണിയറയിൽ)

1. ദുരുപശ്രുതി—അണിയറശ്ലോകത്തിൽ അസുരവധമാണല്ലോ, സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. * പൊടിവ്. * പൊടിവ്.

Digitized By Kerala Sahitya Akademi

ഈരെട്ടുപേരുമൊന്നിച്ചു
നമ്മാംതൻ പുണ്യവായ്പിനാൽ;
ഇതോടുകൂടി,യാ മൂവ്വർ
പഞ്ചത്വം പൂകകഞ്ജസാ! 2

വിശദാശയൻ:— (കേട്ടിട്ട്) ഒരു കടംകഥപോലെ, ആകാശവാണി ഇച്ചൊല്ലിയതെന്താണ്?

ശുക്രൻ:— (ക്ഷണനേരം ധ്യാനം നടിച്ചിട്ട്) വത്സ, വിശദാശയ, ആകാശവാണിയല്ല, ഇതു ചൊല്ലിയത്; ത്രിപുരാസുരന്മാർ ഉപദ്രവിച്ചുപോന്ന ചിത്രശിഖണ്ഡികൾ അവരെ നശിപ്പിയ്ക്കാൻ ശ്രമിയ്ക്കുകയാണ്. ഞാൻ തിരിച്ചറിഞ്ഞു: മഹേശാദി ദിക്പാലന്മാർ, വിഷ്ണു, ബ്രഹ്മാവ്, സുബ്രഹ്മണ്യൻ, അനന്തൻ, സൂര്യൻ, ചന്ദ്രൻ, ധർമ്മം എന്നീ പതിനാറുപേർ ത്രിപുരവധത്തിന്നൊരുങ്ങി ഒന്നിച്ചു ചേർന്നിരിയ്ക്കുന്നു.

വിശദാശയൻ:—(സഖേദം) അയ്യോ, അത്യാപത്ത്, അത്യാപത്ത്!

ശുക്രൻ:—വത്സ, വിശദാശയ, ദുസ്സ്വപ്നങ്ങളാം പുറത്തുപറയാതിരിയ്ക്കയാണുത്തമം; * എന്നാൽ സപ്തർഷിവാക്യം എന്നെക്കൊണ്ടു വായ് തുറപ്പിയ്ക്കുന്നു. നീ കേട്ടുകൊള്ളുക.

മേലൊട്ടുക്കെണ്ണതേച്ചും, തലയിലൊരുരുബ-
ന്ധൂകമാല്യം ധരിച്ചും,
ബാലപ്ലക്ഷപ്രവാളപ്രഭമൊരു വസനം
ചുററിയും സർവതാപൻ
വേളിക്കോപ്പൊക്കെയേന്തി,ശ്ശുഭ പടഹമടി-
ച്ചു,ഷ്ട്രമേറിപ്പടിഞ്ഞാ_
ട്ടായിപ്പോകുന്നതത്രേ, നിശയുടെയവസാ_
നത്തിൽ ഞാനിന്നു കണ്ടു. 3

2. പഞ്ചത്വം = അഞ്ച് എന്ന നില; മരണമെന്നും.
* ചിത്രശിഖണ്ഡികൾ = സപ്തർഷികൾ.
* സപ്തർഷിവാക്യം അണിയറശ്ലോകംതന്നെ.

Digitized By Kerala Sahitya Akademi

അതിനാൽ ഞാൻ ശാന്തികവും വൈരിവഞ്ചനപ്രയോഗവും (ചെവിയിൽ ഇന്ദുദിനെയൊക്കെ) കഴിച്ചു വരാം; അതുവരെ നീ കരുതലോടെ ഇരിക്കണം. ഉത്സാഹഭംഗം ശങ്കിച്ചു സർവതാപനെപ്പോലും അറിയിക്കാതെയാണ്, ഞാൻ പോവുക. ഇവർ അകലത്തായതുകൊണ്ടു മരണമടയുകയില്ല; നീ പേടിക്കേണ്ടാ.

വിശദാശയൻ:—(സഖേദം നെടുവീർപ്പിട്ട്)

സ്വൈരം ദൂരേ ചരിച്ചാലും
ദൂരത്താകാ, മൃതിക്കിവർ:
ഇപ്പാപപകരിൽ ക്രോധം
പൂണ്ടോനല്ലോ, വൃഷധ്വജൻ! 4

ശുക്രൻ:—നീ വിഷാദിക്കരുത്:

എന്തെന്തു ചെയ്കീടണമെപ്പൊളെപ്പോ-
ഴസ്മ്പുദ്ധിയാൽ, ചെയ്കതതപ്പളപ്പോൾ;
അചിന്ത്യവൃത്തൻ ഭഗവാൻ വിധാതാ—
വാക്കെങ്കിലും വത്സ, വിധേയനാമോ? 5

വരം നല്കിയ വിരിഞ്ചഭഗവാനും നാരദൻ ക്രോധാഗ്നിയെ വീശിക്കത്തിക്കുന്നതു ഞാൻ ധ്യാനചക്ഷുസ്സുകൊണ്ടു കാണുന്നുണ്ട്. എന്നാൽ പോയ്ക്കോൾക; കരുതലോടെ ഇരിക്കുക. ഞാനും നിനച്ചതു നിറവേററാം.

(രണ്ടുപേരും പോയി.)

വിഷ്കംഭം

3. ഉരു....മാല്യം = വലിയ ചെമ്പരുത്തിപ്പൂമാല. ബാല...പ്രഭം = ഇളയ ഇത്തിത്തളിരിന്റെ നിറമുള്ള. ഉഷ്ട്രമേറി = ഒട്ടകത്തിന്റെ പുറത്തു കേറി. സർവതാപമരണസൂചകമത്രേ ഈ സ്വപ്നം.

4. പാപപകർ = പാപങ്ങൾകൊണ്ട് മുപ്പെത്തിയോർ; വീഴ്ചയടുത്തവർ.



Digitized By Kerala Sahitya Akademi

(അനന്തരം ബ്രഹ്മാവും നാരദനം പ്രവേശിക്കുന്നു.)

ബ്രഹ്മാവ്:—(നിർവേദത്തോടെ) ഉണ്ണി, നാരദ. നീ എന്തിനെന്നെ പീഡിപ്പിക്കുന്നു?

ബാഢം ദൈതേയവൃക്ഷങ്ങളെയമൃതവരം–
കൊണ്ടു വായ്പിച്ചതെൻ ചൊൽ–
ത്തോടല്ലോ; കാട്ടുതീ പോലതുകളെയിതുതാൻ
ക്ഷിപ്രമെരിച്ചിരിക്കും?
ഐശ്വര്യം സർവഗാജ്ഞം ത്രിഭുവനകൃപയാ–
ലാന്ന രുദ്രൻ ചിളത്തി-
ക്കൊള്ളട്ടേ, തക്ക മൂപ്പെത്തിയ ദിതിസുതരെ–,
ച്ചണ്ഡമാം ദണ്ഡനത്താൽ! 6

നാരദൻ:—അച്ഛ, മതി ഇടയിളക്കം. ഈ ത്രിപുരാസുരപ്പുഴക്കരം ഇത്ര മീതെ കേറിയത്, ഇവിടത്തെ മാന്യമായ അരുളപ്പാടിന്റെ മഹിമയാണ്. അവരുടെ ദുസ്സരമായ വധം ഭർഗ്ഗഭഗവാൻതന്നെ ഏറ്റെടുത്തിരിക്കുന്നു. അതിനാൽ, * അനൃതം പറവുമെന്ന മാന്ദ്യം ഇനി വേണ്ടതന്നെ. അച്ഛൻ നോക്കുക:

വിസ്തീർണ്ണാവനിയാകണം, രഥികനാം
ഭൂതേശദേവന്നു തേ–
ര;–ത്തേർ വേണ്ടവിധം തെളിക്കുവതിനാ–
രുണ്ട,ച്ഛനല്ലാതൊരാരാം?
പൃത്ഥ്വീഭൃൽപ്രഭുതന്നെ കാർമ്മുക;-മതിൻ-
ഞാണോ ഫണീന്ദ്രൻ; തദൗ-
ചിത്യം നോക്കിടുകിൽ, ത്രിവിക്രമവപു-
സ്സുദ്രേഹമേ, സായകം! 7

6. ബാഢം—അനുമതിദ്യോതകമായ അവ്യയം. അമൃതവരം = അമൃതം (അമൃത്, വെള്ളമെന്നും) പോലെയുള്ള വരം. ചൊൽത്തോട് = വാക്കാകുന്ന തോട്. ഇതു—ചൊൽത്തോട്. സർവ്വഗാജ്ഞം = എങ്ങും ചെല്ലുന്ന (തടവില്ലാത്ത) ആജ്ഞയോടുകൂടിയ. ഐശ്വര്യം മൂന്നു ലോകത്തെക്കുറിച്ചുള്ള ദയയാൽ ആന്ന.

Digitized By Kerala Sahitya Akademi

([illegible])

സോദര, നാരദ, അ[illegible]തിടുക്ക[illegible]ട്ടരുക. തിടുക്കപ്പെ ട്ടു[illegible]: ഇതാ, [illegible] ഭഗവാൻ ശിവൻ ഭൂമിയാകുന്ന തേരിൽകയറി[illegible].

നാരദൻ:—(ഹർഷോൽസുകനായി[illegible]) അച്ഛ, [illegible]ങ്ങളുടെ പുത്ര മകൻ ധർമ്മനാണ് ഇപ്പ്രായ[illegible]ത്. നോക്കു:

ഉത്സാഹേന ഗന്ധാരിയാം ധാമി പുരാ–
നാരോഹണംചെയ്തതാ–
മുത്സപ്താനിലവാജി ഭൂരഥമിതാ,
വന്നെത്തിയത്യദ്ഭുതം,
ചക്രീഭൂതശശാങ്കചണ്ഡകരർതൻ
വാഴ്‌വും കതിർച്ചാർത്തിനാൽ
സ്വർഗ്ഗംഗാബ്ജധിരസ്ക്രിയാകളുണർവ്വും
നേക്കൊപ്പമേകുന്നതായ്! 8

ഇതാ, മഹേന്ദ്രാദിദേവന്മാരും പിന്തുടരുന്നുണ്ട്.

(അനന്തരം തേരിൽ ശിവൻ പ്രവേശിക്കുന്നു.)

ബ്രഹ്മാവ്:—(നോക്കിയിട്ട് ഔൽസുക്യത്തോടെ) ഉണ്ണി, നാരദ, വരിക, വരിക. (രണ്ടുപേരും അടുത്തുചെന്നു തേരിൽ കയറുന്നു.)

ബ്രഹ്മാവ്:—(ശിവനെനോക്കി, സവിനയം) ആയുഷ്മൻ, (എന്ന് അർദ്ധോക്തിയിൽ ലജ്ജാസ്മിതത്തോടെ) ഭഗവൻ, പരമേശ്വര, ഇതാ, അങ്ങയുടെ സാരഥി അങ്ങയെ വണങ്ങുന്നു.

* അസ്തം—വരംകൊടുത്തത് മറിച്ചാവുക.

7. ഭൂതേശ്വരൻ = ശിവൻ. പൃഥ്വീധ്രൽപ്രഭു = പർവതേശ്വരൻ, മഹാമേരു. കാർമ്മുകം = വില്ല്. തദൌചിത്യം = അതിന്റെ ഔചിത്യം. ത്രിവി...ദേഹം = ത്രിവിക്രമനായി (വാമനനായി) അവതരിച്ച അദ്ദേഹം; വിഷ്ണു. സായകം = ശരം.

8. ഉത്സപ്താനിലവാജി = സപ്തമരുത്തുക്കളാകുന്ന കുതിരകളെ പൂട്ടിയത്. ചക്രീ......കരർ = (തേരിന്റെ) ചക്രങ്ങളായിച്ച മഞ്ഞെ ചന്ദ്രസൂര്യന്മാർ. നേക്കൊപ്പം—ശരിയ്ക്കൊരേ സമയത്ത്.

Digitized By Kerala Sahitya Akademi

ശിവൻ:— സൂത, (എന്നു് അർദ്ധോക്തിയിൽ ലജ്ജിച്ചു്) ശാന്തം പാപം! പിതാമഹനെ ഞാൻ വണങ്ങുന്നു. തേർ തെളിയ്ക്കുമാറാകണം.

(ബ്രഹ്മാവു തേർ തെളിയ്ക്കുന്നു)

വില്ലിനെ, വില്ലനെ, ലാക്കിനെ
വിടുകില്ലേതൊന്നു മുക്തമായാലും,
അശ്ശരമാമീ മുക്തിദ-
വിഷ്ണുവിനെക്കൈവണങ്ങുകിന്നച്യുൻ! 9

ബ്രഹ്മാവ്:— (സസംഭ്രമം വണങ്ങിയിട്ടു്) ഉണ്ണി, നാരദ,

ഈ വിഷ്ണുവായ ബാണത്താ-
ലാവിദ്ധംതന്നെ വിഷ്ടപം;
സപക്ഷൈതമതത്താലാ-
ണയിർക്കൊള്ളൽ മരിയ്ക്കലും! 10

വിഷ്ണു:— (സസംഭ്രമം) ആചാര്യഭഗവാനെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

(എല്ലാവരും യഥോചിതം ഇരിയ്ക്കുന്നു.)

ശിവൻ:— (മുമ്പോട്ടു നോക്കി, ആശ്ചര്യത്തോടെ) എയ്യ് നോക്കുവിൻ, നോക്കുവിൻ:

നേരിട്ടുണ്ടണയുന്നു കാഞ്ചനപുരം:
സ്വർണ്ണാചലത്തിൻെറ താ-
ഴ്വാരങ്ങൾക്കെതിരായ് നഭസ്ഥലമിതിൻ
കാന്തിപ്പരപ്പേല്ക്കയാൽ;

9. മുക്തമായാലും = എയ്യപ്പെട്ടാലും. വില്ലിനേയും വില്ലാളിയേയും ലാക്കിനേയും വിടുകയില്ല.

10. ആവിദ്ധം = തറയ്ക്കപ്പെട്ടതു്; വ്യാപിയ്ക്കപ്പെട്ടതു് എന്നും. സപക്ഷശബ്ദത്തിന്നു ബന്ധുവെന്നും, (ബാണവിശേഷണത്തേ്വന) ചിറകുള്ളതു് എന്നും രണ്ടർത്ഥം. ഇദ്ദേഹത്തിൻെറ ഇച്ഛയാലാണു്, ജീവിതവും മരണവും.

Digitized By Kerala Sahitya Akademi

വിഷ്ണു:— (ആശ്ചര്യത്തോടേ)

സ്വാരാജ്യപ്പുഴതൻനിറത്തൊട്ട,മതിൻ
പിന്നാലെ വെള്ളിപ്പുരം;

ബ്രഹ്മാവ്:— (ആശ്ചര്യത്തോടേ)

മാരികാറണിയെന്നപോലതിനട്ട–
ത്തായുണ്ടിരിമ്പാം പുരം! 11

ശിവൻ:— അമ്പോ, ശൌര്യത്തിന്റെ മത്തു പിടിച്ച ദാനവന്മാരുടെ ബുദ്ധിമറിവ്: സ്വയമേ ഒരൊററശ്ശരത്തിന്നു ലാക്കായിത്തീരുന്നുവല്ലോ, ഇവർ!

(അനന്തരം പൊന്നിൻപുരത്തിൽ വിഹരിക്കുന്ന സർവതാപൻ സപരിവാരനായി പ്രവേശിക്കുന്നു.)

സർവതാപൻ:— (ഗർവോട്ടം അരിശത്തോടുംകൂടി) ആര്യ, വിശദാശയ, നോക്കൂ, നോക്കൂ, ദേവന്മാരുടെ തെമ്മാടിത്തം; ഇതാ, എനിക്കെതിരായി മറെറാരു മുപ്പുരം നിർമ്മിക്കപ്പെട്ടിരിക്കുന്നു! ചെല്ല്, എടോ സ്ഫുടാക്ഷരാ, ചെല്ല്: സൂര്യതാപ—ചന്ദ്രതാപന്മാരെ പുരങ്ങളോടുകൂടി കൊണ്ടുവാ. ദേവന്മാർ നിർമ്മിച്ചതായ ഈ മുപ്പുരം ചുട്ടുകളയുക.

സ്ഫുടാക്ഷരൻ:—(മുമ്പിലേക്കു നോക്കി) എയ് വന്നു കഴിഞ്ഞു, സൂര്യതാപനും, ചന്ദ്രതാപനും; തിരുമേനി തൃക്കണ്പാർത്താലും.

സർവതാപൻ:—(കണ്ടിട്ട് ഹർഷത്തോടെ) ശരി, ശരി, ഇവരു കണ്ടിരിക്കുന്ന മായാമുപ്പുരം.

വിശദാശയൻ:—(സാകൂതം ചിരിച്ച്) ദൈത്യാധിപ, എന്തിനു വല്ലായ്മ? മുപ്പുരത്തെ പിന്മാററിക്കൊണ്ടാലും.

സർവതാപൻ:—(സക്രോധം) നന്ന്, അങ്ങയുടെ *സാചിവ്യം: രണ്ടാമത്തെ ഒരു മുപ്പുരയുദ്ധത്തിനു നേരിടുന്നു; അങ്ങു ചിരിക്കുന്നു!

11. സ്വാരാജ്യപ്പുഴ = സ്വർഗ്ഗനദി.

Digitized By Kerala Sahitya Akademi

(വിശദാശയൻ ഔത്സുക്യത്തോടെ എഴുന്നേറ്റു ചെവിയിൽ [illegible]ണെന്നു പറയുന്നു.

സർവതാപൻ:—(സക്രോധം) വെറുതേ ഈ 'ചെവികടിയ്ക്കു' ലെന്തിനു്? ആരു വിശ്വസിയ്ക്കും, ദേവപക്ഷക്കാരായ മുനിമാരുടെ കുലത്തിൽ പിറന്ന ബ്രാഹ്മണരായ നിങ്ങളെ? ഇങ്ങിനെയാണെങ്കിൽ, ശുക്രൻ എന്നോടു പറയാതെ പൊയ്ക്കളഞ്ഞതെന്തു്? ഇങ്ങിനെ ചെയ്താൽ ഞങ്ങൾക്കുപകാരമാകുമോ? നേരെമറിച്ചു്, അപകാരം തന്നെ! എന്തുകൊണ്ടെന്നാൽ

അബ്ഭാർഗ്ഗവൻ മുപ്പുരി മായയാൽത്തീ-
ർത്തീശാനനെക്കൊണ്ടെരിയിയ്ക്കുമെങ്കിൽ,
പുരത്രയം ധൂർജ്ജടി ചുട്ടുവെന്നീ-
യുരത്ത ദുഷ്ക്കീർ നിലനില്ക്കുമല്ലോ! 12

അതിനാൽ, ആര്യന്നു യഥേഷ്ടം പോകാം. ഞങ്ങൾക്കു വരാനുള്ളതു വരും!

വിശദാശയൻ:—(സരോഷം ആത്മഗതം) ഇയ്യാൾക്കു് ആപത്തടുത്തു, തീർച്ച: ബുദ്ധി മറിഞ്ഞിരിയ്ക്കുന്നുവല്ലോ; എന്നാൽ, ഇങ്ങിനെതന്നെയാകട്ടെ! (പ്രകാശം) ഇതാ, ഞാൻ ഗുരുസന്നിധിയിലേയ്ക്കു പോകുന്നു.

(പോയി)

ശിവൻ:—(യഥാർത്ഥത്രിപുരം കണ്ടിട്ടു്, ആത്മഗതം) ത്രിവിക്രമന്റെ ഊഹം ശരിയായി: ഇതാ, മറ്റൊരു മുപ്പുരം വന്നു ചേർന്നിരിയ്ക്കുന്നു.

ബ്രഹ്മാവു്:—ഇവയിൽ ഏതാണു് സത്യം, ഏതാണു് മായ എന്നറിയുന്നില്ല.

നാരദൻ:—(ഔത്സുക്യത്തോടെ) എന്തിനാണു്, ഈ ആലോചന? ശരഗോചരമായിത്തീർന്നിരിയ്ക്കുന്ന ഇതിനേയും നശിപ്പിയ്ക്കാം.

* സാചാവ്യം = മന്ത്രം.

Digitized By Kerala Sahitya Akademi

വിഷ്ണു:—(പരിഹാസത്തോടേ) കലഹപ്രിയനു പിടിച്ചു! എന്നാൾ, ക്ഷണനേരം ക്ഷമിയ്ക്കുക.

സർവതാപൻ:— (സഗർവരോഷം) സൂര്യതാപ, ചന്ദ്രതാപ, വേഗം, വേഗം: ഈ ദേവനിർമ്മിതമായ ത്രിപുരം നശിപ്പിയ്ക്കുക, നശിപ്പിയ്ക്കുക.

(എന്നു, ശരവർഷം ചെയ്യുന്നു.)

ശിവൻ:—(ആശ്ചര്യത്തോടെ നോക്കിയിട്ട്) അഹഹ, നോക്കു, നോക്കു: (ഉത്സാഹത്തോടെ)

ഇതു രജനിയിലല്ലാതുത്ഭവിച്ചോരിരുട്ടോ?
ഇതൊരനലനിൽനിന്നല്ലാത്ത ധൂമപ്പിറപ്പോ?
ഇതൊരഭ്രഭവശാലുണ്ടായ പാററപ്പരപ്പോ?
ഇതു ദിതിസുതസൈന്യത്തിൻെറ ബാണപ്പടപ്പോ? 13

വിഷ്ണു:—(ആശ്ചര്യത്തോടെ) എന്ത്, മുമ്പേ വന്ന ത്രിപുരം പോയിക്കഴിഞ്ഞു. അഹോ, ഒരു വമ്പിച്ച വ്യാമോഹം: ഈ രണ്ടാമത്തെ മുപ്പുരം അസുരപക്ഷത്തിലുള്ളതാണെങ്കിൽ, സർവ്വതാപാദികൾ പാഞ്ഞണഞ്ഞതെന്ത്? ഇതു ശുക്രൻ നിഗൂഢമായി നിർമ്മിച്ചതായിരിയ്ക്കും; അതറിയാതെ ഗർവിഷ്ഠൻ നശിപ്പിയ്ക്കുന്നു. ആകട്ടെ, നമുക്കഭിമതംതന്നെ!

സർവതാപൻ:— (നോക്കിയിട്ട്, ഗർവോടേ) ദേവന്മാർ നിർമ്മിച്ച കള്ളത്രിപുരം പിൻവാങ്ങിക്കഴിഞ്ഞു. (ക്രോധത്തോടേ, ആകാശത്തു ലക്ഷ്യംവെച്ച്)

രേരേ നിലിംപരി,ടർ വിട്ടടർവെട്ടിനില്ലാൻ
നേരാരാത്ത നിങ്ങൾ കളവെന്തിനു കൈതുടർന്നു?
ഹാ, നിങ്ങൾ തന്നതതു വഞ്ചനവിദ്യകൊണ്ടു
ചാക്കേററ ദൈത്യരവരോ, ത്രിപുരേശ്വരന്മാർ, 14

14. ദൈത്യരവരോ—ആ ദൈത്യരെപ്പോലെയുണ്ടോ, ത്രിപുരേശ്വരന്മാർ (ഞങ്ങൾ) നിങ്ങളുടെ ചതിപ്പണികൊണ്ടു മൃതിയടയുന്നു?

Digitized By Kerala Sahitya Akademi

നാരദൻ:— (ഔത്സുക്യത്തോടേ) ഇനി കാത്തിരിപ്പെന്തിന്ന ? അട്ടത്തെത്തിക്കഴിഞ്ഞു; ഇവരെ ഹനിയ്ക്കാം.

ശിവൻ:— നാരദ, പരാക്രമത്തിന്നുള്ള അവസരമാണോ ഇത് ?

നില്ലാതിക്കൂട്ടരമ്പിൻവഴിയിലണയുവാൻ
ഹേതു, ദർപ്പജ്വരപ്പി-
ച്ചല്ലോ; ഹാ, കഷ്ടമാർതൻകരമുടനിവരെ-
ക്കൊല്ലുവാൻ വില്ലെടുക്കം?
ചൊല്ലാനില്ലാത്തൊരല്പത്തൊഴിലിന്ന വളരെ-
ബ്ഭാടിപൂണ്ടീടുകിൽ,ച്ഛീ
വില്ലൻ,ഛീ കാർമ്മുകം, ഛീ പടപൊരുതിടുവോൻ.
ഛീ രഥം, ഛീ തെളിപ്പോൻ! 15

വിഷ്ണു:— (പരിഹാസഗർഭമായി) കലഹപ്രിയ, ശരിയാണ്, പരമേശ്വരൻ പറഞ്ഞത് ക്ഷമിയ്ക്കു. ഇവർ വീണ്ടും മുമ്പേത്തെപ്പോലെതന്നെ ദൃപ്തരായിത്തീരട്ടെ. ദൃപ്തനായ ശത്രുവിനോടുള്ള വിക്രമത്തിന്നാണല്ലോ ഉൽകൃഷ്ടത.

സ്ഫുടാക്ഷരൻ:— (സവിനയം) സ്വാമിൻ, സർവതാപ, ഇതാ,ശത്രുക്കളുടെ ചതിപ്പണി ചതയ്ക്കപ്പെട്ടു കഴിഞ്ഞു. ഇനി, മുമ്പേത്തെപ്പോലെ സ്വസ്ഥാനങ്ങളിൽത്തന്നെ സഞ്ചരിയ്ക്കട്ടേ, സൂര്യതാപചന്ദ്രതാപന്മാർ: ഇങ്ങിനെ ഒന്നിച്ചു നില്ക്കുന്നതു ബുദ്ധിയല്ല.

സർവതാപൻ: —(പരിഹാസഗർഭമായി) സ്ഫുടാക്ഷര, ശുണ്ഠിക്കാരനാണ് നീ. ആരാളാവും, നീ പറഞ്ഞതു തള്ളാൻ? യഥോചിതം ചെയ്യിച്ചുകൊൾക.

സ്ഫുടാക്ഷരൻ:— അരുളപ്പാടുപോലെ (ചുററിനടന്ന് അതതു ചെയ്യുന്നു.)

വിഷ്ണു:—(നോക്കിയിട്ട്, സംഭ്രമത്തോടെ) മഹേശ്വര, നോക്കു, നോക്കു: ഇപ്പോൾ ഇവർ വേണ്ടുവോളം ഇടവിട്ടിടവിട്ടായിരിയ്ക്കുന്നു; എയ്താൽ കൊള്ളുമോ ഇല്ലയോ എന്ന് എനിയ്ക്കറിഞ്ഞുകൂട!

15. ഛീ വില്ലൻ—വില്ലാളിയുടെ കഥ മോശംതന്നെ!

Digitized By Kerala Sahitya Akademi

ശിവൻ:—(സഹർഷോല്ലാസം, പെട്ടെന്നെഴുന്നേററിട്ട്) കൊല്ലപ്പെട്ടുകഴിഞ്ഞു ഇവർ; സംശയമെന്ത്? വിരിഞ്ചഭഗവാൻ തേർ വേഗത്തിൽ തെളിയ്ക്കട്ടെ!

(ബ്രഹ്മാവു തേർ തെളിയ്ക്കുന്നു)

നാരദൻ:—(വ്യാകുലത നടിച്ചു, സംഭ്രമത്തോടെ) അയ്യോ, തേരിൻെറ ഈ പാച്ചിലിൽ ഞാൻ എന്നെത്തന്നെയും അറിയാതായി! എൻെറ കണ്ണും ചെവിയും എവിടെപ്പോയി? പരമേശ, ഞാൻ മഹോത്സവം കാണ്മാൻവേണ്ടി ഇളകിച്ചമഞ്ഞ മുനിവൃന്ദത്തിൻെറ ഇടയിൽ കൈലാസമുകളിൽ കേറിനിന്നു കണ്ടുകൊള്ളാം. (ആകാശത്തിലൂടെ പോയി, അപ്രകാരം ചെയ്തിട്ടു, മുമ്പിൽനോക്കി ആശ്ചര്യത്തോടെ)

വെല്ലുന്നു, ദന്തിമഥനൻെറ മകരന്ദബാണം,
ചൊല്ലാവതല്ല; സുഗന്ധരമിതിൻെറ വേഗം!
ചെല്ലേണ്ട ലാക്കപരമൊന്നിതിനെന്നു തോന്നു-
ന്നല്ലോ, പുരത്രയമിതിൻവഴിമാത്രമായി! 16

ജ്യേഷ്ഠ, ധർമ്മ, നോക്ക, കണ്ണിന്നു കൃതാർത്ഥതവരുത്തൂ: ഇതാ, ശിവൻെറ ബാണാഗ്നിയാൽ പുരം മൂന്നും ഒന്നിച്ചുതന്നെ കത്തിയെരിയുന്നു.

ധർമ്മൻ:—(നോക്കി സന്തോഷത്തോടെ) കൊള്ളാം, കൊള്ളാം.

മുമ്പധ്വരങ്ങളെ മുടക്കിയതോർത്തു വൈരം
വമ്പിച്ച മൂവനലനന്ധകജിദ്ബലത്താൽ
സംപ്രാപ്തമായ പഴുതിൽപ്പെരുത്തുജ്ജ്വലിച്ചു
ജൃംഭിച്ചിതാ, ത്രിപുരമാകെ വിഴുങ്ങിടുന്നു! 17

16. ഇതിന്നു ചെല്ലേണ്ടുന്ന ലക്ഷ്യം മറെറാന്നാണെന്നു തോന്നും; അങ്ങോട്ടുള്ള വഴി മാത്രമായി, മുപ്പുരം! വേഗാതിശയത്താൽ ബാണം മുപ്പുരത്തേയും കടന്നുപോകുന്നു.

17. മൂവനലൻ = ത്രേതാഗ്നി. പഴുതിൽ = തവ്വിൽ.



Digitized By Kerala Sahitya Akademi

(അണിയറയിൽ)

അസ്പൃശസ്പർശമാന്നും, കയറിനിന്നമാം
വർണ്ണഭേദം കളഞ്ഞും,
ദുഷ്പാരാത്ത്യാ കരഞ്ഞാളുകളതിഭയമോ-
ടോട്ടമാറാക്കിവിട്ടും,
ദപ്പാൽ സ്ത്രീബാലവൃദ്ധാതുരതിയിലുമറിയും,
സൽപ്പഥത്തെത്തടുത്തും,
ക്ഷിപ്രം തീയൊന്നിതാ, മുപ്പുരമഹഹ, മുടി-
ക്കുന്നു, കുസ്വാമിപോലെ! 18

അത്രമാത്രമല്ല,

ശ്രാന്തൻപോലണയുന്നു ശയ്യയിൽ; നൃപൻ
പോലുണ്ടു ഭദ്രാസനേ;
രോധിപ്പൂ ദിശ വൈരിപോലെ;യറപൂ-
കുന്നൂ പ്രിയൻ പോലവേ;
വീരൻപോലെ കടന്നിഭാശ്വഘടയെ-
ദ്ധ്വംസിപ്പൂ; ഹാ കഷ്ടമാ-
രാരാണീശ്വര, മുപ്പുരത്തിനു ഭവാൻ
തീർത്താരു തിയ്യാമിവൻ! 19

മുനിമാർ:—(കേട്ടിട്ടു സഹർഷം) ഭാഗ്യം, ഇന്നു കേട്ടു, കേൾക്കേണ്ടതു്!

നാരദൻ:—(ആകാശത്തെക്കു നോക്കി, ആത്മഗതം) ആര്യന്മാരേ, ഞാൻ വിവശനായിരിക്കുന്നു; ദേവന്മാരെ കാണുന്നില്ല,

മുനിമാർ:—(ശങ്കയോടെ) വത്സ, നാരദ, നോക്കു,

18. അസ്പൃശ്യസ്പർശം = തൊട്ടുകൂടാത്തവരെ (വയെ) തൊടുക. വർണ്ണത്തിന്നു ജാതി എന്നും നിറമെന്നും അർത്ഥം. ദുഷ്പാരാത്ത്യാ = കരകിട്ടാത്ത ദുഃഖം മൂലം. പഥം = സന്മാർഗ്ഗം; ആകാശമെന്നും.

19. ശ്രാന്തൻ = ക്ഷീണിച്ചവൻ. രോധിപ്പൂ ദിശ = ദിക്കുകളെ വളയുന്നു. ഇഭാശ്വഘട = ആന-കുതിരക്കൂട്ടം.

Digitized By Kerala Sahitya Akademi

നാരദൻ:—(നേത്രപീഡ നടിച്ച്) ആൎയ്യന്മാരേ, ഞാൻ എന്തു നോക്കേണ്ടു?

ദിശി ദിശി കരിവണ്ടിൻചുട്ടയായ്ത്തീൎന്ന ധൂമ-
ച്ഛട,കനകമഹീഭൃച്ഛൃംഗതുംഗാംശുപുഞ്ജം!
പുതിയ പുതിയ കുന്നിക്കൊത്ത ചെന്തീപ്പൊരിച്ചാ-
ത്തഹഹ നഭസി കാണുന്നീല നാലാമതൊന്നും! 20

മുനിമാർ:—(മുന്നോട്ടു നോക്കി, സഹൎഷം) ഹാഹാ, നീ ഹൎഷംകൊണ്ടു വിവശനായിരിക്കുന്നു: നീ കാണുന്നില്ലയോ തേരിലേറിയ ത്രിപുരാന്തകൻ സൎവദേവപരിവാരനായി വന്നുചേരുന്നത്?

ശിവൻ:—ഭഗവൻ, സുരജ്യേഷ്ഠ, തേർ നിൎത്തുക: മുനിമാരും നാരദനും ചേൎന്ന ഈ കൈലാസത്തിന്റെ ഒരു ഭാഗത്തുതന്നെ വല്ലേടത്തും നില്ക്കാം.

(ബ്രഹ്മാവ് അപ്രകാരം ചെയ്യുന്നു. നാരദാദികൾ അടുത്തു ചെന്നു സവിനയം വണങ്ങുന്നു.)

ശിവൻ:—ദേവന്മാരേ, എല്ലാവരും തേരിൽനിന്നിറങ്ങി, യഥേഷ്ടം ഇരിക്കുവിൻ; മാമുനിമാരും ഇരിക്കട്ടെ.

(മുനിമാരെല്ലാം ഹൎഷത്തോടെ അപ്രകാരം ചെയ്യുന്നു. ശിവൻ ലജ്ജിതനായി സ്ഥിതിചെയ്യുന്നു.)

നാരദൻ:—(ഹൎഷത്തോടെ) വിശ്വനാഥ, ഈ അത്ഭുതകൎമ്മത്തിന്ന് എന്തൊരു സമ്മാനമാണ്, ഇവിടേക്കു ദേവകൾ തരേണ്ടത്?

മൂൎദ്ധാംബുജങ്ങളെയറുത്തു ഭവാനെയൎച്ചി-
ച്ചെന്നാല,തൊട്ടുചിതമായ്‌വരു, മിന്ദുമൌലേ;
എന്നാലതും ഹഹ, രുചിക്കുകയില്ല, മുപ്പാർ
പോററും ശിവന്നു! പുനരെന്തിഹ ഞങ്ങൾ ചെയ്യും? 21

21. മൂൎദ്ധാംബുജങ്ങൾ = ശിരസ്സുകളാകുന്ന താമരപ്പൂക്കൾ.

Digitized By Kerala Sahitya Akademi

ശിവൻ:— (ലജ്ജാസ്മിതത്തോടേ) എടോ നാരദ,

ശൌരിസ്രഷ്ടാക്കൾ, ശക്രൻ, ശിഖിശമനർ, നിശാ-
ടാബ്ധിപാലാനിലന്മാർ
ചേരും വിത്തേശന,ക്കൻ, ശശി,ഭുജഗവരൻ,
മേരു, ധർമ്മൻ, കുമാരൻ—
നേരംപോക്കിന്നിതിൽച്ചേർന്നവനൊരു പതിനാ-
റാമനാ,കംപ്രനാം ഞാൻ;
ഓരാതെന്തെ.ന്നെമാത്രം ത്രിപുരഹതിയാൽ നീ-
യീ.വിധം വാഴ്ത്തിടുന്നു? 22

ഇന്ദ്രൻ:— (സവിനയം)

സ്വാംഗങ്ങളാം ദേവകളെ-
ച്ചേഷ്ടിപ്പിപ്പു സ്വയം ഭവാൻ;
അങ്ങേകനേ സ്തുത്യപുമാൻ;
വെവ്വേറെ നിനവെന്തിനാം? 23

ശിവൻ:— (ആത്മഗതം) എയ്, ഈ ലജ്ജ എന്നെ ചൂളിയ്ക്കുന്നു: അതിനാൽ, ഇവരന്മാരെ പിരിച്ചയയ്ക്കുകതന്നെ. (പ്രകാശം) ദേവന്മാരേ, നിങ്ങൾക്കു മുമ്പത്തെപ്പോലെ സ്വസ്ഥാനങ്ങളിൽ വാഴാം. ഇനി ഞാൻ എന്തുചെയ്യണമെന്ന് ആജ്ഞാപിയ്ക്കുകയും ചെയ്യുകൊൾവിൻ.

ഇന്ദ്രൻ:— (സവിനയം)

അങ്ങിത്ത്രിദൈത്യരെപ്പോക്കി,
ത്രിദോഷത്തെക്കണക്കിനേ:

22. ശൌരിസ്രഷ്ടാക്കൾ = വിഷ്ണുവും ബ്രഹ്മാവും. ശിഖിശമനർ = അഗ്നിയും യമനും. നിശാ......ലന്മാർ = നിശാടനും (രാക്ഷസൻ, നിരൃതി) അബ്ധിപാല (വരുണ) നും അനിലനും (വായുവും). ഭുജഗവരൻ—അനന്തൻ. ആകംപ്രൻ = ഇളകുന്നവൻ. നെഞ്ഞുറപ്പില്ലാത്തവൻ.

23. സ്വാംഗങ്ങൾ = തന്റെ അവയവങ്ങൾ. വെവ്വേറെ നിനവെന്തിനാം—അവയവങ്ങളെ വേറെവേറെ ഗണിയ്ക്കേണ്ടതില്ല; അവയവിയെ ഗണിച്ചാൻ മതി.

Digitized By Kerala Sahitya Akademi

ലോകക്ഷയമായ്ത്തീർന്നു:
പ്രാർത്ഥിയ്ക്കേണ്ടുന്നതെന്തിനി? 24

എങ്കിലും ഇതിരിയ്ക്കട്ടെ;

നെററിക്കണ്ണൊളിമിന്നും വെൺ-
ചന്ദ്രശേഖരനങ്ങയാൽ
മോഹാന്ധകാരത്തെയക-
ററട്ടേ സന്ധാനസം സദാ! 25

(എന്ന് എല്ലാവരും പോയി.)

നാലാമങ്കം കഴിഞ്ഞു.

24. ക്ഷയശബ്ദത്തിന്നു നാശമെന്നും ക്ഷയരോഗമെന്നും അർത്ഥങ്ങൾ.

സി. ഗോവിന്ദക്കുറുപ്പ്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# രുഗ്മിണീഹരണം

Digitized By Kerala Sahitya Akademi

**Rugmineeharanam**
Mahamathyavalsarajan
1978 ഡിസംബർ
പകർപ്പവകാശം:
സി. ആശസ്സ്

Digitized By Kerala Sahitya Akademi

# അവതാരിക

അപരിമേയമായ വിസ്താരമുള്ള സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ ദൂരദർശിനിയുടെ സഹായംകൊണ്ടു കാണേണ്ടതായ എത്രയോ ഭാസുരജ്യോതിസ്സുകൾ ദൃഷ്ടിക്കുഗോചരമായി കിടക്കുന്നുണ്ടു്. അനന്തരകാലത്തു ഗവേഷകന്മാരുടെ അശ്രാന്തമായ പരിശ്രമത്താലും നാട്ടുരാജാക്കന്മാരുടെ സഹജമായ സംസ്കൃതാഭിമാനത്താലും കണ്ടുപിടിച്ചു വെളിച്ചത്തെക്കു കൊണ്ടുവരപ്പെട്ടതായി പ്രശംസിക്കുന്ന രൂപകരത്നങ്ങളിൽ ഭംഗിയേറിയ ആറെണ്ണം ശ്രേഷ്ഠപാർപൌരസ്ത്യഗ്രന്ഥപരമ്പരയിൽ ഗ്രഥിതമായിട്ടുണ്ടു്. ഇവയുടെയെല്ലാം പ്രണേതാവായ വത്സരാജകവി ഇതിനു മുമ്പു രസികന്മാർക്കു് അവിദിതനായിരുന്നു. എന്നാൽ ആനന്ദവർദ്ധനാചാര്യർ പറയുന്ന 'ദ്വിത്രാ ഏവ കവയഃ' എന്ന ഗണനയിൽത്തന്നെ ഉൾപ്പെടത്തക്ക ഉൽകർഷം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു് ഈ രൂപകങ്ങൾ ഒരു തവണ വായിക്കുന്നവരെല്ലാം സർവാത്മനാ സമ്മതിക്കുന്നതാണു്.

മുൻപറഞ്ഞ ഗ്രന്ഥപരമ്പരയിൽ ഒരു പുസ്തകമായി പ്രസിദ്ധിപ്പെടുത്തീട്ടുള്ള ആറു രൂപകങ്ങൾ ആറു വിഭിന്നജാതികളിൽ ചേർന്നവയാണു്. പ്രസ്തുതമായ 'രുക്മിണീഹരണം' വിരളപ്രചാരമായ ഈഹാമൃഗം എന്ന ജാതിയിൽ പെട്ടതാണു്. ഈഹാമൃഗത്തിന്റെ ലക്ഷണം ദശരൂപകത്തിൽ കാണുന്നതു താഴെ ചേർക്കുന്ന വിധമാണു്

''മിശ്രമീഹാമൃഗേ വൃത്തം ചതുരങ്കം ത്രിസന്ധിമൽ
നരദിവ്യാവനിയമാന്നായകപ്രതിനായകൌ
ഖ്യാതൌ ധീരോദ്ധതാവന്ത്യോ വിപര്യാസാദയുക്തകൃൽ
ദിവ്യസ്ത്രീയമനിച്ഛന്തീമപഹാരാദിനേച്ഛതഃ
ശൃംഗാരാഭാസമപ്യസ്യ കിഞ്ചിൽകിഞ്ചിൽ പ്രദർശയേൽ
സംരംഭം പരമാനീയ യുദ്ധം വ്യാജാന്നിവാരയേൽ
വധപ്രാപ്തസ്യ കർവ്വീത വധം നൈവ മഹാത്മനഃ''



Digitized By Kerala Sahitya Akademi

ഈഹാമൃഗത്തിലെ കഥാവസ്തു ഏതാനും ഭാഗം ഖ്യാതവും ഏതാനും ഭാഗം കല്പിതവുമായിരിയ്ക്കണം. നാലങ്കങ്ങളും മൂന്നു സന്ധികളും അതിലുണ്ടായിരിയ്ക്കും. യഥാക്രമം നരനും ദിവ്യനുമായ രണ്ടു പേരെ യഥേഷ്ടം നായകനും പ്രതിനായകനുമായി ഘടിപ്പിയ്ക്കാം. അവർ ധീരോദ്ധതന്മാരും പ്രസിദ്ധരുമായിരിയ്ക്കണം. പ്രതിനായകൻ അനുചിതകാരിയായി ചിത്രീകരിയ്ക്കപ്പെടേണ്ടവനാണ്. രാഗമില്ലാത്ത ദിവ്യസ്ത്രീയെ അപഹരിപ്പാനിച്ഛിയ്ക്കുന്ന പ്രതിനായകൻെറ ശൃംഗാരാഭാസവും അല്പാല്പം പ്രകാശിപ്പിയ്ക്കാവുന്നതാണ്. നായകപ്രതിനായകന്മാരുടെ യുദ്ധസംരംഭം വർണ്ണിച്ചതിന്നുശേഷം പ്രതിനായകനെയോ മഹാത്മാക്കളായ മററുള്ളവരെയോ സംഹരിയ്ക്കാതെ ഏതെങ്കിലും വ്യാജംകൊണ്ടു വിട്ടയയ്ക്കേണ്ടതുമാണ്. സാഹിത്യദർപ്പണത്തിൽ ഈ അംഗങ്ങൾക്കുപുറമെ പതാകാനായകന്മാരായി ആറോ പത്തോ പേർ ഉണ്ടായിരിയ്ക്കാമെന്നും പറഞ്ഞുകാണുന്നു. സന്ധികളിൽ മുഖം, പ്രതിമുഖം, നിർവഹണം എന്നീ മൂന്നെണ്ണമാണ് ഘടിപ്പിയ്ക്കേണ്ടതെന്നു ശൃംഗപ്രാഹികയാ നിർദ്ദേശിച്ചിട്ടുമുണ്ട്.

പ്രധാനരസം ഇന്നതാണെന്നു പറഞ്ഞിട്ടില്ലെങ്കിലും നായകപ്രതിനായകന്മാരുടെ സംരംഭം എന്ന പ്രതിപാദ്യത്തിൻെറ പ്രകൃതികൊണ്ട് അതു വീരരസമായിരിക്കണമെന്നുള്ളത് ഊഹ്യമാണ്. നായികയെ ഉൽക്കടമായ രാഗത്തോടേ മൃഗവൃത്തിയായി അപഹരിപ്പാൻപോലും പുറപ്പെടുകയെന്ന വിഷയത്തിന്നനുരൂപമാണ്, 'ഈഹാമൃഗം' എന്ന നാമകരണം എന്നും ലക്ഷണകാരന്മാർ പറയുന്നുണ്ട്.

പ്രസ്തുതമായ 'രുഗ്മിണീഹരണം' മേല്പറഞ്ഞ ലക്ഷണാംശങ്ങൾ സമഗ്രമായി ശോഭിയ്ക്കുന്ന ഒരു രൂപകമാണ്. ഇതിലെ നായകൻ ദിവ്യനായ കൃഷ്ണൻ; പ്രതിനായകൻ നരനായ ശിശുപാലൻ; ബലഭദ്രൻ, സാത്യകി, രുഗ്മി എന്നിവർ പതാകാനായകന്മാരാണെന്നും കല്പിയ്ക്കാം. അത്യുജ്ജ്വലമായി പ്രകാശിയ്ക്കുന്ന വീരംതന്നെ പ്രബന്ധവ്യാപിയായ അംഗിരസം. നായികയുടേയും നായകൻേറയും ശൃംഗാരമെന്നപോലെ പ്രതിനായകൻെറ ശൃംഗാരാഭാസവും അംഗമായി നിബന്ധിച്ചിട്ടുണ്ട്; യുദ്ധസംരംഭത്തിനുശേഷം പ്രതിനായകനെ സന്ധി ചെയ്യുകയ്യു

Digitized By Kerala Sahitya Akademi

കയാന്ന് ചെയ്യിട്ടുള്ളതും. പുരാണകഥയിൽ നിന്നു ചില മാററങ്ങൾ ചെയ്യിട്ടുള്ളതിനെ കല്പിതാംശമായി കണക്കാക്കണം.

ഇതിന്നുമുമ്പു സാധാരണലോകത്തിന്ന് അജ്ഞാതനായിക്കിടന്നിരുന്ന പ്രസ്തുതകവി ക്രിസ്ത്വാബ്ദം പന്തിരണ്ടാം ശതകത്തിൻെറ ചരമാദ്ധത്തിൽ കാലിഞ്ജരത്തിൽ വാണിരുന്ന പരമർദ്ദിദേവൻ എന്ന രാജാവിൻെറ സചിവനായിരുന്നുവെന്ന് ഇദ്ദേഹത്തിൻെറ 'ഹാസ്യചൂഡാമണി' * എന്ന പ്രഹസനത്തിൻെറ പ്രസ്താവനയിൽനിന്ന് അറിവാകുന്നു. പരമർദ്ദിദേവൻ വിദ്വാനും കവിയുമായിരുന്നു. അത്യുദാരനായ രാജകവിയുടെ പുരസ്കാരത്തിനു പാത്രമായ പ്രസ്തുത കവി ഇനിയും എത്രെല്ലാം രൂപകോത്തമങ്ങളാണ് നിമ്മിച്ചിട്ടുള്ളതെന്നുള്ള തീവ്രജിജ്ഞാസയെ ഉദ്ദീപിപ്പിയ്ക്കുന്നതാണ്, ഇപ്പോൾ പ്രകാശിതമായ രൂപകഷട്കം:

പ്രസ്തുതകൃതിയായ ഈഹാമൃഗത്തിൽ കവിയുടെ ഓജസ്സുള്ള രചനയും, അനുപ്രാസഭാസുരങ്ങളായ ഉൽപ്രാസവചനങ്ങളും പ്രധാനമായ വീരരസത്തെ അതിമാത്രം ഉദ്ദീപിപ്പിയ്ക്കുന്നവയാണ്. എന്നാൽ ശൃംഗാരപ്രകരണങ്ങളിലുള്ള മാധുൎയ്യധുൎയ്യമായ വാഗ്ധോരണി ഇദ്ദേഹത്തിൻെറ വശ്യവാക്ത്വത്തിന്നു മതിയായ സാക്ഷ്യം വഹിയ്ക്കുന്നതുമുണ്ട്. രണ്ടു ജാതിയിലുമുള്ള രചനയെ യഥാക്രമം ഉദാഹരിയ്ക്കുന്നവയാണ് താഴെ ഉദ്ധരിയ്ക്കുന്ന പദ്യങ്ങൾ.

വേഗാദുച്ചാടയന്തീ സുചിരമുപചിതം
  ക്ഷാത്രധൎമ്മപ്രരോഹം
കിം സ്തുത്യാ മന്ത്രശക്തിഃ സ്ഫുരതി നിരുപമാ
  കാപി സന്മന്ത്രിണാം വഃ
ക്രോധാഗ്നിസ്തംഭികാ യാ ദനുജദമയിതുഃ-
  ൎമ്മാനസം മോഹയന്തീ
ദുഷ്പ്രേക്ഷ്യാ നാഥനാരീനയനയുഗജലൈ-
  സ്തംഭമാവിഷ്കരോതി.

* ഈ പ്രഹസനം 'കപടകേളി' എന്ന നാമധേയത്തിൽ വള്ളത്തോൾതന്നെ ഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ശൌര്യം പ്രയോഗിക്കേണ്ട സന്ദർഭത്തിൽ അതു ചെയ്യാതെ മന്ത്രാലോചനം നടത്തുന്ന മന്ത്രിമാരുടെ മന്ത്രാന്ത വീരാഗ്രേസരനായ ബലഭദ്രൻ ആക്ഷേപിക്കുന്നതാണ് പ്രസ്തുതം.

മുഹുർന്നിശ്വാസാനാ പരിമളതരംഗേഷു തരളം
മുഹുർലീലാംഭോജ ശ്രവണകമലേ ചാപ്പിതപദം,
ന ലോലാക്ഷീ വേത്തി ഭ്രമരമവിരാമധ്വനിഭരം
മുരാരേരാലേഖ്യേ ലയമയമനാ നിർഭരമിയം

രുഗ്മിണിയുടെ ചിന്താദന്തുരമായ കൃഷ്ണചിത്രവിലോകനമാണ് പ്രകൃതം. ഇമ്മാതിരി ഉദാഹരിച്ചു തുടങ്ങുന്നതായാൽ വളരെ വളരെ ശ്ലോകങ്ങൾ എടുത്തെഴുതേണ്ടിവരും.

ഈ രൂപകങ്ങളുടെ ഹൃദയാവർജ്ജകത്വം വേറൊരുവിധത്തിലും ഉപപാദിക്കാവുന്നതാണ്. കാവ്യനിർമ്മാണകൌതുകം കുറഞ്ഞു കലാമണ്ഡലത്തിന്റെ കൃത്യാന്തരങ്ങളിൽ അനന്യചിത്തനായി വ്യാപരിച്ചിരുന്ന വള്ളത്തോളിനെ രണ്ടാമതും കാവ്യനിർമ്മാണത്തിനായി ബലാദാകർഷിച്ചവയാണ് ഈ രൂപകങ്ങൾ എന്നതിലധികം ഇവയുടെ സാരസ്യത്തിനൊരു ജ്ഞാപകം വേണ്ടതുണ്ടോ? പരിണതപ്രജ്ഞനായ വിവർത്തകന്റെ വിവർത്തനവും മൂലകൃതിയുടെ മെച്ചത്തിനുചേർന്ന മട്ടിലായിട്ടുണ്ടെന്നാണ്, എന്റെ വിനീതമായ അഭിപ്രായം. മൂലത്തിൽ നിന്നുദാഹരിച്ച രണ്ടു ശ്ലോകങ്ങളുടെ തർജ്ജമതന്നെ ഇതിനുദാഹരണം—

മന്ത്രജ്ഞശ്രേഷ്ഠരാം നിങ്ങളിലതുല മുദി-
യ്ക്കുന്നതുണ്ടോ, ചിരോദ്യൽ-
ക്ഷാത്രാചാരാകരോച്ചാടനകരമൊരു ന-
ത്യർഹമാം മന്ത്രവീര്യം.
ക്രോധാഗ്നിസ്തംഭനത്തിന്ന, സുരജയിമനോ-
മോഹനത്തിന്ന,ഹന്തോ-
പേതക്ഷോണീശനാരീജനനയനജല-
സ്തംഭനത്തിന്നുമായി? (2-9)

Digitized By Kerala Sahitya Akademi

പേൎത്തും പേൎത്തുമുറക്കെമ്മെല്ലമൊരു വ-
ണ്ടുച്ഛ്വാസസന്തെസൗരഭ-
ച്ഛാത്തിൽത്തത്ത്വവത്തും, വതംസനളിന-
ക്രീഡാരവിന്ദങ്ങളിൽ
പേൎത്തുംപേൎത്തുമിരിപ്പകൊണ്ടവരുമറി-
ഞ്ഞീടുന്നതില്ല,ഭ്രമർ-
ഗാത്രൻതാൻ പ്രതിമാപടത്തിൽ വിലയം
പ്രാപിച്ച ലോലാക്ഷിയാൾ (3-4)

ബാക്കിയുള്ള രൂപകങ്ങളും ഇദ്ദേഹംതന്നെ തർജ്ജമചെയ്യണമെന്നു വിചാരിയ്ക്കുന്നതു കൈരളിയുടെ ഭാഗ്യഫലമാണെന്നാണ്, മാദൃശന്മാരുടെ പക്ഷം.

പലപ്രകാരത്തിലും പുതുമ സിദ്ധിച്ചിട്ടുള്ള ഈ കൃതിയെ രസികസമക്ഷം അവതരിപ്പിയ്ക്കുകയെന്ന ബഹുമാന്യവും അഭിമാനാർഹവുമായ ഭാരം ഈയുള്ളവനെയേല്പിപ്പാൻ മതിയായ എന്തൊരു സാഹിത്യസേവനമാണ് ഞാൻ ഇന്നേവരെ ചെയ്തിട്ടുള്ളത്? ഈ ചുമതല എന്നെ ഏല്പിപ്പാനുള്ള കാരണം കണ്ടുപിടിപ്പാൻ വളരെ പ്രയാസപ്പെട്ടിട്ടും സാധിയ്ക്കാതെ വന്ന എനിയ്ക്കു ഭവഭൂതിയുടെ രണ്ടു വരികളാണ്, കഷ്ടിച്ചൊരു സമാധാനം വരുത്തിയത്.

യന്മാം വിധേയവിഷയേ സ ഭവാന്നിയുംക്തേ
സ്നേഹസ്യ തൽ ഫലമസൌ പ്രണയസ്യ സാരഃ, എന്ന്.

ഇത്രയും ഗൌരവമുള്ള ഇക്കാര്യം എന്നിലൎപ്പിച്ചതിന്നു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു പ്രസ്തുതകൃതിയെ ഞാനിതാ, രസികന്മാരുടെ മുമ്പിലെയ്ക്കു പ്രവേശിപ്പിയ്ക്കുന്നു.

തൃശ്ശൂർ
10-10-1120

പി. എസ്. അനന്തനാരായണശാസ്ത്രി

Digitized By Kerala Sahitya Akademi

# രുഗ്മിണീഹരണം

## കഥാപാത്രങ്ങൾ

സൂത്രധാരൻ
സ്ഥാപകൻ
അക്രൂരൻ
കൃഷ്ണൻ
ബലരാമൻ
പ്രിയംവദൻ
തവണക്കാരൻ
ദീപകൻ
ഉദ്ധവൻ
വാസുദേവൻ
സന്ധാനികൻ
സുബുദ്ധി
ഭീഷ്മകൻ
ശിശുപാലൻ
സാത്യകി
സൂതൻ (ദാരുകൻ)
ഗരുഡൻ
ദേവകി
സുവത്സല
രുഗ്മിണി
മകരന്ദിക

Digitized By Kerala Sahitya Akademi

# രുഗ്മിണീഹരണം

## (ഈഹാമൃഗം)

## ഒന്നാമങ്കം

ഗിരിമകളണയുമ്പോഴും പുഷ്ടമാം തുഷ്ടി, നൽപ്പു-
ഞ്ചിരിയുടയ മുഖാബ്ജം, ചെററടഞ്ഞുള്ള കണ്ണും
സ്മരരസമയഭാവധ്യാനവും ചേൎന്നതാകും
ഹരനുടെ മുനിനാട്യം നല്ല നിങ്ങൾക്കഭീഷ്ടം! 1

അത്രയുമല്ല—

'കാവല്ക്കാരൻ, നിയതമൊരു കല്ക്കൃഷ്ണനാം കൌസ്തുഭം മേ;
സ്ത്രീവൎഗ്ഗം തേ മനസി കയറീടുന്നതാരുണ്ടു നിൎത്താൻ?
ഭാവൽക്കാംഗം കവലരുചിയായ്, തൽക്കടക്കൺ-പതിപ്പാ-
ലെ'—വം പൂമാതരുംകെയുരിയാടാത്ത കൃഷ്ണൻസഹായം! 2

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ:—(പ്രവേശിച്ചു, ഹൎഷത്തോടെ) ഭാഗ്യംകൊണ്ടു, മനോരഥമെന്നപോലെ പെട്ടെന്നു സമീപിച്ച അഭിനയസമയം എന്നെ സന്തോഷിപ്പിക്കുന്നു! * കാലഞ്ജരത്തിൽ ചക്രസ്വാമിയെഴുന്നെള്ളത്തിന്നു വന്നുചേൎന്നിട്ടുള്ള വിദഗ്ദ്ധ

1. അണയുമ്പോൾ—പൂജിപ്പാനായി അടുക്കൽച്ചെല്ലുമ്പോൾ. സ്മര...ധ്യാനം = ശൃംഗാരവിലാസങ്ങളെ ധ്യാനിക്കൽ. ഹരൻ = ശിവൻ. മുനിനാട്യം = തപസ്സിരിക്കലാണെന്ന ഭാവം. സതീവിയോഗാനന്തരം, പാൎവ്വതീപരിണയത്തിന്നു മുമ്പ്, ശിവൻ ചെയ്ത തപസ്സാണിത്.

2. ഭാവൽക്കാംഗം (= ഭവാന്റെ ദേഹം) തൽക്കടാക്ഷപ്പതിപ്പാൽ (ആ സ്ത്രീവൎഗ്ഗത്തിന്റെ കടാക്ഷങ്ങൾ പതിഞ്ഞു പതിഞ്ഞു) കുവലരുചിയായ് (= കുവലയവൎണ്ണമായതിനാൽ) കുവലത്തെ, കുവലയമെന്നും പറയാം. ഉരിയാടാത്ത = ഒന്നും മിണ്ടാതിരിക്കുന്ന. കൃഷ്ണൻ = വിഷ്ണു.

Digitized By Kerala Sahitya Akademi

സാമാജികന്മാർ എന്നോടാജ്ഞാപിച്ചിട്ടുണ്ടല്ലോ. 'ഇന്ന ചന്ദ്രോദയത്തിൽ, ചക്രസ്വാമിത്തിരുവടിയുടെ മുമ്പിൽ വെച്ചു, വത്സരാജകവിയുടെ കൃതിയായ രുഗ്മിണീഹരണമെന്ന ഈഹാമൃഗം അഭിനയിക്കേണ'മെന്ന്. (ഔത്സുക്യത്തോടെ) എന്താണ്, എന്റെ ആളുകൾ അമാന്തിക്കുന്നത്?

സ്ഥാപകൻ:— (പ്രവേശിച്ച്) അങ്ങുന്നേ വേഗം, വേഗം: അഭിനയസമയം വൈകുന്നു. അങ്ങുന്നു നോക്കുക:

'ഉദയഗിരികുരംഗീരാഗപാശാഭികർഷാൽ
മതിമറിവൊടു ചാടിപ്പോയിടയ്ക്കെന്റെയീ മാൻ'
ഇതി കരുതി വിശങ്കിച്ചെന്നപോലീ മൃഗാങ്കൻ
ദ്രുതതരമണയുന്നൂ വാനരങ്ഗിൻനടുക്കിൽ! 3

സൂത്രധാരൻ:—(ചിരിച്ച്) അമ്പോ, സ്വന്തം ദോഷം അന്യരിൽ ചുമത്താൻ എന്റെ ആളുകൾക്കുള്ള മിടുക്ക്: നിങ്ങൾതന്നേ അമാന്തിക്കുന്നു; നിങ്ങൾ തന്നേ എന്നെ വെമ്പിക്കുന്നു!

സ്ഥാപകൻ:—(ചിരിച്ച്) അങ്ങുന്നു ക്ഷമിക്കണം, ക്ഷമിക്കണം. ഇവിടത്തെ 'ഉററ സേവ'നായ ആ ദുശ്ശീലനൊന്ന നടനാണ്,ഇത്ര താമസം വരുത്തിയത്: അയാൾക്ക മറെറാരുവനെ കാമിക്കുന്ന ഏതോ ഒരു ദുർല്ലഭയായ പെണ്ണിനെ കിട്ടണം; വേണ്ടാ വേണ്ടാ എന്നുപദേശിച്ചു നോക്കുകയാണ് ഞങ്ങൾ.

(അണിയറയിൽ)

വല്ലഭയാക്കിക്കൊള്ളുക,
നല്ലൊരു പിടിയാനയെക്കരീന്ദ്ര, ഭവാൻ.

* ഗുജറാത്തിലെ ഒരു രാജ്യം. ചക്രസ്വാമി—അവിടത്തെ ഈശ്വരന്റെ പേർ.

3. ഉദ......കർഷാൽ = ഉദയപർവ്വതത്തിലെ മാൻപേടകളെക്കുറിച്ചുള്ള അനുരാഗമാകുന്ന കയറിന്റെ വലിഹേതുവായിട്ട്. മതിമറിവോടു = മനം മനംമയങ്ങി. എന്റെ ഈ മാൻ—ചന്ദ്രനിലെ കറുപ്പിനെ കവികൾ മാനായും മുയലായും സങ്കല്പിക്കുന്നു.

Digitized By Kerala Sahitya Akademi

അഭ്രമുത്തൊട്ട ചേരാനു-
ള്ളാംഭ്രമമിതു തേ വിപൽക്കരമാം! 4

സൂത്രധാരൻ:—(ആകാശത്തു ലക്ഷ്യംവെച്ചു്) എടോ ഭദ്ര, നീ ചെന്നു് ഈ ഗാഥ ആ ദുശ്ശീലനടനെ കേൾപ്പിയ്ക്കുക; ആ ശിശുപാലനേയും.

(അണിയറയിൽ)

*നടനെ കേൾപ്പിച്ചുകൊള്ളുക; ശിശുപാലനെ കേൾപ്പിയ്ക്കേണ്ടാ, ആ അവിമൃശ്യകാരി ആപത്തിൽ ചാടിക്കൊള്ളട്ടേ!

സൂത്രധാരൻ:—മാരിഷ, ഇതാ, അക്രൂരനാണു്, രുഗ്മിണിയെ ശിശുപാലൻ വേൾക്കാനൊരുങ്ങിയതു് കേട്ടിട്ട പെട്ടെന്നു രിശംമുഴുത്തു സംസാരിയ്ക്കുന്നതു്. അതിനാൽ വരിക; നമുക്കു് ഇനി വേണ്ടതു ശരിപ്പെടുത്താം.

(രണ്ടുപേരും പോയി)

പ്രസ്താവന കഴിഞ്ഞു,

(പിന്നെ അക്രൂരൻ പ്രവേശിയ്ക്കുന്നു.)

അക്രൂരൻ:—(ക്രോധാശ്ചര്യങ്ങളോടേ)അമ്പോ, ശിശുപാലന്റെ കഥയില്ലായ്മ: ഇയ്യാൾക്കു മധുസൂദനപ്രേമസരസ്സിലെ രാജഹംസിയായ രുഗ്മിണിയെ ബലാൽക്കരേണ തന്റെ മനോമരുഭൂമിയിൽ പാൎപ്പിയ്ക്കണംപോൽ! എന്നോടു സുബുദ്ധിസന്ന്യാസിനി പറയുകയുണ്ടായല്ലോ, രുഗ്മിണിയുടെ വൃത്താന്തം:

ദാമോദരൻ വേട്ടിടുമെന്നു കേട്ടാൽ-
പ്പൂമെ തടിയ്ക്കും പുളകോൽഗമത്താൽ;

4. അഭ്രമു—ഐരാവതത്തിന്റെ ഭാൎയ്യയായ പിടിയാന. ഉൽഭ്രമം = വലിയ കൊതി. തേ = നിനക്കു്.

* ആലോചിയ്ക്കാതെ പ്രവൎത്തിയ്ക്കുന്നവൻ. മാരിഷ—കീഴ്നടനോടുള്ള സംബുദ്ധി.



Digitized By Kerala Sahitya Akademi

സാമാന്യമായ് മറെറാരു വേളി, യോർത്താ-
ലാ മഞ്ജുളാംഗിക്കു കിനാവുവേളി! 5

ഇങ്ങിനെതന്നെയാണ്, രുഗ്മിണിയുടെ ധാത്രിയുടെ മകരം സുവത്സലയും പറഞ്ഞത്; രുഗ്മിണിയാൽ അയയ്ക്കപ്പെട്ട അവരിരുവരും കൃഷ്ണനെ കാണാൻ ഗൂഢമായി വന്നിരുന്നവല്ലോ. രുഗ്മിണിക്കു്, ഗൌരീമന്ത്രമുപദേശിച്ച ഗുരുവായ സുബുദ്ധി സന്ന്യാസിനിയുടെ *നിർദ്ദേശം തള്ളാവുന്നതല്ല. രുഗ്മിണി കൃഷ്ണവിവാഹത്തിൽ പ്രതിജ്ഞ ചെയ്താണ്. അവരിരുവരും പോയതും. അപ്പുറം ദൈവം പ്രമാണം! അഥവാ, ശിശുപാലൻ രുഗ്മിണിയെ വരിച്ചുകൊള്ളട്ടെ. വരിച്ചുകൊള്ളട്ടെ! ഞാൻ സന്തോഷാവസരത്തിൽ സന്തപിക്കുണ്ട്:

ചേദീശിതാവിപ്പടി തെററു ചെയ്വ-
തെല്ലാം യദുക്കൾക്കു മഹോദയം താൻ:
തച്ചോര തൂകാതെ കെടാത്ത രോഷ-
ത്തീയന്യഥാ കൃഷ്ണനു കത്തുകില്ല! 6

എന്നാൽ, രുഗ്മിണിയെ മറെറാരുവൻ വേൾക്കുക എന്ന വൃത്താന്തമാകുന്ന കെട്ട ചുഴലിക്കാററ് ഇപ്പോഴും കൃഷ്ണൻെറ ചെവിയിൽ അലച്ചിട്ടില്ല. അങ്ങോ വലിയ സങ്കടമാണ്, ജനാർദ്ദനനു വന്നുചേർന്നിട്ടുള്ളത്. അദ്ദേഹത്തിൻെറ അടുത്തപരിജനങ്ങൾ എന്നോടു പറകയുണ്ടായല്ലോ:

എന്തോതിടാം— പരിണയം ശ്രുതിമാത്രമാണെ-
ന്നാലും, മഹോത്സവമണപ്പു ഹരിക്കു ഭൈഷ്മി,

5. പുളകോൽഗമം = രോമാഞ്ചം, പൊങ്ങൽ. കിനാവുവേളി = സ്വപ്നത്തിലെ വേളിക്കൊപ്പം അനുഭവയോഗ്യമല്ലാത്ത ഒന്ന്.

* ശാസനം.

6. ചേദീശിതാവ് = ചേദിരാജ്യത്തിൻെറ അധിപതി, ശിശുപാലൻ. തെററ് = അപരാധം. മഹോദയം = മഹത്തായ അഭ്യുദയം. തച്ചോര = അയാളുടെ (ശിശുപാലൻെറ) രക്തം. അന്യഥാ = മറിച്ചായാൽ, അയാൾ അപരാധങ്ങൾ ചെയ്യാതിരുന്നാൽ.

7. ശ്രുതിമധുരം = കേൾവിയിൽമാത്രമിരിക്കുന്നത്. മഹോത്സവം = പരമാഹ്ലാദം. ഭൈഷ്മി = രുഗ്മിണി. സന്ദൃഷ്ട = കാണപ്പെട്ടവൾ. സവിധാദുപനീത = അരികിൽനിന്നു വീണ്ടും അടുപ്പിക്കപ്പെട്ടവൾ. സോൽ

Digitized By Kerala Sahitya Akademi

സംഭ്രാന്തപോലെ, സവിധാദുപനീതപോലെ,
സോൽപ്രാസചാടുമൊഴിയാൽപ്പരിതുഷ്ടപോലെ! 7

അതിനാൽ ഞാൻ തന്തിരുമേനിയുടെ അടുക്കൽത്തന്നെ പൊയ്ക്കളയാം; വൈദ്യൻെറ കടുത്ത ദുൎന്നയോദന്തമാകുന്ന വിറകുകൊണ്ട് അദ്ദേഹത്തിൻെറ ക്രോധാഗ്നിയെ ഉജ്ജ്വലിപ്പിയ്ക്കാം.

(ചുററിനടന്നു മുന്നോട്ടു നോക്കിയിട്ട്)

എയ്, ഞാൻ സഭാമാളികയിൽ എത്തിക്കഴിഞ്ഞു. (നോക്കി, ഹൎഷത്തോടെ) എയ്, ഇവിടെയുണ്ട്, രാമകൃഷ്ണന്മാരിരുവരും. അഹോ, ഇവരുടെ ജഗൽപ്രസിദ്ധമായ ബന്ധുസ്നേഹം!

സ്പഷ്ടം, മാരകതങ്ങളാം ചിലവയും-
ച്ചേക്കുന്നു താലാങ്കനെ;-
ക്കട്ടിച്ചില്ലുകളാൽച്ചമച്ച ചിലതോ,
ബിംബിച്ച ഗോവിന്ദനെ:
ഒട്ടല്ലാതിവർതൻ നിസൎഗ്ഗസുഭഗ-
ജ്യേഷ്ഠാനുജപ്രീതി ക-
ണ്ടിഷ്ടംപോലെ പകുത്തിതോ ഇവരെ,യീ-
നന്മാളികത്തൂണുകളും! 8

എയ്, നടയിൽത്തവണക്കാരൻ മാത്രമേ, ഇവരുടെ അരികത്തുള്ളു, എന്താണിത്? (ഏതാനും അടി നടന്നിട്ട്) എന്താണ്, ഇവരിരുവരും ക്രോധാവിഷ്ടർപോലെ കാണപ്പെടുന്നത്?

പ്രാ...ഴിയാൽ = ഉപഹാസത്തോടുകൂടിയ കളിവാക്കിനാൽ. രുഗ്മിണിയെ കണ്ടതായും പിടിച്ചുടപ്പിച്ചതായും പരിഹസിച്ച കളിവാക്കുകൾ പറഞ്ഞു രസിപ്പിച്ചതായും കൃഷ്ണനു തോന്നുന്നു!

8 മാരകതങ്ങൾ = മരകതംകൊണ്ടുള്ളവ. ചിലവ—ചിലതൂണുകൾ. ബിംബിച്ച = പ്രതിഫലിച്ച എന്ന പദം താലാങ്ക (= ബലഭദ്ര)നോടും, ഉൾച്ചേക്കുന്നു എന്ന പദം ഗോവിന്ദനോടും ചേക്കണം. പ്രതിഫലനത്തെ ഹൃദയത്തിൽ പ്രതിഷ്ഠിയ്ക്കലായി കല്പിച്ചിരിയ്ക്കുന്നു. താലാങ്കനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ (ഗാഢമായി സ്നേഹിച്ചാൽ) ഗോവിന്ദനും ഗോവിന്ദനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ താലാങ്കനും അപ്രീതിയുണ്ടാകയില്ലെന്ന്, അചേതനങ്ങളായ സ്തംഭങ്ങൾക്കുപോലും അറിയാം! ദേഹമാത്രഭിന്നന്മാരാണല്ലേ

Digitized By Kerala Sahitya Akademi

കലങ്ങിക്കൊണ്ടായ് കണ്ണി;-രു ചൊടി വിറ-
　　ക്കുന്നു; തിരുമെ-
യ്യലക്താഭം; വേപ്പിൻതരി ചിതറിയി-
　　ട്ടുണ്ടു കവിളിൽ—
പ്രലംബദ്വേട്ടിന്നീ വടിവു കടിമ-
　　ത്താലുമുളവാം;
നിലിംപാരിഘ്നന്നോ, പെരുതരിശരമ-
　　ശാതിതു വരാ. 9

ആകട്ടേ, അടുത്തു ചെല്ലാം. (അടുത്തു ചെല്ലുന്നു )

(രാമകൃഷ്ണന്മാരും നടയിൽ തവണക്കാരനും പ്രവേശിക്കുന്നു.)

നടയിൽത്തവണക്കാരൻ:—(വണക്കത്തോടേ) രാമകൃഷ്ണത്തിരു മേനികളേ, നിങ്ങളെ അക്രൂരൻ വണങ്ങുന്നു.

(അക്രൂരൻ വന്ദിക്കുന്നു.)

കൃഷ്ണൻ:—(അലസമട്ടിൽ) പീഠം.

(തവണക്കാരൻ പീഠംകൊണ്ടുവരുന്നു.)

അക്രൂരൻ:—(വിനയത്തോടും, സംഭ്രമത്തോടും കൂടി) എന്താണു തിരുമേനിമാക്ക് ഒരസ്വാസ്ഥ്യം കാണുന്നതു്?

കൃഷ്ണൻ:—(അവജ്ഞയോടെ) ഒന്നുമില്ല.

രാമൻ:—(രോഷാവേശത്തോടേ) എടോ അക്രൂര, വീരകൃഷ്ണൻതന്നെയായി, കൃഷ്ണൻ. താൻ കേട്ടുകൊള്ളു:

ഗോവദ്ധനാദ്രീന്ദ്രനെയാരെടുത്തു
പൊന്തിച്ചിതോ, പുല്ലോടിയെന്ന ഭാവാൽ?
അക്കൃഷ്ണനെത്തന്നെയഹോ, വെറും പു-
ല്ലെന്നാണു നണ്ണുന്നതു രുഗ്മിവീരൻ! 10

അവർ. സ്ഫടികവർണ്ണനായ, ബലഭദ്രൻ മരകതത്തൂണുകളിലും, മരകതവർണ്ണനായ കൃഷ്ണൻ സ്ഫടികത്തൂണുകളിലും പ്രതിബിംബിച്ചതിനെ അവ വിതിച്ചെടുത്തതായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

9. അലക്താഭം = ചെംപൊഞ്ഞാച്ചാറിന്റെ നിറത്തോടുകൂടിയതു്; ചുകന്നതു്. വേപ്പിൻതരി = വിയർപ്പുതുള്ളി. പ്രലംബദ്വേട്ട് = ബലഭദ്രൻ. കടിമത്ത് = മദ്യപാനമദം. നിലിംപാരിഘ്നൻ = അസുരഹന്താവു്, കൃഷ്ണൻ.

* വീരരിൽ കറുത്തവൻ; വീരയശസ്സില്ലാത്തവൻ.

Digitized By Kerala Sahitya Akademi

അക്രൂരൻ:—(ആശ്ചര്യത്തോടെ) രുഗ്മി ശാർങ്ഗായുധന്റെ നേരെ ഗർവിക്കുന്നു എന്നതിൽ എനിക്കു വിശ്വാസം വരുന്നില്ല.

കൃഷ്ണൻ:—(ഗർവപ്പുഞ്ചിരിയോടേ) തവണക്കാര, ഉണ്ടായതറിയിക്കുക.

തവണക്കാരൻ:-കൃഷ്ണൻ തിരുമേനി ഇവിടെ എഴുന്നള്ളിയപ്പോൾ ഞാൻ, 'ദേവൻ വിജയിച്ചാലും' എന്നുച്ചരിച്ചു. അപ്പോൾ പുറത്തുനിന്നിരുന്ന ഒരു* വന്ദി ശ്രുണ്ഠിയെടുത്തു പറഞ്ഞു:

'ഛീ, ദേവനെന്നവിളിനിർത്തി, ജ്ഞളിച്ചിൽ വിട്ടി,—
ബഭ്രുവിൽത്തുലോം സുഖമിളേശർ ഭുജിച്ചുകൊൾവിൻ;
ക്രോധിച്ചരുഗ്മിയുടെയമ്പിനു ലക്ഷ്യമായാൽ,
നിങ്ങൾക്കു ദേവപദമിന്ദ്രപുരത്തിലാകാം! 11

അത്രയുമല്ല:-

ഓരാതെ ദാവശിഖിയെപ്പുണരുന്നതാരാ-
ണാ?—രിങ്ങു കാളഫണിയാൽക്കളിയാടിടുന്നു?
പാരിങ്കലാക്കു കൊതിയില്ലയിരിങ്കലെ,ന്നായ്?
ശ്രീ രുഗ്മിയെക്കുപിതനാക്കുവതാരടക്കായ്? 12

അക്രൂരൻ:—(അരിശത്തോടെ)അപ്പോൾ രാമൻ എന്തരുളിച്ചെയ്തു?

തവണക്കാരൻ:—പ്രലംബാന്തകൻ പിന്നീടാണെഴുന്നള്ളിയത്; കൃഷ്ണവീരനാണ്, അരുളിച്ചെയ്തത്.

അക്രൂരൻ:—(ഔത്സുക്യത്തോടെ) എന്തരുളിച്ചെയ്തു?

തവണക്കാരൻ:— ഇതാണരുളിച്ചെയ്തത്; 'ആ വീരനെ പോർക്കളത്തിൽ കൊണ്ടുവരിക.'

ഒപ്പം നിനക്കും രുഗ്മിക്കും
ധനത്താൽ വാളിനാലുമേ

* വന്ദി = സ്തുതിപാഠകൻ.

11. ഇളേശർ—രാജാക്കന്മാർ. ദേവപദം = ദേവനെന്നവാക്ക്. രുഗ്മിയാൽ യുദ്ധത്തിൽ വധിക്കപ്പെട്ടു സ്വർഗ്ഗം പുക്കാൽ നിങ്ങൾക്കു ദേവനെന്ന പദം ഉപയോഗിക്കാം; അതു ഭൂമിയിൽ വെച്ചുവേണ്ട!

12. ദാവശിഖി = കാട്ടുതീയ്. കാളഫണിയാൽ = കൃഷ്ണസർപ്പത്തെക്കൊണ്ട്.

Digitized By Kerala Sahitya Akademi

പരാനന്ദകരം ദാനം
നല്ലാം പോർമന്നിൽവെച്ചു ഞാൻ!' 13

അക്രൂരൻ:— നന്നായി, കൃഷ്ണൻതിരുമേനി അരുളിച്ചെയ്തതു്. എന്നാൽ എനിക്കു വിശ്വാസം വരുന്നില്ല, രുഗ്മി മുരാരിയോടു പിണങ്ങുന്നതിൽ:

ആടാടുമായ്പ്പോരിനു പേർത്തു പേർത്ത-
മാടോപമാർന്നിംപമൊടാഞ്ഞു ചാടും;
ആക്കുന്ന സിംഹത്തിനെയൊന്നു കണ്ടാ-
ലാ,ക്കെണ്ണീടാ, മെത്രയതിൻ നടക്കം! 14

വന്ദികാം വന്ദനീയർതന്നെ! * ഇവർ എന്തു പറയുകയില്ല? ഹേ വീരശിരോമണേ, കൃഷ്ണദേവ,

ത്വന്നന്ദകത്തിൻ കാറേററാൽ-
ത്തന്നേ വൈകുണ്ഠവും തുലോം,
രുഗ്മിക്കു മുഖ്യഗുരുവായ്
വിറകൊള്ളും, സപാദപം! 15

ഞാൻ കേൾക്കയുണ്ടായി, ശിശുപാലൻെറ ധാർഷ്ട്യം; എന്നാൽ, അങ്ങോട്ടയക്കപ്പെട്ട പ്രിയംവദൻ വരുന്നതിന്നു മുമ്പ ഉണർത്തിച്ചുകൂടാ.

(അണിയറയിൽ)

ഹേ, ആരുള്ള ഇവിടെ? ഉണർത്തിപ്പിൻ, പ്രിയംവദൻ കുണ്ഡിനനഗരത്തിൽനിന്നു വന്നതു്.

(തവണക്കാരൻ വേഗത്തിൽ പോയി, പ്രിയംവദനോടു കൂടി പ്രവേശിക്കുന്നു.)

13. പരാനന്ദകരമായ (=വലിയ സന്തോഷത്തെ ഉണ്ടാക്കുന്ന) ദാനം. നിനക്കു ധനംകൊണ്ടും, മോക്ഷജനകമായ ദാനം (=ഖണ്ഡനം, വധം) രുഗ്മിക്കുവാളുകൊണ്ടും നല്കാം.

14. അതിൻ—ആടിൻെറ നടക്കം അളവററതായിരിക്കും.

* സേവക്കു് എന്തുംപറയും!

15. ത്വന്നന്ദകം=അങ്ങയുടെ നന്ദകം എന്ന വാൾ. സപാദപം=

Digitized By Kerala Sahitya Akademi

പ്രിയംവദൻ:—(വേഗത്തിൽ അടുത്തുചെന്നു്) ഇതാ, പ്രിയംവദൻ വണങ്ങുന്നു.

അക്രൂരൻ:—(ഇരുന്നിട്ടു്) ഉണർത്തിയ്ക്കൂ.

(പ്രിയംവദൻ അരികിൽ നില്ക്കുന്നു)

അക്രൂരൻ:—(ആത്മഗതം) മുഖഭാവം തന്നെ വിളിച്ചു പറയുന്നുണ്ടു്, കാര്യം സാധിച്ചില്ലെന്നു്. എന്നാലും, ഞാൻ ചോദിച്ചുനോക്കട്ടെ. (പ്രകാശം) പ്രിയംവദ, ഉണർത്തിയ്ക്കൂ-

(പ്രിയംവദൻ മിണ്ടാതെ നില്ക്കുന്നു)

അക്രൂരൻ:—പ്രിയംവദ, എന്താണുണർത്തിയ്ക്കാത്തതു്?

പ്രിയംവദൻ:—ഉണർത്തിയ്ക്കാവുന്നതാണെങ്കിൽ, ഞാൻ ഉണർത്തിയ്ക്കാതിരിയ്ക്കുമോ? * അതുണർത്തിച്ചാൽ, എനിയ്ക്കു രണ്ടാമതൊരു നാവു് ആരു തരും?

രാമൻ:— (ശുണ്ഠിയോടെ) എന്താണു്, ഉണ്ടായതറിയിയ്ക്കാത്തതു്? ഇതിൽ നിനക്കതന്നെയൊ, വല്ല അപരാധവും?

പ്രിയംവദൻ:—(ഭയത്തോടേ) അതു ഞാൻ ഉണർത്തിയ്ക്കുകയില്ല; * ഈ കായിതംതന്നേ അറിയിയ്ക്കട്ടെ! (ഒരെഴുത്തുകൊടുക്കുന്നു.)

അക്രൂരൻ:—(വായിയ്ക്കുന്നു:)

'വളൎന്നു യശോദതൻ മുലകുടിച്ചുകൊണ്ടാണു നീ;-
യലഞ്ഞു, ബഹുപൈക്കളിടാങ്ങളൊടുമൊത്തരണ്യങ്ങളിൽ -
ഒരീദൃശനിളേന്ദ്രപുത്രിയെ വരിയ്ക്കയാണെങ്കിലെ,—
ന്തതിന്നരിശ?-മമ്പിളിക്കൊതി കിടാവിനേശില്ലയോ? 16

പ്രിയംവദൻ:—ഈ കായിതമാകട്ടേ, ശിശുപാലൻ രുഗ്മിണി

വൃക്ഷങ്ങളോടേ. ഋഷിയ്ക്കു മുഖ്യഗുരുവായ—ഋഷിയെ വിദ്യ പഠിപ്പിയ്ക്കുന്ന പ്രധാന ഗുരുവായി. വൈകുണ്ഠമായിരിയ്ക്കണം, ഋഷിയെ വിറയക്കുസിപ്പിയ്ക്കുക! ഇതാണോ, അൎത്ഥം? മൂലശ്ലോകാൎത്ഥം സ്പഷ്ടമല്ല.

* എന്റെ നാവു് അററുവീഴുമെന്നു സാരം.

* കായിതം എഴുത്തു്.

16. ഈദൃശൻ = ഇപ്രകാരമുള്ളവൻ; നിന്നെപ്പോലെയുള്ളവൻ. വരിയ്ക്ക = വിവാഹത്തിന്നാവശ്യപ്പെടുക. കുട്ടി ചന്ദ്രനെകിട്ടാൻ ശ്രമിയ്ക്കുന്നതുപോലെയാണു്, നിന്നെപ്പോലെയുള്ള ഒരിടയൻ ഒരു രാജപുത്രിയെ വേൾക്കാനാഗ്രഹിയ്ക്കുന്നതു്!

Digitized By Kerala Sahitya Akademi

ഷ്ക്കവേണ്ടി അയച്ചതാണു്; ഇതും കേശവനെ കാണിഷ്ക്കാമെന്നു പറഞ്ഞു്, രുഗ്മി എന്റെ കയ്യിൽ തന്നു.

(രണ്ടാമതൊരെഴുത്തു കൊടുക്കുന്നു)

അക്രൂരൻ:—(വായിക്കുന്നു:)

മതിച്ചു ചിരമായർതൻ കുടിലിലാണു ബാല്യംമുത–
ല്ക്കു;യച്ച്,യെജമാനനെക്കഥകഴിച്ചു പാജ്ജിച്ചതാം;
അവൻ ഹരി സശൌയ്യനെന്നൊരു മതിപ്പു നിങ്ങൾക്കുദി–
ച്ചിരിക്കിൽ, വകവെയ്ക്കണം നിശിതധാരമെൻ വാളിതും! 17

പ്രകൃത്യാ ദുശ്ശീലനായ ശിശുപാലന്നു് * ഇതത്ഭുതമല്ല; രുഗ്മിക്കാകട്ടേ സ്വഭാവവിരുദ്ധമാണിതു്. (ആശ്ചര്യത്തോടേ) പ്രിയംവദ,

ബാധിച്ചിട്ടുണ്ടയാളെ പ്രബലമൊരു പിശാ–
ചെന്നുകേട്ടില്ലയോ നീ–

പ്രിയംവദൻ:— (ചിരിച്ചു്) എന്നാൽ മററുകാര്യം നടത്തുമോ?

അക്രൂരൻ:—

ഏതൽക്കത്തെങ്ങയാംതന്നതു, വയർ നിറയെ–
ക്കാംകുടിച്ചപ്പൊളല്ലീ?

പ്രിയംവദൻ:—അല്ലല്ല.

അക്രൂരൻ:—

ബോധത്തെററാൽ പയോജാക്ഷനെയിതരപുമാ–
നെന്നു നണ്ണീലയല്ലീ?

പ്രിയംവദൻ:— (പരിഹാസത്തോടേ) വേറെയുണ്ടോ, ബലഭദ്രാനുജനും വസുദേവപുത്രനും ദേവകീനന്ദനനുമായ കൃഷ്ണൻ?

അക്രൂരൻ;—

ക്രോധിച്ചാൽ, നല്ലബുദ്ധിക്കുടനറുതിവരു–
ത്തുന്നു കില്ലില്ല, കാലം! 18

17. ആയർ = ഇടയർ. എജമാനൻ—കംസൻ. നിശിതധാരം = വായ്ത്തലയ്ക്കു മൂച്ചയുള്ളതു്.

Digitized By Kerala Sahitya Akademi

രാമൻ:— (ശ്രുണ്ഠിയോടെ)

ചെല്ലില്ല മേ കരി, സുവീരരസപ്രസാര–
മില്ലാത്ത വല്ല വസുധേശവനസ്ഥലത്തും;
ഉല്ലാഘചേദിപവപുസ്സുഴതിട്ടതീവ
കല്യാണമാക് ഗൃഷി, സീരധരന്നിദാനീം! 19

കൃഷ്ണൻ:— (ഹർഷത്തോടേ ആത്മഗതം)

നന്ദിച്ചുകൊൾക മനമേ: നീറേ പറുമിഷ്ട:—
മിന്നോമലാൾ സുലഭ, ദുർല്ലഭയെങ്കിലും മേ;
നിന്നഗ്ഗൃഹസ്ഥനൊടു കെഞ്ചിയിരക്കൽ വേണ്ടാ;
ചെന്നെത്തുമേ സപദി ദൂതിന്നു നന്ദകം താൻ! 20

രാമൻ:— (വാളിളക്കി, ഹർഷസംരംഭങ്ങളോടേ)

സ്വൈരം ഞാൻ മധുപാനകേളിയിലെനി-
ച്ചുകൊൾചേർത്തു പോന്നു സുഖം;
പാരം തോഷിതർ ഭൃത്യരും; തവ കിട—
ച്ചീലേതുമെൻ ഖഡ്ഗമേ;
കോരിത്തന്നെ കുടിച്ചുകൊള്ളുകധുനാ,
ച്ചാച്ചപ്പെട്ടും ദുഷ്ടതൻ
ചോരച്ചാറത്താലിവാം നറുംമദിര നീ;
തീക്കട്ടെയെൻ തെററു ഞാൻ! 21

* ഇത്—കൃഷ്ണവൈരം.

18. അയാളെ—രുഗ്മിയെ. ഏതൽക്കത്ത് ഈ എഴുത്ത്. ബോധ തെററ് = തെററിദ്ധാരണ. ഇതരപുമാൻ = മറെറാരാൾ. കാലം ക്രോധിച്ചാൽ (= പ്രതികൂലമായാൽ) സദ്ബുദ്ധി നശിയ്ക്കും.

19. കരി = കലപ്പ. സുവീര...സാരം = നല്ല വീരരസമാകുന്ന രസത്തിൻെറ (= വെള്ളത്തിൻെറ) ഓട്ടം. വസു...സ്ഥല. = രാജാവാകുന്ന കാട്ടുനിലം. ഉല്ലാ...പുസ്സ് = അരോഗമായ (സുഖസ്ഥിതമായ) ചേദിപൻെറ (= ശിശുപാലൻെറ) ശരീരം. സീരധരൻ–സീരത്തെ (കലപ്പയെ ആയുധമായിധരിച്ചവൻ: ബലഭദ്രൻ. കല്യാണമാക = ഫലവത്തായിബ്ഭവിയ്ക്കട്ടെ.

20. ഗൃഹസ്ഥൻ—കന്യാതാതൻ. നന്ദകം (തൻെറവാൾ) തന്നെ വിവാഹദൂതൻ!



Digitized By Kerala Sahitya Akademi

അക്രൂരൻ:—(ഹാസരോഷങ്ങളോടെ) ഹേ വീരശിരോമണേ, രാമ, രുഗ്മിണിയെ ശിശുപാലൻ വേട്ടാലും, നിങ്ങൾക്കു ചാർച്ചക്കാരനോ രുഗ്മി!

രാമൻ:—(രോഷസംരംഭങ്ങളോടെ) എടോ അക്രൂര, അക്രൂരൻ പറയുമാറില്ലാത്ത മട്ടിലാണ്, ഇപ്പറഞ്ഞത്.

ചെന്നാ രുഗ്മിണിയായ കന്യകയെയി--
കംസാരിതാൻ വേൾക്കണം;
സ്വർന്നാരീഗണമോടുചേർന്നു വിഹരി-
ക്കേണം ചിരാൽ ചേദിപൻ;
വന്നാലും ഭുജവിക്രമത്തൊടിതു ഞാൻ
പോർമന്നിലൊപ്പിക്കിലേ
നന്നായ്ത്തീരുകയുള്ളു സാർത്ഥകതയാ--
ന്നെൻ കാമപാലാഹ്വയം! 22

തവണക്കാര, വെററിപ്പടപുറപ്പാടിന്നു പെരുംപറയടിക്കാം.

തവണക്കാരൻ:—അതുള്ളപ്പാടുപോലെ.

(പോയി)

കൃഷ്ണൻ:—(സവിനയം) രൌഹിണേയ, ചേട്ടത്തേ, സംഹാരരുദ്രൻേറതുപോലെ ഘോരമായ എന്തൊരു സംരംഭമാണിത്! ഇതൊട്ടും ഉചിതമല്ല.

മത്തേഭമസ്തകമുടച്ചതിൽനിന്നതിന്റെ
മുത്താൽ വനത്തിലണി 'കോല'മിടുന്ന സിംഹം
തത്തുന്നൊരൂക്കരുകിലുണ്ണിയെയാഞ്ഞടിപ്പാ-
നത്യക്തമാകവതിലെങ്ങിനെ ലജ്ജ തേടാ? 23

21. എൻതെററ്—നിന്നെ ഇതുവരെ മധുപാനകേളിയിൽ പങ്കുകൊള്ളിച്ചില്ല എന്ന അപരാധം.

22. സ്വർന്നാ......ക്കേണം—ശിശുപാലൻ പോരിൽ വധിക്കപ്പെട്ടു വീരസ്വർഗ്ഗം പ്രാപിക്കണമെന്നു സാരം.

സാർത്ഥകത = അന്വർത്ഥത. കാമ...ഹ്വയം = കാമത്തെ (അഭിലാഷത്തെ) പാലിക്കുന്നവൻ (നിറവേററുന്നവൻ എന്ന പേർ.)

23. അണികോലമിടുന്ന—അരിമാവുകൊണ്ടു 'അണിയു'ന്നതിന്നു കോലമിടുക എന്നു പറയും. ഊക്കരുകിലുണ്ണിയെ = ഊക്കരുകിൽപ്പക്ഷികളെ

Digitized By Kerala Sahitya Akademi

രാമൻ:—കൃഷ്ണ, കൃഷ്ണ, നില്ക്ക; ഇനി വൈകിച്ചുകൂടാ.

ക്ഷത്രാചാരവിമൂഢരാകിയ ഭുജോൽ-
 പ്പന്നപ്പുഴക്കുദ്രർത-
ന്നത്യുഗ്രത്തെറിവാക്കിനാലശുചിയാ-
 മീയെൻെറ കർണ്ണദ്വയം,
യുദ്ധപ്പാരുരലിങ്കലിട്ടു മുസല-
 ത്താലേററമക്കൂട്ടർ ത-
ന്നസ്ഥിവ്രാതമിടിപ്പതിൻ പടുരവം-
 കൊണ്ടേ വിശുദ്ധിപ്പെട്ടു! 24

കൃഷ്ണൻ:—(വാശിയോടെ) എന്ത്, കൃഷ്ണനില്ലാത്തതായോ ഭൂമി, ഇവിടുന്നിത്ര ബുദ്ധിമുട്ടാൻ?

എന്തൂലമെൻെറ ഗുരുവിങ്ങിനെ ദൃപ്തദാരി–
ക്രൂരാക്ഷരശ്രവണപീഡ സഹിച്ചുവല്ലോ;
ഞാൻ കൃഷ്ണനെങ്കിലവർതൻ വനിതാവിലാപ–
ഘോഷങ്ങളാൽത്തവ ചെവിക്കു സുഖംവരുത്തും! 25

രാമൻ:—(വാത്സല്യത്തോടേ) കൃഷ്ണ, കൃഷ്ണ, അത്ര വയ്യ.

നീ കുട്ടിയല്ലസ്സുഗണപ്പയററി–
ലെ;-ന്നാകിലും നീയൊരു കുട്ടിതാൻ മേ;
ഭൈഷ്മീവിവാഹേ വരനായ നിന്നെ-
ശ്ശൌരേ, ദൃഢം ഞാൻ പടയാളിയാക്കാം! 26

ഞ്ഞിനെ. മദഗജങ്ങളുടെ മസ്തകം പിളക്കുന്ന സിംഹമെവിടെ? പാറിപ്പറക്കുന്ന ഊക്കരുകൽക്കൂട്ടി എവിടെ?

24. ക്ഷത്രാ...മൂഢൻ = ക്ഷത്രിയധമ്മാനഭിജ്ഞർ. ഭുജോൽ...ക്ഷുദ്രർ ഭുജോത്പന്ന (= ക്ഷത്രിയ)രാകുന്ന നിസ്സാരപ്പുഴുക്കൾ. അശുചി = അശുദ്ധി ബാധിച്ചത്. മുസലം = ഉലയ്ക്ക. അശുദ്ധി പററിയതിന്ന് പ്രായശ്ചിത്തം വേറെ ഇല്ല! യുദ്ധപ്പോരുരൽ = പോക്കളമാകുന്ന ഉരൽ:

25. ഗുരു—ജ്യേഷ്ഠൻ. ദൃപ്ത...പീഡ = ഗർവ്വിഷ്ഠരായ ശത്രുക്കളുടെ ക്രൂരാക്ഷരങ്ങൾ (പരുഷോക്തികൾ) കേട്ടതിനാലുള്ള വേദന. അവരെ വധിച്ച്, അവരുടെ സ്ത്രീകളുടെ ഉച്ചവിലാപങ്ങൾ കേൾപ്പിക്കു മെന്ന് ഉത്തരാർദ്ധത്തിൻെറ അർത്ഥം.

Digitized By Kerala Sahitya Akademi

അക്രൂരൻ:—(ഹർഷത്തോടെ) യാദവർ സന്തോഷിച്ചുകൊള്ളട്ടെ: ഇങ്ങിനെ ശത്രുമർദ്ദനത്തിന്നു പ്രതിജ്ഞചെയ്യുവല്ലോ, രാമ കൃഷ്ണന്മാർ!

രാമൻ:—(ആവേശത്തോടെ) അക്രൂര, വൈരികളെ കൊല്ലാൻ വൈകിച്ചുകൂടാത്തതായ എൻെറ ദുഷ്കരവ്രതം കേട്ടുകൊൾക:

ഉദ്ദപ്താഹിതരക്തമാം മദിരയാൽ-
ഗ്ഗോമായുഗൃദ്ധ്രത്തിനായ്
സ്സത്രം നല്കമിവൻെറ കാലമരജനൊ-
ത്തബ്ധൈഷ്ടി കൂപ്പുംവരെ,
നിത്യം പ്രാണനിലും തുലോമരിമയാ-
യദ്വൈതസൌഖ്യം തരും
മദ്യത്തെക്കരുതേണമേ ഹലിയിവൻ
പാഴ്നഞ്ഞിനെപ്പോലവേ! 27

അക്രൂരൻ:—അയ്യയ്യോ, രാമൻ ദുഷ്കരവ്രതമെടുത്തിരിയ്ക്കുന്നു!

കൃഷ്ണൻ:—ആയ് കഷ്ടം, കഷ്ടം! എന്തിനാണ് വേണ്ടാതെ, ജ്യേഷ്ഠൻ ഞങ്ങൾക്കായി കഷ്ടപ്പാടു കൈക്കൊണ്ടത്? അക്രൂര, എന്നാൽ നാളെ കാലത്തുതന്നെയാകട്ടെ, എഴുന്നെള്ളത്ത്.

അക്രൂരൻ:—അങ്ങിനെതന്നെയാകാം: ഇപ്പോൾ പടിഞ്ഞാട്ട് പോകാനൊരുങ്ങിയിരിയ്ക്കുകയാണല്ലോ സൂര്യൻ.

(അണിയറയിൽ)

ഭാനുജ്ജ്വലാക്ഷികളടച്ച, പരാബ്ധിസൌധ-
സ്ഥാനേകഴിച്ചു ചില യാമമിതം,ശ്രുമാലിൻ;

26. നീ രുഗ്മിണീവിവാഹത്തിൽ വരനാണ്"; യുദ്ധത്തിനു നീന്നുകൂടാ. ഞാൻതന്നെ, പോർപൊരുതാൻ.

27. ഉദ...രക്തം = ഗർവ്വേറിയ വൈരികളുടെ ചോര. മദിര = മദ്യം. ഗോമായു = കുറുനരി സത്രം = ഊട്ട്", സദ്യ. അരിമ = പ്രിയപ്പെട്ടത്. അതുവരെ ഞാൻ മദ്യം കഴിയ്ക്കുകയില്ല!

Digitized By Kerala Sahitya Akademi

ന്ദനം—കനിഞ്ഞരുളുക—വീണ്ടുമുദിച്ചു പാരി—
ന്നാനന്ദമേകമിവിടുന്നു, നവീനകാന്ത്യാ! 28

രാമൻ:— (കേട്ടിട്ടു സഹർഷം) ഹാ, നല്ല * ഉപശ്രുതി!

കൃഷ്ണൻ:— ഉപശ്രുതി എന്നെ ഉണർത്തി. എന്നാൽ, ഗൃഹത്തിലേയ്ക്കു വരിക; നമുക്കു യുദ്ധത്തിന്നൊരു തഴതായ ഈ രാത്രി കഴിച്ചുകൂട്ടാം.

(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു

28. ഭാനുജ്ജ്വാലാക്ഷികൾ = രശ്മികളാകുന്ന കണ്ണുകൾ. അപ... സ്ഥാനേ = പടിഞ്ഞാറെസ്സമുദ്രമാകുന്ന മാളികയിൽ. അശ്രുമാലിൻ = ഹേ സൂര്യ. നവീനകാന്ത്യാ = പുതിയ ശോഭയോടുകൂടിയവനായിട്ടു്. കൃഷ്ണൻ രുഗ്മിണിയോടു ചേർന്നു ലോകങ്ങൾക്കാനന്ദം വരുത്തുമെന്നു, കഥാസൂചന.

* കാര്യാലോചനാസമയത്തു് അടുക്കൽനിന്നു കേൾക്കപ്പെടുന്ന ശബ്ദത്തെ ജ്യോത്സ്യന്മാർ ഉപശ്രുതി എന്നു പറയുന്നു.

* ഉണർത്തി = ഉന്മേഷവാനാക്കി. തഴതു്—പ്രതിബന്ധമായി നില്ക്കുന്നതു്.

Digitized By Kerala Sahitya Akademi

## രണ്ടാമങ്കം

(പ്രിയംവദൻ പ്രവേശിക്കുന്നു)

പ്രിയംവദൻ:-- (മുമ്പോട്ടുനോക്കി) * എയ്, ഇതാ, രേവതിത്തമ്പുരാട്ടിയുടെ അരമനക്കാവല്ക്കാരൻ ദീപകജ്യേഷ്ഠൻ ഇങ്ങോട്ടു വരുന്നു. ഇദ്ദേഹത്തിൽനിന്നറിയാം, രേവതീരമണന്റെ വൃത്താന്തം.

(പിന്നെ ദീപകൻ പ്രവേശിക്കുന്നു)

പ്രിയംവദൻ:— (അടുത്തുചെന്നിട്ട്) ദീപകജ്യേഷ്ഠ, ഇതാ പ്രിയംവദന്റെ നമസ്കാരം.

ദീപകൻ:— ദൈത്യാരിയുടെ തിരുവുള്ളത്തിന്നു പാത്രീഭവിച്ചാലും!

പ്രിയംവദൻ: – ദീപകജ്യേഷ്ഠ, ബലദേവൻ പള്ളിയുണർന്നുവോ?

ദീപകൻ:— എപ്പോളാണ്, ബലദേവൻ പള്ളിയുറങ്ങിയത്?

പ്രിയംവദൻ:— (സംഭ്രമാശ്ചര്യങ്ങളോടേ) അമ്പോ, മഹാവീരന്റെ ക്രോധാവേശം! രാത്രി മുഴുവൻ ഉറക്കമിളച്ചുവോ?

ദീപകൻ:--

'ഉൽപ്രബുദ്ധഹരികാംക്ഷ ജീനിട്ടുകൊ,ടുക്കക–
ന്മദഗജങ്ങളെ-
ദ്ദർപ്പകാലമിതു, നില്പിനിങ്ങു ഭടരെ, ഞൊടിപ്പ ഹഹ, വൈരികാം!'

* ജ്യേഷ്ഠൻ എന്നു പറഞ്ഞതു, പ്രായംകൂടുതലിനെ പ്രമാണിച്ചും ബഹുമാനിച്ചുമാണ്. രേവതീരമണൻ = ബലഭദ്രൻ.

1. ഉൽപ്രബുദ്ധഹരികൾ = ഉൽകൃഷ്ടരും പ്രബുദ്ധരുമായ കുതിരകൾ; പ്രബുദ്ധർ = ഉത്സാഹഭരിതർ; അഥവാ, പ്രഭാതത്തിൽ നിദ്രവിട്ടവർ. ഉന്മദഗജങ്ങൾ = നീരുള്ള ആനകൾ. ദർപ്പകാലം = ചുണ കാട്ടേണ്ടുന്ന അവസരം. കടുക്തികൾ = ക്രൂരവാക്കുകൾ. അരിശമാകുന്ന പ്രതിബന്ധം

Digitized By Kerala Sahitya Akademi

ഇപ്പടിയ്ക്കടനടൻ കടുക്തികൾ കിനാവിലു–
ച്ചമുരചെയ്തുകൊ-
ണ്ടല്പമേ ബലനറങ്ങിയുള്ളു, തടവായിനി–
ല്ലമരിശത്തിനാൽ. 1

പ്രിയംവദൻ:–. ജ്യേഷ്ഠൻ എങ്ങോട്ടാണു് പുറപ്പെട്ടതു്?

ദീപകൻ:— യാത്രയ്ക്കൊരുങ്ങാൻവേണ്ടി, ബലദേവൻ ദേവകീനന്ദനന്റെ അടുക്കലേയ്ക്കുയച്ചിരിയ്ക്കുയാണെന്നെ.

പ്രിയംവദൻ:— എന്നെയാകട്ടെ, കാമപാലനെ കൊണ്ടുചെല്ലാൻ കൃഷ്ണനയച്ചിരിയ്ക്കുയാണു്. ഉദ്ധവൻ, അക്രൂരൻ, സാത്യകി എന്നിവരോടുകൂടി സഭാമണ്ഡപത്തിലിരിയ്ക്കുയാണു്, കൃഷ്ണൻ. അതിനാൽ, ജ്യേഷ്ഠൻ വരിക: നമുക്കൊന്നിച്ചുതന്നേ ബലദേവന്റെ അരമനയിൽ പോകാം,

ദീപകൻ:— ശുണ്ഠിക്കാരനാണു്, പ്രലംബാന്തകൻ; കല്പിച്ചതുതന്നെ ചെയ്യേയ്ക്കാം, ഞാൻ. താനും തനിയ്ക്കുള്ള കല്പന നടത്തിക്കൊൾക.

(ഇരുവരും പോയി.)

വിഷ്കംഭം കഴിഞ്ഞു.

(പറഞ്ഞതിൻവണ്ണം കൃഷ്ണൻ സഭാമണ്ഡപത്തിൽ പ്രവേശിയ്ക്കുന്നു.)

കൃഷ്ണൻ:– (ഉൽക്കണ്ഠാരോഷങ്ങളോടേ ആത്മഗതം)

അരിമർദ്ദനരതിലീലാ–
പരിചയരമ്യങ്ങൾ രോഷകാമങ്ങൾ
ഭൈഷ്മിയെയും വാളിനെയും
കൈക്കൊൾവതിലെന്നെ വെമ്പിപ്പൂ! 2

മൂലം അല്പമേ ഉറങ്ങുകയുണ്ടായുള്ളു; യുദ്ധം സ്വപ്നം കണ്ടുകൊണ്ടു കിടന്നു. ബലൻ = ബലരാമൻ.

2. രോഷം അരിമർദ്ദനസമ്പർക്കംകൊണ്ടും, കാമം രതിലീലാസംപർക്കംകൊണ്ടും രമണീയം. ഇവ യഥാക്രമം രുഗ്മിണിയേയും വാളിനേയും കൈക്കൊൾവാൻ (=പാണിഗ്രഹം ചെയ്വാൻ, എടുപ്പാൻ) എന്നെ തിടുക്കപ്പെടുത്തുന്നു.

Digitized By Kerala Sahitya Akademi

അഹോ, മന്മഥന്റെ മഹിമാതിശയം:

മുഗ്ദ്ധാക്ഷിയദ്ദയിത, കേട്ടറിവൊന്നുകൊണ്ടേ
ഹൃത്തും പിടുങ്ങി, നിജകിംകരനാക്കിയെന്നെ;
ശത്രുക്കളെപ്പൊടിപെടുത്തിടുമിക്കഠോര-
യുദ്ധോത്സവേച്ഛയുമെനിയ്ക്കിതുമൂലമല്ലോ! 3

അതിനാൽ, ഇങ്ങിനെയാകാം. (ക്രോധത്തോടെ പ്രകാശം) അ
ല്ലയോ ശ്രേഷ്ഠമന്ത്രിമാരേ, നിങ്ങളോടെന്തു പറയാം!

വജ്രം പയോജദളകോമളമാണു, യുഷ്മ-
ദ്ഗാത്രം പടച്ച പരമാണുനിരയ്ക്കു മുന്നിൽ:
അദൃപ്തശത്രുപരുഷോക്തിയുളിപ്രഘാതാൽ
നിങ്ങൾക്കു നെഞ്ചിലൊരു പോറലുമില്ലയല്ലോ! 4

സാത്യകി:—(അവജ്ഞയോടെ) ജനാർദ്ദന, ഞാനുണർത്തിയ്ക്കാം.

തിക്കം മത്തിൽ മനംമറന്നവർ, മഹാ—
വാതാർത്തർ, ദപ്പപ്പിണി-
പ്പക്കക്കാർ, പ്രകൃതിയ്ക്കു മാററമുതകം
കാലൻ കയർത്തോരുമേ

3. കേട്ടറിവേ ഉള്ളു; കണ്ടിട്ടില്ല. ഇതു—കിംകരത്വം.

4. പയോ...മളം = താമരപ്പൂവിന്റെ ഇതൾപോലെ മൃദുലം. യു
ഷ്മദ്ഗാത്രം = നിങ്ങളുടെ ദേഹം. പടച്ച = സൃഷ്ടിച്ച. (പരിഹാസദ്യോ
തകം.) വജ്രത്തെക്കാളും കഠിനമാണ്, നിങ്ങളുടെ ശരീരം. അദൃ...ഘാ
താൽ-ആ ഗർവ്വിഷ്ഠശത്രുക്കളുടെ പരുഷവാക്കാകുന്ന കല്ലുളികൊണ്ടു ചെ
ത്തിയതിനാൽ. ഉളിതട്ടിയിട്ടും, ഒരു പോറൽപോലുമില്ല. നിങ്ങൾ ഇ
പ്പോഴും അലസരായി സ്ഥിതിചെയ്കയാണെന്നു സാരം.

5. മഹാവാതാർത്തർ = വലിയ വാതരോഗം പിടിപെട്ടവർ. ദപ്പ
പ്പിണിക്കാർ = ഗർവ്വാകുന്ന പിണിയ്ക്കു (= ഭൂതത്തിന്ന്) അധീനർ; ഭൂത
ബാധിതർ. പ്രകൃത...തകം = സ്വഭാവവ്യത്യാസം വരുത്തുന്ന; കാലൻ ക
യർത്താൽ (മരണമടുത്താൽ) സ്വഭാവം മാറിപ്പോകുമല്ലോ. മതിപ്പെന്തോ
—എന്തിനു വകവെയ്ക്കുന്നു. ഖലാർഹദണ്ഡം = ദുഷ്ടർക്കു നല്ലേണ്ടതായ ശി

Digitized By Kerala Sahitya Akademi

ദൃപ്താളും പരദേശാകതി ചെയ്തവതിൽ മതി—
പ്പെടുന്നോ? ചിരിയ്ക്കാമിതു—
ന്നി—ക്കൂട്ടർക്കു ഖലാർകാണ്ഡഖണ്ഡരാ—
ണ്ടഞ്ഞൊരൂഞ്ഞാൽച്ചലിപ്പാർക്കുപോരാ? 5

കൃഷ്ണൻ:—(സഹർഷം) എന്നാൽ, ഇനിയെന്തിന താമസിയ്ക്കുന്നു?
ഉദ്ധവൻ:—(പുഞ്ചിരിയോടെ) കൃഷ്ണ, എന്തിനാണുൽക്കണ്ഠ.

ഉത്സേകമേറുമെതിരാളർ, ഭവാനെ നിക്കെ
ത്വത്സംഗരോത്സവമകററിയൊഴിഞ്ഞുപോമോ?
അസ്ത്രശസ്ത്രധാരർ തവ കണ്ണിന മുന്നിലായാ-
ലി,ശ്ശാർങ്ഗചാപമവരിൽപ്പ്ഫലിയാതെയാമോ? 6

അക്രൂരൻ:—(സവിനയം) ദേവകീനന്ദന, ചേദിരാജനഗരത്തിലേയ്ക്കോ കണ്ഡിനപുരത്തിലേയ്ക്കോ പുറപ്പെടേണ്ടു എന്ന സംശയമാകുന്ന കുരിരുട്ടിൽ തപ്പട്ടേ, തിരുമേനിയുടെ ഉത്സാഹത്തളളൽ!

ദീപകൻ:—(പ്രവേശിച്ച്, സവിനയം വണങ്ങി) തിരുമേനി, കുണ്ഡിനപുരത്തെയ്ക്കു യാത്രയൊരുക്കാൻ, ബലരാമൻ കല്പിച്ചയച്ചിരിയ്ക്കയാണെന്നെ.

(കൃഷ്ണൻ പുഞ്ചിരിയോടെ അക്രൂരന്റെ മുഖത്തു നോക്കുന്നു.)

അക്രൂരൻ:—കഷ്ടം. ദീപക, ചെന്നു ബലദേവനെ ഇങ്ങോട്ടെഴുന്നള്ളാനറിയിയ്ക്കുക; * ഇതു കഴിഞ്ഞിരിയ്ക്കുന്നു.

കൃഷ്ണൻ:—അങ്ങോട്ടു പ്രിയംവദനെ അയച്ചിട്ടുണ്ട്, ഞാൻ.

ക്ഷ. ഞങ്ങളാർൽ = കൊട്ടപ്പാൻ, ഊഞ്ഞാൽച്ചലിപ്പ് = വേണമോ വേണ്ടയോ എന്ന ഇടയിളക്കം,

* ഇതു—യാത്രയൊരുക്കം,

6, ഉത്സേകം = ഗർവ്വ്, ത്വത്സംഗരോത്സവം—അങ്ങയോടു പൊരുതുകയാകുന്ന ഉത്സവം. ശസ്ത്രധാരർ—ആയുധപാണികൾ. അങ്ങയോടു യുദ്ധം ചെയ്യുന്നതിലുള്ള രസംകൊണ്ട് എതിരാളികൾ ഒഴിഞ്ഞുപോകയുണ്ടായില്ല; അവർ നേരിട്ടാൽ, അങ്ങയുടെ ശാർങ്ഗനാമകമായ വില്ല് അവരിൽഫലിയ്ക്കാതെയുമിരിയ്ക്കില്ല. പിന്നെ എന്തിനാണ് ഉൽക്കണ്ഠ?



Digitized By Kerala Sahitya Akademi

പ്രിയംവദൻ:—(പ്രവേശിച്ച്) തിരുമേനി, ഇതാ, എഴുന്നള്ളുന്നു യുദ്ധൌത്സുക്യംമൂലം പള്ളിയുറങ്ങാതെ പണിപ്പെട്ടു രാത്രി കഴിച്ചുകൂട്ടിയ രാമവീരൻ.

കൃഷ്ണൻ:—(സംഭ്രമത്തോടെ) അവിടെയ്ക്കു പീഠം, പീഠം. (പ്രിയംവദൻ പീഠം കൊണ്ടുവരുന്നു; രാമൻ എല്ലാവരേയും യഥാർഹം മാനിച്ച് ഇരിയ്ക്കുന്നു )

കൃഷ്ണൻ:—(രാമനെ നോക്കി, ഹർഷത്തോടെ ആത്മഗതം)

'മർദ്ദിച്ചു ത്രിപുരീപുരാധിപതിയെ;-
 കൈക്കൊണ്ടിവനബ്ദംഭേഷ്ടി മേ;
യുദ്ധം നിർത്തിയൊഴിഞ്ഞ രുഗ്മിയവനും
 ക്ലീബത്വമേ നീതനായ്'
ഇത്ഥം വാഞ്ഛ ഫലിച്ചതായ്പ്പരിഗണി-
 ച്ചുള്ളം കുളിരപ്പു തുലോം,
ബദ്ധോത്സാഹവിഭൂഷമാം മുസലിതൻ
 വാർമെയ്യിതീക്ഷിയ്ക്കയാൽ! 7

ഉദ്ധവൻ:—(ഹർഷാശ്ചര്യങ്ങളോടെ ആത്മഗതം) അഹോ, വീരന്മാരുടെ സർവാതിശായിപദം!

പാരം കരുത്തുടയ രാമനെയൊന്നു കണ്ടു
നേരത്തു മാദൃശരിലും പകരുന്നു ശൌര്യം;
ദൂരേ ഗമിപ്പു കരംവിട്ടുപശാന്തി, പെട്ടെ-
ന്നാരോ കഴുത്തിനുപിടിയ്ക്കുകിലെന്നപോലെ! 8

രാമൻ:—(രോഷോപഹാസത്തോടെ) ഹേ മന്ത്രിമാരേ, ഇപ്പോഴും ആലോചിയ്ക്കുകയാണോ, നിങ്ങൾ?

അഥവാ—

7. ത്രിപുരീപുരാധിപതി = ശിശുപാലൻ. ത്രിപുരി ദേശപ്പേരത്രേ. ക്ലീബത്വം = നപുംസകത്വം. നീതനായ് = പ്രാപിപ്പിയ്ക്കപ്പെട്ടു; രുഗ്മിയെ ചുണകെട്ടവനാക്കി. ബദ്ധോത്സാഹവിഭൂഷം = ഉത്സാഹമാകുന്ന ആഭരണം അണിഞ്ഞത്. വാർമെയ്യ് = വലിയ ശരീരം. ഈക്ഷിയ്ക്ക = കാണുക.

8. മാദൃശർ = എന്നെപ്പോലെയുള്ള ശാന്തന്മാർ. ഉപശാന്തി = ശമം.

Digitized By Kerala Sahitya Akademi

മന്ത്രജ്ഞശ്രേഷ്ഠരാം നിങ്ങളിലിതുളവായി-
ട്ടുണ്ടല്ലോ, ചിരാദദ്യ-
ക്ഷത്രധർമ്മോച്ചാടനകരമൊരു നു-
ത്യർഹമാം മന്ത്രവീര്യം,
ക്രോധാഗ്നിസ്തംഭനത്തിന്നു,സുരജയിമനോ-
മോഹനത്തിന്നു,ഹന്തോ-
പേതക്ഷോണീശനാരീജനനയനജല-
സ്തംഭനത്തിന്നുമായി? 9

ഉദ്ധവൻ:—(അവജ്ഞയോടെ ചിരിച്ച്) രാമ, ശത്രുക്കളുടെ നേക്കൂറെന്ന മുതിരട്ടെ, ഭവാന്റെ ക്രോധം; ഇവിടെ യാത്ര നിശ്ചയിച്ചുകഴിഞ്ഞിരിയ്ക്കുന്നു. പ്രിയംവദ, ജ്യോത്സന്മാരെ വിളിയ്ക്കുക.

രാമൻ:—(പരിഹാസത്തോടെ) എന്തിനാണ്, വെറുതേ ഈ * പരപ്പ്?

തെളിയും ഗ്രഹങ്ങളെല്ലാം,
നന്ദകമുഷ്ടിഗ്രഹാനുകൂല്യത്താൽ;
ഗ്രഹഗണിതവിസ്തരത്താൽ-
ഗ്ഗണകന്മാർ വേലചെയ്‌വതു വൃഥാവിൽ! 10

അത്രമാത്രമല്ല—

ഞാനിഗ്ഗ്രഹങ്ങളെ,യുലയ്ക്കു നഭസ്സിൽ വീശി
സ്ഥാനത്തുകൊണ്ടുവരുവൻ, ഭവദ്ദക്ഷരീത്യാ;

9. ചിരാ...കരം = നീണ്ടാളായിവളർന്നുവരുന്ന ക്ഷത്രിയധർമ്മാംകുരത്തെ ഉച്ചാടനം ചെയ്യുന്നത് (നശിപ്പിയ്ക്കുന്നത്). നുത്യർഹം = സ്തുത്യം. നിങ്ങൾ ഇപ്പൊഴും ആലോചനയിൽത്തന്നെയിരിയ്ക്കയാണെങ്കിൽ, അതിന്റെ ഫലം, ക്ഷത്രിയധർമ്മം നശിയ്ക്കുകയും ക്രോധാഗ്നി കെടുകയും കൃഷ്ണന്റെ മനം മയങ്ങുകയും, ഗർവ്വിതരായ രാജാക്കന്മാരുടെ സ്ത്രീകൾക്കു കണ്ണീർ പുറപ്പെടാതിരിയ്ക്കുകയു[രാജാക്കന്മാർ മുതിപ്പെടാതിരിയ്ക്കുക] മായിരിയ്ക്കും. മന്ത്രത്തിന്നു കാര്യാലോചന എന്നും മന്ത്രം(ജപ്യം)എന്നും അർത്ഥം;ഉച്ചാടനം, അഗ്നിസ്തംഭനം, മോഹനം, ജലസ്തംഭനം എന്നിവ മന്ത്രസാധ്യങ്ങളാണല്ലോ.

* പരപ്പ് = വിസ്തരിയ്ക്കൽ; വൃഥാവിസ്തരമൊന്നുംവേണ്ടാ.

Digitized By Kerala Sahitya Akademi

നാനാവിധസ്ഥിതി മറിഞ്ഞനുകൂലരായി--
ത്താനിഷ്ടസിദ്ധിയെ നമുക്കവർ തന്നുകൊള്ളും! 11

ഉദ്ധവൻ:—(വിനയത്തോടെ) പ്രലംബാന്തക, ധർമ്മാദ്ധരണത്തിന്നവതരിച്ചവരാണ് നിങ്ങൾ; അതിനാൽ, ഇങ്ങിനെയായിക്കൂടാ.

നേടാം ബലിഷ്ഠന്നു ബലാലഭീഷ്ടം;-
മെന്നാൽ സ്വയം നാട്ടുനടപ്പലംഘ്യം:
നോക്കാൽ മുടിപ്പാൻ കഴിവുള്ള ശർവൻ
ത്രിശൂലമേന്തുന്നു, രിപുക്ഷതിക്കായ്. 12

രാമൻ:—(പരിഹാസത്തോടെ) ഹേ ബൃഹസ്പതിശിഷ്യ, സർവജ്ഞശിരോമണേ, ഭവാന്റെ വിചാരഗതിയെ ഞാൻ തന്നെ സഫലമാക്കാം: ജ്യോത്സ്യന്മാരെ വരുത്തിക്കൊള്ളുക; വിവാഹമുഹൂർത്തം തീർച്ചപ്പെടുത്താം.

കൈക്കാപ്പുകെട്ടി മധുസൂദനനിങ്ങുതന്നെ
പാർക്കട്ടെ, വേളിയുടെ തിയ്യതി കാത്തുകൊണ്ടേ:
ആ രുഗ്മിവീരനൊടുമൊത്തിവിടെസ്സുഖം കൊണ്ടു-
പോരുന്നതുണ്ട,രിയ രുഗ്മിണിയെബ്ബലാൽ ഞാൻ. 13

ഉദ്ധവൻ:—രാമ, പാടില്ല, പാടില്ല;

ഭേരീവാദനമേദുരധ്വനികളും,
കാറേററു പാറും കൊടി-

10. നന്ദ...ലഭ്യതാൽ; = നന്ദകമെന്ന മുഷ്ടിയാൽ പിടിക്കുകയാകുന്ന ഗ്രഹം, അനുകൂലമായതാൽ; കൃഷ്ണൻ വാളെടുത്താൽ എന്നാശയം. ഗണകന്മാർ = ഗണിതക്കാർ; ജ്യോത്സ്യന്മാർ.

11. സ്ഥാനത്തു = വേണ്ടുമിടത്ത്. ഭവദുക്തരീത്യാ = ഭവാൻപറയുന്നതിൻവണ്ണം. നാനാവിധസ്ഥിതി = അവിടവിടെയായുള്ള നില്പ് മറിഞ്ഞ് = വ്യത്യാസപ്പെട്ട്. അവർ—നവഗ്രഹങ്ങൾ.

12. അലംഘ്യം = തള്ളാവുന്നതല്ലാത്തത്. നോക്കാൽ = നോട്ടത്താൽത്തന്നെ. രിപുക്ഷതി = ശത്രുസംഹാരം.

13. കാപ്പുകെട്ടൽ, ഒരു വിവാഹാരംഭച്ചടങ്ങത്രേ.

Digitized By Kerala Sahitya Akademi

ക്കുറച്ചാണ്ടുമിയന്ന പോർക്കളിനിലെ-
　　ക്കൂടണ്ഡപാത്രേന്തരേ
ഭ്രൂരികച്ചാപഗുരുപസീമ്നി വിജയ-
　　ശ്രീതൻ വിവാഹം കഴി-
ച്ചീ, രാജീവവിലോചനൻ കദന താൻ
　　ഘോരംഘോഷേനമംബ്ദൈഷ്വീയെ! 14

കൃഷ്ണൻ:—(സംരംഭോപഹാസങ്ങളോടെ) ബലദേവ ജ്യേഷ്ഠന്നു യോജിച്ചതുതന്നെ, ഇത്. എന്തുകൊണ്ടെന്നാൽ—

അരിഷ്ടഹതി, വാജികേശിയെ വധിയ്ക്കൽ, ചാണൂരനെ-
ച്ചതയ്ക്കൽ, മധുരാധിപോന്മഥനം,മേവമന്നാളംകളിൽ
നടന്ന ലഘുവേലമേലുരസിയെൻെറ കയ്യിൻെറ മാ-
റററിഞ്ഞ സദയൻ ബലൻ കൊടിയപോരിൽ മാം
　　ചേർക്കമോ? 15

രാമൻ:—(സഹർഷം ചിരിച്ച്) മന്ത്രിമാരേ,

ഇതാ, പ്രകോപാഗ്നി സമുജ്ജ്വലിച്ചൂ,
കൃഷ്ണൻെറ ഹൃത്താമുടജത്തിനുള്ളിൽ;
ഇതിങ്കലേ ദുർജ്ജനമാം സമിത്താൽ-
ക്കഴിച്ചിടാം, മംഗളയാനഹോമം! 16

അല്ലയോ മധുകൈടഭാന്തക, എഴുന്നേല്ക്കുക; നാമിരുവരും അച്ഛനമ്മമാരെ അഭിവാദ്യംചെയ്തു വിജയയാത്രയ്ക്കൊരുങ്ങുക.

14. ഭേരി...കൾ = പെരുമ്പറകൊട്ടുന്നതിൻെറ വലിയശബ്ദങ്ങൾ പോർക്കളി...ന്തരേ = യുദ്ധക്രീഡയാകുന്ന യജ്ഞമണ്ഡപത്തിൻെറ ഉള്ളിൽ. ഭൂരി...സീമനി = വളരെ രാജാക്കന്മാരാകുന്ന ഗുരുക്കന്മാരുടെ (പുരോഹിതന്മാരുടെ) അടുക്കൽ വെച്ച്, രാജീ......ചനൻ = താമരക്കണ്ണൻ. കൃഷ്ണൻ. തദനു = തദനന്തരം.

15. അരിഷ്ടഹതി = അരിഷ്ടാസുരവധം. വാജികേശി = അശ്വരൂപം ധരിച്ച കേശി എന്ന അസുരൻ. മധു...മഥനം = മധുരാധിപനെ (കംസനെ) കൊല്ലൽ. എൻെറ...റിഞ്ഞ—ഇത്രയ്ക്കുള്ള എനിയ്ക്കു ഭുജബലം എന്നു മനസ്സിലാക്കിയ. മാം = എന്നെ.

16. ഉടജം = പർണ്ണശാല. ഇതിങ്കലേ—ഈ അഗ്നിയിൽത്തന്നെ.

Digitized By Kerala Sahitya Akademi

(അനന്തരം വസുദേവനും ദേവകിയും തവണക്കാരിയോടുകൂടി പ്രവേശിക്കുന്നു.)

തവണക്കാരി:—തമ്പുരാൻ ഇതിലേ, ഇതിലേ; തമ്പുരാട്ടി ഇതിലേ, ഇതിലേ.

രാമൻ:—(നോക്കി, സഹർഷം) കൃഷ്ണ, കൃഷ്ണ, നോക്കൂ, നോക്കൂ; സ്മരിച്ചപ്പോഴേയ്ക്കും അരികത്തുവന്നെത്തി. അച്ഛനമ്മമാർ ഈ സുനിമിത്തംകൊണ്ടു, നിനക്കു മനോരഥം വേഗത്തിൽ സാധിക്കുമെന്നുകൂടി ഞാൻ വിചാരിക്കുന്നു. നാം എഴുനേററു് അച്ഛനമ്മമാരെ വണങ്ങുക.

(രണ്ടുപേരും എഴുനേററു് നമസ്കരിക്കുന്നു.)

വസുദേവൻ:—(മൂർദ്ധാവിൽ മുകർന്നിട്ടു്) രാമകൃഷ്ണന്മാരേ, എനിക്കറിഞ്ഞുകൂടാ, നിങ്ങൾക്കു ഞാൻ എന്താശംസിക്കേണ്ടു? അഭീഷ്ടമൊക്കെയും നിങ്ങൾക്കു നിറവേറട്ടെ!

ദേവി:—ജരയും പരാജയവും എന്റെ അരുമക്കിടാങ്ങളെ ബാധിക്കാതിരിക്കട്ടെ!

(ഉദ്ധവാദികൾ സംഭ്രമത്തോടെ എഴുനേററു വണങ്ങുന്നു. തവണക്കാരിയും പ്രിയംവദനും പീഠങ്ങൾ കൊണ്ടുവെയ്ക്കുന്നു; എല്ലാവരും യഥോചിതം ഇരിക്കുന്നു.)

കൃഷ്ണൻ:—(ഹർഷോൽക്കണ്ണുകളോടെ ആത്മഗതം)

പെററമ്മയെസ്സപദി കണ്ടതുകൊണ്ടുദിക്കു-
മൻപാലെനിക്കുണവതുണ്ടൊ,രവാച്യമോദം;
എന്നാലജയ്യമതിനും ദൃഢമാ യശോദാ-
സ്നേഹം, ഭവാന്തരസമുത്ഥിതമെന്നപോലേ! 17

രാമൻ:—(സവിനയം) എന്താണു്, ഗുരുജനാജ്ഞ?

സമിത്തു് = ചമത. മംഗ...ഹോമം—യാത്രാസമയത്തു വേണ്ടുന്ന മംഗളഹോമം.

17. സപദി = പെട്ടെന്നു്. അൻപു് = സ്നേഹം. അതിനും—ആ സ്നേഹത്തിനുതന്നെയും. ഭവാ...ത്ഥിതം = മുൻജന്മങ്ങളിൽ ഉണ്ടായിവന്നതു്.

Digitized By Kerala Sahitya Akademi

(വസുദേവൻ ദേവകിയുടെ മുഖത്തേയ്ക്കു നോക്കുന്നു.)

ദേവകി:— രാമ, നിങ്ങൾ കൃഷ്ണവിവാഹത്തിന്നു കുണ്ഡിന പുരത്തേയ്ക്കു പോകണം; എന്റെ ഭർത്തൃസോദരിയുടെ മകൻ വിഷമശരാസ്പദവും രക്താംബരാലംകൃതനുമായി പരമസുഖം അനുഭവിയ്ക്കുമാറാകണം.

രാമൻ:—(സാകൂതമായി പുഞ്ചിരിയിട്ട്) കൃഷ്ണ, അച്ഛനമ്മമാരുടെ നിർദ്ദേശം വാങ്ങിക്കൊൾക

കൃഷ്ണൻ:—(ശിരസ്സിൽ തൊഴുകൈ വെച്ച്) ഈ അരുളപ്പാടു നിറവേറിയതായി കരുതാം.

ഉദ്ധവൻ:—(മററുള്ളവർ കേൾക്കാതെ) സാത്യകേ, അക്രൂര, നിങ്ങൾ കോൺതലയ്ക്കൽ കെട്ടിക്കൊൾവിൻ; ദേവകീദേവിയുടെ നിർദ്ദേശം:—'രാമ, കൃഷ്ണവിവാഹത്തിന്നു കുണ്ഡിനപുരത്തേയ്ക്കു പോയ്ക്കൊൾവിൻ; അവിടെ എന്റെ * ഭർത്തൃസോദരീപുത്രൻ—' (എന്ന്, അർദ്ധോക്തിയിൽ പുഞ്ചിരിയിടുന്നു.)

അക്രൂര സാത്യകിമാർ:—നില്ക്കട്ടെ, നില്ക്കട്ടെ; മതി, വ്യാഖ്യാനം.

ദേവകി:—(സഹർഷം) വിജയേ, ചെന്നു, ശിശുപാലന്റെ ദൂതനെ കൂട്ടിക്കൊണ്ടുവാ

തവണക്കാരി:—അരുളപ്പാടുപോലെ.

(പോയി ദൂതനോടുകൂടി പ്രവേശിയ്ക്കുന്നു.)

ദേവകി:—(സഹർഷം) സന്ധാനക, രാമകൃഷ്ണന്മാരുടെ അരികിൽ ചെല്ലുക.

സന്ധാനകൻ:—രാമകൃഷ്ണന്മാർ വിജയിപ്പൂതാക, വിജയിപ്പൂതാക!

പുരാങ്കൽനിന്നു കൈക്കൊൾകി-
സ്സുരാഗമണിമാലയെ,

* ശിശുപാലന്റെ അമ്മ വസുദേവന്റെ ഒരു സോദരിയത്രേ. വിഷമശരാസ്പദം = കാമന്റെ ഇരിപ്പിടം; വിഷമങ്ങളായ ശരങ്ങളുടെ ഇരിപ്പിടമെന്നും. രക്താംബരാലംകൃതൻ = ചുകന്ന പട്ടുടുത്തവൻ; ചോരയാകുന്ന വസ്ത്രം ധരിച്ചവൻ എന്നും. പരമസുഖം = പരമമായ സുഖം; പരം (ഏററവും) അസുഖം എന്നും. ശിശുപാലൻ വധിയ്ക്കപ്പെടണമെന്നു ഗൂഢാർത്ഥം.

Digitized By Kerala Sahitya Akademi

പരദുർല്ലഭയെ,ശ്ശൌരേ,
വരലക്ഷണപൂർണ്ണയെ. 18

(എന്ന്, ഒരു മാണിക്യമാലയെ കൊടുക്കുന്നു; കൃഷ്ണൻ വാങ്ങുന്നു.)

ദേവകി:—വിജയേ, സന്താനകുന്നു പിഠം.

സാത്യകി:—(മററുള്ളവർ കേരംക്കാതെ) മന്ത്രിശിരോമണേ, ഉദ്ധവ, അക്രൂര, ഇപ്പറഞ്ഞതുകൊണ്ടും എനിയ്ക്കു തോന്നുന്നു. രുഗ്മിണി കൃഷ്ണൻെറ കയ്യിലായി എന്ന്.

ഉദ്ധവാ:—ക്രൂരർ: (ഹർഷോല്ലാസത്തോടെ) ശരി, ശരി; അങ്ങിനെതന്നെ.

(അണിയറയിൽ)

എന്തിന്നു നീയഹഹ, കൃഷ്ണനു കോത്തതാകു-
മിപ്പിച്ചിമാലയെ വിമോഹവശാൽത്തൊടുന്നു?
ഛരീ, ഛരീ, നിനക്കു പിഴപററുകയാണു പാഴി-
ലൊ;ല്ലാത്ത വേല, പടിവാതിൽ വിപത്തിനത്രേ! 19

ഉദ്ധവൻ:— (സഹർഷം ആത്മഗതം) ഈ നല്ല ഉപശ്രുതി ശിശുപാലദൂതനെ * അറിയിയ്ക്കുന്നു, ഇയ്യാരംക്കു മനസ്സിലാകുമെങ്കിൽ!

രാമൻ:— (ക്രോധിച്ചമട്ടിൽ) പ്രിയംവദ, ആർ ആരുടെ പിച്ചകമാല പിടുങ്ങാൻ നോക്കുന്നു എന്നറിയുക.

പ്രിയംവദൻ:— (പോയി, വീണ്ടും പ്രവേശിച്ച്, ഒരു പിച്ചക

18. പുരാൻ = തമ്പുരാൻ, ശിശുപാലൻ. രാഗത്തിന്നു ചുകപ്പെന്നും അനുരാഗമെന്നും അത്ഥം. രുഗ്മിണിയെ പാണിഗ്രഹണം ചെയ്തുകൊൾക എന്നു വ്യഞ്ജിയ്ക്കുന്നു. മണിമാലയുടെ വിശേഷണം മൂന്നും രുഗ്മിണിയ്ക്കും ചേരുമല്ലോ.

19. കൃഷ്ണനു—കൃഷ്ണന്നു കൊടുപ്പാൻവേണ്ടി. വിമോഹവശാൽ = വ്യാമോഹംമൂലം. ഒല്ലാത്ത വേല—നിഷിദ്ധകമ്മം.

* അറിയിയ്ക്കുന്നു—ശിശുപാലൻ രുഗ്മിണീവരണത്തിന്നു നില്ക്കുന്നത് ആപൽകരമാണെന്ന്.

Digitized By Kerala Sahitya Akademi

മാല കൃഷ്ണന്നു കാഴ്ചവെച്ച്") കൃഷ്ണദേവ, തൃക്കൈക്കൊള്ളുക: തൃക്കൈക്കൊള്ളുക: ഈ പിച്ചകമാല ഇവിടുത്തേയ്ക്കായി മാലാകാരൻ കൊണ്ടുപോരുമ്പോൾ, ഏതോ ഒരുത്തൻ കൈക്കലാക്കാനൊരുമ്പെട്ടു; എന്നാൽ, അവൻ മാലാകാരന്റെ കൊട്ടുംശകാരം കേട്ടു പാഞ്ഞുപോയ്ക്കളഞ്ഞു.

(രാമൻ സാകൂതമായി ചിരിച്ച് ഉദ്ധവാദികളെ നോക്കുന്നു.)

കൃഷ്ണൻ:— (ഹർഷത്തോടേ ആത്മഗതം)

പൂബാണസർവസ്വ,മവാ—
ച്യാമോദകരി ഭൈഷ്മീതാൻ
കരത്തിലീവന്നതൊ,രു-
പിച്ചിപ്പൂമാലയല്ല മേ! 20

ഉദ്ധവൻ:— (ഹർഷത്തോടേ) കൃഷ്ണദേവ, വിവാഹയാത്രാരംഭത്തിൽ വന്നുചേർന്ന ഈ പിച്ചകമാല സുനിമിത്തസൂചകമാകുന്നു; ഇതു വാടുന്നതിന്നുമുമ്പേ വേഗത്തിൽ അണിഞ്ഞുകൊള്ളുക.

(കൃഷ്ണൻ ഹർഷത്തോടെ മാല ധരിക്കുന്നു.)

വസുദേവൻ:— സന്ധാനക, എന്നാണു് വിവാഹോത്സവം?

സന്ധാനകൻ:— ഈ * മാധവന്തന്നെയാവും വിവാഹത്തിന്നെന്നു തോന്നുന്നു.

ഉദ്ധവൻ:— (സാകൂതം) വാസ്തവംതന്നെ, സന്ധാനകൻ പറഞ്ഞതു്.

രാമൻ:— (സാകൂതം പുഞ്ചിരിയിട്ടു്) കൃഷ്ണാ, എന്തിനിനിയും താമസിക്കുന്നു? വൈശാഖത്തിൽത്തന്നെയാണു് രുഗ്മിണീവിവാഹം.

20. ആമോദം = സന്തോഷം, സൌരഭ്യം. രുഗ്മിണിയും പൂബാണ (കാമ) ന്റെ സർവസ്വമാണു്; അവർണ്ണനീയമായ സന്തോഷത്തെ നല്കുന്നവളുമാണു്.



Digitized By Kerala Sahitya Akademi

കൃഷ്ണൻ:—സന്ധാനക, ചേദിരാജാവിനെ അറിയിയ്ക്കുക: വിവാഹമടുക്കുമ്പോഴെയ്ക്കു, ഞങ്ങൾ കണ്ഡിനപുരത്തു വന്നുചേരും.

അക്രൂരൻ:— ഈട്ടവെപ്പുവിചാരിപ്പുകാരോടാജ്ഞാപിച്ച്, സമ്മാനം കൊടുത്തു, സന്ധാനകനെ തിരിച്ചയയ്ക്കുക.

സന്ധാനകൻ:— കൃഷ്ണദേവ, ദേവകിത്തമ്പുരാട്ടിയെക്കൂടാതെ അവിടെ ചെന്നിട്ടു ഞാൻ എന്തുണർത്തിയ്ക്കും?

ദേവകി:—സന്ധാനക, രാമകൃഷ്ണന്മാരുടെ വേളി കേട്ടാൽ * അച്ഛൻപെങ്ങൾക്കു സന്തോഷം വരും; എന്നെക്കൊണ്ടെന്തുള്ളൂ?

സന്ധാനകൻ:—എന്നാൽ വധു ഇവിടുത്തെ തൃപ്പാദം വന്ദിപ്പാൻ ഇവിടെത്തന്നെ വരും.

സാത്യകി:—ആക്കാണതിൽ അപ്രിയം? വധുവിൻെറ ഗൃഹം തന്നെയാണല്ലോ ഇത്!

വസുദേവൻ:—ഞങ്ങൾതന്നെ സന്ധാനകനെ സമ്മാനംകൊടുത്തു തിരിച്ചയയ്ക്കാം. നിങ്ങൾ പ്രഭാതത്തിൽ പുറപ്പെടാൻ ഒരുങ്ങിക്കൊൾവിൻ. വിജയേ, വഴി കാണിയ്ക്കുക.

തവണക്കാരി:—തമ്പുരാൻ ഇതിലേ; ഇതിലേ; തമ്പുരാട്ടി ഇതിലേ, ഇതിലേ.

(ദേവകീവസുദേവന്മാർ തവണക്കാരിയോടുകൂടി പോയി.)

(അണിയറയിൽ)

ഇതേപൊഴുതിലിഗ്ഗജത്തിനു ചുരന്നിടുന്നുണ്ടു നീ–
രെ,തിർപ്പടയുടഞ്ഞുപോമടരിലെന്നു തോന്നിപ്പതായ്;
ഇതിൻ ഫലമെവണ്ണമൊന്നനുഭവിച്ചിടും ദേവകീ–
സുതൻെറ വരയാത്രയോത്തുഴറി വെമ്പൽതേടും ബലൻ.21

* മാധവം = വൈശാഖമാസം. മാധവൻ (കൃഷ്ണൻ) തന്നെയാവും വേളികഴിയ്ക്കുക എന്നും.

* അച്ഛൻപെങ്ങൾ—രാമകൃഷ്ണന്മാരുടെ അച്ഛൻെറ പെങ്ങൾ; ശിശുപാലൻെറ അമ്മ.

21. നീർ—മദജലം. എതിർപ്പട = ശത്രുവർഗ്ഗം. തോന്നിപ്പതായ് = സൂചിപ്പിയ്ക്കുന്നതായി. വരയാത്ര = വിവാഹയാത്ര.

Digitized By Kerala Sahitya Akademi

രാമൻ:—(കേട്ടിട്ട്, സഹർഷം ഉറക്കെ) എടോ ആനക്കാര, കൊള്ളാം, കൊള്ളാം; എന്റെ ആനയ്ക്കു മദം ചുരന്നതു ഭാഗ്യം! നീ വിഷാദിയ്ക്കേണ്ടാ: ഇതു സഫലമാകും.

അല്ല്യ,ത്രയ്യം മുദ്ഗലമാം വരയാത്രയല്ലി-
ത;-ങ്ങാഹവേ, തനു തരിച്ചിടുമാറു കേൾക്കാം,
അദ്ദന്തിദന്തഹതിയാൽസ്സമദാരിഭൂപ-
വാർനെഞ്ചിലിമ്പു ചതയുന്ന കടുസ്വനങ്ങൾ! 22

കൃഷ്ണ, ഇനി നമുക്കെല്ലാം സ്വഗൃഹങ്ങളിൽ ചെന്നു, യാത്രയ്ക്കൊരുങ്ങാം.

(എന്ന് എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

22. ആഹവേ = യുദ്ധത്തിൽ. തനു = ദേഹം. ദന്തിദന്തഹതി = ആനകളുടെ കൊമ്പുകൊണ്ടുള്ള കുത്ത്. സമ...ലിമ്പ് = ഗർവിതരായ ശത്രുരാജാക്കന്മാരുടെ വമ്പിച്ച ഹൃദയാസ്ഥി. യാത്രാരംഭത്തിൽ ആനയ്ക്കു മദമുണ്ടാകുന്നതു, യുദ്ധസൂചകമത്രേ.

Digitized By Kerala Sahitya Akademi

## മൂന്നാമങ്കം

(സുബുദ്ധി പ്രവേശിക്കുന്നു)

സുബുദ്ധി:— (ചുടുനെടുവീർപ്പിട്ട്) അയ്യോ, എത്ര കഷ്ടം കന്യ കാത്വം!

മനം മനോജന്നായത്തം,
ദേഹം ഗുരുജനത്തിനും;
മൃതി ദൈവവശം; വാടി–
ല്ലെന്തുട്ടു കലകന്യമാർ? 1

അഹോ, സുബുദ്ധിയായ എന്റെ ദുർബ്ബുദ്ധിത്വം: ആത്മാരാമാശ്രമത്തിൽ വിഹരിച്ചിരുന്ന ഒരു മാന്പേടയായ ഞാൻ മനുഷ്യസ്നേഹമാകുന്ന പൊട്ടപ്പുല്ലു കൊതിച്ചു താനേതന്നേ മോഹവലയിൽ വീണുപോയി! ഇനി രുഗ്മിണിക്കു പ്രാണാപായം പററിയാൽ എന്റെ ജീവിതം കളങ്കിതമായിപ്പോകും:

ഗൌരീമന്ത്രോപദേശശക്തി കളങ്കിതമായിപ്പോകും. ഇതൊന്നേ, രുഗ്മിണിയുടെ പ്രാണന്നു തുണയായിട്ടുള്ളു: വിവാഹയാത്രാനാട്യത്തിലെങ്കിലും കൃഷ്ണൻ ഇവിടെ വന്നെത്തിയിട്ടുണ്ടല്ലോ.

ഹരിമേഘാപ്തികളിരും
ചൈദ്യക്കൊടുവെയിലുമൊത്തൊരിദ്ദിവസം
സുഖശോഷങ്ങളെയനിശം
ചൈഷ്മിക്കുന്നു ശാരദം പോലേ. 2

1. മനോജൻ = കാമൻ. ആയത്തം = അധീനം. ദൈവവശം = ദൈവായത്തം.

2. ഹരി...ളിർ = കൃഷ്ണനാകുന്ന മേഘത്തിന്റെ ആഗമനത്താലുള്ള തണുപ്പ്. ശോഷം = വരൾച്ച. ശാരദം = ശരദൃതുവിലേതായ ദിവസം (പകൽ.) കൃഷ്ണാഗമനം സുഖിപ്പിക്കുന്നു; ശിശുപാലാഗമനം ശോഷിപ്പിക്കുന്നു

Digitized By Kerala Sahitya Akademi

(നാലുപുറവും നോക്കി, നിന്നു * ചമൽക്കരിച്ചിട്ട്) അല്ല, ഞാൻ എവിടെയ്ക്കാണ് പോകുന്നത്? (ലജ്ജയോടേ) എയ്, രുഗ്മിണിയുടെ ഗൃഹത്തിലെയ്ക്കു പുറപ്പെട്ട എന്റെ നടത്തം മറെറാരിടത്തെയ്ക്കായിപ്പോയി. [നോക്കീയിട്ട്) ആകട്ടെ, ഈ വഴിയ്ക്കുതന്നെ പോകാം: ഇതാണല്ലോ. പോററമ്മയുടെ മകൾ സുവത്സലയ്ക്കു രുഗ്മിണീഗൃഹത്തിൽപ്പോകാനുള്ള വഴി. അതിനാൽ എന്റെ ദുഃഖത്തിൽ പ്പങ്കുകൊൾവാൻ അവളും എത്തിച്ചേൎന്നു എന്നു വരാം,

(പിന്നെ സുവത്സല പ്രവേശിയ്ക്കുന്നു)

സുവത്സല:— ഭഗവതി, സുബുദ്ധികേ, എങ്ങോട്ടാണ് വെമ്പി നടക്കുന്നത്? ഞാനും കൂടെപ്പോരാം.

സുബുദ്ധി:— (തിരിഞ്ഞുനോക്കിയിട്ട്) എയ്, സുവത്സല പിന്നാലെ വരുന്നുണ്ട്. (നിന്നിട്ട്) വരൂ, കുഞ്ഞേ, വരൂ.

സുവത്സല:— ഞാൻ ഒപ്പമെത്തി; ഇനി ഭഗവതി നടന്നുകൊള്ളുക. എവിടെയ്ക്കാണ് പോകുന്നത ?

സുബുദ്ധി:— (നെടുവീൎപ്പിട്ട്) മറെറവിടേയ്ക്കു്?

സുവത്സല:— രുഗ്മിണീഗൃഹത്തിലെയ്ക്കാണോ, ഭഗവതി പുറപ്പെട്ടത്? (കണ്ണുനീരോടേ) ഭഗവതി, ഇവിടത്തെ സുബുദ്ധിത്വവും എന്റെ സുവത്സലാത്വവും മറിച്ചായിപ്പോയി! രുഗ്മിണിയുടെ ജീവിതാശ ഊഞ്ഞാലിലാടുകയാണല്ലൊ.

സുബുദ്ധി:—കൂടെ മരിച്ചാൽത്തന്നെയും എന്റെ സുബുദ്ധിത്വം മറിച്ചാവും; നിന്റെ സുവത്സലാത്വമാകട്ടേ, മറിച്ചാവില്ല!

സുവത്സല:—ഭഗവതി, ഇവിടത്തെ ബുദ്ധിവൈഭവവും മന്ത്രശക്തിയും മറിച്ചാകുന്നതിൽ അപരാധി, രുഗ്മിണിയുടെ ദുർവിധിയാണ്. കൃഷ്ണൻ രുഗ്മിണിയ്ക്കു് ഇളപ്പം * വരുത്തുമെന്നതിൽ എനിയ്ക്കു വിശ്വാസം ജനിയ്ക്കുന്നില്ല. ഭഗവതിയും അവിടെ വെച്ചു കൃഷ്ണന്റെ ആൾക്കാരിൽ നിന്നു് അറിഞ്ഞതാണല്ലോ, ഇത്:

* ചമൽക്കരിയ്ക്കുക = ചമൽ എന്ന ശബ്ദം പുറപ്പെടുവിയ്ക്കുക.

* സ്നേഹമുള്ളവൾ എന്ന നില.

Digitized By Kerala Sahitya Akademi

കൃഷ്ണൻെറ ഹൃദയേ രുഗ്മി-
ണ്യാഖ്യാമന്ത്രാക്ഷരത്രയം
ചെന്നതോടേ, പുറത്തായി-
ക്കഴിഞ്ഞു മാറു കാന്തമാർ! 3

അതിനാൽ, നന്ദകത്തിൻെറ സാഹായ്യംകൊണ്ടെങ്കിലും, ഭഗവതിയുടെ മന്ത്രശക്തി ഫലിയ്ക്കും.

സുബുദ്ധി:—സുവത്സലേ, വരിക: നമുക്കു കുമാരിയെ ആശ്വസിപ്പിയ്ക്കാം.

സുവത്സല:—ഭഗവതി, കുമാരിയെ ആശ്വസിപ്പിയ്ക്കാൻവേണ്ടി ഞാൻ കൃഷ്ണൻെറ ചിത്രം മകരന്ദികയുടെ കയ്യിൽ കൊടുത്തയച്ചിട്ടുണ്ട്. അതിനാൽ ഭഗവതി വരിക: നമുക്കു, കൃഷ്ണൻെറ കൂടാരത്തിൽ പോയി മറഞ്ഞുനിന്ന് എല്ലാം അറിഞ്ഞിട്ടു, വേഗത്തിൽ രുഗ്മിണിയുടെ അടുക്കൽ ചെല്ലാം.

സുബുദ്ധി:—സുവത്സലേ, നിനക്കിപ്പോഴും ഇത്ര ഉത്സാഹം തോന്നുണ്ടെങ്കിൽ, കൃഷ്ണനെ കൌതുകപ്പെടുത്താൻ രുഗ്മിണിയുടെ ചിത്രം എടുത്തുകൊാംക.

സുവത്സല:—നമുക്ക് ഈ വഴിയ്ക്കു, ചിത്രത്തോടുകൂടിയ * സുലേഖചിത്രകാരനെ കൂട്ടി പോകാം.

(രണ്ടുപേരും പോയി.)

വിഷ്കംഭം.

(അനന്തരം കയ്യിൽ കൃഷ്ണൻെറ ചിത്രവുമായി രുഗ്മിണിയും മകരന്ദികയും പ്രവേശിയ്ക്കുന്നു.)

രുഗ്മിണി:—(സന്താപത്തോടെ നെടുവീപ്പിട്ട്) തീച്ചയായും

* രുഗ്മിണി ഇത്രയും കാമിയ്ക്കെ, കൃഷ്ണൻ അവളെ ത്യജിച്ചാൽ, അത് അവൾക്ക് ഒരു പോരായ്മയാകുമല്ലോ.

3. രുഗ്മി...ത്രയം = രുഗ്മിണിയുടെ പേരാകുന്ന മന്ത്രത്തിൻെറ മൂന്നക്ഷരങ്ങൾ; രുഗ്മിണി എന്ന ത്ര്യക്ഷരമന്ത്രം.

Digitized By Kerala Sahitya Akademi

ഞാൻ മുൻജന്മത്തിൽ ചന്ദ്രചൂഡന്റെ വിഗ്രഹത്തെയേ ആരാധിച്ചിട്ടുള്ളു: ഈ സുലേഖന്റെ ചിത്രംകൊണ്ടുമാത്രം എന്നെ വഞ്ചിയ്ക്കുകയാണല്ലോ, ഹതവിധി! തോഴി, മകരന്ദികേ, ഭഗവതി സുബുദ്ധിയും സുവത്സലയും മറന്നുകളഞ്ഞു: അവർ ആ പതിനാറായിരത്തിൽ ഒരു ഗോപികയോടെങ്കിലും കൃഷ്ണപ്രീതിയ്ക്കുള്ള ഭാഗ്യങ്ങളെ അഭ്യർത്ഥിച്ചില്ലല്ലോ! (നെടുവീർപ്പിട്ട്) അഥവാ, ദുർവ്വിധിയാലാണ്, എനിയ്ക്കു വല്ലായ്മ. ഭാഗ്യം കൊടുക്കപ്പെടാറില്ലല്ലോ. അതിനാൽ, ഈ ചിത്രത്തെത്തന്നെ മതിയാവോളം നോക്കാം. (അപ്രകാരം ചെയ്യുന്നു.)

മകരന്ദിക:-- വല്ലാതെ ക്ഷീണിച്ചിരിയ്ക്കുന്നു, കൊച്ചുതമ്പുരാട്ടി; ആ കഴിവുററ സുബുദ്ധിഭഗവതിയും സുവത്സലയും എവിടെയാണാവോ, വൈകിയ്ക്കുന്നത്.

(അനന്തരം സുബുദ്ധിയും സുവത്സലയും പ്രവേശിയ്ക്കുന്നു.)

സുബുദ്ധി:— (രുഗ്മിണിയെ നോക്കി) സുവത്സലേ, മനസ്സു കൃഷ്ണചിത്രത്തിൽ ലയിച്ചിരിയ്ക്കുകയാൽ രുഗ്മിണി നമ്മെ കാണുന്നില്ല. അതിനാൽ വരിക: നമുക്കു മകരന്ദികയെ ആംഗ്യംകൊണ്ടു വിലക്കി, അനങ്ങാതെ ഇവളുടെ പിന്നിലിരിയ്ക്കാം.

(രണ്ടുപേരും അപ്രകാരം ചെയ്യുന്നു)

സുബുദ്ധി:—(നോക്കി, ആശ്ചര്യത്തോടേ) അമ്പോ, രുഗ്മിണിയുടെ മനസ്സംഗദാർഢ്യം:

പേർത്തും പേർത്തുമുറക്കെ മൂളുമളിവ-
ണ്ടുച്ഛ്വാസസൌരഭ്യ-
ച്ചാർത്തിൽത്തത്തുവതും, വതംസനളിന-
ക്രീഡാരവിന്ദങ്ങളിൽ

* സുലേഖൻ—ചിത്രമെഴുത്തുകാരന്റെ പേർ.

4. ഉച്ഛ്വാ...ച്ചാർത്തിൽ = നിശ്വാസങ്ങളുടെ സുഗന്ധപരമ്പരയിൽ.

Digitized By Kerala Sahitya Akademi

പേർത്തും പേർത്തുമിരിപ്പുകൊരംവതു മറി-
ഞ്ഞീടുന്നതില്ല,ഭ്രനേർ-
ഗാത്രൻതൻ പ്രതിമാപടത്തിൽ വിലയം
പ്രാപിച്ച ലോലാക്ഷിയാരം! 4

രുഗ്മിണി:— (ചിത്രംനോക്കിക്കൊണ്ടു് ഉൽക്കണ്ഠയോടേ) മദനച്ചൂടേശ്രമ്പോരം, ഈ സുഭഗന്റെ ഈ ലാവണ്യവാപിയിൽ നീന്തിക്കളിക്കുന്ന ആ ഗോപികമാർ ഭാഗ്യവതികരം തന്നെ! എന്നെപ്പോലുള്ളവക്കുണ്ടോ, ഇപ്രകാരമിരിക്കുന്ന ഇദ്ദേഹം— (എന്നു്, അദ്ധോക്തിയിൽ ബാഷ്പഗദ്ഗദത്തോടേ)

മനമേ, ദയചെയ്കടങ്ങുകെ,ന്തി-
ന്നനവാപ്യപ്രണയപ്രവത്തനം തേ?
വനമാമ്പിട തിങ്കളിൻമൃഗത്തോ-
ടനുരാഗം കരുതുന്നതെത്ര ഹാസ്യം! 5

സുബുദ്ധി:— (സംഭ്രമത്തോടേ എഴുന്നേററു, രുഗ്മിണിയുടെ * ചിബുകം പൊന്തിച്ചു്) വത്സേ, രുഗ്മിണി, നിന്റെ ഗുരുജനത്തിന്നു ത്രാണിയില്ലെന്നോ? നീ ഇങ്ങിനെ വാടിത്തളരുന്നുവല്ലോ!

രുഗ്മിണി:— (നാണിച്ചു്, ആത്മഗതം) എയ്യ്, ഇവിടെത്തന്നെ ഉണ്ടായിരുന്നുവോ ഭഗവതി? (പ്രകാശം) ഇവിടുന്നൊഴികെയുള്ള ഗുരുജനം എനിക്കു ദുജ്ജനംതന്നെ!

സുബുദ്ധി:— (സോത്സാഹം) ആരെങ്കിലും എങ്ങിനെയെങ്കിലുമായിക്കൊള്ളട്ടെ. ശാർങ്ഗപാണി നിന്നെ പാണിഗ്രഹണംചെയ്തുകഴിഞ്ഞു! കുഞ്ഞേ, സുവത്സലേ, നീയെന്താണു്, കുമാരിയെ അറിയിക്കാത്തതു്?

വതംസനളിനം = കാതിലണിഞ്ഞ താമരപ്പൂവു്; അതിലും, കളിത്താമരപ്പൂവിലും. അഭ്രനേർഗാത്രൻ = കാർവണ്ണൻ. പ്രതിമാപടം = ചിത്രപടം.
5. അന......ത്തനം = അലഭ്യങ്കൽ പ്രേമം വെച്ചുകൊണ്ടിരിക്കൽ മൃഗം = മാൻ.

* ചിബുകം = താടി.

Digitized By Kerala Sahitya Akademi

സുവത്സല:—(മുമ്പിൽ ചെന്നിട്ട്) വത്സേ, രുഗ്മിണി, ഭഗവതി വല്ലപ്പോഴും അസത്യം അരുളിച്ചെയ്തിട്ടുണ്ടോ? സുമുഹൂൎത്തം മാനിക്കപ്പെട്ട ചിത്രസ്ഥനായ നിന്നെ കൃഷ്ണൻ പാണിഗ്രഹണം ചെയ്തുകഴിഞ്ഞു; ഇനി, തന്റെ * പാണിഗൃഹീതയ്ക്കു വേണ്ടതു കൃഷ്ണൻ അനുഷ്ഠിച്ചുകൊള്ളും.

രുഗ്മിണി:—(സഹർഷം ആത്മഗതം)ഹൃദയമേ, സമാശ്വസിയ്ക്കുക, സമാശ്വസിയ്ക്കുക: ദൈവം നിനക്കനുകൂലമായി എന്നു തോന്നുന്നു.

സുബുദ്ധി:—(ഉല്ലാസത്തോടേ) കുഞ്ഞിനു വിശ്വാസം വന്നില്ലയോ? ഇതാ, ചിത്രത്തിലെ വാസുദേവൻ നിന്നെ പാണിഗ്രഹണം ചെയ്തുകഴിഞ്ഞു; (എന്നു കൃഷ്ണചിത്രത്തെക്കൊണ്ടു പാണിഗ്രഹണം ചെയ്യിയ്ക്കുന്നു.)

(അണിയറയിൽ പെരുമ്പറ മുഴങ്ങുന്നു)

സുവത്സലയും,മകരന്ദികയും:—(സഹർഷം) ഹാ, സുനിമിത്തം സുനിമിത്തം!

സുബുദ്ധി:— സുനിമിത്തം മാത്രമല്ല: ഇപ്പോൾ, ഈ മാളികച്ചുവട്ടിലെ വഴിയിലൂടെതന്നെ ആ ഗോവിന്ദൻ നഗരത്തിൽ പ്രവേശിയ്ക്കും; ആ ശിശുപാലാദികളും. എതിരേല്പാൻ പുറപ്പെട്ട ഭീഷ്മമഹാരാജാവിനേയും, മൂത്ത കൊച്ചുതമ്പുരാനായ രുഗ്മി മുതലായവരെയും ഞാൻ കാണുകയുണ്ടായി.

(അണിയറയിൽ)

പൌരന്മാരേ, പൌരകന്യകമാരേ, മഹാരാജാവരുളിച്ചെയ്യുന്നു, നിങ്ങൾ * മംഗളകൌതുകങ്ങൾക്കൊരുങ്ങുവിൻ:

* പാണിഗൃഹീത = വേൾക്കപ്പെട്ടവൾ.

* മംഗളകൌതുകങ്ങൾ = കല്യാണത്തിനു നഗരമലംകരിയ്ക്കുകയും മററും.



Digitized By Kerala Sahitya Akademi

പെരുമപ്പെട്ട രാജാക്കന്മാർ നഗരത്തിൽ പ്രവേശിയ്ക്കുകയായി.

മകരന്ദിക:—(ഔൽസുക്യത്തോടെ) ഭഗവതി, സുബുദ്ധികേ, ഇവിടെവെച്ച ഭവതി ഈ കൃഷ്ണചിത്രത്തെക്കൊണ്ടു പാണിഗ്രഹണം ചെയ്യിച്ചു; അവിടെ വെച്ചു, കൊച്ചുതമ്പുരാട്ടിയുടെ ചിത്രത്തെക്കൊണ്ടും. ഇവരിരുവരെയും ഒരേ സ്ഥലത്തു ചേൎന്നുകാണ്മാൻ എനിയ്ക്കു കൌതുകമുണ്ട്. അതിനാൽ, ഈ ചിത്രപടത്തിൽ കൃഷ്ണന്റെ അരികിൽ കൊച്ചുതമ്പുരാട്ടിയെ ഞാൻ വരയ്ക്കാം.

സുബുദ്ധി:— (ചിരിച്ച്) നിന്റെ കൌതുകപ്രസരത്തെ ആർ തടുക്കുന്നു? എന്നാൽ, ഈ മനോരഥം പ്രത്യക്ഷമാകലും സമീപിച്ചിരിയ്ക്കുന്നു.

(മകരന്ദിക വരയ്ക്കുന്നതായി നടിച്ചു ചിത്രപടം കയ്യിൽ വെയ്ക്കുന്നു.)
(അണിയറയിൽ കളകളം)

സുവൽസല:—ഭഗവതി, നരേന്ദ്രന്മാർ നഗരപ്രവേശത്തിന്നെത്തിക്കഴിഞ്ഞു ഇതാ, സമീപത്തുനിന്നു പെരുംപറയൊച്ച കേറ്റംകേൾക്കുന്നുണ്ടല്ലോ.

മകരന്ദിക:—(ഔത്സുക്യത്തോടെ) കൊച്ചുതമ്പുരാട്ടി, എന്നാൽ നമുക്കു മാളികയുടെ മുകളിൽത്തട്ടിൽക്കേറി, ജനാലയിലൂടെ നോക്കിക്കാണാം.

രുഗ്മിണി:—(സഹർഷം ആത്മഗതം) കൊള്ളാം, മകരന്ദികേ, കൊള്ളാം! (ആകാരഗോപനത്തോടേ, പ്രകാശം) ഭഗവതി പറയുന്നതുപോലെ.

സുബുദ്ധി:—അങ്ങിനെയാവാം. (എല്ലാവരും എഴുന്നേററു മുകളിൽ കേറുന്നു)

മകരന്ദിക: –(ജനാലിലൂടെ നോക്കി) നോക്കുവിൻ, നോക്കുവിൻ: രാജാക്കന്മാർ കടന്നുതുടങ്ങി.

(എല്ലാവരും നോക്കുന്നു)

മകരന്ദിക:—(നോക്കി ഹർഷാശ്ചര്യങ്ങളോടെ)

പ്രിയതോഴി, വിലോലചാമരം
വിലസുംരൂപമിതാരുടേതുവാൻ,

Digitized By Kerala Sahitya Akademi

കളഹംസഗണം ചുഴന്നതാം
തെളിനീലോൽപലവാടി പോലവേ ? 6

സുവൽസല:—(നോക്കിയിട്ട്) നോക്കുവിൻ, നോക്കുവിൻ: ഇതാ, ആ ഗോപീസഹസ്രമനോമോഹനനായ മധുസൂദനൻ തേരിൽക്കേറി വരുന്നുണ്ടു്!

രുഗ്മിണി:—(ഔൽസുക്യത്തോടെ നോക്കിയിട്ട് ആത്മഗതം) അല്ലയോ കണ്ണുകളേ, ചെവികൾ യാതൊരാളുടെ ഗുണഗണാമൃതം നുകരുമ്പോളാണോ നിങ്ങൾക്ക് ഈൎഷ്യകൊണ്ടെന്നപോലെ ദൎശനതൃഷ്ണ മുതിൎന്നത്, ആ സുഭഗനെ ഇപ്പോൾ മതിയാകുവോളം ഇഷ്ടംപോലെ നോക്കിക്കണ്ടുകൊൾവിൻ! ഇത്തിരിനേരം ജന്മഫലം കൈക്കലാക്കിക്കൊൾവിൻ! ആക്കറിയാം മേലിൽ എന്തുചെയ്യും, ഭഗവാൻ വിധാതാവെന്ന്?

(അനന്തരം, തേരിൽക്കേറി കൃഷ്ണനും, പ്രിയംവദനും മാളികച്ചുവട്ടിൽ പ്രവേശിക്കുന്നു.)

മകരന്ദിക:—(ഔൽസുക്യത്തോടെ) ഭാഗ്യം, ഞാൻ ഉടൽ മുക്കാലും ജനാൽപ്പഴുതിലാക്കിനിന്നു നോക്കട്ടെ! (കണ്ടറിഞ്ഞിട്ട്) അന്ന് ഇവിടെ വന്നിട്ടു കാൎയ്യം സാധിക്കാതെ തിരിച്ചുപോയ പ്രിയംവദനാണിത്.

സുവൽസല:—(രുഗ്മിണിയെ നോക്കി, ആത്മഗതം) ഇല്ല, ഈ ഇടുങ്ങിയ ജനാൽപ്പഴുതിൽ ഒതുങ്ങുകയില്ല, രുഗ്മിണിയുടെ * കൃഷ്ണാലോകനതൃഷ്ണ. അതിനാൽ ഇങ്ങിനെയാവാം. (പ്രകാശം) മകരന്ദികേ, നീ മറെറാരു ജനാലിൽ നോക്കിക്കൊൾക; ഇതിൽ രുഗ്മിണിക്കുഞ്ഞു യഥേഷ്ടം നോക്കിക്കൊള്ളട്ടെ.

മകരന്ദിക:—അങ്ങിനെയാകട്ടെ.

6. വിലോലചാമരം = ഇളകുന്ന (വീശപ്പെടുന്ന) വെൺചാമരങ്ങളോടെ. നീലോൽപലവാടി = കുവലയവനം.

* കൃഷ്ണദൎശനേച്ഛ.

Digitized By Kerala Sahitya Akademi

(ജനാലയ്ക്കൽനിന്നു മാറുന്ന മകരന്ദികയുടെ കയ്യിൽനിന്നു ചിത്രപടം കീഴ്പോട്ടു വീഴുന്നു.)

പ്രിയംവദൻ:—കൃഷ്ണദേവ, ഇതെടുത്തുകൊാംക: എന്തോ ഒന്ന് ഇവിടുത്തെ താമരപ്പൂധരിച്ച തൃക്കയ്യിൽ വീണു.

കൃഷ്ണൻ:—(എടുത്തുനോക്കിയിട്ട്) എയ്, രുഗ്മിണിയുടേയും എൻേറയും രൂപങ്ങളുള്ള ഒരു ചിത്രമാണിത്. പ്രിയംവദ, നോക്കു, നോക്കു.

പ്രിയംവദൻ:—(ചിത്രപടം നോക്കിയിട്ട്) തിരുമേനിയ്ക്കുടക്കൽ ഈയെഴുതപ്പെട്ടിരിയ്ക്കുന്നത് രുഗ്മിണിയാണ്.

'നീയെന്തു കൃഷ്ണൻെറ കരത്തിൽ വാഴ്വതെ?–ൻ
കൈത്തണ്ടലക്കാണവകാശമിന്നിതിൽ'
എന്നീവിധം തള്ളുകയായിരിയ്ക്കുമോ
പങ്കേരുഹത്തെ,ത്തവ കയ്യിൽ വന്നിവരം! 7

(മാളികമേൽ നോക്കി, കണ്ടറിഞ്ഞിട്ടു ഹർഷോല്ലാസത്തോടേ) കൃഷ്ണദേവ, രുഗ്മിണിയുടെ മാളികയാണിത്. ഇതു രുഗ്മിണിയുടെ കയ്യിൽ നിന്നായിരിയ്ക്കും വീണത്.

കൃഷ്ണൻ:— (ഉൽക്കണ്ഠയോടേ മാളികമുകളിലേയ്ക്കു നോക്കി, ജനാലയിൽ മുഖം വെച്ച രുഗ്മിണിയെ കണ്ടറിഞ്ഞിട്ടു ഹർഷത്തോടെ) ഇതു തീച്ചയായും രുഗ്മിണിതന്നെ; ചിത്രത്തിനൊത്തിരിയ്ക്കുന്നു. (നന്നായി നോക്കിയിട്ട്)

മേലേ ഞാന്നുകിടന്നിടും കുറുനിര-
ച്ചാർത്താം കളങ്കാങ്കുര-
ത്താലും, കുങ്കുമലിപ്തമാം കവിളിലെ-
ച്ചെമ്പൊന്നിറത്താലുമേ
ചേലേറും സുദതീമുഖം സമനുവ-
ർത്തിപ്പൂ, സഹസ്രാക്ഷദിക്-
ശൈലത്തിൻഗുഹയിങ്കൽനിന്നു കയറി
പ്പോരുന്ന വാർതിങ്കളെ. 8

7. പങ്കേരുഹം—കൃഷ്ണൻെറ കയ്യിലെ കേളിപത്മം.
8. സമനുവർത്തിപ്പൂ = അനുസരിയ്ക്കുന്നു, അനുകരിയ്ക്കുന്നു. സഹ......

Digitized By Kerala Sahitya Akademi

(രുഗ്മിണി ലജ്ജിച്ചു മുഖം കുനിയ്ക്കുന്നു)

കൃഷ്ണൻ:— (സന്താപത്തോടേ ചുടുനെടുവീർപ്പിട്ട്)

ചികെന്നെയച്ചാൻ മിഴി, നോററിരിയ്ക്കും
ചകോരകം ശാരദചന്ദ്രബിംബേ;
അതപ്പൊഴെയ്ക്കും, ദയയററ ദൈവം
മൂടിക്കളഞ്ഞൂ മുകിൽകൊണ്ടു, കഷ്ടം! 9

രുഗ്മിണി:— (സന്താപത്തോടേ ആത്മഗതം) ശപിയ്ക്കപ്പെട്ട ലജ്ജേ, ഞങ്ങളുടെ ഗുരുജനത്തേക്കാളേറെ നിർദ്ദയയാണ്, നീ; പ്രിയപ്പെട്ട സുഭഗനെ ദർശിയ്ക്കുന്നതിൽത്തന്നെയും നീ മുടക്കം വരുത്തിയല്ലോ!

സുബുദ്ധി:— കുഞ്ഞേ, രുഗ്മിണി, പിന്മാറിയതെന്താണ്?

രുഗ്മിണി:— (ലജ്ജാസ്മിതത്തോടേ) മകരന്ദികയുടെ കയ്യിൽനിന്നു വീണുപോയ ചിത്രപടമെടുത്തിട്ട് (സഗദ്ഗദം) ആരോ മുകളിലേയ്ക്കു നോക്കി.

സുബുദ്ധി:— (പുഞ്ചിരിയോടേ ജനാലിൽ നോക്കി, ശങ്കിച്ചു പിന്മാറിയിട്ട്) ഇപ്പോഴും എല്ലാവരും തക്കക്കേടു പററി: കൃഷ്ണൻെറ മുമ്പിൽ ഭീഷ്മകമഹാരാജാവുവന്നെത്തിയിരിയ്ക്കുന്നു.

(അനന്തരം തേരിൽക്കയറിയ ഭീഷ്മകൻ പ്രവേശിയ്ക്കുന്നു.)

ഭീഷ്മകൻ:— (കൃഷ്ണനെ നോക്കി, സന്താപത്തോടേ ആത്മഗതം.)

ഇതേ രൂപ, മിതേ ശൌര്യ,—
മിതേ പ്രായ,മിതേ നെറി;
കൃഷ്ണനെത്തള്ളുമീ രുഗ്മി
കൊന്നു രുഗ്മിണിയെച്ചലാൽ: 10

ശൈലം = ഇന്ദ്ര(കിഴക്കേ) ദിക്കിലെ ശൈലം, ഉദയാദ്രി കയറിപ്പോരുന്ന—ഉദിച്ചുയരുന്ന.

9. അത്—ശാരദചന്ദ്രബിംബം.

10. ഇതേ = ഇതുതന്നെയാണ്. രൂപം = സൌന്ദര്യം. നെറി = ശീലഗുണം.

Digitized By Kerala Sahitya Akademi

(അണിയറയിൽ പരിഹാസത്തോടേ)

പിറാവിനേകീട്ടകയാണ്, ഭോഷനി—
ക്കുമാരനാഹന്ത, മരാളിയെബ്ബലാൽ;
അതാട്ടെ, യീമന്മഥമന്ഥരാംഗിയോ
ദ്രുതം മരാളത്തൊടുതന്നെചേൎന്നിടും! 11

ഭീഷ്മകൻ:— (ആത്മഗതം) എയ്, ആരോ കുമാരൻെറ വിഢ്യാട്ടത്തെ പരിഹസിച്ചുകൊണ്ടുച്ചരിച്ച ഈ നല്ല ഉപശ്രുതി എന്നെ സമാശ്വാസിപ്പിയ്ക്കുന്നുണ്ട്. എന്നാൽ, ഇതെങ്ങിനെ സംഭവിയ്ക്കും? അഥവാ, ദുർജ്ഞേയമാണല്ലോ, ദൈവഗതി.

(അണിയറയിൽ)

സ്തുതിപാഠകന്മാരേ, രാജാക്കന്മാൎക്കു മംഗളാശിസ്സുകൾ ചൊല്ലുവിൻ.

സ്തുതിപാഠകൻ:—(ഗർവഹൎഷത്തോടേ)

കൈത്തണ്ടിൻനീളത്തിനാലേ കുറിയ നില രിപു—
ക്ഷ്മാപഗർവിന്നിയററി,—
പ്പേർത്തുഗ്രം ശാർങ്ഗമേന്തി, ച്ചുണയുടയ മഹാ-
വീരരെക്കാല്ക്കൽ വീഴ്ത്തി,
പ്രോദ്യച്ചക്രാഗ്രനായ് വൻദിതിസുതരെയരി—
ഞ്ഞ, ണ്ടർനല്ലാൎക്കു കണ്ണീർ—
ച്ചാത്തന്നും നിക്കിമേവും ഹരി നരവരരേ,
നിങ്ങളെക്കാത്തിടട്ടെ! 12

അത്രയുമല്ല—

11. മരാളി = അരയന്നപ്പിട. മന്മ......രാംഗി = മദനാലസഗാത്രി.

12. കൈത്തണ്ടിൻെറ നീളം വൈരിഭൂപഗർവിനെ കുറുതാക്കി. പ്രോദ്യച്ചക്രാഗ്രൻ = ഉയൎന്ന ചക്ര(സുദൎശന)ത്തിൻെറ വായ്ത്തലയോടുകൂടിയവൻ. അണ്ടർനല്ലാർ = ദേവസ്ത്രീകൾ. ഹരി = വിഷ്ണു.

Digitized By Kerala Sahitya Akademi

ആവോളം ഭള്ളിയലുമരച-
ന്മാരെ മട്ടിച്ചരപ്പാ-
നാ വജ്രത്തിന്നുടയ പരമാ-
ണുക്കളൊല,ല്ലായെങ്കിൽ
പൂവാർവേണീഹൃദയഹരണ-
ത്തിന്നു ലാവണ്യവായ്പാൽ-
ദ്ദൈവം സൃഷ്ടിച്ചരുളിയ കരിം-
കാർനിറൻ ശൌരി വെൽവൂ! 13

സൂതപുത്രി:— (കേട്ടിട്ട്, ആത്മഗതം) * ഹൃദയം വേണ്ട; പൂവാർവേണീഹരണം മതി.

ഭീഷ്മകൻ:— (ശങ്കയോടേ ആത്മഗതം) എയ്, എന്തോ അർത്ഥം വെച്ചെന്നപോലെയാണ്, സ്തുതിപാഠകൻ ചൊല്ലുന്നത്. രാജാക്കന്മാർ കുറഞ്ഞൊന്നരിശംകൊണ്ടിരിയ്ക്കുന്നു. അതിനാൽ കൃഷ്ണനെ മുമ്പേതന്നെ കൊണ്ടുചെന്നു പാർപ്പിച്ചുകളയാം. (പ്രകാശം) കൃഷ്ണദേവ, ഈ * തേർവീഥിയെ കൃതാർത്ഥമാക്കിക്കൊണ്ടു ഭവാൻ കൂടാരമലങ്കരിച്ചാലും; സൂത, തേർ നടത്തിക്കൊൾക. ഞാൻ പിന്നാലെ വരാം.

കൃഷ്ണൻ:— (സവിനയം) അങ്ങയുടെ ഇഷ്ടംപോലെ. ദാരുക, തേർ നടത്തുക.

(എന്നുപോയി)

ഭീഷ്മകൻ:— (നിന്നിട്ട്) എയ്, ശിശുപാലൻെറ മുമ്പിലേയ്ക്കു വരുന്നു. ഞാൻ കൃഷ്ണൻെറ പിന്നാലെതന്നെ പോയ്ക്കളയാം.

(പോയി)

(പിന്നെ ശിശുപാലനും രുഗ്മിയും പ്രവേശിയ്ക്കുന്നു.)

രുഗ്മി:— (ഹർഷോല്ലാസത്തോടേ ഒരു വശത്തേയ്ക്കു നോക്കി

13. ഒന്നുകിൽ വജ്രപരമാണുക്കൾകൊണ്ട്, അല്ലെങ്കിൽ സൌന്ദര്യ്യസമൃദ്ധികൊണ്ട്. പൂവാർ......ഹരണം = സുന്ദരിമാരുടെ കരൾ കവരൽ.

* ഹൃദയം എന്നപദം വിടാം; പൂവാർവേണിയെ (സുന്ദരിയെ) ഹരിപ്പാൻ എന്നു മാത്രംമതി. കൃഷ്ണൻ രുഗ്മിണിയെ ഹരിയ്ക്കട്ടെ എന്നാശയം.

Digitized By Kerala Sahitya Akademi

യിട്ട്) സ്തുതിപാഠക, നീയെന്താണ്, മഹീമഹേന്ദ്രനായ ചേദീന്ദ്രനെക്കുറിച്ചു ചൊല്ലാത്തത്?

സ്തുതിപാഠകൻ:- (ഗർവോടേ ഉച്ചത്തിൽ)

പിറപ്പിലെ വിചിത്രമാം വികൃതമട്ടവിട്ടന്യനാം
നരൻെറ വടിവേന്തിയാണിഹ വസിപ്പതെന്നാകിലും,
വിരൂപനയനൻ രണേ ബഹുഭുജൻ ജയിക്കുന്നിതി,-
സ്മരാരി ദമഘോഷജൻ നൃവരരാൽസ്സമാരാധ്യനായ്"! 14

സുബുദ്ധി;-- (കേട്ടിട്ട്, ഔൽസുക്യത്തോടേ) എല്ലാവരും ഒത്തൊരുമിച്ചു ജനാലയിലൂടെ ശിശുപാലനെ കണ്ടുകൊള്ളുവിൻ.

(എല്ലാ സ്ത്രീകളും അപ്രകാരം ചെയ്യുന്നു)

സുവൽസല:— ഭഗവതി, എന്തായിരുന്നു ഇദ്ദേഹത്തിന്നു പിറപ്പിൽ വൈകൃതം?

സുബുദ്ധി:— ഇങ്ങിനെ കേട്ടിട്ടുണ്ട്: നാലു കയ്യും മൂന്നുകണ്ണും ഉണ്ടായിരുന്നു ഇയ്യാൾക്കു ജനനത്തിൽ; കൃഷ്ണൻ മടിയിൽവെച്ചപ്പോളാണ്, കയ്യും കണ്ണും ഈരണ്ടായിത്തീർന്നത്. ഇയ്യാളെ കൃഷ്ണൻതന്നെ കൊല്ലുമെന്നു, ജോൽസ്യന്മാർ അന്നു പറയുകയുണ്ടായിപോൽ.

രുഗ്മിണി:— (ഭയത്തോടേ) ഭഗവതി, ഇയ്യാൾ വല്ല രാക്ഷസനമാണോ?

സുബുദ്ധി:—അതേ.

* കൃഷ്ണൻ സഞ്ചരിച്ചാൽ തേർവീഥി കൃതാൎത്ഥമാകുമെന്നു്, ആദരാതിശയം.

14. വികൃതമട്ടെന്തെന്നു താഴേ കാണാം. രണേ (യുദ്ധത്തിൽ)വിരൂപനയനനും (മുക്കണ്ണനോടുതുല്യനും), വളരെ കൈകളുള്ളവനും (മഹാഭുജവിക്രമനു)മായി സൌന്ദൎയ്യംകൊണ്ടു സ്മരൻെറ അരിയായിരിക്കുന്ന ദമഘോഷൻജൻ (= ശിശുപാലൻ) ജയിക്കുന്നു. ദമഘോഷൻ എന്നത്രേ, ശിശുപാലൻെറ അച്ഛൻെറ പേർ. ഇപ്പോൾ മൂന്നുകണ്ണും നാലുകൈയ്യുമില്ലാതെ ഒരു സാധാരണമനുഷ്യൻെറ വടിവിച്ചാണെങ്കിലും, ശിശുപാലൻ വിക്രമം കൊണ്ടു ശിവതുല്യൻതന്നെ.

Digitized By Kerala Sahitya Akademi

രുഗ്മിണി:— ഭഗവതി, എൻെറ ഹൃദയം വിറകൊള്ളുന്നു; ഞാൻ ഇവിടെ നില്ക്കില്ല. (എന്നു. വിറയലോടെ പിന്മാറുന്നു.)

സുബുദ്ധി:—(വാത്സല്യത്തോടെ) കുഞ്ഞേ, രുഗ്മിണി, എന്തിനിങ്ങനെ നടുങ്ങി വിറക്കൊള്ളുന്നു? ആരിൽനിന്നുള്ള, കൈടഭാന്തകപ്രണയിനിയ്ക്കു ഭയം?

രുഗ്മിണി:—(കണ്ണീരോടെ) ഭഗവതി, ഞാൻ വല്ലാതെ ഭയപ്പെടുന്നു: എനിയ്ക്കറിഞ്ഞുകൂടാ, ഇവിടെ എന്തെന്തുണ്ടാകുമെന്ന്. എങ്ങിനെയായിരിയ്ക്കുമോ ആവോ, എൻെറ ഹതാശ നിറവേറുക!

സുബുദ്ധി:—(രുഗ്മിണിയുടെ ചിബുകം പിടിച്ചുയർത്തിയിട്ട്) കുഞ്ഞേ, ആശ്വസിയ്ക്കുക, ആശ്വസിയ്ക്കുക: നിറവേറുകയായി നിൻെറ മനോരഥം. ഞാൻ ഒരു നാട്യക്കാരിയാണോ, ഒരു നുണച്ചിയാണോ? മന്ത്രസിദ്ധി ശീഘ്രമാണ്. നിങ്കൽ അനുരാഗക്കുറവുണ്ടോ മുകുന്ദന്? ശേഷിക്കുറവുണ്ടോ? നിന്നെ ഇത്രയെങ്കിലും കഷ്ടപ്പാടിൽ വീഴിച്ചതു, ദുർവ്വിനീതനായ സോദരൻ രുഗ്മിയാണ്.

ശിശുപാലൻ:—(ഉൽക്കണ്ഠാസന്താപങ്ങളോടെ നാലുപുറവും നോക്കി ആത്മഗതം) ഹാ, ഞാനിന്നു നഗരത്തിൽ ചുററി നടന്നതു വെറുതെയായി:

ഇവിടേ വളരെസ്സന്ദർശിച്ചേൻ പുരാംഗനമാരെ ഞാ—
നെവിടെയുമിവൻ കണ്ടീലബ്ജൈക്ഷിതൻ മുഖചന്ദ്രനെ;
അവശ,മശശിവ്യോമത്തെപ്പോലുടൻ വെടിയുന്നുവെൺ—
ഭവനനിരയെ,ച്ചെംപോത്തിൻേറതുപോലെ മദീക്ഷണം! 15

അമ്പോ, വളരെശ്ശത്രുവീരരെ യുദ്ധത്തിൽ മട്ടിച്ച എന്നെപ്പോലും പുഷ്പായുധൻ കിംകരനാക്കിക്കളയുന്നു! അഥവാ—

15. പുരാംഗനമാർ = നഗരസുന്ദരിമാർ. അശശിവ്യോമം—ചന്ദ്രനില്ലാത്ത ആകാശം. ചെംപോത്തിൻേറതു = ചകോരത്തിൻെറ കണ്ണ്. മദീക്ഷണം = എൻെറ കണ്ണ് അവശം = ദുഃഖാകുലം.



Digitized By Kerala Sahitya Akademi

ആ രുഗ്മിണിയ്ക്ക തനുകാന്തിയിൽ മാത്രമല്ല,
ശൌര്യത്തിലും പെരികെയുണ്ടൊരു മേന്മ നൂനം;
ചേദീന്ദ്രനാമിവനെയിന്നവരംതൻ ബലത്താ-
ലല്ലോ, ഞെരിച്ചടിപെടുത്തുവതു,ൽപലാസ്ത്രൻ! 16

(അണിയറയിൽ)

ഭഗവതി, സുബുദ്ധികേ, തമ്പുരാട്ടി കല്പിച്ചയച്ചിരിയ്ക്കു യാണെന്നെ:—'നീ ഭഗവതി സുബുദ്ധിയെ അറിയിച്ചു, രുഗ്മിണിക്കുഞ്ഞിനെ, വിവാഹത്തിന്നു മുമ്പു വേണ്ടുന്ന ഇന്ദ്രാണീപൂജയ്ക്കായി വേഗം അമ്പലത്തിലെത്തിയ്ക്കണം.' അതിനാൽ, ഇവിടുന്നു രുഗ്മിണിയെ കൊണ്ടുവന്നാലും.

സുബുദ്ധി:—(കേട്ടിട്ട്) കുഞ്ഞേ, രുഗ്മിണി, വരു വരൂ, നാം പോവുക.

രുഗ്മിണി:—(കണ്ണീരോടേ) ഭഗവതി, എനിയ്ക്ക മരണമഹോൽസവം അനുവദിയ്ക്കുക: ഞാൻ ഇവിടുത്തെ പ്രഭാവത്താൽ സ്വർഗ്ഗത്തിൽ ചെന്നിട്ട്, അവിടെവെച്ചുതന്നെ ഇന്ദ്രാണിയെ പൂജിച്ചുകൊള്ളാം!

സുബുദ്ധി:— ഇന്ദ്രാനുജപത്നിയ്ക്കു യുക്തംതന്നെ ഇത്! എന്നാൽ ഇവിടെ വസിച്ചാവാം, നിനക്ക നാംതോറും * യാതാവായ ഇന്ദ്രാണിയെ പൂജിയ്ക്കുൽ.

രുഗ്മിണി:—(ആത്മഗതം) എയ് അമ്മയുടെ ശിപായി രുഗ്മിണിയെ ഇന്ദ്രാണീപൂജയ്ക്കു വിളിയ്ക്കുന്നു. അതിനാൽ ഞാൻ ശിശുപാലനെ ഉടനടി കൂടാരത്തിൽ കൊണ്ടാക്കിക്കളയാം. (പ്രകാശം) ചേദീന്ദ്ര, വേഗം, വേഗം: വിവാഹമുഹൂർത്തം സമീപിച്ചിരിയ്ക്കും.

ശിശുപാലൻ:— (ഹർഷൌത്സുക്യങ്ങളോടേ) സൂത, തേർ വേഗത്തിൽ തെളിയ്ക്കുക.

16. തനുകാന്തി = സൌന്ദര്യം. ഉൽപലാസ്ത്രൻ = കാമൻ.

* യാതാവ് = ഭർത്തൃസഹോദരൻെറ ഭാര്യ. കൃഷ്ണൻ ഇന്ദ്രൻെറ അനുജനാണല്ലോ.

Digitized By Kerala Sahitya Akademi

(ഭൃത്യൻ അപ്രകാരം ചെയ്യുന്നു)

ശിശുപാലൻ:— (ഇടത്തേക്കണ്ണു് ഇളകുന്നതായി നടിച്ചു്, വിഷാദത്തോടെ ആത്മഗതം) എയ്? എന്താണിതു്? (ആകാശത്തു ലക്ഷ്യംവെച്ചു്)

ഉല്ലാസവേളയിത;-നംഗനമൊന്നിണങ്ങീ;
തെല്ലെന്നിടത്തുമിഴിയെന്തു വിറപ്പതിപ്പോൾ?
അല്ലെങ്കിൽ, ഞാൻ ദൃഢലയാൽ ബത, ഭൈഷ്മിയായേ-
നല്ലോ; വരട്ടെ,യിതു നല്ല നിമിത്തമത്രേ! 17

രുഗ്മിണി:— സൂത, വേഗം, വേഗം.

(പോയി.)

രുഗ്മിണി:— (നെടുവീർപ്പിട്ടു്) ഭഗവതി വാത്സല്യത്താൽ ഇത്തിരിനേരം തടുത്തുനിർത്തുക, എന്റെ നിഷ്ക്രമിയ്ക്കുന്ന പ്രാണനെ!

സുബുദ്ധി:— കുഞ്ഞേ, കൃഷ്ണവല്ലഭേ, നീ കൃഷ്ണന്റെ ആജ്ഞയാൽ തടുത്തുനിർത്തപ്പെട്ടിരിയ്ക്കുന്നു. വീണ്ടും അമംഗളം പറയാതിരിയ്ക്കുക. പൂർണ്ണമനോരഥയായി വരിക!

(എന്നു് എല്ലാവരും പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

17. ഉല്ലാസവേള = ആഹ്ലാദാവസരം ദൃഢലയാൽ = ഉറച്ച തന്മയീഭാവംമൂലം. സ്ത്രീകൾക്കു് ഇടത്തെക്കണ്ണു വിറയ്ക്കുന്നതു സുനിമിത്തമാണു്.

Digitized By Kerala Sahitya Akademi

(അനന്തരം, തേരിൽക്കേറി സാത്യകിയും സൂതനും പ്രവേശിക്കുന്നു)

സാത്യകി:— (ഹർഷാശ്ചര്യങ്ങളോടെ) അഹോ, രുഗ്മിണിയുടെ അപ്പോഴത്തെ * അവസ്ഥാസംകരം! അവരം—

പങ്കജേക്ഷണനെച്ചിരേപ്സിതനെക്കിടച്ചതിലുത്സവം
തങ്കിയും, പ്രസഭാപഹാരവശാൽത്തുലോം ഭയമേന്തിയും,
കൺകരം ചുററിലുമോടിയും, പുനരസ്സുബന്ധുസുവത്സലാ-
സംഗമാലിടർ വിട്ടുമാണു, സുഖേന പുക്കതു തേരതിൽ. 1

ഞാൻ ചെയ്യതും നന്നായി: പോരിൽപ്പൊരുതാൻ വാശിപിടിച്ച കൃഷ്ണദേവനെ വണങ്ങിയപേക്ഷിച്ചു മുമ്പേ യാത്രയാക്കിയല്ലോ. എന്നാൽ എനിക്കുറിഞ്ഞുകൂടാ, കസുമകോമളഹൃദയയായ രുഗ്മിണിയ്ക്കു ബന്ധുവർഗ്ഗത്തിന്റെ കഷ്ടപ്പാടു കാണുമ്പോരം എന്തായേയ്ക്കും സ്ഥിതി! ഇവിടെയാകട്ടേ,

കന്യാന്തഃപുരചാരി ഭൂപജനമാ-
മക്കബ്ജകർവാദ്യരും
പൌലോമ്യർച്ചനവേളയിൽസ്സരഭസം
മേളിച്ച ഭൂദേവരും
പാഴ്വീറാന്നു കണ്ടു പുഞ്ചിരിയൊടേ
പോന്നേൻ വിട്ടുരത്തു ഞാൻ:
എൻ കൈവാളിനു ചെററുചെററു ഭടരെ-
ക്കൊയ്യാൽ വിശപ്പാറിടാ! 2

* അവസ്ഥാസംകരം = ഭാവങ്ങളുടെ കൂടിക്കലച്ചു്.

1. ചിരേപ്സിതൻ = നീണ്ടാൾ വാഞ്ഛിക്കപ്പെട്ടവൻ. പ്രസഭാപഹാരവശാൽ = ബലാൽക്കാരേണ അപഹരിച്ചതുനിമിത്തം. സംഗമം = വന്നുചേരൽ. തേരതിൽ—ആ(കൃഷ്ണന്റെ) തേരിൽ.

2. കന്യാ......ജനം = കന്യകയുടെ അന്തഃപുരത്തിൽ പെരുമാറുന്ന

Digitized By Kerala Sahitya Akademi

അതിനാൽ, ഞാനിനി, ചൊടിച്ചോടിയ്ക്കപ്പെട്ട രുഗ്മീശിശു പാലാദി ശത്രുവർഗ്ഗത്തെ രക്ഷയ്ക്കാനിത്താനെഴുന്ന ബലദേവ പ്രഭൃതികളുടെ അടുക്കൽ പോയ്ക്കളയാം. സൂത, തേർ വേഗത്തിൽ, വേഗത്തിൽ തെളിയിയ്ക്കുക,

സൂതൻ:— (അപ്രകാരം ചെയ്തു മുമ്പോട്ടു നോക്കിയിട്ട്) ആയുഷ്മൻ, * യുയുധാന, എയ്, ഇതാ, ബലദേവൻ സൈന്യത്തോടൊപ്പം തിരിച്ച്, ഇങ്ങോട്ടുതന്നെ വരുന്നതായി കാണപ്പെടുന്നു.

സാത്യകി:— (നോക്കി, ശങ്കയോടേ) ആഃ ഇതെന്താണ്? ഇദ്ദേഹം രുഗ്മീശിശുപാലാദികളെ കൊലചെയ്തിട്ടു, നഗരം തകർക്കാൻ ഓടുകയായിരിയ്ക്കുമോ? അരികിൽച്ചെന്നു തടുക്കുകതന്നെ.

(അനന്തരം രാമൻ പ്രവേശിയ്ക്കുന്നു.)

സാത്യകി:—(വണങ്ങിക്കൊണ്ട്) വീരപ്പെരുമാളായ രാമ, എന്തിനാണീ പുറപ്പാട്? ശിശുപാലാദികളെ കൊന്നിട്ട് ഇനി നിരപരാധനായ ഭീഷ്മകൻെറ നഗരം തകർക്കരുത്.

രാമൻ:—സാത്യകേ, അവരെ ആർ കൊന്നു? ആർ കണ്ടെത്തി?

സാത്യകി:—(ഊഹത്തോടെ) ബലദേവ, ആ വീരാഭിമാനികൾ ഓടിപ്പോവുകയില്ല; അരിശം മുഴുത്തു കൃഷ്ണൻെറ പിന്നാലെ പാഞ്ഞിരിയ്ക്കും. അതിനാൽ വൈകിയ്ക്കേണ്ടാ, വരിക: നാം, ഈ കൃഷ്ണൻപോയ ദിക്കിലേയ്ക്കു ചെല്ലുക.

(പുറത്തിനടക്കുന്നു.)

രാമൻ:—(മുമ്പിൽ നോക്കി, സഹർഷം) സാത്യകേ, നിൻെറ ഊഹം ശരിയായി: ആ ദുഷ്ടന്മാരെ കണ്ടെത്തി!

രാജപുത്ര്യർ. കമ്പ്ജഖർവാദ്യർ = കൂനന്മാർ, മുണ്ടന്മാർ മുതലായവർ. പൌലോമീപൂജനവേള = ഇന്ദ്രാണീപൂജാസമയം. സാഭസം = സഹർഷമാംവണ്ണം. ദേളിച്ച = വന്നുകൂടിയ. ഭൂദേവർ = ബ്രാഹ്മണർ. പാഴ്വീറാന്തു—കൃഷ്ണൻ രുഗ്മിണിയെ പിടിച്ചപ്പോൾ വെറുതെ പൊന്താതെ നാരുംപെട്ടു. ചില്ലറപ്പോരുകൊണ്ടു തൃപ്തിപ്പെടുന്നതല്ല, എൻെറ വാൾ!

*യുയുധാനൻ = സാത്യകി.

Digitized By Kerala Sahitya Akademi

സാത്യകി:—(സംരംഭത്തോടേ) ബലദേവൻ കണ്ടെത്തിയാൽ,
* കാലൻ കണ്ടെത്തിയവരത്രേ!

രാമൻ:—(സന്താപത്തോടേ) അയ്യോ, അരികത്തുതന്നെയായി; എന്നാൽ പിന്തിരിഞ്ഞിരിയ്ക്കുന്നു. ഇവരിൽ ഞാനെങ്ങിനെ അമ്പയയ്ക്കും?

സാത്യകി: —നില്ക്കു, നില്ക്കു, ഇവരെ ഞാൻ നേരിട്ടുവിടാം. (ആക്ഷേപത്തോടെ ഉറക്കെ)

രേരേ രുഗ്മിൻ, രഥഗതികളാൽക്കാലനെത്തള്ളിടാമോ?
പോർ വിട്ടാൽ നീ ചിരതരമുയിർക്കൊള്ളുമെന്നാരുരച്ചു?
വീരാഢ്യം തൻകുലമതു ഭവാനോപ്പതില്ലെങ്കിലെ,ന്താൺ-
പെണ്ണേ, നോക്കാത്തതു, സുമഹിതം കയ്യിലെ ക്ഷാത്രഖഡ്ഗം! 3

രാമൻ:—(രോഷാക്ഷേപത്തോടെ) എടോ എടോ കഥയില്ലാത്ത ശിശുപാല, നീ ഇങ്ങിനെ പേടിച്ചുരണ്ടു പറഞ്ഞു, പരിശുദ്ധമായ ക്ഷത്രിയകുലാചാരത്തെ തട്ടിനീക്കുന്നതെന്താണ്? നോക്കു, എടോ നോക്കു:

'ഭീരുത്വം ചീത്ത: ധൈര്യത്തിലുമൊരുശിരിലും
കാലുറപ്പിച്ചു നിൽക്കു;
വൈരിവ്രാതത്തെ വെന്നേല്ക്കുക വിഷയസുഖം;
സൂര്യനേയോ പിളർത്തു'
കൈ രോധിച്ചഗ്രഭാഗത്തവനമിതശിര-
സ്സായിനിന്നേവമത്രേ,
ക്രൂരാത്മൻ, നിന്നോടപ്പിപ്പതു,തവ സുമഹാ-
വംശജാതം ശരാസം! 4

* കാലൻ കണ്ടെത്തിയവർ—മരണമടുത്തവർ.

3. രഥഗതികളാൽ-തേരേറി അങ്ങുമിങ്ങും സഞ്ചരിച്ചാൽ. വീരാഢ്യം—വളരെ വീരന്മാർ പിറന്ന: ആൺപെണ്ണ് = നപുംസകം. ചുണയില്ലാത്തവൻ. സുമഹിതം—പൂജിയ്ക്കപ്പെട്ടത്. ഉടവാൾ കയ്യിലെടുത്തതു കരുതിയിട്ടെങ്കിലും, പോരിൽനിന്നു പിന്മാറാതിരിയ്ക്കുക.

4. യുദ്ധത്തിൽ കൊല്ലപ്പെട്ടവൻ സൂര്യബിംബത്തെ പിളർത്തി ഊർദ്ധ്വലോകം പ്രാപിയ്ക്കുംപോൽ. രോധിച്ച് = പിടിച്ചുനിർത്തി. അഗ്രഭാഗം = മുൻവശം. അവ...സ്സായി = തല കുനിച്ചു. സുമ...ജാതം = മഹത്തായ മു

Digitized By Kerala Sahitya Akademi

അത്രയുമല്ല —

> രേ രുഗ്മിപ്രമുഖനൃപരേ, നെറി വേണ്ട നിങ്ങൾ-
> ക്കി: ഞങ്ങൾ നിങ്ങളിലണഞ്ഞവർ ചാച്ചുയുള്ളോർ;
> ഒന്നിച്ചുചേർന്നു വഴിപോലെ സുധാസ്വാദിയ്ക്കാം
> നമ്മൾക്കു ബാഹുമദ,മിസ്സമരോത്സവത്തിൽ!

സാത്യകി:— (മുമ്പിൽ നോക്കി, ഹർഷോല്ലാസത്തോടേ) ബലദേവ, അങ്ങു ഭാഗ്യവാൻതന്നെ! അങ്ങയുടെ വാക്കാകുന്ന കയറിനാൽ വലിയ്ക്കപ്പെട്ടിട്ടു രുഗ്മിയും ശിശുപാലനും പിന്തിരിഞ്ഞു!

(അനന്തരം രുഗ്മിയും ശിശുപാലനും പ്രവേശിയ്ക്കുന്നു.)

ശിശുപാലൻ:— (ഗർവോപഹാസത്തോടേ) ബലദേവ, എന്തു പറയാം, ഭവാന്റെ സൌഭ്രാത്രം: കൃഷ്ണന്റെ നേർക്കു പാഞ്ഞെത്തിയ അപമൃത്യുവിനെ വിളിച്ചു ഭവാൻ തങ്കൽക്കേറുകയാണല്ലോ!

രുഗ്മി:— (ഗർവോടേ) ചേദീന്ദ്ര, അങ്ങിനെയല്ല:
ബലമരണാനന്തരം കൃഷ്ണമരണം എന്നീ ക്രമമൃത്യു ലക്ഷണമായ * സൌരാജ്യധർമ്മത്തെ നാം നില നിർത്തുകതന്നെ വേണം!

രാമൻ:— (ക്രോധത്തോടേ) ശിശുപാല, എനിയ്ക്കുണ്ടോ, സൌഭ്രാത്രം?

> പ്രതാപപ്രാബല്യാലടർവറുതിയാപ്പെട്ട സമയ-
> ത്തു,ചേദ്യേന്ദ്രൻ തൻവാളിന്നരിയൊരിരയായ് വന്നിതു ഭവാൻ;

മുമ്പിൽ (കലത്തിൽ എന്നും) ഉണ്ടായതു്; മുളകൊണ്ടാണ്, വില്ലിന്റെ പാണി ശരാസം = വില്ല്. കയ്യിൽ പിടിയ്ക്കപ്പെട്ടതും തല വളഞ്ഞതും മുമ്പിൽ നില്ക്കുന്നതുമായ വില്ല് മഹാവംശോൽപന്നന്മാരായ നിന്നോടു യാചിയ്ക്കുന്നു, യുദ്ധം ചെയ്‌വാൻ!

5. ഞങ്ങൾ അതിഥികളും ചാച്ചപ്പെട്ടവരുമാണ്; നമുക്കൊന്നിച്ചിരുന്ന മധുപാനം നടത്താം! ബാഹുമദം = ഭുജവീര്യം.

* നല്ല രാജാവുള്ളേടത്തു വയഃക്രമാനുസാരിയായിട്ടേ മരണം വരൂ

Digitized By Kerala Sahitya Akademi

കൊട്ടപ്പു ഞാനണ്ണാനതിനെയുമുടൽ തന്റെ കണ്ണുഹാരം..
ക്കി; തോ, ബന്ധുസ്നേഹോചിതചരിതമെന്നെണ്ണുന്നതഹോ? 6

രുഗ്മിണി;— (രാമനെ നോക്കി ആത്മഗതം) എയ്, കലപ്പ യാണ്, ഇയാളുടെ പ്രധാനായുധം. അതിനാൽ ഇങ്ങിനെയാകാം. (അവജ്ഞാഹാസത്തോടേ പ്രകാശം) അല്ലയോ ബലഭദ്ര, ഭോഷനാണ്. ഭവാൻ: എന്തിനാണീ ദുസ്സഞ്ചരമായ വീരമാർഗ്ഗത്തിൽ കേറുന്നത്?

മിടുക്കണ്ടങ്ങയ്ക്കു, മൂദ്ദലനദി കാളിന്ദിയുഴുതാൻ:
പ്രലംബപ്പുൽചെത്തുന്നതിനുമിവിടുന്നൽക്കടെബലൻ
ഇതോ, ലോഹക്രൂരം വിഷമവിഷമം യുദ്ധനിലമാ-
ണി;-തിൽ ക്ലേശിച്ചാലും ഫലമിതഫലംതാൻ ഹലധര! 7

അത്രയുമല്ല—

കലപ്പയെ നടത്തുന്നൊ-
രെരുതല്ലോ, ഭവാൻ ബല;
യശസ്സെന്തുളവാം ഞങ്ങൾ-
ക്ക,തിനെക്കീറി വീഴ്ത്തിയാൽ? 8

ശിശുപാലൻ:—രുഗ്മിൻ, നന്മ, നന്മ വന്നെത്തി നമുക്ക്: പെരുംപറയൊച്ച കേൾക്കുക; നമ്മുടെ പോർപ്പെരുംപറ

6. പ്രതാപപ്രാബല്യാൽ—പ്രതാപാധിക്യം മൂലം എതിരാളിയെ കിട്ടായ്കയാൽ. അടർവറുതി = യുദ്ധദുർഭിക്ഷം: ഉപേന്ദ്രൻ = ഇന്ദ്രാനുജൻ, കൃഷ്ണൻ. അതിനെയും—ആ ഇരയെയും. വറുതിക്കാലത്ത് അനുജന്നു കിട്ടിയ ആഹാരം ജ്യേഷ്ഠൻ കൈക്കലാക്കുക എന്നതാണോ, ബന്ധു(ഭ്രാതൃ)സ്നേഹത്തിന്നുചിതമായ ചരിതം( = നടപടി)? കണകൾ = ശരങ്ങൾ.

7. യമുനാകർഷണം ഉഴുതലാക്കി, ഉപഹസിയ്ക്കുന്നു. പ്രലംബപ്പുൽ = ഞാന്ന, പ്രലംബാസുരനാകുന്ന എന്നും, തൃണം. ലോഹക്രൂരം = ഇരിംപു പോലെ കഠിനം. ക്ലേശിച്ചാലും—കിണഞ്ഞു വേലചെയ്യാൽക്കൂടിയും. അഫലം = നിഷ്ഫലം.

8. അതിനെ—എരുതിനെ.

Digitized By Kerala Sahitya Akademi

കൊട്ടു കേട്ടതോടൊപ്പം കൃഷ്ണൻ തിരിച്ചുവന്നിരിക്കുന്നു.

[illegible]:—(കൃഷ്ണന്റെ പെരുമ്പറയൊച്ച കേട്ടിട്ടു ഹർഷത്തോടെ) സന്തോഷം, വളരെ സന്തോഷം; ഇനി, നമ്മുടെ യുദ്ധാഭിലാഷം കുറഞ്ഞൊന്നെങ്കിലും നിറവേററാം, നിറവേററാം.

രാമൻ:—സാത്യകേ, കൃഷ്ണൻ എന്താണിച്ചെയ്യുന്നത്?

സാത്യകി:—പോർപ്പെരുമ്പറയൊച്ച കേട്ടാൽ എങ്ങിനെ വരാതിരിക്കും, കൃഷ്ണൻ? ആനയുടെ ചിന്നംവിളി കേട്ടാൽ സിംഹം വൈകിക്കുയില്ലല്ലൊ!

(അനന്തരം, കൃഷ്ണനും ശശിമണിയും, ബുദ്ധിയും സുവതലയും പ്രവേശിക്കുന്നു.)

കൃഷ്ണൻ:—(ആക്ഷേപത്തോടെ) എടോ ദാരുക, താനൊരു പേടിത്തൊണ്ടനാണ്, * വേഴ്ചനടിക്കുന്നവനാണ്. തന്റെ തേർക്കുതിരക്കടിഞ്ഞാൺപിടുത്തം പിശുക്കന്റെ കൈപ്പിടുത്തത്തെക്കാൾ മുറുകിയിരിക്കുന്നു!

വാടായ്ക വൈരിശരമേററു ബലന്റെ ഗാത്ര-
മോടിക്കു നമ്മുടെ ഹയങ്ങളെ വിദ്രുതം നീ:
പാടേ കറുത്ത നിറമോടു പിറന്ന കൃഷ്ണൻ
നേടായ്ക,യിക്കുമൊരു ദുഷ്പുകളിൻ കറുപ്പും! 9

ദാരുകൻ:—(ഭയവിനയങ്ങളോടെ) ഇതാ, ഞാൻ കടിഞ്ഞാൺ അഴച്ചു വിടാം. തൃക്കൺപാർത്താലും: ഇപ്പോഴം-

ക്ഷണേന തിരുമുമ്പാകെ-
യണയുന്തു രണക്ഷിതി,

* വാസ്തവമായ വേഴ്ചയുണ്ടെങ്കിൽ നീ യുദ്ധോത്സുകനായ എന്റെ തേർ ഇത്ര മന്ദിപ്പിക്കയില്ലല്ലോ.

9. ഞാൻ ജന്മനാ കറുമ്പനാണ്; ദുര്യശസ്സിന്റെ കറുപ്പുകൂടി എനിക്കുണ്ടാകാതിരിക്കട്ടെ.



Digitized By Kerala Sahitya Akademi

പ്രത്യാസന്നജയശ്രീയിൽ
സ്പൎദ്ധ പൂണ്ടവരം പോലവേ! 10

രുഗ്മിണി:— (മററവർ കേരംക്കാതെ സവിഷാദം) ഭഗവതി. ഇവിടത്തെ അനുഗ്രഹസിദ്ധിയാൽ മന്ത്രത്തിൻെറ ശക്തി ഞാൻ കണ്ടു. അതിനി * നിഗ്രഹസിദ്ധിയാൽ കാണിക്കുക: എന്നെ, ബന്ധുവൎഗ്ഗത്തിന്നു പ്രതിവരുത്തിയതിന്നു മരണംകൊണ്ടു നിഗ്രഹിക്കുക ഉചിതമാണല്ലോ!

സുബുദ്ധി:—കുഞ്ഞേ, രുഗ്മിണി, ആശ്വസിക്കുക, ആശ്വസിക്കുക. എൻെറ മന്ത്രശക്തിയൊന്നുമില്ല, ഇതിൽ.

ഇതു, നിൻ ഗാത്രസൌഭാഗ്യ-
വിഭൂതിയുടെ മേന്മതാൻ;
ദുഃഖിയായ്കിതിനാലെല്ലാ-
മൊടുവിൽശ്ശുഭമായ്‌വരും! 11

ദാരുകൻ:— തിരുമേനി, പള്ളിത്തേർ പററലർത്തേരുകളിലെത്തിക്കഴിഞ്ഞു: ശാർങ്ഗം ഒരുക്കിക്കൊള്ളുക.

കൃഷ്ണൻ;— (ശാർങ്ഗമെടുത്തു രുഗ്മിണിയെ നോക്കിയിട്ട്) പ്രിയേ, എന്തിനാണ് വ്യസനിക്കുന്നത്? ഭവതിയ്ക്കും ബന്ധുക്കരംക്കും മംഗളം മേല്ക്കുമേൽ വന്നുചേരും; ഇതാ, ഞാൻ * അനിഷ്ടം ശമിപ്പിയ്ക്കാം.

(രുഗ്മിണി ആശ്വസിച്ച്, ലജ്ജയാൽ മുഖം ചായ്ച്ച നില്ക്കുന്നു)

കൃഷ്ണൻ:— (മുമ്പോട്ടു നോക്കിയിട്ട്) എയ്, ഇതാ, ശിശുപാ

10. സ്പൎദ്ധ—ജയലക്ഷ്മി തിരുമുമ്പാകെ എത്തിച്ചേരുന്നതിന്നു മുമ്പു തനിയ്ക്കു ചെന്നെത്തണമെന്ന മത്സരം. സ്ത്രീലിംഗശബ്ദങ്ങളാകയാൽ രണക്ഷിതി (യുദ്ധഭൂമി)യ്ക്കും ജയശ്രീയ്ക്കും സ്ത്രീത്വം കല്പിച്ചിരിയ്ക്കുന്നു. കൃഷ്ണൻ പോക്കളം കണ്ടാൽ കഴിഞ്ഞു, ജയം നേടുക എന്നു ഭാവം.

* എന്നെ നിഗ്രഹിച്ചുകളയുക എന്നാശയം. മരണംകൊണ്ടു നിഗ്രഹിയ്ക്കുക—മരണശിക്ഷയ്ക്കിരയാക്കുക. കൃഷ്ണനോടുള്ള യുദ്ധത്തിൻെറ ഫലം ബന്ധുവൎഗ്ഗനാശം തന്നെ!

11. ഇതു—കൃഷ്ണൻ വന്നതും മററും. ഗാത്ര...ഭൂതി = രൂപസൌന്ദൎയ്യസമൃദ്ധി.

Digitized By Kerala Sahitya Akademi

ലന് ബലദേവന്റെ തേരിന്നാരെ പായുന്നു. (ആക്ഷേപത്തോടേ) ആഃ, നില്ല, നില്ല്.

നീ മൂഢ, ചാടായ്കെരിബാഡബാഗ്നിയിൽ;—
ച്ചേദീന്ദ്ര, രോഷം മുസലിക്കുിയറ്റൊലാ:
ഇദ്ദേഹമൊട്ടൊന്നരിശം വഹിക്കുകിൽ,—
പ്പാർപ്പ,ന്തകൻതൻ പുരിയിങ്കൽമാത്രമാം! 12

ശിശുപാലൻ:— (തേർ തിരിച്ചു, ക്രോധത്തോടേ) രേരേ കൃഷ്ണാ, അപ്പുറം, അപ്പുറം പോവുക; എന്നെപ്പോലെയുള്ള പ്രവീരന്മാരോടൊരുംപെടവുന്നവനല്ല, താങ്കൾ.

കട്ടല്ലോ, ശചിതൻ പദാച്ചന നട--
ത്തുമ്പോൾ,സ്സവിശങ്കാസയായ്
വന്നെത്തീടിന പെൺകിടാവിനെ ഹരേ.
വേളിക്കു വന്നോൻ ഭവാൻ;
അങ്ങിച്ചെയ്തതു ധർമ്മമോ? വിഹിതമാം
ക്ഷത്രാനപീയാചാരമോ?
ചാർച്ചക്കാരൊടു വേണ്ടതായ മുറയോ?
മാലോകർമര്യാദയോ? 13

കൃഷ്ണൻ:—(അവജ്ഞയോടെ ചിരിച്ച്) ശരി, ശരി

എൻനേക്കി,ത്തിരി ബുദ്ധിവെച്ചതു മുത-
ല്ക്കത്യൽക്കടപ്രേമമാ-
ന്നെ,ൻ വേർപാടിൽ മുതിർന്നുറച്ച മണിമെ-
യ്യാളായ പെൺതയ്യിനെ
വാൾക്കെല്ലാലിഹ വീണ്ടെടുത്തതിനു ഞാ-
നെന്തു നിന്ദാർഹനാം?
ശ്ലാഘ്യൻതാൻ ശിശുപാല, നാണമിയലാ-
തേവം പഴിക്കുന്ന നീ! 14

* അനിഷ്ടം = അനർത്ഥം.

13. സവിശങ്കാസയായ്—അനിഷ്ടശങ്കയൊന്നുമില്ലാതെ. ശചീ...ച്ചന = ഇന്ദ്രാണീപൂജ.

Digitized By Kerala Sahitya Akademi

ശിശുപാലൻ:—(അവജ്ഞോപഹാസത്തോടെ) കൃഷ്ണവീര, ഇതു ശരിതന്നെ: പഴിയ്ക്കുകമാത്രം ചെയ്യുന്ന ഞങ്ങൾ പോരാത്തവരാണ്; അങ്ങൊരാളത്രേ, ശൌര്യവാന്മാരിൽ തലവൻ!

വെന്നാൻ പാമ്പിനെ, വീഴ്ത്തിനാനെരുതിനെ,—
ക്കീറിട്ടിനാൻ പക്ഷിയെ—
ക്കൊന്നാൻ വാജിയെ—യീ വകക്രിയകളാൽ—
ത്തന്നേ സുധന്യൻ ഭവാൻ;
എന്നാൽ നിന്നിരുവീര്യമത്ഭുതതരം-
വർണ്ണിയ്ക്കുവാൻ ത്രാണിയാ-
ർ,ന്നാം ചെയ്തൊരു പൂതനാനിധനവും?
കംസപ്രഭുധ്വംസവും? 15

സാത്യകി:—കൃഷ്ണ, കൃഷ്ണ, ചേദിപ്പെരുമാൾ പുലമ്പിക്കൊള്ളട്ടെ, പുലമ്പിക്കൊള്ളട്ടെ: ഇയ്യാളുടെ നൂറപരാധം സഹിയ്ക്കേണ്ടണമല്ലോ.

ശിശുപാലൻ:—(ക്രോധത്തോടെ) എടയെടാ, നൂറപരാധംവരെ എന്നെ രക്ഷിയ്ക്കാമെന്നോ? കണ്ടുകൊള്ളുവിൻ, കണ്ടുകൊള്ളുവിൻ:

എന്താ നൂറപരാധ?-മുഗ്രതരമായ്
ലക്ഷാപരാധത്തിലും
മുന്തീടുന്നപരാധമൊന്നു മുഴമി-
പ്പിയ്ക്കുന്നതുണ്ടിപ്പൊഴേ:

14. അതുൽക്കടപ്രേമം = അങ്ങേ അററത്തെത്തിയ പ്രണയം. മണിമെയ്യാൾ—സുന്ദരി. വാൾക്കെല്പ് = ഖഡ്ഗബലം.

15. സുധന്യൻ—കേമൻ. അന്നു പൂതനയെ കൊന്നതും കംസനാകുന്ന പ്രഭുവിനെ (സ്വാമിയെ) നശിപ്പിച്ചതുമാകുന്ന നിന്റെ രണ്ടു ശൌര്യം—പെൺകൊലയും സ്വാമിദ്രോഹവും—എന്തു അത്ഭുതം! ആർക്കു വർണ്ണിയ്ക്കാൻ കഴിയും?

16. ആ നൂറപരാധം നില്ക്കട്ടെ. യുദ്ധത്തിൽ ഞാൻ കൃഷ്ണനെ കൊലചെയ്യുന്നതു, നിങ്ങളുടെ ദൃഷ്ടിയിൽ ഒരു ലക്ഷം അപരാധങ്ങളെക്കാളും

Digitized By Kerala Sahitya Akademi

ഹന്താ,നൃപൻെറ വധൂടിയെക്കളവൊടേ
ഘോഷ്ടിസ്സുയാൽ വീരനായ്-
പ്പൊന്നും കൃഷ്ണനെ വെട്ടി, ഞാൻ യുധി കുറു
കണ്ടൊക്കു നല്കീടുവൻ: 16

രാമൻ: — (ക്രോധത്തോടേ) എടോ ശിശുപാല, * പൊരുതുന്നതിൽ കൈമുടന്ത, കാണുന്ന കുരുട, ദുരക്ഷരങ്ങളെ പുറപ്പെട്ടവിടുന്നതിൽ മിടുക്കുള്ള വായതന്നെയാണ്, നിൻെറ അവയവങ്ങളിൽ വെച്ച കേമം.

കണ്ണൊന്നാകുമറഞ്ഞു, രണ്ടു ഭുജവും
തേ നീങ്ങിയല്ലോ തദാ,
പുണ്യാത്മാക്കളെവല്ലൊരിററുമുളവാ-
യിട്ടില്ല ദുഷ്ടാത്മഹോ;
എന്നാലീയിരുകണ്ണുമിബ്ഭുജകളും
നിർഭാഗ്യർ, പോരിൽജ്ജയാ-
നന്ദം ഹേ ദമഘോഷദൂഷണ. ലഭി-
ച്ചീടുന്നതല്ലായ്കയാൽ: 17

എന്നാൽ, ക്ഷണിക്കപ്പെട്ടുവന്ന നിരപരാധരായ രാജാക്കന്മാരെ പരിക്കേല്പിച്ചുപദ്രവിക്കേണ്ട; നിങ്ങളിരുവരും—ശിശുപാലനും രുഗ്മിയും— * അടരടക്കിലിന്നു മതിയായ സ്ഥലത്തെത്തു പോന്നുകൊള്ളുവിൻ.

ഘോരമായ അപരാധമാക്കാമല്ലോ; ആ അപരാധം ഞാനിപ്പോൾ തന്നെ ചെയ്യാം; വധൂടി = സ്ത്രീ. വീരനായ്പ്പൊന്നും — വീരതപന തെളിയുന്ന. യുധി = യുദ്ധത്തിൽ.

* കൈമുടന്തൻ എന്നാദിയെ പൊരുതുംഴ കണ്ടാലും അറിയാത്തവൻ കാഴ്ചയുള്ള കുരുടനാണല്ലോ.

17. തേ = നിനക്ക്. തദാ = അന്ന്, കൃഷ്ണൻ മടിയിൽ വെച്ചപ്പോൾ. ദുഷ്ടശസ്സുണ്ടാകാതെ മറഞ്ഞ (ആ ഒരു കണ്ണും രണ്ടു കയ്യും) സുകൃതികൾ തന്നെ! ഈ—ഇപ്പോളുള്ള. ജയാനന്ദം = വിജയസന്തോഷം. ദമഘോഷദൂഷണ = ദമഘോഷനെ (അച്ഛനെ) കൊടുക്കുന്നവനേ, ദുഷ്പുത്ര.

* പൊരുതുംപോഴത്തെ കാലമക്കൽ താങ്ങത്തക്ക ഉറപ്പുള്ള.

Digitized By Kerala Sahitya Akademi

രുഗ്മി:— (മററവർ കേൾക്കാതെ) ചേദീന്ദ്ര, നേരിട്ടുള്ള പടക്കളയിൽ കിണഞ്ഞുപയററിയവരാണ് ഈ ബലദേവനും കേശവനും. അതിനാൽ ഇങ്ങിനെയാവാം. (ഇങ്ങിനെതന്നെ എന്നു ചെവിയിൽ മന്ത്രിച്ചിട്ട, ക്രോധത്തോടേ പ്രകാശം) ആഃ, എന്തുള്ള, രാമനൊരുവനെക്കൊണ്ട്? രാമനും കൃഷ്ണനും പോരുവിൻ; ഞങ്ങളിരുവരും പോർക്കളത്തിലെല്ലാ പോവുകയാണ്.

(രണ്ടാളും പോയി)

(അണിയറയിൽ)

ഓത്തോളമത്ഭുത:— മിതാ, ഹഹ, വാനിൽനിന്നു
കൂത്തുള്ള ബാണമഴയൊന്നുതിരുന്നു തന്നേ;
പേത്തുച്ചനേരമൊരിരുട്ടുമിതാ, യമന്റെ
പോത്തിൻകഴുത്തിനെതിരാം നിറമൊട്ടടിപ്പു! 18

(വീണ്ടും അണിയറയിൽ)

കാൺകി, രഥേരിലുമാളി--
ല്ലെ;—ങ്ങോ പോയ്പ്പോയ് പുലഭ്യരിരുപേരും;
എന്നാലത്ഭുതമേറെ-
പ്പൊരുതുന്നുണ്ടീയനാഥമാം സൈന്യം! 19

കൃഷ്ണൻ:— (കേട്ടിട്ട്, ആത്മഗതം) രുഗ്മിയും ശിശുപാലനും ആകാശത്തു കേറി കട്ടത്ത മായായുദ്ധപാടവം പടർത്തുകയായിരിയ്ക്കും. അതിനാൽ ഞാൻ ഗരുഡനാകുന്ന തേരിൽക്കേറി, അവരെ വാനത്തുനിന്നു വീഴ്ത്തിക്കളയാം. (പ്രകാശം) ഭഗവതി സുബുദ്ധേ, ഭദ്രേ, സുവത്സലേ, നിങ്ങൾ രുഗ്മിണിയെ ആശ്വസിപ്പിയ്ക്കണം; ഞാൻ ഈ അനത്ഥം നീക്കട്ടെ.

(രുഗ്മിണി ലജ്ജാവിഷാദങ്ങളോടേ മുഖം കനിച്ചു നില്ക്കുന്നു.)

സുബുദ്ധിയും സുവത്സലയും:- വീരൻ വിജയിപ്പുതാക!

18. തന്നേ—ആരും എയ്യാതെ.

19. പുലഭ്യർ = പുലംപുന്നവർ, വായാടികൾ, ഇരുപേരും—രുഗ്മിയും, ശിശുപാലനും. ഇതാണ്, രുഗ്മി ചെവിയിൽ മന്ത്രിച്ചുറച്ചത്.

Digitized By Kerala Sahitya Akademi

(കൃഷ്ണൻ ധ്യാനം നടിക്കുന്നു)

അക്രൂരൻ:— (മുകളിൽ നോക്കി, ആശ്ചര്യത്തോടേ)

ചിറകു വെച്ച ഹിരണ്മയശൈലമോ?
പരാഹിതഗ്രശിഖാവൃതനഗ്നിയോ?
ത്വരിതമാ മഹസാംപതി പോററിതാൻ
വരികയോ? വളർക്കുരിരുൾ നീക്കുവാൻ? 20

രാമൻ: — (സംഭ്രമത്തോടേ) ഇതു, തെമ്മാടികളായ വൈരികളുടെ പണിത്തരമായിരിക്കും; ഇതിനെ ഞാൻ ആകാശത്തു വെച്ചുതന്നെ നുറുക്കിക്കളയാം,

(എന്നു വില്ലു കുലക്കുന്നു)

കൃഷ്ണൻ:— (സംഭ്രമത്തോടേ) ജ്യേഷ്ഠ, ബലദേവ, നില്ക്കൂ, നില്ക്കൂ: ഗരുഡനാണിത്; ഞാൻ സ്മരിച്ചതിനാൽ വരികയാണ്. ഇവൻെറ പുറത്തു കേറി ഞാൻ ഗഗനചാരികളായ ശത്രുക്കളിരുവരെയും നിഗ്രഹിക്കാം.

(പിന്നെ ഗരുഡൻ പ്രവേശിക്കുന്നു.)

ഗരുഡൻ:— (വണങ്ങി) ദേവകീനന്ദനൻ ഉത്തരവരുളി എന്നെ അനുഗ്രഹിക്കുമാറാകണം:

പാറിച്ചുകൊണ്ടുവനി,വിടെയ്ക്കു ജയിക്കണം കീഴ്—
പ്പാരെങ്കിലാ,ഴികളെ ഞാൻ ചിറകിൻെറകാററാൽ;
സ്വാരാഡ്വിരിഞ്ചഗിരിശാദികളെപ്പിടിച്ചു
ചാരത്തവണക്കുവനതാണു തവേഷ്ടമെങ്കിൽ. 21

കൃഷ്ണൻ:— (സഹർഷം പുഞ്ചിരിയിട്ട്)വത്സ; അതൊന്നും വേണ്ട.

20. ഹിരണ്മയശൈലം = കനകപർവ്വതം. ഉഗ്രശിഖാവൃതൻ = കൊടും ജ്വാലകളാൽ ചുററപ്പെട്ടവൻ. മഹസാംപതി = (തേജസ്സുകളുടെ അധിപതി)യായ. പോററി = സൂര്യദേവൻ.

21. ഇവിടെ...ങ്കിൽ—ഇവിടെയ്ക്കു, കീഴ്പാര്,( = അധോലോകം) ജയിക്കുന്നതിലാണ് ഇച്ഛ എങ്കിൽ. പാറിപ്പൻ = പറപ്പിക്കും; ഇതു ചെയ്താൽ പാതാളത്തിലെയ്ക്കു നിഷ്പ്രയാസം ഇറങ്ങാമല്ലോ. സ്വാരാ... കളെ = ഇന്ദ്രൻ, ബ്രഹ്മാവ്, ശിവൻ മുതലായവരെ.

Digitized By Kerala Sahitya Akademi

* ആകാശപ്പോക്കളത്തിൽ നടക്കുന്ന ആ മായാമഹാരഥന്മാരായ രണ്ടെതിരാളികളെ തിരയുകയാണ്, ഞാൻ.

ഗരുഡൻ:— കല്പിച്ചു യഥേഷ്ടം ചെയ്തുകൊള്ളുക. (എന്ന്, കൃഷ്ണനെ പുറത്തുകേററി ആകാശത്തെയ്ക്കു കേറുന്നതായി നടിയ്ക്കുന്നു.)

അക്രൂരൻ:— അഹഹ, നോക്കുവിൻ, നോക്കുവിൻ:

ഇതാ, ഖഗേന്ദ്രൻ കടുബാണമേററ—
റെററുജ്ജ്വലപ്പൊൻകുടയായ്‌ബ്ഭവിപ്പൂ;
അതിന്നുമീതേ മധുവൈരിയുണ്ടു,
മഹേന്ദ്രനീലക്കുടമായ്‌ ലസിപ്പൂ! 22

രാമൻ:—(നോക്കി, സംഭ്രമത്തോടെ) എന്താണ്. വിഷ്ണുകേറിയ ഈ *വിഷ്ണുരഥം വേഗത്തിൽ ഇറങ്ങി വരുന്നത്? ശരവൃഷ്ടിമൂലം ദുഷ്പ്രവേശമായിത്തീർന്നുവോ ആകാശം? (അട്ടഹാസമിട്ട് ചിരിച്ച്) ബലദേവൻെറ മുസലത്തിന്നു വാനത്തെയ്ക്കു കേറാൻ ത്രാണിയില്ലെന്നോ: (എന്നു മുസലം ഉലയ്ക്കുന്നു)

സാത്യകി:—ബലദേവ, കേൾക്കുക, കേൾക്കുക: എന്തോ കേൾക്കപ്പെടുന്നുണ്ട്.

(എല്ലാവരും കേൾക്കൽ നടിയ്ക്കുന്നു.)

(അണിയറയിൽ)

വിടായ്ക,നോവേകിയമത്തിടായ്കീ,
രണ്ടാളെയും പുത്രരെയെന്നപോലെ
പരിക്കണെയ്ക്കാതെയെടുത്തു താർക്ഷ്യ,
തദ്വീരരിൽച്ചേർത്തു ഗമിച്ചുകൊൾക. 23

* മൂലത്തിൽ കുറെ അക്ഷരങ്ങൾ പോയിരിയ്ക്കുന്നു; ഊഹിച്ചു തർജ്ജമചെയ്തതാണ്.

22. മഹേന്ദ്രനീലക്കുട.—കൊററക്കുടയുടെ മുകളിൽ കുടം വെയ്ക്കും. മഹേന്ദ്രനീലം = ഇന്ദ്രനീലരത്നം.

* വിഷ്ണുരഥം.—ഗരുഡൻ.

23. വിടരുത്. എന്നാൽ അമർത്തുപിടിച്ചു നോവിയ്ക്കരുത്. രണ്ടാളെയും.—രുഗ്മിശിശുപാലന്മാരെ. തദ്വീരരിൽ = അവരുടെ (കൂട്ടുകാരായ) വീരന്മാരുടെ അടുക്കൽ. ചേർത്തു = കൊണ്ടാക്കി. താർക്ഷ്യൻ = ഗരുഡൻ.

Digitized By Kerala Sahitya Akademi

രാമൻ:—രണ്ടു തെമ്മാടികളേയും വിട്ടയച്ചുവോ കൃഷ്ണൻ?
അക്രൂരൻ:—രാമ, യുദ്ധവിജയത്തെക്കാരം മീതെയാണ് ഈ വിജയം:
സാത്യകി:—കേരംക്കവിൻ: വീണ്ടും എന്തോ കേരംക്കപ്പെടുന്നുണ്ട്,

(എല്ലാവരും കേൾക്കൽ നടിക്കുന്നു.)

(അണിയറയിൽ)

രുഗ്മി, രുഗ്മിണിതൻ ഭ്രാതാ—
വെ;ന്റെയാരം ചൈദ്യ, നീയുമേ;
ദുർവൃത്തദുഷ്ടരെന്നാലും
നിങ്ങരം സംലാളനീയർ മേ. 24

സുബുദ്ധി:—(കേട്ടിട്ടു ഹർഷത്തോടെ) കുഞ്ഞേ, രുഗ്മിണി, നീയിപ്പോരം ഇരട്ടി ഭാഗ്യവതിയായി: ഹൃദയപ്രിയനായ ദൈത്യാരിയെ നിനക്കു കിട്ടി; അദ്ദേഹത്തിന്റെ ക്രോധാഗ്നി കരുണരസമൊഴുകിവീണു കെട്ടടങ്ങിയതിനാൽ, നിന്റെ സോദരൻ വെന്തടിഞ്ഞതുമില്ല!

(രുഗ്മിണി സഹർഷയായി നില്ക്കുന്നു.)

രാമൻ:—(മുമ്പോട്ടുനോക്കി, ഹർഷത്തോടെ) എയ്, ഇതാ നാരായണൻ വൈരികളെ കൊണ്ടുപോകാൻ വൈനതേയനെ കല്പിച്ചയച്ചിട്ടു, നടന്നുതന്നേ ഇങ്ങോട്ടു വരുന്നു.

ഉദ്ധാമോദർ നിലിമ്പർ തൂകിയ നറും—
മന്ദാരമാല്യങ്ങളിൽ-
ക്കൂടിച്ചേർന്ന മിളിന്ദവന്ദിതതിതൻ
സ്തോത്രപ്രഘോഷത്തൊടേ,

24. എന്റെയാൾ—എന്റെ ചാർച്ചക്കാരൻ. സംലാളനീയർ = നന്നായി ലാളിക്കപ്പെടേണ്ടുന്നവർ.

25. മന്ദാരമാല്യങ്ങൾ = കല്പകവൃക്ഷപ്പൂമാലകൾ. മിളിന്ദവന്ദിതതി = വണ്ടുകളാകുന്ന സ്തുതിപാഠകന്മാരുടെ സമൂഹം. ഭൃംഗധങ്കാരത്തെ വ



Digitized By Kerala Sahitya Akademi

തേടിക്കണ്ട രിപുക്കളെക്കഥകഴി-
ച്ചാതെ ജയശ്രീയെയും
നേടി, ശ്രീഹരി വെൽവു, വെൽവു, കരുണാ-
ശൌര്യങ്ങളാംതൻ മൂത്തിയായ്! 25

(പിന്നെ പറഞ്ഞരുിൻവണ്ണം കൃഷ്ണൻ പ്രവേശിക്കുന്നു.)

കൃഷ്ണൻ:—(സാകൂതമായി പുഞ്ചിരിയിട്ട്) ജ്യേഷ്ഠ, രാമ, അസഹ്യമായിപ്പോർപൊരുതിയ ആ വീരരിരുവരെയും, ഞാൻ സന്ധിചെയ്തയച്ചു.

രാമൻ:—(സാകൂതമായി ചിരിച്ച്) ഇങ്ങിനെതന്നെയാണ്, പ്രബലനോട് ചെയ്യേണ്ടത്- ആകട്ടേ, അഭിമതങ്ങളാം നിർവഹിക്കപ്പെട്ടുവല്ലോ; ഇനി നീ ദ്വാരകക്കു പോകാൻ തേരേറിക്കൊൾക.

(കൃഷ്ണൻ ചെന്നു തേരിൽ കയറുന്നതായി നടിക്കുന്നു.)

ദാരുകൻ:—(വണങ്ങി) തിരുമേനി വിജയിപ്പൂതാക, വിജയിപ്പൂതാക!

സുബുദ്ധി:—കൃഷ്ണവീര, ആശീർവാദങ്ങൾ മതിയാവില്ല, അങ്ങു നിർവഹിച്ചതിന്ന്; അതിനാൽ അങ്ങയെ നമസ്കരിക്കുകതന്നെയാണ്, യുക്തം.

കൃഷ്ണൻ:—(സവിനയം) ഭഗവതി, ഇവിടുത്തെ അനുഗ്രഹമാണിതൊക്കെ.

സുവത്സല:—തിരുമേനി വെൽവൂതാക, വെൽവൂതാക!

(രുഗ്മിണി തലകുനിച്ചുനില്ക്കുന്നു.)

കൃഷ്ണൻ:—(ഉൽക്കണ്ഠയോടും സന്താപത്തോടും കൂടി)

വരതനു, രിപുക്ഷ്മാപക്ഷ്മായുർബ്ബലത്തെ വളർത്തതാം
കരളിടർ നിനക്കെന്തിന്നിപ്പോഴുമിന്ദുസമാനനേ?

ന്ദിസ്തോത്രശ്ലാഘമായിക്കല്പിച്ചിരിക്കുന്നു. കരു...ത്തിയായ് = ഉടൻ പൂണ്ട കനിവും ശൌര്യവുമെന്നപോലെ.

26. ഇതിനെ—നിന്റെ കരളിടറിനെ (മനോദുഃഖത്തെ) പേടിച്ചാണ്, ഞാൻ എനിക്കു പ്രിയപ്പെട്ടതായ യുദ്ധോത്സവാനുഭവത്തെ കൈവെടിഞ്ഞത്; അതിനാൽ നിന്റെ ദുഃഖം ശത്രുരാജാക്കന്മാർക്ക ആയുർബ്ബല

Digitized By Kerala Sahitya Akademi

വിരഹവാടിതിനെപ്പേടിച്ചല്ലോ, പ്രിയേ, പ്രിയമെങ്കിലും
തരളമിഴി, കൈവിട്ടു യുദ്ധോത്സവാസ്വാദനത്തെ ഞാൻ! 26

(തരംഗിണി ഹർഷോൽക്കണ്ഠാലജ്ജകളോടെ മുഖം കുനിച്ചു നില്ക്കുന്നു.)

സുബുദ്ധി:— (ആശ്ചര്യത്തോടേ) കൃഷ്ണദേവ, നോക്കു, നോക്കു:

അർക്കന്റെ തീക്ഷ്ണകരമിത്ര മനോജ്ഞമാകാ;
നില്ക്കാ, ക്ഷണേന മറയും പിന്നെ മിന്നലേവം;
നിഷ്കമ്പവും മൃദുവുമായ്ക്കിടയററുദിപ്പൂ,
ചിക്കെന്നൊരത്ഭുതമഹസ്സ്,രികേ നഭസ്സിൽ! 27

കൃഷ്ണൻ: — (നോക്കി, ആശ്ചര്യത്തോടും ശങ്കയോടുംകൂടി) ആരോ മായാപ്രയോഗം തുടങ്ങുകയായിരിക്കുമോ?

(അണിയറയിൽ)

വത്സ, സുബുദ്ധേ, ഞാൻക്ഷിപ്രപ്രസാദിനിയാണ്*: നിന്റെ ശിഷ്യത്തി എന്നെ ആരാധിച്ചതിനെ ഞാൻ ക്ഷിപ്രം സഫലമാക്കി. കൃഷ്ണ, നീയും എനിക്ക്, എന്റെ പ്രിയതമനായ * നീലകണ്ഠനെന്നപോലെ പരമപ്രീതിപാത്രമാകുന്നു. അതിനാൽ നിനക്കു ഞാൻ എന്തു ചെയ്തുതരേണ്ടു? പറഞ്ഞുകൊൾക, വീണ്ടും എന്തു വേണ്ടു, നിനക്കു പ്രിയതരം!

(എല്ലാവരും ഹർഷാശ്ചര്യങ്ങളോടെ നമസ്കരിക്കുന്നു)

ത്തെ വർദ്ധിപ്പിച്ചു. നീ അസ്വസ്ഥഹൃദയയായിരുന്നില്ല എങ്കിൽ അവരെ ക്ഷിപ്രം എന്നാൽ വധിക്കപ്പെട്ടുമായിരുന്നു.

27. മൂലശ്ലോകത്തിൽ മൂന്നാംപാദത്തിൽ ഒമ്പതക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ഈ മഹസ്സ് (തേജസ്സ്) നിഷ്കമ്പമാകയാൽ ക്ഷണഭംഗുരമായ മിന്നലിനോടുപമിച്ചുകൂടാ. മൃദുവാകയാൽ സൂര്യന്റെ തീക്ഷ്ണരശ്മിയോടും ഉപമിച്ചുകൂടാ. അതിനാൽ കിടയററ് = നിസ്തുല്യമായി.

* ഈ വാക്യത്തിലും പൊടിവുണ്ട്.

* ക്ഷിപ്രപ്രസാദിനി = വേഗത്തിൽ പ്രസാദിക്കുന്നവൾ.
ഈ വാക്യത്തിലും പൊടിവുണ്ട്.

Digitized By Kerala Sahitya Akademi

കൃഷ്ണൻ:—

തൽപ്രസാദമിതേ ദേവി,
സാധ്യം പുണ്യശതങ്ങളാൽ;
അതു സാധിച്ചിരിക്കുമ്പോ-
ളസാധ്യമെന്തി,തിലേറെ മേ? 28

എന്നാലും ഇതിരിക്കട്ടെ: (ഭരതവാക്യം)

ളുകട്ടെ, വേണ്ടുമളവിൽജ്ജലമാംബുദങ്ങൾ;
ളുകട്ടെ, സൂക്തമമൃതാധികമായ്ക്കവീന്ദ്രർ;
ളുകട്ടെ. ഹവ്യമനലങ്കൽ മുറയ്ക്കു വിപ്രർ;
ളുകട്ടെ, ഭൂരിധനമർത്ഥികളിൽ ക്ഷിതീശർ! 29

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

സമാപ്തം.

28. നിന്തിരുവടിയുടെ ഈ പ്രസാദം തന്നെ വളരെവളരെപ്പുണ്യങ്ങൾകൊണ്ടേ സിദ്ധിക്കൂ; അതെനിക്കു കൈവന്നിരിക്കുന്നുവല്ലോ; ഇതിലധികം എന്തു വേണം?

29. വേണ്ടുമളവിൽ = വേണ്ടുന്ന സമയത്ത്, അഥവാ വേണ്ടേടത്തോളം. അംബുദങ്ങൾ = മേഘങ്ങൾ. സൂക്തം = നല്ല വാക്ക്, കാവ്യം. അമൃതാധികം = അമൃതിലും മീതെ. ഹവ്യം = ഹവിസ്സ്. അർത്ഥികൾ = യാചകന്മാർ.

സി. ഗോവിന്ദക്കുറുപ്പ്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi